മലയാള ബിരുദാനന്തരബിരുദ പഠനം –സാംസ്കാരികവിശകലനം

കാലിക്കറ്റ് സർവ്വകലാശാലയുടെ
മലയാളഭാഷയും സാഹിത്യവും ഫാക്കൽറ്റിയിൽ
ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി സമർപ്പിക്കുന്ന പ്രബന്ധം
സംശോധിത പതിപ്പ്

മുഹമ്മദ് ബഷീർ കെ.കെ.

മലയാളവിഭാഗം
കെ.കെ.ടി.എം. ഗവ.കോളേജ്, പുല്ലൂറ്റ്
ജൂൺ, 2019

Postgraduate Malayalam learning —A cultural analysis

MUHAMED BASHEER K.K.

Thesis submitted to the University of Calicut
for the degree of
Doctor of Philosophy in Malayalam
Corrected Copy

Supervising Teacher
Dr. G.Ushakumari

Department of Malayalam
K.K.T.M. Govt. College, Pullut
(University of Calicut)
June, 2019

പ്രസ്താവന

‘ബിരുദാനന്തരബിരുദ മലയാളപഠനം—സാംസ്കാരികവിശകലനം’ എന്ന ഈ പ്രബന്ധം ഇതിനുമുമ്പ് ഏതെങ്കിലും ബിരുദത്തിനോ ഫെല്ലോഷിപ്പിനോ അതുപോലുള്ള മറ്റേതെങ്കിലും അംഗീകാരത്തിനോ വേണ്ടി എഴുതിയതല്ല എന്ന് ഇതിനാൽ ബോദ്ധ്യപ്പെടുത്തുന്നു.

പുല്ലൂറ്റ്,
10-6-19.

മുഹമ്മദ് ബഷീർ കെ.കെ.

ഡോ.ജി. ഉഷാകുമാരി

അസിസ്റ്റന്റ് പ്രൊഫസർ (മലയാളം)

കെ.കെ.ടി.എം.ഗവണ്മെന്റ് കോളേജ്, പുല്ലൂറ്റ്

സാക്ഷ്യപത്രം

കോഴിക്കോട് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനായി സമർപ്പിക്കുന്ന 'മലയാള ബിരുദാനന്തരബിരുദ പഠനം—സാംസ്കാരികവിശകലനം' എന്ന ഈ പ്രബന്ധം മുഹമ്മദ് ബഷീർ കെ.കെ. എന്റെ നിർദ്ദേശമനുസരിച്ചു നിർവഹിച്ച ഗവേഷണത്തിന്റെ രേഖയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

പുല്ലൂറ്റ്,
10-6-19.

ഡോ.ജി. ഉഷാകുമാരി

കൃതജ്ഞത

സമൂഹത്തിന്റെ വിവിധ തുറകളിൽപ്പെട്ട നിരവധിയാളുകളുടെ സഹായസഹകരണങ്ങൾ കൊണ്ടാണ് ഈ പഠനം സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിച്ചത്. പാഠ്യപദ്ധതികേന്ദ്രിതമായ പഠനമെന്ന ആഗ്രഹത്തെ എം.എ. മലയാളസാഹിത്യ പഠനത്തിന്റെ പാഠ്യപദ്ധതിയിലേക്ക് നയിച്ച പി. ഗീതടീച്ചർ, പഠനത്തിന്റെ പല ഘട്ടങ്ങളിൽ ഔപചാരികമായും അനൗപചാരികമായും കൂടിക്കാഴ്ചയ്ക്കും അഭിമുഖത്തിനും അവസരങ്ങൾ തന്ന മദ്രാസ് സർവ്വകലാശാലയിലെ ശ്രീ. പുരുഷോത്തമൻ സാർ, ഡോ. എം. ലീലാവതി, ഡോ.പി.കെ. രാജശേഖരൻ, ഡോ.എം.എം. ബഷീർ, എം.എൻ. കാരശ്ശേരി, ഡോ.എസ്.കെ. വസന്തൻ, ഡോ.സ്കറിയ സക്കറിയ, ഡോ. ചാത്തനാത്ത് അച്യുതനുണ്ണി, ഡോ.ബഞ്ചമിൻ, ഡോ.ബാബു ചെറിയാൻ, ഡോ.പി.എം. ഗിരീഷ്, ഡോ. നജ്മൽ, ഡോ.പി.എൻ. സതീശൻ, റഫറൻസുകളും പാഠ്യപദ്ധതികളും കിട്ടാൻ സഹായിച്ച ഡോ.എം. കൃഷ്ണൻ നമ്പൂതിരി, ഡോ. വത്സലൻ വാതുശ്ശേരി, ഡോ. ഷംഷാദ് ഹുസൈൻ, ഡോ. സിൽവിക്കുട്ടി, ഡോ. നൗഷാദ്, ഡോ. ഹരിദാസ്, ഡോ. ജിതേഷ്, ഡോ. സി.ആർ. രാജഗോപാൽ, ഡോ. കെ.വി. ശശി, ഡോ. ശ്രീജ ജെ.എസ്, നിമ്മി എ.പി., ഷെറീനാറാണി എന്നിവരെ നന്ദിപൂർവ്വം സ്മരിക്കുന്നു. എം.എ. മലയാളപഠനം നടക്കുന്ന കേരളത്തിനകത്തും പുറത്തുമുള്ള പത്ത് സർവ്വകലാശാലകളിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും നൂറ്റമ്പതിൽപരം അദ്ധ്യാപകരും ഇരുന്നൂറിലധികം വിദ്യാർത്ഥികളും ഈ പഠനത്തിന്റെ ഭാഗമായ സർവ്വെയിൽ പങ്കെടുത്തിട്ടുണ്ട്. പേരെടുത്തുപറയാതെ അവരോടുള്ള നന്ദി ഇവിടെ പ്രകാശിപ്പിക്കുന്നു. തൃശ്ശൂർ അപ്പൻ തമ്പുരാൻ ലൈബ്രറി, സാഹിത്യ അക്കാദമി ലൈബ്രറി, കാലടി ശ്രീശങ്കരാചാര്യ സംസ്കൃതസർവ്വകലാശാല മലയാളവിഭാഗം ലൈബ്രറി, കാലടി ശ്രീശങ്കരാചാര്യ സംസ്കൃതസർവ്വകലാശാല ലൈബ്രറി, കാലിക്കറ്റ് സർവ്വകലാശാല ലൈബ്രറി, തമിഴ്നാട് എഗ്മോർ ആർക്കൈവ്സും ലൈബ്രറിയും, തമിഴ്നാട് കണ്ണിമാറ ലൈബ്രറി, കേരള സർവ്വകലാശാല മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി, ഉള്ളൂർ ലൈബ്രറി, എറണാകുളം മഹാരാജാസ് കോളേജ് ലൈബ്രറി, ഗവ. ബ്രണ്ണൻ കോളേജ് ലൈബ്രറി, ചങ്ങനാശ്ശേരി എസ്.ബി. കോളേജ് ലൈബ്രറി, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് ലൈബ്രറി എന്നിവിടങ്ങളിലെ സ്റ്റാഫിനോടും കേരള, കാലിക്കറ്റ്,

എം.ജി., കണ്ണൂർ സർവ്വകലാശാല ജീവനക്കാരോടും ദത്തങ്ങൾ നല്കി സഹായിച്ചതിന് നന്ദി രേഖപ്പെടുത്തുന്നു. കേരള, കാലിക്കറ്റ്, കണ്ണൂർ സർവ്വകലാശാലകൾക്കു കീഴിലുള്ള അക്കാഡമിക് സ്റ്റാഫ് കോളേജുകളോടും കേരളത്തിലെ എം.എ. മലയാളപഠനം നടക്കുന്ന എല്ലാ സർക്കാർ, എയ്ഡഡ്, സ്വാശ്രയ കോളേജ് അധികാരികളോടും കൃത്യമായ ദത്തങ്ങൾ രേഖപ്പെടുത്തി നല്കിയ സഹായത്തെ ഞാൻ നന്ദിപൂർവ്വം സ്മരിക്കുന്നു. എന്റെ ആദ്യഗവേഷണ കേന്ദ്രമായ ശ്രീ കേരളവർമ്മ കോളേജിലെ പ്രിൻസിപ്പാൾ, അദ്ധ്യാപകർ, ഗവേഷകർ എന്നിവരോടും കെ.കെ.ടിഎം. ഗവ.കോളേജിലെ പ്രിൻസിപ്പാൾ ഡോ.ഐ. അനിതയോടും വകുപ്പദ്ധ്യക്ഷ ഡോ.ബി. പാർവ്വതിയോടും സഹപ്രവർത്തകരോടും നന്ദി പറയുന്നു. കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ ഗവേഷകൻ സോമലാലിനോടും മദ്രാസ് സർവ്വകലാശാലയിലെ ഗവേഷകയായ അഞ്ജലിയോടും ഗവേഷണവുമായി സഹകരിച്ചതിന് പ്രത്യേകം നന്ദി പറയുന്നു.

തിരക്കുകൾക്കിടയിലും പ്രബന്ധത്തിന്റെ പ്രാഥമികമായ പരിശോധനകൾ നടത്തി ക്രിയാത്മകമായ നിർദ്ദേശങ്ങൾ നല്കി മെച്ചപ്പെടുത്താൻ സഹായിച്ചതിന് ഡോ.പി. പവിത്രൻ, ഡോ. സുധീർ, ഡോ. ജമീൽ അഹമ്മദ് എന്നിവരോട് ഗവേഷകൻ കടപ്പെട്ടിരിക്കുന്നു. യൂണികോഡ് സങ്കേതത്തിൽ ടൈപ്പ് സെറ്റ് ചെയ്തുതരികയും ഓപ്പൺ ബൈന്റിങ്ങിലൂടെ മികച്ച രീതിയിൽ പ്രബന്ധം പ്രസിദ്ധീകരിക്കാൻ സഹായിക്കുകയും ചെയ്ത ശ്രീ. അശോകുമാറിനെയും സ്നേഹാദരങ്ങളോടെ ഓർമ്മിക്കുന്നു. ഏറ്റവും ഒടുവിൽ ഈ പ്രബന്ധം ഈ രീതിയിൽ പൂർത്തിയാക്കുന്നതിൽ മാർഗനിർദ്ദേശവും അതോടൊപ്പം പരിപൂർണ്ണ പിന്തുണയും സ്വാതന്ത്ര്യവും നല്കിയ ഗൈഡ് ഡോ. ജി. ഉഷാകുമാരിയോടും നന്ദി രേഖപ്പെടുത്തുന്നു.

മുഹമ്മദ് ബഷീർ കെ.കെ.

ഉള്ളടക്കം

0.ആമുഖം

0.1.	പഠനത്തിന്റെ ആവശ്യവും പ്രസക്തിയും	2
0.2.	ഗവേഷണപ്രശ്നത്തിന്റെ പ്രസ്താവന	2
0.2.1.	താക്കോൽ വാക്കുകളുടെ നിർവ്വചനം	2
0.3.	ഉദ്ദേശ്യലക്ഷ്യങ്ങൾ	2
0.4.	രീതിശാസ്ത്രം	3
0.5.	പഠനത്തിന്റെ പരിധിയും പരിമിതിയും	6
0.6.	പൂർവ്വപഠനങ്ങളുടെ വിലയിരുത്തൽ	6
0.7.	പ്രബന്ധഘടന	8

അദ്ധ്യായം1

ഉന്നതവിദ്യാഭ്യാസത്തിന്റെ ചരിത്രവും മലയാള ബിരുദാനന്തരബിരുദപഠനവും		10
1.1.	എം.എ. മലയാളപഠനത്തിന്റെ തുടക്കവും ആദ്യകാലസ്ഥാപനങ്ങളും	12
1.1.1.	മദ്രാസ് സർവ്വകലാശാല	12
1.1.2.	കേരള സർവ്വകലാശാല	13
1.1.3.	മഹാത്മാഗാന്ധി സർവ്വകലാശാല	18
1.1.4.	കണ്ണൂർ സർവ്വകലാശാല	18
1.1.5.	മധുര കാമരാജ് സർവ്വകലാശാല	18
1.1.6.	അലിഗഢ് മുസ്ലിം സർവ്വകലാശാല	19
1.1.7.	മലയാളം സർവ്വകലാശാല	19
1.1.8.	കേന്ദ്രസർവ്വകലാശാല, കേരളം	19
1.1.9.	കാലിക്കറ്റ് സർവ്വകലാശാല	20
1.1.10.	ശ്രീശങ്കരാചാര്യ സംസ്കൃതസർവ്വകലാശാല, കാലടി	20
1.1.2.	കേരളത്തിലെ ആദ്യത്തെ കോളേജുകൾ	20
1.1.2.1.	യൂണിവേഴ്സിറ്റി കോളേജ്	20
1.1.2.2.	സെന്റ് ബെർക്കുമാൻസ് കോളേജ് (എസ്.ബി. കോളേജ്)	21
1.1.2.3.	മഹാരാജാസ് കോളേജ്, എറണാകുളം	22
1.1.2.4.	ഗവൺമെന്റ് ബ്രണ്ണൻ കോളേജ്, തലശ്ശേരി	22
1.1.2.5.	ശ്രീ നീലകണ്ഠ ഗവ. സംസ്കൃത കോളേജ്, പട്ടാമ്പി	23
1.2.	മലയാള ബിരുദാനന്തര ബിരുദപഠനം—അവസരം	23

അദ്ധ്യായം 2

എ.ആർ. രാജരാജവർമ്മയും അക്കാദമികവ്യവഹാരങ്ങളും 28

2.1. ഭാഷാഭിമുഖ്യങ്ങൾ 29

2.1.1. സവർണവരേണ്യ സംസ്കൃതബോധ ഘട്ടം 29

2.1.2. സംസ്കൃത, ഇംഗ്ലീഷ് ഭാഷാബോധ ഘട്ടം 29

2.1.3. മാതൃഭാഷാവബോധഘട്ടം 30

2.2.1. ഇംഗ്ലീഷുകാരുടെ വിവേചനത്തിനും അവഗണനയ്ക്കും
എതിരെ ഭാഷാധ്യാപകന്റെ പദവിയും അന്തസ്സും
ഉയർത്താനുള്ള ശ്രമങ്ങൾ 32

2.2.2. ഉന്നതവിദ്യാഭ്യാസ മേഖലയിലെ അക്കാദമിക വിഷയം
എന്നനിലയിൽ മാതൃഭാഷാപഠനത്തെ ഉയർത്താനുള്ള ശ്രമങ്ങൾ 34

2.2.3. പൗരസ്ത്യ ഭാഷാപഠനങ്ങളുടെ ആധുനികീകരണവും
പാഠപുസ്തകനിർമ്മിതിയും 36

2.2.3.1. ക്രിയാഗവേഷണവും എ.ആറും 38

2.2.4. ബോധനരീതിശാസ്ത്രവും പഠനതന്ത്രങ്ങളും 44

2.2.4.1. സഹകരണാത്മകവും സഹവർത്തിതവുമായ പഠനതന്ത്രങ്ങൾ 46

2.3. അദ്ധ്യാപക പരിശീലനം 47

2.4. അകം-പുറം പരീക്ഷ 47

2.5. എ.ആറിന്റെ ഭാഷാസമീപനം 48

2.6. പാഠപുസ്തക അച്ചടിയുടെ സംസ്കാരം 49

2.7. മലയാള ഭാഷാപോഷണം 49

അദ്ധ്യായം 3

പ്രാചീന-മധ്യകാല മലയാളസാഹിത്യപഠനം 53

3.1.1. മദ്രാസ് സർവ്വകലാശാല പാഠ്യപദ്ധതി
1956-70 കാലയളവിൽ 56

അദ്ധ്യായം 4

വ്യാകരണ–വൃത്ത-അലങ്കാര പഠനം 83

4.1. ലീലാതിലകം 84

4.2. കേരളപാണിനീയം 84

4.3. വൈദേശിക വ്യാകരണകൃതികൾ 86

4.3.1. ഗുണ്ടർട്ടിന്റെ മലയാളഭാഷാവ്യാകരണം 86

4.4. ജോർജ്ജ് മാത്തന്റെ മലയാഴ്മയുടെ വ്യാകരണം 86

4.5. ശേഷഗിരിപ്രഭുവിന്റെ വ്യാകരണമിത്രം 87

4.6. ഇതര വ്യാകരണകൃതികൾ 87

4.7. വ്യാകരണധർമ്മവും വ്യാകരണപഠനത്തിന്റെ ഉദ്ദേശ്യലക്ഷ്യവും 87
4.8. വ്യാകരണം, വൃത്തം, അലങ്കാരം - പാഠ്യപദ്ധതികൾ 92
4.9. വ്യാകരണപഠനങ്ങളിലെ അധീശവ്യവഹാരങ്ങൾ 102

അദ്ധ്യായം 5
ഭാഷാശാസ്ത്രപഠനം 114
5.1.1. ദ്രാവിഡഭാഷകളുടെ തുലനാത്മക വ്യാകരണഘടകങ്ങൾ 116
5.3.1. ഭാഷാശാസ്ത്രപഠനത്തിന്റെ 2014-ലെ പാഠ്യപദ്ധതി മുന്നോട്ടുവെക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ. 123

അദ്ധ്യായം - 6
പാശ്ചാത്യ-പൗരസ്ത്യ സാഹിത്യസിദ്ധാന്തപഠനം 141

അദ്ധ്യായം - 7
ആധുനിക, സമകാലിക സാഹിത്യപഠനം 174
7.1. പദ്യസാഹിത്യപഠനം 174
7.2. ആധുനിക, സമകാലിക ഗദ്യസാഹിത്യപഠനം 180

അദ്ധ്യായം 8
കേരളസംസ്കാരപഠനം
8.1. ആമുഖം 257
8.2. കേരളചരിത്രരചനയിലെയും പാഠ്യപദ്ധതിയിലെയും പ്രശ്നങ്ങൾ 261
8.3.1. തമിഴും മലയാളവും: പല്ലവശാസനങ്ങൾ 268
8.3.2. പാണ്ഡ്യശാസനങ്ങൾ 268
8.3.3. ചോളശാസനങ്ങൾ 268
8.3.4. ചേരശാസനങ്ങൾ 269
8.3.5. പാഠ്യപദ്ധതി 1959 മുതൽ 270
8.3.5.1. പേപ്പർ - കേരളസംസ്കാരചരിത്രവും ശാസനങ്ങളും- മദ്രാസ് സർവ്വകലാശാല 270
8.5.1. കേരളീയചിന്ത 280

അദ്ധ്യായം 9
ഐച്ഛികപഠനങ്ങൾ 310
9.1. ഓപ്പൺ ഇലക്ടീവ് കോഴ്സുകൾ 311
9.2. ഇലക്ടീവ് കോഴ്സുകൾ 312

9.2.9.1. ഓപ്പൺ ഇലക്ടീവ് (2003) 324
9.2.9.2. മലയാളവിഭാഗം പൊതുവായി നല്കുന്ന ഐച്ഛിക കോഴ്സുകൾ 324
9.2.9.3. അദ്ധ്യാപകർ നല്കുന്ന ഐച്ഛിക കോഴ്സുകൾ 325
9.2.9.4. വ്യക്തിഗത കോഴ്സുകൾ 326
9.3. ഐച്ഛിക കോഴ്സുകളുടെ പഠനം—സാമാന്യ അവലോകനം 327
9.4. ഐച്ഛിക കോഴ്സുകൾ—പാഠ്യപദ്ധതികൾ 332
9.4.1. ചലച്ചിത്രപഠനം 332
9.4.2. സൈബർമലയാളം 333
9.4.3. സംസ്കാരപഠനം 334
9.4.4. മലയാളസാഹിത്യവിമർശനം 336
9.4.5. വിവർത്തനപഠനം 337
9.4.6. സ്ത്രീവാദപഠനം 337
9.4.7. നാടകപഠനം 339
9.4.8. ഫോക്ലോർ പഠനം 339

അദ്ധ്യായം 10

സാഹിതീയതയുടെ സാംസ്കാരികതയും സാഹിത്യപഠനത്തിലെ അധീശവ്യവഹാരങ്ങളും 382
10.1. കോളനികാലത്തെ ഭാഷാപഠനവും അധീശവ്യവഹാരങ്ങളും 382
10.2. സാഹിത്യമണ്ഡലത്തിലെ അധീശവ്യവഹാരങ്ങൾ 390
10.3. ഉച്ച-നീചത്തങ്ങൾ കലാലയത്തിനകത്തും പുറത്തും 392
10.4. പോത്തേരി കുഞ്ഞമ്പുവിന്റെ സരസ്വതീവിജയം 394
10.5. ബോർഡ് ഓഫ് സ്റ്റഡീസും പാഠ്യപദ്ധതി നിർമ്മിതിയും 396
10.5.1. പാഠ്യപദ്ധതിനിർമ്മിതിയിലെ ലിംഗവിവേചനം 397
10.5.2. ആദ്യത്തെ തിരുവിതാംകൂർ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾ- 1938 399
10.6. ഒരു നൂറ്റാണ്ടുകാലത്തെ ഭാഷാഗദ്യപഠനം 400
10.7. അറബിമലയാള സാഹിത്യവും പാഠ്യപദ്ധതിയും 404
10.9. അറബിമലയാളം 413
10.9.1. അറബിമലയാള സാഹിത്യം 414
10.9.1.1. പദ്യശാഖ 414
10.9.1.2. അറബിമലയാള ഗദ്യം 416
10.9.1.2.1. അറബിമലയാളത്തിലെ നോവലുകൾ 416
10.10. മലയാളഭാഷയുടെ ആധുനികീകരണവും മാതൃഭാഷയുടെ രാഷ്ട്രീയവും 417
10.11. ആഗോളീകരണകാലത്തെ ഭാഷാപഠനം 418

അദ്ധ്യായം 11

എം.എ. മലയാളപഠനവും സേവനകാല അദ്ധ്യാപകപരിശീലനവും 424

11.1. നിലവിലുള്ള പഠനബോധന പ്രക്രിയയുടെ അവലോകനം 425

11.2. സേവനകാല അദ്ധ്യാപകപരിശീലനം 426

11.3. രീതിശാസ്ത്രം 426

11.4. സേവനകാല പരിശീലനം 427

11.4.1. റിഫ്രഷർകോഴ്സുകൾ 428

11.4.1.1. മലയാളത്തിൽ നടന്ന റിഫ്രഷർ കോഴ്സുകളുടെ രീതിയും സ്വഭാവവും 428

11.4.2. അക്കാഡമിക് സ്റ്റാഫ് കോളേജിന്റെ പ്രവർത്തനത്തിന് യു.ജി.സി. നിർദേശിച്ച ലക്ഷ്യങ്ങളും റിഫ്രഷർ കോഴ്സുകളും 438

11. 4. 3. അക്കാഡമിക് സ്റ്റാഫ് കോളേജിന്റെ ലക്ഷ്യങ്ങൾ 439

11. 4. 4. അക്കാഡമിക് സ്റ്റാഫ് കോളേജിന്റെ ധർമ്മം, ദർശനം 439

11.4.5. വിദ്യാഭ്യാസവിദഗ്ധരുടെ വിലയിരുത്തൽ 440

11.4.6. സേവനകാലപരിശീലനവുമായി ബന്ധപ്പെട്ട്, ചോദ്യാവലി ഉപയോഗിച്ച് അദ്ധ്യാപകരിൽ നടത്തിയ പഠനത്തിലെ പ്രധാനകണ്ടെത്തലുകൾ 441

11.4.6.2. പരിശീലന പരിപാടികളുടെ ഗുണമേന്മ വർധിപ്പിക്കാൻ അദ്ധ്യാപകർ സമർപ്പിച്ച നിർദേശങ്ങൾ 443

11.5. കണ്ടെത്തലുകൾ,നിഗമനങ്ങൾ 444

അദ്ധ്യായം 12

മൂല്യനിർണ്ണയം—ചരിത്രവും വർത്തമാനവും 452

12.1. പാഠ്യപദ്ധതി, പാഠക്രമം 452

12.2. പേപ്പറുകളുടെയും മാർക്കിന്റെയും ചരിത്രം 1914-2016 456

12.2.1. മദ്രാസ് സർവ്വകലാശാല പാഠ്യപദ്ധതി 1956-70 കാലയളവിൽ 458

12.2.2. സെമസ്റ്ററും അതിന്റ ശേഷവും 460

12.2.3. തിരുവിതാംകൂർ-കേരള സർവ്വകലാശാലയുടെ 1954-1970 വർഷത്തെ പാഠ്യപദ്ധതി വിശകലനം 462

12.2.4. കേരള സർവ്വകലാശാലയുടെ 1970-2016 കാലത്തെ പാഠ്യപദ്ധതി വിശകലനം 464

12.2.5. കോഴിക്കോട് സർവ്വകലാശാല 1972- 2014 467

12.2.5.1. കോഴിക്കോട് സർവ്വകലാശാല - സെമസ്റ്റർ സംവിധാനം 470

12.2.6. എം.ജി സർവ്വകലാശാല 472
12.2.7. മലയാളം സർവ്വകലാശാല 2017-18 475
12.2.8. നിരന്തരമൂല്യനിർണ്ണയവും സെമസ്റ്റർ കാലാവസാന മൂല്യനിർണ്ണയവും 480
12.2.9. അകം-പുറം പരീക്ഷകളുടെ അനുപാതം 482
12.2.10. നിരന്തരവിലയിരുത്തലിന്റെ ചരിത്രം 483
12.2.11. സെമസ്റ്റർ-നോൺസെമസ്റ്റർ പരീക്ഷാഫലം താരതമ്യം 488
12. 2.12. അഫിലിയേറ്റഡ് കോളേജുകളിലെ പരീക്ഷാഫലം വിശകലനം 492
12.3. ചോദ്യപേപ്പർ വിശകലനം 498
12.4. ഭാഷാസാഹിത്യ പഠനസമീപനം- ബിരുദാനന്തരതലത്തിൽ 501

അദ്ധ്യായം 13
കണ്ടെത്തലുകൾ, നിഗമനങ്ങൾ 522
13.1. എം.എ. മലയാള പഠനം-സർവ്വെഫലം 522
13.2. മറ്റു കണ്ടെത്തലുകൾ 526
13.3. നിഗമനങ്ങൾ 543
13.4. നിർദ്ദേശങ്ങൾ 560
13.5. തുടർപഠനസാദ്ധ്യതകൾ 562

പട്ടികകൾ

പട്ടിക 1 ഇന്ത്യയിലെ ആദ്യകാല സർവ്വകലാശാലകൾ 11
പട്ടിക 2 Classes of Graduates Bachelor of Arts honours – 1917 12
പട്ടിക 3 ബി.എ. (ഓണേഴ്സ്) /എം.എ. മലയാളം കോഴ്സ് പൂർത്തിയാക്കിയവർ (1937-65) 14
പട്ടിക 4 1981-87 കാലയളവിൽ കേരള സർവ്വകലാശാലയിൽ എം.എ. മലയാളം പഠിച്ചവർ 15
പട്ടിക 5 ബി.എ കോഴ്സിന് ചേർന്നവരുടെ ലിസ്റ്റ് (1912-1965) 15
പട്ടിക 6 മഹാത്മാഗാന്ധി സർവ്വകലാശാലയിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും സീറ്റുവിവരം (എം.എ.) 23
പട്ടിക 7 കാലിക്കറ്റ് സർവ്വകലാശാലയിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും എം.എ. മലയാള പഠനത്തിന്റെ സീറ്റുവിവരം 24

പട്ടിക 8	കണ്ണൂർ സർവ്വകലാശാലയിലെയും അഫിലിയേറ്റഡ് കോളേജിലെയും എം.എ. മലയാളപഠനത്തിന്റെ സീറ്റുവിവരം	25
പട്ടിക 9	ഇതരസർവ്വകലാശാലകളിലെ എം.എ. മലയാളപഠനത്തിന്റെ സീറ്റുവിവരം	25
പട്ടിക 10	ശ്രീശങ്കരാചാര്യസംസ്കൃത സർവ്വകലാശാല, കാലടി	25
പട്ടിക 11	കേരള സർവ്വകലാശാലയിലെയും അഫിലിയേറ്റഡ് കോളേജിലെയും എം.എ. മലയാള പഠനത്തിന്റെ സീറ്റുവിവരം	26
പട്ടിക 12	പ്രാചീന മധ്യകാല സാഹിത്യം- പാഠപുസ്തകങ്ങൾ	67
പട്ടിക 13	പ്രാചീന മധ്യകാല സാഹിത്യം —പാഠപുസ്തകങ്ങൾ എം.എ./ബി.എ. മലയാളം (ഓണേഴ്സ്)	70
പട്ടിക 14	പ്രാചീന മധ്യകാല സാഹിത്യം- സഹായകഗ്രന്ഥങ്ങൾ	77
പട്ടിക 15	വ്യാകരണം, വൃത്തം, അലങ്കാരം-സഹായകഗ്രന്ഥങ്ങൾ	106
പട്ടിക 16	വ്യാകരണം, വൃത്തം, അലങ്കാരം - പാഠപുസ്തകം	112
പട്ടിക 17	ഭാഷാശാസ്ത്രം - പാഠപുസ്തകങ്ങൾ	132
പട്ടിക 18	ഭാഷാശാസ്ത്രം-സഹായക ഗ്രന്ഥങ്ങൾ	133
പട്ടിക 19	പാശ്ചാത്യ-പൗരസ്ത്യ സാഹിത്യസിദ്ധാന്ത പഠനം —പാഠപുസ്തകങ്ങൾ	160
പട്ടിക 20	പാശ്ചാത്യ പൗരസ്ത്യ സാഹിത്യസിദ്ധാന്ത പഠനം – സഹായക ഗ്രന്ഥങ്ങൾ	162
പട്ടിക 21	ആധുനിക സമകാലിക പദ്യസാഹിത്യപഠനം - പാഠപുസ്തകങ്ങൾ	191
പട്ടിക 22	ആധുനിക സമകാലിക പദ്യസാഹിത്യപഠനം - സഹായകഗ്രന്ഥങ്ങൾ	206
പട്ടിക 23	ആധുനിക, സമകാലിക ഗദ്യസാഹിത്യപഠനം പാഠപുസ്തകങ്ങൾ	217
പട്ടിക 24	ആധുനിക സമകാലിക ഗദ്യസാഹിത്യപഠനം സഹായക ഗ്രന്ഥങ്ങൾ	240
പട്ടിക 25	കേരള പഠനം- പാഠപുസ്തകങ്ങൾ	295
പട്ടിക 26	കേരള പഠനം-സഹായകഗ്രന്ഥങ്ങൾ	298
പട്ടിക 27	പഠനത്തിനുള്ള ചലച്ചിത്രങ്ങൾ	343
പട്ടിക 28	ചലച്ചിത്ര പഠനം - പാഠപുസ്തകങ്ങൾ	345
പട്ടിക 29	ചലച്ചിത്ര പഠനം - സഹായക ഗ്രന്ഥങ്ങൾ സാമാന്യപഠനം	347
പട്ടിക 30	സൈബർ മലയാളം - പാഠപുസ്തകങ്ങൾ	350
പട്ടിക 31	സൈബർ മലയാളം - സഹായക ഗ്രന്ഥങ്ങളും വെബ്സൈറ്റുകളും	350
പട്ടിക 32	സംസ്കാരപഠനം - സഹായകഗ്രന്ഥങ്ങൾ	352
പട്ടിക 33	മലയാള സാഹിത്യ വിമർശനം - പാഠപുസ്തകങ്ങൾ	353
പട്ടിക 34	മലയാളസാഹിത്യവിമർശനം - സഹായകഗ്രന്ഥങ്ങൾ	354

പട്ടിക 35	വിവർത്തന പഠനം - പാഠപുസ്തകങ്ങൾ	356
പട്ടിക 36	വിവർത്തന പഠനം - സഹായക ഗ്രന്ഥങ്ങൾ	357
പട്ടിക 37	സ്ത്രീവാദ പഠനം - പാഠപുസ്തകങ്ങൾ	359
പട്ടിക 38	സ്ത്രീവാദ പഠനം - സഹായക ഗ്രന്ഥങ്ങൾ	362
പട്ടിക 39	നാടകപഠനം -പാഠപുസ്തകങ്ങൾ	364
പട്ടിക 40	നാടക പഠനം സഹായകഗ്രന്ഥങ്ങൾ	365
പട്ടിക 41	ഫോക്‌ലോർ പഠനം - പാഠപുസ്തകങ്ങൾ	368
പട്ടിക 42	ഫോക്‌ലോർ പഠനം - സഹായകഗ്രന്ഥങ്ങൾ	369
പട്ടിക 43	മലയാളഭാഷാസാഹിത്യത്തിൽ നടന്ന റിഫ്രഷർ കോഴ്സുകളെ സംബന്ധിച്ച വിവരം (2017 വരെയുള്ളത്)	427
പട്ടിക 44	മലയാളത്തിൽ നടന്ന റിഫ്രഷർകോഴ്സുകളും വിഷയമേഖലകളും സെഷനുകളുടെ എണ്ണവും	429
പട്ടിക 45	മഹാത്മാഗാന്ധി സർവ്വകലാശാലയുടെ റിഫ്രഷർ കോഴ്സുകളും സെഷനുകളും	431
പട്ടിക 46	മഹാത്മാഗാന്ധി സർവ്വകലാശാല (ആർ.സി-2003) യുടെ റിഫ്രഷർ കോഴ്സും സെഷനുകളും	432
പട്ടിക 47	കാലിക്കറ്റ് സർവ്വകലാശാലയുടെ റിഫ്രഷർ കോഴ്സും സെഷനുകളും (9/06/11-29/06/11)	434
പട്ടിക 48	കേരള സർവ്വകലാശാലയുടെ റിഫ്രഷർ കോഴ്സും വിവിധ സെഷനുകളും (22/4/2003-9/9/2015)	436
പട്ടിക 49	അക്കാഡമിക് സ്റ്റാഫ് കോളേജിന്റെ ലക്ഷ്യങ്ങളും റിഫ്രഷർ കോഴ്സുകളും	440
പട്ടിക 50	കേരളസർവ്വകലാശാല—വിദൂരവിദ്യഭ്യാസം എം.എ. പരീക്ഷാഫലം	488
പട്ടിക 51	കേരളസർവ്വകലാശാല സെമസ്റ്റർ, നോൺ സെമസ്റ്റർ എം.എ. —പരീക്ഷാഫലം താരതമ്യം	489
പട്ടിക 52	2002 - ലെ കേരള സർവ്വകലാശാലയുടെ നോൺ സെമസ്റ്റർ എം.എ. പഠനസംവിധാനങ്ങളും പരീക്ഷാഫലവും	489
പട്ടിക 53	ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല നോൺ സെമസ്റ്റർ എം.എ. പരീക്ഷാഫലം -2004	490
പട്ടിക 54	എം.എ. സെമസ്റ്റർ പരീക്ഷാഫലം (കാലടി)	490
പട്ടിക 55	മലയാള പഠനവിഭാഗം എം.എ. പരീക്ഷാഫലം	490
പട്ടിക 56	1. സാഹിത്യ പഠനം എം.എ. പരീക്ഷാഫലം	491
പട്ടിക 57	2. സാഹിത്യരചന എം.എ. പരീക്ഷാഫലം	491

പട്ടിക 58	എം.എ. പരീക്ഷാഫലം	491
പട്ടിക 59	കേരള സർവ്വകലാശാലയുടെ 2012 - 2016 വർഷങ്ങളിലെ പരീക്ഷാ ഫലം - വിദൂര വിദ്യഭ്യാസം (എം.എ.)	492
പട്ടിക 60	കേന്ദ്ര സർവ്വകലാശാല-എം.എ. പരീക്ഷാഫലം	492
പട്ടിക 61	കണ്ണൂർ സർവ്വകലാശാലയിലെ സർക്കാർ കോളേജിലെ പരീക്ഷാഫലം	493
പട്ടിക 62	മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സർക്കാർ കോളേജിലെ എം.എ. പരീക്ഷാഫലം	494
പട്ടിക 63	കാലിക്കറ്റ് സർവ്വകലാശാലയിലെ സർക്കാർ കോളേജുകളിലെ എം.എ. പരീക്ഷാഫലം	510
പട്ടിക 64	കാലിക്കറ്റ് സർവ്വകലാശാലയിലെ സർക്കാരിതര കോളേജുകളിലെ എം.എ. പരീക്ഷാഫലം	511
പട്ടിക 65	സർവ്വകലാശാലകളുടെ മൂല്യനിർണയരീതികളുടെ ചരിത്രം	512
പട്ടിക 66	കേരളസർവ്വകലാശാലയിലെ സർക്കാർ കോളേജുകളിലെ എം.എ. പരീക്ഷാഫലം	516
പട്ടിക 67	കേരളസർവ്വകലാശാലയിലെ സർക്കാരിതര കോളേജുകളിലെ എം.എ. പരീക്ഷാഫലം	517
പട്ടിക 68	എം.ജി. സർവ്വകലാശാല സർക്കാർ ഇതരകോളേജുകളിലെ എം.എ. പരീക്ഷാഫലം	518
പട്ടിക 69	സർവ്വകലാശാല പഠനവിഭാഗത്തിലെ എം.എ. പരീക്ഷാഫലം	519

അനുബന്ധങ്ങൾ

അനുബന്ധം 1

എം.എ. മലയാള പഠനത്തെ സംബന്ധിച്ച വിദ്യാർത്ഥികൾക്കുള്ള ചോദ്യാവലി 1

അനുബന്ധം 2

എം.എ. മലയാളപഠനത്തെ സംബന്ധിച്ച അദ്ധ്യാപകർക്കുള്ള ചോദ്യാവലി 5

അനുബന്ധം 3

ഫാക്കൽറ്റി ഡവലപ്പ്മെന്റ് പ്രോഗ്രാം വിലയിരുത്തൽ ചോദ്യാവലി 10

അനുബന്ധം 4

ആദ്യകാല ബി.എ., ബി.എ. ഓണേഴ്സ്, എം.എ. പാഠ്യപദ്ധതികൾ 12

അനുബന്ധം 4.1

ബി.എ. മലയാളം സിലബസ് 15

അനുബന്ധം 4.2

മദ്രാസ് യൂണിവേഴ്സിറ്റി (ഓണേഴ്സ്) സിലബസ്സ് 33

അനുബന്ധം 4.3

മദ്രാസ് യൂണിവേഴ്സിറ്റി കലണ്ടകൾ (എം.എ. മലയാളം സിലബസ്സ്) 57

അനുബന്ധം 4. 4.

തിരുവിതാംകൂർ സർവ്വകലാശാലയുടെ ബി.എ.മലയാളം
(ഓണേഴ്സ്) സിലബസ് 1954 73

അനുബന്ധം 4.5.

കേരള സർവ്വകലാശാല 1957-ൽ രൂപം ‘ കൊണ്ടതിനു ശേഷമുണ്ടായ
1959-ലെ എം.എ. മലയാള പൊതു പാഠ്യപദ്ധതി 79

അനുബന്ധം 4.6.

കേരള സർവ്വകലാശാലയുടെ 1977-ലെ പാഠ്യപദ്ധതി 85

അനുബന്ധം 5

ആദ്യകാല ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾ 102

അനുബന്ധം 6

അനുബന്ധം 6.1.

മദ്രാസ് യൂണിവേഴ്സിറ്റിയുടെ പരീക്ഷാസ്കീം, പ്രസക്ത ചട്ടങ്ങൾ, പ്രവേശനം,
പരീക്ഷാഫലം, തുടങ്ങിയവയെ സംബന്ധിച്ച രേഖകൾ 109

അനുബന്ധം 6.2.

മദ്രാസ് യൂണിവേഴ്സിറ്റി കലണ്ടർ 1920 119

അനുബന്ധം 6.3.

മദ്രാസ് യൂണിവേഴ്സിറ്റി കലണ്ടർ 1922-23 121

അനുബന്ധം 7

അനുബന്ധം 7.1.

കോളേജുകളുടെ അഫിലിയേഷൻ സംബന്ധിച്ച
മദ്രാസ് യൂണിവേഴ്സിറ്റി രേഖകൾ 172

അനുബന്ധം 7.2.

മദ്രാസ് യൂണിവേഴ്സിറ്റി കലണ്ടർ 1886-87 173

അനുബന്ധം 7.3.

മദ്രാസ് യൂണിവേഴ്സിറ്റി കലണ്ടർ 1918-19 175

അനുബന്ധം 8

ആദ്യകാല അധ്യാപകരെയും വിദ്യാർത്ഥികളെയും സംബന്ധിച്ച വിവരങ്ങൾ 189

അനുബന്ധം 9

അക്കാദമിക സ്റ്റാഫ് കോളേജുകളുടെ പരിശീലനഷെഡ്യൂളുകൾ 198

അനുബന്ധം 10

തെരഞ്ഞെടുത്ത ചോദ്യപേപ്പറുകൾ 234

അനുബന്ധം 11

കാലടി ശ്രീശങ്കരാചാര്യ സംസ്കൃതസർവ്വകലാശാലയുടെ 2014- മലയാള ഭാഷയുടെ ആധുനികീകരണം പേപ്പറിന്റെ പാഠ്യപദ്ധതി 271

ഗ്രാഫ് 1.

പാഠപുസ്തകങ്ങളിലെ ലിംഗപ്രാതിനിധ്യം 398

ഗ്രാഫ് 2.

സഹായകഗ്രന്ഥങ്ങളിലെ ലിംഗപ്രാതിനിധ്യം 398

രേഖാചിത്രം 1

ബോധനലക്ഷ്യങ്ങളുടെ ശ്രേണീകരണം 454

രേഖാചിത്രം2

പഠന ഉദ്ദേശ്യങ്ങളും ലക്ഷ്യവും 455

0. ആമുഖം

മദ്രാസ് സർവ്വകലാശാലയുടെ അഫിലിയേഷനോടുകൂടി തിരുവനന്തപുരം മഹാരാജാസ് കോളേജിൽ 1866-ൽ ആരംഭിച്ച എഫ്.എ. കോഴ്സോടെയും മലയാളമടക്കമുള്ള ദ്രാവിഡഭാഷകളുടെ ബി.എ,, എം.എ. പഠനത്തോടെയും (അനുബന്ധം, 4:57-58) ആരംഭിച്ച മലയാളഭാഷാ സാഹിത്യപഠനത്തിന്റെ ഉന്നതവിദ്യാഭ്യാസചരിത്രത്തിൽ 1959 വരെയുള്ള കാലം കോളനികാലത്തിന്റേതാണെന്നു പറയാം. കോളനിഭരണത്തിൽനിന്ന് രാജ്യം മുക്തമായി പതിറ്റാണ്ടുകഴിഞ്ഞിട്ടാണ് തദ്ദേശീയമായ മാറ്റങ്ങളോടെ പാഠ്യപദ്ധതി പരിഷ്കരിച്ചുതുടങ്ങിയത്. 1959 മുതൽ രണ്ടായിരം വരെയുള്ള കാലം സാവധാനത്തിലുള്ള ചെറിയചെറിയ മാറ്റങ്ങളുടെയാണെങ്കിൽ 2000-ത്തിനുശേഷം ദ്രുതഗതിയിലുള്ള വൈവിധ്യമുള്ള പരിവർത്തനങ്ങളുടെ സമയമാണ്. പ്രകടമായ ഈ മൂന്നു ഘട്ടങ്ങളിലും വിവിധ ഇടപെടലുകൾക്കു വിധേയമായി രണ്ടടി മുന്നോട്ടും ഒരടി പുറകോട്ടുമായി ക്രമാനുഗതമോ രേഖീയമോ അല്ലാതെയാണ് പാഠ്യപദ്ധതി അഥവാ എം.എ. പഠനം വികാസം പ്രാപിക്കുന്നത്. പാഠ്യപദ്ധതികൾ സമാഹരിച്ചും അപഗ്രഥിച്ചും ഉള്ള പഠനത്തിലൂടെ മാത്രമേ ഓരോ ഘട്ടത്തിലെയും സവിശേഷതകൾ തിരിച്ചറിഞ്ഞ് സൂക്ഷ്മമായി അടയാളപ്പെടുത്താൻ സാധിക്കൂ.

സ്കൂൾ പാഠ്യപദ്ധതിയിലും മൂല്യനിർണയത്തിലും തൊണ്ണൂറുകൾക്കുശേഷമുണ്ടായ ശിശുകേന്ദ്രിത, പ്രവർത്തനാധിഷ്ഠിത, പ്രക്രിയാധിഷ്ഠിത, വിമർശനാത്മക, പ്രശ്നോന്നിത സമീപനങ്ങളുടെയും സാമൂഹികജ്ഞാനനിർമ്മിതിയുടെയും അടിസ്ഥാനത്തിലുള്ള പാഠ്യപദ്ധതി മാറ്റങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ മേഖലയിലും തുടർച്ചയും വളർച്ചയും ഉണ്ടാവുക എന്നതിന്റെ അടിസ്ഥാനത്തിലാണ് 2000-ത്തിനുശേഷം ഉന്നതവിദ്യാഭ്യാസ മേഖലയിലെ പാഠ്യപദ്ധതികളും പരിഷ്കരിക്കാൻ ശ്രമിച്ചത്. ഇക്കാലയളവിൽ

ആഗോളമായിത്തന്നെ ഉന്നതവിദ്യാഭ്യാസമേഖല സെമസ്റ്റർ സംവിധാനത്തിലേക്കും ക്രെഡിറ്റിലേക്കും ഘടനാപരമായി മാറിയതിന്റെ തുടർച്ചയായി യു.ജി.സി.യും സർവ്വകലാശാലകളോട് ക്രെഡിറ്റ് ആൻഡ് സെമസ്റ്റർ സംവിധാനത്തിലേക്ക് മാറാൻ നിർദ്ദേശിച്ചു.

സെമസ്റ്റർ സംവിധാനത്തിലൂടെ ഘടനയിലും നിരന്തരവിലയിരുത്തലിലൂടെ മൂല്യനിർണ്ണയത്തിലും അടിസ്ഥാനപരമായ മാറ്റങ്ങൾ യാഥാർത്ഥ്യമാക്കിയെങ്കിലും പരിശീലനങ്ങളിലൂടെ മാറ്റങ്ങൾ ഫലപ്രദമായി നടപ്പിലാക്കാനും അദ്ധ്യാപകരെ അതിന് പ്രാപ്തമാക്കാനും സാധിക്കാത്തതുകൊണ്ടുതന്നെ പ്രശ്നങ്ങളും പരിമിതികളുമാണ് മുഴച്ചുനിന്നത്. പഠനം, ബോധനം, മൂല്യനിർണ്ണയം എന്നിവയെ കേന്ദ്രീകരിച്ചുകൊണ്ടുള്ള സമഗ്രമായ പഠനങ്ങളെ പ്രസക്തമാക്കുന്ന ഘടകങ്ങളാണ് ഇവയെല്ലാം തന്നെ.

0.1. പഠനത്തിന്റെ ആവശ്യവും പ്രസക്തിയും

2016-വരെയുള്ള എം.എ. പാഠ്യപദ്ധതിയെ അടിസ്ഥാനമാക്കിയുള്ള പഠനമെന്ന നിലയിൽ സമാഹരിക്കുകയും ക്രോഡീകരിക്കുകയും ചെയ്യുന്ന പാഠ്യപദ്ധതികളുടെ ആർക്കൈവ് വിവിധ പഠനങ്ങൾക്ക് ആശ്രയിക്കാവുന്ന ആധികാരിക സ്രോതസ്സായി മാറും. കോർ പേപ്പറുകളുടെയും ഐച്ഛിക പേപ്പറുകളുടെയും വിശകലനം വരാനിരിക്കുന്ന പാഠ്യപദ്ധതിപരിഷ്കാരങ്ങൾക്ക് മാർഗനിർദ്ദേശകമാകും. ഭാഷാസാഹിത്യപഠനത്തിന്റെ ഇന്നലെകളെ സംബന്ധിച്ച അറിവ് എം.എ. പ്രോഗ്രാമിന്റെ വർത്തമാനത്തെയും ഭാവിയെയും സംബന്ധിച്ച നിർണായക തീരുമാനങ്ങൾ എടുക്കാൻ പര്യാപ്തമാകും. വിവിധകാലങ്ങളിൽ പാഠ്യപദ്ധതിയ്ക്കകത്ത് പ്രവർത്തിച്ച ബലതന്ത്രങ്ങളെ തിരിച്ചറിയുന്നതുവഴി കൂടുതൽ ജനാധിപത്യപരവും നൈതികവും അക്കാദമികവുമായ പാഠ്യപദ്ധതിക്ക് രൂപംകൊടുക്കാൻ കഴിയും. തഴയപ്പെട്ടതോ ഒഴിവാക്കപ്പെട്ടതോ പാർശ്വവത്കരിക്കപ്പെട്ടതോ ആയ വിഷയങ്ങളെ/പാഠ്യവസ്തുക്കളെ/സാഹിത്യത്തെ/ഭാഷയെ ഉൾക്കൊള്ളുകവഴി ജ്ഞാനോത്പാദനം, വിതരണം, വിനിമയം എന്നിവയെ സംബന്ധിച്ച് പാഠ്യപദ്ധതിയ്ക്ക് അതിന്റെ അക്കാദമികവും സാംസ്കാരികവുമായ ഉത്തരവാദിത്തം നിറവേറ്റാൻ സാധിക്കും.

0.2. ഗവേഷണപ്രശ്നത്തിന്റെ പ്രസ്താവന

ഈ പഠനം സ്വീകരിച്ചിരിക്കുന്ന തലക്കെട്ട്, 'മലയാള ബിരുദാനന്തരബിരുദ പഠനം—സാംസ്കാരിക വിശകലനം' എന്നതാണ്.

0.2.1. താക്കോൽ വാക്കുകളുടെ നിർവ്വചനം

1. ബിരുദാനന്തരബിരുദം—രണ്ടുവർഷം ദൈർഘ്യമുള്ള, നാലുസെമസ്റ്റർ ഉൾപ്പെടുന്ന, ബിരുദം അടിസ്ഥാനയോഗ്യതയായുള്ള എം.എ. പ്രോഗ്രാം.

2. മലയാളപഠനം—മലയാളഭാഷയും സാഹിത്യവും മുഖ്യവിഷയമായി സർവ്വകലാശാലകളിലെ പഠനവകുപ്പുകളിലോ സർവ്വകലാശാലകളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ, എയ്ഡഡ്, സ്വയംഭരണം, സ്വാശ്രയം, അൺ-എയ്ഡഡ് കോളേജുകളിലോ നിർവ്വഹിക്കുന്ന മുഴുവൻസമയ പഠനം.

3. സാംസ്കാരികവിശകലനം—ചരിത്രപരമായി രൂപപ്പെട്ട് നിലനില്ക്കുകയും സമൂഹത്തിൽ കൃത്യമായ ധർമ്മം നിർവ്വഹിക്കുകയും ചെയ്യുന്ന പ്രതിനിധാനങ്ങളുടെ വ്യവസ്ഥയാണ് പ്രത്യയശാസ്ത്രം (അൽത്തൂസർ, 1969: 231). ശരിയായതോ ശാസ്ത്രീയമായതോ ആയ അറിവിന് വിരുദ്ധമായി തെറ്റായ ബോധമോ കപടവിശ്വാസമോ ഉണ്ടാക്കുന്ന ധാരണകളുടെ വ്യവസ്ഥ എന്ന് പ്രത്യയശാസ്ത്രത്തെ റെയ്മണ്ട് വില്യംസ് നിർവ്വചിക്കുന്നു (പ്രത്യയശാസ്ത്രം,2010:8). ഈ നിർവ്വചനങ്ങളെ അടിസ്ഥാനമായി സ്വീകരിച്ചുകൊണ്ട് പാഠ്യപദ്ധതിയുടെ പ്രവർത്തിച്ച ബലതന്ത്രങ്ങളെ തിരിച്ചറിയാനുള്ള ശ്രമമാണ് സാംസ്കാരികവിശകലനം എന്നതു കൊണ്ടുദ്ദേശിക്കുന്നത്. റെയ്മണ്ട് വില്യംസിന്റെ സംസ്കാരനിർവ്വചനത്തെ ഉൾക്കൊണ്ടുകൊണ്ട് ചരിത്രം, വിദ്യാഭ്യാസം, സാമൂഹികം, രാഷ്ട്രീയം തുടങ്ങിയ വ്യവഹാരങ്ങളെക്കൂടി സാംസ്കാരികവിശകലനത്തിനകത്ത് ഉള്ളടക്കിയിരിക്കുന്നു.

0.3. ഉദ്ദേശ്യലക്ഷ്യങ്ങൾ

1. ബിരുദാനന്തരബിരുദ പാഠ്യപദ്ധതിയുടെ ഉത്ഭവവും ചരിത്രവും അന്വേഷിച്ചറിയുന്നതിന്.
2. ഭാഷാസാഹിത്യപാഠ്യപദ്ധതിയുടെ വളർച്ചയും വികാസവും തിരിച്ചറിയുന്നതിന്.
3. ശാസ്ത്രസാങ്കേതിക രംഗങ്ങളിലെ മാറ്റങ്ങളും പുരോഗതിയും സാമൂഹ്യ-സംസ്കാരിക, രാഷ്ട്രീയ മേഖലകളിലെ പരിവർത്തനങ്ങളും പാഠ്യപദ്ധതിയിൽ ചെലുത്തിയ സ്വാധീനം കണ്ടെത്തുന്നതിന്.
4. ബിരുദാനന്തരബിരുദ പഠനത്തിന്റെ വളർച്ചയ്ക്ക് വിലപ്പെട്ട സംഭാവനകൾ നല്കിയ വ്യക്തികളെയും, ഒറ്റയ്ക്കും കൂട്ടായും ഉണ്ടായ പരിശ്രമങ്ങളെയും സംബന്ധിച്ച് ധാരണ നേടുന്നതിന്.
5. പാഠ്യപദ്ധതിയിലെ മാറ്റങ്ങളെ വിദ്യാർത്ഥികൾ, അദ്ധ്യാപകർ, സമൂഹം എന്നിവർ എങ്ങനെ വിലയിരുത്തുന്നുവെന്ന് കണ്ടെത്തുന്നതിന്.
6. ബിരുദാനന്തര ബിരുദതലത്തിലെ മലയാളഭാഷാ സാഹിത്യപഠനത്തിന്റെ ശാസ്ത്രീയമായ സമീപനം രൂപപ്പെടുത്തുന്നതിന്.
7. സമയാസമയങ്ങളിൽ പാഠ്യപദ്ധതിയുടെ പ്രവർത്തിച്ച താല്പര്യങ്ങളെയും ബലതന്ത്രങ്ങളെയും വേർതിരിച്ചറിയുന്നതിന്.

8. പാഠ്യപദ്ധതിവിനിമയം ഫലപ്രദമാക്കുന്നതിന് സേവനകാല അദ്ധ്യാപകപരിശീലനം എത്രത്തോളം സഹായകമാകുന്നുണ്ടെന്ന് അന്വേഷിച്ചറിയുന്നതിന്.
9. നൂറ്റാണ്ടുപിന്നിടുന്ന ഭാഷാസാഹിത്യപാഠ്യപദ്ധതിയിൽ നടന്ന വിവിധ വിഷയങ്ങളുടെ കൂട്ടിച്ചേർക്കലുകൾ, വളർച്ച, പ്രസക്തി എന്നിവ തിരിച്ചറിയുന്നതിന്.
10. ഭാഷാസാഹിത്യപഠനം നേരിടുന്ന പ്രശ്നങ്ങളെയും വെല്ലുവിളികളെയും തിരിച്ചറിയുന്നതിന്. അതോടൊപ്പം ഭാഷാസാഹിത്യപഠനത്തോടും പഠിതാക്കളോടുമുള്ള സാമൂഹികകാഴ്ചപ്പാടുകളെയും സംബന്ധിച്ച് ധാരണ നേടുന്നതിന്.

0.4. രീതിശാസ്ത്രം

വിവരണാത്മകഗവേഷണത്തിന്റെ രീതിശാസ്ത്രത്തെ പിൻപറ്റുന്ന പഠനമെന്നനിലയിൽ ബിരുദാനന്തരപഠനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിന് ആദ്യകാലം മുതലുള്ള പാഠ്യപദ്ധതികൾ അഥവാ സിലബസുകൾ ആണ് പ്രധാന ഉപാദാനസാമഗ്രി. സിലബസുകളുടെ സാംസ്കാരികവിശകലനം സാദ്ധ്യമാക്കുന്നതിന് സാഹിത്യചരിത്രങ്ങൾ, പഠനങ്ങൾ, ജീവചരിത്രങ്ങൾ, ആത്മകഥകൾ, ആനുകാലികങ്ങളിലെ ലേഖനങ്ങൾ, കോളേജ് മാഗസിൻ, സുവനീറുകൾ, ഓർമ്മക്കുറിപ്പുകൾ, ഗ്രന്ഥസൂചികൾ, ബ്ലോഗുകൾ, അക്കാദമിക ജേണലുകൾ, ഡയറിക്കുറിപ്പുകൾ, ചോദ്യപേപ്പറുകൾ, അക്കാദമിക കലണ്ടറുകൾ, അഭിമുഖങ്ങൾ, അദ്ധ്യാപക പരിശീലന ഷെഡ്യൂളുകൾ, ബോർഡ് ഓഫ് സ്റ്റഡീസ് നിയമന ഉത്തരവുകൾ, വിവിധ സ്രോതസ്സുകളിൽനിന്നുള്ള സ്ഥിതിവിവരക്കണക്കുകൾ, വിവരാവകാശരേഖകൾ, വെബ്സൈറ്റുകൾ, പുസ്തകങ്ങൾ എന്നിവയെല്ലാം ഉപയോഗിച്ചിട്ടുണ്ട്. ദത്തങ്ങളുടെ അളവുപരമായ (quantitative) വിശകലനത്തിനും ആശയാവതരണത്തിനും പട്ടികകൾ, ഗ്രാഫുകൾ, ശതമാനം, രൂപരേഖകൾ തുടങ്ങിയ സ്ഥിതിവിവരശാസ്ത്ര സങ്കേതങ്ങളും ആവശ്യസന്ദർഭങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്. സേവനകാല അദ്ധ്യാപകപരിശീലനത്തെ സംബന്ധിച്ച പഠനത്തിനും എം.എ. മലയാളപഠനത്തെ സംബന്ധിച്ച പഠനത്തിനും ചോദ്യാവലി ഉപയോഗിച്ചുള്ള സർവ്വേരീതി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി ഗവേഷകൻ അദ്ധ്യാപകരെ ഉദ്ദേശിച്ച് രണ്ടു വ്യത്യസ്ത ചോദ്യാവലിയും വിദ്യാർത്ഥികളെ ഉദ്ദേശിച്ച് ഒരു ചോദ്യാവലിയും സ്വന്തമായി തയ്യാറാക്കി ഉപയോഗിക്കുകയാണുചെയ്തത് (അനുബന്ധം 1, 2, 3). സംസ്കാരപഠനം, ഭാഷാസാഹിത്യപഠനം, ബോധനരീതിശാസ്ത്രം, മൂല്യനിർണ്ണയ സിദ്ധാന്തങ്ങൾ, പാഠ്യപദ്ധതി തത്ത്വങ്ങൾ, ജ്ഞാനനിർമ്മിതി സിദ്ധാന്തങ്ങൾ എന്നിവയെ പ്രത്യക്ഷത്തിൽ നിർത്തിയുള്ള പ്രബന്ധരചനാരീതിയല്ല സ്വീകരിച്ചിരിക്കുന്നത്. സൈദ്ധാന്തിക അടിത്തറകളെ സ്വാംശീകരിച്ചുകൊണ്ട് പരോക്ഷമായി വിശകലനത്തിന് പ്രയോജനപ്പെടുത്താനും അവയുടെ അടിത്തറയിൽ നിലപാടുസ്വീകരിക്കാനും നിഗമനങ്ങൾ രൂപപ്പെടുത്താനുമാണ് ശ്രമിച്ചിരിക്കുന്നത്. പഠനവിഷയത്തിന്റെ വൈപുല്യം പ്രബന്ധരചനയെയും വിപുലമാക്കുന്നതിനാൽ വലുപ്പം നിയന്ത്രിക്കാനും

പഠനവിഷയത്തിന് പ്രാമുഖ്യവും ഊന്നലും പരമാവധി നല്കാനുമാണ് ഈ സമീപനം സ്വീകരിച്ചിരിക്കുന്നത്. ഒരുവാക്യം ശരിയായി എഴുതുമ്പോൾ അതിൽ വ്യാകരണനിയമങ്ങൾ പാലിക്കപ്പെട്ടിരിക്കും. എഴുതിയവാക്യം ശരിയാണെന്ന് തെളിയിക്കാൻ വ്യാകരണനിയമങ്ങൾ ഉദ്ധരിക്കേണ്ടതില്ലല്ലോ. ഈ യുക്തിതന്നെയാണ് ഈ പഠനത്തിലും സ്വീകരിച്ചിരിക്കുന്നത്. വിശകലനങ്ങൾക്കും നിഗമനങ്ങൾക്കും സൈദ്ധാന്തിക അടിത്തറയുണ്ടാകും, പക്ഷേ അവ ഉദ്ധരിച്ചും വിശദീകരിച്ചും സാക്ഷ്യപ്പെടുത്താൻ ശ്രമിക്കുന്ന രീതി അവലംബിച്ചിട്ടില്ല.

0.4.1. പരികല്പന

കോളനിവ്യവഹാരങ്ങളുടെയും സവർണവും വരേണ്യവും ഹൈന്ദവവുമായ ഭാഷാസാഹിത്യ വ്യവഹാരങ്ങളുടെയും അധീശപ്രത്യയശാസ്ത്രങ്ങൾക്ക് വിധേയമായാണ് മലയാളഭാഷാസാഹിത്യ പാഠ്യപദ്ധതിയുടെ ഉദ്ഭവവും വികാസവും എന്നതാണ് ഈ പഠനം സ്വീകരിച്ചിരിക്കുന്ന പരികല്പന.

0.4.2. ദത്തശേഖരണത്തിനുപയോഗിച്ച സാമഗ്രികൾ

അദ്ധ്യാപകരെ ഉദ്ദേശിച്ചും വിദ്യാർത്ഥികളെ ഉദ്ദേശിച്ചും തയ്യാറാക്കിയ മൂന്ന് ചോദ്യാവലികളാണ് പഠനത്തിനുപയോഗിച്ചിരിക്കുന്ന പ്രധാന സാമഗ്രി. എം.എ. മലയാള പഠനവുമായി ബന്ധപ്പെട്ട് അദ്ധ്യാപകരെ ഉദ്ദേശിച്ച് തയ്യാറാക്കിയ ആദ്യചോദ്യാവലിയിൽ അകം, പുറം പരീക്ഷകൾ, ബോധനം, ആസൂത്രണം, വായന, തയ്യാറെടുപ്പ്, സെമസ്റ്റർ സംവിധാനം, മനോഭാവം എന്നിവയുമായി ബന്ധപ്പെട്ട് എ വിഭാഗത്തിൽ 32 പ്രസ്താവനകൾ ✓/x മാർക്ക് ചെയ്യാനും ബി. വിഭാഗത്തിൽ സ്വതന്ത്ര പ്രതികരണമാവശ്യപ്പെട്ടുകൊണ്ടുള്ള രണ്ടു പ്രശ്നങ്ങളുമാണ് നല്കിയിരിക്കുന്നത്. വിദ്യാർത്ഥികളെ ഉദ്ദേശിച്ച് തയ്യാറാക്കിയ എം.എ. മലയാളപഠനവുമായി ബന്ധപ്പെട്ട രണ്ടാമത്തെ ചോദ്യാവലിയിലും ഇതേമേഖലകൾ തന്നെയാണ്. 22 പ്രസ്താവനകളാണ് ഇതിൽ ഉൾപ്പെടുന്നത്. സേവനകാല അദ്ധ്യാപകപരിശീലനത്തിന്റെ ഫലപ്രാപ്തിയുമായി ബന്ധപ്പെട്ട ദത്തശേഖരണത്തിനാണ് മൂന്നാമത്തെ ചോദ്യാവലി ഉപയോഗിച്ചിരിക്കുന്നത്. 'അതെ/അല്ല' എന്നിങ്ങനെയുള്ള പ്രതികരണമാവശ്യപ്പെടുന്നതായ 12 പ്രസ്താവനകൾ എ- വിഭാഗത്തിലും ഉറന്ന പ്രതികരണമാവശ്യപ്പെടുന്ന രണ്ട് ചോദ്യങ്ങൾ ബി- വിഭാഗത്തിലും നല്കിയിരിക്കുന്നു. പ്രതികരണങ്ങൾ ക്രോഡീകരിച്ചും വിശകലനം ചെയ്യും നിഗമനങ്ങൾ രൂപീകരിച്ചിരിക്കുന്നു.

0.4.3. പഠനത്തിന്റെ പരിച്ഛേദം (sample)

സേവനകാല അദ്ധ്യാപകപരിശീലനവുമായി ബന്ധപ്പെട്ട സർവ്വേയ്ക്ക് സർക്കാർ കോളേജ്, എയ്ഡഡ് കോളേജ്, സർവ്വകലാശാലകൾ എന്നിവിടങ്ങളിലെ 50

അദ്ധ്യാപകരുടെ പ്രതികരണങ്ങളും എം.എ. മലയാള പഠനവുമായി ബന്ധപ്പെട്ട സർവ്വേയ്ക്ക് കേരളത്തിനകത്തും പുറത്തുമായുള്ള പത്ത സർവ്വകലാശാലകളിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും നൂറോളം അദ്ധ്യാപകരുടെയും ഇരുന്നൂറ് വിദ്യാർത്ഥികളുടെയും പ്രതികരണങ്ങളും പ്രയോജനപ്പെടുത്തിയിരിക്കുന്നു.

0.5. പഠനത്തിന്റെ പരിധിയും പരിമിതിയും

ഉന്നതവിദ്യാഭ്യാസ മേഖലയിലെ ഭാഷാസാഹിത്യപഠനത്തിൽ എം.എ. മലയാള പഠനത്തിലാണ് ഈ പഠനം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. എം.എ. മലയാളം പ്രോഗ്രാമിന്റെ ഭാഗമായി സംസ്ഥാനത്തിനകത്തെ സർവ്വകലാശാലകളിലെ നിർബന്ധിത കോഴ്സായ സംസ്കൃത ഭാഷാ,സാഹിത്യപഠനത്തിന്റെ പാഠ്യപദ്ധതി ഈ പഠനത്തിന്റെ പരിധിയിൽ വരുന്നില്ല. ചില സർവ്വകലാശാലകളിൽ അവരുടെ പഠനവകുപ്പുകളിൽ തനതായ മാറ്റങ്ങൾ വരുത്തിയ പാഠ്യപദ്ധതി ചില സമയങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്. അതുപോലെ തന്നെ സ്വയം ഭരണകോളേജുകൾക്കും പാഠ്യപദ്ധതിയിൽ കുറഞ്ഞ അളവിൽ ഭേദഗതികൾ വരുത്താനുള്ള സ്വാതന്ത്ര്യം ഉണ്ട്. വിദൂരപഠന പാഠ്യപദ്ധതിയിലും ഐച്ഛികവിഷയങ്ങൾ, ഡിസർടേഷൻ എന്നിവയുമായി ബന്ധപ്പെട്ട് പ്രായോഗികമായ മാറ്റങ്ങൾ സ്വീകരിക്കാറുണ്ട്. ഇത്തരം മാറ്റങ്ങളെ സൂക്ഷ്മമായി അടയാളപ്പെടുത്തുന്നതും ഈ പഠനത്തിന്റെ ലക്ഷ്യമല്ല. പത്ത് സർവ്വകലാശാലകളിലേയും അഫിലിയേറ്റഡ് കോളേജുകളിലേയും പാഠ്യപദ്ധതി മാത്രമാണ് പഠനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പാഠ്യപദ്ധതി തയ്യാറാക്കുന്നതിലെ സൂക്ഷ്മതക്കുറവും പിഴവുകളും (കൃതി, കർത്താവ് തുടങ്ങിയവ) അവയെ ദത്തങ്ങളായി സ്വീകരിച്ചു തയ്യാറാക്കുന്ന പട്ടികകളിലും പിഴവുകൾ വരുത്താം. പഠനവിധേയമാക്കിയ പാഠ്യപദ്ധതികളുടെ കാലയളവ് തുടക്കം മുതൽ 2016 വരെ എന്ന് നിജപ്പെടുത്തിയിരിക്കുന്നതിനാൽ അതിനുശേഷം വരുന്ന മാറ്റങ്ങളും പഠനത്തിന്റെ പരിധിയിൽ വരുന്നില്ല.

0.6. പൂർവ്വപഠനങ്ങളുടെ വിലയിരുത്തൽ

ഉന്നതവിദ്യാഭ്യാസമേഖലയിലെ ഭാഷാസാഹിത്യപഠനത്തെ സംബന്ധിച്ച് മലയാളത്തിൽ ഉണ്ടായ പ്രഥമ ഗവേഷണപഠനമാണ് പി.പി. പ്രകാശന്റെ, 'മലയാള ഭാഷാസാഹിത്യപഠനം—സാംസ്കാരികവും രാഷ്ട്രീയവുമായ വിശകലനം' എന്ന അപ്രകാശിത ഗവേഷണ പഠനം (കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, 2014) ഉപഭാഷാപഠനത്തിലെ പരിണാമങ്ങൾക്ക് ഊന്നൽകൊടുത്തുകൊണ്ട് ബിരുദ മലയാളപഠനത്തെ വിശകലനം ചെയ്യുകയാണ് ഈ പഠനം. ദത്തങ്ങളുടെ പരിമിതി, ആ പരിമിതിയ്ക്കകത്തു നിന്നുകൊണ്ട് നിർവ്വഹിക്കുന്ന വിശകലനങ്ങളെയും നിഗമനങ്ങളെയും ഒരേസമയം ദുർബലപ്പെടുത്തുന്നുവെന്നതാണ് ഇതിന്റെ പ്രധാന ന്യൂനത. 1914-മുതൽ ആരംഭിക്കുന്ന ബി.എ. ഓണേഴ്സ് കോഴ്സിന്റെ സിലബസുകൾ ഒന്നുപോലും കാണാതിരുന്നത്

കണ്ടെത്തലുകളുടെ വസ്തുനിഷ്ഠതയിൽ വസ്തുതാപരമായ പിഴവുകൾ ഉണ്ടാക്കുന്നു. ചരിത്രമാറ്റങ്ങളെ മതിയായ തെളിവുകളുടെ അഭാവത്തിൽ പാഠ്യപദ്ധതിക്കുമേൽ അടുക്കിവെക്കുന്ന സാംസ്കാരിക പാഠനിർമ്മിതിയും നിലനിൽക്കുന്നതല്ല. അതതുകാലത്തെ സിലബസുകളെ ഒന്നിച്ചെടുത്ത് വിശകലനം ചെയ്തുകൊണ്ട് നൂറുവർഷത്തെ പാഠ്യപദ്ധതിക്കകത്തെ വിഷയങ്ങളുടെ വളർച്ചയെയും പരിണാമത്തെയും സൂക്ഷ്മമായി അടയാളപ്പെടുത്താൻ ഈ പഠനത്തിനാവുന്നില്ല. ബിരുദപഠനത്തിന്റെ ചരിത്രനിർമ്മിതിയ്ക്കകത്ത് അത് ഉള്ളടങ്ങുന്ന വിവിധ പേപ്പറുകളുടെ ചരിത്രനിർമ്മിതികൂടിയുണ്ട്. അതാകട്ടെ നൂറുവർഷത്തെ മലയാള ഗദ്യത്തിന്റെയും പദ്യത്തിന്റെയും വ്യാകരണത്തിന്റെയും ഭാഷാശാസ്ത്രത്തിന്റെയും കേരളചരിത്ര,സംസ്കാരത്തിന്റെയും പഠനമാണ്. കേരളത്തിന്റെ ചരിത്രസാമൂഹിക മാറ്റങ്ങളിലൂന്നിനിന്ന് പാഠ്യപദ്ധതിയെ നോക്കിക്കാണാനാണ് പ്രസ്തുതപഠനം ശ്രമിക്കുന്നത്. അല്ലാതെ പാഠ്യപദ്ധതിക്കകത്തെ മാറ്റങ്ങളുടെ ചരിത്ര, സാംസ്കാരിക, രാഷ്ട്രീയ കാരണങ്ങളെ കണ്ടെടുക്കാനല്ല എന്നതുകൊണ്ടുതന്നെ പാഠ്യപദ്ധതിക്കകത്തു പ്രവർത്തിച്ച സവർണ്ണ, വരേണ്യ, കൊളോണിയൽ വ്യവഹാരങ്ങളെ സൂക്ഷ്മമായി അടയാളപ്പെടുത്താൻ ഈ പഠനത്തിനു കഴിയുന്നില്ല. ഈ പഠനം പിന്തുടരുന്ന രീതിശാസ്ത്ര മികവുകളും പാഠ്യപദ്ധതിയെ സംബന്ധിച്ച സൈദ്ധാന്തിക നിലപാടുകളും പഠന, മൂല്യനിർണ്ണയ രീതികളുടെ വിമർശനാത്മക വിശകലനങ്ങളും ശ്രദ്ധേയമാണ്.

വിനീത് വി.എസിന്റെ, 'യൂണിവേഴ്സിറ്റി കോളേജ് മലയാളവിഭാഗവും മലയാളസാഹിത്യവും ഒരവലോകനം' എന്ന അപ്രകാശിക ഗവേഷണപ്രബന്ധം (കേരള സർവ്വകലാശാല ലൈബ്രറി, 2016) യൂണിവേഴ്സിറ്റി കോളേജിലെ മലയാളവിഭാഗത്തെ അടിസ്ഥാനമാക്കി കോവുണ്ണി നെടുങ്ങാടി മുതൽ ഇളംകുളം കുഞ്ഞൻപിള്ള വരെയുള്ള അവിടത്തെ അദ്ധ്യാപകരിലൂടെ മലയാളസാഹിത്യത്തിലെ സംഭാവനകൾ വിലയിരുത്തുന്ന പ്രബന്ധമാണ്. കേരളത്തിലെ ആദ്യത്തെ കോളേജിലെ മലയാളവിഭാഗത്തിന്റെ ചരിത്രമെന്നു പറയുന്നത് മലയാളഭാഷാസാഹിത്യപഠനത്തിന്റെ ചരിത്രം കൂടിയാണ്. 1866-ൽ നിയമിതനാവുന്ന മുൻഷി രാമക്കുറുപ്പിലൂടെ അതേവർഷംതന്നെ മലയാളഭാഷാപഠനവും ആരംഭിക്കുന്നു. പാഠ്യപദ്ധതി, പഠനം, മൂല്യനിർണ്ണയം തുടങ്ങിയവ ഈ പഠനത്തിന്റെ പരിധിയിൽ വരുന്നില്ലെങ്കിലും മലയാളപഠനം തുടങ്ങുന്ന ആദ്യകോളേജും അവിടത്തെ അദ്ധ്യാപകരും അതിന്റെ ചരിത്രവും പ്രസക്തം തന്നെ.

'മാനവികമൂല്യങ്ങൾ പാഠപുസ്തകങ്ങളിൽ 1990-ലെ മലയാളപാഠാവലികളെ അടിസ്ഥാനമാക്കി ഒരു പഠനം' എന്ന ബീന കെ.യുടെ അപ്രകാശിത ഗവേഷണപ്രബന്ധം (മഹാത്മാഗാന്ധി കോളേജ് തിരുവനന്തപുരം, 2017) ഒന്നുമുതൽ പത്തുവരെ ക്ലാസുകളിലെ മലയാള പാഠപുസ്തകങ്ങളെയും ചില ഉപപാഠപുസ്തകങ്ങളെയും അടിസ്ഥാനമാക്കി അവയിലെ മാനവികമൂല്യങ്ങൾ വിശകലനം ചെയ്യുന്നു. പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട പാഠപുസ്തക കമ്മിറ്റിയുടെ ആശയങ്ങളും വിശകലനവിധേയമാക്കുന്നു. ഉന്നതവിദ്യാഭ്യാസ

മേഖലയിലെ ഭാഷാസാഹിത്യപഠനമല്ല പഠനവിഷയമെങ്കിലും സ്കൂൾ പാഠ്യപദ്ധതി പിന്തുടരുന്ന ഭാഷാസാഹിത്യസമീപനങ്ങളെക്കുറിച്ച് ധാരണ നല്കാൻ ഈ പഠനം സഹായകമാകും. വിദ്യാഭ്യാസ കമ്മീഷൻ റിപ്പോർട്ടുകൾ, ചരിത്ര പുസ്തകങ്ങൾ, ആത്മകഥകൾ, ജീവചരിത്രം, ആനുകാലികങ്ങൾ തുടങ്ങിയവയിൽ ഉന്നതവിദ്യാഭ്യാസത്തെ സംബന്ധിച്ചും മലയാള പഠനത്തെ സംബന്ധിച്ചും ദത്തങ്ങൾ ചിതറിക്കിടക്കുന്നുണ്ടെങ്കിലും എം.എ. മലയാള പാഠ്യപദ്ധതികളെ ആസ്പദമാക്കിയുള്ള പഠനമൊന്നുംതന്നെ ലഭ്യമല്ലെന്നുള്ളത് ഈ പഠനത്തെ കൂടുതൽ പ്രസക്തമാക്കുന്നു.

0.7. പ്രബന്ധഘടന

ഈ പ്രബന്ധം ചിട്ടപ്പെടുത്തിയിരിക്കുന്നത് 13 അദ്ധ്യായങ്ങളിലായാണ്. ഔപചാരികമായ ഉന്നതവിദ്യാഭ്യാസത്തിന്റെ ചരിത്രപശ്ചാത്തലത്തിൽ നിന്നുകൊണ്ട് ഭാഷാസാഹിത്യപഠനത്തിന്റെ ഉദ്ഭവം, വളർച്ച, നിലവിലെ അവസരങ്ങൾ, സ്ഥാപനങ്ങൾ എന്നിവ ഒന്നാമധ്യായത്തിലും എ.ആർ. രാജരാജവർമ്മയുടെ അക്കാദമികവ്യവഹാരങ്ങൾ എങ്ങനെയാണ് മലയാളഭാഷാസാഹിത്യപഠനത്തെ ഉന്നതവിദ്യഭ്യാസമേഖലയിലെ അക്കാദമികവിഷയമായി രൂപപ്പെടുത്തിയതെന്ന അന്വേഷണം രണ്ടാമത്തെ അദ്ധ്യായത്തിലും വിശദീകരിക്കുന്നു. എം.എ. മലയാളം പ്രോഗ്രാമിന്റെ കോർ വിഷയങ്ങളുടെ പാഠ്യപദ്ധതിയെ അടിസ്ഥാനമാക്കിയുള്ള വിശകലനവും ചരിത്രവും മൂന്നുമുതൽ എട്ടുവരെ അദ്ധ്യായങ്ങളിൽ ചർച്ച ചെയ്യുന്നു. ഐച്ഛിക കോഴ്സുകളുടെ പഠനവിശകലനം ഒമ്പതാം അദ്ധ്യായത്തിലും സാഹിതീയതയുടെ സാംസ്കാരികതയും പഠനവും പത്താം അദ്ധ്യായത്തിലും വിശകലനം ചെയ്യുന്നു. സേവനകാല അദ്ധ്യാപക പരിശീലനവും പാഠ്യപദ്ധതിയും പതിനൊന്നാം അദ്ധ്യായത്തിലും മൂല്യനിർണ്ണയത്തിന്റെ ചരിത്രവും വർത്തമാനവും പന്ത്രണ്ടാം അദ്ധ്യായത്തിലും ചർച്ചചെയ്യുന്നു. ഈ അദ്ധ്യായങ്ങളിലെ വിശകലനങ്ങളിൽ നിന്നുള്ള കണ്ടെത്തലുകളുടെ അപഗ്രഥനത്തിൽനിന്ന് എത്തിച്ചേർന്ന നിഗമനങ്ങളും തുടർപഠനസാദ്ധ്യതകളും നിർദ്ദേശങ്ങളും അവസാന അദ്ധ്യായത്തിലും നല്കിയിരിക്കുന്നു. ഗ്രന്ഥസൂചി ഏറ്റവും ഒടുവിലായും പ്രധാനപ്പെട്ട രേഖകൾ അനുബന്ധമായും ഉൾപ്പെടുത്തിയിരിക്കുന്നു.

കോർ, ഇലക്ടീവ്, സിലബസ് തുടങ്ങിയ അക്കാദമിക വ്യവഹാരങ്ങളുടെ ഭാഗമായ പദങ്ങളെ ആശയവ്യക്തതയ്ക്കു വേണ്ടി മലയാളപദങ്ങൾ പോലെത്തന്നെയാണ് ഈ പ്രബന്ധത്തിൽ ഉപയോഗിച്ചിരിക്കുന്നത്. ഗ്രേഡ്, മാർക്ക്, ക്ലാസ്, കോളേജ് തുടങ്ങി മലയാളിയുടെ ദൈനംദിന ജീവിതത്തിന്റെ ഭാഗമായ ഇംഗ്ലീഷ് പദങ്ങളെയും പരിഭാഷപ്പെടുത്താൻ ശ്രമിച്ചിട്ടില്ല. പുസ്തകങ്ങളുടെ പേരുകൾ നിരന്തരം ആവർത്തിക്കേണ്ടിവരുന്നതിനാൽ അവയെ ചിഹ്നങ്ങൾക്കകത്താക്കുന്നത് പ്രശ്നങ്ങൾ സൃഷ്ടിക്കും എന്നതിനാൽ ഒഴിവാക്കിയിട്ടുണ്ട്. ഓരോ പേപ്പറിന്റെയും പഠനത്തെക്കുറിച്ചുള്ള അദ്ധ്യായത്തിൽ

പാഠപുസ്തകങ്ങളും സഹായകഗ്രന്ഥങ്ങളും പട്ടികപ്പെടുത്തിയിരിക്കുന്നത് ലഭ്യമായ ദത്തങ്ങളിൽ ആ കൃതിയെ ആദ്യമായി ആവിഷ്കരിച്ച സർവ്വകലാശാല എന്ന ക്രമത്തിലാണ് അതിനാൽ ആവർത്തനങ്ങൾ ഒഴിവാക്കിയിട്ടുണ്ട്. ഓരോ സർവ്വകലാശാലയും അതതു കാലത്ത് ആ വിഷ്കരിച്ച പാഠപുസ്തകങ്ങളും സഹായകഗ്രന്ഥങ്ങളും എം.എ. പഠനത്തിന്റെ പൊതുവായും ആ പേപ്പറിന്റെ പഠനത്തിൽ സവിശേഷമായും ചരിത്രപ്രസക്തിയും സാംസ്കാരിക പ്രസക്തിയും ഉള്ളതാണെന്നതിനാൽ അവ ബന്ധപ്പെട്ട അദ്ധ്യായങ്ങൾക്കുശേഷം പിൻകുറിപ്പായി ഉൾപ്പെടുത്തിയിരിക്കുന്നു.ഓരോ പേപ്പറുകളുടെയും പാഠ്യപദ്ധതികളെ ദത്തങ്ങളെന്ന നിലയിൽകണ്ട് നടത്തിയ പ്രാഥമിക വിശകലനങ്ങളാണ് അതത് അദ്ധ്യായങ്ങളിൽ ക്രോഡീകരിച്ചിരിക്കുന്നത്. അവയിൽനിന്ന് ഉരുത്തിരിയുന്ന വസ്തുതകളെ കണ്ടെത്തലുകളായും കണ്ടെത്തലുകളുടെ വ്യാഖ്യാനങ്ങളെ നിഗമനങ്ങളായും അവസാന അദ്ധ്യായത്തിൽ അവതരിപ്പിച്ചിരിക്കുന്നു. കേരള സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല, മലയാളം സർവ്വകലാശാല, കേന്ദ്ര സർവ്വകലാശാല, മദ്രാസ് സർവ്വകലാശാല, അലിഗഢ് മുസ്ലിം സർവ്വകലാശാല, മധുര കാമരാജ് സർവ്വകലാശാല എന്നിവ ആവർത്തിച്ചു പരാമർശിക്കേണ്ടതുള്ളതിനാൽ യഥാക്രമം കേരള, കാലിക്കറ്റ്, എം.ജി., കാലടി, കണ്ണൂർ, മലയാളം, സെൻട്രൽ, മദ്രാസ്, അലിഗഢ്, മധുര എന്നിങ്ങനെ ചുരുക്കെഴുത്തുകളാണ് പട്ടികയിലും ഉള്ളടക്കത്തിലും ഉപയോഗിച്ചിരിക്കുന്നത്.

അദ്ധ്യായം - 1

ഉന്നതവിദ്യാഭ്യാസത്തിന്റെ ചരിത്രവും മലയാള ബിരുദാനന്തരബിരുദപഠനവും

സർവ്വകലാശാലകളുടെ ആവിർഭാവത്തെ സാമാന്യമായും മലയാളപഠനത്തിന്റെ ഉന്നതവിദ്യാഭ്യാസചരിത്രത്തെ സവിശേഷമായും പ്രതിപാദിക്കുകയാണ് ഈ അദ്ധ്യായം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഇന്ത്യൻ ജനതക്ക് വിദ്യാഭ്യാസം നല്കാൻ ബ്രിട്ടീഷ് ഈസ്റ്റിന്ത്യാ കമ്പനി 1823-ൽ ചാർട്ടർ ആക്ട് (Charter Act)പ്രകാരം അതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചു. ഈ ആക്ടിലെ 43-ാം വകുപ്പ് ആയി കൊണ്ടുവന്ന ഭേദഗതിയാണ് ബ്രിട്ടീഷ് ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനമായി മാറുന്നത്. അധിനിവേശ ഇന്ത്യയിൽനിന്ന് ബ്രിട്ടീഷ് സർക്കാർ വിവിധ ഉപാധികളിലൂടെ ഊറ്റിയെടുക്കുന്ന വരുമാനത്തിൽനിന്ന് ഒരു ലക്ഷം രൂപയിൽ കുറയാത്ത ധനം ഇന്ത്യക്കാരിൽ ശാസ്ത്രജ്ഞാനം ഉണ്ടാക്കാനും സാഹിത്യപുനരുദ്ധാരണത്തിനും അവരിലെ പണ്ഡിതൻമാരെ പ്രോത്സാഹിപ്പിക്കുന്നതിനും ഉപയോഗിക്കാൻ വ്യവസ്ഥ ചെയ്തു. ഇതേത്തുടർന്ന് ഇംഗ്ലീഷ് ഈസ്റ്റിന്ത്യാകമ്പനിയിലെ ഉദ്യോഗസ്ഥരിൽ ഇന്ത്യൻ വിദ്യാഭ്യാസം –സംസ്കൃതം, അറബി, പേർഷ്യൻ എന്നീ മാധ്യമത്തിലൂടെയായിരിക്കണമെന്ന 'ഓറിയന്റലിസ്റ്റ്' ഗ്രൂപ്പും ഇംഗ്ലീഷ് മാധ്യമത്തിൽ പാശ്ചാത്യവിദ്യാഭ്യാസം നല്കണമെന്ന മറ്റൊരു ഗ്രൂപ്പും ഉണ്ടായി. അന്നത്തെ ഗവർണർ ജനറൽ വില്യംബൻഡിക് പ്രഭു ചാർട്ടർ ആക്ടിലെ ക്ലോസ് 43 നടപ്പാക്കുന്നതിന് ഉപദേശം നല്കാൻ മെക്കാളെയെ നിയമിച്ചു. 1835-ലെ മെക്കാളെ മിനിറ്റ്സ് ഗവർണർ ജനറൽ പൂർണ്ണമായും അംഗീകരിക്കുകയും ചെയ്തു. നിറത്തിലും രക്തത്തിലും ഇന്ത്യക്കാരും ബുദ്ധിപരമായും സാംസ്കാരികമായും താല്പര്യങ്ങളിലും പാശ്ചാത്യരുമായിട്ടുള്ളവരെ സൃഷ്ടിക്കാനുതകുന്ന ഇംഗ്ലീഷ് മാധ്യമവിദ്യാഭ്യാസം തീരുമാനിക്കുകയും ചെയ്തു. തുടർന്ന് 1835 മുതൽ 1854 വരെ 34 ഇംഗ്ലീഷ് വിദ്യാഭ്യാസസ്ഥാപനങ്ങൾ ഇന്ത്യയിൽ ആരംഭിച്ചു.ചാൾസ്വുഡിന്റെ 'ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ മാഗ്നാകാർട്ട' എന്ന് വിശേഷിക്കപ്പെടുന്ന വുഡ്സ് ഡെസ്പാച്ച് ഇന്ത്യയിൽ സർവ്വകലാശാലകൾ തുടങ്ങാൻ സമയമായിരിക്കുന്നുവെന്ന് സർക്കാരിനെ അറിയിക്കുകയും 1857-ൽ സർവ്വകലാശാലകൾ നിലവിൽ വരികയും ചെയ്തു.

ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസത്തിന്റെ ചരിത്രത്തിലെ നിർണ്ണായകഘട്ടമാണ് 1857 എന്ന വർഷം. ആ വർഷമാണ് ഇന്ത്യയിൽ ആദ്യമായി മൂന്നു സർവ്വകലാശാലകൾ

പിറവിയെടുക്കുന്നത്. കൽക്കട്ട സർവ്വകലാശാലയും ബോംബെ സർവ്വകലാശാലയും മദ്രാസ് സർവ്വകലാശാലയുമാണ് അവ. പിന്നീട് 1882-ലും 1887-ലും യഥാക്രമം പഞ്ചാബിലും ലാഹോറിലും രണ്ട് സർവ്വകലാശാലകൾ കൂടി കൂട്ടിച്ചേർക്കപ്പെട്ടു. ഇന്ത്യാഗവൺമെന്റ് പാസ്സാക്കിയ 1913-ലെ വിദ്യാഭ്യാസനയത്തെ തുടർന്നുള്ള തീരുമാനമായിരുന്നു പ്രാദേശിക സർവ്വകലാശാലകൾ സ്ഥാപിക്കുക എന്നത്. ഈ നയത്തിന്റെ ഭാഗമായി 1916-ൽ ബനാറസ് ഹിന്ദു സർവ്വകലാശാലയും 1917-ൽ പാറ്റ്ന സർവ്വകലാശാലയും 1918-ൽ ഉസ്മാനിയ സർവ്വകലാശാലയും നിലവിൽവന്നു. 1857-നും 1915-നും ഇടയ്ക്കുള്ള 50 വർഷങ്ങളിൽ ഇന്ത്യയിൽ ഉണ്ടായിരുന്നത് കേവലം അഞ്ച് സർവ്വകലാശാലകളാണ്.

പട്ടിക - 1

ഇന്ത്യയിലെ ആദ്യകാല സർവ്വകലാശാലകൾ

ക്രമ നമ്പർ	സ്ഥാപിത വർഷം	സർവ്വകലാശാല
1	1857	കൽക്കട്ട സർവ്വകലാശാല, മദ്രാസ് സർവ്വകലാശാല, ബോംബെ സർവ്വകലാശാല
2	1887	അലഹബാദ് സർവ്വകലാശാല
3	1916	ബനാറസ് ഹിന്ദു സർവ്വകലാശാല, മൈസൂർ സർവ്വകലാശാല
4	1917	പാറ്റ്ന സർവ്വകലാശാല
5	1918	ഉസ്മാനിയ സർവ്വകലാശാല
6	1921	അലിഗഢ് മുസ്ലീം സർവ്വകലാശാല, ലക്നൗ സർവ്വകലാശാല
7	1922	ഡൽഹി സർവ്വകലാശാല
8	1923	നാഗ്പൂർ സർവ്വകലാശാല
9	1926	ആന്ധ്ര സർവ്വകലാശാല
10	1927	ആഗ്ര സർവ്വകലാശാല
11	1929	അണ്ണാമലൈ സർവ്വകലാശാല

കോളേജുകൾക്ക് അഫിലിയേഷൻ കൊടുക്കുക, പരീക്ഷ നടത്തുക എന്നീ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കാനുള്ള സ്ഥാപനം എന്ന പരിമിതമായ ദൗത്യം മാത്രമാണ് അന്നു സർവ്വകലാശാലകൾക്ക് ഉണ്ടായിരുന്നത്. തോമസ് റലി (Thomas Raleig) ചെയർമാനായുള്ള 1902 ലെ ഇന്ത്യൻ സർവ്വകലാശാലാ കമ്മീഷനാണ് സർവ്വകലാശാലകളെ പഠനം നടക്കുന്ന അക്കാദമികകേന്ദ്രങ്ങളാക്കി മാറ്റുന്നത്. കമ്മീഷന്റെ ശിപാർശകളാണ് 1904ൽ ഇന്ത്യാഗവൺമെന്റിന്റെ ഇന്ത്യൻ സർവ്വകലാശാലാ ആക്ടിന്റെ പിറവിക്കു കാരണമായിത്തീരുന്നത്.

1.1. എം.എ. മലയാളപഠനത്തിന്റെ തുടക്കവും ആദ്യകാലസ്ഥാപനങ്ങളും

1.1.1. മദ്രാസ് സർവ്വകലാശാല

സർവ്വകലാശാലാതലത്തിൽ ലോകത്തിലെ ആദ്യത്തെ മലയാളവിഭാഗം 1927ൽ ആരംഭിച്ച മദ്രാസ് സർവ്വകലാശാലയുടെതാണ്. 1857 സെപ്റ്റംബർ 5-ലെ ലെജിസ്ലേറ്റീവ് കൗൺസിൽ ആക്ടിലൂടെയാണ് മദ്രാസ് സർവ്വകലാശാല രൂപീകൃതമാവുന്നത്. മലബാറും കൊച്ചിയും തിരുവിതാംകൂറും ഉൾപ്പെട്ടതായിരുന്ന അന്നത്തെ മദ്രാസ് സർവ്വകലാശാലയുടെ പരിധി. ചേലനാട്ട് അച്യുതമേനോൻ അദ്ധ്യക്ഷനായും കൃഷ്ണൻനായർ, കെ.എൻ. എഴുത്തച്ഛൻ എന്നിവർ ലക്ചറർമാരായും ആണ് മലയാളവിഭാഗം പ്രവർത്തിച്ചു തുടങ്ങിയത്. 1976 വരെ ഗവേഷണകേന്ദ്രം എന്ന നിലയിലാണ് മലയാളവിഭാഗം നിലനിന്നത്. 1976 മുതൽ യു.ജി.സി.യുടെ സഹായത്തോടെ എം.എ., എം.ഫിൽ കോഴ്സുകൾ ആരംഭിച്ചു. കെ.എം. പ്രഭാകരവാര്യർ, കെ.എ. കലാവതി എന്നിവർക്കൂടി മലയാളവിഭാഗത്തിൽ നിയമിതരായി. ആദ്യത്തെ എം.ലിറ്റ്. 1942-ലും പിഎച്ച്.ഡി. 1951-ലും എം.ഫിൽ. 1977-ലും ഉണ്ടായി. 1927-ലാണ് 'ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്' എന്ന പേരിൽ ഡിപ്പാർട്ട്മെന്റ് നിലവിൽ വരുന്നത്.[1]

1917-ലെ മദ്രാസ് സർവ്വകലാശാലയുടെ കലണ്ടറിലെ പുറം 367-ൽ നല്കിയിരിക്കുന്ന ബി.എ.(ഓണേഴ്സ്)ക്കു ചേർന്ന വിദ്യാർത്ഥികളുടെ ജാതിതിരിച്ചുള്ള കണക്ക് (അനുബന്ധം, പുറം:117).

പട്ടിക 2
Classes of Graduates Bachelor of Arts honours – 1917

Year	Brahmans	Hindus Non-Brahmans	Europeans	Native Christians	Total
1914	54	9	2	2	67
1915	67	21	3	4	95
1916	103	49	1	7	160
Total	224	79	6	13	322

സർവ്വകലാശാല ആരംഭിച്ച് അറുപതുവർഷത്തോളം ആകുമ്പോഴും ജനസംഖ്യാനുപാതികമായി തുലോം തുച്ഛമായ ബ്രാഹ്മണർ തന്നെയാണ് ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണഭോക്താക്കൾ എന്നു കാണാവുന്നതാണ്. ക്രിസ്ത്യൻ മിഷനറിക്കു കീഴിൽ വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉയർന്നു വന്നിട്ടും അതിനനുസരിച്ചുള്ള പ്രാതിനിധ്യം ക്രിസ്ത്യൻ സമൂഹത്തിൽ ഉണ്ടായിട്ടില്ലെന്നും മുസ്ലിം പ്രാതിനിധ്യം പൂജ്യമാണെന്നും വ്യക്തമാകുന്നു. ആകെ യോഗ്യതനേടിയ 322-ൽ ഒരാൾ പോലും മുസ്ലിമായി ഇല്ലെന്നത് അക്കാലത്തെ സവർണേതര സമൂഹങ്ങളുടെ സാമൂഹ്യമായ പിന്നാക്കാവസ്ഥയുടെ ആഴം

എടുത്തുകാണിക്കുന്നു. ഒരു പെൺകുട്ടി ഇന്ത്യയിലാദ്യമായി കോളേജിൽ ചേർന്നുപഠിക്കുന്നത് 1897ൽ കൽക്കട്ടയിലെ പ്രസിഡൻസി കോളേജിലാണ്.

1.1.2. കേരള സർവ്വകലാശാല

ഇന്ത്യയിലെ ആദ്യത്തെ 16 സർവ്വകലാശാലകളിൽ ഒന്നായി 1937-ൽ സ്ഥാപിക്കപ്പെട്ട തിരുവിതാംകൂർ രാജ്യത്തിലെ തിരുവിതാംകൂർ സർവ്വകലാശാലയിൽനിന്നാണ് കേരള സർവ്വകലാശാലയുടെ പിറവി. കേരളത്തിന്റെ തെക്കൻ പ്രദേശങ്ങളും തമിഴ്നാട്ടിലെ അയൽ പ്രദേശങ്ങളുമായിരുന്നു അതിന്റെ ഭൂമിശാസ്ത്രപരിധി. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജും തിരുവനന്തപുരം ഒബ്സർവേറ്ററിയുമാണ് സർവ്വകലാശാലയുടെ ഉത്ഭവത്തിനു പിന്നിലെ രണ്ട് സ്ഥാപനങ്ങൾ.

1937-ൽ സ്ഥാപിതമായ തിരുവിതാംകൂർ സർവ്വകലാശാലയുടെ ആദ്യ ചാൻസലർ, സ്ഥാപകനായ ശ്രീ ചിത്തിരത്തിരുനാൾ ബാലരാമവർമ്മ മഹാരാജാവാണ്. തിരുവിതാംകൂറിലെ ദിവാനായിരുന്ന സി.പി. രാമസ്വാമി അയ്യരാണ് ആദ്യ വൈസ് ചാൻസലർ. തിരുവിതാംകൂറിൽ സ്ഥിതി ചെയ്യുന്നതും അതുവരെ മദ്രാസ് സർവ്വകലാശാലയുടെ അഫിലിയേഷനിലായിരുന്നതുമായ 10 കോളേജുകളാണ് തിരുവിതാംകൂറിൽ അഫിലിയേറ്റ് ചെയ്തത്. തിരുവിതാംകൂർ സർവ്വകലാശാല സ്ഥാപിക്കപ്പെട്ടപ്പോൾ കോളേജ് ഡിപ്പാർട്ടുമെന്റുകൾ സർവ്വകലാശാല ഡിപ്പാർട്ട്മെന്റുകളായി. തിരുവിതാംകൂർ സർവ്വകലാശാലയെ 1957-ൽ കേരള സർവ്വകലാശാലയാക്കി മാറ്റിയപ്പോൾ യൂണിവേഴ്സിറ്റി കോളേജ് കേരള സർവ്വകലാശാലയുടെ അഫിലിയേറ്റഡ് കോളേജായി നിലനിന്നു.

1957-ലെ കേരളസർവ്വകലാശാലാ ആക്ട് 14 അനുസരിച്ച് തിരുവിതാംകൂർ സർവ്വകലാശാല കേരള സർവ്വകലാശാലയായി മാറുമ്പോൾ തിരുവനന്തപുരത്തും കോഴിക്കോടും എറണാകുളത്തുമായി മൂന്ന് ക്യാമ്പസ്സുകളാണ് ഉണ്ടായിരുന്നത്. 1968-ൽ കേരള സർവ്വകലാശാലയുടെ കോഴിക്കോട് ക്യാമ്പസ് കാലിക്കറ്റ് സർവ്വകലാശാലയായി മാറി. 1971-ൽ ശാസ്ത്ര സാങ്കേതിക സർവ്വകലാശാല (CUSAT) കൊച്ചിയിലും 1971-ൽ കേരള കാർഷിക സർവ്വകലാശാല തൃശ്ശൂരും 1983-ൽ മഹാത്മഗാന്ധി സർവ്വകലാശാല കോട്ടയത്തും സ്ഥാപിക്കപ്പെട്ടതോടെ കേരള സർവ്വകലാശാലയുടെ ഭൂമിശാസ്ത്ര പരിധി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളും പത്തനംതിട്ട ജില്ലയുടെ ചില ഭാഗങ്ങളും മാത്രമായി മാറി.

1963-ലാണ് കേരള സർവ്വകലാശാലയിലെ പ്രധാന ഡിപ്പാർട്ടുമെന്റിൽ ഒന്നായി മലയാളവിഭാഗം പ്രവർത്തനം ആരംഭിക്കുന്നത്. അതിനുമുമ്പുതന്നെ എ.ആർ. രാജരാജവർമ്മയുടെ നേതൃത്വത്തിൽ ഉന്നത വിദ്യാഭ്യാസരംഗത്തെ മലയാളപഠനം 50 വർഷം പിന്നിട്ടിരുന്നു. 1959-ൽ സംസ്കൃത കോളേജ് പ്രിൻസിപ്പാളായിരുന്ന ഡോ. പി.കെ.

നാരായണപിള്ളയുടെ മേൽനോട്ടത്തിൽ തുടങ്ങിയ ഓറിയന്റൽ സ്റ്റഡീസിൽനിന്നും 1963-ൽ ഡോ. പി.കെ. നാരായണപിള്ളതന്നെ പ്രൊഫസറായി മലയാളവിഭാഗം പൂർണമായും പ്രവർത്തനം തുടങ്ങി.

പട്ടിക 3

ബി.എ. (ഓണേഴ്സ്) /എം.എ. മലയാളം കോഴ്സ്

പൂർത്തിയാക്കിയവർ (1937-65)

വർഷം	കുട്ടികളുടെ എണ്ണം	വനിതാ പ്രാതിനിധ്യം	ക്രിസ്ത്യൻ	മുസ്ലിം	സവിശേഷത
1937-38	09	02	2	0	
1938-39	07	02	2	0	ആദ്യ ക്രിസ്ത്യൻ വനിത എലിസബത്ത് പി.ടി
1939-40	04	0	0	1	ആദ്യമുസ്ലിം ഷാഹുൾ ഹമീദ് ഖാൻ
1940-41	05	0	1	0	
1941-42	04	01	1	0	ചങ്ങമ്പുഴ
1942-43	05	02	2	1	
1943-44	03	01	0	0	കെ. സരസ്വതി അമ്മ
1944-45	01	0	0	0	എം. കൃഷ്ണൻ നായർ
1945-46	01	0	0	0	
1946-47	02	0	0	0	
1947-48	02	02	1	0	വനിതകൾ മാത്രം
1948-49	03	02	0	0	
1949-50	04	01	2	0	
1950-51	05	01	0	0	സവർണർ മാത്രം
1951-52	10	03	0	0	
1952-53	08	02	1	0	
1953-54	08	01	1	0	ആദ്യമുസ്ലിം വനിത
1954-55	09	03	1	0	ഒ.എൻ.വി
1955-56	16	05	2	1	അഡ്മിഷനിൽ കൃതിച്ചുചാട്ടം
1956-57	15	06	1	0	
1957-58	17	07	1	1	
1958-59	17	05	3	0	
1959-60	11	02	2	1	
1960-61	15	08	3	0	സരസ്വതിയമ്മ ബി.
1961-62	18	9	3	0	സ്ത്രീ,-പുരുഷ എണ്ണംതുല്യം
1962-63	11	01	0	0	
1963-64	05	0	0	1	സ്ത്രീകൾ ഇല്ല
1964-65	12	01			

അവലംബം: യൂണിവേഴ്സിറ്റി കോളേജ് ശതാബ്ദി സുവനീർ II പുറം 17-28

1967-ലാണ് കേരള സർവ്വകലാശാലയിൽ എം.എ. മലയാളം വരുന്നത്. ആകെ 15 സീറ്റാണ് അനുവദിച്ചിരുന്നത്. 1987-വരെ 250 കുട്ടികൾ ഈ വിഭാഗത്തിൽ നിന്നും എം.എ. യോഗ്യത നേടി.[2]

പട്ടിക - 4
1981-87 കാലയളവിൽ കേരള സർവ്വകലാശാലയിൽ
എം.എ. മലയാളം പഠിച്ചവർ

വർഷം	എം.എ. ഒന്നാം വർഷം		എം.എ. അവസാന വർഷം	
	പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ
1980-81	6	9	6	9
1981-82	8	7	6	9
1982-83	7	6	8	7
1983-84	6	7	7	6
1984-85	7	8	6	7
1985-86	7	8	7	8
1986-87	6	9	7	8

വിജയശതമാനം 80 മുതൽ 100ശതമാനംവരെ, 1885-86-ൽ വിജയം 100 ശതമാനം 1976-ൽ എം.ഫിൽ കോഴ്സും 1983-ൽ പിഎച്ച്.ഡി.യും തുടങ്ങി.[3]

പട്ടിക - 5
ബി.എ കോഴ്സിന് ചേർന്നവരുടെ ലിസ്റ്റ് (1912-1965)

വർഷം	ചേർന്നവരുടെ എണ്ണം	വനിതാ പ്രാതിനിധ്യം	ക്രിസ്ത്യൻ	മുസ്ലിം	സവിശേഷത
1912-13	1				വി.കൃഷ്ണൻ തമ്പി
1913-14	5				
1914-15	-				
1915-16	6				
1916-17	14				അഡ്മിഷൻ ഉയർന്നത്
1917-18	3				
1918-19	3				
1919-20	5				
1920-21	6				
1921-22	5				
1922-23	11				
1923-24	12	2	0		മാധവിക്കുട്ടി അമ്മ, നാരായണിക്കുട്ടിഅമ്മ പി.
1924-25	27	02	1		മിസ് റിച്ചേൽ ജോസഫ് ആദ്യ ക്രിസ്ത്യൻ വനിത
1925-26	39	1	4	0	

1926-27	29	08	2	0	വനിതാ പ്രാതിനിധ്യം കൂടുതൽ
1927-28	22	3	3	0	
1928-29	14	0	1	1	ആദ്യ മുസ്ലീം വിദ്യാർത്ഥി സെയ്ദ് മുഹമ്മദ് എ.
1929-30	17	0	3	0	
1930-31	2	0	0	0	
1931-32	8	0	0	0	
1932-33	13	0	0	0	
1933-34	21	1	4	0	
1934-35	10	0	4	0	
1935-36	17	0	2	1	
1936-37	06	0	1	0	
1937-38	08	01	3	0	
1938-39	04	0	0	0	
1939-40	03	1	0	0	
1940-41	03	0	1	0	
1941-42	05	1	0	0	സരസ്വതിഅമ്മ കെ.
1942-43	04	1	0	0	
1943-44	05	0	0	0	
1944-45	03	1	0	0	
1945-46					
1946-47	02	0	0	0	
1947-48	03	01	1	0	
1948-49	03	01	0	0	
1949-50	02	0	1	0	
1950-51	07	0	0	0	
1951-52	07	0	0	0	
1952-53	05	03	1	0	
1953-54					
1954-55	02	0	0	0	
1955-56	02	0	1	0	
1956-57	05	0	1	0	
1957-58	12	11	2	0	സ്ത്രീപ്രാതിനിധ്യം ഏറ്റവും കൂടുതൽ
1958-59	05	0	02	0	
1959-60	11	05	0	0	
1960-61	11	04	1	0	
1961-62	08	4	2	1	റോസ്മേരി, ഗ്രേസി
1962-63	16	10	2	0	സ്ത്രീ പ്രാതിനിധ്യം ഉയർന്നത്
1963-64	10	5	3	0	
1964-65	13	08	3	1	
Total	455	74	49	4	

അവലംബം: യൂണിവേഴ്സിറ്റി കോളേജ് ശതാബ്ദി സുവനീർ ॥

1.1.2.1. വിശകലനം

1938 മുതൽ 1965 വരെയുള്ള 27 വർഷത്തെ എം.എ. മലയാളം കോഴ്സിന്റെ അഥവാ ബി.എ. ഓണേഴ്സ് കോഴ്സ് പൂർത്തിയാക്കിയവരെ സംബന്ധിച്ച ദത്തങ്ങൾ വിലയിരുത്തുമ്പോൾ അതിൽ ഒരാൾ മാത്രമുള്ള വർഷങ്ങൾ മുതൽ പരമാവധി 18 പേർ വരെയുള്ള വർഷങ്ങളാണ് കാണാൻ സാധിക്കുന്നത്. ശരാശരി ഒരു വർഷം 8 കുട്ടികൾ മാത്രം. ബ്രിട്ടീഷ് ഇന്ത്യയിലൂടെയും സ്വതന്ത്ര ഇന്ത്യയിലൂടെയും മലയാളവിദ്യാഭ്യാസം പകുക്കപ്പെടുമ്പോഴും സാഹചര്യങ്ങളിൽ വ്യത്യാസം കാണുന്നില്ല. ക്രമമായ പുരോഗതി ഒന്നും പ്രതിഫലിപ്പിക്കാതെ ആദ്യാവസാനം അത് ഏറ്റക്കുറച്ചിലുകളോടെ നിലനിൽക്കുന്നു. വനിതാ പ്രാതിനിധ്യം 227 പേരിൽ 67 പേർ മാത്രം അതായത് 29.5% ശരാശരി ഒരു വർഷം 2.5 പേർ ആറു ബാച്ചിൽ ഒരു വനിത പോലുമുണ്ടായിരുന്നില്ല. ചിലവർഷങ്ങളിൽ ഒരാൾ മുതൽ ഒമ്പതു പേരുവരെ ഉണ്ടായിട്ടുണ്ട്. 1947-ലെ ബാച്ചിൽ 2 വനിതകൾ മാത്രമാണ് ഉണ്ടായിരുന്നത്, പുരുഷന്മാരില്ലാത്ത ഒരേയൊരു വർഷമാണിതെന്നത് കൗതുകകരമാണ്. 1961-62-ൽ മാത്രം സ്ത്രീ-പുരുഷ അനുപാതം തുല്യനിലയിലായി. 1960-61-ൽ ആൺകുട്ടികളെക്കാൾ ഒന്നു കൂടുതലായിരുന്ന പെൺകുട്ടികളുടെ എണ്ണം. 1938-39 ബാച്ചിലെ എലിസബത്ത് പി.ജെ., എം.എ. മലയാളം പഠിക്കുന്ന ആദ്യ ക്രിസ്ത്യൻ വനിതയായി. 1939-40-ൽ ഷാഹുൽ ഹമീദ് ഖാനിലൂടെ ആദ്യ മുസ്ലീം പുരുഷനും 1953-54-ലെ നബീസ ഉമ്മാളിലൂടെ ആദ്യ മുസ്‌ലിം വനിതാപ്രാതിനിധ്യവും ഉണ്ടായി. 1937-38-ലെ ആദ്യബാച്ചിലെ 9 പേരിൽ 2 പേർ സി.എൽ. ആന്റണിയും കെ.കെ. ഇട്ടൂപ്പും ആദ്യ ക്രിസ്ത്യൻ വിദ്യാർത്ഥികളായി. ആകെയുള്ള 227 പേരിൽ 29 പേരാണ് ക്രൈസ്തവ വിദ്യാർത്ഥികൾ അതായത് 1 ശതമാനം 227 പേരിൽ കേവലം 6 പേർ മാത്രമാണ് മുസ്ലീം വിദ്യാർത്ഥികൾ (0.2%). ദലിതരുടെ പ്രാതിനിധ്യം ശൂന്യമായിരുന്നുവെന്നുവേണം അനുമാനിക്കാൻ. അദ്ധ്യാപകരും വിദ്യാർത്ഥികളും പാഠ്യപദ്ധതിയും ഏറെക്കുറെ വരേണ്യവും അതിനാൽതന്നെ ഹൈന്ദവവും ആയിരുന്നുവെന്ന് വ്യക്തമാണ്.

1.1.2.2. ബി.എ. പാസ്കോഴ്സ് വിശകലനം

1912-13-ൽ വി. കൃഷ്ണൻ തമ്പിയെന്ന (താടകവധം ആട്ടക്കഥയുടെ കർത്താവ്) ഒരേയൊരു വിദ്യാർത്ഥിയുമായി ആരംഭിച്ച ബി.എ. മലയാളം പാസ്കോഴ്സിന്റെ 52 വർഷത്തെ അതായത് 1965-വരെയുള്ള ചരിത്രം പരിശോധിക്കുമ്പോൾ ഒരു വർഷം ശരാശരി എട്ടോ ഒമ്പതോ വിദ്യാർത്ഥികളാണ് അഡ്മിഷൻ നേടിയിരുന്നതെന്നു കാണാം. എ.ആർ. രാജരാജവർമ്മ ഉണ്ടായിരുന്ന 1918 വരെയുള്ള വർഷങ്ങളിൽ പോലും അഡ്മിഷൻ രണ്ടക്കം കണ്ടത് 1916-17-ലാണ്, 14 പേർ. തുടങ്ങി മൂന്നാം വർഷം 1914-15-ൽ ഒരാൾ പോലും ചേർന്നതുമില്ല. പിന്നീട് 1945-46-ലും 1953-54-ലും ചേരാൻ ആരുമില്ലാത്ത സാഹചര്യം ഉണ്ടായതായി കാണാം. 1925-26-ലാണ് ഏറ്റവും കൂടുതൽ പേർ ചേർന്നത്,

39 പേർ. 52 വർഷത്തിനിടെ ആകെ ചേർന്നത് 455 പേർ, ഇതിൽ വനിതകൾ 74 പേർ മാത്രം. അതായത് 16.2%. ബി.എ. മലയാളം പാസ്കോഴ്സ് തുടങ്ങി പന്ത്രണ്ടാം വർഷമാണ് ആദ്യമായി വനിതകൾ ചേർന്നത്. മാധവിക്കുട്ടി അമ്മയും നാരായണിക്കുട്ടി അമ്മയുമടക്കം 1923-24-ൽ 12 പേർ ചേർന്നു. മിസ് റിച്ചേൽ ജോസഫ് 1924-25-ൽ ബി.എ. മലയാളത്തിനു ചേർന്ന ആദ്യ ക്രിസ്ത്യൻ വനിതയായി. 1957-58-ലാണ് സ്ത്രീകളുടെ അനുപാതം ഏറ്റവും കൂടിയ വർഷം പന്ത്രണ്ടു വിദ്യാർത്ഥികളിൽ പതിനൊന്നും വനിതകൾ . ആകെയുള്ള 52 വർഷത്തിൽ 33 വർഷത്തെ ബാച്ചിൽ ഒരു വനിത പോലും ഉണ്ടായിട്ടില്ല. 52 വർഷത്തെ 455 വിദ്യാർത്ഥികളിൽ ഒരു മുസ്ലിം വനിതപോലും ഉണ്ടായിട്ടില്ലെന്നത് ശ്രദ്ധേയം. കോഴ്സ് തുടങ്ങി പതിമൂന്നാം വർഷമാണ് ക്രിസ്ത്യൻ സാന്നിദ്ധ്യം ഉണ്ടാകുന്നത്. 455പേരിൽ 49 പേർ ക്രൈസ്തവ വിദ്യാർത്ഥികളായിരുന്നു (10.7%). 455 പേരിൽ കേവലം 4 പേർ മാത്രമാണ് മുസ്ലീം വിദ്യാർത്ഥികൾ (0.8%).

1.1.3. മഹാത്മാഗാന്ധി സർവ്വകലാശാല

മദ്ധ്യകേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ ആവശ്യങ്ങളുടെ സാക്ഷാത്കാരമാണ് മഹാത്മാഗാന്ധി സർവ്വകലാശാല. 1983 ഒക്ടോബർ 2-നാണ് മഹാത്മാഗാന്ധി സർവ്വകലാശാല കോട്ടയം ജില്ലയിലെ അതിരമ്പുഴയിൽ സ്ഥാപിതമാകുന്നത്. കോട്ടയം, എറണാകുളം, ഇടുക്കി, ആലപ്പുഴ, പത്തനംതിട്ടയുടെ ചില ഭാഗങ്ങൾ എന്നിവ ഉൾപ്പെട്ടതാണ് ഈ സർവ്വകലാശാലയുടെ ഭൂമിശാസ്ത്രപരിധി. വിദ്യാർത്ഥികേന്ദ്രീകൃത സമീപനവും അന്തർവൈജ്ഞാനിക സമീപനവും പ്രതിഫലിക്കുന്നതാണിവിടുത്തെ പാഠ്യപദ്ധതികൾ. ബിരുദതലത്തിൽ നടപ്പിലായിക്കഴിഞ്ഞ CBCSS പാഠ്യപദ്ധതിയുടെ തുടർച്ചയെന്ന നിലയിലാണ് 2012 മുതൽ ബിരുദാനന്തര ബിരുദ പാഠ്യപദ്ധതി ക്രെഡിറ്റ് ആൻഡ് സെമസ്റ്റർ സമ്പ്രദായത്തിലാക്കിയത്.

1.1.4. കണ്ണൂർ സർവ്വകലാശാല

1996-ലെ കേരള ലെജിസ്ലേറ്റീവ് അസംബ്ലി ആക്ട് 22 അനുസരിച്ച് കണ്ണൂർ സർവ്വകലാശാല സ്ഥാപിതമായി. 1995 നവംബർ 9-ലെ കേരള ഗവർണറുടെ ഓർഡിനൻസിലൂടെ നിലവിൽ വന്ന മലബാർ സർവ്വകലാശാലയാണ് കണ്ണൂർ സർവ്വ കലാശാലയായത്. 1996 മാർച്ച് 2-ന് അന്നത്തെ കേരള മുഖ്യമന്ത്രിയായിരുന്ന എ.കെ. ആന്റണിയാണ് ഉദ്ഘാടനം ചെയ്തത്.

1.1.5. മധുര കാമരാജ് സർവ്വകലാശാല

1965-ലാണ് മധുരകാമരാജ് സർവ്വകലാശാല മധുരയിൽ ആരംഭിക്കുന്നത്. തമിഴ്നാടിന്റെ വിദ്യാഭ്യാസചരിത്രത്തിൽ മൗലികമായ മാറ്റങ്ങൾ വരുത്തിയ മുൻമുഖ്യമന്ത്രി

കെ. കാമരാജിനോടുള്ള ആദരസൂചകമായാണ് മധുര സർവ്വകലാശാല മധുര കാമരാജ് സർവ്വകലാശാലയായി മാറുന്നത്. ഇന്ത്യയിലെ മികവിന്റെ കേന്ദ്രങ്ങളായ ഒമ്പതു സർവ്വകലാശാലകളിലൊന്നാണ് മധുര കാമരാജ്. 1999-2000 അക്കാദമിക വർഷം മുതൽ തന്നെ Choice Based Credit System ആരംഭിച്ചു. 1972-ലാണ് മധുരകാമരാജ് സർവ്വകലാശാലയിൽ ഇന്ത്യൻ ഭാഷാവിഭാഗത്തിൽ ഒരധ്യാപകനെ നിയമിച്ചുകൊണ്ട് മലയാളവിഭാഗം പ്രവർത്തനം തുടങ്ങുന്നത്. എം.എ., എം.ഫിൽ., പിഎച്ച്.ഡി. കോഴ്സുകൾ നടന്നുവരുന്നു.

1.1.6. അലിഗഢ് മുസ്ലിം സർവ്വകലാശാല

അലിഗഢ് മുസ്ലിം സർവ്വകലാശാലയിൽ 1959 മുതൽ മലയാളഭാഷാപഠനം ആരംഭിച്ചിട്ടുണ്ട്. ആദ്യം ഹിന്ദിവിഭാഗത്തിന്റെ ഭാഗമായിരുന്നെങ്കിലും 1984 സപ്റ്റംബർ 21 മുതൽ തമിഴ്, തെലുഗ്, മലയാളം, പഞ്ചാബി, കാശ്മീരി, മറാത്തി, ബംഗാളി എന്നീ ഏഴ ഭാഷകൾ അടങ്ങിയ ആധുനിക ഇന്ത്യൻ ഭാഷാവിഭാഗമായി മാറി. ഉത്തരേന്ത്യയിൽ മലയാളപഠനം നടക്കുന്ന ഏക സർവ്വകലാശാലയാണ് അലിഗഢ്. 1961-ൽ വെള്ളായണി അർജ്ജുനൻ അദ്ധ്യാപകനായി ഹിന്ദി വിഭാഗത്തിനു കീഴിൽ തുടങ്ങിയ മലയാള പഠനം 1984 ൽ കെ.എ. കോശിയിലൂടെ ആധുനിക ഭാരതീയ ഭാഷാവിഭാഗം എന്ന നിലയിലേക്കുയർന്നു. എം.എ., എം.ഫിൽ., പിഎച്ച്.ഡി. കോഴ്സുകളിലേക്ക് മലയാളപഠനവും മലയാളവിഭാഗവും വികസിക്കുന്നത് അങ്ങനെയാണ്.

1.1.7. മലയാളം സർവ്വകലാശാല

തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല 2012 നവംബർ ഒന്നിനാണ് നിലവിൽ വന്നത്. മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും സംസ്കാരത്തിന്റെയും പരിപോഷണമാണ് സർവ്വകലാശാലയുടെ ആത്യന്തികലക്ഷ്യം. കേരളത്തിന്റെ പൈതൃക പഠനത്തോടൊപ്പം ശാസ്ത്രസാങ്കേതികവിഷയങ്ങളും മലയാളത്തിൽ പഠിക്കാനുള്ള സൗകര്യം ഒരുക്കുക എന്നതും പ്രധാനമായി കരുതുന്നു. സാഹിത്യരചനയിൽ എം.എ. മലയാളബിരുദമുള്ള ഏകസർവ്വകലാശാലയാണിത്. എല്ലാ വിഷയങ്ങളുടെയും പഠനവും ഗവേഷണവും മലയാളത്തിൽ നിർവ്വഹിക്കാനുള്ള സാഹചര്യമെന്ന നിലയിൽ മലയാള സർവ്വകലാശാലയുടെ ആവിർഭാവം ബിരുദാനന്തര മലയാളപഠനത്തിലെ സുപ്രധാന വഴിത്തിരിവാണ്.

1.1.8. കേന്ദ്രസർവ്വകലാശാല, കേരളം

2009-ലെ കേന്ദ്ര സർവ്വകലാശാല ആക്ട് പ്രകാരം സ്ഥാപിക്കപ്പെട്ട 15 സർവ്വകലാശാലകളിൽ ഒന്നാണ് കാസർകോട്ട് പെരിയയിൽ സ്ഥാപിക്കപ്പെട്ട കേന്ദ്ര സർവ്വകലാശാല. 2015-ൽ പതിനെട്ടാമത്തെ ഗവേഷണപഠനവിഭാഗമായി മലയാളവിഭാഗം ആരംഭിച്ചു.

1.1.9. കാലിക്കറ്റ് സർവ്വകലാശാല

1971-ൽ ചാത്തനാത്ത് അച്യുതനുണ്ണി ലക്ചററായി ജോലിയിൽ പ്രവേശിച്ചതോടെ മലയാളവിഭാഗത്തിനു തുടക്കമായി. അതേവർഷം തന്നെ മലയാളവിഭാഗം തലവനായി സുകുമാർ അഴീക്കോടും നിയമിതനായി. 1971-ൽ തന്നെ മലയാളവിഭാഗത്തിൽ എം.എ. പഠനം തുടങ്ങി. 1976-ലാണ് എം.ഫിൽ ഡിഗ്രി തുടങ്ങുന്നത്. 1973 ൽ ടി.ബി. വേണു ഗോപാലപ്പണിക്കരും 74-ൽ എസ്. ഗുപ്തൻനായരും വകുപ്പുതലവന്മാരായി. കെ.കെ കരുണാകരൻ, എം.എം. പുരുഷോത്തമൻനായർ, എം.എം. ബഷീർ, എൻ. ഗോപിനാഥൻ നായർ, എം.എൻ. കാരശ്ശേരി തുടങ്ങിയവർ മലയാളവിഭാഗത്തിൽ സേവനമനുഷ്ഠിച്ചു. 1972 മുതൽ മലയാളവിഭാഗം ഗവേഷണകേന്ദ്രം കൂടിയായി പ്രവർത്തിക്കാൻ തുടങ്ങി.[4]

1.1.10. ശ്രീശങ്കരാചാര്യ സംസ്കൃതസർവ്വകലാശാല, കാലടി

എറണാകുളം ജില്ലയിലെ കാലടിയിൽ 1993-ലാണ് സർവ്വകലാശാല സ്ഥാപിക്കപ്പെടുന്നത്. ശ്രീശങ്കരാചാര്യരുടെ നാമത്തിൽ സ്ഥാപിക്കപ്പെട്ട ഈ സർവ്വകലാശാലക്ക് തിരുവനന്തപുരം, പന്മന, ഏറ്റുമാനൂർ, തുറവൂർ, തൃശ്ശൂർ, തിരൂർ, പയ്യന്നൂർ, കൊയിലാണ്ടി എന്നിവിടങ്ങളിലായി പ്രാദേശികകേന്ദ്രങ്ങളും ഉണ്ട്. 1993 മുതൽ തന്നെ ഭാരതീയ ഭാഷാവിഭാഗം ഫാക്കൽറ്റിക്കുകീഴിൽ മലയാളവിഭാഗം പ്രവർത്തനമാരംഭിച്ചു.

1.1.2. കേരളത്തിലെ ആദ്യത്തെ കോളേജുകൾ

1.1.2.1. യൂണിവേഴ്സിറ്റി കോളേജ്

ജോൺ റോബർട്സ് എന്ന ക്രൈസ്തവ മിഷനറി ഹെഡ്മാസ്റ്ററായി 1834ൽ സ്വാതിതിരുനാൾ മഹാരാജാവ് സ്ഥാപിച്ച സൗജന്യവിദ്യാലയമായ രാജാസ് ഫ്രീ സ്കൂളാണ് 1866-ൽ യൂണിവേഴ്സിറ്റി കോളേജായി ഉയർത്തിയത്. 1866-ലാണ് എഫ്.എ. ക്ലാസുകളോടെ മദ്രാസ് സർവ്വകലാശാലയുടെ അഫിലിയേഷനോടുകൂടി സെക്കന്റ് ഗ്രേഡ് കോളേജാവുന്നത്. 1866-ൽ പിന്നീട് യൂണിവേഴ്സിറ്റി കോളേജായി മാറിയ മഹാരാജാസ് കോളേജിലാണ് മലയാളപഠനത്തിന്റെ ആരംഭം. മുൻഷി രാമക്കുറുപ്പ്, കോവുണ്ണിനെടുങ്ങാടി, എ.ആർ. രാജരാജവർമ്മ, ആറ്റൂർ കൃഷ്ണപിഷാരടി, എൻ. പരമേശ്വരൻ പിള്ള, സി. കൃഷ്ണൻ തമ്പി, പി. അനന്തൻപിള്ള, ഡോ. കെ. ഗോദവർമ്മ, ഇളംകുളം കുഞ്ഞൻപിള്ള, എസ്. ഗുപ്തൻനായർ എന്നിവർ യൂണിവേഴ്സിറ്റി കോളേജിലെ മലയാളവിഭാഗത്തിന്റെ ഭാഗമായി. 1870-ൽ ബി.എ. ക്ലാസുകൾ വരുന്നു. 1912-ലാണ് എ.ആർ. രാജരാജവർമ്മയുടെ ശ്രമഫലമായി മലയാളം ബി.എ. പാസ്കോഴ്സ് ആരംഭിക്കുന്നത്. 1935-ലാണ് ബി.എ. ഓണേഴ്സ് കോഴ്സ് അഥവാ എം.എ. വരുന്നത്. 1912-നു മുമ്പ് മലയാളമടക്കം രണ്ടുഭാഷകൾ ഐച്ഛികമായി വരുന്ന എം.എ. കോഴ്സും നിലനിന്നിരുന്നു.

1866-ൽ സ്ഥാപിതവും പിന്നീട് യൂണിവേഴ്സിറ്റി കോളേജായി മാറിയതുമായ തിരുവനന്തപുരം മഹാരാജാസ് കോളേജാണ് കേരളത്തിലെ ഒന്നാമത്തെ കോളേജ്. 1866-ൽ എഫ്.എ. കോഴ്സോടെ മലയാളപഠനത്തിന്റെ ഉന്നത വിദ്യാഭ്യാസത്തിന്റെ ചരിത്രവും ഇവിടെ തുടങ്ങുന്നു. രണ്ടാമത്തെ കോളേജ് എറണാകുളം മഹാരാജാസ് കോളേജും (1875) മൂന്നാമത്തെ കോളേജ് (1888)പാലക്കാട് ഗവ. വിക്ടോറിയ കോളേജും നാലാമത്തെ കോളേജ് (1891) തലശ്ശേരി, ഗവ. ബ്രണ്ണൻകോളേജും അഞ്ചാമത്തെ കോളേജ് (1892) കോട്ടയം സി.എം.എസ്. കോളേജുമാണ്. കേരളത്തിലെ ആദ്യത്തെ കോളേജ് ഏതെന്ന തർക്കത്തിന് തമിഴ്നാട് എഗ്മോറിലെ ആർക്കൈവിൽനിന്നും ലഭിച്ച നിരവധി രേഖകളുടെ അടിസ്ഥാനത്തിൽ അത് 1866-ൽ സെക്കന്റ് ഗ്രേഡ് കോളേജായി ഉയർത്തപ്പെട്ട തിരുവനന്തപുരം മഹാരാജാസ് കോളേജാണെന്ന് ആധികാരികമായി പറയാൻ കഴിയും. കോട്ടയം സി.എം.എസ്.കോളേജ് കേരളത്തിലെ അഞ്ചാമത്തെ കോളേജാണെന്നിരിക്കെ, ഇന്ത്യയിലെ ഒന്നാമത്തെ കോളേജാണ് തങ്ങളെന്ന അവരുടെ അവകാശവാദം നിലനിൽക്കുന്നതല്ല.[5] കേരളത്തിൽ പത്താം ക്ലാസ് പരീക്ഷ ആദ്യകാലത്ത് നടത്താൻ മദ്രാസ് സർവ്വകലാശാലയുടെ അഫിലിയേഷൻ വേണമായിരുന്നു. അത്തരം സ്ഥാപനങ്ങളെ മദ്രാസ് സർവ്വകലാശാല അഫിലിയേറ്റഡ് ഇൻസ്റ്റിറ്റ്യൂഷൻ എന്നും എഫ്.എ. കോഴ്സ് (ഇന്നത്തെ പ്ലസ് ടു) നടത്താൻ അഫിലിയേഷൻ കിട്ടിയ സ്ഥാപനങ്ങളെ സെക്കന്റ് ഗ്രേഡ് കോളേജെന്നും ബിരുദ കോഴ്സുകൾക്ക് അഫിലിയേഷൻ കിട്ടിയ സ്ഥാപനങ്ങളെ ഫസ്റ്റ് ഗ്രേഡ് കോളേജെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത് .അഫിലിയേഷൻ സംബന്ധിച്ച് മദ്രാസ് സർവ്വകലാശാല പ്രസിദ്ധീകരിച്ച കലണ്ടറുകളിലെ വിവരങ്ങൾ അനുബന്ധമായി നല്കിയിരിക്കുന്നു (അനുബന്ധം, 7: 172-179, 184, 185-188).

1.1.2.2. സെന്റ് ബെർക്കുമാൻസ് കോളേജ് (എസ്.ബി. കോളേജ്) ചങ്ങനാശ്ശേരി

1922 ജൂൺ 19-ന് സ്ഥാപിതം. ഇന്റർമീഡിയറ്റ് കോഴ്സിന്റെ ഗ്രൂപ്പ് III ആണ് ആദ്യം അനുവദിച്ചത്. ഇതനുസരിച്ച് ഹിസ്റ്ററിയും ലോജിക്കും മലയാളവും ഐച്ഛികങ്ങളും മലയാളവും സംസ്കൃതവും ലത്തീനും രണ്ടാം ഭാഷയും ആയിട്ടാണ് എസ്.ബി. കോളേജ് ആരംഭിക്കുന്നത്. അങ്ങനെ മലയാളം മെയിനും സെക്കന്റ് ലാംഗ്വേജുമായി മലയാളവകുപ്പും ആരംഭിച്ചു. എ. പരമേശ്വരയ്യരിലൂടെയാണ് ആദ്യത്തെ മലയാളം തുടങ്ങുന്നത്. 1959-ൽ ബി.എ മലയാളവും തുടങ്ങി. 1927-ലാണ് ഫസ്റ്റ് ഗ്രേഡ് കോളേജാവുന്നത്. 1994-ലാണ് മലയാളവിഭാഗത്തിന് റിസർച്ചുഡിപ്പാർട്ടുമെന്റ് എന്ന പദവി കിട്ടുന്നത്. കേരള സർവ്വകലാശാലയിൽ മലയാളം എം.എ.യുള്ള കോളേജുകളിൽ മൂന്നാമത്തേതും പ്രൈവറ്റുകോളേജുകളിൽ ഒന്നാമത്തേതും എസ്.ബി. കോളേജായി.[6]

1.1.2.3 മഹാരാജാസ് കോളേജ്, എറണാകുളം

കൊച്ചിയിലെ നാലാമത്തെ ദിവാനായ ശങ്കരവാര്യർ 1845-ൽ ഇംഗ്ലീഷ് എലിമെന്ററി സ്കൂൾ സ്ഥാപിച്ചു. മകൻ തോട്ടയ്ക്കാട്ടു ശങ്കുണ്ണിമേനോൻ ദിവാനായപ്പോൾ 1860-ൽ ഹൈസ്കൂളായി ഉയർത്തി. 1874-ൽ കൊച്ചി രാജ്യത്തെ ആദ്യത്തെ സെക്കന്റ് ഗ്രേഡ് കോളേജായി മാറി. സീലി സായിപ്പ് ആയിരുന്നു പ്രിൻസിപ്പാൾ. 1909-ൽ എഫ്.എസ്. ഡേവിസ് പ്രിൻസിപ്പാലായിരിക്കുമ്പോഴാണ് ഇന്റർമീഡിയറ്റ് ക്യാമ്പ് തുടങ്ങുന്നത്. 1925-ൽ മലയാളവിഭാഗം ഉണ്ടാവുന്നു.1949-ൽ തിരുവിതാംകൂർ സർവ്വകലാശാലയുടെയും 1957ൽ കേരള സർവ്വകലാശാലയുടെയും അഫിലിയേഷൻ കിട്ടി. 1925 ജൂൺ 4-ന് മഹാരാജാസ് ഫസ്റ്റ് ഗ്രേഡ് കോളേജായി ഉയർത്തി മദ്രാസ് സർവ്വകലാശാല ഉത്തരവിറക്കി. പി. ശങ്കരൻ നമ്പ്യാർ, എം. അച്യുതൻ, എസ്.കെ വസന്തൻ, പി. കുഞ്ഞികൃഷ്ണ മേനോൻ, ആനന്ദക്കുട്ടൻ, എം. കൃഷ്ണൻ നായർ, എം. തോമസ് മാത്യു, ഇരവൂർ വിശ്വംഭരൻ, എന്നിവർ മലയാളവിഭാഗത്തിന്റെ ഭാഗമായി മാറി.[2] സീലി അവധിയിലായപ്പോൾ ഹെഡ്മാസ്റ്ററായ കൃഷ്ണശങ്കരാണ് എഫ്.എ. ക്ലാസ് തുടങ്ങിയത്. എഫ്.എ. ക്ലാസ് തുടങ്ങിയതോടെ സ്കൂളിന്റെ പേര് എറണാകുളം കോളേജ് എന്നായി. 1875-ൽ സീലി പ്രിൻസിപ്പാൾ, 1872-ൽ കൊച്ചി രാജ്യത്തെ ആദ്യത്തെ സെക്കന്റ് ഗ്രേഡ് കോളേജ്, 1909-ൽ ഡേവിസിന്റെ കാലത്താണ് മഹാരാജാസിൽ ഇന്റർമീഡിയറ്റ് ക്ലാസ് തുടങ്ങിയത്. 1918 ഒക്ടോബറിൽ വി.ആർ. വെങ്കിടേശ്വര അയ്യർ പ്രിൻസിപ്പലായിരുന്ന സമയത്താണ് മഹാരാജാസ് കോളേജിൽ ആദ്യമാഗസിൻ ഇറങ്ങുന്നത്. 1925 സുവർണ ജൂബിലി വർഷത്തിൽ എറണാകുളം കോളേജ് മഹാരാജാസ് കോളേജ് എന്ന പേരു സ്വീകരിക്കുന്നു. 1925 ജൂൺ നാലിന് മഹാരാജാസ് ഫസ്റ്റ് ഗ്രേഡ് കോളേജായി ഉയർത്തിക്കൊണ്ട് മദ്രാസ് സർവ്വകലാശാലയുടെ ഉത്തരവിറങ്ങി. 1923-ൽ ആദ്യത്തെ കോളേജ് കലണ്ടർ ഇറങ്ങി. 1928-ൽ ഭാഷാസാഹിത്യമണ്ഡലം ഉദ്ഘാടനം ചെയ്തു. കുറ്റിപ്പുറത്തു കേശവൻ നായർ, ജി. ശങ്കരക്കുറുപ്പ്, പണ്ഡിറ്റ് കെ.പി. കറുപ്പൻ, പി.വി. കൃഷ്ണൻ നായർ, സി.എൽ. ആന്റണി, കുഞ്ഞുണ്ണി രാജ, എം.കെ. സാനു, എം. അച്യുതൻ, ഒ.എൻ.വി, എം. ലീലാവതി, പി. കുഞ്ഞികൃഷ്ണമേനോൻ, എസ്. ഗുപ്തൻനായർ, ആനന്ദക്കുട്ടൻ, എം. കൃഷ്ണൻ നായർ, എം. തോമസ് മാത്യു, ഇരവൂർ വിശ്വംഭരൻ, സി.ആർ ഓമനക്കുട്ടൻ, കെ.ജി. ശങ്കരപ്പിള്ള തുടങ്ങിയവർ മഹാരാജാസിലെ മലയാളവിഭാഗം അദ്ധ്യാപകരായിരുന്നു.[3] 1956-ജൂണിൽ എറണാകുളം മഹാരാജാസ് കോളേജിൽ എം.എ. മലയാളപഠനം തുടങ്ങി.

1.1.2.4. ഗവൺമെന്റ് ബ്രണ്ണൻ കോളേജ്, തലശ്ശേരി

1862-ൽ തലശ്ശേരിയിൽ ബാസൽ മിഷൻ മാനേജ്മെന്റ് തുടങ്ങിയ ബ്രണ്ണൻ ഹൈസ്കൂളിൽ നിന്നാണ് ഗവൺമെന്റ് ബ്രണ്ണൻ കോളേജിന്റെ പിറവി. 1919-ലാണ് ഗവൺമെന്റിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ബ്രണ്ണൻ സർക്കാർ കോളേജാകുന്നത്.

1.1.2.5. ശ്രീ നീലകണ്ഠ ഗവ. സംസ്കൃത കോളേജ്, പട്ടാമ്പി

കോളേജ് പ്രവർത്തനം തുടങ്ങിയ 1911 മുതൽതന്നെ മലയാളവിഭാഗവും തുടങ്ങി. 1968 മുതൽ എം.എ. മലയാള പഠനവും ആരംഭിച്ചു. 1977 മുതൽ ഗവേഷണകേന്ദ്രവും ആണ്.

1.2. മലയാള ബിരുദാനന്തര ബിരുദപഠനം—അവസരം

കേരളത്തിനകത്ത് കേരള, എം.ജി., കാലിക്കറ്റ്, കണ്ണൂർ എന്നീ സർവ്വകലാശാലകളിലും അവയുടെ അഫിലിയേഷൻ ഉള്ള കോളേജുകളിലും കാലടി സർവ്വകലാശാലയിലും സർവ്വകലാശാലയുടെ പയ്യന്നൂർ, കൊയിലാണ്ടി, തിരൂർ, ഏറ്റുമാനൂർ, തുറവൂർ, പന്മന, തൃശ്ശൂർ, തിരുവനന്തപുരം പ്രാദേശിക കേന്ദ്രങ്ങളിലും മലയാളം സർവ്വകലാശാലയിലും കേന്ദ്ര സർവ്വകലാശാലയിലും മലയാളബിരുദാനന്തര ബിരുദപഠനത്തിന് അവസരങ്ങളുണ്ട്. വിദൂരവിദ്യാഭ്യാസം വഴി പഠനം നടത്താൻ കേരള, കാലിക്കറ്റ്, എം.ജി. സർവ്വകലാശാലകളിലും അവസരം ഉണ്ട്. കേരളത്തിനു പുറത്ത് മദ്രാസ്, അലിഗഢ്, മധുര സർവ്വകലാശാലകളിലും എം. എ. മലയാളപഠനം നടക്കുന്നുണ്ട്.

പട്ടിക 6
മഹാത്മാഗാന്ധി സർവ്വകലാശാലയിലെയും
അഫിലിയേറ്റഡ് കോളേജുകളിലെയും സീറ്റുവിവരം (എം.എ.)

ക്രമ നമ്പർ	സ്ഥാപനം	സീറ്റിന്റെ എണ്ണം
1	സ്കൂൾ ഓഫ് ലെറ്റേഴ്സ്	10
2	ഗവൺമെന്റ് കോളേജ്, കട്ടപ്പന	12
3	മഹാരാജാസ് കോളേജ്, എറണാകുളം (സ്വയംഭരണം)	20
4	ദേവമാതാ കോളേജ്, കുറുവിലങ്ങാട്	15
5	ഡി. ബി. കോളേജ്, തലയോലപ്പറമ്പ്	15
6	എൻ. എസ്. എസ്. ഹിന്ദു കോളേജ്, ചങ്ങനാശ്ശേരി	15
7	സെന്റ് തോമസ് കോളേജ്, പാല	15
8	നിർമ്മല കോളേജ്, മൂവാറ്റുപുഴ	15
9	എസ്. എൻ. എം. കോളേജ്, മാല്യങ്കര	15
10	യു. സി. കോളേജ്, ആലുവ	15
11	സെന്റ് സേവ്യേഴ്സ് കോളേജ് ഫോർ വുമൺ, ആലുവ	15
12	പവനാത്മ കോളേജ്, മുരിക്കാശ്ശേരി	15
13	കത്തോലിക്കേറ്റ് കോളേജ്, പത്തനംതിട്ട	20
14	സെന്റ് തോമസ് കോളേജ്, കോഴഞ്ചേരി	15

15	ഏറ്റുമാന്നൂരപ്പൻ കോളേജ്, ഏറ്റുമാന്നൂർ (സ്വാശ്രയം)	30
16	സെന്റ് ബർമ്മാൻ കോളേജ്, ചങ്ങനാശ്ശേരി	25
17	അസംപ്ഷൻ കോളേജ്, ചങ്ങനാശ്ശേരി (സ്വാശ്രയം)	15
	ആകെ	282

ആകെയുള്ള 282 സീറ്റിൽ എയ്ഡഡ് സ്ഥാപനങ്ങളിലും സ്വാശ്രയ, സ്വയംഭരണ സ്ഥാപനങ്ങളിലുമാണ് ഏറ്റവും കൂടുതൽ സീറ്റുകൾ അനുവദിച്ചിരിക്കുന്നത്.

പട്ടിക 7

കാലിക്കറ്റ് സർവ്വകലാശാലയിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും എം.എ. മലയാള പഠനത്തിന്റെ സീറ്റുവിവരം

ക്രമ നമ്പർ	സ്ഥാപനം	സീറ്റിന്റെ എണ്ണം
1	മലയാളവിഭാഗം സർവ്വകലാശാല ക്യാമ്പസ്	30
2	ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ്, കോഴിക്കോട്	15
3	സാമൂരിൻസ് ഗുരുവായൂരപ്പൻ കോളേജ്, കോഴിക്കോട്	20
4	മലബാർ ക്രിസ്ത്യൻ കോളേജ്, കോഴിക്കോട്	20
5	സെന്റ് ജോസഫ് കോളേജ് ദേവഗിരി, കോഴിക്കോട്	20
6	തുഞ്ചൻ മെമ്മോറിയൽ ഗവ. കോളേജ്, തിരൂർ	20
7	ശ്രീ വിവേകാനന്ദ പഠനകേന്ദ്രം, ആർട്സ് & സയൻസ് കോളേജ് പാലേമാട്, എടക്കര, മലപ്പുറം (അൺ എയ്ഡഡ്)	15
8	ശ്രീ നീലകണ്ഠ ഗവ:സംസ്കൃത കോളേജ്, പട്ടാമ്പി	20
9	കെ. കെ.ടി. എം. ഗവ. കോളേജ്, പുല്ലൂറ്റ്	12
10	വിമല കോളേജ്, തൃശ്ശൂർ	15
11	ശ്രീകേരളവർമ്മ കോളേജ്, തൃശ്ശൂർ	20
12	ലിറ്റിൽ ഫ്ലവർ കോളേജ്, ഗുരുവായൂർ	20
13	സെന്റ് ജോസഫ്സ് കോളേജ്, ഇരിങ്ങാലക്കുട	20
14	ശ്രീനാരായണ കോളേജ്, നാട്ടിക	20
15	ശ്രീകൃഷ്ണ കോളേജ്, ഗുരുവായൂർ	12
	ആകെ	279

പട്ടിക 8

കണ്ണൂർ സർവ്വകലാശാലയിലെയും അഫിലിയേറ്റഡ് കോളേജിലെയും എം.എ. മലയാളപഠനത്തിന്റെ സീറ്റുവിവരം

ക്രമ നമ്പർ	സ്ഥാപനം	സീറ്റ്
1	ഗവൺമെന്റ് ബ്രണ്ണൻ കോളേജ്, തലശ്ശേരി	12
2	ഡോ.പി.കെ. രാജൻ മെമ്മോറിയൽ കാമ്പസ്, നീലേശ്വരം	35
ആകെ		47

പട്ടിക 9

ഇതരസർവ്വകലാശാലകളിലെ എം.എ. മലയാളപഠനത്തിന്റെ സീറ്റുവിവരം

ക്രമ നമ്പർ	സർവ്വകലാശാല	വിഭാഗം	സീറ്റ്
1	മലയാളം സർവ്വകലാശാല	സാഹിത്യപഠനം	20
2	മലയാളം സർവ്വകലാശാല	സാഹിത്യരചന	20
3	അലിഗഢ് മുസ്ലിം യൂണിവേഴ്സിറ്റി	എം.എ. മലയാളം	5
4	മദ്രാസ് സർവ്വകലാശാല	എം.എ. മലയാളം	5
5	മധുരകാമരാജ് സർവ്വകലാശാല	എം.എ. മലയാളം	10
6	കേന്ദ്ര സർവ്വകലാശാല	എം.എ. മലയാളം	25
ആകെ			85

പട്ടിക 10

ശ്രീശങ്കരാചാര്യസംസ്കൃത സർവ്വകലാശാല, കാലടി

ക്രമനമ്പർ	സ്ഥാപനം	സീറ്റിന്റെ എണ്ണം
1	കാലടി സർവ്വകലാശാല	20
2	തിരുവനന്തപുരം പ്രാദേശികകേന്ദ്രം	20
3	പന്മന	20
4	ഏറ്റുമാനൂർ	20
5	തുറവൂർ	20
6	തൃശ്ശൂർ	20
7	തിരൂർ	20
8	പയ്യന്നൂർ	20
9	കൊയിലാണ്ടി	20
	ആകെ	180

പട്ടിക 11

കേരള സർവ്വകലാശാലയിലെയും അഫിലിയേറ്റഡ് കോളേജിലെയും എം.എ. മലയാള പഠനത്തിന്റെ സീറ്റുവിവരം

ക്രമ നമ്പർ	സ്ഥാപനം	സീറ്റിന്റെ എണ്ണം
1	എഫ്. എം. എൻ കോളേജ്, കൊല്ലം.	20
2	ഗവൺമെന്റ് വനിതാകോളേജ്, വഴുതക്കാട്.	20
3	മഹാത്മാഗാന്ധി കോളേജ്, കേശവദാസപുരം.	26
4	മാർഇവാനിയസ് കോളേജ്, നാലാഞ്ചിറ.	15
5	എൻ. എസ്. എസ്. കോളേജ്, നിലമേൽ, കൊല്ലം.	20
6	സനാതന ധർമ്മ കോളേജ്, സനാതനപുരം, ആലപ്പുഴ.	20
7	എസ്. എൻ. കോളേജ്, കൊല്ലം.	20
8	യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം	30
9	എച്ച്.എച്ച്.എം.എസ്.പി.ബി.എൻ.എസ്.എസ്. വിമൻസ് കോളേജ്, തിരുവനന്തപുരം.	14
10	കേരള സർവ്വകലാശാല, കാര്യവട്ടം കാമ്പസ്	16
	ആകെ	201

കേരളത്തിനകത്തും പുറത്തുമുള്ള 10 സർവ്വകലാശാലകളിലും അവയുടെ അനുബന്ധ സ്ഥാപനങ്ങളിലും ആയി എം.എ. മലയാളപഠനത്തിന് 2016 വരെ ആകെ 1079 സീറ്റാണുള്ളത്. ഇതിൽ 11 ശതമാനം അതായത് 161 സീറ്റ് ഗവൺമെന്റ് കോളജുകളിലും 33% അതായത് 356 സീറ്റ് സർവ്വകലാശാല പഠനവിഭാഗങ്ങളിലും 47% അതായത് 577 സീറ്റ് സ്വകാര്യകോളേജുകളിലും 5.5 ശതമാനം—60 സീറ്റ്—സ്വാശ്രയ കോളേജുകളിലും ആണുള്ളത്.

കുറിപ്പുകൾ

1. മാതൃഭൂമി ദിനപ്പത്രം, ഫെബ്രുവരി 11, 2017, (ലേഖകൻ,ഡോ. പി.എം. ഗിരീഷ്).

   Rajendrababu C.G, (Editor). *A profile, Dept of Malayalam*, University of Madras, 2004, page 1&4.

2. Sreedhara Menon A., History of the university of Kerala, Vol. 1, Dept of Publications, University of Kerala, Thiruvanathapuram Press 2003, (P. 416-417)

3. Sreedhara Menon A., History of the university of Kerala, Vol. 1, Dept of Publications, University of Kerala, Thiruvanathapuram Press 2003, (P. 419)

4. എം.എൻ. കാരശ്ശേരി, എഡിറ്റർ. രജതരേഖ. തൃശ്ശൂർ: കറന്റ് ബുക്സ്. 1997 പുറം 21-25.

5. Babu, Cheriyan. Towards modernity : The story of the first college in India. Delhi: Media House, 2014.

6. മത്തായി റ്റി.ജെ., എസ്.ബി കോളേജ് മലയാളം കൂട്ടുംബചരിത്രം, മലയാളവിഭാഗം, സെന്റ് ബർക്ക്മാൻസ് കോളേജ്, ചങ്ങനാശ്ശേരി, 2013. പുറം 8, 11.

അദ്ധ്യായം 2

എ.ആർ. രാജരാജവർമ്മയും അക്കാദമികവ്യവഹാരങ്ങളും

ഉന്നതവിദ്യാഭ്യാസ മേഖലയിലെ അക്കാദമികവിഷയം എന്നനിലയിൽ മലയാളപഠനത്തെ ഉറപ്പിച്ചെടുക്കുന്നതിൽ എ.ആർ.രാജരാജവർമ്മയുടെ അക്കാദമിക വ്യവഹാരങ്ങൾ വഹിച്ച പങ്കെന്തെന്ന അന്വേഷണമാണ് ഈ അദ്ധ്യായത്തിൽ നിർവ്വഹിക്കുന്നത്. പൊതുസമൂഹവും മലയാളപഠനവകുപ്പും കലാലയ അദ്ധ്യാപകനും തമ്മിലുള്ള ബന്ധത്തിന്റെ അനുകരണീയമായ മാതൃക എന്ന നിലയിൽ എ.ആറിന്റെ ഔദ്യോഗിക ജീവിതത്തെ സ്ഥാനപ്പെടുത്തുക എന്നതും ഈ അദ്ധ്യായത്തിന്റെ ലക്ഷ്യം തന്നെ.

സംസ്കൃത പാഠശാലാ ഇൻസ്പെക്ടറിൽ തുടങ്ങി (1890) തിരുവനന്തപുരം മഹാരാജാസ് കോളേജ് പ്രൊഫസർ വരെയുള്ള (1918) 28 വർഷക്കാലത്തെ അദ്ധ്യാപകജീവിതത്തിൽ എ.ആർ.-ന്റെ ദർശനങ്ങളെ രൂപപ്പെടുത്തിയത് ക്ലാസ്മുറികളാണ്. നിലപാടുകൾക്കും സാഹിത്യസമീപനങ്ങൾക്കും ഭാഷാപോഷണപ്രവർത്തനങ്ങൾക്കും വിവിധ കൃതികളുടെ രചനയ്ക്കും വിജ്ഞാനകോശങ്ങളുടെ നിർമ്മാണശ്രമങ്ങൾക്കും ഗവേഷണങ്ങൾക്കും, അടിസ്ഥാനവും പ്രചോദനകേന്ദ്രവും ആയി വർത്തിച്ചത് ക്ലാസ്മുറിയ്ക്കകത്തെ ഇടപെടലുകളാണ്. മലയാളത്തെ പിടിച്ചു കുലുക്കിയ കാവ്യരചനാശീലങ്ങളെയും ഭാവുകത്വത്തെയും ഉടച്ചുവാർത്ത ദ്വിതീയാക്ഷരപ്രാസവാദത്തിന്റെയും ശാകുന്തളവിവാദത്തിന്റെയും ഭ്രമിക മഹാരാജാസ് കോളേജിലെ മലയാളം ക്ലാസ്മുറിയായത് ഒട്ടും യാദൃച്ഛികമായിരുന്നില്ല.

1918-ൽ അവസാനിക്കുന്ന അമ്പത്തഞ്ചു വർഷത്തെ ജീവിതത്തെയും അദ്ദേഹം രചിച്ച കൃതികളെയും അദ്ദേഹത്തിന്റെ തൊഴിലിടങ്ങളെയും ചേർത്തുവെച്ചു നോക്കിയാൽ ഈ പരികല്പനയുടെ വസ്തുനിഷ്ഠത അനായാസം അനാവരണം ചെയ്യപ്പെടും.അതോടൊപ്പം സംസ്കൃതത്തിൽ തുടങ്ങി മലയാളത്തിൽ അവസാനിക്കുന്ന മൂന്നുവിധത്തിലുള്ള ഭാഷാഭിമുഖ്യങ്ങളെയും തിരിച്ചറിയാനാകും. അത് മൂന്നു ഘട്ടങ്ങളിലായി മനസ്സിലാക്കാവുന്നതാണ്.

2.1. ഭാഷാഭിമുഖ്യങ്ങൾ

2.1.1. സവർണവരേണ്യ സംസ്കൃതബോധ ഘട്ടം

1890-ൽ സംസ്കൃതപാഠശാലയുടെ ഇൻസ്പെക്ടർ എന്ന തസ്തികയിൽ നിയമിതനാവുന്നതുവരെയുള്ള കൗമാര, യൗവനങ്ങളിലെ വിദ്യാഭ്യാസകാലം പരമ്പരാഗതമായ സവർണവരേണ്യ സംസ്കൃതബോധത്തിന്റെ കാലഘട്ടമാണ്. അമ്മാവനായ കേരളവർമ്മയുടെ കീഴിൽ വിദ്യ അഭ്യസിക്കുന്ന ഘട്ടത്തിൽ ശിഷ്യരുടെ കഴിവുപരിശോധിക്കാൻ 'ഗണപത്യഷ്ടകം' എഴുതിക്കൊണ്ടുവരാനുള്ള ഗൃഹപാഠമാണ് പതിനഞ്ചുകാരനായ എ.ആറിന്റെ കവിതാരചനയ്ക്ക് തുടക്കം കുറിച്ചതെന്ന് മകൾ ഭാഗീരഥിയമ്മ ജീവചരിത്രത്തിൽ എഴുതിയിട്ടുണ്ട്. സംസ്കൃതത്തിലെ ആദ്യപരിശ്രമം തന്നെ ഗുരുനാഥനും അമ്മാവനുമായ കേരളവർമ്മയുടെ ഗണപത്യഷ്ടകത്തോട് ഒപ്പത്തിനൊപ്പം നിന്ന് ആചാര്യന്മാരുടെ അഭിനന്ദനത്തിനു പാത്രമായി. രുക്മിണീഹരണം ചമ്പു, ദേവീമംഗളം, ശ്രീവിശാഖ മഹാരാജ സിംഹാസനാരോഹണാഭിനന്ദനം, ചിത്രനക്ഷത്രമാല എന്നിങ്ങനെയുള്ള ആദ്യകാലരചനകളെല്ലാം തന്നെ സംസ്കൃതത്തിലാണ്.

ബി.എ. രസതന്ത്രം സീനിയർ പരീക്ഷയിൽ തോറ്റ ദുഃഖത്തിൽ റിസൽറ്റ് അറിഞ്ഞ് മൂന്നുദിവസത്തിനകം രചിച്ച 28 പദ്യങ്ങളുള്ള 'ഭംഗവിലാപം' എന്ന കവിതയും എ.ആറിന്റെ രണ്ടാമത്തെ മകളുടെ അകാലമരണത്തിന്റെ വേദന മറികടക്കാനെഴുതിയ വിലാപകാവ്യമായ 'പിതൃപ്രലാപ'വും സംസ്കൃതത്തിലായിരുന്നു.

2.1.2.സംസ്കൃത, ഇംഗ്ലീഷ് ഭാഷാബോധ ഘട്ടം

1890-ൽ സംസ്കൃതപാഠശാലയുടെ ഇൻസ്പെക്ടറും പിന്നീട് പ്രിൻസിപ്പാളുമായി ജോലിചെയ്തിരുന്ന 1896 വരെയുള്ള കാലഘട്ടം സംസ്കൃതത്തിലും ഇംഗ്ലീഷിലുമുള്ള ഭാഷാബോധം തീവ്രമായ ഘട്ടമാണ്. ഇംഗ്ലീഷ് ഭാഷയുമായുള്ള സമ്പർക്കവും അദ്ധ്യാപനമെന്ന തന്റെ തൊഴിലും പരമ്പരാഗത സവർണവരേണ്യബോധങ്ങളെ ശിഥിലമാക്കുകയും പുരോഗമനപരമാവുകയും ചെയ്യുന്ന ഘട്ടമാണിത്. സംസ്കൃത അദ്ധ്യാപകൻ എന്ന നിലയിൽ തന്റെ തൊഴിലിന്റെ പൂർണതയ്ക്കുവേണ്ടി പാഠപുസ്തക നിർമ്മിതിയിലും മറ്റു പ്രവർത്തനങ്ങളിലും ഏർപ്പെടുന്ന സമയമാണിത്. ഇംഗ്ലീഷ് ഭാഷയോട് പുറംതിരിഞ്ഞു നിന്നിരുന്ന സഹപ്രവർത്തകരായ സംസ്കൃതപണ്ഡിതന്മാരുടെ സങ്കുചിതഭാഷാമനോഭാവത്തെ മാറ്റിയെടുക്കാൻ എ.ആറിലെ സർഗധനനായ അദ്ധ്യാപകൻ കണ്ടെത്തിയ മാർഗമാണ് 'ഗൈർവാണീവിജയം' ഏകാങ്കനാടകം. 'സംസ്കാരം വർധിപ്പിക്കുന്നതിന് ഉതകുന്ന ഭാഷ സംസ്കൃതം ഒന്നുമാത്രമല്ലെന്നുള്ള വസ്തുത പാഠശാലയിലെ സംസ്കൃതപണ്ഡിതന്മാർക്കും അനുഭവപ്പെടുത്തിക്കൊടുക്കണമെന്ന് രാജരാജവർമ്മയ്ക്ക് ആഗ്രഹം ഉണ്ടായിരുന്നുവെന്ന്'' ഭാഗീരഥി അമ്മ ജീവചരിത്രത്തിൽ എഴുതുന്നു. നാടകത്തിന്റെ ബോധനപരമായ ശേഷിയും മൂല്യവും തിരിച്ചറിഞ്ഞ ക്രാന്തദർശിയായ അദ്ധ്യാപകൻ എന്ന നിലയിലും സഹപ്രവർത്തകരുടെ

കുറവുകൾക്ക് സർഗാത്മകമായി പരിഹാരം കാണുന്ന സ്ഥാപനമേധാവി എന്ന നിലയിലും എ.ആറിനെ തിരിച്ചറിയാനുതകുന്നതാണ് ഈ സംഭവം.

സംസ്കൃതകോളേജിന്റെ പ്രിൻസിപ്പാൾ ജോലികിട്ടിയപ്പോൾ സമയനിർണയപ്പട്ടികയുണ്ടാക്കി ത്രൈമാസികപരീക്ഷയും വാർഷികപരീക്ഷയും ഏർപ്പെടുത്തി. സിലബസ് സൂക്ഷ്മമായി വിലയിരുത്തി ഹൈസ്കൂളിൽ ഭൂമിശാസ്ത്രവും ചരിത്രവും നിർബന്ധിതവിഷയമാക്കുന്നതിനും അദ്ദേഹം മുൻകൈയെടുത്തു. ഭൂമിശാസ്ത്രത്തിനും അങ്കഗണിതത്തിനും പാഠപുസ്തകങ്ങൾ ഇല്ലാതിരുന്നതിനാൽ ആ ചുമതല കൂടി എ.ആർ. ഏറ്റെടുത്തു. ഹൈസ്കൂളിൽ പഠിക്കുമ്പോൾ ഗണിതത്തിൽ 'സംപൂജ്യ'മായി തോറ്റ എ.ആറാണ് അദ്ധ്യാപകനായപ്പോൾ ഗണിതത്തിന് പാഠപുസ്തകമുണ്ടാക്കിയതെങ്കിൽ ക്ലാസ്മുറിയുടെ ആവശ്യത്തെ, വിദ്യാർത്ഥികളുടെ ഭാവിയെ മറ്റെന്തിലുമുപരിയായി കാണുന്നതുകൊണ്ടാണ് ഇതു സാദ്ധ്യമായത്.

ബീജഗണിതവും ത്രികോണമിതിയും സംസ്കൃതത്തിലേക്ക് തർജ്ജമ ചെയ്തു. ജ്യോതിഷപഠനത്തിന് 'ജ്യോതിപ്രകാശകം' എന്ന പാഠപുസ്തകം രചിച്ചു. 'ലഘുപാണിനീയ'മെന്ന സംസ്കൃതവ്യാകരണഗ്രന്ഥം വിദ്യാർത്ഥികൾക്കായി രചിച്ചു. സാഹിത്യം, നീതിശാസ്ത്രം, തത്ത്വജ്ഞാനം തുടങ്ങിയ അക്കാദമികവിഷയങ്ങളിലെ പ്രബന്ധാവതരണത്തിനും സംവാദത്തിനുമായി 'ഭാരതീസമാജം' എന്ന സാഹിത്യവേദി രൂപീകരിച്ചു. കേരളവർമ്മയെപ്പോലുള്ള പ്രഗത്ഭരുടെ ക്ലാസുകൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കി. ക്ലാസ്മുറിയിൽ തനിക്കനുഭവപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാനും വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്താനും വിദ്യാഭ്യാസവിദഗ്ധനായ ഒരധ്യാപകൻ നടത്തിയ അക്കാദമിക പ്രവർത്തനങ്ങളായിരുന്നു ഇവയെല്ലാം എന്നു കാണാവുന്നതാണ്.

2.1.3. മാതൃഭാഷാവബോധഘട്ടം

സംസ്കൃതപാഠശാലയുടെ പരിശോധകനും സംസ്കൃത കോളേജ് പ്രിൻസിപ്പാളുമായിരുന്ന എ. ആർ. രാജരാജവർമ്മ പ്രിൻസിപ്പാൾ ജോലി രാജിവെച്ച് മാസം 150 രൂപ ശമ്പളത്തിൽ ഇംഗ്ലീഷ് കോളേജിൽ നാട്ടുഭാഷാപര്യവേഷകൻ (സൂപ്രണ്ടന്റ് ഓഫ് വെർണാക്കുലർ സ്റ്റഡീസ്) ആയി നിയമിതനാവുന്ന 1896 മുതൽ അന്തരിക്കുന്ന 1918 വരെയുള്ള ഇരുപത്തിരണ്ടുവർഷമാണ് മാതൃഭാഷാവബോധത്തിന്റേതായ മൂന്നാം ഘട്ടം. ചരിത്രനായകന്റെ നാനാമുഖങ്ങളായ പ്രവർത്തനങ്ങൾ ഈ ചുരുങ്ങിയ കാലഘട്ടത്തിനിടയിലാണ് തെളിഞ്ഞുകാണപ്പെടുന്നതെന്ന് ഭാഗീരഥിയമ്മ സാക്ഷ്യം വഹിക്കുന്നു. ഈ കാലയളവിൽ എ.ആർ. നടത്തിയ ബഹുമുഖമായ പ്രവൃത്തികൾക്കും വ്യത്യസ്തങ്ങളായ ഗ്രന്ഥരചനകൾക്കും കലാലയത്തിനകത്തും പുറത്തുമായി നടത്തിയ ഇടപെടലുകൾക്കും സവിശേഷമായ പ്രത്യേകതകളുണ്ട്. കാരണം അവയ്ക്കെല്ലാം പ്രത്യക്ഷമായും പരോക്ഷമായും അടിസ്ഥാനമായി വർത്തിച്ചത് മലയാളം ഒരു വിഷയമായി പഠിപ്പിക്കുന്ന അദ്ധ്യാപകൻ എന്ന തൊഴിലും അതോടൊപ്പം മാതൃഭാഷാപഠനം എന്ന തന്റെ ജ്ഞാനമേഖലയുമായിരുന്നു. അതുതന്നെ

പ്രാധാന്യത്തോടെ അദ്ദേഹം അതു പഠിക്കുന്ന വിദ്യാർത്ഥികളുടെ പ്രശ്നങ്ങളെയും പ്രതിസന്ധികളെയും നോക്കിക്കാണാനും ശ്രമിച്ചു. വിദ്യാർത്ഥിസമൂഹത്തിന്റെ ഉന്നമനത്തിനു വേണ്ടി നടത്തിയ പരിശ്രമങ്ങളുടെ ഫലങ്ങൾ പൊതുസമൂഹത്തിനുകൂടി പ്രയോജനപ്പെട്ടു.

മലയാളം അദ്ധ്യാപകൻ എന്ന തൊഴിലാണ്, സംസ്കൃതത്തിനും ഇംഗ്ലീഷിനും ഉപരിയായി പ്രതിഷ്ഠിക്കപ്പെടേണ്ടതാണ് മാതൃഭാഷയായ മലയാളമെന്ന ബോധത്തിലേക്ക് ഈ ഘട്ടത്തിൽ എ.ആറിനെ രൂപാന്തരപ്പെടുത്തുന്നത്. മലയാളത്തിന് അനുകരിക്കാൻ തക്ക ഗദ്യശൈലി സംസ്കൃതത്തിനില്ലാത്തതിനാൽ സംസ്കൃതത്തെ ആശ്രയിക്കരുതെന്ന് പറയുക മാത്രമല്ല 'താനുണ്ണാത്തേവരോ വരം കൊടുക്കുന്നത്' എന്ന് എ.ആർ. സംസ്കൃതത്തെ പരിഹസിക്കുകയും ചെയ്യുന്നു(സാഹിത്യസാഹ്യം,1989:20). മാതൃഭാഷാധ്യാപകൻ എന്ന തൊഴിലിന്റെ പൂർണ്ണതയ്ക്കുവേണ്ടി നടത്തിയ ഇടപെടലുകളും സാഹിത്യസാഹ്യം പോലുള്ള ഗദ്യരചനയ്ക്ക് വഴികാട്ടുന്ന കൃതികളുമാണ് സംസ്കൃതത്തിന്റെ ആധിപത്യത്തിൽ നിന്ന് കേരളഭാഷയെ രക്ഷിച്ചത്. രാജരാജന്റെ മാറ്റൊലിയിൽ ജോസഫ് മുണ്ടശ്ശേരി പറയുന്നു, "1108-ൽ തൃശ്ശിവപേരൂർവെച്ചു നടന്ന സാഹിത്യപരിഷത്തിന്റെ രണ്ടാം സമ്മേളനത്തിൽ അധ്യക്ഷത വഹിച്ച ശ്രീ. മൂർക്കോത്ത് കുമാരൻ കേരളവർമ്മപാരമ്പര്യത്തിന്റെ ആപല്ക്കരമായ സ്വാധീനശക്തിയെക്കുറിച്ചു പറഞ്ഞതു ഞാനിന്നുമോർക്കുന്നു. 'പദ്യകാവ്യം മാത്രമല്ല ഗദ്യകാവ്യവും സംസ്കൃതമയമാകുവാൻ 'അക്ബർ' എന്ന ആഖ്യായിക ഗതാനുഗതികന്മാരെ പ്രേരിപ്പിച്ചു. സാഹിത്യസാമ്രാജ്യത്തിലെ ചക്രവർത്തിയായി പ്രശോഭിച്ച കേരളവർമ്മ വലിയകോയിത്തമ്പുരാനെ മറ്റുള്ളവർ അനുകരിപ്പാൻ ശ്രമിക്കുന്നതിൽ എന്താണത്ഭുതം? എന്നുമാത്രമല്ല, ലളിതഭാഷയിൽ അർത്ഥപുഷ്ടിയോടുകൂടി എഴുതി ഫലിപ്പിക്കുന്നതിനേക്കാൾ പ്രയാസം കുറഞ്ഞതു ഘടഘടായമാനമായ സംസ്കൃതപ്രയോഗം കൊണ്ടു വായനക്കാരെ ഭേദിക്കുന്ന വിദ്യയായിരുന്നതിനാൽ പണ്ഡിതന്മാർ ഗദ്യപ്രബന്ധത്തിലും സംസ്കൃതം വളരെ കുത്തിച്ചെലുത്തിത്തുടങ്ങി."

അദ്ദേഹം തുടർന്നെഴുതുന്നു,

"ഗതാനുഗതികത്വത്തിന്റെ കടിഞ്ഞാൺ പൊട്ടിച്ചുള്ള ഈ പോക്കിനെ നിറഞ്ഞ ചങ്കൂറ്റത്തോടെ പിടിച്ചുനിറുത്തിയതാരെണന്നും ശ്രീ. മൂർക്കോത്ത് വെട്ടിത്തുറന്നു പറയുകയുണ്ടായി. അത് ഇപ്രകാരമാണ് "കേരളഭാഷയെ സംസ്കൃതത്തിന്റെ അടിമയാക്കുവാൻ, അറിഞ്ഞോ അറിയാതെയോ, ചെയ്ത പരിശ്രമത്തിൽനിന്നു കേരളകാളിദാസനെ കേരളപാണിനി പിടിച്ചുനിറുത്തിയിരുന്നില്ലെങ്കിൽ ഭാഷയ്ക്ക് ഇന്നുണ്ടായിരുന്ന ഗതി എന്താകുമെന്ന് ഏകദേശം ഊഹിക്കാം"."

പ്രതിസന്ധികളെയും സംഘർഷങ്ങളെയും അനുഭവിച്ചും നേരിട്ടും ഊണും ഉറക്കവും ഉപേക്ഷിച്ചും ഇരുപത്തിരണ്ടു വർഷക്കാലം അദ്ദേഹം തന്റെ തൊഴിലിന്റെ പൂർണതയ്ക്കും വിദ്യാർത്ഥികളുടെ ഉന്നമനത്തിനുമായി നടത്തിയ പ്രയത്നങ്ങളിൽ മൂന്നു സമാന്തരധാരകൾ ദർശിക്കാവുന്നതാണ്. ഇംഗ്ലീഷുകാരുടെ വിവേചനത്തിനും അവഗണനയ്ക്കും എതിരെ

ഭാഷാധ്യാപകന്റെ പദവിയും അന്തസ്സും ഉയർത്താനുള്ള പരിശ്രമങ്ങൾ, ഉന്നതവിദ്യാഭ്യാസമേഖലയിലെ അന്തസ്സുള്ള അക്കാദമികവിഷയം എന്ന നിലയിൽ മാതൃഭാഷാപഠനത്തെ ഉയർത്താനുള്ള ശ്രമങ്ങൾ, ഭാഷാസാഹിത്യത്തിൽ പാണ്ഡിത്യമുള്ള പ്രഗൽഭരായ വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുന്നതിനും അവരുടെ ഉന്നമനത്തിനുമായുള്ള അക്കാദമികപ്രവർത്തനങ്ങൾ എന്നിവയാണവ. ഈ അടരുകളോരോന്നും കൃത്യമായി വിശകലനം ചെയ്യുമ്പോഴാണ് കലാലയ അദ്ധ്യാപനത്തിന്റെയും വിദ്യാഭ്യാസവൈദഗ്ധ്യത്തിന്റെയും മികച്ച മാതൃകയായ എ.ആറിനെ തിരിച്ചറിയാനാവുക.

2.2.1. ഇംഗ്ലീഷുകാരുടെ വിവേചനത്തിനും അവഗണനയ്ക്കും എതിരെ ഭാഷാധ്യാപകന്റെ പദവിയും അന്തസ്സും ഉയർത്താനുള്ള ശ്രമങ്ങൾ.

മിച്ചൽ സായിപ്പ് പ്രിൻസിപ്പാളായിരിക്കെയാണ് 1890-ൽ എ.ആർ. രാജരാജവർമ്മ ഇംഗ്ലീഷ് കോളേജിൽ അദ്ധ്യാപകനായി നിയമിതനാവുന്നത്. "കോളേജധ്യാപകനായി നിയമിതനായ എ.ആറിനെ ഹൈസ്കൂൾ മലയാളം മുൻഷിയെപ്പോലെ പദവി കുറച്ചുകണ്ട് ഹൈസ്കൂൾ ക്ലാസിന്റേതടക്കമുള്ള ആഴ്ചയിൽ 19.5 മണിക്കൂർ ജോലിഭാരമുള്ള ടൈംടേബിൾ നല്കിക്കൊണ്ടാണ് മിച്ചൽസായ്പ് സ്വീകരിച്ചത്" (എ.ആർ. രാജരാജവർമ്മ,1961:3).

ഇതരഭാഷകളുടെ ഇടയിൽ അന്ന് നാട്ടുഭാഷകൾ 'തീണ്ടൽകാർ' ആയിരുന്നുവെന്ന് ജീവചരിത്രവും പറയുന്നു (എ.ആർ. രാജരാജവർമ്മ,1961:266). കുട്ടികൾ കയറിയിറങ്ങാറുള്ള ലൈബ്രറിയുടെ കോണിലാണ് എ.ആറിനു സ്ഥലമനുവദിച്ചത്. സ്വന്തമായി വിശ്രമമുറി ഇല്ലാതിരുന്നതിനാൽ ഹൈസ്കൂൾ അദ്ധ്യാപകരുടെ വിശ്രമമുറിയാണ് അദ്ദേഹമുപയോഗിച്ചത്. ടൈംടേബിൾ പരിഷ്കരിക്കുമ്പോൾ ജോലിഭാരം കുറയ്ക്കണമെന്ന എ.ആറിന്റെ ആവശ്യത്തോട് ടൈംടേബിൾ ക്രമീകരിച്ചപ്പോൾ 21.5 മണിക്കൂറായി ഉയർത്തിക്കൊണ്ടാണ് മിച്ചൽ പ്രതികരിച്ചത്. തുടർച്ചയായി 6 മണിക്കൂർ വരെ എ.ആറിന് ക്ലാസെടുക്കേണ്ടിവന്നു. മിച്ചൽ അവധിയിലാവുകയും മിസ്റ്റർ ബോയിലും ഡോ.ബിഷപ്പും ആകുങ്ങ് പ്രിൻസിപ്പാൾ ആവുകയും ചെയ്ത അവസരത്തിലാണ് എ.ആറിന് ജോലിഭാരം കുറയ്ക്കാനും മലയാളത്തിൽ പുതിയ നിയമനം നടത്താനും സാധിച്ചത്. അന്ന് ഇംഗ്ലീഷുകാരായ അദ്ധ്യാപകരിൽ നിന്ന് ഭാരതീയരായ അദ്ധ്യാപകർ പൊതുവേയും ഭാഷാധ്യാപകർ പ്രത്യേകിച്ചും വിവിധതരത്തിലുള്ള വിവേചനങ്ങൾക്കും അവഗണനകൾക്കും ഇരയായിരുന്നു. ആവശ്യത്തിന് അദ്ധ്യാപകരെ നിയമിക്കാതിരിക്കൽ, നിയമിക്കുന്നവർക്കാകട്ടെ കുറഞ്ഞ വേതനം മാത്രം നല്കൽ, നല്ല ക്ലാസ്മുറിയോ മറ്റു ഭൗതികസാഹചര്യങ്ങളോ നല്കാതിരിക്കൽ, കോളേജിന്റെ ഭരണസമിതികളിലോ ആലോചനായോഗങ്ങളിലോ പങ്കെടുപ്പിക്കാതിരിക്കൽ, പ്രവർത്തന സ്വാതന്ത്ര്യം നിഷേധിക്കൽ, അറിയിപ്പുകളിൽ ഒപ്പിടാതിരിക്കൽ, നാട്ടുഭാഷകളെയും അവയുടെ അക്കാദമിക പ്രവർത്തനങ്ങളേയും തരംതാഴ്ത്തൽ തുടങ്ങിയവ ഏതാനും ഉദാഹരണങ്ങൾ മാത്രം.

കോളേജിൽ ചേർന്ന് മൂന്നുമാസത്തിനകം തന്നെ 'മലയാളസമാജം' എന്ന ആശയസംവാദവേദിക്ക് എ.ആർ. തുടക്കം കുറിച്ചു. മലയാളസമാജത്തിന്റെ കാര്യദർശിയുടെ സ്ഥാനം പഠിക്കുമ്പോൾ വഹിച്ചിരുന്ന എ.ആറിന്റെ ശിഷ്യനും ജീവചരിത്രകാരനുമായ പി. അനന്തൻപിള്ള പറയുന്നു. "കുഞ്ചൻനമ്പ്യാരുടെ കാലം, ദ്വിതീയാക്ഷരപ്രാസം, സന്ദേശകാവ്യങ്ങൾ എന്നൊക്കെ നോട്ടീസിൽ എഴുതാറുണ്ടെങ്കിലും സായ്പ് ചോദിക്കുമ്പോൾ 'സൗരയൂഥം, ആഗ്നേയഗിരികൾ, ചൊവ്വയിൽ മനുഷ്യരുണ്ടോ? എന്നൊക്കെ ഞങ്ങളും തട്ടിവിടും. ഇങ്ങനെ ആയിരുന്നു സാധാരണ യോഗങ്ങൾ നടത്തിവന്നത്". എന്നാൽ ഇതുതിരിച്ചറിഞ്ഞ മിച്ചൽ സായ്പ് 'ഇംഗ്ലീഷ് വാദ-പ്രതിവാദ സംഘം മാത്രമേ മേലാൽ കോളേജിൽ ഉണ്ടായിരിക്കാവൂ എന്നും മറ്റുള്ളതെല്ലാം അതിന്റെ അംഗങ്ങളായി ഉപജീവിച്ചുകൊള്ളണമെന്നും'കർക്കശമായ ഒരു ഉത്തരവു പുറപ്പെടുവിച്ചു. കാര്യങ്ങൾ സംസാരിച്ചു ശരിയാക്കാൻ വേണ്ടി കോളേജ് വരാന്തയുടെ ഒരറ്റത്തു നിന്ന് പതിവുസന്ദർശനത്തിന് പുറപ്പെട്ട നല്ല ഉയരവും മെലിഞ്ഞ ശരീരപ്രകൃതിക്കാരനും നല്ലവേഗവും ഉള്ള മിച്ചൽ സായ്പിനൊപ്പം ഉയരം കുറഞ്ഞ്, ഉരുണ്ടുതടിച്ച എ.ആർ. രാജരാജവർമ്മ കുട്ടികൾ കാൺകെ ഓടിക്കൊണ്ട് സംസാരിക്കുന്നത് കാണേണ്ട കാഴ്ചയായിരുന്നു"വെന്ന് ശിഷ്യനും ജീവചരിത്രകാരനുമായ അനന്തൻപിള്ള പറയുന്നു. ഒന്നരണ്ടു താവളങ്ങൾ കഴിഞ്ഞ് ക്ഷീണിച്ചു മടങ്ങിയ എ.ആർ. വിദ്യാർത്ഥികളോടായി പറഞ്ഞു. 'പതിനായിരം രൂപാ തരാമെന്നു പറഞ്ഞാലും ഇയാളുടെ പിന്നാലെ ഓടാൻ കഴിയുകയില്ല. മലയാളസമാജം തുലയാണെങ്കിൽ തുലയട്ടെ. നിങ്ങൾ മിണ്ടാതിരിപ്പിൻ' (കേരളപാണിനി, 1934:10-11).

ഇങ്ങനെ പറഞ്ഞെങ്കിലും മലയാളസമാജത്തെ അതിന്റെ പതിവുപ്രവർത്തനങ്ങളുമായി എ.ആർ. കാര്യക്ഷമമായി മുന്നോട്ടുകൊണ്ടു പോവുകയാണ് ചെയ്തത്.

വെള്ളക്കാർ അവരുടെ കുത്തകയാക്കിവെച്ചിരുന്ന പ്രൊഫസർ സ്ഥാനത്തിനു വേണ്ടിയായിരുന്നു എ.ആറിന്റെ പിന്നീടുള്ള ഇടപെടലുകൾ. ശ്രീമൂലം തിരുനാൾ മഹാരാജാവിനെയും അദ്ദേഹത്തിന്റെ ദിവാനായിരുന്ന സി. രാജഗോപാലാചാരിയെയും കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തി അവരുടെ സഹായത്താൽ ആദ്യമായി ഒരു ഭാരതീയൻ വെള്ളക്കാരോടൊപ്പം 'പ്രൊഫസർ' എന്ന തുല്യപദവിയിലേക്കെത്തുന്നു. ആ പദവിക്ക് ആദ്യമായി അർഹമാവുന്നത് മറ്റു മാനവിക, ശാസ്ത്ര വിഷയങ്ങളെയും ഭാരതീയരായ അദ്ധ്യാപകരെയും പിന്തള്ളി നാട്ടുഭാഷയും ഭാഷാധ്യാപകനാണെന്നത് ഭാഷയ്ക്കും ഭാഷാധ്യാപകർക്കും എക്കാലത്തും അഭിമാനകരമായ ചരിത്രസന്ദർഭമാണ്. പ്രൊഫസർമാരുടെ മുറിയിൽ സ്ഥാനം, എഴുത്തുകുത്തുകൾ സൂക്ഷിക്കുന്ന പെട്ടിയുടെ താക്കോൽ, വിലപിടിച്ച ഉപകരണങ്ങൾ തുടങ്ങി സായിപ്പിന്റെ അന്തസ്സിന്റെ അടയാളങ്ങൾ എ.ആറിലേക്കെത്തിയതിനെക്കുറിച്ച് അനന്തൻപിള്ള പറയുന്നു, "ഫ്രഞ്ചിയോടൊപ്പം ഗൈർവാണിയും ദ്രാവിഡിയും ഒരുമിച്ചു വസിക്കുന്നതു കാണുവാനുള്ള അസഹിഷ്ണുതയാൽ ചില സായ്പന്മാർ സ്ഥലം മാറേണ്ടതായിവന്നു. കോളേജിന്റെ തെക്കുഭാഗത്തായി കമനീയമായ വിശ്രമഗൃഹം ഒന്ന് ഉടനടി

വിശ്വകർമ്മാവിന്റെ വൈഭവത്താലെന്നപോലെ ഉദ്ഭൂതമായി" (കേരളപാണിനി,1934:112). 'ഇങ്ങനെ ഇവരകന്നു തുടങ്ങിയാൽ എവിടംവരെ പോകുമോ എന്തോ?' എന്നാണ് എ.ആർ. ഇതേക്കുറിച്ച് പ്രതികരിച്ചത്. പദവിതുല്യത വന്നപ്പോഴും വേതനതുല്യത നടപ്പിലായിരുന്നില്ല. ഇംഗ്ലീഷുകാരായ പ്രൊഫസർമാർക്ക് 750 രൂപ പ്രതിമാസം ലഭിക്കുമ്പോൾ നാട്ടുകാരായ പ്രൊഫസർമാർക്ക് 450 രൂപമാത്രമാണ് വേതനം നല്കിയത്. എ.ആറിനെ തുടർന്ന് പ്രൊഫസർ പദവി ലഭ്യമായ മറ്റു ഭാരതീയരോടു കൂടി മൂന്നുവർഷം നടത്തിയ ശ്രമങ്ങൾക്കൊടുവിലാണ് ദിവാൻ രാജഗോപാലാചാരി വേതനതുല്യത നടപ്പിലാക്കിയത്.

അപ്പോഴും പ്രിൻസിപ്പാൾ ചുമതല ഇംഗ്ലീഷുകാർ കുത്തകയാക്കി വെച്ചു. ആക്ടിംഗ് പ്രിൻസിപ്പാൾ എന്ന പദവിപോലും എ.ആറിനു കിട്ടാതിരിക്കാൻ അതുവരെ കീഴ്വഴക്കമില്ലാത്ത ഇരട്ട തസ്തികയുടെ ചുമതല മിസ്റ്റർ ഹാഡ്സന് നല്കിക്കൊണ്ടുള്ള വിചിത്രമായ ഏർപ്പാടുകൾവരെ അവർ ചെയ്തു. ഉച്ചവരെ പ്രിൻസിപ്പാൾ എന്ന നിലയിൽ വിദ്യാഭ്യാസമേലധികാരിക്ക് ഹാഡ്സൻ അയക്കുന്ന കത്തുകൾക്ക് ഉച്ചയ്ക്കുശേഷം വിദ്യാഭ്യാസമേലധികാരിയുടെ ഓഫീസിൽ നിന്ന് ഹാഡ്സൻ തന്നെ മറുപടി അയക്കുന്നു. എന്നാൽ 1916-ൽ അത്തരം ഏർപ്പാടുകൾ അവസാനിപ്പിച്ചുകൊണ്ട് ഭാരതീയനും ഭാഷാധ്യാപകനുമായ എ.ആർ. ആദ്യമായി ആക്ടിങ് പ്രിൻസിപ്പാൾ ആയി. പ്രൊഫസർ എന്ന നിലയിൽ കൗൺസൽ മീറ്റിങ്ങിൽ പങ്കെടുക്കാൻ ആദ്യമായി ഒരു ഭാരതീയനും ഭാഷാധ്യാപകനും അവസരം കിട്ടുന്നത് എ.ആറിലൂടെയാണ്. രണ്ടാം കൗൺസിൽ മീറ്റിങ്ങിൽ തന്നെ ഭാഷാധ്യാപക തസ്തികകൾ വർധിപ്പിക്കുന്നതിനുവേണ്ടി വെള്ളക്കാരായ പ്രൊഫസർമാരുമായി എ.ആറിന് വാദപ്രതിവാദത്തിൽ ഏർപ്പെടേണ്ടി വന്നു. സംസ്കൃതത്തിനും മലയാളത്തിനും 1 ട്യൂട്ടർ, 1 പണ്ഡിതൻ എന്ന നിലയിൽ തസ്തികകൾ ഉയർത്തിയെടുക്കാൻ അദ്ദേഹത്തിന് സാധിച്ചു. പൗരസ്ത്യഭാഷാവിഭാഗത്തിന് എ.ആറിന്റെ നേതൃത്വത്തിൻ കീഴിൽ കൈവന്ന മാറ്റങ്ങളെക്കുറിച്ച് അനന്തൻപിള്ള തുടരുന്നു, "പത്തുകൊല്ലം കൊണ്ട് പൗരസ്ത്യഭാഷകൾക്ക് നമ്മുടെ കാളേജിൽ സിദ്ധിച്ച പ്രധാന്യം ഞാൻ കണ്ട് അദ്ഭുതപരിതന്ത്രനായി. ഇംഗ്ലീഷ്, ചരിത്രം മുതലായ വിഷയങ്ങളിലുള്ള ഗ്രന്ഥങ്ങൾ വച്ചുകഴിഞ്ഞിട്ട് ബാക്കിവന്ന അലമാരിത്തട്ടുകളിലായിരുന്നു പണ്ട് ഏതാനും സംസ്കൃതഗ്രന്ഥങ്ങളും തമിഴ്, മലയാളം പുസ്തകങ്ങളും നിക്ഷേപിച്ചിരുന്നത്. ഇപ്പോൾ ആകട്ടെ ഈ ഭാഷകൾക്കെല്ലാം പ്രത്യേകം അലമാരികളും മുറികളും ഉണ്ടായിരുന്നു"(കേരളപാണിനി, 1934:114).

2.2.2. ഉന്നതവിദ്യഭ്യാസ മേഖലയിലെ അക്കാദമിക വിഷയം എന്നനിലയിൽ മാതൃഭാഷാപഠനത്തെ ഉയർത്താനുള്ള ശ്രമങ്ങൾ.

മെട്രിക്കുലേഷൻ അഥവാ പത്താം ക്ലാസ് പരീക്ഷയ്ക്കു ശേഷമുള്ള എഫ്.എ. (First Examination in Arts) കോഴ്സിലേക്കും ബി.എ. യിലേക്കും ഉപഭാഷ എന്ന

നിലയിയിലായിരുന്നു, 1890-ൽ ഇംഗ്ലീഷ് കോളേജിൽ അദ്ധ്യാപകനായി എ.ആർ. നിയമിതനാവുമ്പോൾ മലയാളമടക്കമുള്ള നാട്ടുഭാഷകളുടെ പ്രാതിനിധ്യം. 1904-ൽ കഴ്സൻ പ്രഭുവിന്റെ സർവ്വകലാശാല പരിഷ്കരണ നിർദ്ദേശങ്ങളെത്തുടർന്ന് ബിരുദതലത്തിലെ ഉപഭാഷാപഠനം അവസാനിപ്പിക്കുകയും എഫ്.എ. കോഴ്സ് ഇന്റർമീഡിയറ്റാക്കി ഭാഷാപഠനം നാമമാത്രമാക്കുകയും ചെയ്തത് എ.ആറിനെ വളരെ ദുഃഖിപ്പിച്ചു. ഇതിനെതിരെ എഴുതിയും പ്രസംഗിച്ചും പ്രമേയങ്ങൾ പാസാക്കിയും പ്രതിഷേധയോഗങ്ങൾ സംഘടിപ്പിച്ചും ലഘുലേഖകൾ അച്ചടിച്ച് വെള്ളക്കാരായ സെനറ്റ്, സിണ്ടിക്കേറ്റ് അംഗങ്ങൾക്ക് വിതരണം ചെയ്തും എ.ആർ. ഒറ്റയ്ക്കും ഭാഷാസ്നേഹികളെ കൂട്ടുപിടിച്ചും ധാരാളം സമരങ്ങൾ നടത്തി. അക്കാലത്തെ സ്ഥലത്തെ പ്രമാണിമാരുടെ നേതൃത്വത്തിൽ മദ്രാസിലും കേരളവർമ്മയുടെ അധ്യക്ഷതയിൽ തിരുവനന്തപുരത്തും പ്രതിഷേധ യോഗങ്ങൾ സംഘടിപ്പിച്ചു.[1] എന്നിട്ടും സർവ്വകലാശാല വഴങ്ങാതിരുന്നപ്പോൾ ഒടുവിൽ ഗവൺമെന്റിനെ ശരണം പ്രാപിച്ചു. ഗവൺമെന്റ് ശാസിച്ചപ്പോൾ സെനറ്റ് വഴങ്ങി. ഇന്റർമീഡിയറ്റ് ക്ലാസിൽ നാട്ടുഭാഷാ ഗദ്യരചന ഒരു നിർബന്ധവിഷയമായി സ്വീകരിച്ചു. തുടർന്ന് ബി.എ.-യ്ക്ക് ഉപഭാഷ വേണമെന്ന ആവശ്യമുയർത്തി പ്രക്ഷോഭങ്ങൾ നടത്തി. ഒടുവിൽ സംസ്കൃതം ഉൾപ്പെടെ ഏതെങ്കിലും പ്രാചീനഭാഷയിൽനിന്നുള്ള വിവർത്തനം ഗദ്യരചനയുടെ സ്ഥാനത്ത് വേണ്ടവർക്കായിക്കൊള്ളാമെന്ന ഭേദഗതി ഏർപ്പെടുത്തി.

നിരന്തരമായി നടത്തിയ പരിശ്രമങ്ങളുടെ ഫലമായാണ് 1909-ൽ ഇന്റർമീഡിയറ്റിന് നാട്ടുഭാഷകൾക്കു പ്രാധാന്യമുള്ള നാലാം ശാഖ ഉണ്ടാവുന്നത്. ഭാഷാഗ്രൂപ്പിൽ ഉപരിപഠനം നടത്തിയാൽ മലയാളം മുൻഷിയിലുപരി ഒരു തൊഴിലും കിട്ടില്ലെന്ന അബദ്ധധാരണ അന്നും നിലവിലുണ്ടായിരുന്നതിനാൽ നാലാം ശാഖയോട് കുട്ടികൾ താല്പര്യം കാണിച്ചിരുന്നില്ല. 1910-ൽ ചരിത്രത്തിന് പ്രാധാന്യമുണ്ടായിരുന്ന മൂന്നാം ശാഖയും നാലാം ശാഖയും ഒന്നാക്കിയപ്പോൾ ധാരാളം വിദ്യാർത്ഥികൾ ആ ശാഖയോട് താല്പര്യം കാണിക്കാൻ തുടങ്ങി. നിഘണ്ടുവും പാഠപുസ്തകങ്ങളും നിർമ്മിക്കാമെന്നും കേരളപാണിനീയം ഒന്നാം പതിപ്പ് ആഗമികരീതിയിൽ പരിഷ്കരിച്ചിറക്കാമെന്നും എ.ആർ. സെനറ്റിനും സിണ്ടിക്കേറ്റിനും കൊടുത്ത ഉറപ്പിന്റെ ഫലമായാണ് ബി.എ. മലയാളം ഐച്ഛികമായി 1912-ൽ പാസ്കോഴ്സ് വരുന്നത്. തുടർന്ന് എ.ആറിന്റെ പരിശ്രമങ്ങൾ എം.എ.യ്ക്കു തുല്യമായ സംസ്കൃതം, മലയാളം ബി.എ. ഓണേഴ്സ് കോഴ്സുകൾക്കുവേണ്ടിയായിരുന്നു. വെള്ളക്കാരുടെ ആധിപത്യം നിലനില്ക്കുന്ന മദ്രാസ് സർവ്വകലാശാലയിൽനിന്ന് മോചനം നേടിയാൽ മാത്രമേ മലയാളമടക്കമുള്ള ദ്രാവിഡ ഭാഷകൾക്ക് പുരോഗതിയുണ്ടാവൂ എന്ന് തിരിച്ചറിഞ്ഞ അദ്ദേഹം തിരുവിതാംകൂറിന് സ്വന്തമായി ഒരു

സർവ്വകലാശാലയെന്ന ആശയം 1910-ലും മറ്റും നടന്ന കോളേജ് വാർഷികത്തിൽ അവതരിപ്പിക്കുകയും ചെയ്തിരുന്നു.[2] 1918-ൽ ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ ഷഷ്ടിപൂർത്തി ആഘോഷിക്കുന്ന വർഷം സർവ്വകലാശാല തുടങ്ങാനുള്ള ഉചിതസമയമായി കണക്കുകൂട്ടിക്കൊണ്ടും ഈ ആഗ്രഹം പൊതുസമൂഹവുമായി പങ്കുവെച്ചുകൊണ്ടുമാണ് എ.ആർ. നീങ്ങിയത്. 1918-ൽ ഇതിനായി യോഗം ചേർന്നെങ്കിലും അതിൽ തീരുമാനമായില്ല. അടുത്ത യോഗത്തിൽ തീരുമാനിക്കാനായി മാറ്റി വെച്ചപ്പോഴാണ് അവിചാരിതമായി അദ്ദേഹത്തിന്റെ ദേഹവിയോഗം ഉണ്ടാകുന്നത്. ഉടൻ യാഥാർത്ഥ്യമാകുമായിരുന്ന ബി.എ.മലയാളം ഓണേഴ്സ് കോഴ്സും തിരുവിതാംകൂർ സർവ്വകലാശാലയും എ.ആറിന്റെ അഭാവത്തിൽ യാഥാർത്ഥ്യമായത് യഥാക്രമം 1935-ലും 1937-ലുമാണ്—നീണ്ട 17-ഉം 19-ഉം വർഷങ്ങളുടെ കാലതാമസം.

2.2.3. പൗരസ്ത്യ ഭാഷാപഠനങ്ങളുടെ ആധുനികീകരണവും പാഠപുസ്തകനിർമ്മിതിയും

ആധുനികമായ വിദ്യാഭ്യാസ രീതിശാസ്ത്രത്തിന്റെയും പരിശീലനത്തിന്റെയും അഭാവത്തിലും തന്റെ നൈസർഗികമായ കഴിവുകൊണ്ടും പാണ്ഡിത്യംകൊണ്ടും വിദ്യാഭ്യാസത്തിന്റെ മർമ്മം ഗ്രഹിക്കാൻ കഴിഞ്ഞ എ.ആറിലെ പ്രതിഭാധനനായ അദ്ധ്യാപകന് വിദ്യാർത്ഥികളെ പ്രചോദിപ്പിക്കാനും ഉയർന്ന പഠനനേട്ടം ഉണ്ടാക്കാനും കഴിഞ്ഞതായി അവർ സാക്ഷ്യപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ ക്ലാസിലിരുന്ന വിദ്യാർത്ഥികൾ വലിയ എഴുത്തുകാരും പത്രപ്രവർത്തകരും പ്രഗൽഭരായ അദ്ധ്യാപകരും ഉയർന്ന ഗവൺമെന്റ് ഉദ്യോഗസ്ഥരും ആയിമാറിയത് ചരിത്രവസ്തുതയാണ്. സാഹിത്യപഞ്ചാനൻ പി. കെ. നാരായണപിള്ള, സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള, താടകാവധം ആട്ടക്കഥയെഴുതിയ വി. കൃഷ്ണൻതമ്പി, പട്ടം കൊച്ചുകൃഷ്ണപിള്ള, എച്ച്. രാമസ്വാമി അയ്യർ, പി. അനന്തൻ പിള്ള, ഇ.വി. കൃഷ്ണപിള്ള, ചേലനാട്ട് അച്യുതമേനോൻ, ചീഫ് സെക്രട്ടറി വരെയായ ജി.എൻ. തമ്പി, സി.എസ്. സുബ്രഹ്മണ്യൻ പോറ്റി തുടങ്ങിയവർ ഏതാനും ഉദാഹരണങ്ങൾ മാത്രം.

കേവലം സർഗാത്മകമായ ചോദനകളോ താല്പര്യങ്ങളോ മാത്രമല്ല അദ്ദേഹത്തിന്റെ ഗ്രന്ഥരചനയ്ക്കു പിന്നിലുള്ളത് മറിച്ച് തൊഴിലും തൊഴിലിനോടുള്ള ആത്മാർത്ഥതയുമാണെന്ന് കാണാം. ഏതാനും വർഷംകൊണ്ട് എ.ആർ. ഭാഷാസാഹിത്യപഠനത്തിന് ശക്തവും ശാസ്ത്രീയവുമായ അടിത്തറയിട്ടു. ഇന്നും ബിരുദ, ബിരുദാനന്തര സാഹിത്യപഠനത്തിന്റെ ചട്ടക്കൂടും പാഠപുസ്തകവും എ.ആർ. നിർമ്മിച്ചു നല്കിയവ തന്നെയാണ്. മഹാകവി ഉള്ളൂർ പറയുന്നു, "മറ്റുള്ളവർ ഭാഷാസാഹിത്യസൗധത്തിന്റെ ഭിത്തികളിൽ ചിത്രപ്പണികൾ

ചെയ്തുകൊണ്ടിരുന്നപ്പോൾ ഈ സ്ഥപതിമൂർധന്യൻ അതിന്റെ അസ്തിവാരവും ആത്രുഢവും ഉറപ്പിച്ച് അതിന് ശാശ്വതപ്രതിഷ്ഠനല്കി കേരളീയരെ ആകമാനം അനുഗ്രഹിച്ചു" (കേരള സാഹിത്യചരിത്രം, 2017:720).

അടിസ്ഥാന പാഠപുസ്തകങ്ങൾ നിർമ്മിക്കുക, ലഭ്യമായ കൃതികളെ കുട്ടികൾക്കു യോജിച്ചവിധത്തിൽ പുനർനിർമ്മിക്കുക, മറ്റുള്ളവരുടെയും വിദ്യാർത്ഥികളുടെയും സഹായം സ്വീകരിച്ചുകൊണ്ടും അവരെ പ്രോത്സാഹിപ്പിച്ചുകൊണ്ടും പുതിയ കൃതികൾ ലഭ്യമാക്കുക, മികച്ച പുസ്തകപ്രസാധകരെ കണ്ടെത്തി വളർത്തി പാഠപുസ്തക അച്ചടിയുടെ സംസ്കാരം ഉണ്ടാക്കിയെടുക്കുക എന്നിങ്ങനെ വ്യത്യസ്തവും വൈവിധ്യപൂർണ്ണവുമായിരുന്ന എ.ആറിന്റെ പരിശ്രമങ്ങൾ. "നാട്ടുഭാഷാപര്യവേക്ഷകനായി ഇംഗ്ലീഷ് കാളേജിൽ ചാർജ്ജെടുത്തതോടുകൂടി കോളേജിലും ഹൈസ്കൂളിലും വേറെ ചില വിഷയങ്ങൾ പഠിപ്പിക്കാൻ ആവശ്യമുള്ള പാഠപുസ്തകങ്ങളുടെ അഭാവവും അവിടത്തേയ്ക്ക് അനുഭവപ്പെട്ടു. അതു പരിഹരിക്കാനുള്ള ഉദ്യമത്തിൽ നിന്ന് ഉടലെടുത്തവയാണ് ഭാഷാഭ്രഷണം(1077), ശബ്ദശോധിനി, വൃത്തമഞ്ജരി(1080), നളചരിതവ്യാഖ്യാനം(1080), പ്രഥമവ്യാകരണം(1087), മധ്യമ വ്യാകരണം(1082) എന്നീ ഗ്രന്ഥങ്ങൾ" (എ.ആർ. രാജരാജവർമ്മ,1961: 235).

സ്കൂൾ, കോളേജ് ക്ലാസുകളിൽ ഉപഭാഷയായി മലയാളം പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഉപകാരപ്പെടുന്ന രീതിയിൽ രചിച്ച കൃതിയാണ് ശബ്ദശോധിനി. സ്വദേശാഭിമാനിയുടെ ശ്രീമൂലപാഠമഞ്ജരി എന്ന പരമ്പരയിലെ ആദ്യപുസ്തകമാണിത് (1902). പ്രൈമറിക്ലാസിലെ കുട്ടികൾക്കുവേണ്ടി പ്രഥമവ്യാകരണ(1906)വും, മിഡിൽ സ്കൂൾ കുട്ടികൾക്കുവേണ്ടി മധ്യമവ്യാകരണ(1907)വും എ.ആർ. രചിച്ചു. വിദ്യാർത്ഥികളുടെ ഗദ്യരചനാശേഷിയെ ലക്ഷ്യമാക്കി രചിച്ച പാഠപുസ്തകമാണ് സാഹിത്യസാഹ്യം. മലയാളത്തിൽ ഗദ്യകൃതികൾ വളരെ വിരളമായിരുന്ന കാലത്ത് ഇംഗ്ലീഷിന്റെ ചുവടുപിടിച്ച് നിർമ്മിച്ച ഈ പുസ്തകരചന വലിയ സാഹസമായിരുന്നു. വിവിധ രീതിയിലുള്ള ഗദ്യരചനയ്ക്ക് മാതൃകകൾ കാണിക്കാൻ 28 ഉദാഹരണങ്ങൾ വേണമായിരുന്നു. അതിനുപറ്റിയ പാഠങ്ങളോ കൃതികളോ ഇല്ലാതെ എ.ആർ. അനുഭവിച്ച കഷ്ടപ്പാടും മാനസിക സംഘർഷങ്ങളും അദ്ദേഹത്തിന്റെ ഡയറികളിൽനിന്നും ജീവചരിത്രത്തിൽനിന്നും മനസ്സിലാക്കാം.

"വളരെ നേരത്തേ എഴുന്നേറ്റ് ഗദ്യരചനയുടെ ഓരോ വകഭേദങ്ങൾക്ക് ഉദാഹരണങ്ങൾ തെരഞ്ഞെടുക്കുന്നതിന് മലയാളത്തിലുള്ള പദ്യകൃതികളും വായിച്ചു മിക്കവാറും ഇടവിടാതെതന്നെ ജോലിചെയ്തുവെങ്കിലും ഭംഗിയുള്ള ഭാഷാരീതിക്ക് മാതൃകകൾ കുറച്ചുമാത്രമേ കിട്ടിയുള്ളു. ആ ഭംഗിക്ക് ഏതു പേജിലും ദൃഷ്ടാന്തങ്ങൾ ഉണ്ടായിരുന്നുതാനും കഠിനപ്രയത്നം കൊണ്ട് നന്നേ ക്ഷീണിച്ചും മുഷിഞ്ഞും വളരെ അമാന്തിച്ചാണ് കിടന്നത്."

'നിവൃത്തിയുണ്ടെങ്കിൽ ഞാൻ ഉപേക്ഷിക്കാറില്ലാത്ത ഉച്ചയുറക്കം കൂടി വേണ്ടെന്നുവെച്ച് ജോലി ചെയ്ത് ഉദാഹരണങ്ങൾ തെരഞ്ഞെടുക്കുന്ന പണിപൂർത്തിയാക്കി. ആകെ 28 എണ്ണം തെരഞ്ഞെടുക്കാനുണ്ടായിരുന്നു' (എ.ആർ. രാജരാജവർമ്മ,1961:153).

സാഹിത്യസാഹ്യത്തെക്കുറിച്ച് മുണ്ടശ്ശേരി,

"കടുക്കട്ടി സംസ്കൃത ശബ്ദങ്ങൾ ചേർത്ത് എഴുതുന്ന ഗദ്യം മാത്രം പണ്ഡിതന്മാർ ശ്രദ്ധിച്ചിരുന്ന കാലത്താണ് എ.ആർ. സാഹിത്യസാഹ്യമെന്ന ഗദ്യരചനയ്ക്ക മാർഗനിർദേശം നല്കുന്ന മലയാളത്തിലെ ആദ്യകൃതിയുമായി രംഗത്തുവന്ന് മലയാളത്തിന്റെ മാതൃകാ ശില്പിയാവുന്നത്. 'സംസ്കൃതക്കാർക്കിടയിൽ ചാടിവീണ് ആ സംസ്കൃത പ്രജാപതി ഇംഗ്ലീഷിന്റെയും സംസ്കൃതത്തിന്റെയും ഇടയ്ക്ക നിന്നു മധ്യസ്ഥ പറഞ്ഞു മലയാളത്തിന്റേതായൊരു ഗദ്യശൈലിക്കു വരിയോല എഴുതി വച്ചപ്പോൾ അതായിത്തീർന്നു പിന്നീടെല്ലാവർക്കും പ്രമാണം." (രാജരാജന്റെ മാറ്റൊലി,1978:43).

അപ്പൻതമ്പുരാൻ സാഹിത്യസാഹ്യത്തെക്കുറിച്ച്,

"കേരളപാണിനീയം ശബ്ദനിയമങ്ങളെ വ്യവസ്ഥാപിച്ചു. പദ്യകൃതികളെ നിയമനം ചെയ്തുകൊണ്ട് ഭാഷാഭ്രഷണം പിൻതുടർന്നു. ഗദ്യപദ്യോഭയമായ സാഹിതിയിൽ ഗദ്യപ്രബന്ധങ്ങളും ഗദ്യമിശ്രിതങ്ങളായ പദ്യകൃതികളും മാത്രമേ യാതൊരു നിബന്ധനകൾക്കും കീഴടങ്ങാതെ കളിച്ചിരുന്നുള്ളൂ. പ്രകൃതിഗ്രന്ഥമായ സാഹിത്യസാഹ്യം കൊണ്ട് ഗദ്യകൃതികൾക്കും ഗതിയുണ്ടായി"(സാഹിത്യസാഹ്യം, 1989:7).

ശ്രീ കുറ്റിപ്പുഴ കൃഷ്ണപിള്ളയാണ് സാഹിത്യസാഹ്യത്തിന്റെ പാഠം എഡിറ്റ ചെയ്തത്. അദ്ദേഹം പറയുന്നുണ്ട്: "പ്രൊഫസർ രാജരാജവർമ്മത്തമ്പുരാൻ മലയാളഭാഷയെ ശാസ്ത്രീയാടിസ്ഥാനത്തിൽ വ്യവസ്ഥപ്പെടുത്തുന്നതിനു നിർമ്മിച്ച പ്രമാണഗ്രന്ഥങ്ങളിൽ സവിശേഷ പ്രാധാന്യമർഹിക്കുന്നതും സാർവകാലിക മൂല്യമുള്ളതുമായ ഒരു സമുൽകൃഷ്ട കൃതിയാണ് സാഹിത്യസാഹ്യം" (എ.ആർ. വിജ്ഞാനീയം, 2017: 21).

'മലയാള ഗദ്യഭാഷയുടെ സർഗാത്മകവ്യാകരണമാണ് സാഹിത്യസാഹ്യം' എന്ന് ശ്രീനാഥനും വിലയിരുത്തുന്നു (എ.ആർ. വിജ്ഞാനീയം, 2017: 23).

2.2.3.1. ക്രിയാഗവേഷണവും (Action Research) എ.ആറും

പാഠ്യപദ്ധതി നിർണയനത്തിലോ മൂല്യനിർണയനത്തിലോ അതുമായി ബന്ധപ്പെട്ട സർവ്വകലാശാലാതലത്തിലെ കമ്മിറ്റികളിലോ സ്ഥാനമില്ലാതിരുന്ന ആദ്യഘട്ടത്തിൽ വിദ്യാർത്ഥികളുടെ വിഷമങ്ങൾ പരിഹരിക്കാനും പഠനം സുഗമമാക്കാനും എ. ആർ കണ്ടെത്തിയ പരിഹാരമാണ് പാഠപുസ്തക നിർമ്മിതി. സ്വന്തം അനുഭവമണ്ഡലത്തിലെ പ്രശ്നങ്ങൾ ശാസ്ത്രീയമായി പഠിച്ച് സ്വന്തമായി പരിഹാരം കണ്ട് 'ഫീൽഡി'ൽ നടപ്പിലാക്കി മികച്ച നേട്ടങ്ങൾ ഉണ്ടാക്കുന്ന ഗവേഷകരായിരിക്കണം അദ്ധ്യാപകർ

എന്നത് ആധുനിക അദ്ധ്യാപകവിദ്യാഭ്യാസത്തിലെ(Teacher Education) പ്രധാന പാഠമാണ്. ക്രിയാഗവേഷണം (Action Reasearch) എന്ന് ഇന്ന വ്യവഹരിക്കുന്ന ഈ പ്രക്രിയയുടെ ചരിത്രപരമായ മികച്ച മാതൃകകളാണ് എ.ആർ. രാജരാജവർമ്മ എന്ന അദ്ധ്യാപകനും അദ്ദേഹത്തിന്റെ പാഠപുസ്തകങ്ങളും. സാഹിത്യസാഹ്യത്തിന്റെ രചനയിലെ ഗവേഷണാത്മകതയെ ആർ.വി.എം. ദിവാകരനും തിരിച്ചറിയുന്നു.

"സിദ്ധാന്തം, പ്രയോഗം എന്ന മട്ടിൽ രണ്ടു ഭാഗമായിത്തിരിച്ച് അവയെ അയ്യഞ്ചധ്യായങ്ങളായി പകുത്ത് ആവശ്യത്തിന് ഉദാഹരണങ്ങൾ നല്കിയും ഒടുവിൽ അനുബന്ധങ്ങൾ നല്കിയും കറയറ്റ ഗവേഷണ പ്രബന്ധമായിരിക്കുന്ന ഈ ലക്ഷണ ഗ്രന്ഥം തന്നെ". (എ.ആർ. വിജ്ഞാനീയം, 2017: 399)

"മദ്രാസ് സർവ്വകലാശാല പാഠ്യപദ്ധതി പരിഷ്കരിച്ചപ്പോൾ നാട്ടുഭാഷകളുടെ പാഠ്യപദ്ധതിയിൽ വാക്യരചനയ്ക്ക പ്രാധാന്യമുണ്ടാവുകയും എന്നാൽ ആ മേഖലയിൽ പുസ്തകമില്ലാതിരിക്കുകയും ചെയ്തതാണ് ഈ ഗ്രന്ഥരചനയ്ക്ക കാരണമെന്ന് മുഖവുരയിലെ തന്നെ; സർവ്വകലാശാലക്കാർ നടത്തുന്ന പരീക്ഷകളുടെ ഉപയോഗം സംബന്ധിച്ചാണ് ഈ സാഹിത്യസാഹ്യം ചമച്ചിട്ടുള്ളത്" എന്ന എ.ആറിന്റെ പ്രസ്താവനയിൽനിന്നും വ്യക്തമാണ്.

"പ്രകൃതഗ്രന്ഥം ഉദ്ദിഷ്ടഫലസിദ്ധിക്ക് എത്രത്തോളം ഉതകുന്നു എന്നു കണ്ടതിനുമേൽ, താണതരം ക്ലാസ്സുകളുടെ ഉപയോഗത്തിലേക്കും യോജിച്ച പാഠപുസ്തകങ്ങൾ എഴുതാമെന്നു വിചാരമുണ്ട്."

"മനോരഥത്തിലേറി സഞ്ചരിക്കുമ്പോൾ ചെയ്യാറുള്ള പ്രവൃത്തികളെ പ്രവൃത്തികളായി ഗണിക്കാമെങ്കിൽ സാഹിത്യസാഹ്യം എഴുതിത്തീർത്തിട്ട് ഇപ്പോൾ ഒൻപതുകൊല്ലം കഴിഞ്ഞിരിക്കുന്നു" (സാഹിത്യസാഹ്യം,1989:13).

അദ്ദേഹം നടത്തിയ ക്രിയാഗവേഷണങ്ങളിൽ നിന്നാണ് പാഠപുസ്തകങ്ങൾ രൂപപ്പെട്ടതെന്ന നിഗമനത്തെ സാധൂകരിക്കുന്ന പ്രസ്താവനകളാണിത്. പാഠ്യപദ്ധതിലക്ഷ്യങ്ങൾ നേടാൻ എ.ആർ. ക്ലാസ്മുറിയിൽ പ്രയോഗിച്ച് ബോദ്ധ്യപ്പെട്ട പാഠങ്ങളാണ് പിന്നീട് പുസ്തകമാക്കി പ്രസിദ്ധീകരിക്കുന്നത്. 'ഫീൽഡി'ൽ പ്രയോഗിച്ചു നോക്കി പഠനഫലത്തെ പാഠ്യപദ്ധതി ഉദ്ദേശ്യങ്ങളെ മുൻനിർത്തി വിലയിരുത്തിയതിനുശേഷം പാഠപുസ്തകമാക്കി പ്രസിദ്ധീകരിക്കുന്നതിലെ ശാസ്ത്രീയത പാഠപുസ്തക നിർമ്മാണപ്രക്രിയയിലെ തികച്ചും ആധുനികമായ കാഴ്ചപ്പാടാണ്. എ.ആർ. സൃഷ്ടിച്ച ഈ മാതൃക സർവ്വകലാശാലകളോ സ്കൂൾ തലത്തിൽ സർക്കാരോ പിന്തുടരുന്നില്ലെന്നതാണ് പാഠപുസ്തകങ്ങളുടെ നിലവാരത്തകർച്ചക്കും മറ്റു വിവാദങ്ങൾക്കും പലപ്പോഴും കാരണമാവുന്നത്.

വിദ്യാർത്ഥികളുടെ ഭാഷാശേഷിയുടെ വികാസത്തെ ലക്ഷ്യമാക്കി സർഗാത്മകരചന, സംഭാഷണം, ആഖ്യാനം, സംഗ്രഹം എന്നിങ്ങനെ വ്യത്യസ്തവ്യവഹാരങ്ങളിലധിഷ്ഠിതമായ

അഭ്യാസങ്ങൾ അദ്ധ്യായാവസാനങ്ങളിലും കൂടാതെ അനുബന്ധമായും നല്കിയിട്ടുണ്ട്. സർവ്വകലാശാലാഭാഷാപഠനം ഭാഷാശേഷീവികാസത്തിൽ നിന്നും ഉള്ളടക്കധാരണകളിലേക്ക് ചുരുങ്ങുന്ന ഈ ഘട്ടത്തിൽ സാഹിത്യസാഹ്യം ഇന്നും വഴികാട്ടിയാണ്.

ഉപപാദനം എന്ന സംവാദശേഷീവികാസത്തിന് സാഹിത്യസാഹ്യത്തിൽ നല്കിയിരിക്കുന്ന അഭ്യാസങ്ങൾ ശ്രദ്ധിച്ചാൽ ഭാഷാനൈപുണീവികാസത്തോടൊപ്പം അഭിലഷണീയമായ വർത്തന വ്യതിയാനങ്ങൾ അഥവാ മൂല്യബോധം ഉൾപ്പെടുന്ന വൈകാരികമേഖല (Affective Domain)യുടെ വികാസം കൂടി എ.ആർ എന്ന വിദ്യാഭ്യാസവിദഗ്ധൻ ലക്ഷ്യം വെച്ചിരുന്നുവെന്നത് വ്യക്തമാവും. ഇന്ത്യയുടെ അധോഗതിക്കു കാരണം ജാതിവിഭാഗമാകുന്നു, ബാല്യവിവാഹം സമുദായത്തിന് ദോഷകരമാകുന്നു, നാട്ടുരാജ്യങ്ങളിലെ സർക്കാരെഴുത്തുകുത്തുകൾ നാട്ടുഭാഷകളിൽത്തന്നെ വേണമോ?, ബാലന്മാരെപ്പോലെ ബാലികമാരും വിദ്യാഭ്യാസം ചെയ്യണം, വധശിക്ഷ നിർത്തുന്നതിൽ ദോഷമുണ്ടോ? പള്ളിക്കൂടങ്ങളിൽ വിദ്യാർത്ഥികളെ ഉപദേശിച്ചു നന്നാക്കുന്നതോടുകൂടി അടിക്കാൻ പാടുണ്ടോ? ജന്മികൾക്കു കുടിയാന്മാരുടെമേൽ ഇപ്പോഴുള്ള അധികാരം യുക്തമാണോ? ജനപ്രതിനിധി രാജ്യഭാരമോ രാജകീയ ഭരണമോ നന്ന്? മക്കത്തായികൾക്കു വിധവാവിവാഹമാവശ്യമാകുന്നു എന്നിവ ഏതാനും ഉദാഹരണങ്ങൾ മാത്രം. ആധുനികപാഠ്യപദ്ധതിയുടെ ഉപ്പ പാഠ്യപദ്ധതി (Hidden curriculam) എന്ന ദർശനം 1911-ലേ എ.ആർ. പ്രാവർത്തികമാക്കി മാതൃക സൃഷ്ടിച്ചു.

സാഹിത്യസാഹ്യത്തെ തുടർന്ന് മലയാളത്തിൽ ഗദ്യകൃതികൾ ധാരാളം വരാൻ തുടങ്ങി ഉപഭാഷാപഠനങ്ങളുടെ മൂല്യനിർണയത്തിലെ പ്രധാന ഇനമായിരുന്നു വിവർത്തനം. ഈ ആവശ്യത്തിലേക്ക് കുട്ടികൾക്ക് സഹായം എന്ന നിലയ്ക്കാണ് 1906-ൽ ഇംഗ്ലീഷ് മലയാളം നിഘണ്ടു നിർമ്മിക്കാൻ തുടങ്ങുന്നത്. 1909-ൽ മണിദീപികയും 1910-ൽ ലഘുപാണിനീയവും വിദ്യാർത്ഥികൾക്കു വേണ്ടി എ. ആർ തയ്യാറാക്കി.

ഗാത്ത്വെയിറ്റ് സായിപ്പിന്റെ വ്യാകരണമായിരുന്ന കേരളപാണിനീയത്തിനു മുമ്പ് എ.ആർ. രാജരാജവർമ്മ ഉൾപ്പെടെ ഹൈസ്കൂൾ മുതൽ പഠിപ്പിച്ചിരുന്നത്. ഈ പാഠപുസ്തകവും പഠിപ്പിച്ചരീതിയും വളരെ വിരസമായിരുന്നുവെന്ന് എ.ആർ. ഡയറിയിലെഴുതിട്ടുണ്ട്.[3] സംസ്കൃതപാഠശാലാ ഇൻസ്പെക്ടറായപ്പോൾ കേരളപാണിനീയം എഴുതിത്തുടങ്ങാൻ സ്വാനുഭവവും പ്രേരണയായിട്ടുണ്ട്. 1896-ൽ പ്രസിദ്ധീകരിച്ച ഒന്നാം പതിപ്പിന് പരിമിതികളുണ്ടായിരുന്നു. ബി.എ. മലയാളം ഐച്ഛികം തുടങ്ങാൻ സിണ്ടിക്കേറ്റിന് ഉറപ്പുകൊടുത്തതിന്റെ അടിസ്ഥാനത്തിൽ ആഗമികരീതിയിൽ കേരളപാണിനീയം പരിഷ്കരിക്കേണ്ടതുണ്ടായിരുന്നു.[4] വിദ്യാർത്ഥി സൗഹൃദപരമായ പാഠപുസ്തകമാകാൻ എ.ആർ. സ്വീകരിച്ച തന്ത്രം ശിഷ്യനായ പി.കെ. നാരായണപിള്ളയെക്കൊണ്ട് മാറ്റിയെഴുതിക്കുക എന്നതായിരുന്നു. മാത്രമല്ല 1917-ൽ പ്രസിദ്ധീകരിച്ച പരിഷ്കരിച്ച രണ്ടാം

പതിപ്പിന്റെ അവതാരികയും ശിഷ്യന്റേതു തന്നെയായിരുന്നു. ഇതേക്കുറിച്ച് അനന്തൻപിള്ള പറയുന്നു, "വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം അതു (കേരളപാണിനീയം ഒന്നാം പതിപ്പ്) പഠിക്കയെന്നുള്ളത് തിക്തം കഷായം സേവിക്കുമ്പോലെ ബുദ്ധിമുട്ടുള്ള ഒരു കാര്യമായിരുന്നു. എന്നാൽ പഞ്ചസാര മേപ്പൊടി ചേർക്കുക മാത്രമല്ല ഈ ശിഷ്യാഗ്രഗണ്യൻ(സാഹിത്യപഞ്ചാനൻ) ചെയ്തത്, മധുരസാരനിർമ്മിതമായ ഗോളനളികങ്ങളിലാക്കി അദ്ധ്യേതാക്കൾക്കു നല്കുകയാണ്"(കേരളപാണിനി, 1934:83-84)

ഭാരതീയ, ദ്രാവിഡ, പാശ്ചാത്യ, പാരമ്പര്യരീതികൾ സമന്വയിപ്പിച്ചാണ് കേരളപാണിനീയം തയ്യാറാക്കിയിരിക്കുന്നത്. മലയാളവ്യാകരണ ബോധനത്തിന് നവീനമായൊരുരീതിശാസ്ത്രം എ.ആർ. വികസിപ്പിച്ചെടുത്തു.

പാഠപുസ്തക നിർമ്മിതിയിൽ അനുവർത്തിക്കുന്ന ആധുനിക സമീപനമായ ചാക്രികത (Spiraling) എ.ആർ. അന്നേ പ്രാവർത്തികമാക്കിയതിന് മധ്യമവ്യാകരണം ഒന്നാം പതിപ്പിന്റെ മുഖവുര തെളിവുനല്കുന്നു.

"ഒരിക്കൽപ്പറഞ്ഞ സംഗതിയെത്തന്നെ പലപ്രാവശ്യം ആവർത്തിക്കുകയും വ്യത്യസ്തകളെ വിട്ടുകളയുകയും ചെയ്തിട്ടുണ്ട്."

"സാഹിത്യകലയിൽ വിദ്യാർത്ഥികളെ സഹായിക്കുന്നത് വാസ്തവത്തിൽ ലക്ഷണങ്ങളേക്കാൾ അധികം ലക്ഷ്യമായിരിക്കുമെന്ന വിചാരത്തിൻ പേരിൽ ഉദാഹരണങ്ങളെ ഈ ഗ്രന്ഥത്തിൽ ദുർഭിക്ഷം കൂടാതെ ചേർത്തിട്ടുണ്ട്." (സാഹിത്യസാഹ്യം,1989:14).

ആദ്യകാലത്ത് എ.ആറിന് പഠിപ്പിക്കാൻ കൈയിൽ കിട്ടിയത് 'ലക്ഷ്മീസ്വയംവരം' എന്നൊരാട്ടക്കഥയായിരുന്നു. പുസ്തകത്തിന്റെ പുറംചട്ട നോക്കി അദ്ദേഹം പറഞ്ഞു. പ്രസാധകൻ രാജവാണല്ലോയെന്ന്. ഇതേക്കുറിച്ച് അനന്തൻപിള്ള പറയുന്നു. "ഈ ഗ്രന്ഥം രണ്ടുദിവസമേ തിരുമേനിയുടെ കാന്താരതാരക വിരാജിതമായ കരങ്ങളിൽ സ്ഥിതിചെയ്തുള്ളൂ. അതിനിടയ്ക്ക് നാലു ഏറുകഴിച്ചിട്ടുണ്ട്. ഒടുവിൽ എല്ലും തോല്യുംമാത്രം എന്നമട്ടിലായി ഗ്രന്ഥപ്പുരയിലെ ഇരുട്ടറയിൽ നിന്നും അനന്താലയ സന്ദർശനത്താൽ ലഭിച്ച പുണ്യഫലത്താൽ ഉടലോടെ സ്വർഗത്തിൽപോയി എന്നാണുതോന്നുന്നത് അതിൽപ്പിന്നെ അതിന്റെ കഥപോലും കേൾക്കാറില്ല".

'നല്ല പുസ്തകങ്ങൾ പഠിപ്പിക്കാൻ കിട്ടുമോ എന്ന് അടുത്തകൊല്ലം നിങ്ങൾ നോക്കിക്കൊൾവിൻ' എന്നു പറഞ്ഞ് ക്ലാസിൽനിന്നിറങ്ങിയ എ.ആറിനെ അനന്തൻപിള്ള സ്മരിക്കുന്നു (കേരളപാണിനി, 1934:86).

അങ്ങനെയാണ് 'കാന്താരതാരകം' എന്ന എ.ആറിന്റെ വ്യാഖ്യാനത്തോടുകൂടി ഉണ്ണായിവാര്യരുടെ ആട്ടക്കഥ ആദ്യമായി പാഠപുസ്തകമാവുന്നത്. അന്നുമുതൽ ഇന്നുവരെ

'നളചരിതം' ബിരുദ/ബിരുദാനന്തര ബിരുദ പാഠ്യപദ്ധതിയുടെ അവിഭാജ്യഘടകമാണ്. കാവ്യത്തിന്റെ പരമ്പരാഗത ശബ്ദ-രൂപ തലങ്ങൾക്കപ്പുറം ഭാവ-അർത്ഥതലങ്ങളെ കണ്ടറിഞ്ഞ് രചനയുടെ സൗന്ദര്യത്തെ പാണ്ഡിത്യംകൊണ്ടും സഹൃദയത്വംകൊണ്ടും സമഗ്രമായി അനാവരണം ചെയ്യുന്ന മലയാളത്തിലെ ആദ്യത്തെ വിമർശനകൃതിയാണ് കാന്താരതാരകമെന്നു പറയാം.

ഗവേഷണാത്മക നിരൂപണത്തിന്റെ ആദ്യമാതൃകയാണ് കാന്താരതാരകം. കാന്താരതാരകത്തെ തുടർന്നെഴുന്ന അവതാരികകളും വ്യാഖ്യാനപഠനങ്ങളും ലേഖനങ്ങളുമാണ് എ.ആറിനെ മലയാള നിരൂപണത്തിന്റെ നവോത്ഥാന ശില്പിയാക്കുന്നത്. കാന്താരതാരകത്തിന്റെ ഗവേഷണാത്മക രീതിശാസ്ത്രമാണ് പിന്നീട് സാഹിത്യപഞ്ചാനൻ തന്റെ വിമർശനത്രയം എന്ന കൃതിക്ക് സ്വീകരിക്കുന്നത്. വിദ്യാർത്ഥികൾക്കു വേണ്ടി രചിച്ച ഭാഷാഭ്രഷണവും വൃത്തമഞ്ജരിയും അലങ്കാര, വൃത്തശാസ്ത്ര മേഖലയിലെ ഭാഷയിലെ ആദ്യ കൃതികളാണ്. സ്വദേശാഭിമാനിയാണ് ഭാഷാഭ്രഷണം പ്രസിദ്ധീകരിക്കാൻ നോട്ടുകൾ ക്രമപ്പെടുത്തി എ.ആറിനെ സഹായിച്ചത്.

കേരളവർമ്മയുടെ സംസ്കൃതപദബഹുലമായ കേരളഭാഷാശാകുന്തളത്തിൽ കേരളപാണിനീയ സിദ്ധാന്തങ്ങൾക്കു വിപരീതമായ പല പ്രയോഗങ്ങളും കടന്നുകൂടിയിട്ടുള്ളവ വിദ്യാർത്ഥികളെ വഴിപിഴപ്പിക്കുമെന്ന് തിരിച്ചറിഞ്ഞ കേരളപാണിനി കേരളവർമ്മയുടെ അനുവാദത്തോടെ തന്നെ കെ. സി. കേശവപിള്ളയോടുകൂടി തിരുത്തിയാണ് പാഠപുസ്തകമാക്കിയത് (കേരളപാണിനി,1934:119). എന്നാൽ ഈ സംഭവം പല അനാവശ്യവിവാദങ്ങളിലേക്കും വലിച്ചിഴയ്ക്കപ്പെടുകയാണ് ഉണ്ടായത്. അവസാനം കേരളവർമ്മ തന്നെ തന്റെ ശാകുന്തളത്തെ പരിഷ്കരിക്കുകയും എ.ആർ. രാജരാജവർമ്മ പാഠപുസ്തകമാക്കാൻ വേണ്ടി 'മലയാള ശാകുന്തളം' രചിക്കുകയും ചെയ്തു. സംസ്കൃത പദബാഹുല്യം മൂലമുള്ള വിഷമതകളില്ലാത്ത മലയാളനാടകം വിദ്യാർത്ഥികൾക്ക് അങ്ങനെ ലഭ്യമായി. ഈ പരിഭാഷയിലെ മലയാളഗദ്യത്തിന്റെ ഭംഗിയെക്കുറിച്ച് അനന്തൻപിള്ള പറഞ്ഞത്, 'മലയാളത്തിൽ വേറെ ഏതെങ്കിലും പരിഭാഷയ്ക്ക് ഗദ്യത്തിന്റെ കാര്യത്തിൽ ഇത്ര സാധിച്ചിട്ടുണ്ടോ എന്നു സംശയമാണ്" എന്നാണ് (കേരളപാണിനി, 1934:125).

ആശാന്റെ നളിനിക്ക് എ.ആർ. എഴുതിയ അവതാരികയാണ് മഹാകാവ്യങ്ങളുടെ അന്ത്യംകുറിച്ച് മലയാള കവിതയെ ഖണ്ഡകാവ്യങ്ങളിലേക്കും ഭാവഗീതങ്ങളിലേക്കും നയിച്ചത്. അത്തരം കൃതികൾക്ക് മഹാകാവ്യങ്ങളെ അപേക്ഷിച്ച് പാഠപുസ്തകമാവാനുള്ള ഗുണം കൂടുമെന്നതുകൊണ്ടുകൂടിയാവാം എ.ആർ. ഇത്തരമൊരു നിലപാടെടുത്തത്. സംസ്കൃതകോളേജിൽ ബ്രാഹ്മണേതര വിദ്യാർത്ഥികൾക്ക് പ്രവേശനം കൊടുക്കാൻ രാജാവിനോടു ശുപാർശചെയ്തതും ജാതീയമായ ഉച്ചനീചത്വങ്ങൾക്കതീതമായി നളിനിയുടെ അവതാരികയിലൂടെ സാഹിതീയമായ നിലപാടെടുക്കാനും എ.ആറിന് അനായാസം സാധിച്ചത് തന്റെ തൊഴിലിലൂന്നിയ ആദർശം കൊണ്ടുകൂടിയാണ്.

മലയവിലാസവും പ്രസാദമാലയുമാണ് എ.ആറിന്റെ രണ്ട് സ്വതന്ത്രകൃതികൾ. മലയവിലാസം കാല്പനിക കവിതയും പ്രസാദമാല ശ്രീമൂലം തിരുനാളിന്റെ ഷഷ്ടിപൂർത്തി മഹോത്സവം കൊണ്ടാടിയ അവസരത്തിൽ അദ്ദേഹത്തിനു സമർപ്പിക്കാനായി 1918-ൽ രചിച്ച സ്തോത്രകൃതിയുമാണ്. തിരുവിതാംകൂർ സർവ്വകലാശാലയും ബി.എ. ഓണേഴ്സ് സംസ്കൃത, മലയാളകോഴ്സുകളും നേടിയെടുക്കാനുള്ള പരോക്ഷശ്രമത്തിന്റെ ഭാഗമല്ലേ ഈ സ്തോത്രകൃതിയെന്ന് ന്യായമായും സംശയിക്കാവുന്നതാണ്. കാരണം ഷഷ്ടിപൂർത്തിക്കു മുമ്പുള്ള അവസരങ്ങളിൽ എ.ആർ., തിരുവിതാംകൂർ സർവ്വകലാശാല തുടങ്ങാൻ ഏറ്റവും അനുയോജ്യമായ മുഹൂർത്തമാണ് മഹാരാജാവിന്റെ ഷഷ്ടിപൂർത്തിയെന്ന് പരസ്യമായി പ്രസംഗിച്ചിട്ടുണ്ട്.

ഭാഷാസാഹിത്യ പഠനത്തിൽ വിവർത്തനങ്ങൾക്ക് സവിശേഷമായ പ്രാധാന്യമുണ്ടെന്ന് തിരിച്ചറിഞ്ഞ അദ്ധ്യാപകനാണ് എ.ആർ. ഉപഭാഷാ പരീക്ഷകളിൽ നിന്ന് സർവ്വകലാശാലാ പരിഷ്കാരങ്ങളുടെ ഭാഗമായി വിവർത്തനം നിർത്തിയപ്പോൾ അതു തിരിച്ചു കൊണ്ടുവരാൻ വേണ്ടി എ.ആർ. പരിശ്രമിച്ചു (എ.ആർ. രാജരാജവർമ്മ, 1963: 24-25). കോളേജ് വാർഷികത്തിലെ അധ്യക്ഷ പ്രസംഗത്തിലും അദ്ദേഹം വിവർത്തനത്തിനു വേണ്ടി വാദിച്ചു. "വിദ്യാർത്ഥികൾക്ക് അവരുടെ മാതൃഭാഷകളിൽ പദപരിചയം വർദ്ധിക്കുന്നതിനും ആവക ഭാഷകളിലെ സാഹിത്യം പോഷിപ്പിക്കുന്നതിനും ഭാഷാന്തരം ഇംഗ്ലീഷിൽ നിന്നു നാട്ടുഭാഷയിലേക്കും മറിച്ചും ഒരു നിർബന്ധ വിഷയമായി ഇന്റർമീഡിയേറ്റ് ക്ലാസിൽ ഏർപ്പെടുത്തുന്നതു നന്നായിരിക്കും"(കേരളപാണിനി,1934:140).

പാഠപുസ്തകങ്ങളെ സമ്പന്നമാക്കാൻ വേണ്ടി സംസ്കൃതത്തിൽനിന്നു മലയാളത്തിലേക്ക് അഞ്ചു നാടകങ്ങളും രണ്ടു കാവ്യങ്ങളും വിവർത്തനം ചെയ്തു.

1895-ൽ മേഘസന്ദേശം, മേഘദൂതം എന്നപേരിലും കുമാരസംഭവത്തിലെ 4,8 സർഗം ഒഴികെയുള്ള ഭാഗങ്ങൾ 1897-ൽ ഭാഷാകുമാരസംഭവം എന്നപേരിലും 1912-ൽ അഭിജ്ഞാനശാകുന്തളം 'മലയാളശാകുന്തളം' എന്ന പേരിലും 1916-ൽ മാളവികാഗ്നിമിത്രവും 1917-ൽ ശൂദ്രകന്റെ മൃച്ഛകടികവും 1917-ൽ ഭാസന്റെ ചാരുദത്തവും 1918-ൽ സ്വപ്നവാസവദത്തവും വിവർത്തനം ചെയ്തു. സാഹിത്യകൃതികളുടെ തെരഞ്ഞെടുപ്പിൽ തികഞ്ഞ ഔചിത്യം പ്രകടിപ്പിക്കുകയും സംസ്കൃതത്തിൽനിന്നു മികച്ചവ മാത്രം പരിഭാഷപ്പെടുത്തുകയും ചെയ്തു. കാളിദാസൻ, ഭാസൻ തുടങ്ങിയവരെ സ്വീകരിച്ചതിലുള്ള നിഷ്കർഷയ്ക്കു പിന്നിലുള്ള യാഥാർത്ഥ്യം അവ വിദ്യാർത്ഥിസമൂഹത്തെ ലക്ഷ്യമാക്കി രചിച്ചു എന്നതാണ്. ചാരുദത്തൻ ഹൈസ്കൂളിൽ ക്ലാസിൽ പാഠപുസ്തകമായിരുന്നു. എ.ആറിനെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ മുഴുവൻ പരിശ്രമങ്ങളും തന്റെ വിദ്യാർത്ഥികൾക്കുവേണ്ടിയായിരുന്നു. അദ്ധ്യാപനവൃത്തിയുടെ പൂർണ്ണതയ്ക്കുവേണ്ടിയായിരുന്നു. കുമാരസംഭവം വിവർത്തനത്തിൽനിന്ന് നാലാം അദ്ധ്യായം ഒഴിവാക്കിയത്

രതിവിലാപമുള്ള ആ അദ്ധ്യായം ഉള്ളടങ്ങുന്നത് വിദ്യാർത്ഥികളുടെ പാഠപുസ്തകമാക്കാനുള്ള അതിന്റെ അർഹതയെ ഇല്ലാതാക്കും എന്നതുകൊണ്ടാണ്. മേഘദൂതം വിവർത്തനം ചെയ്തത് കേരളപാണിനീയ വ്യാകരണ കൃതിക്കുവേണ്ടി സംസ്കൃതവാക്യങ്ങളുടെ ഘടന പഠിക്കാൻ വേണ്ടിയാണെന്ന് ആ കൃതിയുടെ മുഖവുരയിൽ പറഞ്ഞിട്ടുണ്ട്.

മറ്റുള്ളവരുടെ കൃതികൾ പാഠപുസ്തകമായി തെരഞ്ഞെടുക്കുന്നതിലും എ.ആർ. അതീവജാഗ്രതയും ശാസ്ത്രീയതയും പുലർത്തിയിരുന്നു. കുമിഞ്ഞുകൂടിയ നൂറുകണക്കിന് പുസ്തകങ്ങൾ പരിശോധിച്ച് നിരാശപ്പെട്ടിരിന്നിരുന്ന എ.ആറിനെക്കുറിച്ച് ഭാഗീരഥി അമ്മത്തമ്പുരാൻ പറയുന്നു. 'പാഠപുസ്തക കമ്മിറ്റി മീറ്റിങ് അടുക്കുമ്പോഴേക്കും ഗ്രന്ഥകർത്താക്കളുടെയും പ്രകാശകരുടെയും ബഹളം തുടങ്ങുകയായി. പല വിഷയങ്ങളെക്കുറിച്ചുമുള്ള പുസ്തകങ്ങൾ വന്നു കുമിയുകയാണ് പിന്നെ'(എ.ആർ. രാജരാജവർമ്മ, 1963: 37) പലവർഷങ്ങളിലെയും ഡയറിക്കുറിപ്പുകളിൽ അദ്ദേഹം അനുഭവിച്ചിരുന്ന സംഘർഷം പ്രതിഫലിച്ചിരുന്നു. 'വളരെ വൈകുന്നതുവരെ, ആറരമണിവരെയിരുന്നു വേണ്ടുംവണ്ണം ആലോചനനടത്തി വലിയവാദപ്രതിവാദത്തിനുശേഷം പുസ്തകങ്ങളുടെ ലിസ്റ്റു തയ്യാറാക്കി. ഗ്രന്ഥകർത്താക്കളും പ്രസാധകന്മാരും ശുപാർശകളും കൊണ്ടുവന്ന കമ്മിറ്റിയുടെമേൽ നിർബന്ധം ചെലുത്തിയതിനാൽ കലശലായ നീരസം തോന്നി'(എ.ആർ. രാജരാജവർമ്മ, 1963:39). ഒരിക്കൽ അനന്തൻപിള്ള എ.ആറിനെ സന്ദർശിക്കുമ്പോൾ പുസ്തകക്കൂനയ്ക്കുമുമ്പിൽ ഒരു ശാസ്ത്രിയോടൊപ്പം ഇരുന്ന് പുസ്തകം പരിശോധിക്കുന്നതാണ് കണ്ടത്. എ.ആർ. പറഞ്ഞു 'ഇതാ കണ്ടില്ലേ? ഈ പുസ്തകങ്ങളെല്ലാം കമ്മിറ്റിയുടെ ആലോചനയ്ക്കായി വന്നിട്ടുള്ളവയാണ് അധികഭാഗവും ഗദ്യമാണ്. ഗദ്യരചനാതത്ത്വങ്ങൾ ആദരിച്ചിട്ടുള്ളവ നന്നേച്ചുരുങ്ങും. പുസ്തക നിർമ്മാണം ഒരു കച്ചവടമായിത്തീർന്നിരിക്കുകയാണ്". (കേരളപാണിനി, 1934:148)

ഓരോ തലത്തിലെയും കുട്ടികളുടെ നിലവാരത്തെ അഥവാ ശേഷിയെ പരിഗണിച്ചുകൊണ്ട് എ.ആർ ഉൾപ്പെട്ട സബ്ജക്ട് കമ്മിറ്റി തയ്യാറാക്കിയ പുസ്തകങ്ങളുടെ ലിസ്റ്റ് തല്പരകക്ഷികൾ വിദ്യാഭ്യാസ മേഖലാധ്യക്ഷനെ കൂട്ടുപിടിച്ച് അട്ടിമറിക്കാൻ ശ്രമിച്ചിരുന്നു. അട്ടിമറിക്കുന്നതിലെ അന്യായത്തെ ചൂണ്ടിക്കാണിച്ചും തർക്കിച്ചും എതിർത്തും സബ്ജക്ട് കമ്മിറ്റിയുടെ കൂട്ടരാജി തീരുമാനം അറിയിച്ചുമാണ് നിലവാരമുള്ള പാഠപുസ്തകങ്ങളുടെ തെരഞ്ഞെടുപ്പിനെ എ.ആറിന് നിലനിർത്താൻ സാധിച്ചത് (എ.ആർ. രാജരാജവർമ്മ,1963:239,287).

2.2.4. ബോധനരീതിശാസ്ത്രവും പഠനതന്ത്രങ്ങളും
(Teaching Methodology And Learning Techniques)

പഠിപ്പിക്കാൻ വേണ്ടി എ.ആറിനോളം ഗൃഹപാഠം ചെയ്തിരുന്ന അദ്ധ്യാപകനെ കണ്ടുകിട്ടാൻ പ്രയാസമാണ് എന്ന് അദ്ദേഹത്തിന്റെ ജീവചരിത്രങ്ങൾ വെളിവാക്കുന്നു.

ധാരാളം റഫറൻസുകൾ നടത്തി സ്വയം എഴുതി ചിട്ടപ്പെടുത്തിയ പാഠക്കുറിപ്പുകളിൽ നിന്ന് പാഠപുസ്തകങ്ങൾ ഉണ്ടായെങ്കിൽ, ആ കുറിപ്പുകളുടെ അക്കാദമിക നിലവാരം ഊഹിക്കാവുന്നതാണ്. ടീച്ചിങ് നോട്ടിനെക്കുറിച്ചുള്ള രീതിശാസ്ത്രചിന്തകൾ രൂപപ്പെടുന്നതിനു മുമ്പുതന്നെ എ.ആർ. രാജരാജവർമ്മയെന്ന അദ്ധ്യാപകൻ അതിന്റെ മികച്ച മാതൃക ക്ലാസ്മുറിയിൽ പ്രായോഗികമാക്കി കാണിച്ചുവെന്നത് ചിന്തനീയം. ഈ തിരക്കുകൾക്കിടയിലും മുടങ്ങാതെ ഡയറി എഴുതുന്ന ശീലം രാജരാജവർമ്മയ്ക്കുണ്ടായിരുന്നു. 1884 മുതൽ 1918 വരെ എഴുതിയ ഡയറിക്കുറിപ്പുകളിൽ ആറെണ്ണം ഒഴികെ എല്ലാം കണ്ടുകിട്ടിയതു കൊണ്ടാണ് അദ്ദേഹത്തിന്റെ മക്കളായ എം. ഭാഗീരഥി അമ്മതമ്പുരാനും മകൻ രാഘവവർമ്മ തമ്പുരാനും പിതാവിന്റെ ജീവചരിത്രം സമഗ്രമായി ആയിരത്തോളം പേജിൽ മൂന്നുവാല്യങ്ങളായി പ്രസിദ്ധീകരിക്കാൻ കഴിഞ്ഞതെന്ന് ജീവചരിത്രത്തിന്റെ മുഖവുരയിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഏതു വിഷയത്തെപ്പറ്റിയും സംശയങ്ങളുന്നയിക്കാനും വാദപ്രതിവാദം നടത്താനും ശിഷ്യർക്ക് എ.ആർ. സ്വാതന്ത്ര്യം നല്കിയിരുന്നു. ജനാധിപത്യ അന്തരീക്ഷമാണ് അദ്ദേഹം ക്ലാസ്മുറിയിൽ സൃഷ്ടിച്ചത്. 'സ്ത്രീ' ലിംഗവും 'മാർ' പ്രത്യയവും സംബന്ധിച്ച വ്യാകരണചർച്ച പരിധിവിട്ട് അശ്ലീലമായപ്പോഴും ഔചിത്യത്തോടെ ഇടപെട്ട എ.ആറിനെ അനന്തൻപിള്ള സ്മരിക്കുന്നുണ്ട്.

ആശയസംവാദത്തിന്റെ രീതിശാസ്ത്രത്തിൽ ഏറ്റവും മികച്ച പ്രായോഗികപാഠമായിരുന്നു മലയാളസമാജത്തിന്റെ രൂപീകരണത്തിലൂടെയും നടത്തിപ്പിലൂടെയും എ.ആർ. കാണിച്ചത്. നേതൃത്വപാടവം, സംഘാടനശേഷി, ഗവേഷണാത്മകത, ആത്മവിശ്വാസം, പ്രബന്ധരചനാശേഷി, ആശയസംവാദശേഷി എന്നിങ്ങനെ നിരവധി പാഠ്യപദ്ധതിലക്ഷ്യങ്ങൾ നേടാനും സമർത്ഥരായ വിദ്യാർത്ഥികളെ തിരിച്ചറിയാനും ആവശ്യകതാബോധത്തോടെ ഭാഷാവ്യവഹാരങ്ങളിൽ ഏർപ്പെടാനും എ.ആറിലെ വിദ്യാഭ്യാസവിദഗ്ധൻ കണ്ടെത്തിയ ഉപാധിയായിരുന്നു സാഹിത്യസമാജം. അതിനാൽ തന്നെ മറ്റെല്ലാ തിരക്കുകളും മാറ്റിവെച്ച് പരമാവധി മലയാളസമാജത്തിൽ സംബന്ധിക്കുകയും പലപ്പോഴും അധ്യക്ഷനായി ഇരിക്കുകയും ആരൊക്കെ എഴുന്നേറ്റുപോയാലും യോഗം പിരിച്ചു വിടുന്നതുവരെ ഇരിക്കുകയും ചെയ്യുമായിരുന്നു. പി.കെ. നാരായണപിള്ള, കെ. രാമകൃഷ്ണപിള്ള, ജി. രാമൻമേനോൻ, പി. അനന്തൻപിള്ള തുടങ്ങിയ സമർത്ഥരായ വിദ്യാർത്ഥികളൊക്കെത്തന്നെ മലയാളസമാജത്തിന്റെ കാര്യദർശികളായിരുന്നു. നോട്ടീസ്, അറിയിപ്പുകൾ, പ്രബന്ധങ്ങൾ തുടങ്ങിയ ഭാഷാവ്യവഹാരങ്ങളിൽ ആവശ്യകതാബോധത്തോടെ ഇടപെടാനുള്ള യഥാർത്ഥ സാഹചര്യമായിരുന്നു എ. ആർ. ഒരുക്കിക്കൊടുത്തത്. മലയാളസമാജത്തിലെ ചർച്ചകൾക്ക് അന്തർവൈജ്ഞാനിക സ്വഭാവമാണുണ്ടായിരുന്നത്. കേരളത്തിലെ കൈത്തൊഴിലുകൾ, ജ്യോതിശ്ശാസ്ത്രം തുടങ്ങി വൈവിധ്യമുള്ള വിഷയങ്ങൾ ചർച്ചചെയ്തിരുന്നു. മലയാളസമാജത്തിൽ വിദ്യാർത്ഥികളും

അദ്ധ്യാപകരും പുറത്തുനിന്നുള്ള വിദഗ്ധരും സാഹിത്യകാരന്മാരും പ്രബന്ധങ്ങൾ അവതരിപ്പിക്കാറുണ്ടായിരുന്നു. ഒരു ഉന്നതവിദ്യാഭ്യാസ കലാലയം നിർവഹിക്കേണ്ട സാമൂഹികവും ബൗദ്ധികവുമായ ഉത്തരവാദിത്വത്തിന്റെ പ്രായോഗികപാഠമായിരുന്നു മഹാരാജാസ് കോളേജിലെ മലയാളവിഭാഗവും മലയാളസമാജവും. മലയാളവിഭാഗത്തിന്റെയും മലയാളസമാജത്തിന്റെയും ചെറുചലനങ്ങൾപോലും സാംസ്കാരികകേരളം ശ്രദ്ധിച്ചിരുന്നു. മറ്റൊരർത്ഥത്തിൽ സാഹിത്യം ജനകീയമാവുകയും സാഹിത്യചർച്ചകളാൽ സാംസ്കാരികരംഗം മുഖരിതമാവുകയും ചെയ്തഘട്ടത്തിൽ അതിന്റെ കേന്ദ്രമായി വർത്തിച്ചത് മഹാരാജാസ് കോളേജിലെ മലയാളവിഭാഗമായിരുന്നു. പലപ്പോഴും മലയാളസമാജത്തിന്റെ പരിപാടികളിൽ ബഹുജനപങ്കാളിത്തത്താൽ ഹാളുകൾ തിങ്ങിനിറയാറുണ്ടായിരുന്നു. ഒരിക്കൽ കുഞ്ഞിക്കുട്ടൻ തമ്പുരാൻ അധ്യക്ഷനായിരുന്ന മലയാളസമാജത്തിന്റെ പരിപാടിക്ക് ഹാളുകൾ നിറഞ്ഞതിനാൽ ദ്വാരപാലകന്മാർക്ക് 2-ഉം 5-ഉം രൂപാ കൈക്കൂലിയായി കൊടുത്ത് ആളുകൾ അകത്തുകയറിയ സന്ദർഭവും ഉണ്ടായിട്ടുണ്ട്. ഏ.ആറുമായി ആലോചിച്ച് കെ.സി. കേശവപിള്ള തയ്യാറാക്കിയതും കേരളവർമ്മ അധ്യക്ഷനും പി.കെ. നാരായണപിള്ള കാര്യദർശിയും ആയിരിക്കെ മലയാളസമാജത്തിൽ അവതരിപ്പിച്ചതുമായ 'ഭാഷാകവിത' എന്ന പ്രബന്ധം സർവ്വപ്രധാനമാണ്. കാരണം, മലയാളകവിതയുടെ ജനിതകം മാറ്റിയെഴുതിയ ദ്വിതീയാക്ഷരപ്രാസവാദത്തിന്റെ രണ്ടാംഘട്ടമായി കത്തിപ്പടർന്നത് ആ പ്രബന്ധത്തോടെയാണ്. കേരളവർമ്മയുടെ 'മണിപ്രവാളശാകുന്തളം' വിദ്യാർത്ഥികൾക്കുവേണ്ടി ചില തിരുത്തലുകൾ വരുത്തിയതാണ് പിന്നീട് ശാകുന്തളവിവാദമായി ചരിത്രത്തിലിടം നേടിയത്. കുമാരനാശാൻ, പ്രരോദനത്തിന്റെ മുഖവുരയിൽ പറയുന്നു. 'തിരുമേനിയുടെ കീഴിൽ ഭാഷയ്ക്ക് ഒരു പുതിയ ജീവനും പുഷ്ടിയും ഉണ്ടായി; അവിടത്തെ അധികാരവും അഭിപ്രായവും അല്പകാലത്തിനുള്ളിൽ ഭാഷാസാമ്രാജ്യം മുഴുവൻ പ്രബലമായിത്തീർന്നു'.

2.2.4.1. സഹകരണാത്മകവും സഹവർത്തിതവുമായ പഠനതന്ത്രങ്ങൾ (Co-operative and collaborative learning techniques)

ആധുനിക വിദ്യാഭ്യാസ രീതിശാസ്ത്ര പഠനതന്ത്രങ്ങളുടെ പ്രയോഗമാതൃകകൾ എ.ആറിന്റെ അദ്ധ്യാപനരീതികളിൽ കാണാം. ഇത് ക്ലാസിലെ പ്രതിഭാശാലികളായ വിദ്യാർത്ഥികൾ (Gifted students) ക്കുള്ള പോഷണ പ്രവർത്തനങ്ങളായിരുന്നു (Enrichment programme). ഉദാഹരണമായി ദ്രാവിഡഭാഷകളുടെ പൊതുവായ വ്യാകരണമെഴുതുക എന്ന പൊതുഉദ്ദേശ്യത്തെ മുൻനിർത്തി അല്ലെങ്കിൽ നിഘണ്ടു നിർമ്മിക്കുക എന്ന ലക്ഷ്യത്തെ മുൻനിർത്തി തന്റെ സമർത്ഥരായ വിദ്യാർത്ഥികൾക്ക് വെല്ലുവിളി നിറഞ്ഞ ഉത്തരവാദിത്തങ്ങൾ നല്കുന്നു. അച്ചടിമഷി പുരളുന്നതോടെ അവ വിജയകരമായി പ്രചോദനാത്മകവും പ്രോത്സാഹജനകവുമായി പര്യവസാനിക്കുന്നു. ഉദാഹരണമായി അനന്തൻപിള്ളയും ഏ.ആറും തമ്മിൽ നടന്ന ഈ സംഭാഷണം നോക്കൂ,

എ.ആർ.:ഞാൻ മലയാള വ്യാകരണ വിഷയമായി ഓരോ പ്രമേയങ്ങൾ ഏല്പിക്കാം. ഇംഗ്ലീഷിൽ തർജ്ജമ ചെയ്തുകൊണ്ടുവരണം. തെറ്റുകളുണ്ടെങ്കിൽ ഞാൻ തിരുത്തിക്കൊള്ളാം. ആദ്യത്തെ ഉപന്യാസവിഷയം മലയാളം അക്ഷരമാലയിലെ കളഞ്ഞുപോയ ഒരു വർണ്ണം' (A missing link in the malayalam Alphabet) എന്നതന്നെ ആകട്ടെ.

ഒരാഴ്ചയ്ക്കകം അനന്തൻപിള്ള പ്രവർത്തനം പൂർത്തിയാക്കുന്നു. പറയത്തക്ക തെറ്റുകൾ ഇല്ലാതിരുന്നതിനാൽ കൈയെഴുത്തുപ്രതിതന്നെ മുദ്രാലയത്തിലയക്കാമെന്നു പറയുന്നു. രണ്ടാമത്തെ വിഷയം 'മലയാളത്തിലെ വിഭക്തിപ്രത്യയങ്ങൾ'—നല്കുന്നു. ഇങ്ങനെ നാലഞ്ചു വിഷയങ്ങൾ ദീർഘ ഉപന്യാസങ്ങളാക്കി എഴുതി നല്കുന്നു (കേരളപാണിനി, 1934:177).

2.3.അദ്ധ്യാപക പരിശീലനം (Teacher Training)

ഭാഷാ അദ്ധ്യാപകർക്ക് ഫലപ്രദമായിബോധനം നിർവ്വഹിക്കുന്നതിന് പരിശീലനം ആവശ്യമാണെന്ന് എ.ആർ. മനസ്സിലാക്കുകയും അതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്തെങ്കിലും (കേരളപാണിനി,1934:181-183). പൗരസ്ത്യ ഭാഷകളോടുള്ള അവഗണനയുടെ ഫലമായി അത് പരിഗണിക്കപ്പെട്ടില്ല. "ശിക്ഷാക്രമതത്ത്വങ്ങൾ (ബോധനരീതിശാസ്ത്രം) എല്ലാ ഭാഷകൾക്കും ഒരു പോലെ ആകയാൽ ഇംഗ്ലീഷിൽ പഠിച്ചു പരീക്ഷയ്ക്കു ചേർന്നു കൊണ്ടാൽ മതി. അങ്ങനെ ചേർന്നു ജയിക്കുന്ന ആൾ പൗരസ്ത്യഭാഷകളിൽ ബിരുദം നേടിയിട്ടുള്ളവനാണെങ്കിൽ മറ്റുള്ള അദ്ധ്യാപകന്മാരെപ്പോലെ തന്നെ ശമ്പളവും കൊടുത്തു നിയമിക്കാമല്ലോ"(1934:182).

2.4.അകം പുറം പരീക്ഷ (Internal & External Evaluatin)

സർവ്വകലാശാലയുടെ മൂല്യനിർണയ രീതിയിൽ എ.ആറിന് വളരെയധികം അതൃപ്തി യുണ്ടായിരുന്നു. 'ഏടുകെട്ടി പരീക്ഷ'യെന്നാണ് അദ്ദേഹമിതിനെ വിളിച്ചത്. വ്യാകരണ ത്തിന്റെ ചോദ്യങ്ങൾ കുട്ടികളെ പലപ്പോഴും നന്നായി വിഷമിപ്പിച്ചിരുന്നു. ചോദ്യകർത്താ ക്കളുടെ തെറ്റായ സമീപനങ്ങളെ ഉറന്ന വേദിയിലെ തന്റെ പ്രസംഗത്തിൽ നന്നായി പരിഹസിച്ചിരുന്നു. ഒരിക്കൽ കോളേജ് വാർഷികത്തിലെ അധ്യക്ഷപ്രസംഗത്തിൽ: "സർവ്വകലാശാലാ പരീക്ഷകന്മാർ അനാവശ്യങ്ങളും അപ്രധാനങ്ങളുമായ ചോദ്യങ്ങൾ ചോദിച്ച് വിദ്യാർത്ഥികളെ വിഷമിപ്പിച്ചു വന്നു. ഒരു ഉദാഹരണം എടുത്തുപറയാം. ഒരിക്കൽ എഫ്.എ പരീക്ഷയുടെ മലയാളം ചോദ്യക്കടലാസിന്റെ കർത്താവ് പലതും ചോദിച്ച് തൃപ്തിപ്പെടാതെ, ഒടുവിൽ ആട്ടക്കഥകളിൽ പദവിരാമചിഹ്നമായി 'ങ' ഇട്ടിരി ക്കുന്നതിന്റെ അർത്ഥമെന്തെന്നാവശ്യപ്പെട്ടതായി കണ്ടു" (1934: 135).

ഈ പരീക്ഷയിലൂടെ കടന്നുപോയ അനന്തൻപിള്ളയുടെ അഭിപ്രായവും മറിച്ചായിരു ന്നില്ല. "പരീക്ഷയ്ക്കുള്ള ചോദ്യങ്ങൾ സംസ്കൃതാലങ്കാരികന്മാരെപ്പോലും പരിഭ്രമിപ്പിക്കാത്ത വയായിരുന്നു. പാഠ്യപുസ്തകങ്ങൾക്കു പുറമേ വ്യാകരണാലങ്കാരാദികളെ പരാമർശിച്ചുള്ള

ചോദ്യങ്ങൾ കണ്ടാൽ നമ്മുടെ ശുദ്ധമലയാളികൾ പരീക്ഷാമുറിയിലിരുന്ന കണ്ണുമിഴിക്കയല്ലാതെ ഗത്യന്തരമുണ്ടായിരുന്നില്ല"(1934:81).

ഭാഷാഭ്രഷണം, ഒന്നാം പതിപ്പിന്റെ മുഖവുരയിലും എ.ആർ.ഈ അതൃപ്തി പ്രകടിപ്പിക്കുന്നു:

"ഖണ്ഡനാദി വിഷയങ്ങളിൽ മദ്രാസ് സർവ്വകലാശാലയിലെ പരീക്ഷകന്മാർ സംസ്കൃതാധ്യായികളോടു ചോദിക്കുന്നതിൽ തുലോം കഠിനമായ ഭാഗങ്ങളെക്കൂടി മലയാളം പഠിക്കുന്ന പരീക്ഷ്യന്മാരോട് ഉത്തരം ചെയ്യാൻ ആവശ്യപ്പെടുന്നു. മലയാളം ഒരു നാട്ടുഭാഷയാകയാൽ അതിലെ ചോദ്യകടലാസുകളെ എത്രതന്നെ കഠിനമാക്കിയാലും തരക്കേടില്ലെന്നാണ് പരീക്ഷകന്മാരുടെ സമാധാനമെന്നു തോന്നുന്നു. പ്രശ്നപത്രങ്ങളിൽ അലങ്കാരങ്ങളുടെ ലക്ഷ്യലക്ഷണങ്ങളെ മാത്രമല്ല അവയുടെ വിഷയവിവേചനം, പൂർവ്വപക്ഷം മുതലായതിനെക്കൂടി ചോദ്യങ്ങൾ ചിലപ്പോൾ പരാമർശിക്കുന്നു".

മലയാളസമാജത്തിൽ നടന്നിരുന്ന പ്രബന്ധാവതരണങ്ങളും സംവാദങ്ങളും ഇന്നത്തെ നിരന്തര വിലയിരുത്തലിന്റെ ഭാഗമായ സെമിനാറിന്റെ ധർമ്മമാണ് നിർവ്വഹിച്ചിരുന്നതെന്ന് അനന്തൻപിള്ളയുടെ വാക്കുകളിൽ നിന്ന് സുവ്യക്തമാണ്. "അവിടെ വച്ചാണ് തിരുമേനി ഭാഷാസാഹിത്യത്തിൽ ഒരുവിധം പാണ്ഡിത്യമുള്ള കാളേജ് വിദ്യാർത്ഥികൾ ആരെല്ലാമെന്നു മനസ്സിലാക്കുന്നത്" (1934:128).

2.5. എ.ആറിന്റെ ഭാഷാസമീപനം

സംസ്കൃത, ഇംഗ്ലീഷ് മാധ്യമ ഉത്തരക്കടലാസുകളുടെ മൂല്യനിർണയത്തിൽ അല്പം ഉദാരമായ സമീപനവും മലയാളത്തിന്റെ ഉത്തരക്കടലാസുകളെ സൂക്ഷ്മമായി വിലയിരുത്തുന്നതുമായിരുന്നു. എ.ആറിന്റെ സമീപനം. സംസ്കൃതത്തിൽ ഒന്നാം ക്ലാസിൽ ജയിച്ച വിവരം അറിയിച്ച അനന്തൻപിള്ളയോട് എ.ആർ. പറയുന്നു. "മലയാളത്തിലായിരുന്നു എങ്കിൽ അനന്തൻപിള്ളയ്ക്ക് ഒന്നാംക്ലാസ്സിൽ ജയിക്കാനുള്ള മാർക്കു കിട്ടുമോ എന്ന് സംശയമാണ്. ഉത്തരക്കടലാസു പരിശോധിക്കുമ്പോൾ അത്ര വളരെ നിഷ്കർഷ വയ്ക്കണമെന്നു തോന്നിപ്പോകുന്നു, അതു നമ്മുടെ ഭാഷയല്ലേ? അതുകൊണ്ടായിരിക്കാം" (കേരളപാണിനി, 1934:159).

മലയാളം വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് പരിജ്ഞാനം കുറവായിരിക്കുമെന്ന മുൻവിധി വെച്ചുപുലർത്തിയിരുന്ന ഇംഗ്ലീഷ് പ്രൊഫസർ സ്ലാസിന് Phonetics ന്റെ Selection test -ൽ ഒന്നാം റാങ്കും ഉന്നതവിജയങ്ങളും മലയാളം വിദ്യാർത്ഥികൾ നേടിയപ്പോൾ പശ്ചാത്തപിക്കേണ്ടി വന്നിരുന്നു. വ്യാകരണത്തിലും ഭാഷാശാസ്ത്രത്തിലും ഇംഗ്ലീഷിലുള്ള പുസ്തകങ്ങൾ പാഠങ്ങളാവുകയും ഇംഗ്ലീഷിൽ പഠിപ്പിക്കുകയും ഇംഗ്ലീഷിൽ പരീക്ഷയെഴുതുകയും ചെയ്യുന്നതിൽ എ.ആറോ വിദ്യാർത്ഥികളോ യാതൊരു അപാകവും കണ്ടിരുന്നില്ല.

എ.ആറിന്റെ ഇതരഭാഷാസമീപനവും വിശാലവും പുരോഗമനപരവുമായിരുന്നതിനാൽ ഇന്നും പ്രസക്തമാണ്.

2.6. പാഠപുസ്തക അച്ചടിയുടെ സംസ്കാരം

പാഠപുസ്തകങ്ങൾ അതിവേഗം മികച്ച രീതിയിൽ വിദ്യാർത്ഥികളുടെ കൈവശമെത്തണമെങ്കിൽ നല്ലൊരു പ്രസാധകനും മികച്ച അച്ചടിയും ഉണ്ടായേ തീരുവെന്ന് മനസ്സിലാക്കിയ എ.ആർ. രാജരാജവർമ്മയുടെ കണ്ടെത്തലായിരുന്നു രാമൻമേനോൻ എന്ന പ്രസാധകനും ബി.വി. ബുക്ഡിപ്പോ എന്ന മുദ്രണാലയവും. സ്വന്തമായി തയ്യാറാക്കുന്ന പാഠപുസ്തകങ്ങളോടൊപ്പം മികച്ച എഴുത്തുകാരുടെ രചനകളും പാഠപുസതകങ്ങളാവേണ്ടതുണ്ടായിരുന്നു. ഗദ്യ-പദ്യങ്ങളിലെ വിവിധ പ്രസ്ഥാനങ്ങളിൽപെട്ട മികച്ച കൃതികളുടെ കുറവ് പാഠപുസ്തക തെരഞ്ഞെടുപ്പിനുള്ള സബ്ജക്ട് കമ്മിറ്റിയിൽ പ്രവർത്തിക്കുമ്പോൾ എ.ആറിനെ അലട്ടിയിരുന്ന മുഖ്യപ്രശ്നമായിരുന്നു. എ.ആറിന്റെ നിർദ്ദേശത്താലും സഹായത്താലും പ്രോത്സാഹനത്താലും ലഭ്യമായ പാഠപുസ്തക അച്ചടിയിലൂടെയാണ് ബി.വി. ബുക്ക് ഡിപ്പോ അക്കാലത്തെ ഒന്നാമത്തെ പുസ്തക പ്രസാധനശാലയായി മാറിയത്. അമ്മാവന്റെയും മരുമകന്റെയും ശാകുന്തള വിവർത്തനങ്ങൾ മുതൽ ആശാന്റെ ഖണ്ഡകാവ്യങ്ങൾ വരെ അതിവേഗം പുറത്തിറങ്ങാനായത് ബി.വി. ബുക്ക് ഡിപ്പോ ഉണ്ടായിരുന്നതുകൊണ്ടാണ്. എഴുത്തുകാരുടെ രചനകൾ പാഠപുസ്തകമാവുമ്പോഴാണ് അവർക്കും അതിൽനിന്ന് എന്തെങ്കിലും വരുമാനം ഉണ്ടാക്കാൻ കഴിഞ്ഞത്. എ.ആറിന്റെ രക്ഷാകർതൃത്വത്തിലാണ് പാഠപുസ്തക അച്ചടിയുടെ ഒരു സംസ്കാരം മലയാളത്തിൽ രൂപപ്പെട്ടത്.

2.7. മലയാള ഭാഷാപോഷണം

പ്രബന്ധസംഗ്രഹത്തിൽ ഉൾപ്പെട്ട 'മലയാള ഭാഷാപോഷണം' എന്ന കാര്യകാരണ രീതിയിൽ ഖണ്ഡിക തിരിച്ചെഴുതിയിക്കുന്ന കേവലം മൂന്നു പേജുള്ള ലേഖനം വളരെ ശ്രദ്ധേയമാണ്. ഭരണവും വിദ്യാഭ്യാസവും കോടതിയും മലയാളത്തിൽ എന്ന ഐക്യമലയാളപ്രസ്ഥാനത്തിന്റെ മുദ്രാവാക്യങ്ങൾ നൂറ്റാണ്ടുമുമ്പ് ഉന്നയിച്ചയാളാണ് കേരളപാണിനി.[5]

ശാസ്ത്രവിഷയങ്ങൾ മലയാളഭാഷയിൽ പഠിപ്പിക്കണം, അങ്ങനെ ഉയർന്ന വിദ്യാഭ്യാസം സിദ്ധിച്ചവർക്ക് സർക്കാർ വകുപ്പുകളിൽ തൊഴിൽ കൊടുക്കണം, ഇംഗ്ലീഷ് സ്കൂളുകളിലെ ഭാഷാപഠനം കാര്യക്ഷമമാക്കുകയും പരിശോധിക്കുകയും വേണം, സർക്കാർ വക എഴുത്തുകുത്തുകളും അത്യാവശ്യം വേണ്ടവ ഒഴികെയുള്ള റെക്കോഡുകളും, കോടതിവിധി, വിധിന്യായങ്ങൾ, കീഴുദ്യോഗസ്ഥന്മാർക്കും മറ്റും അയ്ക്കുന്ന കല്പനകൾ എന്നിവ മലയാളത്തിലാക്കണം, നൂതന ശാസ്ത്ര വിജ്ഞാനങ്ങൾ മലയാളത്തിൽ ഉണ്ടാക്കി പ്രസിദ്ധീകരിക്കുന്നതിനായി ഗവൺമെന്റ് സാമ്പത്തിക സഹായം ചെയ്യുകയും ഒരു 'കമ്മിറ്റി'യെ ഇതിനായി

ഏർപ്പെടുത്തുകയും വേണം. ഇത്തരം പുസ്തകങ്ങളെ അടിസ്ഥാനമാക്കി നടത്തുന്ന പരീക്ഷയിൽ വിജയിക്കുന്നവരെ മാത്രമേ ഗവർമ്മെണ്ടുദ്യോഗങ്ങളിൽ നിയമിക്കാവൂ എന്നും എ.ആർ. ഈ പ്രബന്ധത്തിൽ നിർദേശിക്കുന്നു.

ഭാഷാധ്യാപകന്റെ പദവിയെയും അന്തസ്സിനെയും വേതനത്തെയും മലയാളം മുൻഷിയിൽനിന്നും നാട്ടുഭാഷകളുടെ പ്രൊഫസർ പദവിയിലേക്കും ആക്ടിംഗ് പ്രിൻസിപ്പാൾ പദവിയിലേക്കും ഉയർത്തുന്നതിനു സമാന്തരമായിത്തന്നെ മാതൃഭാഷാപഠനം എഫ്. എ., ബി.എ. കോഴ്സുകളുടെ കേവലമായ ഉപഭാഷാപദവിയിൽ നിന്നും എഫ്.എ. കോഴ്സിലെ ഭാഷാപഠനം ഐച്ഛികമായ നാലാം ശാഖയിലേക്കും ബി.എ മലയാളം ഐച്ഛികത്തിലേക്കും എത്തിക്കുകയും എം.എ. മലയാളത്തിനു തത്തുല്യമായ ബി.എ. ഓണേഴ്സിനു വേണ്ടിയുള്ള അടിസ്ഥാനമൊരുക്കുകയും ചെയ്ത എ.ആർ. ഒരർത്ഥത്തിൽ തന്റെ തൊഴിലിടത്തെ കർമ്മംകൊണ്ടും ജീവിതംകൊണ്ടും അർപ്പണബോധത്തിന്റെ ഉദാത്തമായ മാതൃകയാക്കി മാറ്റുകയാണ് ചെയ്തത്.

കുറിപ്പുകൾ

1. 'ബോർഡ് മീറ്റിങ്ങിനായി മദ്രാസിൽ പോകുന്ന അവസരങ്ങളിലെല്ലാം നാട്ടുഭാഷകളുടെ അവകാശസംരക്ഷണത്തിനു വേണ്ടി രാജരാജവർമ്മ കഠിന പ്രയത്നം നടത്തിവന്നു. ഇതിനിടയിൽ ആണറബിൾ സർ. ശിവസ്വാമി അയ്യർ, ജസ്റ്റിസ് വി. കൃഷ്ണസ്വാമി അയ്യർ, ജസ്റ്റിസ് ശങ്കരൻ നായർ തുടങ്ങിയ സെനറ്റിലെ പ്രബലന്മാരുംസ്വാധീന ശക്തിയുള്ളവരുമായ അംഗങ്ങളുടെയും കൂടാതെ പ്രശസ്തരായ ചില നാട്ടുകാരുടെയും മൈത്രിയും ചരിത്രനായകനു ലഭിച്ചിരുന്നു. എന്നാലും സെനറ്റിലും സിൻഡിക്കേറ്റിലും വെള്ളക്കാരെന്നും നാട്ടുകാരെന്നുമുള്ള വർഗ്ഗീയത മുന്നിട്ടു നിന്നിരുന്നതിനാൽ, കാളേജ് അധ്യയനത്തിൽ ഭാരതീയ ഭാഷകളെ വീണ്ടും നിർബന്ധിത വിഷയമാക്കി അവയുടെ നേരെ പ്രദർശിപ്പിച്ചിരുന്ന അനീതിയെ ദൂരീകരിക്കുന്നതിന് വെള്ളക്കാർ ഒട്ടും തന്നെ അനുകൂലിച്ചില്ല - ഈ നയത്തിൽ അപലപിക്കാൻ മദ്രാസിൽ ഒരു പ്രതിഷേധയോഗം നടത്തുകയുണ്ടായി. അതേരീതിയിലുള്ള ഒരു യോഗം രാജരാജവർമ്മയുടെ ഊർജ്ജസ്വലമായ നേതൃത്വത്തിലും വലിയ കോയിത്തമ്പുരാന്റെ അധ്യക്ഷതയിലും തിരുവനന്തപുരത്തുവെച്ച് നടത്തി. ആ യോഗത്തിനു ധാരാളം മാന്യന്മാർ സന്നിഹിതരാവുകയും സ്ഥലത്തെ പ്രമാണികളിൽ പലരും പ്രസംഗിക്കുകയും ചെയ്തു'. (ഭാഗീരഥി അമ്മതമ്പുരാൻ എം., രാഘവവർമ്മരാജ എം.—*എ. ആർ. രാജരാജവർമ്മ*, ഭാഗം -3, പുറം - 14, 15)

   '1910 ലെ കാളേജ് ഡേ ആഘോഷത്തിന് രാജരാജവർമ്മ ആയിരുന്നു അദ്ധ്യക്ഷ്യം വഹിച്ചത്. അന്ന് സർവ്വകലാശാലക്കാരുടെ ഈ നയത്തെ അപലപിച്ചു കൊണ്ട് ചരിത്രനായകൻ നടത്തിയ അദ്ധ്യക്ഷ പ്രസംഗം എത്രയും ശക്തിമത്തായിരുന്നു'.—(അതേപുസ്തകം, പുറം -16).

   'അന്നത്തെ അധ്യക്ഷ പ്രസംഗത്തിന്റെ പ്രധാന ഭാഗങ്ങളെല്ലാം കൂടി സമാഹരിച്ച് അച്ചടിപ്പിച്ച് ഒരു ലഘുലേഖയാക്കി മദ്രാസ് സർവ്വകലാശാല സെനറ്റിലേയും സിണ്ടിക്കേറ്റിലേയും അംഗങ്ങൾക്കും, ഭാരതീയ ഭാഷകളുടെ ഉന്നമനത്തിൽ ഉൽസുകരായിരുന്ന ചില പ്രമാണികൾക്കും അയച്ചു കൊടുക്കുകയുണ്ടായി'. —(അതേപുസ്തകം,പുറം -16)

   'പലസ്ഥലങ്ങളിലും പൊതുയോഗങ്ങൾ കൂടി സർവ്വകലാശാലയുടെ നയത്തിൽ ഭേദഗതി ചെയ്യണമെന്നുള്ള പ്രമേയങ്ങൾ അംഗീകരിക്കുകയും, അവയെ യഥാസമയം അധികൃതന്മാർക്കയച്ചു കൊടുക്കുകയും ചെയ്തു' —(അനന്തൻപിള്ള, പി.-*കേരളപാണിനി*, പുറം - 131)

2. മഹാരാജാസ് കോളേജിന്റെ വാർഷികത്തിൽ അധ്യക്ഷനായ എ.ആർ. നടത്തിയ പ്രസംഗത്തിൽ നിന്ന്,

   "നമ്മുടെ ആവശ്യങ്ങൾക്കും ആദർശങ്ങൾക്കും മേൽഗതിക്കും അനുരൂപമായി യഥാകാലം ഒരു കേരളീയ സർവ്വകലാശാല ഇവിടെ സ്ഥാപിതമാകുമെന്ന് ആശിക്കാം. മലയാളഭാഷ സംസാരിക്കുന്ന രാജ്യം ഒട്ടുക്കുള്ള വിദ്യാർത്ഥികളെ അത് ആകർഷിക്കുകയും പൗരസ്ത്യ പാശ്ചാത്യങ്ങളായ വിശ്വജനീനാദർശങ്ങളെ പുരസ്കരിച്ച് അത് പ്രവർത്തിക്കുകയും ചെയ്യുന്നതാണ്'"
   (അനന്തൻ പിള്ള, പി. *കേരളപാണിനി*, തിരുവനന്തപുരം : ബാലൻ പ്രസിദ്ധീകരണങ്ങൾ, 1934. പുറം–143)
   നാട്ടുഭാഷാ വിദ്യാഭ്യാസത്തിന്റെ കനകജൂബിലി പ്രസംഗത്തിൽ നിന്ന്: 'കേരള മണ്ഡലത്തിൽ ഒട്ടും അപ്രധാനമല്ലാത്ത ഈ അനന്തശയനത്തിൽ ഒരു മലയാള വിദ്യാമന്ദിരം (സർവ്വകലാശാല) അചിരേണ പ്രതിഷ്ഠാപിതമായിക്കാണുന്നതിനുള്ള പ്രത്യാശയേ ഈ അവസരത്തിൽ മഹാജനസമക്ഷം വെളിപ്പെടുത്താതിരിക്കാൻ എനിക്കു മനസ്സുവരുന്നില്ല'. (അതേപുസ്തകം, പുറം– 60)

3. "പഠിക്കാൻ ഉണ്ടായിരുന്ന ടെക്സ്റ്റ് മലയാളിക്ക് പൊതുവേ രസിക്കാത്ത ഗാർത്ത്വെയിറ്റ് സായിപ്പുവർകളുടെ പുസ്തകമായിരുന്നതിനാലും മലയാളവ്യാകരണം എടുക്കുന്ന മണിക്കൂർ ഏറ്റവും നീരസമായിട്ട് തോന്നിയിരുന്നു". (ഭാഗീരഥി അമ്മ തമ്പുരാൻ എം., രാഘവവർമ്മ രാജാ എം.—*എ.ആർ. രാജരാജവർമ്മ,* ഒന്നാം ഭാഗം, കോട്ടയം. നാഷ്ണൽ ബുക്ക് സ്റ്റാൾ, 1956.)

   "ആ ഇടയ്ക്ക എന്റെ മനസ്സിൽ കൂടെക്കൂടെ പ്രചാരമുണ്ടായിരുന്നതും മുൻഷി പുരുഷോത്തമൻ പിള്ളയാൽ അഭിനന്ദിയക്കപ്പെട്ടിട്ടുള്ളതും ആയ മനോരാജ്യങ്ങളിൽ ഒന്നു ഒരു പുത്തൻ മലയാള വ്യാകരണം എഴുതണമെന്നുള്ളതായിത്തീർന്നു." (*കേരളപാണിനീയം* ഒന്നാം പതിപ്പിന്റെ മുഖവുര)

4. "തിരുവനന്തപുരം മഹാരാജാസ് കോളേജിൽ ബി.എ.യ്ക്ക് മലയാളം ഐച്ഛിക വിഷയമാക്കിയപ്പോൾ കേരളപാണിനീയം ഒന്നാം പതിപ്പിനേക്കാൾ കുറേക്കൂടി വിസ്തരിച്ചും പുതിയ വിദ്യാർത്ഥികളുടെ അഭിരുചിക്കും പ്രയോജനത്തിനും യോജിച്ചും പുതിയരീതിയിലുള്ള ഒരു മലയാള വ്യാകരണത്തിന്റെ

ആവശ്യകത നേരിട്ടതാണ് കേരളപാണിനീയം പെട്ടെന്ന് പരിഷ്കരിക്കുവാനായ ഹേതു. 'സാഹിത്യസാഹ്യം', 'കാന്താരതാരകം'(നളചരിത വ്യാഖ്യാനം) മുതലായവപോലെ ക്ലാസ്സിൽ പറഞ്ഞുകൊടുത്തിട്ടുള്ള നോട്ടുകളിൽ നിന്നു തന്നെയാണ് ഈ വ്യാകരണത്തിന്റെ ഉദ്ഭവം" (ഭാഗീരഥി അമ്മ തമ്പുരാൻ എം., രാഘവവർമ്മ രാജാ എം. - എ.ആർ. രാജരാജവർമ്മ, വാല്യം 3, പുറം - 336)

5. എ.ആർ. രാജരാജവർമ്മ— മലയാളപോഷണം, *പ്രബന്ധസംഗ്രഹം*,പുറം 61 - 63.

അദ്ധ്യായം 3

പ്രാചീന-മധ്യകാല മലയാളസാഹിത്യപഠനം

ബിരുദാനന്തരബിരുദ മലയാളപഠനത്തിന്റെ അടിസ്ഥാന പേപ്പറുകളിലൊന്നാണിത്. ആദ്യകാലം മുതൽ ആധുനികകാലം വരെ ഒറ്റയായും ഭാഗങ്ങളായി മുറിഞ്ഞും പേരുകൾ മാറിയും നിലനില്ക്കുന്ന പേപ്പറാണിത്. ഈ പേപ്പറുമായി ബന്ധപ്പെട്ട് ആദ്യകാലം മുതൽ നിലനില്ക്കുന്ന പാഠപുസ്തകങ്ങളും റഫറൻസ് പുസ്തകങ്ങളും എന്തൊക്കെയാണെന്ന് തിരിച്ചറിയുകയും കാലികമായി വന്ന മാറ്റങ്ങളെ സൂക്ഷ്മമായി അടയാളപ്പെടുത്തുകയും ചെയ്യുക എന്നതാണ് ഈ അദ്ധ്യായം കൊണ്ടുദ്ദേശിക്കുന്നത്.

3.1. മദ്രാസ് സർവ്വകലാശാല

1915-ലെ ബി.എ. ഓണേഴ്സിന് പാഠപുസ്തകങ്ങളായി നല്കിയിരിക്കുന്നത് കവിത എന്ന ശീർഷകത്തിൽ എഴുത്തച്ഛന്റെ ഭാരതത്തിലെ സഭാപർവ്വവും പൗണ്ഡ്രകവധം ആട്ടക്കഥയും ഭാഷാനൈഷധം ചമ്പുവും കൃഷ്ണഗാഥ (തുടക്കം മുതൽ ഋതുവർണ്ണനയുടെ അവസാനം വരെയും കുഞ്ചൻ നമ്പ്യാരുടെ പ്രദോഷ മാഹാത്മ്യം ഓട്ടൻതുള്ളലും സ്യമന്തകം ഓട്ടൻതുള്ളലുമാണ്. എ.ആർ. രാജരാജവർമ്മയുടെ ഭാഷാഭൂഷണം എന്ന കാവ്യാലങ്കാര കൃതിയെയും കവിതയുടെ കൂട്ടത്തിലാണ് പെടുത്തിയിരിക്കുന്നത്. ഗദ്യവിഭാഗത്തിൽ അക്ബർ, പ്രാചീനാര്യാവർത്തം, ഗദ്യമാലിക ഭാഗം II എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു (അനുബന്ധം, പുറം: 33).

1917-ൽ അദ്ധ്യാത്മരാമായണം, ഭാരതം, ഭാഗവതം, വാത്മീകിരാമായണം, സ്കന്ദപുരാണം, ഹാലാസ്യ മാഹാത്മ്യം, കൃഷ്ണഗാഥ, വൈരാഗ്യചന്ദ്രോദയം ഭാഷാനൈഷധം ചമ്പു, ഭാഷാരാമായണം ചമ്പു, ശാകുന്തളം (കേരള വർമ്മ) ഉത്തമരാമചരിതം (മന്നാടിയാർ), കിർമ്മീരവധം ആട്ടക്കഥ, നിവാതകവചകാലകേയവധം (കോട്ടയം തമ്പുരാൻ), കല്ല്യാണസൗഗന്ധികം (കോട്ടയം തമ്പുരാൻ), നളചരിതം (ഉണ്ണായിവാര്യർ), ദക്ഷയാഗം (ഇരയിമ്മൻ തമ്പി), ഉത്തരാസ്വയംവരം (ഇരയിമ്മൻ തമ്പി), പൗണ്ഡ്രകവധം (അശ്വതി തിരുനാൾ), അംബരീഷചരിതം (അശ്വതി തിരുന്നാൾ), പരശുരാമവിജയം (വലിയ കോയിത്തമ്പുരാൻ), ഗദ്യവിഭാഗത്തിൽ മാർത്താണ്ഡവർമ്മ, ഇന്ദുലേഖ, കേരളപാണിനീയം, ഭാഷാഭൂഷണം എന്നിവയുമാണുൾപ്പെടുത്തിയിരുന്നത് (അനുബന്ധം, പുറം: 36).

കേരളത്തിന്റെ ബഹുസ്വരധാരകളെ പരിപൂർണ്ണമായും തമസ്കരിക്കുന്നതും സവർണ ഭാവുകത്വത്തിന്റെയും ഹൈന്ദവവതയുടെയും താല്പര്യങ്ങളാൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ളതുമായ പാഠ്യപദ്ധതിയാണിതെന്നുകാണാം. പഠിക്കുന്നവരിലും പഠിപ്പിക്കുന്നവരിലും കേരളസമൂഹത്തിന്റെ വ്യത്യസ്ത സാമുദായികപ്രാതിനിധ്യം ഇല്ലാതിരുന്ന കാലത്ത് മറിച്ചുസംഭവിക്കാനുള്ള സാദ്ധ്യതയും വിരളമാണ്. ഭാരതവും അദ്ധ്യാത്മരാമായണവും ഒരേസമയം സിലബസിൽ വരുന്നു. ആകെയുള്ള ഇരുപത്തേഴു പുസ്തകങ്ങളിൽ ഒമ്പത് ആട്ടക്കഥകൾ! കോട്ടയത്തുതമ്പുരാന്റെ മൂന്നെണ്ണം ഒരുമിച്ച്, ഇരയിമ്മൻ തമ്പിയുടെയും അശ്വതി തിരുന്നാളിന്റെയും രണ്ടുവീതവും ഉണ്ണായിവാര്യരുടെ നളചരിതവും പോരാഞ്ഞ് താരതമ്യേന അപ്രധാനമായ കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ പരശുരാമവിജയവും! തമ്പുരാക്കന്മാർ തമ്പുരാക്കന്മാർക്കുവേണ്ടി ഉണ്ടാക്കിയതുപോലെയാണ് സിലബസ്. 1917-ൽ കുഞ്ചൻനമ്പ്യാർ പോലും പഠനവിഷയമാകുന്നില്ല. അച്ചടി വ്യാപിക്കുകയും വിവിധ സാഹിത്യപ്രസ്ഥാനങ്ങൾ, അവ ഉയർത്തിയ ഭാവുകത്വരാഷ്ട്രീയം തുടങ്ങിയവ സാംസ്കാരികമണ്ഡലത്തിൽ ചർച്ചചെയ്യപ്പെടുകയും ചെയ്യുമ്പോഴാണ് ചെറുകഥ, ഖണ്ഡകാവ്യം, ആത്മകഥ, ജീവചരിത്രം, യാത്രാവിവരണം, ഗദ്യനാടകം, വിലാപകാവ്യം തുടങ്ങിയ സാഹിത്യപ്രസ്ഥാനങ്ങളെ സിലബസ് നിരാകരിക്കുന്നത്.

1927-ലെ ബി.എ. ഓണേഴ്സ് ഗ്രൂപ്പ് IV & V സിലബസിൽ കുണ്ടൂർ നാരായണമേനോന്റെ രഘുവംശം, ഉത്തരാസ്വയംവരം, കഥകളി, മണിപ്രവാള ശാകുന്തളം (അങ്കം 5, 6, 7), അപ്പൻ തമ്പുരാന്റെ ഭ്രതരായവർ എന്നിവയാണുണ്ടായിരുന്നത്. ഗ്രൂപ്പ് VII-ന വേണ്ടി ഇതോടൊപ്പം രാമചരിതം, കണ്ണശ്ശരാമായണം - ബാലകാണ്ഡം, സഭാപ്രവേശം തുള്ളൽ, കൃഷ്ണഗാഥ (കാന്തിപതി) എന്നിവയും കൂടുതലുണ്ടായിരുന്നു.

1933-ൽ ബി.എ. ഓണേഴ്സിനും എം.എ. മലയാളത്തിനും പഠിക്കേണ്ടിയിരുന്നത് പുതിയ റെഗുലേഷൻ അനുസരിച്ച് ബി.എ മലയാളം Part III യിലെ Group (V) ലെ സിലബസാണ്. ഇതനുസരിച്ച് പദ്യവിഭാഗത്തിൽ എഴുത്തച്ഛന്റെ ഭാരതത്തിൽനിന്ന് ഭീഷ്മപർവ്വവും കോട്ടയത്തുതമ്പുരാന്റെ കാലകേയവധം ആട്ടക്കഥയും വള്ളത്തോളിന്റെ ചിത്രയോഗവും ഗദ്യവിഭാഗത്തിൽ കെ. പരമേശ്വരൻപിള്ളയുടെ സാഹിത്യസാരവും അപ്പൻ തമ്പുരാന്റെ ഭ്രതരായരുമാണ്. നാടകത്തിൽ പറവൂർ സാമുമേനോന്റെ മൂച്ചുകടികവും പ്രാചീന കവിതാവിഭാഗത്തിൽ രാമചരിതം (1 മുതൽ 5 വരെ പടലം), കണ്ണശ്ശരാമായണം- ബാലകാണ്ഡം, കൃഷ്ണഗാഥ (തുടക്കം മുതൽ വത്സസ്തേയം വരെ) മേൽപ്പത്തൂർ ഭട്ടതിരിപ്പാടിന്റെ കിരാതം പ്രബന്ധം എന്നിവയാണ്.[1]

1934-ൽ പദ്യവിഭാഗത്തിൽ എഴുത്തച്ഛന്റെ ഭാരതത്തിലെ കർണ്ണപർവ്വം, ഇരയിമ്മൻ തമ്പിയുടെ ദക്ഷയാഗം, ശകുന്തളയും വിശാഖനും (മൂന്നു ഭാഷാകാവ്യങ്ങളിൽനിന്നും) ഗദ്യവിഭാഗത്തിൽ വടക്കുംകൂർ രാജരാജവർമ്മയുടെ സാഹിത്യമഞ്ജൂഷികയും കേരളവർമ്മയുടെ

അക്ബറുമാണ് ഉണ്ടായിരുന്നത്. നാടകവിഭാഗത്തിൽ എ.ആറിന്റെ ചാരുദത്തനും പ്രാചീനകവിതയിൽ നിന്ന് രാമചരിതം ഒന്ന മുതൽ അഞ്ചുവരെ പടലങ്ങളും, കണ്ണശ്ശരാമായണം, ബാലകാണ്ഡം, കൃഷ്ണഗാഥയിലെ കംസസദ്ഗതിയും രാമായണ പ്രബന്ധത്തിൽ നിന്ന് ഖരവധവും സുഗ്രീവ സഖ്യവുമാണ് ഉണ്ടായിരുന്നത്.

ഇവയ്ക്ക പുറമെ എം.എ. മലയാളത്തിന് തനതായി ഉണ്ടായിരുന്ന ഒരു പേപ്പർ രചന (composition) ആയിരുന്നു. അല്പസ്വല്പം മാറ്റങ്ങളോടെ 1935 വരെ ഈ പേപ്പർ നിലനിന്നതായി കാണുന്നുണ്ട്.

1914-1935 കാലയളവിലെ സിലബസുകൾ വിലയിരുത്തുമ്പോൾ ഏറ്റവും ശ്രദ്ധേയമായ വസ്തുത ചരിത്രത്തിലാദ്യമായി ബി.എ.(ഓണേഴ്സ്) സിലബസിൽ സ്ത്രീപ്രാതിനിധ്യമുണ്ടായി എന്നതാണ്. 1933-35 കാലയളവിൽ നിലനിന്ന സിലബസിൽ ഗദ്യവിഭാഗത്തിൽ കാർത്തികതിരുന്നാൾ തമ്പുരാട്ടിയുടെ ശൂരസിംഹം എന്ന കൃതി ഉൾപ്പെട്ടു എന്നതാണത്. കൃതിയുടെ വൈശിഷ്ട്യത്തേക്കാൾ തമ്പുരാട്ടിയിലെ രാജപാരമ്പര്യമായിരിക്കാം തെരഞ്ഞെടുപ്പിനു ഹേതു.

ശിവേക്ഷത്രങ്ങളിലൊന്നായ ഹാലാസ്യത്തിന്റെ മാഹാത്മ്യങ്ങളെ പ്രകീർത്തിക്കുന്ന ഹാലാസ്യമാഹാത്മ്യത്തിന് അക്കാദമിക പ്രാധാന്യമല്ല ഉള്ളത്. മതപരമായ പ്രാധാന്യമാണുള്ളത്. സ്കന്ദപുരാണത്തിലാണ് ഹാലാസ്യമാഹാത്മ്യം സവിസ്തരം വർണ്ണിച്ചിരിക്കുന്നത്. സ്കന്ദപുരാണത്തിലെ ആറുസംഹിതകളിൽ മൂന്നാമത്തേതായ ശങ്കരസംഹിതയിലാണ് തമിഴ്നാടിലെ മധുരയിലുള്ള ഹാലാസ്യത്തെ പ്രകീർത്തിക്കുന്നത്. ഹാലാസ്യമാഹാത്മ്യവും സ്കന്ദപുരാണവും ഒരേസമയം ഉൾപ്പെടുത്തുകവഴി ഉള്ളടക്കത്തിൽ ഇരട്ടിപ്പ് അല്ലെങ്കിൽ ആവർത്തനം ഉണ്ടാകുന്നു. ബിരുദ മലയാള സിലബസിനകത്തെ സവർണ്ണ താല്പര്യംകൊണ്ടു സംഭവിക്കുന്നതാണിത്.

1935-നു മുമ്പുള്ള ബി.എ. ഓണേഴ്സ് അല്ലെങ്കിൽ എം.എ. ബിരുദത്തിനു പരിഗണിച്ചിരുന്ന സിലബസിൽ ഇടംകിട്ടാതെ പോയവരിൽ പ്രമുഖർ തോട്ടയ്ക്കാട്ട് ഇക്കാവമ്മ, കുട്ടിക്കുഞ്ഞു തങ്കച്ചി, മുതുകുളം പാർവതി അമ്മ, ബി. ഭാഗീരഥി അമ്മ, കുമാരാനാശാൻ, കുട്ടമത്ത്, പി. കുഞ്ഞിരാമൻ നായർ, കുറ്റിപ്പുറത്ത് കേശവൻ നായർ, നാലപ്പാട്ട് നാരായണ മേനോൻ, അഴകത്ത് പത്മനാഭക്കുറുപ്പ്, മൂലൂർ, പൂന്താനം, വി.സി. ബാലകൃഷ്ണ പണിക്കർ, ബോധേശ്വരൻ, മേരിജോൺ തോട്ടം, മേരിജോൺ കൂത്താട്ടുകുളം, പണ്ഡിറ്റ് കെ.പി. കറുപ്പൻ, കൊച്ചീപ്പൻ തരകൻ, വി.ടി. ഭട്ടതിരിപ്പാട്, എം.ആർ.ബി., മൂർക്കോത്ത് കുമാരൻ, എം.പി. പോൾ, പി.എം. ശങ്കരൻ നമ്പ്യാർ, നടുവത്ത് അച്ഛൻ, അർണോസുപാതിരി, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കൃഷ്ണൻ തമ്പി, പന്തളം കേരളവർമ്മ, കെ.സി. കേശവപിള്ള, കൊച്ചുണ്ണിത്തമ്പുരാൻ, പി.സി. കോരുത്, കോവുണ്ണി നെടുങ്ങാടി, വെണ്ണിക്കുളം, കട്ടക്കയം ചെറിയാൻ മാപ്പിള, കെ.എം. തരകൻ,

കെ.എസ്.കെ. തളിക്കുളം, ശീവൊള്ളി, അംശി നാരായണപിള്ള, ഉള്ളൂർ, വള്ളത്തോൾ, പൂന്തോട്ടത്തുനമ്പൂതിരി, നിധീരിക്കൽ മാണിക്കത്തനാർ, പള്ളത്ത് രാമൻ, കെ.കെ. രാജാ, രാമപുരത്തുവാര്യർ, കൊട്ടാരത്തിൽ ശങ്കുണ്ണി, സി.എസ്. സുബ്രഹ്മണ്യൻ പോറ്റി, കെ.വി. സൈമൺ, ഇ.വി. കൃഷ്ണപിള്ള, കിഴക്കെപ്പാട്ട് രാമൻകുട്ടിമേനോൻ, വൈക്കത്ത് പാച്ചുമൂത്തത്, കെ.എം. പണിക്കർ തുടങ്ങിയവരാണ്.

1935 മുതലാരംഭിക്കുന്ന എം.എ. മലയാളപഠനത്തിന്റെ ചരിത്രത്തിൽ സാഹിത്യം -സാമാന്യം (Literature -General) സാഹിത്യം-സവിശേഷം (Literature -special) എന്നിങ്ങനെയുള്ള പേപ്പറുകളുടെ ഭാഗമായാണ് പ്രാചീന, മദ്ധ്യകാലസാഹിത്യം നിലനിന്നത്. 1977-വരെ ഈ നില തുടരുന്നതായി കാണുന്നു.അന്നത്തെ 6-7 പേപ്പറുകളിൽ ഈ രണ്ടു പേപ്പറുകളിൽ മാത്രമാണ് സർഗ്ഗാത്മക സാഹിത്യം (കഥ, കവിത) ഉണ്ടായിരുന്നത്. 1959-70 കാലഘട്ടത്തിൽ പേപ്പറിന്റെ എണ്ണം 9 ആകുമ്പോഴേക്കും ഈ പേപ്പറിൽ പാഠപുസ്തകങ്ങളുടെ എണ്ണം (സാമാന്യസാഹിത്യം) ആദ്യകാലത്തെ 16 എണ്ണത്തിൽ നിന്നും 60 എണ്ണംവരെ ഉയരുന്നു. സവിശേഷസാഹിത്യം 3-ൽ നിന്നും 16 ആയും ഉയരുന്നു (അനുബന്ധം, പുറം: 67,79,85).

പാട്ട്, മണിപ്രവാളം, ചമ്പു, നാടോടിഗാനം, ആദ്യകാല ഗദ്യം, ആട്ടക്കഥ, തുള്ളൽ എന്നിവ ഈ പേപ്പറിന്റെ അടിസ്ഥാന ഘടകങ്ങളായിത്തീർന്നു. പില്ക്കാലത്ത് വഞ്ചിപ്പാട്ടും, കീർത്തന, സ്തോത്രകൃതികളും മിഷനറിഗദ്യവും സന്ദേശകാവ്യവും കൂട്ടിച്ചേർക്കപ്പെടുകയുണ്ടായി. നാടോടിഗാനശാഖയിൽ വടക്കൻപാട്ടുകൾ മാത്രമാണ് കുറേകാലം നിലനിന്നത്. പിന്നീട് തെക്കൻപാട്ടും മാപ്പിളപ്പാട്ടും തുടങ്ങി കൃഷിപ്പാട്ടും മാർഗ്ഗംകളി, കോൽക്കളിപാട്ടുകളും പാഠഭാഗങ്ങളായി വന്നുംപോയുമിരുന്നു.

3.1.1. മദ്രാസ് സർവ്വകലാശാല പാഠ്യപദ്ധതി 1956-70 കാലയളവിൽ

പ്രാചീനഗദ്യം, മിഷനറിഗദ്യം എന്നിവയ്ക്കു പുറമെ ജ്യോതിഷം, ആയുർവേദം, തച്ചുശാസ്ത്രം, അർത്ഥശാസ്ത്രം എന്നീ മേഖലകളിലെ സംസ്കൃതകൃതികളുടെ സാമാന്യപരിചയം ആദ്യമായി പാഠ്യപദ്ധതിയിലിടം നേടുന്നു (അർത്ഥശാസ്ത്രം ഒഴികെ). സാഹിത്യത്തെ നോവൽ, ചെറുകഥ, ജീവചരിത്രം, സഞ്ചാരസാഹിത്യം, ശാസ്ത്രപ്രബന്ധങ്ങൾ, നാടകം എന്നിങ്ങനെയും; പാട്ട്, മണിപ്രവാളം, ചമ്പു, ആട്ടക്കഥ എന്നിങ്ങനെ പ്രസ്ഥാനപരമായും ഈ പേപ്പർ സാമാന്യമായി പരിചയപ്പെടുത്തുന്നു. അറബിമലയാള ഗദ്യപദ്യകൃതികളോ മാപ്പിളപ്പാട്ടുകളോ അറുപതുകളിൽപ്പോലും പാഠ്യപദ്ധതിയുടെ ഭാഗമായി വരുന്നില്ലെന്നത് ശ്രദ്ധേയം.

പ്രാചീനഭാവുകത്വത്തിൽ അഥവാ ക്ലാസിക്, നിയോക്ലാസിക് സൗന്ദര്യസങ്കല്പങ്ങളിൽ നിന്നുകൊണ്ടുള്ള സാഹിത്യനിരൂപണം എന്ന നിലയ്ക്കാവാം വൃത്താലങ്കാരങ്ങളോടൊപ്പം നിരൂപണം ചേർത്തത്.

ഈ ഒന്നാം പേപ്പറിനോട് പൂരകമായി നില്ക്കുന്നതാണ് രണ്ടാം പേപ്പറായ നിർദ്ദിഷ്ട പാഠപുസ്തകങ്ങൾ—ആധുനികസാഹിത്യം (ഗദ്യം, നാടകം) എന്നത്. ഒന്നാം പേപ്പറിലെ ആധുനിക ഗദ്യസാഹിത്യത്തിന്റെ വിവിധ വിഭാഗങ്ങളെ പ്രതിനിധീകരിക്കുന്ന കൃതികളാണ് പാഠപുസ്തകമായി ഉൾപ്പെടുത്തേണ്ടതെന്ന പ്രത്യേകം നിർദ്ദേശമുണ്ട്. ഇക്കാലയളവിലാണ് ചെറുകഥയും ചെറുകവിതകളും പാഠ്യപദ്ധതിയുടെ ഭാഗമാകുന്നത്. അവ പഠിക്കേണ്ട സാഹിത്യരൂപങ്ങളായി പരിഗണിക്കപ്പെട്ടിരുന്നില്ല. സാഹിത്യമണ്ഡലത്തിന്റെ സാംസ്കാരികവ്യവഹാരങ്ങളിലും സാഹിത്യരൂപപരവും ശൈലീപരവും ഭാഷാപരവുമായ വലിപ്പ ചെറുപ്പങ്ങൾ എക്കാലത്തും നിലനിന്നിരുന്നു. മഹാകാവ്യമെഴുതിയാൽ മാത്രം മഹാകവി, സംസ്കൃതശൈലിയുടെ ശ്രേഷ്ഠത, പച്ചമലയാളധാര, ഭാഷാകവി അരക്കവിയാകുന്നത്, ചെറുകഥയും നാടകവും അവാർഡുകൾക്ക് പരിഗണിക്കപ്പെടാതിരിക്കുന്നത്, പ്രസിദ്ധീകരിക്കുന്ന പ്രസ്സിന്റെ പ്രാധാന്യം അല്ലെങ്കിൽ ആനുകാലികങ്ങളുടെ പ്രശസ്തി ഇവയും രചനയുടെ മൂല്യവും തമ്മിൽ നിലനില്ക്കുന്ന വലിപ്പച്ചെറുപ്പങ്ങൾ എന്നിവയെല്ലാം ഇതോടൊപ്പം ചേർത്തുവായിക്കേണ്ടതാണ്. പേപ്പർ 4-ഉം 5-ഉം നിർദ്ദിഷ്ട പാഠപുസ്തകങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. ഇക്കാലത്തെ പാഠ്യപദ്ധതിയുടെ ഒരു സവിശേഷത എഴുത്തച്ഛൻ കാലഘട്ടവിഭജനത്തിനുള്ള അളവുകോലായി മാറുന്നുവെന്നതാണ്. ഭാഷാസാഹിത്യത്തിൽ ചരിത്രപരമായി എഴുത്തച്ഛനുള്ള സ്ഥാനം ഈ വിഭജനത്തെ ശരിവെക്കുന്നുമുണ്ട്. നാലാം പേപ്പറിൽ എഴുത്തച്ഛനുമുമ്പുള്ള കാലത്തെ ഗദ്യവും പദ്യവും അഞ്ചാം പേപ്പറിൽ അദ്ദേഹത്തിന്റെ കാലഘട്ടവും ആറാം പേപ്പറിൽ എഴുത്തച്ഛനു ശേഷമുള്ള കാലഘട്ടവുമാണ്. പദ്യകൃതികൾക്കും ആട്ടക്കഥകൾക്കുമാണ് ഇവിടെ ഊന്നൽ നല്കിയിട്ടുള്ളത്.

3.2. കേരള സർവ്വകലാശാല

1936-ൽ ഉള്ളൂർ പ്രസാധനംചെയ്ത ദൂതവാക്യം 1946 മുതൽ പാഠ്യപദ്ധതിയുടെ ഭാഗമായിരുന്നുവെങ്കിലും അറുപതുകളിൽ അതു പാഠ്യപദ്ധതിയിൽ കാണുന്നില്ല. അജ്ഞാതകർതൃകമായ ഈ കൃതിക്ക് ഭാഷാപരമായി ഏറെ പ്രസക്തിയുണ്ട്. എന്നാൽ 1959 മുതൽ ബ്രഹ്മാണ്ഡപുരാണ (ആദ്യ 20-25 പേജ്)വും 1961 മുതൽ ആട്ടപ്രകാരവും (അശോകവനികാങ്കം) ഈ ലക്ഷ്യത്തെ മുൻനിർത്തി സിലബസിന്റെ ഭാഗമായി മാറുന്നു. എം.എ. മലയാളപാഠ്യപദ്ധതി ഹൈന്ദവതയിൽ നിന്നുമാറി ഇതരധാരകളെ ഉൾക്കൊള്ളാനുള്ള പ്രവണത കാണിക്കുന്ന സമയമാണിത്. ക്രൈസ്തവ സമൂഹത്തിൽ നിന്ന് കോളേജധ്യാപകരും കോളേജുകളും ഉണ്ടായതിന്റെയും കേരള സർവ്വകലാശാലയുടെ

ബോർഡ് ഓഫ് സ്റ്റഡീസിൽ പ്രാതിനിധ്യം ഉണ്ടാവുകയും ചെയ്തതോടൊപ്പം അക്കാദമിക കാഴ്ചപ്പാടുകൾ വിശാലമായതുകൊണ്ടും ഉണ്ടായ മാറ്റമാണിത്. വർത്തമാനപുസ്തകത്തിൽ നിന്ന് ആദ്യ 25-50 പേജുകൾ പ്രാചീന ഗദ്യഭാഷാമാതൃകയ്ക്ക് ഉദാഹരണമായി 1959 മുതൽ കാണുന്നുണ്ട്. ഭാഷാചരിത്രത്തിൽ മിഷനറിഗദ്യവും ഇടംനേടുന്നുണ്ട്. ഭാഷാചരിത്രത്തിൽ മുസ്ലിം ഭാഷാഭേദത്തിൽ അറബിമലയാളത്തിന്റെ സ്വാധീനവും ഉപയോഗവും 1959 മുതൽ കാണുന്നുണ്ട് (അനുബന്ധം, പുറം: 79).

പാഠ്യപദ്ധതിയിൽ അറബിമലയാളം ആദ്യമായി പരാമർശിക്കപ്പെടുന്ന സന്ദർഭമാണിത്. മാപ്പിളപ്പാട്ടുകൾ പാഠ്യപദ്ധതിയിലിടം നേടുന്നതിനുമുമ്പ് അറബിമലയാള ഭാഷ ഇടം നേടിയെന്നതും വസ്തുതയാണ്. പാഠ്യപദ്ധതിക്കു മേലുള്ള ഹൈന്ദവമതാത്മകത ദുർബലമാകാനും പാഠ്യപദ്ധതി അയവുള്ളതാകാനും തുടങ്ങുന്ന സവിശേഷഘട്ടമായി ഇതിനെ കണക്കാക്കാവുന്നതാണ്.

ചെറുകഥയോടും ചെറുകവിതകളോടും കവയിത്രികളോടും കല്പിച്ചിരുന്ന വിവേചനം ഇല്ലാതാകുന്നതിന്റെ സൂചനകൾ ഇക്കാലത്തുണ്ട്. ഗദ്യത്തിന്റെ വൈവിധ്യമാർന്ന വ്യവഹാരരൂപങ്ങളെയും രചനകളെയും പാഠ്യപദ്ധതി ഉൾക്കൊള്ളുകയും ചെയ്യുന്ന സമയമാണിത്. ധാരാളം പുതിയ എഴുത്തുകാർക്ക് അക്കാദമികമായ അംഗീകാരം ലഭിക്കാൻ ഇതുവഴി സാധിച്ചു. പുതിയ ധാരാളം കൃതികളും ഇടംനേടുന്നുണ്ട്.

കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ കേരളം, കൊച്ചുണ്ണിത്തമ്പുരാന്റെ മലയാംകൊല്ലം, ശീവൊള്ളിയുടെ ഘോഷയാത്ര എന്നിവ 1960-61-ൽ ഉൾപ്പെടുത്തിയിരുന്നു. 62-65 കാലയളവിൽ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. 59 മുതൽ വി.സി. ബാലകൃഷ്ണപണിക്കരുടെ വിശ്വരൂപവും 61-ൽ പന്തളം കേരളവർമ്മയുടെ ശുഭാംഗദചരിതവും 59-ലും 60-ലും നാലപ്പാടിന്റെ കണ്ണുനീർത്തുള്ളിയും ജി. യുടെ വിശ്വദർശനം, സൂര്യകാന്തി, വെള്ളിൽപ്പറവകൾ എന്നിവയും 60 മുതൽ ചങ്ങമ്പുഴയുടെ രമണനും സങ്കല്പകാന്തിയും 60-ൽ കെ.എം. പണിക്കരുടെ കേരളസിംഹം, 57 മുതൽ ഇ.വി. കൃഷ്ണപിള്ളയുടെ ജീവിതസമരങ്ങൾ, സീതാലക്ഷ്മി, എൻ.പി. ചെല്ലപ്പൻനായരുടെ കർണ്ണൻ, 59 മുതൽ സഞ്ജയന്റെ സഞ്ജയൻ, കെ.പി. കേശവമേനോന്റെ ജീവിതചിന്തകൾ (59, 60), എസ്.കെ. പൊറ്റക്കാടിന്റെ രാജമല്ലി, ജോസഫ് മുണ്ടശ്ശേരിയുടെ മനുഷ്യകഥാനുഗായികൾ(1960), ഉറൂബിന്റെ നീലമല (59), ബാലാമണിയമ്മയുടെ അമ്മ (63, 59, 64) ബി. കല്ല്യാണിക്കുട്ടിയമ്മയുടെ വ്യാഴവട്ട സ്മരണകൾ (59) ഉള്ളാട്ടിലിന്റെ സാഹിത്യസഞ്ചാരം (59), കൃഷ്ണവാരിയരുടെ ഭാർഗവീകാവ്യം (59), പൂന്താനത്തിന്റെ സന്താനഗോപാലം (59), നാരായണ പൊതുവാളിന്റെ കേരളപുത്രൻ (59), ഇ.വി.യുടെ ചിരിയും ചിന്തയും (59), വേങ്ങയിൽ കുഞ്ഞിരാമൻ നായനാരുടെ കേസരി (59), വൈലോപ്പിള്ളിയുടെ ശ്രീരേഖ (59), ടി.രാമൻ നമ്പീശന്റെ കേരളേശ്വരൻ (62), പി.കെ നാരായണപിള്ളയുടെ സ്മരണ മണ്ഡലം (62), ഇ.വി. കൃഷ്ണപിള്ളയുടെ മുടക്കുമുതൽ

(62), എസ്.എൽ. ബുക്ക് ട്രസ്റ്റിന്റെ മലയാളകഥകൾ, പൂന്താനത്തിന്റെ ജ്ഞാനപ്പാന (59 മുതൽ), രാമപുരത്തുവാര്യരുടെ കുചേലവൃത്തം വഞ്ചിപ്പാട്ട് (59 മുതൽ), ഉള്ളൂരിന്റെ കർണ്ണഭൂഷണം (57,60), ഒരു നേർച്ച, പിങ്ഗള (1963), ചിത്രശാല (62), വള്ളത്തോളിന്റെ ബന്ധനസ്ഥനായ അനിരുദ്ധൻ (59), മശലനമറിയം (60 മുതൽ), ആശാന്റെ കരുണ (59, 63 മുതൽ), പ്രരോദനം (60, 62), സി.വി.യുടെ ധർമ്മരാജ (60, 62), രാമരാജ ബഹദൂർ (59, 63 മുതൽ), ഇന്ദുലേഖ (59, 60, 62), 1963-ൽ ദുർഗേശ നന്ദിനി, ഉറൂബിന്റെ സുന്ദരികളും സുന്ദരന്മാരും, സി.ജെ തോമസിന്റെ ഭ്രതം, കുട്ടികൃഷ്ണമാരാരുടെ രാജാങ്കണം എന്നിവയും ഉൾപ്പെടുന്നു.

മലയാളസാഹിത്യപഠനത്തിന്റെ ചരിത്രത്തിൽ 59-ലെ പാഠ്യപദ്ധതി വളരെ നിർണ്ണായകമാണ്. ശ്രദ്ധേയമായ വഴിത്തിരിവാണ്. എല്ലാ സാഹിത്യരൂപങ്ങളെയും എഴുത്തുകാരുടെ വലിയ നിരയെയും എഴുത്തുകാരുടെ വിവിധ കൃതികളെയും എഴുത്തുകാരികളെയും മലയാളഭാഷാസാഹിത്യത്തിന്റെ ക്രൈസ്തവ, ഇസ്ലാം ധാരകളെയും സാംസ്കാരത്തെയും പാഠ്യപദ്ധതി ഉൾക്കൊള്ളാൻ തുടങ്ങിയ സമയമാണിത്. നാമമാത്രമായ പ്രാതിനിധ്യം ആണെങ്കിലും ബാലാമണിയമ്മയും ബി. കല്ല്യാണിക്കുട്ടി അമ്മയും സ്ത്രീപ്രാതിനിധ്യത്തെ അടയാളപ്പെടുത്തുന്നു. അതു ചെറിയ കാര്യമല്ല. ചേലനാട്ട് അച്യുതമേനോന്റെ കേരളത്തിലെ കാളീസേവ എന്ന പുസ്തകം 59-ലും 61-ലും സിലബസിലുണ്ടായിരുന്നു. പിന്നീട് ഒഴിവാക്കി. പി.വി. കൃഷ്ണവാരിയരുടെ 'തോലമഹാകവി' എന്ന പുസ്തകത്തിൽ നിന്നും ശ്ലോകങ്ങൾ 1961-ൽ മാത്രം കാണുന്നുണ്ട്. പ്രാചീനഗദ്യ മാതൃകയുടെ ഉദാഹരണമായി കൗടലീയം 1961 മുതൽ ഭാഗം 2-ഉം (1961) 3-ഉം (1963) 4-ഉം (1964) പാഠ്യപദ്ധതിയുടെ ഭാഗമായി മാറുന്നുണ്ട്.

വിശേഷപഠനം എന്ന പേപ്പറിൽ 59-ൽ നിരണം കവികളും രാമായണം, ഭാരതമാല, ഭഗവദ്ഗീത എന്നിവയിലെ നിർദ്ദിഷ്ട ഭാഗവും 61-ൽ മണിപ്രവാളവും (ഉണ്ണിയച്ചി, ചിരുതേവി, ഉണ്ണിയാടി) ചമ്പുക്കളും (രാമായണം, നൈഷധം, തെങ്കൈലനാഥോദയം) 62 മുതൽ ആട്ടക്കഥയും (സീതാസ്വയംവരം, കിർമ്മീരവധം, നളചരിതം ഭാഗം നാല്, കീചകവധം, രാവണവിജയം, താടകവധം) ചെറിയ മാറ്റങ്ങളോടെ (64-ൽ സീതാസ്വയംവരത്തിനു പകരം രുഗ്മിണീസ്വയംവരം, രാവണവിജയം ഒഴിവാക്കി) 6-ൽ നിന്ന് 5 കൃതിയാക്കി കുറയ്ക്കുന്നു. 65-ൽ രുഗ്മിണീസ്വയംവരത്തിനു പകരം ധ്രുവചരിതം എന്നിങ്ങനെ തുടരുന്നു.

ചമ്പു, മണിപ്രവാളം, നിരണം കവികൾ, ആട്ടക്കഥ എന്നിങ്ങനെ പരിമിതവൃത്തത്തിനകത്താണ് വിശേഷപഠനം ഒതുങ്ങിക്കൂടുന്നത്. ആട്ടക്കഥകൾക്ക് കിട്ടുന്ന വലിയ പ്രാധാന്യം വരേണ്യഭാവുകത്വം ശക്തമായി തുടരുന്നതിന്റെ പ്രതിഫലനമാണ്.

1977-ൽ കേരള സർവ്വകലാശാലയിലാണ് ഈ പേപ്പർ അതിന്റെ വ്യതിരിക്തമായ സ്വഭാവത്തോടുകൂടി രൂപപ്പെടുന്നത്. എഴുത്തച്ഛനെയും കേരളവർമ്മയെയും ഒഴിവാക്കി

ചരിത്രപരമായ മാനദണ്ഡത്തിലൂടെ ഭാഷാസാഹിത്യപഠനത്തിലേക്ക് മാർഗ്ഗനിർദ്ദേശകമാവുന്ന ഈ തരംതിരിവ് 60 വർഷങ്ങൾക്കിപ്പുറവും അതേപടി സ്വീകരിക്കപ്പെടുന്നുവെന്നത് വിഭജനത്തിന്റെ ശാസ്ത്രീയയുക്തി ശരിവെക്കുന്നു. 77 മുതൽ 2000 വരെ 9 മുതൽ 11 വരെ പാഠപുസ്തകങ്ങളോടെ ചെറിയചെറിയ മാറ്റങ്ങളോടെ ഈ പേപ്പർ നിലനിൽക്കുന്നു. അനന്തപുരവർണ്ണനം ചമ്പു 1992-ൽ കൂട്ടിച്ചേർത്തു. 1998-ൽ ചെല്ലൂർ നാഥോദയവും ഉൾപ്പെടുത്തുന്നു. ഇക്കാലത്തെ ബിരുദ പാഠ്യപദ്ധതിയിൽ കേരളവർമ്മ വലിയ കോയിത്തമ്പുരാൻ ഒരു മാനദണ്ഡമായി മാറുന്നുവെന്നത് ശ്രദ്ധേയമായ വ്യതിയാനമാണ്. കേരളവർമ്മ ജീവിച്ചിരുന്നപ്പോഴോ മരിച്ച് നാലുപതിറ്റാണ്ടുകളിലോ ഇല്ലാതിരുന്ന രാജഭക്തിയാണ് അറുപതുകളിൽ ഉയിർത്തെഴുന്നേല്ക്കുന്നത്. കേരളവർമ്മയ്ക്കു മുമ്പ്, കേരളവർമ്മ കാലഘട്ടം, കേരളവർമ്മയ്ക്കു ശേഷം എന്നിങ്ങനെ കേരളവർമ്മ, പാഠ്യപദ്ധതി വിഭജനത്തിന്റെ മുഴക്കോലായിവരുന്നത് സവിശേഷമായൊരു അധീശവ്യവഹാരമാണ്. അതോടൊപ്പം വരേണ്യതയുടെ മാനകീകരണവുമാണ്. രാമചരിതകാരനും എഴുത്തച്ഛനും നമ്പ്യാരും ആശാനുമെല്ലാം ഈ അളവുകോലിനു കീഴിൽ ഒതുക്കപ്പെടുന്നു എന്നതാണ് ഈ നിർമ്മിതിയുടെ പിന്നിലെ രാഷ്ട്രീയ താല്പര്യം.

2003-നു ശേഷമുള്ള കേരളയുണിവേഴ്സിറ്റിയുടെ സിലബസിലും പഠനഭാരം കുറയ്ക്കുകയല്ലാതെ മറ്റു പരിഷ്കരണങ്ങൾ ഒന്നുംതന്നെ കാണുന്നില്ല. 2003-ലും പഠനലക്ഷ്യങ്ങളോ യൂണിറ്റ്, ബ്ലോക്ക്, മൊഡ്യൂൾ വിഭജനമോ കേരള സർവ്വകലാശാലയുടെ പാഠ്യപദ്ധതിയിൽ കാണുന്നില്ല. പ്രാതിനിധ്യസ്വഭാവമുള്ള 11 പാഠപുസ്തകങ്ങളോടെ 2003-ലും, 13, 12, 10 എന്നിങ്ങനെ 2017 വരെയും നിലനില്ക്കുന്നു. തരിസാപ്പള്ളി ശാസനമാണ് 2007 മുതൽ കാണുന്ന പാഠപുസ്തക പരിഷ്കാരം. മധ്യകാല സാഹിത്യം കോഴ്സിൽ 1977-ൽ എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണം കിളിപ്പാട്ട്, ഭാരതം കിളിപ്പാട്ട്, സന്താനഗോപാലംപാന, നളചരിതം, കാലകേയവധം, കിരാതം തുള്ളൽ, കുചേലവൃത്തം വഞ്ചിപ്പാട്ട്, ഗിരിജാ കല്യാണം, വടക്കൻപാട്ട്, ഇരവിക്കുട്ടിപ്പിള്ളപ്പോര്, ജ്ഞാനമുത്തുമാല, മച്ചാട്ട് ഇളയതിന്റെ കൃതികൾ (ശാകുന്തളത്തിലെ ഒന്നും രണ്ടും വൃത്തം) ഇങ്ങനെ 12 പാഠപുസ്തകങ്ങളാണ് നിർദ്ദേശിച്ചിരിക്കുന്നത്. 81 വരെ മാറ്റമില്ലാതെ നിന്നതിനു ശേഷം 1982-ൽ ജ്ഞാനപ്പാനയും 'മച്ചാട്ട് ഇളയതിന്റെ കൃതികൾ ഒഴിവാക്കി പതിനാലു വൃത്തം ഉൾപ്പെടുത്തി എണ്ണം 13 ആക്കുന്നു. 1989 വരെ ഇതുപോലെ നിലനിന്ന ശേഷം 1990-ൽ ഗിരിജാ കല്യാണം ഒഴിവാക്കി തിരുവർകാട്ടു ഭഗവതിത്തോറ്റവും ജ്ഞാനമുത്തുമാലക്കു പകരം ഉദയംപേരൂർ കാനോനകളും ചേർക്കുന്നു. 1992-ൽ ഇരവിക്കുട്ടിപ്പിള്ളപ്പോര് ഒഴിവാക്കി തെക്കൻ പാട്ടുകളിൽ നിന്ന് മൂവോട്ടു മല്ലൻ കഥ ചേർക്കുന്നു. കാലകേയവധത്തിനു പകരം കിർമ്മീരവധവും 1994-ൽ കിരാതം തുള്ളലിനു പകരം കല്യാണസൗഗന്ധികവും കിർമ്മീരവധം മാറ്റി കാലകേയവധം തന്നെയാക്കുകയും ചെയ്യുന്നു. 1995-ൽ കല്യാണസൗഗന്ധികം മാറി ത്രിപുരദഹനം പറയൻതുള്ളൽ ചേർക്കുന്നു.

1996-ൽ തോറ്റംപാട്ട് ഒഴിവാക്കി ഇരവിക്കുട്ടിപ്പിള്ളപ്പോര് പുനഃസ്ഥാപിക്കുന്നു. 1998-ൽ പതിനാലു വൃത്തം ഒഴിവാക്കി തോറ്റംപാട്ടുകൾ ചേർക്കുന്നു. 1999-2000-ത്തിൽ പാഠപുസ്തകങ്ങൾ 11 ആക്കുന്നു. തെക്കൻപാട്ടിൽ - നീലി കഥയും നമ്പ്യാരുടെ ഘോഷയാത്ര (തുള്ളൽ)യും ആക്കുന്നു. 2003 മുതൽ സെമസ്റ്റർ സംവിധാനത്തിലേക്ക് കോഴ്സ് മാറുന്നു. വാർഷികത്തിൽ നിന്ന് അർദ്ധവർഷത്തേക്ക് പേപ്പർ മാറിയപ്പോൾ പാഠപുസ്തകം 11-ൽ നിന്ന് പകുതിയായി അല്ലെങ്കിൽ രണ്ടു സെമസ്റ്ററുകളിലേക്ക് വിഭജിക്കപ്പെടുന്നതിനു പകരം പാഠപുസ്തകങ്ങളുടെ എണ്ണം 17-ലേക്ക് വർധിക്കുന്ന വൈരുധ്യം ആണ് കാണുന്നത്. 2003-ൽ മുമ്പുള്ള പാഠപുസ്തകങ്ങളോടൊപ്പം നാല് അച്ചീചരിതങ്ങളും എഴുത്തച്ഛന്റെ ഹരിനാമകീർത്തനമടക്കം മൂന്നു കൃതികളും കൂടാതെ ജ്ഞാനപ്പാന, അനന്തപുരവർണ്ണനം, ചന്ദ്രോത്സവം, നളചരിതം, രാമായണം ചമ്പു, ഭാഷാനൈഷധം ചമ്പു എന്നീ കൃതികളും കൂട്ടിച്ചേർത്തിട്ടുണ്ട്. അങ്ങനെയാണ് പാഠപുസ്തകം പതിനേഴിലെത്തുന്നത്. എന്നിട്ടും നാടോടി ഗാനശാഖയും മാപ്പിളപ്പാട്ടും പടിക്കുപുറത്തുതന്നെ. മിഷനറിഗദ്യത്തെയും സാഹിത്യത്തെയും പുറത്താക്കി പാഠ്യപദ്ധതി പൂർണമായും ഏകശിലാത്മകമാക്കി. 2007-ൽ ഉദയംപേരൂർ കാനോനനകളും വർത്തമാനപുസ്തകവും വടക്കൻ-തെക്കൻ-മാപ്പിളപ്പാട്ടുകളും പയ്യന്നൂർ പാട്ടും ഉൾപ്പെടുത്തി പാഠ്യപദ്ധതിയെ സന്തുലിതമാക്കാനുള്ള ശ്രമം കാണാം. 2013-മുതൽ പ്രാബല്യമുള്ള പാഠ്യപദ്ധതിയിൽ പാഠപുസ്തകം 12 എണ്ണമാക്കി കുറക്കുകയും ചെയ്യുന്നു. എഴുത്തച്ഛന്റെ കൃതികളിൽനിന്നുള്ള ഭാഗങ്ങൾ മൂന്നിൽ നിന്ന് ഒന്നാക്കിയും കുചേലവൃത്തം ഒഴിവാക്കിയും ആട്ടക്കഥ ഒരെണ്ണംമാത്രമാക്കിയും (ഉത്തരാസ്വയംവരം മാത്രം) ഭാഷാചമ്പു ഒരെണ്ണമാക്കിയും ആണ് എണ്ണം കുറച്ചത്. വലിയ തമ്പി കുഞ്ഞു തമ്പി കഥ, വ്യാസോല്പത്തി വഞ്ചിപ്പാട്ട്, മാർഗംകളിപ്പാട്ടുകൾ, മാപ്പിളരാമായണം, നാടൻ പാട്ടുകൾ എന്നിവ പുതുതായി ഉൾപ്പെടുത്തിയത് ശ്രദ്ധേയമായ പരിഷ്കാരമാണ്

സന്ദർഭമെഴുതാനും ആശയം വിശദീകരിക്കാനുമുള്ള ചോദ്യങ്ങൾക്ക് പരിഗണിക്കുന്ന പാഠപുസ്തകങ്ങൾ സിലബസിൽ നക്ഷത്രചിഹ്നം നല്കിക്കൊടുക്കുന്ന രീതി ഇക്കാലത്തെ സിലബസുകളുടെ പ്രത്യേകതയാണ്. എറണാകുളം മഹാരാജാസ് കോളേജിന്റെ അച്ചടിച്ചുനല്കുന്ന കലണ്ടറിൽ സിലബസും പാഠപുസ്തകങ്ങളുടെ ലിസ്റ്റും(അനുബന്ധം 4.5) കൂടാതെ ഓരോ വിഷയവുമായി ബന്ധപ്പെട്ട പുസ്തകങ്ങളുടെ ലൈബ്രറിയിലെ സ്റ്റോക്ക് നമ്പർ അടക്കം നല്കാറുണ്ടായിരുന്നു. മദ്രാസ് സർവ്വകലാശാലയുടെ 2014 മുതലുള്ള പാഠ്യപദ്ധതിയിൽ പ്രാചീനസാഹിത്യം, മധ്യകാലസാഹിത്യം എന്നിങ്ങനെ രണ്ടു കോഴ്സായാണ് നിലനിർത്തിയിരിക്കുന്നത്. പാഠ്യപദ്ധതിയെന്നത് കേവലം പാഠപുസ്തകങ്ങളെ പട്ടികപ്പെടുത്തുന്നതിൽ ഒതുങ്ങുന്നു.ലീലാതിലകം, രാമചരിതം, കണ്ണശ്ശ രാമായണം, ഉണ്ണുനീലിസന്ദേശം, ഉണ്ണിയാടീ ചരിതം, ഭാഷാനൈഷധം ചമ്പു എന്നിങ്ങനെ കേവലം 6 പുസ്തകങ്ങൾ മാത്രമാണ് പ്രാചീന സാഹിത്യകോഴ്സിൽ ഉള്ളത്. മധ്യകാല സാഹിത്യകോഴ്സിൽ കൃഷ്ണഗാഥ, മഹാഭാരതം കിളിപ്പാട്ട്, സഭാപ്രവേശം തുള്ളൽ, നളചരിതം ആട്ടകഥ, ജ്ഞാനപ്പാന,

കുചേലവൃത്തം വഞ്ചിപ്പാട്ട് എന്നിങ്ങനെ കേവലം 6 പാഠപുസ്തകങ്ങൾ മാത്രമാണ് ഉള്ളത്. നാടോടി ഗാനശാഖയും തെക്കൻപാട്ടും 'തോറ്റംപാട്ടുകളും രാമകഥപ്പാട്, തിരുനിഴൽമാല, മാപ്പിളപ്പാട്ട് എന്നിങ്ങനെ പല വൈവിധ്യങ്ങളും തിരസ്കരിക്കപ്പെട്ടിരിക്കുന്നു .

3.3.കാലിക്കറ്റ് സർവ്വകലാശാല

1992-ൽ കാലിക്കറ്റ് സർവ്വകലാശാല പാഠ്യപദ്ധതിയെ യൂണിറ്റുകളും യൂണിറ്റിനെ ബ്ലോക്കുകളായും തിരിച്ചുകൊണ്ട് പഠനവും മൂല്യനിർണ്ണയവും കൂടുതൽ സമഗ്രമാക്കാൻ ശ്രമിക്കുന്നു. എഴുപതുകളിൽതന്നെ കാലിക്കറ്റ് സർവ്വകലാശാല മാപ്പിളപ്പാട്ടിനെ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. 1997-ൽ കാലിക്കറ്റ് സർവ്വകലാശാല കുറത്തിത്തോ റ്റവും ഇരവിക്കുട്ടിപ്പിള്ളപ്പോരും ഈ പേപ്പറിൽ ഉൾപ്പെടുത്തി. 2001-ൽ ദക്ഷയാഗം ആട്ടക്കഥയും വൈശികതന്ത്രവും കാണുന്നുണ്ട്. പ്രാചീനഭാഷാഗദ്യങ്ങളുടെ യൂണിറ്റിലേക്ക് ജൂതശാസനവും ഉൾപ്പെടുന്നുണ്ട് (2008).

2014-ൽ കാലിക്കറ്റ് സർവ്വകലാശാല ഈ പേപ്പറിനെ ആദ്യകാല മലയാളഗദ്യം എന്നും പദ്യം എന്നും രണ്ടാക്കുന്നുണ്ട്. പഠനലക്ഷ്യങ്ങൾ കൃത്യമായി പ്രതിപാദിച്ചു കൊണ്ടും ഓരോ യൂണിറ്റിനോടൊപ്പവും അതാതിന്റെ സഹായകഗ്രന്ഥങ്ങൾ നല്കിയും നിരവധി വ്യത്യസ്തതകൾ ഈ പാഠ്യപദ്ധതി പുലർത്തുന്നുണ്ട്. വൈജ്ഞാനികസാഹി ത്യകൃതികൾ കൂടി ഈ പേപ്പറിൽ ഉൾപ്പെടുത്തിക്കൊണ്ട് പ്രാചീന ഗദ്യസാഹിത്യത്തി ന്റെയും ഭാഷയുടെയും പഠനസാമഗ്രികളെ വിപുലമാക്കുന്നു.

പഠനസമീപനങ്ങളിലും വ്യത്യസ്തത പുലർത്താൻ ശ്രമിക്കുന്നതായി കാണാം. ഗീത പ്രബന്ധങ്ങൾ എന്ന പേരിൽ ദ്രാവിഡവൃത്തനിബന്ധമായ ഗാനങ്ങളെ പഠിക്കുക എന്ന ഉദ്ദേശ്യത്തെ മുൻനിർത്തി രാമായണം ഇരുപത്തിനാലു വൃത്തം, ഭഗവദ്ഗീത പതിന്നാലുവൃത്തം, ഗിരിജാകല്ല്യാണം, പാർവതീപരിണയം എന്നിവ ഒരൊറ്റ യൂണിറ്റാക്കുവാൻ 1992-ലും പാട്ട്, മണിപ്രവാള കൃതികളിലെ ഭാഷയെ ഭാഷോല്പത്തിവാദങ്ങളുടെ പശ്ചാത്തല ത്തിൽ പരിശോധിച്ച് മലയാളഭാഷാ സിദ്ധാന്തീകരണത്തെ വിലയിരുത്താൻ 2014-ലും ആവശ്യപ്പെടുന്നുണ്ട്. ജരാർദ്ദിന്റെ അലങ്കാരശാസ്ത്രം ആദ്യമായി പാഠപുസ്തകമാവുന്നത് ഇക്കാലത്താണ് (2014). ആദ്യകാലപത്രങ്ങൾ പാഠപുസ്തകമായി ഈ കോഴ്സിൽ വരുന്നതാണ് മറ്റൊരു പരിഷ്കാരം. ജ്ഞാനനിക്ഷേപവും പശ്ചിമോദയവുമാണ് ഈ രീതിയിൽ പാഠപുസ്തകമാവുന്നത്. സ്കൂൾ ഭാഷാപഠനത്തിന്റെ അക്കാദമിക പ്രാധാന്യം തിരിച്ചറിഞ്ഞുകൊണ്ട് ജോർജ്ജ് മാത്തന്റെ ബാലാഭ്യസനം പ്രാചീനഗദ്യകോഴ്സിൽ ഇടം നേടുന്നു. ഹൈന്ദവമതാത്മകമായ ഗദ്യമാതൃകകളിൽ നിന്നുള്ള ഈ കുതറിമാറലിലൂടെ മാത്രമേ പ്രാചീനഗദ്യത്തിന്റെ ബഹുസ്വരാത്മകമായ വൈവിധ്യ, വൈശിഷ്ട്യങ്ങൾ തിരിച്ചറിയാനും ചരിത്രത്തിൽ അടയാളപ്പെടുത്താനും നിലനിർത്താനും സാധിക്കൂ. ഗദ്യസ്വ രൂപങ്ങളെ മാനകീകരിക്കുന്നതിൽ നിർണ്ണായക പങ്കുവഹിക്കുന്ന സ്കൂൾ പാഠപുസ്തകങ്ങളെ

ഒഴിച്ചുനിർത്തിയുള്ള ഭാഷാസാഹിത്യപഠനം അപൂർണ്ണമാണെന്ന തിരിച്ചറിവ് ശ്രദ്ധേയമായ പരിഷ്കരണമാണ്. അതിലുപരി മലയാളഭാഷയെ മാതൃഭാഷയെന്ന നിലയിൽ അതിന്റെ ആധുനികീകരണം എപ്രകാരമെന്നു തിരിച്ചറിയാൻ സഹായിക്കുന്ന ചരിത്രവല്കരണം കൂടിയാണിത്.

നമ്പ്യാന്തമിഴ്, ഹോർത്തൂസ് മലബാറിക്കസ്, സംക്ഷേപവേദാർത്ഥം, വേദതർക്കം, ബൈബിൾ വിവർത്തനം എന്നിവയും ഗദ്യപഠനത്തിന്റെ ഭാഗമായി ഉൾപ്പെടുത്തിക്കൊണ്ട് ബഹുവിധധാരകളെ പാഠ്യപദ്ധതി സമന്വയിക്കുന്നു. അതേസമയം അറബിമലയാളസാഹിത്യത്തിന്റെ വൈവിധ്യമാർന്ന ഗദ്യശാഖയിൽനിന്ന് ഒന്നുപോലും ഉൾപ്പെടുത്തിയിട്ടില്ലെന്നത് പരിമിതിയാണ്. വെള്ളാട്ടിമസ്അല പോലുള്ള 13-ാം നൂറ്റാണ്ടിലെ അറബിമലയാളസാഹിത്യമാതൃക ഭാഷാപഠനത്തിന് മുതൽക്കൂട്ടാകുമായിരുന്നു. ഭാഷയുടെ മാനകീകരണം മാത്രമല്ല സാഹിത്യത്തിന്റെ കാനോനീകരണവും നടക്കുന്നത് സ്കൂൾ പാഠപുസ്തകങ്ങളിലൂടെയും സാഹിത്യചരിത്രങ്ങളിലൂടെയും നിരൂപണം, ഗവേഷണം, പഠനം എന്നിവയിലൂടെയുമാണല്ലോ. ആ വസ്തുതയെ പാഠ്യപദ്ധതി തിരിച്ചറിഞ്ഞ് വിനിമയം ചെയ്യാനുള്ള ശ്രമം വലിയ മാറ്റമാണ്. ഗദ്യത്തെ ലക്ഷ്യലക്ഷണം ചെയ്ത ഒരേ ഒരു കൃതി എന്നനിലയിൽ സാഹിത്യസാഹ്യത്തിന് വലിയ അക്കാദമികപ്രാധാന്യം ഉള്ളതാണ്. എന്നാൽ എന്തുകൊണ്ടോ ആ കൃതിയെ ആ രീതിയിൽ തിരിച്ചറിയാനും ഉൾക്കൊള്ളാനും പാഠ്യപദ്ധതിക്കായിട്ടില്ല. എന്നാൽ 2014-ലെ കാലിക്കറ്റിന്റെ പാഠ്യപദ്ധതിയിൽ അതിനെ ഒരു ഉപാധി (tool) ആയി സ്വീകരിച്ചുകൊണ്ട് ഗദ്യവികാസത്തെ വിശകലനം ചെയ്യ മനസ്സിലാക്കണമെന്ന് പാഠ്യപദ്ധതി നിർദ്ദേശിക്കുന്നത് അനുയോജ്യമായിരിക്കുന്നു.

2014-ലെ കാലിക്കറ്റിന്റെ പാഠ്യപദ്ധതിയിൽ പോന്നിറത്താൾ കഥയും സംഘം കവിത (കുറിഞ്ചിത്തിണയിലെ പത്തുപാട്ടുകൾ), അർണ്ണോസുപാതിരിയുടെ ചതുരന്ത്യം, മോയിൻ കുട്ടിവൈദ്യരുടെ ബദറുൽമുനീർ, കുഞ്ഞിക്കുട്ടൻതമ്പുരാന്റെ മഹാഭാരതം, ശീവൊള്ളിയുടെ ഒരുകഥ, എ.ആറിന്റെ മലയവിലാസം എന്നിവയും ഉൾപ്പെടുത്തിയിരിക്കുന്നു. ആദ്യകാല മലയാളകവിത എന്ന ഈ പേപ്പറിന് 28 പാഠപുസ്തകങ്ങളുടെ പഠനഭാരം ഉണ്ട്.

ആദ്യകാലഗദ്യം, കവിത എന്നാണ് കോഴ്സ് ശീർഷകം എന്നിരിക്കേ ആധുനികതയും സാങ്കേതികവിദ്യയും മലയാളം കമ്പ്യൂട്ടിങും വരെ ഇതിൽ ഉൾപ്പെടുത്തിയത് യുക്തിക്ക് നിരക്കുന്നതല്ല.

3.4. എം.ജി. സർവ്വകലാശാല

1986 മുതൽ എം.ജി. സർവ്വകലാശാലയിൽ 8 പാഠപുസ്തകങ്ങളാണ് പാഠ്യപദ്ധതിയിൽ ഉണ്ടായിരുന്നത്. 1994-ൽ 10 കൃതികളാവുന്നുണ്ട്. 1994-ൽ മഹാത്മാഗാന്ധി

സർവ്വകലാശാല ഈ പേപ്പറിൽ രണ്ടു ശ്രദ്ധേയമായ മാറ്റങ്ങൾ കൊണ്ടുവരുന്നുണ്ട്. പാട്ടുകൃതികളിലേക്ക് തിരുനിഴൽമാല പുതുതായി ഉൾപ്പെടുത്തിയതും സംഘകവിതകളിലെ അകനാനൂറ്, പുറനാനൂറ്, ചിലപ്പതികാരം എന്നിവയിൽ നിന്ന് പത്തു പാട്ടുകൾ ഉൾപ്പെടുത്തിയതുമാണത്. സംഘസാഹിത്യം കേരളത്തിനും തമിഴ്നാടിനും പൊതുവായി അവകാശപ്പെട്ടതാണെന്നതുകൊണ്ടും ശ്രേഷ്ഠഭാഷാപദവിക്ക് രണ്ടു സംസ്ഥാനങ്ങളും ഒരേ കൃതികളെ തെളിവായി ഉദ്ധരിച്ചിട്ടുണ്ടെന്നതുകൊണ്ടും ഈ കൃതികൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയത് ഏറെ പ്രസക്തമാണ്. പക്ഷേ, ഈ പരിഷ്കാരം മറ്റു സർവ്വകലാശാലകളിലേക്ക് വ്യാപിച്ചെങ്കിലും തുടർച്ചയും സ്ഥിരതയും ഇതുവരെയുണ്ടായിയിട്ടില്ല. രാമചരിതത്തിനു മുമ്പുള്ള സാഹിത്യത്തെയും ഭാഷയെയും ദ്രാവിഡത്തനിമയിൽ പരിചയപ്പെടാനുള്ള അവസരമാണ് സംഘംകൃതികൾ. 1997-ൽ എം.ജി.യിൽ തിരുനിഴൽമാലയ്ക്ക് പകരം രാമകഥപ്പാട്ട് വരുന്നു.

എം.ജി.യുടെ 2012-ലെ പാഠ്യപദ്ധതിയിൽ പണയക്കാട്ടു ഭഗവതിത്തോറ്റവും ചെങ്ങന്നൂരാതിയും മാത്രമല്ല ചരിത്രത്തിലാദ്യമായി മൊഹിയുദ്ദീൻമാലയും ഉൾപ്പെടുത്തിയിരിക്കുന്നു. അറബിമലയാള സാഹിത്യത്തിൽനിന്ന് നാടോടിപ്പാട്ടുകളുടെ ഭാഗമായി മാപ്പിളപ്പാട്ടുകളെ പഠിക്കുന്നതിൽ നിന്നു വ്യത്യസ്തമായി, സ്തോത്രഭക്തിസാഹിത്യപാരമ്പര്യങ്ങളുടെ ഭാഗമായി അനുഷ്ഠാനസാഹിത്യമെന്ന രീതിയിൽ അറബിമലയാള സാഹിത്യത്തിൽനിന്നു പുതിയ കൃതിയെ പരിചയപ്പെടുത്തുന്നു. അതോടൊപ്പം ബദറുൽ മുനീർ കാവ്യത്തെയും നിലനിർത്തിയത് ഉചിതമായി. പാഠപുസ്തകങ്ങളുടെ എണ്ണം 20-ൽ താഴെ നിലനിർത്തിയത് പ്രായോഗികവുമാണ്. ഇതേ വർഷത്തെ, മലയാളഭാഷാചരിത്രവും വർത്തമാനവും എന്ന പേപ്പറിൽ അറബിമലയാളം, മാപ്പിളമലയാളസാഹിത്യം എന്നീ വിഷയങ്ങൾ വിശദപഠനമല്ലാത്ത ഭാഗത്തും നല്കി അർഹമായ പ്രാതിനിധ്യം കൊടുത്തിരിക്കുന്നു.

2016-ലെ മഹാരാജാസ് ഓട്ടോണമസ് കോളേജിന്റെ പാഠ്യപദ്ധതിയിൽ അകനാനൂറ്, കരിയാത്തൻ തോറ്റം, ജ്രതപ്പാട്ടിലെ മാളപ്പള്ളിയുടെ പാട്ട്, കൃഷിപ്പാട്ട്, മൊഹിയുദ്ദീൻ മാല, പൂരപ്രബന്ധം, പാക്കനാർ, കവിരാമായണം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

3.5. കാലടി ശ്രീശങ്കരാചാര്യ സംസ്കൃതസർവ്വകലാശാല

കാലടി സർവ്വകലാശാലയുടെ 2003-ലെ പാഠ്യപദ്ധതിയിൽ പൊട്ടൻ തെയ്യത്തിന്റെ തോറ്റം, കൈകൊട്ടിക്കളിപ്പാട്ട്, ചെങ്ങന്നൂരാതി, ഹരിനാമകീർത്തനം, ജ്രതശാസനം എന്നിവയും, 2009-ൽ മാപ്പിളപ്പാട്ടും ചീരപ്പാട്ടും മുഹിയുദ്ദീൻ മാലയും പുത്തൻ പാനയും കൂട്ടിച്ചേർക്കുന്നു. 2014-ൽ ചീരപ്പാട്ട്, കൈകൊട്ടിക്കളിപ്പാട്ട്, പയ്യന്നൂർ പാട്ട്, ഇരവിക്കുട്ടിപ്പിള്ളപ്പോര്, തിരുനിഴൽമാല, ജ്ഞാനപ്പാന, ഹരിനാമകീർത്തനം എന്നിവ ഒഴിവാക്കുന്നു. ഘനസംഘം, പുത്തൻപാന എന്നിവ കൂട്ടിച്ചേർക്കുന്നു. വാഴപ്പിള്ളി ശാസനവും ജ്രതശാസനവും കൂട്ടിച്ചേർത്തതാണ് മറ്റൊരു പരിഷ്കാരം.

3.6.കണ്ണൂർ സർവ്വകലാശാല

കണ്ണൂർ സർവ്വകലാശാല സാഹിത്യചരിത്രവിജ്ഞാനം എന്ന പേരിലാണ് പ്രാചീനകാലം മുതലുള്ള സാഹിത്യങ്ങളെ 2001 മുതൽ ഉൾപ്പെടുത്തിയത്. പ്രാചീന ഗദ്യയൂണിറ്റിൽ തലശ്ശേരി രേഖകൾ ആദ്യമായി പാഠ്യപദ്ധതിയിൽ വിശദപഠനത്തിന് ഉൾപ്പെടുന്നു. 5 നോവലും 5 നാടകങ്ങളും ഖണ്ഡകാവ്യങ്ങളും അടക്കം 39 പാഠപുസ്തകങ്ങൾ. വിമർശനം, സാഹിത്യചരിത്രവിജ്ഞാനീയം, പ്രാചീന, മധ്യകാല, ആധുനികസാഹിത്യം എന്നിവയെല്ലാം ഒറ്റ പേപ്പറിലൊതുക്കിയ വലിയ ദുരന്തമാണ് യഥാർത്ഥ്യബോധം പുലർത്താത്ത ഈ പാഠ്യപദ്ധതി. ഒരു സെമസ്റ്ററിലെ മുഴുവൻ കോഴ്സുകളെയും ഒരു കോഴ്സിലൊതുക്കിയത് അശാസ്ത്രീയമാണ്. എന്നിട്ടും അതിൽ കൃഷ്ണഗാഥയടക്കം പല അടിസ്ഥാന പാഠങ്ങളും ഉൾപ്പെട്ടിട്ടുമില്ല! സർവ്വകലാശാല പഠനവിഭാഗവും ബ്രണ്ണൻ കോളേജുമടക്കം രണ്ടിടത്തേ മലയാളപഠനം നടക്കുന്നുള്ളുവെന്നതിനാലാണ് ഈ പാഠ്യപദ്ധതി വ്യാപകമായി ചർച്ചചെയ്യപ്പെടാതിരുന്നത്. ഒരു വർഷത്തെ പ്രായോഗികാനുഭവത്തിനു ശേഷവും ഇത്തരം സമീപനം ആവർത്തിക്കുന്നതായിട്ടാണു കാണുന്നത്.

2003-ൽ മൂന്ന് യൂണിറ്റുകൾ (ഇസങ്ങൾ, വിമർശന സിദ്ധാന്തങ്ങൾ, നിരൂപണം, വൈജ്ഞാനികസാഹിത്യം) പൂർണമായും ഒഴിവാക്കിയിട്ടും പഠനഭാരം കുറഞ്ഞില്ല, കാരണം പാഠപുസ്തകങ്ങളുടെ എണ്ണം 39-ൽ നിന്ന് 55-ആക്കി (6 നാടകം, 9 നോവൽ, 8 ചെറുകഥ, 29 കവിത, 3 പ്രാചീനഗദ്യമാതൃക) ജ്ഞാനപ്പാന, കൃഷ്ണഗാഥ തുടങ്ങി വിട്ടുപോയവ ഇതിൽ കൂട്ടിച്ചേർത്തു.

2007-ൽ സാഹിത്യചരിത്ര വിജ്ഞാനീയം എന്ന കോഴ്സ് ടൈറ്റിൽ പ്രാചീന മധ്യകാല സാഹിത്യത്തിലേക്കുതന്നെ വരുന്നു. 2009-ൽ പയ്യന്നൂർ പാട്ടും പുത്തൻ പാനയും ചെല്ലൂർനാഥസ്തവവും തിരുവല്ല ചെപ്പേടും ഉൾപ്പെടുത്തി 24 പുസ്തകങ്ങളാവുന്നു. 2013-ൽ CBCSS-ലേക്ക് പാഠ്യപദ്ധതി മാറുന്നു. വടക്കൻപാട്ടും, വൈശികതന്ത്രവും, വർത്തമാന പുസ്തകവും ഒഴിവാക്കി പാഠപുസ്തകങ്ങളുടെ എണ്ണം 18 ലേക്ക് പ്രായോഗികമായി ഒതുക്കുന്നു. ഉദയംപേരൂർ സുന്നഹദോസിന്റെ കാനോനകൾ വർത്തമാനപുസ്തകത്തിനു പകരം ഉൾപ്പെടുത്തുന്നു. 2014-ൽ ചെറിയ ഭേദഗതികളോടെ 22 ആയി പാഠപുസ്തകങ്ങളുടെ എണ്ണം ക്രമപ്പെടുത്തുന്നു. മൊഹിയുദ്ദീൻ മാല പാഠപുസ്തകമാവുന്നു. പക്ഷേ, ആമുഖത്തിൽ അറബിമലയാളത്തെക്കുറിച്ചോ മാപ്പിളപ്പാട്ടിനെക്കുറിച്ചോ പരാമർശിക്കാതെ കേവലം മതപരമായ സന്തുലിതത്വം കൊണ്ടുവരാനാണ് ശ്രമിച്ചിരിക്കുന്നത്. 2014-ൽ യൂണിറ്റ് വിഭജനം, മൊഡ്യൂളുകളായി പേരുമാറുന്നു. എന്നാൽ 2015-ൽ വീണ്ടും യൂണിറ്റിലേക്കു തന്നെ തിരികെപ്പോകുന്നു. 2015-ൽ മാപ്പിള സാഹിത്യം ഒഴിവാക്കി പാഠപുസ്തക എണ്ണം 22-ൽ നിലനിർത്തുന്നു.

3.7.മലയാളം സർവ്വകലാശാല

ഇക്കാലയളവിലെ മലയാളം സർവ്വകലാശാലയുടെ പാഠ്യപദ്ധതിയിലും അടിസ്ഥാന 15 പാഠപുസ്തകങ്ങൾ മാത്രം ഉൾപ്പെടുത്തിയാണ് പാഠ്യപദ്ധതി പ്രാചീന സാഹിത്യവും മധ്യകാലസാഹിത്യവും ഉൾപ്പെടെ നിശ്ചയിച്ചിരിക്കുന്നത്.

3.8.കേന്ദ്ര സർവ്വകലാശാല

2016-ലെ കേന്ദ്ര സർവ്വകലാശാലയുടെ പാഠ്യപദ്ധതിയിൽ നെടുമ്പയിൽ കൊച്ചു കൃഷ്ണനാശാന്റെ ആറന്മുള വിലാസം ഹംസപ്പാട്ട് എന്ന പുതിയ കൃതി ഉൾപ്പെടുത്തിയതായി കാണുന്നു. പതിനേഴ് പാഠപുസ്തകങ്ങൾ അന്ന് നിർദേശിച്ചിട്ടുള്ളത് .

3.9. മധുര കാമരാജ് സർവ്വകലാശാല

മധുര കാമരാജ് സർവ്വകലാശാലയിൽ ഈ പേപ്പർ പ്രാചീനമധ്യകാല കവിതയായും ഗദ്യമായും രണ്ടു കോഴ്സായാണ് തയ്യാറാക്കിയിരിക്കുന്നത്. നാടോടി ഗാനശാഖയെ 11 പാഠപുസ്തകങ്ങളിലേക്കും പ്രാചീന മലയാളഗദ്യം കേവലം 5 പാഠപുസ്തകങ്ങളിലേക്കും ചുരുക്കിയിരിക്കുന്നു.

3.10. അലിഗഢ് മുസ്ലിം സർവ്വകലാശാല

അലിഗഢിൽ 1985 മുതൽ 2000 വരെ 18 അടിസ്ഥാന പാഠപുസ്തകങ്ങളാണ് (മിഷനറിഗദ്യവും മാപ്പിളപ്പാട്ടും ഉൾപ്പെടെ) നിർദേശിച്ചിരിക്കുന്നത്. 2012-ൽ സെമസ്റ്ററിലെക്കെത്തുമ്പോൾ ഈ പേപ്പർ പ്രാചീന മലയാള സാഹിത്യവും മധ്യകാല മലയാള സാഹിത്യവും ആയി വേർപിരിഞ്ഞപ്പോൾ പാഠപുസ്തകങ്ങളുടെ എണ്ണം കുത്തനെ കുറയ്ക്കുന്നതാണ് കാണുന്നത്. രാമചരിതം, കണ്ണശ്ശരാമായണം, കൃഷ്ണഗാഥ, ഉണ്ണിയച്ചീചരിതം, ഉണ്ണുനീലിസന്ദേശം, രാമായണംചമ്പു എന്നിങ്ങനെ കേവലം 6 പാഠപുസ്തകങ്ങളിലേക്ക് ഈ കോഴ്സ് പരിമിതപ്പെടുന്നു. ഇതരസർവ്വകലാശാലകളുമായി താരതമ്യം ചെയ്യുമ്പോൾ പകുതിയിലും കുറവാണ് ഉള്ളടക്കം. മധ്യകാല മലയാളസാഹിത്യത്തിന്റെ കോഴ്സിലും ഭാരതം കിളിപ്പാട്ട്, ജ്ഞാനപ്പാന, കുചേലവൃത്തം, നളചരിതം, സഭാപ്രവേശം തുള്ളൽ, വർത്തമാനപുസ്തകം എന്നിവയടക്കം കേവലം 6 പുസ്തകങ്ങൾ മാത്രം. പ്രാചീന ഗദ്യം വർത്തമാന പുസ്തകത്തിലൊതുങ്ങുന്നു. തിരുനിഴൽ മാല, മാപ്പിളപ്പാട്ട്, ബ്രഹ്മാണ്ഡപുരാണം, ആട്ടപ്രകാരം എന്നിങ്ങനെ വലിയൊരു വിഭാഗം സിലബസിൽ നിന്ന് പുറത്താവുന്നു.

1935-2016 കാലയളവിൽ ഈ പേപ്പറുമായി ബന്ധപ്പെട്ട് ബി.എ. (ഓണേഴ്സ്)/എം.എ. മലയാളം കോഴ്സിന് പത്തു യുണിവേഴ്സിസിറ്റികളിലുമായി 191 പാഠപുസ്തകങ്ങളും[2] 139 സഹായക ഗ്രന്ഥങ്ങളും[3] ആണ് പാഠ്യപദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്നത്.

കുറിപ്പുകൾ

1.

പട്ടിക 12

പ്രാചീന മധ്യകാല സാഹിത്യം- ബി.എ (ഓണേഴ്സ്) പാഠപുസ്തകങ്ങൾ

ക്രമ നമ്പർ	കൃതികളും കർത്താവും	വർഷം	സർവ്വ കലാ ശാല
1	മാർത്താണ്ഡവർമ്മ- സി.വി	1915	മദ്രാസ്
2	ഇന്ദുലേഖ –ചന്തുമേനോൻ	1915	മദ്രാസ്
3	കുഞ്ഞുതമ്പിമാർ - എർ.പരമേശ്വരൻപിള്ള	1915	മദ്രാസ്
4	അദ്ധ്യാത്മരാമായണം	1915	മദ്രാസ്
5	ഭാരതം	1915	മദ്രാസ്
6	ഭാഗവതം	1915	മദ്രാസ്
7	വാത്മീകിരാമായണം	1915	മദ്രാസ്
8	സ്കന്ധപുരാണം	1915	മദ്രാസ്
9	പാലാസ്യമഹാത്മ്യം	1915	മദ്രാസ്
10	വൈരാഗ്യചന്ദ്രോദയം	1915	മദ്രാസ്
11	കൃഷ്ണഗാഥ	1915	മദ്രാസ്
12	ഭാഷാ നൈഷധം ചമ്പു	1915	മദ്രാസ്
13	ഭാഷാരാമായണം ചമ്പു	1915	മദ്രാസ്
14	ശാകുന്തളം - കേരളവർമ്മ (നാടകം)	1915	മദ്രാസ്
15	ഉത്തരരാമചരിതം - മന്നാടിയാർ	1915	മദ്രാസ്
16	മാളവികാഗ്നിമിത്രം - മന്നാടിയാർ	1915	മദ്രാസ്
17	പ്രബോധ ചന്ദ്രോദയം - മന്നാടിയാർ	1915	മദ്രാസ്
18	കീർമ്മീരവധം - കോട്ടയം തമ്പുരാൻ	1915	മദ്രാസ്
19	നിവാതകവചകാലകേയവധം- കോട്ടയം തമ്പുരാൻ(ആട്ടക്കഥ)	1915	മദ്രാസ്
20	കല്ല്യാണ സൗഗന്ധികം-കോട്ടയത്തുതമ്പുരാൻ	1915	മദ്രാസ്
21	നളചരിതം-ഉണ്ണായിവാരിയർ	1915	മദ്രാസ്
22	ദക്ഷയാഗം - ഇരയിമ്മൻ തമ്പി	1915	മദ്രാസ്
23	ഉത്തരാസ്വയംവരം-ഇരയിമ്മൻതമ്പി	1915	മദ്രാസ്
24	പൗണ്ഡ്രകവധം - അശ്വതി തിരുനാൾ	1915	മദ്രാസ്
25	അംബരീഷചരിതം - അശ്വതി തിരുനാൾ	1915	മദ്രാസ്

26	പരശുരാമവിജയം - വലിയകോയിത്തമ്പുരാൻ	1915	മദ്രാസ്
27	അക്ബർ- കേരളവർമ്മ	1915	മദ്രാസ്
28	കേരളപാണിനീയം- എ.ആർ	1915	മദ്രാസ്
29	ഭാഷാഭ്രഷണം - എ.ആർ	1915	മദ്രാസ്
30	നളചരിതം- തുള്ളൽ - കുഞ്ചൻ നമ്പ്യാർ	1915	മദ്രാസ്
31	ഗദ്യം പ്രാചീനാര്യാവർത്തം ഗദ്യമാലിക	1915	മദ്രാസ്
32	പ്രദോഷമാഹാത്മ്യം ഓട്ടൻതുള്ളൽ	1915	മദ്രാസ്
33	സ്യമന്തകം	1915	മദ്രാസ്
34	ഗൗരീചരിതം പ്രബന്ധം എം.എ. (1933)	1929	മദ്രാസ്
35	ഗിരിജാ കല്ല്യാണം കിളിപ്പാട്ട് -ഉണ്ണായിവാര്യർ	1930	മദ്രാസ്
36	ശൂരസിംഹം - കാർത്തിക തിരുനാൾ തമ്പുരാട്ടി	1930	മദ്രാസ്
37	അനന്തപുരം കൊട്ടാരം, അരിപ്പാട്ട്, TVM	1930	മദ്രാസ്
38	പ്രദോഷ മഹാത്മ്യം - കുഞ്ചൻ നമ്പ്യാർ	1930	മദ്രാസ്
39	സ്യമന്തകം (ഓട്ടൻതുള്ളൽ)	1933	മദ്രാസ്
ബി എ- 1925			
40	രഘുവംശം- കാണ്ഡം V, VI കുണ്ടൂർ നാരായണ മേനോൻ	1925	മദ്രാസ്
41	ദക്ഷയാഗം കഥകളി	1925	മദ്രാസ്
42	രവിവർമ്മൻ തമ്പി	1925	മദ്രാസ്
43	വത്സരാജചരിതം (ഗദ്യം)	1925	മദ്രാസ്
44	ശേഷഗിരിപ്രഭ (ഗദ്യം)	1925	മദ്രാസ്
45	ഗീതാഞ്ജലി (ഗദ്യം) (ആദ്യ 29 പുറം) കെ.മാധവൻ നായർ	1925	മദ്രാസ്
46	രാമചരിതം	1925	മദ്രാസ്
47	കണ്ണശ്ശരാമായണം	1925	മദ്രാസ്
48	കൃഷ്ണഗാഥ	1925	മദ്രാസ്
49	മലയാളം കൊല്ലം	1925	മദ്രാസ്
50	കൊടുങ്ങല്ലൂർ,കുഞ്ഞിക്കുട്ടൻ തമ്പുരാൻ	1925	മദ്രാസ്
51	ശകുന്തളോപാഖ്യാനം ഭാരതരത്നമാല	1925	മദ്രാസ്
52	(സീരീസ്) ആനന്ദാശ്രമം	1925	മദ്രാസ്
53	ഊരുഭംഗം - വള്ളത്തോൾ	1925	മദ്രാസ്
54	(ഗദ്യം) ഭൂതരായർ - അപ്പൻ തമ്പുരാൻ	1925	മദ്രാസ്
55	സഭാപ്രവേശം തുള്ളൽ - കുഞ്ചൻ നമ്പ്യാർ	1925	മദ്രാസ്
വിദ്വാൻ ടൈറ്റിൽ പരീക്ഷ - 1924			

56	വ്യാകരണമിത്രം - ശേഷഗഗിരിപ്രഭ എം.	1925	മദ്രാസ്
57	കൃഷ്ണൻ	1925	മദ്രാസ്
58	ലീലാതിലകം	1925	മദ്രാസ്
59	കേരളപാണിനീയം, വൃത്തമഞ്ജരി, ഭാഷാഭ്രഷണം	1924	മദ്രാസ്
60	Specimens of Early Malayalam Ulloor	1924	മദ്രാസ്
61	കിർമ്മീരവധം	1924	മദ്രാസ്
62	കൃഷ്ണഗാഥ	1924	മദ്രാസ്
എം.എ.(1920)			
63	ശാകുന്തളം - കേരളവർമ്മ	1920	മദ്രാസ്
64	മയൂരസന്ദേശം - കേരളവർമ്മ	1920	മദ്രാസ്
65	അക്ബർ - കേരളവർമ്മ	1920	മദ്രാസ്
66	ഭാഷാനൈഷധം ചമ്പു- പൂനം	1920	മദ്രാസ്
67	രാജരത്നാവലീയം	1921	മദ്രാസ്
68	ജാനകീപരിണയം - ചാത്തുക്കുട്ടി മന്നാടിയാർ	1921	മദ്രാസ്
69	പ്രേമവൃത്തം - സി.വി.രാമൻപിള്ള	1921	മദ്രാസ്
70	കിർമ്മീരവധം ആട്ടക്കഥ വടക്കൻ കോട്ടയംതമ്പുരാൻ	1921	മദ്രാസ്
71	ത്രിപുരദഹനം - തുഞ്ചൻ നമ്പ്യാർ	1921	മദ്രാസ്
72	ഗിരിജാ കല്ല്യാണം കിളിപ്പാട്ട്	1932	മദ്രാസ്
73	ഉണ്ണായി വാര്യർ	1932	മദ്രാസ്
വിദ്വാൻ പരീക്ഷ 1926			
74	ജാനകീപരിണയം - മന്നാടിയാർ	1926	മദ്രാസ്
75	പ്രരോദനം- കുമാരനാശാൻ	1926	മദ്രാസ്
76	കൃഷ്ണഗാഥ	1926	മദ്രാസ്
77	മാർത്താണ്ഡവർമ്മ - ടി.കെ.കൃഷ്ണമേനോൻ	1926	മദ്രാസ്
78	പ്രാചീനാര്യാവർത്തം	1926	മദ്രാസ്
79	വ്യാകരണമിത്രം - ശേഷഗിരിപ്രഭ	1926	മദ്രാസ്
എം.എ (ഗ്രൂപ്പ് VI)1920		1920	മദ്രാസ്
80	വാത്മീകിരാമായണം	1920	മദ്രാസ്
81	ആദ്ധ്യാത്മരാമായണം	1920	മദ്രാസ്
82	ഭാരതം	1920	മദ്രാസ്
83	ഭാഗവതം	1920	മദ്രാസ്

84	വേതാളചരിതം	1920	മദ്രാസ്
85	ഭാഷാനൈഷധം ചമ്പു	1920	മദ്രാസ്
86	പ്രഹ്ലാദചരിതം	1920	മദ്രാസ്
87	കൃഷ്ണഗാഥ	1920	മദ്രാസ്
88	വൈരാഗ്യചന്ദ്രോദയം	1920	മദ്രാസ്
89	കീർമ്മീരവധം - കോട്ടയം തമ്പുരാൻ	1920	മദ്രാസ്
90	നിവാതകവചകാലകേയവധം - കോട്ടയം തമ്പുരാൻ	1920	മദ്രാസ്
91	ബകവധം	1920	മദ്രാസ്
92	കല്ല്യാണസൗഗന്ധികം	1920	മദ്രാസ്
93	നളചരിതം - ഉണ്ണായി വാര്യർ	1920	മദ്രാസ്
94	കീചകവധം- ഇരയിമ്മൻ തമ്പി	1920	മദ്രാസ്
95	ഉത്തരാസ്വയംവരം	1920	മദ്രാസ്
96	ദക്ഷയാഗം	1920	മദ്രാസ്
97	പരശുരാമവിജയം - കേരളവർമ്മ	1920	മദ്രാസ്
98	മലയവല്ലഭചരിത്രം - കേരളവർമ്മ	1920	മദ്രാസ്
99	കാർത്യവീര്യാർ ജുനവിജയം - കേരളവർമ്മ	1920	മദ്രാസ്

2.

പട്ടിക 13

പ്രാചീന മധ്യകാല സാഹിത്യം—പാഠപുസ്തകങ്ങൾ
എം.എ./ബി.എ. മലയാളം (ഓണേഴ്സ്)

ക്രമ. നമ്പർ	പാഠപുസ്തകം - രചയിതാവ്	വർഷം	സർവ്വകലാ ശാല
1	രാമചരിതം	1935	മദ്രാസ്
2	കണ്ണശ്ശരാമായണം	1935	മദ്രാസ്
3	ഉണ്ണുനീലിസന്ദേശം	1935	മദ്രാസ്
4	ഭാരതം കിളിപ്പാട്ട് എഴുത്തച്ഛൻ	1935	മദ്രാസ്
5	ഗിരിജാകല്ല്യാണം - ഉണ്ണായിവാര്യർ	1935	മദ്രാസ്
6	കിർമ്മീരവധം - കോട്ടയം തമ്പുരാൻ	1935	മദ്രാസ്
7	ഹരിണീസ്വയംവരം തുള്ളൽ- കുഞ്ചൻ നമ്പ്യാർ	1935	മദ്രാസ്
8	മണിപ്രവാളശാകുന്തളം- കേരളവർമ്മ	1935	മദ്രാസ്
9	പിങ്ഗള- ഉള്ളൂർ	1935	മദ്രാസ്

10	കരുണ- കുമാരനാശാൻ	1935	മദ്രാസ്
11	മശലനമറിയം- വള്ളത്തോൾ	1935	മദ്രാസ്
12	കേശവീയം- കെ.സി. കേശവപിള്ള	1935	മദ്രാസ്
13	ഭാഗവതം - ഗദ്യം	1935	മദ്രാസ്
14	ഭ്രതരായർ (നോവൽ) അപ്പൻ തമ്പുരാൻ	1935	മദ്രാസ്
15	ചിലപ്പതികാരം	1935	മദ്രാസ്
16	തുഞ്ചത്തെഴത്തച്ഛൻ പി.കെ നാരായണപിള്ള	1935	മദ്രാസ്
17	മേവാടിന്റെ പതനം (നാടകം) അടിയാട്ട് കൃഷ്ണമേനോൻ	1939	മദ്രാസ്
18	ചിത്രയോഗം മഹാകാവ്യം -വള്ളത്തോൾ	1939	മദ്രാസ്
19	ഭാഷാഭഗവദ്ഗീത-മാധവപ്പണിക്കർ	1939	മദ്രാസ്
20	നളചരിതം ആട്ടക്കഥ- ഉണ്ണായിവാര്യർ	1946	മദ്രാസ്
21	കാലകേയവധം	1946	മദ്രാസ്
22	രുക്മിണീസ്വയംവരം	1946	മദ്രാസ്
23	സ്യമന്തകം- കുഞ്ചൻ നമ്പ്യാർ	1946	മദ്രാസ്
24	കല്ല്യാണസൗഗന്ധികം - കുഞ്ചൻ നമ്പ്യാർ	1946	മദ്രാസ്
25	ശാകുന്തളം -വള്ളത്തോളിന്റെ വിവർത്തനം	1946	മദ്രാസ്
26	ആശ്ചര്യചൂഡാമണി- കുഞ്ഞിക്കുട്ടൻതമ്പുരാൻ	1946	മദ്രാസ്
27	രഘുവംശം -വിവർത്തനം-കുണ്ടൂർ നാരായണമേനോൻ	1946	മദ്രാസ്
28	പ്രരോദനം - കുമാരനാശാൻ	1946	മദ്രാസ്
29	തുള്ളൽ- കൊച്ചുണ്ണിത്തമ്പുരാൻ	1946	മദ്രാസ്
30	ധർമ്മരാജ്- സി.വി.രാമൻപിള്ള	1946	മദ്രാസ്
31	ദൂതവാക്യം	1946	മദ്രാസ്
32	സാഹിത്യപ്രവേശിക- ശൂരനാട്ട് കുഞ്ഞൻപിള്ള	1946	മദ്രാസ്
33	നാലുഭാഷാകാവ്യങ്ങൾ -കുണ്ടൂർ	1946	മദ്രാസ്
34	ജൂബിലീമഹോത്സവം തുള്ളൽ - വെൺമണി	1946	മദ്രാസ്
35	കാവ്യപീഠിക - ജോസഫ് മുണ്ടശ്ശേരി	1946	മദ്രാസ്
36	കൃഷ്ണഗാഥ- ചെറുശ്ശേരി	1935	മദ്രാസ്
37	വടക്കൻപാട്ട്- ആരോമൽ ചേകവർ	1935	മദ്രാസ്
38	ഭാഷാരാമായണം- ചമ്പു	1935	മദ്രാസ്
39	സാമുദായിക ഗാനകല- പണ്ഡിറ്റ് കെ.പി.കറുപ്പൻ	1935	മദ്രാസ്
40	ബലാർഡ്സ് ഓഫ് നോർത്ത് മലബാർ	1940	മദ്രാസ്
41	വടക്കൻപാട്ടുകൾ- സി.അച്യുതമേനോൻ	1940	മദ്രാസ്

42	പ്രാചീനമലയാള ഗദ്യമാതൃകകൾ	1960	കേരള
43	കൗടലീയം	1960	കേരള
44	കേരളത്തിലെ കാളിയാരാധന - സി.അച്യുതമേനോൻ	1960	കേരള
45	രാമായണം കിളിപ്പാട്ട് എഴുത്തച്ഛൻ	1959	കേരള
46	ശ്ലോകങ്ങൾ - തോലൻ (തോലമഹാകവി, പി.വി.കൃഷ്ണവാര്യർ)	1960	കേരള
47	കോകസന്ദേശം	1959	കേരള
48	ചന്ദ്രോത്സവം	1959	കേരള
49	ആട്ടപ്രകാരം	1960	കേരള
50	ബ്രഹ്മാണ്ഡപുരാണം	1960	കേരള
51	ഇരവിക്കുട്ടിപ്പിള്ളപ്പോര്	1959	കേരള
52	24 വൃത്തം (1-6)	1959	കേരള
53	സന്താനഗോപാലം പാന- പൂന്താനം	1960	കേരള
54	കേരളവർമ്മരാമായണം	1959	കേരള
55	ത്രിപുരദഹനം- തുള്ളൽ	1960	കേരള
56	ഘോഷയാത്ര- തുള്ളൽ	1959	കേരള
57	കാർത്തവീര്യാർജ്ജുനവിജയം - തുള്ളൽ	1959	കേരള
58	കുചേലവൃത്തം- വഞ്ചിപ്പാട്ട്	1959	കേരള
59	ശ്രീകൃഷ്ണചരിതം- മണിപ്രവാളം (സർഗം1,2)	1959	കേരള
60	വിഷ്ണുഗീത- രാമപാണിവാദർ -പദം-1	1960	കേരള
61	വർത്തമാനപുസ്തകം	1959	കേരള
62	ഉണ്ണിച്ചിരുതേവിചരിതം	1959	കേരള
63	നൈഷധം ചമ്പു	1959	കേരള
64	ഭാരതമാല –കണ്ണശ്ശൻ	1959	കേരള
65	നളചരിതം കിളിപ്പാട്ട് - ആദ്യപദം	1959	കേരള
66	ജാനകീ പരിണയം- ചാത്തുക്കുട്ടി മന്നാടിയാർ	1959	കേരള
67	പ്രബന്ധസംഗ്രഹം - എ.ആർ. രാജരാജവർമ്മ	1959	കേരള
68	സാഹിത്യസഞ്ചാരം - ഉള്ളാട്ടിൽ	1959	കേരള
69	ജീവിതചിന്തകൾ - കെ.പി. കേശവമേനോൻ	1959	കേരള
70	നീലമല- ചെറുകഥ- ഉറൂബ്	1959	കേരള
71	ചിരിയും ചിന്തയും - ഇ.വി. കൃഷ്ണപിള്ള	1959	കേരള
72	വ്യാഴവട്ടസ്മരണകൾ- ബി.കല്ല്യാണിക്കുട്ടി	1959	കേരള
73	കേരള പുത്രൻ- നാരായണപൊതുവാൾ	1959	കേരള

74	അമ്മ- ബാലാമണിയമ്മ	1959	കേരള
75	ഭാർഗവി (ഖണ്ഡകാവ്യം) - കൃഷ്ണവാരിയർ	1959	കേരള
76	ശ്രീരേഖ - വൈലോപ്പിള്ളി	1959	കേരള
77	വെള്ളിൽ പറവകൾ -ജി.	1959	കേരള
78	ഉത്തരരാമായണം- ഗദ്യം	1960	കേരള
79	പൂരപ്രബന്ധം	1960	കേരള
80	കേരളം - കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ	1960	കേരള
81	മലയാം കൊല്ലം - കൊച്ചുണ്ണിത്തമ്പുരാൻ ഒന്നാം സർഗം	1960	കേരള
82	ഘോഷയാത്ര- ശീവൊള്ളി	1960	കേരള
83	മയൂര സന്ദേശം- കേരളവർമ്മ	1959	കേരള
84	രാമചന്ദ്രവിലാസം- അഴകത്ത് പദ്മനാഭക്കുറുപ്പ്	1959	കേരള
85	ഉത്തരരാമചരിതം നാടകം - മന്നാടിയാർ	1960	കേരള
86	ഉമാകേരളം -ഉള്ളൂർ	1960	കേരള
87	രുഗ്മാംഗദചരിതം- പന്തളം കേരളവർമ്മ	1960	കേരള
88	വിശ്വരൂപം - വി.സി.	1959	കേരള
89	കർണ്ണഭ്രഷണം - ഉള്ളൂർ	1960	കേരള
90	ചിത്രശാല	1959	കേരള
91	ഒരു നേർച്ച	1963	കേരള
92	കണ്ണനീർത്തുള്ളി - നാലപ്പാട്ട്	1959	കേരള
93	സൂര്യകാന്തി - ജി	1960	കേരള
94	വിശ്വദർശനം -ജി	1962	കേരള
95	രമണൻ - ചങ്ങമ്പുഴ	1960	കേരള
96	ഇന്ദുലേഖ - ചന്തുമേനോൻ	1960	കേരള
97	കേരളസിംഹം- കെ.എൻ.പണിക്കർ	1960	കേരള
98	രാമരാജബഹദൂർ- സി.വി.രാമൻപിള്ള	1959	കേരള
99	സങ്കല്പകാന്തി - ചങ്ങമ്പുഴ	1963	കേരള
100	ജീവിതസമരങ്ങൾ - ഇ.വി.	1960	കേരള
101	വിജ്ഞാനദീപിക- ഭാഗം 2 ഉള്ളൂർ	1960	കേരള
102	എഴുത്തച്ഛൻ- പി.കെ.നാരായണപിള്ള	1960	കേരള
103	സീതാലക്ഷ്മി - ഇ.വി.	1960	കേരള
104	കർണ്ണൻ - എൻ.പി. ചെല്ലപ്പൻനായർ	1960	കേരള

105	സഞ്ജയൻ ഭാഗം, 1, 2	1959 1960	കേരള
106	ജീവിതചിന്തകൾ- കെ.പി.കേശവമേനോൻ	1959	കേരള
107	രാജമല്ലി- എസ്.കെ.പൊറ്റക്കാട്	1960	കേരള
108	മനുഷ്യകഥാനുഗായികൾ- മുണ്ടശ്ശേരി	1960	കേരള
109	ഉണ്ണിയച്ചി ചരിതം	1960	കേരള
110	ഉണ്ണിച്ചിരുതേവി ചരിതം	1960	കേരള
111	ഉണ്ണിയാടീചരിതം	1960	കേരള
112	തൈങ്കെലനാഥോദയം	1960	കേരള
113	സീതാസ്വയംവരം- ആട്ടക്കഥ	1961	കേരള
114	കീചകവധം- ആട്ടക്കഥ	1961	കേരള
115	രാവണവിജയം- ആട്ടക്കഥ	1961	കേരള
116	താടകവധം- ആട്ടക്കഥ	1961	കേരള
117	രുഗ്മിണീ സ്വയംവരം- ആട്ടക്കഥ	1964	കേരള
118	ധ്രുവചരിതം- ആട്ടക്കഥ	1965	കേരള
119	ഉത്തരാസ്വയംവരം- ആട്ടക്കഥ	1964	കേരള
120	ചെറിയച്ചി	1964	കേരള
121	അംബരീഷോപാഖ്യാനം	1977	കേരള
122	ചെല്ലൂർനാഥോദയം	1998	കേരള
123	പയ്യന്നൂർ പാട്ട്	1999	കേരള
124	ബ്രഹ്മാണ്ഡപുരാണം	1982	കേരള
125	അനന്തപുരവർണ്ണനം	1992	കേരള
126	തിരുനിഴൽമാല	1992	കാലിക്കറ്റ്
127	സംഘകവിത - കലിത്തൊകൈ (3 പാട്ട്)	1994	എം.ജി
128	പുറനാനൂറ്- പാട്ട് 62- അകഴാത്തലെയോർപാടിയത്	1994	എം.ജി
129	അകനാനൂറ് - പാട്ട് 62, 126, 383	1994	എം.ജി
130	ചിലപ്പതികാരം (അരങ്ങേറ്റം പുകാർകാണ്ഡം)	1994	എം.ജി
131	രാമകഥപ്പാട്ട്	1992	കാലിക്കറ്റ്
132	ബദറുൽ മുനീർ ഹുസ്നുൽ ജമാൽ	1992	കാലിക്കറ്റ്
133	ജ്ഞാനപ്പാന	1992	കാലിക്കറ്റ്
134	തോറ്റംപാട്ട് - കുറത്തിത്തോറ്റം	1997	കാലിക്കറ്റ്
135	രാമായണം- ഇരുപത്തിനാലുവൃത്തം	1992	കാലിക്കറ്റ്

136	ഭഗവദ്ഭക്തി- പതിനാലുവൃത്തം - അഭിഷേകവിഘ്നം	1992	കാലിക്കറ്റ്
137	ചെല്ലൂർ നാഥസ്തവം	1992	കാലിക്കറ്റ്
138	വൈശിക തന്ത്രം	2001	കാലിക്കറ്റ്
139	കൗണ്ഡോത്തര	1992	കാലിക്കറ്റ്
140	രാവണവിജയം ആട്ടക്കഥ	1992	കാലിക്കറ്റ്
141	ദക്ഷയാഗം	2001	കാലിക്കറ്റ്
142	ജ്ഞാനമുത്തുമാല	1992	കാലിക്കറ്റ്
143	ആനശ്ശാസ്ത്രം വൈദ്യം	2014	കാലിക്കറ്റ്
144	യുക്തിഭാഷ	2014	കാലിക്കറ്റ്
145	ഹോർത്തൂസ് മലബാറിക്കസ്	2014	കാലിക്കറ്റ്
146	സംക്ഷേപവേദാർത്ഥം	2014	കാലിക്കറ്റ്
147	വേദതർക്കം	2012	കാലിക്കറ്റ്
148	ബൈബിൾ വിവർത്തനം	2014	കാലിക്കറ്റ്
149	പശ്ചിമോദയം	2014	കാലിക്കറ്റ്
150	ജ്ഞാനനിക്ഷേപം	2014	കാലിക്കറ്റ്
151	ജരാർദ്ദിന്റെ അലങ്കാരശാസ്ത്രം	2014	കാലിക്കറ്റ്
152	ബാലാഭ്യസനം -ജോർജ്ജ് മാത്തൻ	2012	കാലിക്കറ്റ്
153	പൊന്നിറത്താൾക്കഥ	2014	കാലിക്കറ്റ്
154	ചതുരന്ത്യം- അർണ്ണോസുപാതിരി	2014	കാലിക്കറ്റ്
155	മഹാഭാരതം - കുഞ്ഞിക്കുട്ടൻ നമ്പൂരാൻ	2014	കാലിക്കറ്റ്
156	ഒരുകഥ- ശീവൊള്ളി	2014	കാലിക്കറ്റ്
157	പണയക്കാട്ടു ഭഗവതിത്തോറ്റം	2012	എം.ജി
158	ചെങ്ങന്നൂരാതി	2003	കാലടി
159	പൂത്തൻപാന (12-ാം പാദം)	2003	കാലടി
160	മൊഹിയുദ്ദീൻ മാല (ആദ്യത്തെ 100 വരി)	2003	കാലടി
161	അറബിമലയാളസാഹിത്യം - എം.എൻ.കാരശ്ശേരി കുറിമാനം	2003	കാലടി
162	കരിയാത്തൻതോറ്റം	2016	മഹാരാജാസ് എറണാകുളം
163	ജ്യൂതപ്പാട്ട് - മാള പള്ളിയുടെ പാട്ട്	2016	മഹാരാജാസ് എറണാകുളം
164	കൃഷിപ്പാട്ട്	2016	മഹാരാജാസ് എറണാകുളം

165	പൂരപ്രബന്ധം	2016	മഹാരാജാസ് എറണാകുളം
166	പാക്കനാർ	2016	മഹാരാജാസ് എറണാകുളം
167	കവിരാമായണം	2016	മഹാരാജാസ് എറണാകുളം
168	പൊട്ടൻ തെയ്യത്തിന്റെ തോറ്റം	2003	കാലടി
169	കൈകൊട്ടിക്കളിപ്പാട്ട്	2003	കാലടി
170	ഹരിനാമകീർത്തനം	1999	കാലിക്കറ്റ്
171	ഉദയംപേരൂർ സൂനഹദോസ് - കാനോനകൾ	2003	കാലടി
172	ചീരപ്പാട്ട്	2009	കാലടി
173	ഘനസംഘം	2014	കാലടി
174	തലശ്ശേരി രേഖകൾ	2001	കണ്ണൂർ
175	തിരുവല്ല ചെപ്പേട്	2009	കണ്ണൂർ
176	ആറന്മുളവിലാസം ഹംസപ്പാട്ട് ഒന്നാംപടലം നെടുമ്പയിൽ കൊച്ചുകൃഷ്ണനാശാൻ	2016	സെൻട്രൽ
177	തരിസാപ്പള്ളി ശാസനം	2007	കേരള
178	മച്ചാട്ട് ഇളയതിന്റെ കൃതികൾ (ശാകുന്തളത്തിലെ ഒന്നും രണ്ടും വൃത്തം)	1977	കേരള
179	ജ്ഞാനപ്പാന	1982	കേരള
180	ഇരവിക്കുട്ടിപ്പിള്ളപ്പോര്	1977	കേരള
181	ജ്ഞാനമുത്തുമാല		കേരള
182	ത്രിപുരദഹനം പറയൻതുള്ളൽ - കുഞ്ചൻനമ്പ്യാർ	1982	കേരള
183	മൂവോട്ടമല്ലൻകഥ (തെക്കൻപാട്ടുകൾ)	1992	കേരള
184	പതിനാലുവൃത്തം	1982	കേരള
185	ഉദയംപേരൂർ കാനോനകൾ	1989	കേരള
186	തിരുവർകാട്ടുഭഗവതി തോറ്റം	1989	കേരള
187	നീലിക്കഥ (തെക്കൻപാട്ട്)	1999	കേരള
188	വലിയതമ്പികുഞ്ഞുതമ്പികഥ	2016	കേരള
189	വ്യാസോല്പത്തി വഞ്ചിപ്പാട്ട്	2016	കേരള
190	മാർഗം കളിപ്പാട്ടുകൾ	2016	കേരള
191	മാപ്പിളരാമായണവും നാടൻപാട്ടുകളും	2016	കേരള

3.

പട്ടിക 14
പ്രാചീന മധ്യകാല സാഹിത്യം- സഹായകഗ്രന്ഥങ്ങൾ
(1984 മുതലാണ് ഈ പേപ്പറിൽ റഫറൻസ് കാണുന്നത്)

ക്രമ. നം.	കൃതിയും കർത്താവും	വർഷം	സർവ്വകലാ ശാല
1	പദ്യരത്നം - പി.കെ.നാരായണപിള്ള	1989	കേരള
2	മലയാള സന്ദേശകാവ്യങ്ങൾ ഒരുപഠനം ഡോ.ചമ്പക്കുളം അപ്പുക്കുട്ടൻനായർ	1989	കേരള
3	മധ്യകാല മലയാളം - ഡോ.പി.വി.വേലായുധൻപിള്ള	1989	കേരള
4	ഭാഷാകൗടലീയം (അവതാരിക) - ഡോ.കെ.എൻ. എഴുത്തച്ഛൻ	1989	കേരള
5	കണ്ണശ്ശന്മാരും എഴുത്തച്ഛനും - കെ.ഇ.നാരായണപിള്ള	1989	കേരള
6	മണിപ്രവാളകവിത, ഡോ.പി.വി.വേലായുധൻപിള്ള	1989	കേരള
7	Early Manipravalam – A study Dr.K.Ramachandran Nair	1989	കേരള
8	Language of Middle Malayalam - Dr.Puthussery Ramachandran	1989	കേരള
9	Malayalam Poetic with special Reference to Krishagatha Dr.T.Baskaran	1990	കേരള
10	തിരുനിഴൽമാല - ഡോ.എം.എം.പുരുഷോത്തമൻ നായർ	1989	കേരള
11	ഗാഥ- ഡോ.എൻ.മുകുന്ദൻ	1989	കേരള
12	പ്രഭാതസാഹിതി - ഡോ. ഭാസ്കരൻ	1993	കേരള
13	ഉണ്ണുനീലിസന്ദേശം—ചരിത്രദൃഷ്ടിയിൽക്കൂടി - ഇളംകുളം	1993	കേരള
14	നീലകണ്ഠകവിയും അദ്ദേഹത്തിന്റെ ഭാഷാചമ്പുക്കളും ഒരു പഠനം - ഡോ.ടി.ജി. രാമചന്ദ്രൻപിള്ള	1998	കേരള
15	കേരള ഭാഷാചരിത്രം എഴുത്തച്ഛൻവരെ -ഡോ കെ.രത്നമ്മ	1999	കേരള
16	Early Inscriptional Malayalam - ഡോ.കെ.രത്നമ്മ	1999	കേരള
17	കൈരളിയുടെ കഥ. - എൻ.കൃഷ്ണപിള്ള	1999	കേരള
18	മലയാളകവിതാസാഹിത്യചരിത്രം	1999	കേരള
19	ഭാഷാചമ്പുക്കൾ - ഉള്ളൂർ	1987	എം.ജി.
20	ഭാഷാരാമായണം ചമ്പു - അവതാരിക ശൂരനാട്ട് കുഞ്ഞൻപിള്ള	1987	എം.ജി.
21	വിജ്ഞാനദീപിക - 4 ഭാഗങ്ങൾ - ഉള്ളൂർ	1987	എം.ജി.
22	കൂത്തും കൂടിയാട്ടവും - അമ്മാവൻ തമ്പുരാൻ	1987	എം.ജി.
23	സാഹിത്യമഞ്ജൂഷിക- വടക്കുംകൂർ	1987	എം.ജി.
24	ഉണ്ണുനീലിസന്ദേശം- അവതാരിക- ശൂരനാട്ട് കുഞ്ഞൻപിള്ള	1987	എം.ജി.

25	പഞ്ചാനന്റെ വിമർശനത്രയം - പി.കെ.നാരായണപിള്ള	1984	എം.ജി.
26	ബല്ലാഡ്സ് ഓഫ്നോർത്ത് മലബാർ ഡോ.സി.അച്യുതമേനോൻ	1984	എം.ജി.
27	പ്രസ്ഥാന സപ്തകം - പി.വി.കൃഷ്ണൻനായർ	1992	എം.ജി.
28	ചെന്തമിഴ്മുത്തുകൾ - ആമുഖങ്ങൾ	1994	എം.ജി.
29	The eight Anthologies - John Raiston	1994	എം.ജി.
30	Poems of Love and war - A.K. ramanujan	1994	എം.ജി.
31	Ramacharitam and the study of Early Malayalam Literature – K.M. George	1994	എം.ജി.
32	രാമചരിതം - ഒരു വിമർശനാത്മക പഠനം - ഡോ.പി.വി. കൃഷ്ണൻ നായർ	1994	എം.ജി.
33	തൊൽകാപ്പിയം - മലയാളവിവർത്തനം എം.ഇളയപെരുമാൾ. (എഡി.) ജി സുബ്രഹ്മണ്യപിള്ള	1994	എം.ജി.
34	രാമചരിതത്തിൽനിന്ന് മഹാഭാരതത്തിലേക്ക് - എം.എം. പുരുഷോത്തമൻനായർ	1992	കാലിക്കറ്റ്
35	രാമചരിതവും പാട്ടുമാതൃകകളും - എം.എം.പുരുഷോത്തമൻനായർ	2001	കാലിക്കറ്റ്
36	വടക്കൻപാട്ടുകളുടെ പണിയാല - എം.ആർ രാഘവവാരിയർ	1992	കാലിക്കറ്റ്
37	കുഞ്ചൻനമ്പ്യാരും അദ്ദേഹത്തിന്റെ തുള്ളൽകൃതികളും - ഡോ.വി.എസ്. ശർമ്മ	1984	കേരള
38	ഇരവിക്കുട്ടിപ്പിള്ളപ്പോര് ഒരുപഠനം -തിക്കുറിശ്ശി	1997	കാലിക്കറ്റ്
39	തെയ്യവും തോറ്റം പാട്ടും -രാഘവൻ പയ്യനാട്	1997	കാലിക്കറ്റ്
40	തോറ്റംപാട്ടുകൾ ഒരുപഠനം - എം.വി.വിഷ്ണനമൂതിരി	1997	കാലിക്കറ്റ്
41	ലീലാതിലകം - ശില്പം ഒന്ന്	1992	കാലിക്കറ്റ്
42	മുത്തും പവിഴവും - കെ.എൻ.എഴുത്തച്ഛൻ	1992	കാലിക്കറ്റ്
43	സന്ദേശ കാവ്യങ്ങൾ ഒരു പഠനം - ചമ്പക്കുളം അപ്പുക്കുട്ടൻ നായർ	1992	കാലിക്കറ്റ്
44	ഭാഷയും സാഹിത്യവും നൂറ്റാണ്ടുകളിൽ - ഇളംകുളം	1992	കാലിക്കറ്റ്
45	മണിപ്രവാളകവിത - പി.വി. വേലായുധൻപിള്ള	1997	കാലിക്കറ്റ്
46	മണിപ്രവാള ലഘുകാവ്യങ്ങൾ - ചാത്തനാത്ത് അച്യുതനുണ്ണി	2008	കാലിക്കറ്റ്
47	കഥകളിരംഗം - കെ.പി.എസ് മേനോൻ	1992	കാലിക്കറ്റ്
48	കഥകളിനിരൂപണം - അമ്പലപ്പുഴ രാമവർമ്മ	1992	കാലിക്കറ്റ്
49	നളചരിതം സന്ദേശം - അയ്മനം കൃഷ്ണകൈമൾ	1992	കാലിക്കറ്റ്
50	നളകഥ മലയാളത്തിൽ - വി.പ്രസന്നമതി	1992	കാലിക്കറ്റ്
51	നളചരിതംആട്ടപ്രകാരം- കലാമണ്ഡലം കൃഷ്ണൻനായർ	1992	കാലിക്കറ്റ്
52	തെക്കൻ ചിട്ടയിലുള്ള കഥകളി - അഭ്യാസക്രമത്തിൽ- ചെങ്ങന്നൂർ രാമൻപിള്ള	1992	കാലിക്കറ്റ്

53	കഥകളി - വി. രാമകൃഷ്ണപിള്ള	1992	കാലിക്കറ്റ്
54	പ്രാചീനഭാഷാഗദ്യമാതൃകകൾ - ഡോ.എം.എം. പുരുഷോത്തമൻനായർ	2008	കാലിക്കറ്റ്
55	ആട്ടക്കഥ- അയ്മനം കൃഷ്ണകൈമൾ	2008	കാലിക്കറ്റ്
56	കഥകളി- ജി.രാമകൃഷ്ണപിള്ള	1984	കേരള
57	കേരളഭാഷയുടെ വികാസപരിണാമങ്ങൾ - ഇളംകുളം	1992	കാലിക്കറ്റ്
58	മലയാളസാഹിത്യവും ക്രിസ്ത്യാനികളും - പി.ജെ.തോമസ്	1984	കേരള
59	മിഷനറിഗദ്യമാതൃകകൾ - സ്കറിയ സക്കറിയ	1992	കാലിക്കറ്റ്
60	വർത്തമാന പുസ്തകത്തിന് അവതാരിക - ചാത്തനാത്ത് അച്യുതനുണ്ണി, സാമുവൽ ചന്ദനപ്പിള്ളി	1992	കാലിക്കറ്റ്
61	ഗാഥയും കിളിപ്പാട്ടും ഡോ.എൻ. മുകുന്ദൻ	1992	കാലിക്കറ്റ്
62	തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ - എൻ.കൃഷ്ണപിള്ള	1992	കാലിക്കറ്റ്
63	എഴുത്തച്ഛന്റെ കല , പി.കെ. ബാലകൃഷ്ണൻ	2001	കാലിക്കറ്റ്
64	Ezhuthachan and his age chelanat Achutha Menon	1984	കേരള
65	കോകസന്ദേശം വ്യാഖ്യാനം ചാത്തനാത്ത് അച്യുതനുണ്ണി	2010	കാലിക്കറ്റ്
66	നിരണം പാട്ടുകൾ- ദേശമംഗലം	2010	കാലിക്കറ്റ്
67	വാക്കും സമൂഹവും - കെ.എൻ.ഗണേശ്	2010	കാലിക്കറ്റ്
68	കഥകളി വിജ്ഞാനകോശം - അയ്മനം കൃഷ്ണ കൈമൾ	2010	കാലിക്കറ്റ്
69	മലയാളഭാഷാപരിണാമം—സിദ്ധാന്തങ്ങളും വസ്തുതകളും	2010	കാലിക്കറ്റ്
70	മിഷനറി മലയാള ഗദ്യമാതൃകകൾ - സാമുവൽ ചന്ദനപ്പിള്ളി	1984	കേരള
71	ഭാരതീയസാഹിത്യചരിത്രം - കെ.എം.ജോർജ്ജ്	1984	കാലിക്കറ്റ്
72	Language of Middle Malayalam - Puthussery Ramachandran	1984	
73	മലയാളം മാറ്റവും വളർച്ചയും - ഡോ.കെ.എം. പ്രഭാകരവാരിയർ	2014	കാലിക്കറ്റ്
74	ഭാഷാപഠനങ്ങൾ - സി.എൽ.ആന്റണി	2014	കാലിക്കറ്റ്
75	കേരളചരിത്രത്തിലെ അടിസ്ഥാനരേഖകൾ - പുതുശ്ശേരി രാമചന്ദ്രൻ	2014	കാലിക്കറ്റ്
76	പൂർവ്വകേരളഭാഷ - കെ.എം. പ്രഭാകരവാരിയർ	2014	കാലിക്കറ്റ്
77	മലയാള ഭാഷാചരിത്രം—എഴുത്തച്ഛൻവരെ - ഡോ.കെ.രത്നമ്മ	2014	കാലിക്കറ്റ്
78	മലയാള ഭാഷയുടെ അടിവേരുകൾ - ജി.കമലമ്മ	2014	കാലിക്കറ്റ്
79	മലയാള പത്രപ്രവർത്തനം- 19-ാം നൂറ്റാണ്ടിൽ - എൻ.സാം	2014	കാലിക്കറ്റ്
80	കേരളഭാഷാഗാനങ്ങൾ - ചിറക്കൽ ടി ബാലകൃഷ്ണൻനായർ	2014	കാലിക്കറ്റ്
81	കേരളഭാഷാഗാനങ്ങൾ- വി.ആനന്ദക്കുട്ടൻ	2014	കാലിക്കറ്റ്
82	അകം കവിതകൾ - വിവർത്തനം - എൻ.വി.കൃഷ്ണവാരിയർ	2014	കാലിക്കറ്റ്

83	നിരണം കവികൾ - എം.കൃഷ്ണൻ നമ്പൂതിരി	2014	കാലിക്കറ്റ്
84	തമിഴ് സംഘകാല കവിതകൾ - മലയത്ത് അപ്പുണ്ണി	2014	കാലിക്കറ്റ്
85	കാമപൂജ - കെ.ടി.രാമവർമ്മ	2014	കാലിക്കറ്റ്
86	അമ്മവഴി കേരളം - എം.ആർ. രാഘവവാരിയർ	2012	എം.ജി.
87	വെള്ളയുടെ ചരിത്രം - എൻ.എം. നമ്പൂതിരി	2012	എം.ജി.
88	പാഠവും പഠനവും - എൻ.ആർ. ഗോപിനാഥൻപിള്ള	2012	എം.ജി.
89	ആലത്തൂർ മണിപ്രവാളം കോട്ടക്കൽ ആര്യവൈദ്യശാല	2012	എം.ജി.
90	നമ്പ്യാർ തമിഴ് - പി.കെ. സുമതിക്കുട്ടി	2012	എം.ജി.
91	മന്ത്രാങ്കം - പി.കെ. നാരായണൻനമ്പ്യാർ	2012	എം.ജി.
92	ഫോക് ലോർ -രാഘവൻ പയ്യനാട്	2012	എം.ജി.
93	ഫോക്‌ലോറിനൊരു പഠനപദ്ധതി - രാഘവൻ പയ്യനാട്	2012	എം.ജി.
94	Of Many Heros: An Indian essay in Indian Literary Historiography G.N. Devy	2012	എം.ജി.
95	A Linguistic study of Early Manipravalam -K.Ratnamma	2012	എം.ജി.
96	നമ്മുടെ ഭാഷ- ഇ.എം.എസ്.	2012	എം.ജി.
97	മാപ്പിള മലയാളം, കെ.ഒ.ഷംസുദ്ദീൻ	2012	എം.ജി.
98	ചർച്ചയും പൂരണവും - മലയാള സാഹിത്യവും ക്രിസ്ത്യാനികളും - സ്റ്റീരിയ സക്കറിയ	2012	എം.ജി.
99	കേരളവർമ്മയും മലയാളഗദ്യവും - കേരളവർമ്മ	2012	എം.ജി.
100	സന്ദേശത്തിന്റെ സംസ്കാരപാഠങ്ങൾ - കെ.വി.ദിലീപ്കുമാർ	2012	എം.ജി.
101	വ്യാകരണത്തിന്റെ രാഷ്ട്രീയം- കേരളീയതാബോധത്തിന്റെ വേരുകളെക്കുറിച്ച് ഒരന്വേഷണം -എം.ആർ രാഘവവാരിയർ	2016	മഹാരാജാസ് എറണാകുളം
102	മാമാങ്കം രേഖകൾ- എൻ.എം. നമ്പൂതിരി	2016	മഹാരാജാസ് എറണാകുളം
103	സാമൂതിരി ചരിത്രത്തിലെ കാണാപ്പുറങ്ങൾ - എൻ.എം.നമ്പൂതിരി	2016	മഹാരാജാസ് എറണാകുളം
104	മലയാളം തായ്‌വേരുകൾ പുതുനാമ്പുകൾ - പി.എം.ഗിരീഷ്, സി.ജി. രാജേന്ദ്രബാബു	2012	എം.ജി.
105	തച്ചോളി പാട്ടുകൾ - (എഡി.) പി.ആന്റണി	2003	കാലടി
106	ചെറുശ്ശേരി - വി.ആർ.പ്രബോധചന്ദ്രൻ	2003	കാലടി
107	എഴുത്തച്ഛന്റെ കല- പി.കെ. ബാലകൃഷ്ണൻ	2003	കാലടി
108	പാട്ടുപ്രസ്ഥാനം പ്രതിരോധവും സമന്വയവും - എസ്. രാജശേഖരൻ	2003	കാലടി
109	മലയാള ഭാഷയും സാഹിത്യവും - എസ്. രാജശേഖരൻ	2003	കാലടി
110	സംസ്കാരപഠനം- ചരിത്രം, സിദ്ധാന്തം, പ്രയോഗം	2014	കാലടി

111	വളരുന്ന കൈരളി- കെ.എം. ജോർജ്ജ്	2001	കണ്ണൂർ
112	ചന്തുമേനോൻ ഒരുപഠനം - പി.കെ.ബാലകൃഷ്ണൻ	2004	കണ്ണൂർ
113	ഖണ്ഡകാവ്യ പ്രസ്ഥാനം - എം.പി.അപ്പൻ	2004	കണ്ണൂർ
114	പൂന്താന സർവ്വസ്വം - ഡോ.വി.എസ്.ശർമ്മ	2016	സെൻട്രൽ
115	ഭക്തിപ്രസ്ഥാനം മലയാള കവിതയിലൂടെ - കൊളാടി ഗോവിന്ദൻകുട്ടി	2016	സെൻട്രൽ
116	മധ്യകാലമലയാള കവിതയിലെ നായക സങ്കല്പം - കെ.വി. ദിലീപ് കുമാർ	2016	സെൻട്രൽ
117	കഥാഗാനങ്ങളുടെ ലോകം- പ്രൊഫ.പദ്മകുമാരി	2016	സെൻട്രൽ
118	പഴയതേൻ- എസ്.കെ. വസന്തൻ	2016	മലയാളം
119	നമ്പ്യാരും തുള്ളൽ സാഹിത്യവും - ഏവൂർ പരമേശ്വരൻ	1984	കേരള
120	കഥകളി- ജി.കൃഷ്ണപിള്ള	1984	കേരള
121	രണ്ടുപ്രാചീന ഗദ്യകൃതികൾ - സ്കറിയ സക്കറിയ	1984	കേരള
122	എഴുത്തച്ഛനും വ്യാസഭാരതവും - പി.കെ.ബാലകൃഷ്ണൻ	1984	കേരള
123	സന്ദേശകാവ്യങ്ങൾ ഒരുപഠനം -അപ്പുക്കുട്ടൻ നായർ	1986	അലിഗഢ്
124	തോറ്റം പാട്ടുകൾ - എം.വി. വിഷ്ണുനമ്പൂതിരി	1990	കേരള
125	മലയാളഭാഷാപരിണാമം- സിദ്ധാന്തങ്ങളും വസ്തുതകളും -തിരുനല്ലൂർ	2008	കേരള
126	പൂർവ്വകേരളഭാഷ -കെ.എം.പ്രഭാകരവാരിയർ	2008	മധുര
127	തുഞ്ചൻ പ്രബന്ധങ്ങൾ - സാഹിത്യഅക്കാദമി	2003	കേരള
128	നൈഷധവും നളചരിതം ആട്ടക്കഥയും -പന്മന	2003	കേരള
129	തെയ്യവും തോറ്റവും - രാഘവൻ പയ്യനാട്	2003	കേരള
130	അദ്ധ്യാത്മ രാമായണം കിളിപ്പാട്ട് —ഒരുപഠനം- ഡോ.കെ.എൻ. എഴുത്തച്ഛൻ	2003	കേരള
131	നമ്പ്യാരും തുള്ളൽ സാഹിത്യവും - ഏവൂർ പരമേശ്വരൻ	1984	കേരള
132	കുഞ്ചൻ നമ്പ്യാരുടെ തുള്ളൽ കൃതികൾ - സാഹിത്യഅക്കാദമി	1992	കേരള
133	എഴുത്തച്ഛൻ - ഡോ.കെ.രാഘവൻപിള്ള	1992	കേരള
134	കുഞ്ചൻ നമ്പ്യാർ - വാക്കും സമൂഹവും - കെ.എൻ.ഗണേശ്	2017	കേരള
135	അറബി മലയാള സാഹിത്യപഠനം - ടി.മൻസൂറലി	2014	കാലിക്കറ്റ്
136	അറബി മലയാളം - സബീനാറാഫി	2014	കാലിക്കറ്റ്
137	മാപ്പിള ഫോക്‌ലോർ - ബി.മുഹമ്മദ് അഹമ്മദ്	2014	കാലടി
138	മാപ്പിള രാമായണം - അസീസ് തരുവണ	2014	കാലടി
139	കുറിമാനം - എം.എൻ.കാരശ്ശേരി	2012	കാലടി

അദ്ധ്യായം 4

വ്യാകരണ–വൃത്ത-അലങ്കാര പഠനം

പതിനാലാം നൂറ്റാണ്ടിൽ സംസ്കൃതഭാഷയിൽ എഴുതിയ ലീലാതിലകം എന്ന മണിപ്രവാള ലക്ഷണകൃതിയോടെയാണ് മലയാളവ്യാകരണത്തിന്റെ ചരിത്രം ആരംഭിക്കുന്നത്. വരഞ്ഞതോ മൊഴിഞ്ഞതോ ആയ ഭാഷാനിർമ്മിതിയെ വിശകലനം ചെയ്യുമ്പോൾ വെളിവാകുന്ന യുക്തിയായി വ്യാകരണത്തെ മനസ്സിലാക്കാം. സംസ്കൃതവുമായും വിവിധ ദ്രാവിഡഭാഷകളുമായും യൂറോപ്യൻ ഭാഷകളുമായും കൊള്ളക്കൊടുക്കകൾ നടന്നാണ് മലയാളം വികസിച്ചത്. മലയാളഭാഷയിലെ കൃതികളിലൊക്കെത്തന്നെ വ്യത്യസ്തധാരകളുടെ സ്വാധീനം കാണാം. എങ്കിലും ലീലാതിലകം മുതൽ മുന്നിട്ടുനില്ക്കുന്നത് സംസ്കൃതസ്വാധീനം തന്നെ. ആഗമികവും അഭൃഹികവും ഉലനാത്മകവും ആയ ഭാഷാപഗ്രഥന സമീപനങ്ങൾ ഒറ്റയായും ഇടകലർന്നും വ്യാകരണകൃതികളുടെ ഉൽപത്തിക്ക് നിദാനമായിട്ടുണ്ട്. ഭാഷ്യങ്ങളും വിമർശനങ്ങളും ചേർന്ന് അവയെ സംവാദാത്മകമാക്കിയിട്ടുമുണ്ട്. വിവിധ അധീശവ്യവഹാരങ്ങളുടെ മേൽ-കീഴ് സംഘർഷങ്ങൾക്ക് വിധേയമായിത്തന്നെയാണ് വ്യാകരണ വൃത്താലങ്കാരപഠനങ്ങളും മുന്നോട്ടുപോവുന്നത്. ജ്ഞാനത്തെ സംബന്ധിച്ച സമകാലദർശനങ്ങൾ (എപ്പിസ്റ്റമോളജി) പ്രത്യക്ഷമായും പരോക്ഷമായും വ്യാകരണകൃതികളുടെ സൃഷ്ടിക്കും പുനഃസൃഷ്ടിക്കും കാരണമായിട്ടുണ്ട്. തെറ്റ് ശരിയാകുന്നതും ശരി തെറ്റാകുന്നതും ഈ ജ്ഞാനശാഖയെ സംബന്ധിച്ചിടത്തോളം പുതുമയുള്ളതല്ല. ഈ പ്രവണത ഈ ജ്ഞാനമേഖലയുടെ വിഷയത്തിനു മാത്രമല്ല ഈ ജ്ഞാനമേഖലയുടെ ചരിത്രത്തിനുകൂടി ബാധകമാണ്. വ്യാകരണത്തെ സംബന്ധിച്ചിടത്തോളം യൂറോപ്യൻ ഭാഷകൾക്ക് ലത്തീൻ എങ്ങനെയാണോ അതുപോലെയാണ് ഇന്ത്യൻ ഭാഷകൾക്ക് സംസ്കൃതം.

നൂറുവർഷം പിന്നിട്ട വ്യാകരണവൃത്താലങ്കാര പഠനത്തിന്റെ അടിസ്ഥാന പാഠപുസ്തകങ്ങൾ ലീലാതിലകം, കേരളപാണിനീയം, ഭാഷാഭ്രഷണം, വൃത്തമഞ്ജരി എന്നിവയാണ്. ഇവകൂടാതെ പലകാലങ്ങളായി കുറഞ്ഞകാലം പാഠപുസ്തകമായിരുന്നവയാണ് അപ്പൻ തമ്പുരാന്റെ ദ്രാവിഡവൃത്തങ്ങളും അവയുടെ ദശാപരിണാമങ്ങളും, ആറ്റൂർ കൃഷ്ണപിഷാരടിയുടെ ഭാഷാദർപ്പണം, എ.ഡി. ഹരിശർമ്മയുടെ നാടകദർപ്പണം, ശേഷഗിരി പ്രഭുവിന്റെ വ്യാകരണമിത്രം, ഗുണ്ടർട്ടിന്റെ മലയാളഭാഷാവ്യാകരണം, പി. കൃഷ്ണൻനായരുടെ

കാവ്യജീവിതവൃത്തി (ഒന്നും രണ്ടും ഭാഗങ്ങൾ), ഫാദർ ജോൺ കുന്നപ്പിള്ളിയുടെ ശബ്ദസൗഭഗം, കെ.എം. പ്രഭാകരവാരിയരുടെ മലയാളവ്യാകരണസമീക്ഷ, ഡോ.ടി. വി. മാത്യുവിന്റെ വൃത്തശാസ്ത്രം എന്നീ ഒമ്പതുകൃതികൾ. ഇവ കൂടാതെ ഇ.വി.എൻ. നമ്പൂതിരിയുടെ കേരളഭാഷാവ്യാകരണവും വാക്യഘടനയും, മാരാരുടെ മലയാളശൈലി, കെ.എം. പ്രഭാകരവാരിയരുടെ ഭാഷാവലോകനം, എ. ആറിന്റെ സാഹിത്യസാഹ്യം, ആർ.ഇ. ആഷറും ടി.സി. കുമാരിയും ചേർന്നെഴുതിയ മലയാളം എന്നീ കൃതികളുടെ പ്രസക്തഭാഗങ്ങൾ എന്നിവ പാഠ്യവസ്തുവായി നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട് (പട്ടിക - 15). നൂറ്റി എഴുപതിൽപരം പുസ്തകങ്ങൾ സഹായകഗ്രന്ഥങ്ങളായും വിവിധ സർവ്വകലാശാലകൾ നാളിതുവരെ നിർദ്ദേശിച്ചിട്ടുണ്ട് (പട്ടിക - 16).

4.1. ലീലാതിലകം

ഭാഷാവ്യാകരണത്തിൽ പോയറ്റിക്സും പൊളിറ്റിക്സും ചർച്ച ചെയ്യുന്ന ആദ്യകൃതിയെന്ന് സ്ഥിരീകരിക്കപ്പെട്ട ഈ കൃതി കണ്ടെടുത്ത് പ്രസിദ്ധീകരിക്കപ്പെടുന്നത് 1909 -ലാണ്. മലയാള വിവർത്തനത്തോടെ മുഴുവനായി പ്രസിദ്ധീകരിക്കുന്നത് 1917-ലും. 1896-ൽ പുറത്തുവന്ന കേരളപാണിനീയത്തിന്റെ രചനയ്ക്ക് എ.ആർ. ഈ കൃതിയെ അവലംബമാക്കിയതിൽനിന്നും ലീലാതിലകത്തിന്റെ താളിയോലപ്പതിപ്പ് അദ്ദേഹം വായിച്ചിരുന്നുവെന്നത് വ്യക്തമാണ്. ലീലാതിലകത്തിലെ ചില ഭാഷാസൂചനകളാണ് ആറു ഭാഷാനയങ്ങൾക്ക് അവലംബമെന്ന് എൻ.ആർ. ഗോപിനാഥപിള്ള വ്യക്തമാക്കുന്നു.[1] കേരളപാണിനീയത്തിന്റെ വിപുലീകരണാവശ്യത്തെ ത്വരിപ്പിച്ചതും വ്യാകരണപരമായ ഇരുത്തം കേരളപാണിനിക്കു നല്കിയതും ലീലാതിലകമാണെന്നും അതുകൊണ്ടാണ് കാൽഡ്വലിനെയും ഗുണ്ടർട്ടിനെയും പേരുപറഞ്ഞ് വിമർശിക്കുമ്പോഴും ലീലാതിലക ക്കാരനെ വെറുതെ വിടുന്നതെന്നും നടുവട്ടം ഗോപാലകൃഷ്ണൻ ചൂണ്ടിക്കാണിക്കുന്നു[2]. ഈ കൃതിയിലെ ഒന്നുമുതൽ മൂന്നുവരെ ശില്പങ്ങൾ വ്യാകരണപഠനത്തിനും നാലുമുതൽ ആറുവരെ ശില്പങ്ങൾ അലങ്കാരപഠനത്തിലുമാണ് സാമാന്യമായി പഠിക്കാൻ നിർദ്ദേശി ക്കുന്നത്. മലയാളവ്യാകരണം വിദേശികൾക്കു മുമ്പേ നാട്ടുകാർ രചിച്ചിരുന്നുവെന്നതിന്റെ അഭിമാനവും ദൃഷ്ടാന്തവുമാണ് ഈ കൃതി.

മലയാളഭാഷയുടെ തനതായ സവിശേഷതകൾ ആദ്യമായി എടുത്തുകാണിച്ച കൃതി എന്ന നിലയിൽ ലീലാതിലകത്തിന് സവിശേഷമായ പ്രാധാന്യമുണ്ട്. എ.ആറിന് കേരളപാണിനീയ പീഠികയെഴുതാനും ചരിത്രകാരന്മാർക്ക് ദേശചരിത്രം നിർമിച്ചെടു ക്കാനും ഈ കൃതി സഹായകമായിട്ടുണ്ട്.[3]

4.2. കേരളപാണിനീയം

നൂറ്റാണ്ടു പിന്നിടുമ്പോഴും പകരംവെക്കാൻ മറ്റൊന്നില്ലാത്ത ആധികാരികവും ആഗമികവും വിവരണാത്മകവുമായ ക്ലാസിക് കൃതിയാണ് കേരളപാണിനീയം.

ദക്ഷിണേന്ത്യൻ ഭാഷകളിൽ ഒരു തദ്ദേശീയൻ ആദ്യമായി നടത്തുന്ന വസ്തുനിഷ്ഠ പഠനം എന്നനിലയിൽ കേരളപാണിനീയത്തിന് അനന്യമായ പദവിയുണ്ടെന്ന് എൽ.വി. രാമസ്വാമി അയ്യർ പറയുന്നു. മലയാളത്തിനു തനതായ സംസ്കാരമില്ലെന്നും അതു പില്ക്കാല തമിഴിന്റെ 'അപഭ്രംശം' മാത്രമാണെന്നുമുള്ള അറിവുകെട്ട പ്രാദേശികവാദം പൊളിച്ചുവിട്ടതും കേരളപാണിനീയമാണെന്ന് എൽ.വി. രാമസ്വാമി അയ്യർ നിരീക്ഷിക്കുന്നു[4]. മലയാള ഭാഷാചരിത്രരചനയ്ക്ക് ശാസ്ത്രീയമായ അടിത്തറയിട്ടത് കേരളപാണിനീയമാണെന്ന് എസ്.വി. ഷൺമുഖവും കാൽഡ്വലിന്റെ താരതമ്യവ്യാകരണം പ്രയോജനപ്പെടുത്തിയ ആദ്യത്തെ ദ്രാവിഡവ്യാകരണമാണ് എ.ആറിന്റെ കേരള പാണിനീയമെന്ന് ടി.ബി. വേണുഗോപാലപ്പണിക്കരും നിരീക്ഷിക്കുന്നു (കേരളപാണിനീയവിജ്ഞാനം, 2017:10). അടിസ്ഥാനവ്യാകരണ സങ്കല്പങ്ങളിലെ നൂതനത്വം, വ്യാവസ്ഥീകരണ, വർഗീകരണങ്ങളിലെ മൗലികത്വം, അവതരണശൈലിയിലെ ആർജ്ജവം എന്നിവയിൽ മുമ്പും പിമ്പുംവന്ന വ്യാകരണങ്ങളെക്കാൾ മെച്ചപ്പെട്ട കൃതിയാണ് കേരളപാണിനീയമെന്ന് കെ.എം. പ്രഭാകരവാരിയരും അഭിപ്രായപ്പെടുന്നു (കേരളപാണിനീയവിജ്ഞാനം, 2017:12).

കേരളപാണിനീയത്തിന്റെ ഒന്നാം പതിപ്പ് 1896-ൽ പൂർത്തിയാക്കി 1898-ലാണ് എ.ആർ. രാജരാജവർമ്മ പ്രസിദ്ധീകരിക്കുന്നത്. ഹൈസ്കൂൾ ക്ലാസ്സിൽ അതുവരെ പഠിപ്പിച്ചിരുന്ന ഗാർത്തുവൈറ്റ് സായിപ്പിന്റെ വ്യാകരണമാണ് ഇത്തരമൊരു രചനയ്ക്കു പിന്നിലെ പ്രചോദനമെന്ന് എ.ആർ. പറയുന്നുണ്ട് (നോ. അദ്ധ്യായം 2, കുറിപ്പ് 3). പി.കെ.നാരായണപിള്ളയെന്ന സമർത്ഥനായ ശിഷ്യന്റെ അവതാരികയോടെ 1916-ൽ പൂർത്തിയാക്കി 1917-ലാണ് ആഗമികരീതിയിൽ പരിഷ്കരിച്ച കേരളപാണിനീയത്തിന്റെ രണ്ടാം പതിപ്പിറങ്ങുന്നത്. ഒന്നാം പതിപ്പിന്റെ രചനക്കുവേണ്ടി ഗ്രണ്ടർട്ടിന്റെ വ്യാകരണവും ഗാർത്തുവൈറ്റിന്റെ ചോദ്യോത്തരവും ജോർജ് മാത്തന്റെ മലയാഴ്മയുടെ വ്യാകരണവും കോവുണ്ണി നെടുങ്ങാടി, പാച്ചുമൂത്തത്, റവറണ്ട് പീറ്റ് എന്നിവരുടെ വ്യാകരണവും കേരളപാണിനി പരിശോധിച്ചിട്ടുണ്ട്. രണ്ടാം പതിപ്പിന് ലീലാതിലകം, ഗ്രണ്ടർട്ട്-കാൽഡ്വൽ എന്നിവരുടെ വ്യാകരണങ്ങൾ, കന്നട, തമിഴ്, തെലുങ്ക് വ്യാകരണങ്ങൾ എന്നിവയുമാണ് എ.ആർ. ആശ്രയിച്ചിരുന്നത്. ആദ്യത്തെ പതിപ്പ് ഹൈസ്കൂൾ വിദ്യാർത്ഥികളെ ഉദ്ദേശിച്ചും രണ്ടാം പതിപ്പ് ബി.എ. വിദ്യാർത്ഥികളെ ഉദ്ദേശിച്ചുമാണ് തയ്യാറാക്കിയത്. ബ്ലൂം ഫീൽഡിന്റെ വിവരണാത്മകവ്യാകരണത്തേക്കാൾ കേരളപാണിനീയത്തിനാണ് മേന്മ കൂടുതലെന്ന് ഇ.വി.എൻ.നമ്പൂതിരി നിരീക്ഷിക്കുന്നുണ്ട്[5]. മലയാളവ്യാകരണ ചരിത്രാന്വേഷണത്തിന്റെ പ്രോദ്ഘാടകനായി കേരളപാണിനിയെ എസ്.വി. ഷൺമുഖം അടയാളപ്പെടുത്തുന്നു[6]. ഭാഷയുടെ സർഗാത്മകതയെ കേരളപാണിനീയം ഉൾക്കൊള്ളുന്നുണ്ടെന്ന് കർത്തരി - കർമ്മണി വ്യാകരണ ചർച്ച തെളിയിക്കുന്നു. പീഠികകളിലും കാരികകളിലും അദ്ദേഹത്തിന്റെ സർഗാത്മകതയും കൂടുതലായി പ്രതിഫലിക്കുന്നു.

4.3.വൈദേശിക വ്യാകരണകൃതികൾ

വൈദേശിക വ്യാകരണങ്ങളുടെ തുടക്കം റോബർട്ട് ഡ്രമ്മണ്ടിന്റെ വ്യാകരണ കൃതിയിലാണ് (1748). പ്രസിദ്ധീകരണവർഷം നോക്കുമ്പോൾ മലയാളത്തിലെ ആദ്യത്തെ സമ്പൂർണ്ണ വ്യാകരണം ഗുണ്ടർട്ടിന്റെ മലയാളഭാഷാവ്യാകരണമാണ്. ഗുണ്ടർട്ടിനുമുമ്പ് ആഞ്ജലോ ഫ്രാൻസിസ്, റോബർട്ട് ഡ്രമ്മണ്ട്, എഫ്. സ്പ്രിംഗ്, ജോസഫ് പീറ്റ് എന്നിവരുടെ വ്യാകരണ കൃതികൾ പുറത്തുവന്നിരുന്നുവെങ്കിലും അവ സമഗ്രമല്ലാത്തതിനാൽ സമ്പൂർണ്ണ വ്യാകരണത്തിന്റെ പിരിധിയിൽപ്പെടുത്തിയിട്ടില്ല. റോബർട്ട് ഡ്രമ്മണ്ടിന്റെ 'Grammar of the Malayalam Language' ആണ് ഇംഗ്ലീഷിലെഴുതിയ ആദ്യത്തെ മലയാളവ്യാകരണം. 1799-ൽ ബോംബെയിലെ കുറിയർ പ്രസ്സിലാണ് ചതുരവടിവിലുള്ള അച്ചുകളിൽ ഇതച്ചടിച്ചത്. 1839-ൽ എഫ്. സ്പ്രിംഗ് Outlines of a Grammar of the Malayalam Language പ്രസിദ്ധീകരിച്ചു. ഇവയൊക്കെത്തന്നെ പാതിരിമാർ പാതിരിമാർക്കുവേണ്ടി മിഷണറി പ്രവർത്തനം ഫലപ്രദമാക്കുക എന്ന ലക്ഷ്യത്തെ മുൻനിർത്തി രചിച്ചവയാണ്. 1841-ൽ കോട്ടയം സി.എം.എ.സ്. പ്രസ്സിൽനിന്ന് പ്രസിദ്ധീകരിച്ചതാണ് ജോസഫ് പീറ്റിന്റെ Grammar of the Malayalam Language. 1854-ൽ രണ്ടാം പതിപ്പിറങ്ങിയ ഈ വ്യാകരണ കൃതി താരതമ്യേന അതുവരെയിറങ്ങിയതിനെക്കാൾ മികച്ചതാണ്.

4.3.1. ഗുണ്ടർട്ടിന്റെ മലയാളഭാഷാവ്യാകരണം

ശാസ്ത്രീയതകൊണ്ടും ദത്തങ്ങളുടെ വൈവിധ്യവൈപുല്യങ്ങൾകൊണ്ടും വ്യവഹാര ഭാഷാവിശേഷങ്ങൾ കൊണ്ടും ശ്രദ്ധേയവും അനന്യവുമാണ് 1851-ലെ ഈ വ്യാകരണകൃതി. 'മറ്റേതു ഭാരതീയഭാഷയ്ക്കും ലഭിച്ചിട്ടുള്ള ഏതു വ്യാകരണഗ്രന്ഥത്തിനും പുറകിലല്ല ഗുണ്ടർട്ടിന്റെ മലയാള ഭാഷാവ്യാകരണം' എന്ന് ബർണ്ണൻ അടിവരയിടുന്നു. വിദ്യാർത്ഥികൾക്കുവേണ്ടി ഗുണ്ടർട്ട് മലയാളവ്യാകരണ ചോദ്യോത്തരം എന്നൊരു കൃതിയും രചിച്ചു. ഈ കൃതി നവീകരിച്ചാണ് ഗാർത്തുവൈറ്റ് A catechism of Malayalam Grammar തയ്യാറാക്കുന്നത്. കൂടാതെ ഏറ്റവും താഴ്ന്ന ക്ലാസ്സുകളിലേക്കായി മലയാള വ്യാകരണസംഗ്രഹവും ഉണ്ടാക്കി.

4.4. ജോർജ്ജ് മാത്തന്റെ മലയാഴ്മയുടെ വ്യാകരണം

മലയാളഭാഷയ്ക്ക മലയാളത്തിൽ ആദ്യമായുണ്ടാക്കുന്ന വ്യാകരണകൃതിയാണിത്. ഗുണ്ടർട്ടിന്റെ വ്യാകരണം പ്രസിദ്ധീകരിക്കുന്നതിനുമുമ്പുതന്നെ ജോർജ്ജ് മാത്തന്റെ മലയാഴ്മയുടെ വ്യകരണം പൂർത്തിയായിരുന്നുവെങ്കിലും പ്രസിദ്ധീകരിച്ചത് 1863-ലാണ്. സംവൃതോകാരം ഒരു പ്രത്യേക സ്വരമാണെന്ന് നിരീക്ഷിക്കുന്ന ആദ്യത്തെ ഭാഷാവ്യാകരണ കർത്താവ് ജോർജ്ജ് മാത്തനാണ്. മലയാളത്തിന് തമിഴുമായുള്ള ബന്ധം ഉപഭാഷയായിരിക്കത്തക്കവിധം ശക്തമാണെന്ന ചരിത്രപ്രസക്തമായ നിരീക്ഷണത്തെ ഈ കൃതി ഉള്ളടക്കുന്നു. ടി.ബി. വേണുഗോപാലപ്പണിക്കർ, എൻ.ആർ. ഗോപിനാഥപിള്ള,

പ്രബോധചന്ദ്രൻ നായർ തുടങ്ങി നിരവധിപേർ ഈ വ്യാകരണകൃതിയുടെ പ്രാധാന്യം എടുത്തു പറഞ്ഞിട്ടുണ്ട് അപഗ്രഥനാത്മക സമീപനം പിന്തുടരുന്ന ഈ കൃതി മാറ്റങ്ങളുടെ കാര്യകാരണങ്ങളെ യുക്തിസഹമായി വിശദീകരിക്കാൻ ശ്രമിക്കുന്നു. ഗുണ്ടർട്ടിന്റെ വ്യാകരണകൃതിയിൽ അനുഭവപ്പെടുന്ന നിയമ കാർക്കശ്യം ഇതിലില്ല. കേരളപാണിനിപോലും വിട്ടുകളഞ്ഞ 'ചിഹ്നം' മലയാളത്തിൽ എങ്ങനെ പ്രായോഗികമാക്കാം എന്നു ചിന്തിച്ച വൈയാകരണൻ കൂടിയാണ് ജോർജ്ജ് മാത്തൻ[7].

4.5. ശേഷഗിരിപ്രഭുവിന്റെ വ്യാകരണമിത്രം

തലശ്ശേരിക്കാരനായ ശേഷഗിരിപ്രഭു കേരളപാണിനീയത്തിന് അനുപൂരകമായി 1922-ൽ രചിച്ചതാണ് വ്യാകരണമിത്രം. 'കേരളപാണിനീയത്തെ ആശ്രയിക്കാതെ ഒരു മലയാള വ്യാകരണഗ്രന്ഥം രചിക്കാൻ ഇടയുണ്ടെന്ന് വ്യാകരണമിത്രം വായിക്കുന്നതുവരെ ഞാൻ വിചാരിച്ചിരുന്നില്ല'- എന്ന് ഉള്ളൂർ 1919-ൽ വ്യാകരണമിത്രത്തിന് എഴുതിയ മുഖവുരയിൽ വ്യക്തമാക്കിയിട്ടുണ്ട്. കേരളപാണിനീയം ഒന്നാം പതിപ്പിനെ മുൻനിർത്തി ശേഷഗിരിപ്രഭു ഭാഷാപോഷിണിയുടെ പന്ത്രണ്ടു ലക്കങ്ങളിലായി (1989-1900) പ്രസിദ്ധീകരിച്ച വിമർശനമാണ് കേരളപാണിനീയവിമർശനം എന്ന വ്യാകരണകൃതി. കേരളപാണിനീയത്തിന്റെ രണ്ടാം പതിപ്പിലെ സന്ധിപ്രകരണത്തിൽ ഈ വിമർശനസ്വാധീനം കാണാം.

4.6 ഇതരവ്യാകരണ കൃതികൾ

വരാപ്പുഴ മെത്രാപ്പൊലീത്ത ആയിരുന്ന ഇറ്റലിക്കാരൻ ആഞ്ചലോസ് ഫ്രാൻസിസ് പതിനെട്ടാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ലത്തീൻ ഭാഷയിൽ വ്യകരണകൃതി രചിച്ചിട്ടുണ്ട്. സംസ്കൃത രീതി പിന്തുടർന്ന് അർണോസുപാതിരിയും അന്നത്തെ ഗ്രന്ഥഭാഷയ്ക്കു വ്യാകരണം രചിച്ചിട്ടുണ്ട്. ജോൺ കുന്നപ്പള്ളിയുടെ ശബ്ദസൗഭഗം വിവരണാത്മകമായ വ്യാകരണഗ്രന്ഥമാണ്. കേരളപാണിനീയത്തിനുമുമ്പ് പ്രസിദ്ധീകരിക്കപ്പെട്ട മറ്റു രണ്ടു വ്യാകരണങ്ങളാണ് പാച്ചു മൂത്തതിന്റെ കേരളഭാഷാവ്യാകരണവും (1877) കോവുണ്ണി നെടുങ്ങാടിയുടെ കേരളകൗമുദിയും (1878). 1874-ൽ കേരളകൗമുദിയുടെ രചന പൂർത്തിയായിരുന്നു. 388 കാരികകൾ ഇതിലുണ്ട്. സംസ്കൃതജന്യവാദം കൊണ്ട് പ്രശസ്തമായ കൃതിയാണ് കേരളകൗമുദി.

4.7. വ്യാകരണധർമ്മവും വ്യാകരണപഠനത്തിന്റെ ഉദ്ദേശ്യലക്ഷ്യവും

കേരള പാണിനിയുടെ അഭിപ്രായത്തിൽ വ്യാകരണത്തിന്റെ ധർമ്മങ്ങൾ ചുവടെ കൊടുത്തിരിക്കുന്നവയാണ്.[8]

i. ശരിതെറ്റുകൾ വിധിക്കുക

ii. പുതിയ ആശയങ്ങൾ ആവിഷ്കരിക്കാൻ തുണ നല്കുക.

iii. തറവാട്ടു മുതലുകൾ കെടുതൽ വരാതെ കാക്കുക

iv. ദുഃസ്വാതന്ത്ര്യത്താലുണ്ടാകുന്ന നിയമലംഘനം നിമിത്തം വ്യാകുലീഭാവം വരാതെ കാക്കുക.

നിയമലംഘനങ്ങൾ പിടികൂടി വിധിനടപ്പിലാക്കേണ്ട വൈയാകരണ ധർമ്മം പോലീസുകാരന്റെ തൊഴിലിനെ ഓർമ്മിപ്പിക്കുന്നുണ്ടെങ്കിലും ഭാഷയുടെ സർഗാത്മകതയ്ക്ക് കൊടുത്തിരിക്കുന്ന പിന്തുണ ശ്രദ്ധേയമാണ്. വ്യാകരണധർമ്മങ്ങളിൽ നിന്ന് ബിരുദാനന്തരബിരുദക്ലാസുകളിലെ വ്യാകരണപഠനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിലേക്കുള്ള സഞ്ചാരവും പരിണാമവും പരിശോധിക്കേണ്ടതുണ്ട്.

മലയാളം സർവ്വകലാശാല

1. മലയാളപാരമ്പര്യ വ്യാകരണ സമീപനങ്ങളുടെ രീതിയും സ്വഭാവവും മനസ്സിലാക്കുക.
2. ഭാഷാഘടനയുടെ സവിശേഷതകൾ പാരമ്പര്യവ്യാകരണം എപ്രകാരമാണ് നിർവ്വചിച്ചിരിക്കുന്നത് എന്ന് തിരിച്ചറിയുക.
3. വർത്തമാനകാല ഭാഷയുടെ സവിശേഷതകൾ ഈ നിരീക്ഷണങ്ങളോട് എത്രമാത്രം കടപ്പെടുന്നുവെന്നും എങ്ങനെയെല്ലാം മാറിനില്ക്കുന്നുവെന്നും പരിശോധിക്കുക.

സെൻട്രൽ, കാലിക്കറ്റ്, 2014, 2015, കണ്ണൂർ 2016

4. പാശ്ചാത്യവ്യാകരണപാരമ്പര്യത്തെയും ഭാരതീയ വ്യാകരണ പാരമ്പര്യത്തെയും സംബന്ധിച്ച് സാമാന്യമായ ധാരണയുണ്ടാക്കുക.
5. മലയാളത്തിലെ വ്യാകരണകൃതികൾ പരിചയപ്പെടുക.
6. മലയാളവ്യാകരണകൃതികളും അവയ്ക്കുണ്ടായിട്ടുള്ള വിമർശനങ്ങളും ചേർന്ന് കേരള പാണിനീയത്തെ മുഖ്യസ്ഥാനത്തു പ്രതിഷ്ഠിച്ചുകൊണ്ട് രൂപപ്പെട്ട വ്യാകരണ സംവാദത്തിൽ പങ്കുചേർന്ന് മലയാളഭാഷയുടെ വിവിധ തലങ്ങളെ സംബന്ധിച്ചുണ്ടായിട്ടുള്ള നിരീക്ഷണങ്ങളെ വിമർശനാത്മകമായി മനസ്സിലാക്കുക.

കേരള-2011

7. മലയാള വ്യാകരണ തത്ത്വങ്ങൾ ചരിത്രപരമായും വിവരണാത്മകമായും പഠനവിധേയമാക്കുക.
8. വ്യാകരണതത്ത്വങ്ങളുടെ രൂപീകരണത്തിന് ഇന്നത്തെ വ്യവഹാരരൂപങ്ങൾ പ്രയോജനപ്പെടുത്തുക.

കാലടി-2003

9. സാമ്പ്രദായികവൃത്തങ്ങളെ തിരിച്ചറിയാനും പുതിയ പരീക്ഷണങ്ങളെ സാമാന്യമായി മനസ്സിലാക്കാനുമുള്ള പ്രാപ്തി .

കാലടി-2014

10. മലയാളഭാഷയുടെ ഉല്പത്തി, ചരിത്രം, ഇതരഭാഷകളുമായുള്ള ബന്ധം, മലയാള വ്യാകരണം, വ്യാകരണ പഠനത്തിന്റെ ചരിത്രം എന്നിവയുടെ പഠനം.

11. കേരളപാണിനീയത്തെ മുൻനിർത്തി അതിനുമുമ്പും പിമ്പുമുള്ള വ്യാകരണ ചർച്ചകളും സമീപനങ്ങളും താരതമ്യാത്മകവും വിമർശനാത്മകവുമായി പഠിപ്പിക്കുക.
12. മലയാളഭാഷയുടെ ഘടന, ഘടകങ്ങൾ എന്നിവ വിശദമായി അപഗ്രഥിക്കുക.

കണ്ണൂർ-2013

13. കേരളപാണിനീയ പഠനം അടിസ്ഥാനമായി സ്വീകരിച്ചുകൊണ്ട് കേരളപാണിനീയത്തിന് മുമ്പും പിമ്പുമുള്ള വ്യാകരണകൃതികളെ സംബന്ധിച്ച സാമാന്യജ്ഞാനം.

കണ്ണൂർ, കാലിക്കറ്റ്-2014

14. വ്യാകരണകാര്യങ്ങളെ കൂടുതൽ ഉയർന്ന തലത്തിൽ വിശാലമായ ഒരു പരിപ്രേക്ഷ്യത്തിൽ മനസ്സിലാക്കാൻ സഹായിക്കുക.
15. പരമ്പരാഗത ഭാഷാപഗ്രഥന സമ്പ്രദായമെന്ന നിലയിൽ വ്യാകരണത്തിന്റെ രീതിയും സ്വഭാവവും മനസ്സിലാക്കുക.
16. പാശ്ചാത്യ, പൗരസ്ത്യ വ്യാകരണപാരമ്പര്യങ്ങളെ സാമാന്യമായി മനസ്സിലാക്കുക.
17. മലയാളത്തിലെ വ്യാകരണകൃതികളെ പരിചയപ്പെടുക.
18. മലയാള വ്യാകരണകൃതികളും അവയ്ക്കുണ്ടായ വിമർശനങ്ങളും ചേർന്ന് കേരളപാണിനീയത്തെ കേന്ദ്രമാക്കി സൃഷ്ടിച്ച വ്യാകരണസംവാദത്തെ അഭിമുഖീകരിച്ചുകൊണ്ട് മലയാളഭാഷയുടെ വിവിധതലങ്ങളെ സംബന്ധിച്ചുണ്ടായിട്ടുള്ള നിരീക്ഷണങ്ങളെ വിമർശനാത്മകമായി മനസ്സിലാക്കുക.

കാലിക്കറ്റ്

19. ലീലാതിലകത്തിനു ശേഷമുണ്ടായ വ്യാകരണകൃതികളുടെ സാമാന്യപരിചയവും വിമർശനാത്മക പഠനവും (1992)
20. കേരളപാണിനീയത്തെ മാനദണ്ഡമായെടുത്ത് അതിനുമുമ്പും പിമ്പുമുള്ള വ്യാകരണകൃതികളെ അവയുടെ രചനാലക്ഷ്യത്തെ മുൻനിർത്തി വിശകലനം ചെയ്യുക (2001)
21. ഭാമഹൻ മുതൽ അഭിനവ ഗുപ്തൻ വരെയുള്ള സംസ്കൃത സാഹിത്യചിന്തകരുടെ മൗലികമായ ചിന്തകളുടെ വെളിച്ചത്തിൽ ഭാഷാഭ്രഷണത്തിലെ അലങ്കാര, ഗുണ, ദോഷാദി പ്രതിപാദ്യവിഷയങ്ങളിൽ ഓരോന്നിനേയും വിമർശനബുദ്ധിയോടെ പഠിക്കുക. ഓരോന്നിന്റെയും പ്രഭവം കണ്ടെത്തുക. (2001)
22. താളശില്പം അഥവാ വൃത്തം കാവ്യഭാഷയുടെ അർത്ഥപ്രജനനശേഷിക്ക് സഹായകമാവുന്നതെങ്ങനെ എന്ന് മനസ്സിലാക്കുക. (2008)
23. വൃത്തം ഒരലങ്കാരമാണെന്ന മഹിമഭട്ടമതത്തിന്റെ ഔചിത്യം പരിചിന്തിക്കുക (2008)

കാലിക്കറ്റ്-2010

24. ഭാരതീയ (സംസ്കൃത) സാഹിത്യശാസ്ത്രം മലയാളത്തിൽ പകർന്നു കിട്ടിയിരുന്നതെങ്ങനെയെന്ന് മനസ്സിലാക്കുക.
25. ലീലാതിലകം, ഭാഷാഭൂഷണം എന്നിവയിലെ വിഷയ സ്വഭാവത്തിന്റെ സാമാന്യസ്വഭാവം വിമർശനദൃഷ്ടിയോടെ പരിശോധിക്കുക.
26. ഉപരിപഠനത്തിന്റെ പ്രേരണ സൃഷ്ടിക്കുക.
27. മലയാളത്തിലെ വ്യാകരണഗ്രന്ഥങ്ങളും വ്യാകരണപഠനങ്ങളും സമഗ്രവായനക്ക് വിധേയമാക്കി നവീനവ്യാകരണചിന്തകളുടെയും സിദ്ധാന്തങ്ങളുടെയും അടിസ്ഥാനത്തിൽ വിലയിരുത്തുവാനും വ്യാഖ്യാനിക്കാനുമുള്ള പ്രാപ്തി വിദ്യാർത്ഥികൾക്ക് നേടിക്കൊടുക്കുക.
28. വ്യാകരണസിദ്ധാന്തങ്ങളിൽ അവഗാഹമുണ്ടാക്കുക.
29. വ്യാകരണത്തിൽ വിശേഷപഠനത്തിനും ഗവേഷണത്തിനും അഭിരുചി വളർത്തുക.

എം.ജി-2012-2016

30. മലയാളഭാഷാവ്യാകരണ പഠനങ്ങളിലെ സിദ്ധാന്തങ്ങൾ മനസ്സിലാക്കുക.
31. വ്യാകരണസങ്കല്പങ്ങളെ വിമർശനാത്മകമായി വിലയിരുത്താൻ പ്രാപ്തിനേടുക.
32. ഭാഷാപ്രയോഗത്തിലെ വ്യാകരണബന്ധങ്ങളെ വിവരിക്കാൻ കഴിവുനേടുക.
33. സാഹിത്യനിരൂപണത്തിൽ വ്യാകരണപരമായ സമീപനത്തിന്റെ സ്ഥിതി സാധ്യതകൾ അന്വേഷിക്കാനും സവിശേഷ സാഹചര്യങ്ങളിൽ പ്രയോഗിക്കാനുമുള്ള ശേഷി.
34. വ്യാകരണരൂപങ്ങളുടെ പ്രയോഗത്തിലും ആർജ്ജിത ബോധത്തിലും ഉണ്ടായ പരിണാമം സൂക്ഷ്മമായി വിശകലനം ചെയ്യുക.
35. വ്യാകരണ പഠനരംഗത്ത് ഉണ്ടായിട്ടുള്ള സിദ്ധാന്തങ്ങളും ചിന്തകളും പരിചയപ്പെടുകയും അതുമലയാള വ്യാകരണ പഠനത്തിനുപയോഗിക്കുകയും ചെയ്യുക.
36. ഗവേഷണ പഠനങ്ങൾക്ക് പ്രചോദിപ്പിക്കുക.
37. ഇതര വ്യാകരണകൃതികളുമായി താരതമ്യം ചെയ്യും പുതിയ ഭാഷാരൂപങ്ങൾ ഉദാഹരണങ്ങളായെടുത്തും കാരികകളെ വിമർശനാത്മകമായി വിലയിരുത്തിയും പാരമ്പര്യപഠനരീതിയിൽ കേരളപാണിനീയത്തിനുള്ള പ്രാധാന്യം മനസിലാക്കുന്നതോടൊപ്പം വ്യാകരണസംബന്ധിയായ പുതിയ നിലപാടുകളും ഭാഷയിൽ സംഭവിച്ചിട്ടുള്ള പരിണാമങ്ങളും കൂടുതൽ പ്രാധാന്യത്തോടെ പഠിക്കുകയും ചെയ്യുക.

കേരള -2011-2016

38. മലയാളവ്യാകരണതത്ത്വങ്ങൾ ചരിത്രപരമായും വിവരണാത്മകമായും പഠനവിധേയമാക്കുക.

39. കേരളപാണിനീയം മുഖ്യാവലംബമെങ്കിലും ശേഷമുള്ള സംഭാവനകളും പരിഗണിക്കപ്പെടുക.
40. വ്യാകരണതത്ത്വങ്ങളുടെ രൂപീകരണത്തിന് ഇന്നത്തെ വ്യവഹാരരൂപങ്ങൾ പ്രയോജനപ്പെടുത്തുക.

ഭാഷ തെറ്റുകൂടാതെ പ്രയോഗിക്കാൻ കഴിയുക, ഭാഷയിലെ ശരി രൂപങ്ങളെ കോട്ടംതട്ടാതെ സംരക്ഷിക്കുക തുടങ്ങിയ ലക്ഷ്യങ്ങളൊന്നുംതന്നെ ഇന്ന് വ്യാകരണ പഠനത്തിനില്ലെന്ന് മുകളിൽ കൊടുത്ത ഉദ്ദേശ്യങ്ങളിൽനിന്നു വ്യക്തമാവുന്നു. 32, 33 ഉദ്ദേശ്യങ്ങൾ മാത്രമാണ് വ്യാകരണപഠനത്തിന് ഭാഷാപരമോ സാഹിത്യപരമോ ആയ പ്രയോഗശേഷി ലക്ഷ്യംവെക്കുന്നുള്ളൂ. ബാക്കിയെല്ലാം തന്നെ വ്യാകരണശാസ്ത്രപരമായ വേറിട്ടതോ ഒറ്റപ്പെട്ടതോ ആയ ജ്ഞാനാർജനത്തെ മാത്രം ലക്ഷ്യംവെക്കുന്നവയാണ്. ബിരുദാനന്തര തലത്തിലെ വിദ്യാർത്ഥി എന്തിനു വ്യാകരണം പഠിക്കണമെന്ന ചോദ്യത്തെ അഭിമുഖീകരിക്കാൻ മുകളിൽ കൊടുത്ത പാഠ്യപദ്ധതി ഉദ്ദേശ്യങ്ങൾക്കു കഴിയുന്നില്ല.

ഉദ്ദേശ്യലക്ഷ്യങ്ങളോ പഠനഫലങ്ങളോ പരാമർശിക്കാതെയാണ് ദീർഘകാലം വ്യാകരണപഠനം മുന്നോട്ടുപോയത്. പാഠ്യപദ്ധതിയുടെ അവിഭാജ്യഘടകമായി ഉദ്ദേശ്യലക്ഷ്യങ്ങൾ ഉന്നതവിദ്യാഭ്യാസമേഖലയിൽ പരിഗണിക്കപ്പെടുന്നില്ല. ഒരേകാലത്തെ വ്യത്യസ്ത കോഴ്സുകളിൽത്തന്നെ ഉദ്ദേശ്യലക്ഷ്യങ്ങൾ രേഖപ്പെടുത്തിയവയും അല്ലാത്തവയും കാണാം. എല്ലാം മൊഡ്യൂളുകൾക്കും ബാധകമായ ഉദ്ദേശ്യലക്ഷ്യങ്ങൾ കാണാതിരിക്കൽ, നല്കിയ ഉദ്ദേശ്യലക്ഷ്യത്തിനനുസരിച്ച് പാഠ്യവസ്തുവോ പഠനാനുഭവമോ ഇല്ലാതിരിക്കൽ എന്നിവയൊക്കെ ഈ പേപ്പറിന്റെ പാഠ്യപദ്ധതിയിൽ ദൃശ്യമാവുന്നു. പാഠപുസ്തകങ്ങളുടെ പേരുകൾ മാത്രം പരാമർശിക്കുന്ന പരമ്പരാഗത സിലബസിൽനിന്ന് വിശദമായ പാഠ്യവസ്തുനല്കി പാഠപുസ്തകങ്ങളും സഹായകഗ്രന്ഥങ്ങളും നല്കുന്ന രീതിയിലേക്ക് പൊതുവെ പാഠ്യപദ്ധതികൾ വികസിച്ചിട്ടുണ്ട്. എങ്കിലും രേഖീയവും ക്രമീകൃതവുമായല്ല അവയുടെ വികാസം. വൃത്തമഞ്ജരിയും ഭാഷാഭാഷണവും കേരളപാണിനീയവും കേന്ദ്രീകരിച്ചുകൊണ്ടുള്ള വ്യാകരണവൃത്താലങ്കാരപഠനം ബിരുദതലത്തിൽ നടന്നിരിക്കെ അവ അതുപോലെ ബിരുദാനന്തരതലത്തിൽ ആവർത്തിക്കുന്നതിന് യാതൊരുവിധ ന്യായീകരണങ്ങളും ഇല്ലെങ്കിലും വിവിധ സർവ്വകലാശാലകൾ ആ തെറ്റ് ആവർത്തിക്കുന്നിനാൽ പഠനം മുന്നോട്ടും പിന്നോട്ടുമായി ചലിക്കുകയാണ്. പാഠ്യപദ്ധതി സമീപനം, ഉള്ളടക്കം, മൂല്യനിർണ്ണയം തുടങ്ങിയവയെ സംബന്ധിച്ച് കേരളത്തിനകത്തെ സർവ്വകലാശാലകളും പുറത്തെ സർവ്വകലാശാലകളും തമ്മിൽ അന്തരമുണ്ട്. ബിരുദാനന്തരബിരുദതലത്തിലെ പഠനരീതി വിമർശനാത്മകവും താരതമ്യാത്മകവുമായാണ് വേണ്ടതെന്ന കാര്യത്തിൽ താത്ത്വികമായി യോജിക്കുന്നുണ്ടെങ്കിലും പലപ്പോഴും അത് ഉദ്ദേശ്യലക്ഷ്യങ്ങളിലോ അതല്ലെങ്കിൽ പാഠ്യവസ്തുവിലോ പ്രതിഫലിക്കുന്നില്ല. വ്യാകരണപഠനത്തിന്

ഉദ്ദേശ്യലക്ഷ്യങ്ങൾ നല്കുമ്പോഴും വൃത്താലങ്കാര പഠനത്തിന് അവ നല്കാറില്ല. വ്യാകരണം വിമർശനാത്മകമാക്കുമ്പോഴും വൃത്താലങ്കാര പഠനങ്ങൾ അതിൽ നിന്നൊഴിവാക്കിയിരുന്നു. ഇത്തരം അവ്യവസ്ഥകളിലൂടെ ക്രമരഹിതമായാണ് ഈ ജ്ഞാനമേഖലകളിലൂടെ പഠനം മുന്നോട്ടുപോവുന്നത്. വളരെ സൂക്ഷ്മവും ആഴത്തിലുമുള്ള പാഠ്യപദ്ധതികൾ ഉണ്ടാകുന്നുണ്ടെങ്കിലും അത് നിലനില്ക്കുകയോ വ്യാപിപ്പിക്കുകയോ ചെയ്യുന്നില്ല. വ്യാകരണ വൃത്താലങ്കാരങ്ങളുടെ പഠനം അവയുടെ പ്രയോഗശേഷിയിലേക്കോ നൈപുണിയിലേക്കോ വികസിക്കാതെ അറിവിന്റെയും ഗ്രഹണത്തിന്റെയും പരിമിതശേഷികളിൽ നിലകൊള്ളുന്നുവെന്നതാണ് മറ്റൊരു പരിമിതി. വൃത്താലങ്കാരസംബന്ധിയായ ചില ഐച്ഛിക പേപ്പറുകളിൽ (ദിലീപ്കുമാർ-കാലടി, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല) ആലാപനത്തിലൂടെ താളം തിരിച്ചറിഞ്ഞ് വൃത്തങ്ങൾ നിർണയിക്കാനുള്ള പ്രാപ്തി അഥവാ പ്രയോഗശേഷി ലക്ഷ്യമാക്കുന്നുണ്ടെങ്കിലും അവ കോർ പേപ്പറിലേക്ക് വ്യാപിക്കുന്നില്ല. ചുരുക്കത്തിൽ എ.ആർ. രാജരാജവർമ്മ കേരളപാണിനീയം, വൃത്തമഞ്ജരി, ഭാഷാഭ്രഷണം എന്നീ കൃതികൾ വഴി നിർമ്മിച്ച അടിത്തറയിൽനിന്ന് വിശാലമായപരിപ്രേക്ഷ്യത്തിലേക്ക് വികസിക്കുവാൻ പാഠ്യപദ്ധതികൾക്ക് സാമാന്യമായി കഴിയുന്നില്ല.

4.8. വ്യാകരണം, വൃത്തം, അലങ്കാരം - പാഠ്യപദ്ധതികൾ

4.8.1. മദ്രാസ് സർവ്വകലാശാല

1914 മുതലാരംഭിക്കുന്ന ബി.എ. (ഓണേഴ്സ്) അഥവാ എം.എ. മലയാളത്തിന്റെ കാലം മുതൽ തന്നെ വ്യാകരണവും അലങ്കാരവും പാഠ്യപദ്ധതിയുടെ ഭാഗമാണ്. എ.ആറിന്റെ കേരളപാണിനീയവും ഭാഷാഭ്രഷണവുമാണ് പാഠപുസ്തകമായി ഉൾപ്പെടുത്തിയിരുന്നത്. കേരളപാണിനീയത്തിന്റെ രണ്ടാം പതിപ്പ് 1916-17-ലാണ് പുറത്തുവരുന്നത് എന്നതിനാൽ ഒന്നാം പതിപ്പാണ് ആദ്യകാലത്ത് പാഠപുസ്തകമാക്കിയിരിക്കുക. പൗരസ്ത്യകാവ്യമീമാംസാകൃതികളോ വൃത്തപഠനമോ അന്നത്തെ പാഠ്യപദ്ധതിയിലുണ്ടായിരുന്നില്ല. പാഠപുസ്തകത്തെ പൂർണ്ണമായി ഉൾപ്പെടുത്തുകയല്ലാതെ പാഠ്യവസ്തുനിർദേശിക്കുകയോ, പുസ്തകങ്ങളെ പേപ്പറുകളനുസരിച്ച് വിഭജിക്കുകയോ സഹായകഗ്രന്ഥങ്ങൾ നല്കുകയോ ചെയ്യുമായിരുന്നില്ല.

ബി.എ. മലയാളം പാസ്കോഴ്സിൽ ആദ്യകാലത്ത് വ്യാകരണത്തിന് പാഠപുസ്തകങ്ങൾ നിർദേശിച്ചിരുന്നില്ല. ഭാഷാചരിത്രവും വ്യാകരണവും എന്ന പേപ്പറിന്റെ ഭാഗമായി പാഠ്യവസ്തുവായാണ് വ്യാകരണം വരുന്നത്. 1935-ൽ മലയാളം ഐച്ഛികമായി ബി.എ. ഓണേഴ്സ് വരുന്നതുമുതൽ വ്യാകരണം, വൃത്തം, അലങ്കാരം എന്നിവ ഒരു പേപ്പർ ആയി പഠനം വ്യവസ്ഥാപിതമാവുന്നു. 1935 മുതൽ കേരളസർവ്വകലാശാലക്കുകീഴിൽ പാഠ്യപദ്ധതി പരിഷ്കാരം വരുന്നു. മദ്രാസ്, കേരള പാഠ്യപദ്ധതികൾ വഴിപിരിയുന്ന ഘട്ടംവരെ ഈ നില തുടരുന്നു. അഞ്ചാമത്തെ പേപ്പറായാണ് വ്യാകരണം, വൃത്താലങ്കാര പഠനം

നിലനിന്നത്. 1935 മുതൽ ഈ പേപ്പറിൽ റഫറൻസ് പുസ്തകങ്ങളും ഉൾപ്പെടുത്തിയിരുന്നു (അനുബന്ധം, പുറം:43).

ഏഴ് കൃതികൾ പാഠപുസ്തകമായും രണ്ട് കൃതികൾ റഫറൻസായും ആണ് ഈ പേപ്പറിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 1935 മുതൽ 57 വരെ യാതൊരു ഭേദഗതിയും കൂടാതെ നിലനിന്ന പേപ്പറാണിത്. ആറ്റൂർ കൃഷ്ണപിഷാരടിയുടെ (വ്യാഖ്യാനം) ലീലാതിലകം, എ.ആർ. രാജരാജവർമ്മയുടെ കേരളപാണിനീയം, വൃത്തമഞ്ജരി, ഭാഷാഭൂഷണം അപ്പൻതമ്പുരാന്റെ ദ്രാവിഡവൃത്തങ്ങളും അവയുടെ ദശാപരിണാമങ്ങളും ആറ്റൂർ കൃഷ്ണപിഷാരടിയുടെ ഭാഷാദർപ്പണം എ.ഡി. ഹരിശർമ്മയുടെ നാടകപ്രവേശിക എന്നിവയാണ് ഈ പേപ്പറിൽ ഉൾപ്പെടുത്തിയ പാഠപുസ്തകങ്ങൾ.

എ.ആർ. രാജരാജവർമ്മയുടെ വ്യാകരണവൃത്താലങ്കാരകൃതികൾ പുറത്തുവന്നതുമുതൽ മലയാളഭാഷാസാഹിത്യത്തിന്റെ ബിരുദ, ബിരുദാനന്തരബിരുദ ക്ലാസുകളിൽ ഇന്നുവരെ അതുതന്നെയാണ് പാഠപുസ്തകം. ഈ പേപ്പറിൽ റഫറൻസിനായി നിർദേശിച്ചിരിക്കുന്ന രണ്ട് പുസ്തകങ്ങൾ പി.കെ. നാരായണപിള്ളയുടെ പ്രയോഗദീപികയും എ.ആർ. രാജരാജവർമ്മയുടെ മണിദീപികയുമാണ്.

കെ. ഗോദവർമ്മയുടെ കേരളഭാഷാവിജ്ഞാനീയം (1951), കെ.എം. ജോർജ്ജിന്റെ വളരുന്ന കൈരളി (1954), കുട്ടികൃഷ്ണമാരാരുടെ ഭാഷാവൃത്തങ്ങൾ (1955), വൃത്തശില്പം (1952), കോവുണ്ണിനെടുങ്ങാടിയുടെ കേരളകൗമുദി (1878), വെണ്ണിക്കുളം ഗോപാലക്കുറുപ്പിന്റെ കൈരളീകോശം (1902), ഐ.സി. ചാക്കോയുടെ പാണിനീയപ്രദ്യോതം, ജോർജ് മാത്തന്റെ മലയാഴ്മയുടെ വ്യാകരണം (1863), വൈക്കം പാച്ചുമൂത്തതിന്റെ കേരളഭാഷാവ്യാകരണം (1876), എൽ.എ. രവിവർമ്മയുടെ നവീനഭാഷാവ്യാകരണം (1938), വടക്കുംക്കൂർ രാജരാജവർമ്മയുടെ സാഹിതീസർവ്വസ്യം (1923), എം. ശേഷഗിരിപ്രഭുവിന്റെ വ്യാകരണമിത്രം (1922) എന്നിവ പാഠപുസ്തകങ്ങളായോ റഫറൻസായോ 1958 വരെ നിർദേശിക്കപ്പെട്ടിട്ടില്ല. വ്യാകരണകൃതികളെ വിമർശനാത്മകമായി സമീപിക്കാനോ താരതമ്യം ചെയ്യാനോ പാഠ്യപദ്ധതി ലക്ഷ്യം വെക്കുന്നില്ല. വ്യാകരണ വൃത്താലങ്കാരങ്ങളിൽ എ.ആർ. കൃതികളുടെ അപ്രമാദിത്വം ചോദ്യം ചെയ്യപ്പെടാതെ 1935-ൽ തുടങ്ങി വർത്തമാനകാലത്തും നിലനില്ക്കുന്നുവെന്നത് വസ്തുതയാണ്.

1959-ൽ മദ്രാസ് സർവ്വകലാശാലയുടെ പാഠ്യപദ്ധതിയിൽ വൃത്താലങ്കാരങ്ങളെ ഈ പേപ്പറിൽ നിന്ന് മോചിപ്പിച്ച് സാഹിത്യനിരൂപണത്തിന്റെ ഭാഗമാക്കിയും (പേപ്പർ - ഒന്ന് -സാഹിത്യനിരൂപണവും വൃത്താലങ്കാരവും) വ്യാകരണത്തെ ഭാഷാചരിത്രത്തിന്റെയും ഭാഷാശാസ്ത്രത്തിന്റെയും ഒപ്പമാക്കിയും (പേപ്പർ ആറ് - വ്യാകരണം, ഭാഷാചരിത്രം, ഭാഷാശാസ്ത്രം) പാഠ്യപദ്ധതി പരിഷ്കരിക്കുന്നുണ്ട്. വൃത്താലങ്കാരപഠനങ്ങൾ പാഠപുസ്തക കേന്ദ്രിതമല്ല. എ.ആറിന്റെ കൃതികളോ ഉള്ളടക്കമോ പാഠപുപസ്തകമാക്കുന്നതിനുപകരം

വൃത്തം, വൃത്തവും ഭാവവും, സംസ്കൃത ഭാഷാവൃത്തങ്ങൾ, പരിണാമം, അലങ്കാരം, ധ്വനി എന്നിങ്ങനെ പാഠ്യവസ്തുവാണ് നല്കിയിരിക്കുന്നത്. പാഠപുസ്തക കേന്ദ്രിതത്വത്തിൽ (Textbook centerdness) നിന്ന് ഉള്ളടക്കകേന്ദ്രിതത്വ (Content orientedness)ത്തിലേക്കുള്ള ഈ മാറ്റം പുരോഗമനപരമാണ്. ലീലാതിലകത്തെ 1970 വരെ മദ്രാസ് സർവ്വകലാശാലയുടെ പാഠ്യപദ്ധതിയിൽ കാണുന്നില്ല. എം. ശേഷഗിരിപ്രഭുവിന്റെ വ്യാകരണമിത്രം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധേയമാണ്.

മദ്രാസ് സർവ്വകലാശാല വിശദമായ പാഠ്യപദ്ധതി തയ്യാറാക്കിയിട്ടില്ല. പാഠപുസ്തകങ്ങളും റഫറൻസുകളും ലിസ്റ്റുചെയ്തിരിക്കുക മാത്രമാണ് ചെയ്തിരിക്കുന്നത് (സിലബസ് 2014-15). വ്യാകരണം ഒന്ന് രണ്ട് എന്നിങ്ങനെ രണ്ടു കോഴ്സുകളിലേക്ക് വ്യാപിച്ചിട്ടുണ്ട്. വ്യാകരണം ഒന്നിൽ പാഠപുസ്തകങ്ങളില്ല. തെരഞ്ഞെടുത്ത സഹായകഗ്രന്ഥങ്ങൾ (Selected Reference) എന്ന നിലയിൽ കേരളപാണിനീയം, വ്യാകരണമിത്രം, ശബ്ദസൗഭഗം, കൈരളീശബ്ദാനുശാസനം, ഭാഷാപഠനങ്ങൾ, വ്യാകരണവിവേകം, മലയാളവ്യാകരണ സമീക്ഷ എന്നിവ നല്കിയിരിക്കുന്നു. രണ്ടാം സെമസ്റ്ററിലെ വ്യാകരണം രണ്ടാം ഭാഗത്തിൽ ടെക്സ്റ്റ് ആൻഡ് റെഫറൻസ് എന്ന നിലയിൽ ഇതേ പുസ്തകങ്ങൾ ആവർത്തിച്ചിരിക്കുന്നു. പഠനലക്ഷ്യം പഠനരീതി, പഠനപരിധി, പാഠ്യവസ്തു എന്നിവ ഈ സിലബസിൽ നിന്ന് കൃത്യമായി തിരിച്ചറിയാൻ കഴിയില്ല.

4.8.2. കേരള സർവ്വകലാശാല

കേരളസർവ്വകലാശാലയിൽ 1959 മുതലുള്ള പാഠ്യപദ്ധതി വിലയിരുത്തുമ്പോൾ വ്യാകരണപഠനം എം.എ. ആദ്യവർഷത്തിൽ നാലാമത്തെ പേപ്പറായി - വ്യാകരണം, വൃത്തം, അലങ്കാരം എന്ന പരമ്പരാഗത രീതിയിൽതന്നെ തുടരുന്നതായി കാണാം (അനുബന്ധം, പുറം:82).എ.ആറിന്റെ കേരളപാണിനീയം, വൃത്തമഞ്ജരി, ഭാഷാഭൂഷണം എന്നിവയെയും ലീലാതിലകത്തെയും അടിസ്ഥാനമാക്കി അത് മാറ്റമില്ലാതെ നിലനില്ക്കുന്നു. റഫറൻസ് പുസ്തകങ്ങളിൽ ചില മാറ്റങ്ങൾ അഥവാ കൂട്ടിച്ചേർക്കലുകൾ കാണാം. നാരായണപിള്ളയുടെ പ്രയോഗദീപിക ഗ്രണ്ടർട്ടിന്റെ മലയാളവ്യാകരണം, ശേഷഗിരി പ്രഭുവിന്റെ വ്യാകരണമിത്രം. കോവുണ്ണിയുടെ കേരളകൗമുദി, വടക്കുംകൂറിന്റെ സാഹിതീസർവ്വസ്വം മാരാരുടെ വൃത്തശില്പം, പാച്ചുമൂത്തതിന്റെ മലയാളവ്യാകരണം, അപ്പൻ തമ്പുരാന്റെ ദ്രാവിഡ വൃത്തങ്ങളും ദശാപരിണാമവും പി. കൃഷ്ണൻനായരുടെ കാവ്യജീവിതവൃത്തി ഒന്നും രണ്ടും ഭാഗങ്ങൾ എന്നിവയാണ് ഇക്കാലയളവിലെ റഫറൻസുകൾ. വ്യാകരണവൃത്താലങ്കാരപഠനങ്ങൾ എ.ആർ. കൃതികളിൽ മാത്രം ഒതുങ്ങുന്നതിനാൽ എം.എ. പഠനത്തിനുയോജിച്ച വിമർശനാത്മക പഠനരീതിയുടെ സാദ്ധ്യതകൾ ഇല്ലാതാവുന്നു.

1977-ൽ കേരളസർവ്വകലാശാല വ്യാകരണത്തോടൊപ്പം ഭാഷാശാസ്ത്രവും ഭാഷാ ചരിത്രവുംകൂടി കൂട്ടിച്ചേർത്തുകൊണ്ട് മദ്രാസ് സർവ്വകലാശാലയുടെ ഘടനയിലേക്കുമാറുന്ന തുകാണാം (അനുബന്ധം, പുറം:97). അലങ്കാരവൃത്തപഠനം സാഹിത്യനിരൂപണം എന്ന ഒറ്റത്തലക്കെട്ടിലൊതുങ്ങുന്നതും 77-ലെ മാറ്റമാണ് സിലബസിൽ നിന്ന് പാഠ്യപദ്ധതി യിലേക്കുള്ള പരിവർത്തനത്തിന്റെ കാലംകൂടിയാണിത്. കേരളയിൽ വ്യാകരണത്തിന് ആദ്യമായി പാഠ്യപദ്ധതി വരുന്നത് 1977 മുതലാണ്. വർണം മുതൽ വാക്യം വരെ കേരളപാണിനീയത്തെ കേന്ദ്രീകരിച്ചാണ് ഉള്ളടക്കം തയ്യാറാക്കിയിരുന്നത്. വ്യാകരണ പാഠപുസ്തകങ്ങളുടെ എണ്ണം വ്യാകരണമിത്രവും ഗ്രണ്ടർട്ടിന്റെ മലയാളവ്യാകരണവും ഉൾപ്പെടുത്തിക്കൊണ്ട് നാലാവുന്നുണ്ട്. പത്തുപുസ്തകങ്ങൾ റഫറൻസായും നല്കിയിരിക്കുന്നു. 1978-ൽ വ്യാകരണമിത്രം ഒഴിവാക്കി പാഠപുസ്തകങ്ങളുടെ എണ്ണം മൂന്നിലേക്കും 84-ൽ ഗ്രണ്ടർട്ടിനെ ഒഴിവാക്കി രണ്ടെണ്ണത്തിലേക്കും ചുരുക്കുന്നു. റഫറൻസ് പുസ്തകങ്ങൾ 78-ൽ 14-ഉം, 84-ൽ 15-ഉം, 89-ൽ 17-ഉം, 1990-ൽ 18-ഉം, 1995-ൽ 20-ഉം, 1991-ൽ 21-ഉം ആകുന്നു. 1989-ൽ ടെക്സ്റ്റ്ബുക്കുകൾ ഇല്ലാതായെങ്കിലും 1990-ൽ പുനഃസ്ഥാപിക്കുന്നു. വ്യാകരണജ്ഞാനമേഖലയിൽ 1999-ലാണ് ഡോ. കെ. രത്നമ്മയിലൂടെ സഹായകഗ്ര ന്ഥങ്ങളിൽ വനിതാപ്രാതിനിധ്യം ഉണ്ടാകുന്നത്.

വൃത്താലങ്കാര പേപ്പറിനും കേരളയിൽ ആദ്യമായി സിലബസ് ഉണ്ടാകുന്നത് 1977-ലാണ്. എട്ടാമത്തെ പേപ്പറായി സാഹിത്യനിരൂപണത്തിലാണ് വൃത്താലങ്കാരപഠനം ഉൾപ്പെടുത്തിയിരിക്കുന്നത്. ഭാഷാഭ്രഷണം, വൃത്തമഞ്ജരി എന്നിവ പാഠപുസ്തകങ്ങളിൽ നിന്ന് സഹായഗ്രന്ഥങ്ങളിലേക്ക് സ്ഥാനചലനം ഉണ്ടാകുന്നുണ്ടെങ്കിലും ഉള്ളടക്കം ഭാഷാഭ്രഷണത്തെയും വൃത്തമഞ്ജരിയെയും മാത്രം ആശ്രയിച്ചാകയാൽ ഇതിനെ ഒരു വിന്യാസത്തിന്റെ മാത്രം മാറ്റമായേ കാണാൻ കഴിയു. 2003-ലെ സെമസ്റ്റർ സംവിധാനം വരെ ഈ പാഠ്യപദ്ധതി ഇതുപോലെ റഫറൻസ് പുസ്തകങ്ങളുടെ ക്രമാനുഗതമായ വർദ്ധനവോടെ നിലനില്ക്കുന്നതായാണ് കാണുന്നത്. ഭാഷാഭ്രഷണത്തിലെ അലങ്കാരപ്ര കാരണത്തിൽ നിന്ന് മുപ്പതലങ്കാരങ്ങളും വൃത്തവിചാരം എന്ന തലക്കെട്ടിൽ സംസ്കൃത ദ്രാവിഡവൃത്തങ്ങളും ദ്രാവിഡവൃത്തങ്ങളെക്കുറിച്ചുള്ള പുതിയ ചിന്തകൾ എന്ന പരാമർശവും ആണ് സിലബസിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പേപ്പറുകൾക്ക് ഉദ്ദേശ്യലക്ഷ്യങ്ങൾ നല്കിയിട്ടില്ല.

2003-ലെ സെമസ്റ്റർ സംവിധാനം പേപ്പറുകളിൽ മാറ്റങ്ങൾ കൊണ്ടുവരുന്നുണ്ട്. മലയാളവ്യാകരണവും ഭാഷാചരിത്രവും വേർപിരിയുന്നു. ഭാഷാചരിത്രം വ്യാകരണത്തെ വിട്ട് ദ്രാവിഡഭാഷാശാസ്ത്രവുമായി കൂട്ടുകൂടുന്നു. വൃത്താലങ്കാരപഠനം പൗരസ്ത്യസാഹിത്യം -പ്രാചീനം എന്ന പേപ്പറിന്റെ ഭാഗമാകുന്നു.

നിരൂപണം സമകാലിക സാഹിത്യം-കവിതയും നിരൂപണവും എന്ന പേപ്പറിന്റെ ഭാഗവും ആകുന്നു. വ്യകരണ പാഠ്യപദ്ധതി ആദ്യന്തം എം.എ.യുടെ നിലവാരത്തിനുയോജിച്ച

രീതിയിലും ബി.എ.യുടെ ആവർത്തനമാകാത്ത വിധത്തിലും പുതുക്കിപ്പണിത ശ്രദ്ധേയമായ പാഠ്യപദ്ധതിയാണിത്. കേരളപാണിനീയത്തിന്റെ ഒന്നും രണ്ടും പതിപ്പുകളുടെ താരതമ്യപഠനം തന്നെ പുതിയൊരു പരിപ്രേക്ഷ്യവും ഉറവും സാദ്ധ്യതയുമാണ്. വർണം മുതൽ വാക്യംവരെ വ്യാകരണം സംവാദാത്മകമാണ്. മലയാളത്തിലെ മുഖ്യ വ്യാകരണഗ്രന്ഥങ്ങളുമായി താരതമ്യംചെയ്ത പഠിപ്പിക്കണമെന്ന് പാഠപുസ്തകത്തിന്റെ അനുബന്ധമായിക്കൊടുത്ത നിർദ്ദേശം സിലബസ് പാഠ്യപദ്ധതിയായി വികസിക്കുന്നതിന്റെ മുന്നോടിയാണ്. താരതമ്യാത്മകവും സംവാദാത്മകവും വിമർശനാത്മകവുമായ പാഠ്യപദ്ധതി ഉണ്ടാകുന്നത് ഈ വർഷമാണ്. റഫറൻസായി നല്കിയിരിക്കുന്ന സഹായകഗ്രന്ഥങ്ങളെ പുതിയ പുസ്തകങ്ങളും ലേഖനങ്ങളും ചേർത്തു പരിഷ്കരിച്ച് പാഠ്യപദ്ധതിക്ക് അനുപൂരകമാക്കിയിട്ടില്ലെന്നത് പോരായ്മയാണ്. 2007-ൽ കേരളപാണിനീയത്തിന്റെ ഒന്നും രണ്ടും പതിപ്പുകളുടെ താരതമ്യചർച്ചയുടെ സംവാദമണ്ഡലത്തെ പാഠ്യപദ്ധതി നിരാകരിക്കുന്നു. ദ്രാവിഡഭാഷാശാസ്ത്രവും ഭാഷാചരിത്രവും എന്ന പേപ്പർ ഒഴിവാക്കി വ്യാകരണത്തിന്റെ ഒരു യൂണിറ്റിലേക്ക് അതുമായി ബന്ധപ്പെട്ട പ്രസക്തഭാഗങ്ങൾ -മലയാളസംജ്ഞ, ഭാഷോല്പത്തി വാദങ്ങൾ ഭാഷാകൗടിലീയം, ശാസനങ്ങൾ എന്നിവ ഉൾപ്പെടുത്തുകയാണ് ചെയ്തിരിക്കുന്നത്. മറ്റു യൂണിറ്റുകളിൽ വ്യത്യാസമില്ല. വൃത്താലങ്കാര പഠനങ്ങളിൽ ഗുണം, ധ്വനി, ഗുണീഭൂതവ്യംഗ്യം, കാവ്യദോഷം, ശബ്ദവ്യാപാരം, അഭിധാനിയാമകതത്വങ്ങൾ എന്നിവയെല്ലാം ഭാഷാഭ്രഷണത്തെ അടിസ്ഥാനമാക്കി കൂട്ടിച്ചേർത്തിട്ടുണ്ട്. വൃത്തപഠനത്തിൽ കവിതയും വൃത്തവും, വൃത്തവും വികാരവും എന്നീ പരാമർശങ്ങൾ കൂട്ടിച്ചേർത്ത്, ദ്രാവിഡവൃത്തങ്ങളെക്കുറിച്ചുള്ള പുതിയ ചിന്തകൾ എന്ന പരാമർശം നീക്കംചെയ്തു. വിശദപഠനത്തിനായി പ്രധാനപ്പെട്ട പതിനൊന്ന് സംസ്കൃത ഭാഷാവൃത്തങ്ങൾ നിർദ്ദേശിക്കുകയും ചെയ്തിരിക്കുന്നു.

2011-ൽ പാഠ്യപദ്ധതി ഭാഗികമായെങ്കിലും ഉദ്ദേശ്യാധിഷ്ഠിതമാവുന്നുവെന്ന സവിശേഷതയുണ്ട്. മലയാളവ്യാകരണം എന്ന പേപ്പറിന്റെ ഉദ്ദേശ്യലക്ഷ്യമായി, മലയാള വ്യാകരണതത്ത്വങ്ങൾ ചരിത്രപരമായും വിവരണാത്മകമായും പഠന വിധേയമാക്കുക എന്നത് മുഖ്യലക്ഷ്യമായി പറയുന്നു. കേരളപാണിനീയം മുഖ്യാവലംബമാണെങ്കിലും എ.ആർ. രാജരാജവർമ്മയ്ക്കുശേഷം മലയാളവ്യാകരണപഠനരംഗത്തുണ്ടായ സംഭാവനകളും വേണ്ടത്ര പ്രാധാന്യത്തോടെ പരിഗണിക്കപ്പെടണം. വ്യാകരണതത്ത്വങ്ങളുടെ രൂപീകരണത്തിന് ഇന്നത്തെ വ്യവഹാരരൂപങ്ങൾ പ്രയോജനപ്പെടുത്തുന്ന വിധത്തിലാവണം അദ്ധ്യാപനം നിർവ്വഹിക്കേണ്ടതെന്ന ബോധനരീതിശാസ്ത്രപരമായ നിർദ്ദേശവും ആമുഖമായി നല്കിയിട്ടുണ്ട്. പാഠ്യപദ്ധതി ഉള്ളടക്കം മുൻവർഷത്തെപ്പോലെതന്നെയാണ്, സഹായകഗ്രന്ഥത്തിൽ ഡോ.ഇ.വി.എൻ. നമ്പൂതിരിയുടെ കേരള ഭാഷാവ്യാകരണം പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്. അലങ്കാര, വൃത്തപഠനത്തിൽ വ്യത്യാസമില്ല. 2003-ൽ സഹായകഗ്രന്ഥങ്ങളിൽ നിന്നും സംസ്കൃതപുസ്തകങ്ങളും ഡോ.എം.

ലീലാവതിയുടെ പുസ്തകവും ഒഴിവാക്കിക്കൊണ്ട് നാല്പതിൽ നിന്ന് മുപ്പത്തി മൂന്നായി കുറയ്ക്കുന്നു. 2007-ൽ ഈ പേപ്പറിന്റെ റഫറൻസിൽ രസവികല്പവും ഭാവവ്യഞ്ജകവും എന്ന ടി.ജി. ശൈലജയുടെ കൃതി ഉൾപ്പെടുത്തുക വഴി വനിതാപ്രാതിനിധ്യം ഉണ്ടാകുന്നു. 2011-ൽ അവരുടെ മറ്റു രണ്ട് പുസ്തകങ്ങൾ ഉൾപ്പെടുത്തുന്നുണ്ട്. 2017-ൽ ലീലാതിലകത്തിലെ 4-8 ശില്പങ്ങൾ ഈ പേപ്പറിൽ സഹായകഗ്രന്ഥമായി ഉൾപ്പെടുത്തുന്നുണ്ട്. ഡോ.ടി. ജി.ശൈലജയുടെ ഭാരതീയകാവ്യശാസ്ത്രനിഘണ്ടുവും ഉൾപ്പെടുത്തിയിട്ടുണ്ട്. 2016-ൽ സാഹിത്യമീമാംസ-പൗരസ്ത്യം എന്ന പേപ്പർ പുതുമകളോടെയാണ് പ്രത്യക്ഷപ്പെടുന്നത്. പ്രവേശിക, കാവ്യാത്മാവ്, കാവ്യശരീരം , ശരീരത്തിൽ നിന്ന് ആത്മാവിലേക്ക് എന്നിങ്ങനെ നാലുഭാഗങ്ങളായാണ് സംവിധാനം ചെയ്തിരിക്കുന്നത്. കാവ്യശാസ്ത്രകാരന്മാരിൽ ഭരതമുനിമുതൽ അരബിന്ദോ വരെ ഉൾപ്പെടുത്തിയിരിക്കുന്നു. കാവ്യശരീരം എന്ന മൂന്നാം ഭാഗത്ത് ദ്രാവിഡസൗന്ദര്യശാസ്ത്രം (തിണസങ്കല്പം, മുതൽപ്പൊരുൾ, ഉരിപ്പൊരുൾ, കരുപ്പൊരുൾ, അകപ്പൊരുൾ, പുറപ്പൊരുൾ) പുതുതായി ഉൾപ്പെടുത്തിയിരിക്കുന്നു, ഈ ഭാഗത്തുതന്നെയാണ് വൃത്താലങ്കാരങ്ങളുടെ വിശദപഠനവും നിർദ്ദേശിച്ചിരിക്കുന്നത്. മുപ്പതോളം അലങ്കാരങ്ങളും പതിമൂന്ന് വൃത്തവും. വൃത്തം-കവിത-വികാരം-എന്ന പരാമർശം ഒഴിവാക്കി സംഗീതാത്മകത, താളം, വൃത്തം അവയ്ക്ക് ഭാവത്തോടുള്ള ബന്ധം എന്ന പരാമർശം പുതുതായി ചേർത്തിരിക്കുന്നു. അയ്യപ്പപ്പണിക്കരുടെ അന്തസ്സന്നിവേശം, ഇന്ത്യൻ സാഹിത്യസിദ്ധാന്തം - പ്രസക്തിയും സാധ്യതയും , ബി. ഹൃദയകുമാരിയുടെ കാല്പനികത, Aurobindo യുടെ Future poetry, Foundations of Indian Culture എന്നിവ സഹായകഗ്രന്ഥങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ശൈലജയെ പുറന്തള്ളുകയും ഹൃദയകുമാരിയെ ഉൾപ്പെടുത്തുകയും ചെയ്തിരിക്കുന്നതാണ് സഹായകഗ്രന്ഥങ്ങളുടെ കാര്യത്തിലുള്ള ലിംഗപരമായ ചായ്വുകൾ.

4.8.3. അലിഗഢ് മുസ്ലിം സർവ്വകലാശാല

അലിഗഢിൽ 2012 വരെ വ്യാകരണം, വൃത്തം, അലങ്കാരം എന്ന തലക്കെട്ടിൽത്തന്നെയായിരുന്നു പാഠ്യപദ്ധതി വിഭജനം. 2012-ൽ വ്യാകരണം മാത്രം ഒരു പേപ്പറാക്കുകയും അലങ്കാരവും വൃത്തവും ചേർന്ന് മറ്റൊരു പേപ്പറാക്കുകയുമാണ് ചെയ്തിരിക്കുന്നത്. എ.ആറിന്റെ കേരളപാണിനീയം, ഭാഷാഭൂഷണം, വൃത്തമഞ്ജരി എന്നിവയും ലീലാതിലകവുമാണ് 2012 വരെ പാഠപുസ്തകങ്ങളായി ഉൾപ്പെടുത്തിയിരുന്നത്. 2012-ൽ ഫാദർ ജോൺ കുന്നപ്പള്ളിയുടെ ശബ്ദസൗഭഗവും കെ.എം. പ്രഭാകരവാര്യരുടെ മലയാളവ്യാകരണ സമീക്ഷയും പാഠപുസ്തകമായി വരുന്നുണ്ട്. ഭാഷാഭൂഷണത്തിൽ ഏതാണ്ട് പകുതിയോളം മാത്രമേ (അലങ്കാരപ്രകരണം) പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ മറ്റൊരർത്ഥത്തിൽ ദോഷം, ഗുണം, ധ്വനി, ശബ്ദാർത്ഥം, ഗുണീഭൂതവ്യംഗ്യം എന്നിവ ഒഴിവാക്കപ്പെട്ടിരിക്കുന്നു. 15 മുതൽ 20 വരെ അലങ്കാരങ്ങളും വൃത്തവുമാണ് വിശദപഠനത്തിനായി നിർദേശിച്ചിരിക്കുന്നത്. കേരളപാണിനീയത്തിൽ പീഠിക പലവർഷങ്ങളിലും ഒഴിവാക്കിയിരുന്നു.

കേരളപാണിനീയത്തിലെ നാലാം ഭാഗം ഭാഗികമായും അഞ്ച്, ആറ്, ഏഴ് ഭാഗങ്ങൾ പൂർണ്ണമായും ഒഴിവാക്കിയത് പാഠ്യപദ്ധതിയെ ശ്രുഷ്കമാക്കുന്നുണ്ട്. ലീലാതിലകം പൊതുവെ ആദ്യ മൂന്നു ശില്പങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2000-ത്തിൽ ഒരുശില്പത്തിലൊതുങ്ങുന്നുമുണ്ട്. 2012-ൽ അധികമായി ഉൾപ്പെടുത്തിയ രണ്ടു കൃതികളും മലയാള വ്യാകരണശാസ്ത്രത്തിൽ പ്രാമുഖ്യമുള്ളവയല്ലെന്ന പരിമിതിയും ഉണ്ട്.

4.8.4.മലയാളം സർവ്വകലാശാല

മലയാളംസർവ്വകലാശാലയുടെ മലയാളസാഹിത്യം എം.എ. യിൽ വ്യാകരണം ഒരു പേപ്പറും വൃത്താലങ്കാരങ്ങൾ സാഹിത്യവിമർശനതത്ത്വങ്ങൾ എന്ന പേപ്പറിന്റെ ഭാഗമായി ഒരു യൂണിറ്റായി സാമാന്യപഠനം എന്ന നിലയിൽ വളരെക്കുറച്ചുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. സാമ്യമൂലാലങ്കാരങ്ങളിൽ ഒതുങ്ങുന്ന ശ്രുഷ്കമായ പാഠ്യപദ്ധതിയാണിത്. സംസ്കൃത വൃത്തങ്ങളിൽ കേവലം ആറെണ്ണം മാത്രമാണ് നിർദ്ദേശിച്ചിരിക്കുന്നത്. ഭാഷാഭ്രഷണവും വൃത്തമഞ്ജരിയും പാഠപുസ്തകം പോയിട്ട് സഹായകഗ്രന്ഥം പോലുമല്ലെന്നത് പിഴവാണ്. പി. നാരായണക്കുറുപ്പിന്റെ മലയാളവൃത്തപഠനവും മാതൃ ടി.വി. യുടെ വൃത്തശാസ്ത്രവുമാണ് സഹായകഗ്രന്ഥങ്ങൾ. കൃത്യമായി പഠനലക്ഷ്യങ്ങൾ നിർവ്വചിച്ച് സമഗ്രമായ പാഠ്യപദ്ധതി തയ്യാറാക്കി വിമർശനാത്മക സമീപനത്തെ അടിസ്ഥാനമായി സ്വീകരിച്ച് അവശ്യം വേണ്ട സഹായകഗ്രന്ഥങ്ങളെല്ലാം ഉൾപ്പെടുത്തിയാണ് മലയാളവ്യാകരണത്തിന്റെ പാഠ്യപദ്ധതി തയ്യാറാക്കിയിരിക്കുന്നത്. മലയാള പാരമ്പര്യവ്യാകരണ സമീപനങ്ങളുടെ രീതികളും സ്വഭാവവും മനസ്സിലാക്കുക, ഭാഷാഘടനയുടെ സവിശേഷതകൾ പാരമ്പര്യ വ്യാകരണം എപ്രകാരമാണ് നിർവചിരിക്കുന്നത് എന്ന് തിരിച്ചറിയുക, വർത്തമാനകാല ഭാഷയുടെ സവിശേഷതകൾ ഈ നിരീക്ഷണങ്ങളോട് എത്രമാത്രം കടപ്പെടുന്നുവെന്നും എങ്ങനെയെല്ലാം മാറിനില്ക്കുന്നുവെന്നും പരിശോധിക്കുക എന്നിങ്ങനെയാണ് കോഴ്സിന്റെ ലക്ഷ്യങ്ങൾ നിർണയിച്ചിരിക്കുന്നത്. എന്നാൽ അലങ്കാരങ്ങൾ ഉൾപ്പെടുന്ന സാഹിത്യവിമർശന തത്ത്വങ്ങൾക്ക് പഠനലക്ഷ്യങ്ങൾ ഒന്നും തന്നെയില്ല. വൃത്തപഠനങ്ങളെ വിമർശനാത്മകമായി സമീപിക്കാനുള്ള ശ്രമവുമില്ല. ലീലാതിലകവും വിശദപഠനത്തിൽ നിന്ന് പുറത്താവുന്നു. സഹായകഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ കൊടുത്തിട്ടുണ്ടെന്നുമാത്രം. സാഹിത്യരചനയുടെ പാഠ്യപദ്ധതിയും സാഹിത്യപഠനത്തിന്റെ പാഠ്യപദ്ധതിയും വ്യാകരണവൃത്താലങ്കാരപഠനത്തിന് ഒന്നുതന്നെയാണ്.

വർണ്ണം, പദം, വാക്യം എന്നീ ഘടനാപരമായ വ്യത്യാസത്തെ മുൻനിർത്തിയുള്ള വിഭജനമാണ് 2016-ലെ പാഠ്യപദ്ധതിയിൽ സ്വീകരിച്ചിരിക്കുന്നത്. സമാസത്തെയും സന്ധിയെയും വാക്യതലത്തിൽ ചേർത്തിരിക്കുന്നു. ഈ യൂണിറ്റിൽ ഉദ്ദേശ്യലക്ഷ്യങ്ങളും പാഠ്യവസ്തുവും കൂടിക്കുഴഞ്ഞു കിടക്കുന്നു.

ഉദാഹരണമായി വ്യവഹാരമെന്ന നിലയിൽ ഭാഷയ്ക്കുണ്ടാകുന്ന എല്ലാ മാറ്റങ്ങളെക്കുറിച്ചുമുള്ള ബോധം വിദ്യാർഥികൾക്ക് ഉണ്ടാക്കുക, പുതിയസാംസ്കാരികാവസ്ഥ രേഖപ്പെടുത്തുന്ന പദങ്ങളും പദസംയുക്തങ്ങളും കണ്ടെത്തുക തുടങ്ങി മലയാളഭാഷയുടെ സമകാലിക വ്യവഹാരങ്ങളിലേക്കും അന്വേഷണങ്ങളിലേക്കും വ്യാകരണപഠനത്തെ ബന്ധിപ്പിക്കുന്നുവെന്നത് ഗുണപരമായമാറ്റമാണ്. ഗുണ്ടർട്ടും ജോർജ് മാത്തനും തുടങ്ങി ഡോ. മേരിയുടെ കേരളപാണിനീയ പാഠങ്ങൾ വരെയുള്ള 12 പുസ്തകങ്ങൾ സഹായകഗ്രന്ഥങ്ങളായും നൽകിയിരിക്കുന്നു.

4.8.5. കേന്ദ്രസർവ്വകലാശാല

കേന്ദ്രസർവ്വകലാശാലയിൽ കോഴ്സിന്റെ പേരുതന്നെ 'മലയാളവ്യാകരണം- വിമർശനാത്മകപഠന'മെന്നാണ്. പാശ്ചാത്യവ്യാകരണപാരമ്പര്യത്തെയും ഭാരതീയ വ്യാകരണപാരമ്പര്യത്തെയും സംബന്ധിച്ച് സാമാന്യമായ ധാരണയുണ്ടാക്കുക, മലയാളത്തിലെ വ്യാകരണകൃതികളെ പരിചയപ്പെടുക, മലയാളവ്യാകരണ കൃതികളും അവയ്ക്കുണ്ടായിട്ടുള്ള വിമർശനങ്ങളും ചേർന്ന് കേരളപാണിനീയത്തെ മുഖ്യസ്ഥാനത്തു പ്രതിഷ്ഠിച്ചുകൊണ്ടു രൂപപ്പെട്ട വ്യാകരണസംവാദത്തിൽ പങ്കുചേർന്ന് മലയാളഭാഷയുടെ വിവിധതലങ്ങളെ സംബന്ധിച്ചുണ്ടായിട്ടുള്ള നിരീക്ഷണങ്ങളെ വിമർശനാത്മകമായി മനസ്സിലാക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് ഈ കോഴ്സിനു യൂണിവേഴിസിറ്റി നിശ്ചയിച്ചിട്ടുള്ളത്. പഠനലക്ഷ്യങ്ങൾക്കനുസൃതമായി തന്നെയാണ് പാഠ്യപദ്ധതി തയ്യാറാക്കിയിരിക്കുന്നത്. പാശ്ചാത്യധാര, ഭാരതീയധാര, കേരളത്തിന്റെ വ്യാകരണചരിത്രം, പ്രധാനകൃതികൾ, വിമർശനങ്ങൾ, സംവാദങ്ങൾ എന്നിങ്ങനെ ചരിത്രപരമായും വിമർശനാത്മകമായും സമഗ്രമായും പാഠ്യപദ്ധതി തയ്യാറാക്കിയിരിക്കുന്നു. 32 കൃതികൾ സഹായകഗ്രന്ഥങ്ങളായും നിർദേശിച്ചിരിക്കുന്നു. സാഹിത്യസിദ്ധാന്തങ്ങൾ എന്ന കോഴ്സിന്റെ രണ്ടാം മൊഡ്യൂളിലാണ് വൃത്താലങ്കാരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത്. ഭാഷാഭ്രഷണത്തിന്റെയും വൃത്തമഞ്ജരിയുടെയും വിമർശനാത്മകപഠനം എന്നുതന്നെ കൃത്യമായി പാഠ്യപദ്ധതിയിൽ എഴുതിയിരിക്കുന്നു. 23 വൃത്തങ്ങളും 22 അലങ്കാരങ്ങളും വിശദപഠനത്തിനും നിർദേശിച്ചിട്ടുണ്ട്. സഹായകഗ്രന്ഥങ്ങളിൽ വ്യാകരണവൃത്താലങ്കാരങ്ങളെ വിമർശനാത്മകമായി സമീപിക്കാൻ സഹായിക്കുന്ന ഇതരവൃത്താലങ്കാര പഠനകൃതികൾ ഇല്ലെന്നത് ഒരു പരിമിതിയാണ്.

4.8.6. മധുരകാമരാജ് സർവ്വകലാശാല

മധുരകാമരാജ് സർവ്വകലാശാലയിൽ വ്യാകരണപഠനം രണ്ടു സെമസ്റ്ററുകളിലേക്കും രണ്ടു കോഴ്സിലേക്കും വ്യാപിപ്പിച്ചുകൊണ്ട് വലിയ പ്രാധാന്യം നല്കിയിരിക്കുന്നു. വ്യാകരണം –ഒന്നാം കോഴ്സ്, വിവിധതരം വ്യാകരണ പദ്ധതികൾ, സമീപനങ്ങൾ, ആദ്യകാല വ്യാകരണ കൃതികൾ, കേരള പാണിനീയം പീഠിക, ലീലാതിലകം ആദ്യമൂന്ന് ശില്പങ്ങൾ,

ശബ്ദം എന്നിവയും രണ്ടാം സെമസ്റ്ററിലെ വ്യാകരണം, രണ്ടാം ഭാഗത്തിൽ കേരളപാണിനീയത്തിലെ മറ്റുഭാഗങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. വ്യാകരണകൃതികളെ ഒറ്റയ്ക്കൊറ്റയ്ക്ക് സമീപിക്കുന്നതിനാൽ പഠനം വിമർശനത്മകമോ താരതമ്യാത്മകമോ അല്ലെന്നത് പാഠ്യപദ്ധതിയുടെ പോരായ്മയാണ്. വൃത്താലങ്കാരപഠനം എം.എ. മലയാളം പാഠ്യപദ്ധതിയിൽ നിന്ന് പടിയിറങ്ങിയിരിക്കുന്നുവെന്നത് അപലപനീയമാണ്. കാൽഡ്വലിന്റെ തുലനാത്മക വ്യാകരണമടക്കം പത്തുപുസ്തകങ്ങൾ റഫറൻസായും നല്കിയിരിക്കുന്നു.

4.8.7. കാലടി ശ്രീശങ്കരാചാര്യ സംസ്കൃതസർവ്വകലാശാല

2003-ൽ ഭാഷാശാസ്ത്രം, വ്യാകരണം, ഭാഷാചരിത്രം എന്നിവചേർന്ന് ഒരു കോഴ്സായും 2009-ൽ ഭാഷാശാസ്ത്രം എന്ന നിലയിലും 2014-ൽ മലയാളഭാഷ—ചരിത്രവും വ്യാകരണവും എന്ന നിലയിലുമാണ് വ്യാകരണപഠനം പാഠ്യപദ്ധതി. വ്യാകരണപഠനത്തിന്ക്കൂടുതൽ പ്രാമുഖ്യം കിട്ടത്തക്കവിധത്തിൽ പേപ്പറുകൾ 2014-ൽ പരിണമിച്ചിരിക്കുന്നു എന്നർത്ഥം. വ്യാകരണപഠനത്തിന്റെ ചരിത്രത്തിൽ തുടങ്ങി സംസ്കൃത ദ്രാവിഡഭാഷകളിൽനിന്ന് മലയാളത്തെ വേർതിരിക്കുന്ന വ്യാകരണസവിശേഷതകളിലൂടെ അക്ഷര-പദ-വാക്യ ഘടനാപരമായ വിശകലനങ്ങളിലേക്കാണ് പാഠ്യപദ്ധതി വികസിക്കുന്നത്. ലീലാതിലകവും കേരളപാണിനീയവും വിശദപഠനത്തിന് നിർദ്ദേശിച്ചിരിക്കുന്നു. പത്തു സഹായകഗ്രന്ഥങ്ങൾ ഭാഷാശാസ്ത്രം, വ്യാകരണം, ചരിത്രം എന്നിവയ്ക്ക് പൊതുവായി നല്കിയിരിക്കുന്നു. 2009-ൽ വ്യാകരണ പാഠ്യപദ്ധതിയിൽ മാറ്റമില്ല. പാഠ്യപദ്ധതി ഉദ്ദേശ്യാധിഷ്ഠിതമോ വിമർശനാത്മകമോ അല്ല. 2014-ൽ വ്യാകരണപഠനം കേരളപാണിനീയത്തെ മുൻനിർത്തി താരതമ്യാത്മകവും വിമർശനാത്മകവുമായി പഠിപ്പിക്കണമെന്ന പൊതു ഉദ്ദേശ്യത്തോടെ അവതരിപ്പിക്കുന്നു. ഘടനാപരമായ വിശകലനം അക്ഷരമാലമുതൽ ഉണ്ടെങ്കിലും വാക്യം ഉൾപ്പെടുത്തിയിട്ടില്ല. ഭാഷാശാസ്ത്രത്തിൽ വിശദമായി ചർച്ച ചെയ്യുന്നത് കൊണ്ടാവാം. എന്നാലും വ്യാകരണ ചർച്ചയുടെ അപൂർണ്ണത പ്രതിഫലിക്കുന്നു. 40 പുസ്തകങ്ങളുടെ റഫറൻസ് നല്കിയിട്ടുണ്ട് ഡോ. കെ. ശ്രീകുമാരിയുടെ മലയാളത്തിലെ നാമവർഗ്ഗം സൗമ്യാബേബിയുടെ മലയാളഭാഷാവിജ്ഞാനത്തിന് എൽ.വി. രാമസ്വാമി അയ്യരുടെ സംഭാവന, എൻ.കെ. മേരിയുടെ മലയാളവ്യാകരണസിദ്ധാന്തങ്ങൾ കേരളപാണിനീയത്തിനുശേഷം എന്നിങ്ങനെയാണ് സഹായകഗ്രന്ഥങ്ങളിലെ വനിതാപ്രാതിനിധ്യം.

4.8.8. കാലിക്കറ്റ് സർവ്വകലാശാല

1972-ൽ മലയാളഭാഷ—ചരിത്രവും വ്യാകരണവും എന്നനിലയിൽ ആറാമത്തെ പേപ്പറായാണ് വ്യാകരണപഠനത്തിന്റെ ആരംഭം. 1992-ൽ വ്യാകരണ പാഠ്യപദ്ധതി ബ്ലോക്കുകളും യൂണിറ്റുകളും ആയി വർഗീകരിച്ച് ഓരോ യൂണിറ്റിനും ഒന്നു മുതൽ

എട്ടുവരെ സഹായകഗ്രന്ഥങ്ങൾ നല്കിയിരിക്കുന്നു. ശബ്ദം, നാമം എന്നിങ്ങനെയുള്ള ഘടനാപരമായ വിശകലനമാണ് സ്വീകരിച്ചിരിക്കുന്നത്.വാക്യവിചാരം ഉൾപ്പെടുത്തിയിട്ടില്ല. വിമർശനാത്മകമോ ഉദ്ദേശ്യാധിഷ്ഠിതമോ അല്ല പാഠ്യപദ്ധതി. 1999-ൽ ബ്ലോക്കുകൾ പോയി യൂണിറ്റുകൾ മാത്രമാകുന്നു. പാഠ്യപദ്ധതിയിൽ മാറ്റമില്ല. 2001-ൽ സെമസ്റ്റർ സംവിധാനത്തോടെ വ്യാകരണപഠനം സ്വതന്ത്രമായ കോഴ്സാവുന്നു. സിദ്ധാന്തങ്ങൾ കൂടാതെ മലയാളവ്യാകരണസിദ്ധാന്തങ്ങൾ ഐച്ഛിക പേപ്പറായും ഉൾപ്പെടുത്തിയിട്ടുണ്ട്. അക്ഷരമാല മുതൽ ക്രിയവരെയും മലയാളഭാഷയുടെ ഉല്പത്തിയുമാണ് പ്രധാന പാഠ്യവസ്തുക്കൾ. 10 പുസ്തകങ്ങളാണ് സഹായകഗ്രന്ഥങ്ങൾ. കേരളപാണിനീയത്തിനു മുമ്പും ശേഷവുമുള്ള കൃതികൾ, സമീപനം, വിദേശീയരുടെ കൃതികളും സമീപനവും, വ്യാകരണസംവാദങ്ങൾ എന്നിവയാണ് ഐച്ഛിക കോഴ്സിലെ പ്രധാന പാഠ്യവസ്തുക്കൾ. 2004, 2007, 2008 വർഷങ്ങളിൽ പാഠ്യപദ്ധതി മാറുന്നില്ല. 2010-ൽ വാക്യതലവ്യാകരണം ഒരുയൂണിറ്റ് ആയി കൂട്ടിച്ചേർത്ത് പഠനം സമഗ്രമാക്കുന്നുണ്ട്. സഹായകഗ്രന്ഥങ്ങളായി 16 പുസ്തകങ്ങളും നിർദ്ദേശിച്ചിരിക്കുന്നു. 2014- ൽ വ്യാകരണസിദ്ധാന്ത പഠനങ്ങളുടെ ഐച്ഛിക പേപ്പർ ഉപേക്ഷിക്കുന്നു. വ്യാകരണപഠനം ഉദ്ദേശ്യാധിഷ്ഠിതവും താരതമ്യാത്മകവും വിമർശനാത്മകവുമായി അഴിച്ചുപണിയുന്നു. കേരളപാണിനീയത്തെ അടിസ്ഥാനമാക്കിയുള്ള ബിരുദതല വ്യാകരണപഠനത്തെ പശ്ചാത്തലമാക്കി ഉയർന്ന തലത്തിലേക്ക് വ്യാകരണപഠനത്തെ നയിക്കാൻ ഈ പാഠ്യപദ്ധതിക്കാവുന്നുണ്ട്. ഭാഷാപഗ്രഥന സമീപനങ്ങൾ, വ്യാകരണപഠന സമീപനങ്ങൾ, സ്വദേശികളുടെയും വിദേശികളുടെയും ദ്രാവിഡഭാഷകളുടെയും വ്യാകരണകൃതികളും സമീപനങ്ങളും എന്നിവ ഒന്നാമത്തെ യൂണിറ്റിൽ ചർച്ച ചെയ്യുന്നു. രണ്ടു മുതൽ അഞ്ചുവരെ യൂണിറ്റുകൾ വർണത്തിൽ തുടങ്ങി വാക്യത്തിൽ അവസാനിക്കുന്നുണ്ടെങ്കിലും ഓരോന്നുമായി ബന്ധപ്പെട്ട ചർച്ചകൾ, വിമർശനങ്ങൾ, വ്യത്യസ്തനിലപാടുകൾ എന്നിവ വിശദമാക്കിയും സൂചനകൾ നല്കിയും ഉയർന്നതലത്തിലുള്ള പഠനം യാഥാർത്ഥ്യമാക്കാൻ പാഠ്യപദ്ധതി ശ്രമിക്കുന്നു. 31 കൃതികൾ സഹായകഗ്രന്ഥങ്ങൾ ആയി നൽകിയിട്ടുണ്ടെങ്കിലും വനിതാപ്രാതിനിധ്യം ജി.കമലമ്മയുടെ മലയാളഭാഷയുടെ അടിവേരുകൾ, ഡോ.കെ. ശ്രീകുമാരിയുടെ മലയാളത്തിലെ നാമവർഗം എന്നിവയിൽ ഒതുങ്ങുന്നു

4.8.9. എം.ജി. സർവ്വകലാശാല

1984-ൽ ഭാഷാശാസ്ത്രം, ഭാഷാചരിത്രം എന്നിവയടങ്ങിയ ആറാമത്തെ പേപ്പറിന്റെ ഭാഗമായാണ് വ്യാകരണപഠനവും വരുന്നത്. വർണ്ണം മുതൽ വാക്യം വരെ കേരളപാണിനീയം അടിസ്ഥാനമാക്കി വിശകലനം ചെയ്യുന്നതാണ് പാഠ്യപദ്ധതി. 15 കൃതികൾ സഹായകഗ്രന്ഥങ്ങൾ ആണ്. 1990-ൽ ഗ്രണ്ടർട്ടിന്റെ പാഠപുസ്തകം ഒഴിവാക്കി കേരളപാണിനീയവും ലീലാതിലകവുമായി എണ്ണം രണ്ടാക്കുന്നു. സഹായകകൃതികൾ 10 ആയി കുറയ്ക്കുന്നു. 1999-ൽ സഹായകകൃതികൾ ക്ലമന്റ്പാതിരിയുടെ വ്യാകരണം, വ്യാകരണപഠനങ്ങൾ (കെ.വി. രാമചന്ദ്രൻ),ഹിസ്റ്ററി ഓഫ് മലയാളം ലാംഗ്വേജ്, സെമിനാർ

പേപ്പർ എന്നിവ ഉൾപ്പെടുത്തി 13 ആവുന്നു. 2012-ൽ വ്യാകരണപഠനം പാഠ്യപദ്ധതി ഉദ്ദേശ്യാധിഷ്ഠിതമാക്കുന്നു. താരതമ്യാത്മകവും വിമർശനാത്മകവുമായ പാഠ്യപദ്ധതി ആദ്യമായി യാഥാർത്ഥ്യമാകുന്നു. സിദ്ധാന്തം, സമീപനങ്ങൾ തുടങ്ങി സമകാലിക വ്യവഹാരങ്ങൾ വരെ പാഠ്യപദ്ധതി ലക്ഷ്യംവെക്കുന്നു.

4.9. വ്യാകരണപഠനങ്ങളിലെ അധീശവ്യവഹാരങ്ങൾ

പരമ്പരാഗത സംസ്കൃത വരേണ്യബോധത്തിൽനിന്ന് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെയും ഇംഗ്ലീഷുകാരുമായുള്ള സംസർഗത്തിന്റെയും ഫലമായി രൂപം കൊണ്ട യൂറോപ്യൻ ജ്ഞാനശാസ്ത്രപദ്ധതിയിലുള്ള വിശ്വാസവും ആദരവും ഭാഷാസ്വത്വാഭിമാന ബോധത്തോടൊപ്പം എ.ആറിൽ പ്രവർത്തിച്ചിരുന്നു. കോളനികാല ജ്ഞാനവ്യവസ്ഥയും അധികാരവ്യവസ്ഥയും പ്രത്യക്ഷമായും പരോക്ഷമായും എ. ആർ.രാജരാജവർമ്മയുടെ വ്യവഹാരങ്ങളെ നിയന്ത്രിക്കുകയും അവയിൽ പ്രതിഫലിക്കുകയും ചെയ്തിരുന്നു. 1912-ൽ ബി.എ. മലയാളം പാസ് കോഴ്സ് തുടങ്ങാൻ വേണ്ടി മദ്രാസ് സർവ്വകലാശാലയിലെ കോളനികാല അധികാരകേന്ദ്രങ്ങൾ വെച്ച നിബന്ധന പാലിക്കാനാണ് 1896ലെ കേരളപാണിനീയം ഒന്നാം പതിപ്പ് യൂറോപ്യൻ ജ്ഞാനശാസ്ത്രത്തിന് അനുസൃതമായി അഥവാ ആഗമികരീതിയിൽ മാറ്റിയെഴുതി പ്രസിദ്ധീകരിക്കേണ്ടിവന്നത്. അനന്തൻപിള്ളയെഴുതിയ കേരളപാണിനി എന്ന ജീവചരിത്രകൃതിയിൽ അത് വിശദീകരിച്ചിട്ടുണ്ട്. "കൊളോണിയൽ ആധുനികതയിലേക്ക് സഹർഷം എത്തിച്ചേരാൻ ആയുന്ന അന്നത്തെ അഭ്യസ്തവിദ്യനായ യുവഭാഷാപണ്ഡിതനിൽ പ്രതീക്ഷിക്കാവുന്ന ഒന്നാണ് പരിണാമവിവരണത്തിനേ ശാസ്ത്രീയതയുള്ളൂ എന്ന വീക്ഷണം"- ടി.ബി. വേണുഗോപാലപ്പണിക്കരുടെ ഈ വിലയിരുത്തൽ മേല്പറഞ്ഞ നിഗമനത്തെ സാധൂകരിക്കുന്നു.[9] 'വ്യാകരണത്തെ ശാസ്ത്രങ്ങളുടെ കൂട്ടത്തിൽ ഗണിക്കണമെങ്കിൽത്തന്നെ അത് ആഗമികമാർഗ്ഗത്തിൽ ഉള്ളതായിരിക്കണം'–എന്ന് എ.ആർ. കൂട്ടിച്ചേർക്കുന്നുണ്ട്. മലയാളം ഐച്ഛികമായുള്ള ബി.എ.പാസ്കോഴ്സ് തുടങ്ങാനും നിലനിർത്താനും സാധിക്കുക, യൂറോപ്യരുടെ വ്യാകരണശാസ്ത്രമണ്ഡലത്തിൽ മലയാളത്തിന് ഇടം നേടിക്കൊടുക്കുക എന്നിങ്ങനെ രണ്ടു ലക്ഷ്യങ്ങൾ 1917-ൽ പ്രസിദ്ധീകരിച്ച കേരളപാണിനീയം രണ്ടാം പതിപ്പുവഴി സാധിച്ചു.

യൂറോപ്യൻ ജ്ഞാനപദ്ധതിയോടുള്ള ഈ ആദരവും വിധേയത്വവും തദ്ദേശീയമായ വ്യാകരണകൃതികളോടുള്ള അവഗണനയായും മാറിയിട്ടുണ്ട്. ജോർജ്ജ് മാത്തന്റെ മലയാഴ്മയുടെ വ്യാകരണം ഗ്രണ്ടർട്ടിനേക്കാൾ മുമ്പേ പൂർത്തിയാക്കിയതും അപഗ്രഥനാത്മകവും ആണ്. അതിലുപരി ശ്രദ്ധേയമായ നിഗമനങ്ങൾ മുന്നോട്ടുവെക്കുന്നതുമാണ്. എന്നിട്ടും, അതിനെ നിരാകരിക്കുകയാണ് ചെയ്യുന്നത്. സി.വി. വാസുദേവഭട്ടതിരിയുടെ വിലയിരുത്തൽ പ്രസക്തമാവുന്നത് അങ്ങനെയാണ്. "സഹായകഗ്രന്ഥമായി ആദ്യപതിപ്പിൽ റവ.ജോർജ്ജ് മാത്തന്റെ 'മലയാഴ്മയുടെ വ്യാകരണം' ചേർത്തെങ്കിലും രണ്ടാം പതിപ്പിൽ അത് എടുത്തുകളഞ്ഞു. നാട്ടുകാരായ പണ്ഡിതന്മാരുടെ മതങ്ങൾ

പേരെടുത്തു സൂചിപ്പിക്കാൻ അദ്ദേഹം ഒരിക്കലും ഒരുങ്ങിയിട്ടില്ല. ഈ അവഗണനാമനോഭാവം അദ്ദേഹം കൈവെടിഞ്ഞിരുന്നെങ്കിൽ കേരള പാണിനീയത്തിന്റെ രണ്ടാം പതിപ്പ് മറ്റാർക്കും കഴിയാത്ത വിധത്തിൽ കുറ്റമറ്റതാക്കാൻ പ്രാതഃസ്മരണീയനായ ആ പണ്ഡിതവരേണ്യനു കഴിയുമായിരുന്നു"(കേരളപാണിനീയ വിജ്ഞാനം, 2017:354). ടി.ബി. വേണുഗോപാലപ്പണിക്കരും ഈ വസ്തുത തിരിച്ചറിഞ്ഞിട്ടുണ്ട്. "ഏറെ മതിപ്പ് അർഹിക്കുന്നതാണ് ജോർജ്ജ് മാത്തന്റെ ചെറിയ വ്യാകരണ പുസ്തകം—മലയാഴ്മയുടെ വ്യാകരണം. എന്തുകൊണ്ടോ എ.ആറിന്റെ ശ്രദ്ധ ഇതിൽ പതിയുന്നില്ല. കേരള പാണിനീയ നവീകരണത്തിനുശേഷം ഈ കൃതി ഗ്രന്ഥസൂചിയിൽ നിന്നുതന്നെ വിട്ടുകളയുന്നു" (കേരളപാണിനീയ വിജ്ഞാനം, 2017:8).

കേരളപാണിനീയം ഒന്നാംപതിപ്പ് പ്രസിദ്ധീകരിച്ചശേഷം ശേഷഗിരി പ്രഭ്യ ഭാഷാപോഷിണിയിൽ 12 ലക്കങ്ങളിലായി നടത്തിയ വിമർശനത്തെ അത് വിമർശനമല്ലെന്നും കേരളപാണിനീയത്തിന്റെ മഹാഭാഷ്യമാണെന്നും[10] പറഞ്ഞ് അംഗീകരിക്കുമ്പോഴും കേരളപാണിനീയം മാറ്റിയെഴുതി രണ്ടാം പതിപ്പിറക്കിയപ്പോൾ കേവലം സന്ധികാര്യത്തിൽ മാത്രമാണ് വിമർശനം പരിഗണിച്ചതെന്നത് തദ്ദേശിയരോടുള്ള അദ്ദേഹത്തിന്റെ മനോഭാവത്തിന്റെ കൂടി പ്രതിഫലനമാണ്.

കോളനിവ്യവഹാരങ്ങൾ മാത്രമല്ല സവർണവരേണ്യതയും വ്യാകരണകൃതികളുടെ പീഠവത്കരണത്തിൽ ഇടപെട്ടിട്ടുണ്ട്. ഭാഷാഗദ്യത്തിൽ ആധുനികമലയാളത്തോടു ചേർന്നുനില്ക്കുന്ന മൗലികകൃതികളും വ്യാകരണവും ഉണ്ടായിട്ടും ആധുനികഗദ്യത്തിന്റെ പിതൃസ്ഥാനത്ത് മൗലിക ഗദ്യകൃതികളില്ലാത്ത കേരളവർമ്മ വലിയകോയിത്തമ്പുരാനെ പ്രതിഷ്ഠിച്ച ഉള്ളൂർ Progressive grammar-ന് എഴുതിയ ആമുഖത്തിൽ കേരളകൗമുദിയേക്കാൾ ഗുണപുഷ്കലമായ ഒരു വ്യാകരണം കേരളപാണിനീയം മാത്രമേ ഉള്ളൂ' എന്ന് അഭിപ്രായപ്പെടുന്നു. ഇവിടെ ഉള്ളൂർ ഗ്രണ്ടർട്ടിനേയും മാത്തനെയും നിർല്ലജ്ജമായി തഴയുന്നു.

മാതൃഭാഷാഭിമുഖ്യം വികാരമായി നിലകൊള്ളുമ്പോഴും ഇംഗ്ലീഷ് ഭാഷയോടുള്ള വിധേയത്വം എ.ആറിൽ നിലനിന്നിരുന്നുവെന്നതിന് സാഹിത്യസാഹ്യവും തെളിവു നല്കുന്നു.

'ഗദ്യഗ്രന്ഥകരണത്തിൽ ഇംഗ്ലീഷാണ് നമ്മെ സഹായിക്കുന്നത്, ദേശംതോറും വേറെവേറെ ഭാഷകൾ സംസാരിക്കുന്ന ഇൻഡ്യക്കാർക്ക് ഒരു പൊതുഭാഷ എന്നു പറയുന്നതിന് ഇംഗ്ലീഷ് ഒന്നേയുള്ളൂ. അത് രാജഭാഷയാണെന്നുമാത്രമല്ല, ലോകമൊട്ടുക്കു പ്രചാരമുള്ളതും ഇഹലോക പ്രയോജനങ്ങൾക്കു സംസ്കൃതത്തേക്കാൾ ഉപകരിക്കുന്നതും ആകുന്നു. ഉപരിവിദ്യാഭ്യാസം ആ ഭാഷയിലാണ്, അതിൽ മാത്രമേ സാധിക്കുകയുള്ളൂ. അതിനാൽ 'ഭാഷാഭ്രഷണം' സംസ്കൃതാലങ്കാരികന്മാരുടെ സിദ്ധാന്തം അനുസരിച്ച് ഉണ്ടാക്കിയതുപോലെ ഈ സാഹിത്യസാഹ്യം ആംഗലേയാലങ്കാരികന്മാരുടെ അഭിപ്രായങ്ങൾ അടിസ്ഥാനപ്പെടുത്തി നിർവ്വഹിക്കുന്നു' (സാഹിത്യസാഹ്യം, 1989: 20)

സൂത്രത്തിൽ നിന്ന് കാരികയിലേക്കുള്ള മാറ്റത്തെ അഭ്യൂഹിക സമീപനത്തിൽ നിന്ന് ആഗമിക സമീപനത്തിലേക്കുള്ള മാറ്റം മാത്രമായല്ല എ.ആർ. കണ്ടത്. രാജാധിപത്യത്തിൽ നിന്നും ജനാധിപത്യത്തിലേക്കുള്ള മാറ്റമായാണ്. കോളനിഭരണം തന്നെയാണ് ഇത്തരം ആധുനികമൂല്യങ്ങൾ എ.ആർ. രാജരാജവർമ്മ അടക്കമുള്ളവരുടെ പൊതുബോധത്തിൽ നിർമ്മിച്ചെടുക്കുന്നത്. മദ്രാസ് സർവ്വകലാശാലയിലെ ബിരുദ,ബിരുദാനന്തര നാടുഭാഷാകോഴ്സുകളിലെ നിർബന്ധിതവിഷയമായിരുന്ന ഭാഷാശാസ്ത്രം. ഇംഗ്ലീഷുകാരൻ ഇംഗ്ലീഷിനെ അടിസ്ഥാനമാക്കി ഇംഗ്ലീഷ് പാഠപുസ്തകവും ഇംഗ്ലീഷ് മാധ്യമബോധനവും മൂല്യനിർണ്ണയവും ഇംഗ്ലീഷ് പുസ്തക റഫറൻസും ഉൾപ്പെടുന്നതായിരുന്ന ഭാഷാശാസ്ത്രം അഥവാ ഫിലോളജി പാഠ്യപദ്ധതി. അന്നത്തെ എല്ലാ ഭാരതീയഭാഷകൾക്കും നിർബന്ധിത പേപ്പറാക്കിയിരുന്ന, യൂറോപ്പിൽനിന്നും പറിച്ചുനട്ട ഈ വിജ്ഞാനശാഖയെ രാജരാജവർമ്മ ആദരവോടെയാണ് കണ്ടിരുന്നത്. മാത്രമല്ല കേരളപാണിനീയത്തിന്റെ രണ്ടാം പതിപ്പിൽ ഇതദ്ദേഹം പ്രകടിപ്പിക്കുന്നുമുണ്ട്. 'പാശ്ചാത്യർ പുതുതായി പ്രവർത്തിച്ചിട്ടുള്ള ഭാഷാശാസ്ത്രത്തിന്റെ തത്ത്വങ്ങളെ യഥാശക്തി ഉപയോഗിക്കുകയും വേണം'.

അശാസ്ത്രീയം എന്ന് കരുതി ഉപേക്ഷിച്ച ഏകകാലികം അഥവാ അഭ്യൂഹികവ്യാകരണ സമീപനമാണ് സൊസൂറിന്റെയും ബ്ലൂം ഫീൽഡിന്റെയും കാലത്ത് ശാസ്ത്രീയപഠനമായി മാറുന്നത്. പാണിനീയമടക്കമുള്ള സംസ്കൃതവ്യാകരണ കൃതികളെ ആശ്രയിച്ചതാണ് കേരളപാണിനീയം ഒന്നാം പതിപ്പിന്റെ പിഴവുകൾ എന്നു പറഞ്ഞ് രണ്ടാം പതിപ്പിൽ പാശ്ചാത്യമാതൃകകളെ പിൻപറ്റുന്നുണ്ട് എ.ആർ. ഏകകാലികവ്യാകരണസമീപനം പ്രാമുഖ്യം നേടിയ കാലത്ത് അവയുടെ സൈദ്ധാന്തികഅടിത്തറയെ സ്വാധീനിച്ചത് സംസ്കൃതവ്യാകരണകൃതികളായിരുന്നുവെന്നത് പിൽക്കാലചരിത്രം.

സംസ്കൃതത്തെ അടിസ്ഥാനമാക്കിയുള്ള ആര്യവത്കരണപ്രക്രിയക്കും അതിന്റെ ഫലമായ ആഭ്യന്തരകോളനീകരണത്തിനും വ്യാകരണകൃതികളും കാരണമായിട്ടുണ്ട്. ലീലാതിലകത്തെക്കുറിച്ച് പി എസ്. രാധാകൃഷ്ണൻ എഴുതുന്നു, "കേരളരും ദ്രമിഡരായതുകൊണ്ട് അവരെയും ശൂദ്രർ എന്നു വിളിക്കണമെന്നാണ് ലീലാതിലകം നിഷ്കർഷിക്കുന്നത്. ദ്രമിഡർ = തമിഴർ = കേരളർ = ശൂദ്രർ എന്നൊരു സമവാക്യത്തിന്റെ നിർമിതിക്കിതു പ്രേരകമായി. ചുരുക്കത്തിൽ, സംസ്കൃതാധിനിവേശത്തെ ആഘോഷിക്കുകയും ബഹുമുഖമായ പ്രാദേശിക ഭാഷാഭേദങ്ങളെയും ചിഹ്നങ്ങളെയും അന്യവും അപരവും ആക്കുന്ന പ്രക്രിയയിൽ ഏർപ്പെടുകയുമായിരുന്ന പ്രസ്തുത വിമർശന ഗ്രന്ഥം ചെയ്തത് " (എതിർദിശകൾ, 2016:114).

കേരളപാണിനീയത്തിനു ശേഷം മലയാള ഭാഷയിലുണ്ടായ നൂറ്റാണ്ടിന്റെ വികാസത്തെ വിശകലനം ചെയ്യാൻ പര്യാപ്തമായ ഒരു വ്യാകരണകൃതിയുടെ അഭാവം നികത്തപ്പെടേണ്ടത് അക്കാദമിക ആവശ്യം മാത്രമല്ല മാതൃഭാഷയുടെ ആധുനീകരണത്തിന്റെയും ജനാധിപത്യവത്കരണത്തിന്റെയും നൈതികതയുടെയും പ്രയാണത്തിലെ സുപ്രധാന പ്രക്രിയ കൂടിയാണ്.

കുറിപ്പുകൾ

1. ഭാഷാപരിണാമത്തെ സംബന്ധിച്ച് അദ്ദേഹത്തിന്റെ നിഗമനങ്ങളിൽ ഒട്ടുമിക്കതിനും ലീലാതിലകത്തോടാണ് ആധമർണ്യം. പീഠികയിലെ ആറുനയങ്ങളുടെ അടിവേരുകൾ 'ക്ലന്തൽവാദ'ത്തിൽ പുതഞ്ഞു കിടപ്പുണ്ട്.

   എൻ.ആർ.ഗോപിനാഥപിള്ള, ശേഷഗിരിപ്രഭവും കേരളപാണിനീയവും, ഭാഷാസാഹിതി 1994 ഏപ്രിൽ-ജൂൺ, പുസ്തകം-18, ലക്കം-2 പുറം 71-78

2. കേരളപാണിനീയത്തിന്റെ പുനർജന്മം-ഡോ.നടുവട്ടം ഗോപാലകൃഷ്ണൻ, ഭാഷാസാഹിതി, ഏപ്രിൽ -ജൂൺ 1994 പുസ്തകം 0-18, ലക്കം -2, പുറം 71-78.

3. ഭാഷാചരിത്ര സംബന്ധമായ ഒരു പീഠിക പുതുതായി ചേർത്തു എന്നതാണ് രണ്ടാം പതിപ്പിന്റെ മുഖ്യ സവിശേഷത. അതിന് ഏറ്റവും സഹായകമായിരുന്നത് കാൾഡ്‌വെല്ലിന്റെ താരതമ്യവ്യാകരണവും ലീലാതിലകവും ആയിരുന്നു.(അതേ പുസ്തകം പുറം,71-78)

4. എൽ.വി.രാമസ്വാമി അയ്യർ, കേരളപാണിനീയ കുറിപ്പുകൾ, *കേരളപാണിനീയവിജ്ഞാനം,* പുറം 55, വിവ. വേണുഗോപാലപ്പണിക്കർ.

5. കേരളപാണീനിയം തികച്ചും പ്രക്രിയാരീതിയിലുള്ള ഒരു വ്യാകരണമാകുന്നു. മിക്കവാറും വിന്യാസരീതിയിലെഴുതപ്പെടുന്ന വിരണാത്മക വ്യാകരണങ്ങളെക്കാൾ ഇതിനുള്ള മെച്ചം കാണിക്കുന്നതിന് ഭൂതകാല പ്രത്യയങ്ങളുടെ വിവരണം ഒരു ഉത്തമ ഉദാഹരണമാണ്.

   ഡോ. ഇ.വി.എൻ. നമ്പൂതിരി, കേരളപാണിനീയവും ആധുനികഭാഷാശാസ്ത്രവും, ഭാഷാസാഹിതി-2, ഏപ്രിൽ -ജൂൺ 1977, പുസ്തകം-1, ലക്കം -2.

6. എസ്.വി. ഷൺമുഖം, വിവ. ടി.ബി.വേണുഗോപാലപ്പണിക്കർ കേരളപാണിനീയത്തിന്റെ വ്യാകരണ സിദ്ധാന്തം, *കേരളപാണിനീയപീഠികാപഠനം ഭാഷാശാസ്ത്ര വീക്ഷണത്തിൽ*, 2012 കേരളപാണിനീയ വിജ്ഞാനം, പുറം 96.

7. മലയാളത്തിൽ ചിഹ്നം എങ്ങനെ നടപ്പാക്കാം എന്ന് ആദ്യമായി ചിന്തിച്ച വൈയാകരണൻ മാത്തനാണ്. പ്രബോധചന്ദ്രൻ വി.ആർ, കേരളപാണിനീയത്തിനു മുമ്പും പിമ്പും, ഗ്രന്ഥാലോകം, വാള്യം 16, ലക്കം -3, മാർച്ച്-1964.

8. *കേരളപാണിനീയം* രണ്ടാം പതിപ്പിന്റെ മുഖവുര

9. ടി.ബി.വേണുഗോപാലപ്പണിക്കർ, അവതാരിക, *കേരളപാണിനീയവിജ്ഞാനം*, പുറം -8, മലയാള സർവ്വകലാശാല 2017

   ടി.ബി.വേണുഗോപാലപ്പണിക്കർ, അവതാരിക, *കേരളപാണിനീയവിജ്ഞാനം*, പുറം -10, മലയാള സർവ്വകലാശാല 2017

10. 'ആകപ്പാടെ നോക്കുമ്പോൾ പ്രഭവിന്റെ നിരൂപണം കേരളപാണിനീയത്തിന്റെ ഉപരികേരള മഹാഭാഷ്യമായിത്തീർന്നിരിക്കുന്നു' എന്ന് ഗ്രന്ഥകാരനിൽനിന്നും തന്നെ പ്രശംസ ലഭിച്ച വിമർശന പരമ്പരയാണത്. പുതുശ്ശേരി രാമചന്ദ്രൻ, *കേരളപാണിനീയ വിമർശനം* കോട്ടയം എസ്.പി.സി.എസ്. 1985

11.

പട്ടിക 15
വ്യാകരണം, വൃത്തം, അലങ്കാരം-സഹായകഗ്രന്ഥങ്ങൾ

ക്രമ നമ്പർ	കൃതികളുംഎഴുത്തുകാരും	വർഷം	യൂണി വേഴ്സിറ്റി
1	പ്രയോഗദീപിക-പി.കെ.നാരായണപിള്ള	1937	മദ്രാസ്
2	മണിദീപിക-എ.ആർ	1937	മദ്രാസ്
3	മലയാളവ്യാകരണം-ഗ്രണ്ടർട്ട്	1959	മദ്രാസ്
4	വ്യാകരണമിത്രം-ശേഷഗിരിപ്രഭു	1959	മദ്രാസ്
5	കേരള കൗമുദി-കോവുണ്ണി നെടുങ്ങാടി	1959	മദ്രാസ്
6	സാഹിതീസർവ്വസ്വം-വടക്കുംകൂർ	1960	മദ്രാസ്
7	വൃത്തശില്പം-മാരാർ	1960	മദ്രാസ്
8	മലയാള വ്യാകരണം-പാച്ചുമൂത്തത്	1960	മദ്രാസ്
9	ദ്രാവിഡ വൃത്തങ്ങളും അവയുടെ ദശാപരിണാമങ്ങളും-അപ്പൻതമ്പുരാൻ	1960	മദ്രാസ്
10	കാവ്യജീവിതവൃത്തി-1&11-പി.കൃഷ്ണൻനായർ	1960	മദ്രാസ്
11	ചിലശബ്ദങ്ങളും അവയുടെ ശ്രുഢാർത്ഥങ്ങളും-ഐ.സി.ചാക്കോ	1972	കേരള
12	മലയാളംലക്സിക്കൺ-വാല്യം-1-ശൂരനാട്ട് കുഞ്ഞൻപിള്ള (എഡിറ്റർ)	1972	കേരള
13	മലയാഴ്മയുടെ വ്യാകരണം-റവ.മാത്തൻ ജോർജ്ജ്	1972	കേരള
14	Malayalam morphology-L.V.Ramaswami Iyer	1977	കേരള
15	Indo Aryan Loan words in Malayalam	1977	കേരള
16	കേരള ഭാഷയുടെ വികാസപരിണാമങ്ങൾ- ഇളംകുളം	1977	കേരള
17	Language of middle Malayalam -Dr.P.Ramachandran Pillai	1977	കേരള
18	Early Malayalam Prose-A study Dr.P.V.Velayudhan Pillai	1977	കേരള
19	ഭാഷാഭേദവിജ്ഞാനം-ഡോ.പി.സോമശേഖരൻ നായർ	1977	കേരള
20	Description of Malayalam Language Dr.V.R.Prabhodha Chandran Nair	1977	കേരള
21	ഭാഷയും പഠനവും -ഡോ.വി.ഐ.സുബ്രഹ്മണ്യം	1977	കേരള
22	സാഹിത്യദർപ്പണം വാല്യം - I, II കൊച്ചിൻഭാഷാപരിഷ്കരണ കമ്മിറ്റി	1972	കേരള
23	വൃത്തവിചാരം-കെ.കെ.വാധ്യാർ	1975	കേരള
24	പൗരസ്ത്യനാടക ദർശനം- മാത്തൻ തരകൻ	1975	കേരള
25	ധ്വന്യാലോകം -സി.വി.വാസുദേവ ഭട്ടതിരി	1975	കേരള

26	Sanskrit Poetics - S.K. De	1975	കേരള
27	Some concept of alankara Sastra- Dr.V.Raghavan	1975	കേരള
28	സാഹിത്യലോചനം -വി.എം.ശങ്കരൻ നമ്പ്യാർ	1975	കേരള
29	കാവ്യപീഠിക - ജോസഫ് മുണ്ടശ്ശേരി	1975	കേരള
30	സാഹിത്യസർവ്വസ്വം-വടക്കുംക്കൂർ രാജരാജവർമ്മ	1977	കേരള
31	കേരളപാണിനീയം-എ.ആർ	1977	കേരള
32	ഭാഷാഭൂഷണം -എ.ആർ	1977	കേരള
33	വൃത്തമഞ്ജരി-എ.ആർ	1977	കേരള
34	ഭാഷാദർപ്പണം -ആറ്റൂർ കൃഷ്ണപിഷാരടി	1977	കേരള
35	കേരളപാണിനീയ ഭാഷ്യം-സി.എൽ.ആന്റണി	1978	കേരള
36	ശബ്ദസൗഭഗം-ഫാ.ജോൺകുന്നപ്പള്ളി	1978	കേരള
37	Comparative Grammar of Dravidian Languages	1978	കേരള
38	Description of Malayalam Language-Dr.V.R.Prabhodha Chandran Nair	1978	കേരള
39	Indo Aryan Loan words in Malayalam –Dr.K.Godavarma	1978	കേരള
40	കൈരളീധ്വനി-ഡോ.പി.കെ.നാരായണപിള്ള	1984	കേരള
41	ഭാരതീയ കാവ്യശാസ്ത്രം-ടോ.ടി.ഭാസ്കരൻ	1984	കേരള
42	ഭാരതീയ ശാവ്യശാസ്ത്രസാരം-വേദബന്ധു	1984	കേരള
43	രസതത്വദർശനം-ഡോ.എൻ.ഗോപാലപ്പണിക്കർ	1984	കേരള
44	ധ്വന്യാലോകം-ഇ.വി.ദാമോദരൻ	1984	കേരള
45	കാവ്യദർശനം-പി.സി.വാസുദേവൻ ഇളയത്	1984	കേരള
46	കൈരളീശബ്ദാനുശാസനം-ഡോ.സുകുമാരപിള്ള	1989	കേരള
47	പ്രാചീന മലയാളം-ഡോ.പുതുശ്ശേരി രാമചന്ദ്രൻ	1989	കേരള
48	വ്യാകരണ വിവേകം-ഡോ.എൻ.മൂസ്സത്	1989	കേരള
49	ഭരതന്റെ നാട്യശാസ്ത്രം-കെ.പി.നാരായണപിഷാരടി	1989	കേരള
50	രസഭാരതി-വേദബന്ധു	1989	കേരള
51	അഭിനവഗുപ്തന്റെ രസസിദ്ധാന്തം-വേദബന്ധു	1989	കേരള
52	ഭാരതീയ കാവ്യശാസ്ത്രസാരം-വേദബന്ധു	1990	കേരള
53	വൃത്തപഠനം-നീലമ്പേത്തൂർ രാമകൃഷ്ണൻ നായർ	1990	കേരള
54	വൃത്തശാസ്ത്രം-ഡോ.ടി.വി.മാത്യു	1990	കേരള
55	Sanskrit Poetrics –Krishna Chaithanya	1990	കേരള
56	കേരള പാണിനീയ വിമർശനം-ഡോ.പുതുശ്ശേരി രാമചന്ദ്രൻ	1990	കേരള

57	Comparative Grammar of Dravidian language (മലയാളപരിഭാഷ) ഡോ.എസ്.കെ.നായർ	1990	കേരള
58	വ്യക്തിവിവേകം-മഹിമഭട്ടൻ -ഡോ.കെ.സുകുമാരപിള്ള (വിവർത്തനം)	1992	കേരള
59	നാട്യമണ്ഡപം-എം.പി.ശങ്കുണ്ണി നായർ	1992	കേരള
60	കാവ്യഭാഷയിലെ പ്രശ്നങ്ങൾ,1&2 ദേശമംഗലം രാമകൃഷ്ണൻ	1992	കേരള
61	ലിപികളുടെ ഉൽപത്തി -കെ.എ.ജലീൽ	1992	കേരള
62	എ.ആറും മലയാള സാഹിത്യവും കേരള യൂണി വേഴ്സിറ്റി കോ ഓപ്പറേറ്റീവ് സ്റ്റോർ	1995	കേരള
63	പൗരസ്ത്യ സാഹിത്യ ദർശനം- ഡോ.എം.എസ്.മേനോൻ	1995	കേരള
64	പൗരസ്ത്യ സാഹിത്യ മീമാംസ- ഡോ.ടി.ജി.രാമചന്ദ്രൻപിള്ള	1998	കേരള
65	മലയാള ഭാഷാ ചരിത്രം എഴുത്തച്ഛൻ വരെ ഡോ.കെ.രത്നമ്മ	1999	കേരള
66	വക്രോക്തി കാവ്യജീവിതം-എൻ.വി.പി.ഉണിത്തിരി	2003	കേരള
67	ഭരതമുനിയുടെ നാട്യശാസ്ത്രം-കെ.പി.നാരായണപ്പിഷാരടി	2003	കേരള
68	രസകൗമുദി-ബി.കെ.കൃഷ്ണൻനായർ	2003	കേരള
69	സാഹിത്യഭ്രഷണം-കുട്ടികൃഷ്ണ മാരാര്	2003	കാലടി
70	അലങ്കാരശാസ്ത്രം മലയാളത്തിൽ ചാത്തനാത്ത് അച്യുതനുണ്ണി	2003	കാലടി
71	കവിശിക്ഷ-വേദബന്ധു	2003	കാലടി
72	രസവികല്പവും ഭാവവ്യഞ്ജകവും-ടി.ജി.ശൈലജ	2007	കാലടി
73	ഭാഷാ പഠനങ്ങൾ -സി.എൽ.ആന്റണി	2011	കാലടി
74	കേരള ഭാഷാവ്യാകരണം-ഡോ.ഇ.വി.എൻ.നമ്പൂതിരി	2011	കാലടി
75	ഭാരതീയ കാവ്യശാസ്ത്ര നിഘണ്ടു ഡോ.ടി.ജി.ശൈലജ	2011	കേരള
76	അന്തസന്നിവേശം-അയ്യപ്പപ്പണിക്കർ	2013	കേരള
77	രസകൗമുദി-ഡോ.പൂജപ്പുരകൃഷ്ണൻ നായർ	2013	കേരള
78	വക്രോക്തി കൈരളി—ഡോ.പൂജപ്പുരകൃഷ്ണൻനായർ	2013	കേരള
79	History of Grammatical Theories in Malyalam-Dr.K.N. Ezhuthachan	2003	കാലടി
80	സുവൃത്തതിലകം-ക്ഷേമേന്ദ്രൻ	2003	കാലടി
81	മലയാള വൃത്തപഠനം-പി.നാരായണക്കുറുപ്പ്	2003	കാലടി
82	A history of Malayalam Metre - N.V.Krishnavarier	2003	കാലടി
83	മലയാളത്തിലെ നാമവർഗ്ഗം.കെ.ശ്രീകുമാരി	2009	കാലടി
84	വാക്കിന്റെ വഴികൾ- ടി.ബി.വേണുഗോപാലപ്പണിക്കർ	2003	അലിഗഢ്
85	ലീലാതിലകം-വ്യാഖ്യാനം- ശൂരനാട് കുഞ്ഞൻ പിള്ള	2009	കാലടി

86	ലീലാതിലകം- വ്യാഖ്യാനം-ഇളംകുളം കുഞ്ഞൻപിള്ള	2009	കാലടി
87	കേരള ഭാഷാവിജ്ഞാനീയം ഡോ.ഗോദവർമ്മ	2009	കാലടി
88	കേരള പാണിനീയ ഭാഷ്യം-പുതുശ്ശേരി രാമചന്ദ്രൻ	2003	കാലടി
89	കേരള കൗമുദി-കോവുണ്ണി നെടുങ്ങാടി	2003	കാലടി
90	വ്യാകരണ പഠനങ്ങൾ കെ.വി.രാമചന്ദ്രൻപൈ	2003	കാലടി
91	Points of Contact between Prakrit and Malayalam- Dr. M.P.Sankunni Nair	2003	കാലടി
92	മലയാള വ്യാകരണ സമീക്ഷ - ഡോ.കെ.എം.പ്രഭാകരവാരിയർ	2003	കാലടി
93	വ്യാകരണ പഠനങ്ങൾ-വോണുഗോപാലപ്പണിക്കർ (എഡി) മലയാള വിമർശനം-14, കാലിക്കറ്റ്, സർവ്വകലാശാല)	2003	കാലടി
94	The History of the Grammattical Theories in Malayalam –K.N.Ezhuthachan M.A 1920	2003	കാലടി
95	ഭാഷാവലോകനം- പ്രഭാകരവാര്യർ	2012	അലിഗഢ്
96	മലയാള ഭാഷാ ചരിത്രം-എസ്.വി.വേണുഗോപൻ നായർ	2012	അലിഗഢ്
97	മൊഴിയറിവ്-കെ.സുഗതൻ	2012	അലിഗഢ്
98	ഭാഷാപരിചയം-മാരാർ	2012	അലിഗഢ്
99	മലയാള ശൈലി-മാരാർ	2012	അലിഗഢ്
100	മല്ല മലയാളം -സി.വി.വാസുദേവ ഭട്ടതിരി	2012	അലിഗഢ്
101	ഭാഷയും പഠനവും-വി.ഐ.സുബ്രഹ്മണ്യം	2012	അലിഗഢ്
102	മൊഴിവഴികൾ-കെ.എം.പ്രഭാകര വാര്യർ	2012	അലിഗഢ്
103	കേരള ഭാഷാവ്യാകരണം-ഇ.വി.എൻ.നമ്പൂതിരി	2012	അലിഗഢ്
104	മലയാളം മാറ്റവും വളർച്ചയും പ്രഭാകര വാരിയർ കെ.എം	2016	മലയാളം
105	കേരള പാണിനീയപാഠങ്ങൾ-ഡോ.മേരി	2016	മലയാളം
106	മലയാള വൃത്ത പഠനം-പി.നാരായണക്കുറുപ്പ്	2016	മലയാളം
107	വൃത്തശാസ്ത്രം-മാത്യു ടി.വി	2016	മലയാളം
108	മലയാളഭാഷയുടെ അടിവേരുകൾ-ടി.കമലമ്മ	2016	സെൻട്രൽ
109	പ്രയോഗദീപിക-പി.കെ.നാരായണപിള്ള	2016	സെൻട്രൽ
110	ബെഞ്ചമിൻ ബെയ്ലി-ഡോ.ബാബു ചെറിയാൻ	2016	സെൻട്രൽ
111	മലയാളത്തിലെ നാമവർഗ്ഗം ഡോ.കെ.ശ്രീകുമാരി	2008	മധുര
112	ഗ്രാമർ ഓഫ് ദ മലബാർ ലാഗ്വേജ് റോബർട്ട് ഡ്രമണ്ട്	2016	സെൻട്രൽ
113	ഭാഷാദർശനവും ചരിത്രവും ഡോ.കെ.കുഞ്ഞുണ്ണിരാജ	2016	സെൻട്രൽ
114	ഭാഷാപഠനങ്ങൾ-സി.എൽ.ആന്റണി	2016	സെൻട്രൽ
115	ഭാഷാസാഹിത്യം, വിമർശനം-കെ.എം.പ്രഭാകരവാരിയർ	2016	സെൻട്രൽ

116	കേരള പാണിനീയ പീഠികാപഠനം - ഭാഷാശാസ്ത്ര വീക്ഷണത്തിൽ എസ്.വി.ഷണ്മുഖം (വി.വ: ടി.ബി,വേണുഗോപാല പണിക്കർ)	2016	സെൻട്രൽ
117	വ്യാകരണ പഠനങ്ങൽ പ്രൊഫ.കെ.വി.രാമചന്ദ്രപൈ	2008	മധുര
118	ഭാഷാഗവേഷണം-കെ.കുഞ്ഞുണ്ണി രാജ	2016	സെൻട്രൽ
119	മലയാള ഭാഷാ വിജ്ഞാനത്തിന് എൽ.വി.ആറിന്റെ സംഭാവനകൾ ഡോ.സൗമ്യ ബേബി	2016	സെൻട്രൽ
120	Notes on Kerala Paniniyam LV ramasswamy Iyer	2016	സെൻട്രൽ
121	Studies in Malayalam Grammar K M Prabhakara Varier	2016	സെൻട്രൽ
122	ഭാഷാപരിണാമം സിദ്ധാന്തങ്ങളും വസ്തുതകളും -തിരുനല്ലൂർ കരുണാകരൻ	2003	കാലടി
123	History of Grammatical Theories in Malayalam – Dr.K.N.Ezhuthachan	2003	കാലടി
124	സുവൃത്തതിലകം-ക്ഷേമേന്ദ്രൻ	2003	കാലടി
125	A History of Malayalam metre –N.V.Krishna varier	2003	കാലടി
126	ഭാഷാനിരീക്ഷണം-ഡോ.എൻ.ആർ,ഗോപിനാഥപിള്ള	2014	കാലടി
127	വ്യാകരണം-ഡോ.സി.ആർ.പ്രസാദ്	2014	കാലടി
128	ഭാഷാലോകം-ടി.ബി.വേണുഗോപാലപ്പണിക്കർ	2014	കാലടി
129	ഭാഷാർത്ഥം-ടി.ബി.വേണുഗോപാലപ്പണിക്കർ	2014	കാലടി
130	വാക്കിന്റെ വഴികൾ-ടിബിവേണുഗോപാലപ്പണിക്കർ	2014	കാലടി
131	മലയാള വ്യാകരണ സിദ്ധാന്തങ്ങൾ കേരള പാണിനീയത്തിനു ശേഷം ഡോ.എൻ.കെ.മേരി	2014	കാലടി
132	മലയാള വ്യാകരണം -പ്രൊഫ.ഗോപിക്കുട്ടൻ	2014	കാലടി
134	മലയാള ചിന്തകൾ-വി.കെ.ഹരിഹരനുണ്ണിത്താൻ	2014	കാലടി
135	മലയാളത്തിലെ പരകീയ പദങ്ങൾ- ഡോ.പി.എം.ജോസഫ്	2014	കാലടി
136	ഗവേഷണ മേഖല-ഡോ.വെള്ളായണി അർജ്ജുനൻ	2014	കാലടി
137	വാക്യദർശനം-രവിശങ്കർ എസ് നായർ	2014	കാലടി
138	മലയാള ഭാഷോല്പത്തി വിവരണാത്മക സൂചിക ആർ രഘുനാഥൻ	2014	കാലടി
139	സന്ധി നിയമങ്ങൾ മലയാള വ്യാകരണ രചനകളിൽ- ഡോ.എൻ രാജേന്ദ്രൻ	2014	കാലടി
140	മലയാള വ്യാകരണ ചരിത്രം-ഡോ.എൻ.രാജേന്ദ്രൻ	2014	കാലടി
143	മലയാള ഭാഷയുടെ അടിവേരുകൾ-ജി.കമലമ്മ	2015	കണ്ണൂർ
144	മലയാള ഭാഷാ പഠനങ്ങൾ-വി.സുകുമാരൻ	2015	കണ്ണൂർ
145	Historical Linguistics-Lehman	1992	കാലിക്കറ്റ്

146	Dravidian Linguistics an introduction Kamil Zvelebil	1992	കാലിക്കറ്റ്
147	The principles of subgrouping and their application in Dravidian-Subramanian.P.S	1992	കാലിക്കറ്റ്
148	Dravidian verb morphology P S Subramanian	1992	കാലിക്കറ്റ്
149	ദ്രാവിഡ ഭാഷകൾ -ആന്ധ്രനോവ് വിവ:പ്രബോധചന്ദ്രൻ	1992	കാലിക്കറ്റ്
150	In History of Malyalam Language Ed.K.M. Prabhakara Varier	1992	കാലിക്കറ്റ്
151	മലയാള ഭാഷയുടെ രൂപീകരണവും വളർച്ചയും എസ്.വി.ഷൺമുഖം	1992	കാലിക്കറ്റ്
152	ഭാഷാ ചരിത്രം വ്യാകരണം	1992	കാലിക്കറ്റ്
153	ഭാഷാവൃത്ത ദീപിക-പി.കുഞ്ഞികൃഷ്ണമേനോൻ	1992	കാലിക്കറ്റ്
154	വൃത്ത ശാസ്ത്രം-ടി.വി.മാത്യു	1992	കാലിക്കറ്റ്
155	വ്യവഹാരങ്ങൾ-ടി.പവിത്രൻ	1992	കാലിക്കറ്റ്
156	പഴശ്ശിരേഖകളിലെ വ്യവഹാരഭാഷ ഡോ.ജോസഫ് സ്കറിയ	1992	കാലിക്കറ്റ്
157	സമകാലിക മലയാളവ്യാകരണം-എസ്.ശരത് ചന്ദ്രൻ നായർ, സി.ജി.രാജേന്ദ്രബാബു	1992	കാലിക്കറ്റ്
158	Nominal Compositions in Malayalam Dr. P.N.Raveendran	1992	കാലിക്കറ്റ്
159	വാക്കിന്റെ സാമൂഹ്യശാസ്ത്രം - ഡോ.സി.ജെ.ജോർജ്ജ്	1992	കാലിക്കറ്റ്
160	അധികാരം , ഭാഷ - ഡോ.പി.എം.ഗിരീഷ്	1992	കാലിക്കറ്റ്
161	നോം ചോംസ്കി നൂറ്റാണ്ടിന്റെ മനസാക്ഷി എം.എ.ബേബി (എഡിറ്റർ)	1992	കാലിക്കറ്റ്
162	ഭാഷാ ശാസ്ത്രത്തിലെ ചോംസ്കിയൻ വിപ്ലവം ഡോ.കെ.എൻ.ആനന്ദൻ	1992	കാലിക്കറ്റ്
163	വാക്യവും ക്രിയയും മലയാളത്തിൽ വി.കെ.ഹരിഹരനുണ്ണിത്താൻ	1992	കാലിക്കറ്റ്
164	ആധുനിക മലയാളവ്യാകരണം കെ.എസ്.നാരായണപിള്ള	1992	കാലിക്കറ്റ്
165	വൃത്തശാസ്ത്രം - ഡോ.ടി.വിമാത്യു	1988	എം.ജി
166	കേരള ഭാഷാവ്യാകരണം- ഡോ.ഇ.വി.എൻ.നമ്പൂതിരി	2012	എം.ജി
167	വാക്യഘടന - ഡോ.ഇ.വി.എൻ.നമ്പൂതിരി	2012	എം.ജി
168	മലയാള ശൈലി - കുട്ടികൃഷ്ണമാരാർ	2012	എം.ജി
169	ഭാഷാവലോകനം - കെ.എം.പ്രഭാകരവാരിയർ	2012	എം.ജി
170	സാഹിത്യ സാഹ്യം - എ.ആർ	2012	എം.ജി
171	Malayalam –R.E.Asher &T.C.Kumary	2012	എം.ജി

12.

പട്ടിക 16

വ്യാകരണം, വൃത്തം, അലങ്കാരം - പാഠപുസ്തകം

ക്രമ നമ്പർ	കൃതികളുംഎഴുത്തുകാരും	വർഷം	യൂണി വേഴ്സിറ്റി
1	ലീലാതിലകം - ആറ്റൂർ കൃഷ്ണപിഷാരടി	1937	മദ്രാസ്
2	കേരള പാണിനീയം -എ.ആർ. (ബി.എ. ഓണേഴ്സ്)	1915	മദ്രാസ്
3	വൃത്തമഞ്ജരി എ.ആർ. (ബി.എ. ഓണേഴ്സ്)	1915	മദ്രാസ്
4	ഭാഷാഭൂഷണം - എ.ആർ. (ബി.എ. ഓണേഴ്സ്)	1915	മദ്രാസ്
5	ദ്രാവിഡ വൃത്തങ്ങളും അവയുടെ ദശാപരിണാമങ്ങളും അപ്പൻ തമ്പുരാൻ	1915	മദ്രാസ്
6	ഭാഷാദർപ്പണം - ആറ്റൂർ കൃഷ്ണ പിഷാരടി	1915	മദ്രാസ്
7	നാടക പ്രവേശിക - എ.ഡി.ഹരിശർമ	1915	മദ്രാസ്
8	വ്യാകരണമിത്രം ശേഷ ഗിരിപ്രഭ	1977	കേരള
9	മലയാള വ്യാകരണം-ഗുണ്ടർട്ട്	1977	കേരള
10	കാവ്യജീവിത വൃത്തി 1 & 11 -പി.കൃഷ്ണൻ നായർ	1977	കേരള
11	ശബ്ദ സൗഭഗം - ഫാദർ ജോൺ കുന്നപ്പിള്ളി	2012	അലിഗഢ്
12	മലയാള വ്യാകരണ സമീക്ഷ കെ.എം.പ്രഭാകര വാര്യർ	2012	അലിഗഢ്
13	വ്യാകരണ പഠനങ്ങൾ - മലയാള വിമർശനം-14	2001	കാലിക്കറ്റ്
14	Linguistic Interpretation of Lilatilakam A.R.Gopala Pillai	2001	കാലിക്കറ്റ്
15	മലയാള വ്യാകരണപഠനങ്ങൾ (എഡി) രാധാകൃഷ്ണൻ മുല്ലശ്ശേരി	2001	കാലിക്കറ്റ്
16	കേരളപാണിനീയം ചില അനുബന്ധ ചിന്തകൾ പി.മീരാൻകുട്ടി	2001	കാലിക്കറ്റ്
17	മലയാള ക്രിയകൾ -മോഹൻദാസ്	2001	കാലിക്കറ്റ്
18	Relative Clause in Malayalam –P.T.Abraham	2001	കാലിക്കറ്റ്
19	Nominal Composition in Malyalam –P.N.Ravindran	2001	കാലിക്കറ്റ്
20	Malayalam Verbal Forms V.R.Prabhodha Chandran nayar	2001	കാലടി
21	A Progressive Grammar of the Malayalam Language –L.J.Franhmeyer	2001	കാലിക്കറ്റ്
22	ഭാഷാഭൂഷണത്തിന്റെ ഉപാദാനങ്ങൾ എൻ.വി.പി.ഉണിത്തിരി	2001	കാലിക്കറ്റ്
23	കാവ്യാലങ്കാരം-ഭാമഹൻ	2001	കാലിക്കറ്റ്
24	കാവ്യദർശന-ദണ്ഡി	2001	കാലിക്കറ്റ്
25	കാവ്യാലങ്കാരം -രുദ്രടൻ	2001	കാലിക്കറ്റ്

26	കാവ്യലങ്കാര സൂത്രവൃത്തി-വാമനൻ	2001	കാലിക്കറ്റ്
27	ധ്വന്യാലോകം- ആനനന്ദവർധൻ	2001	കാലിക്കറ്റ്
28	ലോചനവ്യാഖ്യാനം-അഭിനവഗുപതൻ	2001	കാലിക്കറ്റ്
29	കാവ്യപ്രകാശം-മമ്മടൻ	2001	കാലിക്കറ്റ്
30	കാവ്യപ്രദീപം-ഗോവിന്ദൻ	2001	കാലിക്കറ്റ്
31	സാഹിത്യദർപ്പണം-വിശ്വനാഥൻ	2001	കാലിക്കറ്റ്
32	അലങ്കാരസർവ്വസ്വം-രുയ്യകൻ	2001	കാലിക്കറ്റ്
33	കുവലയാനന്ദം-അയ്യപ്പദീക്ഷിതർ	2001	കാലിക്കറ്റ്
34	രസഗംഗാധരം-ജഗന്നാഥപണ്ഡിതൻ	2001	കാലിക്കറ്റ്

അദ്ധ്യായം 5

ഭാഷാശാസ്ത്രപഠനം

1857-ൽ ബ്രിട്ടീഷ്സർക്കാർ മൂന്നു സർവ്വകലാശാലകൾ ഇന്ത്യയിൽ തുടങ്ങിയത്, ബ്രിട്ടനിലെ സർവ്വകലാശാലകളെയും അവയുടെ നിയമാവലികളെയും ജ്ഞാനശാഖാ വിഭജനങ്ങളെയും അക്കാദമിക, ഭരണഘടനകളെയും അതേപോലെ പകർത്തിയാണ്. പാഠ്യപദ്ധതി, ബോധനം, മൂല്യനിർണ്ണയം തുടങ്ങിയവയും അതേ അച്ചിൽ വാർക്കപ്പെട്ട വയാണ്. ഇന്ത്യയിൽ സർവ്വകലാശാലകളുടെ ആവിർഭാവം മുതൽ ആവിഷ്കരിക്കപ്പെട്ട ജ്ഞാനശാഖയാണ് ഭാഷാശാസ്ത്രം. ആദ്യം കൽക്കട്ടാ സർവ്വകലാശാലയിലും പിന്നീട് മറ്റു സർവ്വകലാശാലകളിലും വ്യാപിപ്പിക്കുകയാണ് ചെയ്തത്. നാട്ടുഭാഷകളുടെയും ഇതരഭാ ഷകളുടെയും പാഠ്യപദ്ധതിയിൽ ഭാഷാശാസ്ത്രത്തെ കുടിയിരുത്തുകയാണ് ചെയ്തത്. യൂറോപ്പിന്റെ ഈ ജ്ഞാനശാഖയിലുള്ള അധ്യയനവും മൂല്യനിർണ്ണയവും ഇംഗ്ലീഷ് മാധ്യമത്തിലായിരിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു.എം.എ., ബി.എ.(ഓണേഴ്സ്) എന്നീ ഉപരിപഠനഭാഷാഗ്രൂപ്പിലെ നിർബന്ധിത പേപ്പറായിരുന്നു ഭാഷാശാസ്ത്രം. ഭാഷാശാസ്ത്രവും ഭാഷാചരിത്രവും എന്നാണ് പേപ്പറിന്റെ പേര്. Linguistics എന്നതിനുപകരം Philology എന്നാണ് പേപ്പറിന് പേരുകൊടുത്തിരുന്നത്. ഭാഷ മുഖ്യവിഷയമായുള്ള ഗ്രൂപ്പുകളിലെ ല്ലാം ഈ പേപ്പറും പാഠ്യപദ്ധതിയും ഒരുപോലെ അടിച്ചേൽപ്പിച്ചിരുന്നു. പാഠ്യവസ്തുവല്ല നല്കിയിരുന്നത്, പാഠപുസ്തകങ്ങളും കൂടാതെ For Consultation എന്ന നിലയിൽ സഹായ കഗ്രന്ഥങ്ങളുമാണ് സിലബസിൽ നല്കിയിരുന്നത്. 1935 മുതൽ 1958-വരെ ഈ പേപ്പർ വലിയ മാറ്റങ്ങളില്ലാതെ നിലനിന്നു.

പാഠപുസ്തകങ്ങൾ (For study)

1. Vendryes: Language a linguistic introduction to history
2. Gune: Introduction to comparative philology
3. Caldwell: Comparative grammar of the Dravidian languages
4. Chatterji S.K.: Origin and development of the Bengali language (Section1-140 Pages) Vol-1 and the appendix B .
5. Dravidic Studies Nos 1-4 Madras University Publications
6. Grierson: Linguistic Survey Vol.iv.

7. L.V. Ramaswamy Ayyar: Grammar in Leelathilakam

For Consultation

1. Jesperson: The language its origin,theory and development
2. Sweet: The History of language
3. Bloom Field: Introduction to the study of language
4. T.R. Sesha iyengar: Dravidian India (Vol.I)
5. Bagchi P.C: Pre Aryan and Pre-Dravidian in India
6. മൂന്ന് ചെപ്പേടുകൾ - ടി. കെ. ജോസഫ്
7. Huzur Plates
8. Specimen of Vettaletha Inscriptions
9. Huzer Office Plates of Korunnan Thalakkavu –Travancore archeological series VI

(അവലംബം: മദ്രാസ് സർവ്വകലാശാല കലണ്ടർ 1937)

മലയാളം ബി.എ. ഓണേഴ്സിന്റെ തുടക്കം മുതൽ (1935 അഡ്മിഷൻ) ഉണ്ടായിരുന്ന ഭാഷാശാസ്ത്ര സിലബസാണിത് (അനുബന്ധം, പുറം:40). 1939-ൽ ഡോ. എൻ.എ. രവിവർമ്മയുടെ The relation between Aryan and Dravidian Languages എട്ടാമത്തെ പാഠപുസ്തകമായി ചേർക്കുന്നു. 1943-ൽ പത്താമത്തെ സഹായഗ്രന്ഥമായി കെ. രാമകൃഷ്ണയ്യരുടെ Studies in Dravidian philology-യും കൂട്ടിച്ചേർക്കുന്നു. കേരള സർവ്വകലാശാല രൂപംകൊണ്ടതിനു ശേഷം വരുന്ന 1959-ലെ സിലബസിൽ ഘടനയ്ക്കുത്തനിന്നുകൊണ്ടുള്ള അഴിച്ചുപണിയൽ ദൃശ്യമാണ്. 1959-ൽ മദ്രാസ്, കേരളസർവ്വകലാശാലകൾ പാഠ്യപദ്ധതിയിലും പാഠ്യപദ്ധതി സമീപനത്തിലും വ്യത്യസ്തത പുലർത്തിക്കൊണ്ട് വേർപിരിയുന്ന ഘട്ടം കൂടിയാണ്.

5.1. മദ്രാസ് സർവ്വകലാശാല

രണ്ടാം വർഷ എം.എ.യുടെ ആറാമത്തെ പേപ്പറായി വ്യാകരണം, ഭാഷാചരിത്രം എന്നിവയോടൊപ്പമാണ് ഭാഷാശാസ്ത്രം (ഫിലോളജി) വരുന്നത്. കേവലം പാഠപുസ്തകങ്ങളുടെ പേരിൽ ഒതുങ്ങിയിരുന്ന ഭാഷാശാസ്ത്ര സിലബസ് പാഠ്യവസ്തുവിലേക്ക് പരിണമിക്കുന്ന ഘട്ടമാണിത്. പാഠപുസ്തകങ്ങളോ റഫറൻസോ ഈ പേപ്പറിന്റെ 1959-ലെ പാഠ്യപദ്ധതിയിൽ കാണിച്ചിട്ടുമില്ല.

ഭാഷാശാസ്ത്ര ലക്ഷ്യങ്ങൾ, ചിന്തയും ഭാഷയും, ഭാഷോദ്ഭവ സിദ്ധാന്തങ്ങൾ, താരതമ്യാത്മകവും ചരിത്രാത്മകവുമായ രീതി, ഭാഷാവികാസം, ഭാഷാശാസ്ത്ര വിഭാഗങ്ങൾ, ഫൊണോളജി, മോർഫോളജി സിസ്റ്റം, സെമാന്റിക്സ്, ലിംഗ്വിസ്റ്റിക്സ് പാലിയെന്റോളജി, ശബ്ദം, ഉച്ചാരണ അവയവങ്ങൾ, ശബ്ദോൽപാദനം, സ്വീകരണം, ഉച്ചാരണശബ്ദങ്ങളുടെ

വിഭജനം, ഫൊണറ്റിക് നിയമങ്ങൾ, മാറ്റങ്ങൾ, ആക്സെന്റ്, പിച്ച്, സ്ട്രെസ്, ലേഖനം: ഉത്ഭവം, വികാസം, വർണങ്ങൾ, അക്ഷരങ്ങൾ, വ്യാകരണം, ലിംഗം, വചനം, കാലം etc, അർത്ഥം, പദം, അന്യഭാഷാപദങ്ങൾ, അർത്ഥവ്യതിയാനം, കാരണങ്ങൾ, ഭാഷാഘടന, ഭാഷാവൈവിധ്യം, ഭാഷാഭേദം, മാനകഭാഷ, മൃതഭാഷ, ജീവത്ഭാഷ, മിശ്രഭാഷ, ഭാഷാവർഗീകരണം, ജൈവികവും അജൈവികവുമായ വിഭജനങ്ങൾ, ഭാഷാകുടുംബം, ഇന്ത്യൻഭാഷകളുടെ വിതരണം എന്നിവയാണ് പാഠ്യവസ്തുക്കൾ.

5.1.1.ദ്രാവിഡഭാഷകളുടെ തുലനാത്മക വ്യാകരണഘടകങ്ങൾ

ദ്രാവിഡ കുടുംബം - സവിശേഷതകൾ - ദ്രാവിഡ ശബ്ദ ഉദ്ഭവം - സിദ്ധാന്തങ്ങൾ - സംസ്കൃതവുമായുള്ള ബന്ധം

ദ്രാവിഡ അക്ഷരമാല: ഉദ്ഭവം, ചരിത്രം - ദ്രാവിഡ ഉച്ചാരണശാസ്ത്രം, സ്വരങ്ങൾ, വ്യഞ്ജനങ്ങൾ, ധാതുക്കൾ - വിഭജനം - നാമം , ലിംഗം, വചനം, വിശേഷണം, ക്രിയ, സകർമകം, അകർമകം, പദങ്ങൾ, സംസ്കൃതത്തിൽ നിന്നും മറ്റുമുള്ള കടമെടുക്കലുകൾ, വാക്യം: സംസ്കൃതസ്വാധീനം, വിവിധ ഭാഷകളുടെ വാക്യഘടന താരതമ്യം.

ഇത്രയും പാഠ്യവസ്തുക്കളാണ് ഈ പാഠ്യപദ്ധതി (1959) പ്രധാനമായും ഉൾക്കൊള്ളുന്നത്.

സെമസ്റ്റർ സംവിധാനം വന്നതിനുശേഷം ഭാഷാശാസ്ത്രം സ്വാതന്ത്ര്യമായ കോഴ്സാവുന്നു. വിശദമായ പാഠ്യവസ്തുവോ പഠപുസ്തകമോ സഹായക ഗ്രന്ഥങ്ങളോ പാഠ്യപദ്ധതി യോടൊപ്പം നല്കിയിട്ടില്ല. പ്രധാന 5 മേഖലകളായി ഫൊണറ്റിക്സ്, ഫൊണോളജി, മോർഫോളജി, സിൻടാക്സ്, സെമാന്റിക്സ് എന്നിവ നല്കിയിരിക്കുന്നു. പ്രഭാകരവാരിയരുടെ കാലം മുതൽ തന്നെ ഭാഷാശാസ്ത്ര പഠനഗവേഷണ മേഖലകളിൽ സവിശേഷമുദ്ര പതിപ്പിച്ച മലയാളവിഭാഗമാണ് മദ്രാസിലേത്. ഇപ്പോഴും ആ പാരമ്പര്യം കോട്ടംതട്ടാതെ തുടരുന്നു.

5.2. കേരള സർവ്വകലാശാല

കേരളയിൽ ഭാഷാചരിത്രവും ഭാഷാശാസ്ത്രവും ഒത്തുചേർന്ന എട്ടാമത്തെ പേപ്പറായാണ് അറുപതുകളിൽ ഭാഷാശാസ്ത്രപഠനം മുന്നോട്ടു പോവുന്നത്. മദ്രാസ് സർവ്വകലാശാലയെ പ്പോലെ തന്നെ പാഠ്യവസ്തുവിലേക്കുള്ള മാറ്റം കേരളയിലും ദൃശ്യമാണ്. അതോടൊപ്പം പാഠപുസ്തകങ്ങൾക്കു സമാനമായി Books Indicating the Scope of the Subjectഎന്ന പേരിൽ നല്കിയിട്ടുണ്ട്. ഭാഷാശാസ്ത്രം, ദ്രാവിഡഭാഷാശാസ്ത്രം എന്നിവയുടെ സിലബസുകൾ ഏറെക്കുറെ രണ്ടു സർവ്വകലാശാലകളിലും സമാനമാണ്. ഭാഷാശാസ്ത്രത്തിന്റെ അടിസ്ഥാന പാഠപുസ്തകങ്ങളിൽ മാറ്റം പ്രകടമാണ് (അനുബന്ധം, പുറം:79).

1959

Books recommended to indicate the scope of the subject

1. Introduction to Descriptive Linguistics – H.A. Gleason
2. Introduction to the study of Language - Bloom field
3. Introduction to Linguistic science –Stratevant
4. Comparative Grammar of Dravidian Languages – Caldwell
5. Grammatical structure of Dravidian Languages – Jules Blooh
6. Keralabhasha Vijnaneeyam – Dr. K. Godavarma
7. Keralabhashayude Vikasasparinamangal – P.N. Kunjanpillai
8. Evolution of Malayalam – Dr. A.C. Shekhar
9. Linguistic Survey of India – Vol. IV – G.A. Grierson

1935 മുതൽ നിലനിന്ന 7-8 പാഠപുസ്തകങ്ങളിൽ രണ്ടെണ്ണം ഒഴികെ (4-ഉം 9-ഉം) ബാക്കിയെല്ലാം ഒഴിവാക്കാനും ഇളംകുളം കുഞ്ഞൻപിള്ളയുടെയും ഗോദവർമ്മയുടെയും മലയാളത്തിലുള്ള പുസ്തകങ്ങൾ ഉൾപ്പെടുത്താനും കഴിഞ്ഞിട്ടുണ്ട്. മലയാളിയായ എ.സി. ശേഖറിന്റെ ഇംഗ്ലീഷിലുള്ള പുസ്തകം ഉൾപ്പെടുത്താൻ കഴിഞ്ഞതാണ് മറ്റൊരു ശ്രദ്ധേയ പരിഷ്കാരം. 1972-ലെത്തുമ്പോൾ ഭാഷാശാസ്ത്ര പാഠ്യപദ്ധതി ഭാഷാശാസ്ത്രസമീപനങ്ങൾ ഉപയോഗിച്ചുള്ള മലയാളഭാഷയുടെ അപഗ്രഥനത്തിന്റെ സാദ്ധ്യതകൾ കേവലം ദ്രാവിഡഭാഷകളുടെ കൂട്ടത്തിൽപ്പെടുന്ന ഒന്ന് എന്നനിലയിൽ പരിമിതപ്പെടുത്തി ഭാഷയെ അന്യവത്കരിക്കുന്ന പാഠ്യപദ്ധതിയായിത്തന്നെ തുടരുന്നു.

1972

Linguistics

Books Indicating the scope of the subject

1. Introduction to the study to language-Bloom field
2. An introduction to descriptive linguistics (2nd Edition) Gleason H .A
3. Historical Linguistics-An introduction -Lehmann P.Winfield

Books for reference

1. Introduction to Linguistics science- sturtuvent
2. A coursein modern linguistics- C.F.Hockett

Dravidian Philology

Books indicating the scope of the subject

1. A comparative Grammar of Dravidian languages -Caldwell

2. Grammatical structure of Dravidian languages-Jules Blooh

3. Linguistic survey of India Vol. IV- Grierson

Books for references

1. The structure of Kannada-Here mutt

2. TheTelugu verbal base-B.H.Krishnamoorthy

3. Origin and development of Bengali Language-(introduction only) S.K. Chatterji

കോളനിയനന്തരകാലത്തുപോലും കോളനികാലചിന്തകൾ തദ്ദേശീയരിൽ പ്രതിഫലിക്കുന്നതിന്റെയും മലയാളപഠനത്തോടുള്ള അവഗണനയുടെയും ദൃഷ്ടാന്തമായേ ഇതിനെ വിലയിരുത്താൻ കഴിയൂ. സഹായകഗ്രന്ഥങ്ങൾപോലും കന്നട-തെലുങ്ക്, ബംഗാളി ഭാഷകളുടേതാണ് തമിഴോ മലയാളമോ ഇല്ല. 1975-ൽ റഫറൻസ് ബുക്കുകളിൽനിന്ന് തെലുങ്ക്, കന്നട ഒഴിവാക്കി എം.എസ്. ആൻഡ്രോമോവിന്റെ ദ്രവീഡിയൻ ലാംഗ്വേജസ് ഉൾപ്പെടുത്തുന്നു. കൂടാതെ ഭാഷാശാസ്ത്ര റഫറൻസിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാംഗ്വേജിന്റെ ഭാഷാശാസ്ത്ര ശബ്ദാവലിയും 'പ്രതിദാനം' എന്ന, ഇംഗ്ലീഷിലുള്ള ഗവേഷണപ്രബന്ധങ്ങളുടെ വാല്യവും കൂട്ടിച്ചേർത്തിരിക്കുന്നു.

1977-ൽ പാഠ്യപദ്ധതിയിൽ അഴിച്ചുപണി കാണുന്നുണ്ട്. മലയാളത്തിന്റെ പാഠ്യപദ്ധതി മലയാളത്തിൽ തന്നെ പൂർണ്ണമായിട്ടല്ലെങ്കിലും അച്ചടിക്കാനുള്ള ശ്രമമുണ്ട്. ഈ വർഷം ഭാഷാശാസ്ത്രത്തെ വ്യാകരണത്തോടും ഭാഷാചരിത്രത്തോടും ഒപ്പം കൂട്ടിച്ചേർത്ത് ഒരു പേപ്പറാക്കിയിട്ടുമുണ്ട്. കൂടാതെ കേവലമായ പാഠപുസ്തക നിർദ്ദേശത്തിനുപകരം ഉള്ളടക്കം അഥവാ പാഠ്യവസ്തു നിർദ്ദേശിക്കുന്ന രീതി പുനഃസ്ഥാപിക്കപ്പെട്ടിട്ടുമുണ്ട്. പാഠ്യപദ്ധതിലക്ഷ്യങ്ങൾ ഇപ്പോഴും നിർണ്ണയിക്കപ്പെടുന്നില്ല. ഭാഷാശാസ്ത്രത്തിലെ അടിസ്ഥാന സങ്കല്പങ്ങൾ വെച്ചുകൊണ്ട് മലയാളഭാഷയെ വിശകലനം ചെയ്യാനുള്ള ശ്രദ്ധേയമായ ശ്രമം അഥവാ മാതൃഭാഷയുടേതായ ഭാഷാശാസ്ത്രം വികസിപ്പിക്കാനുള്ള ഉദ്യമം 77-ലെ ഭാഷാശാസ്ത്രപാഠ്യപദ്ധതിയുടെ പ്രധാന സവിശേഷതയാണ് (അനുബന്ധം, പുറം: 85).

വർണ്ണനിർണ്ണയനം, വർണവിന്യസനം, വർണസംയുക്തങ്ങൾ തുടങ്ങിയ ഉപാധികൾ വെച്ചുകൊണ്ട് മാതൃഭാഷയിലെ വർണവ്യവസ്ഥ പരിശോധിക്കാനും നാമം, ക്രിയ, അവ്യയനിപാതങ്ങൾ, ഭേദകം എന്നീക്രമത്തിൽ മലയാളത്തിലെ സ്വതന്ത്ര, ആശ്രിതങ്ങളുടെ പരിശോധന നടത്താനും പദാംഗഘടനയുടെ അടിസ്ഥാനത്തിൽ ഭാഷാപദങ്ങളുടെ അക്ഷരഘടന പരിശോധിക്കാനും അർത്ഥഭേദനിയമങ്ങൾ വെച്ചുകൊണ്ട് മലയാളഭാഷയെ പരിശോധിക്കാനും വാക്യഘടനാസിദ്ധാന്തങ്ങൾ, നിയമങ്ങൾ വെച്ചുകൊണ്ട് മാതൃഭാഷയിൽ നിന്നു മാതൃകകൾ കണ്ടെത്താനും മലയാളത്തിലെ ഗ്രാഫോണും അലോഗ്രാഫ്സും നിർണയിക്കാനും പോർച്ചുനെറ്റോ, വെർണർ, ഗ്രിം എന്നിവരുടെ ധ്വനിനിയമങ്ങൾക്ക് മലയാളഭാഷയിലുള്ള പ്രസക്തി പരിശോധിക്കാനും പാഠ്യപദ്ധതി നിർദ്ദേശിക്കുന്നത്

അഭിലഷണീയമായ ദിശാവ്യതിയാനമാണ്. ഈ ഘട്ടത്തിൽ ഭാഷാഭേദ ഭ്രവിവരണം ഉൾപ്പെടുത്തിയിട്ടുണ്ട്. ദ്രാവിഡഭാഷാശാസ്ത്രത്തിന്റെ അമിതപ്രാധാന്യത്തെ ഒഴിവാക്കിക്കൊണ്ട് അതിനെ ഒരു യൂണിറ്റിന്റെ ചെറിയൊരംശം മാത്രമാക്കി മാറ്റിയിരിക്കുന്നു. കോളനീയതയിൽനിന്നും ഭാരതീയതയിൽ നിന്നും കേരളീയതയിലേക്ക് പഠനം വഴിമാറി നടക്കുന്നതിന്റെ പ്രതിഫലനം കൂടിയാണിത്. 1972-ലെ പാഠപുസ്തകവും റഫറൻസും 75-ൽ പാഠപുസ്തകമാവുന്നു (പട്ടിക-17). റഫറൻസ് വേറെ നല്കിയിട്ടില്ല. Modern Theories on Language കൂടുതലായി ചേർത്തിട്ടുമുണ്ട്. 1984-ൽ ഭാഷാശാസ്ത്രത്തിന് പാഠപുസ്തകങ്ങളില്ല. റഫറൻസിനുള്ള പുസ്തകങ്ങൾ എന്ന തലക്കെട്ടിൽ എട്ട് പുസ്തകങ്ങൾ നല്കയിട്ടുണ്ട്. മുൻവർഷത്തെ പാഠപുസ്തകങ്ങളോടൊപ്പം ഡോ.കെ.എം.ജോർജിന്റെ 'Ramacharitam and the Study of Early Malayalam'-വും ഡോ. പുതുശ്ശേരി രാമചന്ദ്രന്റെ കേരളപാണിനീയവിമർശനവും പുതുതായി കൂട്ടിച്ചേർത്തിട്ടുണ്ട്. 1989-ൽ റഫറൻസിൽ നിന്ന് കെ.എം.ജോർജിനെ ഒഴിവാക്കുന്നു. 1992-ൽ ഡോ.വി.ആർ. പ്രബോധചന്ദ്രൻ നായരുടെ ലോകഭാഷകൾ റഫറൻസിൽ ഉൾപ്പെടുത്തുന്നു.(പട്ടിക-18)

1999-ലെ പാഠ്യപദ്ധതിയിൽ റഫറൻസിൽ ഡോ.കെ.എം. പ്രഭാകരവാരിയരുടെ ആധുനിക ഭാഷാശാസ്ത്രം ഉൾപ്പെടുത്തി. 2003-ൽ സെമസ്റ്റർ സംവിധാനത്തിലേക്കുമാറിയതിനാൽ പാഠ്യപദ്ധതിയിൽ അഴിച്ചുപണിയൽ ദൃശ്യമാണ്. നാലാം സെമസ്റ്ററിലെ കോർ പേപ്പറായി ഭാഷാശാസ്ത്രം സ്വതന്ത്രമായി നിലകൊണ്ടുള്ള പാഠ്യപദ്ധതി ഈ ഘട്ടത്തിലും ഉണ്ടാകുന്നില്ലെങ്കിലും കൂടുതൽ വ്യക്തതയും സൂക്ഷ്മതയും ദൃശ്യമാകുന്നുണ്ട്. ഭാഷാനിർവ്വചനങ്ങൾ, മനുഷ്യഭാഷയുടെ സവിശേഷതകൾ. ഭാഷ-ഭാഷണം, ഫിലോളജി-ലിംഗ്വിസ്റ്റിക്സ്, ഭാഷാപഠനം, ഭാരതീയ പാരമ്പര്യം, ഭാഷാശാസ്ത്രവും വ്യാകരണവും, ഭാഷാപഗ്രഥന രീതികൾ, സ്വനവിജ്ഞാനം, ഭാരതീയവും ആധുനികവുമായ വീക്ഷണങ്ങൾ, ധാതു, പ്രകൃതി, പ്രത്യയം, വാക്യം-ഭാരതീയ സങ്കല്പം, ഘടനാത്മകസമീപനം, രചനാന്തരവ്യാകരണം, അഗാധഘടന, ഉപരിഘടന. ഭാഷാഭേദഭ്രപടം, സാമൂഹിക ഭാഷാശാസ്ത്രം, കുടുംബവൃക്ഷസിദ്ധാന്തം, തരംഗസിദ്ധാന്തം, ആദാനം, പുനഃസൃഷ്ടി എന്നിങ്ങനെയുള്ള ആശയങ്ങൾ കൂട്ടിച്ചേർത്തുകൊണ്ട് പാഠ്യപദ്ധതി വിപുലമാക്കുന്നുണ്ട്. 2003-ൽ സെമസ്റ്റർ സംവിധാനത്തോടെയാണ് കേരള സർവ്വകലാശാലയിൽ സൊസൂറും ചോംസ്കിയും അഥവാ ഘടനാവാദ, രചനാന്തരവ്യാകരണ സമീപനങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുന്നത്. പാഠപുസ്തകങ്ങൾ ഒഴിവാക്കി സഹായകഗ്രന്ഥങ്ങൾ മാത്രം നിലനിർത്തുന്നു. 22 പുസ്തകങ്ങളുടെ ലിസ്റ്റാണ് ഒടുവിൽ നല്കിയിരിക്കുന്നത്. മുൻ ലിസ്റ്റിൽനിന്ന് Modern Theories of language ഒഴിവാക്കിബാക്കിയുള്ളവ നിലനിർത്തിയിട്ടുണ്ട്.

2007-ൽ പേപ്പറിന്റെ പേര് ആധുനികഭാഷാശാസ്ത്രം, എന്നാക്കിക്കൊണ്ടും ലോകഭാഷകൾ, അവയുടെ വർഗീകരണം, കുടുംബവൃക്ഷതരംഗ സിദ്ധാന്തങ്ങൾ എന്നിവ ഒഴിവാക്കിയും ദ്രാവിഡഭാഷാശാസ്ത്രസംബന്ധിയായ രണ്ടു യൂണിറ്റുകൾ പുതുതായി

കൂട്ടിച്ചേർത്തും പാഠ്യപദ്ധതി പരിഷ്കരിക്കുന്നുണ്ട്. റഫറൻസ് പുസ്തകങ്ങൾ 22-ൽ നിന്നും 36-ലേക്കുയർത്തുന്നു. ഡേവിഡ് ക്രിസ്റ്റൽ, അലെൻ, ബി.ലിയോൺസ്, ആർ.എച്ച് റോബിൻസ് തുടങ്ങിയവരെ ഒഴിവാക്കിയിട്ടുണ്ട്. മലയാളിയായ ഭാഷാശാസ്ത്രജ്ഞരെയും അവരുടെ കൃതികളെയും ധാരാളമായി ഉൾപ്പെടുത്തിയിട്ടുള്ള പാഠ്യപദ്ധതിയാണിത്. എൽ.വി.രാമസ്വാമി അയ്യരെ ദീർഘകാലം മാറ്റി നിർത്തിയെങ്കിലും ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുണ്ട്. എ.സി.ശേഖർ ഇപ്പോഴും ഉൾപ്പെടുത്തപ്പെട്ടിട്ടില്ല. 2017-വരെ ഈ പാഠ്യപദ്ധതിതന്നെയാണ് നിലനില്ക്കുന്നത്.

5.2.1. ബി.എ. മലയാളം

ബി.എ.മലയാളം ഭാഷാശാസ്ത്ര പഠനത്തെ 1997 പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിൽ വിലയിരുത്തുമ്പോൾ അവ പാഠപുസ്തകത്തിലും റഫറൻസ് പുസ്തകത്തിലും ഉള്ളടക്കത്തിലും ഒക്കെത്തന്നെ എം.എ.യുടെ പാഠ്യപദ്ധതിയുമായി അന്തരം അല്ലെങ്കിൽ അവശ്യം വേണ്ട നിലവാരവ്യത്യാസം പുലർത്തുന്നുണ്ടെന്നു കാണാം. ഭാഷയുടെ നിർവ്വചനത്തിൽ തുടങ്ങി വ്യാകരണസമീപനങ്ങൾ, ചോംസ്കിയുടെ രചനാന്തരവ്യാകരണം, ഇതര വിജ്ഞാനശാഖകളുമായുള്ള ബന്ധം, ഉപയോഗം, ആസൂത്രണം തുടങ്ങി വർണ്ണ, രൂപ, അർത്ഥ, വാക്യവിജ്ഞാനീയവും നിഘണ്ടുവിജ്ഞാനീയവും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഡോ.ഇ.വി.എൻ. നമ്പൂതിരിയുടെ ഭാഷാശാസ്ത്രപ്രവേശികയാണ് പാഠപുസ്തകം. റഫറൻസിനായി കെ.എം. പ്രഭാകരവാരിയരുടെ ആധുനികഭാഷാശാസ്ത്രം, സ്വനിമവിജ്ഞാനം, ഡോ.ഇ.വി.എൻ. നമ്പൂതിരിയുടെ വാക്യഘടന, ഡോ.പി. സോമശേഖരൻനായരുടെ നിഘണ്ടുവിജ്ഞാനം, വേദബന്ധുവിന്റെ അർത്ഥവിജ്ഞാനം, കാൾഡ്വലിന്റെ ദ്രാവിഡഭാഷകളുടെ താരതമ്യവ്യാകരണം എന്നിവയും നല്കിയിരിക്കുന്നു. പാശ്ചാത്യരുടെ ഇംഗ്ലീഷ് മാധ്യമത്തിലുള്ള അടിസ്ഥാനപുസ്തകങ്ങൾ ഒഴിവാക്കി മലയാളികളായ ഭാഷാശാസ്ത്രജ്ഞരുടെ മലയാളത്തിലുള്ള പുസ്തകങ്ങൾ നല്കിയിരിക്കുന്നത് ഉചിതമായി. നിഘണ്ടുവിജ്ഞാനീയത്തിനുപകരം താരതമ്യേന ലളിതവും കൂടുതൽ പ്രസക്തവുമായ ഭാഷാഭേദവിജ്ഞാനീയം ഉൾപ്പെടുത്തിയിരുന്നുവെങ്കിൽ കൂടുതൽ ഉചിതമായേനെ. 1998-ലെ ബി.എ.പാഠ്യപദ്ധതിയിൽ ഭാഷാശാസ്ത്രം ഉൾപ്പെടുകാണുന്നുമില്ല. 2014 വരെ വലിയമാറ്റമില്ല. സഹായകഗ്രന്ഥങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ട്.

5.3. കാലിക്കറ്റ് സർവ്വകലാശാല

മലയാളം ബി.എയുടെ ഭാഗമായി ഭാഷാശാസ്ത്രത്തിന്റെ വ്യാകരണ വൃത്താലങ്കാരങ്ങളോടൊപ്പമുള്ള പഠനം എൺപതുകൾ മുതല്പം എം.എ. മലയാളപഠനത്തിന്റെ ഭാഗമായി സർവ്വകലാശാലയിൽ എം.എ. തുടങ്ങുന്ന എഴുപതുകൾ മുതൽ ഭാഷാശാസ്ത്രവും ദ്രാവിഡ ഭാഷാശാസ്ത്രവും എന്ന നിലയിൽ ഒരു പേപ്പറായും നിലനിന്നിരുന്നു.

ബി.എ. മലയാളം സിലബസിലും പരീക്ഷാസ്കീമിലും 1980-1995 കാലയളവിൽ ഭാഷാചരിത്രവും ഭാഷാശാസ്ത്രവും പരസ്പരം മാറിയും മാറ്റിയും കൂടിക്കുഴഞ്ഞു പരസ്പരവിരുദ്ധമായും അച്ചടിച്ചു കാണുന്നുണ്ട്. എൺപതുകളിലും തൊണ്ണൂറുകളിലും ഭാഷാശാസ്ത്രത്തിന് പുസ്തകവും റഫറൻസും നിർദ്ദേശിക്കുകയാണ് ചെയ്യുന്നത് പാഠ്യവസ്തു തയ്യാറാക്കിനല്കുന്നില്ല. പുസ്തകങ്ങൾ നിരന്തരം മാറ്റുകയാണ് ചെയ്യുന്നത്. 1980ൽ വി.സി.ബാലകൃഷ്ണന്റെ ഭാഷാവിജ്ഞാനവും സാഹിത്യസാഹ്യവും സഹായകഗ്രന്ഥങ്ങളായും ഗോദവർമ്മയുടെ കേരളഭാഷാവിജ്ഞാനീയവും ഇളംകുളം കുഞ്ഞൻപിള്ളയുടെ കേരളഭാഷയുടെ വികാസപരിണാമങ്ങളും 1981-ൽ കെ.എം.പ്രഭാകരവാരിയരുടെ ആധുനികഭാഷാശാസ്ത്രവും (അദ്ധ്യായം 1, 2, 3, 4, 20, 22) മാരാരുടെ മലയാളശൈലിയും പാഠപുസ്തകമായും തെരഞ്ഞെടുക്കുമ്പോൾ ഡോ.എൻ.ആർ.ഗോപിനാഥപിള്ളയുടെ ഭാഷാനിരീക്ഷണം റഫറൻസായും ഉൾപ്പെടുത്തുന്നു. 1972-ൽ പ്രസിദ്ധീകരിച്ച ആധുനിക ഭാഷാശാസ്ത്രം എന്ന കൃതി കെ.എം. പ്രഭാകരവാരിയരും ശാന്താ അഗസ്റ്റിനും ചേർന്നെഴുതിയതാണെങ്കിലും പാഠ്യപദ്ധതി തയ്യാറാക്കുന്നവർ പ്രഭാകരവാരിയരെമാത്രമേ പരാമർശിക്കുന്നുള്ളൂ ഈ അവഗണനയും പുരുഷകോയ്മയിൽ നിന്നുണ്ടാകുന്നതാണ്.

കാലിക്കറ്റ് സർവ്വകലാശാലയുടെ എം.എ.ഭാഷാശാസ്ത്ര പാഠ്യപദ്ധതി തൊണ്ണൂറുകളിൽ ദ്രാവിഡഭാഷാശാസ്ത്രം എന്ന തലക്കെട്ടുപേക്ഷിച്ച് ഭാഷാശാസ്ത്രമെന്ന പേരിൽ ഒറ്റപ്പേപ്പറാവുന്നു. (പേപ്പർ VII, രണ്ടാം വർഷം). പഠനലക്ഷ്യം വ്യക്തമായി രേഖപ്പെടുത്തിയ പാഠ്യപദ്ധതിയാണിത് (1992).

ഭാഷ എന്നാൽ എന്ത്? ഭാഷയെ ശാസ്ത്രീയമായി അപഗ്രഥിക്കുന്നതെങ്ങനെ? ഭാഷയെപ്പറ്റിയുള്ള ജിജ്ഞാസ ആരംഭിക്കുന്നതും ഇന്നത്തെ ഭാഷാശാസ്ത്രത്തിൽ എത്തിച്ചേർന്നതും ഏതു വിധമാണ്? ഭാഷയെപ്പറ്റിയും ഭാഷാശാസ്ത്രത്തെപ്പറ്റിയുമുള്ള അപകൃധാരണകൾ തിരുത്തേണ്ടതെങ്ങനെ എന്നീ വിഷയങ്ങളെപ്പറ്റിയുള്ള സാമാന്യപരിജ്ഞാനമാണ് ഈ ഖണ്ഡത്തിന്റെ പഠനത്തിലൂടെ നേടേണ്ടതെന്ന് ഒന്നാം ബ്ലോക്കിന് ആമുഖമായി പഠനലക്ഷ്യം നിർവ്വചിച്ചിരിക്കുന്നു. അഞ്ചുബ്ലോക്കുകൾ പ്രധാന പഠനമേഖലകളുടെ പേരോടെ തിരിച്ച് ഓരോ ബ്ലോക്കിലും നാലു യൂണിറ്റുകൾ വീതം വിന്യസിച്ച് ഓരോ–ബ്ലോക്കിനും പഠനലക്ഷ്യവും പ്രത്യേകം റഫറൻസുകളും നല്കി ശാസ്ത്രീയമായ ഒരു ഘടന പാഠ്യപദ്ധതി സ്വീകരിച്ചിരിക്കുന്നു. സാമാന്യതത്വങ്ങളും ഭാഷാശാസ്ത്ര ചരിത്രവും എന്ന ഒന്നാം ബ്ലോക്കിൽ ഭാഷ -നിർവ്വചനം, സവിശേഷത, ഭാഷണം, ആശയവിനിമയ വ്യവസ്ഥ, ഭാഷാവിഭജനം, പലവിധഭാഷകൾ, ഭാഷാപഗ്രഥനരീതികൾ, ഭാഷാവികാസം, ഭാഷാശാസ്ത്രചരിത്രം, പ്രാചീന ഇന്ത്യൻ സ്വനവിജ്ഞാന പഠനങ്ങൾ, നിരുക്തങ്ങൾ, ആധുനിക വ്യാകരണപഠനങ്ങൾ-ഭാരതീയ വ്യാകരണപഠനം എന്നിവയാണ് ഒന്നാം ബ്ലോക്കിലെ മുഖ്യ പാഠ്യവസ്തുക്കൾ.

സ്വനവിജ്ഞാനവും സ്വനിമവിജ്ഞാനവും എന്ന രണ്ടാം ബ്ലോക്കിന്റെ ഉദ്ദേശ്യല ക്ഷ്യം- ഭാഷണശബ്ദത്തെപ്പറ്റി അറിവു നേടുക, സാങ്കേതികപദങ്ങളുടെ വിവക്ഷയെപ്പറ്റി ധാരണയുണ്ടാക്കുക എന്നിവയാണ്.സ്വന, സ്വനിമ വിജ്ഞാനങ്ങൾ- നിർവ്വചനം, ഉൾപ്പിരിവുകൾ, നിർണയനം, പൈക്കിന്റെ സിദ്ധാന്തം, അക്ഷരസിദ്ധാന്തങ്ങൾ എന്നിവ ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

രൂപിമവിജ്ഞാനവും വാക്യവിചാരവുമാണ് മൂന്നാം ബ്ലോക്കിൽ. വ്യാകരണ കൃതികളുടെ വിമർശനാത്മകപഠനവും മലയാളവ്യാകരണ കൃതികൾ ചർച്ച ചെയ്തിട്ടില്ലാത്ത വിഷയങ്ങളും പ്രസക്തിയും ചിന്തയ്ക്ക വിഷയമാക്കുക എന്നിവയാണ് ഈ ഖണ്ഡത്തിന്റെ ഉദ്ദേശ്യല ക്ഷ്യങ്ങൾ. രൂപിമനിർവ്വചനം , നിർണയനം, ഉപരൂപങ്ങൾ , ധാതു, പ്രകൃതി, നിഷ്പാദനം, പുര-പര പ്രത്യയങ്ങൾ, രൂപസിദ്ധി. നിഷ്പാദനം, ഘടനാത്മക, രചനാന്തരണ പ്രജനക വ്യാകരണം, പ്രജനകാർത്ഥവിജ്ഞാനം എന്നിവ ഈ ബ്ലോക്കിൽ ഉൾപ്പെടുന്നു. ഭാഷാ ഭേദവിജ്ഞാനമെന്ന നാലാം ബ്ലോക്കിൽ ഭാഷാഭേദഭ്രപടവും സാമൂഹികഭാഷാശാസ്ത്രവും ഭാഷാശാസ്ത്രവും, ഭാഷാക്ഷേത്രവും, എമനോവിന്റെ പഠനങ്ങളും ഉൾപ്പെടുന്നു. ഭാഷയ്ക്കകത്തെ വ്യത്യാസങ്ങൾ അപഭ്രംശമല്ല ഭാഷയിൽ സംഗതമായ വസ്തുതകളാണെന്ന തിരിച്ചറിവാണ് മുഖ്യലക്ഷ്യം. ബഹുകാലിക ഭാഷാശാസ്ത്രമാണ് അഞ്ചാം ബ്ലോക്കിന്റെ വിഷയം. ഭാഷയുടെ പരിണാമവും കുടുംബബന്ധവും പഠിക്കൽ പ്രധാനലക്ഷ്യമാണ്. പരിണാമരീതികൾ, കാരണങ്ങൾ, കുടുംബവൃക്ഷസിദ്ധാന്തം, തരംഗസിദ്ധാന്തം എന്നിവയാണ് മുഖ്യപാഠ്യവ സ്തുക്കൾ. ഇരുപതിലധികം റഫറൻസുകൾ ബ്ലോക്കുകൾ അനുസരിച്ച് നല്കിയിരിക്കുന്നു. സെമസ്റ്റർ സംവിധാനം വരുന്നതുവരെ ഈ പേപ്പർ മാറ്റമില്ലാതെ നിലനില്ക്കുന്നു. 2001-ൽ സെമസ്റ്റർ സംവിധാനത്തിലും പാഠ്യപദ്ധതിക്ക് കാതലായ മാറ്റങ്ങൾ ഇല്ല. ഉദ്ദേശ്യലക്ഷ്യ ങ്ങളും ബ്ലോക്കുവിഭജനവും എടുത്തുകളഞ്ഞ് അഞ്ചു യൂണിറ്റുകളിലേക്ക് പാഠ്യപദ്ധതിയെ ഒതുക്കുകയും സഹായകഗ്രന്ഥങ്ങൾ കേവലം പതിനേഴിലേക്ക് ചുരുക്കുകയും ചെയ്തു. ഉഷാന മ്പൂതിരിപ്പാടിന്റെ സാമൂഹിക ഭാഷാശാസ്ത്രം ഉൾപ്പെടുത്തുക വഴി ഭാഷാശാസ്ത്രവിജ്ഞാന മേഖലയിൽ നാമമാത്രമായെങ്കിലും വനിതാപ്രാതിനിധ്യം അടയാളപ്പെടുത്തപ്പെടുന്നു. കൂടാതെ D.Bohinger-ഉടെ Aspects of language-ഉം എസ്.കെ. വർമയും കൃഷ്ണമൂർത്തിയും ചേർന്നെഴുതിയ Modern Linguistics-ഉം പുതുതായി കൂട്ടിച്ചേർത്തിട്ടുമുണ്ട്. 2008-ൽ റഫറൻസിൽ നിന്ന് ബ്ലൂംഫീൽഡ്, ഡേവിഡ് ക്രിസ്റ്റൽ, റോബിൻസ്, അലൻ തുടങ്ങി പതിറ്റാണ്ടുകളായി നിലനിന്നവരെ പതുക്കെ പതുക്കെ പാഠ്യപദ്ധതി നിരാകരിക്കുന്നത് കാണാനാകും. ഇക്കാലത്ത് ഐച്ഛികവിഷയങ്ങളിൽ ഭാഷാശാസ്ത്രവും സാഹിത്യവിചാരവും എന്നൊരു പേപ്പർ കാണുന്നുണ്ട്. ശൈലീവിജ്ഞാനം, ഘടനാവാദം തുടങ്ങിയ ഭാഷാ ശാസ്ത്രസമീപനങ്ങൾ സാഹിത്യാസ്വാദനത്തെയും നിരൂപണത്തെയും എങ്ങനെ സ്വാധീ നിച്ചുവെന്ന അന്വേഷണം ഈ പേപ്പർ നടത്തുന്നു. 2010-ൽ പാഠ്യപദ്ധതി ലക്ഷ്യങ്ങൾ തിരിച്ചുവരുന്നുണ്ടെങ്കിലും സൂക്ഷ്മമല്ല. ഭാഷാശാസ്ത്രത്തിന്റെ സാമാന്യപരിചയമെന്ന

കേവലമായ ബോധനലക്ഷ്യം എഴുതിച്ചേർത്തിരിക്കുന്നു. ഐച്ഛിക പേപ്പറിൽനിന്ന് ഭാഷാശാസ്ത്രവും സാഹിത്യവുമെന്ന പേപ്പർ നീക്കം ചെയ്തിട്ടുമുണ്ട്. 2014-ൽ ഭാഷാശാസ്ത്രവും സാഹിത്യപഠനവും തിരിച്ചുവരുന്നുമുണ്ട്.

1914 മുതൽ 2013 വരെ നിലനിന്ന നൂറുവർഷം പിന്നിട്ട ഭാഷാശാസ്ത്ര പാഠ്യപദ്ധതിയുടെ പൊളിച്ചെഴുത്താണ് കാലിക്കറ്റ് സർവ്വകലാശാലയുടെ 2014-ലെ പാഠ്യപദ്ധതി. പാഠ്യപദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ മുതൽ സഹായകഗ്രന്ഥങ്ങൾ വരെയുള്ളവയിൽ സമീപനത്തിന്റെ വ്യത്യാസവും കൃത്യതയും സൂക്ഷ്മതയും പ്രതിഫലിക്കുന്നു. അതേസമയം അധ്യയനദിവസങ്ങളും പാഠ്യവസ്തുവുമായി തട്ടിച്ചുനോക്കുമ്പോൾ ഉള്ളടക്കം വളരെ കൂടുതലാണെന്നതും സുവ്യക്തമാണ്. കോളനിഭരണം നമുക്കു സമ്മാനിച്ച ഭാഷാശാസ്ത്രമെന്ന ശാഖവിജ്ഞാനീയത്തിൽനിന്ന് ആ സമീപനത്തിന്റെ ഗുണവശങ്ങൾ ഉൾക്കൊണ്ട് തദ്ദേശീയ ഭാഷാപഗ്രഥനത്തെ മുന്നോട്ടുകൊണ്ടുപോവാനും അതുവഴി മാതൃഭാഷയെ മലയാളം കമ്പ്യൂട്ടിങ്ങിന്റെയും സാങ്കേതികതയുടേയും അനന്തസാദ്ധ്യതകളിലേക്ക് വികസിപ്പിക്കാനും സാധിച്ചതിന്റെ സ്പന്ദനങ്ങൾ പാഠ്യപദ്ധതിയുൾക്കൊള്ളുന്നത് ഇപ്പോഴാണ്. തദ്ദേശീയരായ ഭാഷാശാസ്ത്രജ്ഞരിലൂടെ വികസിതമായ മാതൃഭാഷയുടെ ശാസ്ത്രീയഅപഗ്രഥനവും അവ അടയാളപ്പെടുത്തുന്ന പുതിയകൃതികളും പാഠ്യപദ്ധതി ഉൾക്കൊള്ളുന്നതും അങ്ങനെതന്നെ. ഭാഷാശാസ്ത്രപഠനംകൊണ്ടു പഠിതാവിൽ ഉണ്ടാവേണ്ട ധൈഷണികതയെയും നൈപുണിയെയും ധാരണയെയും കൃത്യമായി അടയാളപ്പെടുത്തിക്കൊണ്ടുള്ള ഒരു പാഠ്യപദ്ധതിയും ഇതാദ്യമായാണ് നടപ്പിൽവരുന്നത്. പാശ്ചാത്യന്റെ കണ്ണിലൂടെയും കൃതികളിലൂടെയും നമ്മുടെ ഭാഷകളെയും ജ്ഞാനത്തെയും നോക്കികാണാൻ വിധിക്കപ്പെട്ട 1857 മുതൽ 1947വരെയുള്ള 90 വർഷത്തിനുശേഷവും തനതുജ്ഞാനങ്ങളാൽ വിഷയങ്ങളെ സമൃഷ്ടമാക്കാൻ മറ്റൊരു 70 വർഷവും വേണ്ടിവരുന്നുവെന്നത് വളരെ ദയനീയമാണ്. എന്നാൽപോലും ഉന്നതവിദ്യാഭ്യാസത്തിന്റെ സമസ്ത മേഖലകളെയും നമ്മുടെ സമൂഹത്തിനനുയോജ്യമായി പുനരാവിഷ്കരിക്കാൻ സാധിച്ചിട്ടുമില്ല. നമ്മുടെ ഭാഷ അതിന്റെ ശാസ്ത്രീയമായ അപഗ്രഥനത്തിൽ സ്വയം പര്യാപ്തമാവുന്നതിന്റെ ദൃഷ്ടാന്തമായി ഈ പേപ്പറിന്റെ റഫറൻസ് പുസ്തകങ്ങളിലെ പൂർണ്ണമലയാളി പങ്കാളിത്തത്തെ വായിച്ചെടുക്കാം(പട്ടിക, 18:73-86).

5.3.1. ഭാഷാശാസ്ത്രപഠനത്തിന്റെ 2014-ലെ പാഠ്യപദ്ധതി മുന്നോട്ടുവെക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ.

ഒന്നാം യൂണിറ്റിൽ ഭാഷാസവിശേഷതകൾ, ധർമ്മങ്ങൾ എന്നിവയോടൊപ്പം ഭാഷാഭേദവിജ്ഞാനം, വിവിധതരം ഭാഷകൾ, ഘടനാവാദം, ഭാഷാസമാർജനം, ഭാഷാപഠനം, ഭാഷാകുടുംബം എന്നിങ്ങനെ ശാസ്ത്രീയമായും സ്വാഭാവികമായും പാഠ്യവസ്തു സംവിധാനം ചെയ്തിരിക്കുന്നു. ഇതാകട്ടെ ഭാഷയെക്കുറിച്ചുള്ള വിശാലധാരണയുടെ

അടിത്തറയിൽ ഭാഷാകുടുംബം, ഭാരതീയ ഭാഷാകുടുംബങ്ങൾ, ദ്രാവിഡ ഭാഷാകുടുംബം മലയാളം എന്ന ക്രമത്തിലുള്ള ആശയവികാസം നേടുക എന്ന പഠനലക്ഷ്യത്തെ സാധൂകരിക്കുന്നതുമാണ്.

ഭാഷാശാസ്ത്രം എന്ന ജ്ഞാനശാഖയുടെ വ്യതിരിക്തത ബോദ്ധ്യപ്പെടുത്താൻ സഹായകമായ വിധത്തിൽ സംവിധാനം ചെയ്തതാണ് രണ്ടാം യൂണിറ്റ്. ചരിത്രം , വിശകലന പദ്ധതികൾ, പരിണാമം, തരംഗ-കുടുംബവൃക്ഷ സിദ്ധാന്തങ്ങൾ, ഗോത്രം, കുടുംബം, മലയാളത്തിന്റെ സ്ഥാനം, പ്രാഗ്ഭാഷാചരിത്രനിർമ്മാണം, ആധുനിക ഭാഷാശാസ്ത്രധാരകൾ, ഇതരവിഷയങ്ങളെക്കുറിച്ചുള്ള ബന്ധം, ഭാഷാശാസ്ത്രമേഖലകൾ, പ്രവണതകൾ എന്നിവയെല്ലാം ഈ യൂണിറ്റ് ചർച്ച ചെയ്യുന്നു.

ഭാഷയുടെ ശബ്ദതലം മുതൽ വ്യവഹാരതലം വരെയുള്ള ഘടകങ്ങൾ ഒന്നുചേർന്ന് ഒരു ആശയവിനിമയവ്യവസ്ഥയായി ഭാഷ പ്രവർത്തിക്കുന്നതെങ്ങനെ എന്ന് തിരിച്ചറിയാൻ പഠിതാവിനെ പ്രാപ്തമാക്കുക എന്ന ഉദ്ദേശ്യത്തോടെ തയ്യാറാക്കിയതാണ് മൂന്നാമത്തെ യൂണിറ്റ്. സ്വന, സ്വനിമ, രൂപിമ, വാക്യവിജ്ഞാനങ്ങളും സന്നിഹിതഘടകവിശകലനവും ചോംസ്കിയൻ സിദ്ധാന്തങ്ങളും ഈ ഭാഗത്ത് ചർച്ച ചെയ്യുന്നു.

ഭാഷയുടെ വ്യവഹാരികതലം അഥവാ സാമൂഹിക ഭാഷാശാസ്ത്രത്തിനാണ് നാലാം യൂണിറ്റിലെ ഊന്നൽ. ഭാഷാവ്യതിയാനം, അർത്ഥത്തെക്കുറിച്ചുള്ള ഭാഷാശാസ്ത്ര സങ്കല്പനങ്ങൾ, അർത്ഥപരിണാമവും സിദ്ധാന്തങ്ങളും, പാഠയിനങ്ങൾ (text types), ശാസ്ത്ര സാങ്കേതിക ഭാഷ എന്നിവയെല്ലാം ഈ യൂണിറ്റിൽ ഉൾപ്പെടുത്തുന്നു.

ഭാഷാശാസ്ത്രത്തിന്റെ പ്രയോഗമേഖലകളുമായി ബന്ധപ്പെട്ടതാണ് അഞ്ചാം യൂണിറ്റ്. ഭാഷാധ്യാപനം, നിഘണ്ടു നിർമ്മാണം, സാഹിത്യപഠനം, മലയാളം- വിവരവിനിമയ സാങ്കേതികത തുടങ്ങിയ ഭാഷാശാസ്ത്രത്തിന്റെ പ്രയുക്ത വ്യവഹാരങ്ങൾ നാലാം യൂണിറ്റിനെ സമ്പുഷ്ടമാക്കുന്നു. കുഞ്ഞുണ്ണിരാജയുടെ ഭാഷാഗവേഷണം എന്ന കൃതി മുതൽ സമകാലികമായ പ്രസക്ത കൃതികൾ വരെ നിർദ്ദേശിക്കുന്ന ഇരുപത്തിരണ്ട് പുസ്തകങ്ങളുടെ റഫറൻസും അവസാന ഭാഗത്ത് നല്കിയിരിക്കുന്നു. സമീപനത്തിലെ ശാസ്ത്രീയത, ഉദ്ദേശ്യാധിഷ്ഠിതത്വം, യൂണിറ്റുകളുടെ ക്രമീകൃതശ്രേണീകൃതത്വം, സമഗ്രത, ബോധനരീതിശാസ്ത്രപരമായ നിർദ്ദേശങ്ങൾ, മൂല്യനിർണയസൂചനകൾ, ഏറ്റവും പുതിയ സമീപനങ്ങളുടെയും പ്രവണതകളുടെയും വിവരങ്ങളുടെയും കൃതികളുടെയും സ്വാംശീകരണം എന്നിങ്ങനെയുള്ള സവിശേഷതകളാൽ വേറിട്ടുനില്ക്കുന്നതും ഉന്നതനിലവാരം പുലർത്തുന്നതുമാണ് പാഠ്യപദ്ധതി.

5.4. എം.ജി.സർവ്വകലാശാല

എം.ജി.സർവ്വകലാശാലയിൽ എൺപതുകളിൽ ആറാം പേപ്പറായി ഭാഷാചരിത്രത്തിന്റെയും വ്യാകരണത്തിന്റെയും ഒപ്പമാണ് ഭാഷാശാസ്ത്രം വരുന്നത്. 1984-ൽ കേരള

സർവ്വകലാശാലയുടെ 77-ലെ സിലബസും റഫറൻസും തന്നെയാണ് കാണുന്നത്. 1986-ൽ പാശ്ചാത്യരുടെ റഫറൻസുകൾ പൂർണ്ണമായും ഒഴിവാക്കി മലയാളികളുടെ കൃതികളോ മലയാളവിവർത്തനങ്ങളോ പകരം വെച്ചുകൊണ്ട് ശ്രദ്ധേയമായ മാറ്റം കൊണ്ടുവരുന്നുണ്ട്. 1987-ൽ ആദ്യകാലം മുതലുള്ള പാശ്ചാത്യരുടെ പുസ്തകങ്ങൾ പുന:സ്ഥാപിച്ചു. മലയാളത്തിലുള്ള കേവലം രണ്ടു കൃതികൾ മാത്രം റഫറൻസിൽ ഉൾപ്പെടുത്തിയും പാഠ്യപദ്ധതി പുറകോട്ടു സഞ്ചരിക്കുന്നു. 1990-ൽ റഫറൻസ് പുസ്തകം മുൻവർഷത്തെ പന്ത്രണ്ടിൽ നിന്ന് ആറായി കുറയുകയും എൽ.എ.രവിവർമ്മയുടെ ആര്യദ്രാവിഡ ഭാഷകളുടെ പരസ്പരബന്ധം എന്ന കൃതി ഒഴിവാക്കി വി.ആർ. പ്രബോധചന്ദ്രന്റെ സ്വനവിജ്ഞാനം ഉൾപ്പെടുത്തുന്നു. മലയാളകൃതികൾ രണ്ടെണ്ണം തന്നെ. 1992-ൽ സി.ജെ.റോയിയുടെ ഭാഷാദർശനം എന്ന കൃതി കൂടുതലായി ഉൾപ്പെടുത്തുന്നു. 1994-ൽ സൊസൂർ, ചോംസ്കി തുടങ്ങിയ ഭാഷാശാസ്ത്രജ്ഞരുടെ സമീപനങ്ങൾ പാഠ്യപദ്ധതിയിൽ കൂട്ടിച്ചേർക്കുന്നു. ഭാഷാശാസ്ത്രപഠനത്തിൽ ഘടനാവാദവും രചനാന്തരപ്രജനക വ്യാകരണവും ആദ്യമായി ഉൾപ്പെടുത്തുന്നത് എം.ജി. സർവ്വകലാശാലയിലൂടെയാണ്. കേരള സർവ്വകലാശാലയുടെ പാഠ്യപദ്ധതി പിന്തുടർന്നപ്പോഴും ധ്വനിഭേദനിയമങ്ങളിൽ മാതൃഭാഷയിൽ നിന്ന് ഉദാഹരണങ്ങൾ കണ്ടെത്തണം എന്ന നിർദ്ദേശത്തോടെ മലയാളഭാഷയുടെ അപഗ്രഥനത്തിലേക്ക് ഭാഷാശാസ്ത്രസിദ്ധാന്തങ്ങളെ പ്രയോജനപ്പെടുത്താനുള്ള നീക്കവും ശ്രദ്ധേയമാണ്. ഈ വർഷത്തെ (1994) റഫറൻസ് പുസ്തകങ്ങളിൽ മലയാളപുസ്തകങ്ങൾ കൂടുതൽ ഉൾപ്പെടുത്തിക്കൊണ്ട് എണ്ണം വർദ്ധിപ്പിക്കുന്നുണ്ട്. ഡോ.സുകുമാരപിള്ളയുടെ കൈരളീശബ്ദാനുശാസനം, Course in general Linguistics-Ferdinand de Saussure, Reflection on Language-Noam Chomsky, Evolution of Malayalam Grammar - K.N. Ezhuthachan എന്നിവ കൂട്ടിച്ചേർത്ത് ആകെ എണ്ണം പതിനൊന്നാക്കുന്നു.കേരള, കാലിക്കറ്റ് സർവ്വകലാശാലകൾ ഒരുകാലത്തും ചോംസ്കിയുടെയും സൊസൂറിന്റെയും പുസ്തകങ്ങൾ റഫറൻസായി നല്കിയിരുന്നില്ല. 2000-ത്തിൽ വർണം മുതൽ വാക്യം, ലിപിചരിത്രം വരെയുള്ള എല്ലാ യൂണിറ്റുകളിലും അവയുടെ അടിസ്ഥാനത്തിലുള്ള മാതൃഭാഷാവിശകലനവും മാതൃകകളും ഉൾപ്പെടുത്തിയത് ശ്രദ്ധേയമായ വ്യതിയാനമാണ്.

സെമസ്റ്റർ സംവിധാനത്തോടെ ഭാഷാശാസ്ത്രം ഒരു പേപ്പറായി സ്വതന്ത്രമാവുന്നു. 2012-ൽ ഭാഷാശാസ്ത്രപാഠ്യപദ്ധതി ഉദ്ദേശ്യാധിഷ്ഠിതം ആവുന്നുമുണ്ട്. ഭാഷാശാസ്ത്രസിദ്ധാന്തങ്ങൾ, അപഗ്രഥനരീതികൾ, ഭാഷാഘടനകൾ തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ, ഭാഷയുടെ മാനസികവും സാമൂഹികവുമായ തലങ്ങൾ എന്നിവയെക്കുറിച്ചുള്ള ധാരണയും ദ്രാവിഡഭാഷകളെ ബഹുകാലികമായി മനസ്സിലാക്കലും ആണ് കോഴ്സിന്റെ ലക്ഷ്യങ്ങളായി നല്കിയിരിക്കുന്നത്. ഭാഷയുടെ നിർവ്വഹണത്തിൽ തുടങ്ങി സ്വന, സ്വനിമ, രൂപിമ, വാക്യ, അർത്ഥ, സാമൂഹിക ഭാഷാശാസ്ത്ര, ഭാഷാഭേദവിജ്ഞാനീയങ്ങളിലൂടെ പാഠ്യപദ്ധതി കടന്നുപോകുന്നു. നാലാം മൊഡ്യൂളായി ദ്രാവിഡ ഭാഷാശാസ്ത്രം. ബഹുകാലിക

ഭാഷാശാസ്ത്രത്തിന്റെ പ്രയോഗം എന്നത് എ.വിഭാഗമായും ഭാഷാസാങ്കേതികത-ബി. വിഭാഗമായും നല്കിയിരിക്കുന്നു. ഭാഷാസാങ്കേതികത ഭാഷാശാസ്ത്ര പഠനത്തിൽ ആദ്യമായി വരുന്നുവെന്ന പ്രത്യേകത ഈ വർഷത്തെ പാഠ്യപദ്ധതിക്കുണ്ട്. 48 പുസ്തകങ്ങളുടെ വളരെ വിപുലമായ റഫറൻസും നല്കിയിരിക്കുന്നു(പട്ടിക, 18:97-120).

5.7. ശ്രീശങ്കരാചാര്യ സംസ്കൃതസർവ്വകലാശാല, കാലടി

സംസ്കൃത സർവ്വകലാശാലയുടെ 2003-ലെ പാഠ്യപദ്ധതിയിൽ നിർബന്ധിത കോഴ്സിൽ ഭാഷാചരിത്രത്തോടും വ്യാകരണത്തോടും ഒപ്പമാണ് ഭാഷാശാസ്ത്രപഠനം. മലയാളവിഭാഗം നല്കുന്ന ഐച്ഛിക കോഴ്സിൽ ഭാഷാശാസ്ത്രവും മലയാളവും, ദ്രാവിഡ ഭാഷാശാസ്ത്രവും മലയാളവും എന്നിങ്ങനെ മറ്റു രണ്ടു ഭാഷാശാസ്ത്ര പഠനകോഴ്സുകളും അദ്ധ്യാപകർ നല്കുന്ന ഐച്ഛിക കോഴ്സിൽ Introduction to Linguistics for Literature എന്നൊരു പേപ്പറും അടക്കം എം.എ. പ്രോഗ്രാമിൽ നാലുപേപ്പറുകൾ കാണുന്നുണ്ട്. ഒരു സെമസ്റ്ററിന്റെ ഒരു പേപ്പറിലെ മൂന്നിലൊന്നു ഭാഗം മാത്രം സമയമേ കിട്ടുകയുള്ളുവെന്നതുകൊണ്ട് ഭാഷാശാസ്ത്രം പ്രധാന ആശയങ്ങളെ മുൻനിർത്തി ഒരു യൂണിറ്റിലൊതുക്കിയിരിക്കുന്നുവെങ്കിലും അതുപോലും സമയബന്ധിതമായി വിനിമയം ചെയ്യാൻ കഴിയുന്നതിനേക്കാൾ അധികമാണെന്ന് സുവ്യക്തമാണ്. ഭാഷാശാസ്ത്രം, പഠനമേഖലകൾ, ഭാഷ-ഭാഷണം, പാശ്ചാത്യ-ഭാരതീയ പാരമ്പര്യം, സ്വനം, സ്വനിമം, രൂപിമം, വാക്യം അർത്ഥം, ലിപി, ഗോത്രവിഭജനം, ഭാഷയും സമൂഹവും (പ്രധാന ആശയങ്ങൾ) എന്നിവയെല്ലാം പാഠ്യപദ്ധതി ഉൾക്കൊള്ളുന്നു. പാഠപുസ്തകമായി കെ.എം. പ്രഭാകരവാരിയരുടെ ഭാഷാശാസ്ത്രവിവേകം മുഴുവനായും നിർദ്ദേശിച്ചിരിക്കുന്നു. ഭാഷാശാസ്ത്രത്തിനു മാത്രമായി റഫറൻസ് നല്കിയിട്ടില്ല. പാശ്ചാത്യരുടെ പുസ്തകങ്ങൾ ഒന്നും തന്നെയില്ല. കോഴ്സുകൾ ഉദ്ദേശ്യാധിഷ്ഠിതമല്ല. ഭാഷാശാസ്ത്രവും മലയാളവും എന്ന കോഴ്സ് സൈദ്ധാന്തികപഠനത്തിനും അതിന്റെ പ്രയുക്തവ്യവഹാരങ്ങൾക്കും ഊന്നൽ കൊടുത്തുകൊണ്ടുള്ളതാണ്. ഭാഷാശാസ്ത്രത്തിൽ സവിശേഷതാല്പര്യം ഉള്ളവർക്ക് ആഴത്തിലുള്ള സൈദ്ധാന്തിക അടിത്തറ രൂപപ്പെടുത്താൻ ഈ പാഠ്യപദ്ധതി സഹായകമാവും. ഭാഷ എന്ന ചിഹ്നവ്യവസ്ഥ, ഘടനാവാദം, വ്യാകരണം, വാക്യവിചാരം, രൂപപ്രക്രിയ എന്നിവയുടെ ഉപയോഗം (ചലച്ചിത്രം, നോവൽ, നാടോടിക്കഥ എന്നിവയിൽ), ബാർത്ത്, അർത്ഥസിദ്ധാന്തങ്ങൾ, ഭർതൃഹരി, നിഘണ്ടുവിജ്ഞാനം, വ്യവഹാരാപഗ്രഥനം, പാഠഭാഷാശാസ്ത്രം, സംവേദനപഠനം, സിദ്ധാന്തങ്ങൾ എന്നിവയെല്ലാം ആണ് ഇതിലെ മുഖ്യ ആശയങ്ങൾ. 25 റഫറൻസ് പുസ്തകത്തിൽ രണ്ടെണ്ണം മാത്രമേ മലയാള ഭാഷയിലുള്ളതുള്ളൂ. ദ്രാവിഡഭാഷാശാസ്ത്രവും മലയാളവും എന്ന പേപ്പർ ഈ മേഖലയിൽ നടന്ന പഠനങ്ങളെയും സർവ്വേകളെയും വ്യാകരണത്തെയും ഭാരതീയവും ഭാരതീയേതരവുമായ ഭാഷാഗോത്രങ്ങളുമായുള്ള താരതമ്യത്തെയും അടിസ്ഥാനമാക്കിയുള്ളതാണ്. തൊല്ക്കാപ്പിയവും കാൽഡ്വലിന്റെ താരതമ്യവ്യാകരണവും വിശദപഠനത്തിനുള്ള പാഠപുസ്തകമായി നിർദ്ദേശിച്ചിരിക്കുന്നു.

കാൽഡ്വലിന്റെ പഠനത്തിന്റെ മലയാള വിവർത്തനം സഹായകഗ്രന്ഥമായി നിർദ്ദേശിച്ചിരിക്കുന്നു. പാഠപുസ്തകമായ തൊൽകാപ്പിയം സഹായകഗ്രന്ഥമായും നിർദേശിച്ചിരിക്കുന്നതിന്റെ യുക്തിരാഹിത്യം പാഠ്യപദ്ധതിയിൽ കാണുന്നുണ്ട്. ഇതു രണ്ടും കൂടാതെ സഹായകഗ്രന്ഥമായുള്ളത് ഡോ.എൻ.എൻ. മൂസ്സതിന്റെ ദ്രാവിഡഭാഷാശാസ്ത്രമാണ്.

Introduction to Linguistics for Literature എന്ന പാഠ്യപദ്ധതി പൂർണ്ണമായും ഇംഗ്ലീഷ് മാധ്യമത്തിലാണ് തയ്യാറാക്കിയിരിക്കുന്നത്. ഉദ്ദേശ്യാധിഷ്ഠിതമായാണ് പാഠ്യപദ്ധതി തയ്യാറാക്കിയിരിക്കുന്നത്. വാമൊഴി സഹിത്യത്തിലെയും വരമൊഴി സാഹിത്യത്തിലെയും ഭാഷയുടെ ഉപയോഗത്തെ വിശകലനം ചെയ്യുകയും വിവരിക്കുകയും ചെയ്യുക, സമകാലികഭാഷാശാസ്ത്രത്തിന്റെ പ്രസക്തമായ സിദ്ധാന്തങ്ങളെയും രീതിപദ്ധതികളെയും പരിചയപ്പെടുത്തുക, സാഹിത്യപാഠങ്ങളുടെ ഭാഷാശാസ്ത്രനിരൂപണം പരിശീലിക്കുക എന്നിവയാണ് കോഴ്സിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളായി നല്കിയിരിക്കുന്നത്. ആധുനികഭാഷാശാസ്ത്രം, ലഘുചിത്രം, ഭാഷാശാസ്ത്രവും സാഹിത്യസിദ്ധാന്തങ്ങളും തമ്മിലുള്ള പാരസ്പര്യം, സാഹിത്യഭാഷാശാസ്ത്രം, ഭാഷണകല, പാഠവും സന്ദർഭവും, വ്യവഹാരവിശകലനം, പ്രാഗ്മാറ്റിസം, സാമ്പ്രദായിക സാഹിത്യവിനിമയം, ഘടന, ആഖ്യാനം, പ്രസ്ഥാനം, മറ്റു വിഭജനങ്ങൾ, പ്രകടനവും സാഹിത്യരൂപവും എന്നിവയൊക്കെയാണ് ഈ പാഠ്യപദ്ധതി ഉള്ളടങ്ങുന്നത്.

2009-ൽ ഭാഷാശാസ്ത്രവും വ്യാകരണവും ചേർന്നാണ് കോഴ്സ്. ഭാഷാചരിത്രത്തെ ഒഴിവാക്കി, ഭാഷാശാസ്ത്രവും വ്യാകരണവും ദ്രാവിഡ ഭാഷാശാസ്ത്രവും മലയാളവും എന്നീ പേപ്പറുകൾ നിലനില്ക്കുന്നു. Introduction to Linguistics for literature എന്ന കോഴ്സ് ഒഴിവാക്കി. നിർബന്ധിത കോഴ്സിൽ രണ്ട് യൂണിറ്റ് ഭാഷാശാസ്ത്രത്തിനും രണ്ട് യൂണിറ്റ് വ്യാകരണത്തിനുമായി പകുത്തിരിക്കുന്നു. പാഠ്യവസ്തുമേഖലകളിൽ വ്യത്യാസം വരുത്താത്തത് പഠനഭാരം ലഘൂകരിക്കാൻ സഹായകമാണ്. ഒരേപേരിൽ രണ്ടു കോഴ്സുകൾ നിർബന്ധിത കോഴ്സായും ഐച്ഛികമായും വരുന്നത് അശാസ്ത്രീയതയാണ്. പാഠ്യപദ്ധതിയും സമാനമാണ്. പാഠ്യപദ്ധതി തയ്യാറാക്കുന്നതിലെ സൂക്ഷ്മതക്കുറവും ഏകോപനമില്ലായ്മയുമാണ് ഇതു പ്രതിഫലിപ്പിക്കുന്നത്. ദ്രാവിഡഭാഷാശാസ്ത്ര പാഠ്യപദ്ധതിയിൽ മാറ്റമില്ല.

2014-ൽ കോർ കോഴ്സ് എന്ന നിലയിൽ ഭാഷാശാസ്ത്രം സ്വതന്ത്രമാവുന്നു. ദ്രാവിഡ ഭാഷാശാസ്ത്രവും മലയാളവും എന്ന കോഴ്സ് നിലനിർത്തിയിരിക്കുന്നു. 2003ലെ നാല് ഭാഷാശാസ്ത്ര കോഴ്സുകൾ 2014-ൽ രണ്ടായി ചുരുങ്ങുന്നുണ്ട്. പാഠ്യപദ്ധതി ഉദ്ദേശ്യാധിഷ്ഠിതമാണെങ്കിലും ഉദ്ദേശ്യങ്ങൾ താരതമ്യാത്മകമോ അപഗ്രഥനാത്മകമോ അല്ല. സ്വായത്തമാക്കുക, മനസ്സിലാക്കുക. പരിചയപ്പെടുക എന്നിങ്ങനെ ആശയധാരണയുടെ തലത്തിൽ നില്ക്കുന്ന പരിമിതമായ ഉദ്ദേശ്യമേ പാഠ്യപദ്ധതി ലക്ഷ്യം വെക്കുന്നുള്ളൂ. മുൻവർഷത്തെ പാഠ്യപദ്ധതികളിൽ നിന്ന് അടിസ്ഥാനപരമായ വ്യത്യാസം ഇല്ല. കൂടുതൽ വിശദാംശങ്ങളും

കുറച്ച് പുതിയ പാഠ്യവസ്തുക്കളും ഉൾപ്പെടുത്തിയിട്ടുണ്ട്. ശിശുഭാഷ, ന്യൂറോലിംഗ്വിസ്റ്റിക്സ്, ഫോറൻസിക് ലിംഗ്വിസ്റ്റിക്സ്, സാർവലൗകികവ്യാകരണം, പ്രത്യയവിഭാഗം , ഭാഷാവിനിമയ സിദ്ധാന്തങ്ങൾ, വ്യവഹാരവിശകലനങ്ങൾ, കൊഗ്നിറ്റീവ് ലിംഗ്വിസ്റ്റിക്സ്, സാഹിത്യനിരൂപണത്തിന്റെ ഭാഷാശാസ്ത്രപരിണാമം, ഇക്കോ ലിംഗ്വിസ്റ്റിക്സ്, എത്നോ ലിംഗ്വിസ്റ്റിക്സ്, കംപ്യൂട്ടേഷനൽ ലിംഗ്വിസ്റ്റിക്സ് എന്നിവയാണവ. 22 റഫറൻസ് പുസ്തകങ്ങളുടെ ലിസ്റ്റും നല്കിയിരിക്കുന്നു(പട്ടിക, 18:154-162). ദ്രാവിഡഭാഷാശാസ്ത്രവും മലയാളവും –എന്ന പേപ്പറിനും, പരിമിതമാണെങ്കിലും, ഉദ്ദേശ്യങ്ങൾ നല്കിയിട്ടുണ്ട്. ദ്രാവിഡഭാഷകൾ കേന്ദ്രീകരിച്ചുള്ള ഭാഷാശാസ്ത്രപഠനങ്ങൾ പരിചയപ്പെടുത്തലാണ് പ്രധാന ഉദ്ദേശ്യം. ലോകഭാഷകൾക്കിടയിൽ ദ്രാവിഡഭാഷയുടെ സ്ഥാനമെന്തെന്ന് വിശദീകരിക്കലും ദ്രാവിഡഗോത്രത്തെ സംബന്ധിച്ച അറിവുനേടലും ലക്ഷ്യം തന്നെ. പാഠ്യപദ്ധതിക്ക് മുൻവർഷത്തേതിൽ നിന്ന് കുറഞ്ഞ മാറ്റങ്ങൾ മാത്രമേ ഉള്ളൂ. ക്ലാസിക് ഭാഷ, സംസ്കൃതത്തിന് ദ്രാവിഡത്തോടുള്ള ആധമർണ്യം തുടങ്ങിയവ ഉദാഹരണം. തൊല്ക്കാപ്പിയം, കാൽഡ്വലിന്റെ ദ്രാവിഡഭാഷാവ്യാകരണം എന്നീ വിശദപഠനത്തിനുള്ള പാഠപുസ്തകങ്ങൾ പൂർണമായും ഒഴിവാക്കി പന്ത്രണ്ട് റഫറൻസ് ബുക്കുകൾ മുൻവർഷത്തെ രണ്ട് പുസ്തകമടക്കം നല്കി പരിഷ്കരിച്ചിട്ടുണ്ട്. തൊൽക്കാപ്പിയത്തെ റഫറൻസിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എട്ട് പുസ്തകങ്ങൾ ഇംഗ്ലീഷിലുള്ളവയാണ്.

5.6. അലിഗഢ് മുസ്ലിം സർവ്വകലാശാല

1986-ലെ പാഠ്യപദ്ധതിയിൽ ഭാഷാശാസ്ത്രം മാത്രമായി ഒരു പേപ്പറാണ്. ഭാഷാസവിശേഷതകൾ, വിവിധതരം ഭാഷകൾ, ഭാഷാശാസ്ത്ര ചരിത്രം, അപഗ്രഥന രീതികൾ, സ്വനം-സ്വനിമം, രൂപിമം, വാക്യം, ഭാഷാഭേദം, ഭാഷാകുടുംബം, ദ്രാവിഡ ഭാഷാശാസ്ത്രം എന്നിങ്ങനെ ഇതര സർവ്വകലാശാലകളിൽ നിന്ന് വലിയ അന്തരമില്ലാതെയും എന്നാൽ അടിസ്ഥാന ആശയങ്ങളിൽ ഒതുങ്ങിയും ഉള്ള ഉദ്ദേശ്യാധിഷ്ഠിതമല്ലാത്ത പാഠ്യപദ്ധതിയാണിത്. ഒമ്പത് പുസ്തകങ്ങൾ (അഞ്ച് പാശ്ചാത്യരുടെയും നാല് മലയാളികളുടെയും) റഫറൻസായും നല്കിയിരിക്കുന്നു. 1990-ൽ പാഠ്യപദ്ധതി മാറ്റമില്ലാതെ നിലനിന്നിരുന്നു. 2000-ത്തിൽ പാഠ്യപദ്ധതി പരിഷ്കരിക്കുന്നുണ്ട്. സൊസൂറും ഘടനാത്മക വ്യാകരണവും ചോംസ്കിയും രചനാന്തരണ വ്യാകരണവും ശിശുഭാഷയും ഭാഷാഭേദ ഭ്രപടവും ഭാഷാക്ഷേത്രവും വിവിധ സിദ്ധാന്തങ്ങളും ഉൾപ്പെടുത്തി പാഠ്യപദ്ധതി വിപുലവും സമഗ്രവുമാക്കുന്നു. ദ്രാവിഡ ഭാഷാശാസ്ത്രം ഉപേക്ഷിക്കുന്നു. ഭാഷാശാസ്ത്രവും സാഹിത്യവിജ്ഞാനവുമെന്ന യൂണിറ്റ് ഉൾപ്പെടുത്തുന്നു. സാഹിത്യസങ്കേതങ്ങൾ, സാഹിത്യാസ്വാദനം, സാഹിത്യസംവേദനം തുടങ്ങിയവ ഈ യൂണിറ്റിന്റെ ഭാഗമായിവരുന്നു. റഫറൻസിൽ നിന്ന് പാശ്ചാത്യരുടെ പുസ്തകങ്ങളും ഇംഗ്ലീഷ് മാധ്യമത്തിലുള്ള പുസ്തകങ്ങളും ഒഴിവാക്കുകയും ചെയ്യുന്നു. സെമസ്റ്റർ സംവിധാനം വന്നതിനുശേഷമുള്ള 2012-ലെ സിലബസിൽ പാഠ്യവസ്തുക്കൾ വളരെ

ശൃഷ്കമാവുന്നു. Morphology, Syntax, Semantics, Dialectology എന്നീ നാലുമേഖലകൾ മാത്രമായി ഭാഷാശാസ്ത്രപഠനം പരിമിതപ്പെടുന്നു. പതിനൊന്ന് റഫറൻസിൽ അഞ്ചെണ്ണം മുൻവർഷം ഒഴിവാക്കിയ പാശ്ചാത്യരുടെ കൃതികൾ പുനഃസ്ഥാപിച്ചിരിക്കുകയാണ്. വെള്ളായനി അർജ്ജുനൻ, ഡോ.പി.എം. ജോസഫ് എന്നിവരുടെ കൃതികൾ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്. സാമൂഹിക ഭാഷാശാസ്ത്രത്തെ ഒരു ഘട്ടത്തിലും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല(പട്ടിക, 18:163-165).

5.7. മലയാളം സർവ്വകലാശാല

ഒന്നാം സെമസ്റ്ററിലെ അഞ്ചാമത്തെ പേപ്പറായി ഭാഷാശാസ്ത്രം മാത്രമായാണ് കോഴ്സ് രൂപപ്പെടുത്തിയിരിക്കുന്നത്. പാഠ്യപദ്ധതി ഉദ്ദേശ്യാധിഷ്ഠിതമല്ല. ഭാഷാശാസ്ത്രം, ഭാഷയുടെ ഘടന, സമീപനങ്ങൾ, ഭാഷാശാസ്ത്രത്തിന്റെ ആനുകാലികപ്രസക്തി എന്ന ഭാഗം ഇതര സർവ്വകലാശാലകളുടെ പാഠ്യപദ്ധതിയിലില്ലാത്തതാണ്. ഭാഷാനാശം, പുനരുജ്ജീവനം, ഭാഷാധ്യാപനം, വിവർത്തനം, നിഘണ്ടുനിർമ്മാണം, ഭാഷാഭേദപഠനം എന്നിവയാണ് ഈ ഭാഗത്ത് ഉൾപ്പെടുത്തിയിരിക്കുന്ന പാഠ്യവസ്തുക്കൾ. പത്തു പുസ്തകങ്ങൾ രണ്ടു പാശ്ചാത്യരുടേതുൾപ്പെടെ റഫറൻസായി നല്കിയിരിക്കുന്നു. സാഹിത്യരചനയിലും സാഹിത്യപഠനത്തിലും ഭാഷാശാസ്ത്രപാഠ്യപദ്ധതികൾ ഒന്നുതന്നെയാണ്.

5.8. മധുര കാമരാജ് സർവ്വകലാശാല

മധുര കാമരാജ് സർവ്വകലാശാലയുടെ 2008 മുതൽ നിലനില്ക്കുന്ന പാഠ്യപദ്ധതിയിൽ മൂന്നാം സെമസ്റ്ററിൽ ഭാഷാശാസ്ത്രവും ഭാഷാചരിത്രവും എന്ന തലക്കെട്ടിൽ അഞ്ച് ക്രെഡിറ്റുള്ള പാഠ്യപദ്ധതിയാണ് തയ്യാറാക്കിയിരിക്കുന്നത്. പാഠ്യപദ്ധതി ഉദ്ദേശ്യാധിഷ്ഠിതമല്ല. ആശയ വിനിമയം, ആശയവിനിമയമാതൃക, ഭാഷാശാസ്ത്രവികാസം, ദ്രാവിഡ ഭാഷാകുടുംബം, സ്വനം, സ്വനിമം, രൂപിമം, വാക്യം, രചനാന്തര വ്യാകരണം, അർത്ഥം, ഭാഷാഭേദം എന്നിവ നാല് യൂണിറ്റുകളിലായി ഉൾപ്പെടുത്തിയിരിക്കുന്നു. അഞ്ചാമത്തെ യൂണിറ്റ് മലയാളത്തിന്റെ ഭാഷാശാസ്ത്രസമീപനത്തിലുള്ള അപഗ്രഥനമാണ്. പ്രാചീന മധ്യകാല ആധുനികമലയാളത്തിന്റെ പരിണാമങ്ങൾ ഈ യൂണിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കെ.എം.പ്രഭാകരവാരിയരുടെ ഭാഷാശാസ്ത്രവിവേകം പാഠപുസ്തകമായും പത്തുപുസ്തകങ്ങൾ റഫറൻസായും നല്കിയിരിക്കുന്നു.

5.9. കേന്ദ്ര സർവ്വകലാശാല

2014-ലെ കണ്ണൂർ സർവ്വകലാശാലയുടെ പാഠ്യപദ്ധതിയാണ് കേന്ദ്ര സർവ്വകലാശാല പിന്തുടരുന്നത്. രണ്ടാം സെമസ്റ്ററിലാണ് ഭാഷാശാസ്ത്രം മാത്രമായി ഒരു കോഴ്സായി

എം.എ.പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പാഠ്യപദ്ധതി ലക്ഷ്യങ്ങൾ നിർണയിച്ചു കൊണ്ടുള്ള ഉദ്ദേശ്യാധിഷ്ഠിത പാഠ്യപദ്ധതിയാണിത്. ഭാഷയുടെ വിവിധമാനങ്ങളെ വിമർശനാത്മകമായി മനസ്സിലാക്കാൻ പ്രചോദിപ്പിക്കുക. സ്വന്തമായി നിരീക്ഷണങ്ങളും ചിന്തകളും കരുപ്പിടിപ്പിക്കാനുതകുന്ന മട്ടിൽ ഭാഷാപഠനമേഖലയിലെ സങ്കല്പന സമീപനങ്ങളെ അടുത്തറിയുക, ഭാഷാപഗ്രഥനരീതികൾ മനസ്സിലാക്കാനുള്ള അടിത്തറയൊരുക്കുക. ഭാഷാശാസ്ത്ര ചിന്തകരുടെ സംഭാവനകളും ഭാഷാശാസ്ത്ര കൈവഴികളും തിരിച്ചറിയുക എന്നിവയാണ് ഈ കോഴ്സിന്റെ ലക്ഷ്യങ്ങളായി നല്കിയിട്ടുള്ളത്. ഭാഷയെക്കുറിച്ച് സ്വന്തമായി ചിന്തയും നിരീക്ഷണങ്ങളും കരുപ്പിടിപ്പിക്കുക എന്നത് പഠനലക്ഷ്യമായി വെച്ചിട്ടുണ്ടെങ്കിലും അതിനു പൂരകമായ വിധത്തിൽ പഠനാനുഭവങ്ങൾ പാഠ്യപദ്ധതി ഉൾക്കൊള്ളുന്നില്ലെന്നത് പോരായ്മയാണ്. ഇംഗ്ലീഷ് മലയാള പുസ്തകങ്ങൾ ഉൾപ്പെടെ പഴയതും പുതിയതുമായ പുസ്തകങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 61 പുസ്തകങ്ങൾ ഉൾപ്പെട്ട വിപുലമായ ലിസ്റ്റാണ് സഹായകഗ്രന്ഥങ്ങളായി നല്കിയിരിക്കുന്നത്. ഭാഷാശാസ്ത്ര പേപ്പറിന്റെ ഇതുവരെയുള്ള പാഠ്യപദ്ധതികളിൽ ഏറ്റവും വിപുലമായ റഫറൻസ് ലിസ്റ്റും ഇതുതന്നെയാണ് (പട്ടിക, 18:166-180).

ഭാഷാശാസ്ത്ര പാഠ്യപദ്ധതിയുടെ നാളിതുവരെയുള്ള ചരിത്രത്തിൽ ഇരുപത്തഞ്ചോളം കൃതികൾ പാഠപുസ്തകമായിട്ടുണ്ടെങ്കിലും അതിലൊരു കൃതിപോലും സ്ത്രീ എഴുത്തുകാരികളുടേതില്ല (പട്ടിക – 17). റഫറൻസായി നല്കിയിട്ടുള്ള 189-ലധികം കൃതികളിൽ കേവലം അഞ്ച് എഴുത്തുകാരികൾക്കു മാത്രമാണ് പ്രാതിനിധ്യം കിട്ടിയിട്ടുള്ളത് (പട്ടിക – 18). പലരെയും കുറച്ചുസമയം മാത്രമേ നിലനിർത്തിയിട്ടുമുള്ളൂ. ബോർഡ് ഓഫ് സ്റ്റഡീസിന്റെ ബോധത്തിലും അബോധത്തിലും നിലനിന്നുവരുന്ന ആണധികാരത്തിന്റെ പതിവു തന്നെയാണിതും.

5.10. കണ്ണൂർ സർവ്വകലാശാല

കണ്ണൂർ സർവ്വകലാശാലയുടെ 2000-ത്തിലെ പാഠ്യപദ്ധതിയിൽ ഒന്നാം സെമസ്റ്ററിലെ മൂന്നാമത്തെ പേപ്പറായി ഭാഷാശാസ്ത്രം മാത്രമായാണ് കോഴ്സ്. 15 യൂണിറ്റുകളിലായി ഭാഷാനിർവ്വചനം, ഭാഷാപഗ്രഥനം, ഭാഷാവികാസം, ഭാഷാശാസ്ത്രചരിത്രം, ഭാരതീയ സ്വനവിജ്ഞാനം, ലിപിചരിത്രം, സ്വനം, സ്വനിമം, രൂപിമം, വാക്യം, ഭാഷാഭേദവിജ്ഞാനം, സാമൂഹിക ഭാഷാശാസ്ത്രം, ഭാഷാക്ഷേത്രം, ബഹുകാലിക ഭാഷാശാസ്ത്രം, അക്ഷരം, ധാതു, സിദ്ധാന്തങ്ങൾ (കുടുംബവൃക്ഷം, തരംഗം, അക്ഷരത്തെക്കുറിച്ചുള്ളവ, ഘടനാത്മകം, രചനാന്തരണം etc.) എന്നിവയെല്ലാം ഉൾപ്പെടുത്തിയിരിക്കുന്നു. ഇംഗ്ലീഷ് , മലയാളം ഉൾപ്പെടെ ഇരുപതു സഹായകഗ്രന്ഥങ്ങളും ഉണ്ട്. പാഠ്യപദ്ധതി ഉദ്ദേശ്യാധിഷ്ഠിതമല്ല. 2004-ലോ 2007-ലോ 2009-ലോ പാഠ്യപദ്ധതിയിൽ മാറ്റമില്ല. 2013-ൽ മുൻവർഷത്തെ 15 യൂണിറ്റിൽനിന്ന് അഞ്ചു യൂണിറ്റിലേക്ക് പാഠ്യപദ്ധതി ലഘൂകരിക്കുന്നുണ്ട്. ഭാഷാശാസ്ത്ര

ചരിത്രം, ഭാരതീയ സ്വനവിജ്ഞാനചരിത്രം എന്നിങ്ങനെയുള്ള പഠന മേഖലകൾ ഒഴിവാക്കിയവയിൽ ഉൾപ്പെടുന്നു. കോഴ്സ് ഈ വർഷമാണ് ഉദ്ദേശ്യാധിഷ്ഠിതമാകുന്നത്. ലൈബ്രറി റെക്കോർഡ് തയ്യാറാക്കാനും ചർച്ചകൾ , സെമിനാറുകൾ എന്നിവ സംഘടിപ്പിക്കാനും നിർദേശിക്കുന്നതാണ് പാഠ്യപദ്ധതി. ഭാഷയുടെ അടിസ്ഥാനവിവരം മുതൽ സിദ്ധാന്തതലം വരെയുള്ള വിനിമയസാദ്ധ്യതകൾ അറിഞ്ഞിരിക്കുക എന്ന സാമാന്യമായൊരു ലക്ഷ്യ നിർണ്ണയമല്ലാതെ വ്യക്തവും കൃത്യവുമായ പഠനനേട്ടങ്ങൾ നിർവ്വചിക്കുന്നില്ല. വിമർശനാത്മകമോ താരതമ്യാത്മകമോ മലയാള ഭാഷാപഗ്രഥനത്തിന് ഊന്നൽ കൊടുക്കുന്നതോ അല്ല പാഠ്യപദ്ധതി. 2014-ൽ കോഴ്സ് വീണ്ടും പരിഷ്കരിക്കുകയും പാഠ്യവസ്തുവും റഫറൻസ് ലിസ്റ്റും വിപുലീകരിക്കുകയും ചെയ്യുന്നുണ്ട്. ഉദ്ദേശ്യലക്ഷ്യങ്ങൾ കൂടുതൽ കൃത്യവും സമഗ്രവുമാക്കുന്നുണ്ട്. ഭാഷയെക്കുറിച്ചുള്ള ഗൗരവപൂർണ്ണമായ പര്യാലോചനകളിൽ സജീവമായി ഇടപെടാൻ കഴിയുക, സമഗ്രമായ ധാരണകൾ രൂപപ്പെടുത്തുക, വ്യത്യസ്ത ഭാഷാപഗ്രഥനരീതികളെ മനസ്സിലാക്കുക, ആധുനികചിന്തകളെ പരിചയപ്പെടുന്നതിനാവശ്യമായ അടിത്തറ തീർക്കുക, കൂടാതെ പ്രധാനപ്പെട്ട ഭാഷാശാസ്ത്രചിന്തകരുടെ സംഭാവനകൾ മനസ്സിലാക്കുക എന്നിവയെല്ലാം പാഠ്യപദ്ധതി ലക്ഷ്യംതന്നെ. ഭാഷാതിരോധാനം, ഭാഷാർജ്ജനം, അർത്ഥവിജ്ഞാനം, വ്യവഹാരാപഗ്രഥനം, ഭാഷാകമ്പ്യൂട്ടിംഗ്, വംശീയ ഭാഷാശാസ്ത്രം, കോഡ് സ്വിച്ചിങ് എന്നിങ്ങനെയുള്ള പാഠ്യവസ്തുക്കൾ ചേർത്തുകൊണ്ട് പാഠ്യപദ്ധതിയെ വിപുലീകരിക്കുന്നുണ്ട്. അമ്പത്തിനാലു പുസ്തകങ്ങളുടെ വിപുലമായ റഫറൻസ് ലിസ്റ്റും നല്കിയിട്ടുണ്ട്. 2015-ൽ പാഠ്യപദ്ധതി പുറകോട്ടുപോകുന്നു. 2013-ലെ ശ്രേഷ്ഠമായ പാഠ്യപദ്ധതി പുനഃസ്ഥാപിക്കുന്നു.

ഇംഗ്ലീഷ് ഭാഷയെ അടിസ്ഥാനമാക്കിയുള്ള ഭാഷാപഗ്രഥനം ഇംഗ്ലീഷ് മാധ്യമത്തിലൂടെയുള്ള ഭാഷാപഠനം എന്നിവയിൽനിന്നും മലയാള മാധ്യമത്തിലേക്കും മാതൃഭാഷാപഗ്രഥന പഠനത്തിലേക്കും ഭാഷാശാസ്ത്രം വളർന്നെങ്കിലും ഭാഷാഭേദപഠനം പോലെ നിരവധി മേഖലകൾ ഇന്നും വേണ്ടത്ര വികാസം പ്രാപിച്ചിട്ടില്ല. ഭാഷാശാസ്ത്ര അപഗ്രഥന സമീപനങ്ങളിൽ പ്രായോഗിക പരിചയം നേടുന്നതിനോ ഗവേഷണപഠനങ്ങൾ നടത്താനോ പഠിതാക്കൾക്ക് പ്രചോദനം നല്കാൻ സാധിക്കുന്നുമില്ല.

കുറിപ്പുകൾ

1

പട്ടിക 17
ഭാഷാശാസ്ത്രം - പാഠപുസ്തകങ്ങൾ

ക്രമ നമ്പർ	കൃതികളുംഎഴുത്തുകാരും	വർഷം	സർവ്വകലാശാല
1	Language a Linguistic introduction to History – Vendreyes	1935	മദ്രാസ്
2	Introduction to comparative philology –Gune	1935	മദ്രാസ്
3	Dravidic studies No, 1-4	1935	മദ്രാസ്
4	A comparative grammar of the Dravidian Languages – Caldwell	1935	മദ്രാസ്
5	Origin and development of the Bengali languages- Chatterji.S.K	1935	മദ്രാസ്
6	Linguistic survey –Vol –IV, Grierson	1935	മദ്രാസ്
7	Grammar in Leelathilakam –L.V.Ramaswamy ayyar	1935	മദ്രാസ്
8	Introduction to Descriptive Linguistics.H.A.Gleason	1935	മദ്രാസ്
9	Introduction to the Study of Languages -Bloom Field	1935	മദ്രാസ്
10	Introduction to Linguistic Science Sturtevant	1935	മദ്രാസ്
11	Grammatical structure of Dravidian Languages Jules Blooh	1935	മദ്രാസ്
12	കേരള ഭാഷാവിജ്ഞാനീയം -ഡോ.കെ.ഗോദവർമ്മ	1935	മദ്രാസ്
13	കേരള ഭാഷയുടെ വികാസ പരിണാമങ്ങൾ- ഇളംകുളം കുഞ്ഞൻ പിള്ള	1935	മദ്രാസ്
14	Evolution of Malayalam –Dr.A.C.Sekhar	1935	മദ്രാസ്
15	Historical Linguistics –An introduction Lehmann P Win field	1972	കേരള
16	Modern Theories on Languages	1975	കേരള
ബി.എ			
17	ഭാഷാശാസ്ത്ര പ്രവേശിക-ഡോ.ഇ.വി.എൻ.നമ്പൂതിരി	1995	കേരള
18	ഭാഷാവിജ്ഞാനം-വി.സി.ബാലകൃഷ്ണൻ	1980	കാലിക്കറ്റ്
19	സാഹിത്യസാഹ്യം-എ.ആർ	1980	കാലിക്കറ്റ്
20	മലയാളശൈലി-മാരാർ	1980	കാലിക്കറ്റ്
21	ഭാഷാശാസ്ത്രം-കെ.എം.പ്രഭാകരവാര്യർ	1980	കാലിക്കറ്റ്
22	ഭാഷ:ഒരു പഠനം - ചാത്തനാത്ത് അച്യുതനുണ്ണി	1980	കാലിക്കറ്റ്
എം.എ			

23	ഭാഷാശാസ്ത്ര വിവേകം-കെ.എം.പ്രഭാകരവാര്യർ	2003	കാലടി
24	തൊൽക്കാപ്പിയം	2003	കാലടി

2

പട്ടിക 18

ഭാഷാശാസ്ത്രം-സഹായക ഗ്രന്ഥങ്ങൾ

ക്രമ നമ്പർ	കൃതികളുംഎഴുത്തുകാരും	വർഷം	സർവ്വകലാശാല
1	The language its origin, Theory and development - Jesperson	1937	മദ്രാസ്
2	The History of Language – sweet	1937	മദ്രാസ്
3	Introduction to the study of Language - Bloom fieled	1937	മദ്രാസ്
4	Dravidian India –Vol.1 - T.R. Sesha Iyengar	1937	മദ്രാസ്
5	Pre Aryan and Pre-Dravidian India - Bagchi .P.C	1937	മദ്രാസ്
6	മൂന്ന് ചെപ്പേടുകൾ - ടി.കെ.ജോസഫ്	1937	മദ്രാസ്
7	HuzurPlates	1937	മദ്രാസ്
8	Specimen of Vettelathu Inscriptions	1937	മദ്രാസ്
9	Huzur Office Plates of Korunnan Thalakkavu - Tranvancore archeological series	1937	മദ്രാസ്
10	Introduction Linguistics Science - Sturtvant	1972	കേരള
11	A course in modern Linguistics - C.F. Hocket	1972	കേരള
12	The structure of Kannada - Here Mutt	1972	കേരള
13	The Telugu Verbal base - B.H. Krishna Moorthy	1972	കേരള
14	Origin and development of Bengali language - S.K.Chatterji	1972	കേരള
15	Dravidian languages - M.S. Andronov	1975	കേരള
16	ഭാഷാശാസ്ത്ര ശബ്ദാവലി - സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാംഗ്വേജസ്	1975	കേരള
17	പ്രതിഭാനം-(റിസർച്ച് പേപ്പർ)	1975	കേരള
18	കേരളപാണിനീയ വിമർശനം - ഡോ. പുതുശ്ശേരി രാമചന്ദ്രൻ	1984	കേരള
19	Ramacharitam and the study of Early Malayalam - Dr.K.M.George	1984	കേരള
20	ലോകഭാഷകൾ - വി.ആർ. പ്രബോധചന്ദ്രൻ നായർ	1992	കേരള
ബി.എ			
21	ആധുനിക ഭാഷാശാസ്ത്രം - കെ.എം. പ്രഭാകരവാരിയർ (എം.എ)	1999	കേരള
22	സ്വനിമ വിജ്ഞാനം - കെ.എം. പ്രഭാകരവാരിയർ	1999	കേരള
23	വാക്യഘടന - ഡോ.ഇ.വി.എൻ.നമ്പൂതിരി	1999	കേരള

24	നിഘണ്ടുവിജ്ഞാനം - ഡോ.പി.സോമശേഖരൻ നായർ	1999	കേരള
25	അർത്ഥം വിജ്ഞാനം - വേദബന്ധു	1999	കേരള
എം.എ			
26	ഭാഷാഗവേഷണം - ഡോ.കെ.കുഞ്ഞുണ്ണിരാജ	1992	കാലിക്കറ്റ്
27	Linguistics - David Crystal	1992	കാലിക്കറ്റ്
28	Phonetics in Ancient Indian - W.S. Allen	1992	കാലിക്കറ്റ്
29	A History of Linguistics - R.H. Robins	1992	കാലിക്കറ്റ്
30	General Linguistics – An Introductory survey – R.H.Robins	1992	കാലിക്കറ്റ്
31	Introduction to theoretical Lingusitics – B. Lyons	1992	കാലിക്കറ്റ്
32	സ്വനവിജ്ഞാനം - വി.ആർ. പ്രബോധചന്ദ്രൻ നായർ	1992	കാലിക്കറ്റ്
33	വാക്യഘടന - വേണുഗോപാലപ്പണിക്കർ	2003	കേരള
34	നോം.ചോംസ്കി - വേണുഗോപാലപ്പണിക്കർ	1992	കാലിക്കറ്റ്
35	ഭാഷാഭേദവിജ്ഞാനം - പി.സോമശേഖരൻ നായർ	1992	കാലിക്കറ്റ്
36	സാമൂഹിക ഭാഷാശാസ്ത്രം - ഉഷാനമ്പൂതിരിപ്പാട്	2001	കാലിക്കറ്റ്
37	കവിതയിലെ ഭാഷ - കെ.എം. പ്രഭാകരവാര്യർ	2003	കേരള
38	Introductory Linguistics - Robert A. Hall (J.R)	1992	കാലിക്കറ്റ്
39	പ്രാചീന മലയാളം - ഡോ. പുതുശ്ശേരി രാമചന്ദ്രൻ	2007	കേരള
40	ലിപികളുടെ ഉല്പത്തി - കെ.എ. ജലീൽ	2007	കേരള
41	ഭാഷാശാസ്ത്ര പ്രവേശിക - ഇ.വി.എൻ. നമ്പൂതിരി	2007	കേരള
42	മലയാള ഭാഷാചരിത്രം എഴുത്തച്ഛൻവരെ - ഡോ.കെ.രത്നമ്മ	2007	കേരള
43	കേരളഭാഷാവിജ്ഞാനീയം-ഡോ.ഗോദവർമ്മ	2007	കേരള
44	പൂർവ്വ കേരള ഭാഷ - കെ.എം.പ്രഭാകര വാര്യർ	2007	കേരള
45	ദ്രാവിഡ ഭാഷാശാസ്ത്ര പഠനങ്ങൾ -കെ.എം.പ്രഭാകരവാര്യർ	2007	കേരള
46	മലയാളവ്യാകരണ സമീക്ഷ - കെ.എം.പ്രഭാകരവാര്യർ	2007	കേരള
47	ഭാഷാവലോകനം - കെ.എം. പ്രഭാകരവാര്യർ	2007	കേരള
48	അന്വേഷണം - എൻ.ആർ. ഗോപിനാഥ പിള്ള	2007	കേരള
49	പാഠഭേദം - എൻ.ആർ. ഗോപിനാഥ പിള്ള	2007	കേരള
50	Malayalam - R.E.Asher and T.C.Kumari	2007	കേരള
51	Evolution of Malayalam Morphology - L.V. Ramaswami Ayer	2007	കേരള
52	Introduction and Appendix of Malayalam Lexicon - Soorand P.N.Kunjanpillai	2007	കേരള
53	Indo Aryan Loan Words in Malayalam – Dr. Godavarama	2007	കേരള
54	Languages of middle Malayalam - Dr. Puthusseri Ramachanrdan	2007	കേരള

55	Early Malayalam prose A study - Dr.P.V. Velayudhan Pillai	2007	കേരള
56	ദ്രാവിഡ ഭാഷകളുടെ തുലനാത്മക വ്യാകരണം- കാൽഡ്വൽ (വിവ) - എസ്.കെ.നായർ	2007	കേരള
57	Dravidian verb Morphology - Dr.P.S. Subramanian	2007	കേരള

ബി.എ			
58	ഭാഷ ഒരു പഠനം - ചാത്തനാത്ത് അച്ച്യുതനുണ്ണി	2014	കേരള
59	വാഗർത്ഥ വിചാരം - എസ്.ഗുപ്തൻ നായർ	2014	കേരള
60	ഭാഷാശാസ്ത്രം-സിദ്ധാന്തവും പ്രയോഗവും മലയാളത്തിൽ - ഡോ.എ.വി. ആൻഡ്രൂസ് കുട്ടി	2014	കേരള
61	ഭാഷാർത്ഥം - ഡോ.ടി.ബി. വേണുഗോപാലപ്പണിക്കർ	2014	കേരള
62	പ്രാചീന ഭാരതീയ ലിപി ശാസ്ത്രവും മലയാള ലിപിയുടെ വികാസവും - ഡോ.എസ്.ജെ. മംഗലം	2014	കേരള
63	കേരള ഭാഷയുടെ വികാസ പരിണാമങ്ങൾ - ഇളംകുളം കുഞ്ഞൻപിള്ള	1980	കാലിക്കറ്റ്
64	ഭാഷാനിരീക്ഷണം - ഡോ.എൻ.ആർ.ഗോപിനാഥപിള്ള	1980	കാലിക്കറ്റ്
65	Srilanka protugense - I.R.smith	1992	കാലിക്കറ്റ്
66	Collective papers - Emeneau	1992	കാലിക്കറ്റ്
67	Aspects of language - D.Bohinger	1992	കാലിക്കറ്റ്
68	Dialectology - Ed.V.I. Subramaniam	1992	കാലിക്കറ്റ്
69	Socio linguistics – Peter Frudgill	1992	കാലിക്കറ്റ്
70	വാക്യഘടന - ഇ.വി.എൻ.നമ്പൂതിരി	1992	കാലിക്കറ്റ്
71	Aspects of language - D. Bohinger	2001	കാലിക്കറ്റ്
72	Modern Linguistics - S.K. Varma & Krishnamurti	2001	കാലിക്കറ്റ്
73	ഭാഷാശാസ്ത്രം - ദേശമംഗലം രാമകൃഷ്ണൻ, ഹുമാം റഷീദ്	2014	കാലിക്കറ്റ്
74	ഭാഷാശാസ്ത്ര ദൃഷ്ടിയിലൂടെ - വി.ആർ.പ്രബോധ ചന്ദ്രൻ നായർ	2014	കാലിക്കറ്റ്
75	ഭാഷാശാസ്ത്ര നിഘണ്ടു - വി.ആർ.പ്രബോധചന്ദ്രൻ നായർ	2014	കാലിക്കറ്റ്
76	സ്വനമണ്ഡലം - ഡോ.ടി.ബി.വേണുഗോപാലപ്പണിക്കർ	2014	കാലിക്കറ്റ്
77	ശൈലീ ഭംഗികൾ - ഡോ.വി.ആർ.പ്രഭോധചന്ദ്രൻ നായർ	2014	കാലിക്കറ്റ്
78	മലയാളം കമ്പ്യൂട്ടറിൽ - ഡോ.ഗോവിന്ദരു, പി.എസ്.ബിജു	2014	കാലിക്കറ്റ്
79	ഇ.മലയാളം - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്	2014	കാലിക്കറ്റ്
80	മലയാളത്തിലെ നിഘണ്ടുക്കൾ - പി.വിഒമന	2014	കാലിക്കറ്റ്
81	മലയാള ഭാഷാപരിണാമം - സിദ്ധാന്തങ്ങളും വസ്തുതകളും തിരുനല്ലൂർ കരുണാകരൻ	2014	കാലിക്കറ്റ്
(എം.എ -2014)			
82	ഭാഷാവിജ്ഞാനം - വി.സി.ബാലകൃഷ്ണൻ (ബി.എ.)	1980	കാലിക്കറ്റ്
83	മലയാള ഭാഷാപഠനങ്ങൾ - ഡോ.എസ്. വേലായുധൻ, റൊണാൾഡ് ഇ. അഷർ(എഡിറ്റർ)	2014	കാലിക്കറ്റ്
84	മൊഴിയറിവ് - ഡോ.കെ.സുഗതൻ	2014	കാലിക്കറ്റ്
85	ഡോ.ഗോദവർമ്മയുടെ പ്രബന്ധങ്ങൾ - എസ്.ഗുപ്തൻ നായർ (സമ്പാദനം പഠനം)	2014	കാലിക്കറ്റ്

86	മലയാള ഭാഷാചരിത്രം - എഴുത്തച്ഛൻ വരെ - ഡോ.എൻ. ഗോപിനാഥൻ നായർ (എഡിറ്റർ)	2014	കാലിക്കറ്റ്
87	ഭാഷാശാസ്ത്രം - സി.വി. വാസുദേവ ഭട്ടതിരി	1986	എം.ജി
88	ദ്രാവിഡ ഭാഷകൾ (പരിഭാഷ) - അദ്രനോവ്	1986	എം.ജി
89	ഭാഷാശാസ്ത്രം - എടാരത്ത് സെബാസ്റ്റ്യൻ	1986	എം.ജി
90	ഭാഷാദർശനം - ഡോ.സി. ജെ.റോയി	1986	എം.ജി
91	Linguistics general and Dravidian - C.P. Achuthanni	1986	എം.ജി
92	പ്രാചീന കേരള ലിപികൾ - ഡോ.എൻ.എ. രവിവർമ്മ	1986	എം.ജി
93	സ്വന വിജ്ഞാനം - വി.ആർ. പ്രബോധചന്ദ്രൻ	1986	എം.ജി
94	ആര്യദ്രാവിഡ ഭാഷകളുടെ പരസ്പരബന്ധം - ഡോ.എൻ.എ.രവിവർമ്മ	1987	എം.ജി.
95	ഭാഷാശാസ്ത്രദർപ്പണം - പലലേഖകന്മാർ (ബി.എ.)	1994	എം.ജി.
96	Evolution of Malayalam Grammar - K.N. Ezhuthachan	1994	എം.ജി.
97	ഭാഷയും മന:ശാസ്ത്രവും - കെ.എം. പ്രഭാകരവാര്യർ	2012	എം.ജി.
98	ചിഹ്നശാസ്ത്രവും സംഘടനാവാദവും - സി.ജെ.ജോർജ്ജ്	2012	എം.ജി.
99	ഭാഷാലോകം - വേണുഗോപാലപ്പണിക്കർ	2012	എം.ജി.
100	ഭാഷാശാസ്ത്രത്തിലെ ചോംസ്കിയൻ വിപ്ലവം - കെ.എൻ.ആനന്ദൻ	2012	എം.ജി.
101	ചോംസ്കി ന്യറ്റാണ്ടിന്റെ മനഃസാക്ഷി - എം.എ.ബേബി (എഡിറ്റർ)	2012	എം.ജി.
102	അധികാരവും ഭാഷയും - പി.എം.ഗിരീഷ്	2012	എം.ജി.
103	വാക്കിന്റെ സാമൂഹിക ശാസ്ത്രം - സി.ജെ.ജോർജ്ജ്	2012	എം.ജി.
104	പഴശ്ശിരേഖകളിലെ വ്യവഹാരഭാഷ - ജോസഫ് സ്കറിയ	2012	എം.ജി.
105	സൈബർ മലയാളം - സുനീത ടി.വി	2012	എം.ജി.
106	ഭാഷ-നവീന പഠനവഴികൾ - സിബുമേടയിൽ	2012	എം.ജി.
107	മസ്തിഷ്ക ഭാഷ - പ്രസക്തിയും പ്രയോഗവും സുജാറാണി മാത്യു	2012	എം.ജി.
108	Outline of Linguistic Analysis - Block & Trager	2012	എം.ജി.
109	The study of Language – George Yule	2012	എം.ജി.
110	Language – basics-R.L.Trask	2012	എം.ജി.
111	Morphology - P.H.Mathews	2012	എം.ജി.
112	Saussure - Jonnathan Culler	2012	എം.ജി.
113	The essential Chomsky - Antony Arnov(Ed)	2012	എം.ജി.
114	Elements of General Phonetics - David Abercrombie	2012	എം.ജി.
115	The socio Linguistic of Soceity – Ralph Fasold	2012	എം.ജി.
116	Socio Linguistics-A brief introduction - J.A.Fishman	2012	എം.ജി.
117	Syntactic Structure – Noam Chomsky	2012	എം.ജി

118	Aspects of theory of syntax - Noam Chomsky	2012	എം.ജി
119	Language and Mind – Noam Chomsky	2012	എം.ജി.
120	CHOMSKY – John Lyons	2012	എം.ജി.
121	Course in general Linguistics - Ferdinend de Saussure	1994	എം.ജി.
122	ശബ്ദാർത്ഥ സിദ്ധാന്തങ്ങൾ സംസ്കൃതത്തിൽ - എൻ.വി. പി. ഉണിത്തിരി	2016	സെൻട്രൽ
123	Language – Noam Chomsky	1994	എം.ജി
124	ഭാഷയും ആധുനികോത്തരതയും - ജോസഫ് കെ ജോബ്	2016	എം.ജി
125	The Language of Advertising - Angela Goddiard	2003	കാലടി
126	Communications – Raymond Williams	2003	കാലടി
127	Grammatical Theories in the United States from Bloom Field to Chomski - P.H Mathews	2003	കാലടി
128	Language and Representation – Chrissinha	2003	കാലടി
129	Knowledge of Meaning and introduction to Semantic Theory – Richard Larson Gabriel Segal	2003	കാലടി
130	Linguistics Semantics, An Introduction - John Lyons	2003	കാലടി
131	Discourse – Sera Mills	2003	കാലടി
132	Introduction to text Linguistics - Wolfgang Dressler	2003	കാലടി
133	Principles of Pragmatics - Geoffre N. Leech	2003	കാലടി
134	Semantics – Longan	2003	കാലടി
135	Pragmatics – C.Levinson	2003	കാലടി
136	Saussure – Signs, System and arbitariness – David Holdroft	2003	കാലടി
137	Language and Social context - Pier Paolo Gigolioli (Ed)	2003	കാലടി
138	Discourse Analysis – Gillian Brownz Georgeyule	2003	കാലടി
139	Linguistics and novel – Roger fowler	2003	കാലടി
140	Ideals, Words and things – Pottier	2003	കാലടി
141	Structuralism – John Sturrock	2003	കാലടി
142	A Barthes Render – Susan Sontag (Ed)	2003	കാലടി
143	Linguistic Criticism –Roger Fowler	2003	കാലടി
144	An Introduction to Linguistics - Pushpendra syal and D.V. Jindal	2003	കാലടി
145	Dravidian Linguistics I An Introduction – Kamil V. Zvelihil	2003	കാലടി
146	ദ്രാവിഡ ഭാഷാശാസ്ത്രം - എൻ. എൻ. മൂസ്സത്	2003	കാലടി
147	Linguistics and Literature - Black Well	2003	കാലടി
148	Linguistic Criticism – Rogor Fowkler	2003	കാലടി

149	Linguistics and Poetics – R Jakobson	2003	കാലടി
150	Morphology of the Folktale – V. Propp	2003	കാലടി
151	Orality and Literacy – Walter J ong	2003	കാലടി
152	Discourse Theory and Practice - Wetherell, Margret	2003	കാലടി
153	Discourse as Data - Sage Publications	2003	കാലടി
154	ചിഹ്നവിജ്ഞാനീയം - ജോർജ്ജ് സി.ജെ	2014	കാലടി
155	മലയാള ഭാഷാവ്യാകരണം - ഹുണ്ടർട്ട്	2014	കാലടി
156	Comparative Dravidian Phonology - Zvelebil Kamil	2014	കാലടി
157	Dravidian Etymological Dictionary - D.E. D 1961	2014	കാലടി
158	South Dravidian Languages - Emeneau M.B	2014	കാലടി
159	Dravidian Comparatiove Phonopgy - Emeneau M.B	2014	കാലടി
160	Comparative Dravidian Studies in Current Trends in Linguistics –Vo.1.5 - T.A Sebeok (Ed.)	2014	കാലടി
161	Dravidian Languages – Krishnamurti B.H	2014	കാലടി
162	The Grammatical Structure of Dravidian Languages – Bloch, Jules	2014	കാലടി
163	ആധുനിക ഭാഷാശാസ്ത്രം - കെ.എം.പ്രഭാകരവാരിയർ,ശാന്താഅഗസ്റ്റിൻ	2012	അലിഗഢ്
164	ഗവേഷണമേഖല - വെള്ളായനി അർജ്ജുനൻ	2012	അലിഗഢ്
165	മലയാളത്തിലെ പരകീയ പദങ്ങൾ - ഡോ. പി.എം. ജോസഫ്	2012	അലിഗഢ്
166	Chomsky – John Lyons	2016	സെൻട്രൽ
167	ഭാഷാചിന്തകൾ - കെ. കുഞ്ഞുണ്ണിരാജ	2016	സെൻട്രൽ
168	ഭാഷാദർശനവും ചരിത്രവും - കെ. കുഞ്ഞുണ്ണിരാജ	2016	സെൻട്രൽ
169	പൗരസ്ത്യകാവ്യശാസ്ത്രം - ഗോപിചന്ദ് നാരംഗ് വിവ:പി. കൃഷ്ണൻ	2016	സെൻട്രൽ
170	വംശീയതയും ഭാഷയും - കെ.കെ ബാബുരാജ്	2016	സെൻട്രൽ
171	ഭാഷയും ഭരണഭാഷയും - എഴുമറ്റൂർ രാജരാജവർമ്മ	2016	സെൻട്രൽ
172	അധികാരത്തിന്റെ ഭാഷാ വഴക്കങ്ങൾ - ഉണ്ണിആമപ്പാറയ്ക്കൽ	2016	സെൻട്രൽ
173	ഭാഷയും ആധുനികോത്തരതയും - ജോസഫ് കെ. ജോബ്	2016	സെൻട്രൽ
174	ഭാഷ:നവീന പഠനവഴികൾ എഡിറ്റർ - വി.പി. മാർക്കോസ്	2016	സെൻട്രൽ
175	ഇനിവായന ഇ-വായന - വി.കെ. ആദർശ്	2016	സെൻട്രൽ
176	The Social Meaning of Language - J.B Pride	2016	സെൻട്രൽ
177	The Ethnography of Communications John J Gumperz	2016	സെൻട്രൽ
178	Language in Culture and Society – Areader in Linguistics and Anthropology – Dell Hymes	2016	സെൻട്രൽ
179	Six Lectures on Sound and Meaning – Roman Jakobson	2016	സെൻട്രൽ

180	Semantics – Geotry Leech	2016	സെൻട്രൽ
181	ലിപികളുടെ ഉല്പത്തി - കെ.എ. ജലീൽ	2000	കണ്ണൂർ
182	An Introduction to descriptive Linguistics – Gloason H.A	2000	കണ്ണൂർ
183	കേരളത്തിലെ ആചാരഭാഷ -പി.എം. ഗിരീഷ്	2014	കണ്ണൂർ
184	ഭാഷാശാസ്ത്രവും സിദ്ധാന്തവും പ്രയോഗവും - വി.ആർ. സോളി, ഡോ. കെ. ജോയ് പോൾ	2016	സെൻട്രൽ

അദ്ധ്യായം - 6

പാശ്ചാത്യ-പൗരസ്ത്യ സാഹിത്യസിദ്ധാന്തപഠനം

സാഹിത്യസിദ്ധാന്തപഠനങ്ങളുടെ വിവിധ സർവ്വകലാശാലകളിലെ പാഠ്യപദ്ധതി വിശകലനമാണ് ഈ അദ്ധ്യായം കൊണ്ട് ഉദ്ദേശിക്കുന്നത്.

6.1. മദ്രാസ് സർവ്വകലാശാല

ആദ്യകാല ബി.എ.(ഓണേഴ്സ്), എം.എ. കോഴ്സുകളിലൊന്നും തന്നെ പാശ്ചാത്യ പൗരസ്ത്യ സിദ്ധാന്തങ്ങളുടെ പേപ്പർ ത്രുപപ്പെട്ടിരുന്നില്ല. എന്നാൽ 1935-ൽ ആരംഭിക്കുന്ന ബി.എ (ഓണേഴ്സ്) മലയാളം പാഠ്യപദ്ധതിയിൽ സാഹിത്യചരിത്രവും സാഹിത്യ വിമർശനവും എന്ന പേപ്പറിൽ പി.എം. ശങ്കരൻനമ്പ്യാരുടെ സാഹിത്യലോചനം പാഠപുസ്തകമാണ് (അനുബന്ധം, പുറം: 41).കാവ്യം, കാവ്യപ്രയോജനം, രസം തുടങ്ങിയ പൗരസ്ത്യസാഹിത്യ സിദ്ധാന്തങ്ങളുടെ ഉള്ളടക്കം ഉള്ള ഈ കൃതി പൗരസ്ത്യസാഹിത്യസിദ്ധാന്തപഠനങ്ങളുടെ ആരംഭത്തെ കുറിക്കുന്നതായി കണക്കാക്കാം. ഈ കാലയളവിലെ വ്യാകരണം, വൃത്തം, അലങ്കാരം എന്ന അഞ്ചാം പേപ്പറിന്റെ പാഠപുസ്തകങ്ങളുടെ കൂട്ടത്തിൽ വരുന്ന ഈ കൃതി നാട്യശാസ്ത്രത്തെ അവലംബിച്ചുള്ളതാണ്. രസം, വിഭാവം, അനുഭാവം, വ്യഭിചാരികൾ എന്നിവ ചർച്ചചെയ്യുന്ന ഈ കൃതിയും ഭാഷാഭ്രഷണവും പൗരസ്ത്യ സാഹിത്യസിദ്ധാന്തപഠനത്തിന്റെ ആരംഭം കുറിക്കുന്നു. ഈ രണ്ട് പേപ്പറുകളും ഈ പാഠപുസ്തകങ്ങളും മാറ്റം കൂടാതെ ദശാബ്ദങ്ങൾ നിലനില്ക്കുന്നതായാണ് കാണുന്നത്. മദ്രാസ് സർവ്വകലാശാല 1959-ൽ കേരള, മദ്രാസ് സർവ്വകലാശാല പാഠ്യപദ്ധതികൾ വേർതിരിയുന്ന ഘട്ടത്തിൽ, മദ്രാസ് സർവ്വകലാശാലയുടെ പേപ്പർ ഒന്നിൽ വൃത്തം, അലങ്കാരം, സാഹിത്യനിരൂപണം എന്നിവ ഒന്നുചേർന്നാണ് ഉണ്ടായിരുന്നത്.

1959-ൽ മദ്രാസ് സർവ്വകലാശാലയുടെ വൃത്തം, അലങ്കാരം, നിരൂപണം എന്ന പേപ്പറിൽ പാശ്ചാത്യ-പൗരസ്ത്യ സാഹിത്യസിദ്ധാന്തങ്ങളുടെ പാഠ്യവസ്തുക്കൾ പ്രത്യേക തലക്കെട്ടോടെ വ്യത്യസ്ത ഖണ്ഡികകളായി പാഠ്യപദ്ധതിയിൽ ഇടം നേടുന്നു. പാശ്ചാത്യ-പൗരസ്ത്യ സാഹിത്യസിദ്ധാന്തങ്ങളുടെ ആദ്യത്തെ പാഠ്യപദ്ധതിയായി ഈ പേപ്പർ അടയാളപ്പെടുത്താവുന്നതാണ് (കലണ്ടർ:1959-60). കാവ്യമീമാംസ എന്ന തലക്കെട്ടിൽ അലങ്കാരം, അർത്ഥം, അർത്ഥാലങ്കാരം, ശബ്ദാലങ്കാരം, അവയുടെ വിഭജനം,

സദൃശാലങ്കാരങ്ങളുടെ വ്യതിരിക്തതകൾ, ധ്വനിചിന്തയിൽ അലങ്കാരങ്ങളുടെ സ്വാധീനം, ശബ്ദാലങ്കാരങ്ങളും രീതിയിൽ അവയുടെ പങ്കും, പൊതു/സാമാന്യം (General) എന്ന തലക്കെട്ടിൽ പദവാക്യദോഷങ്ങൾ, രസം, ധ്വനിചിന്ത, രീതിചിന്ത, അലങ്കാരചിന്ത, ഗുണവൃത്തി, ഔചിത്യവക്രോക്തി സിദ്ധാന്തങ്ങൾ, പില്ക്കാല സംസ്കൃതനിരൂപകർ (മമ്മടൻ, വിശ്വനാഥൻ, ജഗന്നാഥപണ്ഡിതർ) എന്നിവയാണ് പൗരസ്ത്യസാഹിത്യസിദ്ധാന്തങ്ങളുമായി ബന്ധപ്പെട്ട പാഠ്യവസ്തുക്കൾ. പാശ്ചാത്യസാഹിത്യനിരൂപണം എന്ന തലക്കെട്ടിൽ കലയെ സംബന്ധിച്ച അരിസ്റ്റോട്ടിലിന്റെ സിദ്ധാന്തങ്ങൾ വരുന്നു. എഴുപതുകളിലും ഈ പാഠ്യപദ്ധതി നിലനില്ക്കുന്നു.

2014-ലെ മദ്രാസ് സർവ്വകലാശാല പാഠ്യപദ്ധതിയിൽ ഭാരതീയ സാഹിത്യസിദ്ധാന്തങ്ങൾ ഐച്ഛിക പേപ്പറായും പാശ്ചാത്യ സാഹിത്യസിദ്ധാന്തങ്ങൾ കോർ പേപ്പറായും ആണ് കാണുന്നത്. കാവ്യം, കാവ്യലക്ഷണം, കാവ്യപ്രയോജനം, പ്രചോദനം, അലങ്കാരം, രസസിദ്ധാന്തം, ധ്വനി, ഔചിത്യം, വക്രോക്തി, രീതി, അനുമാനം, തിണ എന്നിങ്ങനെ 12 വാക്കുകളിൽ പാഠ്യപദ്ധതി സംഗ്രഹിച്ചിരിക്കുന്നു. ഉദ്ദേശ്യാധിഷ്ഠിതമല്ല, കേവലം ഏഴ് പുസ്തകങ്ങൾ മാത്രമാണ് റഫറൻസ് (മലയാള പുസ്തകങ്ങൾ മാത്രം). പാശ്ചാത്യസാഹിത്യ സിദ്ധാന്തങ്ങൾ എന്ന 17-ാം പേപ്പറിൽ അരിസ്റ്റോട്ടിൽ, പ്ലേറ്റോ, ലോംഗിനസ്, വേഡ്സ്വർത്ത്, കോളറിഡ്ജ്, ടോൾസ്റ്റോയ്, ഇലിയട്ട്, മാത്യു ആർനോൾഡ് എന്നീ പത്തു ചിന്തകരും സമകാലികപ്രവണതകൾ എന്ന തലക്കെട്ടിൽ ശൈലീവിജ്ഞാനം, ഘടനാവാദം, അപനിർമ്മാണം, മനോവിശ്ലേഷണം എന്നിവയുമാണ് നല്കിയിരിക്കുന്നത്. വളരെ ശ്രേഷ്ഠമായ പാഠ്യപദ്ധതിയാണിത്. റഫറൻസുകൾ ഒന്നും തന്നെ നല്കിയിട്ടില്ല.

6.2. കേരള സർവ്വകലാശാല

കേരള സർവ്വകലാശാലയെ സംബന്ധിച്ചിടത്തോളം അറുപതുകളിലും പാശ്ചാത്യ പൗരസ്ത്യ സാഹിത്യസിദ്ധാന്തങ്ങൾക്ക് പേപ്പറോ പാഠ്യവസ്തുവോ രൂപപ്പെട്ടിട്ടില്ല. ഭാഷാഭ്രഷണത്തിലൊതുങ്ങുന്ന കാവ്യാലങ്കാരപഠനമാണ് ഉള്ളത്. വ്യാകരണം, വൃത്തം, അലങ്കാരം എന്ന നാലാം പേപ്പറിന്റെ ഭാഗമാണിത്. സാഹിത്യചരിത്രവും സാഹിത്യനിരൂപണവും എന്ന ഏഴാം പേപ്പറിൽ പാഠ്യവസ്തുവോ പാഠപുസ്തകമോ ഇല്ല. Books recommended to indicate the scope of the subject എന്ന തലക്കെട്ടിൽ ഏഴു പുസ്തകങ്ങൾ നിർദ്ദേശിച്ചതിൽ S.K. De യുടെ Sanskrit Poetics, പി.എം. ശങ്കരൻനമ്പ്യാരുടെ സാഹിത്യലോചനം, Hudson ന്റെ Introduction to the study of Literature എന്നിവയുണ്ട്. കൂടാതെ സഹായകഗ്രന്ഥങ്ങളിൽ അരിസ്റ്റോട്ടിൽ, ഐ.എ റിച്ചാർഡ്സ്, ബെനഡിറ്റോ ക്രോച്ചേ, സെയിന്റ്സ് ബറി എന്നിവരുണ്ട്. കൂടാതെ സംസ്കൃത കാവ്യശാസ്ത്രത്തിന്റെ ഇംഗ്ലീഷിലുള്ള കൃതികളും ഉണ്ട്. പാശ്ചാത്യ പൗരസ്ത്യസാഹിത്യസിദ്ധാന്ത പഠനത്തിന്റെ ധർമ്മം ഭാഗികമായെങ്കിലും നിറവേറ്റിയിരുന്നത് ഈ കൃതികളാണെന്നു പറയാം.

1972-ൽ 'Scope of the subject' ലിസ്റ്റിൽ ഡോ. വി.രാഘവന്റെ 'Some concepts of Alankara sastra' കൂട്ടിച്ചേർത്തിട്ടുണ്ട്. 1975-ൽ ഈ പുസ്തകം റഫൻസ് ലിസ്റ്റിലേക്ക് മാറ്റുകയും മാത്തൻ തരകന്റെ പൗരസ്ത്യ നാടക ദർശനം കൂട്ടിച്ചേർക്കുകയും ചെയ്തിട്ടുണ്ട്. 1976 ൽ പാഠ്യപദ്ധതിയിൽ Indian Literary criticism, Foreign Literary criticism എന്നിവ എ, ബി എന്നരീതിയിൽ വിഭജിക്കുന്നുണ്ട്. പാശ്ചാത്യ, പൗരസ്ത്യ സാഹിത്യസിദ്ധാന്ത പേപ്പറിലേക്കുള്ള രണ്ടാം ഘട്ട പരിണാമമായി ഇതിനെ കാണാവുന്നതാണ്. ഈ ഘട്ടത്തിലും പാഠപുസ്തകമോ പാഠ്യവസ്തുവോ ഉണ്ടാകുന്നില്ലെന്നതും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അരിസ്റ്റോട്ടിലിന്റെ പോയറ്റിക്സിന്റെ മലയാള വിവർത്തനം —കാവ്യകലയെപ്പറ്റി(വേദ ബന്ധു)എന്ന കൃതിയും ഡോ.കെ രാമൻ നായരുടെ അരിസ്റ്റോട്ടിലിന്റെ കാവ്യശാസ്ത്രവും റഫറൻസിൽ കൂട്ടിച്ചേർക്കുന്നുണ്ട്.

എം.എ. സിലബസുകൾ പാഠ്യപദ്ധതിയിലേക്കും കൂടുതൽ ശാസ്ത്രീയമായ പേപ്പർ വിഭജനങ്ങളിലേക്കും പരിവർത്തിക്കപ്പെടുന്ന നിർണ്ണായക വർഷമാണ് 1977. പാശ്ചാത്യ, പൗരസ്ത്യ സാഹിത്യ സിദ്ധാന്തങ്ങളെ സിദ്ധാന്തങ്ങളുടെ പേപ്പർ എന്നതിലുപരി നിരൂപണങ്ങളുടെ ഭാഗമായാണ് തുടക്കം മുതൽ കണ്ടിരുന്നത്. 1977-ൽ സാഹിത്യ നിരൂപണം എന്ന പേപ്പറിനകത്തെ മൂന്ന് കൃത്യമായ ഉൾപ്പിരിവുകളിലായി പാഠ്യവസ്തുക്കളെ പ്രത്യേക തലക്കെട്ടോടെ ഖണ്ഡികകളായി തിരിച്ച് അവസാനം റഫറൻസും നല്കുന്ന, ഇന്നു പിന്തുടരുന്ന, രീതിശാസ്ത്രത്തിന്റെ മാതൃക ഇവിടെ കാണാവുന്നതാണ്.

എ. വിഭാഗത്തിൽ പൗരസ്ത്യനിരൂപണവും ബി. വിഭാഗത്തിൽ പാശ്ചാത്യനിരൂപണവും സി. വിഭാഗത്തിൽ മലയാളനിരൂപണവും ആണ് നല്കിയിരിക്കുന്നത്. ഈ പാഠ്യപദ്ധതിയിലെ മറ്റൊരു ശ്രദ്ധേയമായ വസ്തുത ബി. വിഭാഗത്തിലെ പാശ്ചാത്യസാഹിത്യനിരൂപണത്തോടൊപ്പം പ്രത്യേകവിഭാഗമായി ചില പ്രധാന നിരൂപണസിദ്ധാന്തങ്ങൾ എന്ന തലക്കെട്ടിൽ പ്ലേറ്റോ മുതൽ എലിയട്ട് വരെയുള്ളവരുടെ സിദ്ധാന്തങ്ങൾ പത്തുവരെ അക്കമിട്ടു നല്കിയിരിക്കുന്നതാണ്. 77-ൽ നിന്ന് 2016-ലെത്തുമ്പോഴും പാശ്ചാത്യ പൗരസ്ത്യസാഹിത്യ സിദ്ധാന്തപഠനം ഇവിടെ അവതരിപ്പിച്ചിരിക്കുന്ന അടിസ്ഥാനപാഠ്യപദ്ധതിയിൽ നിന്നും വളരെയൊന്നും മുന്നോട്ടു പോയിട്ടില്ലെന്നതും വ്യക്തമാണ്.

പൗരസ്ത്യനിരൂപണത്തിൽ കവി, കാവ്യം, സഹൃദയൻ, കാവ്യവിഭജനം (ഗദ്യം, പദ്യം, ദൃശ്യം, ശ്രാവ്യം etc.) അലങ്കാരപദ്ധതി, രീതിപദ്ധതി (ദണ്ഡി, വാമനൻ മുതൽ ഭരതൻ, കുന്തകൻ വരെയുള്ളവർ), രസപദ്ധതി (ഭരതൻ, ലൊല്ലടൻ, ശങ്കുകൻ, ഭട്ടനായകൻ, അഭിനവഗുപ്തൻ) രസപ്രതീതി വിഘ്നങ്ങൾ, രസാസ്വാദനം, രസസംഖ്യ, ധ്വനിപദ്ധതി, ശബ്ദവ്യാപാരം, ധ്വനിയുടെ വകഭേദങ്ങൾ, ഗുണീഭൂതവ്യംഗ്യം, ഔചിത്യം, രസധ്വനി, വക്രോക്തി എന്നിവയാണ് പാഠ്യവസ്തുവായി നല്കിരിക്കുന്നത്.

പാശ്ചാത്യനിരൂപണത്തിൽ സാഹിത്യപ്രേരണകൾ, ധർമ്മം, ഘടകങ്ങൾ, സമൂഹം, നിരൂപകന്റെ സിദ്ധികൾ, മനോവിജ്ഞാനീയം, നിരൂപണവിഭാഗം, നിരൂപണവും സാമൂഹ്യശാസ്ത്രവും, സാഹിത്യപ്രസ്ഥാനങ്ങൾ, സാഹിത്യരൂപങ്ങൾ, നിരൂപണസിദ്ധാന്തങ്ങൾ (പ്ലേറ്റോ, അരിസ്റ്റോട്ടിൽ, ലോങ്ങ്ഗിനസ്, ഡാന്റേ, നിയോക്ലാസിക് സിദ്ധാന്തങ്ങൾ, വേഡ്സ്വർത്ത്, കോളറിഡ്ജ്, വാൾട്ടർ പെയ്റ്റർ, ക്രോച്ചേ, ഐ.എ. റിച്ചാർഡ്സ്) എന്നിവയാണ് പ്രധാന പാഠ്യവസ്തുക്കൾ. പതിന്നാല് പുസ്തകങ്ങൾ റഫറൻസായും നല്കിയിരിക്കുന്നു. 1975-നു ശേഷം സാഹിത്യലോചനവും 1977-ൽ ടോൾസ്റ്റോയ്, ബെനഡിറ്റോ ക്രോച്ചേ, റിച്ചാർഡ്സ്, സെയിന്റ്സ് ബറി തുടങ്ങിയവരുടെ റഫറൻസ് കൃതികളും ഒഴിവാക്കിയിട്ടുണ്ട്. 1984-ൽ പൗരസ്ത്യസാഹിത്യസിദ്ധാന്തങ്ങളുമായി ബന്ധപ്പെട്ട് പുതിയ റഫറൻസ് കൃതികൾ പരിചയപ്പെടുത്തുന്നുണ്ട്. പി.സി. വാസുദേവൻ ഇളയതിന്റെ കാവ്യദർശനം, ഇ.വി. ദാമോദരന്റെ ധ്വന്യാത്മകം, എൻ. ഗോപാലപ്പണിക്കരുടെ രസതത്ത്വദർശനം, ഡോ.ടി. ഭാസ്കരന്റെ ഭാരതീയകാവ്യശാസ്ത്രം, വേദബന്ധുവിന്റെ ഭാരതീയകാവ്യശാസ്ത്രസാരം എന്നിവയാണവ. 1977-ൽ എം. അച്യുതന്റെ പാശ്ചാത്യസാഹിത്യദർശനവും കെ.എം. തരകന്റെ പാശ്ചാത്യസാഹിത്യതത്വശാസ്ത്രവും റഫറൻസിൽ വന്നിരുന്നു. 1989-ൽ സിദ്ധാന്തങ്ങളിൽ മാർക്സിയൻ നിരൂപണതത്വങ്ങളും, റഫറൻസിൽ വേദബന്ധുവിന്റെ രസഭാരതിയും അഭിനവഗുപ്തന്റെ രസസിദ്ധാന്തവും കൂട്ടിച്ചേർത്തിട്ടുണ്ട്. 1990-ൽ ശൈലീവിജ്ഞാനീയം, ഘടനാവാദം, ചിഹ്നവിജ്ഞാനീയം, വിഘടനം എന്നിവ സിദ്ധാന്തങ്ങളിൽ കൂട്ടിച്ചേർക്കുന്നു. റഫറൻസിൽ T. Sebeok-യുടെ Literary stylistics-ഉം Terrece Hawk-ന്റെ Structuralism-വും കൂട്ടിച്ചേർക്കുന്നു. 1993-ൽ റഫറൻസിൽ കെ. സുകുമാരപിള്ളയുടെ മഹിമഭട്ടന്റെ വ്യക്തിവിവേകം വിവർത്തനം, ശങ്കുണ്ണിനായരുടെ നാട്യമണ്ഡപം, കാവ്യഭാഷയിലെ പ്രശ്നങ്ങൾ (ദേശമംഗലം രാമകൃഷ്ണൻ), ശൈലീവിജ്ഞാനം, സമകാലപഠനങ്ങൾ എന്നിവ കൂട്ടിച്ചേർക്കുന്നു. 1993-ൽ തന്നെ ഇലക്റ്റീവ് പേപ്പർ ആയി സൗന്ദര്യശാസ്ത്രം (Aesthetics) വരുന്നുണ്ട്. ഇതിലെ പാഠ്യപദ്ധതിയിലും പാശ്ചാത്യ, പൗരസ്ത്യ സാഹിത്യസിദ്ധാന്തങ്ങൾ ഉൾപ്പെടുന്നു. നാട്യശാസ്ത്രം, ധ്വന്യാലോകം, ഗുണദോഷവിചാരം, ബാഹ്യാഭ്യന്തരാലങ്കാരങ്ങൾ, രസതത്വദർശനം, സാധാരണീകരണം, സഹൃദയൻ, സ്രഷ്ടാവ് എന്നിവയും സോക്രട്ടീസ് മുതൽ ടെറി ഈഗിൾടൺ വരെയുള്ളവരുടെ സൗന്ദര്യകലാദർശനങ്ങളും പാഠ്യപദ്ധതിയിൽ ഉൾപ്പെടുന്നു. 1998-ൽ ഡോ.എം.എ.സ്. മേനോന്റെ പൗരസ്ത്യദർശനവും ഡോ. ടി.ജി. രാമചന്ദ്രൻപിള്ളയുടെ പൗരസ്ത്യസാഹിത്യമീമാംസയും റഫറൻസിൽ കൂട്ടിച്ചേർക്കുന്നു. 1999-ൽ ടി.ജി. രാമചന്ദ്രൻപിള്ളയുടെ കൃതി ഒഴിവാക്കുന്നു. അതുപോലെ ഇതേ വർഷം ഇലക്റ്റീവ് പേപ്പറായിരുന്ന സൗന്ദര്യശാസ്ത്രവും ഉപേക്ഷിക്കുന്നു.

2003-ൽ സെമസ്റ്റർ സംവിധാനത്തിലേക്കു മാറുന്നതോടെ ഈ പേപ്പർ സാഹിത്യമീമാംസ- പാശ്ചാത്യം (പേപ്പർ 10), സാഹിത്യമീമാംസ- പൗരസ്ത്യം (പേപ്പർ - 9) എന്നിങ്ങനെ രണ്ട്, സ്വതന്ത്ര പേപ്പറുകളാവുന്നു. കൂടാതെ ഇലക്റ്റീവ് ആയി സൗന്ദര്യശാസ്ത്രം

പുനഃസ്ഥാപിക്കുന്നു. സാഹിത്യമീമാംസ- പൗരസ്ത്യം പേപ്പറിൽ ഭാരതീയവിമർശനം, കവി, കാവ്യപ്രയോജനം, സഹൃദയൻ, ഭാവകൻ, കാവ്യാസ്വാദനം, കാവ്യവിഭജനം, ദശരൂപകം, ദൃശ്യനാടകവും ഭാരതവും, വിമർശനസമ്പ്രദായങ്ങൾ, രസ, അലങ്കാര, രീതി, ധ്വനി, ഔചിത്യപദ്ധതികൾ, ദണ്ഡി, വാമനൻ, രാജശേഖരൻ, ഭാമഹൻ, രസസൂത്രത്തിന്റെ വ്യാഖ്യാനഭേദങ്ങൾ (ലൊല്ലടൻ, ശങ്കുകൻ, ഭട്ടനായകൻ, അഭിനവ ഗുപ്തൻ, ജഗന്നാഥപണ്ഡിതർ), ധ്വനിനിരാസവാദങ്ങൾ, വക്രോക്തി, ഭാഷാഭ്രഷണം, വൃത്തമഞ്ജരിയിലെ തെരഞ്ഞെടുത്ത വൃത്തങ്ങൾ, നെല്ലിക്കൽ മുരളീധരന്റെ വിശ്വസാഹിത്യദർശനം, ആർ. വിശ്വനാഥന്റെ അന്വയം, Contemporary criticism an anthrology (Editor- V.S.S. Sethuraman), Semiotics and the philosophy of language (Umberto Eco), Literary criticism and theory, The Greeks to the present (Robert Con Davis Laurie Finke) എന്നിവ ചേർത്തു. 2011-ൽ ടി.ജി. ശൈലജയുടെ രസവികല്പവും ഭാവവ്യഞ്ജകവും, ഭാരതീയ കാവ്യശാസ്ത്രനിഘണ്ടു,ഡോ. എം. വിജയൻപിള്ളയുടെ നോവലും ആഖ്യാനകലയും എന്നിവ റഫറൻസിൽ ഉൾപ്പെടുത്തുന്നു. 2016-ൽ പൗരസ്ത്യസാഹിത്യമീമാംസ ഭാഗം 1-പ്രവേശിക, ഭാഗം 2-കാവ്യാത്മാവ്, ഭാഗം 3-കാവ്യശരീരം, ഭാഗം 4- ശരീരത്തിൽ നിന്ന് ആത്മാവിലേക്ക് എന്നിങ്ങനെ തരംതിരിക്കുന്നു. ഇതിവൃത്തവും കഥാപാത്രങ്ങളും തിണസങ്കല്പം, ശോഭാകരധർമ്മം എന്നീ പാഠ്യവസ്തുക്കൾ കൂടി ഉൾപ്പെടുത്തി പാഠ്യപദ്ധതി പരിഷ്കരിക്കുന്നു. റഫറൻസിൽ അന്തഃസന്നിവേശം (കെ. അയ്യപ്പപ്പണിക്കർ), വക്രോക്തികൈരളി (ഡോ. പൂജപ്പുര കൃഷ്ണൻനായർ), സംസ്കൃതത്തിലെ സാഹിത്യതത്ത്വചിന്ത (കൃഷ്ണചൈതന്യ), Foundations of Indian culture (Aurobindo), The Indian concept of the Beautiful (K.S. Rama Swami Sastri) എന്നിവ കൂടി ഉൾപ്പെടുന്നു. പാശ്ചാത്യ സാഹിത്യമീമാംസയിൽ അനുകരണസിദ്ധാന്തം, ആവിഷ്കരണവാദം, കേവലസൗന്ദര്യവാദം, പ്രയോജനവാദം, നിർവ്യക്തികതാവാദം, സിദ്ധാന്തങ്ങൾ എന്നിങ്ങനെ വിഭജിക്കുന്നു. Beginning Theory (Peter Barry), Contemprary Literary and cultural theory (Promod K. Nayar) An Oxford guide to Literary theory and criticism സാഹിത്യദർശനങ്ങൾ (എം. തോമസ് മാത്യു) എന്നീ റഫറൻസുകളും കൂട്ടിച്ചേർക്കുന്നു. 1977-നു ശേഷം അടിസ്ഥാനപരമായ മാറ്റങ്ങൾ വന്ന പാഠ്യപദ്ധതിയാണിത്. ഈ പേപ്പറിന്റെ പാഠ്യപദ്ധതി ആദ്യമായി ഈ സർവ്വകലാശാലയിൽ ഉദ്ദേശ്യാധിഷ്ഠിതമാവുന്നതും ഈ വർഷമാണ്. പാശ്ചാത്യ സാഹിത്യസിദ്ധാന്തങ്ങളുടെ വികാസപരിണാമം വിശദമായി മനസ്സിലാക്കുക എന്ന സാമാന്യമായ ഒഴുക്കൻ പ്രസ്താവനയാണ് കോഴ്സിന്റെ ലക്ഷ്യമായി നല്കിയിരിക്കുന്നത്. പൗരസ്ത്യസാഹിത്യമീമാംസയുടെ പേപ്പറിലാണെങ്കിൽ അതുപോലുമില്ല. ദ്രാവിഡസൗന്ദര്യശാസ്ത്രത്തിന് നാമമാത്രമായാണെങ്കിലും ഇദംപ്രഥമമായി പരിഗണന ലഭിക്കുന്നുവെന്നതാണ് ശ്രദ്ധേയമായ വസ്തുത.

6.3. കാലിക്കറ്റ് സർവ്വകലാശാല

എം.എ. മലയാളം തുടങ്ങിയ എഴുപതുകൾ മുതൽ രണ്ടാം വർഷത്തെ ഏഴാമത്തെ പേപ്പറിൽ വൃത്തം, അലങ്കാരം, സാഹിത്യനിരൂപണം എന്ന പേപ്പറിന്റെ ഭാഗമായാണ് പാശ്ചാത്യ-പൗരസ്ത്യ സാഹിത്യസിദ്ധാന്തങ്ങൾ വരുന്നത്. തൊണ്ണൂറുകളിൽ എട്ടാം പേപ്പറായി സാഹിത്യസിദ്ധാന്തങ്ങൾ എന്ന നിലയിലേക്ക് മാറുന്നുണ്ട്. പാശ്ചാത്യ പൗരസ്ത്യ സാഹിത്യസിദ്ധാന്തങ്ങളും വൃത്തപഠനവും അലങ്കാരവും ഉൾപ്പെട്ടതാണ് ഈ പേപ്പർ. 1992-ലെ ഈ പേപ്പറിന്റെ പാഠ്യപദ്ധതി അഞ്ച് ബ്ലോക്കുകളും ഓരോ ബ്ലോക്കിലും നാല് യൂണിറ്റും എന്നനിലയിൽ സംവിധാനം ചെയ്തിരിക്കുന്നു. സാങ്കേതികസംജ്ഞകളുടെ അർത്ഥം, അലങ്കാരശാസ്ത്രത്തിന്റെ വികാസപരിണാമങ്ങൾ (ഉദയദശ, പരിപോഷദശ, വ്യവസ്ഥാപനദശ, അനുവർത്തനദശ), കാലം, കൃതി, സിദ്ധാന്തം എന്നിവയുടെ സാമാന്യപരിചയം, കാവ്യലക്ഷണം (ഭാമഹൻ മുതൽ ജഗന്നാഥ പണ്ഡിതൻ വരെ), കാവ്യഹേതുക്കൾ, കാവ്യപ്രയോജനം, അലങ്കാരം (ഭാമഹൻ, ദണ്ഡി, വാമനൻ) അലങ്കാരസംഖ്യ, വർഗീകരണം, ധ്വനി, ധ്വനി നിരാസമഞ്ജരി എന്നിവ പൗരസ്ത്യ സാഹിത്യസിദ്ധാന്തങ്ങളിലും സാഹിത്യനിർവചനം, ഘടകം, രൂപം, പ്രസ്ഥാനം, യവനസാഹിത്യദർശനം, കാല്പനികകാവ്യസിദ്ധാന്തം, ആംഗല സാഹിത്യവിമർശനം, ആധുനിക സാഹിത്യസിദ്ധാന്തങ്ങൾ, എലിയറ്റും റിച്ചാർഡ്സും, സാഹിത്യവും ഇതര വിജ്ഞാനമേഖലകളും, സാഹിത്യവിമർശനസമീപനങ്ങൾ (രൂപപരം, സാമൂഹ്യരാഷ്ട്രതന്ത്രം, അഭിപ്രായരൂപം, മനഃശാസ്ത്രാധിഷ്ഠിതം) എന്നിവ പാശ്ചാത്യ സാഹിത്യസിദ്ധാന്തങ്ങളിലും ആയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഓരോ ബ്ലോക്കിനും പ്രത്യേകം റഫറൻസുകൾ നല്കിയിരിക്കുന്നത് കൂടുതൽ ശാസ്ത്രീയമാണ്. പൗരസ്ത്യസാഹിത്യസിദ്ധാന്തങ്ങളുടെ കാലികമായ ഘട്ടവിഭജനത്തോടെയുള്ള ചരിത്രാത്മകസമീപനം ഈ പാഠ്യപദ്ധതിയുടെ എടുത്തുപറയത്തക്ക മേന്മയാണ്. പാഠ്യപദ്ധതികൾ ഉദ്ദേശ്യാധിഷ്ഠിതമോ താരതമ്യാത്മകമോ വിമർശനാത്മകമോ അല്ലെന്നത് പരിമിതിയുമാണ്. 99-ലെ പാഠ്യപദ്ധതിയിൽ പാഠ്യവസ്തുതാപരമായ മാറ്റങ്ങൾ ഇല്ല. പുതിയ റഫറൻസുകൾ കൂട്ടിച്ചേർത്തിട്ടുണ്ട് (പട്ടിക, 20: 87-130). അറുപതലധികം പുസ്തകങ്ങളുടെ വിപുലമായ ലിസ്റ്റാണ് നല്കിയിരിക്കുന്നത്.

സെമസ്റ്റർ സംവിധാനത്തിലേക്കു മാറിയതിനുശേഷമുള്ള 2001-ലെ പാഠ്യപദ്ധതിയിൽ മൂന്നാം സെമസ്റ്ററിലെ പതിനൊന്നാം കോഴ്സായി സാഹിത്യസിദ്ധാന്തങ്ങളും ഇലക്ടീവ് കോഴ്സായി അരിസ്റ്റോട്ടിലിന്റെ നാടകസിദ്ധാന്തവും ആധുനിക സാഹിത്യസിദ്ധാന്തങ്ങളും വരുന്നുണ്ട്. സാഹിത്യസിദ്ധാന്തങ്ങളിൽ തല്പരരായ വിദ്യാർത്ഥികൾക്ക് ആ മേഖലയിൽ വൈദഗ്ധ്യം നേടാനുള്ള അവസരങ്ങൾ ഇതുവഴി തുറന്നുകിട്ടുന്നുണ്ട്. ഇപ്പോഴും പാഠ്യപദ്ധതി ഉദ്ദേശ്യാധിഷ്ഠിതമാകുന്നില്ല. പാഠ്യപദ്ധതി പാഠ്യവസ്തുക്കളുടെ വിശദാംശങ്ങളും ബ്ലോക്കുകളും റഫറൻസ് പുസ്തകങ്ങളുടെ എണ്ണവും വളരെ കുറച്ചിട്ടുണ്ടെങ്കിലും പ്രധാനമേഖലകൾ എല്ലാം നിലനില്ക്കുന്നതുകൊണ്ടുതന്നെ ഈ പാഠ്യപദ്ധതി സെമസ്റ്ററിൽ പഠിച്ചു തീർക്കാൻ

കഴിയുന്നതല്ല. സിദ്ധാന്തങ്ങളും ആശയങ്ങളും നിലനില്ക്കുകയും സൈദ്ധാന്തികരുടെ പേരുകൾ ഒഴിവാക്കുകയും ചെയ്തിരിക്കുന്നു. പൗരസ്ത്യസാഹിത്യസിദ്ധാന്തത്തിന്റെ പാഠ്യ പദ്ധതിയിൽ ഭാഷാഭ്രഷണവും വൃത്തമഞ്ജരിയും നിലനില്ക്കുകയും ചെയ്യുന്നു. പാശ്ചാത്യ സാഹിത്യസിദ്ധാന്തത്തിലും വിശദാംശങ്ങളെ ഉപേക്ഷിച്ചിട്ടുള്ളൂ. പൗരസ്ത്യത്തിലെ ചരിത്രാത്മക സമീപനം ഒഴിവാക്കിയിട്ടുണ്ട്.

റഫറൻസ് പുസ്തകങ്ങളുടെ എണ്ണം കേവലം പതിനൊന്നായി കുറച്ചിട്ടുണ്ട്. എൻ.ആർ. ഗോപിനാഥപിള്ളയുടെ കാവ്യമീമാംസ—പൗരസ്ത്യവും പാശ്ചാത്യവും എന്ന കൃതിയാണ് പുതുതായി ചേർത്തിട്ടുള്ളത്. അരിസ്റ്റോട്ടിലിന്റെ നാടകസിദ്ധാന്തം എന്ന പേപ്പർ ദുരന്ത നാടകപഠനത്തിന് അരിസ്റ്റോട്ടിൽ നല്കിയ രൂപമാതൃക സാഹിത്യാദ്ധ്യയനത്തിന് എപ്രകാരം പ്രയോജകീഭവിക്കുന്നു എന്ന അന്വേഷണമാണ്. ഈ പഠനത്തിലൂടെ നടക്കേണ്ടത് എന്ന് ആമുഖമായി പ്രസ്താവിച്ചിരിക്കുന്നു. എന്നാൽ പാഠ്യപദ്ധതിയിൽ അതിനനുസൃതമായ പാഠ്യവസ്തുവോ പഠനാനുഭവമോ പ്രവർത്തനമോ നല്കിയിട്ടില്ല. പാഠപുസ്തകമായി സി.ജെ തോമസിന്റെ വിവർത്തന നാടകം - ഈഡിപ്പസ് രാജാവും അരിസ്റ്റോട്ടിലിന്റെ പോയറ്റിക്സും വിശദപഠനത്തിന് നിർദ്ദേശിച്ചിരിക്കുന്നു. അരിസ്റ്റോ ട്ടിലിനുമുമ്പുള്ള യവനസാഹിത്യവും തത്ത്വചിന്തയും അരിസ്റ്റോട്ടിലിന്റെ സംഭാവനകളും അതിനെ അടിസ്ഥാനമാക്കിയുള്ള വ്യാഖ്യാനപഠനങ്ങളും അരിസ്റ്റോട്ടിലിനുശേഷമു ണ്ടായ ദുരന്തനാടകങ്ങളും അവയുടെ താരതമ്യവും ഭാരതീയ നാടകസങ്കല്പങ്ങളുമായുള്ള താരതമ്യവും സംസ്കൃതത്തിലെ ദുരന്തനാടകവും ഭാസന്റെ ഊരുഭംഗവും ഈ പാഠ്യപദ്ധ തിയിലെ പാഠ്യവസ്തുക്കളാണ്. 15 കൃതികൾ റഫറൻസായും നല്കിയിരിക്കുന്നു. (പട്ടിക, 20: 132-139)

ആധുനിക സാഹിത്യസിദ്ധാന്തങ്ങൾ എന്ന ഐച്ഛികവിഷയം പേപ്പറിൽ ഫോർമലിസം, ഘടനാവാദം, ഉത്തരഘടനാവാദം, അപനിർമ്മാണം, രാഷ്ട്രീയം, സംസ്കാരചരിത്രം, അനുവാചക പ്രതികരണ സിദ്ധാന്തം, സ്ത്രീവാദം, പരിസ്ഥിതിസൗ ന്ദര്യശാസ്ത്രം എന്നിവയാണ് ഉൾപ്പെടുന്നത്. പാഠ്യപദ്ധതി ഉദ്ദേശ്യാധിഷ്ഠിതമല്ല. 17 പുസ്തകങ്ങൾ റഫറൻസായും നല്കിയിട്ടുണ്ട്. (പട്ടിക, 20: 140-149).

2004-ൽ ഈ പേപ്പർ ഒഴിവാക്കുകയാണ് ചെയ്തിരിക്കുന്നത്. സാഹിത്യസിദ്ധാന്തം പേപ്പറിന്റെ റഫറൻസിൽ പി. ഗീതയുടെ ആധുനികകവിതയിലെ സ്ത്രീപക്ഷസമീപ നങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അരിസ്റ്റോട്ടിലിന്റെ നാടക സിദ്ധാന്തം അതുപോലെ നിലനിർത്തിയിരിക്കുന്നു. 2006-08 വർഷങ്ങളിൽ മാറ്റങ്ങളില്ല. 2010-ൽ രണ്ടാം സെമസ്റ്ററിന്റെ ആറാമത്തെ പേപ്പറായി സാഹിത്യ സിദ്ധാന്തങ്ങൾ മാറുന്നു. അരിസ്റ്റോ ട്ടിലിന്റെ നാടകസിദ്ധാന്തം ഒഴിവാക്കി സിദ്ധാന്തപഠനം ഈ ഒരു കോർ പേപ്പർ മാത്രമായി ചുരുങ്ങുന്നു. ഭാരതീയവും പാശ്ചാത്യവുമായ സാഹിത്യസിദ്ധാന്തങ്ങളിൽ

പ്രധാനപ്പെട്ടവയെക്കുറിച്ച് സാമാന്യധാരണയുണ്ടാക്കുക എന്നൊരു പ്രസ്താവന കോഴ്സിന്റെ ഉദ്ദേശ്യലക്ഷ്യമായി തുടക്കത്തിൽ നല്കിയിട്ടുണ്ട്. പഠനനേട്ടം ഉറപ്പുവരുത്താനുള്ള പാഠ്യപദ്ധതിലക്ഷ്യമായി ഇത്തരം പ്രസ്താവനകളെ പരിഗണിക്കാൻ കഴിയില്ല. ദ്രാവിഡസൗന്ദര്യശാസ്ത്രവുമായി ബന്ധപ്പെട്ട അഞ്ചാം യൂണിറ്റാണ് ഈ പേപ്പറിൽ പുതുതായി ഉൾപ്പെടുത്തുന്ന പാഠ്യവസ്തു. ആദിവാസി, നാടോടി, തമിഴ് സൗന്ദര്യശാസ്ത്രം, പാട്ടുകൾ, കഥാഖ്യാനം, നൃത്തം, വംശീയ സംഗീതം, ലോകവീക്ഷണം, ചമയങ്ങൾ, കളമെഴുത്ത്, അനുഷ്ഠാനരംഗകലകൾ, കൈവേല, സംഘകാല സൗന്ദര്യസങ്കല്പങ്ങൾ, പൊരുളതികാരം, ഐന്തിണ, ഉള്ളുരയും സാഹിത്യനിരൂപണവും, പരിസ്ഥിതി ലാവണ്യശാസ്ത്രം എന്നിവയാണ് ഈ യൂണിറ്റിലെ പാഠ്യവസ്തുക്കൾ. 25 കൃതികൾ ഈ പേപ്പറിന്റെ സഹായകഗ്രന്ഥങ്ങളാണ് (പട്ടിക, 20: 150-151)

2010-ൽ പാശ്ചാത്യ, പൗരസ്ത്യസാഹിത്യസിദ്ധാന്തങ്ങൾ കൂടുതൽ പ്രായോഗികമായ രീതിയിൽ രണ്ടാം പേപ്പറായി സ്വതന്ത്രമാവുന്നുണ്ട്. സാഹിത്യസിദ്ധാന്തം—പ്രാചീനം മൂന്നാം സെമസ്റ്ററിലെ ഒമ്പതാം പേപ്പറായും സാഹിത്യസിദ്ധാന്തം ആധുനികം നാലാം സെമസ്റ്ററിലെ പതിമൂന്നാം പേപ്പറായും മാറുന്നു. കൂടാതെ ഐച്ഛിക കോഴ്സുകളിൽ വിമർശനസിദ്ധാന്തങ്ങൾ എന്നൊരു കോഴ്സും ഉണ്ട്. പൗരസ്ത്യം, പാശ്ചാത്യം എന്ന വിശേഷണം പ്രാചീനം, ആധുനികം എന്ന വിശേഷണത്തിലേക്ക് മാറുന്നുവെന്ന സവിശേഷതയുമുണ്ട് ഈ പാഠ്യപദ്ധതിക്ക്. പാശ്ചാത്യ,പൗരസ്ത്യസാഹിത്യസിദ്ധാന്തങ്ങളെ കാലപരിഗണനയിൽ ഉദ്ഗ്രഥിക്കുന്ന ഈ സമീപനം പഠനം ഫലപ്രദമാകാൻ സഹായകമാണ്. ദേശീയമായ ഈ കോർത്തിണക്കൽ താരതമ്യത്തെയും പഠനത്തെയും സുഗമമാക്കുന്നു. കൃത്യമായ ഉദ്ദേശ്യലക്ഷ്യങ്ങൾ നിർവചിച്ചിട്ടുള്ള പാഠ്യപദ്ധതി എന്നനിലയിലും ശ്രദ്ധേയമാണിത്. ഭാരതീയവും പാശ്ചാത്യവുമായ സാഹിത്യവിചാരങ്ങളുടെ ശക്തമായ അന്തർധാരകളാൽ സമ്പന്നമായ മലയാളസാഹിത്യത്തിന്റെ ഗഹനതലങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ വേണ്ട സൈദ്ധാന്തിക അടിത്തറ സൃഷ്ടിക്കുക എന്നതിനെ പ്രധാനലക്ഷ്യമായി എടുത്തുകാണിക്കുന്നു. കൂടാതെ സാഹിത്യകൃതികളുടെ രൂപതലവും ഭാവതലവും വിശകലനം ചെയ്യാനുള്ള അറിവും കരുത്തും നേടുക, സാഹിത്യചിന്തയുടെ ദാർശനികപശ്ചാത്തലവും സൈദ്ധാന്തികവിവക്ഷകളും രീതിശാസ്ത്രവും അന്വേഷണവിധേയമാക്കുക എന്നിവയും ഇതരലക്ഷ്യങ്ങളായി എടുത്തുകാണിക്കുന്നു.

ഭാരതീയ സാഹിത്യദർശനങ്ങൾ ഉള്ളടങ്ങിയിരിക്കുന്ന പാശ്ചാത്യ ആധുനികസാഹിത്യവിമർശനത്തിലെ ആശയതത്വങ്ങൾ എടുത്തുകാണിച്ചുകൊണ്ടുള്ള അവയുടെ സമാനതകളുടെ സാദ്ധ്യതകൾ തുറന്നിടുന്ന ആമുഖവിവരണം വ്യത്യസ്തവും ഉൾക്കാഴ്ച നല്കുന്നതുമാണ്. ഭാരതീയസാഹിതിയുടെ അടിസ്ഥാനസങ്കല്പങ്ങൾ, സംസ്കൃത സാഹിത്യസിദ്ധാന്തം, ലീലാതിലകം, ഭാഷാഭ്രഷണം, വൃത്തമഞ്ജരി, ദ്രാവിഡസൗന്ദര്യശാസ്ത്രവും അതിന്റെ പ്രസക്തിയും സാദ്ധ്യതകളും, യവനസാഹിത്യതത്വചിന്ത എന്നിവയാണ് ഈ

പേപ്പറിൽ ഉൾപ്പെടുത്തിയിരിക്കുന്ന പാഠ്യവസ്തുക്കൾ. ഓരോ യൂണിറ്റിനും പ്രത്യേകം പ്രത്യേകം റഫറൻസുകൾ ആയി ആകെ 43 കൃതികൾ നല്കിയിരിക്കുന്നു (പട്ടിക. 20: 152-158).

പ്രാചീനസാഹിത്യസിദ്ധാന്തം പോലെത്തന്നെ ആധുനിക സാഹിത്യസിദ്ധാന്തവും കാര്യമാത്ര പ്രസക്തമായ ആമുഖത്തോടെയാണ് 2014-ലെ പാഠ്യപദ്ധതി അവതരിപ്പിച്ചിരിക്കുന്നത്. മലയാളസാഹിത്യത്തിന്റെ ആധുനികദശ പാശ്ചാത്യ സാഹിത്യമാതൃകകളുടെയും സാഹിത്യ സിദ്ധാന്തങ്ങളുടെയും സ്വാധീനം ഉള്ളതാണെന്നും അത്തരം ചിന്തകളുടെ അടിവേരുകൾ പ്രാചീന തത്വചിന്താപദ്ധതിയോടും മനശ്ശാസ്ത്രതത്വങ്ങളോടും ബന്ധപ്പെട്ടതാണെന്നും ഡാർവിന്റെ പരിണാമ സിദ്ധാന്തം, കാറൽ മാർക്സിന്റെ സാമ്പത്തിക സിദ്ധാന്തം, ഫ്രോയിഡിന്റെ മനശ്ശാസ്ത്ര സിദ്ധാന്തം എന്നിവ അവയിൽ പ്രബലമായ മൂന്നെണ്ണമാണെന്നും ആമുഖത്തിൽ വിവരിക്കുന്നു. എല്ലാ വിജ്ഞാനശാഖകളും സാഹിത്യനിരൂപണത്തിന്റെ ഭാഗമാണെന്നും സാഹിത്യപഠനം സംസ്കാരപഠനമായും സംസ്കാരപഠനം ചരിത്രപഠനമായും മാറിക്കൊണ്ടിരിക്കുന്നുവെന്നും തുടർന്നു വിവരിക്കുന്നു.

വിഭിന്ന പാശ്ചാത്യസാഹിത്യസിദ്ധാന്തങ്ങളുടെയും താത്ത്വികചിന്തകളുടെയും ആഴത്തിലുള്ള പഠനത്തിലൂടെയും അപഗ്രഥനത്തിലൂടെയും വിവിധ വൈജ്ഞാനിക ധാരകളെ സംയോജിപ്പിച്ചു കൊണ്ടുള്ള വിമർശനത്തിലൂടെ തനതു ചിന്താപദ്ധതി സ്വാംശീകരിക്കുക എന്ന ചിന്താപ്രക്രിയയുടെ ഉന്നതതലത്തെയാണ് പാഠ്യപദ്ധതി പ്രധാനമായി ലക്ഷ്യം വയ്ക്കുന്നത്. വിപുലമായ കാവ്യതത്വങ്ങൾ അറിയുക, സിദ്ധാന്തങ്ങളെ പ്രയോഗതലത്തിൽ പ്രയോജനപ്പെടുത്തുക എന്നിവയും ഉദ്ദേശ്യലക്ഷ്യങ്ങളായി നല്കിയിരിക്കുന്നു. സാഹിത്യരൂപങ്ങൾ, പ്രസ്ഥാനങ്ങൾ, നവോത്ഥാന വിമർശനങ്ങൾ, നവനിരൂപണം, അടിസ്ഥാനതത്വങ്ങൾ (ഫ്രോയ്ഡ് മുതൽ അൽത്തൂസർ വരെ) നൂതനപ്രവണതകൾ, സംസ്കാരപഠനം (അൽത്തൂസർ മുതൽ ഗായത്രി സ്പിവാക്ക് വരെ) എന്നിവയാണ് പ്രധാന പഠനമേഖലകൾ. ഓരോ യൂണിറ്റിനും പ്രത്യേകമായി 47 പുസ്തകങ്ങളുടെ റഫറൻസും ഉൾപ്പെടുത്തിയിരിക്കുന്നു (പട്ടിക, 20: 176-201).

വിമർശനസിദ്ധാന്തങ്ങൾ എന്ന ഐച്ഛിക പേപ്പർ സമൂഹത്തെയും സംസ്കാരത്തെയും സാമൂഹിക മാനവിക വിഷയങ്ങളിൽ നിന്നുള്ള അറിവുകൾ പ്രയോജനപ്പെടുത്തി വിശകലനം ചെയ്യുന്ന ചിന്താപദ്ധതിയായി അവതരിപ്പിക്കുന്നു. ഇരുപതാം നൂറ്റാണ്ടിലെ പ്രധാന ചിന്തകന്മാരെയും അവരുടെ ചിന്താപദ്ധതികളെയും സാമാന്യമായി പരിചയപ്പെടുക എന്നതാണ് കോഴ്സിന്റെ ഉദ്ദേശ്യലക്ഷ്യമായി കൊടുത്തിരിക്കുന്നത്. മാർക്സിസം, ഘടനാവാദം, ഘടനാനന്തരവാദം, മാനസികാപഗ്രഥനതത്വം, സ്ത്രീവാദം എന്നീ സിദ്ധാന്തങ്ങളുമായി ബന്ധപ്പെട്ട ചിന്തകരെയും സംഭാവനകളെയുമാണ് പാഠ്യപദ്ധതി ഉള്ളടങ്ങുന്നത്. ഓരോ യൂണിറ്റുകളിലേക്കുമായി 19 കൃതികൾ റഫറൻസായും നല്കിയിരിക്കുന്നു (പട്ടിക, 20: 204-214).

6.4. കാലടി ശ്രീശങ്കരാചാര്യ സംസ്കൃതസർവ്വകലാശാല

കാലടി സർവ്വകലാശാലയും സാഹിത്യസിദ്ധാന്തങ്ങൾ എന്ന തലക്കെട്ടു തന്നെയാണ് പേപ്പറിനു നല്കിയിരിക്കുന്നത്. ഇതുകൂടാതെ മലയാളവിഭാഗം പൊതുവായിനല്കുന്ന ഐച്ഛിക കോഴ്സുകളിൽ (2003) ഭാരതീയ സാഹിത്യസിദ്ധാന്തങ്ങൾ, പാശ്ചാത്യ സാഹിത്യസിദ്ധാന്തങ്ങൾ - ആധുനികതയും ശേഷവും, കാവ്യസിദ്ധാന്തങ്ങൾ - പ്രയോഗങ്ങൾ എന്നിങ്ങനെ മൂന്നു കോഴ്സുകളും മലയാളവിഭാഗം അദ്ധ്യാപകർ നല്കുന്ന ഐച്ഛിക കോഴ്സുകളിൽ മാർക്സിസ്റ്റ് സാഹിത്യസിദ്ധാന്തങ്ങൾ എന്ന ഒരു കോഴ്സും ഉണ്ട്. കോഴ്സുകൾ ഉദ്ദേശ്യാധിഷ്ഠിതമല്ല.

ഇന്ത്യൻ സാഹിത്യസമീപനങ്ങൾ (ദ്രാവിഡസൗന്ദര്യശാസ്ത്രം ഉൾപ്പെടെ) വൃത്താലങ്കാരങ്ങൾ, പാശ്ചാത്യപാശ്ചാത്യേതര സമീപനങ്ങൾ (കാമു മുതൽ എലിയട്ട് വരെയും കൂടാതെ ജപ്പാനീസ്, ചൈനീസ്, ആഫ്രിക്കൻ, അറേബിയൻ, ലാറ്റിനമേരിക്കൻ സൗന്ദര്യശാസ്ത്രം, മനശ്ശാസ്ത്രനിരൂപണം, ഇസങ്ങൾ, എഡ്വേർഡ് സെയ്ദ്, പോസ്റ്റ് മോഡേണിസം ലിയോത്താർ വരെയും) എന്നിവയാണ് പ്രധാന പാഠ്യവസ്തു. ഒരു വർഷത്തിലധികം സമയം ആവശ്യമായ വിപുലമായ ഉള്ളടക്കമാണ് ഒരു സെമസ്റ്ററിന്റെ 70-80 ദിവസത്തേക്ക് നീക്കിവച്ചതെന്നത് യാഥാർത്ഥ്യബോധമില്ലായ്മയുടെയും പാഠ്യപദ്ധതി രൂപീകരണത്തിലെ അശാസ്ത്രീയതയുടെയും തെളിവാണ്. 37 പുസ്തകങ്ങൾ റഫറൻസായും നല്കിയിരിക്കുന്നു. (പട്ടിക, 20: 215-220)

2003-ലെ ഭാരതീയസാഹിത്യസിദ്ധാന്തങ്ങൾ എന്ന ഐച്ഛിക പേപ്പറിന്റെ ഉദ്ദേശ്യലക്ഷ്യം ഭാരതീയ സാഹിത്യതത്വചിന്ത സാമാന്യമായി പരിചയപ്പെടുക, ഇവയുടെ പിൻബലത്തിൽ വളർന്നു വന്ന സംസ്കൃത സാഹിത്യസിദ്ധാന്തങ്ങളെക്കുറിച്ച് നിഷ്കൃഷ്ടമായ ധാരണയുണ്ടാക്കുക, തെരഞ്ഞെടുത്ത സാഹിത്യചർച്ചാഗ്രന്ഥങ്ങൾ പരിചയപ്പെടുത്തുക എന്നിവയാണ്. രസതത്വങ്ങൾ, ധ്വനിപദ്ധതി, ധ്വനിവിമർശനം, വക്രോക്തി, രീതിപദ്ധതി, കാവ്യരചനാതന്ത്രങ്ങൾ, സമാന്തരമായ ദ്രാവിഡസാഹിത്യദർശനം എന്നിവയാണ് പാഠ്യവസ്തുക്കൾ. ഇതാകട്ടെ സാഹിത്യസിദ്ധാന്തങ്ങൾ എന്ന നിർബന്ധിത കോഴ്സിന്റെ ആവർത്തനമാണ്. ചില കൃതികൾ വിശദപഠനത്തിന് പാഠപുസ്തകമായി നിർദ്ദേശിച്ചിരിക്കുന്നു എന്നതുമാത്രമാണ് ഈ പാഠ്യപദ്ധതിയെ പ്രസക്തമാക്കുന്നത്. കെ.പി നാരായണപ്പിഷാരടിയുടെ നാട്യശാസ്ത്ര വിവർത്തനത്തിലെ 6-ഉം 7-ഉം അദ്ധ്യായം, വേദബന്ധുവിന്റെ രസഭാരതി, ഇ.വി ദാമോദരന്റെ ധ്വന്യാലോകം, ചാത്തനാത്ത് അച്യുതനുണ്ണിയുടെ വക്രോക്തിജീവിതം, കാവ്യാലങ്കാര സൂത്രവൃത്തി/ഒന്നാം ഉല്ലാസം, വക്രോക്തി ജീവിതം (വിവ-കൃഷ്ണമൂർത്തി), ചാത്തനാത്ത് അച്യുതനുണ്ണി വിവർത്തനം ചെയ്ത ക്ഷേമേന്ദ്രന്റെ കവികണ്ഠാഭരണം, കെ. സുകുമാരപിള്ള വിവർത്തനം ചെയ്ത വ്യക്തിവിവേകം ഒന്നാം വിമർശം, ഇളയപെരുമാൾ വിവർത്തനം ചെയ്ത തൊൽക്കാപ്പിയം-പൊരുളതികാരം എന്നിവ പാഠപുസ്തകങ്ങളാണ്. 18 പുസ്തകങ്ങൾ റഫറൻസായും നല്കിയിരിക്കുന്നു. എ.ആറിന്റെ

കൃതികളോ നാട്യശാസ്ത്ര വിവർത്തനമോ അല്ലാത്ത കൃതികൾ പാഠപുസ്തകമായി വരുന്നത് ഈ സർവ്വകലാശാലയിലാണ് (പട്ടിക, 20: 221-225).

പാശ്ചാത്യ സാഹിത്യസിദ്ധാന്തങ്ങൾ: ആധുനികതയും ശേഷവും എന്ന ഐച്ഛിക പേപ്പർ ഉദ്ദേശ്യാധിഷ്ഠിതമല്ല. പാഠ്യവസ്തുക്കൾ നല്കിയിട്ടില്ല. വിശദപഠനത്തിന് പാഠപുസ്തകങ്ങൾ നിർദ്ദേശിക്കുക മാത്രമാണ് ചെയ്തിരിക്കുന്നത് 15 പാഠപുസ്തകങ്ങളും (പട്ടിക 19, നമ്പർ 17-31) 20 റഫറൻസുകളും നല്കിയിരിക്കുന്നു (പട്ടിക, 20: 226-236).

കാവ്യസിദ്ധാന്തങ്ങൾ, പ്രയോഗങ്ങൾ എന്ന ഐച്ഛിക പേപ്പറിൽ പതിനൊന്ന് സാഹിത്യനിരൂപണ കൃതികളുടെ വിശദപഠനം മാത്രമാണ് ഉള്ളത് (2003). മാർക്സിസ്റ്റ് സാഹിത്യസിദ്ധാന്തങ്ങൾ എന്ന ഐച്ഛിക പേപ്പറിൽ (2003) കലാചിന്ത, നിരീക്ഷണങ്ങൾ (ലാബ്രിയോള, മെഹ്റിങ്, പ്ലഹനോവ്, ലെനിന്റെ സംഭാവനകൾ - ലൂണാ ചാഴ്സികി), സോഷ്യലിസ്റ്റ് റിയലിസം, ഷഡാനോവിസം, ബ്രിട്ടീഷ് -ജർമ്മൻ സംഭാവനകൾ, ഗ്രാംഷി, ഫ്രാങ്ക്ഫർട്ട് സ്കൂൾ, അൽത്തൂസർ, ബക്തിൻ, സ്പിവാക്, സംസ്കാരപഠനം, ഉത്തരാധുനിക സന്ദർഭം എന്നിവയാണ് പാഠ്യവസ്തുക്കൾ. 6 പുസ്തകം പാഠപുസ്തകമായും (പട്ടിക, 19: 32-39) 9 പുസ്തകം റഫറൻസായും നല്കിയിരിക്കുന്നു (പട്ടിക, 20: 237-242).

2009-ൽ ഈ കോഴ്സുകൾ ഒക്കെത്തന്നെ ഇതുപോലെ നിലനില്ക്കുന്നു. 2014-ൽ സാഹിത്യ സിദ്ധാന്തങ്ങൾ സെമസ്റ്റർ സംവിധാനത്തിന് അനിവാര്യമായ രീതിയിൽ ഭാരതീയ സാഹിത്യസിദ്ധാന്തങ്ങളും പാശ്ചാത്യ പാശ്ചാത്യേതര സാഹിത്യസിദ്ധാന്തങ്ങളുമായി സ്വതന്ത്ര കോഴ്സുകളാവുന്നു. മലയാളവിഭാഗം നല്കുന്ന ഐച്ഛിക കോഴ്സിൽ ഭാരതീയ സാഹിത്യ സിദ്ധാന്തം പദ്ധതികൾ, പ്രയോഗങ്ങൾ, പാശ്ചാത്യ സാഹിത്യസിദ്ധാന്തങ്ങൾ, ആധുനികതയും ശേഷവും എന്നിവ നിലനിർത്തിയിരിക്കുന്നു. അദ്ധ്യാപകർ നല്കുന്ന ഐച്ഛിക കോഴ്സിൽ നിന്ന് മാർക്സിയൻ സിദ്ധാന്തങ്ങൾ ഒഴിവാക്കുകയും ചെയ്തിരിക്കുന്നു.

ഭാരതീയ സാഹിത്യസിദ്ധാന്തങ്ങൾ എന്ന നിർബന്ധിത കോഴ്സ്, ഭാരതീയ സാഹിത്യത്തിന്റെ ദർശനപരവും സൈദ്ധാന്തികവുമായ സങ്കല്പനങ്ങളെ വിമർശനാത്മകമായി സമീപിക്കുക എന്ന ലക്ഷ്യത്തോടെ ഉദ്ദേശ്യാധിഷ്ഠിതമാകുന്നു. സാഹിത്യാസ്വാദനത്തെ ശക്തിപ്പെടുത്തുക, വൃത്താലങ്കാര പദ്ധതികളിൽ പ്രായോഗിക പരിചയം സ്വായത്തമാക്കുക എന്നിവയും മറ്റു ലക്ഷ്യങ്ങളായി നിശ്ചയിച്ചിരിക്കുന്നു. അടിസ്ഥാന സങ്കല്പനങ്ങൾ, ധ്വനിപൂർവ്വസാഹിത്യ സങ്കല്പനങ്ങൾ, നിരൂപണപദ്ധതികൾ, ധ്വനിയും പിൽക്കാലചിന്തകളും, വൃത്താലങ്കാരങ്ങൾ , പ്രയോഗപരിചയം എന്നിവയാണ് പ്രധാന പാഠ്യവസ്തുക്കൾ. ധ്വനി അളവുകോലായി എടുത്തുകൊണ്ട് ഭാരതീയ സാഹിത്യസിദ്ധാന്തങ്ങളെ വിഭജിക്കുന്ന സമീപനം ഈ പാഠ്യപദ്ധതിയുടെ സവിശേഷതയാണ്. വൃത്താലങ്കാരങ്ങൾ തിരിച്ചറിയാനുള്ള നൈപുണീവികാസം പാഠ്യപദ്ധതിയുടെ ലക്ഷ്യമാവുന്നതും അതിനുതകുന്ന വിധത്തിൽ സിനിമാഗാനങ്ങളെക്കൂടി ഉൾപ്പെടുത്തുന്നതും ആധുനിക

സാഹിത്യ രൂപങ്ങളിലെ അലങ്കാരങ്ങളെ നോവലിൽ നിന്നും കഥയിൽ നിന്നുമടക്കം വിശകലനം ചെയ്യാനുള്ള ശ്രമവും മറ്റൊരു മികവാണ്. ദ്രാവിഡ സൗന്ദര്യശാസ്ത്രത്തിന്റെ ഭാഗമായി കന്നഡ, തെലുഗു സാഹിത്യങ്ങൾ ഉൾപ്പെടുത്തിയതും മറ്റൊരു വ്യത്യസ്തതയാണ്. ബൗദ്ധ, ന്യായ, വൈശേഷിക, മീമാംസ-ദർശനങ്ങളിലെ ഭാഷാചിന്തകൾ, മാർഗി-ദേശി-പരികല്പനകൾ എന്നീ പാഠ്യവസ്തുക്കളും മറ്റൊരു പ്രത്യേകതയാണ്. 56 പുസ്തകങ്ങളുടെ വിപുലമായ പട്ടികയാണ് സഹായകഗ്രന്ഥങ്ങളായി നല്കിയിരിക്കുന്നത് (പട്ടിക, 20: 244-253).

പാശ്ചാത്യ-പാശ്ചാത്യേതര സാഹിത്യസിദ്ധാന്തങ്ങൾ എന്ന കോഴ്സിൽ (2014) ആധുനിക മലയാള സാഹിത്യസങ്കല്പനങ്ങളെ ആഴത്തിൽ സ്വാധീനിച്ചിട്ടുള്ള പാശ്ചാത്യ സാഹിത്യസിദ്ധാന്തങ്ങളും സമകാലിക സാഹിത്യപഠനത്തിൽ കൂടുതൽ പ്രസക്തമായ ആഫ്രിക്കൻ, ജാപ്പനീസ്, ചൈനീസ്, അറേബ്യൻ സാഹിത്യദർശനങ്ങളും മനസ്സിലാക്കി സാഹിത്യത്തിന്റെ സൈദ്ധാന്തിക അടിത്തറ രൂപപ്പെടുത്തൽ ആണ് പ്രധാനലക്ഷ്യമായി നിശ്ചയിച്ചിട്ടുള്ളത്. മുൻവർഷത്തെ പാഠ്യപദ്ധതിയിൽനിന്ന് പാശ്ചാത്യേതര സാഹിത്യ സിദ്ധാന്തങ്ങളുടെ യൂണിറ്റാണ് മാറ്റത്തെ അടയാളപ്പെടുത്തുന്നത്. ചൈനീസ്-ലൂചിയുടെ സാഹിത്യദർശനം, ജാപ്പനീസ്-ബാഷോ ഹൈക്കുകവിതയെക്കുറിച്ചുള്ള കാഴ്ചപ്പാട്, അറേബിയൻ (കവിതയുടെ സാധൂകരണം, അൽഫറബി, അവിസെന്ന), ലാറ്റിനമേരിക്കൻ ആധുനികതവിമർശനം- എന്റിക് ഡുസ്സൽ), ആഫ്രിക്കൻ(വോൾസോയിങ്ക- മിത്തും സാഹിത്യവും) എന്നിവയാണ് ഈ ഭാഗത്തെ പാഠ്യവസ്തുക്കൾ. 67 പുസ്തകങ്ങളുടെ വിപുലമായ റഫറൻസും നല്കിയിരിക്കുന്നു (പട്ടിക, 20: 254-277).

ഭാരതീയസാഹിത്യസിദ്ധാന്തം—പദ്ധതികൾ, പ്രയോഗങ്ങൾ എന്ന പേരിൽ ഭാരതീയതത്വചിന്തയുടെ സാമാന്യപരിചയം, സംസ്കൃതസാഹിത്യസിദ്ധാന്തങ്ങളെക്കുറിച്ചുള്ള ധാരണ, തെരഞ്ഞെടുത്ത സാഹിത്യഗ്രന്ഥങ്ങളുടെ പരിചയം, സിദ്ധാന്തങ്ങളുടെ സമകാലിക വിശകലന അടിസ്ഥാനത്തിൽ ഇവയുടെ സാദ്ധ്യത, പ്രയോഗം, പരിമിതി എന്നിവ മനസ്സിലാക്കുക എന്നിവയെല്ലാമാണ് പഠനലക്ഷ്യങ്ങൾ നിശ്ചയിച്ചിരിക്കുന്നത്. രംഗകല, സാഹിത്യം, നാട്യം, രസം, സമകാലിക ചർച്ചകൾ, വായന, വ്യാഖ്യാനശാസ്ത്രം, കാവ്യഭാഷ, വാച്യവ്യംഗ്യാർത്ഥങ്ങൾ, ദക്ഷിണേന്ത്യൻ പരിപ്രേക്ഷ്യം, ദ്രാവിഡസൗന്ദര്യശാസ്ത്രം, എഴുത്തിലെ ദേശം, ലീലാതിലകസങ്കല്പം എന്നിവയാണ് പ്രധാന പാഠ്യവസ്തുക്കൾ. പത്തു പുസ്തകങ്ങൾ വിശദപഠനത്തിനും (പട്ടിക, 19: 40-45) 20 പുസ്തകങ്ങൾ റഫറൻസായും നല്കിയിരിക്കുന്നു (പട്ടിക, 20: 278-281).

പാശ്ചാത്യസാഹിത്യസിദ്ധാന്തങ്ങൾ—ആധുനികതയും ശേഷവും (2014) എന്ന പാഠ്യപദ്ധതിക്ക് ആധുനികതയ്ക്കു ശേഷം രൂപംകൊണ്ട പാശ്ചാത്യ സാഹിത്യസിദ്ധാന്തങ്ങളുടെ പരിചയമാണ് ലക്ഷ്യമിടുന്നത്. ഫ്രോയിഡിന്റെ മനോവിശ്ലേഷണം, ആധുനികതാവാദം,

നവവിമർശനം, ഘടനാവാദം, കൃതിപാഠം, വ്യവഹാരം, ആധുനികോത്തരത, ബൃഹദാഖ്യാനങ്ങളുടെ തകർച്ച, നവമാർക്സിസം, പ്രബുദ്ധതാപരമായ ആധുനികത, ആധുനികതയിലെ അധികാരങ്ങൾ, ബോദ്രിയാർ, പ്രതീതിയാഥാർത്ഥ്യം എന്നിവയാണ് പ്രധാന പാഠ്യവസ്തുക്കൾ. 14 കൃതികൾ പാഠപുസ്തകമായും 26 പുസ്തകങ്ങൾ റഫറൻസായും നല്കിയിരിക്കുന്നു. പാഠപുസ്തകം (പട്ടിക, 19: 40-45) സഹായകഗ്രന്ഥം (പട്ടിക, 20: 282-284).

6.5 എം.ജി. സർവ്വകലാശാല

രണ്ടാം വർഷ എം.എ. മലയാളത്തിന്റെ ആറാം പേപ്പറായാണ് സാഹിത്യനിരൂപണം എന്നതലക്കെട്ടിൽ പാശ്ചാത്യ-പൗരസ്ത്യ സാഹിത്യസിദ്ധാന്തങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത്. 1984-ലെ എം.ജി സർവ്വകലാശാലയുടെ പാഠ്യപദ്ധതി ഇക്കാലത്തെ കേരളസർവ്വകലാശാലയുടെ പാഠ്യപദ്ധതിതന്നെയാണ്. റഫറൻസ് പുസ്തകങ്ങൾ 17-ന പകരം 23 എണ്ണം നല്കിയിട്ടുണ്ടെന്നുമാത്രം. 1988-ൽ റഫറൻസ് പുസ്തകങ്ങളുടെ എണ്ണം 90 ആയി ഉയർത്തി ഇക്കാര്യത്തിൽ എം.ജി. സർവ്വകലാശാല പുതിയ ചരിത്രം സൃഷ്ടിക്കുന്നു (പട്ടിക, 20: 285-303). 1990-ൽ എണ്ണം 21-ലേക്കു ചുരുക്കുന്നുമുണ്ട്. 1992-ൽ എം. തോമസ് മാത്യുവിന്റെ സാഹിത്യദർശനം എന്നഗ്രന്ഥം വീണ്ടും ഉൾപ്പെടുത്തി എണ്ണം 22 ആക്കുന്നു. വാൾട്ടർപെയിറ്റർ, ഓസ്കാർ വൈൽഡ്, ഡാന്റെ എന്നിവരുടെ സിദ്ധാന്തങ്ങളെ 1994-ൽ ഒഴിവാക്കുകയും റഫറൻസ് പുസ്തകങ്ങളുടെ എണ്ണം 22-ൽ നിന്ന് 36 ആക്കുകയും ചെയ്യുന്നു (പട്ടിക, 20: 304-305). 1994-ൽ തന്നെ സാഹിത്യപ്രസ്ഥാനങ്ങളുടെ യൂണിറ്റിൽ മാജിക്കൽ റിയലിസം, ഡികൺസ്ട്രക്ഷൻ, ഫെമിനിസ്റ്റ് ഈസ്തറ്റിക്സ്, ബ്ലാക്ക് ഈസ്തറ്റിക്സ്, എക്കോക്രിട്ടിസിസം, സ്ട്രക്ചറലിസം, സ്റ്റൈലിസ്റ്റിക്സ് എന്നിവ ഉൾപ്പെടുത്തുന്നു. കേരളസർവ്വകലാശാലയുടെ പാഠ്യപദ്ധതിയിൽ നിന്ന് ദശാബ്ദത്തിനുശേഷം കുറച്ചൊക്കെ സ്വതന്ത്രമാവാനുള്ള ശ്രമം ദൃശ്യമാവുന്നു. റഫറൻസ് പുസ്തകങ്ങൾ 1995-ൽ 43-ലേക്ക് ഉയർത്തുന്നു (നമ്പർ -306). 1996-ൽ പ്രസ്ഥാനങ്ങൾ, സിദ്ധാന്തങ്ങൾ, സമീപനങ്ങൾ എന്ന തലക്കെട്ടിലേക്ക് വ്യത്യസ്തയൂണിറ്റുകളെ ഉദ്ഗ്രഥിക്കുന്നുണ്ട്. ഡാന്റെയെ വീണ്ടും ഉൾപ്പെടുത്തുന്നു. 2012-ൽ പേപ്പർ സാഹിത്യനിരൂപണം എന്നതലക്കെട്ടുപേക്ഷിച്ച് ഭാരതീയ സാഹിത്യസിദ്ധാന്തങ്ങൾ, ഭാരതീയേതര സാഹിത്യസിദ്ധാന്തങ്ങൾ എന്നിങ്ങനെ രണ്ടാം സെമസ്റ്ററിലെ 8ഉം 9ഉം കോഴ്സുകളായി മാറുന്നു. പാഠ്യപദ്ധതി ഉദ്ദേശ്യാധിഷ്ഠിതമാവുന്നുവെന്ന സവിശേഷതയുമുണ്ട്. പൗരസ്ത്യകാവ്യമീമാംസയുടെ അടിസ്ഥാനശിലകളായ കാവ്യതത്വങ്ങൾ പരിചയപ്പെടുത്തുകവഴി സാഹിത്യത്തിന്റെ ആസ്വാദനം, അപഗ്രഥനം, പഠനം, മൂല്യനിർണ്ണയം എന്നിവയ്ക്ക് വിദ്യാർത്ഥികളെ പ്രാപ്തരാക്കുക എന്നത് പ്രധാന ലക്ഷ്യമായിവെച്ചുകൊണ്ട് സംസ്കൃതത്തിലുൾപ്പെടെ ഇതരഭാഷകളിലുണ്ടായിട്ടുള്ള സൗന്ദര്യശാസ്ത്രപരവും രസാസ്വാദനപരവുമായ കഴിവുകൾ പഠിതാക്കളിൽ വളർത്തുക, ഭാരതീയ കാവ്യമീമാംസയിലെ മഹത്തായ ഗ്രന്ഥങ്ങൾ വിദ്യാർത്ഥികളെ പരിചയപ്പെടുത്തുക എന്നിവയും ഉദ്ദേശ്യങ്ങളായി

നിശ്ചയിച്ചിരിക്കുന്നു. പാഠ്യപദ്ധതി മൊഡ്യൂളുകളായി തരംതിരിക്കുകയും ചെയ്തിട്ടുണ്ട്. വൃത്തമഞ്ജരി ഈ കോഴ്സിൽ ഉൾപ്പെടുന്നുണ്ടെങ്കിലും ഭാഷാഭ്രഷണവും അതിലെ അലങ്കാരപ്രകരണവും ഉൾപ്പെടുന്നില്ല. പ്രാഥമിക സ്രോതസ്സുകളായ കൃതികൾ എല്ലാ യൂണിറ്റിലും പാഠപുസ്തകമായി വരുന്നുവെന്നത് മറ്റൊരു പരിഷ്കാരമാണ്. 27 പുസ്തകങ്ങളും നാല് ഉപന്യാസങ്ങളും റഫറൻസായി നല്കിയിരിക്കുന്നു. ഉപന്യാസങ്ങൾ എന്ന തലക്കെട്ടിൽ കെ.പി. നാരായണപിഷാരടിയുടെ രസസിദ്ധാന്തവും, പി.വി. വാസുദേവൻ ഇളയതിന്റെ ധ്വനിദർശനവും എം.എ.സ്. മേനോന്റെ വക്രോക്തിയും പി.വി. കാനേയുടെ സാൻസ്ക്രിറ്റ് പോയറ്റിക്സുമാണ് നല്കിയിരിക്കുന്നത്. 27 പുസ്തകങ്ങളുടെ ലിസ്റ്റാണ് റഫറൻസായി നല്കിയിരിക്കുന്നത്. ദ്രാവിഡസൗന്ദര്യശാസ്ത്രത്തെയും സംസ്കൃതേതര സൗന്ദര്യശാസ്ത്രങ്ങളേയും പാഠ്യപദ്ധതി ഉൾക്കൊള്ളുന്നില്ല.

ഭാരതിയേതരസാഹിത്യസിദ്ധാന്തങ്ങളുടെ ലക്ഷ്യം മലയാള സാഹിത്യവിമർശനത്തെ/ചിന്തകളെ പലതരത്തിൽ സ്വാധീനിച്ച ഭാരതീയേതര ചിന്താപദ്ധതികളെക്കുറിച്ച് (ചൈനീസ്, ജാപ്പനീസ്, ലാറ്റിനമേരിക്കൻ, ആഫ്രിക്കൻ, അറേബിയൻ, യൂറോപ്യൻ) അവബോധം ഉണ്ടാക്കലാണ്. പാശ്ചാത്യസാഹിത്യ ചിന്തകൾ, ഇസങ്ങൾ, സംസ്കാരപഠനം, കോളനിയനന്തരത, യൂറോ കേന്ദ്രീകരണ വിമർശനം, ചൈനീസ് (ലൂചി), ജാപ്പനീസ് (ബാഷോ), ലാറ്റിനമേരിക്കൻ (എൻറിക് ഡുസ്സൽ), ആഫ്രിക്കൻ (വോൾസോയിങ്ക) എന്നിവ പാഠ്യപദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്നു. 61 പുസ്തകങ്ങളുടെ റഫറൻസ് ലിസ്റ്റും നല്കിയിരിക്കുന്നു (പട്ടിക, 20: 307-308).

2016-ൽ കോഴ്സിന്റെ പേര് ക്ലാസിക്കൽ സാഹിത്യസിദ്ധാന്തങ്ങൾ, ആധുനിക സാഹിത്യസിദ്ധാന്തങ്ങൾ എന്നിങ്ങനെ കാലിക്കറ്റ് സർവ്വകലാശാലയുടെ 2014-ലെ കോഴ്സുകൾക്കുസമാനമായി കാണുന്നു. ഭാരതീയസാഹിത്യചിന്ത, ദ്രാവിഡസൗന്ദര്യശാസ്ത്രം, പാശ്ചാത്യ ക്ലാസിക്കൽ സാഹിത്യചിന്ത, ചൈനീസ്, ജപ്പാനീസ്, അറേബ്യൻ-സൗന്ദര്യശാസ്ത്രം എന്നിവയെല്ലാം ഈ കോഴ്സിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ക്ലാസിക്കൽ എന്ന നിലയിൽ കാലത്തെ അതിജീവിച്ച സാഹിത്യചിന്തകളെ അഭിമുഖീകരിച്ച് സാഹിത്യകൃതികളുടെ രൂപഭാവ സാംസ്കാരികതലങ്ങളെ വിശകലനം ചെയ്യാനുള്ള അറിവും കരുത്തും ആർജ്ജിക്കുക എന്ന മുഖ്യലക്ഷ്യത്തോടൊപ്പം സാഹിത്യചിന്തയുടെ ദാർശനിക പശ്ചാത്തലവും സൈദ്ധാന്തിക വിവക്ഷകളും രീതിശാസ്ത്രവും വിമർശനാത്മകമായി പഠിക്കുക, സാഹിത്യത്തിന്റെ സൗന്ദര്യപരവും സംസ്കാരികവുമായ തലങ്ങളെക്കുറിച്ച് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടന്നിട്ടുള്ള അന്വേഷണങ്ങളെ പരിചയപ്പെടുത്തുക എന്നിവയും ഉദ്ദേശ്യങ്ങളായി നിശ്ചയിച്ചിരിക്കുന്നു. സംസ്കൃതസാഹിത്യസമീപനം, പ്രാചീന-പാശ്ചാത്യ സൗന്ദര്യചിന്ത, ദ്രാവിഡസൗന്ദര്യശാസ്ത്രം, ചൈനീസ്, ജാപ്പനീസ്, അറേബ്യൻ- സാഹിത്യദർശനം, അലങ്കാരം, വൃത്തം എന്നിവയാണ് പാഠ്യപദ്ധതിയിലെ മുഖ്യ പാഠ്യവസ്തുമേഖലകൾ. ഓരോ മൊഡ്യൂളിനും പ്രത്യേകമായി നാലു മുതൽ പത്തൊമ്പത് വരെ റഫറൻസ് പുസ്തകങ്ങളും നല്കിയിരിക്കുന്നു (പട്ടിക, 20: 309-315).

2014-ലെ കോഴിക്കോട് സർവ്വകലാശാലയുടെ പാഠ്യപദ്ധതിക്കുസമാനമായാണ് ആധുനിക സാഹിത്യസിദ്ധാന്തങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പറയുന്നത്. പ്രവണതകൾ, പ്രസ്ഥാനങ്ങൾ, റൊമാന്റിസിസം, മാർക്സിസം, നവനിരൂപണപദ്ധതികൾ, വിൽബർ സ്കോട്ടിന്റെ വിമർശനങ്ങൾ, മനഃശാസ്ത്രം,ആദിപ്രരൂപ സമീപനങ്ങൾ, ആധുനികഭാഷാ ശാസ്ത്രവും സാഹിത്യചിന്തയും, ഘടനാവാദം, ആഖ്യാനശാസ്ത്രം, ലെവിസ്ട്രോസ്, മിത്ത് അപഗ്രഥനം, ബാർത്തിന്റെ ചിന്ത, ദെറിദയുടെ അപനിർമ്മാണം, അൽത്തൂസർ, ഫൂക്കോ, പിയറി മാഷറി, മിഖായേൽ ബാക്തിൻ, സംസ്കാരവിമർശനം, ആധിപത്യങ്ങൾ, അധീശത്വം, മനുഷ്യകേന്ദ്രീകരണ വീക്ഷണം, ഫ്രാങ്ക്ഫർട്ട് സ്കൂൾ, പോസ്റ്റ് കൊളോണിയലിസം, സാർത്രെ, ഫാനൻ, ഗ്രീൻബ്ലാറ്റ്, സബാൾട്ടേൺ വീക്ഷണം, ബെർമിങ്ങ്ഹാം സ്കൂൾ, ഫ്രെഡറിക് ജെയിംസൺ, ബൊർദ്യൂ, എൻക്രുമ എന്നിങ്ങനെയാണ് പാഠ്യവസ്തുക്കൾ. ഒരു സെമസ്റ്ററിൽ ഒതുങ്ങാത്തത്ര ആഴവും പരപ്പും ഉള്ളതാണ് ഈ പാഠ്യപദ്ധതി.

6.6. കണ്ണൂർ സർവ്വകലാശാല

രണ്ടാം സെമസ്റ്ററിലെ സൗന്ദര്യശാസ്ത്രം–ഭാഗം 1 എന്ന കോഴ്സിലാണ് (2001) പാശ്ചാത്യ പൗരസ്ത്യ സാഹിത്യസിദ്ധാന്തങ്ങൾ ഒരുമിച്ചുവരുന്നത്. പാഠ്യപദ്ധതി ഉദ്ദേശ്യാധിഷ്ഠിതമല്ല. മുമ്പ് ഒരു വർഷം കൊണ്ട് പഠിപ്പിച്ച അത്രയും ഉള്ളടക്കമാണ് ഒരു സെമസ്റ്ററിലേക്ക് അശാസ്ത്രീയമായി നിശ്ചയിച്ചിരിക്കുന്നത്. സൗന്ദര്യശാസ്ത്രം വിഷയവ്യാപ്തി, ഉൾപ്പിരിവുകൾ, ചരിത്രത്തിന്റെ ഇടപെടൽ, കലയുടെ സൗന്ദര്യപ്രയോജനമൂല്യങ്ങൾ, ഭാരതീയ കാവ്യശാസ്ത്രം, ചരിത്രം, കാവ്യഹേതു, രസം, ഭാവം, ശബ്ദവ്യാപാരം, ധ്വനി, ധ്വനിനിരാസം, പ്രാചീനാചാര്യന്മാരും അവരുടെ സിദ്ധാന്തങ്ങളും, ഭാഷാഭ്രഷണം അലങ്കാരപ്രകരണം വിമർശനാത്മക പഠനം, വൃത്തപഠനം, യവന സാഹിത്യദർശനം, കാല്പനികത, ചിക്കാഗോ നിരൂപകന്മാർ, അസ്തിത്വവാദം, രസ-ധ്വനി, പാശ്ചാത്യചിന്താതാരതമ്യം, ഭാരതീയ സാഹിത്യസിദ്ധാന്തസ്വാധീനം -മലയാള നിരൂപണത്തിൽ, മലയാളനിരൂപകന്മാർ, ദ്രാവിഡസാഹിത്യദർശനം എന്നിവയെല്ലാം ഈ പാഠ്യപദ്ധതിയിലുൾപ്പെടുന്നു. 24 പുസ്തകങ്ങൾ റഫറൻസായും നല്കിയിരിക്കുന്നു. സൗന്ദര്യശാസ്ത്രം ഭാഗം -രണ്ട്, ശില്പകല, ചിത്രകല, വാസ്തുവിദ്യ, ഫോട്ടോഗ്രാഫി എന്നിവയെക്കുറിച്ചാണ്.

'സാഹിത്യനിരൂപണത്തിലെ പുതിയ സൈദ്ധാന്തികമേഖലകൾ' എന്ന കോഴ്സിൽ സൊസ്സൂർ, റോമൻ യാക്കോബ്സൺ, അപനിർമ്മാണം, ശൈലീവിജ്ഞാനം, മാർക്സിസ്റ്റ് സാഹിത്യവിമർശനം, വാൾട്ടർബെഞ്ചമിൻ, അൽത്തൂസർ, ഹേബർമാസ്, അഡോണോ, ഹെർബർട്ട് മാർക്യൂസ്, മനോവിജ്ഞാനീയം, സ്ത്രീവാദം, പരിസ്ഥിതി സൗന്ദര്യശാസ്ത്രം എന്നിവയുൾപ്പെടുന്നു. 23 കൃതികളുടെ റഫറൻസ് ലിസ്റ്റും നല്കിയിരിക്കുന്നു. 2004-ൽ ഈ പേപ്പർ ഉപേക്ഷിക്കുകയും ചെയ്തു. 2007-ൽ മലയാളനിരൂപണം, ഭാഷാഭ്രഷണ അലങ്കാരം എന്നിവ ഒഴിവാക്കി സ്ത്രീവാദം, പരിസ്ഥിതി, അധിനിവേശാനന്തരനിരൂപണം

തുടങ്ങിയവ ഉൾപ്പെടുത്തി. 33 പുസ്തകങ്ങൾ റഫറൻസായും നല്കിയിരിക്കുന്നു. സൗന്ദര്യശാസ്ത്രം പേപ്പറും ഉപേക്ഷിച്ച സാഹിത്യനിരൂപണത്തിലെ പുതിയ സൈദ്ധാന്തിക മേഖലകൾ എന്ന പേപ്പറും സമന്വയിപ്പിച്ചാണ് ഈ പേപ്പർ ഉണ്ടാക്കിയിരിക്കുന്നത്. 2009-ൽ പാഠ്യവസ്തു മാറ്റമില്ല, റഫറൻസിൽ 2 പുസ്തകങ്ങൾ ചേർത്തിട്ടുണ്ട്. 2013-ൽ ഭാഷാഭ്രഷണം, നവചരിത്രവാദം എന്നിവ ഉൾപ്പെടുത്തി പാഠ്യപദ്ധതി പരിഷ്കരിക്കുന്നു. 2014-ൽ പാശ്ചാത്യ സാഹിത്യസിദ്ധാന്തങ്ങൾ, പൗരസ്ത്യ സാഹിത്യസിദ്ധാന്തങ്ങൾ എന്നിങ്ങനെ സെമസ്റ്ററിനനുയോജ്യമായ വിധത്തിൽ 2010-ലേതുപോലെ രണ്ട് സ്വതന്ത്ര പേപ്പറുകളാവുന്നു. മൂന്നാം സെമസ്റ്ററിലെ 9 ഉം 10 ഉം കോഴ്സുകളായാണ് മാറുന്നത്. പാഠ്യപദ്ധതി ഉദ്ദേശ്യാധിഷ്ഠിതമാവുന്നുമുണ്ട്. പാശ്ചാത്യ സാഹിത്യസിദ്ധാന്തങ്ങളുടെ ആഴത്തിലുള്ള പരിചയം, മലയാളസാഹിത്യത്തെയും നിരൂപണത്തെയും രൂപപ്പെടുത്തുന്നതിൽ അവ വഹിച്ച പങ്കിനെക്കുറിച്ച് അവബോധമുണ്ടാക്കുക, ഇത്രയുമാണ് ഉദ്ദേശ്യ ലക്ഷ്യങ്ങൾ. യവന സാഹിത്യദർശനം, നവോത്ഥാനകാലം, വിക്ടോറിയൻ വിമർശം, മാർക്സിസം, ഫ്രാങ്ക്ഫർട്ട് സ്കൂൾ, ആധുനികാനന്തര വിമർശനം എന്നിവയാണ് പ്രധാന പാഠ്യപദ്ധതി മേഖലകൾ. റഫറൻസ് പുസ്തകങ്ങളുടെ ലിസ്റ്റ് 15-ആയി കുറയ്ക്കുന്നു.

ഭാരതീയ കാവ്യശാസ്ത്രത്തെ സാകല്യതയോടെ സമീപിക്കാനുള്ള പരിജ്ഞാനമുണ്ടാക്കുക എന്ന ഒരേയൊരു സാമാന്യപ്രസ്താവന മാത്രമാണ് പൗരസ്ത്യ സാഹിത്യസിദ്ധാന്തങ്ങളുടെ (2014) പാഠ്യപദ്ധതിയിൽ നല്കിയിരിക്കുന്നത്. ഭാഷാഭ്രഷണം, വൃത്തമഞ്ജരി, എന്നീകൃതികളും ദ്രാവിഡ സാഹിത്യദർശനം, രസം, ധ്വനി, കാവ്യം, കവി, കവിശിക്ഷ എന്നിവയെ സംബന്ധിച്ച സിദ്ധാന്തങ്ങളുമാണ് മുഖ്യപാഠ്യവസ്തുക്കൾ. രസസിദ്ധാന്തത്തെ പാശ്ചാത്യ സാഹിത്യസിദ്ധാന്തത്തോടും ലീലാതിലകം,നാട്യശാസ്ത്രം, തൊൽകാപ്പിയം എന്നിവയിലെ രസവിചാരചിന്തകളോടും ശൈലീവിജ്ഞാനത്തെ വക്രോക്തിയോടും താരതമ്യം ചെയ്തുപഠിക്കാനുള്ള ശ്രമം ശ്രദ്ധേയമാണ്. 20 പുസ്തകങ്ങൾ റഫറൻസായും നല്കിയിരിക്കുന്നു.

2010-ലെ ഗുണപരമായ മാറ്റങ്ങളെ 2013-ൽ ഇല്ലാതാക്കുന്നു. (പാശ്ചാത്യ പൗരസ്ത്യ സാഹിത്യസിദ്ധാന്തങ്ങളെ സെമസ്റ്ററിനനുയോജ്യമായ വിധത്തിൽ രണ്ട് സ്വതന്ത്ര പേപ്പറുകളാക്കിയത് 2013-ൽ ഒറ്റപ്പേപ്പറാക്കി പാഠ്യപദ്ധതിയെ പുറകോട്ടു നടത്തിക്കുന്നു.) 2010ലെ പാഠ്യപദ്ധതിയാണ് 2014 -ൽ പുനസ്ഥാപിക്കുന്നത്. 2010ലാണ് പാഠ്യപദ്ധതി ഉദ്ദേശ്യാധിഷ്ഠിതമാവുന്നതെന്നു പറയാം.

6.7. കേന്ദ്ര സർവ്വകലാശാല

2016-ലും സാഹിത്യസിദ്ധാന്തങ്ങൾ - പാശ്ചാത്യപൗരസ്ത്യസിദ്ധാന്തങ്ങളും വൃത്താലങ്കാരപഠനങ്ങളും ദ്രാവിഡ സൗന്ദര്യശാസ്ത്രവും ഒരു സെമസ്റ്ററിന്റെ പരിമിതമായ ദിനങ്ങളിലേക്ക് ഒരൊറ്റ കോഴ്സായി പഠിക്കാൻ നിശ്ചയിച്ചിരിക്കുന്നുവെന്നത് ഖേദകരമായ വസ്തുതയാണ്. പാഠ്യപദ്ധതി ഉദ്ദേശ്യാധിഷ്ഠിതമാണ്.

1. സാഹിത്യകൃതികളുടെ രൂപഭാവതലങ്ങളെ വിശകലനം ചെയ്യുന്നതിനുള്ള കരുത്ത് നേടുക.
2. സാഹിത്യചിന്തയുടെ ദാർശനികപശ്ചാത്തലവും രീതിശാസ്ത്രവും അന്വേഷണവിധേയമാക്കുക.
3. വിഭിന്നസമീപനങ്ങളെ വിമർശനാത്മകമായി നോക്കിക്കാണുക.
4. ഭാരതീയവും പാശ്ചാത്യവുമായ സാഹിത്യവിചാരങ്ങളുടെ ശക്തമായ അന്തർധാരകളാൽ സമ്പന്നമായ മലയാളസാഹിത്യത്തിന്റെ ഗഹനതലങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാൻ വേണ്ട സൈദ്ധാന്തികമായ അടിത്തറ സൃഷ്ടിക്കുക.

എന്നിവയാണ് ഉദ്ദേശ്യലക്ഷ്യങ്ങളായി നിശ്ചയിച്ചിരിക്കുന്നത്. അടിസ്ഥാന ആശയങ്ങൾ- നിർവ്വചനങ്ങൾ, സാഹിത്യരൂപങ്ങൾ, സംസ്കൃത സാഹിത്യാചാര്യന്മാർ - വിമർശനപദ്ധതികൾ, ഭാഷാ ഭ്രഷണം - അലങ്കാരപ്രകരണം, വൃത്തമഞ്ജരിയിലെ വൃത്തപഠനം (വിമർശനാത്മക പഠനം), ദ്രാവിഡ സൗന്ദര്യശാസ്ത്രം, പാശ്ചാത്യ സാഹിത്യമീമാംസ - നിർവ്വചനങ്ങൾ, യവനസാഹിത്യദർശനം, കാല്പനികത, വിക്ടോറിയൻ വിമർശനം, ഇസങ്ങൾ, ആധുനിക സാഹിത്യസമീപനങ്ങൾ എന്നിവയാണ് പാഠ്യവസ്തുക്കൾ. 30 പുസ്തകങ്ങളുടെ റഫറൻസും നല്കിയിട്ടുണ്ട്.

6.8. മധുര കാമരാജ് സർവ്വകലാശാല

മൂന്നാം സെമസ്റ്ററിലെ കോർ പേപ്പറായി പൗരസ്ത്യനിരൂപണം എന്ന കോഴ്സും നാലാം സെമസ്റ്ററിലെ കോർ പേപ്പറായി പാശ്ചാത്യനിരൂപണം എന്ന കോഴ്സുമായാണ് പാഠ്യപദ്ധതി തയ്യാറാക്കിയിരിക്കുന്നത്. പാഠ്യപദ്ധതി ഉദ്ദേശ്യാധിഷ്ഠിതമല്ല. കാവ്യനിർവ്വചനങ്ങൾ, കാവ്യഹേതു, ഉദ്ദേശ്യങ്ങൾ, രൂപങ്ങൾ, സംസ്കൃതാചാര്യന്മാരും പ്രധാന സിദ്ധാന്തങ്ങളും, തിണസങ്കല്പം, എന്നിവയാണ് ഉള്ളടക്കം. മൂന്ന് പുസ്തകങ്ങൾ (കാവ്യപീഠിക, ഭാരതീയ കാവ്യശാസ്ത്രം, തൊൽകാപ്പിയം) മാത്രമാണ് റഫറൻസിൽ ഉള്ളത്.

തമിഴ്നാട്ടിലെ രണ്ടു സർവ്വകലാശാലകളിലും പാഠ്യപദ്ധതി പരിമിതമാവുമ്പോഴും തിണസങ്കല്പം നിലനിർത്താൻ ശ്രമിച്ചിരിക്കുന്നത് ദ്രാവിഡഭാഷാഭിമുഖ്യത്തിന്റെ പ്രതിഫലനമാണ്. പാശ്ചാത്യനിരൂപണത്തിൽ യവനദാർശനികർ, കാല്പനികചിന്തകൾ, വിക്ടോറിയൻ വിമർശകർ, പ്രധാന ഇസങ്ങൾ, ഫോർമലിസം, ഘടനാവാദം, അപനിർമ്മാണം, ഹെർമിന്യൂട്ടിക്സ് എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പതിനൊന്ന് പുസ്തകങ്ങൾ റഫറൻസായും നല്കിയിരിക്കുന്നു.

6.9. മലയാളം സർവ്വകലാശാല

മൂന്നാം സെമസ്റ്ററിലെ സാഹിത്യവിമർശനതത്ത്വങ്ങൾ എന്ന കോഴ്സിലാണ് പാശ്ചാത്യ പൗരസ്ത്യ സാഹിത്യസിദ്ധാന്തങ്ങൾ ഒരുമിച്ച് പാഠ്യപദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്നത്. സാഹിത്യവിമർശനത്തിന്റെ പ്രസക്തി, സൃഷ്ടി, ആസ്വാദനം, യവനകാവ്യചിന്ത,

കാല്പനിക കാവ്യചിന്ത, മാത്യു ആർനോൾഡ്, ടോൾസ്റ്റോയ്, റിച്ചാർഡ്സ്, എലിയട്ട്, ന്യൂക്രിട്ടിസിസം, സ്ട്രെക്ചറലിസം, ഡീ-കൺസ്ട്രക്ഷൻ, മനശ്ശാസ്ത്രസമീപനം, ഉത്തരാധുനികസിദ്ധാന്തങ്ങൾ, ദ്രാവിഡസൗന്ദര്യശാസ്ത്രം, സംസ്കൃതാചാര്യന്മാരും സിദ്ധാന്തങ്ങളും, പൗരസ്ത്യപാശ്ചാത്യസിദ്ധാന്തതാരതമ്യം, വൃത്താലങ്കാരപഠനങ്ങൾ എന്നിങ്ങനെ ഒരു സെമസ്റ്ററിൽ ഒതുങ്ങാത്തത്ര വിപുലമാണ് ആ പാഠ്യപദ്ധതി. 28 പുസ്തകങ്ങൾ റഫറൻസായും നല്കിയിരിക്കുന്നു.

സാഹിത്യരചന എം.എ. പ്രോഗ്രാമിൽ സാഹിത്യവിമർശനതത്ത്വങ്ങൾ എന്ന കോഴ്സ് അതുപോലെ നിലനിർത്തിയിട്ടുണ്ട്. കൂടാതെ കാവ്യരചന - അടിസ്ഥാനസമീപനങ്ങൾ എന്ന കോഴ്സിലും സാഹിത്യസിദ്ധാന്തങ്ങൾ പാഠ്യവസ്തുവായി വരുന്നുണ്ട്. സാഹിത്യസിദ്ധാന്തങ്ങൾ ബോദ്ധ്യപ്പെടുന്നതിലൂടെ ഓരോ രചയിതാവിനും തന്റേതായ സൃഷ്ടിപ്രക്രിയയിൽ കൂടുതൽ ജാഗ്രത്താകാൻ സാധിക്കുക എന്നതാണ് പഠനലക്ഷ്യം. ആനന്ദവർധനൻ, അഭിനവഗുപ്തൻ, ക്ഷേമേന്ദ്രൻ, കുന്തകൻ, കാവ്യരചനാ പ്രക്രിയ, രചനാപരമായ സ്വാധീനത, അനുകരണം, കാവ്യഭാഷ എന്നിവയെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. അതും പാശ്ചാത്യകവികളും രചനാദർശനങ്ങളും സാമാന്യമായി പരിചയപ്പെടുക എന്ന നിർദേശവും അടങ്ങുന്നതാണ് പാഠ്യവസ്തു. കവി കണ്ണാഭരണം പാഠപുസ്തകമായും നിർദേശിച്ചിരിക്കുന്നു.

6.10. അലിഗഢ് മുസ്ലിം സർവ്വകലാശാല

1986-ലെ പാഠ്യപദ്ധതിയിൽ ഭാരതീയസിദ്ധാന്തങ്ങളും പാശ്ചാത്യസിദ്ധാന്തങ്ങളും ചേർന്ന് സാഹിത്യസിദ്ധാന്തങ്ങൾ എന്ന പേരിൽ അവസാനവർഷം ഒറ്റ പേപ്പർ ആണ്. ഭാരതീയ കാവ്യമീമാംസയുടെ വികാസം ഭരതൻ മുതൽ ജഗന്നാഥപണ്ഡിതർ വരെ, കാവ്യനിർവ്വചനം, ഉറവിടം, ലക്ഷ്യം, ഭാവം, രസം , അലങ്കാരം, സിദ്ധാന്തങ്ങൾ, രീതി, ഗുണം, ധ്വനി, വക്രോക്തി, ഔചിത്യം എന്നിവ പൗരസ്ത്യസിദ്ധാന്തങ്ങളിലും യവനദർശനം, കാൽപനികത, ടോൾസ്റ്റോയ്, ഇലിയഡ്, റിച്ചാർഡ്, സാഹിത്യരൂപങ്ങൾ, മനോവിശ്ലേഷണം, ജീവചരിത്രം, സാമൂഹ്യശാസ്ത്രസമീപനങ്ങൾ, പ്രധാന ഇസങ്ങൾ, നവനിരൂപണം, ഘടനാവാദം എന്നിവയാണ് പ്രധാന തലക്കെട്ടുകൾ. ഒമ്പത് പുസ്തകങ്ങൾ റഫറൻസായി നല്കിയിരിക്കുന്നു. 2000-ൽ പോസ്റ്റ് മോഡേണിസം, ഫെമിനിസം, ബ്ലാക്ക് ഈസ്തെറ്റിക്സ് എന്നിവ കൂട്ടിച്ചേർക്കുന്നു, റഫറൻസ് ലിസ്റ്റിൽ 25 കൃതികൾ ഉൾപ്പെടുത്തി വിപുലീകരിക്കുന്നു. 2012-ൽ സെമസ്റ്റർ സംവിധാനത്തിൽ സാഹിത്യസിദ്ധാന്തങ്ങൾ- ഭാരതീയചിന്ത മൂന്നാം സെമസ്റ്ററിലും സാഹിത്യസിദ്ധാന്തങ്ങൾ-പാശ്ചാത്യചിന്ത നാലാം സെമസ്റ്ററിലും സ്വതന്ത്രമായ കോഴ്സുകളാകുന്നു. ഉള്ളടക്കത്തിൽ കാര്യമായ വ്യത്യാസങ്ങളില്ല. ശൈലീവിജ്ഞാനം, ആഖ്യാനശാസ്ത്രം എന്നീ

പാശ്ചാത്യസിദ്ധാന്തങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. 15-18 പുസ്തകങ്ങളുടെ റഫറൻസ് ലിസ്റ്റും ഓരോ പേപ്പറിനും നല്കിയിരിക്കുന്നു.

നാട്യശാസ്ത്രം മുതലുള്ള പൗരസ്ത്യസാഹിത്യസിദ്ധാന്തങ്ങളുടെയും പാശ്ചാത്യ സാഹിത്യ സിദ്ധാന്തങ്ങളുടെയും അടിത്തറയിലാണ് മലയാളത്തിലെ വിമർശനസാഹിത്യം മുന്നോട്ടുപോയത്. ഇവയേക്കാൾ പഴക്കമുള്ള ദ്രാവിഡസൗന്ദര്യശാസ്ത്രത്തെ തിരിച്ചറിയാനും ഉപയോഗപ്പെടുത്താനും മലയാളസാഹിത്യ വിമർശനത്തിന് കഴിയാതെപോയി. എങ്കിലും ഒറ്റപ്പെട്ട ചില സ്വരങ്ങളായി തനിമയിലൂന്നുന്ന തദ്ദേശീയ സാഹിത്യചിന്തകളെ തിരിച്ചുപിടിക്കാനുള്ള ചിന്തകൾ അയ്യപ്പപ്പണിക്കരെപ്പോലെ ചിലർ നടത്തിയിരുന്നു. തിണസങ്കല്പത്തെ ഒരു അക്കാദമികവിഷയമായി തിരിച്ചറിയുന്നതിൽ അദ്ദേഹം നടത്തിയ നിരീക്ഷണങ്ങൾ പ്രധാനമാണ്. അതേ വാദങ്ങളെ പില്ക്കാലത്ത് ഡി.വിനയചന്ദ്രനും ഡോ.നെല്ലിക്കൽ മുരളീധരനും പിന്തുടരാൻ ശ്രമിച്ചിരുന്നു.

കുറിപ്പുകൾ

1

പട്ടിക 19

പാശ്ചാത്യ പൗരസ്ത്യ സാഹിത്യസിദ്ധാന്ത പഠനം -പാഠപുസ്തകങ്ങൾ

ക്രമ നമ്പർ	കൃതികളുംഎഴുത്തുകാരും	വർഷം	യൂണിവേഴ്സിറ്റി
1	സാഹിത്യലോചനം - പി.എം. ശങ്കരൻ നമ്പ്യാർ	1937	മദ്രാസ്
2	നാടക പ്രവേശിക - എ.ഡി. ഹരിശർമ	1937	മദ്രാസ്
3	Sanskrit Poetics – S.K. De	1959	കേരള
4	ലീലാതിലകം - എ.ആർ.	1937	മദ്രാസ്
5	ഭാഷാഭൂഷണം - എ.ആർ.	1937	മദ്രാസ്
6	വൃത്ത മഞ്ജരി - എ.ആർ.	1959	കേരള
7	ഈഡിപ്പസ് രാജാവ് - സി.ജെ. തോമസ്	1937	മദ്രാസ്
8	Aristotle's Poetics – Humphry House	2001	കാലിക്കറ്റ്
9	ഭരതമുനിയുടെ നാട്യശാസ്ത്രം- വിവ: കെ.പി. നാരായണ പിഷാരടി	2003	കാലടി
10	രസഭാരതി - വേദബന്ധു	2003	കാലടി
11	ധ്വന്യാലോകം - ഇ. വി. ദാമോദരൻ	2003	കാലടി
12	വക്രോക്തി ജീവിതം - (വിവർത്തനം) കൃഷ്ണമൂർത്തി	2003	കാലടി
13	കാവ്യാലങ്കാരസൂത്രവൃത്തി -ചാത്തനാത്ത് അച്യുതനുണ്ണി	2003	കാലടി
14	കവികണ്ഠാഭരണം - വിവ: ചാത്തനാത്ത് അച്യുതനുണ്ണി	2003	കാലടി
15	വ്യക്തിവിവേകം - (വിവർത്തനം) പി.കെ. സുകുമാരപിള്ള	2003	കാലടി
16	തൊൽക്കാപ്പിയം - വിവ. ഇളയപെരുമാൾ	2003	കാലടി
17	Creative Writer and Daydreaming - Sigmund Freud	2003	കാലടി
18	Archytypes in Literature -Northop Frye	2003	കാലടി
19	Why Write? – Sartre	2003	കാലടി
20	Tradition and Individual Talent -T.S Eliot	2003	കാലടി
21	The Ideology of modernism- George Lucacs	2003	കാലടി
22	Course in General Linguistics- Saussure	2003	കാലടി
23	Death of the Author – Barthes	2003	കാലടി
24	What is an Author? – Foucault	2003	കാലടി
25	From 'The Postmodern Condition' -Leotard	2003	കാലടി

26	Ideology and Ideological State Apparatus - Althuser	2003	കാലടി
27	Art in the Age of Mechanical Reproduction - Walter Benjamin	2003	കാലടി
28	The Politics of Theory – Frederic Jameson	2003	കാലടി
29	Feminist Criticism in the Wilderness - Elain Showalter	2003	കാലടി
30	The Political Shakespeare- Stephan Greenblat	2003	കാലടി
31	Orientalism – Edward Said	2003	കാലടി
32	Grundrisse – Marx	2003	കാലടി
33	Letter to Joseph Bloch – Engels	2003	കാലടി
34	The Birth of Poetry – Cauldwel	2003	കാലടി
35	Realism in Balance – Lukacs	2003	കാലടി
36	The Formation of Intellectuals -Gramsci	2003	കാലടി
37	A letter on Art in reply to Andre Daspre - Althussar	2003	കാലടി
38	Literature – Raymond Williams	2003	കാലടി
39	Literature as Socially Symbolic Act – Jameson	2003	കാലടി
40	രസസിദ്ധാന്തം ഒരു പുനർവിചാരം - ചാത്തനാത്ത് അച്യുതനുണ്ണി	2014	കാലടി
41	രസതന്ത്രം - വി.സി. ശ്രീജൻ	2014	കാലടി
42	താരതമ്യ കാവ്യശാസ്ത്രം - സി. രാജേന്ദ്രൻ	2014	കാലടി
43	ധ്വനിയുടെ വിശേഷങ്ങൾ - അയ്യപ്പപ്പണിക്കർ	2014	കാലടി
44	ചരിത്രപരമായ ധ്വനിദർശനം - ബി. രാജീവൻ	2014	കാലടി
45	അകംകവിതകളുടെ ആമുഖം - എൻ. വി. കൃഷ്ണവാരിയർ	2014	കാലടി
46	കാവ്യപ്രകാശം - മമ്മടൻ	2012	എം.ജി
47	ഔചിത്യവിചാരചർച്ച - ക്ഷേമേന്ദ്രൻ	2012	എം.ജി
48	രസഗംഗാധരം - ജഗന്നാഥ പണ്ഡിതൻ	2012	എം.ജി
49	കാവ്യാലങ്കാരസൂത്രവൃത്തി - വാമനൻ	2012	എം.ജി
50	വക്രോക്തി ജീവിതം - കുന്തകൻ	2012	എം.ജി

2.

പട്ടിക 20

പാശ്ചാത്യ പൗരസ്ത്യ സാഹിത്യസിദ്ധാന്ത പഠനം – സഹായക ഗ്രന്ഥങ്ങൾ

ക്രമ നമ്പർ	കൃതികളുംഎഴുത്തുകാരും	വർഷം	യൂണി വേഴ്സിറ്റി
1.	Aristotle's Poetics – Butcher (Ed)	1959	കേരള
2.	Principles of Criticism – I A Richards	1959	കേരള
3.	Aesthetics – Beneditto Croce	1959	കേരള
4.	History of Criticism – G. Saintsbary	1959	കേരള
5.	The Philosophy of Aesthetic Pleasure - Panchapakesa Sastri	1959	കേരള
6.	Concept of Riti and Guna in Sanskrit poetics - P.C Lahiri	1959	കേരള
7.	Some Aspects of Literacy Criticism in Sanskrit – Dr. A Sankaran	1959	കേരള
8.	What is Art?- Tolstoy	1959	കേരള
9.	നാടകപ്രവേശിക - എ.ഡി. ഹരിശർമ്മ	1959	കേരള
10.	Some Concepts of Alankarasastra - Dr. V Raghavan	1972	കേരള
11.	പൗരസ്ത്യ നാടകദർശനം - മാത്തൻ തരകൻ	1975	കേരള
12.	കാവ്യകലയെപ്പറ്റി - അരിസ്റ്റോട്ടിൽ വിവ: വേദബന്ധു	1976	കേരള
13.	അരിസ്റ്റോട്ടിലിന്റെ കാവ്യശാസ്ത്രം - ഡോ. കെ. രാമൻനായർ	1976	കേരള
14.	പാശ്ചാത്യസാഹിത്യദർശനം - എം. അച്യുതൻ (ബി.എ.)	1976	കേരള
15.	പാശ്ചാത്യ സാഹിത്യതത്വശാസ്ത്രം - കെ.എം. തരകൻ	1977	കേരള
16.	യവനകാവ്യതത്വങ്ങൾ - വേദബന്ധു	1977	കേരള
17.	Sanskrit Poetics – P.V Kane	1977	കേരള
18.	Sanskrit Poetrics - Krishnan Chaitanya	1977	കേരള
19.	ഭരതന്റെ നാട്യശാസ്ത്രം - കെ. പി. നാരായണപിഷാരടി	1976	കേരള
20.	ഭാരതീയ കാവ്യശാസ്ത്രം - ഡോ. ടി ഭാസ്കരൻ	1984	കേരള
21.	ഭാരതീയ കാവ്യശാസ്ത്രസാരം - വേദബന്ധു	1984	കേരള
22.	രസതത്വദർശനം - ഡോ. എൻ. ഗോപാലപ്പണിക്കർ	1984	കേരള
23.	ധ്വന്യാലോകം - ഈ. വി. ദാമോദരൻ	1984	കേരള
24.	കാവ്യദർശനം - പി.സി. വാസുദേവൻ ഇളയത്	1984	കേരള
25.	രസഭാരതി - വേദബന്ധു	1989	കേരള
26.	അഭിനവ ഗുപ്തന്റെ രസസിദ്ധാന്തം - വേദബന്ധു	1989	കേരള

27.	Literary Stylistics – T.Sebeok	1990	കേരള
28.	Structuralism – Terrece Hawk	1990	കേരള
29.	വ്യക്തിവിവേകം - മഹിമഭട്ടൻ വിവ: കെ. സുകുമാരപിള്ള	1993	കേരള
30.	നാട്യമണ്ഡപം- എം. പി. ശങ്കുണ്ണിനായർ	1993	കേരള
31.	കാവ്യഭാഷയിലെ പ്രശ്നങ്ങൾ - Vol I,II ഡോ. ദേശമംഗലം രാമകൃഷ്ണൻ	1993	കേരള
32.	ശൈലീവിജ്ഞാനം\: സമകാലപഠനങ്ങൾ - വള്ളത്തോൾ വിദ്യാപീഠം	1993	കേരള
33.	നാട്യശാസ്ത്രം - ഭരതമുനി	1994	കേരള
34.	ധ്വന്യാലോകം - ആനന്ദവർദ്ധൻ	1994	കേരള
35.	സാഹിത്യദർപ്പണം - വിശ്വനാഥൻ	1994	കേരള
36.	ശൃംഗാരപ്രകാരം - ഭോജൻ	1994	കേരള
37.	രസഗംഗാധരം - ജഗന്നാഥപണ്ഡിതൻ	1994	കേരള
38.	കാവ്യാദർശം - ദണ്ഡി	1994	കേരള
39.	കൈരളീധ്വനി - ഡോ. പി.കെ. നാരായണപിള്ള	1994	കേരള
40.	Literary Theory– An introduction - Terry Eagleton	1994	കേരള
41.	പൗരസ്ത്യ സാഹിത്യദർശനം - ഡോ. എം.എസ്. മേനോൻ	1998	കേരള
42.	പൗരസ്ത്യ സാഹിത്യ മീമാംസ - ഡോ. ടി.ജി. രാമചന്ദ്രൻപിള്ള	1998	കേരള
43.	സാഹിതീസർവ്വസ്വം - വടക്കുംകൂർ രാജരാജവർമ്മ	2003	കേരള
44.	വക്രോക്തി കാവ്യജീവിതം - എൻ. വി. പി. ഉണിത്തിരി	2003	കേരള
45.	ഭാഷാദർപ്പണം - ആറ്റൂർ	2003	കേരള
46.	കൈരളീധ്വനി - ഡോ. പി. കെ. നാരായണപിള്ള	2003	കേരള
47.	രസകൗമുദി - ബി. കെ. കൃഷ്ണൻനായർ	2003	കേരള
48.	അലങ്കാരശാസ്ത്രം മലയാളത്തിൽ - ചാത്തനാത്ത് അച്യുതനുണ്ണി	2003	കേരള
49.	കവിശിക്ഷ - വേദബന്ധു	2003	കേരള
50.	ഭാരതീയ കാവ്യചിന്തകൾ - എം.എസ്. മേനോൻ	2003	കേരള
51.	കാല്പനികത - ഹൃദയകുമാരി	2003	കേരള
52.	കേസരിയുടെ സാഹിത്യവിമർശനങ്ങൾ - എ. ബാലകൃഷ്ണപിള്ള	2003	കേരള
53.	Twentieth Century Criticism- David Lodge	2003	കേരള
54.	Theory of Literature – Rene Wellek And Austin Warren	2003	കേരള
55.	Appreciation of poetry – P Gurry	2003	കേരള
56.	An Introduction to English Literature - R.J Rees	2003	കേരള

57.	Aristotle's Theory of Poetry and fine arts - J.H Butcher	2003	കേരള
58.	Modern Criticism and Theory - David Lodge (Ed.)	2003	കേരള
59.	The theory of criticism – Ramen Seldon (Ed.)	2003	കേരള
60.	Poetry and Politics – Alder Martiner	2003	കേരള
61.	ആദിപ്രരൂപങ്ങൾ സാഹിത്യത്തിൽ - ഡോ.എം. ലീലാവതി	2003	കേരള
62.	ആധുനികാനന്തര സാഹിത്യസമീപനങ്ങൾ - സി. ജെ. ജോർജ്ജ്	2003	കേരള
63.	Archetypal Pattern in Poetry – Maud Bodkin	2003	കേരള
64.	The Literary Criticism – George Watson	2003	കേരള
65.	രസവികല്പവും ഭാവവ്യഞ്ജകവും - ടി. ജി. ശൈലജ	2007	കേരള
66.	വിശ്വസാഹിത്യ ദർശനങ്ങൾ - നെല്ലിക്കൽ മുരളീധരൻ	2007	കേരള
67.	അന്വയം - ആർ വിശ്വനാഥൻ	2007	കേരള
68.	Contemporary Criticism An anthology - V.S Sethuraman (Ed)	2007	കേരള
69.	Semiotics and the philosophy of language – Umberto Eco	2007	കേരള
70.	Literary criticism and theory the Greeks to the present - Robert Con Davis, Laurie Finke	2007	കേരള
71.	Structuralism and Semeiotics - Terence Hawkes	2007	കേരള
72.	ഭാരതീയ കാവ്യശാസ്ത്ര നിഘണ്ടു- ടി ജി. ശൈലജ	2011	കേരള
73.	നോവലും ആഖ്യാനകലയും - ഡോ. എം. വിജയൻപിള്ള	2011	കേരള
74.	Some concepts of Alankarasastra – Dr. V. Raghavan	1992	കാലിക്കറ്റ്
75.	An introduction to Indian Poetics – Dr. V. Raghavan and Dr. Nagendra	1992	കാലിക്കറ്റ്
76.	സാഹിത്യഭ്രഷണം - കുട്ടികൃഷ്ണമാരാര്	1992	കാലിക്കറ്റ്
77.	രീതിദർശനം - ചാത്തനാത്ത് അച്യുതനുണ്ണി	1992	കാലിക്കറ്റ്
78.	Theory of Literature - Rene Wellek and Austin Warren	1992	കാലിക്കറ്റ്
79.	Prineelon Encyclopaedia of Poetry and Poetics (Alex Preminger Ed)	1992	കാലിക്കറ്റ്
80.	ഉദാത്തതാസമീക്ഷ - വിവ. വേദബന്ധു	1992	കാലിക്കറ്റ്
81.	The Republic – Plato (Book II,III,X)	1992	കാലിക്കറ്റ്
82.	Literary Criticism in Antiquity – J.W H Atkins	1992	കാലിക്കറ്റ്
83.	Aristotiles Poetics – Humphry House	1992	കാലിക്കറ്റ്
84.	Science and Poetry – I.A Richards	1992	കാലിക്കറ്റ്
85.	Criticial Idiom series	1992	കാലിക്കറ്റ്
86.	English Literary Criticism; The Medival Phase – J.W. H Atkins	1999	കാലിക്കറ്റ്

87.	English Literary criticism; The Renaissance – J.W.H Atkins	1999	കാലിക്കറ്റ്
88.	English Literary Criticism: 17th and 18th Centuries – J.W.H. Atkins	1999	കാലിക്കറ്റ്
89.	Preface to Lyrical Ballads – Words worth	1999	കാലിക്കറ്റ്
90.	Biographic Literaria – Chapters (IV, XIII, XIV)- Coleridge	1999	കാലിക്കറ്റ്
91.	A Defence of poetry – P.G Ghelly	1999	കാലിക്കറ്റ്
92.	The Mirror and the Lamp – M.H Abrams	1999	കാലിക്കറ്റ്
93.	True voice of feeling – Herbert Read	1999	കാലിക്കറ്റ്
94.	Speculations – T.E Hulme	1999	കാലിക്കറ്റ്
95.	The Romantic imagination – C.M Bowra	1999	കാലിക്കറ്റ്
96.	The study of poetry – Mathew Arnold	1999	കാലിക്കറ്റ്
97.	Function of Criticism at the present time – Mathew Arnold	1999	കാലിക്കറ്റ്
98.	Aestheticism – Critical idiom series	1999	കാലിക്കറ്റ്
99.	Mathew Arnold – Lionel Trilling	1999	കാലിക്കറ്റ്
100.	Tradition and the individual talent – T.S. Eliot	1999	കാലിക്കറ്റ്
101.	Hamlet and his problems – T.S. Eliot	1999	കാലിക്കറ്റ്
102.	The function of criticism – T.S. Eliot	1999	കാലിക്കറ്റ്
103.	Selected Essays – T.S. Eliot	1999	കാലിക്കറ്റ്
104.	The sacred wood – T.S. Eliot	1999	കാലിക്കറ്റ്
105.	T.S. Eliot his mind and Art – A.G. George	1999	കാലിക്കറ്റ്
106.	On poetry and poets – T.S. Eliot	1999	കാലിക്കറ്റ്
107.	Science and poetry – T.S. Eliot	1999	കാലിക്കറ്റ്
108.	Fine approaches of literary criticism- Wilbur Scott (Ed.)	1999	കാലിക്കറ്റ്
109.	Seven Types of Ambiguity – W. Empson	1999	കാലിക്കറ്റ്
110.	The new criticism – J.W Ranson	1999	കാലിക്കറ്റ്
111.	The verbal icon – Wimsatt Jr	1999	കാലിക്കറ്റ്
112.	Illusion and reality – Christopher Caudwell	1999	കാലിക്കറ്റ്
113.	The Common Pursuit – F.R. Leavis	1999	കാലിക്കറ്റ്
114.	Culture and Society – Raymond Williams	1999	കാലിക്കറ്റ്
115.	Essays in Applied Psycho – Analysis Vol II – Ernest Jones	1999	കാലിക്കറ്റ്
116.	On creativity and the unconscious - Sigmond Freud	1999	കാലിക്കറ്റ്
117.	The Savage Mind – ClaudLevi Strauss	1999	കാലിക്കറ്റ്

118.	Styles of Radival Will -Gusan Sontag	1999	കാലിക്കറ്റ്
119.	Anatomy of Criticism – Northrop frye	1999	കാലിക്കറ്റ്
120.	Stracturalism and deconstruction - S. Ravindran	1999	കാലിക്കറ്റ്
121.	Structuralist Poetics - Jonathan Culler	1999	കാലിക്കറ്റ്
122.	On deconstruction - Jonathan Culler	1999	കാലിക്കറ്റ്
123.	Feminist Literary Criticism – Josephine Donevan	1999	കാലിക്കറ്റ്
124.	ശൈലീവിജ്ഞാനം സമകാലപഠനങ്ങൾ - ചാത്തനാത്ത് അച്യുതനുണ്ണി, രാഘവവാര്യർ (എഡി.)	1999	കാലിക്കറ്റ്
125.	സ്ത്രീ പഠനങ്ങൾ - സച്ചിദാനന്ദൻ	1999	കാലിക്കറ്റ്
126.	ഫെമിനിസ്റ്റ് സൗന്ദര്യശാസ്ത്രം- ഗിസെലാ എക്കർ	1999	കാലിക്കറ്റ്
127.	കവിയുടെ കലാതന്ത്രം - ദേശമംഗലം രാമകൃഷ്ണൻ	1999	കാലിക്കറ്റ്
128.	സാഹിത്യലോകം - സ്ത്രീവാദപ്പതിപ്പ്	1999	കാലിക്കറ്റ്
129.	സാഹിത്യലോകം - പരിസ്ഥിതിപ്പതിപ്പ്	1999	കാലിക്കറ്റ്
130.	കാവ്യമീമാംസ - പൗരസ്ത്യവും പാശ്ചാത്യവും - എൻ ആർ. ഗോപിനാഥപിള്ള	2001	കാലിക്കറ്റ്
131.	Greek Tragedy – H.D.F. Kitto	2001	കാലിക്കറ്റ്
132.	Tragedy – F.L. Lucas	2001	കാലിക്കറ്റ്
133.	Aristotle's Poetics – Humphoy House	2001	കാലിക്കറ്റ്
134.	Shakesperian tragedy – A.C. Bradley	2001	കാലിക്കറ്റ്
135.	Sanskrit Drama – A.B Keith	2001	കാലിക്കറ്റ്
136.	Studies in Sanskrit Dramatic Criticism - T.G Mainkar	2001	കാലിക്കറ്റ്
137.	Indian Kavya Literature – Vol.I- A.K Warder	2001	കാലിക്കറ്റ്
138.	നാടകദർശനം - ജി. ശങ്കരപ്പിള്ള	2001	കാലിക്കറ്റ്
139.	Untying the text: A post structuralist Reader – Robert Young (Ed)	2001	കാലിക്കറ്റ്
140.	ഉത്തരാധുനികതയും മറ്റും - കെ.എം. തരകൻ	2001	കാലിക്കറ്റ്
141.	ഉത്തരാധുനികത—വർത്തമാനവും വംശാവലിയും - കെ. പി. അപ്പൻ	2001	കാലിക്കറ്റ്
142.	ആധുനികോത്തരത: വിശകലനവും വിമർശനവും - വി.സി. ശ്രീജൻ	2001	കാലിക്കറ്റ്
143.	ഉത്തരാധുനികത - സി. ബി. സുധാകരൻ	2001	കാലിക്കറ്റ്
144.	ആധുനികാനന്തരം: വിചാരം, വായന - പി.പി. രവീന്ദ്രൻ	2001	കാലിക്കറ്റ്
145.	സൗന്ദര്യശാസ്ത്രം - സി. രാജേന്ദ്രൻ	2001	കാലിക്കറ്റ്

146.	പാഠവും പൊരുളും - സി. രാജേന്ദ്രൻ	2001	കാലിക്കറ്റ്
147.	സാഹിത്യമീമാംസ താരതമ്യപരിപ്രേക്ഷ്യം - ചാത്തനാത്ത് അച്യുതനുണ്ണി	2001	കാലിക്കറ്റ്
148.	നവമനോവിശ്ലേഷണം - ടി. ശ്രീപത്മൻ	2001	കാലിക്കറ്റ്
149.	വിമർശനാത്മക സിദ്ധാന്തം - വി.സി. ശ്രീജൻ	2001	കാലിക്കറ്റ്
150.	ആധുനിക മലയാള കവിതയിലെ സ്ത്രീപക്ഷ സമീപനങ്ങൾ - പി. ഗീത	2004	കാലിക്കറ്റ്
151.	A Glossary of literary Terms (sixth edition) - A Prism Indian Edition	2004	കാലിക്കറ്റ്
152.	കാവ്യചിന്ത - ചാത്തനാത്ത് അച്യുതനുണ്ണി	2010	കാലിക്കറ്റ്
153.	ഇന്ത്യൻ സാഹിത്യസിദ്ധാന്തം പ്രസക്തിയും സാദ്ധ്യതയും -ഡോ. കെ. അയ്യപ്പപ്പണിക്കർ	2010	കാലിക്കറ്റ്
154.	കാവേറ്റം- നാടൻ കലാപഠനങ്ങൾ ഡോ. സി.ആർ. രാജഗോപാലൻ	2010	കാലിക്കറ്റ്
155.	ദൈവത്തായ് - വിജയകുമാർ മേനോൻ	2010	കാലിക്കറ്റ്
156.	ഗോത്ര കലാവടിവുകൾ - ഡോ. സി.ആർ. രാജഗോപാലൻ	2010	കാലിക്കറ്റ്
157.	കലയും വിദ്യയും കാഴ്ചപ്പാടിലൂടെ - വി.എം. കുട്ടികൃഷ്ണമേനോൻ	2010	കാലിക്കറ്റ്
158.	സാഹിത്യലോകം (നാട്ടുസൗന്ദര്യവഴി - പ്രത്യേകപതിപ്പ്, 2004 ജനുവരി, ഫെബ്രുവരി)	2010	കാലിക്കറ്റ്
159.	അന്തസന്നിവേശം -കെ. അയ്യപ്പപ്പണിക്കർ	2016	കേരള
160.	സംസ്കൃതത്തിലെ സാഹിത്യതത്ത്വചിന്ത 1,2- കൃഷ്ണചൈതന്യ	2016	കേരള
161.	സാഹിത്യദർശനങ്ങൾ - എം. തോമസ് മാത്യു	2016	കേരള
162.	സംസ്കൃത സാഹിത്യ വിമർശനം - ഡോ. എൻ. വി പി.ഉണിത്തിരി	2014	കേരള
163.	Indian Kavya Literature – A. K. Warder	2014	കേരള
164.	Indian poetics – T.N Srikantaiyya	2014	കേരള
165.	ഔചിത്യവിചാരം ചർച്ച - ക്ഷേമേന്ദ്രൻ	2014	കേരള
166.	നാടകീയാനുഭവം എന്ന രസം - എം. പി. ശങ്കുണ്ണിനായർ	2014	കേരള
167.	അലങ്കാര സംക്ഷേപം - എസ്. നാരായണൻ	2014	കേരള
168.	വക്രോക്തി ജീവിതം - രാജാനക കുന്തകൻ വിവ: ചാത്തനാത്ത് അച്യുതനുണ്ണി	2014	കേരള
169.	ജരാർദിന്റെ അലങ്കാരശാസ്ത്രം - ഒരു പഠനം സാമുവൽ ചന്ദനപ്പള്ളി	2014	കേരള
170.	പൊരുളതികാരം, തൊൽക്കാപ്പിയം - വിവ: ഇളയപെരുമാൾ, സുബ്രഹ്മണ്യപിള്ളൈ	2014	കേരള

171.	Poems of Ancient Tamil – George Hart	2014	കേരള
172.	A History of Tamil Literature - Meenakshi Sundaram	2014	കേരള
173.	The interior Landscape – A.K Ramanujan	2014	കേരള
174.	എം. പി. പോളിന്റെ സമ്പൂർണ്ണ കൃതികൾ - ഡോ. കെ.വി. തോമസ് (എഡിറ്റർ)	2014	കേരള
175.	സാഹിത്യസംജ്ഞാകോശം - എം. ജി.കെ. നായർ	2014	കേരള
176.	Dictionary of Literary Terms and Literary theory – J.A Cuddon	2014	കാലിക്കറ്റ്
177.	Literary Modernism – Irving Howe	2014	കാലിക്കറ്റ്
178.	Literary Theory and criticism- Patricia Waugh	2014	കാലിക്കറ്റ്
179.	Modern criticism and Theory – David Lodge	2014	കാലിക്കറ്റ്
180.	കവിതയ്ക്കൊരുസാധുകരണം- സർ. ഫിലിപ് സിഡ്നി, വിവ. കെ.എൻ. എഴുത്തച്ഛൻ	2014	കാലിക്കറ്റ്
181.	The Selected Poetry & Prose of Percy Bysshe Shelley – Shelly	2014	കാലിക്കറ്റ്
182.	എന്താണ് കല - ലിയോ ടോൾസ്റ്റോയി വിവ. കെടാകുളം കരുണാകരൻ	2014	കാലിക്കറ്റ്
183.	ദേവസ്പന്ദനം - എം. വി. ദേവൻ	2014	കാലിക്കറ്റ്
184.	Practical criticism – I.A. Richards	2014	കാലിക്കറ്റ്
185.	On Literature and Art – Marx and Engels	2014	കാലിക്കറ്റ്
186.	വാക്കും മനസ്സും - എം. എൻ. വിജയൻ	2014	കാലിക്കറ്റ്
187.	വിമർശനം : സിദ്ധാന്തവും പ്രയോഗവും പ്രൊഫസർ കെ. എം. ഡാനിയൽ	2014	കാലിക്കറ്റ്
188.	Introduction to stylistics–Theory and practice – Parthasarathi Misra	2014	കാലിക്കറ്റ്
189.	മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ ശബ്ദം - എം. തോമസ് മാത്യു	2014	കാലിക്കറ്റ്
190.	വായനയുടെ ഉപനിഷത്ത് - ബാലചന്ദ്രൻ വടക്കേടത്ത്	2014	കാലിക്കറ്റ്
191.	തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ - ഇ.എം. എസ്	2014	കാലിക്കറ്റ്
192.	സ്ത്രീവാദം - ജെ. ദേവിക	2014	കാലിക്കറ്റ്
193.	സ്വന്തമായൊരു മുറി - വിർജിനിയ വുൾഫ്	2014	കാലിക്കറ്റ്
194.	വിമർശനാത്മക സിദ്ധാന്തം - വി.സി. ശ്രീജൻ	2014	കാലിക്കറ്റ്
195.	സൊസ്യൂർ - ഘടനാവാദത്തിന്റെ ആചാര്യൻ - സി. രാജേന്ദ്രൻ	2014	കാലിക്കറ്റ്
196.	നോം ചോംസ്കി - വേണു ഗോപാലപ്പണിക്കർ	2014	കാലിക്കറ്റ്
197.	നവ മാർക്സിസ്റ്റ് സാമൂഹ്യവിമർശം - ടി.വി മധു	2014	കാലിക്കറ്റ്

198.	സംസ്കാരത്തിന്റെ രാഷ്ട്രീയം - സച്ചിദാനന്ദൻ	2014	കാലിക്കറ്റ്
199.	സ്വദേശാഭിമാനിയുടെ ഗ്രന്ഥനിരൂപണങ്ങൾ സാഹിത്യലേഖനങ്ങൾ - സ്വദേശാഭിമാനി	2014	കാലിക്കറ്റ്
200.	സി.പി. അച്യുതമേനോന്റെ നിരൂപണങ്ങൾ - സമ്പാ: ടി.ടി. പ്രഭാകരൻ	2014	കാലിക്കറ്റ്
201.	Literary cultures in History-Re costruction from south Asia Sheldon Pollock	2014	കാലിക്കറ്റ്
202.	ഇ.എം.എസും മലയാളസാഹിത്യവും - പി. ഗോവിന്ദപ്പിള്ള	2014	കാലിക്കറ്റ്
203.	പുരോഗമന സാഹിത്യപ്രസ്ഥാനം—നിഴലും വെളിച്ചവും - പി. കെ. ഗോപാലകൃഷ്ണൻ	2014	കാലിക്കറ്റ്
204.	മാർക്സിസ്റ്റ് സൗന്ദര്യശാസ്ത്രം - ഉദ്ഭവവും വളർച്ചയും - പി. ഗോവിന്ദപ്പിള്ള	2014	കാലിക്കറ്റ്
205.	Lenin on Literature and Art	2014	കാലിക്കറ്റ്
206.	The Marxist Theory of Art - D. Laing	2014	കാലിക്കറ്റ്
207.	ആധുനികോത്തരതയുടെ കേരളീയപരിസരം - പി.കെ. പോക്കർ	2014	കാലിക്കറ്റ്
208.	Art and Literature – Sigmund freud	2014	കാലിക്കറ്റ്
209.	Feminist Literary Studies – An Introduction – K.K. Ruthven	2014	കാലിക്കറ്റ്
210.	ഫെമിനിസം (രണ്ടു ഭാഗം) - ഡോ. ജാൻസിജെയിംസ്	2014	കാലിക്കറ്റ്
211.	സ്ത്രീവിമോചനം - ചരിത്രം, സിദ്ധാന്തം, സമീപനം - എ.കെ. രാമകൃഷ്ണൻ, കെ.എം. വേണുഗോപാലൻ	2014	കാലിക്കറ്റ്
212.	കണ്ണാടികൾ ഉടയ്ക്കുന്നതെന്തിന് - ഗീത	2014	കാലിക്കറ്റ്
213.	Colonialism, Culture and Resistance - K.N. Panicker	2014	കാലിക്കറ്റ്
214.	നവചരിത്രവാദം - ദിലീപ്രാജ്	2014	കാലിക്കറ്റ്
215.	കാവ്യപീഠിക - മുണ്ടശ്ശേരി	2003	കാലടി
216.	സാഹിത്യ ശബ്ദാകരം- നെല്ലിക്കൽ മുരളീധരൻ	2003	കാലടി
217.	കഥയും പരിസ്ഥിതിയും - ജി. മധുസൂദനൻ	2003	കാലടി
218.	അക്ഷരവും ആധുനികതയും- ഇ.വി. രാമകൃഷ്ണൻ	2003	കാലടി
219.	അർത്ഥാന്തരന്യാസം - ശ്രീജൻ	2003	കാലടി
220.	നവസിദ്ധാന്തങ്ങൾ - പരമ്പര	2003	കാലടി
221.	അഭിനവ പ്രതിഭ - വേദബന്ധു	2003	കാലടി
222.	പ്രഭാഷണാവലി - മുണ്ടശ്ശേരി	2003	കാലടി
223.	അലങ്കാരശാസ്ത്ര ശബ്ദാവലി - ദിലീപ്കുമാർ കെ.വി	2003	കാലടി

224.	A transcultural Approach to Sanskrit Poetics – C.Rajendran	2003	കാലടി
225.	East west Poetics – Sahitya Academy	2003	കാലടി
226.	ചിന്തയിലെ രൂപകങ്ങൾ - വി.സി. ശ്രീജൻ	2003	കാലടി
227.	വാക്കും വാക്കും - വി.സി. ശ്രീജൻ	2003	കാലടി
228.	ചരിത്രത്തിന്റെ സാന്ത്വനം - എ.ടി. മോഹൻരാജ്	2003	കാലടി
229.	കഥകാലംപോലെ - എൻ. ശശിധരൻ	2003	കാലടി
230.	നിരൂപണത്തിന്റെ സമകാലിക വ്യത്യസ്ത മുഖങ്ങൾ - പി.കെ. പരമേശ്വരൻ നായർ ട്രസ്റ്റ്	2003	കാലടി
231.	ആധുനികോത്തര സാഹിത്യം 1,2 സാഹിത്യലോകം - വിശേഷാൽപ്രതി	2003	കാലടി
232.	കലാസാഹിത്യ നിരൂപണപ്പതിപ്പ് - പുരോഗമന കലാ സാഹിത്യസംഘം	2003	കാലടി
233.	ഇടപെടലുകൾ - പി.പി. രവീന്ദ്രൻ	2003	കാലടി
234.	ഫെമിനിസ്റ്റ് സൗന്ദര്യശാസ്ത്രം - വിവ. ഗോപിനാഥൻ, ജാനകി	2003	കാലടി
235.	സ്ത്രീവാദ സാഹിത്യപതിപ്പ് - സാഹിത്യലോകം	2003	കാലടി
236.	മാർക്സിയൻ സൗന്ദര്യശാസ്ത്രം: ഒരു മുഖവുര - സച്ചിദാനന്ദൻ	2003	കാലടി
237.	കലാവിമർശനം: മാർക്സിസ്റ്റ് മാനദണ്ഡം - രവീന്ദ്രൻ	2003	കാലടി
238.	Marxism and Literacy Criticism - Terry Eagleton	2003	കാലടി
239.	Marxist Literary and Cultural Theories Hasbett, Moyra	2003	കാലടി
240.	A dictionary of Marxist Thought - Bottomore, Tom (et.al.)	2003	കാലടി
241.	Marxist on Literature: An Anthology - Craig David	2003	കാലടി
242.	The Norton Anthology of Theory and Criticism- Leitch, Vincent (Ed)	2003	കാലടി
243.	ഭാരതീയ സാഹിത്യസിദ്ധാന്തങ്ങൾ നെല്ലിക്കൽ മുരളീധരൻ	2014	കാലടി
244.	തിണസിദ്ധാന്തം; ചരിത്രവും വർത്തമാനവും - ഡോ. ശ്രീധരൻ അഞ്ചുമൂർത്തി	2014	കാലടി
245.	മലയാളവിമർശം—സമകാലിക പദ്ധതികൾ - മലയാളം റിസേർച്ച് ജേണൽ	2014	കാലടി
246.	നിശ്ശബ്ദവസന്തം - റേച്ചൽ കാഴ്സൻ	2014	കാലടി
247.	ആഖ്യാന വിജ്ഞാനം - സി. രാധാകൃഷ്ണൻ നായർ	2014	കാലടി
248.	അറബിസാഹിത്യം - പ്രൊഫ. വി. മുഹമ്മദാലി	2014	കാലടി
249.	പരിസ്ഥിതികവിതയ്ക്കൊരാമുഖം - പി.പി. കെ. പൊതുവാൾ	2014	കാലടി
250.	ഹരിതനിരൂപണം മലയാളത്തിൽ - ജി. മധുസൂദനൻ	2014	കാലടി

251.	സാഹിത്യനിരൂപണത്തിലെ ദിശാബോധം - എം. ലീലാവതി	2014	കാലടി
252.	A study of stylistics in Sanskrit Poetics– Special Reference to Kuntaka - T. Vasudevan	2014	കാലടി
253.	നവീനചരിത്രകല -കേസരിബാലകൃഷ്ണ പിള്ള	2014	കാലടി
254.	ആധുനിക കലാദർശനം - വിജയകുമാർ മേനോൻ	2014	കാലടി
255.	ആധുനിക കലയുടെ ലാവണ്യതലങ്ങൾ - വിജയകുമാർ മേനോൻ	2014	കാലടി
256.	എം.എൻ. വിജയന്റെ സമ്പൂർണകൃതികൾ വാല്യം 5- (എ.ഡി) എൻ. പ്രഭാകരൻ	2014	കാലടി
257.	ദറീദ - പി.കെ. പോക്കർ	2014	കാലടി
258.	ഫൂക്കോ - പി.പി. രവീന്ദ്രൻ	2014	കാലടി
259.	ഗ്രാംഷിയൻ വിചാരവിപ്ലവം - ഇ.എം.എസ്., പി. ഗോവിന്ദപ്പിള്ള	2014	കാലടി
260.	Romanticism: An introduction - Nicholas Roe	2014	കാലടി
261.	After Amnesia – G.N. Devi	2014	കാലടി
262.	Myth, Literature and the African World - Wole Soyinka	2014	കാലടി
263.	The philosophical Poetics of Alfarabi, Avicenna and Averroes – Salim Kemal	2014	കാലടി
264.	On Literature – Lu Ehi (Anthology of Chinese Literature – from early Times to the Fourteenth Centuary- Carl Birch (Ed))	2014	കാലടി
265.	The Continental Aesthetic Reader - Clive Cazeaux	2014	കാലടി
266.	The cultural studies Reader - Simon During (Ed)	2014	കാലടി
267.	Post Colonialism Reader – Padmini Mongia	2014	കാലടി
268.	Beginning Postcolonialism – David Mcleod	2014	കാലടി
269.	The Practice of Cultural Studies - Richard Johnson	2014	കാലടി
270.	Psycho Analytical Criticism - Elizabeth Wright	2014	കാലടി
271.	The new Feminist Criticism - Elaine Showalter	2014	കാലടി
272.	Eco Criticism – Greg Garrad	2014	കാലടി
273.	The Postmodern – Simon Malpas	2014	കാലടി
274.	Intertextuality – Joe Moran	2014	കാലടി
275.	Interdisciplinarity – Joe Moran	2014	കാലടി
276.	തമിഴ് സാഹിത്യചരിത്രം - ടി.പി. മീനാക്ഷിസുന്ദരൻ	2014	കാലടി
277.	ജനനിബിഡമായ ദന്തഗോപുരം - ബി. രാജീവൻ	2014	കാലടി

278.	തിണ സിദ്ധാന്തം: ചരിത്രവും വർത്തമാനവും - ഡോ. ശ്രീധരൻ അഞ്ചുമൂർത്തി	2014	കാലടി
279.	Sanskrit Poetics – V.K. Chari	2014	കാലടി
280.	East West Poetics at work – C.D. Narasimhaiah	2014	കാലടി
281.	Frederic Jameson – Adam Roberts	2014	കാലടി
282.	Literary Theory – A beginners Guide clare Connors	2014	കാലടി
283.	Literary Theory – The Basic 2007 - Hans Bretons	2014	കാലടി
284.	Colonialism, Modernity, Literature – A View from India- Satya P Monhanty	2014	കാലടി
285.	രൂപമഞ്ജരി - എ. ബാലകൃഷ്ണ പിള്ള	1988	എം.ജി
286.	കലാദർശനം - കെ.എം. ഡാനിയൽ	1988	എം.ജി
287.	കാവ്യാലങ്കാരസൂത്രവൃത്തി - വ്യാഖ്യാതാവ് കെ. വി. ജോസഫ് & സി.ജെ. മണ്ണൂട്	1988	എം.ജി
288.	സൗന്ദര്യനിരീക്ഷണം - എം. പി പോൾ	1988	എം.ജി
289.	A history of Malayalam Metres - N.V. Krishna Variar	1988	എം.ജി
290.	ഭാഷാവൃത്തദീപിക - പി. കുഞ്ഞിക്കൃഷ്ണമേനോൻ	1988	എം.ജി
291.	പാശ്ചാത്യ സാഹിത്യസമീക്ഷ - മുണ്ടശ്ശേരി	1988	എം.ജി
292.	ആദികവിയുടെ ശില്പശാല - കൊടുപ്പുന്ന	1988	എം.ജി
293.	പൗരസ്ത്യസാഹിത്യദർശനം - മാത്തൻ തരകൻ	1988	എം.ജി
294.	സാഹിത്യപീഠിക - മാത്യു ഉലകംതറ	1988	എം.ജി
295.	ഔചിത്യവിചാര ചർച്ച - ഡോ. ടി ഭാസ്കരൻ	1988	എം.ജി
296.	എലിയറ്റ്- കവിയും മനുഷ്യനും- ടി.എം. ദേവസ്യ	1988	എം.ജി
297.	സൗന്ദര്യനിരീക്ഷണം- എം. പി. പോൾ	1988	എം.ജി
298.	സാഹിത്യചിന്തകൾ - ചങ്ങമ്പുഴ	1988	എം.ജി
299.	സാഹിത്യദീപിക - കെ. എസ്. എഴുത്തച്ഛൻ	1988	എം.ജി
300.	സാഹിത്യകൗസ്തുഭം - വടക്കുംകൂർ	1988	എം.ജി
301.	കലാതത്വവിചാരം - കെ. മാനൻഗ്രന്ഥങ്ങൾ	1988	എം.ജി
302.	സാഹിത്യകാരനും അയാളുടെ കലാസൃഷ്ടിയും - എഹ്രൻ ബർഗ്	1988	എം.ജി
303.	വിമർശനവും ആസ്വാദനവും - ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടിനായർ	1988	എം.ജി
304.	Black Literature and Literary theory - Hentry Lewis Gater Jr. (Ed)	1994	എം.ജി
305.	The Theory of African Literature Chedi Amuta	1994	എം.ജി

306.	കല ജീവിതം തന്നെ - കുട്ടികൃഷ്ണമാരാര്	1995	എം.ജി
307.	നവസാഹിത്യസിദ്ധാന്തങ്ങൾ -പി. വിജയൻ	2012	എം.ജി
308.	നിയോക്ലാസിസം - പന്മനരാമചന്ദ്രൻ നായർ	2012	എം.ജി
309.	പാശ്ചാത്യ സാഹിത്യസിദ്ധാന്തം വാല്യം 1- എസ്. നൗഷാദ് & ഡി. വി. അനിൽകുമാർ	2016	എം.ജി
310.	മലയാളവിമർശനം—സമകാലിക പദ്ധതികൾ - ഷാജിജേക്കബ് (എഡിറ്റർ) മലയാളം റിസേർച്ച് ജേണൽ 2010	2016	എം.ജി
311.	സൊസൂറിന്റെ ഇന്ത്യൻ വേരുകൾ: ഭാഷാലോകം - ടി.ബി. വേണുഗോപാലപ്പണിക്കർ	2016	എം.ജി
312.	സ്ത്രീ, സ്ത്രീവാദം, സ്ത്രീവിമോചനം - കെ ശാരദാമണി	2016	എം.ജി
313.	ജയിൽ കുറിപ്പുകൾ - ചരിത്രം, സമൂഹം, ദർശനം, അന്റോണിയോ ഗ്രാംഷി. വിവ. കാർത്തികേയൻ നായർ	2016	എം.ജി
314.	നവ മാർക്സിസ്റ്റ് സാമൂഹ്യവിമർശം - ടി. വി മധു	2016	എം.ജി
315.	സംസ്കാരപഠനം - ചരിത്രം, സിദ്ധാന്തം പ്രയോഗം - മലയാള പഠനസംഘം	2016	എം.ജി
316.	ഭാരതീയ സാഹിത്യശാസ്ത്രപഠനങ്ങൾ - പ്രൊഫ. പ്രയാർ പ്രഭാകരൻ	2001	കണ്ണൂർ
317.	നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം (വാള്യം 2) - എം.എൻ വിജയൻ (എഡിറ്റർ)	2001	കണ്ണൂർ
318.	ഭാവുകത്വം 21-ാം നൂറ്റാണ്ടിൽ - ജി. മധുസൂദനൻ	2014	കണ്ണൂർ
319.	പുതിയകൃതി പഴയ പൊരുൾ - ദേശമംഗലം രാമകൃഷ്ണൻ	2016	മലയാളം
320.	Some Aspects of Literary Criticism in Sanskrit or the Theories of Rasa and Dwani – Sankaran Munshiram	2016	മലയാളം

അദ്ധ്യായം - 7

ആധുനിക, സമകാലിക സാഹിത്യപഠനം

ഗദ്യസാഹിത്യത്തിലെയും പദ്യസാഹിത്യത്തിലെയും ആധുനികവും സമകാലികവുമായ പാഠ്യപദ്ധതിയാണ് ഈ അധ്യായത്തിൽ വിശകലനം ചെയ്യുന്നത്.

7.1. പദ്യസാഹിത്യപഠനം

7.1.1. കേരള സർവ്വകലാശാല

ആധുനികസാഹിത്യം- പദ്യം എന്ന പേപ്പർ ആവിഷ്കരിക്കപ്പെടുന്ന 1977-ലെ പാഠ്യ പദ്ധതിയുടെ എ വിഭാഗത്തിൽ നിയോക്ലാസിക് പ്രവണതകൾ, വെണ്മണിപ്രസ്ഥാനം, കവിതയിലെ നവോത്ഥാനം, ആധുനികകവിത എന്നിങ്ങനെ നാലു വിഭാഗങ്ങളാണുള്ളത്. ഒന്നാം ഭാഗത്ത് മഹാകാവ്യപ്രസ്ഥാനം- പ്രത്യേകതകൾ, ഖണ്ഡകാവ്യം എന്നിവയും രണ്ടാം ഭാഗത്ത് കൊടുങ്ങല്ലൂർക്കളരി, പച്ചമലയാളം, കത്തുകൾ, വാർത്ത, നിവേദനം എന്നിവയും മൂന്നാം ഭാഗത്ത് പ്രാസവാദം, കാല്പനിക പ്രവണതകൾ, വി.സി. ബാലകൃഷ്ണപണിക്കർ -ആശാൻ- ഉള്ളൂർ -വള്ളത്തോൾ, കാല്പനികതയുടെ വികാസം - ദ്വിതീയഘട്ടം, ജി. ശങ്കരക്കുറുപ്പ്-ചങ്ങമ്പുഴ - വൈലോപ്പിള്ളി - ഇതരകവികൾ മുതലായവയും നാലാംഭാഗത്ത് കാല്പനികതയിൽ നിന്നുള്ള വ്യതിയാനം – കാവ്യദർശനത്തിലും ജീവിതവീക്ഷണത്തിലും വന്ന മാറ്റം, അതിന്റെ ഹേതുക്കൾ, രൂപസംബന്ധിയായ പരിവർത്തനം, വൃത്തശൈഥില്യം, കവിതയിലെ ദുർഗ്രഹത എന്നിവയുമാണ് പാഠ്യവസ്തുക്കൾ. ഈ ഭാഗങ്ങളുടെ ദൃഷ്ടാന്തങ്ങളെന്ന നിലയിൽ പന്ത്രണ്ട് രചനകൾ പാഠപുസ്തകമായും നിർദ്ദേശിച്ചിരിക്കുന്നു (പട്ടിക, 21: 1-11). 2003 വരെ പാഠ്യപദ്ധതിയിൽ മാറ്റങ്ങളില്ല. ഓരോ വർഷവും പ്രധാന കവികളുടെ കൃതികൾ മാറ്റി നല്കാറുണ്ട്. 1984-ൽ റഫറൻസ് പുസ്തകങ്ങൾ നല്കാൻ തുടങ്ങുന്നുവെന്നതാണ് പ്രധാന പരിഷ്കരണം (പട്ടിക, 22: 1-16).

സമകാലിക സാഹിത്യം - കവിതയും നിരൂപണവും എന്ന പേപ്പർ കവിത, നിരൂപണം എന്നിങ്ങനെ രണ്ടു ഭാഗങ്ങളായി ക്രമീകരിച്ചിരിക്കുന്നു. ഒന്നാം ഭാഗത്ത് 2 കാവ്യസമാഹാരം (ഇവനെക്കൂടി- സച്ചിദാനന്ദൻ, കവിത - കടമ്മനിട്ട), 12 ഒറ്റക്കവിതകൾ എന്നിവയും രണ്ടാം ഭാഗത്ത് രണ്ട് കൃതികൾ (തിരസ്കാരം - കെ.പി അപ്പൻ, ചിതയിലെ വെളിച്ചം- എം.എ.ൻ വിജയൻ), 11 ഒറ്റയൊറ്റ നിരൂപണങ്ങൾ എന്നിവയും 17 സഹായകഗ്രന്ഥങ്ങളും

ആണ് ഉള്ളത്. അറുപതുകളുടെ തുടക്കം മലയാളസാഹിത്യത്തിലുണ്ടാക്കിയ മാറ്റത്തെ (പരുക്കൻ ഭാഷ, വിഭ്രമിപ്പിക്കുന്ന ആവിഷ്കാരശൈലി, അപരിചിത കാവ്യബിംബങ്ങളുടെ സന്നിവേശം) സംബന്ധിച്ച് ഉൾക്കാഴ്ചയുണ്ടാക്കൽ പഠനലക്ഷ്യമായി നിശ്ചയിച്ച പാഠ്യപദ്ധതിയാണിത്. കവിതയിലെ ആധുനികത, പാരമ്പര്യവും നവീനതയും, രൂപഭാവങ്ങളിലെ പരിണാമം, പൊതുസ്വഭാവം, ഭാഷാപ്രയോഗം എന്നിവ ആദ്യഭാഗത്തെ പാഠ്യവസ്തുക്കളാണ്. വായന - വ്യാഖ്യാനം- എഴുത്തുകാരന്റെ മരണം, ആഖ്യാനശാസ്ത്രം, മനസ് - തത്വവ്യാഖ്യാനം, ആദിരൂപവിമർശനം, ശൈലീനിഷ്ഠവിമർശനം, പുതിയ സമീപനം, കഥാകാവ്യങ്ങളെ അടുത്തുകാണാൻ സഹായിക്കുന്നുണ്ടോ എന്ന അന്വേഷണം, വിമർശനത്തിന്റെ ബലവും ബലക്ഷയവും എന്നിവ രണ്ടാം ഭാഗത്തും നല്കിയിരിക്കുന്നു.

കാവ്യാസ്വാദനങ്ങളിലെ ഭാവുകത്വപരിണാമങ്ങളെ പാഠ്യപദ്ധതി ഉൾക്കൊള്ളുന്ന സമയമാണിത്. നവീനവിമർശനങ്ങളുടെയും സിദ്ധാന്തങ്ങളുടെയും ഭ്രമികയിലേക്ക് പാഠ്യപദ്ധതി നീങ്ങുന്നു. സമകാലിക സാഹിത്യം എന്നു വിളിക്കുമ്പോഴും ഊന്നൽ അറുപതുകൾക്കാണ്. സമകാലികതയ്ക്കു പോലും അരനൂറ്റാണ്ടിലധികം പഴക്കമുണ്ടെന്നർത്ഥം. ഈ പേപ്പർ ആദ്യമായി ഉദ്ദേശ്യാധിഷ്ഠിതമാവുന്നുവെന്ന സവിശേഷതയ്ക്കൊപ്പം പാഠ്യവസ്തുക്കളെ പ്രശ്നാധിഷ്ഠിതമാക്കുക അഥവാ സംവാദാത്മകമാക്കുകയെന്ന ചിന്തയുടെ പ്രതിഫലനവും പുരോഗമനപരമാണ്. ഉദാ: 'പുതിയ സമീപനങ്ങൾ - കവിതകളെ, കഥകളെ കൂടുതൽ ആഴത്തിൽ, കൂടുതൽ അടുത്തു കാണാൻ സഹായിക്കുന്നുണ്ടോ? എന്ന പരാമർശം.

വിനയചന്ദ്രൻ, എ. അയ്യപ്പൻ, ബാലചന്ദ്രൻ ചുള്ളിക്കാട്, വിജയലക്ഷ്മി തുടങ്ങിയവർക്ക് ആദ്യമായി പാഠ്യപദ്ധതിയിലിടം നേടാൻ പാഠ്യപദ്ധതി മാറ്റവും പുതിയ പേപ്പറിന്റെ ആവിഷ്കരണവും സഹായിച്ചു. മലയാള കവിതയിലെ അറുപതുകൾക്കവസാനം മുതൽ പ്രത്യക്ഷമായ ആധുനികതയെ പ്രതിനിധീകരിക്കുന്ന കുരുക്ഷേത്രമടക്കമുള്ള കവിതകൾ പാഠ്യപദ്ധതിയിലിടം നേടുന്നത് ഈ വർഷമാണ്.

ആധുനിക സാഹിത്യം - പദ്യം (2003) നവക്ലാസിസം, കാല്പനികത 1, 2, 3, 4 ഘട്ടങ്ങൾ, കാല്പനികതയും പ്രതികാല്പനികതയും എന്നിങ്ങനെ ആറു ഭാഗങ്ങളായി തിരിച്ച് പരിഷ്കരിച്ചിരിക്കുന്നു. നാല് ഖണ്ഡകാവ്യങ്ങളടക്കം 29 രചനകൾ പാഠപുസ്തകങ്ങളായി നിർദ്ദേശിച്ചിരിക്കുന്നത് ഒരു സെമസ്റ്ററിന് ഉൾക്കൊള്ളാവുന്നതിലധികമാണ് (പട്ടിക, 21: 87-92-16). 23 കൃതികൾ സഹായകഗ്രന്ഥങ്ങളായി നല്കിയിട്ടുണ്ട്. (പട്ടിക, 22: 27-44). 2007, 2011, 2016 വർഷങ്ങളിൽ പാഠ്യപദ്ധതിയിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ ഇല്ല. കവിയും കൃതിയും മാറ്റി നല്കുകയാണ് (പട്ടിക, 21: 94-108). 2007-ലെ സമകാലികസാഹിത്യം പദ്യം 1980-കൾക്കു ശേഷം കവിതയിലുണ്ടായ നവീനാനന്തരപ്രവണതകളെയും ഫെമിനിസത്തിന്റെയും ദളിത് അവബോധത്തിന്റെയും സ്പർശക്ഷമമായ സാന്നിദ്ധ്യത്തെയും അടയാളപ്പെടുത്താനാണ് ശ്രമിക്കുന്നത്. മാധവൻ അയ്യപ്പത്ത് മുതൽ ലളിതാ ലെനിനും

റോസ് മേരിയും ഒ.വി. ഉഷയുമെല്ലാം പാഠ്യപദ്ധതിയ്ക്കകത്ത് ഇടം നേടുന്നു. 2016-ലെ 'സമകാലസാഹിത്യം -പദ്യം' പേപ്പർ സമകാല മലയാളകവിതയുടെ പ്രവണതകളുടെ പൊതുസ്വഭാവം മനസ്സിലാക്കുക എന്ന ഉദ്ദേശ്യലക്ഷ്യത്തെ മുൻനിർത്തിയാണ് തയ്യാറാക്കിയിരിക്കുന്നത്. ആധുനികതാവാദകാലം മുതലാണ് തുടങ്ങുന്നത്. കവിതയെ ആധുനികീകരണത്തിലേക്കു നയിച്ച സാഹചര്യങ്ങളെയും സവിശേഷതകളെയും പാഠ്യവസ്തുവായി നിശ്ചയിച്ചിരിക്കുന്നു. ആധുനികാനന്തരകാലത്തിന്റെ രണ്ടാം ഭാഗത്ത് ആധുനികതാവാദത്തിൽ നിന്നുള്ള വ്യതിചലനം, സാമൂഹിക സംവർഗങ്ങൾ, വർഗീകരണം, സൂക്ഷ്മവും വിവിധവുമായ അധിനിവേശങ്ങൾ, പുതുബോധങ്ങൾ, പ്രവണതകൾ എന്നിവ ഉള്ളടങ്ങുന്നു. കവിതയുടെ വർത്തമാനകാലമെന്ന അവസാനഭാഗത്ത് രൂപം, ആഖ്യാനം, സമീപനം, സ്വാധീനത എന്നിങ്ങനെയുള്ള ബഹുസ്വരതകളെയും സംവാദങ്ങളെയും അടയാളപ്പെടുത്താൻ ശ്രമിക്കുന്നു

7.1.2 കാലിക്കറ്റ് സർവ്വകലാശാല

1992-ൽആധുനികസാഹിത്യം-സാമാന്യം എന്ന പേപ്പറിലെ ചില യൂണിറ്റുകളും ആധുനികസാഹിത്യം - വിശേഷം എന്ന പേപ്പർ മുഴുവനായും കവിതക്കു മാറ്റിവച്ചിരിക്കുന്നു. നിയോക്ലാസിക്, റൊമാന്റിക്, റിയലിസ്റ്റ് കവിതകൾ ഒന്നാമത്തെ പേപ്പറിലും ആധുനികത, കാല്പനികത, സമകാലികത എന്നിവ രണ്ടാമത്തെ പേപ്പറിലും ഉൾപ്പെടുത്തിയിരിക്കുന്നു. 32 കൃതികൾ സഹായകഗ്രന്ഥങ്ങളായും നല്കിയിരിക്കുന്നു(പട്ടിക, 22: 94-113). പ്രാചീന മദ്ധ്യകാലകവിതകളിൽ നിന്ന് വഴിത്തിരിവ് ദൃശ്യമാകുന്ന വെണ്മണി കാലഘട്ടം മുതല്ക്കുള്ള മലയാള കവിതയുമായുള്ള പരിചയവും ആധുനികമലയാളകവിതയുടെ ഉല്പത്തിവികാസവും സവിശേഷതയും സംബന്ധിച്ച് ധാരണയുണ്ടാവലും കാവ്യാസ്വാദനത്തിനും വിമർശനത്തിനുമുള്ള പ്രാപ്തിനേടലും കാവ്യാത്മക സംവേദനീയതയെ പരിപോഷിപ്പിക്കലും ഈ പേപ്പറിന്റെ ലക്ഷ്യമായി നിശ്ചയിച്ചിരിക്കുന്നു. തൊണ്ണൂറുകളിൽത്തന്നെ കാലിക്കറ്റ് സർവ്വകലാശാലക്ക് ചില പേപ്പറുകളെങ്കിലും ഉദ്ദേശ്യാധിഷ്ഠിതമാക്കാൻ സാധിക്കുന്നുണ്ട്.

2001-ൽ ആധുനികസാഹിത്യം 1-ഉം 2-ഉം എന്നീ കോർ പേപ്പറുകൾക്കു പുറമേ 'കാല്പനികത' എന്ന പേപ്പർ ഐച്ഛികമായും വരുന്നുണ്ട്. പാശ്ചാത്യ സാഹിത്യസിദ്ധാന്ത പഠനത്തിന്റെ അടിസ്ഥാനത്തിൽ കാല്പനിക കാവ്യ സിദ്ധാന്തത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് പഠിക്കാൻ വേണ്ടി എന്ന ആമുഖത്തോടെ തയ്യാറാക്കിയ പേപ്പറാണിത്. പതിനഞ്ചോളം കവിതകൾ - മലയവിലാസം മുതൽ രാത്രിമഴ വരെ പാഠപുസ്തകങ്ങളായി നിർദ്ദേശിച്ചിരിക്കുന്നു(പട്ടിക, 21: 179-180). ആധുനികസാഹിത്യം ഒന്നുംരണ്ടും പേപ്പറുകൾ ഗദ്യപദ്യ സമ്മിശ്രമായാണ് തയ്യാറാക്കിയിരിക്കുന്നത്. ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ദൃശ്യമായ എല്ലാ പ്രവണതകളെയും സംബന്ധിച്ച് സാമാന്യജ്ഞാനമുണ്ടാക്കുക

എന്ന ലക്ഷ്യത്തോടെയാണ് രണ്ടാം പേപ്പർ തയ്യാറാക്കിയിരിക്കുന്നത്. വൈലോപ്പിള്ളി മുതൽ കെ.ജി. ശങ്കരപ്പിള്ള വരെയുള്ളവരുടെ പത്തു കവിതകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് (പട്ടിക, 21: 181-191). 2004 ൽ ഐച്ഛികവിഷയമായി ആധുനികകവിത എന്ന പേപ്പർ വരുന്നുണ്ട്. ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ മലയാളകവിതയിൽ പ്രത്യക്ഷപ്പെട്ട നവോപദർശനങ്ങളും നൂതനപ്രമേയങ്ങളും പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ തയ്യാർ ചെയ്തതാണ് ഈ പേപ്പർ. 22 കവിതകൾ മാതൃകയെന്ന നിലയിൽ പാഠപുസ്തകമായും 8 കൃതികൾ റഫറൻസായും നിർദ്ദേശിച്ചിരിക്കുന്നു (പട്ടിക, 21: 192-214), (പട്ടിക, 22: 129-161). 2014-ൽ ഐച്ഛികവിഷയമായിരുന്ന ആധുനികകവിത കോർ പേപ്പറായി മാറുന്നു. ഗദ്യവും പദ്യവും ആദ്യകാലവും ആധുനികകാലവുമായി വേർപിരിഞ്ഞാണ് ഈ വർഷത്തെ പാഠ്യപദ്ധതി തയ്യാറാക്കിയിരിക്കുന്നത്. കൂടാതെ നവീനകവിത ഐച്ഛിക പേപ്പറായും വരുന്നുണ്ട്. മാത്രമല്ല, സ്ത്രീ-ദളിത്-പരിസ്ഥിതി സാഹിത്യം എന്ന ഐച്ഛിക പേപ്പറിലും സാഹിത്യകൃതികൾ പാഠപുസ്തകമായി വരുന്നു. മലയാളകവിതയുടെ ദിശമാറ്റിയ കാല്പനികത വളർന്ന് കാല്പനികവിരുദ്ധതയിലേക്കും ആധുനികതാവാദത്തിലേക്കും പരിണമിക്കുന്നതിന്റെ കവിതാവഴികൾ പഠിക്കുക എന്ന ലക്ഷ്യത്തെ മുൻനിർത്തി പ്രവണതകളെയും പ്രസ്ഥാനങ്ങളും പഠിക്കുക, കാവ്യങ്ങളുടെ സൂക്ഷ്മമായ പാഠപഠനങ്ങളിലൂടെ പുതിയ ആസ്വാദനമേഖലകൾ കണ്ടെത്തുക, വിമർശനത്തിന്റെ പുതിയ മാർഗങ്ങളിലൂടെ മൂല്യനിർണയത്തിനു പ്രാപ്തമാവുക എന്നീ ഉദ്ദേശ്യങ്ങളും നിശ്ചയിച്ചിരിക്കുന്നു. നവീനകവിതയെന്ന ഐച്ഛിക പേപ്പറിന് മലയാള കവിതയിൽ സംഭവിച്ച മാറ്റങ്ങളെയും പരീക്ഷണങ്ങളെയും ചരിത്രവീക്ഷണത്തോടെ മനസ്സിലാക്കുക, ഗൗരവപൂർണമായ പാരായണത്തിലേക്കും പഠനത്തിലേക്കും അന്വേഷണങ്ങളിലേക്കും തിരിയുക, പുതിയ സംവേദനക്ഷമത, പുതിയ താളലയങ്ങൾ, പുതിയ ഭാഷാശൈലികൾ, താളാത്മകവും ഭാവപ്രകാശവുമായ വാക്യരചനാരീതികൾ - ഇവയൊക്കെ വിമർശനബുദ്ധിയോടെ മനസ്സിലാക്കുക എന്നീ ഉദ്ദേശ്യങ്ങളാണ് നിശ്ചയിച്ചിരിക്കുന്നത്.

7.1.3. മഹാത്മഗാന്ധി സർവ്വകലാശാല

ആധുനികസാഹിത്യം – പദ്യം എന്ന ഒരൊറ്റ പേപ്പറാണ് (1984) എം.ജി.യിൽ ആരംഭകാലത്ത് കാണുന്നത്. കേരള സർവ്വകലാശാലയുടെ പാഠ്യപദ്ധതിയാണ് പിന്തുടരുന്നത്. 1986-ൽ അവ ഒന്നായി ആധുനിക സാഹിത്യം എന്ന ഒരൊറ്റ പേപ്പറിൽ രണ്ട് വിഭാഗങ്ങളായി (എ, ബി) പാഠ്യപദ്ധതി തയ്യാറാക്കുകയും 1990-ൽ പഴയപോലെ രണ്ടു പേപ്പറായി വേർതിരിക്കുകയും ചെയ്യുന്നു. 2012 മുതൽ ആരംഭിക്കുന്ന ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സംവിധാനത്തിൽ മലയാളകവിത-ആധുനികം - ഒന്നാംഘട്ടം, മലയാളകവിത-ആധുനികം രണ്ടാംഘട്ടം എന്നിവ കോർ പേപ്പറായും സ്ത്രീപക്ഷരചനകൾ, ദളിത് പഠനം, പരിസ്ഥിതിയും സാഹിത്യവും, അയ്യപ്പപ്പണിക്കർ-കവിയും നിരൂപകനും എന്നിവ ഐച്ഛിക പേപ്പറായും പാഠ്യപദ്ധതി തയ്യാറാക്കിയിരിക്കുന്നു. മലയാള കവിത

- ആധുനികത ഒന്നാം ഘട്ടം എന്ന പേപ്പർ ആധുനികത, ആധുനികതാവാദം എന്നീ പദങ്ങളെ വിശകലനം ചെയ്തുകൊണ്ട് മലയാളകവിതയെ പഠിക്കാനാണ് ശ്രമിക്കുന്നത്. രചനാതന്ത്രങ്ങളിൽ നടത്തിയ നിരന്തരപരിഷ്കരണവും നാടോടി പാട്ടുവഴക്കങ്ങളുടെ ശൈഥില്യം ഒഴിവാക്കിയുള്ള സ്വീകരണവും ഗദ്യകാലകവിതാരീതിയുടെ പരീക്ഷണവും അലങ്കാരങ്ങളുടെ സ്ഥാനത്ത് പുതിയ പ്രതീകങ്ങളുടെയും അന്തരീക്ഷത്തിന്റെയും സൃഷ്ടിയും കാവ്യഭാഷയിൽ പുതുമകൾ സൃഷ്ടിച്ച സാമൂഹികവും സാംസ്കാരികവും സൗന്ദര്യശാസ്ത്രപരവുമായി ഈ ഘട്ടം പ്രതിനിധീകരിക്കുന്നു. വൈവിധ്യങ്ങൾ കൊളോണിയൽ ആധുനികതയുമായും ആധുനികതാപ്രസ്ഥാനങ്ങളുമായും ബന്ധപ്പെടുത്തി വിശകലനം ചെയ്യാനും പേപ്പർ ലക്ഷ്യം വയ്ക്കുന്നു.

മലയാള കവിത - ആധുനികത രണ്ടാംഘട്ടം എന്ന പേപ്പർ ആധുനികതാവാദത്തിന്റെ സമീപനങ്ങളെയും നിലപാടുകളെയും ചോദ്യം ചെയ്തുകൊണ്ട് തൊണ്ണൂറുകളിൽ മലയാളകവിത എത്തിയ വഴിത്തിരിവിനെയും ആറു ദശകങ്ങൾ കൊണ്ട് മലയാളകവിതയുളുണ്ടായ സൂക്ഷ്മവും സങ്കീർണവുമായ പരിണാമത്തെ മുൻനിർത്തി ആധുനികതാപ്രസ്ഥാനത്തിന്റെ രണ്ടാംഘട്ടത്തെയും പഠിക്കാൻ വേണ്ടി തയ്യാറാക്കിയതാണ് ഈ കോഴ്സ്. മലയാളകവിതയെ സ്വാധീനിച്ച ലോകകാവ്യങ്ങളിലെ ആവിഷ്കാരങ്ങളെയും പ്രവണതകളെയും പരിചയപ്പെടുത്താനും പാഠ്യപദ്ധതി ശ്രമിക്കുന്നു.

7.1.4. കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

ആധുനിക മലയാള കവിത ഒരു പേപ്പറായി 2003-ലെ പാഠ്യപദ്ധതിയിൽ ഉണ്ട്. 19-ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയോടെ ഇന്ത്യയിൽ വേരോടി തുടങ്ങിയ കൊളോണിയൽ ആധുനികതയുടെ പശ്ചാത്തലത്തിൽ മലയാള കവിതാ സാഹിത്യത്തിന്റെ നവോത്ഥാനവും തുടർന്നുള്ള വികാസവും സൂക്ഷ്മവും വിശദവുമായി മനസ്സിലാക്കലാണ് കോഴ്സിന്റെ ലക്ഷ്യമായി നിശ്ചയിച്ചിരിക്കുന്നത്. മലയാള വിഭാഗം നല്കുന്ന ഐച്ഛിക കോഴ്സിൽ കവിതയും കവിതാവിജ്ഞാനവും എന്ന പേപ്പറും അദ്ധ്യാപകർ നല്കുന്ന ഐച്ഛിക കോഴ്സിൽ ആധുനികമലയാള കവിത ഒരു സ്ത്രീപക്ഷ പഠനം, ഇടശ്ശേരി കവിത - ഒരു ഫോക്‌ലോർ സമീപനം, ആധുനിക ലോകകവിത, പരിസ്ഥിതി ദർശനം വൈലോപ്പിള്ളി കവിതയിൽ, പി. കുഞ്ഞിരാമൻ നായരുടെ കവിത- പാരമ്പര്യവും ആധുനികതയും കവിതയും ചരിത്രവും (വൈലോപ്പിള്ളി, ഇടശ്ശേരി എൻ.വി കവിതകൾ), ആധുനിക മലയാള കവിത, ചങ്ങമ്പുഴ കവിത, ഭാവവികാസം - സുഗതകുമാരി കവിതയിൽ എന്നീ പേപ്പറുകളും ഉണ്ട്. 2009-ലും 2014-ലും എഴുത്തുകാരുടെയും കൃതികളുടെയും മാറ്റമാണ് പ്രധാനമായും കാണുന്നത്.

7.1.5. കണ്ണൂർ സർവ്വകലാശാല

ആധുനികസാഹിത്യത്തെയും സമകാലികസാഹിത്യത്തെയും ഗദ്യപദ്യവ്യത്യാസമില്ലാതെ ഒരൊറ്റ പേപ്പറിലൊതുക്കിക്കൊണ്ടാണ് കണ്ണൂർ സർവ്വകലാശാല 2001ലെ

പാഠ്യപദ്ധതി തയ്യാറാക്കിയിരിക്കുന്നത്. സെമസ്റ്റർ സംവിധാനത്തിൽ ധാരാളം പേപ്പറുകൾ ഉൾപ്പെടുത്താൻ അവസരമുണ്ടായിട്ടും നാലു പേപ്പറുകളാക്കി സംവിധാനം ചെയ്യേണ്ട സർഗാത്മക സാഹിത്യത്തെ ഒരു പേപ്പറിലൊതുക്കി സാഹിത്യവിജ്ഞാനത്തെ പരിമിതപ്പെടുത്തി. ആധുനികസാഹിത്യവും സമകാലികസാഹിത്യവും എന്നാണ് പേപ്പറിന് പേരു നല്കിയിരിക്കുന്നത്. 2004-ൽ ആധുനികസാഹിത്യം ഒഴിവാക്കി പേപ്പർ സമകാലിക സാഹിത്യം മാത്രമാകുന്നു. സാഹിത്യചരിത്ര വിജ്ഞാനത്തിലേക്കാണ് ആധുനികതയെ കൂട്ടിച്ചേർത്തിരിക്കുന്നത്. സാഹിത്യവിജ്ഞാനം ശ്രുഷ്കമായി തന്നെ തുടരുന്നു. പ്രാചീന സാഹിത്യവും മധ്യകാലസാഹിത്യവും ആധുനികസാഹിത്യവും മൂന്നു പേപ്പറാവേണ്ടിടത്ത് മൂന്നു പേപ്പറുകളെ സമന്വയിപ്പിച്ചിരിക്കുകയാണ്. 2009-ൽ ആധുനിക, സമകാലിക സാഹിത്യത്തെ കൂട്ടിച്ചേർത്തുകൊണ്ട് 'സമകാലികസാഹിത്യം' എന്ന നിലയിൽ പരിഷ്കരിക്കുന്നു. നവോത്ഥാന സാഹിത്യം എന്ന പേരിൽ ഈ വർഷം പുതിയ പേപ്പറും ആവിഷ്കരിച്ചിട്ടുണ്ട്. 2013-ൽ ആധുനികസാഹിത്യം, നവീനതാസാഹിത്യം, നവോത്ഥാനസാഹിത്യം എന്നിവ കോർ പേപ്പറുകളായും ദളിത്, സ്ത്രീ, പരിസ്ഥിതി സാഹിത്യവും കുമാരനാശാന്റെ രചനകളും ഐച്ഛിക കോഴ്സുകളായും പാഠ്യപദ്ധതി പരിഷ്കരിച്ചിരിക്കുന്നു. 2014-ൽ ആധുനികകവിത എന്ന നിലയിൽ കവിതയ്ക്കു മാത്രം കോഴ്സുണ്ടാകുന്നു. നവീനതയും നവോത്ഥാനവും ദളിത്-സ്ത്രീ സാഹിത്യവും ഒഴിവാക്കി ആശാനെ നിലനിർത്തുകയും ചെയ്തിരിക്കുന്നു. പാർശ്വവത്കൃതരുടെ സംസ്കാരവും സാഹിത്യവും കണ്ടെടുക്കപ്പെടുകയും പഠിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ പാഠ്യപദ്ധതി കാലത്തോട് പുറന്തിരിഞ്ഞു നില്ക്കുന്നതാണ് ഈ ഒഴിവാക്കലുകളിൽ പ്രതിഫലിക്കുന്നത്. കഴിഞ്ഞ നൂറുവർഷം മലയാളം നേരിട്ട വെല്ലുവിളികളിലും ചിന്തകളിലും ആവിഷ്കാരരീതികളിലും സംഭവിച്ച വിച്ഛേദങ്ങൾ എപ്രകാരത്തിലാണ് കവിത എന്ന മാധ്യമം അടയാളപ്പെടുത്തിയിരിക്കുന്നത് എന്നാണ് ഈ പേപ്പറിന്റെ പഠനലക്ഷ്യമായി നിശ്ചയിച്ചിരിക്കുന്നത്. 2013-ലെ പാഠ്യപദ്ധതിയാണ് 2015-ൽ പുനഃസ്ഥാപിക്കുന്നത്.

7.1.6 കേന്ദ്ര സർവ്വകലാശാല

കണ്ണൂർ സർവ്വകലാശാലയുടെ പാഠ്യപദ്ധതികളുടെ മാതൃകയിൽ നിന്നാണ് സിലബസ് രൂപപ്പെടുത്തിയിരിക്കുന്നത്. 2016-ൽ ആധുനിക മാലയാളകവിത കോർ പേപ്പറായും പരിസ്ഥിതി - ദളിത് സ്ത്രീവാദ പഠനം ഐച്ഛികപേപ്പറായും ആണ് പാഠ്യപദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

7.1.7. മധുര കാമരാജ് സർവ്വകലാശാല

ആധുനിക കവിത എന്ന കോഴ്സ് 2008 മുതൽ മാറ്റമില്ലാതെ നിലനില്ക്കുന്നു. വെൺമണി. മുതൽ വിഷ്ണുനാരായണൻ നമ്പൂതിരിവരെയുള്ളവരുടെ ഇരുപതു കവിതകളാണ് പാഠപുസ്തകം. കേവലം 6 കൃതികൾ റഫറൻസായും നല്കിയിരിക്കുന്നു.

7.1.8. അലിഗഢ് മുസ്ലിം സർവ്വകലാശാല

എൺപതുകൾ മുതൽ നിലനില്ക്കുന്ന ആധുനിക സാഹിത്യം പേപ്പറിൽ 16 കവിതകളും 3 നോവൽ, 2 ചെറുകഥ, 1 നാടകം, 4 നിരൂപണങ്ങൾ എന്നിവയും ഉൾപ്പെടുത്തിയിരിക്കുന്നു.

ആത്മകഥ, ജീവചരിത്രം, സഞ്ചാരസാഹിത്യം, വൈജ്ഞാനിക സാഹിത്യം, ഉപന്യാസം എന്നിവയ്ക്ക് പ്രാതിനിധ്യം ഇല്ലാത്തത് ഈ പേപ്പറിന്റെ പരമിതിയാണ്. 25 കൃതികളുടെ റഫറൻസും നല്കിയിട്ടുണ്ട്. അവസാനവർഷ എം.എ.യ്ക്ക് ആധുനിക മലയാള സാഹിത്യം സവിശേഷം എന്നൊരു പേപ്പറുണ്ട്. ഇതിൽ നോവൽ പഠനമാണ് ഉദ്ദേശിക്കുന്നത്. 9 മലയാള നോവലും 3 ഭാരതീയ നോവലും 2 വിദേശ നോവലുകളും പാഠപുസ്തകമാണ്. 21 കൃതികൾ റഫറൻസായും നല്കിയിരിക്കുന്നു.

2012-ൽ ആധുനിക മലയാള സാഹിത്യം-ഗദ്യം മാത്രമായി സ്വതന്ത്ര പേപ്പറാകുന്നു. കൂടാതെ വൈക്കം മുഹമ്മദ് ബഷീർ സവിശേഷ പഠനമായും മലയാളസാഹിത്യവും സ്ത്രീരചനകളും മറ്റൊരു പേപ്പറായും സംവിധാനം ചെയ്തിരിക്കുന്നു. 2017ൽ ചെറുകഥയും നോവലും നിരൂപണവും പരിസ്ഥിതി പഠനവും സ്ത്രീവാദ പഠനവും ജീവചരിത്ര ആത്മകഥാസാഹിത്യവും പ്രത്യേകം പ്രത്യേകം കോഴ്സുകളാക്കി സർഗ്ഗാത്മക സാഹിത്യത്തിന് മതിയായ പ്രാധാന്യം നല്കിയിരിക്കുന്നു.

7.1.9. മലയാളം സർവ്വകലാശാല

മലയാളം സർവ്വകലാശാലയുടെ പാഠ്യപദ്ധതി സർഗാത്മകസാഹിത്യത്തിന് വളരെയധികം പ്രാധാന്യംകൊടുത്തുകൊണ്ടുള്ളതാണ് (2016). ചെറുകഥ, നോവൽ, നാടകം, മലയാള നിരൂപണം, ഗദ്യസാഹിത്യരൂപങ്ങൾ, ലോകസാഹിത്യപരിചയം, തമിഴ്, സംസ്കൃത സാഹിത്യപരിചയം എന്നിങ്ങനെ ഇരുപതിൽ ഒമ്പതു പേപ്പറുകളും സാഹിത്യപഠനം തന്നെയാണ്. പ്രാചീന മധ്യകാലസാഹിത്യവും ആധുനിക സമകാലകവിതയും പ്രത്യേകം കോഴ്സുകൾ തന്നെയാണ്. എന്നാൽ ഈ കോഴ്സ് ഉദ്ദേശ്യാധിഷ്ഠിതമായല്ല ആവിഷ്കരിച്ചിരിക്കുന്നത്.

7.1.10. മദ്രാസ് സർവ്വകലാശാല

മദ്രാസ് സർവ്വകലാശാലയുടെ 2014-ലെ പാഠ്യപദ്ധതി, ആധുനിക കവിത ഭാഗം 1 എന്ന എട്ടാമത്തെ പേപ്പറിൽ കോമപ്പൻ, ഒറ്റശ്ലോകങ്ങൾ ഒരു വിലാപം, ലീല, ഉമാകേരളം, ബന്ധനസ്ഥനായ അനിരുദ്ധൻ, ശിവതാണ്ഡവം (ജി ശങ്കരക്കുറുപ്പ്), കളിയച്ഛൻ, മഴവിന്റെ കഥ (ബാലാമണിയമ്മ) എന്നിങ്ങനെ ഒമ്പതു കാവ്യങ്ങളും ഏഴു സഹായക ഗ്രന്ഥങ്ങളും ആണുള്ളത്. ആധുനികകവിത ഭാഗം രണ്ടിൽ ചങ്ങമ്പുഴ മുതൽ പി. രാമൻ വരെയുള്ളവരുടെ 16 കവിതകൾ ആണ് ഉള്ളടക്കം. സഹായകഗ്രന്ഥങ്ങൾ ഇല്ല. വനിതാപ്രാതിനിധ്യം സുഗതകുമാരിയിലൊതുങ്ങുന്നു. ശ്രദ്ധേയമായ പുതുപെൺകവിതകളുടെ അഭാവം ഈ പാഠ്യപദ്ധതിയുടെ പരിമിതിയാണ്.

7.2. ആധുനിക, സമകാലിക ഗദ്യസാഹിത്യപഠനം

7.2.1. കേരള സർവ്വകലാശാല

ലോകസാഹിത്യത്തിൽ 1960-ഓടെയും മലയാള സാഹിത്യത്തിൽ 1970-ഓടെയും വ്യതിരിക്തമായ സ്വഭാവസവിശേഷതകളുടെ അടിസ്ഥാനത്തിൽ

ആധുനികപ്രവണതകൾ പ്രത്യക്ഷപ്പെട്ട തുടങ്ങിയിരുന്നുവെങ്കിലും പാഠ്യപദ്ധതിയിൽ ആധുനികത അളവുകോലായി അല്ലെങ്കിൽ മാനദണ്ഡമായി വരുന്നത് 1977-ലാണ്. കേരളവർമയെ മാനദണ്ഡമായി അശാസ്ത്രീയമായി വിഭജിച്ചുവെച്ച സാഹിത്യപഠനത്തിന്റെ നാല് പേപ്പറുകൾ പ്രാചീനസാഹിത്യം, മധ്യകാലസാഹിത്യം, ആധുനികസാഹിത്യം - ഗദ്യം, ആധുനികസാഹിത്യം - പദ്യം എന്നിങ്ങനെ രൂപാന്തരപ്പെടുന്ന വർഷമാണ് 1977. ആധുനിക സമകാലിക സാഹിത്യപഠനത്തിന്റെ ചരിത്രം ഈ വർഷം മുതൽ ആരംഭിക്കുന്നു. ആദ്യകാലത്ത് ഈ പേപ്പറിന് റഫറൻസുകൾ നല്കിയിരുന്നില്ല. പാഠപുസ്തകങ്ങൾ മാത്രം ആണ് ഉണ്ടായിരുന്നത്. എ, ബി എന്നിങ്ങനെ രണ്ടു വിഭാഗങ്ങളിലായി യഥാക്രമം പാഠ്യപദ്ധതി, പാഠപുസ്തകങ്ങൾ എന്നിങ്ങനെയാണ് ഘടന(അനുബന്ധം, 4: 89-90). ആധുനിക സാഹിത്യം - ഗദ്യം എന്ന പേപ്പറിന്റെ പാഠ്യപദ്ധതിയിൽ ആധുനിക ഗദ്യസാഹിത്യത്തിന്റെ പശ്ചാത്തലം എന്ന തലക്കെട്ടിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം അതിന്റെ ഫലങ്ങൾ, കേരളവർമയുടെയും രാജരാജവർമയുടെയും സംഭാവനകൾ പാഠപുസ്തക കമ്മിറ്റി, പത്രപ്രവർത്തനം, ഗുണ്ടർട്ട് മുതലായവരുടെ സേവനങ്ങൾ എന്നിവയാണ് പാഠ്യവസ്തു. നോവൽ എന്ന തലക്കെട്ടിൽ ആവിർഭാവവും വികാസവും, ചന്തുമേനോനും സി.വി രാമൻപിള്ളയും, അനുകരണങ്ങൾ, റിയലിസ്റ്റിക് നോവലുകൾ, സി.വിയും ദേവും എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. നാടകം എന്ന മൂന്നാം ഭാഗത്ത് സംസ്കൃത നാടകപരിഭാഷകൾ, പ്രഹസനം, ചരിത്രനാടകം, പ്രശ്നനാടകം, സമകാലികനാടകം എന്നിവയും നാലാം ഭാഗമായ ചെറുകഥയിൽ പ്രാരംഭ, ദ്വിതീയ, സമകാലികഘട്ടങ്ങളും എഴുത്തുകാരും ഉൾപ്പെടുന്നു. നിരൂപണം എന്ന അഞ്ചാം ഭാഗത്ത് പ്രാരംഭഘട്ടം (രാജരാജവർമ, സി.പി അച്യുതമേനോൻ, വിദ്വാൻ സി.എസ്. നായർ), സാഹിത്യമാസികകൾ, സ്വദേശാഭിമാനി, പി.കെ. നാരായണപിള്ള, പാശ്ചാത്യ സ്വാധീനം, എ. ബാലകൃഷ്ണപിള്ള, എം.പി. പോൾ, മുണ്ടശ്ശേരി, മാരാർ, സമകാലിക നിരൂപണ സാഹിത്യം എന്നിവയും അവസാന ഭാഗമായ ഇതര ഗദ്യസാഹിത്യരൂപങ്ങളിൽ ഉപന്യാസം, ജീവചരിത്രം, ആത്മകഥ, യാത്രാവിവരണം, വൈജ്ഞാനിക നിബന്ധങ്ങൾ എന്നിവയുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ ആറുഭാഗങ്ങൾക്കും പ്രാതിനിധ്യസ്വഭാവം നല്കിക്കൊണ്ടാണ് 14 കൃതികൾ പാഠപുസ്തകമായി നിർദ്ദേശിച്ചിരിക്കുന്നത് (പട്ടിക, 23: 1-14).

2003 വരെ പാഠ്യപദ്ധതിയിൽ മാറ്റമില്ല. ഓരോ വർഷവും പ്രമുഖ എഴുത്തുകാരുടെ രചനകൾ മാറ്റി നല്കാറുണ്ട്. 1984 മുതൽ ഈ പേപ്പറിൽ റഫറൻസ് പുസ്തകങ്ങൾ നല്കാൻ തുടങ്ങുന്നു (പട്ടിക നമ്പർ 1-12). കാൽ നൂറ്റാണ്ടുകാലം ആധുനിക ഗദ്യ-പദ്യങ്ങളുടെ പാഠ്യപദ്ധതി (1977-2002: 26 വർഷം) മാറ്റമില്ലാതെ നിലനിന്നുവെന്നത് സാഹിത്യ പഠനത്തിന്റെ ജഡിലതയെയാണ് പ്രതിഫലിപ്പിക്കുന്നത്. അനുദിനം വികസ്വരമായ സാഹിത്യമണ്ഡലത്തെ പ്രതിഫലിപ്പിക്കാനോ കാലികമായി സംവദിക്കാനോ പാഠ്യപദ്ധതിക്കു കഴിയുന്നില്ല. കാൽ നൂറ്റാണ്ടിന്റെ മാറ്റങ്ങളെ, പ്രവണതകളെ, പ്രസ്ഥാനങ്ങളെ,

സൈദ്ധാന്തിക ഉൾക്കാഴ്ചകളെ, രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക പരിവർത്തനങ്ങളെയും, പുതിയ വായനകളെയും ഒന്നും തന്നെ പാഠ്യപദ്ധതി അറിയുന്നില്ല. 2000 മുതലുള്ള സെമസ്റ്ററിലേക്കുള്ള ഘടനാപരമായ മാറ്റമാണ് ആ വർഷം പാഠ്യപദ്ധതി പരിഷ്കരിക്കാൻ നിർബന്ധിതമാക്കിയ സാഹചര്യമെന്നും ഓർക്കേണ്ടതുണ്ട്. കാലത്തിൽ നിന്ന് അഥവാ ചരിത്രത്തിൽ നിന്ന് കാൽ നൂറ്റാണ്ടും അതിൽ കൂടുതലും പുറകിലായാണ് ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ ആരംഭം വരെ പാഠ്യപദ്ധതി സഞ്ചരിക്കുന്നത്.

2003 ൽ ഒന്നാം സെമസ്റ്ററിലെ രണ്ടാം പേപ്പറായി 'ആധുനിക സാഹിത്യം-ഗദ്യം, മൂന്നാം പേപ്പറായി സമകാലികസാഹിത്യം -കവിതയും നിരൂപണവും, നാലാം പേപ്പറായി സമകാലികസാഹിത്യം-ഗദ്യം എന്നിവ വരുന്നു. കൂടാതെ നാലാം സെമസ്റ്ററിൽ 15-ാം പേപ്പറായി ആധുനികസാഹിത്യം പദ്യവും ഉൾപ്പെടുത്തിയിരിക്കുന്നു. സെമസ്റ്ററിനു മുമ്പ് 9ൽ 4 പേപ്പറുകൾ മലയാളസാഹിത്യപഠനത്തിന് (44.4%) കിട്ടിയപ്പോൾ സെമസ്റ്ററിൽ 16ൽ 6 ആയി (37.5%) പേപ്പറുകളുടെ പരിഗണനയിൽ സാഹിത്യത്തിന് കുറവുവരുന്നുണ്ട്.

ആധുനിക സാഹിത്യം - ഗദ്യം എന്ന പേപ്പറിനെ 9 ഭാഗങ്ങളാക്കി പാഠ്യവസ്തുവും പാഠപുസ്തകങ്ങളും അതാതു ഭാഗങ്ങളിൽത്തന്നെ നല്കുന്ന രീതിയാണ് സ്വീകരിച്ചിരിക്കുന്നത്. 31 പുസ്തകങ്ങൾ സഹായകഗ്രന്ഥങ്ങളായും നല്കിയിരിക്കുന്നു. (പട്ടിക, 24: 31-43). നോവൽപ്രസ്ഥാനം എന്ന ഒന്നാം ഭാഗത്ത് മലയാള നോവലിന്റെ ആവിർഭാവം-കാരണം- സാഹചര്യം, ആദ്യകാലനോവലുകൾ, പ്രമേയം - ഇതിവൃത്തം-കഥാപാത്രങ്ങൾ, സംഘട്ടനം, വീക്ഷണം ഇവയിലുള്ള വ്യത്യാസം, നോവൽ ഘടനയിലും ശൈലിയിലും വരുത്തിയ മാറ്റം എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ചരിത്രനോവലുകൾ എന്ന രണ്ടാം ഭാഗത്ത് നിർവചനം, ഭാരതീയ ചരിത്രനോവലുകളുമായുള്ള താരതമ്യം, മലയാളത്തിലെ ചരിത്രനോവലുകളും നോവലിസ്റ്റുകളും (അപ്പൻ തമ്പുരാൻ, ടി. രാമൻ നമ്പീശൻ, കപ്പന കൃഷ്ണമേനോൻ, അമ്പാടി നാരായണ പൊതുവാൾ, കെ.എം പണിക്കർ) മൂന്നും നാലും ഭാഗങ്ങൾ ചെറുകഥയുടെ ഘട്ടം ഒന്നും ഘട്ടം രണ്ടുമാണ്. അഞ്ചാം ഭാഗത്ത് പ്രഹസനവും ആറാം ഭാഗത്ത് നാടകവുമാണ്. പ്രഹസനം നിർവചനങ്ങൾ-ഉത്ഭവം- സ്വഭാവം, ആദ്യകാലപ്രഹസനങ്ങളുടെ സ്വഭാവം, ആദ്യകാലപ്രഹസനങ്ങളുടെ നിർവചനം, പഞ്ചസന്ധി, മലയാള നാടക ഉത്ഭവം, സംഗീത നാടകം, ചരിത്ര-രാഷ്ട്രീയ പ്രശ്ന-സാമൂദായിക - ഏകാങ്ക കാവ്യനാടകങ്ങൾ എന്നിവയാണ് പാഠ്യവസ്തുക്കൾ. ഏഴും എട്ടും ഭാഗങ്ങൾ സാഹിത്യനിരൂപണത്തിന്റെ ഒന്നും രണ്ടും ഘടകങ്ങളാണ്. മലയാള വിമർശനത്തിന്റെ ഉദയം, സ്വഭാവം, പുതിയ വിമർശനം രൂപപ്പെട്ട അവസ്ഥ, സംസ്കൃത വിമർശനം, പാശ്ചാത്യസ്വാധീനത, ആദ്യകാല വിമർശനത്തിന്റെ പൊതുസ്വഭാവം, രണ്ടാം ഘട്ടത്തിലെ വ്യത്യസ്തത, മുഖ്യധാരകൾ, സവിശേഷത എന്നിവയാണ് ഉള്ളടക്കം. അവസാനഭാഗം 'ജീവചരിത്രം, ആത്മകഥ, യാത്രാവിവരണം എന്നതാണ്. പാഠ്യവസ്തുവില്ല, പാഠപുസ്തകങ്ങൾ മാത്രമാണ് ഈ ഭാഗത്ത് ഉള്ളത്.

നാടകസാഹിത്യചരിത്രം, വിമർശനസാഹിത്യചരിത്രം, സഞ്ചാരസാഹിത്യചരിത്രം എന്നിവ സഹായകഗ്രന്ഥങ്ങളിൽ ആദ്യമായി ഇടംപിടിക്കുന്നത് ഈ വർഷമാണ്. സവിശേഷമായ പ്രവണതകൾ പ്രകടമാക്കുന്ന കൃതികൾ പ്രാതിനിധ്യസ്വഭാവത്തോടെ പ്രത്യക്ഷപ്പെടുന്നത് ഈ പാഠ്യപദ്ധതിയിലാണ്. പാട്ടബാക്കി, സമത്വവാദി, ചരിത്രനോവൽ എന്നിവ ഉദാഹരണം. മലയാള നിരൂപണസാഹിത്യത്തിൽ അവതാരികകളുടെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് അവ ആദ്യമായി പാഠപുസ്തകമാവുന്നത് ഈ പാഠ്യപദ്ധതിയിലാണ്. കാന്താരതാരകം, സ്പന്ദിക്കുന്ന അസ്ഥിമാടം എന്നീ അവതാരികകൾ ഉദാഹരണം. എന്നിട്ടും നളിനിയുടെ അവതാരിക ഉൾപ്പെടുത്താതിരുന്നത് ഈ പാഠ്യപദ്ധതിയുടെ പരിമിതിയാണ്. 5 നോവൽ, 13 ചെറുകഥ, 5 നാടകം, 12 നിരൂപണം, 1 പ്രഹസനം അടക്കം 39 കൃതികളാണ് കേവലം 70-75 അധ്യയന ദിവസത്തേക്കു നിശ്ചയിച്ചിരിക്കുന്നതെന്നത് പാഠ്യപദ്ധതിയുടെ ഉള്ളടക്ക രൂപീകരണത്തെ അശാസ്ത്രീയം അഥവാ അപ്രായോഗികം ആക്കിയിരിക്കുന്നു.

192.	The growth of the English Novel – Richard church	2010	കാലിക്കറ്റ്
193.	Time and the novel – Mendilow A.A	2010	കാലിക്കറ്റ്
194.	സാങ്കേതിക നിരൂപണങ്ങൾ - എ. ബാലകൃഷ്ണപിള്ള	2010	കാലിക്കറ്റ്
195.	കുറെക്കൂടി നിരൂപണങ്ങൾ - എ ബാലകൃഷ്ണപിള്ള	2010	കാലിക്കറ്റ്
196.	ചിത്രകലയും ചെറുകഥയും - ടി.ആർ	2010	കാലിക്കറ്റ്
197.	രാജലക്ഷ്മി എന്ന എഴുത്തുകാരി - ഒരു കൂട്ടം ലേഖകർ	2010	കാലിക്കറ്റ്
198.	പൊൻകുന്നം വർക്കിയുടെ കഥകൾ - രമേശ് ചന്ദ്രൻ	2010	കാലിക്കറ്റ്

199.	ആത്മാവിന്റെ മുറിവുകൾ - എം. തോമസ് മാത്യു	2010	കാലിക്കറ്റ്
200.	കഥ- ആഖ്യാനവും അനുഭവസത്തയും - കെ.പി അപ്പൻ	2010	കാലിക്കറ്റ്
201.	എം.ടി.: കഥയും പൊരുളും - എം.എം. ബഷീർ (എഡി.)	2010	കാലിക്കറ്റ്
202.	നവീന കഥ - എം.എം. ബഷീർ (എഡി.)	2010	കാലിക്കറ്റ്
203.	കഥയും പരിസ്ഥിതിയും - ജി. മധുസൂദനൻ	2010	കാലിക്കറ്റ്
204.	എന്താണ് ആധുനികത - എം. മുകുന്ദൻ	2010	കാലിക്കറ്റ്
205.	American Women Shortstory written Julie Brown	2010	കാലിക്കറ്റ്
206.	The shape of Fiction – Alen casty	2010	കാലിക്കറ്റ്
207.	പ്രസംഗ സംഗ്രഹം - കേരളവർമ്മ	2010	കാലിക്കറ്റ്
208.	പ്രബന്ധസംഗ്രഹം - എ.ആർ.	2010	കാലിക്കറ്റ്
209.	സാഹിത്യസാഹ്യം - എ.ആർ.	2010	കാലിക്കറ്റ്
210.	പ്രാസവാദം - എസ്.കെ. വസന്തൻ	2010	കാലിക്കറ്റ്
211.	ആശാൻ വിമർശനത്തിന്റെ ആദ്യരശ്മികൾ - മൂർക്കോത്തു കുമാരൻ	2010	കാലിക്കറ്റ്
212.	മലയാള വിമർശം നമ്പർ 9	2010	കാലിക്കറ്റ്
213.	നവീന വിമർശനം - മലയാളത്തിൽ - മാമ്പുഴ അപ്പുക്കുട്ടൻ	2010	കാലിക്കറ്റ്
214.	ആധുനികാനന്തര സാഹിത്യ സമീപനങ്ങൾ - സി.ജെ. ജോർജ്ജ് (എഡി.)	2010	കാലിക്കറ്റ്
215.	കാൾ മാർക്സിന്റെ കലാദർശനം - സച്ചിദാനന്ദൻ	2010	കാലിക്കറ്റ്
216.	മാർക്സിസവും കലയും - കെ.എസ്. നാരായണപിള്ള	2010	കാലിക്കറ്റ്
217.	ഉത്തരാധുനികത - സി.ബി സുധാകരൻ	2010	കാലിക്കറ്റ്
218.	ഉത്തരാധുനികത - വർത്തമാനവും വംശാവലിയും	2010	കാലിക്കറ്റ്
219.	നവയുഗ ശില്പി രാജരാജവർമ്മ - രാമചന്ദ്രൻ നായർ	2010	കാലിക്കറ്റ്
220.	കോൾ നിലത്തേക്കുള്ള തോട്ടുകൾ—ഒരു പ്രാദേശിക പാരിസ്ഥിതിക പഠനം - ഡോ. എം.കെ ഹരി നാരായണൻ	2014	കാലിക്കറ്റ്
221.	പരിസ്ഥിതി പഠനത്തിന് ഒരാമുഖം - ഡോ. എ. അച്യുതൻ	2014	കാലിക്കറ്റ്
222.	ഒരു പ്രകൃതി പഞ്ചാംഗം - ഡാൺ കൗണ്ടി	2014	കാലിക്കറ്റ്
223.	ആരണ്യക - വിഭൂതി വിഭൂഷൺ ബന്ദ്യോപാദ്ധ്യായ	2014	കാലിക്കറ്റ്
224.	Eco criticism – Greg Garrard	2014	കാലിക്കറ്റ്
225.	പുതുരചനയിലെ പെൺ വർത്തമാനങ്ങൾ - കെ.ആർ സജിത	2014	കാലിക്കറ്റ്
226.	സ്ത്രീ, സ്ത്രീവാദം, സ്ത്രീ വിമോചനം - കെ. ശാരദാമണി	2014	കാലിക്കറ്റ്
227.	സ്വന്തമായൊരു മുറി - വിർജിനിയ വുൾഫ്	2014	കാലിക്കറ്റ്

228.	ആഗോളവത്ക്കരണം - സ്ത്രീ പ്രകൃതി - വന്ദനാശിവ	2014	കാലിക്കറ്റ്
229.	പെണ്ണുകൊത്തിയ വാക്കുകൾ - എസ്. ശാരദക്കുട്ടി	2014	കാലിക്കറ്റ്
230.	സ്ത്രീവിമോചനം: ചരിത്രം, സിദ്ധാന്തം, സമീപനം എ.കെ രാമകൃഷ്ണൻ കെ.എം വേണുഗോപാൽ	2014	കാലിക്കറ്റ്
231.	സ്ത്രീപക്ഷ മാധ്യമപഠനങ്ങൾ - ഡോ. മ്യൂസ് മേരി ജോർജ്ജ്	2014	കാലിക്കറ്റ്
232.	Ecologically Literary criticism Romantic Imagining and the Biology of mind – Kroeber Karal	2014	കാലിക്കറ്റ്
233.	The Eco criticism Reader – Cheryll, Glofelty- Harold	2014	കാലിക്കറ്റ്
234.	The Eco Linguistic Reader – Fill Alwing Peter Muhlhausler (ed.)	2014	കാലിക്കറ്റ്
235.	Black Feminst thought – Patricia Hill Collins	2014	കാലിക്കറ്റ്
236.	ദളിത് സൗന്ദര്യ ശാസ്ത്രം - പ്രദീപൻ പാമ്പിരിക്കുന്ന്	2014	കാലിക്കറ്റ്
237.	മറ്റൊരു ജീവിതം സാദ്ധ്യമാണ് - കെ.കെ ബാബുരാജ്	2014	കാലിക്കറ്റ്
238.	അതിക്രമങ്ങൾ സിദ്ധാന്തം വിമർശനം സിനിമ - കെ.വി ശശി	2014	കാലിക്കറ്റ്
239.	ഒരു പ്രബുദ്ധ ഇന്ത്യക്കായി ഗെയ്ൽ ഓംവെത്ത് - അംബേദ്കർ	2014	കാലിക്കറ്റ്
240.	ദളിത് ചിന്തകൾ -ഗെയ്ൽ ഓം വെത്ത്	2014	കാലിക്കറ്റ്
241.	ദളിത് സാഹിത്യ പ്രസ്ഥാനം - കെ.സി പുരുഷോത്തമൻ	2014	കാലിക്കറ്റ്
242.	ദളിതന്റെ നോവും നിന്ദയും നാടൻ പാട്ടുകളിൽ - ഡോ. കുമാരൻ വൈലേരി	2014	കാലിക്കറ്റ്
243.	തിരസ്കൃതരുടെ രചനാഭൂപടം - സന്തോഷ് ഒ.കെ.	2014	കാലിക്കറ്റ്
244.	ദളിത് സ്വത്വം രാഷ്ട്രീയം മലയാള കവിതയിൽ എം. അഭിലാഷ്	2014	കാലിക്കറ്റ്
245.	ജ്വലിക്കുന്ന പാദങ്ങൾ - സി.ആർ. നാഗരാജ് പി.എസ്. മനോജ് കുമാർ	2014	കാലിക്കറ്റ്
246.	മഹാത്മാ അയ്യൻകാളി - കുന്നുകുഴി എസ്. മണി, പി.എസ്. അനിരുദ്ധൻ	2014	കാലിക്കറ്റ്
247.	ആഖ്യാനം, സാന്നിദ്ധ്യം സൗന്ദര്യം - എം.ബി മനോജ്	2014	കാലിക്കറ്റ്
248.	The Exercise of Freedom – An Introduction to Dalit writing – K. Satya Narayana & Susie Tharu	2014	കാലിക്കറ്റ്
249.	ആധുനികോത്തരത വിശകലനവും വിമർശനവും - വി.സി ശ്രീജൻ	2010	കാലിക്കറ്റ്

250.	സാഹിത്യമീമാംസ താരതമ്യപരിപ്രേക്ഷ്യം - ചാത്തനാത്ത് അച്യുതനുണ്ണി	2010	കാലിക്കറ്റ്
251.	പാഠവും പൊരുളും - സി. രാജേന്ദ്രൻ	2010	കാലിക്കറ്റ്
252.	മുതിര കാത്തുനിന്നപ്പോൾ - ഡോ. വി. രാജകൃഷ്ണൻ	2010	കാലിക്കറ്റ്
253.	ആധുനികാനന്തര വിചാരം, വായന- പി.പി രവീന്ദ്രൻ	2010	കാലിക്കറ്റ്
254.	ആധുനിക മലയാള സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ ജി.എൻ പണിക്കർ	2010	കാലിക്കറ്റ്
255.	രാജലക്ഷ്മി എന്ന എഴുത്തുകാരി - (സമാഹാരം)	2010	കാലിക്കറ്റ്
256.	മരുഭ്രമികൾ പൂക്കുമ്പോൾ -എം.എൻ വിജയൻ	2010	കാലിക്കറ്റ്
257.	ഗൗതമന്റെ പ്രശസ്ത കഥകൾ - ഗൗതമൻ	2010	കാലിക്കറ്റ്
258.	ആത്മാവിന്റെ മുറിവുകൾ - എം. തോമസ് മാത്യു	2010	കാലിക്കറ്റ്
259.	ആധുനികത ഇന്നെവിടെ - എം മുകുന്ദൻ	2010	കാലിക്കറ്റ്
260.	മലയാളത്തിന്റെ അനശ്വര കഥകൾ, പഠനങ്ങൾ - ഡോ. മിനിപ്രസാദ്	2010	കാലിക്കറ്റ്
261.	കഥ- ആധുനികതയ്ക്കു ശേഷം - എം.കെ ഹരികുമാർ	2010	കാലിക്കറ്റ്
262.	ചെറുകഥ എഴുതുമ്പോൾ - ഡോ. എ.എം ബഷീർ	2010	കാലിക്കറ്റ്
263.	The Penguin Book of Modern European Short stories – Robert Tauhman	2010	കാലിക്കറ്റ്
264.	Leterary Modernism – Irving Howe (ed)	2010	കാലിക്കറ്റ്
265.	The summing up - W. Somerset Maugham	2010	കാലിക്കറ്റ്
266.	A short guide to writing about literature - Sylvan Barnet and William E cain	2010	കാലിക്കറ്റ്
267.	ബുദ്ധനിലേക്കുള്ള ദൂരം - കെ.കെ, കൊച്ച്	2010	കാലിക്കറ്റ്
268.	പരിസ്ഥിതി പഠനത്തിന് ഒരാമുഖം - ഡോ. എം അച്യുതൻ	2010	കാലിക്കറ്റ്
269.	സ്ത്രീവാദം - ഡോ. ജെ. ദേവിക	2010	കാലിക്കറ്റ്
270.	തിരസ്കൃതരുടെ രചനാഭ്രപടം - ഡോ. ഒ.കെ സന്തോഷ്	2010	കാലിക്കറ്റ്
271.	ഇക്കോഫെമിനിസം, ഇക്കോ ടൂറിസം, മാർക്സിസം എം.എൻ പിയേഴ്സൺ	2010	കാലിക്കറ്റ്
272.	ഹരിതദർശനം ആധുനികാന്തര കവിതയിൽ - ഡോ. സി.ആർ പ്രസാദ്	2010	കാലിക്കറ്റ്
273.	ഹരിത നിരൂപണം മലയാളത്തിൽ - ജി. മധുസൂദനൻ	2010	കാലിക്കറ്റ്
274.	കഥയും പരിസ്ഥിതിയും - ജി. മധുസൂദൻ	2010	കാലിക്കറ്റ്
275.	സന്ധ്യപ്പെരുമ - പോൾസൺ താം	2010	കാലിക്കറ്റ്

276.	ജൈനധർമ്മം കേരളത്തിൽ - ഡോ. പി.വി പത്മകുമാർ	2010	കാലിക്കറ്റ്
277.	ദലിത് ബന്ധു - അംബേദ്കർ	2010	കാലിക്കറ്റ്
278.	ചൂട്ടാച്ചി - കല്ലേൽ പൊക്കുടൻ	2010	കാലിക്കറ്റ്
279.	മയിലമ്മ ഒരു ജീവിതം - ജ്യോതിബയി പരിയാടത്ത്	2010	കാലിക്കറ്റ്
280.	Dalit Literature in Malayalam –Malayalam Literary survey – Sahitya Akademi	2014	കാലിക്കറ്റ്
281.	Ekalavyas with Thumbs – K.M. Sherrif	2014	കാലിക്കറ്റ്
282.	Writing: in the Dark – A collection of Malayalam Dalit writing – M.B. Manoj, George K. Alex	2014	കാലിക്കറ്റ്
283.	No Alphabets in sight – An Anthrology in Malayalam Dalit writing – Dr. Susi Tharu, Dr. Satya Narayana	2014	കാലിക്കറ്റ്
284.	An anthrology of Malayalam Dalit writing (Different authors)	2014	കാലിക്കറ്റ്
285.	ദേശം, ദേശി, മാർഗം : സാഹിത്യമെന്ന ഉപാദാന സാമഗ്രി - ഡോ. എം.ബി. മനോജ്	2014	കാലിക്കറ്റ്
286.	നവസാഹിത്യ ദർശനങ്ങൾ - സിദ്ധാന്തവും പ്രയോഗവും രാകേഷ് ആർ	2014	കാലിക്കറ്റ്
287.	ഇരുട്ടിലെ കണ്ണാടി - കെ.കെ ബാബുരാജ്	2014	കാലിക്കറ്റ്
288.	ആദർശം എഴുത്ത് അവസ്ഥ - ദളിത് സാഹിത്യപഠനങ്ങൾ - എം.ബി മനോജ്	2014	കാലിക്കറ്റ്
289.	കറുത്ത മണികളുടെ കൊയ്ത്ത് - ഡോ. സി.ആർ. രാജഗോപാൽ, മാതൃഭൂമി ആഴ്ചപതിപ്പ് 2013 ഡിസം. 1	2014	കാലിക്കറ്റ്
290.	ചാണകം കൊണ്ടൊരു ജീവാമൃതം - പി.ടി മുഹമ്മദ് സാദിഖ്, മാതൃഭൂമി ആഴ്ചപതിപ്പ് 2013, ജനു, 27	2014	കാലിക്കറ്റ്
291.	പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ രാഷ്ട്രീയം - പ്രസീത പി. വിജ്ഞാന കൈരളി, സെപ്റ്റം - 2009	2014	കാലിക്കറ്റ്
292.	പരിസ്ഥിതിയും ആഗോള മലിനീകരണവും - ഷാലി എസ്. എസ്, വിജ്ഞാനകൈരളി, ആഗസ്റ്റ് 2008	2014	കാലിക്കറ്റ്
293.	സാഹിത്യലോകം 1996 ജനു-ഫെബ്രു പുറം 37-56	2014	കാലിക്കറ്റ്
294.	റേച്ചൽ കഴ്സണിന്റെ 50 വർഷങ്ങൾ എസ്. ശാന്തി മാതൃഭൂമി ആഴ്ചപതിപ്പ് 2012 ഒക്ടോബർ	2014	കാലിക്കറ്റ്
295.	ദളിത് ഭാവുകത്വത്തിന്റെ പ്രാദേശിക ഭാഷാ പ്രകാശനങ്ങൾ - സാഹിത്യലോകം, 2010 മാർച്ച് - ഏപ്രിൽ	2014	കാലിക്കറ്റ്

296.	The living art – An introduction to theatre & Drama - Philip G. Hill	2014	കാലിക്കറ്റ്
297.	ഏതിലയും മധുരിക്കുന്ന കാട് - കല്പറ്റ	2014	കാലിക്കറ്റ്
298.	ഇരുളിൽ ഉറങ്ങാതിരിക്കുന്ന ഒരാൾ - വിജയകൃഷ്ണൻ	2014	കാലിക്കറ്റ്
299.	The Cambridge companion to popular Fiction -David Glover	2014	കാലിക്കറ്റ്
300.	മുസ്ലീം സാമൂഹ്യജീവിതം മലയാള നോവലിൽ -ജമാൽ കൊച്ചങ്ങാടി	2014	കാലിക്കറ്റ്
301.	Reading the Romance: Women patriarchy and popular Literature – Janice A Radway	2014	കാലിക്കറ്റ്
302.	ശ്രദ്ധ- കെ.എം നരേന്ദ്രൻ (പൈങ്കിളി സാഹിത്യം	2014	കാലിക്കറ്റ്
303.	The managed heart: Commercialisation of Human feeling – Arlie Russel Hoschschild	2014	കാലിക്കറ്റ്
304.	Material Culture and mass consumption - Danief Miller	2014	കാലിക്കറ്റ്
305.	Reinterpreting Erotic Literature – Ranjan Tripathy	2014	കാലിക്കറ്റ്
306.	Packaging Life: Cultures of the Everyday- Pramod K. Nayar	2014	കാലിക്കറ്റ്
307.	ഒരു മുഖം ജനപ്രിയ നാടകവേദിയുടെ മിടിപ്പുകൾ - ഡോ. കെ ശ്രീകുമാർ	2014	കാലിക്കറ്റ്
308.	ഭാഷാഗദ്യസാഹിത്യ ചരിത്രം- ടി.എം ചുമ്മാർ	1986	എം.ജി
309.	സോഫോക്ലീസിന്റെ മുഖവുര- കാട്ടുമാടം നാരായണൻ	1986	എം.ജി
310.	വിമർശനം മലയാളത്തിൽ - നവകേരള	1986	എം.ജി
311.	വിമർശനത്തിന്റെ പ്രശ്നങ്ങൾ -എം.എസ് മേനോൻ	1986	എം.ജി
312.	ആധുനിക മലയാള സാഹിത്യം - ഉള്ളാട്ടിൽ	1986	എം.ജി
313.	നാടകരൂപ ചർച്ച - കാട്ടുമാടം നാരായണൻ	1986	എം.ജി
314.	അവധാരണം - എം.കെ സാനു	1986	എം.ജി
315.	ഇബ്സന്റെ ലോകത്തിലൂടെ - പി.ജെ ജോസഫ്	1986	എം.ജി
316.	സാഹിത്യ നികഷം ഒന്നും രണ്ടും ഭാഗങ്ങൾ - സഞ്ജയൻ	1986	എം.ജി
317.	തെരഞ്ഞെടുത്ത ചെറുകഥകളുടെ അവതാരികകൾ - എൻ.ബി.എസ് കോട്ടയം	1986	എം.ജി
318.	കലഹവും വിശ്വാസവും - കെ.പി അപ്പൻ	1986	എം.ജി

319.	മലയാള സാഹിത്യം അറുപതുകളിൽ - മാവേലിക്കര അച്യുതൻ	1986	എം.ജി
320.	ഹാസസാഹിത്യം - പുത്തേഴത്തു രാമൻ മേനോൻ	1986	എം.ജി
321.	സാക്ഷാൽ സി.വി - കെ. ബാലകൃഷ്ണൻ നായർ	1992	എം.ജി
322.	Essentials of the theory of Fiction – Michaeal J. Hoffman	2012	എം.ജി
323.	കഥ തേടുന്ന കഥ - എൻ. പ്രഭാകരൻ	2012	എം.ജി
324.	മലയാളം റിസർച്ച് ജേർണൽ - വാല്യം 2, സെപ്തം 2009	2012	എം.ജി
325.	സമകാലിക മലയാള ചെറുകഥ : വഴിയും പൊരുളും എഡി. വി.പി മാർക്കോസ് - ഭൂമി മലയാളം	2012	എം.ജി
326.	ലോചനം - ഒരു സംഘം ലേഖകർ	2012	എം.ജി
327.	The Rise of the Novel – Ian watt	2012	എം.ജി
328.	Cambridge history of Latin American Literature Roberto Gonzalez and others	2012	എം.ജി
329.	Narrating India: the Novel: in search of the nation E.V Ramakrishnan	2012	എം.ജി
330.	The Realist Novel – Walder Denis	2012	എം.ജി
331.	ആധുനികത മലയാള നോവലിൽ - അഗസ്റ്റിൻ ജോസഫ്	2012	എം.ജി
332.	നോവൽ പ്രശ്നങ്ങളും പഠനങ്ങളും - അച്യുതൻ എം.	2012	എം.ജി
333.	മലയാള നോവലും ദേശീയതയും - മഹേഷ് എം.ആർ	2012	എം.ജി
334.	ഇന്ദുലേഖ: വായനയുടെ ദിശകൾ - ഇ.പി രാജഗോപാലൻ	2012	എം.ജി
335.	മലയാള നോവൽ ദേശഭാവനയും രാഷ്ട്രീയ ഭ്രപടങ്ങളും ഷാജി ജേക്കബ് (എഡി.)	2012	എം.ജി
336.	തൊൽകാപ്പിയം - ഇളയപെരുമാൾ എം	2012	എം.ജി
337.	കരഞ്ഞ കവിയും ചിരിച്ച തത്വജ്ഞാനിയും - ഗോവിന്ദൻ എം	2012	എം.ജി
338.	വിമർശനത്തിലെ ആദ്യകിരണങ്ങൾ - ജോജി മാടപ്പാട്ട്	2012	എം.ജി
339.	അഴീക്കോട് എന്ന ട്ടോട്ടൽ ക്രിട്ടിക് - ജോജി മാടപ്പാട്ട്	2012	എം.ജി
340.	ഡിക്കാരിയുടെ കാതൽ - സി.ജെ തോമസ്	2012	എം.ജി
341.	കലസ്ത്രീയും ചന്തപ്പെണ്ണും ഉണ്ടായതെങ്ങനെ - ജെ. ദേവിക	2012	എം.ജി
342.	വിമർശനത്തിന്റെ ജാഗ്രതകൾ - ആർ ഭദ്രൻപിള്ള	2012	എം.ജി
343.	സാഹിത്യമീമാംസ: താരതമ്യപരിപ്രേക്ഷ്യം - ചാത്തനാത്ത്	2003	കാലടി
344.	പയസ്വിനി - ആഷാ മേനോൻ	2003	കാലടി
345.	ലീലാതിലകം - വ്യാഖ്യാനം - ഇളംകുളം	2003	കാലടി

346.	സംസ്കൃത സാഹിത്യത്തിലെ തത്വചിന്ത - കൃഷ്ണചൈതന്യ	2003	കാലടി
347.	സംസ്കാരപഠനം : ഒരു ആമുഖം - പി.പി രവീന്ദ്രൻ	2003	കാലടി
348.	നൂറുവർഷം നൂറുകഥ - കെ.എസ്. രവികുമാർ (എഡി.)	2003	കാലടി
349.	ആദ്യകാലകഥകൾ - കെ.എസ്. രവികുമാർ "	2003	കാലടി
350.	എം.പി പോളിന്റെ അസമാഹൃത രചനകൾ - എം.എൻ രാജൻ	2003	കാലടി
351.	പൂന്താനം മുതൽ സൈമൺ വരെ - പി. ഗോവിന്ദപ്പിള്ള	2014	കാലടി
352.	സംസ്കാരവും ദേശീയതയും - കെ.എൻ പണിക്കർ	2014	കാലടി
353.	അജ്ഞാതവുമായുള്ള അഭിമുഖങ്ങൾ - സുനിൽ പി. ഇളയിടം	2014	കാലടി
354.	ഭയത്തിന്റെ വായന - പി.കെ ഹരികുമാർ	2014	കാലടി
355.	മലയാളത്തിലെ കഥാകാരികൾ - ഡോ. ശ്രീദേവി കെ. നായർ	2014	കാലടി
356.	നോവൽ : ചരിത്രത്തിന്റെ പാഠഭേദം - ഷാജി ജേക്കബ്	2014	കാലടി
357.	വർണ്ണഭേദങ്ങൾ, പാഠഭേദങ്ങൾ - ഡോ. പി.കെ പോക്കർ	2014	കാലടി
358.	കാലത്തിന്റെ ഭ്രപടം - എ.വി പവിത്രൻ	2014	കാലടി
359.	നോവൽ : സി.വി മുതൽ ബഷീർ വരെ - ജോർജ്ജ് ഇരുമ്പയം	2014	കാലടി
360.	ഒടിച്ചു മടക്കിയ ആകാശം - കെ.ജി ശങ്കരപിള്ള	2009	കാലടി
361.	മലയാളം - സച്ചിദാനന്ദൻ	2009	കാലടി
362.	മുലകുടി - ബാലചന്ദ്രൻ ചുള്ളിക്കാട്	2009	കാലടി
363.	കടമ്മനിട്ട - കടമ്മനിട്ട	2009	കാലടി
364.	റോഡ് മുറിച്ചു കടക്കുമ്പോൾ - എ. അയ്യപ്പൻ	2009	കാലടി
365.	കഷ്ടമുടിക്കായൽ - കുരീപ്പുഴ ശ്രീകുമാർ	2009	കാലടി
366.	നാലാമത്തെ ആണി - ആനന്ദ്	2009	കാലടി
367.	സോളോഗയ്യാ - കെ.ആർ മീര	2009	കാലടി
368.	ശർമ്മിഷ്ഠ - എൻ.എസ് മാധവൻ	2009	കാലടി
369.	നാടകം - കണ്ണിന്റെ കല - ടി. പി സുകുമാരൻ	2009	കണ്ണൂർ
370.	ബാലസാഹിത്യത്തിന്റെ ഉത്ഭവവും വളർച്ചയും വികാസവും കെ.വി രാമനാഥൻ	2009	കണ്ണൂർ
371.	കുട്ടികളുടെ മനസ്സും സാഹിത്യവും - ഡോ. പ്രഭാകരൻ പഴശ്ശി	2009	കണ്ണൂർ
372.	കഥാപഠനങ്ങൾ - പന്മന രാമചന്ദ്രൻ നായർ (എഡി.)	2013	കണ്ണൂർ
373.	ആധുനികാനന്തര മലയാള നോവൽ - കെ.പി രമേഷ്	2013	കണ്ണൂർ
374.	നാടകത്തിന്റെ കഥ - ഡോ. വത്സലാ ബേബി	2013	കണ്ണൂർ
375.	നാടക പഠനങ്ങൾ - പന്മന രാമചന്ദ്രൻ നായർ (എഡി.)	2013	കണ്ണൂർ

376.	പരീക്ഷണ പ്രവണതകൾ മലയാള നാടകത്തിൽ -എൽ. തോമസ്കുട്ടി	2013	കണ്ണൂർ
377.	നവചരിത്രവാദം - ദിലീപ് രാജ്	2013	കണ്ണൂർ
378.	കഥയുടെ ന്യൂക്ലിയസ് - വത്സലൻ വാതുശ്ശേരി	2013	കണ്ണൂർ
379.	ക്രോധവും കനിവും - എം. ശ്രീകുമാർ	2013	കണ്ണൂർ
380.	സത്യവും മിഥ്യയും -എം. ശ്രീകുമാർ	2013	കണ്ണൂർ
381.	മലയാള വിമർശനത്തിന്റെ പൂർവമുഖം - ജേക്കബ് മണ്ണംമൂട് (എഡിറ്റർ)	2013	കണ്ണൂർ
382.	ദക്ഷശനങ്ങളുടെ ഋതുഭേദങ്ങൾ - സച്ചിദാനന്ദൻ	2013	കണ്ണൂർ
383.	ഹരിദക്ഷശനം ആധുനികാനന്ത കവിതയിൽ - സി.ആർ പ്രസാദ്	2013	കണ്ണൂർ
384.	കവിതാരതി - ഡോ. എം. ലീലാവതി	2013	കണ്ണൂർ
385.	ചെറുത്തുനില്പിന്റെ ദേശങ്ങൾ - ബാലചന്ദ്രൻ വടക്കേടത്ത്	2013	കണ്ണൂർ
386.	വരിയുടക്കപ്പെട്ട ജന്മങ്ങൾ - എ.എം ശ്രീധരൻ	2013	കണ്ണൂർ
387.	ശാസ്ത്രത്തിന്റെ സാമൂഹികധർമ്മം - ജെ.ഡി ബർണൽ	2013	കണ്ണൂർ
388.	ഭ്രമിയിലെ ഏറ്റവും മഹത്തായ ദൃശ്യവിസ്മയം - റിച്ചാർഡ് ഡോക്കിൻസ് വിവ. രവിചന്ദ്രൻ സി.	2013	കണ്ണൂർ
389.	തത്വമസി - അഴീക്കോട്	2013	കണ്ണൂർ
390.	വൈജ്ഞാനിക വിപ്ലവം ഒരു സാംസ്കാരിക ചരിത്രം - പി. ഗോവിന്ദപ്പിള്ള	2013	കണ്ണൂർ
391.	പരിസ്ഥിതി ശാസ്ത്രീയ വീക്ഷണം - പലർ	2013	കണ്ണൂർ
392.	പ്രകൃതിയിലേക്ക് മടങ്ങാൻ - ഫുക്കുവോക്ക	2013	കണ്ണൂർ
393.	ഭ്രമിക്ക് പനി- പി.എസ് ഗോപിനാഥൻ നായർ	2013	കണ്ണൂർ
394.	ഭാരതീയ ചിന്ത - കെ. ദാമോദരൻ	2013	കണ്ണൂർ
395.	ഹാസ്യ സാഹിത്യ നിരൂപണം - ഡോ. ഇ. സർദാർകുട്ടി	2013	കണ്ണൂർ
396.	ഇന്റർനെറ്റ് - കെ. രവീന്ദ്രൻ	2013	കണ്ണൂർ
397.	കഥയും ഫാന്റസിയും - വത്സലൻ വാതുശ്ശേരി	2016	മലയാളം
398.	ആഖ്യായികാനിർമ്മാണം - സി. ഈശ്വരവാരിയർ	2016	മലയാളം
399.	ആധുനികതയുടെ അപാവരണങ്ങൾ - കെ.എസ്. രവികുമാർ	2016	മലയാളം
400.	പൂതപ്രബന്ധം - സാഹിത്യചരിത്ര വിജ്ഞാനീയവും സംസ്കാരപഠനവും - രാധാകൃഷ്ണൻ ഇളയിടത്ത്	2016	മലയാളം
401.	ദമിതം - സുനിൽ പി. ഇളയിടം	2016	മലയാളം
402.	ദേവീവിലാസം - സി. അന്തപ്പായി	2016	മലയാളം

403.	കുട്ടികൃഷ്ണ മാരാര് കൈവിളക്ക് - സാഹിത്യവിദ്യ	2016	മലയാളം
404.	അവസ്ഥയും ആഖ്യാനവും - ആർ. വിശ്വനാഥൻ	2016	മലയാളം
405.	Literature in the Modern World: Critical Essays and Documents - Dennis Wald(Ed.)	2012	എം.ജി.

അദ്ധ്യായം - 8

കേരളസംസ്കാരപഠനം

8.1. ആമുഖം

പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യപാദങ്ങളിൽ ബ്രിട്ടീഷ് ഇന്ത്യയിലാണ് നമ്മുടെ ഇന്നലെകളെക്കുറിച്ചുള്ള അന്വേഷണങ്ങളും പഠനങ്ങളും ആരംഭിക്കുന്നത്. അതുകൊണ്ടുതന്നെ അക്കാലത്തെ യൂറോപ്പിന്റെ ജ്ഞാനപരിസരത്തിലും കൊളോണിയൽ താല്പര്യത്തിലുമാണ് ചരിത്രപഠനത്തിന്റെ ആദ്യഘട്ടം നിലയുറപ്പിച്ചത്. ഇന്ത്യൻ ഭാഷകളിലൊന്നും ബ്രിട്ടീഷുകാരുടെ കാലം വരെ ഇന്ത്യാചരിത്രം ഉണ്ടായിരുന്നില്ലെന്ന് റോമില ഥാപ്പർ സാക്ഷ്യപ്പെടുത്തുന്നു.[1]

ഇന്ത്യയുടെ ചരിത്രനിർമ്മിതി കച്ചവടക്കാരോ ഉദ്യോഗസ്ഥരോ മിഷനറിമാരോ ആയ, ഓറിയന്റലിസ്റ്റുകൾ എന്നു വിളിക്കപ്പെട്ടിരുന്ന തോമസ് റേ, വില്യം ജോൺസ്, ഫ്രാൻകോയിസ് ബനിയർ, ചാൾസ് വിൽകിംഗ്സ്, എച്ച്.ടി. കോൾബ്രോക്, എച്ച്. എച്ച്. വിൽസൻ തുടങ്ങിയവരിലൂടെയാണ് വികസിച്ചത്. ഇവരാകട്ടെ ഇന്ത്യനേരിട്ടു കണ്ടല്ല ചരിത്രം രചിച്ചത്. സംസ്കൃതവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ യൂറോപ്യൻ സർവ്വകലാശാലകളിൽ നടന്ന പഠനങ്ങളെ കേന്ദ്രീകരിച്ചായിരുന്നു.

ആര്യൻമാർ തദ്ദേശിയരായ ഇന്ത്യക്കാരിൽ നിന്നും ശാരീരികമായും സാംസ്കാരികമായും ഭാഷാപരമായും വ്യത്യസ്തരാണെന്നും അവർ തദ്ദേശീയരെ കീഴ്പ്പെടുത്തിയാണ് വൈദികസംസ്കാരം സ്ഥാപിച്ചതെന്നുമുള്ള ആര്യസിദ്ധാന്തങ്ങൾ ഇന്ത്യൻ സംസ്കാരത്തോട് ആഭിമുഖ്യം ഉണ്ടായിരുന്ന മാക്സ്മുള്ളർ ആവിഷ്കരിച്ചു. ആര്യന്മാരുടെ ഭാഷ ഇന്തോയൂറോപ്യനാണെന്ന് പറഞ്ഞുകൊണ്ട് ബ്രിട്ടീഷ് അധിനിവേശത്തിന് അനുകൂലമായ ചരിത്രവ്യാഖ്യാനമാണ് മറ്റുള്ളവർ നടത്തിയത്. ഇന്ത്യക്കാരെ ഭരിക്കാൻ ഇന്ത്യയെ അറിയേണ്ടത് ബ്രിട്ടീഷുകാരുടെ ആവശ്യമായിരുന്നു. അതിനുള്ള മാർഗമായിരുന്നു ചരിത്രരചന. ബ്രിട്ടീഷ് ചരിത്രകാരന്മാരുടെ അധിനിവേശയുക്തികളെ എം.ജി.എസും ഇറന്നുകാണിക്കുന്നു: "കൊളോണിയൽ ഭരണത്തിന്റെ പശ്ചാത്തലത്തിൽ മനുഷ്യരാശിയെ വംശീയാടിസ്ഥാനത്തിൽ വിഭജിക്കുന്ന യുറോപ്യൻ സമ്പ്രദായത്തിന് 18,19 നൂറ്റാണ്ടുകളിൽ കൂടുതൽ പ്രാധാന്യം കൈവന്നു. യുറോപ്യന്മാരല്ലാത്തവരെ രണ്ടാം തരക്കാരും അധമരുമായി

അവർ കണക്കാക്കി. യുറോപ്യേതര ജനസമൂഹത്തിനുമേൽ തങ്ങൾ നടത്തിയ സൈനിക അതിക്രമത്തിന് ഒരുതരം നിയമസാധുത്വം നല്കാൻ അവർ ഈ അസംബന്ധ അനുമാനം മറയാക്കുകയും ചെയ്തു. വേദങ്ങൾ തൊട്ടുള്ള ഇന്ത്യൻ കൃതികളിൽ വംശീയധ്വനികളും സൂചനകളും വായിച്ചെടുക്കാൻ യുറോപ്യൻ പണ്ഡിതർ പരിശ്രമിച്ചു. വേദങ്ങളും, രാമായണം പോലുള്ള ഇതിഹാസകൃതികളും ആര്യ-ആര്യേതര വംശങ്ങൾ തമ്മിലുള്ള സംഘട്ടനം പ്രതിഫലിപ്പിക്കുന്നതാണെന്ന് അവർ വാദിച്ചു. ഈ മുൻവിധിയോടെയാണ് തമിഴ് സംഘസാഹിത്യത്തെയും അവർ സമീപിച്ചത്."[2] ഇതേത്തുടർന്ന് ഔദ്യോഗികമായി ഇന്ത്യയൊട്ടുക്കും എല്ലാ ജില്ലകളിലും മാന്വലുകളും ഗസറ്റിയറുകളും ഉണ്ടാക്കാൻ തുടങ്ങി.[3] 1817-ൽ ജയിംസ് മില്ലിന്റെ ബ്രിട്ടീഷ് ഇന്ത്യാചരിത്രം പ്രസിദ്ധീകൃതമായി. ഇന്ത്യയുടെ ചരിത്രത്തിൽ മതപരമായ വിഭജനം-ഹിന്ദു, മുസ്ലിം, ബ്രിട്ടീഷ് എന്നിങ്ങനെ കൊണ്ടുവന്നതും ആര്യാഗമനം മുതൽ ബ്രിട്ടീഷ് ഭരണം വരുന്നതുവരെയുള്ള കാലഘട്ടം ഏകാധിപതികളായ രാജാക്കന്മാരാലുള്ള നിശ്ചലമായ (Unchanging) ഒന്നാണെന്നും ദീർഘകാലം നിലനിന്ന ഈ ചരിത്ര പാഠപുസ്തകത്തിൽ മിൽ രേഖപ്പെടുത്തി. ഗ്രീസിലെ നാഗരികതയേക്കാൾ പുരാതനമായ ഒന്നും തന്നെ ഇന്ത്യൻ നാഗരികതയിലുണ്ടാവരുതെന്ന ശാഠ്യത്തോടെ ഗ്രീക്കോ-റോമൻ നാഗരികത പ്രധാന അളവുകോലാക്കി ബ്രിട്ടീഷുകാർ നടത്തിയ ചരിത്രരചന ഇന്ത്യാചരിത്രത്തെ സംബന്ധിച്ച അടിസ്ഥാന അനുമാനങ്ങളിലും യുക്തിയിലും പിഴവുകൾ വരുത്തിയതായി എം.ജി.എസ്.നിരീക്ഷിക്കുന്നു: "സാമൂഹ്യപരിണാമങ്ങളെയും ജനങ്ങളെയും വിസ്മൃതരാക്കി, ദേശത്തിന്റെ ജൈവികവളർച്ചയെ അടയാളപ്പെടുത്താത്ത ചരിത്രരചന ഇന്ത്യയെ കുടിയേറ്റത്തിന്റെയും കീഴടക്കലിന്റെയും യുദ്ധപരമ്പരയുടെയും, പരസ്പരബന്ധമില്ലാത്ത സംഭവങ്ങളുടെ ഭ്രമികയാക്കി മാറ്റി".[4]

പിന്നീട് വർഷങ്ങൾക്കുശേഷം 1894-ലാണ് ആദ്യമായി, ഇന്ത്യക്കാരൻ രചിച്ച ഇന്ത്യയുടെ ചരിത്രം അഥവാ ആർ.ഡി. ബണ്ടേക്കറുടെ-The Early History of Dekan Bombay ഉണ്ടാകുന്നത്. ദേശീയപ്രസ്ഥാനങ്ങളുടെ ആവിർഭാവത്തോടെ തദ്ദേശീയമായ ചരിത്ര രചനകളും ധാരാളം ഉണ്ടായി.[5] സ്വാതന്ത്ര്യാനന്തരം ആധുനികചരിത്രശാസ്ത്രത്തിന്റെ പിതാവായി വിശേഷിപ്പിക്കപ്പെടുന്ന ചരിത്രവൈജ്ഞാനിക മേഖലയിൽ വിപ്ലവം സൃഷ്ടിച്ച ഡി.ഡി. കൊസാംബിയുടെ രചനകൾ പുറത്തുവന്നു.

റവ. തോമസ് ഫോൾക്ക്, എഫ്. കീൽഹോം, എഫ്.എൽ. ഫ്ലീറ്റ്, സർ. ലൂയിസ് റെയിസ്, ജി. ബുള്ളർ, ആർ.സി. ടെമ്പിൾ, വാൾട്ടർ ഇലിയറ്റ് തുടങ്ങിയവർ ശാസനങ്ങൾ വായിച്ചും വ്യാഖ്യാനിച്ചും പ്രസിദ്ധീകരിച്ചുതുടങ്ങിയതോടെയാണ് ദക്ഷിണേന്ത്യൻ ചരിത്രവിജ്ഞാനം വികസിച്ചുവന്നത്. ഡോ. ഹുൾഷിന്റെ നേതൃത്വത്തിൽ 1886-ൽ മദ്രാസ് ഗവൺമെന്റിന്റെ Department of Epigraphy സ്ഥാപിക്കപ്പെട്ടതോടെ പഠനം ഔദ്യോഗികവും ആധികാരികവുമായി മാറി. ഇന്ത്യക്ക് ചരിത്രം മാത്രമല്ല പുരാവിജ്ഞാനീയവും തന്നത് ബ്രിട്ടീഷുകാരാണ്. ഡോ. സ്വാമിനാഥ അയ്യങ്കാർ സംഘകാലസാഹിത്യകൃതികൾ

കണ്ടെത്തുകയും വി.കനകസഭൈ അവ പഠിച്ച് പ്രസിദ്ധീകരിക്കുകയും ചെയ്തതോടെയാണ് ദക്ഷിണേന്ത്യൻ ചരിത്രത്തിന്റെ അടിത്തറ ഒരുങ്ങിയത്. ദക്ഷിണേന്ത്യൻ ചരിത്രം എന്ന വിഷയത്തിന്റെ ഉദ്ഭവത്തെക്കുറിച്ചുള്ള എം.ജി.എസിന്റെ നിരീക്ഷണവും ഇതു ശരിവെക്കുന്നു.[6] 1929-ൽ പ്രസിദ്ധീകരിച്ച The pandiyan kingdom-വും 1932-ൽ പ്രസിദ്ധീകരിച്ച Studies in Cola History of Administration-ഉം 1935-ൽ പ്രസിദ്ധീകരിച്ച The Colas-ഉം ദക്ഷിണേന്ത്യൻ ചരിത്രത്തിൽ വഴിത്തിരിവു സൃഷ്ടിച്ച മൗലികകൃതികളാണ്. അന്നോളം ലഭ്യമായ തെളിവുകൾ സമാഹരിച്ചും പഠിച്ചും ക്രോഡീകരിച്ചും കെ.എ. നീലകണ്ഠശാസ്ത്രിയെന്ന ചരിത്രപ്രതിഭയിൽ നിന്നാണ് നാഴികക്കല്ലുകളായ ഈ രചനകൾ ഉണ്ടാവുന്നത്.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തോടെയാണ് വില്യം ലോഗനിലൂടെയും ഗ്രണ്ടർട്ടിലൂടെയും കേരളചരിത്രത്തെക്കുറിച്ചുള്ള അന്വേഷണങ്ങൾ ഉണ്ടാവുന്നത്. 1953-ൽ ചരിത്രത്തിൽ ഒന്നാം റാങ്കോടെ എം.എ. നേടിയ എം.ജി.എസ്. നാരായണൻ പറയുന്നു, "സ്വാതന്ത്ര്യലബ്ധിക്കു തൊട്ടുമുമ്പും പിമ്പും ഉള്ള വർഷങ്ങളിൽ ഞങ്ങളാരും സ്കൂളിലോ കോളേജിലോ കേരളചരിത്രം പഠിച്ചിരുന്നില്ല. ഇന്ത്യാചരിത്രം, ബ്രിട്ടീഷ് ചരിത്രം, യൂറോപ്യൻചരിത്രം, ചിലപ്പോൾ ഉയർന്ന ക്ലാസ്സുകളിൽ മൊത്തം സാമ്പത്തിക ചരിത്രമോ ഭരണചരിത്രമോ അപൂർവമായി ചരിത്രത്തിന്റെ തത്ത്വശാസ്ത്രം-ഇതൊക്കെയാണ് നിർദ്ദേശിക്കപ്പെട്ടിരുന്നത്"[7]. 1937-ൽ തിരുവിതാംകൂറിന് സ്വന്തമായി സർവ്വകലാശാല ഉണ്ടായപ്പോൾ എം.എ. മലയാളം പാഠ്യപദ്ധതിയുടെ ഭാഗമായി കേരളചരിത്രം നിർബന്ധിത പേപ്പറായി നിശ്ചയിക്കപ്പെട്ടു. അങ്ങനെയാണ് ആദ്യമായി കേരളചരിത്ര പഠനം ആരംഭിച്ചതെന്നതും കൗതുകകരമായ വസ്തുതയാണ്. അക്കാദമികമായി പഠിക്കേണ്ട വിഷയമാണ് ചരിത്രമെന്ന ബോധം കേരളീയർക്കുണ്ടാകുന്നത് വളരെ വൈകിയാണ്. 1970-ലാണ് കേരളസർവ്വകലാശാലയിൽ ചരിത്രത്തിന് ഒരു പഠനവിഭാഗം തന്നെ രൂപീകരിക്കപ്പെടുന്നത്.

അതുലന്റെ മൂഷികവംശം മഹാകാവ്യമാണ് (11-ാം നൂറ്റാണ്ട്) കേരളത്തെ സംബന്ധിച്ച ചരിത്രവിവരങ്ങൾ അടങ്ങിയ ആദ്യകൃതി. തിരുവിതാംകൂർ രാജ്യത്തിന്റെ പ്രതാപം രേഖപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ 1867-ൽ പാച്ചുമൂത്തത് എന്ന കൊട്ടാരം വൈദ്യൻ രചിച്ച തിരുവിതാംകൂർ ചരിത്രമാണ് മലയാളത്തിലെഴുതിയ ആദ്യചരിത്രകൃതി. തുടർന്ന് ഇതേ ഉദ്ദേശ്യത്തോടെതന്നെ ശങ്കുണ്ണിമേനോൻ History of Travancore (1878)-ഉം പ്രസിദ്ധീകരിക്കുന്നു. 1910-ൽ എഴുതി 1924-ൽ പ്രസിദ്ധീകരിച്ച A History of Kerala-യാണ് വസ്തുനിഷ്ഠമായ ചരിത്രരചനയുടെ രീതിശാസ്ത്രം പിൻപറ്റിയ ആദ്യകാല പ്രധാനകൃതി. തിരുവിതാംകൂർ ചരിത്രകാരനായ ശങ്കുണ്ണിമേനോന്റെ മകൻ കൃഷ്ണത്തു പുത്തൻവീട്ടിൽ

പത്മനാഭമേനോനാണ് രചയിതാവ്. പോർച്ചുഗീസ് ആഗമനവും ഭരണവും ബ്രിട്ടീഷ് ആധിപത്യവും പ്രതിപാദിക്കുന്ന കൊച്ചിരാജ്യചരിത്രമാണ് ഇദ്ദേഹത്തിന്റെ മറ്റൊരു പ്രധാന മൗലികകൃതി.

1933-ൽ തിരുവനന്തപുരം മഹാരാജാസ് കോളേജിൽ അദ്ധ്യാപകനായ ഇളംകുളം കുഞ്ഞൻപിള്ളയിലൂടെയാണ് പ്രാക്കേരളചരിത്രത്തെ സംബന്ധിച്ച മൗലികമായ തിരിച്ചറിവുകൾ ഉണ്ടാകുന്നത്. തിരുവിതാംകൂർ സർവ്വകലാശാല 1937-ൽ രൂപീകരിച്ചപ്പോൾ മലയാളം ഐച്ഛിക വിഷയമായ ബി.എ., എം.എ. വിദ്യാർത്ഥികൾക്ക് കേരളചരിത്രം നിർബ്ബന്ധിത വിഷയമാക്കിയപ്പോഴുണ്ടായ പാഠപുസ്തകപ്രതിസന്ധിയാണ് എ.ആറിനെപ്പോലെ ഇളംകുളത്തെയും ചരിത്രപഠനാന്വേഷണ ഗവേഷണങ്ങളിലേക്കും പുസ്തകരചനയിലേക്കും നയിച്ചതെന്ന് ഡോ. പുതുശ്ശേരി രാമചന്ദ്രൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.[8] 1960-80 കാലഘട്ടത്തിൽ കേരളചരിത്രത്തെ സംബന്ധിച്ച പ്രധാനപ്പെട്ട ആധികാരികപഠനം ഇളംകുളത്തിന്റേതായിരുന്നു. സംഘസാഹിത്യത്തെ ആർക്കിയോളജിക്കൽ തെളിവുമായി ബന്ധിപ്പിച്ചുകൊണ്ട് നടത്തിയ ആ പഠനങ്ങൾ പ്രാചീനകേരളത്തെ സംബന്ധിച്ച ശ്രദ്ധേയമായ നിരീക്ഷണങ്ങൾ ആദ്യമായി അവതരിപ്പിക്കുന്നതിന് സഹായകമായി. 1967-ൽ പ്രസിദ്ധീകരിച്ച കേരളം അഞ്ചും ആറും നൂറ്റാണ്ടുകളിൽ, 1967-ൽ പ്രസിദ്ധീകരിച്ച സംസ്കാരത്തിന്റെ നാഴികക്കല്ലുകൾ, 1970-ൽ പ്രസിദ്ധീകരിച്ച അന്നത്തെ കേരളം എന്നിവ കേരളസംസ്കാരപഠനത്തിന്റെ പാഠപുസ്തകപ്രതിസന്ധിക്കു പരിഹാരമായ കൃതികളാണ്. ദേശചരിത്രത്തെയും ഭാഷാപരിണാമത്തെയും പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് ഇളംകുളം നടത്തിയ പഠനങ്ങൾ ചരിത്ര, സാഹിത്യ പഠനമേഖലകൾക്ക് പുതിയ ദിശാബോധം നല്കി. എ.ഡി. 9,10,11 നൂറ്റാണ്ടിലെ കേരളരാജ്യം ഏകദേശം ഇന്നത്തേതിനു സമാനമാണെന്ന് തിരിച്ചറിഞ്ഞതും രണ്ടാം ചേരസാമ്രാജ്യത്തെ തിരിച്ചറിഞ്ഞ് പേരിട്ടതും വടക്ക് ഏഴിമലയിലെ മൂഷികരാജവംശത്തിന്റെ വംശാവലിയും കൂടുതൽ വിവരങ്ങളും ഇഴപിരിച്ചെടുത്തതും ഇളംകുളമാണ്. മഹോദയപുരം കൊടുങ്ങല്ലൂരാണെന്ന നിരീക്ഷണവും ലഘുഭാസ്കരീയ വ്യാഖ്യാനത്തെ മുൻനിർത്തി സ്ഥാണുരവിയുടെ ഭരണകാലം ക്രി.പി. 844 ആണെന്ന് നിജപ്പെടുത്തിയതും 11-ാം നൂറ്റാണ്ടിലെ ചേര-ചോള സംഘർഷത്തിന്റെ രാഷ്ട്രീയസാദ്ധ്യത തിരിച്ചറിഞ്ഞതും അദ്ദേഹമാണ്. കേരളചരിത്രപഠനത്തിൽ കൊടുങ്ങല്ലൂർ തലസ്ഥാനമായി ചേരസാമ്രാജ്യം (രണ്ടാം ചേരസാമ്രാജ്യത്തെക്കുറിച്ചുള്ള നിരീക്ഷണം) നിലനിന്നിരുന്നുവെന്ന് ഇളംകുളം പറയുന്നു. അതോടൊപ്പം സംഘകാല ചേരസാമ്രാജ്യത്തിൽനിന്ന് രണ്ടു ജനത, രണ്ടുസംസ്കാരം, രണ്ടുസമുദായം ഇവയാണ് പാട്ടും മണിപ്രവാളവും പ്രതിനീധീകരിക്കുന്നതെന്നും അക്കാലത്തെ കേരള ജനസമുദായം നെടുകെ രണ്ടായി പിളർന്നിരുന്നുവെന്നും ഇളംകുളം അഭിപ്രായപ്പെട്ടു. പൊതുവെ ദ്രാവിഡപക്ഷ ചരിത്രപഠനങ്ങൾ, ഇന്ത്യൻ ആര്യസംസ്കൃതി (ഗംഗാതട സംസ്കൃതി)യെക്കാളും സമ്പന്നമായിരുന്ന തെന്നിന്ത്യൻ ദ്രാവിഡസംസ്കൃതി (കാവേരീതട

സംസ്കൃതി)യെന്ന് സംഘത്തമിഴ് രചനകളെ മുൻനിർത്തി സ്ഥാപിക്കുകയാണ് ചെയ്തത്. ആര്യൻ സിദ്ധാന്തത്തെ ദ്രാവിഡംകൊണ്ട് പ്രതിരോധിക്കുകയും അധിനിവേശയുക്തികളെ തദ്ദേശീയതകൊണ്ട് നേരിടുകയുമാണ് ചെയ്തത്. ആര്യാധിനിവേശം മുതൽ തുടങ്ങിയ ആര്യ-ദ്രാവിഡ സംഘർഷങ്ങൾ സാഹിത്യത്തിന്റെയും ചരിത്രാന്വേഷണത്തിന്റെയും അവയുടെ അക്കാദമിക പഠനങ്ങളിലും അതായത് പാഠ്യപദ്ധതികളിലും നിലനിൽക്കുന്നു.

ഇളംകുളത്തിനുശേഷം കേരളചരിത്രരചനയെ സമ്പന്നമാക്കിയത് എ. ശ്രീധരമേനോൻ, പി.കെ. ഗോപാലകൃഷ്ണൻ തുടങ്ങിയവരാണ്. എൺപതുകളിൽ വേറിട്ടൊരു ചിന്താപദ്ധതിയുമായി പി.കെ. ബാലകൃഷ്ണൻ കേരളസംസ്കൃതിയുടെ ആന്തരികഘടനകൾ അനാവരണം ചെയ്യാൻ ശ്രമിച്ചു. ഡി.ഡി. കൊസാംബിയുടെയും കെ.പി. പത്മനാഭമേനോന്റെയും ചരിത്രരചനാസമീപനമാണ് അദ്ദേഹത്തെ സ്വാധീനിച്ചത്. കാലത്തോടും സമൂഹത്തോടും ബന്ധപ്പെടുത്തി വ്യക്തിയെ പഠിക്കുന്ന സാമൂഹികശാസ്ത്രസമീപനമാണ് അദ്ദേഹം പിന്തുടർന്നത്. "സവർണവരേണ്യതയുടെ പാരമ്പര്യമഹാത്മ്യങ്ങളെ ഇതുവഴി അനായാസം പൊളിച്ചടുക്കാൻ അദ്ദേഹത്തിനു സാധിച്ചു". എം.ജി.എസി.ന്റെ ഈ വാക്കുകൾ ഈ വസ്തുതയെ ശരിവെക്കുന്നുണ്ട്[10]. ചാതുർവർണ്യാശ്രമങ്ങളും ആര്യനിയമസംഹിതകളും വ്യാപിച്ചതോടെ സാമൂഹ്യവ്യവസ്ഥ കീഴ്മേൽ മറിഞ്ഞു. ഹിന്ദു മിഷനറി പ്രവർത്തനങ്ങളുമായി ഇവിടെയെത്തിയ ബ്രാഹ്മണരാണ് ചാതുർവർണ്യവ്യവസ്ഥയിലൂടെ സാമൂഹികക്രമത്തെ അഴിച്ചുപണിതതെന്ന പി.കെ. ബാലകൃഷ്ണന്റെ നിരീക്ഷണം ശ്രദ്ധേയമായിരുന്നു.[11]

1956-ൽ ഡി.ഡി. കൊസാംബി പ്രസിദ്ധീകരിച്ച 'ഇന്ത്യാചരിത്രപഠനത്തിനൊരു ആമുഖം' എന്ന കൃതി ഇന്ത്യൻ സംസ്കാരന്വേഷണപഥത്തിലെ നാഴികക്കല്ലായിരുന്നു. മാർക്സിയൻ ചരിത്രാന്വേഷണ രീതിശാസ്ത്രവും സിദ്ധാന്തങ്ങളും ഇന്ത്യൻ സാഹചര്യത്തിന് അനുയോജ്യമായി ഇണക്കിയെടുത്ത് നടത്തിയ ഗവേഷണപഠനങ്ങളിൽനിന്നാണ് ഈ കൃതി രൂപപ്പെട്ടത്. കൊസാംബിയൻ ചരിത്രരചനാരീതിശാസ്ത്രത്തെ കേരളചരിത്രരചനയിൽ സ്വീകരിച്ച് യാഥാർത്ഥ്യത്തിന്റെ പക്ഷത്ത് നിലയുറപ്പിച്ച ആദ്യചരിത്രകാരൻ പി.കെ. ബാലകൃഷ്ണനാണ്.

8.2. കേരളചരിത്രരചനയിലെയും പാഠ്യപദ്ധതിയിലെയും പ്രശ്നങ്ങൾ

19-ാം നൂറ്റാണ്ടുവരെയുള്ള മലയാളിയുടെ കേരളചരിത്രമെന്നു പറയുന്നത് ഇടനാടിന്റെ ചരിത്രമാണ്. മലനാടും തീരപ്രദേശവും അതിലെ ആവാസവ്യവസ്ഥയും ചരിത്രത്തിലിടം നേടിയിട്ടില്ല. അധികാരവ്യവസ്ഥയ്ക്കു പുറത്തുള്ള സമൂഹങ്ങളും അവരുടെ ജീവിതവും സംസ്കാരവും ഇന്ന് ചരിത്രം പിൻപറ്റുന്ന ചരിത്രരചനയുടെ രീതിശാസ്ത്രത്തിനും തെളിവുരൂപങ്ങളുടെ ശേഷിപ്പുകൾക്കും പുറത്താണ്. ശാസനങ്ങൾ, സാമ്പത്തിക ക്രയവിക്രയരേഖകൾ, മുദ്രകൾ എന്നിവയെല്ലാം സമൂഹത്തിൽ കൊടുക്കാനും വാങ്ങാനും ശേഷിയുള്ളവരുടെ അഥവാ അധികാരകേന്ദ്രങ്ങളുടെ ശേഷിപ്പുകളാണ്. ഈ ശേഷിപ്പുകൾ തെളിവുരൂപങ്ങളായി

കണ്ടു നിർമ്മിച്ചെടുക്കുന്ന ചരിത്രത്തിന് അക്കാലത്തെ ജനസാമാന്യത്തെ കണ്ടെടുക്കാൻ കഴിയില്ല. ഭ്രമിയോടൊപ്പം കൈമാറ്റം ചെയ്യപ്പെടുന്ന വസ്തു എന്ന നിലയിലാണ് പലപ്പോഴും അടിയാനും കുടിയാനും രേഖകളിൽ അടയാളപ്പെടുത്തപ്പെടുന്നത്.

കർണാടകവഴി കേരളത്തിലേക്കു വന്ന ആര്യന്മാർ സ്ഥാപിച്ച 32 ബ്രാഹ്മണ ഗ്രാമങ്ങളെ കണ്ടെത്തി ചരിത്രം രചിക്കാനാണ് പല ചരിത്രകാരന്മാരും ശ്രമിച്ചത്. ഒരു ന്യൂനപക്ഷത്തിന്റെ ഭാഷ, കലകൾ, ആചാരങ്ങൾ, വിശ്വാസങ്ങൾ, ആഘോഷങ്ങൾ, സാഹിത്യം, ആഹാരരീതികൾ, വേഷവിധാനങ്ങൾ എന്നിവയെ കേരളത്തിലെ ജനസാമാന്യത്തിന്റെ സംസ്കാരമെന്നമട്ടിൽ ഏകശിലാത്മകമാക്കി ചരിത്രരചന നിർവ്വഹിക്കുകയാണ് അവർ ചെയ്തത് അത്തരം രചനകൾ പാഠപുസ്തകമാക്കിയും അവയുടെ അടിസ്ഥാനത്തിൽ പാഠ്യപദ്ധതി തയ്യാറാക്കുകയും ചെയ്തുകൊണ്ട് ബിരുദ, ബിരുദാനന്തര വിദ്യാഭ്യാസം അവയെ വിജ്ഞാനമാക്കി മാനകീകരിക്കുന്നു. സവർണവരേണ്യവും ഹൈന്ദവവുമായ സംസ്കാരത്തെ കേരളത്തിന്റെ പൊതുസംസ്കാരമായി അവതരിപ്പിച്ച പ്രത്യയശാസ്ത്ര നിർമ്മിതിയായ പാഠ്യപദ്ധതി ചരിത്രകൃതികളെപ്പോലെത്തന്നെ ഇതരസമുദായങ്ങളോടും അവരുടെ സാസ്കാരികജീവിതത്തോടും അനീതിയാണ് ചെയ്തത്. കേരളത്തിലെ എല്ലാത്തരം സമൂഹങ്ങളെയും സാംസ്കാരികമായി ഉൾക്കൊള്ളുന്ന പാഠ്യപദ്ധതിയും ചരിത്രപുസ്തകങ്ങളും ഉണ്ടാകുമ്പോഴേ ബിരുദ, ബിരുദാനന്തര മലയാളപഠനത്തിന് അതിന്റെ ജ്ഞാനശാസ്ത്രപരമായ നൈതികത നേടാനാവൂ.

ചരിത്രപുസ്തകങ്ങളിലെയും കേരളസംസ്കാരപഠനത്തിന്റെ പാഠ്യപദ്ധതിയിലെയും ആഖ്യാനരീതി, ഭാഷ, പദപ്രയോഗം, വിജ്ഞാനത്തിന്റെ വർഗീകരണം, വിവരങ്ങളുടെ തെരഞ്ഞെടുപ്പ്, വിന്യസനം, മുൻഗണനാക്രമങ്ങൾ, പാഠപുസ്തകങ്ങൾ, സഹായകഗ്രന്ഥങ്ങൾ എന്നിവയെല്ലാംതന്നെ ഇതരസമുദായങ്ങളോട് വിവേചനം പുലർത്തുന്നതും വികാരങ്ങളെ വ്രണപ്പെടുത്തുന്നതുമാണ്. നമ്മുടെ ചരിത്രപഠനത്തിന് കേരളസമൂഹം ഇന്നനുഭവിക്കുന്ന പ്രശ്നങ്ങളെ അഭിമുഖീകരിക്കാനുള്ള ശേഷിയില്ല. കാരണം ചരിത്രത്തിൽ വേരുകളുള്ള പ്രശ്നങ്ങളുടെ മൂലകാരണങ്ങൾ തിരിച്ചറിഞ്ഞാലേ അവ എങ്ങനെ പരിഹരിക്കപ്പെടുമെന്നതിനെക്കുറിച്ച് ചിന്തിക്കാനാകൂ. കേരളത്തിലെ ബഹുസ്വരധാരകളെ, സങ്കരസംസ്കാരത്തെ ശരിയായി ഉൾക്കൊണ്ടിട്ടുള്ള ചരിത്രപുസ്തകങ്ങളുടെ അഭാവംതന്നെ വലിയ പ്രശ്നമാണ്.

8.3. മദ്രാസ് സർവ്വകലാശാല

കോളനികാലത്തെ മലയാളഭാഷാസാഹിത്യപഠനത്തിന്റെ നാളുകളിൽ കേരളസംസ്ഥാനം രൂപീകരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ പ്രാചീനദക്ഷിണേന്ത്യൻ ചരിത്രമാണ് പഠിക്കാൻ ഉണ്ടായിരുന്നത്. അന്നത്തെ മദ്രാസ് സർവ്വകലാശാലയുടെ റെഗുലേഷൻ അനുസരിച്ച് (അനുബന്ധം 6, പുറം 125) ഇത് ഐച്ഛികമായിരുന്നു. ഒന്നുകിൽ

ദക്ഷിണേന്ത്യൻചരിത്രം അല്ലെങ്കിൽ സംസ്കൃതം എന്നതായിരുന്നു വ്യവസ്ഥ. ഓരോ ഭാഷയ്ക്കും ബന്ധവിഷയം അഥവാ Cognate subject ഉണ്ടായിരുന്നു. ഒറിയ ഭാഷക്കാർക്ക് ഒറീസ്സയുടെ പ്രാചീനചരിത്രം, പേർഷ്യൻ, അറബിക്, ഉറുദു-എന്നീ ഭാഷക്കാർക്ക് പ്രാചീന മുസ്ലിം ചരിത്രം, സംസ്കൃതം പഠിക്കുന്നവർക്ക് പ്രാചീന ഇന്ത്യാചരിത്രം എന്നിങ്ങനെയായിരുന്നു നിർദ്ദേശങ്ങൾ. ബി.എ. മലയാളത്തിന്റെ പാഠ്യപദ്ധതിയിലെ ഈ വിഷയങ്ങളാണ് ആ വിഷയത്തിന്റെ ബി.എ. ഓണേഴ്സിനും, എം.എ.യ്ക്കും പഠിക്കേണ്ടിയിരുന്നത്. ഒരേ വിഷയത്തിൽ ഉപരിപഠനം നടത്തുന്നവർക്ക് ബി.എ.യ്ക്ക് ഈ വിഷയത്തിൽ കിട്ടിയ മാർക്ക് ഉപരിപഠനകോഴ്സിലേക്ക് ഉൾപ്പെടുത്തുമായിരുന്നു. അഥവാ വീണ്ടും പരീക്ഷ എഴുതേണ്ടതില്ലായിരുന്നു. (അനുബന്ധം, 6: 133).

ഇതനുസരിച്ച് ബി.എ.മലയാളം, ബി.എ. (ഓണേഴ്സ്), എം.എ. (മലയാളം) എന്നിവർക്ക് പഠിക്കാനുള്ള പ്രാചീന ദക്ഷിണേന്ത്യൻചരിത്രത്തിന്റെ പാഠ്യപദ്ധതി ചുവടെ ചേർക്കുന്നു (കലണ്ടർ, 1929: 593-597). ഇരുപത്തിനാല് യൂണിറ്റുകൾ അഥവാ ഖണ്ഡികകൾ ഈ പാഠ്യപദ്ധതി ഉൾക്കൊള്ളുന്നു. (അനുബന്ധം, 4: 7)

I. ഇന്ത്യയുടെ ഭ്രമിശാസ്ത്രവിഭജനം etc. - വിന്ധ്യയുടെ തെക്ക് ഭാരതം, ഉത്തരദക്ഷിണ ഭാഗങ്ങളെ വേർതിരിക്കുന്ന അറിയപ്പെടുന്ന അടയാളം മഹിസ്മതി; ഡക്കാനും ദക്ഷിണേന്ത്യയും; കൃഷ്ണ എന്ന വിഭജനരേഖ.

II. ആദിമവാസികളും അവരുടെ നാഗരികതയും etc. -പ്രാകൃതനിവാസികൾ, അവരുടെ നാഗരികതയും സംസ്കാരവും; ദക്ഷിണേന്ത്യയിലേക്കുള്ള ആര്യവ്യാപനം; പ്രാചീന ഭാരതീയസാഹിത്യത്തിലെ ദക്ഷിണേന്ത്യയെക്കുറിച്ചുള്ള വിവരങ്ങൾ; സംസ്കൃതവും പാലിയും; അഗസ്ത്യനും അദ്ദേഹത്തിന്റെ ശിഷ്യരും; തമിഴ് സാഹിത്യത്തിന്റെ ആരംഭം.

III. സിസ്-വിന്ധ്യൻ മൗര്യകാലത്തെ ഭാരതം- മൗര്യകാലത്തെ ഡക്കാനും ദക്ഷിണേന്ത്യയും ; അശോകന്റെ ദക്ഷിണേന്ത്യൻ ബന്ധങ്ങളും സാമ്രാജ്യവികസനവും; ആന്ധ്രക്കാരുടെ ഉദയം; കലിംഗയും ഖരവേലയും; ദക്ഷിണേന്ത്യയും സിലോണും.

IV. ഡക്കാനിലെ ആന്ധ്രാക്കാർ- ആന്ധ്രക്കാർ, അവരുടെ ശരിയായ വാസസ്ഥലം; അവരുടെ പ്രാചീനചരിത്രം; പുരാണങ്ങളിലെ ആന്ധ്രക്കാർ, സാമ്രാജ്യവിപുലനവും അതിന്റെ ഭാഗങ്ങളും; മതം-സാഹിത്യം, etc.; ആന്ധ്രക്കാർക്കുകീഴിൽ; ആന്ധ്രാസാമ്രാജ്യത്തിന്റെ പതനം.

V. ക്രിസ്തുവർഷത്തിലെ ആദ്യകാല നൂറ്റാണ്ടുകളിലെ ദക്ഷിണേന്ത്യ-ക്രിസ്തുവർഷോദയത്തിലെ ദക്ഷിണേന്ത്യ; ബാഹ്യലോകവുമായുള്ള ബന്ധം; കോളനിവത്കരണവും വാണിജ്യവും; അക്കാലത്തെ തമിഴ് സാഹിത്യവും സവിശേഷതയും.

VI. പല്ലവരും ബന്ധപ്പെട്ട രാജ്യങ്ങളും-പല്ലവരും തൊണ്ടയ്മരും; തൊണ്ടമണ്ഡലവും

അതിന്റെ പുനരുത്ഥാനവും; കാഞ്ചിയിലെ തൊണ്ടമണ്ഡലം തിരയ്യൻ; ദക്ഷിണഭാഗത്തേക്കുള്ള ശതവാഹനവ്യാപനം; ആദ്യകാല പല്ലവരും അവരുടെ ഉദ്ഭവവും; തെക്കിലെ തമിഴ് ആന്ധ്രാ രാജാക്കന്മാരുമായുള്ള അവരുടെ ബന്ധം; ആദ്യകാല പല്ലവരുടെ ചരിത്രം; സമുദ്രഗുപ്തന്റെ ആക്രമണം; ആദ്യകാല പല്ലവരുടെ പിൽക്കാലചരിത്രം; കാദംബർ, ഗംഗർ മറ്റു ചെറിയ രാജവംശങ്ങളും പല്ലവരുമായുള്ള അവരുടെ ബന്ധം; ദക്ഷിണേന്ത്യയിലെ പല്ലവരുടെ പരമാധികാരം; പല്ലവസംസ്കാരം.

VII. ഗുപ്തകാലഘട്ടത്തിലെ സിസ് വിന്ധ്യൻ ഭാരതം-ആന്ധ്രക്കാരുടെ സാമന്തർ; ചുട്ടുവർ; അഭിരവർ etc.; വകാടകരും അവരുടെ ഉത്ഭവവികാസവും സമുദ്രഗുപ്തന്റെ ദക്ഷിണേന്ത്യൻ ആക്രമണത്തിന്റെ സ്വഭാവം; വകാടകരും ഗുപ്തന്മാരും; വകാടകരുടെ ഭരണത്തുടർച്ച.

VIII. ദക്ഷിണേന്ത്യയിലെ പല്ലവപ്രഭാവം- ദക്ഷിണേന്ത്യയിലെ പല്ലവ പ്രഭാവം; സിംഹവിഷ്ണുപരമ്പരയിലെ മഹത്തായ പല്ലവരാജാക്കന്മാർ; ചോളസാമ്രാജ്യം വരെയുള്ള പല്ലവസാമ്രാജ്യധികാരം; പല്ലവ-ചാലൂക്യയുദ്ധം; പുലികേശിന്റെ കീഴിലുള്ള ദക്ഷിണേന്ത്യയിലെ ചാലൂക്യമുന്നേറ്റം; യുദ്ധത്തിന്റെ തുടർച്ച; പല്ലവമല്ല നന്ദിവർമന്റെ സിംഹവിഷ്ണുപരമ്പരയുടെ ഉന്മൂലനം; ഇക്കാലഘട്ടത്തിലെ സാഹിത്യം, കല, etc.

IX. ബദാമിയിലെ ചാലൂക്യർ-ആദ്യകാല ചാലൂക്യർ; പുലികേശിന്റെ കീഴിൽ ചാലൂക്യവ്യാപനം; ഹർഷന്റെ സാമ്രാജ്യവിപുലനം; കിഴക്കൻ ചാലൂക്യരുടെ സാമ്രാജ്യസ്ഥാപനം; ഹ്യൂയാൻസാങ്: ചാലൂക്യസാമ്രാജ്യത്തിന്റെ സാമാന്യസ്വഭാവം.

X. പിൽക്കാല പല്ലവരും പല്ലവ-പാണ്ഡവ യുദ്ധങ്ങളും- പിൽക്കാല പല്ലവർ; പല്ലവ വർമ്മ നന്ദി വർമന്റെ; പല്ലവ പ്രഭാവത്തിന്റെ തിരിച്ചുവരവ്; പല്ലവ പാണ്ഡവ യുദ്ധം;പല്ലവരും രാഷ്ട്രകൂടരും; ഗംഗരുടെ ഉദയം- ഗംഗരുടെ രാഷ്ട്രകൂട കുടിപ്പക; ദണ്ഡിവർമൻ; തെല്ലാരുവിലെ നന്ദി വർമൻ; അപരാജിതയും നൃപതുംഗയും; ചോളരുടെ ഉദയവും പല്ലവപ്രഭാവത്തിന്റെ അന്ത്യവും.

XI. രാഷ്ട്രകൂടരുടെ പ്രഭാവം- രാഷ്ട്രകൂടർ-ദണ്ഡിദുർഗയും പല്ലവരും; കൃഷ്ണ-I, ധ്രുവ, ഗംഗർ; ഗോവിന്ദ III , രാഷ്ട്രകൂടശക്തിയുടെ വ്യാപനം; കിഴക്കൻ ചാലൂക്യരോടും പാലരോടും ഗുർജാരരോടുമുള്ള ബന്ധം; അമോഘവർഷന്റെ കീഴിലുള്ള രാഷ്ട്രകൂടരുടെ മഹത്തായ വ്യാപനം; രാഷ്ട്രകൂടരുടെ ഗുജറാത്തി ശാഖ; കൃഷ്ണ II; കൃഷ്ണ III, കൃഷണ മൂന്നാമന്റെ പിന്തുടർച്ചക്കാർ; രാഷ്ട്രകൂടരും പരാമരരും; രാഷ്ട്രകൂടർക്കായുള്ള ചാലൂക്യരുടെ സാമന്തഭരണം.

XII. കിഴക്കൻ ചാലൂക്യർ- കിഴക്കൻ ചാലൂക്യർ; രാഷ്ട്രകൂടർ അധികാരത്തിലെത്തിയശേഷം ബന്ധങ്ങളിൽവന്ന മാറ്റം; വിജയാദ്യത്യൻ II, അമോഘവർഷന്റെയും

ഗോവിന്ദ മൂന്നാമന്റെയും കീഴിൽരാഷ്ട്രകൂടരുടെ അധികാര പ്രഖ്യാപനം; കിഴക്കൻ ചാലൂക്യരും പല്ലവരുമായുള്ള ബന്ധം; ആഭ്യന്തര കലഹങ്ങൾ; ചോള ആക്രമണം; കിഴക്കൻ ചാലൂക്യരുടെ രാജരാജ രണ്ടാമൻ.

XIII. ദക്ഷിണേന്ത്യയിലെ ചോളപ്രഭാവം-ചോളരുടെ ഉദയം; പല്ലവ-പാണ്ഡ്യയുദ്ധങ്ങൾ; വിജയാലയ; ആദിത്യ; പരന്തക; മഹത്തായ ചോള സ്ഥാപകൻ; ചോള രാഷ്ട്രകൂട സംഘർഷങ്ങൾ; മഹാനായ രാജരാജൻ; രാജരാജൻ; കിഴക്കൻ ചാലൂക്യരുമായുള്ള അദ്ദേഹത്തിന്റെ ബന്ധം;രാജേന്ദ്രനും ചോളസാമ്രാജ്യത്തിന്റെ വ്യാപനവും; വടക്കേഇന്ത്യയിലേക്കും കടൽ കടന്നുമുള്ള അദ്ദേഹത്തിന്റെ ആക്രമണങ്ങൾ; പന്ത്രണ്ടാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലെ ചോള-പാണ്ഡ്യ യുദ്ധങ്ങൾ; സിലോണിന്റെ ഇടപെടൽ; കുലോത്തുംഗ മൂന്നാമൻ; പാണ്ഡ്യരുടെ മേലുള്ള ചോള ആധിപത്യം; പാണ്ഡ്യശക്തിയുടെ പുനരുദ്ധാരണം; അവസാന ചോളൻ; ഹൊയ്സാലരുടെ ഇടപെടൽ; പാണ്ഡ്യപ്രഭാവത്തിന്റെ ആവിഷ്കാരം; ചോളരുടെ അന്ത്യം.

XIV. കല്ല്യാണിയിലെ ചാലൂക്യർ-പിൽക്കാല ചാലൂക്യർ; രാഷ്ട്രകൂടരുടെ നിഷ്കാസനം; ചോളരുടെ ഗംഗാവാടി കീഴ്പ്പെടുത്തലും അതിന്റെ ഫലവും; ചോളർക്കെതിരായ ചാലൂക്യരുടെ ആദ്യത്തെ ആക്രമണം; റൈച്ചൂർ നദിയിടപ്രദേശം; കഠിനയുദ്ധങ്ങൾ; രാജേന്ദ്രൻ ഒന്നാമന്റെയും സോമേശ്വര അഹവമല്ലയുടെയും പിന്തുടർച്ചക്കാർ; കിഴക്കും പടിഞ്ഞാറുമുള്ള ചാലൂക്യർക്കിടക്കുള്ള ബന്ധം; വിക്രമാദിത്യന്റെ ആദ്യവർഷങ്ങളും സോമശേഖ അഹമല്ലയുടെയും പിന്തുടർച്ചക്കാർ; കിഴക്കും പടിഞ്ഞാറുമുള്ള ചാലൂക്യർക്കിടക്കുള്ള ബന്ധം; വിക്രമാദിത്യന്റെ ആദ്യവർഷങ്ങളും സോമശേഖരന്റെ കീഴിലുള്ള ചോള-ചാലൂക്യയുദ്ധങ്ങളും; വിക്രമാദിത്യൻ ആറാമൻ; സാമന്തരാജ്യങ്ങളുടെ ഉദയം; കലചൂര്യ പിടിച്ചെടുക്കൽ; ചാലൂക്യരുടെ പുനരുദ്ധാരണവും ക്ഷയവും.

XV. തെക്ക് പാണ്ഡ്യരുടെ പുനരുദ്ധാരണം - കുലോത്തുംഗ മൂന്നാമന്റെ പിന്തുടർച്ചക്കാർക്കു കീഴിൽ പാണ്ഡ്യശക്തിയുടെ പുനരുദ്ധാരണം; രാജരാജ മൂന്നാമൻ; മാരവർമൻ സുന്ദര പാണ്ഡ്യൻ ഒന്നാമനു കീഴിൽ പാണ്ഡ്യരുടെ ആക്രമണം; ഹൊയ്സാല ഇടപെടൽ; പാണ്ഡ്യരുമായുള്ള ഹൊയ്സാല സഖ്യം; മാരവർ സുന്ദര പാണ്ഡ്യൻ രണ്ടാമനുകീഴിൽ ഹൊയ്സാല ആധിപത്യം; ജാതവർമൻ സുന്ദരപാണ്ഡ്യൻ ഒന്നാമൻ; തമിഴ് രാജ്യത്തെ ഹൊയ്സാല ആധിപത്യത്തിന്റെ അന്ത്യവും അദ്ദേഹത്തിന്റെ യുദ്ധങ്ങളും; ജാതവമൻ സുന്ദരന്റെ പിന്തുടർച്ചക്കാർ; പാണ്ഡ്യസാമ്രാജ്യത്തിന്റെ അഭിവൃദ്ധിയും മാരവർമ്മൻ കുലശേഖരനും; അദ്ദേഹത്തിന്റെ മക്കൾക്കിടയിലുള്ള യുദ്ധങ്ങളും മുഹമ്മദൻ ആക്രമണവും.

XVI. സാമന്ത സാമ്രാജ്യങ്ങൾ; ഒന്ന് ഹൊയ്സാലൻ - ചാലുക്യരുടെ സാമന്തർ; ദ്വാരസമുദ്രയിലെ ഹൊയ്സാലൻ; അവരുടെ അധികാരസ്ഥാപനം; വിഷ്ണു വർധനന്റെയും

വീരബല്ലാല രണ്ടാമന്റെയും കീഴിലുള്ള അഭിവൃദ്ധിയും; ഹൊയ്സാലരുടെ സ്വതന്ത്രസാമ്രാജ്യം; നരസിംഹ രണ്ടാമനും തെക്കോട്ടുള്ള ഹൊയ്സാല വ്യാപനവും; ഹെയ്സാലരുടെയും സോമേശ്വരരുടെയും തെക്കിലെ പ്രഭാവം; വീര രാമനാഥന്റെയും നരസിംഹ മൂന്നാമന്റെയും ഇടയിലുള്ള സാമ്രാജ്യവിഭജനം; വീര ബല്ലാല മൂന്നാമന്റെ; ഹൊയ്സാല സാമ്രാജ്യത്തിന്റെ ഭരണാധികാരി; മുഹമ്മദരുടെ ആക്രമണങ്ങൾ.

XVII. സാമന്തരാജ്യങ്ങൾ; II- ദേവഗിരിയിലെ യാദവർ - ശേണർ അല്ലെങ്കിൽ ദേവഗിരിയിലെ യാദവർ; ആദ്യകാല രാജാക്കന്മാർ; ബെല്ലവ മൂന്നാമൻ; സോമേശ്വര ഒന്നാമന്റെ വൈസ്രോയി; ശേണചന്ദ്ര രണ്ടമൻ; ബില്ലമ നാലാമൻ; ഈ രാജവംശത്തിലെ ആദ്യത്തെ പരമാധികാരി; ജൈതുജി; സിംഹണ; ദേവഗിരി; അദ്ദേഹത്തിന്റെ തലസ്ഥാനം; ഹൊയ്സാലർക്കെതിരിൽ അദ്ദേഹത്തിന്റെ യുദ്ധങ്ങൾ; കാക്കാത്തിയർ; കൃഷ്ണനും മഹാദേവനും; യാദവർക്കും കാക്കാത്തിയർക്കും തമ്മിലുള്ള ബന്ധങ്ങൾ; യാദവരും ഹൊയ്സാലരും; രാമചന്ദ്ര; അദ്ദേഹത്തിനു കീഴിൽ മുഹമ്മദൻ ആക്രമണങ്ങൾ; ഹാരപാല; മുബാറക്ക് ഖിൽജിമൂലം സാമ്രാജ്യനഷ്ടം:

XVIII. സാമാന്ത രാജ്യങ്ങൾ III - വാറംഗലിലെ കാക്കാത്തിയർ; വാറംഗലിന്റെ അടിത്തറ; മഹാദേവ; ഗണപതി രുദ്രമ; അല്ലെങ്കിൽ രുദ്രാമ്പ പ്രതാപരുദ്ര രണ്ടാമൻ; വാറംഗലിൽ നിന്നും തലസ്ഥാനം ഏകശിലയിലേക്ക് മാറ്റുന്നു; അദ്ദേഹത്തിന്റെ കാലത്തെ മുഹമ്മദൻ ആക്രമണം; സാമ്രാജ്യത്തിന്റെ പതനം; അദ്ദേഹത്തിന്റെ മകൻ കൃഷ്ണ അവസാന രാജാവ്.

XIX. മുഹമ്മദൻ ആക്രമണവും വിജയനഗര സ്ഥാപനവും; ദക്ഷിണേന്ത്യയിലെ മുഹമ്മദൻ ആക്രമണം; അവരുടെ സ്വഭാവം; വിപുലനം; ഫലം; മുഹമ്മദ് തുഗ്ലക്ക് മഹാരാജാവ്; മുഹമ്മദൻ കൈവശാവകാശങ്ങൾ; വിന്ധ്യന് തെക്ക്; ഹൊയ്സാലരുടെ നേതൃത്വത്തിൽ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ഹൈദവരുടെ സമരം; ബാഹ്മനി സാമ്രാജ്യത്തിന്റെയും വിജയനഗരത്തിന്റെയും സ്ഥാപനം.

XX. ആദ്യരാജവംശത്തിനു കീഴിലെ വിജയനഗരം; ആദ്യരാജവംശം ഹരിഹരനും ബുക്കനും; പില്ക്കാല യുദ്ധങ്ങൾ; ഹരിഹര രണ്ടാമൻ; മഹാരാജ വിശേഷണങ്ങളും ഉത്തരവാദിത്വങ്ങളും സംബന്ധിച്ച വിശ്വാസങ്ങൾ; ഹരിഹരനും പിന്തുടർച്ചക്കാർക്കും കീഴിൽ ബാഹ്മനി രാജവംശവുമായുള്ള ബന്ധങ്ങൾ; ബാഹ്മനിയുദ്ധങ്ങളും അതിന്റെ സ്വഭാവവും; ദേവരായ രണ്ടാമൻ; ആദ്യരാജവംശത്തിനു കീഴിലെ മഹത്തായ ഭരണാധികാരി അദ്ദേഹത്തിനു കീഴിലുള്ള സിറ്റിയും രാജ്യവും. ഒറീസ്സയുടെ ഉദയം; ഒറീസ്സയും ബാഹ്മനി സാമ്രാജ്യവുമായുള്ള സഖ്യം; ദേവരായരുടെ പിന്മുറക്കാർ; അവരുടെ സാഹചര്യങ്ങൾ.

XXI. വിജയനഗരം കീഴ്പ്പെടുത്തൽ:- ശാലുവരും തുളുവരും; ശാലുവരുടെ ഉദയം; സാമ്രാജ്യത്തിലെ അവരുടെ പദവി; ബാഹ്മനി, ഒറീസ്സ ആക്രമണങ്ങൾ; മഹാരാജാവിനുള്ള സേവനങ്ങൾ; സാലുവനരസിംഗ; പിടിച്ചടക്കിയതിനുശേഷമുള്ള അദ്ദേഹത്തിന്റെ സ്വഭാവം; യഥാർത്ഥ രാജാവ് എന്നനിലയിൽ നരാസ; അദ്ദേഹത്തിന്റെ മകൻ നരസിംഗ രണ്ടാമനും രാജ്യത്തിനകത്തെ കലാപവും; കൃഷ്ണദേവരായന്റെ സ്ഥാനാരോഹണം; ബാഹ്മനി സാമ്രാജ്യത്തിന്റെ അവസ്ഥ പിടിച്ചടക്കിയപ്പോഴും ശേഷവും; ബാഹ്മനി സാമ്രാജ്യത്തിനും റെയ്ച്ചൂരിനും എതിരെയുള്ള യുദ്ധങ്ങൾ; അദ്ദേഹത്തിന്റെ രാജ്യത്തിന്റെ അവസ്ഥ; കൃഷ്ണയുടെ അവസാന വർഷങ്ങളും രാജ്യത്തിനകത്തെ കലാപങ്ങളും; രാജ്യത്തിനകത്ത് അച്യുതന്റെ നിയമവാഴ്ചയുടെ പുനഃസ്ഥാപനം; അദ്ദേഹത്തിന്റെ പിൽകാല ഭരണത്തിന്റെ സ്വഭാവം; അച്ചുതന്റെ ഭാര്യാസഹോദരരുടെ ഉദയം ജ്യേഷ്ഠനും അനിയനും; തിരുമല; സദാശിവ; രാമാ തിരുവല, വെങ്കട്ട എന്നീ സഹോദരരുടെ ഭരണം.

XXII. വിജയനഗരം യഥാർത്ഥ ഭരണാധികാരികളായ സഹോദരങ്ങൾക്കു കീഴിൽ - സദാശിവൻ നാമമാത്ര ഭരണാധികാരി; ബാഹ്മിനി സാമ്രാജ്യവുമായുള്ള ബന്ധം; ശ്രീരംഗത്തെ മഹാരാജാവ്; മുഹമ്മദൻ മുന്നേറ്റങ്ങൾക്കെതിരെ അദ്ദേഹത്തിന്റെ സമരങ്ങൾ; വെങ്കട്ടയുടെ കീഴിൽ രാജ്യത്തിന്റെ പുനരേകീകരണം; ദക്ഷിണ പ്രദേശങ്ങളിലെ കുറില്ലായ്മ; സിംഗപ്പട്ടണം; മൈസൂരിന്റെ സംസ്ഥാപനം; വെങ്കട്ടയുടെ മരണം.

XXIII. വിജയനഗരസാമ്രാജ്യത്തിന്റെ നാശവും അന്ത്യവും – പിന്തുടർച്ചാവകാശയുദ്ധം; വിജയനഗരസാമ്രാജ്യത്തിന്റെ ദുർബ്ബലത; സാമ്രാജ്യത്തിലെ പ്രവിശ്യകൾ; ഗിംങ്കി, തഞ്ചാവൂർ, മധുര, മൈസൂർ, ഇക്കേരി, ഡക്കാനിലെ മുഗൾ മുന്നേറ്റം; വിജയനഗര സാമ്രാജ്യത്തിന്റെ അസ്ഥിരാവസ്ഥ; അവസാന ഭരണാധികാരി; ശ്രീരംഗ; ഐക്യരാഷ്ട്രത്തിനു വേണ്ടിയുള്ള അദ്ദേഹത്തിന്റെ ശ്രമങ്ങൾ; സാമ്രാജ്യത്തിന്റെ അന്ത്യം.

XXIV. മധുരയും മൈസൂരും സാമ്രാജ്യത്തിന്റെ തിരുശേഷിപ്പുകൾ:- മധുരയും മൈസൂരും സാമ്രാജ്യത്തിന്റെ തിരുശേഷിപ്പുകളായി തുടരുന്നു; ദക്ഷിണയിലെ മഹരത്തർ; ബിജാപ്പൂരിനുവേണ്ടിയുള്ള ഷാജിയുടെ ആക്രമണം; തഞ്ചോരിലേയും ഗിംഗിയിലേയും തൊഴിലാളികൾ; തെക്ക് ശിവജിയുടെ ആക്രമണം; നായകരുടെ കീഴിലുള്ള മധുര; ചിക്ക ദേവരായ വൊഡെയരുടെയും പിന്മുറക്കാരുടെയും കീഴിലുള്ള മൈസൂരും ഹൈദരാലിയുടെ പിടിച്ചെടുക്കലും.

1935-ൽ ബി.എ. മലയാളം (ഓണേഴ്സ്) കോഴ്സിന്റെ പാഠ്യപദ്ധതിയിൽ ദക്ഷിണേന്ത്യൻ ചരിത്രത്തോടൊപ്പം ശാസനങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു (അനുബന്ധം, 4: 43, 45-48). ഇന്നും കേരളസംസ്കാരപഠനത്തിൽ കാണുന്ന ശാസന പാഠങ്ങളുടെ ആധിക്യം

ഈ പാഠ്യപദ്ധതികളുടെ തുടർച്ചയിൽ നിന്നാണ് ഉണ്ടാകുന്നത്. ശാസന ലിഖിതങ്ങൾ പഠിക്കാനുള്ള സൗകര്യം ദീർഘകാലം തിരുവനന്തപുരത്തും മദ്രാസിലും മാത്രമാണ് ഉണ്ടായിരുന്നത്. ഡോ. എം. ലീലാവതി എം.എ. പഠനത്തിന് മദിരാശിയിൽ പോകുന്നത് ശാസനങ്ങളുടെ പഠനത്തിനുവേണ്ടിയാണെന്ന് അവർ അഭിമുഖത്തിൽ വ്യക്തമാക്കിയിരുന്നു. തമിഴ്, മലയാളം ഐച്ഛികങ്ങൾക്ക് ഒരേ ശാസനങ്ങൾ തന്നെയാണ് 1940-ലെ പാഠ്യപദ്ധതിയിൽ കണ്ടത്. പാഠ്യപദ്ധതി ചുവടെ ചേർക്കുന്നു (അനുബന്ധം 4; 45-48).

8.3.1. തമിഴും മലയാളവും : പല്ലവശാസനങ്ങൾ

1. പരമേശ്വരവർമ്മൻ ഒന്നാമന്റെ കൂറം ശാസനങ്ങൾ (S.1.1, Vol. I)
2. നന്ദിവർമൻ പല്ലവമല്ല്യന്റെ കാമ്പാകുടി ശാസനങ്ങൾ (S.1.1, Vol. II, ഭാഗം-III)
3. ദണ്ഡിവർമന്റെ തിരുവള്ളരായി ശാസനങ്ങൾ (E.1, Vol. 11)
4. നന്ദിവർമൻ മൂന്നാമന്റെ വേള്ളൂർ പാളയം ശാസനങ്ങൾ (S.1.1, Vol. II, ഭാഗം- I, S.1.1, Vol. II, ഭാഗം-V)
5. രാജകേശരിവർമന്റെ ശാസനങ്ങൾ (ചോള E.1, Vol. III)

8.3.2. പാണ്ഡ്യശാസനങ്ങൾ

1. നെടുഞ്ചാദയ്യന്റെ വേൽവിക്കുട്ടി ദാനശാസനം E.1, Vol. Vol. XVII pp. 298ff.
2. മരഞ്ചാടയ്യന്റെ മാന്യർ ശാസനങ്ങൾ E.1, Vol. XXII, ഭാഗം I
3. വലിയ ശിന്നമാന്യർ ശാസനങ്ങൾ S.1.1, Vol. III, ഭാഗം IV

8.3.3. ചോളശാസനങ്ങൾ

1. സുന്ദരചോളന്റെ അൻപിൽ ശാസനങ്ങൾ E.1, Vol. XV.- 58ff
2. രാജരാജൻ ഒന്നാമന്റെ തഞ്ചോർ ശാസനങ്ങൾ S.1.1, Vol. II, ഭാഗം I, നമ്പർ 1 മുതൽ 4 വരെ
3. രാജരാജൻ ഒന്നാമന്റെ ഉക്കൽ ശാസനങ്ങൾ S.1.1, Vol. III, ഭാഗം I നമ്പർ 4, P- 7
4. രാജരാജൻ ഒന്നാമന്റെ മേൽപ്പാടി ശാസനങ്ങൾ S.1.1, വാല്യം III, ഭാഗം I നമ്പർ 15-P. 23
5. രാജേന്ദ്ര ഒന്നാമന്റെ ശാസനങ്ങൾ S.1.1, വാല്യം II, ഭാഗം I നമ്പർ 7-ഉം 20-ഉം
6. രാജാധിരാജന്റെ മണിമംഗലം ശാസനം S.1.1, വാല്യം III, ഭാഗം I നമ്പർ 28, PP 53 ff.
7. രാജേന്ദ്ര രണ്ടാമന്റെ മണിമംഗലം ശാസനം S.1.1, വാല്യം III, ഭാഗം I, PP 59 ff.
8. വീരരാജേന്ദ്രന്റെ മണിമംഗലം ശാസനം S.1.1, വാല്യം III, ഭാഗം I, PP 65 ff
9. വീരരാജേന്ദ്രന്റെ കന്യാകുമാരി ശാസനങ്ങൾ E.1.1, വാല്യം XVIII, നമ്പർ 4
10. കുലോത്തുംഗ ചോളന്റെ ജംബുകേശ്വരം S.1.1, വാല്യം III, ഭാഗം II നമ്പർ 76, PP 168 ff
11. തിരുമലവാടിയിൽ നിന്നുള്ള വിക്രമചോളശാസനങ്ങൾ S.1.1, വാല്യം III, നമ്പർ 79, PP 182 ff

12. കുലോത്തുംഗ രണ്ടാമന്റെ രണ്ടു ശാസനങ്ങൾ S.1.1, വാല്യം VII, നമ്പർ 150; 407
13. രാജരാജ രണ്ടാമന്റെ ഒരു ശാസനം S.1.1, VII, നമ്പർ 458
14. രാജാധിരാജ രണ്ടാമന്റെ രണ്ടു ശാസനങ്ങൾ S.1.1, VI, നമ്പർ 438; VII, നമ്പർ 890
15. കുലോത്തുംഗ മൂന്നാമന്റെ രണ്ടു ശാസനങ്ങൾ S.1.1, വാല്യം III, ഭാഗം II, നമ്പർ 88, P.217 P.D നമ്പറുകൾ 163 മുതൽ 166 വരെ
16. രാജരാജമൂന്നാമന്റെ രണ്ടു ശാസനങ്ങൾ S.1.1, IV, 424; E.1, P.167
17. രാജേന്ദ്ര മൂന്നാമന്റെ ഒരു ശാസനം S.1.1, IV, 511

8.3.4. ചേരശാസനങ്ങൾ

1. ഭാസ്കര രവിവർമ്മന്റെ ശാസനങ്ങൾ - T.A.S., II
2. സ്ഥാണുരവിശാസനങ്ങൾ - T.A.S., II
3. ഹുസൂർ ഓഫീസ് ശാസനങ്ങൾ - T.A.S വാല്യം II, PP. 131 ff. വരികൾ 1-54
4. കൊല്ലം -149, ശ്രീവല്ലഭം ഗോദയുടെ മാമ്പള്ളിശാസനം T.A.S. വാല്യം IV, ഭാഗം - I
5. കൊല്ലം - 302 - വീരകേരള വർമ്മന്റെ ചോളപുരം ശാസനം T.A.S. വാല്യം IV, ഭാഗം - I
6. കൊല്ലം - 364 വീര ഉദയമാർത്താണ്ഡവർമന്റെ കൊല്ലൂർമഠം ശാസനങ്ങൾ T.A.S. വാല്യം IV, ഭാഗം - I
7. കൊല്ലം - 390 - രാമൻ കേരളവർമന്റെ കടിനാനംഗ്രളം ശാസനം T.A.S. വാല്യം IV, ഭാഗം - I
8. കൊല്ലം - 395 - തിരുനായനാർ കുറിച്ചി ശാസനം T.A.S. വാല്യം IV, ഭാഗം - I
9. കൊല്ലം - 426 - വീരരവി ഉദയമാർത്താണ്ഡവർമൻ T.A.S. വാല്യം IV, ഭാഗം - I
10. കൊല്ലം - 491 - വീര ഉദയ മാർത്താണ്ഡവർമന്റെ നാലാം ഭരണവർഷത്തിലെ കേരളപുരം ശാസനം T.A.S. വാല്യം IV, ഭാഗം - I
11. കൊല്ലം - 646 - വീരരാമരാമവർമന്റെ ശുചീന്ദ്രം ശാസനം T.A.S. വാല്യം IV, ഭാഗം - I
12. കൊല്ലം - 653- കൊയ്ലോൺ ശാസനം T.A.S. വാല്യം IV, ഭാഗം - I, P. 98
13. കൊല്ലം -712- വെന്മാൻകൊണ്ട ഭ്രതലവീര രവിവർമന്റെ ശുചീന്ദ്ര ശാസനം T.A.S. വാല്യം IV, ഭാഗം - I, P. 102
14. കൊല്ലം - 935-936 - ബാലരാമവർമന്റെ കന്യാകുമാരി ശാസനം T.A.S. വാല്യം IV, ഭാഗം - I
15. കേരളപുരം ശാസനങ്ങൾ T.A.S. വാല്യം V, ഭാഗം - II, P- 93. 71-C

ബി. എ. മലയാളം പാസ് കോഴ്സും ബി.എ. മലയാളം ഓണേഴ്സും തമ്മിൽ ഈ പേപ്പറിന്റെ പഠനത്തിലുള്ള വ്യത്യാസം ഓണേഴ്സിന് ശാസനങ്ങൾ ഉൾപ്പെടുന്നു എന്നതു മാത്രമാണ്. ഓണേഴ്സിന്റെ 1400 മാർക്കിൽ ഈ പേപ്പറിന് 200 മാർക്കാണ് ഉണ്ടായിരുന്നത് (ആകെ 8 പേപ്പർ). ബി.എ. മലയാളത്തിന് 80 മാർക്കും. 1958 വരെ ഈ പാഠ്യപദ്ധതികൾ

പൊതുവായി നിലനില്ക്കുന്നു. 1959 മുതൽ പുതിയ പുതിയ സർവ്വകലാശാലകൾ ഉണ്ടാകുന്നതിനനുസരിച്ച് പാഠ്യപദ്ധതിയിൽ ഏറ്റക്കുറച്ചിലുകളും പരിഷ്കാരങ്ങളും ഉണ്ടാവുന്നു.

8.3.5. പാഠ്യപദ്ധതി 1937 മുതൽ

ഈ കാലഘട്ടത്തിൽ എം.എ. മലയാളം ഐച്ഛിക കോഴ്സായിത്തന്നെയാണ് പാഠ്യപദ്ധതി കാണുന്നത്. ദക്ഷിണേന്ത്യൻ ചരിത്രം പോയി കേരളസംസ്കാരത്തിന്റെ ചരിത്രവും ശാസനങ്ങളും (1959 - കലണ്ടർ) എന്ന പേരിലേക്ക് പേപ്പറും പാഠ്യപദ്ധതിയും പരിഷ്കരിക്കപ്പെടുന്നുണ്ട്. പാഠ്യപദ്ധതി ചുവടെ ചേർക്കുന്നു.

8.3.5.1. പേപ്പർ - കേരളസംസ്കാരചരിത്രവും ശാസനങ്ങളും-മദ്രാസ് സർവ്വകലാശാല

a) പ്രാചീനകാലം മുതൽ ആധുനികകാലം വരെയുള്ള കേരളത്തിന്റെ രാഷ്ട്രീയചരിത്രത്തിന്റെ രൂപരേഖ, ദേശത്തിന്റെ സാംസ്കാരികചരിത്രം പഠിക്കാനുള്ള പശ്ചാത്തലമായിമാത്രമാണ് പഠിക്കേണ്ടത്.

രാഷ്ട്രീയസ്ഥാപനങ്ങൾ :- വിവിധ കൂട്ടങ്ങൾ - ഈ കൂട്ടങ്ങളാൽ നിയന്ത്രിക്കപ്പെടുന്ന പരമാധികാരിയായ രാജാവ് - മാമാങ്കം - ബ്രാഹ്മണാധിപത്യം - പ്രധാന രാജകുടുംബങ്ങളും സാംസ്കാരികകേരളത്തിന് അവരുടെ സംഭാവനയും.

സാഹിത്യവും ഇതരസുകുമാര കലകളും:- ചാക്യാർ കലകൾ - കൂത്ത്, കൂടിയാട്ടം, പാഠകം, സംഘക്കളി, കൃഷ്ണനാട്ടം, കഥകളി, മോഹിനിയാട്ടം, തിറയാട്ടം, കൈക്കൊട്ടിക്കളി, സംഗീതം-വാമൊഴി , ഉപകരണം. ചിത്രകലയും വാസ്തുവിദ്യയും.

വാണിജ്യവും കച്ചവടവും വിദേശബന്ധങ്ങളും:- ആദ്യകാല നാവികർ എന്നനിലയിൽ മലയാളികൾ - പോർച്ചുഗീസുകാർ, ഡച്ചുകാർ, ഇംഗ്ലീഷുകാർ

കളരി - ഭൗതികസംസ്കാരവും ആയോധന പരിശീലനവും - ദേശീയ ഉത്സവങ്ങൾ - മാതൃദായകസമ്പ്രദായം - ഭ്രൂവുടമസ്ഥതയും സാമ്പത്തിക സാഹചര്യങ്ങളും - സാമൂഹിക പ്രവർത്തനങ്ങളുടെ കേന്ദ്രം എന്ന നിലയിൽ ക്ഷേത്രങ്ങൾ.

ഈഴവർ, ജൂതർ, മുസ്ലിംകൾ - കേരളസംസ്കാരത്തിന് അവരുടെ സംഭാവനകൾ - വിദേശ സഞ്ചാരികളും സന്ദർശകരും - അവരുടെ കാഴ്ചപ്പാടിലെ കേരളം - സംസ്കൃത, പാലി സാഹിത്യത്തിലെ കേരളം - ബുദ്ധിസവും ജൈനിസവും കേരളത്തിൽ - കേരളത്തിന്റെ മതചരിത്രം - ശ്രീ ശങ്കരാചാര്യർ.

b) ശാസനങ്ങൾ: മദ്രാസ് സർവ്വകലാശാല തെരഞ്ഞെടുത്ത് പ്രസിദ്ധീകരിച്ച എല്ലാ മലയാള ശാസനങ്ങളും അവയുടെ ഭാഷാശാസ്ത്രപരവും ചരിത്രപരവും സംസ്കാരപരവുമായ ഘടകങ്ങൾക്ക് ഊന്നൽ കൊടുത്ത് പഠിക്കണം.

(അവലംബം: മദ്രാസ് സർവ്വകലാശാല കലണ്ടർ-1959)

റഫറൻസ് പുസ്തകങ്ങളോ സഹായകഗ്രന്ഥങ്ങളോ നല്കുന്ന രീതി എഴുപതുകൾ വരെയും ഈ പേപ്പറിന്റെ പാഠ്യപദ്ധതിയിൽ കാണുന്നില്ല. 2014-ലെ സെമസ്റ്റർ സംവിധാനത്തിലേക്കെത്തുമ്പോൾ ഒന്നാം സെമസ്റ്ററിലെ നാലാംപേപ്പറായി കേരളത്തിന്റെ സാംസ്കാരികചരിത്രം എന്നാകുന്ന കോഴ്സിന്റെ പേര്. പാഠ്യപദ്ധതിപോയി പകരം അഞ്ച് പുസ്തകങ്ങൾ പാഠങ്ങളായി ലിസ്റ്റു ചെയ്തിരിക്കുന്നു. ശ്രീധരമേനോന്റെ കേരളചരിത്രം, കേരളസംസ്കാരം, ഡോ. കെ.എൻ ഗണേശിന്റെ കേരളത്തിന്റെ ഇന്നലെകൾ, എം.ആർ. രാഘവവാര്യർ, രാജൻഗുരുക്കൾ എന്നിവരുടെ കേരള ചരിത്രം, ഇളംകുളത്തിന്റെ അന്നത്തെ കേരളം എന്നിവയാണ് ലിസ്റ്റു ചെയ്ത അഞ്ചു പുസ്തകങ്ങൾ. ശാസനങ്ങളോ സഹായകഗ്രന്ഥങ്ങളോ ഇല്ല.

8.4. കേരള സർവ്വകലാശാല

കേരളസർവ്വകലാശാലയിൽ 1959-ൽ രണ്ടാം വർഷത്തെ ആറാം പേപ്പറായി കേരള ചരിത്രം വരുന്നു (അനുബന്ധം, 4.5: 83-84). മദ്രാസ് സർവ്വകലാശാലക്ക് കേരളത്തിന്റെ രാഷ്ട്രീയ ചരിത്രം സാംസ്കാരിക പഠനത്തിന്റെ പശ്ചാത്തലമായി വിഭാവനം ചെയ്യാനും അതിനനുസൃതമായി പാഠ്യവസ്തുക്കൾ അടങ്ങുന്ന പാഠ്യപദ്ധതി തയ്യാറാക്കാനും കഴിഞ്ഞപ്പോൾ കേരളയ്ക്ക് അവിടെ എത്താൻ കഴിയുന്നില്ല. പാഠ്യവസ്തുക്കൾ തയ്യാറാക്കാനും സാധിക്കുന്നില്ല. Scope of the subject എന്ന പേരിലും Books for reference by the teachers എന്ന പേരിലും പുസ്തകങ്ങൾ ലിസ്റ്റുചെയ്യാൻ മാത്രമേ സാധിക്കുന്നുള്ളൂ. ആദ്യത്തേതിൽ 11 പുസ്തകവും രണ്ടാമത്തേതിൽ 1959-ൽ 39 പുസ്തകങ്ങളും 1963-ൽ 21 പുസ്തകങ്ങളും നിർദ്ദേശിച്ചിരിക്കുന്നു. കൂടാതെ 1959-ൽ 17 ശാസനങ്ങളും 1963-ൽ 16 ശാസനങ്ങളും നല്കിയിരിക്കുന്നു (പട്ടിക, 25: 1-12), (പട്ടിക, 26: 1-39).

8.4.1. ശാസനങ്ങൾ (1959)

1. മാരൻ കട്ടുന്റെ മ്യൂസിയം ശിലാശാസനം T.A.S. വാല്യം I, PP 153-159
2. സ്ഥാണുരവിയുടെ തരിസാപ്പള്ളി ശാസനം T.A.S. വാല്യം II, PP 60-85
3. കരുണന്തട്ടാക്കന്റെ ഓഫീസ് ഫലകങ്ങൾ T.A.S. വാല്യം I, PP 1-14
4. വിക്രമാദിത്യവരഗുണന്റെ ഹുസൂർ ശാസനം T.A.S. വാല്യം I, PP 17-19
5. വരഗുണന്റെ പാലിയം ശാസനം T.A.S. വാല്യം I, PP 187-193
6. ഇന്ദുക്കോത വർമ്മന്റെ തൃക്കാക്കര ശാസനം T.A.S. വാല്യം III, PP 166
7. ഭാസ്കരരവിവർമ്മന്റെ തിരുക്കടിത്താനം ശാസനം T.A.S. വാല്യം V, PP 56
8. ശ്രീ വല്ലഭൻ കോതയുടെ മാമ്പള്ളി താമ്രശാസനം T.A.S. വാല്യം IV, PP 1-11
9. വീരരാജേന്ദ്രന്റെ കന്യാകുമാരി ശാസനങ്ങൾ T.A.S. വാല്യം III, PP 89-158
10. കുലോത്തുംഗയുടെ കൊളപ്പുറം ശാസനങ്ങൾ T.A.S. വാല്യം IV, PP 14-20
11. കൊല്ലം 278-ന്റെ കൊയ്ലോൺ ശാസനങ്ങൾ T.A.S. വാല്യം V, PP 17

12. വീരകേരള വർമ്മന്റെ കൊളപ്പുറം ശാസനങ്ങൾ T.A.S. വാല്യം IV, PP 17
13. കോത കേരള വർമന്റെ ശ്രുചീന്ദ്രം ശാസനം T.A.S. വാല്യം IV, PP 18-20
14. കോതമാർത്താണ്ഡവർമ്മന്റെ തിരുവനന്തപുരം ശാസനം T.A.S. വാല്യം III, PP 46-52
15. വീരരാമവർമന്റെ വെള്ളായണി ശാസനം T.A.S. വാല്യം III, PP 33-37
16. രവികേരളവർമന്റെ മണലിക്കര ശാസനം T.A.S. വാല്യം III, PP 59-64
17. വീരരവി ഉദയമാർത്താണ്ഡവർമ്മയുടെ അരുർ ഫലകങ്ങൾ T.A.S. വാല്യം IV, PP 86-89

കുറിപ്പ് - ശാസനങ്ങൾ പഠിപ്പിക്കുമ്പോൾ ഊന്നൽ നല്കേണ്ടത് ഭാഷാവികസനത്തിൽ വ്യക്തതയുണ്ടാക്കാൻ കഴിയുംവിധം ഭാഷാഘടകങ്ങൾക്കാണ് (അനുബന്ധം, 4: 83-84).

മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും വിവിധശാഖകളുടെ പ്രാചീനകാലം മുതൽ വർത്തമാനകാലം വരെയുള്ള മുഴുവൻ കാര്യങ്ങളും പഠിതാക്കൾ ഉൾക്കൊള്ളുമെന്നാണ് പ്രതീക്ഷിക്കുന്നത്. (അവലംബം - മഹാരാജാസ് കലണ്ടർ, 1959-60)

1959-ലെ പാഠ്യപദ്ധതിയിലെ 19 റഫറൻസ് പുസ്തകങ്ങൾ ഒഴിവാക്കിയും ശ്രീനാട്ട് കുഞ്ഞൻ പിള്ളയുടെ മലബാർ ഇൻ ദ ഐസ് ഓഫ് ട്രാവലേഴ്സ് എന്ന കൃതി കൂട്ടിച്ചേർത്തുമാണ് 1961-ലെ പാഠ്യപദ്ധതി തയ്യാറാക്കിയിരിക്കുന്നത്. സഹായകഗ്രന്ഥങ്ങളുടെ പട്ടിക 26-ലെ 4-8, 15, 16, 19, 20, 23, 25-27, 32-37 നമ്പറിലുള്ള കൃതികളാണ് ഒഴിവാക്കിയത്. ദക്ഷിണേന്ത്യൻ ചരിത്രം, ദ്രാവിഡചരിത്രം, തമിഴ് ചരിത്രം, മലബാറിലെ ചർച്ചുകളുടെ ചരിത്രം, മാർക്കോപോളോ, ഇബ്ൻബത്തൂത്ത, ചേരസാമ്രാജ്യം, ആയ് രാജവംശം എന്നിവയുമായി ബന്ധപ്പെട്ട ഉള്ളടക്കങ്ങളുള്ള കൃതികളാണ് ഒഴിവാക്കിയിരിക്കുന്നത്. എം.എ.യുടെ പാഠപുസ്തകങ്ങളായ 9 കൃതികളിൽ അഞ്ചെണ്ണം (പട്ടിക 25, നമ്പർ 2-6) ബി.എ മലയാളത്തിന്റെ കേരളചരിത്രപഠനത്തിനും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. 1961ൽ ശാസനങ്ങളിൽ 9 എണ്ണം ഒഴിവാക്കുകയും (1, 3, 9, 10, 12, 13, 15, 16, 17) 8 എണ്ണം പുതുതായി ഉൾപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

1969-ൽ ഉൾപ്പെടുത്തിയവ

1. ജ്രുതച്ചെപ്പേട് (ചില കേരളചരിത്രപ്രശ്നങ്ങൾ, ഭാഗം 2)
2. പെരുനെയിൽ ശാസനം (T.A.S. വാല്യം V, പുറം 35)
3. കിളിമാനൂർ രേഖകൾ (T.A.S. വാല്യം V, പുറം 78-85)
4. വീരരാഘവന്റെ ശാസനങ്ങൾ (ചില കേരളചരിത്രപ്രശ്നങ്ങൾ ഭാഗം 2)
5. തിരുവിതാംകൂർ സ്റ്റേറ്റ് മാന്വലിൽ അനുബന്ധമായി ചേർത്ത രേഖകൾ (വാല്യം II, PP 1-50)

6. കോഴിക്കോട്ടെ സാമൂതിരിമാർ എന്ന കൃതിയിൽ ഫുട്ട് നോട്ടായി പ്രസിദ്ധീകരിച്ച രേഖകൾ (കെ.വി. കൃഷ്ണഅയ്യർ)
7. കൊച്ചിൻ രാജാക്കന്മാർ ഭടാവിയക്കയച്ച കത്തുകൾ - വി.കെ.ആർ. മേനോൻ
8. തിരുക്കടിത്താനം ശാസനം (T.A.S. വാല്യം V പുറം 181)

1961-ലും 1963-ലും റഫറൻസ് പുസ്തകങ്ങളും ശാസനങ്ങളും സമാനമാണ്. എന്നാൽ പാഠപുസ്തകങ്ങൾ 9 എണ്ണം മാത്രമേ ഉണ്ടായിരുന്നുള്ളൂ. മലബാറും പോർച്ചുഗീസും (കെ. എം. പണിക്കർ), ജന്മിസമ്പ്രദായം കേരളത്തിൽ (പി.എൻ.കുഞ്ഞൻപിള്ള), അന്നത്തെ കേരളം (പി.എൻ. കുഞ്ഞൻപിള്ള), എന്നിവ 1963-ൽ കൂട്ടിച്ചേർത്തതാണ്. 1964-ൽ റഫറൻസിൽ ചേരസാമ്രാജ്യം 9ഉം 10ഉം ശതകങ്ങളിൽ, കേരളം 5ഉം 6ഉം ശതകങ്ങളിൽ എന്നിവ കൂട്ടിച്ചേർക്കുന്നു. 1965-ൽ പി.എൻ. കുഞ്ഞൻപിള്ളയുടെ 'അന്നത്തെ കേരളം' മാറ്റി ഇളംകുളം കുഞ്ഞൻപിള്ളയുടെ 'ചരിത്രത്തിന്റെ പശ്ചാത്തലം' എ. ശ്രീധരമേനോന്റെ 'ജില്ലാ ഗസറ്റുകളിലെ ചരിത്രം പ്രതിപാദിക്കുന്ന അദ്ധ്യായങ്ങൾ' ഇളംകുളം കുഞ്ഞൻ പിള്ളയുടെ കേരളം 5-ഉം 6-ഉം നൂറ്റാണ്ടുകളിൽ എന്നിവ പാഠപുസ്തകങ്ങളായി ഉൾപ്പെടുത്തുന്നു. ഈ വർഷം തന്നെ റഫറൻസിൽ കെ.കെ. പിള്ളയുടെ ശുചീന്ദ്രം ക്ഷേത്രവും കൂട്ടിച്ചേർക്കുന്നു (1965).

1972-ലെ പാഠ്യപദ്ധതിയിൽ കേരളചരിത്രവും സംസ്കാരവും എന്ന രീതിയിൽ രണ്ടാംവർഷത്തെ എട്ടാമത്തെ പേപ്പറായി ഈ പേപ്പർ പരിഷ്കരിക്കപ്പെടുന്നു. അപ്പോഴും പാഠ്യപദ്ധതി ഉണ്ടാകുന്നില്ല. ശാസനങ്ങൾ പൂർണമായും ഒഴിവാക്കപ്പെടുകയും ചെയ്യുന്നു. സംസ്കാരം പേപ്പറിന്റെ പേരിൽ കൂട്ടിച്ചേർക്കുമ്പോഴും പാഠപുസ്തകങ്ങളിൽ അതിനനുസൃതമായി മാറ്റങ്ങൾ വരുന്നില്ല. 12 പുസ്തകങ്ങളുടെ പാഠപുസ്തക ലിസ്റ്റിൽ ശ്രീധരമേനോന്റെ 'എ സർവ്വേ ഓഫ് കേരള ഹിസ്റ്ററി'യും പി.കെ.നാരായണപിള്ളയുടെ 'കേരളപഠന'ങ്ങളും കെ.എ.ആർ.ശാസ്ത്രിയുടെ 'ഫോറിൻ നോട്ടീസസ് ഓഫ് സൗത്ത് ഇന്ത്യ' എന്നിവ കൂട്ടിച്ചേർക്കുകയും ജില്ലാ ഗസറ്റുകൾ, ചരിത്രത്തിന്റെ പശ്ചാത്തലം, അന്നത്തെ കേരളം, മലബാറും പോർച്ചുഗീസും. മലബാറും ഡച്ചും, സംഘകാലത്തെ ചേരസാമ്രാജ്യം, ക്രൊണോളജി ഓഫ് ദി ഏർലി തമിഴ് എന്നിവ ഒഴിവാക്കി, പാഠ്യപദ്ധതി പതുക്കെ പതുക്കെ ദക്ഷിണേന്ത്യയും തമിഴകവും വിട്ട് കേരളത്തിന്റെ ഭൂമിശാസ്ത്രപരിധിയിലൊതുങ്ങി ആഴവും വ്യാപ്തിയും നേടാൻ ശ്രമിക്കുന്നതു കാണാം. അതോടൊപ്പം പ്രാഥമിക ആകരങ്ങളിൽ നിന്ന് അറിവു നേടുന്നരീതി ദ്വിതീയമോ തൃതീയമോ ആയ സ്രോതസ്സുകളിലേക്ക് വഴിമാറുന്നുവെന്നതും വസ്തുതയാണ്. ശാസനപഠനങ്ങളുടെ ഒഴിവാക്കലിൽ അതാണ് സംഭവിക്കുന്നത്. റഫറൻസായി നല്കിയിരിക്കുന്ന പത്തുപുസ്തകങ്ങളിൽ നീലകണ്ഠശാസ്ത്രികളുടെ ദക്ഷിണേന്ത്യൻ ചരിത്രവും പദ്മനാഭമേനോന്റെ കേരളചരിത്രവും ഒഴികെയുള്ളവ പുതുതായി കൂട്ടിച്ചേർത്തതാണ് (പട്ടിക, 26: 44-51). 1975-ൽ റഫറൻസിൽ ഇളംകുളം കുഞ്ഞൻപിള്ളയുടെ 'സ്റ്റഡീസ് ഇൻ കേരള ഹിസ്റ്ററി' വുഡ്കോക്കിന്റെ കേരളം

എ പോർട്രേയ്റ്റ് ഓഫ് ദി മലബാർ കോസ്റ്റ്, ഡോ.എ. അയ്യപ്പന്റെ കൾച്ചറൽ ചെയ്ഞ്ച് ഇൻ എ മലബാർ വില്ലേജ് എന്നിവ കൂട്ടിച്ചേർക്കുന്നു. 1976-ൽ മാറ്റങ്ങൾ ഒന്നും തന്നെയില്ല.

1977-ൽ മദ്രാസ് സർവ്വകലാശാലയുടെ മാതൃകയിൽ കേരളസംസ്കാരം എന്ന തലക്കെട്ടോടെ ഒന്നാംവർഷത്തെ നാലാംപേപ്പറായി പാഠ്യപദ്ധതി പരിഷ്കരിക്കപ്പെടുന്നു (അനുബന്ധം, 4: 91-93). കേരള സർവ്വകലാശാലയിൽ കേരളസംസ്കാരത്തിന് ആദ്യമായി പാഠ്യപദ്ധതിയുണ്ടാകുന്നത് 1977ലാണെന്നു പറയാം. Books indicating the scope of the subject എന്നത് ഇതോടെ ഇല്ലാതാവുന്നു. റഫറൻസ് പുസ്തകങ്ങളായി 16 പുസ്തകങ്ങൾ നല്കിയിട്ടുണ്ട്. (പട്ടിക, 26: 55-67).

8.4.2. കേരളസംസ്കാരപഠനം - (1977-98)

കേരളചരിത്ര സംസ്കാരപഠനത്തിന്റെ അടിസ്ഥാനകൃതികൾ രൂപപ്പെടുകയും കേരളീയരുടെ സ്വത്വാവബോധങ്ങളും സാംസ്കാരികപരിപ്രേക്ഷ്യങ്ങളും പുതുബോധമായി ഉരുത്തിരിഞ്ഞുവന്ന എഴുപതുകളോടെ കേരളത്തിന്റെ സംസ്കാരചരിത്രപഠനം ഒരു ജ്ഞാനശാഖയായി ഭാഷാസാഹിത്യപഠനത്തിന്റെ അവിഭാജ്യഘടകമായി മാറിയെന്നു പറയാം. ശാസനങ്ങളെയും പുരാരേഖകളെയും അടിസ്ഥാനമാക്കിയുള്ള ചരിത്രപഠനത്തിൽ തുടങ്ങി ദക്ഷിണ, ദ്രാവിഡ ചരിത്രപഠനങ്ങളിൽ നിന്നും കേരളീയതയുടെ ദേശീയവും തദ്ദേശീയവുമായ ചരിത്രനിർമ്മിതികളിലൂടെ കേരളത്തിന്റെ സംസ്കാരപഠനത്തിലേക്ക് കേന്ദ്രീകരിക്കപ്പെടുകയാണ് ചെയ്തത്. മദ്രാസ് സർവ്വകലാശാലയാണ് കേരളത്തിന്റെ രാഷ്ട്രീയചരിത്രത്തെ സാംസ്കാരികചരിത്രമാക്കി സവിശേഷജ്ഞാനശാഖയാക്കുന്നതിന്റെ സാദ്ധ്യതകളെ ആദ്യമായി വിഭാവനം ചെയ്യുന്നത്. രാജാക്കന്മാരുടെ യുദ്ധചരിത്രങ്ങളിൽ നിന്നും കല, വാസ്തുവിദ്യ, ആചാരങ്ങൾ, ഉത്സവാഘോഷങ്ങൾ, സാമൂഹികപരിഷ്കരണങ്ങൾ, മതവിശ്വാസങ്ങൾ, വിവിധവിജ്ഞാനശാഖകൾ, വിദ്യാഭ്യാസം തുടങ്ങിയവയുടെ സാംസ്കാരികഭ്രമികയിലേക്കാണ് കേരളപഠനം രൂപാന്തരപ്പെടുന്നത്. കോളനികാല വിജ്ഞാനശാഖകളുടെ അച്ചിൽത്തന്നെയാണ് സംസ്കാരപഠനത്തിന്റെയും വേരുകൾ ചെന്നെത്തിനില്ക്കുന്നത് എന്നതുകൊണ്ടുതന്നെ അക്കാലത്തെ ജ്ഞാനപദ്ധതികളുടെ പരിമിതികളിൽ നിന്ന് അഥവാ മേൽക്കോയ്മകളിൽ നിന്ന് കേരളസംസ്കാരപഠനവും മുക്തമാവുന്നില്ലെന്നു പറയാം. ഐന്തിണകളിലെ ചില തിണകൾ സവർണവരേണ്യതയുടെ ചരിത്രസംസ്കാരപഠനങ്ങളിൽ നിന്ന് അപ്രത്യക്ഷമാവുന്നതിനെ യാദൃച്ഛികതയായല്ല പ്രത്യയശാസ്ത്രമായിത്തന്നെയാണ് കാണേണ്ടത്. താഴ്വരകളിലെയും സമതലങ്ങളിലെയും ജനജീവിതത്തിന്റെ പ്രബലസംസ്കാരത്തെ പാഠ്യപദ്ധതിയിലൂടെ കേരളദേശീയതയുടെ സംസ്കാരമായി മാനകീകരിക്കുമ്പോൾ തഴയപ്പെടുന്നത് മലമ്പ്രദേശങ്ങളിലെയും വനമ്പ്രദേശങ്ങളിലെയും കടൽ, കായൽ പ്രദേശങ്ങളിലെയും സമൂഹത്തിന്റെ സംസ്കാരമാണ്. സംസ്കാരമെന്നത് ഇക്കാലത്ത് വരേണ്യം കൂടിയാണ്. അഥവാ വരേണ്യമാവുന്നതേ സംസ്കാരികമാവുന്നുള്ളൂ. ചിത്രകല, ചുമർചിത്രങ്ങൾ, കർണാടകസംഗീതം, കൂത്ത്, കൂടിയാട്ടം, കഥകളി, തുള്ളൽ,

മോഹിനിയാട്ടം, ചവിട്ടുനാടകം, ജ്യോതിശ്ശാസ്ത്രം, തച്ചുശാസ്ത്രം, ആയുർവേദം, ശങ്കരാചാര്യർ, ഭക്തിപ്രസ്ഥാനം, തെയ്യം, തിറ, മുടിയേറ്റ്– 1977-ലെ പാഠ്യപദ്ധതിയിൽ പാഠ്യവസ്തുക്കൾ കേരളയിൽ ഇങ്ങനെ പോകുന്നു(അനുബന്ധം, 4.6: 91-93). ആര്യാധിനിവേശത്തിന്റെ ന്യൂനപക്ഷസാംസ്കാരികതയെ കേരളദേശത്തിന്റെ സാകല്യത്തിലേക്ക് സന്നിവേശിപ്പിക്കുന്നതിലൂടെയാണ് ചരിത്രത്തിൽ ചില ദേശങ്ങളും വംശങ്ങളും ഇല്ലാതാവുന്നത്. പൊയ്കയിൽ അപ്പച്ചന്റെ കാണുന്നീലോരക്ഷരവും എന്നു തുടങ്ങുന്ന പാട്ടുകൾ ഈ തിരിച്ചറിവിന്റെ വേദനയുടെ ദൃഷ്ടാന്തങ്ങളാണ്. ദേശീയതയെയും അതിന്റെ നിർണിത ഘടകങ്ങളെയും നിശ്ചയിക്കുന്നതും മാനകീകരിക്കുന്നതും അധികാരവും പദവിയും ഉള്ള പ്രബലസമൂഹത്തിന്റെ നിർമ്മിതികളാണ്. ഈ നിർമ്മിതികളെ ജനസാമാന്യത്തിന്റെ നിർമ്മിതിയായി സർവ്വസമ്മതപ്പെടുത്തുന്നതിന്റെ പ്രധാന ഏജൻസി വിദ്യാഭ്യാസമാണ് അഥവാ കുറേക്കൂടി സൂക്ഷ്മമായി പറഞ്ഞാൽ പാഠ്യപദ്ധതിയാണ്.

ശ്രീധരമേനോന്റെയും ഗോപാലകൃഷ്ണന്റെയും ഇളംകുളം കുഞ്ഞൻപിള്ളയുടെയും കേരളചരിത്ര സംസ്കാരപഠനത്തിനുള്ള അടിസ്ഥാനഗ്രന്ഥങ്ങൾ പാഠ്യപദ്ധതിയുടെ ഭാഗമായി മാറുക, ചരിത്രപഠനം സംസ്കാര പഠനത്തിലേക്ക് ദിശമാറുന്നതിന്റെ ഭാഗമായിവരുന്ന കലകളെ സംബന്ധിച്ച സവിശേഷമായ കൃതികളും ഉൾപ്പെടുക എന്നിവയെല്ലാം ഈ പാഠ്യപദ്ധതിയുടെ സവിശേഷതയാണ്. 1978-ൽ റഫറൻസ് പുസ്തകങ്ങൾ 19 എണ്ണം ആവുന്നു. നീലകണ്ഠശാസ്ത്രിയുടെ, 'The sangham age'പി.സി.അലക്സാണ്ടറുടെ 'ബുദ്ധിസം ഇൻ കേരള', കെ.എം. പണിക്കരുടെ 'കേരളസ്വാതന്ത്ര്യസമരം' എന്നിവയാണ് കൂട്ടിച്ചേർത്തത്. 1984-ൽ മലബാർ മാന്വലും തിരുവിതാംകൂർ സ്റ്റേറ്റ് മാന്വലും റഫറൻസിൽ പുനഃസ്ഥാപിക്കുന്നു. 1992-ൽ റഫറൻസ് പുസ്തകങ്ങളുടെ എണ്ണം 29 ആവുന്നു. (പട്ടിക, 26: 71-79). സവർണ വരേണ്യകാഴ്ചപ്പാടുകളെ ഊട്ടിയുറപ്പിക്കുന്നവയാണ് 1992-ൽ കൂട്ടിച്ചേർക്കുന്ന പുസ്തകങ്ങളിൽ മിക്കതും. 1989-ൽ കെ.ടി.രവീന്ദ്രനാഥിന്റെ കർണാടകസംഗീത ചരിത്രവും 1990-ൽ പി.കെ. ബാലകൃഷ്ണന്റെ ജാതിവ്യവസ്ഥയും കേരളവും 1992-ൽ കെ.എൻ. ഗണേശിന്റെ കേരളത്തിന്റെ ഇന്നലെകളും എ.ശ്രീധരമേനോന്റെ കേരളചരിത്രശിൽപികൾ എന്നിവയും കൂട്ടിച്ചേർത്തവയിൽ പെടുന്നു. കർണാടക സംഗീതചരിത്രം ഒഴിവാക്കുന്നു. 1994-ൽ രാജൻ ഗുരുക്കളും എം.ആർ.രാഘവവാര്യരും ചേർന്നെഴുതിയ കേരളചരിത്രം, ഇ.എം.എ.സ്. നമ്പൂതിരിപ്പാടിന്റെ കേരളചരിത്രം എന്നിവ പാഠ്യപദ്ധതിയുടെ ഭാഗമായി മാറുന്നു. 1998-ൽ എം.ജി. ശശിഭ്രഷൺ-ന്റെ കേരളത്തിന്റെ ചുവർചിത്രങ്ങൾ റഫറൻസിൽ ഉൾപ്പെടുത്തുന്നു.

1977- മുതൽ 22 വർഷം ജടിലമായി നിലനിന്ന പാഠ്യപദ്ധതി 1999-ൽ പരിഷ്കരിക്കുന്നു. പാഠ്യപദ്ധതി എന്ന തലക്കെട്ടോടെ കൂടുതൽ വിശദാംശങ്ങളോടെ 39 റഫറൻസ് പുസ്തകങ്ങളുടെ ലിസ്റ്റോടെ (പട്ടിക, 26: 82-98) പാഠ്യപദ്ധതി നവീകരിക്കുന്നു.

8.4.3. പേപ്പർ IV, കേരളസംസ്കാരപഠനം (1999-2016)

സംഘസാഹിത്യം, ആദിചേരന്മാരുടെ സംസ്കാരം, ജന്മിസംസ്കാരം, ജന്മിസമ്പ്രദായം, വിദ്യാഭ്യാസം, കച്ചവടസംഘങ്ങൾ, ആയോധനകല, കാവുസംസ്കാരം, കേരളസംസ്കാര ഗവേഷണം എന്നിങ്ങനെ വിവിധ മേഖലകൾ കൂട്ടിച്ചേർക്കപ്പെടുകയും വേണാടിനെയും പെരുമ്പടപ്പിനെയും കുലശേഖരരെയും കോലത്തിരിയെയും അവരുടെ കലാസാഹിത്യസംഭാവനകളോടെ വിശകലനവിധേയമാക്കുകയും ചെയ്യുന്നുണ്ടെങ്കിലും 1977-ലെ പാഠ്യപദ്ധതിയുടെ പരിമിതികൾ ഇപ്പോഴും നിലനില്ക്കുന്നതായിക്കാണാം. ദലിത്- ഇസ്ലാം സാമൂഹ്യനവോത്ഥാന, പരിഷ്കരണപ്രസ്ഥാനങ്ങളും കലാരൂപങ്ങളും സംഗീതവും ഭാഷാവ്യതിയാനങ്ങളും അച്ചടിയും പാഠ്യപദ്ധതിക്കു പുറത്തുതന്നെ. കേരളസംസ്കാരത്തിന്റെ ബഹുസ്വരധാരകളെ അടയാളപ്പെടുത്താൻ പാഠ്യപദ്ധതി ശ്രമിക്കുന്നില്ല. 2003-ൽ സെമസ്റ്റർ സംവിധാനത്തിലേക്കു മാറി രണ്ടാം സെമസ്റ്ററിലെ ഏഴാം പേപ്പറായി കേരളസംസ്കാരം നിലനില്ക്കുമ്പോഴും മുമ്പ് ഒരു വർഷകാലയളവിലേക്ക് നിശ്ചയിച്ച പാഠ്യപദ്ധതി മാറ്റങ്ങളൊന്നുമില്ലാതെ അതിന്റെ പകുതി സമയത്തേക്ക് നിശ്ചയിച്ചത് അശാസ്ത്രീയതയാണ്. പാഠഭാഗങ്ങൾ കുറച്ചില്ലെന്നു മാത്രമല്ല, ഉണ്ണിയച്ചീചരിതം, ഉണ്ണുനീലിസന്ദേശം, ലീലാതിലകം എന്നിവയിലെ സാംസ്കാരികസൂചനകൾ വിശദമായ പഠനത്തിന് ഉൾപ്പെടുത്തുകയും ചെയ്തു. റഫറൻസിൽ എൽ. കൃഷ്ണയ്യരുടെ 'പ്രീ-ദ്രവീഡിയൻ' കൂട്ടിച്ചേർക്കുന്നുമുണ്ട്. 2007-ൽ ഒന്നാം സെമസ്റ്ററിന്റെ മൂന്നാമത്തെ പേപ്പർ ആയി കേരളസംസ്കാരം മാറുന്നുണ്ട്. 2011-ൽ പാഠ്യപദ്ധതി മാറ്റമില്ല. റഫറൻസിൽ 4 പുസ്തകങ്ങൾ കൂട്ടിച്ചേർക്കുന്നുണ്ട് (പട്ടിക, 26: 100-103). 2016-ൽ ഭാഗികമായ മാറ്റങ്ങൾ ഉണ്ട്. ചിലത് ഉപേക്ഷിച്ചും ചിലത് പരിഷ്കരിച്ചും മറ്റു ചിലതു കൂട്ടിച്ചേർത്തും ആണ് പരിഷ്കരിച്ചിരിക്കുന്നത്. റഫറൻസ് പുസ്തകങ്ങൾ 45-ൽ നിന്നും 55-ലേക്കു മാറുന്നു (പട്ടിക, 26: 104-118). മുമ്പ് ഒരുവർഷത്തേക്ക് തയ്യാറാക്കിയ പാഠ്യപദ്ധതി പരിഷ്കരിച്ചപ്പോഴും ഉള്ളടക്കം കൂട്ടിയതല്ലാതെ സെമസ്റ്ററിനു പാകമാവുന്ന രീതിയിൽ യാഥാർത്ഥ്യബോധത്തോടെ പരിഷ്കരിക്കുന്നതിൽ ഈ പാഠ്യപദ്ധതിയും പരാജയപ്പെടുന്നു.

ആദിചേരന്മാർ, മണിപ്രവാളകൃതികളുടെ വിശദപഠനം, കച്ചവടബന്ധങ്ങൾ, ജന്മിസമ്പ്രദായം, നമ്പൂതിരി പ്രാബല്യം, അയിത്തം, കളരികൾ, എസ്.എൻ.ഡി.പി., എൻ.എസ്.എസ്., സാധുജനസംഘം എന്നിവയാണ് ഒഴിവാക്കിയവയിൽ പ്രധാനം. പത്രപ്രവർത്തനത്തെ വിവരസാങ്കേതികവിദ്യയുമായും മാധ്യമപ്രവർത്തനവുമായും അച്ചടിയെയും ആധുനികതയെയും ലിപിപരിണാമവുമായും ഗ്രന്ഥാലയപ്രസ്ഥാനങ്ങളുമായും വർത്തകസംഘങ്ങളെ ജനധിപത്യപരമായ കൂട്ടങ്ങളായും പരിഷ്കരിക്കുന്നു. ക്രൈസ്തവ-ഇസ്ലാംമതത്തിലെ ഭിന്നവിഭാഗങ്ങളെ (വിശ്വാസപരമോ/ഭരണപരമോ) ഹിന്ദുമതത്തിലെ ജാതി സമ്പ്രദായത്തോടൊപ്പം ചേർത്തുവെച്ചത് തെറ്റായ സാംസ്കാരിക പ്രത്യയശാസ്ത്ര പാഠനിർമ്മിതിയാണ്. ആധുനികവിദ്യാഭ്യാസം, ആഗോളീകരണം, മലയാളത്തനിമ

-സ്വത്വം, സംരക്ഷണം, കുടിയേറ്റം, കൈയേറ്റം, വിദേശധനം, പരിസ്ഥിതി, തൊഴിൽ പ്രശ്നം, ഉപഭോഗം, ശൈഖ് സൈനുദ്ദീൻ (തുഹ്ഫത്തുൽ മുജാഹിദീൻ), മാപ്പിള ലഹള, പഴശ്ശിരാജ, വേലുത്തമ്പിദളവ, കുണ്ടറവിളംബരം, ഗ്രന്ഥശാലാസംഘങ്ങൾ, സാഹിത്യപ്രവർത്തക സംഘങ്ങൾ, വിജ്ഞാന സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടുകൾ, അക്കാദമികൾ, ഗോത്രസംസ്കൃതി, കേരളത്തനിമ എന്നിവയാണ് പുതുതായി കൂട്ടിച്ചേർത്ത പാഠ്യവസ്തുക്കൾ.

കുടിയേറ്റം, കൈയേറ്റം, വിദേശധനം തുടങ്ങിയ സംജ്ഞകൾ മുസ്ലിം, ക്രൈസ്തവ അപരവത്കരണത്തിന് ആക്കം കൂട്ടുന്ന പ്രത്യയശാസ്ത്രപ്രയോഗങ്ങളാണ്. വിദേശധനം എന്നല്ല പ്രവാസവരുമാനം എന്നാണ് ഉപയോഗിക്കേണ്ടിയിരുന്നത്. അയിത്തം, ബ്രാഹ്മണമേധാവിത്തം, ജന്മിത്വനാടുവാഴി സമ്പ്രദായങ്ങൾ എന്നിവയുടെ ഒഴിവാക്കൽ ഈ മനോഭാവത്തെ കൂടുതൽ പ്രതിഫലിപ്പിക്കുന്നു. ഗോത്രസംസ്കൃതിയുടെ ധാരകളെ ഉൾക്കൊണ്ടതാണ് പാഠ്യപദ്ധതിയിലെ ശ്രദ്ധേയമായ മാറ്റം. എഴുത്തച്ഛൻ, മേൽപ്പത്തൂർ, ശ്രീനാരായണഗുരു, പൂന്താനം എന്നിവരുടെ കൃതികളും ആര്യസമാജം, ആനന്ദമതം, ശ്രീരാമകൃഷ്ണമിഷൻ എന്നീ പ്രസ്ഥാനങ്ങളെയും ഉൾപ്പെടുത്തുകയും ഇതരമതങ്ങളുടെയും സമുദായങ്ങളുടെയും വ്യക്തികൾ, സംഘങ്ങൾ എന്നിവ പരിഗണിക്കപ്പെടാതിരിക്കുകയും ചെയ്യുന്നത് പ്രത്യയശാസ്ത്രതാല്പര്യങ്ങളെ കൂടുതൽ സുതാര്യമാക്കുന്നു. കോളനിഭരണം സ്വാർത്ഥതാല്പര്യത്തോടെ ഉപയോഗിച്ച 'മാപ്പിളലഹള' എന്ന പ്രയോഗം തന്നെയാണ് അധിനിവേശവിരുദ്ധ ജന്മിത്വനാടുവാഴിവിരുദ്ധസമരത്തെ അടയാളപ്പെടുത്താൻ സമകാലത്തും ഉപയോഗിക്കുന്നു എന്നത് അക്കാദമികേതര പ്രത്യയശാസ്ത്രങ്ങൾ അറിഞ്ഞോ അറിയാതെയോ അക്കാദമികമേഖലയിൽ പ്രവർത്തിക്കുന്നതിന്റെ ദൃഷ്ടാന്തമാണ്. സംഗീതമായാലും കലയായാലും അത് ഏകശിലാത്മകമാണെന്ന മട്ടിൽ ഹൈന്ദവധാരയിൽ നിന്നുമാത്രം പാഠ്യവസ്തു രൂപപ്പെടുത്തുമ്പോൾ ഇതര ജനസാമാന്യത്തിന്റെ നൂറ്റാണ്ടുകളുടെ സാംസ്കാരികജീവിതത്തെ പ്രത്യയശാസ്ത്രപരമായി പുറന്തള്ളുന്നതിന്റെ വിവേചനമുഖത്തെ വിവൃതമാക്കുന്നു.

കേരളസർവ്വകലാശാലയെ സംബന്ധിച്ചെടത്തോളം കേരളപഠനം പാഠ്യപദ്ധതി അതിന്റെ തുടക്കം മുതൽ ഇന്നുവരെ ഉദ്ദേശ്യാധിഷ്ഠിതമല്ല.

8.5. കാലിക്കറ്റ് സർവ്വകലാശാല

രണ്ടാം വർഷ എം.എ. മലയാളത്തിന്റെ എട്ടാമത്തെ പേപ്പർ ആയി കേരളചരിത്രവും സംസ്കാരവും എന്ന തലക്കെട്ടിൽ ആണ് കോഴിക്കോട് സർവ്വകലാശാലയിൽ കേരള സംസ്കാരപഠനത്തിന്റെ ആരംഭം (1972). 1992-ലെ പാഠ്യപദ്ധതിയിൽ 'കേരളസംസ്കാരം' എന്നുമാത്രമായി ഒന്നാം വർഷത്തെ മൂന്നാമത്തെ പേപ്പറാവുന്നു. ഇതിൽ ആമുഖവും അഞ്ചു ബ്ലോക്കും ഓരോ ബ്ലോക്കിലും നാലു യൂണിറ്റുകൾ എന്ന നിലയിലാണ് പാഠ്യവസ്തു ക്രമീകരിച്ചിരിക്കുന്നത്. 38 പുസ്തകങ്ങളുടെ റഫറൻസുകൾ നല്കിയിരിക്കുന്നു. പാഠ്യപദ്ധതിക്ക് സാമാന്യമായ ഉദ്ദേശ്യലക്ഷ്യങ്ങൾ നല്കിയിട്ടുണ്ട്. കേരളചരിത്രത്തെക്കുറിച്ചുള്ള

വസ്തുനിഷ്ഠമായ സാമാന്യബോധവും കേരളീയരുടെ കാലികവും പ്രാദേശികവുമായ സാംസ്കാരികജീവിതത്തെക്കുറിച്ചുള്ള സവിശേഷജ്ഞാനവും വിദ്യാർത്ഥികൾക്ക് ഉണ്ടാവുക എന്നതാണ് പഠനലക്ഷ്യം. ഇക്കാലയളവിലെ കേരളസർവ്വകലാശാലയുടെ പാഠ്യപദ്ധതിയും കാലിക്കറ്റിന്റെ പാഠ്യപദ്ധതിയും ഒന്നുതന്നെയാണ്.

1999-ൽ പാഠ്യപദ്ധതിയിൽ ചെറിയ മാറ്റം വരുത്തുന്നു. ആദിവാസികളും കേരളവും, ജീവിതരീതി, കല, ആചാരാനുഷ്ഠാനങ്ങൾ, വൈദ്യം-ആദിവാസികളും കൂടിയേറ്റവും-ഭൂമി ശാസ്ത്രാടിസ്ഥാനം, ഉപജീവനമാർഗങ്ങൾ, സാമൂഹിക പരിഷ്കരണമാർഗങ്ങൾ, സാമൂഹികപരിഷ്കരണ പ്രസ്ഥാനങ്ങൾ എന്നിവയും സാമൂഹികപരിഷ്കരണ പ്രസ്ഥാനങ്ങളിൽ, ആധുനിക മതപ്രസ്ഥാനങ്ങൾ എന്ന തലക്കെട്ടിൽ തിയോസഫിക്കൽ സൊസൈറ്റി, ആത്മവിദ്യാസംഘം, ആര്യസമാജം, കേരളീയരുടെ സാമൂഹിക സാംസ്കാരികജീവിതത്തിൽ മതപ്രസ്ഥാനങ്ങൾ വരുത്തിയ ചലനങ്ങൾ എന്നിവയും ആണ് പുതുതായി ഉൾപ്പെടുത്തിയ പഠനമേഖലകൾ Pre Dravidian, Caste and Tribes of Cochin എന്നീ പുസ്തകങ്ങൾ റഫറൻസിലും ഉൾപ്പെടുത്തുന്നു.

2001-ൽ സെമസ്റ്റർ സംവിധാനത്തിലേക്കു മാറിയപ്പോൾ ഒന്നാം സെമസ്റ്ററിലെ മൂന്നാം പേപ്പറായാണ് കേരളസംസ്കാരം ഉൾപ്പെടുത്തിയിരിക്കുന്നത്. സെമസ്റ്ററിനനുസൃതമായി പാഠ്യപദ്ധതി വെട്ടിച്ചുരുക്കിയിട്ടുണ്ട്. ചരിത്രാതീതകേരളം, ഇരുമ്പുയുഗം, ആദിചേരന്മാർ, കലശേഖരന്മാർ, ടിപ്പു സുൽത്താൻ, വാണിജ്യം, നെടിയിരിപ്പ്, പെരുമ്പടപ്പ്, കോലത്തിരി രാജവംശങ്ങൾ (സാമാന്യമായി രാജവംശങ്ങൾ എന്നൊരു തലക്കെട്ടിലാക്കി), 1999ൽ കൂട്ടിച്ചേർത്ത ആധുനിക മതപ്രസ്ഥാനങ്ങൾ, സംഗീതം, കല, വിജ്ഞാനശാഖകൾ, സർപ്പക്കാവുകൾ, ദേവദാസി, അനുഷ്ഠാനകലകൾ എന്നിവയെല്ലാം ഒഴിവാക്കിയിരിക്കുന്നു. സ്ത്രീവിദ്യാഭ്യാസം ഇന്ന്, സമകാലകേരളം, സാമൂഹിക സാംസ്കാരിക രംഗങ്ങളിലെ സ്ത്രീപങ്കാളിത്തം എന്നിവ ഉൾപ്പെടുത്തുകയുംചെയ്തു. റഫറൻസ് 36 ആയി കുറച്ചു. ടി.കെ. ഗംഗാധരന്റെ കേരളചരിത്രം പുതുതായി ഉൾപ്പെടുത്തിയിട്ടുമുണ്ട്.

2004-ൽ കോർ പേപ്പറിന്റെ പാഠ്യപദ്ധതിയിൽ മാറ്റങ്ങളില്ലെങ്കിലും ഐച്ഛിക പഠനത്തിന് കേരളപഠനവുമായി ബന്ധപ്പെട്ട 11 പേപ്പറുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളസംസ്കാരം മലയാള വർഷാരംഭത്തിനുമുമ്പ്, കേരളത്തിന്റെ വൈജ്ഞാനികപാരമ്പര്യം, കേരളത്തിന്റെ ആധുനികവത്കരണം എന്നിങ്ങനെ മൂന്നുപേപ്പറുകൾ കാണുന്നുണ്ട്. ഒന്നാമത്തേതിൽ സംഘകാലകേരളവും മതങ്ങളുമാണ് വിശദപഠനത്തിന് നിർദ്ദേശിച്ചിരിക്കുന്നത്. 15 പുസ്തകങ്ങൾ റഫറൻസായും നല്കിയിരിക്കുന്നു. രണ്ടാമത്തെ ഐച്ഛിക പേപ്പർ ജ്യോതിഷം, ആയുർവ്വേദം, വ്യാകരണം, ഇതരശാസ്ത്രഗ്രന്ഥങ്ങൾ (ഗണിതം, മന്ത്രം, നീതിന്യായം, കളരി, മർമ്മ-യോഗ etc.) ഭാഷാസാഹിത്യ ചരിത്രനിർമ്മാണം

എന്നിവയാണ് പാഠ്യവസ്തുക്കൾ. 18 പുസ്തകങ്ങൾ റഫറൻസായും നല്കിയിരിക്കുന്നു. മൂന്നാമത്തെ പേപ്പറിൽ 19-ാം നൂറ്റാണ്ടിലെ കേരളത്തിന്റെ അവസ്ഥ, പാശ്ചാത്യരുടെ ആഗമനം, സാമൂഹിക പരിഷ്കരണപ്രസ്ഥാനങ്ങൾ, ആധുനികമതപ്രസ്ഥാനങ്ങൾ, അച്ചടി, ബെഞ്ചമിൻ ബയ്ലി, ഭ്രനിയമപരിഷ്കരണങ്ങൾ എന്നിവയുൾപ്പെടുന്നു. 6 പുസ്തകങ്ങൾ റഫറൻസായും നല്കിയിരിക്കുന്നു (പട്ടിക, 26: 121-138).

2008-ൽ നാമമാത്രമായ പരിഷ്കാരങ്ങൾ കാണുന്നുണ്ട്. പത്രപ്രവർത്തനം, ആദ്യകാല പത്രമാസികകൾ, പ്രതിപാദ്യവിഷയം, ഐക്യകേരളത്തിനുശേഷമുള്ള സാമൂഹിക സ്ഥിതിയും നേട്ടങ്ങളും കോട്ടങ്ങളും, ആധികാരവികേന്ദ്രീകരണം, വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ സ്വകാര്യപങ്കാളിത്തം, മാധ്യമങ്ങളും സംസ്കാരവും എന്നിവയാണ് കൂട്ടിച്ചേർത്തവ. റഫറൻസ് പുസ്തകങ്ങളും പരിഷ്കരിക്കുന്നു. (പട്ടിക, 26: 139-147). 2010-ൽ പാഠ്യപദ്ധതിയിൽ മാറ്റമില്ല. ഐച്ഛിക വിഷയങ്ങളിൽ നിന്ന് 2004-ൽ തുടങ്ങിയ കേരള പഠനവുമായി ബന്ധപ്പെട്ട പേപ്പറുകളെല്ലാം ഒഴിവാക്കി കേവലം കോർ പേപ്പറിലേക്കു മാത്രമായി കേരളപഠനം ഒതുങ്ങി.

2014-ൽ കേരളസംസ്കാരം പത്താമത്തെ കോർ കോഴ്സുമായി മൂന്നാം സെമസ്റ്ററിൽ ആണ് വരുന്നത്. അതോടൊപ്പം നാലാം സെമസ്റ്ററിൽ ഐച്ഛികപഠനത്തിന് കേരളീയചിന്ത എന്ന പുതിയ കോഴ്സും തുടങ്ങുന്നു. ഉദ്ദേശ്യാധിഷ്ഠിതമായിത്തന്നെ പാഠ്യപദ്ധതികൾ തയ്യാറാക്കിയിരിക്കുന്നു. ആദ്യകാല ഗോത്രജനതയോടും അവരുടെ സംസ്കാരത്തോടും ആര്യവർഗം ഇടകലർന്ന് രൂപപ്പെട്ട പുതിയ സംസ്കാരം കേരളീയരുടെ വീക്ഷണത്തിലും പ്രതികരണത്തിലും ഉണ്ടാക്കിയ മാറ്റങ്ങൾ മനസ്സിലാക്കുക, കച്ചവടത്തിനായി എത്തിയവരും അധികാരം പിടിച്ചെടുത്തവരും കേരളസംസ്കാരരൂപീകരണത്തിൽ വഹിച്ച പങ്കും വിശകലനം ചെയ്യുക, ഇത്തരം അന്തർധാരകളെ മനസ്സിലാക്കുകയും വിലയിരുത്തുകയും ചെയ്യുക എന്നിവയാണ് കേരള സംസ്കാരകോഴ്സിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

ഒന്നാം യൂണിറ്റിൽ ഭ്രമിശാസ്ത്രവും വംശപശ്ചാത്തലവും-സാംസ്കാരികബന്ധങ്ങൾ-നരവംശശാസ്ത്ര, പുരാവസ്തു തെളിവുകൾ-വിദേശബന്ധങ്ങൾ-കേരളത്തിന്റെ നാവികപാരമ്പര്യം-തുറമുഖങ്ങൾ എന്നിവയാണ് പാഠ്യവസ്തുക്കൾ. രണ്ടാം യൂണിറ്റ് സംഘകാലവും ആദി ചേരരാജാക്കന്മാരും ബുദ്ധ, ജൈന, യഹൂദ, ക്രൈസ്തവ, ഇസ്ലാംമതവും മതസൗഹാർദ്ദവും സമന്വയവും ചർച്ചചെയ്യുന്നു. മൂന്നാം യൂണിറ്റിൽ കേരളത്തിലെ രാജവംശങ്ങൾ, ക്ഷേത്രങ്ങളും കലകളും, ഭക്തിപ്രസ്ഥാനം, വൈജ്ഞാനികസാഹിത്യം, കച്ചവടകേന്ദ്രങ്ങൾ, നഗരരൂപീകരണം, ജന്മിസമ്പ്രദായം, ദായക്രമം, മണിപ്രവാളസാഹിത്യം, അനുഷ്ഠാന-അനുഷ്ഠാനേതര കലകൾ, നാടോടിസാഹിത്യം എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു. നാലാം യൂണിറ്റിൽ പാശ്ചാത്യരുടെ ആഗമനം, ശക്തൻതമ്പുരാൻ, മാർത്താണ്ഡവർമ, വേലുത്തമ്പിദളവ, പഴശ്ശിരാജ, മൈസൂർ ആക്രമണങ്ങൾ, ഇംഗ്ലീഷ് വിദ്യാഭ്യാസവും ആധുനിക

വീക്ഷണവും, ശ്രീനാരായണഗുരു, അയ്യങ്കാളി, വാഗ്ഭടാനന്ദൻ, ചട്ടമ്പിസ്വാമി, വക്കം മൗലവി, സ്വദേശാഭിമാനി രാമകൃഷ്ണപിള്ള, മറ്റു പരിഷ്കർത്താക്കൾ, വൈക്കം-ഗുരുവായൂർ സത്യാഗ്രഹങ്ങൾ-ഇന്ത്യൻ നാഷണൽ കോൺഗ്രസ്, ഖിലാഫത്ത്, നിസ്സഹകരണം, മലബാർകലാപം, പുന്നപ്രവയലാർ , ഇടതുപക്ഷപ്രസ്ഥാനങ്ങൾ, ഉത്തരവാദഭരണ പ്രക്ഷോഭം എന്നിവയും അഞ്ചാം യൂണിറ്റിൽ സ്വാതന്ത്ര്യാനന്തര കേരളത്തിന്റെ സംസ്ഥാ നരൂപീകരണം, നാട്ടുരാജ്യസംയോജനം, ഭൂപരിഷ്കരണനിയമം, സാമൂഹികസാമ്പത്തിക പരിഷ്കരണം, പ്രവാസികളും സാമൂഹികപരിവർത്തനവും, സ്ത്രീവിദ്യാഭ്യാസം, ദളിത് മുന്നേറ്റം, കൃഷി, വാണിജ്യവിളകൾ, മതേതരത്വം, മിശ്രവിവാഹം, ഐ.ടി.മാധ്യമങ്ങൾ, കലാവീക്ഷണം, ഫാസ്റ്റ്ഫുഡ്, ആരോഗ്യപ്രശ്നങ്ങൾ എന്നിവയും ചർച്ചചെയ്യുന്നു. ഓരോ യൂണിറ്റിലും 7-14 വരെ കൃതികൾ സഹായകഗ്രന്ഥങ്ങളായും ഉൾപ്പെടുത്തിയിരിക്കുന്നു. (പട്ടിക, 26: 159-185)

സെമസ്റ്റർ കാലയളവിനുള്ളിൽ വിനിമയം ചെയ്യാൻ കഴിയുന്നതിനേക്കാൾ കൂടുതലാണ് ഉള്ളടക്കം. കേരള സർവ്വകലാശാലയുടെ നിലവിലെ പാഠ്യപദ്ധതിയേക്കാൾ പദപ്രയോഗ ങ്ങളിൽ സൂക്ഷ്മത പുലർത്തുന്നുണ്ട്. മാപ്പിള ലഹളയ്ക്കുപകരം മലബാർ കലാപം. വിദേശധ നസഹായത്തിനു പകരം പ്രവാസികളും സാമൂഹിക പരിവർത്തനവും എന്നിവ ഏതാനും ഉദാഹരണങ്ങൾ. ഭിന്നതകളെ പൊലിപ്പിക്കാനല്ല സമന്വയങ്ങളുടെ ചരിത്രം പറഞ്ഞു തുടർ ച്ചയുണ്ടാക്കുക എന്ന അക്കാദമികലക്ഷ്യത്തിനു ശ്രമിക്കുന്നു. കേരള സർവ്വകലാശാലയുടെ ജാതിവ്യത്യാസം പറഞ്ഞ് തുടർച്ചയായി ക്രൈസ്തവ, ഇസ്ലാം വീക്ഷണവ്യത്യാസങ്ങളെ ജാതിവ്യത്യാസമാക്കി അവതരിപ്പിക്കുന്ന പ്രത്യയശാസ്ത്ര പ്രവർത്തനമില്ല. അയ്യങ്കാളിയെയും വക്കം മൗലവിയും സ്വദേശാഭിമാനിയെയും അനുഷ്ഠാനേതര കലകളെയും നാടോടി സാഹി ത്യരൂപങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ഏകശിലാത്മകമായ സാംസ്കാരിക നിർമ്മിതിയെ പ്രതിരോധിക്കുന്നുണ്ട്. ആഗോളീകരണം, പരിസ്ഥിതി, നവമാധ്യമങ്ങൾ, ഉപഭോഗം, വൈജ്ഞാനികസാഹിത്യം എന്നീ സമകാലികസാഹചര്യങ്ങളെ പാഠ്യപദ്ധതി അഭിമു ഖീകരിക്കുന്നുമില്ല. കലകളിൽ ക്ഷേത്രകലകളായ കൂത്ത്, കൂടിയാട്ടം എന്നിവ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതരധാരകൾ പരിഗണിക്കപ്പെടാത്തതും പരിമിതിയാണ്. ദളിത് പ്രത്യയശാസ്ത്രങ്ങളും സ്ത്രീവാദവും പരിസ്ഥിതിവാദവും നവോത്ഥാനത്തെയും സാമൂഹികപരിഷ്കരണത്തെയും വികസന സങ്കല്പങ്ങളെയും പുനർവായിക്കുന്ന സമയത്ത് വിമർശനാത്മകപഠനത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്താൻ പാഠ്യപദ്ധതിക്കാ വുന്നില്ല എന്നതാണ് ഇവിടത്തെ പ്രധാന പരിമിതി.

8.5.1. കേരളീയചിന്ത

കേരളീയചിന്ത എന്ന വ്യത്യസ്തവും പുതുമയുള്ളതുമായ കോഴ്സ് വിഭാവനം ചെയ്തിരി ക്കുന്നത് സാഹിത്യപഠനത്തെ സമഗ്രവും കൂടുതൽ കരുത്തുറ്റതുമാക്കുക എന്ന പരമമായ

ലക്ഷ്യത്തെ മുൻനിർത്തി, പല ധാരകളുള്ള കേരളീയധൈഷണിക-വൈജ്ഞാനിക -ചിന്താസാഹിത്യത്തെ മനസ്സിലാക്കാനുതകുന്ന വിധത്തിലാണെന്ന് ആമുഖമായി പ്രസ്താവിച്ചിരിക്കുന്നു. കൃഷി, ജ്യോതിശാസ്ത്രം, ഗണിതം, വൈദ്യം , വാസ്തുവിദ്യ തുടങ്ങിയ ജ്ഞാനവിഷയങ്ങളിലെ പാരമ്പര്യധാര, തമിഴ്-സംസ്കൃത പാരമ്പര്യവുമായി ബന്ധപ്പെട്ടതും ബൗദ്ധ-ജൈന-ക്രിസ്ത്യൻ-മുസ്ലിംദർശനങ്ങളോടു ചേർന്നുനില്ക്കുന്നതുമായ ദാർശനിക ആശയമേഖലകളുടെ ധാര, പാശ്ചാത്യധൈഷണികതയുമായുണ്ടായ സമാഗമം സൃഷ്ടിച്ച ആധുനിക ബുദ്ധിജീവികളുടെ പ്രതിസ്പന്ദനങ്ങളുടെ ധാര-എന്നിവയെല്ലാം ചേർന്നു നിർണയിക്കുന്ന -ചിന്താമേഖലയെ അടുത്തറിയുക, താത്ത്വികമായ സങ്കല്പങ്ങളിൽ വ്യക്തത കൈവരിക്കുക എന്നിവ ഈ കോഴ്സിന്റെ ഉദ്ദേശ്യങ്ങളായും നിശ്ചയിച്ചിരിക്കുന്നു.

ഒരു പാഠ്യപദ്ധതിയിൽനിന്ന് ദേശീയവും അന്തർദ്ദേശീയവുമായ സെമിനാറുകൾ ഉത്ഭവിക്കുകയും[12] അതിൽനിന്ന് റഫറൻസ് പുസ്തകങ്ങൾ[13] ഉണ്ടാവുകയും നവമാധ്യമങ്ങളിൽ ചർച്ചചെയ്യപ്പെടുകയും സാഹിത്യോത്സവങ്ങളിൽ ചർച്ചചെയ്യുന്ന വിഷയമായി[14] രൂപാന്തരം പ്രാപിക്കുകയും ചെയ്ത പാഠ്യപദ്ധതി എന്ന നിലയിൽ ഇത് സവിശേഷശ്രദ്ധ അർഹിക്കുന്നു. 22 പുസ്തകങ്ങളുടെ റഫറൻസും ഈ പാഠ്യപദ്ധതി ഉൾക്കൊള്ളുന്നുണ്ട്. (പട്ടിക, 26: 163-185)

കാലടി സർവ്വകലാശാലയുടെ 2009 - ലെ മലയാളഭാഷയുടെ ആധുനീകരണം എന്ന കോഴ്സിന്റെ പാഠ്യപദ്ധതി സമീപനത്തിന്റെ ചില സവിശേഷതയും കാലിക്കറ്റിന്റെ കേരളീയചിന്തയുടെ പാഠ്യപദ്ധതി പിൻപറ്റുന്നതായി കാണാം. കാലടിയിലെ മലയാളഭാഷയുടെ ആധുനീകരണം പാഠ്യപദ്ധതിയിലൂടെയാണ് മക്തി തങ്ങൾ ആദ്യമായി പാഠ്യപദ്ധതിയുടെ ഭാഗമാവുന്നത്.

സർഗാത്മകരചനകൾ, അവതാരികകൾ, ആമുഖങ്ങൾ, പഠനങ്ങൾ, ശാസനങ്ങൾ എന്നിവയ്ക്കുമാത്രം പാഠപുസ്തക പദവികൊടുക്കുകയെന്ന സാമ്പ്രദായികധാരണകളെ ഈ പാഠ്യപദ്ധതിയും തിരുത്തുന്നുണ്ട്. അക്കാദമികപ്രധാന്യമുള്ള ഏതൊരു രേഖയ്ക്കും പാഠപുസ്തകപദവി നല്കാം എന്ന് ഈ പാഠ്യപദ്ധതിയും തെളിയിക്കുന്നു. മലബാർ മാന്വേജ് കമ്മീഷൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട ചന്തുമേനോന്റെ മെമ്മോറാണ്ടം ഉദാഹരണം. സംസ്കാരത്തിന്റെ മാനകീകരണപ്രക്രിയക്കിടയിൽ, സവർണവരേണ്യതയിലൂന്നിയ സമീപനങ്ങൾ ബോധപൂർവം തള്ളിക്കളഞ്ഞ കൃതികളെയും വ്യക്തികളെയും പാഠ്യപദ്ധതിയിലുൾപ്പെടുത്തുന്നിടത്തും മേൽപ്പറഞ്ഞ സ്വാധീനം കാണാം. പോത്തേരികുഞ്ഞമ്പുവിന്റെ സരസ്വതീവിജയം, പണ്ഡിറ്റ് കറുപ്പന്റെ ജാതിക്കുമ്മി, മക്തി തങ്ങളുടെ മുസ്ലിം ജനതയും വിദ്യാഭ്യാസവും, പൊയ്കയിൽ അപ്പച്ചന്റെ കാണുന്നീലൊരക്ഷരവും എന്നിവ ഉദാഹരണങ്ങൾ, കേരളീയ ധൈഷണിക വൈജ്ഞാനിക സാഹിത്യത്തിന് പല ധാരകളുണ്ടെന്ന് പറയുമ്പോഴും അവയെ അടയാളപ്പെടുത്താൻ ശ്രമിക്കുമ്പോഴും നൂറ്റാണ്ടു

കൊണ്ട് സൃഷ്ടിച്ചെടുത്ത അധീശപരമായ സംസ്കാരനിർമ്മിതിയെ അഴിച്ചുപണിയാൻ പാകത്തിൽ ചിന്തയുടെ കേരളപ്പഴമകളിലേക്ക് ആനയിക്കാൻ ഈ കോഴ്സിനും പൂർണ്ണമായി സാധിക്കുന്നില്ല. ഭക്തിപ്രസ്ഥാനത്തെ ഉദാഹരണമായെടുത്താൽ എഴുത്തച്ഛൻ -പൂന്താനം-മേൽപത്തൂർ എന്ന് ഒരൊറ്റ രേഖീയതയല്ലാതെ ഇച്ചാ മസ്താൻ പോലുള്ളവർ മുന്നോട്ടുവെച്ച സൂഫിസത്തിന്റെയോ ഇതരദേശീയതകളുടെ ദർശനങ്ങളെയോ കീർത്തനസ്തോത്രകൃതികളെയോ (മാപ്പിളമാരുടെ മാലകൾ, ക്രൈസ്തവരുടെ ജ്ഞാനമുത്തുമാല) അക്കാദമികമായി അടയാളപ്പെടുത്താൻ പാഠ്യപദ്ധതിക്കാവുന്നില്ല. കേരളീയചിന്തയ്ക്കകത്ത് സ്ത്രീ ധൈഷണികതയുടെ ചിന്താധാരകൾ, അതു പ്രതിഫലിക്കുന്ന സാഹിത്യഭാവനകൾ എന്നിവ പരിഗണിക്കപ്പെടുന്നില്ല. ആണരശുനാട്ടിലെ പെൺകാഴ്ചകൾ എന്ന ജെ. ദേവികയുടെ ലേഖനം ഉൾപ്പെടുത്തിയതുകൊണ്ട് പരിഹരിക്കാൻ കഴിയുന്നതല്ല ഈ പ്രശ്നം. എങ്കിലും, ഈ പാഠ്യപദ്ധതി നല്ലൊരു തുടക്കമാണ്. മേൽ സൂചിപ്പിച്ച കുറവുകൾ തീർത്ത് കോർപേപ്പറായിത്തന്നെ എല്ലാ സർവ്വകലാശാലകളിലും പാഠ്യപദ്ധതിയ്ക്കകത്ത് വരേണ്ടതുമാണ്. ഭക്തിയായാലും നവോത്ഥാനമായാലും ദർശനമായാലും പഠനം വിമർശനാത്മകവും സംവേദനാത്മകവുമാകേണ്ടതുണ്ട്. നവോത്ഥാനത്തിന്റെ ദളിത്, സ്ത്രീ പുനർവായനകളും കേരളത്തിന്റെ സത്യാനന്തരകാലത്തോട് (Post truth period) ചേർത്തുനിർത്തിയുള്ള വിശകലനങ്ങളും പ്രസക്തമാവുന്നത് അങ്ങനെയാണ്.

8.6. മഹാത്മാഗാന്ധി സർവ്വകലാശാല

ഒന്നാം വർഷത്തെ നാലാം പേപ്പറായി 'കേരളസംസ്കാരം' എന്ന പേരിൽത്തന്നെയാണ് ഈ പേപ്പറിന്റെ ആരംഭം (1983). 1983-ലെ പാഠ്യപദ്ധതി കേരള സർവ്വകലാശാലയുടെ ഇക്കാലയളവിലെ പാഠ്യപദ്ധതിയും റഫറൻസും തന്നെയാണ്. 1986-ൽ ഈ പേപ്പർ 'മലയാളസാഹിത്യചരിത്രവും കേരളസംസ്കാരവും' എന്ന നിലയിൽ മാറുന്നുണ്ട്. പാഠ്യപദ്ധതി എ, ബി എന്നിങ്ങനെ രണ്ട് വിഭാഗങ്ങളായി തിരിച്ച് എ വിഭാഗം മലയാളസാഹിത്യചരിത്രത്തിനും ബി വിഭാഗം കേരളസംസ്കാരത്തിനുമായി നല്കിയിരിക്കുന്നു. 1983-ൽ നിന്നും വ്യത്യസ്തമായി പാഠ്യപദ്ധതി നല്കിയിട്ടില്ല. ആരംഭകാലത്തെപ്പോലെ മുഖ്യപഠനഗ്രന്ഥങ്ങൾ എന്ന നിലയിൽ 12 പുസ്തകങ്ങളുടെ ലിസ്റ്റും റഫറൻസ് ഗ്രന്ഥങ്ങൾ എന്നനിലയിൽ 34 പുസ്തകങ്ങളുടെ ലിസ്റ്റും നല്കിയിരിക്കുന്നു. 1983 മുതലുള്ള പാഠ്യപദ്ധതി നിലനിർത്തുന്നതുകൊണ്ടായിരിക്കാം പ്രത്യേകം നല്കാതിരുന്നിട്ടുണ്ടാവുക. കാരണം 1987ൽ മുഖ്യപഠനഗ്രന്ഥങ്ങളോടും റഫറൻസുകളോടും ഒപ്പം പഴയ പാഠ്യപദ്ധതിയും കാണുന്നുണ്ട്. ബി വിഭാഗത്തിൽത്തന്നെ എ പാഠ്യപദ്ധതി, ബി മുഖ്യപഠനഗ്രന്ഥങ്ങൾ സി റഫറൻസ് എന്നിങ്ങനെയാണ് തരംതിരിച്ചിരിക്കുന്നത്. പഠനഗ്രന്ഥങ്ങളുടെയും റഫറൻസുകളുടെയും എണ്ണം വർധിപ്പിക്കുന്നുണ്ട്. 1960-കളിലെ പാഠ്യപദ്ധതിയിലെ കൃതികളാണ് കൂട്ടിച്ചേർത്തവയിൽ പലതും.

1990-ൽ മലയാളസാഹിത്യചരിത്രത്തെ ഉപേക്ഷിച്ച് 'കേരളസംസ്കാരം' എന്ന പേരിൽത്തന്നെ അഞ്ചാമത്തെ പേപ്പറായി സ്വതന്ത്രപേപ്പറാവുന്നു. പാഠ്യപദ്ധതിയിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ ഇല്ലെങ്കിലും ചില ഭേദഗതികൾ വരുത്തിയിട്ടുണ്ട്. പാഠ്യപദ്ധതിയിൽ പാഠ്യവസ്തുക്കൾക്കു പകരം ചില ചോദ്യരൂപങ്ങൾ കാണുന്നുണ്ട്. സംസ്കാരം എന്നാൽ എന്ത്? കേരളത്തിന്റെ സംസ്കാരം, ചരിത്രനിർമാണത്തിന് ഉപകരിക്കുന്ന സാമഗ്രികൾ എന്തെല്ലാം? എന്നിങ്ങനെ. ദേവദാസീസമ്പ്രദായം, പട്ടത്താനം ശാല, കാന്തളൂർ ശാല, പാർത്ഥിവശേഖരപുരം ശാല, തിരുവല്ലാശാല—അവയുടെ സാംസ്കാരികസംഭാവനകൾ, പ്രഭാകരന്റെ ഗുരുമതം, ശ്രീശങ്കരന്റെ അദ്വൈതം, മാർത്താണ്ഡവർമയുടെയും ധർമരാജാവിന്റെയും കീഴിൽ കലാസാഹിത്യപ്രോത്സാഹനം, സാമൂഹികപരിഷ്കരണ പ്രസ്ഥാനങ്ങൾ, പ്രൊട്ടസ്റ്റന്റ് മിഷനറിമാരുടെ സംഭാവനകൾ, നിരണംകവികൾ, ചട്ടമ്പിസ്വാമികൾ, ക്രിസ്ത്യൻ, മുസ്ലിം പള്ളികളിലെ ചിത്രകല, സംഗീതശാസ്ത്രഗ്രന്ഥങ്ങൾ മലയാളത്തിൽ, ഷഡ്കാല ഗോവിന്ദമാരാർ, ഇതര സംഗീതജ്ഞർ, കഥകളി, യക്ഷഗാനം, മോഹിനിയാട്ടം തുടങ്ങിയവയാണ് കൂട്ടിച്ചേർത്ത പാഠ്യവസ്തുക്കൾ. മുഖ്യപഠനഗ്രന്ഥമായി 24 പുസ്തകങ്ങളെയും (പട്ടിക, 25: 53-66) സംശോധകഗ്രന്ഥങ്ങൾ എന്ന തലക്കെട്ടിൽ 20 പുസ്തകങ്ങളെയും നല്കിയിരിക്കുന്നു (പട്ടിക, 26: 196-200). 1991-ൽ മുഖ്യപഠനഗ്രന്ഥങ്ങളും സംശോധകഗ്രന്ഥങ്ങളും കൂട്ടിച്ചേർത്ത് സഹായകഗ്രന്ഥങ്ങൾ എന്ന പൊതുതലക്കെട്ടിൽ 36 പുസ്തകങ്ങളുടെ ലിസ്റ്റ് നല്കിയിരിക്കുന്നു. 1992-ൽ ലിസ്റ്റിൽ റോബിൻ ജെഫ്രിയുടെ നായർ മേധാവിത്വത്തിന്റെ പതനം, പി.ഭാസ്കരനുണ്ണിയുടെ 19-ാം നൂറ്റാണ്ടിലെ കേരളം എന്നിവയും ഉൾപ്പെടുത്തുന്നു. 1993-ൽ റഫറൻസിൽ കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതിഹ്യമാല ഉൾപ്പെടുത്തുകയും സി.കേശവന്റെ ജീവിതസമരം ഒഴിവാക്കുകയും ചെയ്യുന്നു. 1992-ൽ ഭാരതസംസ്കാരത്തിന് കേരളത്തിന്റെ സംഭാവനകൾ എന്ന പാഠ്യവസ്തു നീക്കം ചെയ്യുന്നുണ്ട്. ഒരു പേപ്പറിന്റെ പാഠ്യപദ്ധതി ദശാബ്ദങ്ങളോളമാണ് മാറ്റമില്ലാതെ നിലകൊള്ളുന്നത്.

2012-ലെ പാഠ്യപദ്ധതിയിൽ സെമസ്റ്റർ സംവിധാനത്തിനുകീഴിൽ മൂന്നാം സെമസ്റ്ററിലെ പതിനഞ്ചാമത്തെ കോർ പേപ്പറായി 'കേരള സംസ്കാരപഠനം'എന്ന തലക്കെട്ടിലാണ് ഈ കോഴ്സ് ഉള്ളത്. ജനസംസ്കാരപഠനം ഐച്ഛിക കോഴ്സായും ഉണ്ട്. കോഴ്സ് ഉദ്ദേശ്യാധിഷ്ഠിതമാവുകയും പാഠ്യപദ്ധതിയിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. കേരളത്തിന്റെ ചരിത്രം, സംസ്കാരം, കേരളസമൂഹരൂപീകരണം അതിന്റെ പരിണാമം എന്നിവ പരിചയപ്പെടുക, കേരളത്തിന്റെ സംസ്കാരം രൂപപ്പെടുവാനിടയാക്കിയ ചരിത്രപശ്ചാത്തലം ഗ്രഹിക്കുക. സംസ്കാരം എന്ന പരികൽപനയെ സമകാലിക സംസ്കാരപഠനത്തിലെ നവീനവീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുക. കേരള സംസ്കാരത്തെയും കേരളചരിത്രത്തെയും പറ്റിയുള്ള ഗ്രന്ഥനിഷ്ഠമായ അറിവുകളെയും വാമൊഴി പാരമ്പര്യത്തിലൂടെ ലഭ്യമാകുന്ന അറിവുരൂപങ്ങളെയും സംവാദാത്മകമായി

സമീപിക്കുക, ലിഖിത ചരിത്രങ്ങൾക്കും മുഖ്യധാരാചരിത്രങ്ങൾക്കും പുറമെ ഐതിഹ്യങ്ങളും മിത്തുകളും പ്രാദേശികവിശ്വാസങ്ങളും എങ്ങനെ സാംസ്കാരിക ചരിത്രനിർമ്മിതിയിൽ ഉപയോഗപ്പെടുത്താം എന്ന ധാരണനേടുക, വാമൊഴി ചരിത്രങ്ങളെയും കീഴാളചരിത്രങ്ങളെയും പ്രാദേശികചരിത്രങ്ങളെയും പറ്റി ധാരണനേടുക, അവയുടെ രാഷ്ട്രീയം ചർച്ച ചെയ്യുക, ചരിത്രനിർമാണത്തിലെ പ്രശ്നങ്ങൾ ഗ്രഹിക്കുക എന്നിവയെല്ലാം ആണ് ഉദ്ദേശ്യലക്ഷ്യങ്ങളായി നിശ്ചയിച്ചിരിക്കുന്നത്.

ദേശസംസ്കാരപഠനം, ചരിത്രപഠനം, കേരളചരിത്രവിജ്ഞാനം-ഉപാദാനങ്ങൾ, പുനർവിഭാവനകൾ, ഭ്രമിശാസ്ത്രവും സംസ്കാരരൂപീകരണവും, ഐതിഹ്യങ്ങൾ, മിത്തുകൾ-വിശകലനം, സംഘകാലജീവിതം, ഏഴിമല ആയ് രാജവംശങ്ങൾ, വൈദേശിക ബന്ധങ്ങൾ, തുറമുഖനഗരങ്ങൾ, പട്ടണം ഉദ്ഖനനം, സംവാദങ്ങൾ, പെരുമാൾ വാഴ്ച, ബുദ്ധ,ജൈന മതങ്ങൾ, ആര്യവൽക്കരണം, ബ്രാഹ്മണഗ്രാമം, സാമൂഹികജീവിതം, വൈദികപാരമ്പര്യം, വർത്തകസംഘം, ശാസനങ്ങൾ-ചരിത്രഭാഷാപ്രാധാന്യം, ജൂതർ, മുസ്ലീങ്ങൾ, ക്രിസ്ത്യാനികൾ, ശാങ്കരദർശനം, വൈജ്ഞാനികപാരമ്പര്യം, ഭക്തിപ്രസ്ഥാനം, മലയാളഭാഷയുടെ രൂപീകരണവും ലിപിവ്യവസ്ഥയും എന്നിവ മൊഡ്യൂൾ ഒന്നിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

മൊഡ്യൂൾ രണ്ടിൽ അധിനിവേശം, പ്രതിഷേധം, മതകോളനീകരണം, മലബാർ, തദ്ദേശജ്ഞാനരൂപങ്ങൾ, ജാതിയും സമൂഹരൂപീകരണവും, ക്ഷേത്രകേന്ദ്രീകൃത സാമൂഹ്യവ്യവസ്ഥ, പാട്ട്, മണിപ്രവാളം, കുറിച്യ-മാപ്പിള കലാപങ്ങൾ, സംവാദങ്ങൾ, ജന്മിത്വം, ഭ്രനിയമം, ഉരുകുലങ്ങൾ, ഇംഗ്ലീഷ് വിദ്യാഭ്യാസം, അച്ചടി, ആധുനികത, പൊതുമണ്ഡലം, ഗ്രന്ഥശാലാപ്രസ്ഥാനം എന്നിവയാണ് ഉള്ളത്. മൊഡ്യൂൾ മൂന്നിൽ നവോത്ഥാനം, സാമൂഹ്യപരിഷ്കരണപ്രസ്ഥാനം, സമരങ്ങൾ, സത്യാഗ്രഹങ്ങൾ, രാഷ്ട്രീയ മാറ്റങ്ങൾ, ദേശീയപ്രസ്ഥാനം, പുരോഗമനസാഹിത്യം, ആധുനികമാധ്യമങ്ങൾ എന്നിവ ഉൾപ്പെടുന്നു. മൊഡ്യൂൾ നാലിൽ ഐക്യകേരളം, പ്രമുഖ ബില്ലുകൾ, ഗൾഫ് കുടിയേറ്റം, ആഗോളീകരണം, നവമാധ്യമങ്ങൾ, ഉത്തരാധുനികത, സാക്ഷരത, സ്ത്രീമുന്നേറ്റങ്ങൾ -സംസ്കാര ചരിത്ര രചനകളിലെ പുതിയ ശ്രമങ്ങൾ, പ്രാദേശികചരിത്രം എന്നിവയും ഉണ്ട്. 62 പുസ്തകങ്ങളുടെ റഫറൻസും നല്കിയിരിക്കുന്നു. (പട്ടിക, 26: 203-249). കൂടാതെ 18 പുസ്തകങ്ങൾ അടിസ്ഥാനഗ്രന്ഥങ്ങൾ എന്ന പേരിലും നല്കിയിട്ടുണ്ട്. ഒരു സെമസ്റ്ററിലെ ഒരു പേപ്പറിൽ ഇതിന്റെ പകുതി മാത്രമേ ഫലപ്രദമായി വിനിമയം ചെയ്യാൻ കഴിയൂ. യഥാർത്ഥത്തിൽ രണ്ട് സെമസ്റ്ററിലേക്കു പകുത്തെടുത്ത് രണ്ടു പേപ്പറുകളായി വിനിമയം ചെയ്യാനുള്ള പ്രസക്തിയും ഉള്ളടക്കവും ആവശ്യകതയും കേരളസംസ്കാരപഠനത്തിനുണ്ട്. ഈ പാഠ്യപദ്ധതി ഏറെക്കുറെ സമഗ്രമാണെങ്കിലും പരിസ്ഥിതി, വികസനം, ഗോത്രസംസ്കൃതി, നവോത്ഥാനത്തിന്റെയും സാമൂഹ്യപരിഷ്കരണങ്ങളുടെയും വിമർശനാത്മകവായന, സർക്കസ്, അറബി മലയാള അച്ചുകൂടങ്ങൾ, ഭക്തിയുടെ ബഹുസ്വരധാരകൾ,

കൃതികൾ, തുഹ്ഫത്തുൽ മുജാഹിദീൻ, കൊളോണിയൽ ചരിത്രത്തിന്റെ വിമർശനാത്മകവായന, കലകളുടെയും സംഗീതത്തിന്റെയും പഴമകൾ, മുഹമ്മദ് അബ്ദുറഹ്മാൻ, മക്തി തങ്ങൾ, ജോർജ്ജ് മാത്തൻ എന്നിങ്ങനെ കേരളസംസ്കാരത്തിന്റെ ബഹുസ്വരമായ പഴമകൾ പലതും പാഠ്യപദ്ധതിക്കു പുറത്തുതന്നെ. പ്രബലസമുദായങ്ങളുടെ ന്യൂനപക്ഷ സംസ്കാരത്തെ കേരളസംസ്കാരമായി മാനകീകരിച്ച് ഏകശിലാത്മകമാക്കുന്ന പ്രക്രിയക്കുതന്നെയാണ് ഇവിടെയും പാഠ്യപദ്ധതിയുടെ നില്പ്. 2016-ൽ പാഠ്യപദ്ധതിയിൽ മാറ്റമില്ല . അടിസ്ഥാന ഗ്രന്ഥങ്ങൾ 6 എണ്ണവും സഹായകഗ്രന്ഥങ്ങളിൽ ഒരെണ്ണവും കൂടുതലായി ചേർക്കുന്നുണ്ട്. (പട്ടിക, 25: 78-83), (പട്ടിക, 26: 250)

8.7 കണ്ണൂർ സർവ്വകലാശാല

2001-ൽ മൂന്നാം സെമസ്റ്ററിലെ പത്താമത്തെ പേപ്പറായി 'കേരളസംസ്കാരം' എന്ന തലക്കെട്ടിൽത്തന്നെയാണ് ഈ കോഴ്സിന്റെ ആരംഭം. അവസാന ചില യൂണിറ്റുകളിലൊഴികെ ഇതര സർവ്വകലാശാലകളിലെ പാഠ്യപദ്ധതിയ്ക്കു സമാനം തന്നെയാണ് ഈ പാഠ്യപദ്ധതി. 29 പുസ്തകങ്ങളുടെ ലിസ്റ്റാണ് റഫറൻസിന് നല്കിയിരിക്കുന്നത്. (പട്ടിക 26: 241-247) ചോദ്യമാതൃകയും പാഠ്യപദ്ധതിയോടൊപ്പം നല്കിയിരിക്കുന്നു. പാഠ്യപദ്ധതിയിൽ പാഠ്യവസ്തുക്കളുടെ സൂചനകൾ മാത്രമേയുള്ളൂ, വിശദാംശങ്ങൾ ഇല്ല. കേരളസംസ്കാരചരിത്രരചന, ഉപാദാന സാമഗ്രി, സംഘകാലകേരളം, ബ്രാഹ്മണാധിപത്യം, കുലശേഖരകാലം, ജന്മിസമ്പ്രദായം, വിദേശീയരുടെ ആഗമനം-സാമൂഹിക സാംസ്കാരികരംഗങ്ങളിൽ അതുണ്ടാക്കിയ മാറ്റങ്ങൾ, മൈസൂർ ആക്രമണം, കേരളീയ നവോത്ഥാനം, ദേശീയപ്രസ്ഥാനം, കർഷകത്തൊഴിലാളി, അദ്ധ്യാപകപ്രസ്ഥാനങ്ങൾ, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം (1939-1957), മതങ്ങൾ, വിദ്യാഭ്യാസം (9-20 നൂറ്റാണ്ട്), വിവാദവിഷയങ്ങൾ-നൂറ്റാണ്ടുയുദ്ധം, ഫ്യൂഡലിസം കേരളത്തിൽ, മരുമക്കത്തായം കേരളത്തിൽ, കേരളത്തിലെ ജാതിവ്യവസ്ഥ, കേരളീയനവോത്ഥാനം, സമകാലിക കേരളസംസ്കാരത്തെ നിയന്ത്രിക്കുന്ന സാമൂഹ്യസാമ്പത്തിക രാഷ്ട്രീയഘടകങ്ങൾ എന്നിവയാണ് മുഖ്യപാഠ്യവസ്തുക്കൾ. നൂറ്റാണ്ടുയുദ്ധം മുതൽ നവോത്ഥാനം വരെയുള്ള വിഷയങ്ങളുടെ സംവാദാത്മകപഠനം ഈ പാഠ്യപദ്ധതിയുടെ സവിശേഷതയാണ്. പക്ഷേ, പലതും വലിയ മേഖലകളായതുകൊണ്ട് വിശദാംശങ്ങളില്ലാത്തത് പാഠ്യപദ്ധതിവിനിമയത്തിന് പ്രയാസം സൃഷ്ടിക്കും (ഉദാ-അവസാനഭാഗം). അദ്ധ്യാപകപ്രസ്ഥാനത്തെ പാഠ്യവസ്തുവാക്കുന്നത് തനതു സവിശേഷതയാണ്. ചരിത്രസംഭവങ്ങളെ സാമൂഹിക-സാംസ്കാരികഫലങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ട് പഠിക്കാനുള്ള ശ്രമം ഉചിതമായിട്ടുണ്ട്. ഗോത്രസംസ്കാരം ഉൾപ്പടെയുള്ള കീഴാള, ബഹുസ്വരധാരകളെ ഉൾക്കൊള്ളാൻ കഴിയുന്നില്ലെന്ന പരിമിതി ഇവിടെയും വളരെ പ്രകടം. തിണകളിൽ സമതലങ്ങളുടെ ചരിത്ര, സാംസ്കാരത്തിനേ പ്രാധാന്യം കിട്ടുന്നുള്ളൂ. കീഴാളത, സ്ത്രീവാദം, നവമാധ്യമങ്ങൾ തുടങ്ങി നിരവധി മേഖലകളെ പാഠ്യപദ്ധതി അഭിമുഖീകരിക്കുന്നില്ല.

2004-ൽ നാലാം സെമസ്റ്ററിലെ രണ്ടാം പേപ്പറായി കേരളസംസ്കാരവും ഒന്നാം പേപ്പറായി സംസ്കാരപഠനവും വരുന്നുണ്ട്. കേരളസംസ്കാര പാഠ്യപദ്ധതിയിൽ മാറ്റമില്ല. റഫറൻസിൽ ഡോ.എൻ.എം. നമ്പൂതിരിയുടെ കേരളസംസ്കാരം: അകവും പുറവും കൂട്ടിച്ചേർക്കുന്നുണ്ട്. 2007-ൽ മാറ്റങ്ങളില്ല. 2009-ൽ ഏറ്റവും കൂടുതൽ അവ്യക്തത ഉണ്ടായിരുന്ന അവസാനഭാഗത്തിന്—കൃഷി, വ്യവസായം, വിദ്യാഭ്യാസം, എന്നീ മേഖലകളിൽ സംഭവിച്ച മാറ്റങ്ങൾ, പ്രവാസിമലയാളികളുടെ സ്വാധീനം, വിദേശമൂലധനത്തിന്റെ വരവ് എന്നിവയിൽ ഊന്നിക്കൊണ്ടുള്ള പരിശോധന എന്ന് വ്യക്തത വരുത്തുന്നുണ്ട്. 2013-ൽ നാലാം സെമസ്റ്ററിലെ ഒന്നാമത്തെ പേപ്പറായി കേരളസംസ്കാരം മാറുന്നു. പഠനഭാരം ലഘൂകരിക്കുകയും സെമസ്റ്ററിനു പാകപ്പെടുത്തുകയും പാഠ്യപദ്ധതി ഉദ്ദേശ്യാധിഷ്ഠിതമാക്കുകയും ചെയ്യുന്നുണ്ട്. മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും പഠനത്തിൽ കേരളസംസ്കാരത്തെക്കുറിച്ചുള്ള ജ്ഞാനം പ്രയോജനപ്പെടുത്തുക, സംസ്കാരത്തിന്റെ വ്യത്യസ്ത അടരുകളെയും ബഹുലതകളെയും മനസ്സിലാക്കുക, സംസ്കാരത്തെ നോക്കിക്കാണുന്നതിനുള്ള വിഭിന്നരീതിശാസ്ത്രങ്ങൾ തിരിച്ചറിയുക എന്നിവ കോഴ്സിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളായി നിർണയിച്ചിരിക്കുന്നു. ചരിത്രരചന, ഉപാദാന സാമഗ്രികൾ, കേരളത്തിലെ ആദിവാസികളും സംസ്കാരവും , സംഘകാലം, വ്യത്യസ്തമതങ്ങൾ, ജാതി, ജന്മിവ്യവസ്ഥ, കലകൾ, പഴശ്ശി, മൈസൂർ ആക്രമണം, പോർട്ടുഗീസ്, ഇംഗ്ലീഷ് ആധിപത്യം, ദേശീയ പ്രസ്ഥാനങ്ങൾ, അദ്ധ്യാപക-കർഷക-തൊഴിലാളി-കമ്മ്യൂണിസ്റ്റ്-പ്രസ്ഥാനങ്ങൾ, നവോത്ഥാനം എന്നിവയാണ് പ്രധാന പാഠ്യവസ്തുക്കൾ. സംവാദമേഖലകളുടെ യൂണിറ്റ് അപ്പാടെ ഉപേക്ഷിച്ചു. റഫറൻസ് ലിസ്റ്റ് ചെറുതാക്കി 2014-ലും പാഠ്യപദ്ധതിയിൽ മാറ്റങ്ങൾ വരുത്തുന്നുണ്ട്. ചരിത്രപഠനത്തിൽ നിന്ന് വ്യത്യസ്തമായി കേരളസംസ്കാരത്തിന്റെ ബഹുലതയെ അടുത്തറിയുക എന്നത് മുഖ്യലക്ഷ്യമായി കണ്ടുകൊണ്ട് കേരളസംസ്കാരത്തിന്റെ രൂപപ്പെടൽ, വികാസം, സമകാലികത എന്നിവയെക്കുറിച്ച് ധാരണ നേടത്തക്കവിധം രൂപകല്പന ചെയ്തതാണ് പാഠ്യപദ്ധതിയെന്ന് ആമുഖമായി പറയുന്നു. കേരളത്തിന്റെ പാരമ്പര്യങ്ങൾ (വൈദ്യം, ജ്യോതിശാസ്ത്രം, വാദ്യം, വാസ്തുവിദ്യാകലകൾ, സാങ്കേതികവൈദഗ്ധ്യം, കാർഷികജീവിതം, നാവികപാരമ്പര്യം, കളരി പാരമ്പര്യം), കൊളോണിയൽ അധിനിവേശത്തിന്റെ സാംസ്കാരികഫലം, കേരളസംസ്ഥാന രൂപീകരണവും ഔദ്യോഗിക സംസ്കാരത്തിന്റെ രൂപപ്പെടലും, ആഗോളീകരണം, ദലിത്, സ്ത്രീ മുന്നേറ്റം, ആദിവാസി സംസ്കാരത്തിന്റെ വർത്തമാനം, മൂലധനശക്തികൾ, മലയാളിസമാജങ്ങൾ എന്നിവയാണ് പുതിയതായി ഉൾപ്പെടുത്തിയ പാഠ്യവസ്തുക്കൾ. നാടുരാജ്യങ്ങളെയും രാജാക്കന്മാരെയും ഒഴിവാക്കിയിട്ടുണ്ട്. ആദിമനിവാസികൾ മുതലിങ്ങോട്ടുള്ളവയെ സാംസ്കാരികമായി പഠിക്കാനാണ് ശ്രമം. അച്ചടി, പത്രപ്രവർത്തനം, നവമാധ്യമങ്ങൾ, സാമൂഹ്യപരിഷ്കർത്താക്കൾ, പ്രസ്ഥാനങ്ങൾ എന്നിങ്ങനെ പ്രധാനമേഖലകൾ വിട്ടുപോവുകയും ചെയ്തിട്ടുണ്ട്. റഫറൻസ് ലിസ്റ്റ് 38-ലേക്ക് ഉയർത്തുന്നു (പട്ടിക, 26: 248-268).

2015-ലും പാഠ്യപദ്ധതിയിൽ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. 2013ലെ ഉദ്ദേശ്യല ക്ഷ്യങ്ങളാണ് ആവർത്തിച്ചിരിക്കുന്നത്. 2013-ലെ ഉള്ളടക്കമാണ് മാറ്റങ്ങൾ വരുത്തി 2015ലെ പാഠ്യപദ്ധതി തയ്യാറാക്കിയിരിക്കുന്നത്. ഉപാദാനങ്ങളുടെ പുനർനിർണയവും സംസ്കാരചിന്തകളും, തിണസങ്കല്പം, പട്ടണം ഉദ്ഖനനം, മലയാളഭാഷയിലെ ജാതി, സാങ്കേതികവിജ്ഞാന മേഖലയുടെ വളർച്ച, അച്ചടി, പൊതുവിദ്യാഭ്യാസത്തിൽ വന്ന പുരോഗതി, പത്രം, മറ്റുമാധ്യമങ്ങൾ, വിമോചനസമരം, കേരളത്തിലെ തുടർജനകീയ മന്ത്രിസഭകൾ എന്നിവയാണ് കൂട്ടിച്ചേർത്ത പാഠ്യവസ്തുക്കൾ. 20 പുസ്തകങ്ങളുടെ റഫറൻസ് ലിസ്റ്റും നല്കിയിരിക്കുന്നു. 2015-ലെ പാഠ്യപദ്ധതിയുടെ മികവുകളും സംസ്കാരപഠനത്തിന്റെ തെളിച്ചങ്ങൾ, ബഹുസ്വരധാരകൾ—പ്രത്യേകിച്ച് സ്ത്രീ-ദലിത് മുന്നേറ്റങ്ങൾ. റഫറൻസ് ലിസ്റ്റിലെ അനന്യതയും പ്രസക്തിയും എന്നിവയെല്ലാം പഴയതിന്റെ പുന:സ്ഥാപന ത്തിലൂടെ ഇല്ലാതാവുന്നു.

8.8. കാലടി ശ്രീശങ്കരാചാര്യ സംസ്കൃതസർവ്വകലാശാല

എട്ടാമത്തെ നിർബ്ബന്ധിത പേപ്പറായി 'കേരളസംസ്കാരം' എന്ന പേരിൽത്ത ന്നെയാണ് സംസ്കൃതസർവ്വകലാശാലയിലെ കോഴ്സ്. മലയാളവിഭാഗം നല്കുന്ന കോഴ്സുകളിൽ സമകാലിക സംസ്കാരപഠനം, സാഹിത്യവും സംസ്കാരപഠനവും, മാധ്യമങ്ങളും സംസ്കാരപഠനവും, ചിഹ്നവിജ്ഞാനവും ജനകീയ-ജനപ്രിയ സംസ്കാരങ്ങളും എന്നീ പേപ്പറുകളാണ് ഉൾപ്പെടുന്നത്. അദ്ധ്യാപകർ നല്കുന്ന ഐച്ഛിക പേപ്പറുകളിൽ സംസ്കാരവും സാഹിത്യവും, ഒറിയന്റലിസവും ഭാരതീയസാഹിത്യവും, ചിത്രകലയും സംസ്കാരചരി ത്രവും, ആധുനികനാടകവും സംസ്കാരികചരിത്രവും സംസ്കാരപഠനവും തെയ്യവും എന്നീ പേപ്പറുകൾ ഉണ്ട് (2003).

സംസ്കാരപഠനം, ഉപാദാന സാമഗ്രികൾ, ഭ്രമിശാസ്ത്രം, മഹാശിലാവശിഷ്ടം, സംഘകാലം, വിദേശബന്ധം, മതങ്ങൾ, ആര്യവല്കരണം, വിദ്യാകേന്ദ്രം, ക്ഷേത്രസംസ്കാരം, കച്ചവടസംഘങ്ങൾ, ഭക്തിപ്രസ്ഥാനം, ദർശനം, ശാസ്ത്രഗ്രന്ഥങ്ങൾ, മണിപ്രവാളം, ജന്മി സമ്പ്രദായം, കലകൾ, വാസ്തുവിദ്യ, വടക്കൻ-തെക്കൻ പാട്ടുകൾ, അനുഷ്ഠാനനൃത്തരൂപം, ആധുനീകരണം, അച്ചടി, ചന്തുമേനോൻ, ഭാഷാപോഷിണി, സാമൂഹ്യപരിഷ്കരണം, വ്യക്തികൾ, പ്രസ്ഥാനങ്ങൾ, മലബാർകലാപം. ദേശീയപ്രസ്ഥാനം, ഇടതുപക്ഷം, ഐക്യകേരളം, കേരളമോഡൽ എന്നിങ്ങനെ ഇതര സർവ്വകലാശാലകളുടെ പാഠ്യ പദ്ധതിക്കു സമാനമാണിതും. പാഠ്യപദ്ധതി ഉദ്ദേശ്യാധിഷ്ഠിതമല്ല. 32 പുസ്തകങ്ങൾ ഗ്രന്ഥസൂചി എന്ന തലക്കെട്ടിൽ ലിസ്റ്റുചെയ്തിരിക്കുന്നു. 2009-ൽ പാഠ്യപദ്ധതിയിൽ മാറ്റങ്ങൾ ഉണ്ടാവുന്നില്ല. 2014-ൽ യഥാക്രമം ആറും ഏഴും പേപ്പറായി 'കേരളസംസ്കാരം—പ്രാചീന, മധ്യകാലം', 'ആധുനികകേരളം: ചരിത്രം-സാമൂഹ്യം, സംസ്കാരം' എന്നിങ്ങനെ രണ്ടായിപ്പിരിയുന്നു. ഒരു വർഷം നീണ്ടുനില്ക്കുന്ന രണ്ടു പാഠ്യപദ്ധതികൾ എന്നത് ഈ

ജ്ഞാനശാഖ അർഹിക്കുന്ന വിഭജനമാണ്. സെമസ്റ്ററിനു വഴങ്ങുന്ന യഥാർത്ഥമായ ഈ കാഴ്ചപ്പാട് മാതൃകാപരമാണ്. കോഴ്സുകൾ ഉദ്ദേശ്യാധിഷ്ഠിതമാകുന്നുമുണ്ട്. സംസ്കാരചരിത്രം എന്ന വിജ്ഞാനശാഖയുടെ പരിപ്രേക്ഷ്യത്തിലൂടെ പ്രാചീന, മധ്യകാലങ്ങളിലെ കേരളീയ സമൂഹരൂപീകരണത്തിന്റെയും പരിണാമത്തിന്റെയും ചരിത്രം അവതരിപ്പിക്കുക എന്ന ആമുഖപ്രസ്താവനയെ കോഴ്സിന്റെ ഉദ്ദേശ്യലക്ഷ്യമായി പൂർണാർത്ഥത്തിൽ അംഗീകരിക്കാൻ കഴിയാത്തതാണ്. കേരളചരിത്രത്തിന്റെ ഭാഗമായി നിലനില്ക്കുന്ന സംവാദങ്ങളെ അന്തിമധാരണകൾ എന്ന നിലയിലല്ലാതെ പഠിപ്പിക്കുക എന്നതും മറ്റൊരു നിർദ്ദേശമാണ്.

സംഘകാലം മുതൽ പോർച്ചുഗീസുകാരുടെയും അറബികളുടെയും ആഗമനം വരെയുള്ള ചരിത്രത്തെയാണ് സംസ്കാരികമായി ഈ പേപ്പർ പഠിക്കാൻ ശ്രമിക്കുന്നത്. 2003-ലെ പാഠ്യപദ്ധതിയിൽ കൂട്ടിച്ചേർക്കലുകളും വിശദാംശങ്ങളും ചേർത്താണ് ഈ പേപ്പർ തയ്യാറാക്കിയിരിക്കുന്നത്. ചരിത്രവും സംസ്കാര ചരിത്രവും, കേരളചരിത്രവിജ്ഞാനീയം, സംസ്കാരചരിത്രവും ഉപാദാനസങ്കല്പങ്ങളിലെ വ്യത്യാസവും, പട്ടണം ഉദ്ഖനനവും പുനർവ്യാഖ്യാനങ്ങളും, ക്ഷേത്രകേന്ദ്രിത സങ്കല്പവും അതിന്റെ വിമർശവും, മലയാളഭാഷയുടെ രൂപീകരണവും, ചേര -ചോള ബന്ധങ്ങൾ- വ്യത്യസ്ത വ്യാഖ്യാനങ്ങൾ, കേരളീയഗണിത പാരമ്പര്യം, നാടുവാഴിമേധാവിത്ത സങ്കല്പനത്തിന്റെ സാധുത, അങ്ങാടികളും അമ്പലവട്ടവും, കോഴിക്കോട്-കൊച്ചി യുദ്ധങ്ങൾ, വാസ്കോഡഗാമ, മതകോളനീകരണം, ഡച്ചുകാർ, ഹോർത്തൂസ് മലബാറിക്കസ്, ഭാഷയിലെ പരിവർത്തനങ്ങൾ, മൊഹിയുദ്ധീൻ മാല, മാപ്പിളപ്പാട്ടുകളും അറബിമലയാളവും എന്നിവയാണ് പരിഷ്കരിച്ച പാഠ്യവസ്തുക്കൾ. ഭക്തിപ്രസ്ഥാനത്തിൽ ഹൈന്ദവേതര ധാരയെ പാഠ്യപദ്ധതി ആദ്യമായി അടയാളപ്പെടുത്തുന്നത് 2014ൽ ഈ സർവ്വകലാശാലയിലാണ്. അതുപോലെ മാപ്പിളപ്പാട്ടുകൾക്കും ഇടം കൊടുക്കുന്നു. അറബി മലയാളത്തെയും പരിഗണിക്കുന്നുണ്ട് എന്നത് ശ്രദ്ധേയമാണ്. ഗോത്രസംസ്കൃതിയെയും അനുഷ്ഠാന- അനുഷ്ഠാനേതര കലാസംഗീതത്തെയും വേണ്ടവിധം ഉൾക്കൊള്ളാൻ പാഠ്യപദ്ധതിക്കാവുന്നുമില്ല. ചരിത്രപഠനത്തിൽ തുഹ്ഫത്തുൽ മുജാഹിദീനും ഫത്തുഹുൽ മുബീനും ഇടംനല്കുന്നുമില്ല. 31 പുസ്തകങ്ങളും റഫറൻസ് ലിസ്റ്റും നല്കിയിരിക്കുന്നു. മാപ്പിളപ്പാട്ട്, അറബിമലയാളം, മൊഹിയുദ്ദീൻ മാല എന്നീ പാഠ്യവസ്തുക്കൾക്കനുയോജ്യമായ റഫറൻസുകൾ ഒന്നുംതന്നെ നല്കിയിട്ടില്ല.

ആധുനികകേരളം: ചരിത്രം, സമൂഹം, സംസ്കാരം എന്ന കോഴ്സിൽ 19-ാം ശതകത്തിന്റെ ആദ്യദശകങ്ങൾ മുതൽ 20-ാം നൂറ്റാണ്ടുവരെയുള്ള കാലത്തെ കേരളസമൂഹത്തെ പരിചയപ്പെടുക എന്ന ഉദ്ദേശ്യത്തെ മുൻനിർത്തിയാണ് പാഠ്യപദ്ധതി തയ്യാറാക്കിയിരിക്കുന്നത്. സംസ്കാരപഠനത്തിന്റെയും സംസ്കാരിക ചരിത്രത്തിന്റെയും സമീപനങ്ങൾ പിന്തുടരാൻ ആവശ്യപ്പെടുകയും ചെയ്യുന്നു. മലബാർ കലാപം ഇവിടെ മാപ്പിള കലാപമായി മാറുന്നു. പൊതുവിദ്യാഭ്യാസത്തിന്റെ വ്യാപനം, പത്രങ്ങൾ -പ്രസിദ്ധീകരണങ്ങൾ, ഗദ്യത്തിന്റെ വ്യാപനം, പുതിയ സാഹിത്യരൂപങ്ങളും സാമൂഹ്യജീവിതവും, തോട്ടം

കൃഷിയും കാർഷിക മുതലാളിത്തവും, മധ്യവർഗം, കൊളോണിയൽ ആധുനികതയും വ്യത്യസ്തവീക്ഷണങ്ങളും, നവോത്ഥാനം- വ്യത്യസ്ത സമീപനങ്ങൾ, സാമൂഹ്യപരിഷ്കരണ വ്യക്തികളും പ്രസ്ഥാനങ്ങളും- പ്രത്യക്ഷ രക്ഷാസഭ, ആഗമാനന്ദൻ, സ്വാമി ആനന്ദതീർത്ഥൻ, പൊയ്കയിൽ അപ്പച്ചൻ, പാമ്പാടി ജോൺ ജോസഫ്, മക്തി തങ്ങൾ, കുമ്പൻ ദൈവത്താൻ തുടങ്ങിയവർ, മലയാളദേശീയത, യുക്തിവാദം, ജീവൽസാഹിത്യം, പുരോഗമന സാഹിത്യപ്രസ്ഥാനം, നവോത്ഥാന വിമർശനം, നവോത്ഥാനവും സ്ത്രീജീവിതവും എന്നിവയാണ് മാറ്റം വരുത്തിയ പാഠ്യവസ്തുക്കൾ. 28 പുസ്തകങ്ങളുടെ റഫറൻസ് ലിസ്റ്റും നല്കിയിരിക്കുന്നു. പ്രത്യക്ഷരക്ഷാസഭ തുടങ്ങിയ പ്രസ്ഥാനങ്ങളെയും ആഗമാനന്ദൻ, ആനന്ദതീർത്ഥൻ, പാമ്പാടി ജോൺ ജോസഫ്, മക്തി തങ്ങൾ, കുമ്പൻ ദൈവത്താൻ തുടങ്ങിയ പരിഷ്കർത്താക്കളെയും കേരള പഠനത്തിൽ ആദ്യമായാണ് അടയാളപ്പെടുത്തപ്പെടുന്നത്. 2014-ലെ ഈ പാഠ്യപദ്ധതിയിലൂടെ. രണ്ടു കോഴ്സിലേക്ക് പാഠ്യപദ്ധതി വിപുലമാക്കുമ്പോഴും ബഹുസ്വരധാരകളെയും കേരളത്തിന്റെ സമകാലിക പ്രശ്നങ്ങളെയും പ്രവണതകളെയും ഉൾക്കൊള്ളാൻ കോഴ്സിനു കഴിയുന്നില്ല. യുക്തിവാദത്തെ കേരളീയ സംസ്കാരികചിന്തയുടെ പാരമ്പര്യമുള്ള ആശയമണ്ഡലമായി ഈ പാഠ്യപദ്ധതിക്ക് തിരിച്ചറിയാൻ കഴിയുന്നുണ്ട്.

8.9. അലിഗഢ് മുസ്ലിം സർവ്വകലാശാല

1986-ലെ പാഠ്യപദ്ധതിയിൽ ഒന്നാംവർഷത്തെ മൂന്നാമത്തെ പേപ്പറായാണ് കേരളസംസ്കാരം കാണുന്നത്. കേരളത്തിന്റെ പ്രാചീന സംസ്കാരം- ഉറവിടങ്ങൾ, വിദേശബന്ധം, സംഘകാലം, ആദിമനിവാസികളുടെയും ഗോത്രങ്ങളുടെയും സംസ്കാരം, ഹൈന്ദവത-മതവും ദർശനവും, ശങ്കരാചാര്യൻ, കുലശേഖർ, ശൈവവൈഷ്ണവ മതം, ഭക്തിപ്രസ്ഥാനം, ജന്മിസമ്പ്രദായം, ഇസ്ലാം-ക്രൈസ്തവ മതങ്ങൾ, നാട്ടുരാജ്യങ്ങൾ, പാശ്ചാത്യരുടെ ആഗമനം, 15,16 നൂറ്റാണ്ടിലെ നവോത്ഥാനം, ഭക്തിപ്രസ്ഥാനം, മലയാളത്തിന്റെ മാനകീകരണം, ഇംഗ്ലീഷ് വിദ്യാഭ്യാസം, അധിനിവേശം, പ്രതിരോധം,ടിപ്പുസുൽത്താൻ, നാരായണ ഗുരു, അയ്യങ്കാളി, ചട്ടമ്പിസ്വാമികൾ, സംസ്ഥാന രൂപീകരണം, സത്യാഗ്രഹങ്ങൾ, ക്ഷേത്രപ്രവേശനം, ഈഴവ-മലയാളി മെമ്മോറിയലുകൾ, വാസ്തുവിദ്യ, കർണ്ണാടക-സോപാനസംഗീതം, സംഗീതജ്ഞർ, നാടൻ കലകൾ-നൃത്തം, കഥകളി എന്നിവയാണ് പാഠ്യവസ്തുക്കൾ. ഇക്കാലയളവിൽ കേരള, എം.ജി.സർവ്വകലാശാലകളിൽ നിലനിന്ന ഏകശിലാത്മകവും ഹൈന്ദവവുമായ പാഠ്യപദ്ധതി തന്നെയാണിത്. 8 പുസ്തകങ്ങളാണ് റഫറൻസിലുള്ളത്. 2000 വരെ ഈ പാഠ്യപദ്ധതിയാണ് നിലനില്ക്കുന്നത്. റഫറൻസുകളിൽ ചെറിയ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. 2000ൽ 12 പുസ്തകങ്ങളുടെ ലിസ്റ്റാണ് നല്കിയിരിക്കുന്നത്. ഇളംകുളം, ശ്രീധരമേനോൻ, എം.ജി.എസ്, രാജൻ ഗുരുക്കൾ, കെ.എൻ. ഗണേശ്, എൻ.എം. നമ്പൂതിരി, കെ.വി. കൃഷ്ണയ്യർ, പത്മനാഭമേനോൻ, പി.കെ. ഗോപാലകൃഷ്ണൻ എന്നിവരുടെ അടിസ്ഥാനചരിത്രകൃതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. സെമസ്റ്റർ സംവിധാനത്തിലുള്ള 2012-ലെ പാഠ്യപദ്ധതിയിൽ ഒന്നാം സെമസ്റ്ററിലെ

മൂന്നാം പേപ്പറായും രണ്ടാം സെമസ്റ്ററിലെ എട്ടാമത്തെ പേപ്പറായും കേരളസംസ്കാരത്തെ രണ്ടുഭാഗങ്ങളായി വിഭജിച്ചിരിക്കുന്നു. കേരളപഠനത്തിന്റെ പ്രസക്തി ഉൾക്കൊണ്ടുകൊണ്ട് സെമസ്റ്ററിലേക്ക് വഴങ്ങുന്ന വിധത്തിൽ രണ്ടു കോഴ്സാക്കിയത് യാഥാർത്ഥ്യബോധമുള്ള പരിഷ്കരണമാണ്.

17-ാം നൂറ്റാണ്ടുവരെയുള്ള കാലമാണ് ഒന്നാം ഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പാഠ്യപദ്ധതിയിൽ പറയത്തക്ക മാറ്റങ്ങളില്ല. റഫറൻസിൽ ചില മാറ്റങ്ങളുണ്ട്. (പട്ടിക, 26: 281-283). 18-ാം നൂറ്റാണ്ടു മുതലുള്ള കേരളം രണ്ടാം ഭാഗത്ത് ഉൾപ്പെടുത്തിയിരിക്കുന്നു. പാഠ്യപദ്ധതിയിൽ ചെറിയ മാറ്റങ്ങൾ മാത്രമേ ഉള്ളൂ. സാക്ഷരതാപ്രസ്ഥാനങ്ങൾ, സാഹിത്യ കലാസാംസ്കാരിക പോഷണത്തിനുള്ള സർക്കാർ സ്ഥാപനങ്ങൾ, രവിവർമയും കെ.സി.എസ്.പണിക്കരും, ചലച്ചിത്രഗാനങ്ങൾ എന്നിവയാണ് കൂട്ടിച്ചേർത്ത പാഠ്യവസ്തുക്കൾ. 13 പുസ്തകങ്ങളുടെ റഫറൻസ് ലിസ്റ്റും നല്കിയിരിക്കുന്നു. പി.കെ.ബാലകൃഷ്ണന്റെ ടിപ്പുസുൽത്താൻ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്. പാഠ്യപദ്ധതി ഒരു ഘട്ടത്തിലും ഉദ്ദേശ്യാധിഷ്ഠിതമായിട്ടില്ല.

8.10. കേന്ദ്ര സർവ്വകലാശാല

രണ്ടാം സെമസ്റ്ററിലെ ഏഴാമത്തെ പേപ്പറായാണ് 'കേരളസംസ്കാരം' കോഴ്സ് വരുന്നത്. ഐച്ഛികപേപ്പറുകളിൽ സംസ്കാരപഠനം, ചരിത്രരചനാവിജ്ഞാനീയം എന്നിങ്ങനെ രണ്ടു പേപ്പറുകളുമുണ്ട്. മലയാളിയുടെ ജനസംസ്കാരം ഭാഷയെയും സാഹിത്യത്തെയും ഏതുവിധം സ്വാധീനിച്ചു എന്ന അന്വേഷണത്തെ സഹായിക്കുക എന്ന ലക്ഷ്യത്തെ മുൻനിർത്തി തയ്യാറാക്കിയതാണ് കേരളസംസ്കാരം പാഠ്യപദ്ധതി എന്ന് ആമുഖമായി പ്രസ്താവിച്ചിരിക്കുന്നു. ആദിമജനതയിൽ സമാരംഭിച്ചും കൊണ്ടുംകൊടുത്തും വളർന്നും വികസിച്ചും അവബോധത്തിലും വീക്ഷണത്തിലും പ്രതികരണത്തിലും മലയാളിയുടെ സ്വത്വത്തെ സ്വാധീനിച്ച ഘടകങ്ങളെ തിരിച്ചറിയുക, മറ്റു ദേശങ്ങളിലെ ജനജീവിത പഴക്കത്തിൽ നിന്നുള്ള വ്യതിയാനം മലയാളിയെ പ്രത്യേകമായൊരു സംസ്കൃതിയുടമകളാക്കി, ആ തനിമകളെ തിരിച്ചറിയുകയും ആഗോളവൽക്കരണത്തിനിടയിലും സ്വത്വസംരക്ഷണത്തിന്റെ അവബോധം സംരക്ഷിക്കുകയും അവ സർഗാത്മക സൃഷ്ടികളിൽ പുനർജ്ജനിപ്പിക്കുകയും ചെയ്യുക, സഹനങ്ങളും പോരാട്ടങ്ങളും മലയാളിയുടെ സാംസ്കാരികജീവിതത്തിൽ വരുത്തിയ പരിണാമങ്ങളും അവയിലൂടെ അടയാളം ചെയ്യപ്പെട്ട സാമൂഹികക്രമങ്ങളും പരിചയപ്പെടുക എന്നിങ്ങനെ ഉദ്ദേശ്യലക്ഷ്യങ്ങൾ നിശ്ചയിച്ചിരിക്കുന്നു.

പ്രാചീനകേരളത്തെക്കുറിച്ചുള്ള ഒന്നാം മൊഡ്യൂളിൽ ഭൂമിശാസ്ത്രപ്രത്യേകതകൾ, അധിവാസമാതൃകകൾ, ഗോത്രസംസ്കൃതി, സംഘകാലസംസ്കൃതി, കുലശേഖരകാലം എന്നിവയും രണ്ടാം മൊഡ്യൂളിൽ അധിനിവേശ പൂർവകാലവും അധിനിവേശകാലവും, സ്വാതന്ത്ര്യസമരങ്ങൾ, ഭരണനവീകരണം എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

ദായക്രമം, സാമ്പത്തികഘടന, തൊഴിൽസംസ്കൃതി, ജാതിവ്യവസ്ഥ, വിദ്യാഭ്യാസരീതി, പരിസ്ഥിതിവിവേകം എന്നിവ ജനസംസ്കാരം എന്ന മൂന്നാമത്തെ മൊഡ്യൂളിലും, മതസംസ്കാരം എന്ന നാലാമത്തെ മൊഡ്യൂളിൽ ഹിന്ദു, ജൈന, ബുദ്ധ, ഇസ്ലാം, ക്രിസ്തുമതവും ആധുനിക മതപ്രസ്ഥാനങ്ങളിൽ സമത്വസമാജം, ബ്രഹ്മവിദ്യാസംഘം, ബ്രഹ്മസമാജം, ആത്മബോധോദയസംഘം, ആനന്ദമതം, ആര്യസമാജം, ആത്മവിദ്യാസംഘം, സഹോദരപ്രസ്ഥാനം, പ്രത്യക്ഷരക്ഷാദൈവസഭ എന്നിവയോടൊപ്പം നവോത്ഥാന നായകരെയും മതേതരനിലയും ഉൾപ്പെടുത്തിയിരിക്കുന്നു. അവസാന മൊഡ്യൂൾ കേരളസംസ്കാര നിർണയഘടകങ്ങളെക്കുറിച്ചാണ്. ഭക്ഷണം, വേഷം,കേരളീയകലകൾ, വൈജ്ഞാനിക സംഭാവനകൾ, സാംസ്കാരിക സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും, മാധ്യമം എന്നിവയും പാഠ്യവസ്തുക്കളായി വരുന്നു. 24 പുസ്തകങ്ങളുടെ റഫറൻസ് ലിസ്റ്റും നല്കിയിട്ടുണ്ട്. (പട്ടിക 26: 284-289).

ഹൈന്ദവേതരമായ സാംസ്കാരികപരിസരത്തെ അടയാളപ്പെടുത്താൻ കഴിയാതെ പ്രബലസംസ്കാരത്തോട് ചേർന്നുനില്ക്കുന്നുവെന്ന പ്രധാന പരിമിതിക്കകത്താണ് ഈ കോഴ്സിന്റെയും നില എങ്കിലും ഇതര സർവ്വകലാശാലകളിൽ നിന്നും വ്യത്യസ്തമായി അതിസൂക്ഷ്മമായ ചില പാഠ്യവസ്തുക്കളെ കോഴ്സിൽ ഉൾപ്പെടുത്താൻ സാധിച്ചതും പുതിയ ചില കാഴ്ചപ്പാടുകൾ ഉണ്ടാക്കാൻ കഴിഞ്ഞതും യൂണിറ്റ് വിഭജനത്തിനും അതിനകത്തെ പാഠ്യവസ്തുക്കൾക്കും പ്രധാനതലക്കെട്ടുകളും ഉപതലക്കെട്ടുകളും സൂക്ഷ്മതയോടെ നല്കാൻ കഴിഞ്ഞതും മേന്മയാണ്.

തൊഴിൽപ്രക്ഷോഭം, തൊഴിൽസംഘടനകൾ, അളവുതൂക്കങ്ങൾ, മലമ്പാത, ജന്തുസസ്യജാലം (ഉരഗം, മത്സ്യം, ഷഡ്പദം etc.), ഭക്ഷണം, വേഷം, കേശാലങ്കാരം, ആഭരണം, തപാൽ, വസ്തുശാസ്ത്രവും വൃക്ഷങ്ങളും, ജ്യോതിഷവും വൃക്ഷങ്ങളും എന്നീ പാഠ്യവസ്തുക്കൾ പാഠ്യപദ്ധതിയുടെ സൂക്ഷ്മസ്വഭാവത്തെ പ്രതിഫലിപ്പിക്കുന്നു. വിവിധ സ്വാതന്ത്ര്യസമരപ്രക്ഷോഭങ്ങളിൽ മലബാർകലാപം ഇല്ലാത്തതും ആധുനിക മതപ്രസ്ഥാനങ്ങൾ ഏകപക്ഷീയമായ ഹൈന്ദവപ്രസ്ഥാനങ്ങൾ മാത്രമാവുന്നതും കേരളീയകലകൾ ഹൈന്ദവകലകൾ മാത്രമാവുന്നതും പാഠ്യപദ്ധതിയെ രാഷ്ട്രീയവുചായ്വുനിറഞ്ഞതും പ്രത്യയശാസ്ത്രപരമായി പ്രതിലോമപരവുമാക്കുന്നു. നവോത്ഥാനനായകരിലും ഇതരസമുദായ നായകർ തമസ്കരിക്കപ്പെടുന്നു. വിമർശനങ്ങളെയും വീക്ഷണവ്യത്യാസങ്ങളെയും സംവാദങ്ങളെയും പാഠ്യപദ്ധതി അഭിമുഖീകരിക്കുന്നില്ല. ആമുഖമായി നല്കിയ പാഠ്യപദ്ധതിയിലെ ഉദ്ദേശ്യലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാനുതകുന്ന പാഠ്യവസ്തുവോ പഠനാനുഭവങ്ങളോ അതിലില്ല. ജനസംസ്കാരം മലയാളഭാഷയെയും സാഹിത്യത്തെയും എങ്ങിനെ സ്വാധീനിച്ചുവെന്ന തിരിച്ചറിവുണ്ടാക്കാനോ സ്വത്വസംരക്ഷണ അവബോധം സർഗ്ഗാത്മക സൃഷ്ടികളിൽ പുനർജനിപ്പിക്കാനോ പാഠ്യപദ്ധതിയിൽ ഒന്നും തന്നെയില്ല. അതായത് പഠനലക്ഷ്യത്തെ പാഠ്യവസ്തു അഥവാ പാഠ്യപദ്ധതി സാധൂകരിക്കുന്നില്ല.

8.11. മധുര കാമരാജ് സർവ്വകലാശാല

ഒന്നാം സെമസ്റ്ററിലെ മൂന്നാം പേപ്പറായും രണ്ടാം സെമസ്റ്ററിലെ മൂന്നാം പേപ്പറായും ആണ് കേരളസംസ്കാരം ഒന്നും രണ്ടും ഭാഗങ്ങൾ 2008 മുതൽ നിലനില്ക്കുന്ന പാഠ്യപദ്ധതിയിൽ കാണുന്നത്. ഏഴുവരിയിൽ ഒതുങ്ങുന്നതാണ് ഉദ്ദേശ്യാധിഷ്ഠിതമല്ലാത്ത പാഠ്യപദ്ധതി. 9 പുസ്തകങ്ങൾ റഫറൻസായി നല്കിയിരിക്കുന്നു. കേരളത്തിന്റെ പ്രാചീനസംസ്കാരം, ഉപാദാനങ്ങൾ, സംഘകാലം, കലശേഖരകാലം, ക്ഷേത്രസംസ്കാരം, കലയും വാസ്തുവിദ്യയും, ദേവദാസി-ജന്മി സമ്പ്രദായങ്ങൾ, മരുമക്കത്തായം, ചാവേറ്റപട, ആയ് രാജവംശം, ശാലകൾ, കൊല്ലവർഷം-വിവിധ അഭിപ്രായങ്ങൾ എന്നിവയാണ് പാഠ്യവസ്തുക്കൾ.

കേരളസംസ്കാരം രണ്ടാംഭാഗത്ത് നാട്ടുരാജ്യങ്ങൾ, പതിനെട്ടരക്കവികൾ, മാമാങ്കം, പാശ്ചാത്യരുടെ ആഗമനം, സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങൾ, മൈസൂർ, കലകൾ, സാംസ്കാരിക സംഘടനകൾ, അക്കാദമികൾ എന്നിവ ഉൾപ്പെടുന്നു. 11 പുസ്തകങ്ങൾ റഫറൻസായി നല്കിയിരിക്കുന്നു. ഏകശിലാത്കമായ സംസ്കാരത്തെയാണ് കേരള സംസ്കാരമായി ഈ പാഠ്യപദ്ധതിയും അടയാളപ്പെടുത്തുന്നത്.

8.12. മലയാളം സർവ്വകലാശാല

മൂന്നാം സെമസ്റ്ററിലെ മൂന്നാം പേപ്പറായാണ് 'കേരളസംസ്കാരം' പാഠ്യപദ്ധതി നിലവിലുള്ളത്. സംസ്കാരപഠനവും സാഹിത്യപഠനവും എന്നൊരു പേപ്പർ ഓപ്പൺ ഇലക്ടീവ് ആയും ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളചരിത്രവും കേരളസംസ്കാരവും പരസ്പരപൂരകമായ വിഷയങ്ങൾ എന്ന നിലയിൽ ചരിത്രപശ്ചാത്തലത്തിൽ സംസ്കാരതലങ്ങളെ പഠിക്കുക എന്ന സാമാന്യപ്രസ്താവനയാണ് കോഴ്സിന്റെ ഉദ്ദേശ്യമായി കൊടുത്തിരിക്കുന്നത്. 36 പുസ്തകങ്ങളുടെ റഫറൻസ് ലിസ്റ്റും നല്കിയിരിക്കുന്നു. (പട്ടിക, 26: 290-296).

കേരളസംസ്കാര ചരിത്രരചന, വിവിധ സമീപനങ്ങൾ, കേരളം-മലയാളം സംജ്ഞകൾ, മഹാശിലാസംസ്കാരം, സാഹിത്യപരാമർശങ്ങൾ, വിദേശീയരുടെ വിവരങ്ങൾ, പ്രാചീന മതങ്ങൾ, തുറമുഖങ്ങൾ എന്നിവ ഒന്നാമത്തെ യൂണിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നു. രണ്ടാമത്തെ യൂണിറ്റിൽ ശാസനങ്ങൾ, ലിഖിതങ്ങൾ, സ്മാരകങ്ങൾ, സംഘകാലം, വിദ്യാഭ്യാസം, വിജ്ഞാനം, ദാർശനികർ (ആഴ്വാർമാർ, ശങ്കരൻ, ചട്ടമ്പിസ്വാമികൾ, നാരായണ ഗുരു, ബ്രഹ്മാനന്ദ ശിവയോഗി, വാഗ്ഭടാനന്ദൻ), രാജവംശങ്ങൾ, ജന്മിസമ്പ്രദായം, മരുമക്കത്തായം, ഭൂപരിഷ്കരണം എന്നിവയാണ് നിർദ്ദേശിച്ചിരിക്കുന്നത്. യൂണിറ്റ് മൂന്ന് കലകൾ, ഉത്സവങ്ങൾ, ആഘോഷങ്ങൾ എന്നിവ സംബന്ധിച്ചാണ്. ക്ഷേത്രശില്പങ്ങൾ, ദാരുശില്പങ്ങൾ, ക്രിസ്ത്യൻ-മുസ്ലിം പള്ളികളിലെ ചിത്രകല, ചുവർ ചിത്രങ്ങൾ, സംഗീത പാരമ്പര്യം, സംഗീത ശാസ്ത്രഗ്രന്ഥങ്ങൾ, സ്വാതിതിരുനാളും കർണ്ണാടക സംഗീതവും, ഇരയിമ്മൻ തമ്പിയും ഇതര സംഗീതജ്ഞരും, കൂത്ത്, കൂടിയാട്ടം, പാഠകം, സംഘക്കളി, കഥകളി, തുള്ളൽ, യക്ഷഗാനം, മുടിയേറ്റ്, തെയ്യം, ചവിട്ടുനാടകം,

കുമ്മാട്ടി, കൈകൊട്ടിക്കളി, തോൽപ്പാവക്കൂത്ത്, ഓണം, വിഷു, തിരുവാതിര, പൂരം, മാമാങ്കം, വള്ളംകളി, രഥോൽസവം എന്നിവയാണ് പാഠ്യവസ്തുക്കൾ. യൂണിറ്റ് നാലിൽ ക്രൈസ്തവ മുസ്ലിം മതവിഭാഗങ്ങളും ജീവിതവും, യൂണിറ്റ് അഞ്ചിൽ സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾ (എസ്.എൻ.ഡി.പി, യോഗക്ഷേമസഭ, എൻ.എസ്.എസ്), നവോത്ഥാനവും ഇതര സാമുദായിക പരിഷ്കരണ പ്രസ്ഥാനങ്ങൾ, വൈക്കം, ഗുരുവായൂർ-പാലിയം സത്യാഗ്രഹങ്ങൾ, ക്ഷേത്രപ്രവേശന വിളംബരം, കേരളീയസമൂഹത്തിന്റെ ആധുനികീകരണം, ജനാധിപത്യകേരളത്തിന്റെ രൂപീകരണം എന്നിവയും ഉൾപ്പെടുത്തിയിരിക്കുന്നു.

കേരളസംസ്കാരത്തിന്റെ ബഹുസ്വരധാരകളെ തിരസ്കരിച്ച് ഏകശിലാത്മകമായ സംസ്കാരമെന്ന മട്ടിൽ സങ്കരസംസ്കാരത്തെ തെറ്റായി വ്യാഖ്യാനിക്കുകയും നിർമ്മിക്കുകയും ചെയ്യുന്ന സവർണ്ണ വരേണ്യതയുടെ പ്രത്യയശാസ്ത്രമാണ് ആദ്യന്തം പാഠ്യപദ്ധതിയിൽ പ്രതിഫലിക്കുന്നത്. ശാലകളും കളരികളും ഗ്രാമവിദ്യാലയങ്ങളും ചേർന്ന വിദ്യാലയങ്ങളിൽ ഇതര മതപഠന കേന്ദ്രങ്ങൾ, മദ്രസ്സകൾ, ഓത്തു പള്ളിക്കൂടങ്ങൾ, സെമിനാരികൾ എന്നിവയ്ക്ക് അവയുടേതായ ചരിത്രമുണ്ട്. എന്നാലവ ഈ പാഠങ്ങളിൽ ഒഴിവാക്കപ്പെടുന്നു. കേരളീയ ദാർശനികരിൽ ഹൈന്ദവേതരമായ ഒരു ദർശനമോ ദാർശനികനോ പരിഗണിക്കപ്പെടുന്നില്ല, സംഗീതപാരമ്പര്യമെന്നാൽ സ്വാതി തിരുനാളും കർണ്ണാടക സംഗീതവും മാത്രം. ഹിന്ദുസ്ഥാനിസംഗീതമോ മാപ്പിളപ്പാട്ടോ സൂഫി സംഗീതപാരമ്പര്യമോ ഇല്ല. കലകളിൽ ഗോത്രകലകൾക്കോ ഇതരസമുദായ കലകൾക്കോ ഇടമില്ല. ചവിട്ടുനാടകം മാത്രമാണ് ഒരപവാദം. കേരളീയരുടെ ഉൽസവാഘോഷമെന്നാൽ - ഓണം, വിഷു, തിരുവാതിര, പൂരം, മാമാങ്കം, വള്ളംകളി, രഥോൽസവം മാത്രം! സാമൂഹിക പരിഷ്കരണപ്രസ്ഥാനം എന്നാൽ നമ്പൂതിരിയോഗക്ഷേസഭയും, എൻ.എസ്. എസ്, എസ്.എൻ.ഡി.പി. എന്നിവ മാത്രമാണ് പേരെടുത്ത് പരാമർശിച്ചിരിക്കുന്നത്. മുസ്ലിങ്ങളും കേരളീയജീവിതവും എന്ന ഒരൊഴുക്കൻ പരാമർശം പാഠ്യപദ്ധതിയിലുണ്ട് അതിബൃഹത്തായ ആ തലക്കെട്ടിനകത്ത് എന്തു പഠിക്കണമെന്ന സൂചനയില്ലാത്തിടത്തോളം അത് പ്രയോഗത്തിൽ വരുത്താൻ കഴിയില്ല. ഒരു ന്യൂനപക്ഷത്തിന്റെ സവർണ്ണ വരേണ്യസംസ്കാരത്തെ കേരളീയസമൂഹത്തിന്റെ സംസ്കാരമായി മാനകീകരിക്കുകയും കൃത്രിമമായി വിപുലീകരിക്കുകയും ചെയ്യുന്ന പ്രത്യയശാസ്ത്രനിർമ്മിതിക്കകത്താണ് ഈ പാഠ്യപദ്ധതി നിലകൊള്ളുന്നത്.

ഇടനാനൊപ്പം മലനാടിന്റെയും തീരപ്രദേശത്തിന്റെയും ചരിത്രം പ്രതിപാദിക്കുന്ന, കേരളസംസ്കാരത്തിനകത്തെ പലമകളെയും കലർപ്പുകളെയും വൈവിധ്യത്തെയും അർഹമായ പ്രാധാന്യത്തോടെ അവതരിപ്പിക്കുന്ന, ഭാഷയിലും ആഖ്യാനത്തിലും നൈതികത പുലർത്തുന്ന ഒരു കേരള സംസ്കാരപഠന പാഠ്യപദ്ധതി ഇനിയും രൂപപ്പെടേണ്ടതായാണിരിക്കുന്നത്.

കുറിപ്പുകൾ

1. *ചരിത്രവും വർഗ്ഗീയതയും മാർക്സിസ്റ്റ് സംവാദം*, എ.കെ.ജി. ഗവേഷണകേന്ദ്രം, 1994, ഫെബ്രുവരി -ജൂലൈ, പുറം-8.

2. *ചരിത്രം, വ്യവഹാരം: കേരളവും ഭാരതവും*-എം.ജി.എസ്സ്. നാരായണൻ, ജൂൺ-2015, സെപ്റ്റംബർ-2018. കറന്റ് ബുക്സ്, തൃശ്ശൂർ. പുറം-20

3. അഖിലേന്ത്യാടിസ്ഥാനത്തിൽ ബ്രിട്ടീഷ് അധികാരികൾ ഔദ്യോഗികമായി സംഘടിപ്പിച്ച മാന്വൽ സംരംഭത്തിന്റെ ഘടകമാണന്നും ആഖ്യാനക്രമവും അദ്ധ്യായ വിഭജനംപോലും കേന്ദ്രത്തിന്റെ മാർഗരേഖയെപിന്തുടർന്നാണ്. ഇംപീരിയൽ ഗസറ്റിയറിന്റെ സങ്കല്പമാണ് എല്ലാ ജില്ലകളിലും ഇത്തരം മാന്വലുകളും ഗസറ്റിയറുകളും ഒരേ മാതൃകയിൽ സൃഷ്ടിക്കാൻ പ്രേരിപ്പിക്കുക. (പുറം 135. അതേ പുസ്തകം)

4. അതേ പുസ്തകം, പുറം 268-269.

5. H.D Ravi Chauthar:- *Political History of Ancient india* (1923)
   K.P.Jayswal - *Hindu Poliety* (1924)
   R.C. Majumdar - *Advanced History of India* (1925)
   R.C. Majumdar - *The Early History of Bengal* (1925)
   H.D - *Rajputana kaitinara* (1925)

6. യൂറോപ്യൻ പണ്ഡിതരായ റോബർട്ട് സിവെൽ, ഹൂൾഷ്, ബർണൽ, എല്ലിസ്, കാൽഡ്വൽ, ജോഡു ബ്രീൽ എന്നിവർ കാട്ടിക്കൊടുത്ത വഴി കൂടുതൽ വെട്ടിത്തെളിച്ച് അവർ മുന്നേറി. അങ്ങനെ ദക്ഷിണേന്ത്യാചരിത്രം എന്ന ഒരു വിഷയം രൂപവത്കൃതമായി.

7. കേരള ചരിത്രം - എന്തിന്? എങ്ങനെ പഠിക്കണം? *ചരിത്രം, വ്യവഹാരം: കേരളവും ഭാരതവും*-എം. ജി.എസ്സ്. നാരായണൻ, ജൂൺ-2015, സെപ്റ്റംബർ-2018. കറന്റ് ബുക്സ്, തൃശ്ശൂർ പുറം 20,

8. മലയാളം ബിരുദ-ബിരുദാനന്തര വിദ്യാർത്ഥികൾക്ക് കേരളചരിത്രം ഒരു വിഷയമായി നിശ്ചയിച്ചപ്പോൾ സമഗ്രമായ ഒരു കേരളചരിത്രത്തിന്റെ അഭാവം അനുഭവപ്പെടുകയുണ്ടായി. പഠിപ്പിക്കുവാൻവേണ്ടി പഠിപ്പിക്കുകയും ഗവേഷണം നടത്തുകയും ചെയ്യുന്നതിനിടയിൽ ലഭിച്ച പുതിയ വെളിപാടുകൾ അവതരിപ്പിക്കുന്നവയാണ് അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ. (*ഇളംകുളം കുഞ്ഞൻപിള്ള ഗവേഷണ ഗൗരവത്തിന്റെ മുഖം*—പുതുശ്ശേരി രാമചന്ദ്രൻ. ഗ്രന്ഥാലോകം. 1998, മാർച്ച്-8 പുറം-48)

9. *ചരിത്രം വ്യവഹാരം: കേരളവും ഭാരതവും* - എം.ജി.എസ്.നാരായണൻ, പുറം - 45

10. സവർണ മാഹാത്മ്യങ്ങളെ സ്വാഭാവികമായി അംഗീകരിച്ചുപോന്ന ഒരു പ്രവണതക്കെതിരെയുള്ള ഷോക്ടീറ്റുമെന്റ് (എം.ജി.എസ്. നാരായണൻ—വിജ്ഞാനകൈരളി, 1977 ജനുവരി പുറം 57)

11. പി.കെ. ബാലകൃഷ്ണൻ-*ജാതി വ്യവസ്ഥിതിയും കേരളചരിത്രവും* (പുറം-34).

12. ആലോചനം –അന്തർദ്ദേശീയസെമിനാർ, 2018 കാലിക്കറ്റ് സർവ്വകലാശാല, കേരളീയചിന്ത, ദേശീയ സെമിനാർ, 2016, മലയാള വിഭാഗം, കെ.കെ.ടി.എം.ഗവ.കോളേജ്, പുല്ലൂറ്റ്, ഗവ.ആർട്സ് ആന്റ് സയൻസ് കോളേജ്, കോഴിക്കോട്,

13. കേരളീയചിന്ത-മലയാളപ്പച്ച, 2016, ഫെബ്രുവരി, ലക്കം 4, വാല്യം-1,

14. കേരളലിറ്ററി ഫെസ്റ്റ് 2019, സംഘാടനം- ഡി.സി.ബുക്സ്, 2019 ജനുവരി 10-13, 13-ാം തിയ്യതിയിലെ വേദിയിൽ ദിലീപ് രാജ്, ഡോ.സി.ജെ. ജോർജ്ജ്, ഡോ.ഷംഷാദ് ഹുസൈൻ, അജിത് എം.എസ്. എന്നിവർ പങ്കെടുത്ത ആദ്യസെഷൻ. വിഷയം: കേരളീയചിന്ത: സിലബസിലെ രാഷ്ട്രീയം

15

പട്ടിക 25
കേരള പഠനം- പാഠപുസ്തകങ്ങൾ

ക്രമ നമ്പർ	കൃതിയും കർത്താവും	വർഷം	സർവ്വകലാശാല
1	History Of The Tamils - P.T.Sreenivasa Iyengar	1961	കേരള
2	The Chera Kings Of The Sangam Age - K.G.Sesha Iyer	1961	കേരള
3	Chronology of the Early Tamils - K.N.Sivaraja Pillai	1961	കേരള
4	കേരളചരിത്രത്തിലെ ഇരുളടഞ്ഞ ഏടുകൾ - പി.എൻ. കുഞ്ഞൻപിള്ള	1961	കേരള
5	ചില കേരളചരിത്ര പ്രശ്നങ്ങൾ (എല്ലാ ഭാഗവും) - പി.എൻ. കുഞ്ഞൻപിള്ള	1961	കേരള
6	History of Cochin Vol.1&2 - K.P. Padmanabha Menon	1961	കേരള
7	Travancore State Mannual Vol.2 - T.K.Velupillai	1961	കേരള
8	Malabar Manual – Logan	1961	കേരള
9	Malabar and Portuguese - K.M. Panikkar	1961	കേരള
10	Malabar and the Dutch - K.M. Panikkar	1963	കേരള
11	ജന്മിസമ്പ്രദായം കേരളത്തിൽ - പി.എൻ.കുഞ്ഞൻപിള്ള	1963	കേരള
12	അന്നത്തെ കേരളം - പി.എൻ.കുഞ്ഞൻപിള്ള	1963	കേരള
13	ചേര സാമ്രാജ്യം 9ഉം 10ഉം ശതകങ്ങളിൽ - ഇളംകുളം കുഞ്ഞൻപിള്ള	1965	കേരള
14	കേരളം 5ഉം 6ഉം ശതകങ്ങളിൽ - ഇളംകുളം കുഞ്ഞൻപിള്ള	1965	കേരള
15	ചരിത്രത്തിന്റെ പശ്ചാത്തലം - ഇളംകുളം കുഞ്ഞൻപിള്ള	1965	കേരള
16	Chapters dealing with history in the District Gazetteers Trichur and Trivandrum - A.SreedharaMenon	1965	കേരള
17	Foreign Notices of South India - K.A.N.Sastri	1972	കേരള
18	Kerala Studies – Dr.P.K. Narayana Pillai (Ed.)	1972	കേരള
19	A Survey of Kerala History - A.Sreedhara Menon	1972	കേരള
20	യുക്തിഭാഷ	2014	കാലിക്കറ്റ്
21	ജ്ഞാനപ്പാന - പൂന്താനം	2014	കാലിക്കറ്റ്
22	ആത്മോപദേശ ശതകം-ശ്രീനാരായണഗുരു	2014	കാലിക്കറ്റ്

23	മലബാർ മാര്യേജ് കമ്മീഷൻ റിപ്പോർട്ട് - ചന്തുമേനോൻ (മെമ്മോറാണ്ടം, അനുബന്ധം-5, ജോർജ്ജ് ഇരുമ്പയത്തിന്റെ മലയാളനോവൽ 19-ാം നൂറ്റാണ്ടിൽ)	2014	കാലിക്കറ്റ്
24	സരസ്വതീ വിജയം - പോത്തേരികുഞ്ഞമ്പു	2014	കാലിക്കറ്റ്
25	കാണുന്നീലൊരക്ഷരവും - പൊയ്കയിൽ അപ്പച്ചൻ	2014	കാലിക്കറ്റ്
26	ജാതിക്കുമ്മി - കുറുപ്പൻ	2014	കാലിക്കറ്റ്
27	സമഗ്രമായ ഒരു കേരള ചരിത്രത്തിന്റെ ആവശ്യകത— ഇളംകുളം കുഞ്ഞൻപിള്ളയുടെ തെരഞ്ഞെടുത്തകൃതികൾ - എൻ. സാം (എഡിറ്റർ)	2014	കാലിക്കറ്റ്
28	തമിഴ്രാജ്യം മുതൽ മലയാള രാജ്യനിവാസികളായ മുസ്ലിം ജനവും വിദ്യാഭ്യാസവും - മക്തിത്തങ്ങൾ	2014	കാലിക്കറ്റ്
29	കുറിയേടത്തു താത്രി: സംസ്കാരിക നവോത്ഥാന നായിക - വി.ടി.ഭട്ടതിരിപ്പാട്	2014	കാലിക്കറ്റ്
30	നവലോകം - കേസരി എ ബാലകൃഷ്ണപിള്ള	2014	കാലിക്കറ്റ്
31	വാല്മീകിയുടെ രാമൻ - കുട്ടികൃഷ്ണമാരാര്	2014	കാലിക്കറ്റ്
32	സാഹിത്യത്തിലെ തത്ത്വചിന്ത - കുറ്റിപ്പുഴ	2014	കാലിക്കറ്റ്
33	കവിതയും നവോത്ഥാനവും - എം.ഗോവിന്ദൻ	2014	കാലിക്കറ്റ്
34	പഴയസത്യവും പുതിയ മിഥ്യയും - എം.എൻ.വിജയൻ	2014	കാലിക്കറ്റ്
35	സംന്യാസം - വെളിച്ചവും ഇരുട്ടും - സുകുമാർ അഴീക്കോട്	2014	കാലിക്കറ്റ്
36	ഉർവ്വരതയുടെ താളം - ടി.പി.സുകുമാരൻ	2014	കാലിക്കറ്റ്
37	തിരിയും ചുമടും - ഒ.വി.വിജയൻ	2014	കാലിക്കറ്റ്
38	അറിയുന്ന കഥകളും അറിയാത്ത കഥകളും - ആനന്ദ്	2014	കാലിക്കറ്റ്
39	വാക്കുകളും വസ്തുക്കളും - ബി.രാജീവൻ	2014	കാലിക്കറ്റ്
40	നീതി സാരം(പ്രതിവാദങ്ങൾ) - വി.സി.ശ്രീജൻ	2014	കാലിക്കറ്റ്
41	ശാസ്ത്രദർശനത്തിന് ഒരാമുഖം - നിസ്സാർ അഹമ്മദ്	2014	കാലിക്കറ്റ്
42	ആത്മകഥകൾ ചരിത്രമെഴുതുമ്പോൾ - ഉദയകുമാർ	2014	കാലിക്കറ്റ്
43	ആണരശുനാട്ടിലെ കാഴ്ചകൾ - പ്രവീണ കോടോത്ത്, ജെ.ദേവിക	2014	കാലിക്കറ്റ്
44	കേരള ചരിത്രം—വാല്യം 1-ഉം 2-ഉം - കേരള ഹിസ്റ്ററി അസോസിയേഷൻ	1986	എം.ജി.
45	History Of Kerala - K.P Pathmanabha Menon	1986	എം.ജി.
46	The Sangam Age - K.A Nilakanta Sastri	1986	എം.ജി.
47	കേരളത്തിന്റെ സംസ്കാരിക ചരിത്രം - പി.കെ.ഗോപാലകൃഷ്ണൻ	1986	എം.ജി.

48	കേരള സ്വാതന്ത്ര്യസമരം - കെ.എം.പണിക്കർ	1986	എം.ജി.
49	Studies In Kerala History - Elamkulam Kunjan Pillai	1986	എം.ജി.
50	Arts And Crafts of Kerala - Stella Kramrisch and Cousins	1986	എം.ജി.
51	Temple Architecture of Kerala - Archeology Department	1986	എം.ജി.
52	കേരളം അറുന്നൂറ് കൊല്ലം മുമ്പ് - വേലായുധൻ പണിക്കശ്ശേരി	1986	എം.ജി.
53	കേരള സംസ്കാരം - എ. ശ്രീധരൻപിള്ള	1990	എം.ജി.
54	കേരള ചരിത്രം - എ.ശ്രീധരൻപിള്ള	1990	എം.ജി.
55	അന്നത്തെ കേരളം - പ്രൊഫ.ഇളംകുളം കുഞ്ഞൻപിള്ള	1990	എം.ജി.
56	സംസ്കാരത്തിന്റെ നാഴികക്കല്ലുകൾ - ഇളംകുളം കുഞ്ഞൻപിള്ള	1990	എം.ജി.
57	നാട്യകല്പദ്രുമം - മാണിമാധവചാക്യാർ	1990	എം.ജി.
58	ചവിട്ടുനാടകം - സെബീനാറാഫി	1990	എം.ജി.
59	സംഘകാല കേരളം - വി.വി.കെ.വാലത്ത്	1990	എം.ജി.
60	ക്രൈസ്തവ സംസ്കാരം - ഡോ.സാമുവൽ ചന്ദനപ്പള്ളി	1990	എം.ജി.
61	മിഷനറി മലയാള ഗദ്യമാതൃകകൾ -ഡോ.സാമുവൽ ചന്ദനപ്പള്ളി	1990	എം.ജി.
62	മലയാള സാഹിത്യവും ക്രിസ്ത്യാനികളും- ഡോ.പി.കെ.തോമസ്	1990	എം.ജി.
63	കേരളം—മലയാളികളുടെ മാതൃഭൂമി - ഇ.എം.എസ്	1990	എം.ജി.
64	കഥകളി രംഗം - കെ.പി.എസ്. മേനോൻ	1990	എം.ജി.
65	ലന്തക്കാർ കേരളത്തിൽ-ഡോ.റ്റി.ഐ. പൂന്നൻ	1990	എം.ജി.
66	ജാതിവ്യവസ്ഥയും കേരളവും - പി.കെ. ബാലകൃഷ്ണൻ	1990	എം.ജി.
67	നമ്മൾ നടന്ന വഴികൾ - എസ്.കെ. വസന്തൻ	2012	എം.ജി.
68	കേരളചരിത്രം - എം.ആർ. രാഘവവാര്യർ, രാജൻ ഗുരുക്കൾ	2012	എം.ജി.
69	സംഘകാല ഭരണസംവിധാനം - എൻ.സുബ്രഹ്മണ്യൻ	2012	എം.ജി.
70	സംഘകാല കൃതികളിലെ തമിഴ് സംസ്കാരം - ഡോ.കെ. ഉണ്ണിക്കിടാവ്	2012	എം.ജി.
71	കേരള ചരിത്രത്തിലെ അടിസ്ഥാന ശിലകൾ - എം.ജി.എസ്. നാരായണൻ	2012	എം.ജി.
72	കേരള ചരിത്രം - ടി.കെ.ഗംഗാധരൻ	2012	എം.ജി.
73	കേരള നവോത്ഥാനം - പി.ഗോവിന്ദപിള്ള	2012	എം.ജി.
74	കേരള ചരിത്രത്തിന്റെ നാട്ടുവഴികൾ - എൻ.എം.നമ്പൂതിരി, പി.കെ.ശിവദാസ്	2012	എം.ജി.
75	കേരള സംസ്കാരവും അകവും പുറവും - എൻ.എം.നമ്പൂതിരി	2012	എം.ജി.
76	ബലിയാടുകളുടെ വംശാവലി - ടി.എം.യേശുദാസൻ	2012	എം.ജി.

77	കേരളവും സ്വാതന്ത്ര്യസമരവും - പ്രൊഫ.എ.ശ്രീധരമേനോൻ	2016	എം.ജി.
78	സ്വാതന്ത്ര്യസമരവും മലയാള സാഹിത്യവും - പ്രൊഫ.എം.അച്യുതൻ	2016	എം.ജി.
79	മലബാർ പഠനങ്ങൾ - ഡോ.സി.കെ.ഗോപാലൻകുട്ടി	2016	എം.ജി.
80	ക്വിറ്റ് ഇന്ത്യാസമരവും കേരളവും - കെ.കെ.എൻകുറുപ്പ്	2016	എം.ജി.
81	ഗാന്ധിജിയും കേരളവും- ഭാരതസർക്കാർ, സാംസ്കാരിക പ്രസിദ്ധീകരണം	2016	എം.ജി.
82	അധിനിവേശ വിരുദ്ധപോരാട്ടവും കേരളത്തിലെ സ്വാതന്ത്ര്യ സമരവും - എസ്. രാമചന്ദ്രൻ നായർ	2016	എം.ജി.
83	Cultural Symbosis in Kerala - M.G.S. Narayanan	2012	എം.ജി.

16

പട്ടിക 26
കേരള പഠനം-സഹായകഗ്രന്ഥങ്ങൾ

ക്രമ നമ്പർ	കൃതിയും കർത്താവും	വർഷം	സർവ്വകലാശാല
1	The Geography of Ancient India - Cunningham A	1959	കേരള
2	History of South india-Ancient period - K.A.Nilakanda sastri	1959	കേരള
3	A College text book of Indian History Vols.1 & 11- Sadynatha Aiyar	1959	കേരള
4	The Beginnings of South India History - Dr.S.K.Iyengar	1959	കേരള
5	History of the Tamils - P.T.Srinivasa Iyengar	1959	കേരള
6	Chronology of the early Tamils - K.N Sivaraja Pillai	1959	കേരള
7	The Cerakings of the Sangam Age - K.G. Sesha Aiyar	1959	കേരള
8	Dravidian India - T.R.Sesha Iyengar	1959	കേരള
9	The pandyan Kingdom - K.A.Nilakata Sastri	1959	കേരള
10	The Cholas - K.A.Nilakanta Sastri	1959	കേരള
11	Natural History of Plini	1959	കേരള
12	The Naiks of Madhura - Swaminatha Aiyar	1959	കേരള
13	Ancient india as described by Ptolemy - Me.Crindle.J.W	1959	കേരള
14	The periplus- Me.Crindle.J.W	1959	കേരള
15	Marco Polo - Jule	1959	കേരള

16	Travels of IbnBatuta - Lee	1959	കേരള
17	The land of the perumals - Francis Day	1959	കേരള
18	Description of the seaports of malabar - Edge	1959	കേരള
19	History of the Malabar church - Geddes	1959	കേരള
20	The Syrian church in Malabar - J.C.Panjikkaran	1959	കേരള
21	Church history of Travancore - Augur.C.M	1959	കേരള
22	History of Kerala vols-I-IV - K.P. Padamanabha Menon	1959	കേരള
23	History of Cochin,Vols I and II - K.P. Padamanabha Menon	1959	കേരള
24	History of Travancore-P.Sankunnimenon	1959	കേരള
25	History of Travancore -R.Narayanapanicker	1959	കേരള
26	Travancore State Manual –T.K.Velu Pillai	1959	കേരള
27	Travancore State Manual -V.Nagamaiah	1959	കേരള
28	Cochin State Manual-C.Achutha Menon	1959	കേരള
29	Malabar Manual-Logan	1959	കേരള
30	Kerala Pazhama-Gundert	1959	കേരള
31	Some Early Sovereigns of Travancore - P.Sundharan Pillai	1959	കേരള
32	Malabar and the Portuguese - K.M. Panicker	1959	കേരള
33	Malabar and the Dutch - K.M. Panicker	1959	കേരള
34	Veeraraghava pattayam - Dr.KGodavarma	1959	കേരള
35	The Ay Kings - P.N.Kunjan Pillai	1959	കേരള
36	The Proceedings of the Indian History Congress Vol. IX-The age of Sthanu Ravi and the Ceras of the 9th and 10th Century A.D Vol.X-The Suicide Squads of Ancient Kerala Vol.XI-The Genesis of the Matriarchal System in Kerala Vol.XII-The date of the Ay King Varaguna	1959	കേരള
37	Introduction to Sankaranarayaniya - Dr. P.K.Narayana Pillai	1959	കേരള
38	Ancient India Vol.II- The Megalithic Burials of South India - K.R.Srinivasan	1959	കേരള
39	Rise of the Dutch Power in Malabar - D.r.T.L.Poonen	1959	കേരള
40	Malabar in the eyes of travellers - Sooranad P.N.Kunjan Pillai	1961	കേരള
41	ചേരസാമ്രാജ്യം 9-ഉം 10-ഉം ശതകങ്ങളിൽ - ഇളംകുളം കുഞ്ഞൻപിള്ള	1964	കേരള
42	കേരളം-5 ഉം 6-ഉം ശതകങ്ങളിൽ - ഇളംകുളം കുഞ്ഞൻപിള്ള	1964	കേരള

43	Suchindram Temple - K.K.Pillai	1965	കേരള
44	Kerala Society Papers	1972	കേരള
45	ജന്മിസമ്പ്രദായം കേരളത്തിൽ - ഇളംകുളം	1972	കേരള
46	Kerala District gazetteers	1972	കേരള
47	Proto-Indo-Mediterranean Culture - Fr.Heras	1972	കേരള
48	കേരളവും ബുദ്ധമതവും - S.Sankulyer	1972	കേരള
49	Kerala Culture - K Mamman	1972	കേരള
50	Ancient India Vol-II-The Megalithic Barials of South India - K.R.Srinivasan	1972	കേരള
51	കേരളചരിത്രത്തിലെ ചില അജ്ഞാതഭാഗങ്ങൾ - എസ്.ശങ്കു അയ്യർ	1972	കേരള
52	Studies in Kerala History- ഇളംകുളം കുഞ്ഞൻപിള്ള	1975	കേരള
53	Kerala a portrait of the Malabar Coast - Wood Cock	975	കേരള
54	Cultural change in a Malabar village - Dr.A.Aiyappan	975	കേരള
55	കേരളത്തിന്റെ സംസ്കാരികചരിത്രം - പി.കെ.ഗോപാലകൃഷ്ണൻ	1977	കേരള
56	നമ്മുടെ ദൃശ്യകല-കെ.ആർ.പിഷാരടി	1977	കേരള
57	കേരളസംഗീതം-പി.മാധവൻ നായർ	1977	കേരള
58	History of Kerala-K.P.P. Menon	1977	കേരള
59	History on the March - Kerala History Association	1977	കേരള
60	Arts and Crafts of Kerala- Stella Kramrisch and Cousins	1977	കേരള
61	Kathakali - K. Bharatha Iyer	1977	കേരള
62	Temple Architecture of Kerala - Archeology Department	1977	കേരള
63	കേരളചരിത്രം വാല്യം I ,II - കേരള ഹിസ്റ്ററി അസോസിയേഷൻ	1977	കേരള
64	കേരളത്തിലെ നാടോടിനാടകങ്ങൾ - ഡോ.എസ്.കെ.നായർ	1977	കേരള
65	നാട്യകല്പദ്രുമം - മാണിമാധവചാക്യാർ	1977	കേരള
66	ചവിട്ടുനാടകം - സെബീനാറാഫി	1977	കേരള
67	കൂത്തുംകൂടിയാട്ടവും - അമ്മാമൻ തമ്പുരാൻ	1977	കേരള
68	കേരളസ്വാതന്ത്ര്യസമരം - കെ.എം. പണിക്കർ	1978	കേരള
69	The Sangham Age. Prof.K.A.Neelakanda Sasthri	1978	കേരള
70	Budhism in Kerala - K.M. Paniker	1978	കേരള
71	കേരള ചരിത്രനിഘണ്ടു - എസ്.കെ.വസന്തൻ	1989	കേരള
72	കേരള ചരിത്രം - എ. ശ്രീധരമേനോൻ	1989	കേരള

73	കേരളചരിത്രശില്പികൾ - എ. ശ്രീധരമേനോൻ	1992	കേരള
74	കഥകളിരംഗം - കെ.പി.എസ്. മേനോൻ	1992	കേരള
75	ജാതിവ്യവസ്ഥിതിയും കേരളചരിത്രവും - പി.കെ.ബാലകൃഷ്ണൻ	1990	കേരള
76	ശ്രീശങ്കരാചാര്യ - ഡോ.കുഞ്ഞുണ്ണിരാജാ	1990	കേരള
77	ശ്രീസ്വാതി തിരുനാൾ ജീവിതവും കൃതികളും - ഡോ.വി. എസ്.ശർമ്മ	1992	കേരള
78	കേരളത്തിന്റെ ഇന്നലെകൾ - കെ.എൻ. ഗണേശ്	1992	കേരള
79	Temple Architecture - Nagaswamy	1992	കേരള
80	കർണ്ണാടകസംഗീതചരിത്രം - കെ.ടി.രവീന്ദ്രനാഥ്	1989	കേരള
81	കേരളത്തിലെ ചുവർചിത്രങ്ങൾ - എം.ജി. ശശിഭ്രഷൺ	1998	കേരള
82	ഉണ്ണുനീലി സന്ദേശം, ചരിത്രദൃഷ്ടിയിൽക്കൂടി - ഇളംകുളം കുഞ്ഞൻപിള്ള	1999	കേരള
83	വടക്കൻ പാട്ടുകളിലെ പണിയാല - എം.ആർ. രാഘവവാര്യർ	1999	കേരള
84	ഇബ്ൻ ബത്തൂത്ത കണ്ട കേരളം - വേലായുധൻ പണിക്കശ്ശേരി	1999	കേരള
85	സഞ്ചാരികൾ കണ്ട കേരളം - സെയ്തുമുഹമ്മദ്	1999	കേരള
86	19-ാം നൂറ്റാണ്ടിലെ കേരളം - ഭാസ്കരനുണ്ണി	1999	കേരള
87	കേരളസാഹിത്യ ചരിത്രം, 1-5 ഭാഗങ്ങൾ - ഉള്ളൂർ	1999	കേരള
88	കുലശേഖരനാടകങ്ങളും കേരള ചരിത്രവും - എം.പി. ശങ്കുണ്ണി നായർ	1999	കേരള
89	കേരളീയസംസ്കൃത സാഹിത്യചരിത്രം - വടക്കുംകൂർ രാജരാജവർമ്മ	1999	കേരള
90	കലാലോകം - കെ. പി. നാരായണപിഷാരടി	1999	കേരള
91	കേരളത്തിലെ കാളിസേവ - ചേലനാട്ട് അച്യുതമേനോൻ	1999	കേരള
92	കേരള പത്രപ്രവർത്തന ചരിത്രം - പുതുപ്പള്ളി രാഘവൻ	1999	കേരള
93	ഫോക്‌ലോർ - രാഘവൻ പയ്യനാട്	1999	കേരള
94	Cultural Symbosis in Kerala - M.G.S. Narayanan	1999	കേരള
94	Kerala and her People - L. Krishna Iyer	1999	കേരള
95	Contribution of Kerala to Sanskrit Literature - K. Kunjunni Raja	1999	കേരള
96	Tamil Heroic Poetry - K. KailasaPathi	1999	കേരള
97	Folk Plays and Dances of Kerala - M.D. Raghavan	1999	കേരള
98	Personality of Kerala–A. Ayyappan	1999	കേരള
99	Pre-Dravidiyan - L. Krishna Iyer	2003	കേരള
100	A Study of History - Arnold J. Toynbee	2016	കേരള

101	സാമൂതിരി ചരിത്രത്തിന്റെ കാണാപ്പുറങ്ങൾ - ഡോ. എൻ.എം. നമ്പൂതിരി	2016	കേരള
102	ചരിത്രദർശനം - ഡോ. ആൽബർട്ട് നമ്പ്യാപറമ്പിൽ	2016	കേരള
103	An Introduction to the Study of History - D.D. Kosambi	2016	കേരള
104	കേരള സംസ്കാര പഠനങ്ങൾ - (എഡിറ്റർ) പന്മന രാമചന്ദ്രൻ നായർ	2016	കേരള
105	ഇളംകുളം കുഞ്ഞൻപിള്ളയുടെ തെരഞ്ഞെടുത്ത കൃതികൾ - ഇളംകുളം	2016	കേരള
106	സമ്പൂർണ്ണ മലയാള സാഹിത്യചരിത്രം - (എഡിറ്റർ) പന്മന രാമചന്ദ്രൻ നായർ	2016	കേരള
107	കേരള സംസ്കാരം - ഡോ. എൻ. അജിത്കുമാർ	2016	കേരള
108	കേരളവും സ്വാതന്ത്ര്യസമരവും - എ. ശ്രീധരമേനോൻ	2016	കേരള
109	തിരുവിതാംകൂറിലെ സ്വാതന്ത്ര്യസമരം - സി. നാരായണപിള്ള	2016	കേരള
110	സ്വാതന്ത്ര്യസമരവും മലയാള സാഹിത്യവും പ്രൊഫ. എം. അച്യുതൻ	2016	കേരള
111	അടിവേരുകൾ - എം.ആർ. രാഘവവാര്യർ	2003	കാലടി
112	കൃഷിഗീത - ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് & മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി	2016	കേരള
113	അധ്യാത്മിക നവോത്ഥാനത്തിന്റെ ശില്പികൾ - എസ്. ഗുപ്തൻ നായർ	2016	കേരള
114	അന്വേഷണം - ഡോ. കെ.ജി. അടിയോടി	2016	കേരള
115	നെയ്യാറ്റിൻകര എ.പി. നായരും ജ്ഞാനപ്രദായിനിയും - ഡോ. എ.എം. ഉണ്ണിക്കൃഷ്ണൻ	2016	കേരള
116	ചരിത്ര രശ്മികൾ - കേരള സംസ്ഥാന പുരാരേഖാ വകുപ്പ്	2016	കേരള
117	Freedom movement in Kerala (2 Volumes) - Dept. of Cultural Publications, Kerala	2016	കേരള
118	A Short History Of Malayalam Literature Kerala - State Archives	2016	കേരള
119	Caste And Tribes Of Cochin - L.K. Ananthakrishna Iyer	1999	കാലിക്കറ്റ്
120	കേരളചരിത്രം - ടി.കെ. ഗംഗാധരൻ	2001	കാലിക്കറ്റ്
121	എസ്.എൻ.ഡി.പി. യോഗചരിത്രം - പി.എസ്. വേലായുധൻ	2004	കാലിക്കറ്റ്
122	നായർ സർവ്വീസ് സൊസൈറ്റി സുവർണ്ണഗ്രന്ഥം	2004	കാലിക്കറ്റ്
123	ആയുർവേദത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ - സി. രാമകൃഷ്ണൻ നായർ	2004	കാലിക്കറ്റ്

124	ആയുർവേദചരിത്രം - എൻ.വി. കൃഷ്ണൻകുട്ടി നായർ	2004	കാലിക്കറ്റ്
125	പ്രാചീന ഗണിതം മലയാളത്തിൽ - സി.കെ. മുസ്സത്	2004	കാലിക്കറ്റ്
126	ശാസ്ത്രം ഇന്ത്യയിൽ—ഒരു സംക്ഷിപ്ത ചരിത്രം - എസ്.എൻ. സെൻ, ബി.വി. സുബ്ബരായപ്പ (മലയാള വിവർത്തനം വാല്യം 1,2)	2004	കാലിക്കറ്റ്
127	മലയാളസാഹിത്യവും ക്രിസ്ത്യാനികളും - പി.ജെ. തോമസ്	2004	കാലിക്കറ്റ്
128	നിഘണ്ടു വിജ്ഞാനം - പി. സോമശേഖരൻ നായർ	2004	കാലിക്കറ്റ്
129	നിഘണ്ടുക്കൾ മലയാളത്തിൽ - പി.വി. ഓമന	2004	കാലിക്കറ്റ്
130	മലയാള മഹാനിഘണ്ടു വാല്യം 1 അവതാരിക - (എഡി.) ശൂരനാട്ട് കുഞ്ഞൻ പിള്ള	2004	കാലിക്കറ്റ്
131	History Of Astronomy In India - S N San and K S Sukla	2004	കാലിക്കറ്റ്
132	Contribution Of Kerala to Sanskrit Literature - K. KunjunniRaja	2004	കാലിക്കറ്റ്
133	Astronomy and Mathematics In Kerala - K. KunjunniRaja	2004	കാലിക്കറ്റ്
134	Technical Literature In Kerala - Dr.Venkata Subramania Iyer	2004	കാലിക്കറ്റ്
135	Sangam Polity - N Subrahmanian	2004	കാലിക്കറ്റ്
136	Reinterpretation In SouthIndian History - Dr.M.G.S. Narayanan	2004	കാലിക്കറ്റ്
137	The Social life of the Tamils-The Classical Period - S. Singaravelu	2004	കാലിക്കറ്റ്
138	Sangam Literature Its Cults and Culters - K.A. Nilakanda Sastri(Ed.)	2004	കാലിക്കറ്റ്
139	നാരായണഗുരു - പി.കെ. ബാലകൃഷ്ണൻ	2008	കാലിക്കറ്റ്
140	കേരളം 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ - പി. ഭാസ്കരനുണ്ണി	2008	കാലിക്കറ്റ്
141	ബെഞ്ചമിൻ ബെയ്ലി—മലയാള അച്ചടിയുടെ പിതാവ് - സാമുവൽ വർഗ്ഗീസ്, സാമുവൽ നെല്ലിമുകൾ	2008	കാലിക്കറ്റ്
142	നമ്മൾ നടന്ന വഴികൾ - എസ്.കെ. വസന്തൻ	2008	കാലിക്കറ്റ്
143	ആദിമുദ്രണം - കെ.എം. ഗോവി	2008	കാലിക്കറ്റ്
144	സംസ്കാരപഠനം - സ്കറിയ സക്കറിയ	2008	കാലിക്കറ്റ്
145	ഗുരുവിന്റെ ചരിത്രം - കെ. സുഗതൻ	2008	കാലിക്കറ്റ്
146	കേരളചരിത്രം ലോകചരിത്രത്തിലൂടെ - കെ. ശിവശങ്കരൻ നായർ	208	കാലിക്കറ്റ്
147	കേരള സംസ്കാരവും ക്രൈസ്തവമിഷനറിമാരും - പോൾ മണവാളൻ	2008	കാലിക്കറ്റ്
148	ആര്യന്മാരുടെ കുടിയേറ്റം - കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാട്	2012	എം.ജി
149	Aspects of Aryanisation in Kerala - M.G.S Narayanan	2014	എം.ജി
150	സംസ്കാരത്തിന്റെ നാഴികക്കല്ലുകൾ - ഇളംകുളം കുഞ്ഞൻപിള്ള	2014	എം.ജി

151	Jain and Buddhist Centres in Kerala - B.Padmakumari Amma, Kuppam Dravidian University	2014	എം.ജി
152	The Early History Of Kerala T.M.Krishnamachari	2014	എം.ജി
153	Tree And Serpent Worship - Fergusson James	2014	എം.ജി
154	കേരള ചരിത്രത്തിന്റെ അടിസ്ഥാനശിലകൾ - എം.ജി. എസ്. നാരായണൻ	2003	കാലടി
155	തുഹ്ഫത്തുൽ മുജാഹിദീൻ - ശൈഖ് സൈനുദ്ദീൻ മഖ്ദും	2014	കാലിക്കറ്റ്
156	The Kerala Temple and the Early Medieval Agrarian System - Rajan Gurukkal	2014	കാലിക്കറ്റ്
157	Perumals of Kerala - M.G.S. Narayanan	2003	കാലടി
158	Medieval Kerala - P.K.S. Raja	2003	കാലടി
159	A History of Christianity In Kerala - C.V. Cheriyan	2014	കാലിക്കറ്റ്
160	മലബാർ കലാപം - കെ. മാധവൻ നായർ	2014	കാലിക്കറ്റ്
161	ഖിലാഫത്ത് സ്മരണകൾ - മോഴികുന്നത്ത് ബ്രഹ്മദത്തൻ നമ്പൂതിരിപ്പാട്	2014	കാലിക്കറ്റ്
162	പഴശ്ശിസമരങ്ങൾ - കെ.കെ.എൻ. കുറുപ്പ്	2003	കാലടി
163	നമ്മുടെ സമൂഹം നമ്മുടെ സാഹിത്യം - എം.എൻ. വിജയൻ (എഡിറ്റർ)	2014	കാലിക്കറ്റ്
164	ആധുനിക സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ - കെ.എം. ജോർജ്ജ് (എഡിറ്റർ)	2014	കാലിക്കറ്റ്
165	മലയാള നോവൽ 19-ാം നൂറ്റാണ്ടിൽ - ജോർജ്ജ് ഇരുമ്പയം	2014	കാലിക്കറ്റ്
166	ഭക്തിപ്രസ്ഥാനത്തിന്റെ ഉല്പത്തി വികാസങ്ങൾ - കേശവൻ വെളുത്താട്ട്	2014	കാലിക്കറ്റ്
167	ചന്തുമേനോൻ ഒരു പഠനം - പി.കെ. ബാലകൃഷ്ണൻ	2014	കാലിക്കറ്റ്
168	ഭാരതീയ കവിതയിലെ പ്രതിരോധ പാരമ്പര്യം - സച്ചിദാനന്ദൻ	2014	കാലിക്കറ്റ്
169	ദേശീയതയും സംസ്കാരവും - കെ.എൻ. പണിക്കർ	2014	കാലിക്കറ്റ്
170	കേരളത്തിന്റെ ബൗദ്ധിക ചരിത്രത്തിലെ നാഴികക്കല്ലുകൾ - എൻ.സാം (എഡിറ്റർ)	2014	കാലിക്കറ്റ്
171	മയൂരശിഖ - ജോർജ്ജ് ഗീവർഗ്ഗീസ്	2014	കാലിക്കറ്റ്
172	സാഹിത്യവും ചരിത്രവും ധാരണയുടെ സാദ്ധ്യതകൾ - കേശവൻ വെളുത്താട്ട്	2014	കാലിക്കറ്റ്
173	മനുഷ്യൻ - കെ. ദാമോദരൻ	2014	കാലിക്കറ്റ്
174	രാജാങ്കണം - കുട്ടികൃഷ്ണമാരാര്	2014	കാലിക്കറ്റ്

175	കേസരിയുടെ തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ - കേസരി എ. ബാലകൃഷ്ണപിള്ള	2014	കാലിക്കറ്റ്
176	പുതിയ മനുഷ്യൻ പുതിയലോകം - എം. ഗോവിന്ദൻ	2014	കാലിക്കറ്റ്
177	നാരായണഗുരു: ജീവിതം കൃതികൾ ദർശനം - കെ.എൻ. ഷാജി (എഡിറ്റർ)	2014	കാലിക്കറ്റ്
178	മോക്ഷപ്രദീപം - ബ്രഹ്മാനന്ദശിവയോഗി	2014	കാലിക്കറ്റ്
179	മക്തിത്തങ്ങളുടെ തെരഞ്ഞെടുത്ത കൃതികൾ - മക്തിത്തങ്ങൾ	2014	കാലിക്കറ്റ്
180	ഗുരുവിന്റെ ദു:ഖം - സുകുമാർ അഴീക്കോട്	2014	കാലിക്കറ്റ്
181	ഇന്ത്യയുംചിന്തയും - സുകുമാർ അഴീക്കോട്	2014	കാലിക്കറ്റ്
182	ദമിതം - സന്തോഷ് ഒ.കെ (എഡിറ്റർ)	2014	കാലിക്കറ്റ്
183	ഒരു സാമൂഹിക കാഴ്ചപ്പാടിൽ നിന്ന് - നിസ്സാർ അഹമ്മദ്	2014	കാലിക്കറ്റ്
184	വാക്കുകളും വസ്തുക്കളും - ബി. രാജീവൻ	2014	കാലിക്കറ്റ്
185	സംസ്കാരപഠനം - മലയാള പഠനസംഘം	2014	കാലിക്കറ്റ്
186	സംഘകാല കേരളം - വി.വി.കെ. വാലത്ത്	1986	എം.ജി
187	മാർക്കോപോളോ ഇന്ത്യയിൽ - വേലായുധൻ പണിക്കശ്ശേരി	1986	എം.ജി
188	സഞ്ചാരികളും ചരിത്രകാരൻമാരും - വേലായുധൻ പണിക്കശ്ശേരി	1986	എം.ജി
189	കേരളം പതിനഞ്ചും പതിനാറും നൂറ്റാണ്ടുകളിൽ - വേലായുധൻ പണിക്കശ്ശേരി	1986	എം.ജി
190	കേരളചരിത്രപഠനങ്ങൾ (ഒന്നാം ഭാഗം) - വേലായുധൻ പണിക്കശ്ശേരി	1986	എം.ജി
191	ലന്തക്കാർ കേരളത്തിൽ - ഡോ. ടി.ഐ. പുന്നൻ	1986	എം.ജി
192	Kerala The Land Of The People - Krishna Chaithanya	1987	എം.ജി
193	കേളപ്പൻ - എം. പി. മന്മഥൻ	1987	എം.ജി
194	Rise Of The Religion In South India - K.A. Nilakanta Sastri	1987	എം.ജി
195	കേരളത്തിലെ നടനകല - വി.എം. കൃഷ്ണമേനോൻ	1987	എം.ജി
196	തെക്കുംഭാഗ സമുദായ ചരിത്രം - ജോസഫ് ചാഴിക്കാട്	1987	എം.ജി
197	ശക്തൻ തമ്പുരാൻ - പുത്തേഴത്ത് രാമമേനോൻ	1987	എം.ജി
198	കൈരളിയുടെ കഥ - എൻ. കൃഷ്ണപിള്ള	1987	എം.ജി
199	സംസ്കാരകേദാരം - ഡോ. എസ്.കെ. നായർ	1987	എം.ജി
200	ജീവിതസമരം - സി. കേശവൻ	1987	എം.ജി
201	നായർമേധാവിത്വത്തിന്റെ പതനം - റോബിൻ ജഫ്രി	1992	എം.ജി
202	ഐതിഹ്യമാല - കൊട്ടാരത്തിൽ ശങ്കുണ്ണി	1993	എം.ജി

203	സംഘകാല ഭരണ സംവിധാനം - എൻ. സുബ്രഹ്മണ്യൻ	2012	എം.ജി
204	സംഘകാലകൃതികളിലെ തമിഴ്സംസ്കാരം - ഡോ.കെ. ഉണ്ണിക്കിടാവ്	2012	എം.ജി
205	കേരള നവോത്ഥാനം - പി. ഗോവിന്ദപ്പിള്ള	2012	എം.ജി
206	കേരളചരിത്രത്തിന്റെ നാട്ടുവഴികൾ - എൻ.എം. നമ്പൂതിരി, പി.കെ. ശിവദാസ്	2012	എം.ജി
207	കേരള സംസ്കാരം അകവും പുറവും - എൻ.എം. നമ്പൂതിരി	2012	എം.ജി
208	ബലിയാടുകളുടെ വംശാവലി - ടി.എം. യേശുദാസൻ	2012	എം.ജി
209	അറിയപ്പെടാത്ത ആദിശങ്കരൻ - വി. പനോളി	2012	എം.ജി
210	മിത്ത്, ചരിത്രം, സമൂഹം, പ്രസക്തി - രാജൻഗുരുക്കൾ	2012	എം.ജി
211	കേരള സമൂഹപഠനങ്ങൾ - കെ.എൻ. ഗണേശ്	2012	എം.ജി
212	സാമൂതിരിചരിത്രത്തിലെ കാണാപ്പുറങ്ങൾ - എൻ.എം. നമ്പൂതിരി	2012	എം.ജി
213	മലയാളപത്രപ്രവർത്തനം പത്തൊമ്പതാംനൂറ്റാണ്ടിൽ - ഡോ. എൻ. സാം	2012	എം.ജി
214	കേരളത്തിലെ പ്രാചീന ലിപി മാതൃകകൾ- ഡോ. എൻ. സാം	2012	എം.ജി
215	ജന്മിസമ്പ്രദായം കേരളത്തിൽ - കെ. ദാമോദരൻ	2012	എം.ജി
216	കേരളീയത ചരിത്രമാനങ്ങൾ - എം. ആർ. രാഘവവാര്യർ	2003	കാലടി
217	കേരളസംസ്കാര ചരിത്രം—വീക്ഷണവൈവിധ്യങ്ങൾ - ഡോ. വി. രാജീവ് & ഡോ.എം.എസ്. പോൾ	2012	എം.ജി
218	കേസരിയുടെ ചരിത്രഗവേഷണങ്ങൾ - എം.എൻ. വിജയൻ (സമാഹരണം)	2012	എം.ജി
219	പഴശ്ശിസമരങ്ങൾ - കെ. കെ.എൻ. കുറുപ്പ്	2003	കാലടി
220	വേലുത്തമ്പിദളവ - ഡോ. ടി.പി. ശങ്കരൻകുട്ടിനായർ	2012	എം.ജി
221	ടിപ്പുസുൽത്താൻ - പി.കെ. ബാലകൃഷ്ണൻ	2012	എം.ജി
222	സ്മിതാദാസ്, ജ്വാലാമുഖി - പുന്നശ്ശേരി നീലകണ്ഠശർമ്മ	2012	എം.ജി
223	കേരളീയ കലാദർശനം - എം.ജി. ശശിഭ്രഷൺ	2012	എം.ജി
224	കേരളീയനവോത്ഥാനം - ഡോ. പി.വി. ഗോപകുമാർ	2012	എം.ജി
225	നവോത്ഥാന സംസ്കാരം കേരളത്തിൽ - ഡോ. പി.വി. വേലായുധൻപിള്ള	2012	എം.ജി
226	സർ സി.പി. യും സ്വതന്ത്രതിരുവിതാംകൂറും - എ. ശ്രീധരമേനോൻ	2012	എം.ജി
227	വി.ടി.യുടെ സമ്പൂർണ്ണ കൃതികൾ - വി.ടി. ഭട്ടതിരിപ്പാട്	2012	എം.ജി
228	500 വർഷത്തെ കേരളം—ചില അറിവടയാളങ്ങൾ - സ്കറിയാ സക്കറിയ (എഡിറ്റർ)	2003	കാലടി

229	ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ - സ്കറിയാസക്കറിയ (എഡിറ്റർ)	2003	കാലടി
230	കേരള നവോത്ഥാനം മാർക്സിസ്റ്റു വീക്ഷണത്തിൽ - പി. ഗോവിന്ദപ്പിള്ള	2012	എം.ജി
231	മലബാർകലാപം: പ്രഭുത്വത്തിനും രാജവാഴ്ചയ്ക്കും എതിരേ - കെ.എൻ. പണിക്കർ	2012	എം.ജി
232	കേരളം എങ്ങനെ ജീവിക്കുന്നു? - കെ.പി. അരവിന്ദൻ (എഡി.)	2012	എം.ജി
233	കേരളത്തിലെ ബുദ്ധമത പാരമ്പര്യം നാട്ടറിവുകളിലൂടെ - അജു. കെ. നാരായണൻ	2012	എം.ജി
234	കഥ ഇതുവരെ: കേരള വികസനസംഭാവനകൾ - ടി.ടി. ശ്രീകുമാർ, എസ്. സന്ദീപ്	2012	എം.ജി
235	രവിവർമ്മ - വിജയകുമാർ മേനോൻ	2012	എം.ജി
236	കേരള സംസ്കാരം - ജോസഫ് ഇടമറുക്	2012	എം.ജി
237	പോർച്ചുഗീസ് ഡച്ച് ആധിപത്യം കേരളത്തിൽ - വേലായുധൻ പണിക്കശ്ശേരി	2012	എം.ജി
238	ശ്രീപത്മനാഭസ്വാമിക്ഷേത്രം - അശ്വതിതിരുനാൾ ഗൗരിലക്ഷ്മിഭായി	2012	എം.ജി
239	കേരളം ഒരു ലന്തക്കാരന്റെ ദൃഷ്ടിയിൽ - കെ. ശിവശങ്കരൻ നായർ	2012	എം.ജി
240	സാമൂതിരിമാർ - പി.സി.എം. രാജാ	2012	എം.ജി
241	മനുഷ്യാലയ ചന്ദ്രിക - ചെറുവള്ളി നാരായണൻ നമ്പൂതിരി	2012	എം.ജി
242	ആകാശത്ത് രാശിചക്രംവരച്ചതാര് - ടി.ജെ. ഉണ്ണിക്കൃഷ്ണൻ	2012	എം.ജി
243	കർണ്ണാടക സംഗീത ചരിത്രം - കെ.ടി. രവീന്ദ്രനാഥ്	2012	എം.ജി
244	മലയാള സിനിമയും സാഹിത്യവും- മധുഇറവങ്കര	2012	എം.ജി
245	മലയാളനാടക സ്ത്രീചരിത്രം - സജിത മഠത്തിൽ	2012	എം.ജി
246	പുലയ ലഹള - ദളിത് ബന്ധു എൻ.കെ.ജോസ്	2012	എം.ജി
247	പൊയ്കയിൽ യോഹന്നാൻഉപദേശി	2012	എം.ജി
248	ലോചനം - ഒരുസംഘം എഴുത്തുകാർ - ഉലഹന്നാൻ മാപ്പിള സെന്റർ, എസ്ബി. കോളേജ്	2012	എം.ജി
249	കേരള സംസ്കാര ചരിത്ര നിഘണ്ടു - എസ്.കെ. വസന്തൻ	2012	എം.ജി
250	മലബാർ കലാപം - എം.ഗംഗാധരൻ	2016	എം.ജി
251	കോൺഗ്രസ്സും കേരളവും - എ.കെ.പിള്ള	2001	കണ്ണൂർ
252	മലബാറിലെ അധ്യാപക പ്രസ്ഥാനം - വള്ളത്തോൾ കുമാരമേനോൻ	2001	കണ്ണൂർ

253	കേരളത്തിലെ കോൺഗ്രസ്സ് പ്രസ്ഥാനം - പെരുന്ന കെ.എൻ. നായർ	2001	കണ്ണൂർ
254	കേരളത്തിലെ കർഷക സമരങ്ങൾ - കെ.കെ.എൻ. കുറുപ്പ്	2001	കണ്ണൂർ
255	Ancient Kerala - Achutha Menon Komattil	2001	കണ്ണൂർ
256	Kerala Past and Present - Gopalan A.K	2001	കണ്ണൂർ
257	കേരളം 2000 - ടി.എൻ.ജയചന്ദ്രൻ (എഡിറ്റർ)	2001	കണ്ണൂർ
258	കേരളപഠനങ്ങൾ - കെ.ടി.രാംമോഹൻ (എഡിറ്റർ)	2014	കണ്ണൂർ
259	കേരള ചരിത്രവും സമൂഹരൂപീകരണവും	2014	കണ്ണൂർ
260	കേരള സംസ്കാരത്തിലെ ആദാന പ്രദാനങ്ങൾ - ജമാൽ കൊച്ചങ്ങാടി	2014	കണ്ണൂർ
261	മുസ്ലിങ്ങളും കേരള സംസ്കാരവും - പി.കെ. മുഹമ്മദ്കുഞ്ഞി	2014	കണ്ണൂർ
262	കേരള ജാതിവിവരണം - നെല്ലിക്കൽ മുരളീധരൻ	2014	കണ്ണൂർ
263	സംസ്കാര മുദ്രകൾ - നടുവട്ടം ഗോപാലകൃഷ്ണൻ	2014	കണ്ണൂർ
264	കേരളത്തിലെ സ്മാരകങ്ങൾ -ആർ.വിനോദ്കുമാർ	2014	കണ്ണൂർ
265	കേരളീയ വാസ്തുവിദ്യാപാരമ്പര്യം - പി.വി.ഔസേപ്പ്	2014	കണ്ണൂർ
266	കേരള സ്ഥലനാമകോശം - വിളക്കുടി രാജേന്ദ്രൻ	2014	കണ്ണൂർ
267	കേരളീയ വാദ്യകല - ഞെരളത്ത് ഹരിഗോവിന്ദൻ	2014	കണ്ണൂർ
268	കേരളീയരുടെ ദേവതാ സങ്കല്പം - എം.ജി. ശശിഭ്രഷൺ	2014	കണ്ണൂർ
269	കേരളീയതയുടെ വർത്തമാനം - പി.കെ.പോക്കർ	2014	എം.ജി
270	കേരളീയതയും മറ്റും - പി.കെ.ബാലകൃഷ്ണൻ	2014	എം.ജി
271	കേരളത്തിലെ രേഖാചിത്രകല - സോമൻ കടലൂർ	2014	എം.ജി
272	കേരള ഗ്രന്ഥശാലാ പ്രസ്ഥാനം ഇന്നലെ ഇന്ന്- കെ.പി. വിജയൻ	2014	എം.ജി
273	Essays on the Cultural Formation of Kerala - P.J.Cheriyan	2014	എം.ജി
274	Mappila Muslims of Kerala - A.P.Ibrahim Kunju	2014	എം.ജി
275	Consumer Culture - Lary Colia	2014	എം.ജി
276	Oh!Terrifying mother - Sarah Coldwell	2014	എം.ജി
277	Kerala and her Culture: An Introduction - C.K. Kareem	2014	എം.ജി
278	സംഘകാല ഭരണ സംവിധാനം - എൻ.സുബ്രഹ്മണ്യൻ	2009	കാലടി
279	തിരുവിതാംകൂർ രാജവംശം ചരിത്രം - കെ.പി.പത്മനാഭമേനോൻ	2014	കാലടി
280	കേരള പഠനം - ശാസ്ത്രസാഹിത്യപരിഷത്ത്	2014	കാലടി
281	ചന്തപ്പെണ്ണും കുലസ്ത്രീയും ഉണ്ടായതെങ്ങനെ - ജെ.ദേവിക	2014	കാലടി
282	മതാചാര്യൻ മതനിഷേധികൾ - പി.ഗോവിന്ദപ്പിള്ള	2014	കാലടി

283	യുഗസന്തതികൾ യുഗശില്പികൾ - പി.ഗോവിന്ദപ്പിള്ള	2014	കാലടി
284	കേരള നവോത്ഥാനം മാധ്യമപർവ്വം - പി.ഗോവിന്ദപ്പിള്ള	2014	കാലടി
285	പുരോഗമന സാഹിത്യം നിഴലും വെളിച്ചവും - പി.കെ.ഗോപാലകൃഷ്ണൻ	2014	കാലടി
286	കേരളത്തിന്റെ സ്വാതന്ത്ര്യ സമരം - കെ.ദാമോദരൻ & സി.നാരായണപ്പിള്ള	2014	കാലടി
287	കർഷകത്തൊഴിലാളി പ്രസ്ഥാനം - എൻ.കെ.കമലാസനൻ	2014	കാലടി
288	അയ്യങ്കാളിക്ക് ആദരവോടെ - ചെറായി രാമദാസ്	2014	കാലടി
289	Against Lord and State - K.N.Panikkar	2014	കാലടി
290	Kerala Through Ages - Dept.of Culture, Kerala Govt.	2012	അലിഗഢ്
291	Calicut–The City of Truth Re-Visited - M.G.S. Narayanan	2012	അലിഗഢ്
292	Brahmin Settlement in Kerala - Kesavan Veluthat	2012	അലിഗഢ്
293	TippuSulthan - P.K.Balakrishnan	2016	സെൻട്രൽ
294	കേരള സംസ്കാരപഠനങ്ങൾ - പി.കെ. പരമേശ്വരൻ നായർ ട്രസ്റ്റ്	2016	സെൻട്രൽ
295	മലയാളിയുടെ നാടോടി വഴക്കങ്ങൾ - എൻ. അജിത് കുമാർ	2016	സെൻട്രൽ
296	കലാകേരളം - എൻ. അജിത്കുമാർ	2016	സെൻട്രൽ
297	സർവ്വവിജ്ഞാനകോശം - വാല്യം എട്ട്	2016	സെൻട്രൽ
298	പ്രാചീനകേരളം - ശാസനഭാഷാപഠനം	2016	സെൻട്രൽ
299	കേരള സംസ്കാരം - അച്യുതവാര്യർ എസ്.	2016	മലയാളം
300	വാണിജ്യകേരളം - എം. ഗംഗാധരൻ	2016	മലയാളം
301	കേരളം നൂറ്റാണ്ടുകൾക്കുമുമ്പ് - സെയ്തുമുഹമ്മദ് പി. എ	2016	മലയാളം
302	കേരളമഹാചരിത്രം - കെ.എൻ. ഗോപാലകൃഷ്ണപിള്ള	2016	മലയാളം
303	കേരള സംസ്കാരം ഒരു തിരനോട്ടം - അശ്വതിതിരുനാൾ ഗൗരിലക്ഷ്മിഭായി (വിവ.) ശ്രീകുമാരി രാമചന്ദ്രൻ	2016	മലയാളം
304	മധ്യകാലകേരളം: സമൂഹം, സമ്പത്ത്, അധികാരം - എം. ആർ. രാഘവവാര്യർ	2016	മലയാളം
305	മധ്യകാലകേരളം: സമൂഹനീതിയുടെ ചരിത്രപാഠങ്ങൾ - എം.ആർ. രാഘവവാര്യർ	2016	മലയാളം

അദ്ധ്യായം - 9

ഐച്ഛികപഠനങ്ങൾ

സാഹിത്യപ്രസ്ഥാനങ്ങളെ, അല്ലെങ്കിൽ ചില എഴുത്തുകാരുടെ കൃതികളെ, വിശദമായി പഠിക്കാൻ കഴിയുന്ന വിധത്തിൽ ഐച്ഛിക പേപ്പറുകളാക്കുന്ന പതിവ് ആദ്യകാലം മുതല്ക്കേ ഉണ്ടായിരുന്നു. പലപ്പോഴും അത് വിദ്യാർത്ഥികൾക്കുള്ള തെരഞ്ഞെടുപ്പായിരുന്നില്ല. സർവ്വകലാശാലക്ക് ഓരോരോ വർഷങ്ങളിൽ മാറിമാറി നിശ്ചയിക്കുവാനുള്ള തെരഞ്ഞെടുപ്പായിരുന്നു. പിന്നീടത് കുറച്ചുകൂടി സ്വതന്ത്രമായി, പഠിപ്പിക്കുന്ന സ്ഥാപനത്തിന് തെരഞ്ഞെടുക്കാവുന്ന വിധത്തിൽ വികസിക്കുന്നുണ്ട്. ചോദ്യപേപ്പർ നിർമ്മാണത്തിന്റെയും പരീക്ഷാനടത്തിപ്പിന്റെയും പ്രയാസങ്ങൾ ഓരോ വിദ്യാർത്ഥിക്കും സ്വതന്ത്രമായി തെരഞ്ഞെടുക്കാവുന്ന കോഴ്സുകൾ എന്ന അക്കാദമികതാല്പര്യത്തെ പരമിതപ്പെടുത്തുന്നുണ്ട്. എങ്കിലും സർവ്വകലാശാലകളുടെയോ സ്ഥാപനത്തിന്റെയോ അദ്ധ്യാപകന്റെയോ തെരഞ്ഞെടുപ്പിൽ നിന്നും ഒരു കൂട്ടം വിദ്യാർത്ഥികളുടെ തെരഞ്ഞെടുപ്പിലേക്ക് ഗുണപരമായി മാറിയിട്ടുണ്ട്.

2000-നുശേഷം നടപ്പിൽ വന്ന സെമസ്റ്റർ സംവിധാനമാണ് അതിന്റെ ശരിയായ അർത്ഥത്തിലും വ്യാപ്തിയിലും ഐച്ഛിക പേപ്പറുകളെ സൃഷ്ടിച്ചത്. ഇതിൽ ഏറെ മുന്നോട്ടു പോയത് ശ്രീശങ്കരാചാര്യ സംസ്കൃതസർവ്വകലാശാലയാണ്. അവിടെ മലയാളവിഭാഗം പൊതുവായി നല്കുന്ന ഐച്ഛിക കോഴ്സുകൾക്കുപുറമെ അദ്ധ്യാപകർക്ക് വ്യക്തിപരമായി കോഴ്സുകൾ ആവിഷ്കരിച്ച് നടപ്പാക്കാനുള്ള അവസരവും യാഥാർത്ഥ്യമാക്കി. ഇതിന്റെ ഫലമായി 30-35 പുതിയ കോഴ്സുകൾ ഉണ്ടായി. ആകെ കോഴ്സുകളുടെ എണ്ണം ഇവിടെ 2003-ൽ 80-ഉം 2009-ൽ 70-ഉം 2014-ൽ 61-ഉം ആയി. 2014-ൽ വ്യക്തിഗത കോഴ്സുകളുടെ എണ്ണം 33-ൽ നിന്ന് അഞ്ചായി ചുരുങ്ങുകയും കോർ കോഴ്സുകളുടെ എണ്ണം 9-ൽ നിന്ന് 13 ആയി ഉയരുകയും ചെയ്തിട്ടുണ്ട്. ഐച്ഛികമായി ആവിഷ്കരിച്ച് കോർ പേപ്പറിന്റെ പദവിയിലേക്ക് ചില പേപ്പറുകൾ ഉയർന്നതാണ് ഈ വർദ്ധനവിന് കാരണം. പതിറ്റാണ്ടുകൾ നിലനിന്ന 9-10 പേപ്പറുകളിൽ നിന്ന് സെമസ്റ്റർ സംവിധാനത്തിലേക്കുള്ള മാറ്റം 16-20 പേപ്പറുകളുടെ പൊതുഘടനാപരമായ ആവശ്യം ഉണ്ടാക്കുകയും അത് പുതിയ കോഴ്സുകളുടെ ആലോചനകൾ നിർബന്ധമാക്കുകയും ചെയ്തു. ഈയൊരു സാഹചര്യമാണ് വ്യത്യസ്തവും നൂതനവുമായ ധാരാളം കോഴ്സുകളുടെ പിറവിക്ക് നിമിത്തമായത്.

ഭാഷാസാഹിത്യപഠനം പുതിയ ജ്ഞാനമേഖലകളിലേക്ക് വ്യാപരിച്ചുകൊണ്ട് അന്തർവൈജ്ഞാനികമായപ്പോൾ വിദേശസർവ്വകലാശാലകളുടെ പാഠ്യപദ്ധതികൾ പോലും ഇവിടെ കോഴ്സുകളായി മാറി. സംസ്കാരപഠനത്തിന്റെയും വിമർശനസിദ്ധാന്തങ്ങളുടെയും മറ്റും ചില കോഴ്സുകൾ (ഉദാ. ശ്രീശങ്കരാചാര്യ സംസ്കൃതസർവ്വകലാശാലയിലെ ഈ വിഷയങ്ങളുടെ കോഴ്സുകൾ) അങ്ങനെ ഉണ്ടായതാണ്. പതിറ്റാണ്ടുകൾ നവീകരിക്കപ്പെടാതെ ജടിലമായി നിന്നിരുന്ന പാഠ്യപദ്ധതികൾ ചലനാത്മകമാക്കുന്നതും നിരന്തരം നവീകരിക്കപ്പെടുന്നതും ഇക്കാലത്താണ്. പുതിയചിന്തകൾക്കും അന്വേഷണങ്ങൾക്കും ഊർജ്ജം പകരുന്ന വിധത്തിൽ ദേശീയവും അന്തർദേശീയവുമായ തലത്തിൽ സെമിനാറുകളും ശില്പശാലകളും സംഘടിപ്പിക്കപ്പെടുകയും അവ പ്രത്യക്ഷമായും പരോക്ഷമായും പാഠ്യപദ്ധതികളെ സ്വാധീനിക്കുകയും ചെയ്യുന്നുണ്ട്. പാഠ്യപദ്ധതികൾ സെമിനാറുകൾക്കും റഫറൻസ് ഗ്രന്ഥങ്ങളുടെ നിർമ്മിതിക്കും കാരണമാകുകയും അവയിലൂടെ പാഠ്യപദ്ധതികൾ പുതുക്കപ്പെടുകയും ചെയ്യുന്ന അക്കാദമിക സംസ്കാരം ഇന്ന് സാദ്ധ്യമായിട്ടുണ്ട്. ഭാഷാസാഹിത്യ പഠനത്തിന്റെ അതിരുകൾ വികസ്വരമാകുകയും പുതുവ്യവഹാരങ്ങളുടെ പഠനത്തിനും ഗദ്യശാഖയുടെ വൈവിധ്യത്തിനും വികാസത്തിനും കൂടുതൽ പാഠപുസ്തകങ്ങളുമായി ഇടപഴകാനും റഫറൻസ് കൃതികളുടെ സമ്പന്നതയിലൂടെ പഠനതല്പരരായ വിദ്യാർത്ഥികൾക്ക് സ്വയം പഠനത്തിലൂടെ ഉയർന്ന പഠനനേട്ടങ്ങൾ കൈവരിക്കാനും സെമസ്റ്റർ സംവിധാനത്തിലുള്ള ഐച്ഛിക കോഴ്സുകൾ അവസരമൊരുക്കി.

ഐച്ഛിക കോഴ്സുകളെത്തന്നെ രണ്ടായി തിരിക്കാം. എം.എ. മലയാളം വിദ്യാർത്ഥികൾക്കുള്ള ഐച്ഛിക കോഴ്സുകളും (Elective) ഇതര വിഷയം പഠിക്കുന്ന ഇതര വകുപ്പുകളിലെ വിദ്യാർത്ഥികൾക്കായി മലയാളവിഭാഗം നടത്തുന്ന (Open Elective) കോഴ്സുകളും. ബിരുദ- ബിരുദാനന്തര തലത്തിൽ 'Open Elective' എന്ന ആശയം സാർവ്വത്രികമാകുന്നത് സെമസ്റ്റർ സംവിധാനത്തോടെയാണെങ്കിലും നിരന്തര വിലയിരുത്തൽ, പ്രോജക്ട്, വൈവ, ഡിസർട്ടേഷൻ, ലൈബ്രറി റെക്കോർഡ്, സെമിനാർ എന്നിവ വളരെ മുമ്പുതന്നെ ഉള്ളതാണ്. മദ്രാസ് സർവ്വകലാശാലയിൽ അറുപതുകൾ മുതൽ തന്നെ (Open Elective Paper) ഉണ്ടായിരുന്നു. ഇംഗ്ലീഷ് ഒഴികെയുള്ള ഭാഷകൾക്ക് Open Elective ആയി ആ വിഷയത്തിന്റെ ബി.എ. നിലവാരത്തിലുള്ള പേപ്പറും എം.എ. ഇംഗ്ലീഷിനു മാത്രം എം.എ.യുടെ ഇംഗ്ലീഷ് നിലവാരത്തിലുമെന്ന രീതിയിൽ ഇംഗ്ലീഷ് ഭാഷയ്ക്ക് മേൽക്കോയ്മ നല്കുന്ന പേപ്പർ വിഭജനമാണ് അന്നു നിലനിന്നിരുന്നത്.

9.1. ഓപ്പൺ ഇലക്ടീവ് കോഴ്സുകൾ

9.1.1. മധുര കാമരാജ് സർവ്വകലാശാല

a. മലയാളത്തിലെ അടിസ്ഥാന കോഴ്സ്

b. മലയാളത്തിലെ നാടോടിസാഹിത്യം

c മലയാളനാടകം - ഉത്ഭവവും വികാസവും

d. മലയാളത്തിലെ പുരോഗമനസാഹിത്യം

9.1.2. അലിഗഢ് മുസ്ലിം സർവ്വകലാശാല

9.1.3.മദ്രാസ് സർവ്വകലാശാല (ഐച്ഛികം - II)

പാർട്ട് II ബി.എ ഡിഗ്രിയുടെ പേപ്പർ ഒന്ന്

9.1.4. മലയാളം സർവ്വകലാശാല

a) സംസ്കാരപഠനവും സാഹിത്യപഠനവും

കാലിക്കറ്റ്, എം.ജി. കേരള, കേന്ദ്ര സർവ്വകലാശാലകൾക്ക് ഓപ്പൺ ഇലക്ടീവ് കോഴ്സുകൾ ഇല്ല. മിക്ക സർവ്വകലാശാലകളും ബിരുദതലത്തിലാണ് ഇത്തരം പഠനസൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്.

9.2 ഇലക്ടീവ് കോഴ്സുകൾ

9.2.1. മലയാളം സർവ്വകലാശാല

മലയാളം സർവ്വകലാശാലയിൽ ഒന്നും രണ്ടും സെമസ്റ്ററിൽ ഇലക്ടീവ് പേപ്പറുകൾ ഇല്ല. മൂന്നാം സെമസ്റ്ററിൽ നാലാം പേപ്പർ ഓപ്പൺ ഇലക്ടീവും അഞ്ചാം പേപ്പർ ഇലക്ടീവുമാണ്. നാലാം സെമസ്റ്ററിൽ മൂന്നും നാലും അഞ്ചും പേപ്പറുകൾ ഇലക്ടീവ് ആണ്.

a) ഇലക്ടീവ് - 1 - തിരക്കഥ- സിനിമാപഠനം
b) ഇലക്ടീവ് - 2- ഗദ്യ സാഹിത്യരൂപങ്ങൾ
c) ഇലക്ടീവ് - 3- കമ്പ്യൂട്ടർ മലയാളവും പ്രസാധനകലയും
d) ഇലക്ടീവ് - 4 - സാഹിത്യഫാക്കൽറ്റി അതാത് സമയങ്ങളിൽ നിശ്ചയിക്കുന്നത്. പരമാവധി 80 ക്രെഡിറ്റ് നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്കുള്ളത്.

ഓരോ സെമസ്റ്ററിലെയും കോഴ്സുകൾ സർവ്വകലാശാല തന്നെ നിശ്ചയിക്കുകയും വിദ്യാർത്ഥിക്ക് തെരഞ്ഞെടുക്കാൻ കോഴ്സുകൾ ഇല്ലാതിരിക്കുകയും ചെയ്യുമ്പോൾ ഇതെങ്ങനെ ഇലക്ടീവ് അഥവാ കോർകോഴ്സുകളിൽ നിന്ന് വ്യത്യാസം പുലർത്തുന്ന കോഴ്സാവും എന്നതിന് പാഠ്യപദ്ധതിയിൽ വിശദീകരണം ഇല്ല. ഇലക്ടീവ് എന്ന സങ്കല്പനത്തിന്റെ തത്വത്തോട് ഇവ സമരസപ്പെടുന്നില്ല.

9.2.2. മദ്രാസ് സർവ്വകലാശാല

സർവ്വകലാശാലകൾ രണ്ടാവുകയും പാഠ്യപദ്ധതികൾ പ്രത്യേകം പ്രത്യേകം ഉണ്ടാവുകയും ചെയ്യുന്ന 1959-60 വർഷത്തെ ഐച്ഛിക പഠനങ്ങളുടെ ആരംഭകാലമായി കാണാവുന്നതാണ്. ഈ വർഷത്തിൽ മദ്രാസ് സർവ്വകലാശാലയാണ് ഐച്ഛിക പേപ്പറുകളും (Optional papers), ഓപ്പൺ ഇലക്ടീവ് പേപ്പറുകളും ആവിഷ്കരിക്കുന്നത്.

പേപ്പർ VII ഐച്ഛികം (Optional)1

സവിശേഷ കാലഘട്ടം /കവി/ സാഹിത്യപ്രസ്ഥാനം

എ. ചുവടെ കൊടുത്ത കാലഘട്ടങ്ങൾ നിർദ്ദേശിച്ചിരിക്കുന്നു.

1. എഴുത്തച്ഛനും അദ്ദേഹത്തിന്റെ കാലവും
2. വെൺമണി മുതൽ ആധുനിക കവികൾ വരെ

ബി. കവികൾ

1. നിരണം കവികൾ 2.ചെറുശ്ശേരി, 3. കുഞ്ചൻ നമ്പ്യാർ 4.കുമാരനാശാൻ 5. ഉള്ളൂർ 6. വള്ളത്തോൾ

സി. പ്രസ്ഥാനം

1. പാട്ട്, മിശ്രഭാഷ 2. മഹാകാവ്യം 3. ചമ്പു 4. ആട്ടക്കഥ 5. കിളിപ്പാട്ട്, 6 തുള്ളൽ 7.സന്ദേശകാവ്യം 8. നോവൽ, 9.ചെറുകഥ, 10. ഖണ്ഡകാവ്യം

മദ്രാസ് സർവ്വകലാശാലയിൽ ദീർഘകാലം ഈ ഘടനയും പാഠ്യപദ്ധതിയുമാണ് നിലനിന്നത്. 2014 മുതൽ നിലനില്ക്കുന്ന പാഠ്യപദ്ധതിയിൽ ചുവടെ കൊടുത്തിരിക്കുന്ന ഐച്ഛിക പേപ്പറുകളാണ് ഉള്ളത്. നാലു സെമസ്റ്ററുകളിലായി ആകെ 12ഐച്ഛിക കോഴ്സുകൾ ഉണ്ട് (സി.ബി.സി.എസ്.എസ് ഹാൻഡ് ബുക്ക് 2014-15).

സെമസ്റ്റർ 1

1. ഭാരതീയ സാഹിത്യസിദ്ധാന്തങ്ങൾ
2. നാടകവും അവതരണകലകളും
3. നാടോടിക്കലകൾ

സെമസ്റ്റർ - 2

1. സംസ്കൃതപഠനങ്ങൾ
2. വിവർത്തനം - സിദ്ധാന്തവും പ്രയോഗവും
3. സുന്ദരകലകൾ

സെമസ്റ്റർ 3

1. പാശ്ചാത്യ സാഹിത്യസിദ്ധാന്തങ്ങൾ
2. ബൗദ്ധിക സ്വത്താവകാശനിയമങ്ങളും കൂട്ടുനിർവഹണവും
3. താരതമ്യസാഹിത്യം

സെമസ്റ്റർ 4

1. ചലച്ചിത്രപഠനങ്ങൾ
2. ഭാഷാബോധനം
3. ഫെമിനിസം

ഇതര സർവ്വകലാശാലകളിൽ കോർ പേപ്പറായി നിലനില്ക്കുന്ന പാശ്ചാത്യ-പൗരസ്ത്യ സാഹിത്യ സിദ്ധാന്തങ്ങൾ ഇവിടെ ഇലക്ടീവ് പേപ്പർ ആണ്. ഭാഷാചരിത്രം, സർഗ്ഗാത്മകരചന, പുസ്തകനിരൂപണം എന്നീ മറ്റു സർവ്വകലാശാലകളിൽ ഇല്ലാത്തവ ഇവിടെ കോർകോഴ്സായും നിലനില്ക്കുന്നു.

9.2.3. അലിഗഢ് മുസ്ലിം സർവ്വകലാശാല

സെമസ്റ്റർ -1

1. മലയാള നാടോടിവിജ്ഞാനീയം

സെമസ്റ്റർ - 3

1. മലയാള സ്ത്രീവാദസാഹിത്യം
2. മലയാള പരിസ്ഥിതിസാഹിത്യം
3. ആത്മകഥാ, ജീവചരിത്രസാഹിത്യം (2017-18)

2012 വരെയുള്ള പാഠ്യഘടികളിൽ അധിക ഭാഷാപഠനമാണ് (Additional language optional) ഐച്ഛികമായുണ്ടായിരുന്നത്. സംസ്കൃതം /ബംഗാളി/മറാത്തി/പഞ്ചാബി/തമിഴ്/തെലുങ്ക് എന്നിവയായിരുന്നു ചോയ്സുകൾ.

9.2.4. മധുര കാമരാജ് സർവ്വകലാശാല

സെമസ്റ്റർ - 1

1. സംസ്കൃത ഭാഷാ സാഹിത്യത്തിനൊരാമുഖം

സെമസ്റ്റർ - 2

1. മലയാളത്തിലെ ഭക്തിസാഹിത്യം

സെമസ്റ്റർ 3

1. താരതമ്യ സാഹിത്യം - സിദ്ധാന്തവും പ്രയോഗവും

സെമസ്റ്റർ 4

1. മലയാളസാഹിത്യചരിത്രം

തെരഞ്ഞെടുക്കാൻ മറ്റു കോഴ്സുകൾ ഇല്ലെന്നിരിക്കെ 'ഐച്ഛികം'എന്ന് ഈ പേപ്പറുകളെ വിശേഷിപ്പിക്കുന്നത് താത്ത്വികമായി ശരിയല്ല.

സെമസ്റ്റർ 2

ഗ്രൂപ്പ് എ-യിൽ നിന്ന് രണ്ടെണ്ണം

ഗ്രൂപ്പ് -എ

1. ഫോക്‌ലോർ
2. ആഖ്യാനശാസ്ത്രം
3. സംസ്കാരപഠനം
4. സൗന്ദര്യശാസ്ത്രം
5. മലയാളനാടകം

സെമസ്റ്റർ - III ഗ്രൂപ്പ് ബി-യിൽ നിന്ന് രണ്ടെണ്ണം)

ഗ്രൂപ്പ് ബി

1. പരിസ്ഥിതി, ദളിത്, സ്ത്രീവാദപഠനം
2. താരതമ്യസാഹിത്യം
3. പ്രമുഖ എഴുത്തുകാരി - മാധവിക്കുട്ടി
4. ജേർണലിസം

സെമസ്റ്റർ - I (ഗ്രൂപ്പ് സിയിൽ നിന്ന് രണ്ടെണ്ണം)

ഗ്രൂപ്പ് സി

1. ആധുനിക വിമർശന സിദ്ധാന്തങ്ങൾ
2. ചലച്ചിത്രപഠനം
3. ചരിത്രരചനാവിജ്ഞാനീയം
4. വിവർത്തനം

9.2.5. കേരള സർവ്വകലാശാല

1992-ലാണ് കേരള സർവ്വകലാശാലയിൽ എം.എ. മലയാള പഠനത്തിന് എലക്ടീവ് പേപ്പർ അനുവദിക്കുന്നത്. ഫൈനൽ എം.എ.യുടെ എട്ടാമത്തെ പേപ്പറിൽ മൂന്ന് ചോയ്സുകൾ നല്കിയിരുന്നു.

1. ഭാരതീയ സാഹിത്യം - താരതമ്യപഠനം
2. ഒരു സാഹിത്യ പ്രസ്ഥാനം - ആട്ടക്കഥ
3. ഒരു ഗ്രന്ഥകാരൻ - തകഴി ശിവശങ്കരപ്പിള്ള

1993-ൽ പേപ്പറുകളുടെ എണ്ണം അഞ്ചാക്കുന്നു. അതോടെ മേല്പറഞ്ഞവയുടെകൂടെ രണ്ടെണ്ണംകൂടി കൂട്ടിച്ചേർത്തു.

4. വിവർത്തനം - സിദ്ധാന്തവും പ്രയോഗവും
5. സൗന്ദര്യശാസ്ത്രം

1998-ൽ മൂന്നാം പേപ്പറിലെ ഗ്രന്ഥകാരൻ തകഴിയെ മാറ്റി എൻ. കൃഷ്ണപിള്ളയെയാക്കുന്നു.

ഐച്ഛിക പേപ്പറുകളുടെ എണ്ണം പഴയതുപോലെ മൂന്നാക്കുന്നു. 1999-ൽ ഇലക്ടീവ് പേപ്പർ ഒഴിവാക്കുകയും എട്ടാമത്തെ കോർ പേപ്പറായി 'വിവർത്തനവും സാഹിത്യവിജ്ഞാനവും' എന്ന പേപ്പർ മാറ്റുകയും ചെയ്യുന്നു. 1989-ൽ ഭാരതീയ സാഹിത്യം താരതമ്യപഠനം എന്ന കോർ പേപ്പർ കൂട്ടിച്ചേർത്തുകൊണ്ടും ഉപന്യാസം ഒഴിവാക്കിക്കൊണ്ടും ആകെ മാർക്ക് 1250-ൽ നിന്ന് 1400 ആക്കിയും പാഠ്യപദ്ധതി പരിഷ്കരിക്കുന്നുണ്ട്. താരതമ്യപഠനം എന്ന ജ്ഞാനശാഖ കേരള സർവ്വകലാശാലയിൽ കൂട്ടിച്ചേർക്കപ്പെടുന്നത് 1989-ലാണെന്ന് പറയാം. 1993-ൽ ഇലക്ടീവ് പേപ്പറായി തുടങ്ങിയ വിവർത്തനം 1999-ൽ കോർ പേപ്പറായി മാറുന്നു. 1993-ൽ താരതമ്യപഠനത്തിന് കോർ പേപ്പറിൽ നിന്ന് ഐച്ഛിക പേപ്പറിലേക്ക് പദവി താഴുന്നുണ്ട്. 1999-ൽ പാഠ്യപദ്ധതിയിൽ നിന്നും പുറത്താവുകയും ചെയ്യുന്നു. 2000-ത്തിൽ വിവർത്തനവും സാഹിത്യവിജ്ഞാനവും എന്ന തലക്കെട്ട് വിവർത്തനം: തത്ത്വവും പ്രയോഗവും ആയി മാറുന്നു. 1999-ൽ പുറത്തായ താരതമ്യസാഹിത്യം 2003-ൽ സെമസ്റ്ററിൽ ഇതടക്കം ഐച്ഛികമായി പുനഃപ്രവേശനം നേടുന്നു. നാലാം സെമസ്റ്ററിൽ ഇതടക്കം XVI-ാമത്തെ പേപ്പറായി അഞ്ച് ഐച്ഛിക പേപ്പറുകൾ ആവിഷ്കരിക്കുന്നുണ്ട്.

സെമസ്റ്റർ 4 (2003) ഐച്ഛികം (Optional)

1.നാടോടിവിജ്ഞാനീയം
2. സൗന്ദര്യശാസ്ത്രം
3. തിരക്കഥാപഠനം
4. ആട്ടക്കഥ
5. ഭാരതീയസാഹിത്യം - താരതമ്യപഠനം

തിരക്കഥാപഠനവും നാടോടിവിജ്ഞാനീയവും കേരള സർവ്വകലാശാലയിൽ പുതിയ ജ്ഞാനമേഖലകളായി കടന്നു വരുന്നത് ഈ വർഷമാണെന്നു പറയാം. 1989ൽ ഒഴിവാക്കിയ ഉപന്യാസം, പ്രോജക്ടിനു പകരം തെരഞ്ഞെടുക്കാവുന്ന കോഴ്സായി 2013മുതൽ നിലനില്ക്കുന്നുണ്ട്. ഗവേഷണത്തിന്റെ രീതിശാസ്ത്രം ആണ് ഈ കാലയളവിൽ കൂട്ടി ച്ചേർക്കപ്പെട്ട പുതിയ നിർബന്ധപഠനത്തിന്റെ ജ്ഞാനമേഖല. 2003-നു ശേഷം കൂട്ടി ച്ചേർക്കപ്പെട്ടത് (ആറാമത് ഐച്ഛികം) 'സമ്പർക്ക മാധ്യമങ്ങളും സാഹിത്യവും' ആണ്. ഇതടക്കമുള്ള ആറു പേപ്പറുകളും നാലാം സെമസ്റ്ററിലെ നാലാം പേപ്പറായി ഇപ്പോഴും നിലനില്ക്കുന്നു. മാധ്യമപഠനം എന്ന ജ്ഞാനശാഖ ഈ സർവ്വകലാശാലയിൽ ആദ്യമായി ഉൾപ്പെടുത്തുന്നത് 2000-ത്തിലാണെന്നു പറയാം.

9.2.6. കാലിക്കറ്റ് സർവ്വകലാശാല

കാലിക്കറ്റ് സർവ്വകലാശാലയുടെ ആരംഭകാലത്ത് ഐച്ഛികപേപ്പറുകൾ ഇല്ല. വിവർത്തനവും ഉപന്യാസവും നിർബന്ധിത പേപ്പറായുണ്ടായിരുന്നു. വിവർത്തനം സിദ്ധാന്തങ്ങളായല്ല, ഇംഗ്ലീഷിൽ നിന്നും മലയാളത്തിലേക്കും മലയാളത്തിൽനിന്ന് ഇംഗ്ലീഷിലേക്കുമുള്ള വിവർത്തനത്തിന്റെ പ്രയോഗം ആയിരുന്നു ഉണ്ടായിരുന്നത്.

1992-ലെ പാഠ്യപദ്ധതിയിൽ ഐച്ഛികവിഷയങ്ങൾ ഉണ്ട്. ഒന്നാം വർഷത്തെ നാലാം പേപ്പറായി താഴെ പറയുന്നവ ആയിരുന്നു.

1. താരതമ്യസാഹിത്യം
2. നാടോടിവിജ്ഞാനീയം
3. വിവർത്തനം - സിദ്ധാന്തവും പ്രയോഗവും.

1999-ൽ നാലാമത്തെ ഐച്ഛികമായി തമിഴ് സാഹിത്യവും സംസ്കാരവും എന്ന പേപ്പർ കൂട്ടിച്ചേർക്കുന്നു. 2001-ൽ സെമസ്റ്റർ സംവിധാനത്തിൽ രണ്ട്, നാല്, സെമസ്റ്ററുകളിലെ ഏഴു പേപ്പറുകൾ ഐച്ഛികമാക്കി. 27 കോഴ്സുകളുടെ വിപുലമായ ചോയ്സാണ് (രണ്ടാം സെമസ്റ്ററിലും നാലാം സെമസ്റ്ററിലും) തെരഞ്ഞെടുക്കാൻ അനുവദിച്ചിരുന്നത്.

സെമസ്റ്റർ 2 (ഐച്ഛിക വിഷയങ്ങൾ)

പേപ്പർ 5

1. പാട്ടും മണിപ്രവാളവും
2. എഴുത്തച്ഛൻ
3. കുഞ്ചൻ നമ്പ്യാർ
4. ആട്ടക്കഥ

പേപ്പർ - 6

1. കാല്പനികത
2. സി.വി രാമൻ പിള്ള
3. ദേശീയപ്രസ്ഥാനത്തിന്റെ സ്വാധീനം മലയാളസാഹിത്യത്തിൽ
4. നാടകം

പേപ്പർ - 7

1. സംഘകാല കേരളം
2. കേരളത്തിന്റെ വൈജ്ഞാനികപാരമ്പര്യം
3. ഫോക്ലോറും കേരളീയകലകളും
4. കേരളത്തിന്റെ ആധുനികവത്കരണം

പേപ്പർ - 8

1. ഭാഷാശാസ്ത്രവും സാഹിത്യവിചാരവും
2. നിഘണ്ടു വിജ്ഞാനം
3. വിവർത്തനം- പ്രയോഗവും സിദ്ധാന്തവും
4. ദ്രാവിഡ ഭാഷാതാരതമ്യം

സെമസ്റ്റർ 4,

പേപ്പർ - 13 (ഐച്ഛികം)

1. മലയാളസാഹിത്യ വിമർശനം
2. ആധുനികകവിത
3. മാധ്യമങ്ങളും സാഹിത്യവും
4.അന്തർവൈജ്ഞാനികമായ സാഹിത്യസമീപനം

പേപ്പർ -14

1. മലയാള വ്യാകരണസിദ്ധാന്തങ്ങൾ
2. മലയാള ഭാഷാചരിത്രം
3. ഭാഷാസൂത്രണം

പേപ്പർ - 15

1. താരതമ്യപഠനം
2. ഭാഷാഭ്രഷണം വിമർശനാത്മകപഠനം
3. അരിസ്റ്റോട്ടിലിന്റെ നാടകസിദ്ധാന്തം
4. ആധുനിക സാഹിത്യസിദ്ധാന്തങ്ങൾ

മാധ്യമപഠനം, നിഘണ്ടുവിജ്ഞാനം എന്നിവയാണ് ആകെയുള്ള 27 ഐച്ഛികവിഷയങ്ങളിൽ അന്തർ വൈജ്ഞാനികസ്വഭാവം കൂടുതലുള്ള പുതിയ പേപ്പറുകൾ, 2009-ൽ സി.വി രാമൻപിള്ളയ്ക്കു പകരം ചരിത്രാഖ്യായികയും ആട്ടക്കഥയ്ക്കു പകരം ചെറുകഥയും ഫോക്‌ലോറിനു പകരം കേരളത്തിന്റെ രംഗകലാ പാരമ്പര്യവും പേപ്പർ 13-ൽ നാലാമതായി ആഖ്യാനശാസ്ത്രവും പേപ്പർ 14-ൽ നാലാമതായി ഹസ്തലിഖിതവിജ്ഞാനവും പേപ്പർ 15-ൽ ഭാഷാഭ്രഷണം വിമർശനാത്മക പഠനത്തിനുപകരം സാഹിത്യശാസ്ത്രം (Poetics) മലയാളത്തിൽ എന്നിങ്ങനെ ഉൾപ്പെടുത്തുന്നു. ആകെ ഐച്ഛിക പേപ്പറുകൾ 25 എണ്ണത്തിൽ നിന്ന് 27 ആകുന്നു. ആഖ്യാനശാസ്ത്രവും ഹസ്തലിഖിത വിജ്ഞാനവും 2009-ൽ കൂട്ടിച്ചേർത്ത പുതിയ ജ്ഞാനമേഖലകളാണ്. 2010-ൽ മാധ്യമപഠനം, ഫോക്‌ലോറും കേരളീയകലകളും എന്നീ പേപ്പറുകൾ കോർ പേപ്പറാവുന്നു. ഗവേഷണത്തിന്റെ രീതിശാസ്ത്രം പുതിയ ജ്ഞാനമേഖലയായി കോർ പേപ്പറുണ്ടാവുന്നു. 2010-ൽ ആദ്യവർഷം അതായത് ഒന്നും രണ്ടും സെമസ്റ്ററുകളിൽ ഐച്ഛികവിഷയങ്ങൾ ഒന്നും തന്നെ ഉൾപ്പെടുത്തുന്നില്ല. ഐച്ഛിക പേപ്പറുകളുടെ എണ്ണം 27-ൽ നിന്ന് 12 ആയി കുറയ്ക്കുന്നു.

സെമസ്റ്റർ 3, പേപ്പർ - 10

1. എഴുത്തച്ഛൻ
2. കുഞ്ചൻനമ്പ്യാർ

3. ആട്ടക്കഥ

പേപ്പർ - 11

1. മലയാള നാടകവേദി
2. കാല്പനികകവിത
3. ദേശീയപ്രസ്ഥാനത്തിന്റെ സ്വാധീനം മലയാളസാഹിത്യത്തിൽ

സെമസ്റ്റർ 4 - പേപ്പർ 14

1. വിവർത്തനം - പ്രയോഗവും സിദ്ധാന്തവും
2. മലയാളഭാഷാചരിത്രം
3. താരതമ്യസാഹിത്യം

പേപ്പർ - 15

1. നോവൽ, ചെറുകഥ
2. ആധുനികകവിത
3. മലയാളസാഹിത്യവിമർശനം

ഈ പേപ്പറുകളിൽ മിക്കതും ഭാഷാസാഹിത്യപഠനത്തോട് അതേ പരിപ്രേക്ഷ്യത്തിൽ ചേർന്നു നില്ക്കുന്നവയാണ്. അന്തർവൈജ്ഞാനിക സ്വഭാവമുള്ളവയും പുതുമയുള്ളതുമായ പേപ്പറുകൾ കുറവാണ്.

2001-ലെ അന്തർ വൈജ്ഞാനിക സാഹിത്യസമീപനം എന്ന പേപ്പർ പുതുമയുള്ളതും സവിശേഷവുമായ ഐച്ഛിക പേപ്പറാണ്. രാഷ്ട്രീയം, സാമ്പത്തികശാസ്ത്രം, ചരിത്രം, നരവംശശാസ്ത്രം, തത്വചിന്ത, മനഃശാസ്ത്രം തുടങ്ങിയ മാനവികശാസ്ത്രവിഷയങ്ങളും സാഹിത്യവും തമ്മിലുള്ള ബന്ധം വിശകലനം ചെയ്യുന്നതോടൊപ്പം സ്ത്രീ, ദളിത്, പരിസ്ഥിതി, നവചരിത്രവാദങ്ങളുടെ പശ്ചാത്തലത്തിലും സാഹിത്യത്തെ വിലയിരുത്തുന്ന കോഴ്സാണിത്. കവിത, നോവൽ, നാടകം, ചെറുകഥ എന്നീ സാഹിത്യരൂപങ്ങളിൽ നിന്ന് പതിനൊന്ന് രചനകൾ പഠനമാതൃകകൾ നിർമ്മിക്കാൻ എന്ന നിർദ്ദേശത്തോടെ നല്കിയിട്ടുമുണ്ട്. 2004-ൽ ഏഴാം പേപ്പറിലെ ഒന്നാം ഐച്ഛികമായ 'കേരളസംസ്കാരം' മലയാള വർഷാരംഭത്തിനുമുമ്പ് എന്ന കോഴ്സ് 'സംഘകാലകേരളം' എന്നനിലയിൽ പരിഷ്കരിച്ചിരിക്കുന്നു— പേരു മാത്രം (പാഠ്യപദ്ധതി ഒന്നുതന്നെ). കൂടാതെ നാലാം സെമസ്റ്ററിലെ പേപ്പർ 13-ലെ നാലാം ഐച്ഛികം അന്തർ വൈജ്ഞാനിക സാഹിത്യസമീപനം ഒഴിവാക്കിയിരിക്കുന്നു. പേപ്പർ 15-ൽ നാലാമത്തെ ഐച്ഛികമായി ആധുനികസാഹിത്യസിദ്ധാന്തങ്ങൾ എന്ന കോഴ്സ് പുതുതായി ഉൾപ്പെടുത്തുകയും ചെയ്യുന്നു.

2014-ലെ പാഠ്യപദ്ധതി ഓരോ സെമസ്റ്ററിലും നാലാമത്തെ പേപ്പർ ഐച്ഛികം, അതിൽ നാല് ചോയ്സുകൾ എന്ന ഘടനയാണ് സ്വീകരിച്ചിരിക്കുന്നത്.

സെമസ്റ്റർ -1, പേപ്പർ -4

1. താരതമ്യസാഹിത്യം
2. ആഖ്യാനശാസ്ത്രം
3. കഥാസാഹിത്യം
4. സ്ത്രീ-ദളിത് പരിസ്ഥിതി സാഹിത്യം

സെമസ്റ്റർ 2 പേപ്പർ 8

1. ഭാരതീയസാഹിത്യം
2. തമിഴ് സാഹിത്യം
3. അനുകല്പനം
4. നവീനകവിത

സെമസ്റ്റർ -3, പേപ്പർ 12

1. മലയാളനാടകം
2. ജനപ്രിയസാഹിത്യം
3. മാധ്യമ പഠനം
4. ഭാഷാശാസ്ത്രവും സാഹിത്യപഠനവും

സെമസ്റ്റർ - 4 പേപ്പർ - 16

1. വിമർശനസിദ്ധാന്തങ്ങൾ
2. കേരളീയചിന്ത
3. വിശ്വസാഹിത്യം
4. ഫോക്‌ലോർ

2010-ലെ മൂന്ന് കോർ പേപ്പറുകൾ മാധ്യമ പഠനം, ഗവേഷണത്തിന്റെ രീതിശാസ്ത്രം, ഫോക്‌ലോറും കേരളീയ കലകളും എന്നിവ 2014-ൽ ഒഴിവാക്കുകയും മാധ്യമപഠനവും ഫോക്‌ലോറും ഐച്ഛികമാക്കി നിലനിർത്തുകയും ചെയ്തിട്ടുണ്ട്. 2010-ലെ ഇലക്ടീവ് ആയിരുന്ന വിവർത്തനം - തത്ത്വവും പ്രയോഗവും 2014-ൽ കോർ പേപ്പറാക്കുകയും ചെയ്തിരിക്കുന്നു. പ്രോജക്ട്/പ്രബന്ധം എം.എ.യുടെ ഭാഗമായിരിക്കേ അതിന് രീതി ശാസ്ത്രപരമായ കൃത്യത നല്കുന്ന ഗവേഷണത്തിന്റെ രീതിശാസ്ത്രം ഒഴിവാക്കിയത് ഈ പാഠ്യപദ്ധതിയുടെ പരിമിതിയാണ്. ഗവേഷണാഭിരുചി വളർത്താനും പഠനശേഷം ഔപചാരികമായോ അനൗപചാരികമായോ ഗവേഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും ഈ കോഴ്സ് സഹായകമാകുമായിരുന്നു.

9.2.7. എം.ജി സർവ്വകലാശാല

1986 മുതൽ എം.ജി.യിൽ ഐച്ഛികം ആരംഭിക്കുന്നുണ്ട്. പക്ഷേ, വിഷയം തെരഞ്ഞെടുത്തിരുന്നത് ഓരോ വർഷത്തേക്കും സർവ്വകലാശാല തന്നെയായിരുന്നു. ഒന്നാം വർഷത്തെ നാലാം പേപ്പറും രണ്ടാം വർഷത്തെ എട്ടാം പേപ്പറും ആയിരുന്നു ഓപ്ഷണൽ.

ഒന്നാം വർഷം, പേപ്പർ 4

(i) 1. ക്ലാസിസം 2. നിയോക്ലാസിസം 3. റൊമാന്റിസിസം 4. റിയലിസം 5. സിംബോളിസം 6. മിസ്റ്റിസിസം
(ii) വിവർത്തനം
(iii) താരതമ്യസാഹിത്യപഠനം
(iv) നവോത്ഥാനവും സാഹിത്യവും

രണ്ടാം വർഷം, പേപ്പർ 8 (എഴുത്തുകാരൻ/പ്രസ്ഥാനം)

1. എഴുത്തച്ഛൻ, 2. ചമ്പു പ്രസ്ഥാനം, 3. കുഞ്ചൻ നമ്പ്യാർ 4.ആട്ടക്കഥാപ്രസ്ഥാനം, 5.കുമാരനാശാൻ, 6.മഹാകാവ്യപ്രസ്ഥാനം, 7. വള്ളത്തോൾ, 8. ഖണ്ഡകാവ്യ പ്രസ്ഥാനം, 9. ഉള്ളൂർ, 10.സാമൂഹ്യനോവലുകൾ, 11. സി.വി രാമൻപിള്ള, 12. സംസ്കൃതനാടക പരിഭാഷകൾ

1987-ൽ വിവർത്തനം, വിവർത്തനം: സിദ്ധാന്തവും പ്രയോഗവും എന്ന നിലയിലും സാഹിത്യ പ്രസ്ഥാനങ്ങളിൽ ഒരു വർഷം ഏതെങ്കിലും ഒന്ന് എന്ന നിലയിലും പാഠ്യപദ്ധതി പരിഷ്കരിക്കുന്നു. 1988-ൽ ഒപ്ഷണൽ പേപ്പറുകൾ ഉണ്ടെങ്കിലും ചോയ്സുകൾ ഒഴിവാക്കിയിരിക്കുന്നു. ഒന്നാം വർഷം താരതമ്യ സാഹിത്യം മാത്രവും രണ്ടാം വർഷം ചമ്പുസാഹിത്യം മാത്രവും ആണ് ഉള്ളത്.

1990-ൽ ഐച്ഛിക പേപ്പറിന്റെ എണ്ണം രണ്ടാം വർഷത്തിലെ എട്ടാം പേപ്പർ മാത്രമാക്കി ചുരുക്കുന്നു. നാടോടി വിജ്ഞാനീയം പാഠ്യപദ്ധതിയുടെ ഭാഗമായി മാറുന്നു. വിവർത്തനത്തിലെ പ്രയോഗം പോയി.

രണ്ടാം വർഷം പേപ്പർ - 8 (1990)

1. താരതമ്യസാഹിത്യം
2. വിവർത്തനം
3. നാടോടിവിജ്ഞാനീയം

സെമസ്റ്റർ സംവിധാനത്തിലേക്കു മാറുന്നതുവരെ ഈ ഘടനയും പാഠ്യപദ്ധതിയുമാണ് നിലനില്ക്കുന്നത്. 2012-ൽ സെമസ്റ്റർ സംവിധാനത്തിലും ഐച്ഛിക പേപ്പറുകളുടെ തെരഞ്ഞെടുപ്പ് സർവ്വകലാശാല തന്നെ നടത്തുന്ന രീതിയാണ് നിലനില്ക്കുന്നത്. വിദ്യാർത്ഥിയുടെ താല്പര്യങ്ങൾ 2012-ലും 2016-ലും പാഠ്യപദ്ധതി

പരിഗണിക്കുന്നില്ലെന്നർത്ഥം. നാലാം സെമസ്റ്ററിലെ നാലു പേപ്പറുകളാണ് ഇലക്ടീവ് ആയി നിർദ്ദേശിച്ചിരിക്കുന്നത്.

ഐച്ഛികം (2012)

1. ജനസംസ്കാരപഠനം
2. പരിഭാഷ: സിദ്ധാന്തവും പ്രയോഗവും
3. സ്ത്രീപക്ഷരചനകൾ
4. പുതുസാഹിത്യസമീപനങ്ങൾ
5. മാധ്യമപഠനം
6. ദ്രാവിഡഭാഷാശാസ്ത്രം
7. ദളിത്പഠനം
8. പരിസ്ഥിതിയും സാഹിത്യവും
9. ജീവചരിത്രം ആത്മകഥ
10. അയ്യപ്പപ്പണിക്കർ, കവിയും നിരൂപകനും
11. യാത്രാവിവരണസാഹിത്യം
12. കണ്ണശ്ശ സാഹിത്യം

2016-ൽ ചില പേപ്പറുകൾക്ക് മാറ്റമുണ്ടായി. ഘടനാപരമായ മാറ്റങ്ങളില്ല. നിഘണ്ടു വിജ്ഞാനം, താരതമ്യസാഹിത്യം, ലോകസാഹിത്യം എന്നിവ പുതുതായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. കണ്ണശ്ശസാഹിത്യം, ദളിത്, പരിസ്ഥിതി, അയ്യപ്പപ്പണിക്കർ എന്നീ കോഴ്സുകൾ ഒഴിവാക്കിയിട്ടുമുണ്ട്. ജീവചരിത്രം, ആത്മകഥ കോഴ്സിൽ യാത്രാവിവരണവും കൂട്ടിച്ചേർത്ത് ഒരു പേപ്പറാക്കിയിട്ടുമുണ്ട്. ഗവേഷണത്തിന്റെ രീതിശാസ്ത്രം ഈ സർവ്വകലാശാല കോഴ്സായി പരിഗണിക്കുന്നേയില്ലെന്നത് പാഠ്യപദ്ധതിയുടെ പരിമിതിയാണ്.

9.2.8. കണ്ണൂർ സർവ്വകലാശാല

2001-ൽ സെമസ്റ്റർ സംവിധാനത്തിലാണ് ആരംഭിക്കുന്നതെങ്കിലും ഐച്ഛികവിഷയങ്ങൾ ഒന്നും തന്നെയില്ല. മറ്റ സർവ്വകലാശാലകളിൽ ഐച്ഛികമായി പഠിപ്പിക്കുന്ന ചില പേപ്പറുകൾ ഇവിടെ കോർ പേപ്പറായി പഠിപ്പിക്കുന്നുണ്ട്. സാഹിത്യചരിത്രവിജ്ഞാനം, മാധ്യമങ്ങളും മലയാളസാഹിത്യവും, നാടോടി സാഹിത്യവും ജനപ്രിയസാഹിത്യവും, കേരളീയ ക്ലാസിക്കൽകലകളും നാടോടിക്കലകളും എന്നിവ ഉദാഹരണം. ആദ്യസെമസ്റ്ററിൽ മറ്റെല്ലാ സർവ്വകലാശാലകളും 4-6 കോഴ്സുകൾ ഉൾപ്പെടുത്തുമ്പോൾ ഇവിടെ കേവലം 3 കോഴ്സുകൾ മാത്രമേ ഉള്ളൂ. 2004-ലും ഇലക്ടീവ് ഇല്ല. ഭാഷാവിനിമയം കേരളീയ ക്ലാസിക്കൽ കലകളും നാടോടിക്കലകളും നാടോടിസാഹിത്യവും ജനപ്രിയ സാഹിത്യവും എന്നീ കോഴ്സുകൾ ഒഴിവാക്കി പകരം പരിഭാഷാസാഹിത്യവും സംസ്കാരപഠനവും ഉൾപ്പെടുത്തി. കൂടാതെ ഒഴിവാക്കിയ രണ്ട് പേപ്പറുകളുടെ പൂർവ്വാപര ഭാഗങ്ങൾ ഉൾപ്പെടുത്തി.

നാടോടി സാഹിത്യവും നാടോടിക്കലകളും എന്ന പേപ്പറും തയ്യാറാക്കിയിട്ടുണ്ട്. 2007ലും ഐച്ഛികമില്ല. നവോത്ഥാനസാഹിത്യം എന്ന പുതിയ കോർ പേപ്പറും കൂടാതെ മറ്റു ചില കോർ പേപ്പറുകളുടെ പേരുകളും പരിഷ്കരിച്ചിട്ടുണ്ട്. പാശ്ചാത്യപൗരസ്ത്യ സാഹിത്യസിദ്ധാന്തങ്ങൾ ഒരുമിച്ച് സാഹിത്യസിദ്ധാന്തങ്ങൾ എന്ന പേരിൽ പേപ്പർ ആക്കിയിട്ടുണ്ട്.

2013-ലാണ് ഇലക്ടീവ് പേപ്പറുകൾ വരുന്നത്. കൂടാതെ ഓപ്പൺ കോഴ്സുകളും ഉണ്ട്. രണ്ടും മൂന്നും സെമസ്റ്ററുകളിലായി രണ്ടുപേപ്പർ വീതവും ആകെ നാല് ഇലക്ടീവുകളും അഞ്ചാം പേപ്പറായി മൂന്നാം സെമസ്റ്ററിൽ ഓപ്പൺ ഇലക്ടീവും ഉണ്ട്.

ഓപ്പൺ ഇലക്ടീവുകൾ

1. കേരളീയ രംഗകലാപാരമ്പര്യം
2. ദ്രാവിഡ ഭാഷാസാഹിത്യം -താരതമ്യം
3. താരതമ്യാത്മക സൗന്ദര്യശാസ്ത്രം

ഇലക്ടീവ് പേപ്പറുകൾ

1. സംസ്കാരവും സൈബർ സാഹിത്യവും
2. ഫോക്‌ലോർ
3. പ്രമുഖ എഴുത്തുകാരി - മാധവിക്കുട്ടി
4. പ്രമുഖ എഴുത്തുകാരൻ - കുമാരനാശാൻ
5. പ്രമുഖ എഴുത്തുകാരൻ - വയലാർ വാസുദേവൻപിള്ള
6. വൈജ്ഞാനികസാഹിത്യം
7. തമിഴ്സാഹിത്യം
8. തത്ത്വചിന്തയും സാഹിത്യവും
9. സംസ്കാരപഠനങ്ങൾ
10. മാധ്യമ സാഹിത്യം
11. സ്ത്രീ-ദളിത്- പരിസ്ഥിതി രചനകൾ
12. പ്രമുഖ എഴുത്തുകാരൻ - കെ.പി അപ്പൻ
13. പ്രമുഖ എഴുത്തുകാരൻ - കോവിലൻ
14. പ്രമുഖ എഴുത്തുകാരൻ - സക്കറിയ

2014-ൽ ഇലക്ടീവ് പേപ്പറുകളുടെ എണ്ണം 14-ൽ നിന്ന് ഏഴായി കുറയ്ക്കുന്നു. രണ്ടാം സെമസ്റ്ററിൽ രണ്ട് പേപ്പറും മൂന്നാം സെമസ്റ്ററിൽ 1 പേപ്പറും ആണ് ഇലക്ടീവ്.

ഐച്ഛികങ്ങൾ

1. മാധ്യമ പഠനം 2. സൈബർ സാഹിത്യം 3. നാടകപഠനങ്ങൾ 4.ഗദ്യമാതൃകകൾ 5.സാഹിത്യവും തത്ത്വചിന്തയും 6. പ്രമുഖ എഴുത്തുകാരൻ - കുമാരനാശാൻ

7. പരിസ്ഥിതി പഠനങ്ങൾ

2015 മുതൽ 2013-ലെ പാഠ്യപദ്ധതി തന്നെയാണ് പിന്തുടരുന്നത്. ഗവേഷണത്തിന്റെ രീതിശാസ്ത്രം കണ്ണൂർ സർവ്വകലാശാല പാഠ്യപദ്ധതിയിലുൾപ്പെടുത്തിയിട്ടില്ല.

9.2.9 കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

9.2.9.1. ഓപ്പൺ ഇലക്ടീവ് (2003)

1. മലയാള ചെറുകഥാസാഹിത്യം
2. സംസ്കൃതസാഹിത്യത്തിനുള്ള മലയാളം

9.2.9.2. മലയാളവിഭാഗം പൊതുവായി നല്കുന്ന ഐച്ഛിക കോഴ്സുകൾ

1. മണിപ്രവാളം: ചരിത്രവും സിദ്ധാന്തവും
2. മണിപ്രവാള സാഹിത്യം : ചമ്പുക്കൾ
3. മണിപ്രവാളസാഹിത്യം : സന്ദേശകാവ്യങ്ങൾ
4. ആട്ടക്കഥാചരിത്രം - സംസ്കാരപഠനം
5. കൊട്ടാരക്കര തമ്പുരാന്റെയും കോട്ടയത്തു തമ്പുരാന്റെയും ആട്ടക്കഥകൾ
6. നളചരിതം
7. തർജ്ജമപഠനം - തർജ്ജമ - ചരിത്രവും സിദ്ധാന്തവും
8. തർജ്ജമ സാഹിത്യം
9. തജ്ജമയും മാധ്യമങ്ങളും
10. മലയാളസാഹിത്യചരിത്രങ്ങളും സിദ്ധാന്തങ്ങളും
11. മലയാളസാഹിത്യചരിത്രം - കാലഘട്ടങ്ങളിലൂടെ
12. മലയാളസാഹിത്യചരിത്രം - പ്രസ്ഥാനങ്ങളിലൂടെ
13. മലയാളസാഹിത്യചരിത്രം - ഇസങ്ങളിലൂടെ
14. കവിതയും കവിതാവിജ്ഞാനവും
15. ഭാഷാശാസ്ത്രവും മലയാളവും
16. മലയാളവ്യാകരണസിദ്ധാന്തങ്ങൾ
17. മലയാളശൈലി
18. ദ്രാവിഡ ഭാഷാശാസ്ത്രവും മലയാളവും
19. രംഗകലാചരിത്രം - ലോകനാടകവേദി
20. ഇന്ത്യൻ നാടകവേദി
21. മലയാളനാടകവേദി
22. മലയാള സാഹിത്യവിമർശനം
23. ഭാരതീയ സാഹിത്യസിദ്ധാന്തങ്ങൾ
24. പാശ്ചാത്യ സാഹിത്യസിദ്ധാന്തങ്ങൾ - ആധുനികതയും ശേഷവും

25. കാവ്യസിദ്ധാന്തങ്ങൾ -പ്രയോഗങ്ങൾ
26. സിനിമയുടെ ചരിത്രം
27. സാഹിത്യവും സിനിമയും
28. തിരക്കഥ
29. സിനിമാനിരൂപണം
30. ഫോക്‌ലോർ ചരിത്രവും സിദ്ധാന്തവും
31. ഫോക്‌ലോർ പഠനമേഖലകൾ
32. നാടൻസാഹിത്യം
33. ഫോക്‌ലോർ -പ്രയോഗപരിചയം
34. സമകാലിക സംസ്കാരപഠനം
35. സാഹിത്യവും സംസ്കാര പഠനവും
36. മാധ്യമങ്ങളും സംസ്കാര പഠനവും
37. ചിഹ്നവിജ്ഞാനവും ജനകീയ/ജനപ്രിയ സംസ്കാരങ്ങളും

9.2.9.3. അദ്ധ്യാപകർ നല്കുന്ന ഐച്ഛിക കോഴ്സുകൾ

1. മലയാളത്തിലെ ഭക്തിസാഹിത്യം - സാംസ്കാരികപഠനം
2. Introduction to Linguistic for literature
3. സമകാലിക മലയാളചെറുകഥ (ആസ്വാദനവും സാംസ്കാരിക വിമർശനവും)
4. ആധുനിക മലയാളകവിത - ഒരു സ്ത്രീപക്ഷപഠനം
5. ഇടശ്ശേരിക്കവിത - ഒരു ഫോക്‌ലോർ സമീപനം
6. പരിസ്ഥിതിദർശനം വൈലോപ്പിള്ളിക്കവിതയിൽ
7. സംസ്കാരവും സാഹിത്യവും
8. ആധുനിക ലോകകവിത
9. വൃത്തപഠനം
10. പി. കുഞ്ഞിരാമൻ നായരുടെ കവിത - പാരമ്പര്യവും ആധുനികതയും
11. രാമകഥ മലയാളത്തിൽ
12. Orientalism and Indian culture
13. ജനസംസ്കാരവും ആധുനിക മലയാളസാഹിത്യവും
14. മലയാള നോവലിന്റെ ഉത്ഭവം (ഇന്ദുലേഖ മുൻനിർത്തിയുള്ള പഠനം)
15. ജനപ്രിയമലയാളനോവൽ (മുട്ടത്തുവർക്കിയുടെ കൃതികൾ മുൻനിർത്തിയുള്ള പഠനം)
16. ഒ.വി വിജയന്റെ രചനകൾ
17. ആനന്ദിന്റെ രചനകൾ
18. വർത്തമാനപത്രങ്ങൾ മലയാളത്തിൽ - ചരിത്രവും സംസ്കാരവും

19. ടെലിവിഷൻപഠനം
20. ചരിത്രകലയും സംസ്കാരചരിത്രവും
21. മാർക്സിസ്റ്റ് സാഹിത്യസിദ്ധാന്തങ്ങൾ
22. കവിതയും ചരിത്രവും (വൈലോപ്പിള്ളി, ഇടശ്ശേരി, എൻ.വി എന്നിവരുടെ കാവ്യലോകത്തെക്കുറിച്ചുള്ള വിശേഷപഠനം)
23.ആധുനിക മലയാളകവിത
24. ചങ്ങമ്പുഴ കവിത
25. ഭാവവികാസം സുഗതകുമാരി കവിതയിൽ
26. ആധുനിക നാടകവും സാംസ്കാരികചരിത്രവും
27. സ്ത്രീരചനയുടെ സാംസ്കാരികഭ്രമിക
28. ഫെമിനിസം
29. പത്രഭാഷ
30. സംസ്കാരപഠനവും തെയ്യവും
31. ഘടനാവാദവും സാഹിത്യനിരൂപണവും
32. സാമൂഹ്യരാഷ്ട്രീയനാടകങ്ങൾ

2009-ൽ മലയാളവിഭാഗം നല്കുന്ന ഐച്ഛിക കോഴ്സുകളിലേക്ക് 12 കോഴ്സുകൾ കൂടി കൂട്ടിച്ചേർക്കുന്നു. വ്യക്തിഗത കോഴ്സുകൾ 19 ആയി കുറയുന്നു.

33. സമകാലമലയാളചെറുകഥ- പാഠവും പഠനവും
34. പരിസ്ഥിതിദർശനം - വൈലോപ്പിള്ളിക്കവിതയിൽ
35. കവിതയും സമൂഹപരിണാമവും
36. നോവൽ: സാഹിത്യവും സംസ്കാരവും
37. ജനപ്രിയസംസ്കാരം, ജനപ്രിയസാഹിത്യം
38. സ്ത്രീവാദസിദ്ധാന്തം
39. ചലച്ചിത്രഗാനം: സംസ്കാരപഠനം
40. ദളിത്പഠനങ്ങൾ
41. സംസ്കാരസിദ്ധാന്തങ്ങൾ
42. പരിസ്ഥിതിസൗന്ദര്യശാസ്ത്രം
43. വെൺമണിപ്രസ്ഥാനം: സംസ്കാരപഠനം
44. മലയാളത്തിലെ ഭക്തിസാഹിത്യം

9.2.9.4. വ്യക്തിഗത കോഴ്സുകൾ

1. പ്രാചീനമലയാള രേഖാവിജ്ഞാനീയം
2. മലയാളത്തിലെ പെൺകവിതകൾ: പാഠവും പൊരുളും
3. കവിതയും ചരിത്രവും

4. മാധ്യമങ്ങളും മലയാളപഠനവും

പുതുതായി കൂട്ടിച്ചേർത്ത ഈ കോഴ്സുകളോടൊപ്പം 2003-ലെ 8, 9, 12, 20, 21, 22, 23, 24, 25, 26, 27, 28, 30, 31, 32 നമ്പർ കോഴ്സുകൾ നിലനിർത്തിക്കൊണ്ടാണ് 19 കോഴ്സുകൾ ഐച്ഛികമായി നിശ്ചയിച്ചിരിക്കുന്നത്. 2014-ൽ കോർകോഴ്സുകളുടെ എണ്ണം 9-ൽ നിന്ന് 14 ആയി ഉയർത്തുകയും മലയാളവിഭാഗം നല്കുന്ന ഐച്ഛിക കോഴ്സുകൾ 47-ൽ നിന്ന് 42 ആയി കുറയ്ക്കുകയും വ്യക്തിഗതകോഴ്സുകൾ 19ൽ നിന്ന് 05 ആയി കുറയ്ക്കുകയും ചെയ്തിരിക്കുന്നു. മലയാളഭാഷയുടെ ആധുനികീകരണം ആണ് കോർകോഴ്സുകളിൽ പുതുതായി ഉൾപ്പെടുത്തിയിരിക്കുന്ന കോഴ്സ്. മലയാളവിഭാഗം നല്കുന്ന കോഴ്സുകളിൽ നിന്ന് (2009) 5, 10-13, 15-17, 20, 22, 23, 33, 40 എന്നീ നമ്പറുകളിലുള്ള 13 കോഴ്സുകൾ ഒഴിവാക്കുകയും പുതുതായി ചുവടെ കൊടുത്തിരിക്കുന്നവ ഉൾപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

1. സാഹിത്യചരിത്രവിജ്ഞാനീയം
2. മലയാളവും സാഹിത്യചരിത്രവിജ്ഞാനീയവും
3. കവിതയും കവിതാവിജ്ഞാനീയവും
4. സ്ത്രീവാദ സാഹിത്യവിമർശനം
5. സമകാലമലയാളകവിത
6. മഹാഭാരതം മലയാളത്തിൽ
7. സാഹിത്യവിമർശനവും സാംസ്കാരികപഠനവും
8. സൈബർമലയാളം

വ്യക്തിഗത കോഴ്സുകളിൽ പുതുതായി കൂട്ടിച്ചേർത്തത്,

1. കേരളീയ അവതരണകലകൾ
2. ദൃശ്യമാധ്യമ രചന എന്നിവയാണ്.

ഇതോടൊപ്പം 2009ലെ

3. മലയാളത്തിലെ പെൺകവിതകൾ
4. പ്രാചീന രേഖാവിജ്ഞാനീയം
5. തെയ്യം -ചരിത്രവും സംസ്കാരവും

എന്നീ കോഴ്സുകൾ നിലനിർത്തിയിരിക്കുന്നു. ഈ രീതിയിൽ 2009 ലെ 19 വ്യക്തിഗത കോഴ്സുകൾ 2014-ൽ അഞ്ചായി ചുരുക്കിയിരിക്കുന്നു.

9.3. ഐച്ഛിക കോഴ്സുകളുടെ പഠനം—സാമാന്യ അവലോകനം

പത്തു സർവ്വകലാശാലകൾ പലപ്പോഴായി നൂറ്റമ്പതോളം ഐച്ഛിക കോഴ്സുകൾ ആവിഷ്കരിച്ചിട്ടുണ്ട്. അവയിൽ ചിലത് ദീർഘകാലം നിലനില്ക്കുകയും പല സർവ്വകലാശാലകളിലേക്കും വ്യാപിക്കുകയും ചെയ്തിട്ടുണ്ട്. ഐച്ഛികത്തിൽ നിന്ന് കോർ പേപ്പറിലേക്കും കോർ പേപ്പറിൽ നിന്ന് ഐച്ഛികത്തിലേക്കും രൂപാന്തരം പ്രാപിക്കാറുമുണ്ട്. ഇടക്കാലത്ത്

വിട്ടുനില്ക്കുകയും പിന്നീട് തിരിച്ചുവരികയും ചെയ്യാറുമുണ്ട്. ഒരിക്കൽ മാത്രം നിലനിന്നവയും തിരിച്ചു വന്നിട്ടില്ലാത്തവയുമുണ്ട്. സാമൂഹികസാംസ്കാരിക മേഖലകളിലെ മാറ്റങ്ങളിൽ നിന്നും ശാസ്ത്ര സാങ്കേതികവികാസങ്ങളിൽ നിന്നും പുതിയചിന്തകളിൽ നിന്നും കോഴ്സുകൾ രൂപപ്പെടാറുണ്ട്. മലയാളിയുടെ സമകാലികജീവിതത്തോട് അതിവേഗം സംവദിക്കുന്നതും ദ്രുതഗതിയിൽ നവീകരിക്കപ്പെടുന്നവയുമാണ് ഐച്ഛിക കോഴ്സുകളിൽ പലതും. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല 2000-ത്തോടെ സംസ്കാരപഠനത്തിന്റെ പാഠശാലയായി വികസിക്കുകയും പല ജ്ഞാനമേഖലകളെയും സാംസ്കാരികമായി വിശകലനം ചെയ്യാൻ ശ്രമിക്കുകയും അത് ധാരാളം കോഴ്സുകളെ സൃഷ്ടിക്കുകയും ചെയ്തു. ഇത്തരം പ്രവണതകൾ ദൃശ്യമാകുന്ന ഐച്ഛിക കോഴ്സുകളുടെ 59 വർഷത്തെ ചരിത്രത്തിൽ ദീർഘകാലം നിലനില്ക്കുകയും വിവിധ സർവ്വകലാശാലകളിലേക്ക് വ്യാപിക്കുകയും ചെയ്തിട്ടുള്ള കോഴ്സുകളുടെ ഉള്ളടക്കമാണ് ഈ ഭാഗത്ത് വിശകലനം ചെയ്യുന്നത്.

ചലച്ചിത്രപഠനം ഇന്ന് തിരക്കഥയായും അനുകല്പനമായും ചലച്ചിത്രഗാനപഠന മായും മലയാളം, കേന്ദ്ര സർവ്വകലാശാല, കാലിക്കറ്റ്, കേരള സർവ്വകലാശാല, കാലടി സർവ്വകലാശാല എന്നിവിടങ്ങളിൽ നിലനില്ക്കുന്നു. 2003-ലാണ് എം.എ. തലത്തിൽ പഠനവിഷയമായി കേരള, കാലടി സർവ്വകലാശാലകളിൽ കോഴ്സ് ആരംഭിക്കുന്നത്. കേരള സർവ്വകലാശാല പിന്നീട് ഈ കോഴ്സ് ഉപേക്ഷിച്ചെങ്കിലും കാലടിയിൽ 2003 മുതൽ നാല് കോഴ്സുകൾ ഉണ്ട്.

സൈബർ മലയാളം/കമ്പ്യൂട്ടർ മലയാളം 2013-ൽ കണ്ണൂർ സർവ്വകലാശാലയാണ് തുടങ്ങുന്നത്. നിലവിൽ കാലടി, മലയാളം സർവ്വകലാശാലകളിൽ ഐച്ഛികമാണ്.

ഫോക്‌ലോർ/നാടോടി കലകൾ 1992-ൽ കാലിക്കറ്റ് സർവ്വകലാശാലയിലാണ് ഐച്ഛികമായി ആരംഭം. 2008-ൽ ഈ പേപ്പർ കാലിക്കറ്റ് ഉപേക്ഷിക്കുന്നുണ്ടെങ്കിലും 2010ൽ കോർ പേപ്പറായി പുനഃസ്ഥാപിക്കുന്നുണ്ട്. 2014-ൽ വീണ്ടും ഐച്ഛിക പേപ്പറാക്കുന്നു. 1990-ൽ എം.ജി. സർവ്വകലാശാലയാണ് നാടോടി വിജ്ഞാനീയം എന്ന പേപ്പർ എം.എ. പാഠ്യപദ്ധതിയിൽ ആദ്യമായി അവതരിപ്പിക്കുന്നത്. അതിനുശേഷം 1992ൽ കാലിക്കറ്റിലേക്കും 2003-മുതൽ കേരളയിലേക്കും കാലടിയിലേക്കും (4പേപ്പറുകൾ) 2013-ൽ കണ്ണൂരിലേക്കും അതിനുശേഷം കേന്ദ്ര സർവ്വകലാശാലയിലേക്കും ഈ പേപ്പർ വ്യാപിക്കുന്നു.

2001-ൽ കാലിക്കറ്റ് സർവ്വകലാശാലയുടെ അന്തർവൈജ്ഞാനിക സാഹിത്യസമീപനം എന്ന ഐച്ഛിക പേപ്പറിലെ ഒരു യൂണിറ്റായിരുന്ന പരിസ്ഥിതി, ദളിത്, സ്ത്രീവാദങ്ങൾ. ഈ യൂണിറ്റിൽ നിന്നാണ് പിന്നീട് ഇതൊരു പേപ്പറായി വികസിക്കുന്നത്. ഈ മൂന്നു പ്രധാനമേഖലകൾ ഒരുമിച്ചും പ്രത്യേകംപ്രത്യേകമായും ഐച്ഛികപേപ്പറുകൾ രൂപംകൊണ്ടിട്ടുണ്ട്. 2003-ൽ സ്ത്രീരചനയുടെ സാംസ്കാരികഭൂമിക, ഫെമിനിസം എന്നിങ്ങനെ രണ്ട്

പേപ്പറുകളും 2009-ൽ സ്ത്രീവാദപഠനം, ദളിത് പഠനങ്ങൾ, പരിസ്ഥിതിസൗന്ദര്യശാസ്ത്രം എന്നിങ്ങനെ പ്രത്യേകമായി മൂന്ന പേപ്പറുകളുമടക്കം അഞ്ച പേപ്പറുകളും 2014-ൽ സ്ത്രീ വാദവിമർശനം എന്ന പുതിയ പേപ്പറോടെ നാല പേപ്പറുകളും ആണ് കാലടി സംസ്കൃത സർവ്വകലാശാല ആവിഷ്കരിച്ചത്. നിലവിൽ കാലിക്കറ്റിലും അലിഗഢിലും കണ്ണൂരിലും കേന്ദ്ര സർവ്വകലാശാലയിലും 2012 മുതൽ എം.ജിയിലും ഈ കോഴ്സ് ഉണ്ട്.

സംസ്കാരപഠനത്തെ സവിശേഷ ജ്ഞാനമേഖലയായി വികസിപ്പിക്കുകയും ശ്രദ്ധേയമായ റഫറൻസ് കൃതികൾ പ്രസിദ്ധീകരിക്കുകയും ചെയ്തത് കാലടി സംസ്കൃത സർവ്വ കലാശാലയാണ്. സംസ്കാരപഠനത്തിന്റെ സിദ്ധാന്തങ്ങളും രീതിശാസ്ത്രവും ഉപയോഗിച്ച് ഭാഷാസാഹിത്യപഠനത്തിന്റെ സമസ്ത ജ്ഞാനശാഖകളെയും വിശകലനം ചെയ്യുന്നത് സാധാരണമായി. കോഴ്സുകൾ, ഗവേഷണ പ്രോജക്ടുകൾ, ഡിസർട്ടേഷനുകൾ (എം.എ., എം.ഫിൽ)പഠനങ്ങൾ, സെമിനാർപ്രബന്ധങ്ങൾ, ജേർണലുകൾ, ആനുകാലികങ്ങളിലെ ലേഖനങ്ങൾ എന്നിങ്ങനെ നിരവധി ഉല്പന്നങ്ങൾ ഇതിന്റെ ഫലമായി ഉണ്ടാവുകയും ധാരാളം ശില്പശാലകളും സെമിനാറുകളും കോഴ്സുകളും സംഘടിപ്പിക്കപ്പെടുകയും ചെയ്തു. അപഗ്രഥനത്തിനുള്ള പ്രധാന ടൂളായി ഇത് നിലനില്ക്കുന്നു. ഇതര സർവ്വകലാശാലകളിലേക്കും ഈ പ്രവണത വ്യാപിക്കുകയും ശക്തമായി നിലകൊള്ളുകയും ചെയ്യുന്നു. ഇതിന്റെ ഫലമായാണ് സംസ്കാരപഠനവും സംസ്കാരപഠന വിശകലനങ്ങളും സ്വതന്ത്രമായും മറ്റ ജ്ഞാനമേഖലകളുമായി ചേർന്നും കോർ കോഴ്സുകളും ഇലക്ടീവ് കോഴ്സുകളും ആവിഷ്കരിക്കപ്പെട്ടത്. 2003 മുതൽ കാലടിയിലും 2012 മുതൽ എം.ജിയിലും 2013 മുതൽ കണ്ണൂരും കൂടാതെ മദ്രാസിലും മലയാളം സർവ്വകലാശാലയിലും കേന്ദ്ര സർവ്വകലാശാലയിലും സംസ്കാരപഠനം നിലനില്ക്കുന്നു. 2004ൽ കണ്ണൂരിൽ സംസ്കാരപഠനം കോർ കോഴ്സായിരുന്നു. 2014ൽ രണ്ട് കോഴ്സുകൾ ഈ മേഖലയിലുണ്ട്.

1992-ലാണ് കോഴിക്കോട് സർവ്വകലാശാലയിൽ വിവർത്തനം ഐച്ഛിക പേപ്പറായി ആരംഭിക്കുന്നത്. 2001, 2010 വർഷങ്ങളിലെ പാഠ്യപദ്ധതിയിലും ഈ പേപ്പർ നിലനിന്നു. 2014ൽ ഇത് കോഴിക്കോട് സർവ്വകലാശാലയിൽ കോർകോഴ്സായി മാറി. കേരള സർവ്വകലാശാലയിൽ 1993 മുതലും ഈ പേപ്പർ ഉണ്ട്. 1999-ൽ വിവർത്തനവും സാഹിത്യവിജ്ഞാനവും എന്ന് പേപ്പർ പരിഷ്കരിക്കപ്പെടുന്നുണ്ട്. 1986ൽ മഹാത്മാഗാന്ധി സർവ്വകലാശാലയാണ് 'വിവർത്തനം' എന്ന പേരിൽ ഈ പേപ്പർ അവതരിപ്പിക്കുന്നത്. 1987ൽ തൊട്ടടുത്ത വർഷം തന്നെ വിവർത്തനം -സിദ്ധാന്തവും പ്രയോഗവും എന്ന പിന്നീട് സാർവത്രികമായ പേരിലേക്കും ഉള്ളടക്കത്തിലേക്കും പാഠ്യപദ്ധതി പരിഷ്കരിക്കുന്നു. 1990-ലെയും 2012-ലെയും പാഠ്യപദ്ധതി പരിഷ്കരണങ്ങളിൽ ഈ പേപ്പർ നിലനില്ക്കുന്നുണ്ട്. മദ്രാസ് സർവ്വകലാശാലയിലും കേന്ദ്ര സർവ്വകലാശാലയിലും നിലവിൽ ഈ പേപ്പർ

ഐച്ഛികമാണ്. കണ്ണൂരിൽ 2004-ൽ 'പരിഭാഷാസാഹിത്യം' എന്ന പേരിൽ ഇത് കോർ പേപ്പറാവുന്നുണ്ട്. കാലടിയിൽ 2003-ൽ വിവർത്തനവുമായി ബന്ധപ്പെട്ട മൂന്നു കോഴ്സുകളും 2009 മുതൽ രണ്ടു കോഴ്സുകളും നിലനില്ക്കുന്നു.

'ഭാരതീയസാഹിത്യം: താരതമ്യപഠനം എന്ന പേരിൽ 1989-ൽ കേരള സർവ്വകലാശാലയാണ് പുതിയൊരു കോർ പേപ്പർ ആവിഷ്കരിച്ചത്. 1993-ൽ ഐച്ഛികമാക്കി പേപ്പറിന്റെ പദവി കുറക്കുകയും 1999ൽ ഉപേക്ഷിക്കുകയും ചെയ്തു. 2003ൽ ഐച്ഛികമായി പുന:സ്ഥാപിക്കുകയും ചെയ്തു. 2001-ലാണ് കാലിക്കറ്റിൽ ഈ പേപ്പർ ഐച്ഛികമായി വരുന്നത്. 2010-ലെയും 2014-ലെയും പാഠ്യപദ്ധതി പരിഷ്കരണങ്ങളിലും ഈ പേപ്പർ നിലനിർത്തിയിട്ടുണ്ട്. മദ്രാസ് സർവ്വകലാശാലയുടെ 2012 മുതൽ നിലനില്ക്കുന്ന പാഠ്യ പദ്ധതിയിലും 2008 മുതൽ നിലനില്ക്കുന്ന മധുര കാമരാജ് സർവ്വകലാശാല പാഠ്യപദ്ധതിയിലും 2003 മുതൽ കേരള സർവ്വകലാശാലയിലും ദ്രാവിഡ ഭാഷാതാരതമ്യം (പേപ്പർ - 8), താരതമ്യ സാഹിത്യം (പേപ്പർ -15) എന്നിങ്ങനെ രണ്ടു പേപ്പറുകൾ ഉണ്ടായിരുന്നു.

2012-നു ശേഷം എം.ജി ഈ പേപ്പർ ഉപേക്ഷിച്ചു. കണ്ണൂർ സർവ്വകലാശാലയിൽ 2013ലെ ഓപ്പൺ ഇലക്ടീവ് കോഴ്സ് താരതമ്യ സൗന്ദര്യശാസ്ത്രമായിരുന്നു. നിലവിൽ കേന്ദ്ര സർവ്വകലാശാലയിലും താരതമ്യപഠനം നിലനില്ക്കുന്നുണ്ട്. സംസ്കാരപഠനത്തിന്റെ രീതിശാസ്ത്രം ശക്തമായി മിക്ക കോഴ്സിലും നിലനില്ക്കുന്നതുകൊണ്ടാകാം കാലടി സർവ്വകലാശാല താരതമ്യ പഠനത്തെ സ്വീകരിക്കാതിരുന്നത്.

നാടകപഠനവുമായി ബന്ധപ്പെട്ട കോഴ്സുകൾ മലയാള സാഹിത്യപഠനവുമായി വളരെ അടുത്ത ബന്ധം പുലർത്തുന്നതും മറ്റു പല പേപ്പറുകളുടെയും ഭാഗമായി നിലനില്ക്കുന്നതുമാണ്. എങ്കിലും വിശേഷ പഠനം എന്ന നിലയിൽ ഈ ജനകീയ കലാരൂപത്തിന് അതിന്റേതായ പ്രസക്തി ഉണ്ട്. നിലവിൽ കേന്ദ്ര സർവ്വകലാശാലയിലും മദ്രാസ് സർവ്വകലാശാലയിലും കണ്ണൂർ സർവ്വകലാശാലയിലും (2014), 2001 മുതൽ കാലിക്കറ്റ് സർവ്വകലാശാലയിലും 2003 മുതൽ കാലടി സർവ്വകലാശാലയിലും (5 കോഴ്സുകൾ ലോകനാടകവേദി, മലയാള നാടകവേദി, സാമൂഹ്യ രാഷ്ട്രീയ നാടകങ്ങൾ, ആധുനിക നാടകവും സാംസ്കാരികചരിത്രവും, ഇന്ത്യൻ നാടകവേദി) ഈ പേപ്പർ ഐച്ഛിക വിഷയമാണ്.

എം.എ. മലയാള പഠനത്തിൽ ഏറ്റവും ഒടുവിൽ കൂട്ടിച്ചേർക്കപ്പെട്ടതും ഇതര സർവ്വകലാശാലകളിലേക്ക് വ്യാപിച്ചുകൊണ്ടിരിക്കുന്നതുമായ കോഴ്സാണ് ഗവേഷണത്തിന്റെ രീതിശാസ്ത്രം. ഏറ്റവും കുറച്ച് റഫറൻസ് പുസ്തകങ്ങൾ മാത്രം ഭാഷയിൽ എഴുതപ്പെട്ടിട്ടുള്ളതായ ജ്ഞാനശാഖയാണിത്. എന്നാൽ ഗവേഷണത്തിന്റെ പ്രയോഗം അഥവാ പ്രോജക്ടുകൾക്കും ഡിസർട്ടേഷനുകൾക്കും നൂറിലധികം വർഷങ്ങളുടെ പഴക്കമുണ്ട്. ഗവേഷണത്തിന്റെയും പ്രബന്ധരചനയുടെയും സൈദ്ധാന്തിക പഠനം ഒരു പേപ്പറായി വികസിച്ചത് അടുത്ത കാലത്താണ്. ദേശീയവും അന്തർ ദേശീയവുമായ സെമിനാറുകളും

കോഴ്സുകളും ഈ ജ്ഞാനശാഖയെ സമൃഷ്ടമാക്കുന്നു. 2010ൽ കാലിക്കറ്റ് സർവ്വകലാശാലയാണ് ഗവേഷണത്തിന്റെ രീതിശാസ്ത്രത്തിന് ആദ്യമായി പാഠ്യപദ്ധതി ആവിഷ്കരിക്കുന്നത്. 2013 മുതൽ കേരള സർവ്വകലാശാല രണ്ടു സെമസ്റ്ററുകളിലായും നിലവിൽ മലയാള സർവ്വകലാശാലയിലും ഈ പേപ്പർ കോർ കോഴ്സായി നിലനിൽക്കുന്നു.

വിവിധ സർവ്വകലാശാലകളിൽ ഐച്ഛിക പഠനമായും കോർ കോഴ്സായും നിലനിൽക്കുന്ന പേപ്പറാണ് മാധ്യമപഠനം. 2001ൽ കണ്ണൂർ സർവ്വകലാശാലയിൽ കോർ പേപ്പറായും ഇതേ വർഷം കാലിക്കറ്റിൽ ഐച്ഛികമായും മാധ്യപഠനവുമായി ബന്ധപ്പെട്ട കോഴ്സുകൾ ആരംഭിക്കുന്നു. കണ്ണൂർ സർവ്വകലാശാല കോർ പേപ്പറായി തുടങ്ങിയെങ്കിലും 2013, 2014 വർഷങ്ങളിൽ ഐച്ഛികമായി മാറ്റുന്നുണ്ട്. കാലിക്കറ്റിൽ ഐച്ഛികമായി തുടങ്ങിയെങ്കിലും 2010-ലും 2014-ലും കോർ പേപ്പറാക്കി മാറ്റിയിട്ടുണ്ട്. കാലടി ശ്രീശങ്കരാചാര്യ സർവ്വകലാശാലയിൽ 2003, 2009 വർഷങ്ങളിൽ മാധ്യമപഠനവുമായി ബന്ധപ്പെട്ട മൂന്ന് കോഴ്സുകൾ ആവിഷ്കരിച്ചിരുന്നു. മാധ്യമങ്ങളും സംസ്കാരപഠനവും ചരിത്രവും സംസ്കാരവും ടെലിവിഷൻ പഠനം എന്നിവയാണവ. 2014-ൽ രണ്ട് കോഴ്സായി നിലനിർത്തി. ടെലിവിഷൻ പത്ര പഠനമാണ് ദൃശ്യമാധ്യമ രചന എന്ന കോഴ്സിലേക്ക് വഴിമാറിയത്. കേന്ദ്ര സർവ്വകലാശാല ജേർണലിസം എന്നാണ് ഈ പേപ്പറിനു പേരു നല്കിയിരിക്കുന്നത്. കേരള സർവ്വകലാശാലയിലും 2013 മുതൽ ഈ കോഴ്സ് സമ്പർക്ക മാധ്യമങ്ങൾ എന്നപേരിൽ നിലനിൽക്കുന്നു. 2012 മുതൽ എം.ജി.യിലും അലിഗഢിലും ഈ പേപ്പർ നിലവിലുണ്ട്.

മലയാളസാഹിത്യവുമായി അടുത്ത ബന്ധം പുലർത്തുന്നതും കോർ പേപ്പറായും ഐച്ഛിക പേപ്പറായും വിവിധ സർവ്വകലാശാലകളിൽ നിലനിൽക്കുന്നതുമായ പേപ്പറാണ് മലയാളസാഹിത്യവിമർശനം. ബിരുദ-ബിരുദാനന്തര പഠനത്തിന്റെ ആരംഭം മുതൽ സാഹിത്യചരിത്രവും സാഹിത്യനിരൂപണവും എന്ന പേപ്പർ ഉണ്ടെങ്കിലും അവയുടെ ഉള്ളടക്കം പാശ്ചാത്യ-പൗരസ്ത്യ സാഹിത്യസിദ്ധാന്തങ്ങളായിരുന്നു. (മദ്രാസ് സർവ്വകലാശാല കലണ്ടർ - 1937). അറുപതുകളിലാണ് എം.പി. പോളും മുണ്ടശ്ശേരിയും (കേരള സർവ്വകലാശാല) സാഹിത്യ വിമർശനം പാഠ്യപദ്ധതിയിൽ വരുന്നത്. അതിനുമുമ്പ് കാവ്യപീഠികയും മറ്റും മലയാളസാഹിത്യം ഗദ്യം എന്ന തലക്കെട്ടിനു കീഴിലാണ് പഠിപ്പിക്കപ്പെട്ടിരുന്നത്. സുകുമാർ അഴീക്കോടിന്റെ നേതൃത്വത്തിൽ കാലിക്കറ്റ് സർവ്വകലാശാലയിലാണ് 1970-കളിൽ മലയാളസാഹിത്യവിമർശനം ഇന്നത്തെ സ്വത്വം ആർജ്ജിച്ചത്. വൃത്തം, അലങ്കാരം, സാഹിത്യവിമർശനം എന്ന തലക്കെട്ടിലായിരുന്ന 1972-ൽ കാലിക്കറ്റിലെ വിമർശനപഠനം. ആധുനിക സാഹിത്യത്തിന്റെയോ ഗദ്യപഠനത്തിന്റെയോ ഭാഗമായാണ് ഒന്നോരണ്ടോ യൂണിറ്റുകളിൽ സാഹിത്യകൃതികളെ സംബന്ധിച്ച പഠനം അഥവാ ആസ്വാദനം എന്നനിലയിലുള്ള നിരൂപണകൃതികളൾ പാഠപുസ്തകമായി നിർദ്ദേശിക്കപ്പെട്ടത്. 2001 മുതൽ കോഴിക്കോടു സർവ്വകലാശാലയിൽ മലയാളസാഹിത്യവിമർശനം സ്വതന്ത്ര ഐച്ഛിക പേപ്പറാകുന്നു. 2003 മുതൽ കാലടിയിൽ കോറും ഐച്ഛികവുമായി

രണ്ടു പേപ്പറുകൾ നിലനില്ക്കുന്നുണ്ട്. അലിഗഢിൽ ആധുനിക സാഹിത്യത്തിന്റെ ഭാഗമായി ഒരു യൂണിറ്റിലും മലയാളം, മധുര, കണ്ണൂർ, എം.ജി., കേരള സർവ്വകലാശാലകളിൽ കോർ പേപ്പറായും കേന്ദ്ര സർവ്വകലാശാലയിൽ ഐച്ഛികമായും നിലനില്ക്കുന്നു.

9.4. ഐച്ഛിക കോഴ്സുകൾ—പാഠ്യപദ്ധതികൾ

9.4. 1. ചലച്ചിത്രപഠനം

കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ 2003-ലെ ഐച്ഛിക പേപ്പറുകളിൽ ഒന്ന് സിനിമയുടെ ചരിത്രമാണ്. ഒരു നൂറ്റാണ്ടുകൊണ്ട് വന്നുചേർന്ന വികാസ പരിണാമങ്ങൾ അറിയലാണ് മുഖ്യലക്ഷ്യം. സിനിമയുടെ ഉത്ഭവം ആദ്യകാല ലോക ചലച്ചിത്രങ്ങൾ, ഡോക്യുമെന്ററി പ്രസ്ഥാനം, റഷ്യൻ, ജർമ്മൻ, ഇറ്റാലിയൻ, ജപ്പാൻ, സ്വീഡൻ, ഹംഗറി, ലാറ്റിനമേരിക്ക, അമേരിക്ക എന്നിവിടങ്ങളിലെ പ്രധാന ചലച്ചിത്ര സംവിധായകർ, പ്രമുഖ സിനിമകൾ, സിനിമയും കലാസിദ്ധാന്തങ്ങളും എന്നിവയാണ് പാഠ്യവസ്തുക്കൾ. വിശദപഠനത്തിന് 16 ചലച്ചിത്രവും അധികപഠനത്തിന് 9 ചലച്ചിത്രവും നിർദ്ദേശിച്ചിരിക്കുന്നു. (പട്ടിക, 27: 1-16, 17-25) തുടർന്ന് ഇന്ത്യൻ മലയാളസിനിമകളുടെ ഉത്ഭവവും ചരിത്രവും പ്രമുഖരുടെ ചലച്ചിത്രങ്ങളും സംവിധായകരും ഉൾപ്പെട്ട മൊഡ്യൂളും അതിനുശേഷം ചലച്ചിത്രങ്ങളുടെ ലിസ്റ്റും നല്കിയിരിക്കുന്നു. (പട്ടിക, 27: 43-64) ഈ മേഖലയിലെ രണ്ടാമത്തെ കോഴ്സ് തിരക്കഥയാണ്. തിരക്കഥയുടെ പൊരുൾ, സാഹിത്യവും തിരക്കഥയും ഇന്ത്യൻ സിനിമയിലെയും മലയാളത്തിലെയും തിരക്കഥകൾ. പ്രമുഖ തിരാക്കഥാകൃത്തുക്കൾ, പ്രശസ്ത തിരക്കഥകൾ (വിദേശ-ഇന്ത്യൻ-മലയാളം) തിരക്കഥ തയ്യാറാക്കൽ എന്നിവയാണ് ഉള്ളടക്കം. മൂന്നാമത്തെ കോഴ്സ് സിനിമാനിരൂപണമാണ്. സിനിമാസിദ്ധാന്തങ്ങൾ, പ്രത്യയശാസ്ത്ര വിവക്ഷകൾ, രാഷ്ട്രീയധ്വനി, നവസിനിമ, മൂന്നാം ലോകസിനിമ, ഫെമിനിസം, പഠനം തയ്യാറാക്കൽ, സിനിമാനിരൂപണം തയ്യാറാക്കൽ എന്നിവയെല്ലാമാണ് ഉള്ളടക്കം. 2009-ലെ പാഠ്യപദ്ധതിയിലും ചെറിയ വ്യത്യാസങ്ങളോടെ ഇവയെല്ലാം നിലനില്ക്കുന്നു. 2014-ലും ഇവ പരിഷ്കാരങ്ങളോടെ നിലനില്ക്കുന്നു. ഇറാനിയൻ സിനിമ, മൂന്നാം സിനിമയുടെ രാഷ്ട്രീയം, സിനിമാഗാനങ്ങളുടെ സാംസ്കാരികപശ്ചാത്തലം, സാഹിത്യവും സിനിമയും എന്ന കോഴ്സിൽ ഇവയുടെ ബന്ധത്തിന്റെ സാംസ്കാരികവിശകലനവും അനുകൽപനത്തിന്റെ സൗന്ദര്യശാസ്ത്രവും പ്രത്യയശാസ്ത്രവും ഇന്ത്യൻ, മലയാള പശ്ചാത്തലത്തിൽ വിശകലനം ചെയ്യാനാണ് ശ്രമിക്കുന്നത്.

കേരള സർവ്വകലാശാലയുടെ ഐച്ഛിക പേപ്പർ തിരക്കഥാപഠനമാണ്. മാധ്യമങ്ങളും ആശയവിനിമയവും സാങ്കേതിക പ്രത്യേകതകൾ, സിനിമയും സാഹിത്യവും, സിനിമാസൗന്ദര്യശാസ്ത്രം, കഥയും തിരക്കഥയും, വിശ്വസാഹിത്യകൃതികളുടെ തിരക്കഥകൾ, മലയാള സിനിമ-തിരക്കഥ, തിരക്കഥാരചന, തിരക്കഥയും സംഗീതവും എന്നിവയാണ് പ്രധാന

പാഠ്യവസ്തുക്കൾ. 23 കൃതികൾ റഫറൻസിനായി നല്കിയിരിക്കുന്നു. (പട്ടിക 29: 49-69). ഭാഷയുടെയും കലാസാഹിത്യങ്ങളുടെയും തനതു സ്വരൂപങ്ങളെക്കുറിച്ച് ആഴത്തിലുള്ള ധാരണകൾ പകരുക എന്ന ലക്ഷ്യത്തോടെയാണ് കാലിക്കറ്റ് 'അനുകല്പനം' എന്ന കോഴ്സ് തയ്യാറാക്കിയിരിക്കുന്നത്. വിവർത്തന പഠനങ്ങളുടെ വികാസമായും റോമൻ യാക്കോബ്സൺ-ന്റെ ചിഹ്നാന്തരണമായും അനുകല്പനത്തെ ഈ കോഴ്സ് വിഭാവനം ചെയ്യുന്നു. വിവർത്തനം, പുനഃസൃഷ്ടി, ചിഹ്നാന്തരവിവർത്തനം, അനുകല്പനം, സംഗ്രഹിതപുനരാഖ്യാനം, ദൃശ്യശ്രാവ്യകലകൾ, തുള്ളൽകഥ, കളി, നാടകം, നോവൽ, രാമായണകഥ, കവിതയും സംഗൃഹീത പ്രധാന പാഠ്യവസ്തുക്കൾ. വിശദപഠനത്തിനും (പട്ടിക, 28: 15-32) റഫറൻസിനും കൃതികൾ (പട്ടിക, 29: 60-72) നല്കിയിട്ടുണ്ട്.

മലയാളം സർവ്വകലാശാലയുടെ 'തിരക്കഥ, സിനിമാപഠനം' എന്ന ഇലക്ടീവ് കോഴ്സിലെ പാഠ്യവസ്തുക്കൾ ഇതര സർവ്വകലാശാലയുടെ മേൽ വിവരിച്ച പാഠ്യവസ്തുക്കൾ തന്നെയാണ്. 19 ചലച്ചിത്രങ്ങൾ അപഗ്രഥനത്തിനും 11 കൃതികൾ റഫറൻസിനും നല്കിയിരിക്കുന്നു. (പട്ടിക, 27: 23-39) (പട്ടിക, 29: 83-97). സിനിമയുടെ കലാസൗന്ദര്യ സങ്കല്പങ്ങൾ, സാഹിത്യരൂപങ്ങളുമായുള്ള ബന്ധം, സാങ്കേതികതലങ്ങൾ, ഘടകങ്ങൾ എന്നിവയെ സംബന്ധിച്ച് ധാരണ നേടുക, മലയാളസിനിമയുടെ ശക്തി ദൗർബല്യങ്ങൾ തിരിച്ചറിയുക എന്നീ ലക്ഷ്യങ്ങളോടെ തയ്യാറാക്കിയതാണ് കേന്ദ്ര സർവ്വകലാശാലയുടെ 'ചലച്ചിത്രപഠനം' എന്ന കോഴ്സ്. സിനിമയുടെ ചരിത്രം മുതൽ നിരൂപണം വരെയുള്ള ഇതര സർവ്വകലാശാലകൾക്കു സമാനമായ പാഠ്യവസ്തുക്കൾ തന്നെയാണ് ഉള്ളടക്കം. 4 ചലച്ചിത്രം, 3 തിരക്കഥ എന്നിവ വിശദപഠനത്തിനും 30 കൃതികൾ റഫറൻസിനും നല്കിയിരിക്കുന്നു.

9.4.2. സൈബർമലയാളം

മലയാളം കമ്പ്യൂട്ടിങ്ങിന്റെ സമകാലികത മനസ്സിലാക്കുന്നതിനും അത് പ്രയോഗതലത്തിൽ ആവിഷ്കരിക്കുന്നതിനും പഠിതാക്കളെ പ്രാപ്തരാക്കുക എന്ന ഉദ്ദേശ്യത്തോടെ തയ്യാറാക്കിയതാണ് സൈബർസാഹിത്യവും സംസ്കാരവും എന്ന കണ്ണൂർ സർവ്വകലാശാലയുടെ 2013-ലെ കോഴ്സ്. മലയാളം കമ്പ്യൂട്ടിംഗ്, മലയാളം സോഫ്റ്റ് വെയറുകൾ, മലയാളം ഫോണ്ട്, ഇ-സാഹിത്യം, ഓൺലൈൻ വിജ്ഞാനകോശം, വിക്കി സംരംഭങ്ങൾ, ബ്ലോഗ് സാഹിത്യം, സിറ്റിസൺ ജേർണലിസം, സൈബർ സാഹിത്യം, തിരമൊഴിയും വായനയും. യാഥാർത്ഥ്യവും പ്രതീതിയാഥാർത്ഥ്യവും, സൈബർ സ്വത്വം, മലയാളം കമ്പ്യൂട്ടിംഗ് - പ്രായോഗിക പരിചയം, മലയാളം ഉള്ളടക്കനിർമ്മിതി എന്നിവയാണ് പ്രധാന പാഠ്യവസ്തുക്കൾ. പാഠപുസ്തകങ്ങളില്ല. 9 റഫറൻസുകളും 6 വെബ്സൈറ്റുകളും റഫറൻസിനായി നല്കിയിരിക്കുന്നു (പട്ടിക, 31: 1-9) (പട്ടിക, 31: 25-30). ഭാഷാനൈപുണികൾക്കും സാങ്കേതികവൈദഗ്ധ്യത്തിനും അവസരം ലഭിക്കുന്ന അപൂർവം കോഴ്സുകളിൽ ഒന്നാണിത്.

കമ്പ്യൂട്ടറും ഇന്റർനെറ്റും ഭാഷാവ്യവഹാരങ്ങളുടെ മേഖലയിൽ തുറന്നിട്ട പുതിയ സാദ്ധ്യതകളെപ്പറ്റി പഠിതാക്കൾക്ക് അറിവുണ്ടാക്കുക എന്ന ലക്ഷ്യമാണ് സൈബർ മലയാളം കോഴ്സിന് (2014) കാലടി സർവ്വകലാശാല നിശ്ചയിച്ചിരിക്കുന്നത്. പ്രായോഗികപാഠങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഭാഷാനൈപുണികളും സാങ്കേതികവൈദഗ്ധ്യവും വികസിപ്പിക്കാൻ ഈ കോഴ്സ് പര്യാപ്തമാവുകയില്ല. കമ്പ്യൂട്ടറിന്റെ അടിസ്ഥാന ആശയങ്ങളിലും ചരിത്രത്തിലും തുടങ്ങി സോഫ്റ്റ്വെയറുകൾ, മലയാളം ഫോണ്ടുകൾ, ഇന്റർനെറ്റ് എന്നിവയിലൂടെ വികസിച്ച് സോഷ്യൽ നെറ്റ്വർക്കുകളെ പരിചയപ്പെടുത്തിക്കൊണ്ട് അവസാനിപ്പിക്കുകയാണ്. വിശദപഠനത്തിന് 14 ലേഖനങ്ങൾ നിർദ്ദേശിക്കുകയും (പട്ടിക, 30: 1-5) റഫറൻസിനായി 8 പുസ്തകങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നു (പട്ടിക, 31: 16-22) ഡോസ് മുതലുള്ള ഓപ്പറേറ്റിങ് സിസ്റ്റം, കമ്പ്യൂട്ടർ ഭാഷ എന്നിങ്ങനെ ഇപ്പോൾ പ്രയോജനകരമല്ലാത്തതും മലയാളവുമായി ബന്ധമില്ലാത്തതുമായ സാങ്കേതികകാര്യങ്ങളുടെ ആധിക്യമാണ് ഈ കോഴ്സിന്റെ പരിമിതി. പ്രായോഗികാനുഭവമില്ലാതെ ഇത്തരം അറിവുകൾ അർത്ഥപൂർണ്ണമായി സ്വാംശീകരിക്കുക വളരെ പ്രയാസമാണ്.

മലയാളം സർവ്വകാലാശാലയുടെ കമ്പ്യൂട്ടർ മലയാളവും പ്രസാധനകലയും എന്ന കോഴ്സ് പ്രായോഗികപരിചയവും കൂടി ഉൾപ്പെടുത്തിയതാണ്. ഈ കോഴ്സ് ഉദ്ദേശ്യാധിഷ്ഠിതമല്ലെന്നത് വലിയ പരിമിതിയാണ്. ആദ്യ മൂന്നുയൂണിറ്റുകൾ ഇതര സർവ്വകലാശാലകളോട് സമാനമാണ്. നാലാമത്തെ യൂണിറ്റ് യന്ത്രവിവർത്തനവും അഞ്ചാമത്തെ യൂണിറ്റ് പ്രസാധനത്തിന്റെ പ്രായോഗികപാഠം ലക്ഷ്യം വയ്ക്കുന്നതുമാണ്. കൃതികളുടെ പുറന്താൾ കുറിപ്പിനെ ഭാഷാവ്യവഹാരരൂപമെന്ന നിലയിൽ ആദ്യമായി പരിചയപ്പെടുത്തുന്നത് മലയാളം സർവ്വകലാശാലയായിരിക്കും. വിശദപഠനത്തിന് കൃതികൾ ഇല്ല. റഫറൻസിന് 6 കൃതികളും 4 വെബ്സൈറ്റുകളും നല്കിയിട്ടുണ്ട് (പട്ടിക, 31: 23, 24).

9.4.3. സംസ്കാരപഠനം

കാലടി സർവ്വകലാശാലയിൽ (2003) സമകാലിക സംസ്കാരപഠനം എന്ന ഐച്ഛിക വിഷയത്തിൽ സംസ്കാരം: നിർവചനങ്ങൾ, സിദ്ധാന്തങ്ങൾ, ഇതര സാമൂഹികശാസ്ത്രവിഷയങ്ങൾ, സൗന്ദര്യശാസ്ത്രം, സംസ്കാരവും രാഷ്ട്രീയവും, ജനാധിപത്യത്തിന്റെ ആവിഷ്കാരങ്ങൾ, മേഖലകൾ, ജനകീയ, ജനപ്രിയസംസ്കാരം, നവീന സംസ്കാരപഠനത്തിന്റെ ചരിത്രപരിണാമങ്ങൾ, വിവിധ മാതൃകകൾ, കേരളീയ സംസ്കാരപഠന മാതൃകകൾ എന്നിവയാണ് പ്രധാന പാഠ്യവസ്തുവായി ഉൾപ്പെടുത്തിയിരിക്കുന്നത്. സാഹിത്യവും സംസ്കാരപഠനവും എന്ന രണ്ടാമത്തെ പേപ്പർ മലയാളസാഹിത്യത്തിന്റെ സംസ്കാരികവിമർശനം എന്ന ലക്ഷ്യത്തോടെ സംവിധാനം ചെയ്തിട്ടുള്ളതാണ്. ഒന്നാം പേപ്പറിൽ പഠിച്ച സിദ്ധാന്തങ്ങളും രീതിശാസ്ത്രവും പ്രയോഗിച്ചു നോക്കാനുള്ള അവസരം ഒരുക്കുക എന്ന ഉദ്ദേശ്യത്തോടെ നാല് യൂണിറ്റുകളായി 34 സാഹിത്യരചനകളാണ് പാഠ്യവസ്തുവായി ഉൾപ്പെടുത്തിയിരിക്കുന്നത്.

സ്വയംപഠനം, ഗവേഷണം, അപഗ്രഥനം, മൂല്യനിർണ്ണയം എന്നിങ്ങനെ ഉയർന്ന ചിന്താപ്രക്രിയകൾക്ക് അവസരമൊരുക്കുന്ന അപൂർവ്വം പേപ്പറുകളിൽ ഒന്നായി ഇതും മാറുന്നു. അറിവിന്റെ പ്രയോഗം ഉറപ്പുവരുത്താൻ കഴിയുന്നുവെന്നതാണ് ഈ പേപ്പറിന്റെ സവിശേഷത. മാധ്യമങ്ങളും സംസ്കാര പഠനവും എന്ന മൂന്നാമത്തെ കോഴ്സിൽ മാധ്യമങ്ങളുടെ സവിശേഷ സ്വഭാവങ്ങൾ, സംസ്കാരശൃംഖല, സംസ്കാരവ്യവസായം, പ്രതിനിധാനം, ഇടം, ബഹുജന സമ്പർക്ക മാധ്യമങ്ങൾ, കേരളീയസാഹചര്യം, സംസ്കാരമലിനീകരണം, പരസ്യം, അച്ചടി മാധ്യമം, യൂറോകേന്ദ്രീകൃത വാർത്താവിനിമയ - അച്ചടി - വൈവിധ്യം, അധികാരം, മലയാളഭാഷയും സാഹിത്യവും, ഇലക്ട്രോണിക് മാധ്യമങ്ങൾ, പ്രകടനസിദ്ധാന്തങ്ങൾ, നാടോടിക്കലകൾ, ദൃശ്യമാധ്യമങ്ങളിലെ ഭാഷയും സാഹിത്യവും എന്നിവയാണ് പാഠ്യവസ്തുക്കൾ. ചിഹ്നവിജ്ഞാനവും ജനകീയ/ജനപ്രിയസംസ്കാരങ്ങളും എന്നതാണ് നാലാമത്തെ പേപ്പർ. ഒന്നാമത്തേതിൽ ചിഹ്നവിജ്ഞാനവും അതുമായി ബന്ധപ്പെട്ട സിദ്ധാന്തങ്ങളുമാണ്. അതിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രോണിക് മാധ്യമങ്ങളിലെ വ്യവഹാരങ്ങളെയും സിനിമ, അച്ചടിമാധ്യമങ്ങൾ, പുസ്തകങ്ങൾ എന്നിവയിലെ ഉള്ളടക്കത്തെയും ചിഹ്നവിജ്ഞാനീയമായും സാംസ്കാരികമായും വിശകലനം ചെയ്യുകയാണ് ഈ പേപ്പർ. 30 പുസ്തകങ്ങളുടെ റഫറൻസ് ലിസ്റ്റും നല്കിയിട്ടുണ്ട്.

കേരളത്തിന്റെ സാംസ്കാരികപരിണാമചരിത്രവുമായി ബന്ധിപ്പിച്ചു മലയാളത്തിലെ ഭക്തി സാഹിത്യം പുനരവലോകനം ചെയ്യുന്ന പേപ്പറാണ് മലയാളത്തിലെ ഭക്തിസാഹിത്യം-സാംസ്കാരികപഠനം എന്നത്. നാടോടിപ്പാട്ട്, ജൂത-മാപ്പിള പാട്ടുകൾ എന്നിങ്ങനെ ഭക്തിയുടെ അഹൈന്ദവമായ ധാരകളെയും ഈ പേപ്പർ അടയാളപ്പെടുത്തുന്നുവെന്നത് ശ്രദ്ധേയമായ ദിശാമാറ്റമാണ്. മാതൃമല്ല പദ്യത്തിന്റെ പരമ്പരാഗത മാർഗ്ഗത്തിൽ നിന്ന് വ്യതിചലിച്ച് ബഷീർ, സക്കറിയ, വിജയൻ തുടങ്ങിയവരുടെ രചനകളെ മുൻനിർത്തി ഗദ്യസാഹിത്യത്തിലെ ഭക്തിയെയും ഈ പേപ്പർ വിശകലനം ചെയ്യുന്നു. സ്ഥലം, കാലം, സംസ്കാരം, സാഹിത്യം എന്നിവയുടെ പരസ്പരബന്ധവും സ്വാധീനങ്ങളും അവയിൽ നിന്നുണ്ടാകുന്ന സാഹിതീയവും സാംസ്കാരികവുമായ അനുഭവങ്ങളും കേരളത്തിന്റെ സവിശേഷസാഹചര്യത്തിൽ പഠനവിധേയമാക്കുക എന്ന ഉദ്ദേശ്യത്തോടെ തയ്യാറാക്കിയതാണ് സംസ്കാരവും സാഹിത്യവും എന്ന ഐച്ഛിക പേപ്പർ. ദുരവസ്ഥ, മൃത്യുപൂജ അതല്ലെങ്കിൽ ഇന്ദുലേഖ, കടൽത്തീരത്ത് എന്നീ രണ്ടു കൃതികളെ അടിസ്ഥാനമാക്കി കേരളത്തിലെ സാംസ്കാരികപരിണാമവും സാഹിത്യവും എന്ന വിഷയത്തിൽ 25 പുറത്തിൽ പ്രബന്ധം തയ്യാറാക്കാനുള്ള പ്രായോഗിക പഠനവും ഈ പേപ്പർ ഉള്ളടങ്ങുന്നു.

ജനപ്രിയ സംസ്കാരം, ചരിത്രം, പ്രത്യയശാസ്ത്രം, ജനപ്രിയതയുടെ സാംസ്കാരികസ്വഭാവങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ മുട്ടത്തുവർക്കിയുടെ നോവലുകൾ പഠിക്കുന്നതിന് തയ്യാറാക്കിയ പേപ്പറാണ് 'ജനപ്രിയമലയാള നോവൽ' എന്നത്. സംസ്കാരപഠനത്തിലെ സിദ്ധാന്തങ്ങളുടെയും സംസ്കാര പരികല്പനയിലെ അർത്ഥപരിണാമങ്ങളുടെയും

അടിസ്ഥാനത്തിൽ തെയ്യത്തെ വിശകലനം ചെയ്യുന്ന പേപ്പറാണ് സംസ്കാരപഠനവും തെയ്യവും എന്നത്. കതിവന്നൂർ വീരൻ, പൊട്ടൻ, കാടാംകോട്ട് മാക്കം എന്നീ മൂന്നു തോറ്റങ്ങൾ വിശദപഠനത്തിന് നിർദ്ദേശിച്ചിരിക്കുന്ന ഈ പേപ്പറിൽ ഫീൽഡ് വർക്കും സെമിനാറും ഉൾപ്പെടുന്നു. അറിവിന്റെ സ്വാംശീകരണം, അപഗ്രഥനം, പ്രയോഗം എന്നിങ്ങനെ ഉയർന്ന ശേഷികൾക്ക് ഈ പേപ്പർ അവസരം ഒരുക്കുന്നു.

2009-ൽ സംസ്കാരസിദ്ധാന്തങ്ങൾ എന്ന പുതിയൊരു പേപ്പർ തുടങ്ങുന്നുണ്ട് കാലടിയിൽ. മാർക്സിസ്റ്റ് മനോവിശകലന സമീപനങ്ങൾ, സ്ത്രീവാദം, കോളനിയനന്തരവാദം, കീഴാള ദളിത് സമീപനം, പരിസ്ഥിതിവാദം എന്നിവയാണ് ഈ പേപ്പർ ഉള്ളടങ്ങുന്നത്. 15 പുസ്തകങ്ങളുടെ റഫറൻസും നല്കിയിരിക്കുന്നു.

ചലച്ചിത്രഗാനസംസ്കാരപഠനം എന്ന പേപ്പറും ഇതേവർഷം ആവിഷ്കരിച്ച ഐച്ഛിക പേപ്പറാണ്. ഇന്ത്യൻ, മലയാള ചലച്ചിത്രഗാനചരിത്രവും സാങ്കേതിക വളർച്ച, സവർണ്ണ കാല്പനികത, പാശ്ചാത്യസ്വാധിനം, ദൃശ്യമാധ്യമസ്വാധീനം എന്നിവ പാഠ്യവസ്തുവായും തെരഞ്ഞെടുത്ത 18 മലയാള ചലച്ചിത്രഗാനങ്ങൾ വിശദപഠനത്തിനായും നിർദ്ദേശിച്ചിട്ടുണ്ട്.

2014-ൽ ആവിഷ്കരിച്ച (കാലടി) ഐച്ഛികപേപ്പറാണ് സാഹിത്യവിമർശനവും സാംസ്കാരപഠനവും. മലയാള സാഹിത്യവിമർശനരംഗത്തെ പ്രധാന വഴിത്തിരിവായ സാഹിത്യവിമർശന സംസ്കാരത്തെ മുൻനിർത്തി തയ്യാറാക്കിയതാണ് ഈ പേപ്പർ. മലയാളസാഹിത്യകൃതികളുടെ പുനർവായനയും അതിന്റെ രാഷ്ട്രീയവും ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കം വരെയുള്ള മലയാളസാഹിത്യസംസ്കാരത്തിന്റെ പുനർവായന, ആധുനികതാവാദസാഹിത്യങ്ങളുടെ സാംസ്കാരികവിശകലനം, ജനപ്രിയഭാവുകത്വത്തിന്റെ സാംസ്കാരികരാഷ്ട്രീയം, ജനപ്രിയസാഹിത്യപഠനത്തിന്റെ അക്കാദമികരീതികൾ, ആഗോളീകരണം, സ്വത്വരാഷ്ട്രീയം, സാഹിത്യചരിത്ര മണ്ഡലത്തിലെ ഇടപെടലുകൾ എന്നിവയാണ് പ്രധാന പാഠ്യവസ്തുക്കൾ. 12 രചനകൾ വിശദപഠനത്തിനും 24 കൃതികൾ റഫറൻസായും നല്കിയിരിക്കുന്നു (പട്ടിക, 32: 1-25).

9.4.4. മലയാളസാഹിത്യവിമർശനം

കാലടി സർവ്വകലാശാലയുടെ 2003-ലെ പാഠ്യപദ്ധതിയിൽ മലയാളവിമർശന ചരിത്രം പൂർവധാരകൾ, ദ്രാവിഡസൗന്ദര്യശാസ്ത്രം, പാശ്ചാത്യതയും മലയാളവിമർശനവും, നവോത്ഥാനസങ്കല്പങ്ങൾ, പത്രങ്ങൾ, ആദ്യകാലവിമർശകർ, ദിശാവ്യതിയാനം, സംവാദങ്ങൾ നവോത്ഥാനം തുടർച്ച എം.എൻ. വിജയൻ വരെ. ആധുനിക മലയാളവിമർശനം-രാഷ്ട്രീയവത്കരണം, ആധുനികോത്തരത എന്നിവയാണ് പ്രധാനപാഠ്യവസ്തുക്കൾ, ഉദ്ദേശ്യാധിഷ്ഠിതമല്ല. 51 പുസ്തകങ്ങൾ റഫറൻസായും നല്കിയിരിക്കുന്നു (പട്ടിക, 34: 1-51). 18 രചനകൾ വിശദപഠനത്തിനും നല്കിയിട്ടുണ്ട് (പട്ടിക, 33: 1-18).

2014-ലാണ് ഈ പേപ്പർ ഉദ്ദേശ്യാധിഷ്ഠിതമാകുന്നത്. ആധുനിക സാഹിത്യവിമർശന ത്തിന്റെ രൂപീകരണവും വികാസപരിണാമങ്ങളും സൈദ്ധാന്തികവും പ്രായോഗികവുമായ തലങ്ങളിൽ മനസ്സിലാക്കുക എന്നതാണ് ഉദ്ദേശ്യം.

9.4.5. വിവർത്തനപഠനം

തർജ്ജമ -ചരിത്രവും സിദ്ധാന്തങ്ങളും എന്ന ഐച്ഛിക പേപ്പറിൽ നിർവചനങ്ങൾ, വിവിധതരം തർജ്ജമകൾ, തർജ്ജമ പഠനം- പഠനമേഖലകൾ, തർജ്ജമയുടെ പ്രാധാന്യം, സാദ്ധ്യതകൾ, സിദ്ധാന്തങ്ങൾ, വിവർത്തനത്തിലെ പ്രശ്നങ്ങൾ, പാഠഭാഷാശാസ്ത്രം, വ്യവഹാരം, തർജ്ജമയുടെ സാഹിത്യവും രാഷ്ട്രീയവും, തർജ്ജമയുടെ മൂല്യനിർണയനം, മലയാളതർജ്ജമ ചരിത്രം, പുനരാഖ്യാനങ്ങൾ, ശാസ്ത്രം, ചരിത്രം, സമകാലിക തർജ്ജമകൾ, മലയാളത്തിൽ നിന്ന് മറ്റ ഭാഷകളിലേക്കുള്ളവ എന്നിവയാണ് പ്രധാന പാഠ്യവസ്തുക്കൾ. തർജ്ജമ സാഹിത്യം എന്ന രണ്ടാമത്തെ പേപ്പറിൽ സംസ്കൃതത്തിൽ നിന്നും ഇംഗ്ലീഷിൽ നിന്നും ഭാരതീയഭാഷകളിൽ നിന്നും വൈദേശികഭാഷകളിൽ നിന്നുമുള്ള സാഹിത്യകൃ തികളുടെ വിശദപഠനമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. തർജ്ജമയും മാധ്യമങ്ങളും എന്ന മൂന്നാമത്തെ കോഴ്സിൽ തർജ്ജമ മാധ്യമീകരണം (mediatization), പത്രം, റിപ്പോർട്ടുകൾ, കൗതുകവാർത്തകൾ, അഭിമുഖം എന്നിങ്ങനെ വ്യത്യസ്ത വ്യവഹാരങ്ങളും വിവർത്തനവും പത്രം, ടി.വി, സിനിമ റേഡിയോ തുടങ്ങിയ മാധ്യമങ്ങൾക്കു വേണ്ടിയുള്ളതും വാണിജ്യ (പരസ്യം, വിജ്ഞാപനം etc.) സംബന്ധിയായതുമായ വിവർത്തനങ്ങളിലെ പ്രായോഗിക പരിചയവുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. രണ്ടാമത്തെ കോഴ്സിൽ മാത്രമാണ് വിശദ പഠനത്തിനുള്ള കൃതികൾ (പട്ടിക, 35: 1-21) ഉള്ളത്. മൂന്നു കോഴ്സിനും പൊതുവായി 24 കൃതികൾ റഫറൻസായും നല്കിയിരിക്കുന്നു (പട്ടിക, 36: 1-35). 2014-ൽ പഠനം ഉദ്ദേശ്യാ ധിഷ്ഠിതമാകുന്നു. പുതിയ തർജ്ജമ സിദ്ധാന്തങ്ങൾ പരിചയപ്പെടുകയും മലയാളത്തിലെ തർജ്ജമ സാഹിത്യം അവയുടെ അടിസ്ഥാനത്തിൽ സാമാന്യമായി പരിശോധിക്കുക, തർജ്ജമയെക്കുറിച്ചുള്ള ആധുനികാവബോധങ്ങളുടെ വെളിച്ചത്തിൽ മലയാളത്തിലേക്കും മലയാളത്തിൽ നിന്നു മറ്റുഭാഷകളിലേക്കുള്ള തർജ്ജമകളുടെ പഠനം എന്നിവയാണ് പഠനലക്ഷ്യങ്ങളായി നിർണ്ണയിച്ചിട്ടുള്ളത്.

9.4.6. സ്ത്രീവാദപഠനം

സ്ത്രീരചനയുടെ സാംസ്കാരികഭ്രമിക (2003) എന്ന കാലടിയിലെ ഐച്ഛിക പേപ്പർ മലയാളത്തിലെ സ്ത്രീരചനയുടെ സാംസ്കാരികമായ വളർച്ചയെ അടയാളപ്പെടുത്താനാണ് ശ്രമിക്കുന്നത്. സ്ത്രീരചനകളിലെ സാമൂഹിക, രാഷ്ട്രീയ, ലിംഗപരിസരങ്ങൾ, സ്ത്രീരചന, സ്ത്രീപക്ഷരചന, പുരുഷരചനകളിലെ സ്ത്രീകൾ, സ്ത്രീപക്ഷം, സ്ത്രീലൈംഗികത, ഉല്പാദനവ്യ വസ്ഥയിലെ സ്ത്രീപങ്കാളിത്തങ്ങൾ, സ്ത്രീപ്രതിനിധാനങ്ങൾ എന്നിവയാണ് ഉള്ളടക്കം. 15 കൃതികൾ വിശദപഠനമായും (പട്ടിക, 37: 10-24) പത്തു കൃതികൾ സഹായകഗ്രന്ഥങ്ങ ളായും നല്കിയിരിക്കുന്നു (പട്ടിക, 38: 14-24).

ഫെമിനിസം എന്ന രണ്ടാമത്തെ പേപ്പർ ഉദ്ദേശ്യാധിഷ്ഠിതമാണ്. സാമൂഹ്യമുന്നേറ്റമെന്ന നിലയിൽ ഫെമിനിസത്തെ പരിചയപ്പെടുക, സൈദ്ധാന്തികപശ്ചാത്തലം, പുതിയ പ്രവണതകൾ എന്നിവയിൽ സാമാന്യമായ അറിവുണ്ടാക്കുക എന്നീ ഉദ്ദേശ്യങ്ങളോടൊപ്പം ഫെമിനിസത്തെ മൂല്യബോധമായി സ്വാംശീകരിക്കുക എന്നത് പ്രധാനലക്ഷ്യമായി നിശ്ചയിച്ചിരിക്കുന്നു. വിദ്യാർത്ഥികളുടെ മനോഭാവരൂപീകരണം പ്രധാനലക്ഷ്യമായി വരുന്ന അപൂർവ്വം പേപ്പറുകളിലൊന്നാണിത്. ഫെമിനിസം - ചരിത്രം (സമരങ്ങളും സൈദ്ധാന്തികസമീപനങ്ങളും) ലിംഗഭേദം-ലിംഗപദവി. സ്ഥാപനങ്ങളെക്കുറിച്ചുള്ള വീക്ഷണങ്ങൾ (മതം, ഭരണകൂടം, കുടുംബം, മാതൃത്വം) ഫെമിനിസങ്ങൾ എന്ന ആശയം ഇതര വൈജ്ഞാനികമേഖലകളുമായുള്ള ബന്ധം, കല, സിനിമ, ചരിത്രം, മതം, ശാസ്ത്രം, ഇന്ത്യൻ പശ്ചാത്തലം, കേരളത്തിലെ സ്ത്രീമുന്നേറ്റങ്ങൾ, സംഘടനകൾ, ഫെമിനിസ്റ്റ് ഇടപെടലുകൾ എന്നിവയാണ് പാഠ്യവസ്തുക്കൾ. 9 കൃതികൾ വിശദപഠനത്തിനും (പട്ടിക, 37: 1-9), 13 കൃതികൾ റഫറൻസായും നല്കിയിട്ടുണ്ട്. (പട്ടിക, 38: 1-13)

2009-ൽ സ്ത്രീവാദസിദ്ധാന്തം എന്ന മൂന്നാമതൊരു ഐച്ഛിക പേപ്പർ കൂടി കാലടി സംസ്കൃത സർവ്വകലാശാല ആവിഷ്കരിക്കുന്നു. പതിനേഴാം നൂറ്റാണ്ടു മുതലുള്ള സ്ത്രീവാദ ചിന്തകരെയും ചിന്തകളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പേപ്പറാണിത്. പെണ്ണെഴുത്ത് എന്ന ആശയം, ആദ്യകാല ഫെമിനിസ്റ്റ് ചിന്തകളുടെ വിമർശനം, മൂന്നാംലോക ഫെമിനിസം, ഫെമിനിസത്തിലെ പാശ്ചാത്യകേന്ദ്രിത സിദ്ധാന്തങ്ങളുടെ വിമർശനം എന്നിവയെല്ലാമാണ് പ്രധാനപാഠ്യവസ്തുക്കൾ. 2014ൽ സ്ത്രീരചനയുടെ സാംസ്കാരികഭൂമിക, ഫെമിനിസം എന്നീ ആദ്യകാല പേപ്പറുകൾ ഉപേക്ഷിക്കുകയും സ്ത്രീവാദസാഹിത്യവിമർശനം, മലയാളത്തിലെ പെൺകവിതകൾ, പാഠവും പൊരുളും എന്നിങ്ങനെ പുതിയ രണ്ടു പേപ്പറുകൾ ആവിഷ്കരിക്കുകയും ചെയ്യുന്നു. പെൺസത്തയുടെ നിർവചനങ്ങളിലൂടെ പെൺസർഗ്ഗാത്മകതയുടെ അടയാളപ്പെടുത്തൽ എങ്ങനെയെന്ന് ബോദ്ധ്യപ്പെടുത്തലാണ് പെൺകവിതകളെ സംബന്ധിച്ച പേപ്പർ ലക്ഷ്യമിടുന്നത്. ആദ്യ യൂണിറ്റിൽ പെൺരചനയുടെ സൈദ്ധാന്തികതലം അഥവാ രൂപ, ഭാവ, ഘടനകളാണ്. തുടർന്ന് താരാട്ടുപാട്ടു മുതൽ അനിതാതമ്പി വരെയുള്ളവരിൽ നിന്ന് പ്രാതിനിധ്യസ്വഭാവമുള്ള 12 രചനകൾ വിശദമായി പഠിക്കാൻ നിർദ്ദേശിക്കുന്നു. (പട്ടിക, 37: 29-40) സ്ത്രീവാദസാഹിത്യവിമർശനത്തെ സംബന്ധിച്ച ധാരണയുണ്ടാക്കാനാണ് 'സ്ത്രീവാദസാഹിത്യവിമർശനം'എന്ന പേപ്പർ കൊണ്ടുദ്ദേശിക്കുന്നത്. സ്ത്രീവാദസാഹിത്യവിമർശനത്തിന്റെ അടിസ്ഥാനപാഠങ്ങളും മലയാളമാതൃകകളും പരിചയപ്പെടുത്താനും ഉദ്ദേശിക്കുന്നു. ആധുനികസ്ത്രീവാദത്തിന്റെ ഉദയം, സ്ത്രീവാദത്തിലെ വിവിധധാരകൾ, സ്ത്രീവാദവിമർശനം, ആണത്തപഠനങ്ങൾ, ഇന്ത്യൻപരിസരം, കേരളപരിസരം എന്നിവയാണ് പ്രധാന പാഠ്യവസ്തുക്കൾ. 9 കൃതികൾ വിശദപഠനത്തിനും 25 കൃതികൾ റഫറൻസിനും നല്കിയിരിക്കുന്നു.

9.4.7. നാടകപഠനം

ലോക നാടകവേദി എന്ന കാലടി സർവ്വകലാശാലയുടെ ഐച്ഛിക കോഴ്സിൽ (2003) ഗ്രീക്ക്, വിക്ടോറിയൻ, ഏഷ്യൻ (ജപ്പാൻ, ചൈന) ഇന്ത്യൻ നാട്യശാസ്ത്രം, അരങ്ങ്, അഭിനയം, സ്റ്റാനിസ്ലാവ്സ്കി, ഗോത്രോവ്സ്കി, ദരിദ്രനാടകവേദി, തിയേറ്റർ ഓഫ് ക്രൂവൽറ്റി, എപിക് തിയേറ്റർ, അസംബന്ധനാടകവേദി, ഫോറം തിയേറ്റർ, മർദ്ദിത നാടകവേദി, അപകോളനീകരണം, സ്ത്രീനാടകവേദി എന്നിവയാണ് പ്രധാന പാഠ്യവസ്തുക്കൾ. മൂന്നു രചനകൾ പാഠപുസ്തകമായും ആറു പുസ്തകങ്ങൾ സഹായകഗ്രന്ഥമായും നല്കിയിരിക്കുന്നു(പട്ടിക, 39: 1-3), (പട്ടിക, 40: 1-6). മലയാളനാടകവേദി എന്ന രണ്ടാമത്തെ കോഴ്സിൽ നാടോടി നാടകവേദി, ക്ലാസിക്കൽ നാടകവേദി, കഥകളി, നവോത്ഥാനം, സംഗീതനാടകവേദി, സ്ത്രീപക്ഷ നാടകങ്ങൾ, പ്രൊഫഷണൽ നാടകവേദി, ജനപ്രിയ നാടകവേദി എന്നിവയാണ് പ്രധാന പാഠ്യവസ്തുക്കൾ. റഫറൻസ് നല്കിയിട്ടില്ല. വിശദ പഠനത്തിന് 4 നാടകങ്ങൾ (പട്ടിക, 39: 4-7) നിർദ്ദേശിച്ചിട്ടുണ്ട്. ഇന്ത്യൻ നാടകവേദി എന്ന മൂന്നാമത്തെ പേപ്പറിൽ നാട്യശാസ്ത്രം, സംസ്കൃതനാടകങ്ങൾ, ആധുനിക ഇന്ത്യൻ നാടകവേദി എന്നിവയാണ് പാഠ്യവസ്തുക്കൾ. രണ്ടു നാടകങ്ങൾ വിശദപഠനത്തിനുണ്ട് (പട്ടിക, 39: 8, 9) റഫറൻസിൽ 11 കൃതികളും നല്കിയിട്ടുണ്ട്. (പട്ടിക, 40: 7-17). 2014-ലെ പാഠ്യപദ്ധതിയിലാണ് കോഴ്സുകൾ ഉദ്ദേശ്യാധിഷ്ഠിതമാവുന്നത്. പ്രാചീന, മധ്യകാല, ആധുനിക ലോകനാടകവേദിയെയും സാഹിത്യത്തെയും സാമാന്യമായി പരിചയപ്പെടുക, വ്യത്യസ്തമായ അവതരണ സമ്പ്രദായങ്ങളുള്ള മലയാള നാടകവേദിയുടെ വികാസപരിണാമങ്ങൾ തിരിച്ചറിയുക, അരങ്ങിന്റെയും, സാഹിത്യത്തിന്റെയും പാരസ്പര്യവും വൈവിധ്യവും മനസ്സിലാക്കുക എന്നിവയാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ. 2014ൽ ഇന്ത്യൻ നാടകവേദിയെന്ന പേപ്പർ ഉപേക്ഷിക്കുന്നുമുണ്ട്.

9.4.8. ഫോക്‌ലോർ പഠനം

2003-ലെ കാലടി സർവ്വകലാശാലയുടെ ഫോക്‌ലോർ: ചരിത്രവും സിദ്ധാന്തവും എന്ന പേപ്പറിൽ ഫോക്‌ലോർ നിർവചനങ്ങൾ, ധർമ്മം, സ്വഭാവം, സമീപനങ്ങളും പഠനതത്വങ്ങളും വിവിധ വിശകലനരീതികളും സൈദ്ധാന്തികരും വികാസചരിത്രം, കേരളത്തിലെ നാടോടിവിജ്ഞാന പഠനചരിത്രം, ഘട്ടവിഭജനം എന്നിവയാണ് പാഠ്യവസ്തുക്കൾ. 24 കൃതികൾ റഫറൻസായും നല്കിയിരിക്കുന്നു. ഫോക്‌ലോർ പഠനമേഖലകൾ എന്ന രണ്ടാമത്തെ പേപ്പർ ഫോക്‌ലോർ വർഗ്ഗീകരണങ്ങളും വാങ്മയസംസ്കാരവും ഭൗതിക സാമൂഹികസംസ്കാരങ്ങളും ആണ് ചർച്ച ചെയ്യുന്നത്. നാടൻസാഹിത്യം എന്ന മൂന്നാമത്തെ പേപ്പർ നാടൻസാഹിത്യം, സ്വഭാവസവിശേഷതകൾ, പഴഞ്ചൊല്ലുകൾ, പുരാവൃത്തം, ഐതിഹ്യം, നാടൻ പാട്ടുകൾ, തെക്കൻ പാട്ടുകൾ എന്നിവ വിശകലനം ചെയ്യുന്നു. 28 പുസ്തകങ്ങൾ റഫറൻസായും മൂന്നു രചനകൾ വിശദപഠനത്തിനും നല്കിയിരിക്കുന്നു.

പ്രയോഗപരിചയത്തിന് ഊന്നൽ നല്കിക്കൊണ്ടുള്ളതാണ് നാലാമത്തെ പേപ്പർ പഠനപദ്ധതികളുടെ സഹായത്തോടെ വ്യത്യസ്തങ്ങളായ ഫോക്‌ലോർ ഇനങ്ങളെ ശാസ്ത്രീയമായി അപഗ്രഥിച്ച് പഠിക്കാനുള്ള പരിചയം നേടൽ പ്രധാന ഉദ്ദേശ്യലക്ഷ്യമായി നിശ്ചയിച്ചിരിക്കുന്നു. ഫോക്‌ലോർ പരിധിയിൽപ്പെട്ട ഒരു വിഷയം തെരഞ്ഞെടുത്ത് ഫീൽഡ് വർക്കിലൂടെ രേഖപ്പെടുത്തി, രീതിശാസ്ത്ര പദ്ധതികളനുസരിച്ച് അപഗ്രഥിച്ച് 60 പേജിൽ കുറയാത്ത ഒരു പ്രബന്ധം തയ്യാറാക്കി സമർപ്പിക്കൽ ആണ് കോഴ്സ്. വിവര വിനിമയം എന്നതിനപ്പുറം വികസിക്കുന്ന നൈപുണിയും വൈദഗ്ധ്യവും പഠനലക്ഷ്യമായി വരുന്ന അർത്ഥപൂർണ്ണമായ പഠനം ഉറപ്പു വരുത്തുന്ന അപൂർവം പേപ്പറുകളിലൊന്നാണിത്. ഗവേഷണാത്മക പഠനമെന്ന നിലയിലും ഉയർന്ന നിലവാരം പുലർത്തുന്ന വ്യത്യസ്തവും ശ്രദ്ധേയവുമായ പേപ്പറാണിത്. 2014-ൽ കോഴ്സുകൾ ഉദ്ദേശ്യാധിഷ്ഠിതമാകുന്നു. ഫോക്‌ലോർ പഠനത്തിൽ അഭിരുചിയുണ്ടാക്കുക, ഫോക്‌ലോർ പഠനത്തിന്റെ വിവിധ മേഖലകൾ പരിചയപ്പെടുത്തുക, വരമൊഴി സാഹിത്യത്തിനു സമാന്തരമായി ഓരോ നാടിനും സ്വന്തമായി സാഹിത്യരൂപങ്ങളുണ്ടെന്നും അവ കാലാനുസാരിയായി മാറിക്കൊണ്ടിരിക്കുന്നതാണെന്നും ഗ്രഹിക്കുക എന്നിവയാണ് പഠനലക്ഷ്യങ്ങളായി നിർണ്ണയിച്ചിരിക്കുന്നത്. റഫറൻസിൽ 16 പുതിയ കൃതികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

എം.ജി സർവ്വകലാശാല 1989-ലെ പാഠ്യപദ്ധതിയിൽ ഓരോ വർഷവും മാറ്റിമാറ്റി നല്കണം എന്ന നിർദ്ദേശത്തോടെ മൂന്ന് ഐച്ഛികങ്ങളിൽ ഒന്നായി ആവിഷ്കരിച്ച നാടോടിവിജ്ഞാനീയം 1995ലാണ് നടപ്പിലായത്. നിർവചനങ്ങളിൽ തുടങ്ങി വ്യാപ്തി, ബന്ധപ്പെട്ട വിഷയങ്ങൾ, പഠനചരിത്രം എന്നിവ ഒന്നാം ഭാഗത്തും ഗദ്യകഥാകഥനങ്ങൾ, നാടൻപാട്ടുകൾ, നാടോടിവാങ്മയങ്ങൾ, നാടോടിക്കലകൾ, നാടോടിജീവിതം എന്നിവ രണ്ടാം ഭാഗത്തും ഉൾപ്പെടുത്തിയിരിക്കുന്നു. 100 പുസ്തകങ്ങളുടെ ഏറ്റവും വിപുലമായ റഫറൻസ് ലിസ്റ്റാണ് നല്കിയിരിക്കുന്നത്. മലയാള പാഠ്യപദ്ധതിയുടെ ചരിത്രത്തിൽ ഇതൊരു സർവ്വകാല റെക്കോർഡായിരിക്കണം. (പട്ടിക, 42: 195-265) 1995 മുതൽ 2012-ൽ സി.ബി.സി.എസ്.എസ്. നടപ്പാക്കുന്നതുവരെ നാടോടിവിജ്ഞാനീയം ഐച്ഛികമായി നിലനിന്നിരുന്നു. 2012-നുശേഷം എം.ജി. ഈ പേപ്പർ ഉപേക്ഷിക്കുന്നതാണ് കാണുന്നത്. എം.ജി.യിൽ നാടോടി വിജ്ഞാനീയത്തിന് പാഠ്യപദ്ധതിയുണ്ടാകുന്നതും പ്രയോഗത്തിൽ വരുത്തുന്നതും 1995-ലാണ്.

ഫോക്‌ലോറിന്റെ ഉൽപത്തിയും വികാസവും, ഫോക്‌ലോർ ഇനങ്ങൾ, ഫോക്‌ലോർ സിദ്ധാന്തങ്ങളും പഠനരീതികളും, കേരള ഫോക്‌ലോർ, ഫീൽഡ്‌വർക്കും ദത്തശേഖരണവും എന്നിവയാണ് പ്രധാന പാഠ്യമേഖലകൾ ആയി കാലിക്കറ്റ് സർവ്വകലാശാലയുടെ (1992) പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രായോഗികാനുഭവം കൂടി പാഠ്യപദ്ധതി ലക്ഷ്യമിടുന്നുവെന്നതാണ് ഈ പേപ്പറിന്റെ മുഖ്യസവിശേഷത. പത്തു വ്യത്യസ്ത ഫോക്‌ലോർ ഇനങ്ങൾ ശേഖരിച്ച് പൂർണ്ണ വിവരങ്ങൾ ചാർട്ടായി രേഖപ്പെടുത്താനാണ്

പാഠ്യപദ്ധതി നിർദ്ദേശിക്കുന്നത്. രേഖപ്പെടുത്തിയ ഉല്പന്നത്തിനു മേൽ വാചാപരീക്ഷയും (ബാഹ്യ പരീക്ഷ) അതു വഴി ലഭിക്കുന്ന മാർക്കുകൾ പേപ്പറിന്റെ മാർക്കിനോടു ചേർക്കുന്ന വിധത്തിൽ വ്യത്യസ്തമായാണ് ഈ പേപ്പർ സംവിധാനം ചെയ്തിരിക്കുന്നത്. ഓരോ ബ്ലോക്കിനും ആവശ്യമായ അധ്യയനസമയം കൂടി നിജപ്പെടുത്തി ആകെ 180 മണിക്കൂർ എന്ന് പാഠ്യപദ്ധതിയിൽ കൃത്യതപ്പെടുത്തിയിരിക്കുന്നു. 20 കൃതികൾ റഫറൻസിനായും നല്കിയിരിക്കുന്നു. 1997-ൽ ഫോക്‌ലോർ സിദ്ധാന്തങ്ങൾ എന്ന ബ്ലോക്കിനു പകരം ഫോക്‌ലോർ സങ്കേതങ്ങളും പുതിയ പ്രവണതകളും എന്ന ബ്ലോക്ക് ഉൾപ്പെടുത്തുന്നു. ഇന്ത്യൻ ഫോക്‌ലോർ പഠനത്തിന്റെ ഒരു യൂണിറ്റും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇരുപതോളം കൃതികൾ റഫറൻസിൽ കൂട്ടിച്ചേർത്തിട്ടുമുണ്ട്. 2001-ൽ ഫോക്‌ലോറും കേരളീയകലകളും എന്ന നിലയിൽ ഈ പേപ്പർ പരിഷ്കരിക്കപ്പെടുന്നുണ്ട്. 1997ലേക്കെത്തുമ്പോൾ ഫോക്‌ലോർ കോഴ്സിൽ പ്രായോഗിക പാഠങ്ങൾ നീക്കം ചെയ്ത് അനുഭവാധിഷ്ഠിതമായ പഠനത്തിനുള്ള അവസരം കുറയ്ക്കുന്നു. 2001-ലേക്കെത്തുമ്പോൾ സിദ്ധാന്തങ്ങളും ഫോക്‌ലോർ പഠനത്തിന്റെ ഇന്ത്യൻ കേരള സാഹചര്യങ്ങളും ഒഴിവാക്കി പേപ്പറിന്റെ തലക്കെട്ടിനനുസരിച്ച് കേരളീയ കലകൾക്ക് ഊന്നൽ കൊടുത്തിരിക്കുന്നു. 2001ൽ നോൺ സെമസ്റ്റർ വിഭാഗത്തിൽ (ഡിസ്റ്റൻസ് & പ്രൈവറ്റ് സ്റ്റഡി) 'ഫോക്‌ലോർ' പഠനം പ്രായോഗികാനുഭവത്തോടുകൂടി നിലനിർത്തിയിട്ടുണ്ട്. പക്ഷേ, ഉല്പന്നത്തെ വിലയിരുത്തുന്നതിനു പകരം പരീക്ഷയ്ക്ക് ആ യൂണിറ്റുമായി ബന്ധപ്പെടുത്തി ചില ചോദ്യങ്ങൾ ഉൾപ്പെടുത്തുന്ന രീതിയാണ് സ്വീകരിച്ചിരിക്കുന്നത്. 2008-ഓടെ നോൺ സെമസ്റ്ററിൽ നിന്നും ഈ കോഴ്സ് നീക്കം ചെയ്യുന്നു. 2010-ൽ കോർ പേപ്പറായി കോഴ്സിന്റെ പദവി ഉയർത്തുന്നു.

വാർഷിക പരീക്ഷാസംവിധാനത്തിൽ നിലനിന്നപ്പോൾ ഉണ്ടായിരുന്ന പാഠ്യവസ്തുക്കൾ വലിയ വ്യത്യാസമില്ലാതെ സെമസ്റ്ററിന്റെ പരിമിതസമയത്തേക്കും നിശ്ചയിച്ചതും 2010-ലും പാഠ്യപദ്ധതി ഉദ്ദേശ്യാധിഷ്ഠിതമാവുന്നില്ലെന്നതും പരിമിതിയാണ്. 30 കൃതികളുടെ റഫറൻസും നല്കിയിട്ടുണ്ട്. 2014-ൽ ആണ് ഈ കോഴ്സ് ഉദ്ദേശ്യാധിഷ്ഠിതമായി കാലിക്കറ്റ് അവതരിപ്പിക്കുന്നത്. രണ്ടു പേജ് ദൈർഘ്യം വരുന്ന ആമുഖത്തിന്റെ പശ്ചാത്താലത്തിൽ കോഴ്സിന്റെ ഉദ്ദേശ്യലക്ഷ്യത്തെ സുവ്യക്തമായി നിർവചിച്ച ഒരേയൊരു പാഠ്യപദ്ധതിയാണിത്. ഇതര ജ്ഞാനശാഖകളെ പഠിക്കുന്നതിലൂടെ ഭാഷയെയും സാഹിത്യത്തെയും കേരളീയസമൂഹത്തെയും ആഴത്തിൽ മനസ്സിലാക്കുക എന്ന ആത്യന്തിക ലക്ഷ്യത്തിലേക്ക് എത്തിച്ചേരാൻ കഴിയുന്ന വിധത്തിലാണ് എല്ലാ കോഴ്സുകളെയും 2014ൽ വിഭാവനം ചെയ്തിരിക്കുന്നത്. പാഠ്യപദ്ധതി നിർമ്മിതിയിൽ സ്വീകരിച്ചിരിക്കുന്ന ഈ അന്തർവൈജ്ഞാനിക സമീപനം ഇതിനെ ഇതരസർവ്വകലാശാലകളുടേതിൽ നിന്ന് വേറിട്ടതാക്കുന്നു. കേരളീയന്റെ പാരമ്പര്യബോധങ്ങൾ നിലീനമായ മലയാള സാഹിത്യത്തെയും അതനാവരണം ചെയ്യുന്ന പാരമ്പര്യ-ആധുനിക സംഘർഷങ്ങളെയും സ്വാംശീകരിക്കാൻ സഹായിക്കുന്ന ജ്ഞാനപദ്ധതി എന്ന നിലയിൽ ഫോക്‌ലോർ

കോഴ്സിനെയും സിദ്ധാന്തങ്ങളെയും പശ്ചാത്തലമാക്കി വച്ചാണ് ലക്ഷ്യങ്ങൾ നിർവചിച്ചിരിക്കുന്നത്.

ഫോക്‌ലോറിനെക്കുറിച്ചും ഫോക്‌ലോർ പഠനത്തെക്കുറിച്ചും സാമാന്യധാരണയുണ്ടാക്കുക, ഫോക്‌ലോർ ജനുസ്സുകളെക്കുറിച്ച് സാമാന്യമായും കേരളത്തിലെ ഫോക്‌ലോർ ജനുസ്സുകളെക്കുറിച്ച് സവിശേഷമായും മനസ്സിലാക്കുക, ഫോക്‌ലോറും സാഹിത്യവും തമ്മിലുള്ള പരസ്പരബന്ധത്തെക്കുറിച്ച് മലയാളസാഹിത്യത്തിന്റെയും കേരളത്തിന്റെയും പശ്ചാത്തലത്തിൽ അറിവു നേടുക എന്നിവയാണ് ഉദ്ദേശ്യങ്ങൾ. ഫോക്‌ലോറിന്റെ നിർവചനങ്ങളും സവിശേഷതകളും ഫോക്‌ലോറിന്റെ ജനുസ്സുകൾ, ഫോക്‌ലോറും സാഹിത്യവും എന്നിങ്ങനെ മൂന്നു വിഭാഗങ്ങളായിട്ടാണ് താത്ത്വികമായ അറിവുകൾ ക്രമീകരിച്ചിരിക്കുന്നത്. മൂന്നാം ഭാഗത്തിലാണ് (Orality to literacy) വാമൊഴിയിൽ നിന്ന് വരമൊഴിയിലേക്കും തിരിച്ചും ഉള്ള പ്രവണതകളെ രാമായണ, മഹാഭാരത കൃതികളെ മുൻനിർത്തിയും തിരിച്ചുള്ളത് തോറ്റംപാട്ടുകളെ (പൊട്ടൻതെയ്യം) മുൻനിർത്തിയും പഠനവിധേയമാക്കുന്നു. ഓരോ യൂണിറ്റിനും 5-8 വരെ കൃതികളുടെ റഫറൻസും നല്കിയിരിക്കുന്നു.

കണ്ണൂർ സർവ്വകലാശാല (2013) കോഴ്സിന്റെ ലക്ഷ്യമായി നിശ്ചയിച്ചിരിക്കുന്നത് ഫോക്‌ലോറിന്റെ സൈദ്ധാന്തികവും പ്രായോഗികവുമായ തലങ്ങളെക്കുറിച്ചുള്ള ജ്ഞാനമുണ്ടാക്കലാണ്. സർഗാത്മക സാഹിത്യരചനയിലെ ഫോക്‌ലോർ സ്വാധീനം പ്രാദേശിക ചരിത്ര രചനയിൽ ഫോക്‌ലോറിന്റെ പ്രസക്തി എന്നീ അന്വേഷണങ്ങളും അനുബന്ധ ലക്ഷ്യങ്ങളായി നിർദ്ദേശിച്ചിരിക്കുന്നു. എന്നാൽ ഫോക്‌ലോർ സിദ്ധാന്തങ്ങൾ, പ്രായോഗിക പഠാനുഭവങ്ങൾ, പ്രാദേശിക ചരിത്രരചന എന്നീ ലക്ഷ്യങ്ങളുടെ സാക്ഷാത്കാരത്തിനുള്ള പാഠ്യവസ്തുക്കളോ പഠനാനുഭവങ്ങളോ പാഠ്യപദ്ധതിയിലില്ല. അഥവാ പഠനവസ്തുക്കളും പാഠ്യപദ്ധതിയുടെ ലക്ഷ്യങ്ങളും തമ്മിൽ ബന്ധമില്ല. നിർവചനങ്ങൾ, ഇതരവിഷയങ്ങളുമായുള്ള ബന്ധം, നാടോടിസാഹിത്യം, നാടോടിജീവിതം, അർബൻ-ട്രൈബൽ മതസാമുദായിക ഫോക്‌ലോറുകൾ, സാഹിത്യത്തിലെ ഫോക്‌ലോർ സ്വാധീനം എന്നിവയാണ് പാഠ്യവസ്തുക്കൾ. 49 കൃതികൾ റഫറൻസായും 8 കൃതികൾ പാഠപുസ്തകമായും നല്കിയിരിക്കുന്നു. 2014-ൽ ഈ കോഴ്സ് കോർ പേപ്പറാക്കുന്നു. 2015-ൽ വീണ്ടും ഐച്ഛികമായി നിലനിർത്തുന്നു.

കേരളയിൽ 2003-ൽ നാലാം സെമസ്റ്ററിലെ 16-ാം പേപ്പറായി അഞ്ച് ഐച്ഛിക പേപ്പറിൽ ഒന്നായി നാടോടിവിജ്ഞാനീയം വരുന്നു. 92-97 കാലയളവിലെ കാലിക്കറ്റ് സർവ്വകലാശാലയുടെ ഉള്ളടക്കത്തെയും റഫറൻസിനെയുമാണ് കേരളസർവ്വകലാശാല പിന്തുടരുന്നത്. 2011 ലെത്തുമ്പോൾ ഇന്ത്യൻ ഫോക്‌ലോർ ഉപേക്ഷിച്ച് പാഠ്യപദ്ധതിയുടെ പഠനഭാരം കുറയ്ക്കുന്നു. ഫോക്‌ലോർ വിവരശേഖരണത്തിന്റെ പ്രായോഗികപാഠങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദ്ദേശ്യാധിഷ്ഠിതമല്ലാത്ത ഈ പാഠ്യപദ്ധതി ഇപ്പോഴും നിലനില്ക്കുന്നു. ഈ പേപ്പറുമായി ബന്ധപ്പെട്ട പാഠപുസ്തകങ്ങൾ പട്ടിക 41-ലും സഹായകഗ്രന്ഥങ്ങൾ പട്ടിക 42-ലും നല്കിയിരിക്കുന്നു.

കുറിപ്പുകൾ

1

പട്ടിക 27
പഠനത്തിനുള്ള ചലച്ചിത്രങ്ങൾ

വിശദപഠനത്തിന്			
ക്രമ നമ്പർ	ചലച്ചിത്രത്തിന്റെ പേരും സംവിധായകനും	വർഷം	സർവ്വകലാശാല
1.	Birth of a Nation (USA) David Griffith	2003	കാലടി
2.	Cabinet of Dr. Caligori Robertwein	2003	കാലടി
3.	Battership Potemkin (USSR) Sargei Eisenstein	2003	കാലടി
4.	Modern Times – Charlie Chaplin	2003	കാലടി
5.	Passion of Joan of Arc-Carl Drayer	2003	കാലടി
6.	Bicycle thieves – Vitorio Desica	2003	കാലടി
7.	Eight and a Half (8½)- Frederico Fellini	2003	കാലടി
8.	Breathless – Lean – Lue Godard	2003	കാലടി
9.	The seventh seal – Ingmor Bergman	2003	കാലടി
10.	Tokyo story – yasujiro ozu	2003	കാലടി
11.	Psycho-Alfred Hitchcock	2003	കാലടി
12.	Memories of under development Thomas Alea	2003	കാലടി
13.	The cyclist-Macmal Buff	2003	കാലടി
14.	Nine months – Matha mezaros	2003	കാലടി
15.	The Stalker – Andrei Tarkovsky	2003	കാലടി
16.`	Viridiana- Luis Bunuel	2003	lmeSn
അധികപഠനത്തിന്			
17.	Earth – Doochenko	2003	കാലടി
18.	The testment of Dr. Mabuse Fritz Lany	2003	കാലടി
19.	Red Desert – Michelangelo Antonion	2003	കാലടി
20.	Antonio Das Mortes – Glauber Rocha	2003	കാലടി
21.	Ashes and Diomonds – Andrej Wajda	2003	കാലടി
22.	Aguiree the wrath of God Werner Herzog	2003	കാലടി
23.	Red Pralur – Miklos Jancro	2003	കാലടി

24.	Knife in the water – Romanpolansky	2003	കാലടി
25.	Hiroshima monAmour – Alain Ranoiz	2003	കാലടി
വിശദപഠനത്തിനുള്ള ചിത്രങ്ങൾ			
26.	പഥേർ പാഞ്ചാലി - സത്യജിത്റായി	2003	കാലടി
27.	മേഘ്ഢാക്കാ ധാരേ - ഋത്വിക്ഘട്ടക്	2003	കാലടി
28.	ഭുവൻഷോം - മൃണാൾസെൻ	2003	കാലടി
29.	ഉസ്കീ റോട്ടി - മണികൗൾ	2003	കാലടി
30.	സംസ്കാര -പട്ടാഭിരാമറെഡ്ഡി	2003	കാലടി
31.	മായാദർപൺ - കുമാർ സാഹ്നി	2003	കാലടി
32.	തബരാന കഥെ - ഗിരീഷ് കാസറ വള്ളി	2003	കാലടി
33.	ഗരം ഹവാ - എം.എസ് സത്യു	2003	കാലടി
34.	ദോ ബീഗാ സെമീൻ - ബിമൽ റോയ്	2003	കാലടി
35.	അങ്കുർ - ശ്യാം ബെനഗൽ	2003	കാലടി
36.	ന്യൂസ് പേപ്പർ ബോയ് - പി. രാമദാസ്	2003	കാലടി
37.	ഓളവും തീരവും - പി.എൻ. മേനോൻ	2003	കാലടി
38.	സ്വയംവരം - അടൂർ ഗോപാലകൃഷ്ണൻ	2003	കാലടി
39.	ഉത്തരായണം - അരവിന്ദൻ	2003	കാലടി
40.	അതിഥി -കെ.പി കുമാരൻ	2003	കാലടി
41.	അമ്മ അറിയാൻ - ജോൺ എബ്രാഹം	2003	കാലടി
സാമാന്യ പഠനത്തിനുള്ള ചലച്ചിത്രങ്ങൾ			
42.	സത്യജിത്റായിയുടെ മറ്റു ചിത്രങ്ങൾ	2003	കാലടി
43.	നീലക്കുയിൽ - പി. ഭാസ്കരൻ	2003	കാലടി
44.	നിർമാല്യം - എം.ടി	2003	കാലടി
45.	കബനീനദി ചുവന്നപ്പോൾ - പി.എ ബക്കർ	2003	കാലടി
46.	പിറവി - ഷാജി എൻ. കരുൺ	2003	കാലടി
47.	അടൂർ ഗോപാലകൃഷ്ണൻ, അരവിന്ദൻ, ജോൺ എബ്രാഹം- എല്ലാ ചിത്രങ്ങളും	2003	കാലടി
48.	അർദ്ധസത്യ - ഗോവിന്ദ് നിഹലാനി	2003	കാലടി
വിശദപഠനം 2003 കാലടി			
49.	ചെമ്മീൻ - രാമുകാര്യാട്ട്	2003	കാലടി
50.	പുരുഷാർത്ഥംകെ.ആർ മോഹനൻ	2003	കാലടി

51.	മാറാട്ടം - അരവിന്ദൻ	2003	കാലടി
52.	നോക്കുകുത്തി-എം ഗോവിന്ദന്റെ കവിതയുടെ ചലച്ചിത്രാവിഷ്കാരം	2003	കാലടി
53.	നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി - തോപ്പിൽ ഭാസി		
54.	വിധേയൻ - അടൂർ		
55.	കാഞ്ചനസീത - അരവിന്ദൻ		
56.	ചിന്താവിഷ്ടയായ ശ്യാമള (വിശദപഠനം) - ശ്രീനിവാസൻ		
57.	ഓങ്കാര (ഹിന്ദി) - വിശാൽ ഭരദ്വാജ്		
58.	ദേവ് ഡി (ഹിന്ദി) - അനുരാഗ് കശ്യപ്		
59.	അകലെ - ശ്യാമപ്രസാദ്		
60.	പൊന്തൻമാട - ടി.വി. ചന്ദ്രൻ		
61.	വാൻഗോഗിന്റെ ചിത്രങ്ങളും വിനിയോഗവും		
62.	The Great Train Robery – Edwins Porte		
63.	അൻഷീൻ അൻഡാലു - ലൂയി ബിനുവൽ		
64.	ഫാൻടി - നാഗരാജ് മഞ്ജുളൈ		
65.	ഇരകൾ -കെ.ജി ജോർജ്ജ്		
66.	Seventh seal – Burgmen		
67.	ഭ്രതക്കണ്ണാടി - ലോഹിതദാസ്		
68.	ളുവാനത്തുമ്പികൾ - പി. പത്മരാജൻ		
69.	ഭ്രതക്കണ്ണാടി - ലോഹിതദാസ്		
70.	ളുവാനത്തുമ്പികൾ - പി. പത്മരാജൻ		

2

പട്ടിക 28
ചലച്ചിത്ര പഠനം - പാഠപുസ്തകങ്ങൾ

ക്രമ നമ്പർ	കൃതിയും കർത്താവും	വർഷം	സർവ്വകലാശാല
1	ചെമ്മീൻ - തകഴി	2003	കാലടി
2	ഇരിക്കപ്പിണ്ഡം - സി.വി ശ്രീരാമൻ	2003	കാലടി
3	മാറാട്ടം (നാടകം) കാവാലം	2003	കാലടി
4	നോക്കുകുത്തി (കവിത) എം ഗോവിന്ദൻ	2003	കാലടി
5	പഥേർ പാഞ്ചാലി (തിരക്കഥ) -സത്യജിത്റായ്	2003	കാലടി
6	സുവർണരേഖ - ഋതിക്ഘട്ടക്ക് (തിരക്കഥ)	2003	കാലടി

7	എലിപ്പത്തായം - അടൂർ (തിരക്കഥ)	2003	കാലടി
8	എസ്തപ്പാൻ - അരവിന്ദൻ (തിരക്കഥ)	2003	കാലടി
9	അതിഥി - കെ.പി കുമാരൻ (തിരക്കഥ)	2003	കാലടി
10.	ചെറിയാച്ചന്റെ ക്രൂരകൃത്യങ്ങൾ - ജോൺ എബ്രാഹം	2003	കാലടി
11	നിർമ്മാല്യം - എം.ടി (തിരക്കഥ)	2003	കാലടി
12	ഇരുട്ടിന്റെ ആത്മാവ് - കഥയും തിരക്കഥയും	2003	കേരള
13	നീലവെളിച്ചം - ബഷീർ	2003	കാലടി
14	ഭാർഗവീനിലയം - (തിരക്കഥ) ബഷീർ	2003	കാലടി
15	ആട്ടപ്രകാരവും ക്രമദീപികയും	2014	കാലിക്കറ്റ്
16	നളചരിതം - ഓട്ടൻതുള്ളൽ - കുഞ്ചൻനമ്പ്യാർ	2014	കാലിക്കറ്റ്
17	നളചരിതം ആട്ടക്കഥ - ഉണ്ണായി വാര്യർ	2014	കാലിക്കറ്റ്
18	ശാകുന്തളം - തിരുനെല്ലൂർ കരുണാകരൻ	2014	കാലിക്കറ്റ്
19	ലങ്കാലക്ഷ്മി-സി.എൻ ശ്രീകണ്ഠൻ നായർ	2014	കാലിക്കറ്റ്
20	ഇന്നലത്തെ മഴ - എൻ മോഹനൻ	2014	കാലിക്കറ്റ്
21	ഇനി ഞാനുറങ്ങട്ടെ- പി.കെ ബാലകൃഷ്ണൻ	2014	കാലിക്കറ്റ്
22	പെരുന്തച്ചൻ - ജി. ശങ്കരക്കുറുപ്പ്	2014	കാലിക്കറ്റ്
23	തച്ചന്റെ മകൻ - വൈലോപ്പിള്ളി	2014	കാലിക്കറ്റ്
24	തച്ചന്റെ മകൾ - വിജയലക്ഷ്മി	2014	കാലിക്കറ്റ്
25	പൂതപ്പാട്ട് -ഇടശ്ശേരി	2014	കാലിക്കറ്റ്
26	കുറ്റവും ശിക്ഷയും (ദസ്തയോവ്സ്കി) പ്രൊഫ. ഡി. തങ്കപ്പൻ നായർ	2014	കാലിക്കറ്റ്
27	മാലിഭാരതം -മാലി	2014	കാലിക്കറ്റ്
28	ഭാരതപര്യടനം - കുട്ടികൃഷ്ണ മാരാര്	2014	കാലിക്കറ്റ്
29	പെരുന്തച്ചൻ (തിരക്കഥ) എം.ടി.	2014	കാലിക്കറ്റ്
30	അപരൻ (തിരക്കഥ) പത്മരാജൻ	2014	കാലിക്കറ്റ്
31	കാക്കകൾ (ക്രോസ്, തിരക്കഥ)	2014	കാലിക്കറ്റ്
32	ഡ്രീംസ് (കുറസോവ)	2014	കാലിക്കറ്റ്
33	ഭ്രതക്കണ്ണാടി (തിരക്കഥ) ലോഹിതദാസ്	2016	മലയാളം
34	വാസ്തുഹാര - അരവിന്ദൻ (തിരക്കഥ)	2016	മലയാളം
35	ആയിരം പാദസരങ്ങൾ - (വയലാറിന്റെ ചലച്ചിത്ര ഗാനങ്ങൾക്ക് ഒ.എൻ.വി കുറുപ്പ് എഴുതിയ ആമുഖം)	2016	മലയാളം

3

പട്ടിക 29

ചലച്ചിത്ര പഠനം - സഹായക ഗ്രന്ഥങ്ങൾ സാമാന്യപഠനം

ക്രമ നമ്പർ	കൃതിയും കർത്താവും	വർഷം	സർവ്വ കലാ ശാല
1	നീലവെളിച്ചം - ബഷീർ	2003	കാലടി
2	ഓടയിൽ നിന്ന് - കേശവദേവ്	2003	കാലടി
3	അസുരവിത്ത് - എം.ടി	2003	കാലടി
4	നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി - തോപ്പിൽ ഭാസി	2003	കാലടി
5	ഭാസ്കരപട്ടേലരും എന്റെ ജീവിതവും - സക്കറിയ	2003	കാലടി
6	കാഞ്ചനസീത - സി.എൻ ശ്രീകണ്ഠൻ നായർ	2003	കാലടി
7	സത്യജിത് റായിയുടെ തിരക്കഥകൾ	2003	കാലടി
8	ഋത്വിക് ഘട്ടക്കിന്റെ തിരക്കഥകൾ	2003	കാലടി
9	ജോൺ എബ്രഹാമിന്റെ തിരക്കഥകൾ	2003	കാലടി
10	എം.ടിയുടെ തിരക്കഥകൾ	2003	കാലടി
11	ബാറ്റിൽഷിപ്പ് പോടെംകിൻ -ഐസൻസ്റ്റൈൻ	2003	കാലടി
12	അമ്മ - പുഡോവ്കിൻ	2003	കാലടി
13	ബൈസിക്കിൾ തീവ്സ്	2003	കാലടി
14	റാഷോമോൺ - കുറോസാവ	2003	കാലടി
15	കാട്ടുഞാവൽപ്പഴങ്ങൾ- ഇംഗ്മർ ബർഗ്മാൻ	2003	കാലടി
16	ലോകസിനിമ - വിജയകൃഷ്ണൻ	2003	കാലടി
17	മൊണ്ടാഷ് : പാഠവും പഠനവും - നീലൻ	2009	കാലടി
18	സത്യജിത്റേയുടെ പഥേർ - പാഞ്ചാലി കെ.വി രാമൻകുട്ടി	2009	കാലടി
19	മലയാളസിനിമയും സാഹിത്യവും - മധു ഇറവങ്കര	2009	കാലടി
20	കഥയും തിരക്കഥയും - ആർ.വി.എം. ദിവാകരൻ	2009	കാലടി
21	ഒഥെല്ലോ - ഷേക്സ്പിയർ	2009	കാലടി
22	ദേവദാസ് - ശരച്ചന്ദ്ര ചാറ്റർജി	2009	കാലടി
23	സ്റ്റഡിക മൃഗങ്ങൾ - കെ.എ. ഷാജി	2009	കാലടി
24	തിരക്കഥാരചന: കലയും സിദ്ധാന്തവും - ജോസ് കെ മാന്തവൽ	2009	കാലടി
25	The foundations of screen writing - Syed Field	2009	കാലടി
26	Teach yourself screen writing - Ray Frensham	2009	കാലടി

27	വിശ്വോത്തരതിരക്കഥകൾ - വിജയകൃഷ്ണൻ	2009	കാലടി
28	മലയാളതിരക്കഥ: വളർച്ചയും വർത്തമാനവും - ആർ.വി.എം ദിവാകരൻ	2009	കാലടി
29	കൊടിയേറ്റം (തിരക്കഥ) - അടൂർ	2009	കാലടി
30	ഒരു വടക്കൻ വീരഗാഥ (തിരക്കഥ) - എം.ടി	2009	കാലടി
31	നമ്മുടെ സിനിമ അവരുടെ സിനിമ - സത്യജിത്റായി	2009	കാലടി
32	സിനിമ: കളിയും കാര്യവും - നാദിർഷ	2009	കാലടി
33	മലയാളസിനിമ - സിനിക്	2009	കാലടി
34	മമ്മൂട്ടി : കഥയും വായനയും - സി.എസ് വെങ്കിടേശ്വരൻ	2009	കാലടി
35	കേരളീയതയും സിനിമയുടെ പരിചരണവും - ജി.പി രാമചന്ദ്രൻ	2009	കാലടി
36	എവൻ പുലിയാണ് കേട്ടാ: മമ്മൂട്ടിയും ആണത്തങ്ങളും -ജെനി റൊവീന	2009	കാലടി
37	തിരക്കഥ—സിനിമയുടെ ബ്ലൂപ്രിന്റ് - അരവിന്ദൻ വല്ലച്ചിറ	2014	കാലടി
38	ഒരു സിനിമ എങ്ങനെ ഉണ്ടാകുന്നു - കെ.കെ ചന്ദ്രൻ	2014	കാലടി
39	സിനിമയുടെ നീതിസാരം - പി.ജി. സദാനന്ദൻ	2014	കാലടി
40	ലോകസിനിമയുടെ ചരിത്രം - ചേലങ്ങാട്ട് ഗോപാലകൃഷ്ണൻ	2014	കാലടി
41	സിനിമ, വീഡിയോ ടെക്നിക് - ഡോ. മുരളീകൃഷ്ണ	2014	കാലടി
42	തിരക്കഥ: സിനിമയുടെ ദൃശ്യപ്രകാശം - ഡോ. ഡൊമിനിക്, ജെ. കാട്ടർ	2014	കാലടി
43	സിനിമയുടെ പാഠങ്ങൾ: വിശകലനവും വീക്ഷണവും - ജോസ്. കെ മാനുവൽ	2014	കാലടി
44	സിനിമയുടെ വ്യാകരണം - ടി ജിതേഷ്	2014	കാലടി
45	സിനിമയും പ്രത്യയശാസ്ത്രവും - വി.കെ ജോസഫ്	2014	കാലടി
46	ചലച്ചിത്രപഠനങ്ങൾ - പദ്മന രാമചന്ദ്രൻനായർ	2014	കാലടി
47	ആധുനികമാലയാള സിനിമ - കെ.പി രാമൻകുട്ടി	2014	കാലടി
48	തിരമലയാളത്തിന്റെ അവസ്ഥാന്തരങ്ങൾ - എൻ.പി സജീഷ്	2014	കാലടി
49	മലയാള സിനിമാപഠനങ്ങൾ - സി.എസ് വെങ്കിടേശ്വരൻ	2014	കാലടി
50	സിനിമയുടെ ലോകം - അടൂർ ഗോപാലകൃഷ്ണൻ	2003	കേരള
51	സിനിമയുടെ വഴിയിൽ - ഐ. ഷൺമുഖദാസ്	2003	കേരള
52	സഞ്ചാരിയുടെ വീട് - ഐ. ഷൺമുഖദാസ്	2003	കേരള
53	വഴിയിൽ മഞ്ഞു വീഴുന്നു - ഐ. ഷൺമുഖദാസ്	2003	കേരള
54	കഥയും തിരക്കഥയും - ഒ.സി. രാജ്മോഹൻ	2003	കേരള

55	ഇന്ത്യൻ സിനിമ - എം.എഫ്. തോമസ്	2016	മലയാളം
56	ചലച്ചിത്രത്തിന്റെ പൊരുൾ- വിജയകൃഷ്ണൻ	2003	കേരള
57	ചലച്ചിത്ര സമീക്ഷ - വിജയ കൃഷ്ണൻ	2003	കേരള
58	സിനിമയുടെ രാഷ്ട്രീയം- രവീന്ദ്രൻ	2003	കേരള
59	സത്യജിത്റേയുടെ ലോകം - വിജയകൃഷ്ണൻ	2003	കേരള
60	കാഴ്ചയുടെ അശാന്തി - രാജകൃഷ്ണൻ	2003	കേരള
61	ലോകസിനിമ - വിജയകൃഷ്ണൻ	2003	കേരള
62	സിനിമയെ കണ്ടെത്താൻ - എം.എഫ് തോമസ്	2003	കേരള
63	മലയാള സിനിമ അരനൂറ്റാണ്ട് - കെ. ജയകുമാർ (എഡിറ്റർ)	2003	കേരള
64	എം.ടി കല, കാലം, വ്യക്തി -കെജയകുമാർ(എഡിറ്റർ)	2003	കേരള
65	എം.ടി കഥയും പൊരുളും - എം.എം ബഷീർ (എഡി.)	2003	കേരള
66	മാധ്യമങ്ങളും മലയാള സാഹിത്യവും - കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്	2003	കേരള
67	എം.ടിയുടെ തിരക്കഥകൾ	2003	കേരള
68	എം.ടിയുടെ സർഗപ്രപഞ്ചം - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്	2003	കേരള
69	Sathyajith Ray Portrait of a Director – Maricseton	2003	കേരള
70	Novels in to Film – George Bluestone	2014	കാലിക്കറ്റ്
71	Double Exposure: Fiction in to Film – Boyum Joy Gould	2014	കാലിക്കറ്റ്
72	Film Language A Semintics of Cinema Christian Metz, Michael Taylor	2014	കാലിക്കറ്റ്
73	Literature and Film – Robet Richarson	2014	കാലിക്കറ്റ്
74	Filming Literature:The art of screen Adaptation – Neil sinyard	2014	കാലിക്കറ്റ്
75	Yuganta – The end of an epoch – Iravati carve	2014	കാലിക്കറ്റ്
76	ആട്ടക്കഥാസാഹിത്യം - അയ്മനം കൃഷ്ണകൈമൾ	2014	കാലിക്കറ്റ്
77	കാന്താരതാരകം - എ.ആർ	2014	കാലിക്കറ്റ്
78	ഇതിഹാസ പഠനങ്ങൾ - ഭാരതപര്യടനം - എം. തോമസ് മാത്യു	2014	കാലിക്കറ്റ്
79	നാട്യമണ്ഡപം - എം.പി ശങ്കുണ്ണി നായർ	2014	കാലിക്കറ്റ്
80	അനുകല്പനത്തിന്റെ ആട്ടപ്രകാരം - സുധാവാരിയർ	2014	കാലിക്കറ്റ്
81	രഘുവംശം—മധ്യകാല വ്യാഖ്യാന പഠനങ്ങൾ - ഡോ. മീര മർക്കോസ്	2014	കാലിക്കറ്റ്
82	ലോക സിനിമായാത്രകൾ - ജി.പി രാമചന്ദ്രൻ	2014	കാലിക്കറ്റ്
83	ചലച്ചിത്രത്തിന്റെ പൊരുൾ - ജോണി ഒ.കെ	2016	മലയാളം
84	മലയാളസിനിമ : ദേശം, ഭാഷ, സംസ്കാരം- ജി.പി രാമചന്ദ്രൻ	2016	മലയാളം

85	സിനിമയുടെ ആത്മാവ് - എം.എഫ് തോമസ്	2016	മലയാളം
86	ചലച്ചിത്രസ്വരൂപം - മണർകാട് മാത്യു	2016	മലയാളം
87	രാത്രിയും മൂടൽ മഞ്ഞും - ഒ.പി രാജദേവൻ	2016	മലയാളം
88	സിനിമയുടെ കൈയേറ്റങ്ങൾ - പി. ഗീത	2016	മലയാളം
89	തിരക്കഥയുടെ രീതിശാസ്ത്രം - ബിന്ദു കുമാർ	2016	മലയാളം
90	ചലച്ചിത്രപഠനങ്ങൾ -പദ്മന രാമചന്ദ്രൻ നായർ (എഡി.)	2016	മലയാളം
91	സിനിമാടാക്കീസ് - സി.എസ്. വെങ്കിടേശ്വരൻ	2016	മലയാളം
92	The major Film theories- Andrew Dudley	2016	മലയാളം
93	What is cinema – Andre Bazin	2016	മലയാളം
94	A History of Narrative Film – David cook	2016	മലയാളം
95	Contemporary film theory – Antony Easthope (Ed)	2016	മലയാളം
96	Question of Cinema – Stephen heeth	2016	മലയാളം
97	My years with Apu – Satyajith ray	2016	മലയാളം

പട്ടിക 30

സൈബർ മലയാളം - പാഠപുസ്തകങ്ങൾ

ക്രമ നമ്പർ	കൃതിയും കർത്താവും	വർഷം	സർവ്വകലാശാല
1	കമ്പ്യൂട്ടർ: പ്രയോഗവും പരിചയവും - ഡോ. അച്യുത് ശങ്കർ	2014	കാലടി
2	സൈബർ മലയാളം - സുനീത ടി.വി (മഹേഷ് മംഗലാട്ട്, സുനീത ടി.വി, മനോജ് പുതിയവിള, അശോക്കുമാർ, സോമനാഥൻ, ഹുസൈൻ എന്നിവരുടെ ലേഖനങ്ങൾ)	2014	കാലടി
3	വിവരസാങ്കേതിക വിദ്യ നിത്യജീവിതത്തിൽ - വി.കെ ആദർശ് (പി.പി രാമചന്ദ്രൻ, ടോം ജോ മങ്ങാട്, ഷിജു അലക്സ്, രാജ് നീട്ടിയത്ത് എന്നിവരുടെ ലേഖനങ്ങൾ)	2014	കാലടി
4	മലയാളത്തിൽ എങ്ങനെ ബ്ലോഗാം - പി.എം ബാബുരാജ്	2014	കാലടി
5	ആശയ വിനിമയത്തിന്റെ സൈബർ ലോകം - വി.കെ ആദർശ് (ഭാഷ നവീന പഠനവഴികൾ)	2014	കാലടി

പട്ടിക 31

സൈബർ മലയാളം - സഹായക ഗ്രന്ഥങ്ങളും വെബ്സൈറ്റുകളും

ക്രമ നമ്പർ	കൃതിയും കർത്താവും	വർഷം	സർവ്വകലാശാല
1	ഇൻഫർമേഷൻ ടെക്നോളജി - ഡോ. അച്യുത് ശങ്കർ എസ്. നായർ	2013	കണ്ണൂർ
2	ആ ലോകം മുതൽ ഈ ലോകം വരെ - ഡോ. ജെ. വി വിളനിലം	2013	കണ്ണൂർ
3	ഇന്റർനെറ്റും ഇൻഫർമേഷൻ വിപ്ലവവും - ഡോ. ബി ഇക്ബാൽ, കെ. രവീന്ദ്രൻ	2013	കണ്ണൂർ
4	ഇൻഫർമേഷൻ ടെക്നോളജി എന്ത് ? എങ്ങനെ? എന്തിന്? - ഡോ.ബി. ഇക്ബാൽ, കെ.രവീന്ദ്രൻ	2013	കണ്ണൂർ
5	സൈബർ മലയാളം - സുനീത ടി.വി	2013	കണ്ണൂർ
6	ഭാവനാതീതം (മലയാളത്തിലെ സൈബർ കഥകൾ) - ഡോ. പി.കെ രാജശേഖരൻ	2013	കണ്ണൂർ
7	ഏകാന്തനഗരങ്ങൾ - ഡോ. പി.കെ രാജശേഖരർ	2013	കണ്ണൂർ
8	Cyber space: First steps (Article) Michaeal Benedictin cyber culture Reader) - Ed. David Bell	2013	കണ്ണൂർ
9	ഭാവുകത്വം ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ - ജി. മധുസൂദനൻ	2013	കണ്ണൂർ
16	Texting the grs dbs – David Crystal	2014	കാലടി
17	കമ്പ്യൂട്ടർ: പ്രയോഗവും പരിചയവും അച്യുത് ശങ്കർ	2014	കാലടി
18	വിവരസാങ്കേതികവിദ്യ നിത്യജീവിതത്തിൽ	2014	കാലടി
19	ഭാഷ: നവീന പഠനവഴികൾ - മാർക്കോസ് വി.പി	2014	കാലടി
20	മലയാളത്തിൽ എങ്ങനെ ബ്ലോഗാം- ബാബുരാജ് സി.എം	2014	കാലടി
21	കംപ്ലീറ്റ് കമ്പ്യൂട്ടർ ബുക്ക് - വർക്കി പട്ടിമറ്റം	2014	കാലടി
22	കമ്പ്യൂട്ടർ ഫോർ ഓൾ -സിസോ ബുക്സ്	2014	കാലടി
23	നവമാധ്യമങ്ങൾ- ജോസ് കെ. മാനുവൽ	2016	മലയാളം
24	Book Making: Editing, design, production - Marshall Lee	2016	മലയാളം
വെബ്സൈറ്റുകൾ			
25	മലയാളം വിക്കിപീഡിയ - Wikipedia.org	2013	കണ്ണൂർ
26	വിക്കിഗ്രന്ഥശാല - wikisource.org	2013	കണ്ണൂർ
27	വിക്കി നിഘണ്ടു - wiktionary.org	2013	കണ്ണൂർ

28	വിക്കിപാഠശാല - wikibooks.org	2013	കണ്ണൂർ
29	വിക്കിചൊല്ലുകൾ - wikiquotes.org	2013	കണ്ണൂർ
30	സർവ്വവിജ്ഞാനകോശം - വെബ്	2013	കണ്ണൂർ

6

പട്ടിക 32
സംസ്കാരപഠനം - സഹായകഗ്രന്ഥങ്ങൾ

ക്രമ നമ്പർ	കൃതിയും കർത്താവും	വർഷം	സർവ്വ കലാ ശാല
1.	സംസ്കാരപഠനം :ചരിത്രം, സിദ്ധാന്തം, പ്രയോഗം-മലയാളപഠനസംഘം	2014	കാലടി
2.	സംസ്കാരപഠനം - രവീന്ദ്രൻ.പി.പി	2014	കാലടി
3.	ഇടപെടലുകൾ - രവീന്ദ്രൻ.പി.പി	2014	കാലടി
4.	ആധുനികാനന്തരം: വിചാരം, വായന - രവീന്ദ്രൻ.പി.പി	2014	കാലടി
5.	അനുഭവങ്ങളെ ആർക്കാണ് പേടി - രാമകൃഷ്ണൻ, ഇ.വി	2014	കാലടി
6.	വാക്കുകളും വസ്തുക്കളും - രാജീവൻ.ബി	2014	കാലടി
7.	സാംസ്കാരിക പഠനങ്ങൾ - സംസ്കാരവും നവോത്ഥാനവും - ഗോവിന്ദപിള്ള.പി	2014	കാലടി
8.	Cultural studies: The Basics - Leueis, Jeff	2014	കാലടി
9.	Making Sense of Cultural Studies – Barker, Chris	2014	കാലടി
10.	What is Cultural Studies – Story, John(ed)	2014	കാലടി
11.	Reading Culture: Theory, Prexis, politics – Nayar, Pramod.k	2014	കാലടി
12.	New Cultural Studies: Adventures in Theory – Hall, Garry& Clare Birchll	2014	കാലടി
13.	Culture: A Reformers Science – Bennet, Tommy	2014	കാലടി
14.	The Location of Culture – Bhuba,H	2014	കാലടി
15.	Understading Popular Culture – Fiske,J	2014	കാലടി
16.	'Encoding/ Decoding' in S.Hall(etal) – Hall Sturt	2014	കാലടി
17	'Cultural Studies and its Theoritical Legacies' in Grossberg(etal) - Hall, Sturt	2014	കാലടി
18.	The Uses of Literacy- Hoggart, Richard	2014	കാലടി
19.	The Making of English Working Class – Thampson, E.P.	2014	കാലടി
20.	British Cultural Studies: An Introduction – Turner, G	2014	കാലടി

21.	Culture – Williams Raymond	2014	കാലടി
22.	Keywords – Williams Raymond	2014	കാലടി
23.	Culture and Society – Williams Raymond	2014	കാലടി
24.	Marxist Literacy and Culture Theories – Hasslet, Moyra	2014	കാലടി
25.	NewYork Words – Bennett, Tomy(etal)	2014	കാലടി

7

പട്ടിക 33
മലയാള സാഹിത്യ വിമർശനം - പാഠപുസ്തകങ്ങൾ

ക്രമ നമ്പർ	കൃതിയും കർത്താവും	വർഷം	സർവ്വകലാശാല
1	ലീലാതിലകം - എട്ടാം ശില്പം	2003	കാലടി
2	മലയാള സാഹിത്യ വിമർശനം- സുകുമാർ അഴീക്കോട്	2003	കാലടി
3	ഭാഷാകവിത- സി.പി അച്യുതമേനോൻ	2003	കാലടി
4	നളിനിയുടെ അവതാരിക - എ.ആർ	2003	കാലടി
5	കേരളകലകളും ഫ്യൂച്ചറിസവും - കേസരി	2003	കാലടി
6	സ്പന്ദിക്കുന്ന അസ്ഥിമാടം - കേസരി	2003	കാലടി
7	ആശാന്റെ ലീല- കുട്ടികൃഷ്ണമാരാര്	2003	കാലടി
8	യുദ്ധത്തിന്റെ പരിണാമം (ഭാരതപര്യടനം) - കുട്ടികൃഷ്ണ മാരാര്	2003	കാലടി
9	കലയും കാലവും- ഡോ. കെ. ഭാസ്കരൻ നായർ	2003	കാലടി
10	രസം (കാവ്യ പീഠിക) - ജോസഫ് മുണ്ടശ്ശേരി	2003	കാലടി
11	ഇനി നാം എങ്ങോട്ട്? (കരഞ്ഞ കവി)യും ചിരിച്ച തത്വജ്ഞാനിയും) - എം. ഗോവിന്ദൻ	2003	കാലടി
12	ചരിത്രവും വ്യക്തിയും അല്ലെങ്കിൽ ഞാൻ - സി.ജെ തോമസ്	2003	കാലടി
13	തിരസ്കാരം - കെ.പി അപ്പൻ	2003	കാലടി
14	സൗകര്യത്തിന്റെ പ്രസക്തി - ആഷാ മേനോൻ	2003	കാലടി
15	വാക്കിലെ സമൂഹം: പാഠാന്തര ബന്ധങ്ങൾ നമ്പ്യാർ കവിതയിൽ - ഇ.വി രാമകൃഷ്ണൻ	2003	കാലടി
16	മുടിത്തെയ്യങ്ങൾ (പാപത്തറയുടെ അവതാരിക)- സച്ചിദാനന്ദൻ	2003	കാലടി
17	സാഹിത്യം -ദലിതർ, ദലിത് സാഹിത്യം (ദലിത് സാഹിത്യം, ഭാഗം ഒന്ന്, പുറം 16-36) - കവിയൂർ മുരളി	2003	കാലടി
18	കണ്ണാടികൾ ഉടയ്ക്കുന്നതെന്തിന് - ഗീത	2003	കാലടി

19	കലാപ്രയോജനം - എം.പി പോൾ	2009	കാലടി
20	സാഹിത്യവിദ്യ -കുട്ടികൃഷ്ണമാരാര്	2009	കാലടി
21	ശ്രുപഭദ്രത - ജോസഫ് മുണ്ടശ്ശേരി	2009	കാലടി
22	ജീവൽ സാഹിത്യം - ഇ.എം.എസ്	2009	കാലടി
23	സഹ്യന്റെ മകൻ - എം.എൻ വിജയൻ	2009	കാലടി
24	പൂതപ്പാട്ട് (കാവ്യവ്യുല്പത്തി)- എം.പി ശങ്കുണ്ണി നായർ	2009	കാലടി
25	അവതാരിക - കലികാല കവിത -ബി. രാജീവൻ	2009	കാലടി
26	സരസ്വതീവിജയം (പഠനം) - കെ.കെ കൊച്ച്	2009	കാലടി
27	വീടും മണ്ണും - ഇ.പി രാജഗോപാലൻ	2009	കാലടി
28	കഥയും പരിസ്ഥിതിയും (ആദ്യലേഖനം) -മധുസൂദനൻ ജി.	2009	കാലടി
29	ഇന്ത്യൻ സാഹിത്യസിദ്ധാന്തം (തിണ വ്യവസ്ഥ) - അയ്യപ്പ പ്പണിക്കർ	2009	കാലടി
30	നിഷ്പക്ഷ നിരൂപണം - കുട്ടികൃഷ്ണ മാരാര്	2009	കാലടി
31	മാമ്പഴം -എം.എൻ. വിജയൻ	2009	കാലടി
32	സി.വി സാഹിത്യം കാണേണ്ടതെങ്ങനെ ? - എൻ. കൃഷ്ണ പിള്ള	2009	കാലടി
33	ശപിക്കപ്പെട്ട പതിനെട്ടാമധ്യായം - പി.കെ. ബാലകൃഷ്ണൻ	2009	കാലടി
34	ബുദ്ധനും ശിവനും - എം. ലീലാവതി	2009	കാലടി
35	കോമാളിയുഗത്തിലെ പുരുഷ ഗോപുരങ്ങൾ - കെ.പി. അപ്പൻ	2009	കാലടി
36	അനുഭൂതികളുടെ ചരിത്രപരത - ബി. രാജീവൻ	2009	കാലടി

8

പട്ടിക 34

മലയാള സാഹിത്യ വിമർശനം - സഹായകഗ്രന്ഥങ്ങൾ

ക്രമ നമ്പർ	കൃതിയും കർത്താവും	വർഷം	സർവ്വകലാശാല
1	സാഹിത്യമീമാംസ - താരതമ്യപരിപ്രേക്ഷ്യം - ചാത്തനാത്ത് അച്യുതനുണ്ണി	2003	കാലടി
2	തിരസ്കാരം - കെ.പി. അപ്പൻ	2003	കാലടി
3	ഇന്ത്യൻ സാഹിത്യ സിദ്ധാന്തം—പ്രസക്തിയും സാധ്യതയും - അയ്യപ്പപ്പണിക്കർ	2003	കാലടി
4	പയസ്വിനി - ആഷാമേനോൻ	2003	കാലടി

5	പരാഗകോശങ്ങൾ - ആഷാ മേനോൻ	2003	കാലടി
6	തൊൽകാപ്പിയം - വിവ. ഇളയപെരുമാൾ എം., സുബ്രഹ്മണ്യപിള്ള എസ്.ജി	2003	കാലടി
7	തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ - ഡോ. കെ.എൻ. എഴുത്തച്ഛൻ	2003	കാലടി
8	ലീലാതിലകം - (വ്യാഖ്യാനം) ഇളംകുളം	2003	കാലടി
9	കല ജീവിതം തന്നെ - കുട്ടികൃഷ്ണ മാരാര്	2003	കാലടി
10	തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ - കുട്ടികൃഷ്ണമാരാര്	2003	കാലടി
11	സംസ്കൃത സാഹിത്യത്തിലെ തത്ത്വചിന്ത (രണ്ടുഭാഗങ്ങൾ) - കൃഷ്ണ ചൈതന്യ	2003	കാലടി
12	കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ (സാഹിത്യവിമർശനം) - കുറ്റിപ്പുഴ കൃഷ്ണപിള്ള	2003	കാലടി
13	തെരഞ്ഞെടുത്ത ഉപന്യസങ്ങൾ - എം. ഗോവിന്ദൻ	2003	കാലടി
14	കരഞ്ഞ കവിയും ചിരിച്ച തത്വജ്ഞാനിയും - എം. ഗോവിന്ദൻ	2003	കാലടി
15	തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ - എസ്. ഗുപ്തൻ നായർ	2003	കാലടി
16	സൃഷ്ടിയും സ്രഷ്ടാവും - എസ്. ഗുപ്തൻനായർ	2003	കാലടി
17	മുണ്ടശ്ശേരി കൃതികൾ (മൂന്നുഭാഗം) - മുണ്ടശ്ശേരി	2003	കാലടി
18	ഇവൻ എന്റെ പ്രിയപുത്രൻ - സി.ജെ. തോമസ്	2003	കാലടി
19	ഡിക്കാരിയുടെ കാതൽ - സി.ജെ. തോമസ്	2003	കാലടി
20	സാഹിത്യനിരൂപണം - ദാമോദരൻ കെ.	2003	കാലടി
21	തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ - ഇ.എം.എസ്.	2003	കാലടി
22	എന്റെ സാഹിത്യനിരൂപണങ്ങൾ - നരേന്ദ്രപ്രസാദ്	2003	കാലടി
23	പഞ്ചാനന്റെ വിമർശത്രയം - സാഹിത്യപഞ്ചാനൻ	2003	കാലടി
24	ആധുനികോത്തരതയുടെ കേരളീയ പരിസരം - പോക്കർ പി.കെ.	2003	കാലടി
25	നോവൽ സാഹിത്യം - എം.പി. പോൾ	2003	കാലടി
26	സി.പി. അച്യുതമേനോന്റെ വിമർശനങ്ങൾ - ടി.ടി. പ്രഭാകരൻ	2003	കാലടി
27	ചന്തുമേനോൻ ഒരു പഠനം - പി.കെ. ബാലകൃഷ്ണൻ	2003	കാലടി
28	കേസരിയുടെ സാഹിത്യവിമർശനങ്ങൾ - കേസരി	2003	കാലടി
29	കലയും കാലവും - ഡോ. കെ. ഭാസ്കരൻ നായർ	2003	കാലടി
30	ഹരിത നിരൂപണം മലയാളത്തിൽ - മധുസൂദനൻ ജി.	2003	കാലടി
31	ദലിത് സാഹിത്യം - കവിയൂർ മുരളി	2003	കാലടി
32	ആധുനികാനന്തരം: വിചാരം, വായന- പി.പി. രവീന്ദ്രൻ	2003	കാലടി
33	സംസ്കാര പഠനം - പി.പി. രവീന്ദ്രൻ	2003	കാലടി

34	ഇന്ദുലേഖ - വായനയുടെ ദിശകൾ - ഇ.പി. രാജഗോപാലൻ	2003	കാലടി
35	രോഗത്തിന്റെ പൂക്കൾ - വി. രാജകൃഷ്ണൻ	2003	കാലടി
36	ഭ്രഷ്ടിന്റെ നാനാർത്ഥങ്ങൾ - വി. രാജകൃഷ്ണൻ	2003	കാലടി
37	ജനനിബിഡമായ ദന്തഗോപുരം - ബി. രാജീവൻ	2003	കാലടി
38	പാഠവും പൊരുളും - സി. രാജേന്ദ്രൻ	2003	കാലടി
39	സൗന്ദര്യദർശനം - സി. രാജേന്ദ്രൻ	2003	കാലടി
40	വാക്കിലെ സമൂഹം - ഇ.വി. രാമകൃഷ്ണൻ	2003	കാലടി
41	അക്ഷരവും ആധുനികതയും - ഇ.വി. രാമകൃഷ്ണൻ	2003	കാലടി
42	പുതിയ കൃതി പഴയ പൊരുൾ - ദേശമംഗലം രാമകൃഷ്ണൻ	2003	കാലടി
43	സാഹിത്യ നിരൂപണത്തിലെ ദിശാബോധം - എം. ലീലാവതി	2003	കാലടി
44	ആധുനികോത്തരം: വിമർശനവും വിശകലനവും - വി.സി. ശ്രീജൻ	2003	കാലടി
45	അർത്ഥാന്തരന്യാസം - വി.സി. ശ്രീജൻ	2003	കാലടി
46	മുഹൂർത്തങ്ങൾ - സച്ചിദാനന്ദൻ	2003	കാലടി
47	പരിസ്ഥിതി സൗന്ദര്യശാസ്ത്രത്തിന് ഒരാമുഖം - ടി.പി. സുകുമാരൻ	2003	കാലടി
48	മലയാള സാഹിത്യവിമർശനം - സുകുമാർ അഴീക്കോട്	2003	കാലടി
49	Beginning Theory – Peter Barry	2003	കാലടി
50	Beginning Post Colonialism – John MC Lead	2003	കാലടി
51	Beginning Post modernism – Tim Woods	2003	കാലടി
52	എം.പി. പോളിന്റെ അസമാഹൃത രചനകൾ - രാജൻ എം.എൻ. (എഡിറ്റർ)	2009	കാലടി
53	സി.ജെ. ജോർജ്ജ് - ആധുനികാനന്തര സാഹിത്യ സമീപനങ്ങൾ	2014	കാലടി
54	മലയാള സാഹിത്യവിമർശനം - പി.വി വേലായുധൻ പിള്ള	2014	കാലടി

9

പട്ടിക 35

വിവർത്തന പഠനം - പാഠപുസ്തകങ്ങൾ

ക്രമ നമ്പർ	കൃതിയും കർത്താവും	വർഷം	സർവ്വകലാശാല
1	ഋഗ്വേദം - ആദ്യത്തെ പത്ത് ഋക്കുകൾ - വള്ളത്തോൾ	2003	കാലടി
2	ഉത്തരരാമചരിതം (മൂന്നാം അങ്കം) - ചാത്തുക്കുട്ടി മന്നാടിയാർ	2003	കാലടി
3	മഹാഭാരതം (സ്ത്രീപർവ്വം) - കുഞ്ഞിക്കുട്ടൻ തമ്പുരാൻ	2003	കാലടി

4	ദേവഗീത ഒന്നാം സർഗം - ചങ്ങമ്പുഴ	2003	കാലടി
5	മേഘസന്ദേശം - ആദ്യത്തെ 10 ശ്ലോകങ്ങൾ - കുമാരനാശാൻ	2003	കാലടി
6	രാപ്പാടിയോട് - സുഗതകുമാരി	2003	കാലടി
7	തരിശുഭൂമി - അയ്യപ്പപ്പണിക്കർ	2003	കാലടി
8	ഒഥല്ലോ - എം.ആർ നായർ	2003	കാലടി
9	ചിലപ്പതികാരം ഒന്നാം ഭാഗം - രമേശൻ നായർ	2003	കാലടി
10	രാമചരിതമാനസം - വെണ്ണിക്കുളം (അയോദ്ധ്യാകാണ്ഡം) വനയാത്ര)	2003	കാലടി
11	ഗീതാഞ്ജലി - ജി (ആദ്യത്തെ 5 ഗീതം)	2003	കാലടി
12	ആരോഗ്യനികേതനം - താരാശങ്കർ ബാനർജി (നിലീന എബ്രാഹാം)	2003	കാലടി
13	യയാതി - വി.എസ് ഖാണ്ഡേക്കർ	2003	കാലടി
14	ചോമന്റെ തുടി - ശിവരാമകാരന്ത്	2003	കാലടി
15	സംസ്കാര - യു.ആർ. അനന്തമൂർത്തി	2003	കാലടി
16	ജെ. ജെ. ചിലകുറിപ്പുകൾ - സുന്ദരരാമസ്വാമി (ആറ്റൂർ)	2003	കാലടി
17	ബൈബിൾ - അത്യുത്തമഗീതം (ഗ്രണ്ടർട്ട്)	2003	കാലടി
18	ജീവിതോത്സവം - എം.പി അപ്പൻ	2003	കാലടി
19	ആന്റിഗണി - സി.ജെ തോമസ്	2003	കാലടി
20	ഏകാന്തതയുടെ നൂറ് വർഷങ്ങൾ - ഡോ. എസ്. വേലായുധൻ	2003	കാലടി
21	സഹശയനം - വിലാസിനി	2003	കാലടി
22.	പെരുമാൾ തിരുമൊഴി - പുതുശ്ശേരി രാമചന്ദ്രൻ	2014	കാലടി
23.	കവി ബന്ദ്യഘടിഗായിയുടെ ജീവിതവും മരണവും - ആനന്ദ്	2014	കാലടി
24	മൃഗജന്മം - ബാലചന്ദ്രൻ ചുള്ളിക്കാട്	2014	കാലടി
25	ഗോദോയെ കാത്ത് - കടമ്മനിട്ട	2014	കാലടി
26	പാവങ്ങൾ - (വിവ:) നാലപ്പാട്ട് നാരായണമോനോൻ	2014	കാലടി
27.	പെഡ്രൊ പരാമോ - വിലാസിനി	2014	കാലടി
28	രൂപാന്തരം - കാഫ്ക, വിവ: രവികുമാർ	2014	കാലടി
29	നിഗ്രഹമായ ദിവ്യാത്ഭുതം- വിവ. വി.പി ശിവകുമാർ	2014	കാലടി
30	ഇവാൻ ഇല്ലിച്ചിന്റെ മരണം - ജി. മോഹനൻ തമ്പി	2014	കാലടി

10

പട്ടിക 36

വിവർത്തന പഠനം - സഹായക ഗ്രന്ഥങ്ങൾ

ക്രമ നമ്പർ	കൃതിയും കർത്താവും	വർഷം	സർവ്വ കലാ ശാല
1.	ഡിവൈൻ കോമഡി - കിളിമാനൂർ രമാകാന്തൻ	2003	കാലടി
2.	മൃതാത്മാക്കൾ ഉണരുന്നു - ഡോ. കെ. രാമചന്ദ്രൻ നായർ	2003	കാലടി
3.	അന്നാ കരിനീന - ആനി തയ്യിൽ	2003	കാലടി
4	കാരമസോവ് സഹോദരന്മാർ - എൻ.കെ ദാമോദരൻ	2003	കാലടി
5	വിവർത്തനം - കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്	2003	കാലടി
6	വിവർത്തനചിന്തകൾ - വി.ആർ പ്രബോധചന്ദ്രൻ	2003	കാലടി
7	വിവർത്തനത്തിന്റെ ഭാഷാശാസ്ത്രഭൂമിക - വി.ആർ പ്രബോധചന്ദ്രൻ	2003	കാലടി
8	In other words – A course book on translation – Mona Baker	2003	കാലടി
9	Early theories of translation – Amos F	2003	കാലടി
10	Translation studies – post colonial Translation – Susan Bassnet	2003	കാലടി
11	Translation and Translating theory and practice – Roger Bell	2003	കാലടി
12	Translation and Nature of philosophy- Andrew Benjamin	2003	കാലടി
13	The task of translator (in Illuminations)- Walter Benjamin	2003	കാലടി
14	Machine Translation today: the state of Art - King M.	2003	കാലടി
15	A linguistic theory of translation – Catford J.C.	2003	കാലടി
16	The Poetics of imperaialism : Translation and Colonization from Tempest to Tarzan – Chcyfitz, Eric	2003	കാലടി
17	Poetry in Translation – Davic .D	2003	കാലടി
18	Translation/History/Culture - S. Bassend and A. Lefevere (Eds.)	2003	കാലടി
19	Translation and Mass Media - S. Bassend and A Lefevere(Eds.)	2003	കാലടി
20	European Shakespears: Translating Shakespear in Romantic age - Delabartita. D	2003	കാലടി
21	Translations theory and interculture realtions - Evan Zohar, Heaman Gideon Toury(Eds.)	2003	കാലടി
22	The name and nature of translation –James Holmes (The name and Nature of Translation)	2003	കാലടി
23	Translating poetry seven strategees and a blue print – Andra Heferance	2003	കാലടി

സാഹിത്യചരിത്രവും സ്ത്രീകളെ കണ്ണിൽ തടയാത്ത ഉള്ളൂരിന്റെ കേരള സാഹിത്യചരിത്രവും എല്ലാംതന്നെ വാമൊഴി സാഹിത്യത്തിനു സാഹിത്യപദവി കല്പിക്കുന്നില്ല. ദളിത് വൈജ്ഞാനികത ഏറെയും വാമൊഴികൾക്കകത്താണ് എന്നിരിക്കെ അതെല്ലാം ഇന്ന് വിമർശന വിധേയമാകുന്നു അഥവാ സാംസ്കാരികമായി പുനർവായിക്കപ്പെടുന്നു.

ചരിത്രാഖ്യാനത്തെ വ്യവസ്ഥചെയ്യുന്നതിൽ വംശീയതയുടെയും വർഗ്ഗബോധത്തിന്റെയും ലിംഗപദവിയുടെയും ബോധപരമോ അബോധപരമോ ആയ ഇടപെടലുണ്ട്. അതിനുള്ളിലാണ് അയാളുടെ ബൗദ്ധികമായ സഹാനുഭൂതികൾ കെട്ടുപിണഞ്ഞുകിടക്കുന്നത് എല്ലാ ചരിത്രാഖ്യാനവും ചരിത്രത്തിലെ പ്രസ്ഥാനങ്ങളിൽ ആണ് ഉള്ളത്. ചരിത്രാഖ്യാതാവിന്റെ അവബോധത്തിനുള്ളിലെ പ്രത്യയശാസ്ത്ര സ്ഥാനങ്ങളിലാണ് അവ ആഴ്ന്ന് പതിഞ്ഞിട്ടുള്ളതെന്നും തുടർന്ന് വ്യക്തമാകുന്നു (എതിർദിശകൾ, 2017: 84).

പാഠ്യപദ്ധതിയുടെ അതിരുകളുടെ അകവും പുറവും നിർണയിക്കുന്നത് പ്രത്യയശാസ്ത്രമാണ്. പാഠ്യപദ്ധതി നിരാകരിക്കുന്ന വ്യക്തികൾ, സംഭവങ്ങൾ, കൃതികൾ എന്നിവയിലും അല്ലെങ്കിൽ അന്യവും അപരവുമായി നിർവചിക്കുന്ന ആഖ്യാനങ്ങളിൽ, ദത്തങ്ങളുടെ വിന്യസനങ്ങളിൽ അത് ദൃശ്യമാവുന്നു. ഇംഗ്ലീഷുകാർ നടപ്പിലാക്കിയ നിയമങ്ങളും ചട്ടങ്ങളും ബഹുസ്വരമായ ഇന്ത്യൻ സമൂഹങ്ങളെ ഹിന്ദുമതത്തിന്റെ കുടക്കീഴിലേക്ക് കൊണ്ടുവരുന്നതിനും കാരണമായിട്ടുണ്ട്. നാട്യശാസ്ത്രം മുതലുള്ള സൈദ്ധാന്തിക കൃതികൾ അനാര്യമായിട്ടുള്ള ഭാഷകളെ വികൃതഭാഷകളും ംലേച്ഛഭാഷകളും ആയിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അതിന്റെ തുടർച്ചയാണ് കഥാപാത്രങ്ങളുടെ മേൽ,കീഴ് ബന്ധങ്ങളെ ഉറപ്പിക്കാൻ സംസ്കൃത, പ്രാകൃത ഭാഷകൾ ഉപയോഗിച്ച് ശാകുന്തളാദി കൃതികൾ പോലും പ്രത്യയശാസ്ത്ര ധർമ്മങ്ങൾ നിറവേറ്റുന്നത് .

10.2 സാഹിത്യമണ്ഡലത്തിലെ അധീശവ്യവഹാരങ്ങൾ

ദലിത് സാഹിത്യത്തിനുനേരെയുള്ള അപരവത്കരണപ്രക്രിയയെ അനാവരണം ചെയ്യുന്നതാണ് പ്രദീപൻ പാമ്പിരികുന്നിന്റെ നിരീക്ഷണം. "മലയാളത്തിൽ ഈ മുഖ്യധാര സവർണ സൗന്ദര്യബോധമാണ്. പാട്ടുകളെ വംശീകരിക്കുമ്പോൾ പാണൻപാട്ട്, പറയൻപാട്ട്, പുലയൻ പാട്ട്, മാപ്പിളപ്പാട്ട്, വേടൻ പാട്ട് തുടങ്ങിയവ അവയുടെ സാഹിത്യേതര പരിഗണനകളാലാണ് അഥവാ ജാതിനാമങ്ങളിലാണ് അടയാളപ്പെടുത്തപ്പെട്ടത്. ഇങ്ങനെ രേഖപ്പെടുത്തുന്നതുവഴി സമൂഹത്തിന്റെ വിവിധ ജൈവധാരകളെ പൊതുസ്വത്തായി സ്വീകരിക്കുന്നതിൽ നിന്ന് പില്ക്കാല സാമൂഹിക വ്യവഹാരങ്ങളെ സാഹിത്യചരിത്രം തടയുന്നുണ്ട്. കീഴാളസാഹിത്യവും കലയും ജാതിനാമങ്ങളിൽ രേഖപ്പെടുത്തുകയും സവർണജാതിയുടേത് പൊതുധാരയായി മാറുകയും ചെയ്യുകയാണ് മലയാളസാഹിത്യചരിത്രത്തിന്റെ സാമാന്യഭാവം. ചില കലകൾ 'ജാതികലകളും' മറ്റവ 'പൊതുകല' കളുമാവുന്ന ചരിത്രം എങ്ങനെയാണ് ജനാധിപത്യപരമാവുക" (ദലിത്

സൗന്ദര്യ ശാസ്ത്രം, 2011: 44)

പ്രബലസംസ്കാരങ്ങൾ പാർശ്വവത്കരിച്ച ഇതരസാഹിത്യങ്ങളെ വീണ്ടെടുത്ത് അർഹമായ രീതിയിൽ പാഠ്യപദ്ധതിയിലുൾപ്പെടുത്തി വിജ്ഞാനമാക്കിമാറ്റുമ്പോഴേ വിദ്യാഭ്യാസത്തിന്റെ ജനാധിപത്യവത്കരണം പൂർത്തിയാവൂ. സാഹിത്യത്തിന്റെ ബഹുസ്വരമായ ഈടുവപ്പുകളെ മലയാളിയുടെ സാംസ്കാരിക മൂലധനത്തിലേക്ക് പ്രത്യാനയിക്കാനുള്ള ഫലപ്രദമായ പ്രക്രിയയാണത്. സാഹിത്യകൃതികളെ മൂല്യനിർണ്ണയം ചെയ്യുന്നതിൽ അഥവാ സാഹിത്യാസ്വാദനത്തിന്റെ ഭാവുകത്വനിർമ്മിതിയിൽ അധികാരം വഹിക്കുന്ന പങ്കിനെയും മാനദണ്ഡങ്ങളിലെ പക്ഷപാതിത്വത്തെയും പ്രദീപൻ പാമ്പിരികുന്നും കെ.കെ. കൊച്ചും വിശകലനം ചെയ്തിട്ടുണ്ട്.

"ചരിത്രരചന ഒരു വിപണികേന്ദ്രിതമായ ഒരു മണ്ഡലം കൂടിയാണ്. ഇന്ത്യൻ സാഹിത്യത്തിൽ സവർണ വിപണിയാണ് ദലിതന്റെ സ്വീകാര്യത തീരുമാനിച്ചത്. അവയുടെ രൂപരേഖയാണ് സാഹിത്യചരിത്രങ്ങൾ. ഈ സവർണ കമ്പോളത്തിന്റെ സൃഷ്ടിയാണ് കേരളീയസാഹിത്യവും അതിന്റെ ചരിത്രവും. വ്യാഖ്യാനങ്ങളെയും ആസ്വാദനത്തെയും നിർണ്ണയിക്കുന്ന സാഹിത്യവ്യവസ്ഥ സൃഷ്ടിക്കുന്നത് അധികാരമാണ്. ഈ വ്യവസ്ഥയാണ് കൃതികളെ സ്ഥാനപ്പെടുത്തുന്നതിനു സാഹിത്യചരിത്രത്തിന്റെ അടിത്തറയായിത്തീരുന്നത്. അതിനാൽ സാഹിത്യചരിത്രം ഒരേസമയം സാഹിത്യത്തിന്റെ ന്യായീകരണവും സ്ഥാപനവത്കരണവുമാണ്. അതിന്റെ പരിശോധനകൾ മുഴുവൻ ജനതയ്ക്കും മേൽ നിഷ്പക്ഷമാവുകയില്ല" (പ്രദീപൻ പാമ്പിരിക്കുന്ന്, 2011: 42,45)

"ഈ കൊട്ടാര കലാകാരന്മാരുടെ സാഹിത്യപ്രവർത്തനങ്ങൾ ബ്രാഹ്മണിസ്റ്റ് മൂല്യങ്ങളുടെ പുനഃസ്ഥാപനമായി മാറി. ഇപ്രകാരം ഭാഷാസാഹിത്യത്തിൽ വാണരുളിയത് കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കേരളവർമ്മ വലിയ കോയിത്തമ്പുരാൻ, കടത്തനാട്ട് ഉദയവർമ്മ തമ്പുരാൻ, വെൺമണി മഹൻ, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ, ശീവൊള്ളി നാരായണൻ നമ്പൂതിരി, പന്തളം കേരളവർമ്മ തമ്പുരാൻ മുതലായവരായിരുന്നു". (വായനയുടെ ദലിത് പാഠം, 2005: 12)

സാഹിത്യചരിത്രങ്ങളും പാഠ്യപദ്ധതിയും അധികാരം സൃഷ്ടിച്ച താല്പര്യങ്ങളിലേക്ക് കൃതികളെ സ്ഥാനപ്പെടുത്തുകയാണ് ചെയ്യുന്നത്. ഈ കൃതികളിലൂടെയാണ് പിന്നീട് സാഹിത്യത്തിന്റെ മാനകീകരണവും സ്ഥാപനവത്കരണവും നടക്കുന്നത്.

"ഈ സാംസ്കാരികപ്രവർത്തകർ (സവർണരും തമ്പുരാക്കന്മാരും) ഉല്പാദിപ്പിച്ച മതാത്മകതയും, ഔദ്യോഗിക സ്ഥാനങ്ങളുമായുണ്ടാക്കിയ വേഴ്ചയുംമൂലം സവർണ സമുദായങ്ങളുടെ സാംസ്കാരികപ്രാതിനിധ്യാവകാശമാണ് സ്ഥാപിക്കപ്പെട്ടത് (ഔദ്യോഗികമായും പാഠപുസ്തകത്തിലും)". ടി.കെ.സി. വടുതലയുടെ കഥകളെ

വിലയിരുത്തുമ്പോൾ കെ.കെ. കൊച്ച് പറയുന്നു, "ഒരു കലാസൃഷ്ടി ഒരു പ്രത്യയശാസ്ത്രാല്പന്നമെന്ന നിലയിൽ യാഥാർത്ഥ്യത്തിന്റെ ആവിഷ്കാരമല്ല ഉൾക്കൊള്ളുന്നത്. മറിച്ച് സമൂഹത്തെ പരിവർത്തന വിധേയമാക്കുന്ന സംസ്കാരരൂപീകരണത്തിന്റെ പ്രയോഗങ്ങളാണുൾക്കൊള്ളുന്നത്" (2005: 59).

സവർണേതരരോ ഹൈന്ദവേതരരോ ആയവർ സാഹിത്യത്തെ വിലയിരുത്തുന്നതിനെ അക്കാലത്തെ സാഹിത്യ കുലപതികൾ എങ്ങനെയാണ് നേരിട്ടതെന്നതിന് മുണ്ടശ്ശേരിയുടെ ആത്മകഥ സാക്ഷ്യംവഹിക്കുന്നു. "മംഗളോദയം മാസികയുടെ പംക്തികളിൽ സാഹിത്യനിരൂപണമങ്ങനെ വന്നുവന്നു കോളിളക്കത്തിനിടയാക്കിയ അവസരത്തിൽ ശാസ്ത്രികൾ എനിക്ക് നല്ലൊരു പിൻബലമായിരുന്നു. മഹാകവി ഉള്ളൂർ ബ്രാഹ്മണ്യത്തിന്റെ ബലത്തിന്മേൽ എന്റെ നേർക്കാക്രമണം സംഘടിപ്പിച്ചപ്പോൾ എന്റെ കയ്യിലുണ്ടായിരുന്ന ഏക ബ്രഹ്മാസ്ത്രം അദ്ദേഹമായിരുന്നു. ജാതിയും സമുദായവും നോക്കി സാഹിത്യത്തിനെ വിലയിരുത്തിയതിൽ തെറ്റില്ലെന്നു പഴമക്കാരിൽ മിക്കവരും ധരിച്ചുവെച്ചിരുന്ന അക്കാലത്തും ഒരനന്തനാരായണശാസ്ത്രികൾ വ്യക്തമായും അതിനൊരപവാദമായി നില്ക്കുക എന്നത് അന്നു വലിയൊരു കാര്യമായിരുന്നു"(കൊഴിഞ്ഞ ഇലകൾ, 2000, 120-121).

സവർണരല്ലാത്തവരുടെ കൃതികളോടു മാത്രമല്ല ഹൈന്ദവേതരമായ ഇതിവൃത്തമുള്ള രചനകളോടും അന്നത്തെ സമീപനമെന്തായിരുന്നുവെന്നതിന് കൊച്ചീപ്പൻ തരകന്റെ മറിയാമ്മ നാടകത്തിന്റെ അവതാരിക സാക്ഷ്യം വഹിക്കും.[9]

10.3. ഉച്ച-നീചത്തങ്ങൾ കലാലയത്തിനകത്തും പുറത്തും

എറണാകുളം മഹാരാജാസ് കോളേജിലെ രാജകുടുംബാഗങ്ങളുടെ പഠനത്തെക്കുറിച്ച് രവികുറ്റിക്കാട്ട് എഴുതുന്നു:

"തൃപ്പൂണിത്തുറ രാജകൊട്ടാരത്തിൽ നിന്ന് രാജകുമാരന്മാരും രാജകുമാരിമാരും പഠിക്കാൻ വന്നുതുടങ്ങി. രാജകുമാരൻമാർക്ക് ഉപനയനവും സമാവർത്തവും പൂർണത്രയീശക്ഷേത്രത്തിലെ സംവത്സര ഭജനയും കഴിയുന്നതുവരെ തൃപ്പൂണിത്തുറ വിടാൻ പാടില്ലെന്ന ചട്ടം നിലവിലുണ്ടായിരുന്നു. ഇതുകഴിഞ്ഞ് അവർ എറണാകുളം എച്ച്.എസ് രാജാസ് സ്കൂളിൽ അഞ്ചാം ക്ലാസിൽ ചേർന്നു പഠിക്കാൻ തുടങ്ങി. ഇരട്ടക്കുതിരയെ പൂട്ടിയ വണ്ടിയിലായിരുന്നു വരവ്. പാന്റ്സും കോട്ടുമായിരുന്നു വേഷം. സ്കൂളിൽ ഇവർക്ക് ഇരിക്കാൻ പ്രത്യേകമുറി. ക്ലാസ് തുടങ്ങുമ്പോൾ അദ്ധ്യാപകന്റെ കൂടെ മാത്രമേ ക്ലാസിൽ കയറാവൂവെന്ന നിബന്ധന ഉണ്ട്. അതല്ലെങ്കിൽ മുറ്റകുട്ടികൾ രാജകുടുബാംഗങ്ങളെ ബഹുമാനിച്ച് എഴുന്നേറ്റ് നില്ക്കേണ്ടിവരും. ആരെങ്കിലും ബഹുമാനിച്ചില്ലെങ്കിൽ അതും പ്രശ്നമാകും. അതൊഴിവാക്കാനാണ് അദ്ധ്യാപകന്റെ കൂടെയുള്ള വരവ്. ക്ലാസിൽ അദ്ധ്യാപകന്റെ

അടുത്ത് തമ്പുരാക്കന്മാർക്ക് പ്രത്യേകമായി മേശയും കസേരയും. ക്ലാസ് കഴിഞ്ഞാൽ തമ്പുരാക്കന്മാർ സ്കൂളിൽ പ്രത്യേകം അനുവദിച്ച മുറിയിൽ പോയി ഇരിക്കും. വൈകീട്ട് കുതിരവണ്ടിയിൽ കൊട്ടാരത്തിലേക്ക് തിരിച്ചുയാത്ര. തൃപ്പൂണിത്തുറയിൽ നിന്നുള്ള യാത്ര ഒഴിവാക്കാൻ പിന്നീട് തമ്പുരാക്കന്മാർ എറണാകുളം ദിവാൻസ് റോഡിലെ റസിഡന്റ് പാലസിൽ താമസിച്ചുപോന്നു. തമ്പുരാക്കന്മാർക്ക് സ്കൂളിൽ ഫീസില്ല. അച്ചടക്ക നടപടിക്ക് വിധേയരല്ല. ഹാജർ നിർബന്ധമല്ല. മറ്റ് കുട്ടികളുമായുള്ള കൂട്ടുകെട്ടും കമ്മി. കാലക്രമത്തിൽ ഇതിനെല്ലാം മാറ്റം വന്നു. കുതിരവണ്ടിക്കു പകരം കാറായി. പിന്നീട് പാലസ് ബസായി. 1970-നുശേഷം പതുക്കെ പതുക്കെ ഇതെല്ലാം നിർത്തലാക്കി (മഹാരാജാസിനു പ്രണയപൂർവ്വം, 2000: 33).

പഠിതാക്കൾക്ക് ഒരുമിച്ച് ഹോസ്റ്റലിൽ താമസിക്കാൻ കഴിയുമായിരുന്നില്ല. രവികുറ്റിക്കാട്ട് തുടരുന്നു: "ജാതി തിരിച്ചായിരുന്നു താമസം. ചിറ്റൂർ റോഡ് മുതൽ രവിപുരം വരെ നായർ തറവാട്ടുകാർ. തോട്ടെക്കാട്ട്, മാണിക്കത്ത്, അമ്പാടി കുറ്റിക്കാട്ട്, ഈയാട്ട്, മാറായി കാരയ്ക്കാട്ട്, പൂതാമ്പിള്ളി തുടങ്ങിയ തറവാട്ടുകാരുടെ വാസകേന്ദ്രം. എറണാകുളം മാർക്കറ്റിന് വടക്ക് തുരുത്തി പറമ്പ്, കോമ്പാറ, നടയപ്പിള്ളി, കടവിൽ വീട് തുടങ്ങിയ ഈഴവ കുടുംബക്കാർ. കായലോരത്ത് മത്സ്യത്തൊഴിലാളി കുടുംബങ്ങൾ" (2000: 35)

ആൺ, പെൺബന്ധങ്ങളും സ്വതന്ത്രമായിരുന്നില്ല:

"എഫ്.എ. ക്ലാസിൽ പെൺതരികൾ വിരളം. അവർ അദ്ധ്യാപകനെ കാത്ത് ക്ലാസ്റൂമിനു പുറത്തു നില്ക്കും. അദ്ധ്യാപകൻ വരുമ്പോൾ ഒന്നിച്ച് ക്ലാസിൽ കയറും. ക്ലാസ് കഴിയുമ്പോൾ വീണ്ടും പുറത്ത്. ക്ലാസ്റൂമിൽ ഇടതുഭാഗത്താണ് പെൺകുട്ടികൾക്ക് ഇരിപ്പിടം"(2000: 38).

പെൺകുട്ടികളുടെ വിദ്യാഭ്യാസത്തെക്കുറിച്ച് എറണാകുളത്തെ വനിതാമെമ്പർ തങ്കമ്മ എൻ മേനോൻ സഭയിൽ ഉന്നയിച്ച ഉപക്ഷേപം (1940 ജൂലൈ 27) നോക്കുക:

തങ്കമ്മ എൻ മേനോൻ : കൊച്ചി രാജ്യം ഇന്ത്യയിൽ മറ്റ് നാട്ടുരാജ്യങ്ങളെക്കാളും സ്ത്രീ വിദ്യാഭ്യാസത്തിൽ ഏറ്റവും മുന്നണിയിലാണ്. എന്നാൽ ഉന്നത വിദ്യാഭ്യാസം സ്ത്രീകളുടെ ഇടയിൽ കുറവാണ്. സ്ത്രീകൾക്കു സൗജന്യമായി പഠിക്കാൻ എറണാകുളത്ത് രണ്ട് കോളേജുകളാണുള്ളത്. കൊച്ചി രാജ്യത്തിന്റെ നാനാഭാഗത്തും നിന്നും വരുന്നവർ താമസസൗകര്യം കിട്ടാതെ മടങ്ങുന്നു. ആൺകുട്ടികൾക്കു കോസ്മോ പൊളിറ്റൻ, തീയ്യ ഹോസ്റ്റൽ ഉണ്ട്. ആൺകുട്ടികളെപ്പോലെ പെൺകുട്ടികൾക്കും താമസ സൗകര്യം നല്കണം. ഇപ്പോഴത്തെ ലേഡീസ് ഹോസ്റ്റലിൽ പത്തു പന്ത്രണ്ട് കുട്ടികൾക്കേ പ്രവേശനം നല്കുന്നുള്ളൂ. കെട്ടിടമാണെങ്കിൽ ജീർണ്ണിച്ചു. പണമില്ല എന്നുപറയാതെ ഹോസ്റ്റൽ കെട്ടിടം ഉണ്ടാക്കണം (2000: 83)

1934-ലെ അദ്ധ്യാപകരുടെ ജാതിതിരിച്ചുള്ള കണക്കും 1935-ൽ ബി.എസ്.സി.

കെമിസ്ട്രി പഠനം പൂർത്തിയാക്കിയ ദാക്ഷായണി വേലായുധന്റെ അനുഭവവും ചേർത്തു വായിച്ചാൽ അവർണരോടുള്ള അദ്ധ്യാപക മനോഭാവം സ്പഷ്ടമാകും.

1934 ആഗസ്റ്റ് 7-ന് കൊച്ചി നിയമസഭ മഹാരാജാസ് കോളേജിലെ അദ്ധ്യാപകരുടെ ജാതി തിരിച്ചുള്ള കണക്ക് ചർച്ചചെയ്തതിങ്ങനെയാണ്.

പോൾ മാമ്പിള്ളി: എത്ര അദ്ധ്യാപകൻ, ജാതി തിരിച്ച കണക്ക് പറയുമോ ?

ഐ.എൻ മേനോൻ: ഒമ്പത് പ്രൊഫസർമാർ, 32 അസിസ്റ്റന്റ് പ്രൊഫസർമാർ, പ്രൊഫസർമാർ, ബ്രാഹ്മണർ 3, നായർ 2, നമ്പൂതിരി 1, ഗൗഡ സാരസ്വതർ-1, ക്ഷത്രിയൻ 1, ക്രിസ്ത്യൻ 1, അസിസ്റ്റന്റ് പ്രൊഫസർമാർ, ബ്രാഹ്മണർ- 14, നായർ-13, നമ്പൂതിരി 1, വാര്യർ 1, ക്ഷത്രിയർ1, ക്രിസ്ത്യൻ -2 (2000: 91-92)

കവിതിലകൻ പ്രൊഫസർ ശങ്കരൻ നമ്പ്യാർക്ക് ശകാരം കേട്ടത് ആശാന്റെ ദുരവസ്ഥ ഒരു ഒന്നാന്തരം കൃതിയാണെന്ന് വിലയിരുത്തി ലേഖനം എഴുതിയതിനാണ് ചാത്തൻ പുലയൻ അന്തർജനത്തെ വിവാഹം ചെയ്കയോ, അതും ഒരാൾ ന്യായീകരിക്കുകയും ചെയ്തതാണ് ശകാരത്തിനുകാരണം. പണ്ഡിറ്റ് കറുപ്പൻ എന്ന വ്യക്തിയെയും അദ്ദേഹത്തിന്റെ കൃതികളേയും സാഹിത്യ ബാഹ്യമായ കാരണങ്ങളാൽ അകറ്റി നിർത്താൻ ശ്രമിച്ചിരുന്നു. ചിലർക്ക് കറുപ്പൻ മഹാരാജാസ് കോളേജിൽ അദ്ധ്യാപകനായി വന്നാൽ രാജിവെക്കുമെന്നുവരെ ഭീഷണി മുഴക്കിയവരുണ്ടായിരുന്നു.

സാഹിത്യകുശലൻ ടി.കെ. കൃഷ്ണമേനോൻ പണ്ഡിറ്റ് കറുപ്പന്റെ ബാലാകലേശം പ്രസിദ്ധീകരിച്ചതിന് അന്വേഷണ കമ്മീഷനെ വരെ വെച്ചിരുന്നു. കെ. രാമകൃഷ്ണപിള്ള, അനന്തനാരായണ ശാസ്ത്രി, ആർ. ഈശ്വരപിള്ള, കുറ്റിപ്പുറം കേശവൻ നായർ, കെ. കുഞ്ഞൻ മേനോൻ എന്നിവരായിരുന്നു അന്വേഷണ കമ്മീഷനിൽ ഉണ്ടായിരുന്നത്.

10.4.പോത്തേരി കുഞ്ഞമ്പുവിന്റെ സരസ്വതീവിജയം

പാഠ്യപദ്ധതിയും ചരിത്രപുസ്തകങ്ങളും തമസ്കരിക്കുകയോ പാർശ്വവത്കരിക്കുകയോ ചെയ്ത സരസ്വതീവിജയം നോവൽ കെ.കെ.കൊച്ചിന്റെ പഠനത്തിലൂടെയാണ് സഹൃദയ ശ്രദ്ധയിലേക്ക് വരുന്നത്. ഈ നോവലിന്റെ തമസ്കരണത്തിലേക്കുനയിച്ച സാഹചര്യങ്ങളെ അദ്ദേഹം ഇങ്ങനെ വിലയിരുത്തുന്നു. "സാമൂഹ്യപരിഷ്കരണം ഉള്ളടക്കമായിട്ടുള്ള സരസ്വതീവിജയത്തിന് മലയാളനോവൽ സാഹിത്യത്തിൽ അർഹമായ സ്ഥാനം ലഭിച്ചിട്ടില്ല. ഇതിനുകാരണം സാഹിത്യത്തിന്റെ ലാവണ്യശാസ്ത്രത്തെ രസാനുഭൂതിയായി നിർവ്വഹിച്ച നിരൂപകരുടെ സവർണതാല്പര്യമാണ്. ഇതിന്റെ ഫലമായി 'ഇന്ദുലേഖ'യെ മറ്റ് ആദ്യകാല നോവലുകളുമായി താരതമ്യം ചെയ്യുന്ന ഒരു രീതിശാസ്ത്രം കേസരി ബാലകൃഷ്ണപിള്ളയിലൂടെ സ്ഥാപനവത്കരിക്കപ്പെട്ടു. ഇന്നും തുടരുന്ന ഈ നിരൂപണരീതി

കൃതികളിൽ നിന്നും പ്രത്യയശാസ്ത്രം വായിച്ചെടുക്കുന്നതിനെ വിലക്കുന്നതാണ്. 1895-ൽ 'വിദ്യാവിനോദിനി' യിൽ വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ എഴുതിയ ഇന്ദുലേഖാനിരൂപണത്തോടെയായിരുന്നു ഇതിന് ആരംഭം കുറിച്ചത്. ഇന്ദുലേഖയെയും ഇതര ആദ്യകാലനോവലുകളെയും നിരൂപണം ചെയ്തപ്പോൾ സരസ്വതീവിജയത്തിലെ വ്യത്യസ്തമായ ലാവണ്യശാസ്ത്രവും സാമൂഹ്യപരതയും അദ്ദേഹം അവഗണിക്കുകയായിരുന്നു. ഇതുമാത്രമല്ല ഈ കൃതി ബാസൽമിഷൻകാരുടെ സേവപിടിക്കാൻ എഴുതിയതാണെന്ന ആരോപണവും ഉന്നയിക്കപ്പെട്ടു. തന്റേതിൽ നിന്നും വ്യത്യസ്തമായ രീതിയിൽ ബ്രാഹ്മണരെ ശത്രുക്കളായി ചിത്രീകരിക്കുന്നതിനെ 'ശാരദ'യിൽ ഒ. ചന്തുമേനോൻ പരിഹസിക്കുന്നത് 'സരസ്വതീവിജയത്തെ' കുറിച്ചായിരുന്നു. ഈ നോവലിന്റെ തമസ്കരണത്തിലേക്കു നയിച്ച സാഹചര്യങ്ങളെ അദ്ദേഹം ഇങ്ങനെ വിലയിരുത്തുന്നു. ഇപ്രകാരം ഉയർന്നുവന്ന സവർണപക്ഷത്തുനിന്നുള്ള എതിർപ്പിനെ മറികടക്കാൻ നോവലിന്റെ രണ്ടാം പതിപ്പിന്റെ അവതാരികയിലൂടെ മൂർക്കോത്തു കുഞ്ഞപ്പയ്ക്കു കഴിഞ്ഞില്ല.സാധാരണ ജനങ്ങളുടെ ചിന്താമണ്ഡലങ്ങളിലേക്കും ജ്ഞാനസംവാദങ്ങളിലേക്കും 'സരസ്വതീവിജയം' പടർന്നുകയറിയതാണ് സവർണ പണ്ഡിത നിരൂപകരെ പ്രകോപിപ്പിച്ചത്. അപകടം മണത്തറിഞ്ഞ അവർ ആക്രമണ -തമസ്കരണ തന്ത്രങ്ങളിലൂടെ കൃതിയെ മുക്കിക്കൊല്ലുകയായിരുന്നു. ലിഖിതമായ വ്യവഹാരമണ്ഡലത്തിൽ നിന്നും അങ്ങനെ അപ്രത്യക്ഷമായ കൃതി കുറെക്കാലം താഴെത്തട്ടിലെ ജനജീവിതത്തിൽ നിലനിന്നു. ചെറുമൻ മജിസ്ട്രേറ്റായാൽ എന്ന മലബാർ ഭാഗത്തുള്ള ചൊല്ല് ഈ കൃതിയിൽ നിന്നും രൂപപ്പെട്ടതാണെന്ന് കരുതേണ്ടിയിരിക്കുന്നു'. (2005: 36,37)

അപരവത്കരിക്കുന്ന 'ദലിത് നോവൽ' എന്ന വിശേഷണത്തിൽ നിന്നും വിമുക്തമാക്കി മലയാളനോവൽ സാഹിത്യശാഖയിലെ ആദ്യകാലനോവൽ എന്നനിലയിൽ സരസ്വതീവിജയത്തെ വിലയിരുത്തുമ്പോൾ പ്രമേയം, ആഖ്യാനം, പാത്രസൃഷ്ടി, പ്രത്യയശാസ്ത്രം, നവോത്ഥാന മൂല്യങ്ങൾ, ഭാഷ, റിയലിസ്റ്റ് വീക്ഷണം, ഘടന, ലിംഗപദവി എന്നിങ്ങനെ നോവൽ സ്വരൂപത്തിന്റെ ഏതു വിശകലനസംവർഗങ്ങളിലും പുതുമയും വ്യത്യസ്തതയും പുലർത്തുന്ന സുപ്രധാന നോവലാണിതെന്നു പറയാം.

ഒരു നൂറ്റാണ്ടു മുമ്പത്തെ ദലിത് ജീവിതത്തിന്റെ യഥാതഥ ചിത്രീകരണത്തോടൊപ്പം അക്കാലഘട്ടത്തിലെ ഇതര സാമുദായികജീവിതചിത്രീകരണം കൂടി ഈ നോവൽ സാദ്ധ്യമാക്കിയിരിക്കുന്നു. വ്യവസ്ഥയുടെ എല്ലാ ജീർണ്ണതകൾക്കും കാരണം വിദ്യാഭ്യാസമില്ലായ്മയാണ് എന്ന പ്രത്യയശാസ്ത്രത്തെ ഉയർത്തിപ്പിടിച്ച് സവർണനെയും അവർണനേയും നിരക്ഷരതയുടെ ഇരകളായി ഒരുപോലെ ചിത്രീകരിക്കുന്ന ഈ നോവൽ മുന്നോട്ടു വെക്കുന്ന വിമോചനമന്ത്രം—വിദ്യാഭ്യാസമാണ്. അലങ്കാരങ്ങളുടെയും, വർണനകളുടെയും ആഡംബരമില്ലാത്ത, സംസ്കൃതമയമായ പ്രൗഢഭാഷയുടെ കൃത്രിമത്തെ പടിക്കു പുറത്തുനിർത്തി യഥാതഥമായ ആഖ്യാനം പുതിയ സൗന്ദര്യാസ്വാദനശീലത്തിന്റെ നിർമ്മിതികൂടിയാണ്. ദലിതന്റെ മാത്രമല്ല മുഴുവൻ മനുഷ്യരുടെയും

വിദ്യാഭ്യാസത്തിലൂടെയുള്ള സാമൂഹ്യപരിഷ്കരണം ലക്ഷ്യമാക്കുന്ന വിശ്വമാനവിക മൂല്യത്തിലാണ് നോവൽ ശില്പം നിലകൊള്ളുന്നത്.

മലയാളനോവൽസാഹിത്യചരിത്രത്തിൽ സരസ്വതീവിജയം എങ്ങനെ സ്ഥാനപ്പെടേണ്ടിയിരുന്നുവെന്നതിന്റെ സൂചന കെ.കെ. കൊച്ചിന്റെ നിരീക്ഷണത്തിൽ ഉണ്ട്. "ഉന്നതമായ മാനവികത, നോവൽ മാധ്യമത്തിന്റെ സവിശേഷതയായ കാലദേശങ്ങളുടെ ആവിഷ്കാരത്തിൽ പുലർത്തിയ മികവ്, അതിൽത്തന്നെ കാഴ്ചകളെ കേവലമായി പകർത്തുന്ന യാന്ത്രികമായ റിയലിസത്തിന് പകരം പുത്തൻ മൂല്യങ്ങളുടെ ഉറവുകൾ പൊട്ടിച്ചെടുക്കാൻ കെൽപുള്ള ആവിഷ്കാര രൂപങ്ങൾക്കായുള്ള അന്വേഷണത്തിന്റെ ആരംഭം, സവർണ പുരുഷാധീശമൂല്യങ്ങളുടെ സമ്പൂർണ നിരാസം, ബഹുസ്വരതകളെ അംഗീകരിക്കുന്ന കീഴാള, ന്യൂനപക്ഷ, സ്ത്രീസ്വരങ്ങളെ നിഴലിൽ നിർത്താത്ത ജനാധിപത്യപരമായ രചനാരീതി തുടങ്ങിയ ഘടകങ്ങൾ 'സരസ്വതീവിജയത്തെ' ദലിത് സാഹിത്യത്തിന്റെ മാത്രമല്ല ആധുനികകാലത്തെ മലയാളസാഹിത്യത്തിന്റെയാകെ ഉജ്ജ്വല മാതൃകയാക്കി മാറ്റുന്നു"(2005: 37).

10.5. ബോർഡ് ഓഫ് സ്റ്റഡീസും പാഠ്യപദ്ധതി നിർമ്മിതിയും

യൂണിവേഴ്സിറ്റിയുടെ റൂൾസ് & റെഗുലേഷൻസിനനുസൃതമായി പാഠ്യപദ്ധതികൾ ആവിഷ്കരിക്കാൻ ചുമതലയുള്ള അക്കാദമിക ബോഡിയാണ് ബോർഡ് ഓഫ് സ്റ്റഡീസ്. 1937 വരെ മദ്രാസ് സർവ്വകലാശാലയിൽ മാത്രമാണ് മലയാളത്തിന് ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾ ഉണ്ടായിരുന്നത്. പിന്നീട് തിരുവിതാംകൂർ സർവ്വകലാശാല രൂപീകരിക്കപ്പെട്ടതിനു ശേഷം 1938 മുതൽ രണ്ടു സർവ്വകലാശാലകളിലും മലയാളത്തിന് പഠന ബോർഡംഗങ്ങൾ ഉണ്ടായി. ഒരേ അംഗങ്ങൾ ഒരേസമയം രണ്ടുസർവ്വകലാശാലകളിലും ബോർഡംഗങ്ങൾ ആവാറുണ്ടായിരുന്നു. The Dravidian Languages എന്ന പേരിൽ മലയാളം, തമിഴ്, കന്നട, തെലുങ്ക് ഭാഷകൾക്ക് ഒരുമിച്ച് ഒരു ബോർഡ് ആണ് ഉണ്ടായിരുന്നത്. ചെയർമാനടക്കം 8 മുതൽ 12 വരെ അംഗങ്ങൾ. 1915-ൽ പ്രസിദ്ധീകരിച്ച 1913-ലേക്കുള്ളതെന്ന് രേഖപ്പെടുത്തിയ കലണ്ടർവരെ ഈ രീതി കാണുന്നുണ്ട്. 1918-ൽ പ്രസിദ്ധീകരിച്ച 1915-ലേതെന്ന് രേഖപ്പെടുത്തിയ ബോർഡിലാണ് ഓരോ ഭാഷക്കും വെവ്വേറെ ബോർഡുകൾ ഉണ്ടാക്കുന്നത്. 6 അംഗങ്ങളാണ് ചെയർമാനടക്കം ഉണ്ടായിരുന്നത്. 1921-ൽ വീണ്ടും ദ്രവീഡിയൻ ലാംഗ്വേജ് എന്ന നിലയിൽ ഒരു ബോർഡാവുന്നുണ്ടെങ്കിലും 1925-ൽ ഓരോ ഭാഷയ്ക്കും 12 അംഗങ്ങൾ ഉള്ള പഠനബോർഡായി വികസിക്കുന്നു. 1928 മുതൽ അംഗസംഖ്യ 13 ആവുന്നുണ്ട്. 1908 മുതൽ എ.ആർ. രാജരാജവർമ്മയും 1925 മുതൽ സി. അച്യുതമേനോൻ, ഉള്ളൂർ, പള്ളത്ത് രാമൻ തുടങ്ങിയവരും പിന്നീട് പി. അനന്തൻപിള്ള, സി. അച്യുതമേനോൻ, ഉള്ളൂർ, രാമവർമ്മ അപ്പൻതമ്പുരാൻ തുടങ്ങിയവരും ബോർഡംഗങ്ങളായിട്ടുണ്ട്.

പുസ്തകപ്രസാധകരുടെ കമ്പോളതാല്പര്യങ്ങളും അംഗങ്ങളുടെ സവർണ, സാമുദായിക, മതാത്മക താല്പര്യങ്ങളും തമ്മിലുള്ള ബലതന്ത്രങ്ങൾക്ക് വിധേയമായാണ് പാഠ്യപദ്ധതി

നിർമ്മിതികൾ മുന്നോട്ടുപോയിട്ടുള്ളത്. ആണുങ്ങളാൽ ആണുങ്ങൾക്കുവേണ്ടി നിർമ്മിക്കുന്നത് എന്ന ആരോപണത്തെ സാധൂകരിക്കും വിധം ബോർഡംഗങ്ങളുടെ തെരഞ്ഞെടുപ്പുമുതൽ പാഠപുസ്തക തെരഞ്ഞെടുപ്പിലും സഹായകഗ്രന്ഥങ്ങളുടെ തെരഞ്ഞെടുപ്പിലും തികഞ്ഞ സ്ത്രീവിവേചനം നിലനിന്ന മേഖലയാണിത്.

1936- ലാണ് ആദ്യമായി ഒരു വനിതയ്ക്ക് മലയാളം ബോർഡംഗമാവാൻ കഴിയുന്നത്. മൈലാപ്പൂർ ക്വീൻമേരീസ് കോളേജിലെ സി. അമ്മുവാണ് മദ്രാസ് സർവ്വകലാശാലയിലൂടെ ഈ നേട്ടം കൈവരിക്കുന്നത്. 1866-ൽ തുടങ്ങുന്ന മലയാളപഠനത്തിന്, അറുപതുവർഷങ്ങൾക്കുശേഷമാണ് പഠനബോർഡിൽ ഒരു വനിതയെ ഉൾപ്പെടുത്താൻ സാധിക്കുന്നതെന്നത് അക്കാദമിക ബോഡികളിൽ ഇന്നും അവസാനിച്ചിട്ടില്ലാത്ത പുരുഷകോയ്മയുടെ ശക്തമായ പൂർവ്വകാലത്തെയാണ് വ്യക്തമാക്കുന്നത്. 1906-മുതലുള്ള പഠനബോർഡിൽ ക്രൈസ്തവ സാമുദായിക പ്രാതിനിധ്യം ദൃശ്യമാണ്. തിരുവിതാംകൂർ സർവ്വകലാശാല രൂപീകരിക്കപ്പെട്ടതിനുശേഷമുണ്ടായ 1938-ലെ 10 അംഗങ്ങളുടെ ആദ്യപഠന ബോർഡിൽ തന്നെ മീനാക്ഷിയമ്മയിലൂടെ വനിതാപ്രാതിനിധ്യവും ഉണ്ടായിരുന്നു.

1937 നവംബർ 1-ന് തിരുവിതാംകൂർ സർവ്വകലാശാല നിലവിൽ വരുന്നതിന് മദ്രാസ് സർവ്വകലാശാലയുടെ അഫിലിയേഷനിൽ ഉള്ള എസ്.ബി. കോളേജിന്റെയും യു.സി. കേളേജിന്റെയും സമ്മതമാവശ്യമായിരുന്നു. ഈ രണ്ടുകോളേജുകളിലെയും പ്രിൻസിപ്പൽമാർ പുതുതായി ഉണ്ടാകുന്ന സർവ്വകലാശാല സിണ്ടിക്കേറ്റിൽ സ്ഥിരാംഗങ്ങളായിരിക്കണമെന്ന വ്യവസ്ഥയിൽ സമ്മതം നല്കി.

10.5.1. പാഠ്യപദ്ധതി നിർമ്മിതിയിലെ ലിംഗ വിവേചനം

പുരുഷ കേന്ദ്രിത സാമൂഹിക വ്യവസ്ഥിതി കൊണ്ടുണ്ടാകുന്ന ലിംഗവിവേചനം മറ്റെല്ലാത്തിലുമെന്ന പോലെ പാഠ്യപദ്ധതി നിർമ്മിതിയിലും പാഠപുസ്തക- സഹായകഗ്രന്ഥ തിരഞ്ഞെടുപ്പിലും പ്രതിഫലിക്കുന്നുണ്ട്.ചുവടെ കൊടുത്തിരിക്കുന്ന ഗ്രാഫുകൾ 2016 വരെയുള്ള എം.എ. മലയാള പാഠ്യപദ്ധതിയിലെ ലിംഗവിവേചനത്തിന്റെ ആഴം വ്യക്തമാക്കും.

പത്തു സർവ്വകലാശാലകളിലെയും എം.എ.മലയാള പാഠ്യപദ്ധതിയിൽ 2016 വരെ നിർദേശിക്കപ്പെട്ട പാഠപുസ്തകങ്ങളിൽ വ്യാകരണ വൃത്താലങ്കാര കോഴ്സിലും ഭാഷാശാസ്ത്ര കോഴ്സിലും സ്ത്രീ രചനകൾ (ഏകകർതൃത്വം) ഒന്നും തന്നെയില്ല. പ്രാചീന മധ്യകാല സാഹിത്യത്തിൽ കേവലം 1ശതമാനവും കേരള ചരിത്ര / സംസ്കാരപഠനത്തിൽ കേവലം 2.5 ശതമാനവും ആണ് പ്രാതിനിധ്യം. ആധുനിക സമകാലിക ഗദ്യ, പദ്യസാഹിത്യത്തിൽ മാത്രമാണ് 9% എങ്കിലും പ്രാതിനിധ്യം ഉള്ളത്.



ഗ്രാഫ് 1. പാഠപുസ്തകങ്ങളിലെ ലിംഗപ്രാതിനിധ്യം



ഗ്രാഫ് 2. സഹായകഗ്രന്ഥങ്ങളിലെ ലിംഗപ്രാതിനിധ്യം

പഠനത്തിനായി നിർദേശിക്കപ്പെട്ട സഹായക ഗ്രന്ഥങ്ങളുടെ കണക്കെടുക്കുമ്പോഴും സ്ഥിതി വ്യത്യസ്തമല്ല. ഭാഷാശാസ്ത്രത്തിലാണ് ഏറ്റവും കുറവ് 1.6% മാത്രം. കേരള സംസ്കാരപഠനത്തിൽ 2.3% വും സാഹിത്യ സിദ്ധാന്തത്തിൽ 4.70 % വും വ്യാകരണത്തിൽ 4.8% വും ആണ്. ആധുനിക സമകാലിക പദ്യസാഹിത്യത്തിൽ ആണ് ഉയർന്ന പ്രാതിനിധ്യം ഉള്ളത്, എന്നാൽ അതു പോലും കേവലം 6.5 % ആണ്. കോളേജ് അധ്യാപകരിൽ 60% ത്തിലധികം സ്ത്രീകളാണെങ്കിലും സോർഡ് ഓഫ് സ്റ്റഡീസ് പോലുള്ള അക്കാദമിക

സംവിധാനങ്ങളിലെ സ്ത്രീ പ്രാതിനിധ്യം ശരാശരി പത്തംഗങ്ങളിൽ ഒന്നോ രണ്ടോ എന്ന നിലയിലാണ്.വ്യാകരണം, കേരളപഠനം, ഭാഷാശാസ്ത്രം തുടങ്ങിയ മേഖലകളിൽ സ്ത്രീകൾ എന്തുകൊണ്ട് താൽപര്യം പ്രകടിപ്പിക്കുന്നില്ലെന്നത് സവിശേഷമായി പഠിക്കേണ്ട വിഷയമാണ്. അതോടൊപ്പം ഉള്ള കൃതികൾ പോലും പരിഗണിക്കാതിരിക്കുന്ന ആൺകോയ്മയുടെ മനോഭാവത്തിലും മാറ്റം വരേണ്ടതുണ്ട്.

10.5.2. ആദ്യത്തെ തിരുവിതാംകൂർ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾ- 1938

1. പി. അനന്തൻ പിള്ള - ചെയർമാൻ
2. എ. ഗോപാലമേനോൻ
3. കൈനിക്കര പത്മനാഭപിള്ള
4. ബാലകൃഷ്ണവാര്യർ (ഡയറക്ടറുടെ പി.എ)
5. പി. കുഞ്ഞിരാമൻ നായർ (കവി)
6. ഡോ. ഗോദവർമ്മ
7. ഡോ.സി. പത്മനാഭനുണ്ണി
8. മീനാക്ഷിയമ്മ
9. മഹാകവി ഉള്ളൂർ
10. പി.വി ഉലഹന്നാൻ

എസ്.ബി. കോളേജ് പ്രസിദ്ധീകരിച്ച മലയാള കുടുംബചരിത്രത്തിലെ പരാമർശങ്ങൾ അന്നത്തെ സാമൂഹിക-സാംസ്കാരിക സാഹചര്യങ്ങളെ പ്രതിഫലിപ്പിക്കുന്നു.

"1955-ൽ ബി.എ., ബി.എസ്.സി. പരീക്ഷാബോർഡ് ചെയർമാനും എം.എ. ബോർഡ് മെമ്പറുമായി തിരുവിതാംകൂർ സർവ്വകലാശാല മാപ്പിള സാറിനെ നിയമിച്ചു. ഏകസമുദായ മേധാവിത്വം തകരുന്നതിൽ പലർക്കും ഉത്ക്കണ്ഠയുണ്ടായിരുന്നു. ഇക്കാലത്ത് എ.ആർ രാരാജവർമ്മയുടെ 'ലോകാലോകം' എന്ന പുസ്തകം ടെക്സ്റ്റാക്കാനുള്ള നീക്കത്തെ മാപ്പിളസാർ തടഞ്ഞു. 'ക്രിസ്തു ദൈവമാണെന്ന് ക്രിസ്തു പറഞ്ഞിട്ടേയില്ല' എന്ന് ആ പുസ്തകത്തിലുണ്ടായിരുന്നത്" ആണ് കാരണം"[10]

1963-ൽ കേരള യുണിവേഴ്സിറ്റിയുടെ മലയാള ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാനായിരിക്കെ മാപ്പിളസാർ ഐ.സി. ചാക്കോയുടെ 'വാല്മീകിയുടെ ലോകത്തിൽ' ടെക്സ്റ്റ് ബുക്ക് ആക്കിയതിന് നായർ പ്രമാണിമാരിൽ നിന്ന് എതിർപ്പ് നേരിടേണ്ടി വന്നു. (2013: 41) അതിൽ അശ്ലീലമുണ്ടെന്നാണ് അവർ ആരോപിച്ചത്.

"രാജാവും രാജധാനിയും മലയാളഭാഷയുമെല്ലാം തങ്ങൾക്കു സ്വന്തമെന്ന് കരുതിപ്പോന്നിരുന്ന നായർ മേധാവിത്വത്തിന്റെ അക്കാലത്ത് ഒരു ഒറ്റയാൾ പട്ടാളത്തെപ്പോലെ സർവ്വകലാശാല സമിതികളിൽ മാപ്പിളസാറിന്ന് പൊരുതേണ്ടി വന്നു" (2013: 41)

10.6. ഒരു നൂറ്റാണ്ടുകാലത്തെ ഭാഷാഗദ്യപഠനം

1970-ൽ മലയാളവിഭാഗം തുടങ്ങിയ കോഴിക്കോട് സർവ്വകലാശാലയിൽപോലും 1990- നു മുമ്പുള്ള എം.എ. പാഠ്യപദ്ധതികൾ ലഭ്യമല്ല എന്നിരിക്കെ പതിനാലുദശാബ്ദങ്ങളിലെ പാഠ്യപദ്ധതികളുടെ കണ്ടെടുപ്പ് എന്നത് ഈ ചരിത്ര നിർമ്മിതിയെ ഏറെ ദുഷ്കരമാക്കുന്ന ഘടകമാണ്. ഈ ഭാഗത്ത് 1915 മുതൽ 2016 വരെയുള്ള ഭാഷാപഠനത്തെ എഫ്.എ, ഇന്റർമീഡിയറ്റ്, ബി.എ. എന്നിങ്ങനെ സാമാന്യമായും എം.എ.-യെ സവിശേഷമായും പരിഗണിച്ചുകൊണ്ട് വിശകലനം ചെയ്യാനാണ് ശ്രമിക്കുന്നത്. എഴുത്തുകാരുടെയും കൃതികളുടെയും പീഠവൽക്കരണം അഥവാ സാഹിത്യത്തിലെ കാനോനീകരണം നടക്കുന്നതിലെ ശക്തമായ മാധ്യമം എന്ന നിലയിൽ സ്കൂൾ, കോളേജ് ഭാഷാസാഹിത്യ പഠനത്തിന്റെ പാഠ്യപദ്ധതികൾക്കുള്ള പ്രാധാന്യമാണ് ഈ പഠനത്തെ പ്രസക്തമാക്കുന്നത്. അറിവ് നിഷ്കളങ്കമല്ലെന്ന ഫൂക്കോയുടെയും പ്രത്യയശാസ്ത്ര സംബന്ധിയായ അൽത്തൂസറിന്റെയും നിരീക്ഷണങ്ങൾ ഈ വിശകലനങ്ങളെ സാധൂകരിക്കും.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭം വരെ സാഹിത്യപഠനമെന്നാൽ കാവ്യപഠനം മാത്രമായിരുന്നതിനാൽ അക്കാലത്തെ പാഠ്യപദ്ധതികളിൽ ഗദ്യകൃതികളെ നാമമാത്രമായേ കാണാൻ കഴിയുമായിരുന്നുള്ളൂ. അഥവാ അക്കാദമികമായി പഠിക്കേണ്ട സാഹിത്യവിഭാഗമാണ് ഗദ്യമെന്ന ബോധം അന്നത്തെ പാഠ്യപദ്ധതിനിർമ്മാതാക്കൾക്കുണ്ടായിരുന്നില്ലെന്നർത്ഥം. ബ്രിട്ടീഷ്മേൽക്കോയ്മയുടെയും ഇംഗ്ലീഷ് ഭാഷയുടെയും സാംസ്കാരിക അധിനിവേശത്തിന്റെ ആ കാലഘട്ടത്തിൽ ഇന്ത്യൻ ഭാഷകളോടും ഭാരതീയരായ അദ്ധ്യാപകരോടും തികഞ്ഞ അവഗണനയാണ് നിലനിന്നിരുന്നത്. ഈ സാഹചര്യത്തിൽ നാട്ടുഭാഷകളുടെ പാഠ്യപദ്ധതികളെ ഗുണപരമായി പരിവർത്തിപ്പിക്കാൻ പാശ്ചാത്യ നേതൃത്വത്തിൽ നിന്ന് ഒരു ശ്രമവും ഉണ്ടായിരുന്നില്ല. വളർച്ച തടയാനുള്ള ശ്രമങ്ങൾ നിരന്തരം നടത്താൻ പരമാവധി പരിശ്രമിച്ചിട്ടുമുണ്ടായിരുന്നു.

ബി.എ.യുടെ ആദ്യകാല രണ്ടാംഭാഷാ പാഠ്യപദ്ധതികൾ പരിശോധിക്കുമ്പോൾ അതിൽ വിശദപഠനത്തിനുള്ളവ, അല്ലാത്തവ എന്നിങ്ങനെയുള്ള വിഭജനം കാണാവുന്നതാണ്. വിശദപഠനത്തിനുള്ളവയിൽ പദ്യവും ഗദ്യവും, അല്ലാത്തവയിൽ ഗദ്യം മാത്രമായുമാണ് കാണുന്നത്. ഈ വിഭജനത്തിൽ പ്രതിഫലിക്കുന്ന യുക്തി പദ്യത്തെ അപേക്ഷിച്ച് ഗദ്യത്തിന് സാങ്കേതികതയും ഗൗരവവും കുറവാണ് എന്നതാണ്. ലഭ്യമായ പാഠ്യപദ്ധതികളിൽ ആദ്യമായി ഗദ്യകൃതികൾ കാണുന്നത് 1915-ലെ ബി.എ. ഓണേഴ്സിന്റെ പാഠ്യപദ്ധതിയിലാണ്. കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ അക്ബർ നോവൽ, ഇന്ദുലേഖ നോവൽ, മാർത്താണ്ഡവർമ്മ നോവൽ, പരമേശ്വരൻ പിള്ളയുടെ കുഞ്ഞുതമ്പിമാർ, കേരളപാണിനീയം വ്യാകരണകൃതി എന്നിവയാണവ. 1929 ൽ ബി.എ. രണ്ടാംഭാഷയിൽ ശാരദ വരുന്നു. കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതിഹ്യമാല ഭാഗം 2 പാഠപുസ്തക (1930 ബി.എ. പാർട്ട് 2) മായിരുന്നുവെന്നത് ഇന്ന് കൗതുകകരമായിത്തോന്നാം. 1931-ൽ

കുന്ദലത പഠിപ്പിക്കപ്പെട്ടിരുന്നു. ലക്ഷണമൊത്തതല്ലെന്ന അപവാദം പിൽകാലത്ത് രൂപപ്പെട്ടതാവാം പിന്നീട് പാഠ്യപദ്ധതിയിൽനിന്ന് ഉപേക്ഷിക്കാൻ കാരണം.

സംസ്കൃതമറിയാതിരിക്കുന്നതും സംസ്കൃതമറിയുന്നവർ മലയാളത്തിലെഴുതുന്നതും അപമാനകരമായി കണ്ടിരുന്ന സവർണ വരേണ്യതാബോധമാണ് പത്തൊമ്പതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിലും നിലനിന്നിരുന്നത്. എ.ആർ. രാജരാജവർമ്മയിലും അദ്ധ്യാപകവൃത്തിയിൽ ഏർപ്പെടുന്നഘട്ടംവരെയെങ്കിലും ഇത്തരം ബോധം നിലനിന്നതിനാൽ ഭാഷാകൃതികളുടെ രചനയിൽ കൈവച്ചിരുന്നില്ല. അന്നത്തെ സാംസ്കാരികകേരളത്തിന്റെയും സാഹിത്യകേരളത്തിന്റെയും കേന്ദ്രമായി വർത്തിച്ചിരുന്നത് കേരളവർമ്മ കോയിത്തമ്പുരാനും എ.ആർ. രാജരാജവർമ്മയുമാണ്. അവരുടെ പ്രവർത്തനങ്ങൾക്ക് അത്രമാത്രം സ്വാധീനമുണ്ടായിരുന്നു. തന്റെ വിദ്യാർത്ഥികൾക്കുവേണ്ടി ക്ലാസ്മുറിയിൽ എ.ആർ. ചെയ്യുന്ന പ്രവൃത്തികൾപോലും ദൂരവ്യാപകമായ അനുരണനങ്ങൾ അല്ലെങ്കിൽ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമായിരുന്നു. ശാകുന്തളം വിവാദവും ദ്വിതീയാക്ഷരപ്രാസവാദവും ഉദാഹരണം. കേരളവർമ്മയുടെ അക്ബർ നോവൽ വിവർത്തനവും സി.വി. രാമൻപിള്ളയുടെ കൃതികളും മലയാളഗദ്യമെന്നാൽ സംസ്കൃതപദബഹുലമായ മണിപ്രവാളത്തിലെഴുതേണ്ടതാണെന്ന ധാരണയുണ്ടാക്കുകയും ആളുകൾ ആ വഴിക്കുനീങ്ങുകയും ചെയ്തു.

1937-ലെ ബി.എ. ഓണേഴ്സിൽ ആർ. നാരായണപ്പണിക്കരുടേയും പി. ഗോവിന്ദപ്പിള്ളയുടെയും ആറ്റൂർ കൃഷ്ണപിഷാരടിയുടെയും സാഹിത്യചരിത്രങ്ങൾ മുഴുവനായി ഒരേസമയം പാഠപുസ്തകമായിരുന്നുവെന്നത് ഇന്ന് അത്ഭുതകരമായിത്തോന്നാം. ഇന്നാവട്ടെ സഹായകഗ്രന്ഥങ്ങളിൽപോലും പലപ്പോഴും ഇവയൊന്നും കാണാനില്ല.

എഫ്.എ. കോഴ്സിന്റേയും ബി.എ. രണ്ടാംഭാഷ മലയാളത്തിലെയും ഗദ്യകൃതികൾ നിരന്തരമായി മാറ്റാറുണ്ടായിരുന്നു. സാഹിത്യചരിത്രത്തിൽ ഇടംപിടിക്കാത്ത അല്പായുസ്സുകളായ ധാരാളം എഴുത്തുകാരും കൃതികളും തുടരെ പ്രത്യക്ഷപ്പെടാറുണ്ടായിരുന്നു. പുസ്തകപ്രസാധന വിപണിയും പാഠ്യപദ്ധതിയും തമ്മിലുള്ള വിശ്രദ്ധവും അവിശ്രദ്ധവുമായ കൂട്ടുകെട്ടിന്റെ ഫലമായിരുന്നു ഇത്. കുറഞ്ഞ സാക്ഷരതയും പുസ്തകം പണം കൊടുത്തുവാങ്ങി ഉപയോഗിക്കുന്നവരുടെ എണ്ണക്കുറവുംമൂലം കഷ്ടപ്പെടുന്ന എഴുത്തുകാർക്കും പ്രസാധകർക്കും രക്ഷപ്പെടാനുള്ള മാർഗ്ഗമായിരുന്നു പാഠപുസ്തകവിപണി.

എഴുത്തുകാരികളോടുള്ള വിവേചനമാണ് ഗദ്യകൃതികളുടെ തെരഞ്ഞെടുപ്പിൽ പ്രതിഫലിക്കുന്ന മറ്റൊരു ഘടകം. ബി. കല്യാണിയമ്മയുടെ വ്യാഴവട്ടസ്മരണകളാണ് ആദ്യകാലത്ത് പ്രാധാന്യം കിട്ടിയ ഗദ്യകൃതി. രാജകുടുംബത്തിൽപ്പെട്ടവർക്കും ചില അന്തർജനങ്ങൾക്കും അക്കാരണം കൊണ്ടുതന്നെ പാഠ്യപദ്ധതിയിൽ ചില സന്ദർഭങ്ങളിൽ ഇടം നേടാൻ കഴിഞ്ഞിട്ടുണ്ട്. പാഠപുസ്തകങ്ങളിൽ മാത്രമല്ല സഹായകഗ്രന്ഥങ്ങളിൽ നിന്നും സ്ത്രീ എഴുത്തുകാരികളുടെ രചനകളെ മാറ്റി നിർത്താൻ ബോർഡ് ഓഫ് സ്റ്റഡീസിലെ

പുരുഷാധിപത്യം ശ്രദ്ധിച്ചിരുന്നു. 1933-ൽ ബി.എ. മലയാളത്തിൽ ഗദ്യവിഭാഗത്തിൽ ഉൾപ്പെടുത്തിയ കാർത്തികതിരുനാൾ തമ്പുരാട്ടിയുടെ ശ്രുരസിംഹം എന്ന കൃതിയാണ് ആദ്യത്തെ സ്ത്രീപ്രാതിനിധ്യം.

ഉന്നതവിദ്യാഭ്യാസ മേഖലയിലെ ഭാഷാസാഹിത്യ പഠനത്തിന്റെ ഉദ്ദേശ്യല ക്ഷ്യങ്ങൾ നിർവചിക്കപ്പെടാതിരിക്കുകയും പാഠ്യപദ്ധതിയെ സംബന്ധിച്ച ആധുനിക കാഴ്ചപ്പാടുകൾ സ്വാംശീകരിക്കാതിരിക്കുകയും ചെയ്യാത്ത സാഹചര്യത്തിൽ കൃതികളുടെ തെരഞ്ഞെടുപ്പിലും അവയുടെ വിനിമയത്തിലും മതിയായ നിഷ്കർഷകളോ മാനദണ്ഡങ്ങളോ ഉണ്ടായിരുന്നില്ല.

മുഖ്യധാരാസാഹിത്യത്തിൽ എന്നപോലെ പാഠ്യപദ്ധതിയും ഭാഷയുടെയും സാഹിത്യത്തിന്റെയും ബഹുസ്വരധാരകളെ ഉൾക്കൊണ്ടിരുന്നില്ല. ദലിത്സാഹിത്യം, സ്ത്രീസാഹിത്യം, മിഷനറി സാഹിത്യം, അറബിമലയാള സാഹിത്യം എന്നവ ഒരുപോലെ അവഗണിക്കപ്പെട്ടു. പോത്തേരികുഞ്ഞമ്പുവിന്റെ സരസ്വതീവിജയം നോവൽ പാഠ്യ പദ്ധതിയിലിടം നേടുന്നത് അത് രചിച്ച് ഒട്ടേറെ വർഷങ്ങൾക്കുശേഷമാണ്. മലയാള ഭാഷയ്ക്ക് സ്വന്തമായി ലിപിയുണ്ടാവാതിരുന്ന കാലത്ത് അറബിലിപിയെ പരിഷ്കരിച്ച് മലയാളത്തിൽ രേഖപ്പെടുത്തിയ ഗദ്യ, പദ്യങ്ങളുടെ വിപുലസഞ്ചയമായ അറബിമലയാള സാഹിത്യം 2018-ലും അവഗണനയിലാണ്. മോയിൻകുട്ടിവൈദ്യരുടെ ബദറുൽമുനീറിലും അടുത്തകാലത്തായി മുഹിയുദ്ദീൻ മാലയിലും ആയി അതിനെ പരിമിതപ്പെടുത്തിയിരി ക്കുന്നു. 17-ാം നൂറ്റാണ്ടിലെ വെളളാട്ടിമസ്അല മലയാളഭാഷയുടെ ആവിർഭാവത്തെയും പരിണാമത്തെയും പഠിക്കുന്നവർക്ക് ഒഴിവാക്കാനാവാത്ത ഗദ്യകൃതിയാണ്. അമീർഖു സ്രുവിന്റെ ചാർദർവേശ് എന്ന നോവൽ ഇന്ദുലേഖയ്ക്കും മുമ്പ് 1883-ൽ മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. അച്ചടിയുടെ ചരിത്രത്തിലോ സാഹിത്യചരിത്രങ്ങളിലോ അടയാളപ്പെടുത്തിയിട്ടില്ല. കാലം കൊണ്ട് മലയാളത്തിലെ ഒന്നാമത്തെ നോവലാവു ന്നുവെന്നത് മാത്രമല്ല മലയാളത്തിൽ നോവലുകൾ ഉണ്ടായത് ഇംഗ്ലീഷ് നോവലിനെ പിൻപറ്റിയാണെന്ന പരികല്പനയെയും ചാർദർവേശ് നിരാകരിക്കുന്നു. ഉറുദു പേർഷ്യൻ ഭാഷാസാഹിത്യത്തിന്റെയും ധൈഷണികതയുടെയും ചിന്താധാരയെ കൊളോണിയൽ വ്യവഹാരങ്ങളും സവർണഹൈന്ദവ അധീശവ്യവഹാരങ്ങളും എങ്ങനെ അട്ടിമറിച്ചുവെ ന്നത് രാഷ്ട്രീയമായി വിശകലനം ചെയ്യപ്പെടേണ്ടതുണ്ട്.

പ്രാചീനഗദ്യകൃതികളെ മലയാളഭാഷാചരിത്രത്തെയും സാഹിത്യചരിത്രത്തെയും മുൻനിർത്തി പഠിക്കേണ്ടതുണ്ടെന്ന അക്കാദമിക ബോധം ഉണ്ടാവുന്നത് 1960 കളിലാണ്. അതേത്തുടർന്നാണ് ഭാഷാകൗടലീയം, അംബരീഷോപാഖ്യാനം, ബ്രഹ്മാണ്ഡപുരാണം എന്നിവ ആദ്യവും പിന്നീട് വർത്തമാനപുസ്തകവും ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകളും സംക്ഷേപവേദാർത്ഥവും ബൈബിൾവിവർത്തനങ്ങളും പാഠ്യപദ്ധതിയിലിടം

നേടുന്നത്. 1960 കളിൽ കേരള സർവ്വകലാശാലയുടെ പാഠ്യപദ്ധതിയിൽ ഭാഷാചരിത്ര പേപ്പറിൽ മാപ്പിളമലയാളഭാഷാഭേദവും അറബിമലയാള സ്വാധീനവും പാഠ്യവസ്തുവായി പരാമർശമുണ്ടായിരുന്നു. എന്നാൽ പാഠപുസ്തകങ്ങളോ റഫറൻസോ നല്കിയിരുന്നില്ല. 1978- ൽ കെ.കെ.മുഹമ്മദ് അബ്ദുൾകരീം മാസ്റ്ററും, സി.എൻ. അഹമ്മദ് മൗലവിയും ചേർന്ന് മലയാളത്തിൽ പ്രസിദ്ധീകരിച്ച 'മഹത്തായ മാപ്പിള സാഹിത്യപാരമ്പര്യം' - എന്ന കൃതിയെ നമ്മുടെ സാഹിത്യചരിത്രവിജ്ഞാനീയങ്ങളിലോ മുഖ്യധാരാ പുസ്തക പ്രസാധന ചരിത്രകൃതികളിലോ പാഠ്യപദ്ധതിയിലോ അറബിമലയാള സാഹിത്യത്തിന്റെ പാഠപുസ്തകമായോ എന്തിന് റഫറൻസായോ ഇന്നുവരെ കാണാൻ സാധിച്ചിട്ടില്ല.

ഗദ്യസാഹിത്യപഠനത്തിന്റെ ചരിത്രത്തിൽ ശ്രദ്ധേയമായ വഴിത്തിരിവുണ്ടാക്കിയ കാലമാണ് 2000-ത്തിനുശേഷമുണ്ടായ ക്രെഡിറ്റ് ആൻഡ് സെമസ്റ്റർ സിസ്റ്റം (CSS), ചോയ്സ് ബെയ്സ്ഡ് ക്രെഡിറ്റ് ആൻഡ് സെമസ്റ്റർ സിസ്റ്റം (CBCSS) ഘടനാപരമായ മാറ്റത്തോടൊപ്പം പഠന ബോധന രീതികളെക്കുറിച്ചുള്ള ചർച്ചയും സമീപനത്തിനും ഈ മാറ്റം കാരണമായി. ഭാഷാഗദ്യപഠനത്തെ സംബന്ധിച്ചിടത്തോളം വലിയൊരു കുതിച്ചുചാട്ടത്തിന്റെ കാലമായി ഇതിനെ പരിഗണിക്കാം. ഗദ്യം, പദ്യം എന്നിങ്ങനെ കേവലം രൂപപരമായ വിഭജനത്തിനപ്പുറം ഗദ്യത്തിന്റെ രാഷ്ട്രീയവും സാംസ്കാരികവുമായ മാനങ്ങൾ ഉടച്ചുവാർക്കപ്പെട്ട് അതിന്റെ സാമൂഹികരാഷ്ട്രീയം ഉരുവം കൊള്ളുന്നഘട്ടമായി ഇതിനെ പരിഗണിയ്ക്കാം. പരമ്പരാഗതമായ 8-10 പേപ്പർ പഠനത്തിനു പകരം നാലു സെമസ്റ്ററുകളിലേക്ക് ഏറ്റവും ചുരുങ്ങിയത് 16 പേപ്പറുകൾ CSS-ലും 20 മുതൽ 30-ഉം അതിലധികവും പേപ്പറുകൾ CBCSS-ലും ആവശ്യമായി വന്നു. കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃതസർവ്വകലാശാല പോലുള്ള ഇടങ്ങളിൽ ഇത് പൊതുപേപ്പറുകൾ, മലയാളവിഭാഗം നല്കുന്ന പേപ്പറുകൾ, അദ്ധ്യാപകർ നല്കുന്ന പേപ്പറുകൾ എന്നിങ്ങനെ വികസിച്ചപ്പോൾ പാഠ്യപദ്ധതികളുടെ എണ്ണം 70 ആയി. ഒരു പ്രോഗ്രാമിന് ഒരേകാലത്ത്. പുതിയ പേപ്പറുകൾക്കുവേണ്ടിയുള്ള അന്വേഷണം ഗദ്യശാഖയെയാണ് സമ്പന്നമാക്കിയത്. പഴയതും പുതിയതുമായ ധാരാളം കൃതികൾ പാഠ്യപദ്ധതിയിൽ അവതരിച്ചു. പുതിയ എഴുത്തുകാരുടെയും, കൃതികളുടെയും, വിഷയമേഖലകളുടെയും എന്നുവേണ്ട ആഖ്യാനരൂപങ്ങളുടെയും വിജ്ഞാനശാഖകളുടെപോലും കാനോനീകരണത്തിന് അതു നിമിത്തമായി. ഉദാഹരണത്തിന് 2000-ത്തിനുശേഷം തഴച്ചുവളർന്ന ആത്മകഥാശാഖ, അനുഭവമെഴുത്തുകൾ ഒക്കെ പാഠ്യപദ്ധതിയിലിന്ന് ഒഴിച്ചുകൂടാനാവാത്തതായിമാറി.

തിരക്കഥകൾ, നാടകങ്ങൾ, കൈയെഴുത്തുപ്രതികൾ, വൈജ്ഞാനികകൃതികൾ, ഇന്നുവരെയുണ്ടായ വ്യാകരണകൃതികൾ, സൈബർമലയാളം, ദലിത് സാഹിത്യം, സ്ത്രീപഠനം, പരിസ്ഥിതി സാഹിത്യം, പ്രാചീനഗദ്യം, മിഷനറിസാഹിത്യം, നിഘണ്ടുക്കൾ, വിജ്ഞാനകോശങ്ങൾ, നാടോടിവിജ്ഞാനീയം, കലകൾ, സമകാലികസാഹിത്യം, ചരിത്രവിജ്ഞാനീയം, സംസ്കാരപഠനങ്ങൾ, ആധുനികത, രീതിശാസ്ത്രം, പ്രബന്ധരചന, വിവർത്തനം,

വിശ്വസാഹിത്യം, മഹാഭാരതം, ചിഹ്നവിജ്ഞാനം, മാധ്യമം, തെയ്യം, ഭാഷാവ്യവഹാരങ്ങൾ, ഭാരതീയസാഹിത്യം, ആഖ്യാനശാസ്ത്രം, കേരളീയചിന്ത, രേഖാവിജ്ഞാനീയം, ഭക്തിസാഹിത്യം, ചലച്ചിത്രഗാനം എന്നിവയെല്ലാം കോഴ്സുകളായി മാറി. പാരമ്പര്യങ്ങളുടെ ജടിലതയിൽ നിന്ന് പാഠ്യപദ്ധതി മുക്തമാവുകയും ഇന്നലെയിറങ്ങിയ കൃതിയെ ഇന്നുൾക്കൊള്ളാൻ കഴിയുംവിധം അയവുള്ളതാവുകയും ചെയ്ത വർത്തമാനകാലം ഗദ്യപഠനത്തിന്റെയും പുഷ്കലകാലമാണ്. ഹൈന്ദവ, സവർണ, വരേണ്യബോധങ്ങളിൽ നിന്ന് കുതറിമാറി പാഠ്യപദ്ധതിയും ഗദ്യപഠനവും ഭാഷയുടെയും സാഹിത്യത്തിന്റെയും ബഹുസ്വരധാരകളെ കണ്ടെടുക്കുകയും അടയാളപ്പെടുത്തുകയും പഠിക്കുകയും ചെയ്യുന്ന സന്ദർഭം കൂടിയാണ്. ഹോർത്തൂസ് മലബാറിക്കസ്, സംക്ഷേപവേദാർത്ഥം, വേദതർക്കം, ബെയ്ലിയുടെ ബൈബിൾ വിവർത്തനം, പശ്ചിമോദയം, ജ്ഞാനനിക്ഷേപം, മിഷനറി നിഘണ്ടുക്കൾ, ബാലാഭ്യസനം,(ജോർജ്ജ് മാത്തൻ) പഞ്ചതന്ത്രം, ബാലസാഹിത്യകൃതികൾ, യുക്തിഭാഷ, മുക്തിതങ്ങളുടെ കൃതികൾ, ചന്ദ്രമേനോന്റെ മെമ്മോറാണ്ടം, ശാസ്ത്രസാഹിത്യം, ആനുകാലികങ്ങളിലെ ലേഖനങ്ങൾ, അവതാരികകൾ, പ്രസംഗങ്ങൾ, ഭരണഭാഷ, നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട്, തലശ്ശേരി രേഖകൾ, ഭരണഘടന, മലയാളഗവേഷണം എന്നിവയൊക്കെ ഗദ്യപഠനത്തിന്റെ ഭാഗമായി മാറിക്കഴിഞ്ഞത് അതിന്റെ തെളിവാണ്. ഗദ്യഭാഷയുടെ ചരിത്രവൽക്കരണവും രാഷ്ട്രീയവായനകളും എന്ന വിപുലമായ ഉദ്ദേശ്യലക്ഷ്യങ്ങളിലേയ്ക്ക് ഇവിടെ പാഠ്യപദ്ധതി വികസിക്കുന്നു.

10.7. അറബിമലയാള സാഹിത്യവും പാഠ്യപദ്ധതിയും

ഭാഷ മലയാളമാണെന്നതുകൊണ്ടും ഗദ്യപദ്യങ്ങളുടെ വിഭിന്നശാഖകളിലായി മൂവായിരത്തിലധികം കൃതികൾ ഉണ്ടെന്ന് കണക്കാക്കുന്നതിനാലും നൂറ്റാണ്ടുകളുടെ പഴക്കവും പരിണാമവും ഉള്ളതിനാലും മലയാള ഭാഷാസാഹിത്യപഠനത്തിൽ നിന്ന് അറബിമലയാള സാഹിത്യം മാറ്റിനിർത്തിയാൽ അതിന്റെ അപൂർണ്ണത മുഴച്ചുനില്ക്കുകതന്നെ ചെയ്യും. മാത്രമല്ല അങ്ങനെ രൂപപ്പെടുത്തുന്ന ജ്ഞാനനിർമ്മിതി യാഥാർത്ഥ്യവുമായി ബന്ധമില്ലാത്ത വികലമായ ഒന്നായിത്തീരുകയും ചെയ്യും. മലയാള ഭാഷയ്ക്ക് നിയതമായ ലിപിയില്ലാത്ത സാഹചര്യത്തിൽ മലയാളത്തെ രേഖപ്പെടുത്താൻ മലബാറിലെ മുസ്ലിങ്ങൾ തദ്ദേശീയമായി വികസിപ്പിച്ച മാർഗ്ഗം എന്ന നിലയിൽ ഏറെ പ്രസക്തവുമാണിത്.

അറബിമലയാളത്തോടുള്ള ബിരുദാനന്തരബിരുദ മലയാളപാഠ്യപദ്ധതിയുടെ സമീപനം എന്തായിരുന്നുവെന്ന് വിശകലനം ചെയ്ത നിഗമനങ്ങൾ രൂപപ്പെടുത്തുക, പഠനം മുന്നോട്ടുവച്ച പരികല്പനയുടെ അടിസ്ഥാനത്തിൽ നിഗമനങ്ങളെ വിലയിരുത്തുക എന്നിവയാണ് ഈ ഭാഗം കൊണ്ട് ഉദ്ദേശിക്കുന്നത്.

നിലവിലിരുന്ന ഇംഗ്ലീഷിന്റെയും സംസ്കൃതത്തിന്റെയും മാനകമലയാളത്തിന്റെയും

കോയ്മകളെ വകവയ്ക്കാത്ത, പ്രാദേശികമായ പ്രതിരോധം എന്ന നിലയ്ക്കുകൂടി അറബി മലയാളഭാഷയും സാഹിത്യവും പ്രസക്തമാണ്. "രേഖീയവും ഏകകാലികവും ആയി ഇന്ത്യൻ സാഹിത്യചരിത്രം വ്യാഖ്യാനിച്ച ആംഗലവാദികളും പൗരസ്ത്യവാദികളും സാംസ്കാരികമായ പുത്തനുണർവിന്റെ പ്രകാരഭേദങ്ങളെ മറയ്ക്കാനും മായ്ക്കാനും ആണ് ശ്രമിച്ചത്" (എതിർദിശകൾ, 2017: 17). സംസ്കൃതജന്യമായ മാർഗിയിൽ നിന്ന് വിഭിന്നമായ ദേശിയിലേക്കാണ് ഇവയുടെ ചാർച്ച. മാനകഭാഷയോട് പുറംതിരിഞ്ഞുനിന്നുകൊണ്ട് സ്വതന്ത്രമായി ഇതരഭാഷകളെ സ്വാംശീകരിച്ചുപയോഗിച്ച് ഭാഷാസങ്കരത്തിന്റെ വളർച്ചയുടെ അയവുള്ള നിലപാടാണ് അവ സ്വീകരിക്കുന്നത്. ബൃഹദാഖ്യാനങ്ങളുടെ ലക്ഷ്യലക്ഷണങ്ങളെ തിരസ്കരിക്കുന്ന ലഘു ആഖ്യാനങ്ങൾ ആണിവ.

അറബിമലയാള സാഹിത്യത്തെയും മാപ്പിളമലയാളഭാഷാഭേദത്തെയും മലബാർ മുസ്ലിങ്ങളുടെ സംസ്കാരത്തെയും മാപ്പിള ഫോക്ലോറിനെയും സമഗ്രമായി കാണുമ്പോൾ അന്തർവൈജ്ഞാനികമായും ബഹുവൈജ്ഞാനികമായും പഠിക്കാൻ മാത്രം വിപുലവും സമ്പന്നവുമാണ് മലയാളത്തിന്റെ ഈ ധാരയെന്ന് വ്യക്തമാവും. പ്രാചീനമധ്യകാല സാഹിത്യം, ഭാഷാസാഹിത്യചരിത്രം, ഭാഷാശാസ്ത്രം, ഫോക്ലോർ, കേരളസംസ്കാരം, ജനസംസ്കാരപഠനം, കീർത്തന, സ്തോത്രസാഹിത്യം, കേരളകലകൾ, വൈജ്ഞാനികസാഹിത്യം, പ്രാചീനഗദ്യം, സാഹിത്യചരിത്രവിജ്ഞാനീയം, മാധ്യമപഠനം, നാടൻപാട്ടുകൾ, വാമൊഴിവഴക്കങ്ങൾ, വൃത്താലങ്കാര പഠനം എന്നിങ്ങനെയുള്ള പഠനമേഖലകളിലൊക്കെത്തന്നെ ഉൾപ്പെടേണ്ടതും പഠിക്കേണ്ടതുമാണ് അറബിമലയാള സാഹിത്യവും മാപ്പിള മുസ്ലിം സംസ്കാരവും.

എന്നാൽ അറുപതുകളിൽ ഭാഷാചരിത്രത്തിന്റെ ഭാഗമായും എഴുപതുകളിൽ പ്രാചീന മധ്യകാല സാഹിത്യത്തിന്റെ ഭാഗമായ നാടൻപാട്ടുകളുടെ കൂട്ടത്തിൽ മാപ്പിളപ്പാട്ടായും അപൂർവമായി ജനസംസ്കാപഠനത്തോടൊപ്പവും കീർത്തനസ്തോത്രസാഹിത്യത്തിന്റെ ഭാഗമായും ഫോക്ലോറും നാടൻകലകളുമായും അറബിമലയാളത്തിന്റെ പരാമർശങ്ങളോ പാഠപുസ്തകങ്ങളോ ഉണ്ടായിരുന്നു. പ്രാചീന, മധ്യകാല സാഹിത്യം എന്ന പേപ്പറിന്റെ ഭാഗമായി മാപ്പിളപ്പാട്ടുഗാനശാഖയിലെ സാഹിത്യം എന്നനിലയിലാണ് മിക്ക സർവ്വകലാശാലകളിലും ദീർഘകാലം അറബിമലയാള സാഹിത്യശാഖ പരിഗണിക്കപ്പെട്ടിരിക്കുന്നത്.

എം.എ. മലയാള പാഠ്യപദ്ധതിയിൽ ആദ്യമായി അറബിമലയാള പരാമർശം കാണുന്നത് കേരള സർവ്വകലാശാലയുടെ 1963 ലെ ഭാഷാചരിത്രം പേപ്പറിലാണ് (മഹാരാജാസ് കലണ്ടർ, 1963: 87). മുസ്ലിം ഭാഷാഭേദത്തിൽ അറബിലിപിയുടെ ഉപയോഗവും മലയാളരചനയിലെ അതിന്റെ ഫലവും എന്നാണ് പരാമർശം. റഫറൻസ് കൃതികളുടെ അഭാവം മൂലമാകാം സഹായകഗ്രന്ഥങ്ങൾ നല്കിയിട്ടില്ല. അറബിമലയാള സാഹിത്യവും മാപ്പിളമലയാള ഭാഷാഭേദവും ഒരുപോലെ പരിഗണിക്കപ്പെട്ടിരിക്കുന്നു.

1970കൾ അറബിമലയാള സാഹിത്യത്തിന് സാഹിത്യചരിത്രഗ്രന്ഥം ഉണ്ടാകുന്ന കാലമാണ്. കാലിക്കറ്റ് സർവ്വകലാശാലയും അതിൽ എം.എ. പഠനവും ആരംഭിക്കുന്ന കാലം.

കാലിക്കറ്റ് സർവ്വകലാശാല സ്ഥിതിചെയ്യുന്നത് മലബാറിലാണെന്നതുകൊണ്ടു കൂടിയാകാം ആദ്യകാലം മുതൽ തന്നെ മാപ്പിളപ്പാട്ടുകളെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. പ്രാചീന, മധ്യകാലസാഹിത്യം എന്ന പേപ്പറിന്റെ ഭാഗമായി യൂണിറ്റ് നാലിൽ നാടൻ പാട്ടുകളോടൊപ്പം മാപ്പിളപ്പാട്ടുകളെ ഉൾപ്പെടുത്തുകയും ബദറുൽ മുനീർ പാഠപുസ്തകമാക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2001ൽ സെമസ്റ്റർ സിസ്റ്റത്തിലേക്ക് സർവ്വകലാശാല മാറിയപ്പോൾ ഈ പേപ്പറിൽ നിന്നും മാപ്പിളപ്പാട്ടിനെ പാഠപുസ്തകത്തിൽ നിന്ന് ഒഴിവാക്കി. 2013 വരെ ഈ സ്ഥിതി തുടർന്നു. മാപ്പിളപ്പാട്ടിന്റെ തട്ടകദേശത്തു തന്നെയാണ് നീണ്ട 13 വർഷം അറബിമലയാള കൃതിക്ക് പാഠപുസ്തക പദവി നഷ്ടപ്പെട്ടത്. പ്രാചീനഗദ്യ പേപ്പറിൽ നൂറ്റാണ്ടുകൾ പഴക്കമുള്ള വെള്ളാട്ടി മസ്അല പോലുള്ള ഗദ്യകൃതികൾ ഉണ്ടായിട്ടും അവ പഠിക്കപ്പെടുകയോ പരാമർശിക്കപ്പെടുകയോ ചെയ്യുന്നില്ല. എഴുപതുകളിൽ ഇറങ്ങിയ അറബിമലയാള സാഹിത്യചരിത്രം അറബിമലയാളത്തിന്റെ പോലും റഫറൻസാകുന്നുമില്ല.

2001-ലെ പാഠ്യപദ്ധതിയിൽ ഫോക്‌ലോറും കേരളീയകലകളും എന്ന ഐച്ഛിക പേപ്പറിൽ യൂണിറ്റ് 5-ൽ കലാരൂപങ്ങളുടെ കൂട്ടത്തിൽ മാപ്പിളപ്പാട്ട് പരാമർശം ഉണ്ട്. മലയാളഭാഷാചരിത്രത്തിലും അറബിമലയാള പരാമർശമുണ്ട്. 2004-ൽ സെമസ്റ്റർ സംവിധാനത്തിൽ കോർ പേപ്പർ എന്ന നിലയിൽ പ്രാചീന-മധ്യകാല സാഹിത്യവും ഐച്ഛിക പേപ്പർ എന്ന നിലയിൽ പാട്ടും മണിപ്രവാളവും ഉണ്ടായിട്ടും അറബിമലയാളത്തെ പാഠപുസ്തകമായി ഉൾപ്പെടുത്തിയില്ല. 2010-ലും മാപ്പിളപ്പാട്ടിനെ പ്രാചീന മധ്യകാല സാഹിത്യത്തിലും മലയാളഭാഷാചരിത്രത്തിലും ഫോക്‌ലോറും കേരളീയ കലകളും എന്ന പേപ്പറിലും മാപ്പിളപ്പാട്ടിനെ/അറബിമലയാളത്തെ പരാമർശത്തിലൊതുക്കുന്നു. മലയാളഭാഷാചരിത്രം പേപ്പറിൽ റഫറൻസിൽ സബീനാറാഫിയുടെ 'അറബിമലയാളം' എന്ന കൃതി ഉൾപ്പെടുത്തിയത് അഭിലഷണീയമായ മാറ്റംതന്നെ. 2014-ൽ ആദ്യകാലമലയാളകവിത എന്ന് പേരുമാറിയ പേപ്പറിൽ പാട്ടുപാരമ്പര്യത്തിൽ 'ഇശലുകൾ' ഉൾപ്പെടുത്തുന്നു. ബദറുൽ മുനീർ എന്ന മോയിൻകുട്ടി വൈദ്യരുടെ കൃതി വീണ്ടും പാഠപുസ്തകമാവുന്നു. റഫറൻസിലും പുതിയ കൃതികൾ ഉൾപ്പെടുത്തുന്നു. (മൻസൂറലിയുടെ അറബിമലയാള സാഹിത്യപഠനങ്ങൾ).

10.8.1. കാലടി സർവ്വകലാശാല

2003-ലെ പാഠ്യപദ്ധതിയിൽ പ്രാചീനമധ്യകാല സാഹിത്യത്തിന്റെ ഭാഗമായി നാടോടി സാഹിത്യത്തിനു താഴെ മാപ്പിളപ്പാട്ടുകളെ പരാമർശിക്കുന്നു. സ്കറിയ സക്കറിയ തയ്യാറാക്കിയ 'നാടോടിസാഹിത്യം കേരളത്തിൽ' എന്ന പേപ്പറിലും മാപ്പിളപ്പാട്ടുകളെ പരാമർശിച്ചിരിക്കുന്നു. ഈ കാലയളവിൽ പാഠപുസ്തകമോ റഫറൻസോ നല്കിയിട്ടില്ല.

2009 ന ശേഷം പ്രാചീന മധ്യകാല സാഹിത്യം പേപ്പറിൽ നാടോടിസാഹിത്യത്തിന്റെ ഭാഗമായി മാപ്പിളപ്പാട്ടും ബദറുൽ മുനീറിലെ (32 വരി) പാഠപുസ്തകമായും നിർദ്ദേശിച്ചിരിക്കുന്നു. കൂടാതെ ഭക്തിപ്രസ്ഥാനത്തിന്റെ ഭാഗമായി 'മുഹ്യിദ്ദീൻമാലയും' പാഠപുസ്തകമാക്കിയിരിക്കുന്നു. എം.എൻ. കാരശ്ശേരിയുടെ മാപ്പിളപ്പാട്ട് (കേരള ഫോക്ലോർ - (എഡി.) രാഘവൻ പയ്യനാട്) റഫറൻസായും നിർദ്ദേശിച്ചിട്ടുണ്ട്. 2014-ൽ പ്രാചീന മധ്യകാല സാഹിത്യത്തിൽ സാമുദായികഗാനങ്ങൾ എന്ന ശീർഷകത്തിൽ ജൂത, ക്രിസ്ത്യൻ, മാപ്പിളപ്പാട്ടുകൾ, കെസ്സു പാട്ടുകൾ, വിവാഹ പാട്ടുകൾ എന്നിങ്ങനെ അറബിമലയാളത്തെ ഉൾപ്പെടുത്തുകയും പാഠപുസ്തകമായി ബദറുൽ മുനീർ നിലനിർത്തുകയും ചെയ്തിരിക്കുന്നു. എന്നാൽ ഈ പേപ്പറിൽ സഹായകഗ്രന്ഥങ്ങൾ നല്കിയിട്ടില്ല. നാടോടിസാഹിത്യം ഐച്ഛിക പേപ്പറിന്റെ പാട്ടുകളിൽ മാപ്പിളപ്പാട്ടുകൾ ഉൾപ്പെടുത്തുകയും പാഠപുസ്തകമായി മാപ്പിളരാമായണം (സമ്പാ- കുഞ്ഞിരാമൻ നമ്പ്യാർ) ഉൾപ്പെടുത്തുകയും ചെയ്തിരിക്കുന്നു. സഹായകഗ്രന്ഥങ്ങൾ നല്കിയിട്ടില്ല. സഹായകഗ്രന്ഥങ്ങളിൽ അസീസ് തരുവണയുടെ വയനാടൻ രാമായണവും പ്രൊഫ. ബി. മുഹമ്മദ് അഹമ്മദിന്റെ മാപ്പിളഫോക്ലോറും ഉൾപ്പെടുത്തിയിട്ടുമുണ്ട്.

10.8.2. കണ്ണൂർ സർവ്വകലാശാല

2001-ലെ പാഠ്യപദ്ധതിയിൽ സാഹിത്യചരിത്രവിജ്ഞാനീയം എന്ന പേപ്പറിലാണ് പ്രാചീന മധ്യകാല സാഹിത്യങ്ങൾ വരുന്നത്. എന്നാൽ അറബിമലയാള സാഹിത്യത്തെ പാഠ്യപദ്ധതി നിരാകരിക്കുന്നു. 2007 വരെ ഈ നില തുടരുന്നു. 2007ൽ മാപ്പിളപ്പാട്ടിനെ പരാമർശിക്കുന്നുണ്ടെങ്കിലും പാഠപുസ്തകം ഉൾപ്പെടുത്തിയില്ല. 2009ൽ പരാമർശവും നീക്കം ചെയ്യുന്നു. 2014ലാണ് ആദ്യമായി പാഠപുസ്തകം ഉൾപ്പെടുത്തുന്നത്. പ്രാചീന- മധ്യകാല സാഹിത്യത്തിന്റെ ഭാഗമായി മൊഡ്യൂൾ 2ൽ 'മൊഹിയുദ്ദീൻ മാല' ഉൾപ്പെടുത്തിയിരിക്കുന്നു. പാഠപുസ്തകത്തെ ന്യായീകരിക്കുന്ന പശ്ചാത്തലപരാമർശങ്ങൾ, സഹായകഗ്രന്ഥങ്ങൾ, സൂചനകൾ ഒന്നും തന്നെയില്ലാതെയാണ് പാഠപുസ്തകത്തെ ആവിഷ്കരിച്ചിരിക്കുന്നത് എന്നത് വിചിത്രമായി തോന്നുന്നു. സാധാരണഗതിയിൽ മൊഡ്യൂളിൽ പരാമർശിക്കുന്ന പാഠ്യവസ്തുവിന്റെ പഠനത്തെളിവ് അല്ലെങ്കിൽ പ്രതിനിധാന സ്വഭാവമുള്ള രചന എന്ന നിലയിലാണ് വിശദപഠനത്തിന് പാഠപുസ്തകങ്ങൾ നിർദ്ദേശിക്കാറുള്ളത്. 2013ലെ പാഠ്യപദ്ധതി പരിഷ്കരണത്തിൽ അറബിമലയാള സാഹിത്യത്തെ പാഠപുസ്തകത്തിൽ നിന്ന് ഒഴിവാക്കി വൈജ്ഞാനികസാഹിത്യം പേപ്പറിൽ ഫോക്ലോർ എന്ന നിലയിൽ മാപ്പിള ഫോക്ലോർ പാഠ്യവസ്തു മാത്രമാക്കി ചുരുക്കി. പ്രാചീന മധ്യകാലസാഹിത്യത്തിലോ നവോത്ഥാന സാഹിത്യത്തിലോ പരാമർശം പോലും ഇല്ലാതെയാണ് പാഠ്യപദ്ധതി തയ്യാറാക്കിയത്. പ്രൊഫ. ബി. മുഹമ്മദ് അഹമ്മദിന്റെ മാപ്പിള ഫോക്ലോർ റഫറൻസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2015-16-ൽ മാപ്പിള ഫോക്‌ലോറും ഒഴിവാക്കി ഒരു സമൂഹത്തിന്റെ നൂറ്റാണ്ടുകളുടെ ചരിത്രത്തോടും സാഹിത്യത്തോടും സംസ്കാരത്തോടും ഭാഷയോടും ലിപിയോടും പാഠ്യപദ്ധതി തികഞ്ഞ വിവേചനം പുലർത്തുന്നു.

10.8.4. കേന്ദ്ര സർവ്വകലാശാല, കാസർകോഡ്

2016-ലെ കേന്ദ്ര സർവ്വകലാശാലയുടെ പാഠ്യപദ്ധതിയിൽ ആദ്യകാല മലയാളകവിത എന്ന പേപ്പറിന്റെ ഭാഗമായി പാഠ്യവസ്തുവായും പാഠപുസ്തകമായും മാപ്പിളപ്പാട്ടിനെ ഉൾപ്പെടുത്തിയിരിക്കുന്നു. ബദറുൽ മുനീർ ആണ് നിർദ്ദേശിച്ചിരിക്കുന്നത്. സഹായക ഗ്രന്ഥങ്ങൾ ഒന്നും നല്കിയിട്ടില്ല.

10.8.5. മലയാളം സർവ്വകലാശാല

മലയാളം സർവ്വകലാശാലയുടെ 2016-ലെ പാഠ്യപദ്ധതിയിൽ പ്രാചീന മധ്യകാലസാഹിത്യം പേപ്പറിന്റെ ഗദ്യത്തിലോ പദ്യത്തിലോ പാഠ്യവസ്തുവായൊ പാഠപുസ്തകമായൊ അറബിമലയാള സാഹിത്യം വരുന്നില്ല. സാഹിത്യമായും അച്ചടിയായും ചരിത്രമായും അറബിമലയാളം പടർന്നുപന്തലിച്ച മണ്ണിൽ സ്ഥാപിതമാവുമ്പോഴും തദ്ദേശീയ സംസ്കാരത്തെയും, വിജ്ഞാനത്തെയും ഉൾക്കൊള്ളാൻ സർവ്വകലാശാലയ്ക്ക് കഴിയുന്നില്ലെങ്കിൽ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ സംബന്ധിച്ചിടത്തോളം അതൊരു പരാജയമായിരിക്കും.

10.8.6. അലിഗഢ് മുസ്‌ലിം സർവ്വകലാശാല

ലഭ്യമായ 2000-വരെയുള്ള പാഠ്യപദ്ധതികളിൽ പ്രാചീന മധ്യകാലസാഹിത്യത്തിന്റെ ഭാഗമായി ബദറുൽ മുനീർ ഹുസ്നുൽജമാൽ പാഠപുസ്തകമായി തന്നെ നിർദ്ദേശിച്ചിട്ടുണ്ട്. 2012ൽ സെമസ്റ്റർ സംവിധാനത്തിലേക്കു വരുമ്പോൾ മാപ്പിളപ്പാട്ടിനെ പാഠപുസ്തകത്തിൽ നിന്ന് നീക്കം ചെയ്യുന്നു.

10.8.7. മധുരകാമരാജ് സർവ്വകലാശാല

2016-ലെ പാഠ്യപദ്ധതിയിൽ അറബി മലയാളസാഹിത്യം ഏതെങ്കിലും പേപ്പറിന്റെ ഭാഗമല്ല. അതേസമയം മിഷനറി സാഹിത്യത്തിൽ നിന്ന് മൂന്ന് പാഠപുസ്തകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ജ്ഞാനമുത്തുമാലയും വർത്തമാനപുസ്തകവും ഉദയംപേരൂർ സുനഹദോസിലെ കാനോനകളും.

10.8.8. മദ്രാസ് സർവ്വകലാശാല

മദ്രാസ് സർവ്വകലാശാലയുടെ 1935-1970 കാലഘട്ടത്തെ പാഠ്യപദ്ധതിയിൽ

പാഠപുസ്തകമായി അറബിമലയാള സാഹിത്യമോ മിഷനറി ഗദ്യപദ്യങ്ങളോ ഇല്ല. 2014 മുതൽ നടപ്പിലാക്കിയ പാഠ്യപദ്ധതിയിലും പ്രാചീനസാഹിത്യമോ മിഷനറിസാഹിത്യമോ ഇല്ലെന്നത് വളരെ ഖേദകരമായ വസ്തുതയാണ്. 1955-70 കാലഘട്ടത്തിൽ ഭാഷാചരിത്രത്തിൽ പാഠ്യവസ്തുവായി മിഷനറിഗദ്യവും സാഹിത്യവും പരാമർശമുണ്ട്.

10.8.9. കേരള സർവ്വകലാശാല

2007 വരെ കേരള സർവ്വകലാശാലയുടെ പാഠ്യപദ്ധതിയിൽ അറബിമലയാള സാഹിത്യവുമായി ബന്ധപ്പെട്ട പാഠപുസ്തകങ്ങൾ ഒന്നും തന്നെ ഉണ്ടാകുന്നില്ല. 1963 മുതലുള്ള പാഠ്യപദ്ധതിയിൽ ഭാഷാചരിത്രം പേപ്പറിൽ 'മിഷനറി ഭാഷ - മലയാള ഭാഷാവികാസം 17-ഉം 18-ഉം നൂറ്റാണ്ടുകളിലെ വളർച്ച' എന്നതിനോടൊപ്പം 'മുസ്‌ലിം ഭാഷാഭേദത്തിൽ അറബിലിപിയുടെ ഉപയോഗവും മലയാളരചനയിലെ അതിന്റെ ഫലവും' എന്ന നിലയിൽ പാഠ്യവസ്തുവായി പരാമർശമുണ്ട്. മാപ്പിളമലയാളം എന്ന ഭാഷാഭേദത്തെയും അറബിമലയാളമെന്ന സാഹിത്യത്തെയും ഒരേസമയം ഉൾപ്പെടുത്താനും കൂടുതൽ കൃത്യതയോടെ ആവിഷ്കരിക്കാനും ഈ പരാമർശത്തിന് സാധിക്കുന്നുണ്ട്. 1977-ൽ മധ്യകാലസാഹിത്യം എന്ന പേപ്പറിൽ പാഠ്യവസ്തുവായി നാടോടി പാട്ടുകളുടെ ഭാഗമായി മാപ്പിളപ്പാട്ട് വരുന്നു. എന്നാൽ സഹായകഗ്രന്ഥങ്ങൾ ഇല്ല. മിഷനറിസാഹിത്യവുമായി ബന്ധപ്പെട്ട ജ്ഞാന മുത്തുമാല, ഉദയംപേരൂർ സൂനഹദോസിലെ കാനോനകൾ എന്നിവ മിഷനറി സാഹിത്യത്തിന്റെ ഭാഗമായി ഇക്കാലയളവിൽ പാഠപുസ്തകമാകുന്നുണ്ട്. 2003-ലെ സെമസ്റ്റർ സംവിധാനത്തിലേക്ക് സർവ്വകലാശാലയും പാഠ്യപദ്ധതിയും മാറുമ്പോൾ പാഠപുസ്തകത്തിൽ നിന്നെന്നപോലെ പാഠ്യവസ്തുവിലെ പരാമർശങ്ങളിൽ നിന്നും അറബിമലയാള സാഹിത്യത്തെയും മിഷനറിസാഹിത്യത്തെയും നീക്കംചെയ്തുകൊണ്ട് കുറ്റകരമായ അനീതിയാണ് കേരള സർവ്വകലാശാല ചെയ്തത്. തെറ്റുതിരിച്ചറിഞ്ഞതു കൊണ്ടാവാം 2007-ൽ പാഠ്യപദ്ധതി പരിഷ്കരിച്ചപ്പോൾ മോയിൻകുട്ടി വൈദ്യരുടെ ബദറുൽ മുനീർ മാപ്പിളപ്പാട്ടും വർത്തമാന പുസ്തകവും ഉദയംപേരൂർ കാനോനകളും പാഠപുസ്തകമായി ഉൾപ്പെടുത്തി. എന്നാൽ അറബിമലയാള സാഹിത്യത്തിന് റഫറൻസുകൾ നല്കിയതുമില്ല. 2013 മുതൽ പ്രാബല്യത്തിലുള്ള പാഠ്യപദ്ധതിയിൽ ജനകീയ ഗാനശാഖ എന്ന തലക്കെട്ടിൽ വടക്കൻപാട്ട്, വഞ്ചിപ്പാട്ട്, മാർഗംകളിപ്പാട്ട്, തെക്കൻ പാട്ട്, മറ്റു നാടൻപാട്ടുകൾ എന്നിവയോടൊപ്പം മാപ്പിള രാമായണം പാഠപുസ്തകമായി ഉൾപ്പെടുത്തി. പാഠ്യവസ്തുവിലെ 'ഇതരമതക്കാരുടെ നാടോടിഗാനങ്ങൾ നാടോടിഗാനങ്ങളുടെ മതേതരമാനം' എന്നീ പരാമർശങ്ങളുടെ പ്രതിനിധാനമായാണ് പാഠപുസ്തകങ്ങളെ ആവിഷ്കരിച്ചിരിക്കുന്നത്. പാഠ്യപദ്ധതികളിൽ പതിഞ്ഞു കിടക്കുന്ന ഹൈന്ദവ അടിത്തറയാണ് 'ഇതരമതം' എന്ന വാക്കിന്റെ സൂചനയിൽ വെളിപ്പെടുന്നത്.

10.8.10.മഹാത്മാഗാന്ധി സർവ്വകലാശാല

1984-2001 കാലഘട്ടത്തെ പാഠ്യപദ്ധതിയിൽ പാഠപുസ്തകങ്ങളായി അറബിമലയാള സാഹിത്യ കൃതികൾ വരുന്നില്ല. മധ്യകാലസാഹിത്യം പേപ്പറിൽ നാടൻപാട്ടുകളെ പരാമർശിക്കുന്നിടത്ത് മാപ്പിളപ്പാട്ടുകൾ പാഠ്യവസ്തുവായി വരുന്നുണ്ട്. എന്നാൽ പ്രത്യേകമായി റഫറൻസുകൾ ഒന്നും തന്നെ നല്കുന്നുമില്ല. ഭാഷാശാസ്ത്രം, ഭാഷാചരിത്രം, വ്യാകരണം എന്ന ആറാം പേപ്പറിൽ ആധുനികഘട്ടം (എ) 17-19 ശതകം എന്ന തലക്കെട്ടിൽ അറബിമലയാള ഗദ്യം പാഠ്യവസ്തുവായി വരുന്നുണ്ട്. അതേസമയം മധ്യകാലസാഹിത്യത്തിൽ മിഷനറിസാഹിത്യത്തിന് ഒരു യൂണിറ്റുതന്നെ നല്കിയിട്ടുണ്ട്. മധ്യതിരുവിതാംകൂറിലെ ചരിത്രപരവും സാംസ്കാരികവുമായ ജ്ഞാനപരിസരങ്ങൾക്കകത്ത് സ്ഥിതിചെയ്യുന്ന സർവ്വകലാശാലയുടെ പാഠ്യപദ്ധതിയിൽ കോർ പേപ്പറിൽ മാത്രമല്ല ഐച്ഛികപേപ്പറിലും അറബിമലയാള ഗദ്യത്തിന് റഫറൻസുകൾ ഒന്നും നല്കിയിട്ടില്ല. 2012-ൽ ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റത്തിലേക്കുമാറുമ്പോൾ കവിത: പ്രാചീനം മധ്യകാലം എന്ന പേപ്പറിൽ മൊഡ്യൂൾ ഒന്നിൽ സാമുദായികഗാനങ്ങൾ എന്ന നിലയിൽ മാപ്പിളപ്പാട്ടുകൾ, കെസ്സുപാട്ടുകൾ വരുന്നുണ്ട്. ബദറുൽ മുനീർ പാഠപുസ്തകമായും നിർദ്ദേശിച്ചിരിക്കുന്നു. മൊഡ്യൂൾ മൂന്നിൽ മുസ്ലിം ഭക്തിഗാനങ്ങൾ എന്ന നിലയിൽ മൊഹിയുദ്ദീൻ മാല (ആദ്യ 100 വരി) ഉൾപ്പെടുത്തിയിട്ടുണ്ട്. മലയാള ഭാഷാചരിത്രവും വർത്തമാനവും എന്ന പേപ്പറിൽ മൊഡ്യൂൾ രണ്ടിൽ മലയാളത്തിലെ അന്യഭാഷാ സമ്പർക്കം എന്ന നിലയിൽ അറബി മലയാളം-മാപ്പിള മലയാളസാഹിത്യം എന്നിവ വരുന്നു. പാഠപുസ്തകമായി എം.എൻ കാരശ്ശേരിയുടെ കുറിമാനം എന്ന പുസ്തകത്തിലെ അറബി മലയാള സാഹിത്യം എന്ന അദ്ധ്യായം വരുന്നു. സഹായകഗ്രന്ഥങ്ങളായി എം.എൻ. കാരശ്ശേരിയുടെ തെളിമലയാളവും കെ.ഒ. ഷംസുദ്ദീന്റെ മാപ്പിളമലയാളവും ഉൾപ്പെടുത്തിയിരിക്കുന്നു. ജനസംസ്കാരപഠനം എന്ന ഇലക്ടീവ് പേപ്പറിൽ മൊഡ്യൂൾ രണ്ടിൽ ജനസംസ്കാരം: ജനുസ്സ്, സമൂഹം - പരിണാമത്തിന്റെ വഴി എന്ന പ്രധാന തലക്കെട്ടിനു താഴെ നാടൻപാട്ടുകളിൽ മാപ്പിളപ്പാട്ടും ഉൾപ്പെടുത്തിയിരിക്കുന്നു. മൊഡ്യൂൾ മൂന്നിൽ 'വിശ്വാസം, ആചാരം, നാടോടിമതം' - എന്ന പ്രധാന തലക്കെട്ടിൽ 'ജാറങ്ങൾ, ആണ്ടുനേർച്ച, മഖാംസിയാറത്ത്, റാത്തീബ്, മാപ്പിളപ്പാട്ട് തുടങ്ങിയവയിൽ പ്രതിഫലിക്കുന്ന നാടോടിമതബോധം വിവിധ ചരിത്രഘട്ടങ്ങളിൽ ഇതിനു സംഭവിച്ച പരിണാമം'. എന്നിങ്ങനെ പാഠ്യവസ്തു നല്കിയിട്ടുണ്ട്. ആദ്യമായാണ് മുസ്ലിം ആചാരാനുഷ്ഠാനങ്ങളെ സാംസ്കാരികമായി മലയാളം എം.എ.യിൽ പഠനവിധേയമാക്കുന്നത്. റഫറൻസിൽ ബി. മുഹമ്മദ് അഹമ്മദിന്റെ മാപ്പിള ഫോക്ലോറും ഉൾപ്പെടുത്തിയിരിക്കുന്നു. മുസ്ലിം സംസ്കാരത്തിനും അറബിമലയാള സാഹിത്യത്തിനും അതിന്റെ വൈവിധ്യത്തിനും ചരിത്ര സാംഗത്യത്തിനും അനുസൃതമായി ഏറ്റവും കൂടുതൽ പരിഗണന കിട്ടിയിരിക്കുന്ന വർഷം 2013-ഉം പരിഗണന നല്കിയ സർവ്വകലാശാല മഹാത്മാഗാന്ധി സർവ്വകലാശാലയുമാണ്.

1935 മുതൽ 2016 വരെയുള്ള എം.എ. മലയാളം പാഠ്യപദ്ധതിയുടെ പത്തു സർവ്വകലാശാലകളുടെ ചരിത്രം പരിശോധിക്കുമ്പോൾ അറബിമലയാള സാഹിത്യം, മാപ്പിളമലയാളം, മുസ്‌ലിം സാംസ്കാരികത എന്നിവയുടെ അക്കാദമിക പ്രാധാന്യത്തെ വസ്തുനിഷ്ഠമായി തിരിച്ചറിയാനും അനുയോജ്യമായി അടയാളപ്പെടുത്താനും കേരളത്തിനകത്തോ പുറത്തോ ഉള്ള ഒരു സർവ്വകലാശാലയ്ക്കും സാധിച്ചിട്ടില്ലെന്ന് തിരിച്ചറിയാനാകും. അലിഗഢ് മുസ്ലീം സർവ്വകലാശാലയിലും കോഴിക്കോട് സർവ്വകലാശാലയിലും അടക്കം നിരവധി ഗവേഷണപ്രബന്ധങ്ങൾ പുറത്തുവരികയും ഇംഗ്ലീഷിലേക്കടക്കം വിവിധ ഭാഷകളിലേക്ക് അറബി മലയാള സാഹിത്യം മൊഴിമാറ്റം ചെയ്യപ്പെടുകയും 1999-ൽകൊണ്ടോട്ടിയിൽ മോയിൻകുട്ടി വൈദ്യർ സ്മാരക മാപ്പിളകലാ അക്കാദമി കേരള സർക്കാർ സ്ഥാപിക്കുകയും അക്കാദമി തന്നെ നിരവധി ഗ്രന്ഥങ്ങൾ, ത്രൈമാസിക ജേണൽ തുടങ്ങിയവ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടും പാഠ്യപദ്ധതിയിൽ അതൊന്നും പ്രതിഫലിക്കുന്നില്ല. ഹൈന്ദവതയുടെയും സവർണതയുടെയും അടിത്തറയിലാണ് എം.എ. മലയാള പാഠ്യപദ്ധതി ഉത്ഭവിച്ചതും വികാസം പ്രാപിച്ചതും എന്നതുകൊണ്ടു തന്നെ ആദ്യകാലം മുതൽക്കെ നിലനിൽക്കുന്ന ഇതര സമുദായങ്ങളുടെ അമൂല്യമായ സാഹിത്യ,സാംസ്കാരിക, ചരിത്രവിജ്ഞാനങ്ങൾ ക്രമേണെ ബോധപൂർവ്വമായി നടത്തിയ തിരസ്കരണങ്ങളുടെ തുടർച്ച തന്നെയാണ് 2016 വരെ ഏറിയും കുറഞ്ഞും മാറിയും മറിഞ്ഞും സ്വീകരിച്ചും നിരാകരിച്ചും നിലനിൽക്കുന്നത്. അതതുകാലത്തെ അതതു സർവ്വകലാശാലകളിലെ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങളുടെ സാമുദായികപ്രാതിനിധ്യവും മനോഭാവവും പാഠ്യപദ്ധതി നിർമ്മിതിയിൽ കൃത്യമായി പ്രതിഫലിക്കുന്നുണ്ട്. അതുകൊണ്ടുതന്നെയാണ് അതൊരു പ്രത്യയശാസ്ത്ര നിർമ്മിതിയാകുന്നതും.

സാഹിത്യചരിത്രങ്ങളെപ്പോലെത്തന്നെ അതിന്റെ തുടർച്ചയായി പാഠ്യപദ്ധതിയും അറബി മലയാള സാഹിത്യമെന്നാൽ മാപ്പിളപ്പാട്ടുമാത്രമാണെന്ന ന്യൂനീകൃത വിശ്വാസത്തിന്റെ പുറത്താണ് സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ടാണ് നാടൻപാട്ടുകളുടെ ശീർഷകത്തിനു കീഴെ പ്രാചീനമധ്യകാലസാഹിത്യ പഠനത്തിന്റെ ഭാഗമായി മാപ്പിളപ്പാട്ടുകളെ ഉൾപ്പെടുത്തിയിരിക്കുന്നത്. ബദറുൽ മുനീറിൽ നിന്നുള്ള ചെറിയ ഭാഗമാണ് മിക്കപ്പോഴും പാഠപുസ്തകത്തിൽ നിർദ്ദേശിക്കപ്പെടാറുള്ളത്. മാപ്പിളപ്പാട്ടുകളിൽ 'കപ്പൽപ്പാട്ടുകളെ' പോലെ ചില നാടൻപാട്ടുകൾ ഉണ്ടെന്നു മാത്രം. അതിലുപരി ബദറുൽ മുനീർ അടക്കം ഭൂരിഭാഗം പാട്ടുകളും നാടൻപാട്ടുകൾ അല്ല. മറ്റൊരു ലിപിയിൽ എഴുതപ്പെട്ട മലയാളത്തിന്റെ പദ്യസാഹിത്യമാണ്. നാടൻപാട്ടുകളുടെ സവിശേഷതകളായ അജ്ഞാതകർതൃത്വം, പാഠഭേദങ്ങൾ മാത്രം ലഭ്യമാകുന്ന അവസ്ഥ, ശരിയായ പാഠമില്ലായ്മ, ഉത്ഭവകാലത്തെക്കുറിച്ചുള്ള അജ്ഞത, വാമൊഴി വഴക്കം ഇവയൊന്നും മാപ്പിളപ്പാട്ടുകൾക്ക് ചേരില്ല. കാരണം അവയ്ക്ക് കൃത്യമായി എഴുതപ്പെട്ട പാഠവും കാലവും രചയിതാവും ഉണ്ട്. വൃത്തവും പ്രാസവും ഭാഷാവ്യവസ്ഥയുമുണ്ട്. അതുകൊണ്ടുതന്നെ മാപ്പിളപ്പാട്ടുകൾ പഠിക്കപ്പെടേണ്ടത് മലയാള മധ്യകാലസാഹിത്യത്തിന്റെ ഭാഗമായി മലയാളപദ്യസാഹിത്യമായിത്തന്നെയാണ്.

മദ്രാസ് സർവ്വകലാശാല, മധുരകാമരാജ് സർവ്വകലാശാല , മോയിൻകുട്ടി വൈദ്യരുടെ നാട്ടിലുള്ള മലയാളം സർവ്വകലാശാല എന്നിവ അറബിമലയാള സാഹിത്യത്തെ പാഠ്യപദ്ധതി യിൽനിന്ന് പൂർണ്ണമായും നിരാകരിച്ച സർവ്വകലാശാലകളാണ്. 2012 മുതൽ അലിഗഢ് സർവ്വകലാശാലയും 2015 മുതൽ കണ്ണൂർ സർവ്വകലാശാലയും ഈ വഴിക്കുനീങ്ങുന്നു. 2003-06 കാലയളവിൽ കേരളസർവ്വകലാശാലയും ഒഴിവാക്കിയിരുന്നു. 2001 മുതൽ 2013 വരെ കോഴിക്കോട് സർവ്വകലാശാലയും അറബിമലയാള പാഠപുസ്തകങ്ങൾ നീക്കം ചെയ്തു.

എഴുപതുകൾ മുതൽ കോഴിക്കോട് സർവ്വകലാശാലയിലൂടെ മോയിൻ കുട്ടി വൈദ്യരുടെ ബദറുൽ മുനീർ ഹുസ്നുൽ ജമാൽ കാവ്യം പാഠ്യവസ്തുവാണ്. 2008-ൽ കാലടി ശ്രീശങ്കരാചാര്യ സർവ്വകലാശാലയിലൂടെ 'മുഹിയുദ്ദീൻ മാല' എന്ന കീർത്തനകാവ്യവും 2012-ൽ എം.ജി. സർവ്വകലാശാലയുടെ എം.എൻ. കാരശ്ശേരിയുടെ കുറിമാനം എന്ന പുസ്തകത്തിലെ അറബിമലയാള സാഹിത്യം എന്ന ലേഖനവും പാഠ്യപദ്ധതിയിലുണ്ട്. അതേ സർവ്വകലാശാലയിൽത്തന്നെ ജനസംസ്കാരപഠനം എന്ന പേപ്പറിൽ ജാറങ്ങൾ, ആണ്ടുനേർച്ച, റാത്തീബ്, മഖാം സിയാറത്ത്, മാപ്പിളപ്പാട്ട് എന്നിവയിലെ നാടോടി മതബോധം പാഠ്യവസ്തുവായും 2014-ൽ കാലടിയിലൂടെ കെസ്സുപാട്ടുകളും വിവാഹപാട്ടുകളും നാടോടി സാഹിത്യത്തിലൂടെ പാഠ്യവസ്തുവായിട്ടുണ്ട്. ഇതേ വർഷം തന്നെ മാപ്പിള രാമായണവും അറബി മലയാള സാഹിത്യത്തിൻ കീഴിൽ പാഠ്യപദ്ധതിയിൽ ഉണ്ട്. റഫറൻസ് പുസ്തകമായി 2008-ൽ കോഴിക്കോട് സർവ്വകലാശാലയിലൂടെ രാഘവൻ പയ്യനാട് എഡിറ്റ് ചെയ്ത കേരള ഫോക്ലോർ , 2010-ൽ സബീനാ റാഫിയുടെ അറബിമലയാളം, 2014-ൽ ടി. മൻസൂറാലിയുടെ (കാലിക്കറ്റ്) അറബിമലയാളസാഹിത്യ പഠനം, 2014-ൽ (കാലടി) ബി. മുഹമ്മദ് അഹമ്മദിന്റെ മാപ്പിള ഫോക്ലോർ അസീസ് തരുവണയുടെ മാപ്പിളരാമായണം എന്നിവയാണ് ആകെ കാണുന്ന റഫറൻസുകൾ. മൂവായിരം കൃതികളെ പ്രതിനിധീകരിക്കാൻ 3 പാഠവും 5 റഫറൻസും എന്നതാണ് പാഠ്യപദ്ധതിയിലെ അറബിമലയാള സാഹിത്യത്തിന്റെ അവസ്ഥ.

വിപുലമായ അറബിമലയാള സാഹിത്യത്തിന്റെ ബഹുഭൂരിഭാഗം കൃതികളും അറബിമലയാള ലിപിയിൽ തന്നെ തുടരുന്നതിനാൽ അഥവാ അവ മലയാളത്തിലേക്ക് ലിപ്യന്തരണം നടത്തിയിട്ടില്ലാത്തതിനാൽ പൊതുസമൂഹത്തിന്റെയും അക്കാദമിക സമൂഹത്തിന്റെയും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അതുപൂർത്തിയാവുന്ന മുറയ്ക്കേ പാഠ്യപദ്ധതിയിൽ അറബിമലയാള സാഹിത്യത്തിന് അതർഹിക്കുന്ന പരിഗണന നേടാനാവൂ. മലയാളത്തിന്റെ അച്ചടിയോടൊപ്പം വളർന്ന വികസിച്ച അറബിമലയാളം അച്ചുകൂടങ്ങളുടെ ചരിത്രവും പത്രമാസികകളുടെ ചരിത്രവും പ്രസാധന ചരിത്രവും നമ്മുടെ സാഹിത്യചരിത്ര വിജ്ഞാനീയത്തിൽ നിന്ന് തഴയപ്പെട്ട അവസ്ഥയിലാണ്. മുഖ്യധാരാചരിത്രകൃതികളിൽ മാത്രമല്ല പ്രാദേശികകൃതികളിൽ പോലും ഇവ അടയാളപ്പെടാതെ പോകുന്നുണ്ട്.

10.9. അറബിമലയാളം

മലബാറിലെ മാപ്പിളമാരുടെയിടയിൽ നിലനില്ക്കുന്ന പരിഷ്കരിച്ച അറബി ലിപിയുപയോഗിച്ച് മലയാളഭാഷ എഴുതുന്ന രീതിയാണ് അറബിമലയാളം എന്നതുകൊണ്ട് സാമാന്യമായി വ്യവഹരിക്കുന്നത്. അറബിമലയാളം ഭാഷാമിശ്രമാണെന്നും ഭാഷാഭേദമാണെന്നും ലിപ്യന്തരണമാണെന്നുമുള്ള വ്യത്യസ്ത അഭിപ്രായങ്ങൾ ഉണ്ട്. തങ്ങൾ എഴുതുന്നത് മലയാളമാണെന്ന ബോദ്ധ്യത്തോടുകൂടിയാണ് ഗ്രന്ഥകർത്താക്കൾ കൃതികൾ രചിച്ചത് എന്നതിന് തെളിവുകൾ ഉള്ളതിനാൽ അതിനെ മലയാളത്തിന്റെ ലിപ്യന്തരണ (Transliteration) മായി കാണുകയാവും ഉചിതം. അറബിമലയാളത്തിന്റെ ഉത്ഭവത്തെക്കുറിച്ചും കാലത്തെക്കുറിച്ചും വ്യത്യസ്ത അഭിപ്രായങ്ങളാണ് ഉള്ളത്. ക്രിസ്തുവർഷം ഒമ്പതോ പത്തോ നൂറ്റാണ്ടു മുതൽ അറബിമലയാളം പ്രചാരത്തിലുള്ളതായി ഒ.അബു തന്റെ അറബിമലയാള സാഹിത്യചരിത്രത്തിൽ (1970, പുറം 22) വ്യക്തമാക്കുന്നു. അറബിമലയാള ശാഖയിൽ അയ്യായിരത്തോളം കൃതികൾ ഉള്ളതായി എരുമേലി പരമേശ്വരൻ പിള്ളയുടെ സാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ എന്ന കൃതിയിൽ രേഖപ്പെടുത്തുന്നു (2010, പുറം 95). കൈയെഴുത്തിൽ തുടങ്ങി അച്ചടിയിലേക്ക് വികാസം പ്രാപിച്ച ഈ ശാഖയിൽ ദൈനംദിന വ്യവഹാരങ്ങൾ മുതൽ ചരിത്രം, വിജ്ഞാനം, സാഹിത്യം, പത്രം, ആനുകാലികം തുടങ്ങിയവയെല്ലാം ഉൾപ്പെടുന്നു.

കേരളത്തിൽ അച്ചടി ആരംഭിച്ച് രണ്ടുവർഷം ആകുന്നതിനുമുമ്പുതന്നെ അറബി മലയാളത്തിലും അച്ചടി ആരംഭിച്ചു. ബാസൽമിഷൻ 1868-ൽ കോട്ടയം സി.എം. എസ്. കോളേജിലും തലശ്ശേരിയിലും പ്രസ്സ് സ്ഥാപിച്ച് പ്രവർത്തനം തുടങ്ങിയപ്പോൾ തലശ്ശേരിയിലെ പ്രസ്സിൽ പ്രവർത്തിച്ച പരിചയവുമായാണ് 1870-ൽ തീപ്പുത്തിൽ കുഞ്ഞഹമ്മദ് തലശ്ശേരിയിൽതന്നെ അറബിമലയാളപ്രസ്സ് സ്ഥാപിക്കുന്നത്. മലയാളത്തിലെ ആദ്യനോവൽ എന്ന പദവി അർഹിക്കുന്ന 'ചാർദർവേശ്' എന്ന വിവർത്തന നോവൽ 1883-ൽ തലശ്ശേരി പ്രസ്സിലാണ് അച്ചടിച്ചത്. പിന്നീട് തിരുരങ്ങാടി, പൊന്നാനി, തിരൂർ, കൊണ്ടോട്ടി എന്നിവിടങ്ങളിലേക്കും അച്ചടി വ്യാപിച്ചു.

10.9.1. അറബിമലയാള സാഹിത്യം

കണ്ടെടുക്കപ്പെട്ടതിൽ കൃത്യമായി കാലം തിരിച്ചറിഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഏറ്റവും പഴക്കം ചെന്ന കൃതി ഖാസി മുഹമ്മദ് 1607-ൽ രചിച്ച മുഹിയിദ്ദീൻ മാലയാണ്. 1642- ൽ മനക്കാൻകത്ത് കുഞ്ഞിക്കോയത്തങ്ങൾ രചിച്ച വലിയ നസീഹത്ത് മാലയാണ് രണ്ടാമത്തെ കൃതി. കുഞ്ഞായിൻ മുസ്ല്യാരുടെ നൂൽമദ്ഹ് (1732) ആണ് മൂന്നാമത്തെ കൃതി. ഗദ്യത്തിലും, പദ്യത്തിലും കൃതികളുണ്ടെങ്കിലും പദ്യകൃതികൾക്കാണ് പ്രാമുഖ്യം.

അറബിമലയാള കൃതികൾ മാപ്പിള മുസ്ലിങ്ങൾ മാപ്പിള മുസ്ലിങ്ങൾക്കു വേണ്ടി രചിച്ചവയായതിനാൽ പ്രധാന പ്രതിപാദ്യം ഇസ്ലാം മതവിശ്വാസവും ജീവിതവും

ചരിത്രവുമാണ്. എണ്ണത്തിൽ കുറവെങ്കിലും സാഹിത്യരചനയിൽ സ്ത്രീകളും വ്യാപൃത രായിരുന്നു. കെ.ആമിനക്കുട്ടി, പി.കെ. ഹലീമ, ആയിശക്കുട്ടി, സി.എച്ച്. കുഞ്ഞായിശ എന്നിവരുടെ രചനകൾ ശ്രദ്ധേയം.

10.9.1.1. പദ്യശാഖ

വൈവിധ്യംകൊണ്ടും വൈപുല്യംകൊണ്ടും അറബിമലയാള സാഹിത്യത്തിൽ പ്രാധാന്യത്തോടെ സക്രിയമായി നില്ക്കുന്നത് പദ്യശാഖയാണ്. ആരാധനയും ആചാരാ നുഷ്ഠാനങ്ങളും തൊഴിലും ഈ ശാഖയെ ജനപ്രിയമായി നിലനിർത്തുന്നതിൽ പങ്കു വഹിച്ചിട്ടുണ്ട്. അറബിമലയാളമെന്നാൽ മാപ്പിളപ്പാട്ടുകൾ മാത്രമാണെന്ന് തെറ്റിദ്ധരി ക്കാൻ ഈ ജനപ്രിയത ഇടയാക്കിയിട്ടുണ്ട്. ലിഖിതരൂപത്തിൽ പ്രചരിച്ചവ കൂടാതെ അജ്ഞാതകർതൃകങ്ങളായ വാമൊഴിവഴക്കങ്ങളും ഈ ശാഖയെ സമ്പന്നമാക്കുന്നു.

10.9.1.1.1. മാലപ്പാട്ടുകൾ

എ.ഡി. 1607-ൽ ഖാസി മുഹമ്മദ് രചിച്ച മുഹ്യിദ്ദീൻ മാലയാണ് മാലപ്പാട്ടുപ്ര സ്ഥാനത്തിന് തുടക്കം കുറിച്ചത്. പതിമൂന്ന് ഇശലുകളിലായി അറുന്നൂറിലേറെ വരികൾ ഈ കൃതിയിലുണ്ട്. മൺമറഞ്ഞ പുണ്യപുരുഷൻമാരെയോ ചരിത്രവ്യക്തികളെയോ കുറിച്ചുള്ള അപദാന ഗാനങ്ങളാണ് മാലപ്പാട്ടുകൾ. അവരുടെ ജനനം, ജീവിതം, വീരശൂര പ്രവൃത്തികൾ, അത്ഭുതങ്ങൾ എന്നിവയാണ് ഇവയിലെ പ്രതിപാദ്യം. രിഫാഈമാല, ബദർ മാല, ഹുസൈൻ മാല തുടങ്ങി നൂറോളം കൃതികൾ കണ്ടെടുത്തിട്ടുണ്ട്.

10.9.1.1.2. ഖിസ്സപ്പാട്ടുകൾ

വ്യക്തിയുടെയോ ദേശത്തിന്റെയോ രാജ്യത്തിന്റെയോ, യുദ്ധങ്ങളുടെയോ ചരിത്രം പ്രമേയവും പ്രതിപാദ്യവുമായി വരുന്ന കാവ്യങ്ങളാണ് ഇവ. കേരളത്തിന്റെയും മുസ്ലിംകളുടെയും ചരിത്രം വിവരിക്കുന്ന കേരള മുസ്ലിം ചരിത്രം എന്ന കൃതി ശ്രദ്ധേയമാണ്. ഹൈദരാലി, ടിപ്പു, വെളിയങ്കോട് ഉമർ ഖാസി, ഫസൽ പൂക്കോയ തങ്ങൾ എന്നിവരൊക്കെ ഖിസ്സപ്പാട്ടുകൾക്ക് വിഷയമായിട്ടുണ്ട്.

10.9.1.1.3. പടപ്പാട്ടുകൾ

ഇസ്ലാമികചരിത്രത്തിലെ പ്രധാനയുദ്ധങ്ങളും വിദേശ അധിനിവേശ ശക്തികൾക്കെ തിരെയും നാടുവാഴികൾക്കെതിരെയും പ്രാദേശികമായി നടന്ന സമരങ്ങളുമാണ് ഇതിലെ പ്രതിപാദ്യം. മോയിൻകുട്ടി വൈദ്യരുടെ ബദർ, ഉഹദ്, സലീഖ്വത് പടപ്പാട്ടുകളും ചേറൂർ, ഹുസൈൻ, ഖർബല, ഖൈബറും അടക്കം നാല്പതോളം പ്രധാന കാവ്യങ്ങളുണ്ട്.

10.9.1.1.4. കിസ്സപ്പാട്ടുകൾ

റഹ്മത് മാല, കുപ്പിപ്പാട്ട്, കുരുത്തിപ്പാട്ട്, മറിയം ബീവി, അക്ബർ സദഖയെന്ന പക്ഷിപ്പാട്ട്, ബെത്തിലപ്പാട്ട്, യൂസുഫ് ഖിസ്സപ്പാട്ട് എന്നിവയടക്കം നൂറോളം പ്രധാനകൃതികൾ ഈ ശാഖയിലുണ്ട്.

10.9.1.1.5. പ്രണയകാവ്യങ്ങൾ

പേർഷ്യൻ നോവലിനെ അടിസ്ഥാനമാക്കി മോയിൻകുട്ടി വൈദ്യരും, വായ്പള്ളിയിൽ മമ്മുട്ടിയും രചിച്ച ബദറുൽ മുനീർഹുസ്നുൽ ജമാലടക്കമുള്ളവയും സുഖസുന്ദരിമാല പോലുള്ള സ്വതന്ത്രകൃതികളും ഇവയിൽ ഉൾപ്പെടുന്നു.

10.9.1.1.6. വിലാപ കാവ്യങ്ങൾ

പ്രവാചകന്മാരുടെയോ ബന്ധുക്കളുടെയോ മരണത്തിൽ വിലപിച്ചുകൊണ്ടെഴുതിയ വഫാത്തു ഫാത്വിമ, വഫാത്തു ഖിസ്സത്തുന്നബി തുടങ്ങിയവ ഈ വിഭാഗത്തിൽപെടുന്നു.

10.9.1.1.7. ദാർശനിക കാവ്യങ്ങൾ

ഭൗതിക ജീവിതത്തിന്റെ നശ്വരതപ്രമേയമായി വരുന്ന കാവ്യങ്ങൾ. കുഞ്ഞായിൻ മുസ്ല്യാരുടെ കപ്പപ്പാട്ടും, നൂൽമദ്ഹും, മൊയ്തു മുസ്ല്യാരുടെ സഫലമാലയും പ്രധാനകൃതികൾ.

10.9.1.1.8.സഞ്ചാരപ്പാട്ടുകൾ

കോലാർ യാത്ര, ഹജ്ജ് യാത്ര തുടങ്ങിയ സർക്കീട്ടുപാട്ടുകൾ ഉൾപ്പെടുന്ന ശാഖയാണിത്.

10.9.1.1.9.കെസ്സു പാട്ടുകൾ

ശൃംഗാര പ്രധാനമായ പ്രണയഗാനങ്ങൾ ഉൾപ്പെടുന്ന മാപ്പിളഗാനശാഖയാണിത്. സന്ദേശ വിനിമയത്തിന്റെ വ്യവഹാരരൂപമായ കത്തിന്റെ രൂപത്തിലുള്ള ഗാനാവിഷ്കാരങ്ങൾക്കാണ് ഇവയിൽ പ്രാധാന്യം. മലബാർ മുസ്ലീംകളുടെ പ്രവാസജീവിതം കത്തുപാട്ടുകളെ ജനകീയമാക്കി. മറിയക്കുട്ടിയുടെ കത്ത്, ദുബായിക്കത്ത്, മോയിൻകുട്ടി വൈദ്യരുടെ കത്തുപാട്ട് എന്നിവ ഉദാഹരണം.

10.9.1.110. സാരോപദേശ കാവ്യങ്ങൾ

സന്മാർഗജീവിതം നയിക്കാനാവശ്യമായ പാഠങ്ങൾ ഉൾപ്പെടുന്ന കാവ്യങ്ങൾ ഉപദേശ രത്നസംഗീതമാല, തടി ഉറുദിമാല തുടങ്ങിയവ ഇതിൽപ്പെടുന്നു.

10.9.1.1.11. കല്ല്യാണപ്പാട്ടുകൾ

അമ്പതിൽപരം ഗാനങ്ങൾ ഈ ശാഖയിലുണ്ട്. ഒപ്പനപ്പാട്ടുകളും, മൈലാഞ്ചിപ്പാട്ടുകളും സല്ലാരപ്പാട്ടുകളും ഈ ശാഖയെ സമ്പന്നമാക്കുന്നു. ചന്ദിര സുന്ദരിമാല, സുഖസുന്ദരി, മാലപ്പാട്ട്, കിളത്തിമാല, നിക്കാഹ് മാല എന്നിവ ഏതാനും ഉദാഹരണം.

10.9.1.1.12. കടൽപ്പാട്ടുകൾ

കരയിലും കടലിലുമായി ജീവിതം പകുത്ത പൊന്നാനിയിലെ മാപ്പിളമാരുടെ പത്തേമാരി ജീവിതത്തിൽനിന്ന് ഷെബിൻ മെഹബൂബ് കണ്ടെടുത്തതും മാധ്യമം ആഴ്ചപ്പതിപ്പിൽ (2017: നവംബർ 27) പ്രസിദ്ധീകരിച്ചതുമായ വാമൊഴിപ്പാട്ടുകളാണ് ഈ വിഭാഗത്തിൽ പെടുന്നത്.

10.9.1.1.13. ആദ്ധ്യാത്മിക ഗാനങ്ങൾ

വിശ്വാസപരവും, പ്രബോധനപരവുമായ ഉള്ളടക്കങ്ങൾ ഉള്ള പാട്ടുശാഖയാണിത്. വലിയ നസ്വീഹത്ത് മാല, മഅ്രിഫത്തുമാല, അമലിയാത്ത് മാലപ്പാട്ട്, അഖീദത്തുമാല എന്നിവ ഉദാഹരണം.

10.9.1.2. അറബിമലയാള ഗദ്യം

ഗദ്യകൃതികളെ പൊതുവെ തർജ്ജമ എന്നാണ് വ്യവഹരിക്കുന്നത്. അക്കാലത്തെ മാപ്പിള മുസ്ലിംകളുടെ വാമൊഴിയോട് അടുത്തുനില്ക്കുന്നതാണ് ഭാഷ. ഗ്രാമ്യങ്ങളായ പദങ്ങളും പ്രയോഗങ്ങളും സുലഭമായി കാണാം. പദ്യകൃതികളോളം പഴക്കം ഗദ്യത്തിനില്ല. മതം, ചരിത്രം, വ്യാകരണം, നിഘണ്ടു, വൈദ്യശാസ്ത്രം, ജ്യോതിഷം, ലൈംഗികശാസ്ത്രം, കഥ, നോവൽ, യാത്രാവിവരണം, ഭാഷാശാസ്ത്രം, ഖുർആൻ പരിഭാഷകൾ, തത്ത്വശാസ്ത്രം, സ്വപ്നവ്യാഖ്യാനം, കാവ്യപരിഭാഷകൾ എന്നിങ്ങനെ നൂറിലധികം കൃതികൾ കണ്ടെടുത്തിട്ടുണ്ട്.

10.9.1.2.1. അറബിമലയാളത്തിലെ നോവലുകൾ

ഇംഗ്ലീഷ് നോവൽസാഹിത്യത്തെ മാതൃകയാക്കി ചന്ദ്രമേനോനും അപ്പു നെടുങ്ങാടിയും മലയാളത്തിലെ ലക്ഷണമൊത്തതും അല്ലാത്തതുമായ നോവലുകൾ പ്രസിദ്ധീകരിക്കുന്നതിനു മുമ്പുതന്നെ അറബിമലയാള സാഹിത്യത്തിൽ പേർഷ്യൻ ഭാഷയിൽ നിന്നും വിവർത്തനം ചെയ്ത ചാർദർവേശ് എന്ന നോവൽ യാഥാർത്ഥ്യമായിരുന്നു. ഇംഗ്ലീഷിൽ നിന്നാണ് മലയാളത്തിലേക്ക് നോവൽസാഹിത്യം കടന്നുവന്നതെന്ന വാദത്തെയാണത് നിരാകരിക്കുന്നത്. അതോടൊപ്പം മലയാളത്തിലെ ആദ്യനോവൽ കുന്ദലതയാണെന്ന വാദത്തെയും ചാർദർവേശ് നിരാകരിക്കുന്നുണ്ട്.

തലശ്ശേരി സ്വദേശി മൂലാമ്പത്ത് കുഞ്ഞാമു 1889-ൽ ഹിന്ദുസ്ഥാനി ഭാഷയിൽനിന്ന് വിവർത്തനം ചെയ്ത നോവലാണ് 'തോതാകി കഹാനി'- തത്തപറഞ്ഞ കഥകൾ. പൊന്നാനിക്കാരനായ നാലകത്ത് കുഞ്ഞിമൊയ്തീൻകുട്ടി രചിച്ച നോവലുകളാണ് ഹംസ സമർ കിസ്സ, കിസ്സത്തു നൂർജഹാൻ, കിസ്സത്തു ബർസഖിയാൻ, ഉമർ അയ്യാർ, ബദറുൽ മുനീർ ഹുസ്നുൽ ജമാൽ, മന്ത്രികുമാരചരിതം എന്നിവ. തേനാട്ടിൽ അബ്ദുൾ ഖാദർ മുസ്ലിയാരുടെ സൈഫുൽ മുലൂക്ക് (1908), വെളിയങ്കോട് ഹസൻ മുസ്ലിയാരുടെ കിസ്സത്തു ഹസനു സാഇഖുൽ ബസരി (1926), കീഴപറമ്പ് ചെറിയ കുഞ്ഞിപ്പോക്കരുടെ വിക്രമാദിത്യകഥകളുടെ വിവർത്തനം, എം.പി. സെയ്ദലവിക്കോയ തങ്ങളുടെ സുബൈദ (1954), കെ.കെ.എം. ജമാലുദ്ദീന്റെ സൈനബ (1955), നദീറയുടെ കഥ, ഹൽസ്വനോബർ, ആരിഫാബീവിയുടെ കൺകെട്ട് വിവാഹം, അലാവുദ്ദീൻ, ഖിളർ നബിയെ കണ്ട നബീസ, ഫാത്തിമ ബീവിയുടെ വഫാത്ത്, വർജീന എന്നിവയും കഥാസാഹിത്യത്തിലെ പ്രധാന രചനകളാണ്.

10.9.1.2.1.1. ചാർദർവേശ്

അമീർഖുസ്രുവിന്റെ ഗുരു നിസാമുദ്ദീൻ ഔലിയ രോഗബാധിതനായപ്പോൾ അദ്ദേഹത്തിന്റെ മാനസികോല്ലാസത്തിന് ഖുസ്രു പറഞ്ഞുകൊടുത്ത കഥയാണ് പിന്നീട് പേർഷ്യൻ ഭാഷയിൽ അദ്ദേഹത്തിന്റെ പേരിൽ പ്രസിദ്ധീകരിച്ച ചാർദർവേശ് എന്ന ക്ലാസിക് നോവൽ. വിവിധ ഭാരതീയ ഭാഷകളിലേക്കും ഇംഗ്ലീഷിലേക്കും വിവർത്തനം ചെയ്യപ്പെട്ട ഈ നോവൽ അറബിമലയാളത്തിൽ രചിച്ചത് പൊന്നാനിക്കാരനായ നാലകത്ത് കുഞ്ഞിമൊയ്തീൻ കുട്ടിയാണ്. പൊന്നാനിയിൽ നിന്ന് അപൂർണ്ണമായും (1883), 1866-ൽ തലശ്ശേരിയിൽ നിന്ന് മുഹ്യുദ്ദീൻ ഇബ്നുമാഹിൻ അലി പൂർണമായും ഈ നോവൽ വിവർത്തനം പ്രസിദ്ധീകരിച്ചു.

സി.എൻ അഹമ്മദ് മൗലവിയും കെ.കെ.മുഹമ്മദ് അബ്ദുൾ കരീമും ചേർന്നെഴുതിയ മഹത്തായ മാപ്പിളസാഹിത്യ പാരമ്പര്യം എന്ന കൃതിയിലാണ് (1978) മലയാളത്തിലെ ഒന്നാമത്തെ നോവലായി ചാർദർവേശിനെ അടയാളപ്പെടുത്തുന്നത്.

10.10. മലയാളഭാഷയുടെ ആധുനികീകരണവും മാതൃഭാഷയുടെ രാഷ്ട്രീയവും

2014 -ൽ കാലടി ശ്രീശങ്കരാചാര്യ സംസ്കൃതസർവ്വകലാശാലയിൽ ഡോ. പി.പവിത്രൻ ആവിഷ്കരിച്ച മലയാളഭാഷയുടെ ആധുനികീകരണം എന്ന കോഴ്സ് (അനുബന്ധം, 11) മലയാളം എം.എ. പഠനത്തെ സംബന്ധിച്ചിടത്തോളം സവിശേഷപ്രാധാന്യം ഉള്ളതാണ്. നവോത്ഥാനകാലം മുതൽ വിദ്യാഭ്യാസപരവും രാഷ്ട്രീയവുമായ സാങ്കേതികവുമായ തലങ്ങളിൽ മലയാളഭാഷ നേടുന്ന വളർച്ചയെ പരിചയപ്പെടുത്തുക എന്ന ആത്യന്തിക ലക്ഷ്യത്തെ മുൻനിർത്തിയാണ് പാഠ്യപദ്ധതി തയ്യാറാക്കിയിരിക്കുന്നത്. മാതൃഭാഷയുടെ ശക്തിയും പാരമ്പര്യവും തിരിച്ചറിയുന്ന വിധത്തിൽ ആ വിഷയത്തിൽ മലയാളത്തിൽ നടന്ന സംവാദങ്ങളെ ചരിത്രപരമായി ക്രോഡീകരിക്കുന്ന ഒരു സമീപനം അതിലുണ്ട്. മലയാളഭാഷയുടെ ലിപി മുതൽ അച്ചടിവരെയും അവിടെ ചർച്ച ചെയ്യുന്നു. മലയാളത്തിന്റെ വിപുലമായ വൈജ്ഞാനികസമ്പത്ത് പരിചയപ്പെടുത്തുക എന്ന ധർമവും ഈ പാഠ്യപദ്ധതി നിർവഹിക്കുന്നുണ്ട്. അതോടൊപ്പം സമാന്തരമായി വിദ്യാഭ്യാസം, ഭരണം, കോടതി തുടങ്ങി ഭൗതികവും പ്രായോഗികവുമായ ജീവിതമേഖലകളിലെ വ്യവഹാരങ്ങൾ മലയാളത്തിലാക്കാനുള്ള സമരങ്ങളുടെ ചരിത്രവും ആദ്യമായി പാഠ്യപദ്ധതിയുടെ ഭാഗമാകുന്നത് ഈ കോഴ്സിലൂടെയാണ്. സർഗാത്മകശേഷികളും ഭാഷാസ്നേഹവും സാമൂഹികമനോഭാവവും തമ്മിലുള്ള ഐക്യപ്പെടലിലൂടെ ഭാഷയ്ക്കുവേണ്ടി നിലകൊള്ളാനുള്ള മനോഭാവത്തെയും മൂല്യാധിഷ്ഠിതജീവിതബോധത്തെയും രൂപപ്പെടുത്തുവാൻ തക്കവണ്ണം സൂക്ഷ്മമായാണ് പാഠപുസ്തകങ്ങളുടെയും പാഠ്യവസ്തുക്കളുടെയും തെരഞ്ഞെടുപ്പ്.

മലയാള ഐക്യവേദി ഉൾപ്പെടുന്ന ഐക്യമലയാളപ്രസ്ഥാനം ഇപ്പോൾ ഉയർത്തിപ്പിടിക്കുന്നതും എ.ആറിന്റെ കാലംമുതൽ ഉയർത്തിപ്പിടിച്ചിരുന്നതുമായ

സംവാദങ്ങൾക്ക് ധൈഷണികമായ ഒരു പ്രതിരോധമൂല്യം സ്വരൂപിച്ചെടുക്കാൻ കഴിയും വിധം ക്രിയാത്മകമായ ഇടപെടലുകളുടെ കണ്ണിയായി പാഠ്യപദ്ധതി മാറുന്നു. ഇതാകട്ടെ ഉന്നതവിദ്യാഭ്യാസമേഖലയിലെ പഠന ലക്ഷ്യങ്ങൾക്ക് സമൂഹോന്മുഖമായി ഉണ്ടാകേണ്ട ദിശാസൂചകം കൂടിയാണ് . പാഠപുസ്തകത്തെ സംബന്ധിച്ച പരമ്പരാഗത ധാരണകളെ തിരുത്തിക്കൊണ്ട് കമ്മീഷൻ റിപ്പോർട്ടുകൾ, നിയമങ്ങൾ, സർക്കുലറുകൾ, കോടതിവിധികൾ എല്ലാംതന്നെ പാഠപുസ്തകപദവി അല്ലെങ്കിൽ പാഠ്യവസ്തു പദവി നേടുന്നു. ജോർജ് മാത്തൻ, സഹോദരൻ അയ്യപ്പൻ, മക്തി തങ്ങൾ എന്നിവരെ വ്യത്യസ്തമാനത്തോടെ സ്ഥാനപ്പെടുത്താനും ഈ പാഠ്യപദ്ധതിക്കാവുന്നു. മക്തി തങ്ങൾ ആദ്യമായി എം. എ. മലയാളം പാഠ്യപദ്ധതിയുടെ ഭാഗമാവുന്നതും ഇതര സർവ്വകലാശാലകൾക്ക് അതു പ്രചോദനമാകുന്നതിനും (ഉദാഹരണം: കാലിക്കറ്റ് സർവ്വകലാശാലയുടെ കേരളീയചിന്ത എന്ന കോഴ്സ്) ഈ പാഠ്യപദ്ധതി മാർഗ്ഗനിർദ്ദേശകമായി. മാത്രമല്ല, ഈ കോർ കോഴ്സ് മലയാളം സർവ്വകലാശാലയിലേക്കും മറ്റ് ഇതര സർവ്വകലാശാലകളിലേക്കും വ്യാപിക്കുന്നതും ഈ പാഠ്യപദ്ധതി മുന്നോട്ടുവയ്ക്കുന്ന ഭാഷാസമീപനത്തിന് അഥവാ രാഷ്ട്രീയത്തിന് ലഭിക്കുന്ന സ്വീകാര്യതയാണ്. മാതൃഭാഷയ്ക്കു വേണ്ടി കലാലയങ്ങളിലും ഭരണകൂടസ്ഥാപനങ്ങളിലും തെരുവോരങ്ങളിലും മറ്റു പൊതുവിടങ്ങളിലും നടത്തിയ പ്രചരണപരിപാടികളും സംവാദങ്ങളും കൂടി ചേർത്തു വായിക്കുമ്പോൾ വ്യത്യസ്തമായ ഒരു രാഷ്ട്രീയധാർമികപ്രയോഗമായി ഇതു മാറുന്നുണ്ട്. തെരുവും ക്ലാസ് മുറിയും തമ്മിലുള്ള വരമ്പുകളെ ഭേദിച്ചുകൊണ്ട് വ്യത്യസ്തമായ ഒരു അന്യോന്യസംവാദം ഇവിടെ കടന്നു വരുന്നുണ്ട്.

10.11. ആഗോളീകരണകാലത്തെ ഭാഷാപഠനം

സമ്പന്ന, മധ്യവർത്തി ജീവിതമോഹങ്ങളും ഉപഭോഗ താല്പര്യങ്ങളും ആഗോളീകരണകാലത്തെ പുതിയ തൊഴിലവസരങ്ങളും ചേർന്നുസൃഷ്ടിക്കുന്ന സംഘർഷങ്ങളുടെയും ഉത്കണ്ഠകളുടെയും നടുവിലൂടെയാണ് പരമ്പരാഗത കോഴ്സുകളും സ്ഥാപനങ്ങളും മാനവികവിഷയങ്ങളും മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. കമ്പോളം വിദ്യാഭ്യാസത്തിൽ നേരിട്ട് ഇടപഴകുകയും കമ്പോളാധിഷ്ഠിത പുതുതലമുറ കോഴ്സുകളുടെയും സവിശേഷ പഠനങ്ങളുടെയും പ്രലോഭനങ്ങളും ആകർഷണങ്ങളും ചതിക്കുഴികളും നിലനില്ക്കുകയും ചെയ്യുന്നു.

വ്യവസായികളെ ചെയർമാനാക്കി വിദ്യാഭ്യാസ കമ്മീഷൻറിപ്പോർട്ടുകൾ ഉണ്ടാക്കുകയും[11] അവ സർക്കാരിന്റെ വിദ്യാഭ്യാസനയത്തിൽ പ്രത്യക്ഷമായി സ്വാധീനിക്കുകയും ചെയ്യുന്ന സാഹചര്യം മാനവികവിഷയങ്ങളുടെയും ആർട്സ് ആൻഡ് സയൻസ് കോളേജുകളുടെയും നിലനിൽപ്പിനുതന്നെ ഭീഷണി ഉയർത്തുകയും ചെയ്യുന്നുണ്ട്.

ടി.സി.ആർ. സുബ്രഹ്മണ്യൻ കമ്മീഷന്റെ നവവിദ്യാഭ്യാസ കരടുനയരേഖയിലെ വ്യവസ്ഥകൾ, ദീർഘകാലത്തേക്കുള്ള നിക്ഷേപം എന്ന നിലയിൽനിന്ന് വിദ്യാഭ്യാസത്തെ കമ്പനി ഉല്പന്നം എന്നപോലെ ചരക്കായി വിവക്ഷിക്കുകയും ഉല്പാദനവേളയിൽ തന്നെ ഗുണമേന്മ ഉറപ്പു വരുത്താൻ ശ്രമിക്കുകയും ചെയ്യുന്നു. ഗുണമേന്മ എന്നത് നിർബന്ധിത വ്യവസ്ഥയായി മാറുകയും ഗുണമേന്മയുള്ള സ്ഥാപനങ്ങൾ മാത്രം നിലനിന്നാൽ മതിയെന്ന് ശഠിക്കുകയും ചെയ്യുന്നു. കമ്പോളത്തിലേക്ക് വിദഗ്ധതൊഴിലാളിയെ പ്രദാനംചെയ്യാനുള്ള സ്ഥാപനത്തിന്റെ ശേഷിയെയാണ് ഗുണമേന്മ എന്ന പദംകൊണ്ട് വിവക്ഷിക്കുന്നതെന്ന് അർഥശങ്കയ്ക്കിടയില്ലാത്തവിധം വ്യക്തമാക്കുന്നു. തൊഴിൽദാതാക്കളാവാൻ ശേഷിയില്ലാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കേണ്ടതില്ലെന്ന വ്യവസ്ഥയാണ്[12] മാനവികവിഷയങ്ങളെയും സ്ഥാപനങ്ങളെയും പ്രതിസന്ധിയിലാക്കുന്നത് .

ഉന്നതവിദ്യാഭ്യാസ മേഖലയിലേക്ക് മലയാളഭാഷാ സാഹിത്യപഠനം കടന്നുവന്നപ്പോൾ തുടങ്ങിയ പ്രശ്നങ്ങളും പ്രതിസന്ധികളും ഏറിയും കുറഞ്ഞും എല്ലാകാലത്തും നിലനിന്നിട്ടുണ്ട്. ഇച്ഛാശക്തിയോടെ ഭാഷാസാഹിത്യമണ്ഡലത്തിലേക്ക് ആത്മവിശ്വാസത്തോടെ പ്രവേശിക്കുന്ന ഒരു ന്യൂനപക്ഷത്തിലൂടെ കോഴ്സുകളും സ്ഥാപനങ്ങളും പ്രതിസന്ധികളെ അതിജീവിക്കുകയാണ് പതിവ്. സാഹിത്യപഠനം ഐച്ഛികമായെടുത്തവരെല്ലാം തന്നെ സമൂഹത്തിൽനിന്ന് അതിന്റെപേരിൽ വിമർശനങ്ങളും പരിഹാസങ്ങളും ഏറ്റുവാങ്ങിയവരാണ്. ഒന്നരനൂറ്റാണ്ട് പിന്നിടുന്ന ഭാഷാസാഹിത്യപഠനം സമൂഹത്തിന്റെ വിവിധ മേഖലകളിൽ ശ്രദ്ധേയമായ സംഭാവനകൾനൽകുന്ന വ്യക്തികളാൽ സമ്പന്നമായിട്ടും സാമൂഹ്യ മനോഭാവത്തിൽ അവ പ്രതിഫലിക്കുന്നില്ല എന്നതും വസ്തുതയാണ്. എ.ആറിന്റെ കാലത്ത് അദ്ദേഹത്തിന്റെ ശ്രമഫലമായി 1909-ൽ ഭാഷാവിഷയം ഐച്ഛികമായി ഇന്റർമീഡിയറ്റിന് നാലാംഗ്രൂപ്പ് തുടങ്ങാൻ കഴിഞ്ഞെങ്കിലും കുട്ടികൾ താല്പര്യം പ്രകടിപ്പിക്കാത്തതിനാൽ നിർത്തേണ്ടിവന്നു. ചരിത്രത്തോടൊപ്പം നാലാംഗ്രൂപ്പിനെ കൂട്ടിച്ചേർത്താണ് അന്നത്തെ പ്രതിസന്ധി എ.ആർ. മറികടന്നത്. 1912-ൽ ബി.എ. മലയാളം തുടങ്ങിയപ്പോൾ കൃഷ്ണൻ തമ്പി മാത്രമായിരുന്നുചേർന്നത്. 1925-ലും 1954-ലും പഠിക്കാൻ ആളില്ലാതെ കോഴ്സ് ഒഴിഞ്ഞു കിടക്കുകയുംചെയ്തു. ഇന്നും എം.എ. മലയാളപഠനത്തിനുള്ള അപേക്ഷകരുടെ എണ്ണം കുറഞ്ഞുവരികയാണ്. വയനാട് ജില്ലയിൽ മലയാളബിരുദ, ബിരുദാനന്തരപഠനത്തിന് ഒരു സ്ഥാപനം പോലുമില്ല. പുതിയ ഭാഷാകോഴ്സുകൾ തുടങ്ങാനുള്ള ശ്രമത്തിന് ബഹുജന പിന്തുണയും ജനപ്രതിനിധികളുടെ പിന്തുണയും കിട്ടുന്നുമില്ല. എങ്കിലും വർഷം ആയിരത്തിലധികം പേർ റെഗുലറായി എം.എ. മലയാളപഠനം ആത്മവിശ്വാസത്തോടെ പൂർത്തിയാക്കിവരുന്നുവെന്നത് ആശ്വാസകരവും അഭിമാനകരവുമാണ്.

ഉപയുക്തതാവാദം സമൂഹത്തിൽ വേരോട്ടംനേടുമ്പോൾ അതിനെ പ്രതിരോധിക്കാൻ ചില സർവ്വകലാശാലകൾ അഥവാ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾ ചെയ്യുന്നത് മലയാളഭാഷാപഠനത്തെയും മലയാള രണ്ടാംഭാഷാപഠനത്തെയും കമ്പോളവത്കരിക്കുകയും

തൊഴിലധിഷ്ഠിതമാക്കുകയാണ്. എം.ജി.സർവ്വകലാശാലക്കു കീഴിലെ മണിമലക്കുന്ന് ഗവൺമെന്റ് കോളേജിലെ മോഡൽ ടൂ കോപ്പി റൈറ്റിങ് മലയാളംകോഴ്സും അമലഗിരി ബി.കെ. കോളേജിലെ മോഡൽ ടൂ കോപ്പി എഡിറ്റിങ് മലയാളംകോഴ്സും രണ്ടാം ഭാഷാപഠനത്തിലെ വാണിജ്യമലയാളവും വിവർത്തന പഠനങ്ങളും ബിരുദപഠനത്തിലെ ജേർണലിസം സപ്ലിമെന്ററികോഴ്സുകളും ബിരുദാനന്തര മലയാള പഠനത്തിലെ ജേണലിസം കോഴ്സും (കേന്ദ്രസർവ്വകലാശാല) മലയാളം സർവ്വകലാശാലയിലെ പുസ്തക പ്രസാധന കോഴ്സും സെന്റ്ജോസഫ് സ്വയംഭരണ കോളേജിലെ പുരാരേഖവിജ്ഞാനീയ ബിരുദപ്രോഗ്രാമും ഈ പശ്ചാത്തലത്തിൽ വേണം വിലയിരുത്താൻ. ഇത്തരം അതിജീവനശ്രമങ്ങൾ ഭാഷാ സാഹിത്യപഠനത്തിന്റെ സത്തയെയും സ്വത്വത്തെയും നശിപ്പിക്കുമെന്നതിനാൽ അഭികാമ്യമല്ല. സൗന്ദര്യാത്മക വിദ്യാഭ്യാസത്തിന്റെയും വൈകാരിക മണ്ഡലത്തിന്റെയും അവശ്യവിഭവം എന്നനിലയിൽ തന്നെ ഭാഷാസാഹിത്യപഠനത്തിന് അതിന്റെ തനിമയോടെയും ഗരിമയോടെയും സമൂഹത്തിൽ നിലനിൽക്കാനുള്ള ഇടം തന്നെയാണ് ഉണ്ടാകേണ്ടത്.

കുറിപ്പുകൾ

1. IX.A.Dravidian Language or Urdu and its Literature. Course of study – The course shall comprise the study of-

   1. The history of the Language and philology

   2. Prescribed text books (General)

   3. Prescribed text books (special) –either period or other group.

   4. Grammar, prosody and poetics.

   5. The History of the literature and literary criticism

   6. For all languages except Urdu, South Indian History and Inscriptions and for Urdu – Arabic or Persian or Hindi.

   7. Translation from English in to the Language.

   This scheme of examination shall be as follows:-

   Part I – Preliminary Examination English

   There shall be two written papers of three hours duration each.

		Hours	marks
1.	English	3	100
2.	English prose or English History	3	100
	Total		200

2. *പുസ്തകവും കേരളസാംസ്കാര പരിണാമവും*'- ശ്രീകുമാർ എ.ജി., പ്രബന്ധം, പുറം-115.

3. Academic Calendar 1932-33, page 480,University of Madras.

4. Academic Calendar -1917 Page 194, University of Madras.

   Academic Calendar 1922-23, University of Madras.

5. After Amnesia: *Tradition and change in Indian Literary Criticism* - G.N. Devy, Orient Blackswan Pvt.Ltd., 2nd Editon 2014.

6. 4. പേപ്പർ - Science of language, History of the Sanskrit Language and History of Sanskrit Literature.

   Books recommended for study

   Jesperson' Language its origin, theory and development.

   Giles: Short manual of comparative philology for classical students (Macmillan)

   Tucker: Introduction to the natural History of Language (Blackie)

   Sweet: The History of language (Temple primers)

   Bloom field: Introduction to the study of language (G.bell & sons)

   Mac donell: vedic grammar of students (Oxford university press)

   Whitney: Sanskrit Grammar (Kegan paul, Trench, Trubner & co)

   Uhlenbeck: Manual of Sanskrit phonetics (Luzac & co)

   Kaegi: The Rg-Veda: The oldest Literature of the Indian (Ginn & Co. Boston)

   Mac donnell: History of Sanskrit literature (William Heinemann).

   Mac Donnell: Indian's past

   Max Muller: History of Ancient Sanskrit Literature (Panini office Allahabad)

A.B.Keith: 'Classical Sanskrit Literature and sanskrit Drama its Origin theory and development.

കൂടാതെ Rgveda –Macdonalds vedic Reader hymns I to 10 അടക്കം പ്രത്യേക പഠനവും

7. M.A.Degree Examination

The time –tables, marks, etc. for the M.A.Degree Examination shall be the same in all Branches as for the final Examination for the B.A.(honors) Degree in the corresponding Branch.

Branch XI

Days	Hours	Subjects	Marks
Firstday	10-1	Histroy of language and Philology	200
Second Day	10-1	History of Literature and Literary criticism	200
Third day	10-1	Prescribed Text-books(General)	150
Fourth Day	10-1	Prescribed text Books (Special)	150
Fifth Day	10-1	Grammar, Prosody and Poetics	150
Sixth day	10-1	Essay	200
Seventh day	10-1	Translation from English into the language	150
Eighth Day	10-1	South Indian History and Inscriptions (in the case of Dravidian languages) and Arabic, Persian or Hindi (in h\the case of urdu)	200
Total			1400

8. പി എസ് രാധാകൃഷ്ണൻ, ആമുഖം, *എതിർദിശകൾ* 2017, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

9. സമകാലിക ജീവിതത്തിലെ അതിലും വിശേഷിച്ച് ക്രിസ്ത്യൻ സാമൂഹിക ജീവിതത്തിലെ അനുഭവങ്ങളിൽ നിന്ന് ഒരു കല്പിത കഥ നാടകീകരിച്ചാൽ ഏറിയ കൂറും ഹിന്ദുക്കളായ അന്നത്തെ പണ്ഡിതന്മാർ എത്രമാത്രം അതിനെ സ്വാഗതം ചെയ്യും എന്ന് അദ്ദേഹത്തിനു പേടിയുണ്ടായിരുന്നു. സ്വതേ അക്കാലത്ത് ക്രിസ്ത്യൻ സാമൂഹിക പ്രശ്നങ്ങൾ സാഹിത്യത്തിലേക്കു കടന്നു വന്നിരുന്നില്ല. സാഹിത്യത്തിൽ സെക്കുലറിസത്തിനു പറയത്തക്ക സ്ഥാനമില്ലായിരുന്നു എന്നു ചുരുക്കം. (2009.14)

10. എസ്.ബി. കോളേജ് മലയാള കുടുംബചരിത്രം പ്രൊഫ.റ്റി.ജെ. മത്തായി (2013:4 പുറം 41)

11. Report on a policy framework for reforms in education, Mukesh Ambani Convenor, Kumaramangalam Birla Member, Govt. of India, New Delhi April 2000

12. Ministry of Human Resource Development National policy on Education 2016 (TSR Subrahmanyan)

13. (Para) 7.2.10 As part of the accreditation process, the Committee has recommended elsewhere that each institution will be evaluated every three years or so. It has also been recommended there should be different criteria of evaluation for different categories of institutions. Within each category, an institution will be ranked on a scale, say of, I to VII – VII representing the highest and I the lowest in the category. Those in the top two rungs of the scale should be given total operational autonomy in all academic and administrative matters; those in category VI would be provided incentives, guidance and advice to move to category VII. Those on the bottom of the scale, in category I, would be put on notice for immediate closure. Those in category II would be given a warning that they are under close watch, and could be considered for closure unless they move up the scale. The institutions in the categories in between would be generally assisted and advised to improve their standing.

(Para) 7.5.27 In the process of evaluation due importance has to be given to establishing benchmarks in respect of research or teaching competencies as well as capacity for innovation, applied research with industry, and factors like industry/ employer perception, absorption of the graduates/postgraduates into pursuits which lead to employability and the ability to promote inclusiveness among other attributes.

അദ്ധ്യായം 11

എം.എ. മലയാളപഠനവും സേവനകാല അദ്ധ്യാപകപരിശീലനവും

നല്ല വൈദഗ്ധ്യം ആവശ്യമുള്ളതും ഏറെ വെല്ലുവിളികൾ നിറഞ്ഞതുമായ പ്രവൃത്തിയാണ് അദ്ധ്യാപനമെന്നത്. കേവലമായ തൊഴിൽ എന്നതിനപ്പുറം ഇന്ത്യയുടെ ഭാവിസമൂഹത്തിന്റെ നിർമിതിയെന്ന വലിയ ഉത്തരവാദിത്തമാണ് അദ്ധ്യാപകർക്കു നിർവഹിക്കാനുള്ളത്. 'ഭാരതത്തിന്റെ ഭാവിഭാഗധേയം രൂപപ്പെടുന്നത് ഇവിടത്തെ ക്ലാസ്മുറികളിലാണെന്ന'[1] കോത്താരി കമ്മീഷൻ റിപ്പോർട്ടിന്റെ ആമുഖവാക്യം ഈ തൊഴിലിന്റെ പ്രസക്തിയേയും വെല്ലുവിളിയേയും ഓർമ്മപ്പെടുത്തുന്നു. എം.എ. മലയാളപാഠ്യപദ്ധതി ഫലപ്രദമായി വിനിമയംചെയ്യുന്നതിന് സേവനകാല അദ്ധ്യാപകപരിശീലനങ്ങൾ എത്രത്തോളം ഫലപ്രദമാണെന്ന അന്വേഷണമാണ് ഈ അദ്ധ്യായം.

വിദ്യാർത്ഥിയെ മനസ്സിലാക്കുന്ന, കാര്യക്ഷമതയും പ്രതിബദ്ധതയുമുള്ള, തൊഴിലിനോട് ക്രിയാത്മകമായ ആഭിമുഖ്യമുള്ള, അദ്ധ്യാപകസമൂഹത്തെ വാർത്തെടുക്കാൻ അതിനനുയോജ്യമായ പരിശീലനം അനിവാര്യമാണ്. വിജ്ഞാനത്തിന്റെ സ്വാംശീകരണം, സംരക്ഷണം, വിതരണം, വിമർശനം, നവീകരണം എന്നതിനൊപ്പം സാംസ്കാരികവും സൗന്ദര്യാത്മകവും മൂല്യവത്തുമായ ജീവിതം സൃഷ്ടിക്കുക തുടങ്ങിയ ഉന്നതവിദ്യാഭ്യാസ മേഖലയുടെ ലക്ഷ്യങ്ങൾകൂടി പരിഗണിച്ചുകൊണ്ടായിരിക്കണം അദ്ധ്യാപക പരിശീലനത്തിന്റെ ലക്ഷ്യങ്ങൾ നിർണയിക്കാൻ. തൊഴിൽപരമായ വൈദഗ്ധ്യം എന്നത് അറിവിന്റെയും നൈപുണിയുടെയും മനോഭാവത്തിന്റെയും ആകെത്തുകയാണ്.

പ്ലസ്ടു വരെയുള്ള അദ്ധ്യാപകനാവാൻ ഇന്ത്യയിൽ പ്രീ- സർവ്വീസ് ട്രെയിനിംഗ് ആവശ്യമാണ്. എന്നാൽ ഉന്നതവിദ്യാഭ്യാസ മേഖലയിലെ അദ്ധ്യാപകനാവാൻ യാതൊരുവിധ പ്രീ-സർവ്വീസ് ട്രെയിനിങ്ങ് ആവശ്യമില്ലാത്ത സാഹചര്യം നിലനില്ക്കുന്നുവെന്നത് തന്നെയാണ് സേവനകാലപരിശീലനത്തെ അഥവാ ഫാക്കൽറ്റി ഡവലപ്മെന്റ് പ്രോഗ്രാമിനെ ഏറ്റവും പ്രസക്തവും ഗൗരവപൂർണ്ണവുമാക്കുന്നത്. എല്ലാ വൈജ്ഞാനികമേഖലകളും അനുദിനം വികസിക്കുകയും അവ ഉന്നതവിദ്യാഭ്യാസ മേഖലയിലെ പാഠ്യപദ്ധതിയിൽ പ്രതിഫലിക്കുകയും പുതിയ പുതിയ വിഷയങ്ങളും മേഖലകളും

കൂട്ടിച്ചേർക്കപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ അദ്ധ്യാപകരുടെ അറിവിനെയും നിരന്തരം നവീകരിക്കേണ്ടിവരും. ഇതും സേവനകാല പരിശീലനത്തെ പ്രസക്തമാക്കുന്നു. ഉന്നതവിദ്യാഭ്യാസ മേഖലയിലെ മികവിനെക്കുറിച്ചും ഗുണമേന്മയെക്കുറിച്ചും ചിന്തിക്കുമ്പോൾ - അദ്ധ്യാപകൻ, പാഠ്യപദ്ധതി, വിദ്യാർത്ഥി എന്നിവയടങ്ങുന്ന വിദ്യാഭ്യാസ സംവിധാനത്തിലെ പ്രധാനപ്പെട്ടതും എന്നാൽ ശാക്തീകരിക്കപ്പെടേണ്ടതുമായ കണ്ണിയാണ് അദ്ധ്യാപകൻ എന്നുകാണാം. തൊഴിൽപരമായ വൈദഗ്ധ്യത്തിന്റെ കുറവാണ് ശാക്തീകരണത്തെ അനിവാര്യമാക്കുന്നത്. ഇതാകട്ടെ കാര്യക്ഷമമായ പരിശീലനം കൊണ്ട് അനായാസം ആർജിക്കാവുന്നതാണ്. വിഷയജ്ഞാനത്തിന്റെ നവീകരണത്തോടും പുതിയജ്ഞാനനിർമ്മിതിയോടുമൊപ്പം ആർജിതജ്ഞാനം പഠിതാവിലേക്ക് ഫലപ്രദമായി വിനിമയം ചെയ്യുന്നുണ്ടെന്നും ഉറപ്പുവരുത്തേണ്ടതുണ്ട്.

11.1. നിലവിലുള്ള പഠനബോധന പ്രക്രിയയുടെ അവലോകനം

അദ്ധ്യാപക കേന്ദ്രിതവും പാഠപുസ്തക/ഉള്ളടക്ക കേന്ദ്രീകൃതവും പരീക്ഷാ കേന്ദ്രീകൃതവുമായ പഠനബോധന പ്രവർത്തനമാണ് കോളേജുകളിൽ നിലനില്ക്കുന്നത്. എന്തുപഠിപ്പിക്കണമെന്നതിനെ കുറിച്ച് ധാരണയുള്ളവരും അതിനുവേണ്ട വായനയും റഫറൻസും പഠനവും നടത്തുന്നവരാണ് അദ്ധ്യാപകർ. എന്നാൽ എങ്ങനെ പഠിപ്പിക്കണമെന്നതിനെ സംബന്ധിച്ച് അവർ ചിന്തിക്കുന്നില്ല. അതിനുവേണ്ടിയുള്ള അന്വേഷണമോ ആസൂത്രണമോ മുന്നൊരുക്കങ്ങളോ നടത്തുന്നുമില്ല. അദ്ധ്യാപകരെ സംബന്ധിച്ചിടത്തോളം അറിവെന്നത് വിനിമയം ചെയ്യാനുള്ള ഉല്പന്നം മാത്രമാണ്. അദ്ധ്യാപകർ ദാതാക്കളും വിദ്യാർത്ഥികൾ സ്വീകർത്താക്കളുമാകുന്ന പൗലോഫ്രയറിനെപ്പോലുള്ള വിദ്യാഭ്യാസ ചിന്തകർ വിമർശിച്ച ബാങ്കിംഗ്‌ടൈപ്പ് വിദ്യാഭ്യാസമാണ് കലാലയങ്ങളിൽ നിലനില്ക്കുന്നത്.[2]

ഏതളവിൽ, ഏതുദ്ദേശ്യത്തെ മുൻനിർത്തിയാണ് പാഠ്യവസ്തു വിനിമയംചെയ്യപ്പെടേണ്ടതെന്ന് കൃത്യമായി നിർവ്വചിച്ചിട്ടുള്ള ഒരു പാഠ്യപദ്ധതി കോളേജുകൾക്കില്ല. ഉള്ളത് പാഠ്യവസ്തു രേഖപ്പെടുത്തിയിട്ടുള്ള സിലബസ് മാത്രമാണ് എന്നതിനാൽ ബോധനമാകട്ടെ, പഠനമാകട്ടെ, മൂല്യനിർണ്ണയമാകട്ടെ ഒട്ടും വെല്ലുവിളി നിറഞ്ഞതോ വൈദഗ്ധ്യം ആവശ്യമായി വരുന്നതോ ആകുന്നില്ല. പഠനബോധന പ്രവർത്തനങ്ങൾ പഠിതാവിനെ ചിന്തിപ്പിക്കുന്നതോ ഉയർന്ന ചിന്തനപ്രക്രിയ ആവശ്യമായിവരുന്നതോ അല്ല. മൂല്യനിർണയവും അറിവിന്റെയും ധാരണയുടെയും തലത്തിൽ നില്ക്കുന്നതിനാൽ കുട്ടിയെ സംബന്ധിച്ചിടത്തോളം ഉരുവിടുകയോ ഹൃദിസ്ഥമാക്കുകയോ ഓർമ്മിക്കുകയോ ചെയ്താൽമതി.

11.2. സേവനകാല അദ്ധ്യാപകപരിശീലനം

യു.ജി.സി.യുടെ മാർഗ്ഗനിർദേശങ്ങൾക്കനുസൃതമായി സർക്കാർ/എയ്ഡഡ് കലാലയങ്ങളിലും സർവ്വകലാശാലകളിലും നിയമനം നേടിയ അദ്ധ്യാപകർക്ക് അവരുടെ

സർവ്വീസ് കാലയളവിൽ തൊഴിൽപരമായ വൈദഗദ്ധ്യം വികസിപ്പിക്കുന്നതിന് എച്ച്. ആർ.ഡി.സി. വഴി ലഭിക്കുന്ന 21/28 ദിവസത്തെ നിർബന്ധ അദ്ധ്യാപകപരിശീലന പരിപാടിയാണ് ഓറിയന്റേഷൻ കോഴ്സ്/റിഫ്രഷർ കോഴ്സ്. ഈ രണ്ടു കോഴ്സുകളുമാണ് സേവനകാല പരിശീലനത്തിൽ പ്രധാനമായും ഉൾപ്പെടുന്നത്. ഇതുകൂടാതെ ഹ്രസ്വകാല പരിശീലനങ്ങളുമുണ്ട്.

11.3. രീതിശാസ്ത്രം

വിവിധ സർവ്വകലാശാലകൾ മലയാള ഭാഷാസാഹിത്യപഠനത്തിൽ നടത്തിയിട്ടുള്ള പരിശീലന പരിപാടികളുടെ ഉള്ളടക്കം സമാഹരിച്ച് സെഷനുകൾ വിഷയങ്ങളാക്കി ക്രോഡീകരിച്ച് സാമാന്യമായി നിഗമനങ്ങൾ രൂപപ്പെടുത്തുക. വിവിധ സർവ്വകലാശാലകൾ അവസാനം നടത്തിയ റിഫ്രഷർ കോഴ്സിന്റെ ഉള്ളടക്കം സൂക്ഷ്മമായി വിലയിരുത്തുക, എം.എ. മലയാളം പാഠ്യപദ്ധതിയുമായി പരിശീലന ഉള്ളടക്കത്തെ താരതമ്യം ചെയ്ത് എം.എ. പഠനം കാര്യക്ഷമമാക്കുന്നതിന് പരിശീലനം സഹായകമാണോ എന്ന് കണ്ടെത്തുക. തൊഴിൽപരമായ വൈദഗ്ധ്യം വികസിപ്പിക്കുന്നതിന് റിഫ്രഷർ കോഴ്സുകൾ സഹായിച്ചിട്ടുണ്ടോ എന്ന് തിരിച്ചറിയുന്നതിന് ചോദ്യാവലി ഉപയോഗിച്ച് അദ്ധ്യാപകരിൽ നിന്ന് വിവരങ്ങൾ ശേഖരിച്ച് വിശകലനം ചെയ്യുക. എന്നിവയാണ് ദത്തശേഖരണത്തിനും പഠനത്തിനും സ്വീകരിച്ചിരിക്കുന്ന മാർഗങ്ങൾ. ആശയപ്രകാശനത്തിന് പട്ടികകൾ, ശതമാനം എന്നീ സ്ഥിതിവിവരശാസ്ത്രരീതികളും സ്വീകരിച്ചിരിക്കുന്നു.

11.3.1. പരിച്ഛേദം (sample)

നാളിതുവരെ നടന്ന 44 റിഫ്രഷർ കോഴ്സുകളിൽ കാലിക്കറ്റ് സർവ്വകലാശാല ഒന്ന്, എം.ജി. സർവ്വകലാശാല രണ്ട്, കേരള സർവ്വകലാശാല പതിമൂന്ന് എന്നിങ്ങനെ ലഭ്യമായ 16 പരിശീലന ഉള്ളടക്കവും റാൻഡം രീതിയിൽ തെരഞ്ഞെടുത്ത 20 അദ്ധ്യാപകരിൽ നിന്ന് ചോദ്യാവലിയിലൂടെ ശേഖരിച്ച വിവരങ്ങളും ആണ് ഈ പഠനത്തിനുപയോഗിച്ചിരിക്കുന്നത്.

11.3.2. പഠനത്തിന്റെ പരിധിയും പരിമിതിയും

സേവനകാല പരിശീലനത്തിലെ ഓറിയന്റേഷൻ കോഴ്സ്, ഷോർട്ട് ടേം കോഴ്സ്, എന്നിവ പരിഗണിച്ചിട്ടില്ല. 2003-നു മുമ്പ് കേരള സർവ്വകലാശാലയിൽ നടന്ന 20 റിഫ്രഷർ കോഴ്സുകളുടെയും, 2011-നു മുമ്പ് കാലിക്കറ്റ് സർവ്വകലാശാലയിൽ നടന്ന മൂന്ന് റിഫ്രഷർ കോഴ്സുകളുടെയും 2002-നു മുമ്പ് എം.ജി സർവ്വകലാശാലയിൽ നടന്ന അഞ്ച് റിഫ്രഷൻ കോഴ്സുകളുടെയും പരിശീലനഉള്ളടക്കം ലഭ്യമാവാത്തതിനാൽ പഠനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

11.4. സേവനകാല പരിശീലനം

പട്ടിക - 43

മലയാളഭാഷാസാഹിത്യത്തിൽ നടന്ന റിഫ്രഷർ കോഴ്സുകളെ സംബന്ധിച്ച വിവരം (2017 വരെയുള്ളത്)

സർവ്വകലാശാല	തിയ്യതി	ആകെ നടന്ന കോഴ്സുകൾ	പരിശീലന ഉള്ളടക്കം ലഭ്യമായത്
കാലിക്കറ്റ്	1993-94 2002-03 2006-07 2011-12 2017	5	2
കണ്ണൂർ	-	-	-
കേരള	20+13 22/04/03-13/05/03 5/06/04-26/06/04 7/05/05-27/05/05 16/05/06-5/06/06 2/05/07-22/05/07 26/11/07-17/12/07 21/08/08-10/09/08 8/03/11-29/03/11 3/11/17-23/11/12 2/11/12-23/11/12 27/08/13-12/09/13 13/08/14-2/09/14 9/09/15-29/09/15	33	13
മഹാത്മാഗാന്ധി സർവ്വകലാശാല	1991 (2 എണ്ണം) 1992 1995 2001 2002 2003	7	2
	ആകെ	45	17

കോളേജ് അദ്ധ്യാപകർക്ക് നിലവിൽ സേവനകാലപരിശീലനം നിർവഹിക്കുന്നത് സർവ്വകലാശാലയ്ക്ക കീഴിലുള്ള അക്കാഡമിക് സ്റ്റാഫ് കോളേജുകൾ അഥവാ ഹ്യൂമൻ റിസോഴ്സ് ഡവലപ്പ്മെന്റ് സെന്ററുകളാണ്. 86-ലെ ദേശീയവിദ്യാഭ്യാസ നയത്തിന്റെ ആക്ഷൻ പ്ലാൻ ആണ് എ.എസ്.സി.കളെ യാഥാർത്ഥ്യമാക്കിയത്. 1987-ലാണ് അക്കാഡമിക് സ്റ്റാഫ് കോളേജുകൾ നിലവിൽ വരുന്നത്. ഇന്ത്യയിൽ ആകെയുള്ള 66 അക്കാഡമിക് സ്റ്റാഫ് കോളേജുകളിൽ മൂന്നെണ്ണം കേരളത്തിലാണ് (കേരള, കാലിക്കറ്റ്, കണ്ണൂർ സർവ്വകലാശാലകളിൽ). 1987-ൽ തന്നെ നിലവിൽവന്ന കേരളസർവ്വകലാശാലയുടെ അക്കാഡമിക് സ്റ്റാഫ് കോളേജാണ് ഏറ്റവും ആദ്യത്തേത്. യു.ജി.സി.യുടെ പന്ത്രണ്ടാം പദ്ധതി മാർഗ്ഗനിർദ്ദേശമനുസരിച്ചാണ് അക്കാഡമിക് സ്റ്റാഫ് കോളേജുകളുടെ പേര് HRDC അഥവാ ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് സെന്റർ എന്നാവുന്നത്. 28

ദിവസം ദൈർഘ്യമുള്ള വിഷയവ്യത്യാസം ബാധകമാക്കാത്ത (ബഹുവൈജ്ഞാനികം) ഓറിയന്റേഷൻ കോഴ്സുകളും 21 ദിവസം ദൈർഘ്യമുള്ള വിഷയാധിഷ്ഠിത റിഫ്രഷർ കോഴ്സുകളും ഒരാഴ്ചയോ അതിൽ കുറവോ ദൈർഘ്യമുള്ള ഷോർട്ട് ടേം കോഴ്സുകളുമാണ് ഈ സ്ഥാപനങ്ങൾ നല്കിവരുന്നത്. ഈ പഠനം വിഷയാധിഷ്ഠിത റിഫ്രഷർ കോഴ്സുകളെ അടിസ്ഥാനമാക്കിയാണ്. കേരളത്തിൽ മഹാത്മാഗന്ധി, കണ്ണൂർ, കാലിക്കറ്റ്, കേരള സർവ്വകലാശാലക്കാണ് പരിശീലന സ്ഥാപനങ്ങൾ ഉള്ളത്. കണ്ണൂർ സർവ്വകലാശാല നാളിതുവരെ മലയാളത്തിന് റിഫ്രഷർ കോഴ്സുകൾ നടത്തിയിട്ടില്ലാത്തതിനാൽ പഠനത്തിന്റെ പരിധിയിൽ വരുന്നില്ല. കണ്ണൂർ, കാലിക്കറ്റ്, കേരള സർവ്വകലാശാലകളിലായി 45 റിഫ്രഷർ കോഴ്സുകളാണ് ഇതുവരെ നടന്നിട്ടുള്ളത്. ഇതിൽ 33-ഉം കേരള സർവ്വകലാശാലയിലാണ് നടന്നത്.

11.4.1. റിഫ്രഷർകോഴ്സുകൾ

ഇരുപത്തൊന്നു ദിവസം ദൈർഘ്യമുള്ള റിഫ്രഷർ കോഴ്സിൽ 3 ഞായറാഴ്ച അവധി ദിവസങ്ങൾ മാറ്റിനിർത്തിയാൽ പരമാവധി 18 പ്രവൃത്തി ദിനങ്ങളാണ് ലഭിക്കുക. രജിസ്ട്രേഷൻ, കോഴ്സ് ബ്രീഫിംഗ്, ഉദ്ഘാടനം, പ്രോജക്ട്, ലൈബ്രറി, പഠനയാത്ര, ഫീഡ്ബാക്ക്, പരീക്ഷ, സമാപനം തുടങ്ങിയ നടപടി ക്രമങ്ങളുടെ സമയം കുറച്ചാൽ 15 ദിവസങ്ങളാണ് ഉണ്ടാകുക. ഒരു ദിവസം ഒന്നര മണിക്കൂർ ദൈർഘ്യമുള്ള 4 സെഷനുകൾ അല്ലെങ്കിൽ 3 മണിക്കൂർ ദൈർഘ്യമുള്ള രണ്ട് സെഷനുകൾ ആണ് നടക്കുക.ഒരു കോഴ്സിൽ ശരാശരി 30 മുതൽ 54 സെഷനുകളാണ് ഉണ്ടാവുന്നത്. യു.ജി.സി.-യുടെ പൊതുവും പരിമിതവുമായ മാർഗ്ഗനിർദേശങ്ങൾക്കനുസരിച്ചാണ് പരിശീലനസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. പരിശീലനാവശ്യങ്ങൾ നിർണയിക്കുന്നതിനോ പരിശീലന ഉള്ളടക്കം തീരുമാനിക്കുന്നതിനോ റിസോഴ്സ് പേഴ്സനെ കണ്ടെത്തുന്നതിനോ ശാസ്ത്രീയമായ മാനദണ്ഡമോ പ്രക്രിയകളോ നിലവിൽ ഇല്ല.

11.4.1.1. മലയാളത്തിൽ നടന്ന റിഫ്രഷർ കോഴ്സുകളുടെ രീതിയും സ്വഭാവവും

2003 മുതൽ 2015 വരെ കേരള സർവ്വകലാശാലയിൽ നടന്ന 13 റിഫ്രഷർ കോഴ്സുകളും കാലിക്കറ്റ് സർവ്വകലാശാലയിൽ 2011, 2017 വർഷങ്ങളിൽ അവസാനമായി നടന്ന 2 റിഫ്രഷർ കോഴ്സുകളുടെയും മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഏറ്റവും ഒടുവിലായി നടന്ന 2002, 2003 വർഷങ്ങളിലെ റിഫ്രഷർ കോഴ്സിന്റെയും അടക്കം 17 പരിശീലന ഉള്ളടക്കങ്ങളെ ഒരുമിച്ചെടുത്തു പരിശോധിക്കുമ്പോൾ 28 വിഷയങ്ങളിലായി 503 സെഷനുകൾ നടന്നതായി കാണാവുന്നതാണ്. പഠിതാക്കൾ നടത്തിയ ഡിബേറ്റ്, ചർച്ച, സെമിനാർ, പ്രോജക്ട് എന്നിവയും വിഷയവ്യക്തതയില്ലാത്തതും ഒറ്റപ്പെട്ടതുമായ 7 സെഷനുകളും ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല.

പട്ടിക 44

മലയാളത്തിൽ നടന്ന റിഫ്രഷർകോഴ്സുകളും വിഷയമേഖലകളും സെഷനുകളുടെ എണ്ണവും

ക്രമ നമ്പർ	വിഷയം	സെഷനുകളുടെ എണ്ണം	ശതമാനം
1	ഗവേഷണം	11	2.2
2	നോവൽ	8	1.6
3	കേരള ചരിത്രം	15	3.0
4	വിദ്യാഭ്യാസം	3	0.6
5	തിയറ്ററും രംഗകലകളും	26	5.2
6	മണിപ്രവാളം	10	2.0
7	കവിത	41	8.1
8	ഭാഷാശാസ്ത്രം	26	5.2
9	സംഗീതം	10	2.0
10	സംസ്കാരപഠനം	31	6.1
11	ചലച്ചിത്രം	43	8.5
12	സർഗസംവാദം	16	3.2
13	വിവർത്തനം	23	4.6
14	വ്യാകരണം	27	5.4
15	ചിത്രകല	8	1.6
16	മാധ്യമപഠനം	12	2.4
17	കലാപഠനം	7	1.4
18	ഇതരകലകൾ	4	0.8
19	സാഹിത്യം പൊതുസമീപനം	25	4.8
20	ഫോക്‌ലോർ	13	2.6
21	പൗരസ്ത്യ സാഹിത്യസിദ്ധാന്തം	34	6.7
22	ചെറുകഥ	19	3.4
23	പാശ്ചാത്യസാഹിത്യസിദ്ധാന്തം	45	8.9
24	വിവരസാങ്കേതികവിദ്യ	14	2.9
25	നിരൂപണം	22	4.4
26	പഠന,ബോധന രീതിശാസ്ത്രം	5	1.0
27	പരിസ്ഥിതി	5	1.0
ആകെ		503	100

കഴിഞ്ഞ 14 വർഷമായി നടന്ന മലയാളം റിഫ്രഷർകോഴ്സിൽ കൂടുതൽ പരിശീലനം ലഭിച്ചിരിക്കുന്നത് ചലച്ചിത്രപഠനത്തിനാണെന്നു കാണാം–43 സെഷനുകൾ. എം.എ. പാഠ്യപദ്ധതിയെ സംബന്ധിച്ചിടത്തോളം ഇത് അപ്രധാനമേഖലയാണ്. പലയിടത്തും ഐച്ഛിക പേപ്പർ ആണിത്. പാശ്ചാത്യസാഹിത്യസിദ്ധാന്തങ്ങളാണ് മുൻഗണനയിൽ ഒന്നാമതുവരുന്നത്. 45 സെഷനുകൾ. കവിത, പൗരസ്ത്യസാഹിത്യസിദ്ധാന്തം, സംസ്കാരപഠനം, വ്യാകരണം, സാഹിത്യം പൊതുസമീപനം എന്നിവ യഥാക്രമം 41, 34, 31, 27, 25 സെഷനുകൾ എന്നനിലയിൽ തൊട്ടടുത്തുവരുന്നു. ഏറ്റവും കുറവു പരിഗണനലഭിച്ചിട്ടുള്ളത് വിദ്യാഭ്യാസം, ഇതരകലകൾ, പഠനത്തിന്റെ രീതിശാസ്ത്രം എന്നിവയ്ക്കാണ് യഥാക്രമം 3, 4, 5 സെഷനുകൾ. ഈ അളവുകൾ പ്രതിഫലിപ്പിക്കുന്നത് പരിശീലന പരിപാടിയുടെ തലകീഴായ്മയെയാണ്.

കേരള സർവ്വകലാശാലയുടെ പരിശീലന പരിപാടിയിൽ 2004, 2006, 2007, 2011 വർഷങ്ങളിൽ കലാപ്രദർശനങ്ങൾ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ കഥകളിയും ക്ലാസിക്കൽ നൃത്തങ്ങളും അല്ലാതെ ഒരു കീഴാളകലയുടെ അവതരണത്തിനും അവസരം ലഭിച്ചിട്ടില്ല. അറബിമലയാളസാഹിത്യം മലയാളഭാഷയുടെ സമ്പന്നമായ ശാഖയാണ്. പാട്ടു സാഹിത്യത്തിന്റെയും മറ്റും ഭാഗമായി പാഠ്യപദ്ധതിയിലുൾപ്പെട്ടിട്ടും ഈ വിഷയങ്ങളുമായി ബന്ധപ്പെട്ട് ഒരു സെഷൻപോലും നാളിതുവരെ ഉണ്ടായിട്ടില്ലെന്നത് പാഠ്യപദ്ധതിയിലെന്നപോലെ അദ്ധ്യാപകപരിശീലനത്തിന്റെ ഉള്ളടക്കനിർമ്മിതിയിലും പ്രതിഫലിക്കുന്നത് സവർണവരേണ്യതയാണ് എന്ന പരികല്പന ശരിവെക്കുന്നു.

11.4.1.2. കാലിക്കറ്റ്, മഹാത്മാഗാന്ധി, കേരള സർവ്വകലാശാലയിൽ ഏറ്റവും ഒടുവിലായി നടന്ന റിഫ്രഷർ കോഴ്സുകളും എം.എ. മലയാളം പാഠ്യപദ്ധതിയും

11.4.1.2.1. മഹാത്മാഗാന്ധി സർവ്വകലാശാല

2002, 2003 വർഷത്തിലാണ് അവസാനമായി മലയാളത്തിൽ റിഫ്രഷർ കോഴ്സുകൾ നടന്നത്. വിവിധ വിഷയത്തിലായി 2002-ൽ 57 ക്ലാസ്സുകളും 2003-ൽ 28 ക്ലാസുകളുമാണ് നടന്നത്. 2002-ൽ ചലച്ചിത്രത്തിനും 2003-ൽ വിവർത്തനത്തിനുമാണ് പരിശീലനപരിപാടിയിൽ ഊന്നൽ നല്കിയിരിക്കുന്നത്.

പട്ടിക - 45

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ
റിഫ്രഷർ കോഴ്സുകളും സെഷനുകളും

ക്രമനമ്പർ	വിഷയ മേഖല	സെഷനുകളുടെ എണ്ണം 2002 (57)	സെഷനുകളുടെ എണ്ണം 2003 (28)
1	ചലച്ചിത്രം	18	1
2	സംഗീതം	2	0
3	പരിസ്ഥിതി	4	0
4	വിദ്യാഭ്യാസം	1	0
5	കല	3	0
6	കവിത	7	5
7	കഥകളി	1	0
8	വൈജ്ഞാനികസാഹിത്യം	1	0
9	സംസ്കാരപഠനം	3	8
10	ചെറുകഥ	1	0
11	സാഹിത്യസിദ്ധാന്തം	3	1
12	നാടകം	4	0
13	നിരൂപണം	1	0
14	വിവർത്തനം	0	11
15	നോവൽ	1	2
16	മറ്റുള്ളവ	7	0
ആകെ		57	28

പട്ടിക 46
മഹാത്മാഗാന്ധി സർവ്വകലാശാല (ആർ.സി-2003) യുടെ
റിഫ്രഷർ കോഴ്സും സെഷനുകളും

ക്രമ നമ്പർ	വിഷയം	സെഷനുകളുടെ എണ്ണം	ശതമാനം
1	വിവർത്തനം	20	37.0
2	സംസ്കാര പഠനം	16	30.0
3	കവിത	10	18.5
4	നോവൽ	4	7.4
5	ചെറുകഥ	27	3.7
6	ചലച്ചിത്രം	2	3.7
	ആകെ	54	100

11.4.1.2.1.1. മഹാത്മാഗാന്ധി സർവ്വകലാശാല പാഠ്യപദ്ധതി (1997-2000) വിഷയവിവരം

1.പാട്ട്
2. മണിപ്രവാളം
3. നാടോടിപ്പാട്ടുകൾ
4. പ്രാചീനഗദ്യം
5. സംഘകാലകവിത
6. മധ്യകാലകവിത
7. മിഷനറിഗദ്യം
8. ആധുനിക ഗദ്യം
9. നോവൽ
10. ചെറുകഥ
11. നാടകം
12. നിരൂപണം
13. ആത്മകഥ

കേരള സംസ്കാരം

14. ചരിത്രനിർമ്മാണ സാമഗ്രികൾ
15. പ്രകൃതാരാധന
16. വാണിജ്യബന്ധം
17. മതങ്ങൾ
18. സംഘസാഹിത്യം
19. വിദേശമതം
20. രാജവംശം
21. മരുമക്കത്തായം
22. ജന്മിസമ്പ്രദായം
23. ദേവദാസി
24. ഫ്യൂഡൽ കാലഘട്ടം
25. വിദേശാഗമനം
26. കേരളത്തിന്റെ ആധുനികീരണം
27. പരിഷ്കരണപ്രസ്ഥാനങ്ങൾ
28. ഭക്തിപ്രസ്ഥാനം
29. കലകൾ
30. ശില്പം
31. വാസ്തുകല

32. സംഗീത പാരമ്പര്യം
33. അനുഷ്ഠാനകലകൾ
34. ജ്യോതിശാസ്ത്രം
35. തച്ചുശാസ്ത്രം
36. ആയുർവേദം
37. സാഹിത്യപ്രവണതകൾ

ഇതരവിഷയങ്ങൾ

38. പ്രസ്ഥാനങ്ങൾ
39. ഭാഷാശാസ്ത്രം
40. വ്യാകരണം
41. ഭാഷാചരിത്രം
42. കാവ്യസിദ്ധാന്തം

ഐച്ഛികം

43. ഫോക്‌ലോർ
44. താരതമ്യസാഹിത്യം
45. വിവർത്തനം

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ പരിശീലന കാലയളവിൽ നിലവിലുണ്ടായിരുന്ന എം.എ. മലയാള പാഠ്യപദ്ധതിയിലെ 50 ഓളം പ്രധാന വിഷയമേഖലകളിൽ കേവലം 4 മേഖലകളെമാത്രമാണ് പരിശീലന പരിപാടി ഉള്ളടങ്ങുന്നത്. സംസ്കാരപഠനം ഒരു വിഷയമായി (Discipline) എം.എ. പാഠ്യപദ്ധതിയിൽ ഇടംനേടിയിട്ടില്ലാത്ത കാലത്താണ് 16 സെഷനുകൾ അഥവാ 30% അതിനായി നീക്കിവെച്ചിട്ടുള്ളത്. മൂന്ന് ഐച്ഛിക വിഷയങ്ങളിൽ ഒന്നുമാത്രമാണ് വിവർത്തനം എന്നിരിക്കെ 37% സമയം അഥവാ 20 സെഷനുകൾ അതിനായി നീക്കിവെച്ചിരിക്കുന്നു. പാഠ്യപദ്ധതിയിലിടമില്ലാത്ത ചലച്ചിത്രവുമായി ബന്ധപ്പെട്ട് 2 സെഷനുകളും കവിത, നോവൽ, ചെറുകഥ എന്നിവ പരിമിതമാണെങ്കിലും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഉള്ളടക്ക ധാരണകളെ നവീകരിക്കുന്നതിന് ഈ പരിശീലന പരിപാടികൊണ്ട് നാമമാത്രമായ പ്രയോജനമേ ഉണ്ടാക്കൂ. പഠനത്തിന്റെ മനഃശാസ്ത്ര, ദാർശനിക,സാമൂഹ്യശാസ്ത്രഭൂമികകൾ ഗവേഷണം, സാഹിത്യ പഠനത്തിന്റെ രീതിശാസ്ത്രം, അദ്ധ്യാപന നൈപുണികളുടെ വികാസം, മൂല്യനിർണയം, ഐ.ടി.സാദ്ധ്യതകൾ എന്നിവ പരിശീലനത്തിന്റെ ലക്ഷ്യമേ ആകുന്നില്ല. പഠിതാക്കളുടേതായ പ്രവർത്തനങ്ങൾ ഒന്നുംതന്നെയില്ല. അവർ (Passive Listeners) നിഷ്ക്രിയരായ കേൾവിക്കാർ മാത്രമാണ്.

11.4.1.2.2. കാലിക്കറ്റ് സർവ്വകലാശാല

പട്ടിക 47
കാലിക്കറ്റ് സർവ്വകലാശാലയുടെ റിഫ്രഷർ കോഴ്സും
സെഷനുകളും (9/06/11-29/06/11)

ക്രമനമ്പർ	വിഷയം	സെഷനുകളുടെ എണ്ണം	ശതമാനം
1	ഗവേഷണം	6	10.9
2	കേരള ചരിത്രം	7	12.7
3	രാഗകല	6	10.9
4	സംസ്കാര പഠനം	12	21.8
5	മണിപ്രവാളം	4	7.3
6	മലയാള കവിത	2	3.6
7	സംഗീതം	2	3.6
8	ഭാഷാശാസ്ത്രം	2	3.6
9	ചലച്ചിത്രം	4	7.3
10	സർഗസംവാദം	2	3.6
11	വിവർത്തനം	2	3.6
12	ചിത്രകല	1	1.8
13	നോവൽ	1	1.8
14	പങ്കാളികളുടെ സെമിനാർ	4	7.3
	ആകെ	55	100

11.4.1.2.2.1. കാലിക്കറ്റ് സർവ്വകലാശാല എം.എ. മലയാള പാഠ്യപദ്ധതി-2010 വിഷയമേഖലകൾ

1. പാട്ട്
2. മണിപ്രവാളം
3. ആട്ടക്കഥ
4. പ്രാചീനഗദ്യം
5. കഥ
6. കവിത
7. നോവൽ
8. നാടകം
9. നിരൂപണം

കേരളസംസ്കാരം

10. ചരിത്ര രചന
11. സംഘകല കേരളം
12. ദായക്രമം
13. മതങ്ങൾ
14. വിദ്യാഭ്യാസം
15. രാജവംശങ്ങൾ

16. ആധുനികത
17. സാമൂഹികപരിഷ്കരണ പ്രസ്ഥാനങ്ങൾ
18. ഐക്യകേരളം

ഇതരവിഷയങ്ങൾ

19. ഭാഷാശാസ്ത്രം
20. സാഹിത്യസിദ്ധാന്തം – (പൗരസ്ത്യം)
21. സാഹിത്യസിദ്ധാന്തം – (പാശ്ചാത്യം)
22. മാധ്യമപഠനം
23. സൈബർമലയാളം
24. ചലച്ചിത്രം
25. ഫോക്‌ലോർ
26. ഗവേഷണത്തിന്റെ രീതിശാസ്ത്രം
27. എഴുത്തച്ഛൻ
28. കുഞ്ചൻ നമ്പ്യാർ
29. ആട്ടക്കഥ
30. ദേശീയപ്രസ്ഥാനത്തിന്റെ സ്വാധീനം മലയാളസാഹിത്യത്തിൽ
31. വ്യാകരണം

ഐച്ഛികം

32. വിവർത്തനം
33. ഭാഷാചരിത്രം
34. താരതമ്യ സാഹിത്യം
35. നോവലും ചെറുകഥയും
36. ആധുനികകവിത
37. മലയാളസാഹിത്യവിമർശനം

എം.എ. മലയാള പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട 37 വിഷയമേഖലയിൽ 17 മേഖലയ്ക്ക് ഗുണകരമായ സെഷനുകളാണ് പരിശീലന പരിപാടിയിൽ ഉൾപ്പെട്ടിരിക്കുന്നത്. ഗവേഷണത്തിന്റെ രീതിശാസ്ത്രം കോർ പേപ്പറായും കൂടാതെ ഡിസർട്ടേഷനായും എം.എ. പാഠ്യപദ്ധതിയിൽ ഉൾപ്പെട്ടിരിക്കെ 6 സെഷനുകൾ ഇതിനായി നീക്കിവെച്ചത് ഉചിതമായി. അതേ സമയം സംസ്കാരപഠനം ഒരു പേപ്പറായി രൂപപ്പെട്ടിട്ടില്ലെങ്കിലും 12 സെഷനുകൾ ഈ മേഖലയ്ക്ക് നീക്കിവെച്ചിരിക്കുന്നു. 1-ഉം 2-ഉം സെഷനുകൾ നടന്ന ചിത്രകല, സംഗീതം എന്നിവയ്ക്ക് പാഠ്യപദ്ധതിയിൽ തീരെ ഇടമില്ല. രംഗകല, ചലച്ചിത്രം, കഥ, കവിത, ഭാഷാശാസ്ത്രം, മണിപ്രവാളം തുടങ്ങിയ വിഷയങ്ങൾ പരിഗണിച്ചിട്ടുണ്ട്.

ഭാഷാസാഹിത്യപഠനവുമായി ബന്ധപ്പെട്ട ഉള്ളടക്ക ധാരണകൾ മെച്ചപ്പെടുത്തുന്നതിനപ്പുറം മനോഭാവം, നൈപുണി തുടങ്ങിയവ പരിശീലനത്തിന്റെ ലക്ഷ്യമേ ആവുന്നില്ല. പഠനം, ബോധനം, മൂല്യനിർണ്ണയം, പഠനബോധന പ്രക്രിയയുടെ ആസൂത്രണം തുടങ്ങിയവ പൂർണ്ണമായും അവഗണിക്കപ്പെട്ടിരിക്കുന്നു. പരിശീലനം നടന്ന 2011 എന്നത് കലാലയങ്ങളിൽ ഘടനാപരമായ മാറ്റങ്ങൾ നിലവിൽവന്ന സമയമാണ്. പഠനവും മൂല്യനിർണ്ണയവും വാർഷികരീതിയിൽ നിന്നും സെമസ്റ്റർ സമ്പ്രദായത്തിലേക്കുമാറി. ബാഹ്യപരീക്ഷകൾക്കു പുറമേ നിരന്തരവിലയിരുത്തലിന്റെ ഭാഗമായി ഇന്റേണൽ സ്കോറുകൾ വരുന്നു. മാർക്കിൽ നിന്നും ഗ്രേഡിലേക്കു മാറുന്നു. പാഠ്യപദ്ധതി വിനിമയം

ജ്ഞാനനിർമ്മിതിയെ ലക്ഷ്യം വെക്കണമെന്ന് വിഭാവനം ചെയ്യുന്നു. സിലബസിൽ നിന്നും പാഠ്യപദ്ധതിയിലേക്ക് വികസിക്കാൻ തുടങ്ങുന്നു. ഇങ്ങനെ അടിസ്ഥാനപരമായ മാറ്റങ്ങൾ നടക്കുന്ന സമയത്തെ റിഫ്രഷർ കോഴ്സുകൾ ഈ മാറ്റങ്ങളുടെ സൈദ്ധാന്തിക അടിത്തറകളെ പരിചയപ്പെടുത്താനോ അവയെ ഉൾക്കൊള്ളാൻ മാനസികമായി തയ്യാറെടുപ്പിക്കുന്നതിനോ മാറ്റങ്ങൾ ഫലപ്രദമായി നടപ്പിലാക്കാനുള്ള നൈപുണികൾ വികസിപ്പിക്കാനോ തയ്യാറാവുന്നില്ല എന്നത്. പരിശീലന പരിപാടികൾ അദ്ധ്യാപകന്റെയും ക്ലാസ്സ്മുറിയുടെയും ആവശ്യങ്ങളെ പരിഗണിക്കുന്നില്ല എന്നതിന്റെ വ്യക്തമായ തെളിവാണ്.

11.4.1.2.3. കേരളസർവ്വകലാശാല

പട്ടിക - 48
കേരള സർവ്വകലാശാലയുടെ
റിഫ്രഷർ കോഴ്സും വിവിധ സെഷനുകളും (22/4/2003-9/9/2015)

ക്രമ നമ്പർ	വിഷയം	സെഷനുകളുടെ എണ്ണം	ശതമാനം
1	പ്രോജക്ട് വർക്ക്	7	14.6
2	മാധ്യമപഠനം	2	4.2
3	ഭാഷാശാസ്ത്രം	3	6.2
4	രംഗകല	7	14.6
5	ബോധനം	2	4.2
6	ചെറുകഥ	4	8.3
7	ടൈം മാനേജ്മെന്റ്	2	4.2
8	സാഹിത്യസമീപനം	6	12.5
9	സ്ട്രെസ് മാനേജ്മെന്റ്	2	4.2
10	സംഗീതം	1	2.0
11	നിരൂപണം	2	4.2
12	അഭയാർത്ഥികൾ ഉണ്ടാവുന്നത് —പശ്ചിമേഷ്യൻ വിശകലനം	2	4.2
13	ഫോക്ലോർ	2	4.2
14	ഹെൽത്ത്	2	4.2
15	കവിത	2	4.2
16	ഗവേഷണം	2	4.2
ആകെ		48	100

11.4.1.2.3.1 കേരള സർവ്വകലാശാല എം.എ. പാഠ്യപദ്ധതി വിഷയമേഖലകൾ

1. പാട്ട്
2. മണിപ്രവാളം
3. മധ്യകാലകവിത
4. നാടോടിപ്പാട്ട്
5. മാപ്പിളപ്പാട്ട്
6. പ്രാചീനഗദ്യം
7. മിഷനറിഗദ്യം
8. കേരളചരിത്രരചന
9. രാജവംശം
10. മരുമക്കത്തായം
11. ജാതിവ്യവസ്ഥ
12. വിദേശ സ്വാധീനം
13. ആധുനികത
14. അനുഷ്ഠാനകലകൾ
15. കേരളീയകലകൾ
16. സാമൂഹികപരിഷ്കരണ പ്രസ്ഥാനങ്ങൾ
17. സംഗീതം
18. കല
19. വിജ്ഞാനശാഖകൾ
20. വ്യാകരണം
21. നോവൽ
22. ചെറുകഥ
23. നാടകം
24. ജീവചരിത്രം
25. ആത്മകഥ
26. യാത്രാവിവരണം
27. ആധുനികകവിത
28. സാഹിത്യമീമാംസ-പൗരസ്ത്യം
29. സാഹിത്യമീമാംസ-പാശ്ചാത്യം
30. വിവർത്തനം
31. വിമർശനം
32. ഫോക്‌ലോർ
33. സൗന്ദര്യശാസ്ത്രം
34. തിരക്കഥാപഠനം
35. ആട്ടക്കഥ
36. ഭാരതീയസാഹിത്യം -താരതമ്യപഠനം
37. മാധ്യമപഠനം
38. സ്ത്രീപഠനം

കേരള സർവ്വകലാശാലയിലെ എം.എ. മലയാളംപാഠ്യപദ്ധതിയിൽ ഉൾപ്പെട്ട 38 വിഷയമേഖലകളിൽ പ്രത്യക്ഷമായോ പരോക്ഷമായോ ഗുണകരമാവുന്നത് മാധ്യമപഠനം, ഭാഷാശാസ്ത്രം, രംഗകല, ചെറുകഥ, സാഹിത്യസമീപനം, നിരൂപണം, സംഗീതം, ഫോക്‌ലോർ, കവിത, ഗവേഷണം, ബോധനം എന്നീ സെഷനുകളാണ്. സർഗാത്മത ക്കൊരുപാഠ്യപദ്ധതി എന്ന സെഷൻ കാലിക്കറ്റ്, എം.ജി. സർവ്വകലാശാലകളിൽ നിന്നു വ്യത്യസ്തമായി ഭാഷാസാഹിത്യപഠനത്തിന്റെ രീതിശാസ്ത്രവുമായി ബന്ധപ്പെട്ട് പരിമിതമാ ണെങ്കിലും പരിഗണിക്കപ്പെട്ടുവെന്നത് ശ്രദ്ധേയം. പഠിതാക്കളുടെ പ്രോജക്ടിനും അതിന്റെ അവതരണത്തിനുമായി 7 സെഷനുകൾ നീക്കിവെച്ചതും ഉചിതമായി. എന്നാൽ ഭാഷാ സാഹിത്യ അദ്ധ്യാപകർ അവരുടെ സർവ്വീസ് കാലയളവിൽ പങ്കെടുക്കുന്ന ഒന്നോ രണ്ടോ എന്ന പരിമിതവും അതിനാൽ തന്നെ പ്രധാനവുമായ റിഫ്രഷർ കോഴ്സിൽ ഒരിക്കലും പരിഗണിക്കപ്പെടേണ്ടതില്ലാത്ത സെഷനുകൾ മറ്റു സർവ്വകലാശാലകളിലോ കേരള സർവ്വകലാശാലയുടെ തന്നെ മുൻകാല കോഴ്സുകളിലോ കണ്ടിട്ടില്ലാത്ത വിധത്തിലുള്ള

സ്ട്രെസ് മാനേജ്മെന്റ്, ടൈംമാനേജ്മെന്റ് എന്നീ Business Topic കളും ഹെൽത്ത് & വെൽനസ്സ്, 'അഭയാർത്ഥികൾ ഉണ്ടാവുന്നത് -പശ്ചിമേഷ്യൻ വിശകലനം' തുടങ്ങിയ സെഷനുകളും ഉൾപ്പെടുത്തിയിരിക്കുന്നത് സേവനകാലപരിശീനത്തിന്റെ ഉദ്ദേശ്യല ക്ഷ്യങ്ങൾ നേടുന്നതിന് വിഘാതമാവുന്നു. ഇൻഫർമേഷൻ ടെക്നോളജി, മലയാളം കമ്പ്യൂട്ടിങ്, അദ്ധ്യാപന നൈപുണികളുടെ വികാസം, മൂല്യനിർണയം, പാഠാസൂത്രണം, ഭാഷാസാഹിത്യപഠനം തുടങ്ങി മൻഗണന കൊടുക്കേണ്ട നിരവധിവിഷയങ്ങൾ 2015-ൽ ഏറ്റവും ഒടുവിലായി നടന്ന ഭാഷാധ്യാപക പരിശീലനത്തിന്റെ ഉള്ളടക്കത്തിലും ഉൾപ്പെ ട്ടിട്ടില്ല. പരിശീലനതന്ത്രങ്ങളിലോ പരിശീലനത്തിന്റെ ഉള്ളടക്ക വിനിമയത്തിലോ വൈവിധ്യമോ വ്യത്യസ്തതയോ ഉണ്ടാവുന്നില്ല. ക്ലാസ്മുറിയിലെ എം.എ. വിദ്യാർത്ഥിയും അവന്റെ പഠനവും പ്രശ്നങ്ങളും പഠനനേട്ടവും അളയർത്തലും സേവനകാലപരിശീന ത്തിന്റെ ലക്ഷ്യമേ ആവുന്നില്ല.

11.4.2. അക്കാഡമിക് സ്റ്റാഫ് കോളേജിന്റെ പ്രവർത്തനത്തിന് യു.ജി.സി നിർദ്ദേശിച്ച ലക്ഷ്യങ്ങളും റിഫ്രഷർ കോഴ്സുകളും[4]

1986-ലെ ദേശീയ വിദ്യാഭ്യാസനയത്തിന്റെ ആക്ഷൻപ്ലാൻ ആണ് എ.എസ്.സി കളെ യാഥാർത്ഥ്യമാക്കിയത്. രീതിശാസ്ത്രത്തിലും, അദ്ധ്യാപനതന്ത്രങ്ങളിലും സവിശേഷവി ഷയങ്ങളിലും ഉള്ള ക്രമീകൃതമായ ഓറിയന്റേഷൻ വഴി അദ്ധ്യാപകരുടെ അഭിപ്രേരണാ നൈപുണികളും വിജ്ഞാനവും വളർത്താനും അങ്ങനെ ഉണ്ടാക്കിയെടുക്കുന്ന ശരിയായ രീതിയിലുള്ള മൂല്യബോധം സർഗാത്മകവും നൂതനവുമായ പുതുസംരംഭങ്ങളേറ്റെടുത്ത് ചെയ്യുന്നതിന് അവർക്ക് പ്രചോദനവും പ്രോത്സാഹനവുമാകുമെന്ന് കമ്മീഷൻ നിർദ്ദേ ശിക്കുന്നു. ഈ ലക്ഷ്യത്തെ മനസ്സിൽ കണ്ടുകൊണ്ട് കമ്മീഷൻ ചുവടെ കൊടുത്ത പ്രവർ ത്തനങ്ങൾ പ്രഥമവും പ്രധാനവുമായി നിർദ്ദേശിക്കുന്നു.

1. സർവ്വീസിൽ പുതുതായി പ്രവേശിക്കുന്ന അദ്ധ്യാപകർക്കായി സവിശേഷമായി രൂപകല്പന ചെയ്ത അദ്ധ്യാപന രീതിശാസ്ത്രത്തിലും വിദ്യാഭ്യാസത്തിന്റെ മനഃശാസ്ത്ര, ദാർശനിക, സാമൂഹ്യ, സാമ്പത്തിക, രാഷ്ട്രീയമേഖലകളിലും ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിക്കണം.
2. എല്ലാ അദ്ധ്യാപകർക്കും ഏറ്റവും ചുരുങ്ങിയത് ഓരോ മൂന്നു മുതൽ അഞ്ചുവരെയുള്ള വർഷങ്ങൾക്കിടയിലും കിട്ടത്തക്കവിധത്തിൽ ഓറിയന്റേഷൻ/റിഫ്രഷർ കോഴ്സുകൾ സംഘടിപ്പിക്കണം.
3. പുതുതായി സർവ്വീസിൽ പ്രവേശിച്ച അദ്ധ്യാപകർക്കും നിലവിലുള്ള അദ്ധ്യാപകർ ക്കുമായി ഇൻഫർമേഷൻ ടെക്നോളജിയിൽ സവിശേഷമായി രൂപകല്പനചെയ്ത ഓറിയന്റേഷൻ/റിഫ്രഷർ കോഴ്സുകൾ സംഘടിപ്പിക്കണം.
4. സെമിനാർ, സിമ്പോസിയം, ശില്പശാല തുടങ്ങിയവയിൽ പങ്കെടുക്കാൻ അദ്ധ്യാപകരെ പ്രോത്സാഹിപ്പിക്കണം.

11.4.3. അക്കാഡമിക് സ്റ്റാഫ് കോളേജിന്റെ ലക്ഷ്യങ്ങൾ

1. ആഗോള, ഭാരതീയസാഹചര്യങ്ങളിൽ വിദ്യാഭ്യാസത്തിന്റെ പ്രസക്തിയെക്കുറിച്ച് സാമാന്യവും ഉന്നതവിദ്യാഭ്യാസത്തെക്കുറിച്ച് സവിശേഷമായും ധാരണനേടുക.
2. ഉന്നതവിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങൾ നേടുന്നതിന് സർവ്വകലാശാല/കോളേജ് തലത്തിലെ അദ്ധ്യാപനത്തിനുവേണ്ട അടിസ്ഥാനനൈപുണികൾ ആർജിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും.
3. ഇന്ത്യൻ രാഷ്ട്രീയ പശ്ചാത്തലത്തിൽ ജനാധിപത്യം, മതേതരത്വം, സാമൂഹ്യസമത്വം എന്നിവയിലധിഷ്ഠിതമായ സമൂഹത്തിന്റെ വിദ്യാഭ്യാസത്തിന് അവരുടെ സാമ്പത്തിക, സാമൂഹിക, സാംസ്കാരികവികാസവുമായുള്ള ബന്ധത്തെക്കുറിച്ച് ധാരണനേടുന്നതിന്.
4. അദ്ധ്യാപകരുടെ സവിശേഷജ്ഞാനമേഖലയിലെ പുതുവികാസങ്ങളെക്കുറിച്ച് ധാരണനല്കുക.
5. കോളേജ് /സർവ്വകലാശാലയുടെ സംവിധാനം, ഘടന, ഭരണം എന്നിവ മനസ്സിലാക്കുന്നതിനും ഈ സംവിധാനത്തിനകത്തെ അദ്ധ്യാപകന്റെ പങ്കിനെക്കുറിച്ച് ധാരണ നേടുന്നതിനും.
6. വ്യക്തിത്വം, സർഗാത്മകത, നവസംരംഭകത്വം എന്നിവയുടെ വികാസത്തിനുള്ള അവസരങ്ങൾ ഉപയോഗപ്പെടുത്തുക.
7. കമ്പ്യൂട്ടർ സാക്ഷരതയും ഇന്റർനെറ്റ് വിജ്ഞാനവും വളർത്തുക.

11.4.4. അക്കാഡമിക് സ്റ്റാഫ് കോളേജിന്റെ ധർമം, ദർശനം

ഉന്നതവിദ്യാഭ്യാസത്തിലെ ബോധനത്തെസംബന്ധിച്ച പുതിയതും നൂതനവുമായ രീതിശാസ്ത്രത്തെ പരിചയപ്പെടുത്തുന്നതിലൂടെ അദ്ധ്യാപകർക്ക് തനതായ കണ്ടെത്തലുകളും ബോധനരീതികളും വികസിപ്പിക്കാൻ അവസരം നല്കുക. വിവരങ്ങൾ വിനിമയം ചെയ്യുന്നതുകൊണ്ടുമാത്രം അദ്ധ്യാപിക തൃപ്തയാവരുതെന്നത് എല്ലാവർക്കും സ്വീകാര്യമാണല്ലോ. അവൻ/അവൾ പഠിതാവിനെ ജീവിതത്തിലെ വെല്ലുവിളികൾ നേരിടാൻ പ്രാപ്തമാക്കേണ്ടതാണ്. ഒരു തൊഴിൽവിദഗ്ധനെ സൃഷ്ടിക്കാൻ മാത്രമല്ല നല്ലൊരു പൗരനെ സൃഷ്ടിക്കാൻകൂടി (പുറം 4).

പട്ടിക- 49

അക്കാഡമിക് സ്റ്റാഫ് കോളേജിന്റെ ലക്ഷ്യങ്ങളും
റിഫ്രഷർ കോഴ്സുകളും

(അക്കാഡമിക് സ്റ്റാഫ് കോളേജിന്റെ പ്രവർത്തനത്തിന് യു.ജി.സി. നിർദ്ദേശിച്ചത്)

ക്രമ നമ്പർ	ലക്ഷ്യങ്ങൾ	സർവ്വകലാശാല		
		കേരള	എം.ജി	കാലിക്കറ്റ്
1	വിദ്യാഭ്യാസത്തിന്റെ ആഗോള സാഹചര്യം	x	x	x
2	വിദ്യാഭ്യാസത്തിന്റെ ഭാരതീയ സാഹചര്യം	x	x	x
3	ഉന്നത വിദ്യാഭ്യാസം	x	x	x
4	കോളേജ് തല അധ്യാപനത്തിനുള്ള നൈപുണി	x	x	x
5	ജനാധിപത്യ രാഷ്ട്രത്തിലെ വിദ്യാഭ്യാസവും സാമൂഹ്യ പുരോഗതിയും	x	x	x
6	വിഷയ ജ്ഞാന നവീകരണം	✔	✔	✔
7	കോളേജ്/സർവ്വകലാശാല സംവിധാനം, ഘടന, ഭരണം	x	x	x
8	അധ്യാപകന്റെ റോൾ	x	x	x
9	വ്യക്തിത്വ വികാസം	✔	x	✔
10	സർഗാത്മകതയുടെ വികാസം	x	x	✔
11	പുതിയ പ്രവർത്തനങ്ങൾക്ക് പ്രചോദനം	x	x	✔
12	കമ്പ്യൂട്ടർ സാക്ഷരത	x	x	✔
13	ഇന്റർനെറ്റ് സാക്ഷരത	x	x	x
ലക്ഷ്യപ്രാപ്തി ശതമാനത്തിൽ		15.3%	7.6%	30.7%

യു.ജി.സി നിർദേശിച്ച അക്കാഡമിക് സ്റ്റാഫ് കോളേജുകളുടെ പരിശീലനലക്ഷ്യങ്ങളിൽ മൂന്നിലൊന്ന് പോലും നേടാൻ സഹായകമായ സെഷനുകൾ കേരളത്തിലെ ഒരു സർവ്വ കലാശാലയുടെയും മലയാളത്തിലെ റിഫ്രഷർ കോഴ്സുകൾക്കില്ലെന്ന് പട്ടികയിൽ നിന്ന് വ്യക്തമാണ്. എം.ജി.സർവ്വകലാശാലയാണ് ലക്ഷ്യത്തിൽനിന്ന് ഏറ്റവും അകന്നു നില്ക്കുന്നത്.

11.4.5.വിദ്യാഭ്യാസവിദഗ്ധരുടെ വിലയിരുത്തൽ

1954-66 ലെ കോത്താരി കമ്മീഷൻ ആണ് കോളേജ് / സർവ്വകലാശാല അദ്ധ്യാപകരുടെ സേവനകാലപരിശീലനങ്ങൾക്ക് സ്ഥിരം സംവിധാനമായി

അക്കാഡമിക് സ്റ്റാഫ് കോളേജുകൾ തുടങ്ങാൻ ശിപാർശ ചെയ്യുന്നത്.[5] ബോധനരീതി ശാസ്ത്രം, വിഷയജ്ഞാന നവീകരണം എന്നിവയ്ക്കുവേണ്ടിയാണ് അക്കാഡമിക് സ്റ്റാഫ് കോളേജുകളെ കമ്മീഷൻ വിഭാവനം ചെയ്തിട്ടുള്ളത്. മാതൃകകളോ പിരിശീലനമോ ഇല്ലാതെ കലാലയത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും ഇടപെടേണ്ടി വരുന്ന പുതിയ അദ്ധ്യാപകർ അവസാനം തന്നെ പഠിപ്പിച്ച അദ്ധ്യാപകരെ അനുകരിക്കുകയും ഒരേ നോട്ടുകൾ തലമുറകളായി കൈമാറുകയും ചെയ്യുന്ന നിലനില്ക്കുന്ന സാഹചര്യം തീർത്തും ഒഴിവാക്കേണ്ടതാണെന്ന് കമ്മീഷൻ പറയുന്നു.[6] അക്കാദമികസമൂഹത്തിൽ ഉയർന്ന അംഗീകാരവും സ്വഭാവഗുണമുള്ളതും പുതിയ അംഗങ്ങളിൽ സ്വാധീനം ചെലുത്താൻ പ്രാപ്തിയുമുള്ള അദ്ധ്യാപകരെ വേണം ശ്രദ്ധയോടെ പരിശീലനങ്ങൾക്കായി തെരഞ്ഞെടുക്കേണ്ടതെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു. അദ്ധ്യാപകർക്ക് പരിശീലനം അത്യാവശ്യമാണെന്ന് 2006-ലെ അംബാനി- ബിർല കമ്മീഷനും[7] 1919-ലെ കൽക്കട്ട സർവ്വകലാശാല കമ്മീഷനും[8] ആവർത്തിച്ചു പറയുന്നു. ഗുണമേന്മവർധിപ്പിക്കാനും അദ്ധ്യാപകരെ നിരന്തരം പരിശീലിപ്പിക്കാനും റെഗുലേഷൻ കൊണ്ടുവരാൻ അംബാനി കമ്മീഷൻ ശിപാർശ ചെയ്യുന്നു. 1992-ലെ പുതുക്കിയ ദേശീയ വിദ്യാഭ്യാസനയത്തിൽ സർവ്വകലാശാലകൾ ഗ്രേഡിംഗ് സമ്പ്രദായം നടപ്പിലാക്കണമെന്നും അദ്ധ്യാപകർക്ക് ഗ്രേഡിംഗിൽ പരിശീലനം നല്കണമെന്നും നിർദ്ദേശിക്കുന്നു. 2016-ൽ ടി.എസ്.ആർ. സുബ്രഹ്മണ്യൻ കമ്മിറ്റിയുടെ നവവിദ്യാഭ്യാസ കരടുനയരേഖയിലും ഉന്നതവിദ്യാഭ്യസമേഖലയിലെ പഠനബോധന പ്രവർത്തനമേഖലയിൽ കുറച്ചു ഗവേഷണങ്ങൾ മാത്രമേ നടക്കുന്നുള്ളുവെന്നും അതിനുമാത്രമായി പ്രത്യേകകേന്ദ്രങ്ങൾ തന്നെ തുടങ്ങേണ്ടതുണ്ടെന്നും പറയുന്നു. അദ്ധ്യാപകവിദ്യാഭ്യാസത്തിന്റെയും പരിശീലനത്തിന്റെയും വിലയിരുത്തലിന്റെയും ഗുണമേന്മ വർധിപ്പിക്കേണ്ടത് അടിയന്തിര ആവശ്യമായി കമ്മീഷൻ പരിഗണിക്കുന്നു. നിലവാരമില്ലാത്ത അദ്ധ്യാപകവിദ്യാഭ്യാസവും പരിശീലനവും പ്രാപ്തിയും ആത്മാർത്ഥതയുമുള്ള അദ്ധ്യാപകരുടെ കുറവുമാണ് വിദ്യാഭ്യാസത്തിന്റെ നിലവാരമില്ലായ്മയ്ക്ക് കാരണമാകുന്നതെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു.

11.4.6. സേവനകാലപരിശീലനവുമായി ബന്ധപ്പെട്ട്, ചോദ്യാവലി ഉപയോഗിച്ച് അദ്ധ്യാപകരിൽ നടത്തിയ പഠനത്തിലെ പ്രധാനകണ്ടെത്തലുകൾ

1. ഓറിയന്റേഷൻ പ്രോഗ്രാം, റിഫ്രഷർ കോഴ്സ് തുടങ്ങി വിവിധ പരിശീലന പരിപാടികളിൽ പങ്കെടുത്ത അദ്ധ്യാപകരിൽ 70% പേർക്കും അവരുടെ വിഷയധാരണ (Subject knowldege) മെച്ചപ്പെടുത്താൻ പരിശീലനം വഴി സാധിച്ചിട്ടില്ല.
2. വിവിധ പരിശീലനപരിപാടികളിൽ പങ്കെടുത്ത അദ്ധ്യാപകരിൽ 90% പേർക്കും അവരുടെ അദ്ധ്യാപനനൈപുണികൾ വികസിപ്പിക്കാൻ പരിശീലനം വഴി സാധിച്ചിട്ടില്ല.

3. മൂല്യനിർണയ പ്രവർത്തനങ്ങളിൽ ഫലപ്രദമായി ഇടപെടുന്നതിന് അദ്ധ്യാപകരെ പ്രാപ്തരാക്കാൻ പരിശീലനം വഴി സാധിച്ചിട്ടില്ലെന്ന് പങ്കെടുത്ത മുഴുവൻ അദ്ധ്യാപകരും അഭിപ്രായപ്പെട്ടു.
4. കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി കൈത്താങ്ങു (scuffolding) നല്കാൻ അദ്ധ്യാപകരെ പ്രാപ്തരാക്കുന്നതിന് പരിശീലനം പ്രയോജനപ്പെട്ടിട്ടില്ലെന്ന് 70% അദ്ധ്യാപകർ അഭിപ്രായപ്പെട്ടു.
5. നൂതനവും ഫലപ്രദവുമായ അദ്ധ്യാപനരീതികളിൽ അനുഭവ പരിചയം നേടുന്നതിന് പങ്കെടുത്ത 80% അദ്ധ്യാപകർക്കും പരിശീലനം വഴി സാധിച്ചിട്ടില്ല
6. ഉള്ളടക്കം വിനിമയം ചെയ്യാൻ പരിശീലന ക്ലാസുകളിൽ സ്വീകരിച്ച തന്ത്രം ഫലപ്രദമായിരുന്നുവെന്ന് പങ്കാളികളിൽ 60% പേർ രേഖപ്പെടുത്തി.

11.4.6.1. നിലവിലുള്ള പരിശീലന പരിപാടികൾക്ക് ചുവടെ കൊടുത്ത പരിമിതികൾ ഉള്ളതായി അദ്ധ്യാപകർ രേഖപ്പെടുത്തുന്നു

(a) പരിശീലന പരിപാടികളിൽ താല്പര്യത്തോടെയല്ല അദ്ധ്യാപകർ പങ്കെടുക്കുന്നത്.

(b) സർവ്വീസ് സംബന്ധമായ ആനുകൂല്യങ്ങൾക്ക് സമയബന്ധിതമായി പൂർത്തിയാക്കേണ്ട പ്രക്രിയ മാത്രമായാണ് പലരും പരിശീലനത്തെ കാണുന്നത്.

(c) ശരിയായ ആസൂത്രണത്തോടെയല്ല പരിശീലനങ്ങൾ സംഘടിപ്പിക്കുന്നത്.

(d) ക്ലാസ് മുറിയുടെ ആവശ്യങ്ങൾ മനസ്സിലാക്കി ചിട്ടപ്പെടുത്തിയതല്ല പരിശീലനം.

(e) കൃത്യമായ ഉദ്ദേശ്യങ്ങളോ ഫലപ്രദമായ മൊഡ്യൂളോ പരിശീലനങ്ങൾക്കില്ല.

(f) പരിശീലനങ്ങൾക്ക് പലപ്പോഴും ആവശ്യത്തിന് അദ്ധ്യാപകരെ കിട്ടുന്നില്ല.

(g) റിസോഴ്സ് പേഴ്സൻ ആയി വരുന്നവരിൽ പലരും അതിന് പ്രാപ്തരല്ല.

(h) കർശനമായ ഹാജർ, അച്ചടക്കവ്യവസ്ഥകൾ പരിശീലനാന്തരീക്ഷത്തെ യാന്ത്രികമാക്കുന്നു.

(i) പത്തുമുതൽ അഞ്ചുവരെ നീളുന്ന ലക്ചർ ക്ലാസുകൾ പരിശീലനത്തെ അരുമുഷിപ്പനാക്കുന്നു.

(j) പുതുമയോ വ്യത്യസ്തയോ ഇല്ലാത്ത സാമ്പ്രദായിക സ്വഭാവത്തോടുകൂടിയതാകുന്നു പരിശീലനം.

(k) പരിശീലനം പാഠ്യപദ്ധതിയുമായി ബന്ധപ്പെടുന്നില്ല.

(l) ഒരേ മൊഡ്യൂൾ തന്നെയാണ് വർഷങ്ങളോളം ആവർത്തിക്കുന്നത്.

(m) ഡയറക്ടർമാരുടെ സൗഹൃദവലയമാണ് റിസോഴ്സ് പേഴ്സനെ നിർണയിക്കുന്നതിനുള്ള മാനദണ്ഡം.

(n) അക്കാദമിക് സ്റ്റാഫ് കോളേജുകൾക്ക് പരിശീലനം, താമസം, ഭക്ഷണം എന്നിവ തൃപ്തികരമായി നിർവഹിക്കുന്നതിനുള്ള ഭൗതിക സാഹചര്യം ഇല്ല.

(o) പഠന ബോധന പ്രവർത്തനങ്ങൾക്ക് പരിശീലനത്തിൽ മതിയായ പരിഗണനയില്ല.

(p) സർവ്വീസിൽ കയറി 4 - 6 വർഷമാവുമ്പോഴാണ് പലരും ഓറിയന്റേഷൻ പ്രോഗ്രാമിൽ പങ്കെടുക്കുന്നത്.

(q) അതത വിഷയത്തിലെ നൂതന സവിശേഷതകൾ ഉൾക്കൊള്ളുന്ന വിധത്തിൽ റിഫ്രഷർ കോഴ്സുകളെ ആധുനികീകരിക്കണം.

(r) പുസ്തകവായന, സിനിമ, ഡോക്യുമെന്ററി തുടങ്ങിയവ കൂടി പരിശീലന സെഷനുകളിൽ ഉൾപ്പെടുത്തണം.

(s) ചർച്ച, സംവാദം എന്നിങ്ങനെ പരിശീലനം പങ്കാളിത്ത സ്വഭാവത്തിലേക്ക് മാറണം.

(t) പരിശീലന കാലത്തിന്റെ ദൈർഘ്യം പരമാവധി 15 ദിവസമായി നിജപ്പെടുത്തണം.

11.4.6.2. പരിശീലന പരിപാടികളുടെ ഗുണമേന്മ വർധിപ്പിക്കാൻ അദ്ധ്യാപകർ സമർപ്പിച്ച നിർദേശങ്ങൾ

(a) പരിശീലന പരിപാടിയുടെ സ്ഥിരം പാറ്റേൺ ഉപേക്ഷിക്കണം.

(b) സെഷനുകൾക്ക് വൈവിധ്യം വേണം. അയവുള്ളതായിരിക്കണം.

(c) ഒരു ദിവസത്തെ പരമാവധി സമയം അഞ്ച് മണിക്കൂർ, അതിൽ മൂന്ന് മണിക്കൂർ ക്ലാസ്; രണ്ട് മണിക്കൂർ Interactive session -ഉം ആയിരിക്കണം.

(d) പങ്കാളികളെ കേന്ദ്രീകരിച്ചുള്ളതും ഗ്രൂപ്പ് വർക്കുകൾക്ക് ഇടമുള്ളതുമായിരിക്കണം.

(e) പരിശീലനങ്ങൾക്ക് ഊന്നൽ മേഖലകൾ ഉണ്ടാവണം.

(f) രാഷ്ട്രീയക്കാർ, ആക്ടിവിസ്റ്റുകൾ, എഴുത്തുകാർ, കലാകാരന്മാർ മറ്റു പ്രതിഭാശാലികൾ എന്നിവരേയും റിസോഴ്സ്പേഴ്സൺ ആയി പരിഗണിക്കണം.

(g) ജെ.എൻ.യു - വിലേതുപോലെ 8 - 2 സമയക്രമം പരിഗണിക്കാവുന്നതാണ്.

(h) പരിശീലനങ്ങൾക്ക് കൂടുതൽ ഫണ്ടനുവദിക്കണം. TA, DA വർധിപ്പിക്കണം.

(i) NIT, AIMS, ISRO, DMS തുടങ്ങിയ സ്ഥാപനങ്ങളുമായും സർവ്വകലാശാലയുമായും ശക്തവും സ്ഥിരവുമായ ബന്ധം പരിശീലന സ്ഥാപനങ്ങൾക്കുണ്ടാകണം.

(j) മൂന്നുവർഷം കൂടുമ്പോൾ OP/RC കോഴ്സുകളിൽ താല്പര്യമുള്ളവർക്ക് പങ്കെടുക്കാൻ അവസരമുണ്ടാകണം.

(k) എല്ലാ അധ്യയനവർഷവും തുടക്കത്തിൽ 5 /10 ദിവസം എല്ലാ അദ്ധ്യാപകർക്കും പരിശീലനം നല്കണം.

(l) ലക്ഷ്യാനുസൃത പരിശീലനം, പരിശീലനത്തിനായി പ്രത്യേക സ്ഥാപനം, നിർബന്ധിത,സമയബന്ധിത പരിശീലനം എന്നിവയുണ്ടാകണം.

(m) മുതിർന്ന കുട്ടികളെ കൈകാര്യം ചെയ്യൽ, പാഠ്യപദ്ധതിയെ സംബന്ധിച്ച് ഉൾക്കാഴ്ച ലഭിക്കൽ, ഭരണപരമായ കാര്യങ്ങൾ, നിയമപരമായ കാര്യങ്ങൾ, ഗവേഷണം, മനശ്ശാസ്ത്രം, ഉന്നതവിദ്യാഭ്യാസം എന്നീമേഖലകളിലൂന്നിയ പ്രായോഗികവും ഫലപ്രദവുമായ പരിശീലനം ഉണ്ടാവണം.

(n) പ്രാദേശികവും ദേശീയവും അന്തർദേശീയവുമായ വിദഗ്ധരുടെ പാനൽ തയ്യാറാക്കണം.

(o) പരിശീലനാവശ്യങ്ങൾ കണ്ടെത്തുന്നതിന് അദ്ധ്യാപകർ, വിദ്യാർത്ഥികൾ, പഠനം, ബോധനം, ഗവേഷണം എന്നിവയെ അടിസ്ഥാനമാക്കി സമഗ്രമായ പഠനം നടത്തണം.

(p) പരിശീലനം, പരിശീലന സ്ഥാപനം എന്നിവയെ വിദഗ്ധരുടെ നേതൃത്വത്തിൽ നിരന്തരമായി മോണിറ്റർ ചെയ്യണം.

(q) പരിശീലനത്തിൽ പങ്കെടുക്കുന്നതിന് ഫീസ് ചുമത്തുന്നത് പൂർണ്ണമായും ഉപേക്ഷിക്കണം.

(r) ഒരേ സ്ഥലത്ത് ഒന്നിലധികം സ്ഥാപനത്തിൽ ഒരേ സമയത്ത് ഒരേ വിഷയത്തിൽപരിശീലനങ്ങൾ നടക്കുന്നത് ഒഴിവാക്കണം.

(s) പരിശീലനസ്ഥാപനങ്ങളിലെ അദ്ധ്യാപകനിയമനം കൃത്യമായ മാനദണ്ഡത്തിലും യോഗ്യതയിലുമാകണം.

11.5. കണ്ടെത്തലുകൾ,നിഗമനങ്ങൾ

- മലയാളം റിഫ്രഷർ കോഴ്സിൽ ഏറ്റവും കൂടുതൽ പരിഗണന ലഭിച്ചിരിക്കുന്നത് എം.എ. പാഠ്യപദ്ധതിയിൽ അപ്രധാനമായ ചലച്ചിത്രത്തിനാണ്. ആകെ നടന്ന 410 സെഷനുകളിൽ 39 സെഷനുകൾ ചലച്ചിത്രവുമായി ബന്ധപ്പെട്ടതാണ് . രണ്ടാമതായി കൂടുതൽ പരിഗണന ലഭിച്ചിരിക്കുന്നത് പാശ്ചാത്യസാഹിത്യ സിദ്ധാന്തങ്ങൾക്കാണ് 37 സെഷനുകൾ നല്കിയിട്ടുണ്ട്. വ്യാകരണം, സംസ്കാരപഠനം, പൊതുസാഹിത്യസമീപനം, എന്നിവയാണ് മൂന്നാമത്തെ പരിഗണനാമേഖല—25 സെഷനുകൾ വീതം നല്കിയിരിക്കുന്നു. ഏറ്റവും കുറവ് പരിഗണന ലഭിച്ചിരിക്കുന്നത്—വിദ്യാഭ്യാസം, ഇതരകലകൾ, പഠനത്തിന്റെ രീതിശാസ്ത്രം എന്നീ വിഷയമേഖലകൾക്കാണ്. യഥാക്രമം 3,4,5 സെഷനുകൾ.
- പരിശീലനത്തിന്റെ ഭാഗമായി നടക്കാറുള്ള പ്രദർശനകലകളിൽ കഥകളിയും ക്ലാസിക് നൃത്തങ്ങളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കീഴാളകലകൾക്ക് പ്രവേശനം ലഭിച്ചിട്ടില്ല .
- ബി.എ, എം.എ. പാഠ്യപദ്ധതിയിൽ ഉൾപ്പെട്ടിട്ടും സമ്പന്നമായ അറബിമലയാളസാഹിത്യത്തിന് ഏതെങ്കിലും സർവ്വകലാശാല ഒരു സെഷൻപോലും നല്കിയിട്ടില്ലെന്നത്

പരിശീലനപരിപാടിയുടെ ഉള്ളടക്കനിയന്ത്രണത്തിലെ സവർണ്ണ വരേണ്യതയാണ് പ്രതിഫലിപ്പിക്കുന്നത്.

- കേരള, കോഴിക്കോട്, എം.ജി സർവ്വകലാശാലകളുടെ പരിശീലനങ്ങൾക്ക് പരിശീലനകാലത്തെ എം.എ. പാഠ്യപദ്ധതിയുമായി ഭാഗികമായ ബന്ധം മാത്രമേയുള്ളൂ.
- പരിശീലന ആസൂത്രണം, പരിശീലന ലക്ഷ്യം, ഉള്ളടക്ക നിർണ്ണയം, വിനിമയം, മൂല്യനിർണ്ണയം എന്നിവയെ സംബന്ധിച്ചിടത്തോളം പരിശീലനപരിപാടികൾക്ക് സ്ഥിരം ഘടനയും പരമ്പരാഗതരീതിയും സ്വാഭാവവുമാണുള്ളത്. പരിശീലനം അനുഭവാധിഷ്ഠിതമോ പങ്കാളിത്തസ്വഭാവമുള്ളതോ അല്ല.
- ഉന്നതവിദ്യാഭ്യാസമേഖലയിലെ അടിസ്ഥാനപരവും ഘടനാപരവുമായ മാറ്റങ്ങളെ ഉൾക്കൊള്ളാനും, ഫലപ്രദമായി ഇടപെടാനും അദ്ധ്യാപകരെ പ്രാപ്തരാക്കുന്നതിനും റിഫ്രഷർ കോഴ്സുകൾക്ക് സാധിക്കുന്നില്ല. വാർഷികമൂല്യനിർണ്ണയത്തിൽ നിന്നും സെമസ്റ്റർ സംവിധാനത്തിലേക്കും മാർക്കിൽ നിന്നും ഗ്രേഡിംഗിലേക്കും ഇന്റേണൽ പരീക്ഷയെന്ന നിരന്തര വിലയിരുത്തലിലേക്കും യൂണിറ്റിൽ നിന്ന് മൊഡ്യൂളിലേക്കും സിലബസിൽ നിന്ന് പാഠ്യപദ്ധതിയിലേക്കും ഉന്നതവിദ്യാഭ്യാസം മാറിയത് HRDC കൾ അറിയുന്നില്ല.
- ഉന്നതവിദ്യാഭ്യാസമേഖലയിൽ ഉന്നതവിദ്യഭ്യാസ വകുപ്പ് നടപ്പിലാക്കികൊണ്ടിരിക്കുന്ന WWS, SSP, ASAP തുടങ്ങിയ നവസംരംഭങ്ങളെ പരിചയപ്പെടുത്താനോ ഉൾക്കാഴ്ച നല്കാനോ പരിശീലനം ശ്രമിക്കുന്നില്ല.
- ഭാഷാസാഹിത്യവുമായി ബന്ധപ്പെട്ട അറിവിന്റെ വിനിമയത്തിനപ്പുറം പാഠാസൂത്രണം, അദ്ധ്യാപനം, ഭാഷാപഠന ക്ലാസ്മുറി, പഠനനേട്ടം, മൂല്യനിർണയം മനോഭാവരൂപീകരണം എന്നിവ പരിശീലനപരിപാടിയുടെ ലക്ഷ്യമായി വരുന്നില്ല.
- മലയാള ഭാഷാസാഹിത്യപഠനത്തിന്റെ പരിശീലനത്തിൽ പരിഗണിക്കേണ്ടതില്ലാത്ത Stress – Management, Time – Management തുടങ്ങിയ Bussiness topic -കൾ ഏറ്റവും ഒടുവിൽ (2015) കേരളസർവ്വകലാശാലയിൽ നടന്ന റിഫ്രഷർകോഴ്സിൽ ഉൾപ്പെട്ടതായി കാണുന്നു. ഇത്തരം പ്രവണതകൾ പരിശീലനത്തിന്റെ നിലവാരത്തകർച്ചയ്ക്ക് കാരണമാകും.

11.6. നിർദേശങ്ങൾ

വിജ്ഞാനത്തിന്റെ മണ്ഡലങ്ങൾ അനുദിനം വികസ്വരമാകുന്ന ഒരു സമൂഹത്തിൽ അദ്ധ്യാപകരുടെ തൊഴിൽപരമായ വൈദഗ്ധ്യത്തെ നിരന്തരം നവീകരിക്കേണ്ടത് അത്യാവശ്യമാണ്. യു.ജി.സി യുടെ മാർഗനിർദേശത്തിലും നിയന്ത്രണത്തിലും ഉള്ള എച്ച്. ആർ. ഡി. സി യ്ക്ക പുറമേ Higher Edn. council-ന്റെ നിയന്ത്രണത്തിലുള്ള പ്രാദേശിക സ്വഭാവത്തോടുകൂടിയ Regional Institute For Faculty Development and Training എന്ന സ്ഥിരം

സംവിധാനം ഉണ്ടാകേണ്ടതാണ്. വർഷത്തിൽ ഒന്നോ രണ്ടോ തവണ ഒരു മേഖലയിലെ ഓരോവിഷയത്തിലെയും അദ്ധ്യാപകർക്ക് ഒന്നിച്ചിരിക്കാനും പ്രശ്നങ്ങൾ ചർച്ചചെയ്യാനും മികവുകൾ പങ്കുവെക്കാനും നല്ല മാതൃകകൾ പരിചയപ്പെടുത്താനും ഈ കേന്ദ്രങ്ങൾ അവസരമൊരുക്കേണ്ടതാണ്. അധ്യയനദിവസങ്ങൾ നഷ്ടപ്പെടുത്തി കോഴ്സുകളിൽ പങ്കെടുക്കുന്നത് നിരുത്സാഹപ്പെടുത്താൻ ഇത്തരം കേന്ദ്രങ്ങൾ അവധിക്കാലത്ത് പരിശീലനങ്ങൾ നടത്തേണ്ടതാണ്. പരിശീലനകേന്ദ്രങ്ങളുടെ കാര്യക്ഷമതയും ഗുണമേന്മയും ഉറപ്പുവരുത്താൻ കഴിയുന്ന വിധത്തിൽ വിദഗ്ധരും ഉന്നത ഉദ്യോഗസ്ഥരുമടങ്ങുന്ന മോണിറ്ററിംഗ് ടീം ഉണ്ടാകേണ്ടതുണ്ട്. നിലവിലെ എഡ്യൂസാറ്റ് സംവിധാനത്തെ Faculty Development നുകൂടി ഊന്നൽ കൊടുത്തുകൊണ്ട് കാര്യക്ഷമമാക്കാവുന്നതാണ്. Higher Edn. Dept.-നു കീഴിൽ കേരളത്തിലെ മുഴുവൻ കോളേജദ്ധ്യാപകർക്കും വേണ്ടി ഒരു Online platform ഒരുക്കാവുന്നതാണ്. E-books, Learning materials, Reference materials, ദേശീയവും അന്തർദേശീയവുമായ വിദഗ്ധരുടെ ഓഡിയൊ, വിഡിയോ ക്ലാസുകൾ എന്നീസൗകര്യങ്ങൾ ഈ വെബ്സൈറ്റിൽ ഒരുക്കാവുന്നതാണ്.

ഉന്നതവിദ്യാഭ്യാസമേഖലയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമായും ക്ലാസ്മുറിയുടെ ആവശ്യങ്ങൾ പരിഗണിച്ചും അദ്ധ്യാപകപരിശീലനത്തിന്റെ രീതിയും സ്വഭാവവും നിർണയിക്കേണ്ടതാണ്. ഏതെല്ലാം മേഖലകളിൽ എങ്ങനെയുള്ള പരിശീലനമാണ് നല്കേണ്ടതെന്ന് കണ്ടെത്താൻ വിശദമായ പഠനം നടത്തേണ്ടതാണ്. പഠനത്തിൽനിന്നും ഉരുത്തിരിയുന്ന മേഖലകളിൽ പരിശീലനം നല്കാനായി വിദഗ്ധരുടെ നേതൃത്വത്തിൽ ശില്പശാല നടത്തി പരിശീലന മൊഡ്യൂളിന് രൂപംകൊടുക്കേണ്ടതാണ്. സർവ്വീസിൽ പ്രവേശിക്കാനിരിക്കുന്നവർക്ക് പൊതുവായും ബന്ധപ്പെട്ട വിഷയത്തിൽ സവിശേഷമായും നല്കുന്ന പ്രാരംഭപരിശീലനവും അഞ്ചുവർഷത്തിനുശേഷം നല്കാവുന്ന Advance Level പരിശീലനവും ഉൾപ്പെടുത്തേണ്ടതാണ്.

കോളേജധ്യാപകരുടെ നിയമനം ജൂൺ മാസത്തിൽ നടക്കത്തക്കവിധത്തിൽ നിയമനനടപടികൾ ക്രമപ്പെടുത്തുകയും ഏപ്രിൽ, മെയ് മാസങ്ങളിൽ പരിശീലനം പൂർത്തിയാക്കിയവർക്കുമാത്രം കോളേജിൽചേരാൻ അവസരംനല്കുകയും വേണം. ഏപ്രിൽ മാസത്തിൽ 15 ദിവസത്തെ പൊതുപരിശീലനവും മെയ് മാസത്തിൽ 20/25 ദിവസത്തെ ബന്ധപ്പെട്ട വിഷയത്തിലെ തീവ്രപരിശീലനവും നല്കണം. പരിശീലനകാലം സർവ്വീസായി പരിഗണിക്കുകയും ശമ്പളം നല്കുകയും വേണം. റസിഡൻഷ്യൽ സ്വഭാവത്തോടുകൂടിയതാവണം പരിശീലനം. എല്ലാ അദ്ധ്യാപകർക്കും വർഷത്തിൽ രണ്ടു ദിവസം വിഷയമനുസരിച്ച് പരിശീലനം മേഖലതിരിച്ച് നല്കാവുന്നതാണ്.കൂടാതെ സിലബസ്/പാഠ്യപദ്ധതി മാറുമ്പോഴും മൂല്യനിർണ്ണയരീതികൾ പരിഷ്കരിക്കുമ്പോഴും മറ്റ് ഘടനാപരമായ മാറ്റങ്ങൾ ഉണ്ടാകുമ്പോഴും അവധിക്കാലത്തോ അല്ലാതെയോ രണ്ടോ മൂന്നോ ദിവസത്തെ പരിശീലനം നല്കേണ്ടതാണ്. അഞ്ചുവർഷത്തിനുശേഷം ബന്ധപ്പെട്ട വിഷയത്തിൽ 15 ദിവസത്തെ Advance Level Training-ഉം നിർബന്ധമായി നല്കേണ്ടതാണ്.

സർവ്വീസിൽ പ്രവേശിക്കുന്നവർക്കുള്ള 15 ദിവസത്തെ പൊതുപരിശീലനത്തിൽ ഗവേഷണം, പരിസ്ഥിതി, സർവ്വീസ് റൂൾസ്, അഡൽറ്റ് സൈക്കോളജി, മൂല്യനിർണ്ണയം, ഗൈഡൻസ്, കൗൺസിലിംഗ്, അദ്ധ്യാപനരീതികൾ/തന്ത്രങ്ങൾ, പഠനസിദ്ധാന്തങ്ങൾ, ഉന്നതവിദ്യാഭ്യാസമേഖലയുടെ വളർച്ചയും വികാസവും, ഐ.സി.ടി, ഉന്നത വിദ്യാഭ്യാസത്തെ സംബന്ധിച്ച കമ്മീഷൻ റിപ്പോർട്ടുകൾ, വിദ്യാഭ്യാസത്തിന്റെ ദാർശനിക, സാമൂഹികശാസ്ത്ര ഭ്രമിക, ഭിന്നശേഷി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം എന്നിവയും പഠനത്തിലൂടെ കണ്ടെത്തുന്ന മേഖലകളും ഉൾപ്പെടുത്തേണ്ടതാണ്.

15 ദിവസത്തെ പരിശീലനത്തിലൂടെ ധാരണനേടിയ വിഷയങ്ങളുടെ ക്ലാസ് റൂം സാദ്ധ്യതകളിലൂന്നിയുള്ള അനുഭവാധിഷ്ഠിതവും പ്രായോഗികവുമായ പരിശീലനമാണ് തുടർന്നുള്ള 20/25 ദിവസത്തെ വിഷയാധിഷ്ഠിത പരിശീലനത്തിൽ നടക്കേണ്ടത്.

വിദഗ്ധരുടെ നേതൃത്വത്തിൽ തയ്യാറാക്കിയ മൊഡ്യൂളിന്റെ അടിസ്ഥാനത്തിൻ മതിയായ ആസൂത്രണത്തോടെ അനുയോജ്യരായ വിദഗ്ധരെ ഉപയോഗിച്ച് പരിശീലനം നടപ്പിൽവരുത്തേണ്ടതാണ്.

10 മുതൽ 5 വരെ നീളുന്ന വിരസമായ PPT ഉപയോഗിച്ചോ അല്ലാതെയോ ഉള്ള നിലവിലെ ലക്ചർ ക്ലാസുകൾ പൂർണ്ണമായും ഉപേക്ഷിച്ച് സ്വയംപഠനത്തിന്റെയും സംവാദത്തിന്റെയും സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്ന Participatory Approach (പങ്കാളിത്ത സ്വഭാവം) ലേക്ക് പരിശീലനത്തിന്റെ രീതിശാസ്ത്രത്തെ മാറ്റേണ്ടതുണ്ട്. ഗ്രൂപ്പ് ചർച്ചകൾ, വർക്കുഷീറ്റുകൾ, സെമിനാറുകൾ, പ്രവർത്തനങ്ങൾ, നിരീക്ഷണം, വിശകലനം, കേസ് ഷീറ്റുകൾ, ഓഡിയോ വീഡിയോ സാദ്ധ്യതകൾ, സിനിമ, ഡോക്യുമെന്ററി, സാഹിത്യം, ചിത്രം എന്നിവയൊക്കെ ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ്. വിഷയാധിഷ്ഠിത പരിശീലനത്തിന്റെ ഊന്നൽ ബന്ധപ്പെട്ട വിഷയത്തിൽ അദ്ധ്യാപന നൈപുണികൾ വികസിപ്പിക്കലായിരിക്കണം. അതിനാൽ അനുഭവാധിഷ്ഠിതവും പ്രായോഗിക പരിചയം ലഭിക്കുന്നതുമായ രീതിശാസ്ത്രം പിന്തുടരേണ്ടിവരും. ഓരോ പരിശീലന കേന്ദ്രവും പ്രവർത്തിക്കേണ്ടത് നിരവധി പഠനവിഭാഗങ്ങളുള്ള കോളേജിലോ സർവ്വകലാശാലയിലോ ആയിരിക്കേണ്ടതാണ്. അദ്ധ്യാപകർ ഗ്രൂപ്പുതിരിഞ്ഞ് കോളേജിലെ യു.ജി. ക്ലാസുകളിലോ സർവ്വകലാശാലയിലെ പഠനവകുപ്പുകളിലെ ക്ലാസ്മുറികളിലോ ക്ലാസെടുക്കേണ്ടതും അത് വീഡിയോ ഡോക്യുമെന്റ് ചെയ്ത് പിന്നീട് വിശകലനത്തിനും ചർച്ചയ്ക്കും വിധേയമാക്കേണ്ടതുമാണ്. 20/25 ദിവസത്തെ പരിശീലന കാലയളവിൽ രണ്ടു ഘട്ടങ്ങളിലായി 10 ദിവസം അദ്ധ്യാപകർ ക്ലാസെടുക്കേണ്ടതാണ്. പരിശീലന കേന്ദ്രത്തിലെ സിമുലേഷൻക്ലാസുകൾക്കു ശേഷം അഞ്ചുദിവസം വിദ്യാർത്ഥികൾക്ക് ക്ലാസെടുത്ത് അനുഭവങ്ങൾ ആർജിക്കുകയും തുടർന്നുള്ള ദിവസങ്ങൾ പരിശീലന കേന്ദ്രത്തിൽവന്ന് അനുഭവങ്ങൾ പങ്കുവെക്കുകയും ക്ലാസുകളുടെ വിഡിയോ കണ്ട് പൊതുവായി

ചർച്ചചെയ്ത പോരായ്മകൾ പരിഹരിച്ച് രണ്ടാം ഘട്ടത്തിൽ ക്ലാസെടുക്കുകയും ആ ക്ലാസിന് നല്കുന്ന വിലയിരുത്തൽ ഗ്രേഡുകൾ പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നതിന്റെ അഥവാ മൂല്യനിർണയ പ്രവർത്തനമായി കണക്കാക്കുകയും വേണം. അദ്ധ്യാപകർ എടുക്കുന്ന ക്ലാസുകളിൽ ഒന്ന് നിർബന്ധമായും ഐ.സി.ടി. ഉപയോഗിച്ചുള്ള ക്ലാസുകൾ ആയിരിക്കണം.

11.7. ഉപസംഹാരം

ഉന്നത വിദ്യാഭ്യാസമേഖലയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമായി ഭാഷാസാഹിത്യപഠനത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്താൻ കഴിയുന്ന വിധത്തിലും വിദഗ്ധരായ അദ്ധ്യാപകരെ രൂപപ്പെടുത്താൻ സാധിക്കുന്ന വിധത്തിലും സേവനകാലപരിശീലനങ്ങളെ ഉടച്ചുവാർക്കേണ്ടതുണ്ട്.

ഉന്നതവിദ്യാഭ്യാസമേഖലയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമായി ചിട്ടപ്പെടുത്തിയതോ അദ്ധ്യാപകന്റെ തൊഴിൽപരമായ വൈദഗ്ധ്യത്തിന് ഊന്നൽകൊടുക്കുന്നതോ ക്ലാസ്മുറിയിൽ ഫലപ്രദമായ പരിശീലനാവശ്യങ്ങൾ നിർണയിക്കുന്നതിന് പഠനമോ മറ്റെന്തെങ്കിലും സംവിധാനമോ ഈ സ്ഥാപനങ്ങൾ നിർവഹിക്കുന്നില്ല ഫലപ്രദമായ പഠനബോധനപ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതോ അല്ല നിലവിൽ എച്ച്.ആർ.ഡി.സി./എ.എസ്.സി. -യിലൂടെ നല്കിവരുന്ന കോഴ്സുകൾ. യു.ജി.സി. - യുടെ ദുർബലമായ ചില പൊതുനിർദ്ദേശങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്നതും കൃത്യമായ അക്കാദമിക് മോണിറ്ററിംഗിനോ വിലയിരുത്തലിനോ വിധേയമാകാത്തതുമായ സ്ഥാപനങ്ങളാണിവ. ഒരു പരിശീലനസ്ഥാപനം എന്നു വിളിക്കാൻ കഴിയാത്തവിധം ഇവ വിവരവിനിമയ അഥവാ ജ്ഞാനവിതരണ സ്ഥാപനം മാത്രമായി ചുരുങ്ങിയിരിക്കുന്നു. ഓരോ വിഷയത്തിലും പാണ്ഡിത്യമുള്ള അദ്ധ്യാപകരുടെ ലെക്ചർ ക്ലാസുകളാണ് ഇവിടെ നടക്കുന്നത്. ധാരാളം പേർ ലെക്ചറിംഗ് സുഗമമാക്കാൻ P.P.T യും ഉപയോഗിക്കുന്നുണ്ട്. അദ്ധ്യാപകന് ധാരാളം വിവരങ്ങൾ (Information) ലഭിക്കുവാനും വൈജ്ഞാനിക മണ്ഡലത്തെ വികസിപ്പിക്കാനും സഹായകമാവുന്നുണ്ടെന്നല്ലാതെ അഭിലഷണീയമായ മനോഭാവമുണ്ടാക്കാനോ തൊഴിൽപരമായ നൈപുണികൾ വികസിപ്പിക്കാനോ കോഴ്സുകൾ പര്യാപ്തമാകുന്നില്ല. ഉദ്ദേശ്യാധിഷ്ഠിതവും പ്രക്രിയാധിഷ്ഠിതവുമായ പരിശീലന മൊഡ്യൂളുകൾ ഇത്തരം സ്ഥപനങ്ങൾക്കില്ല. ഉള്ളത് വിഷയങ്ങളെയും വിദഗ്ധരെയും കുത്തിനിറച്ച പാക്കേജുകളാണ്. കോഴ്സിൽ നിർബന്ധമായും ഉണ്ടായിരിക്കേണ്ട അഡൽറ്റ് സൈക്കോളജി, കൗൺസിലിങ്, ഗൈഡൻസ്, പഠനത്തെയും ബോധനത്തെയും സംബന്ധിച്ച സിദ്ധാന്തങ്ങളും അവയുടെ പ്രയോഗവും, വിദ്യാഭ്യാസത്തിന്റെ ദാർശനിക, സാമൂഹികശാസ്ത്ര ഭൂമിക, ഉന്നത വിദ്യാഭ്യാസത്തിന്റെ വളർച്ച, സർവ്വീസ് നിയമങ്ങൾ, മൂല്യനിർണ്ണയം—സിദ്ധാന്തവും പ്രയോഗവും തുടങ്ങിയ ഊന്നൽ മേഖലകൾ തീർത്തും

അവഗണിക്കപ്പെട്ടിരിക്കുന്നു. ബി.എ./എം.എ. പാഠ്യപദ്ധതിയിലെ വിഷമകരമായ മേഖലകൾ (Hard spots) അദ്ധ്യാപകൻ ക്ലാസ് മുറിയിൽ നേരിടുന്ന പ്രശ്നങ്ങൾ, അവ മറികടക്കുന്നതിനുള്ള തന്ത്രങ്ങൾ, കുട്ടിയുടെ പഠനനിലവാരം ഉയർത്തുന്നതിനും താല്പര്യം വളർത്തുന്നതിനുമുള്ള മാർഗങ്ങൾ എന്നിവയൊന്നും പരിശീലനത്തിന്റെ ഉള്ളടക്കം രൂപപ്പെടുത്തുന്നതിൽ മാനദണ്ഡമേയല്ല.

കുറിപ്പുകൾ

1. 'The destination of India is now being shaped in her classrooms' (P. 01)
2. 'It may be possible , in the bigger universities or a group of universities, to place these activities on a permanent and continuing basis by establishing something like a staff college where teachers from all affiliated and constituent colleges as well as the university will be brought together for organization discussions, seminars, workshops etc (P. 87)
3. 'To facilitate discussion of the issues which teachers have to face objective of education, methods of teaching, enrichment of subject matter etc'. (P.870
4. 'Teacher education is vital for improving standards in all education
5. 'Every university and, where possible every college should have regular orientation courses organized for a few weeks early in the session in which some new and some older teachers participate. The best teachers of the institution as well as some distinguished teachers from outside should discuss with them the outstanding problems of teaching research and 'There is at present no provision for the professional institution of a university teacher. A lecturer is generally expected to take on his full load of teaching work and sometimes even more-from the first day of his appointment. He generally receives no institution into his duties and no orientation to his profession. He is given no time for adaptation and no chance to watch the good senior teachers taking their classes. He has no prescribed opportunity to study the syllabus, plan lectures, consult the head of his department or other senior colleagues about them, or to study the technique of seminars and tutorial classes. He even lacks at times the knowledge of the mechanics of his profession and does not know how to set question papers or to mark answer books. In this atmosphere of almost total neglect, the new teacher is content to copy mechanically the methods and inflict them on his students. Thus by and large the dull pointless tradition of 'giving lecturers' and dictating notes has passed on from generation to generation. The incalculable loss involved in this unimaginative approach can and should be avoided'.

   Discipline as well as the mechanics of profession during such courses new teacher will be able to make social and academic contracts and find their feet in their new environment. They will learn to feel at home in the college.

   …….Care should be taken to associated with these courses only such persons as enjoy high reputation in the academic community for their scholarship and character and are likely to exercise a beneficial influence on new members.

   Improvement of teaching (P.86)

   'One of the important reforms needed in higher education is to improve teaching and evaluation. The existing conditions in this regard are extremely unhappy. Most of the teaching, till comparatively, recently has been dominated by a syllabus which is many years out of date'. (P 286)

   ……a change in the character of teaching to discourage cramming drastically and to stimulate curiosity, problem solving ability and originality

   Teaching Methods (p 286, 287)

‘The problem of teaching methods in higher education has been a relating neglected subject in India so far. We recommend that it any be examined by the UGC through a special committee appointed for the purpose……such studies will be of great use in organizing the orientation courses for Junior lectures which we have recommended. (P 290)

അദ്ധ്യായം 12

മൂല്യനിർണ്ണയം—ചരിത്രവും വർത്തമാനവും

മൂല്യനിർണയത്തിന്റെ സൈദ്ധാന്തിക അടിത്തറയിൽനിന്നുകൊണ്ട് ഉന്നതവിദ്യാഭ്യാസമേഖലയിലെ മൂല്യനിർണയ രീതികളുടെ പരിണാമവും സമകാലികപ്രശ്നങ്ങളുടെ വിശകലനവുമാണ് ഈ അദ്ധ്യായത്തിൽ നിർവഹിച്ചിരിക്കുന്നത്.

12.1.പാഠ്യപദ്ധതി, പാഠക്രമം (Curriculum and syllabus)

വിദ്യാഭ്യാസത്തെ സംബന്ധിച്ച്, എന്ത്? എന്തിന്? എങ്ങനെ? എന്നീ ചോദ്യങ്ങൾക്കുള്ള ഉത്തരമായി പാഠ്യപദ്ധതിയെ മനസ്സിലാക്കാം. പാഠ്യപദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിദ്യാഭ്യാസം എന്തിന്? എന്ന ചോദ്യത്തെയും, എന്ത്? എന്നത് പാഠ്യവസ്തുവിലേക്കും, എങ്ങനെ? എന്നത് ബോധനത്തിലേക്കും നയിക്കുന്നു. പാഠ്യപദ്ധതി ലക്ഷ്യങ്ങൾ നിറവേറ്റപ്പെട്ടോ? എന്ന ചോദ്യമാണ് മൂല്യനിർണ്ണയത്തെ പ്രസക്തമാക്കുന്നത്. ഉന്നത വിദ്യാഭ്യാസത്തിന്റെ ഭാഷാസാഹിത്യ പാഠ്യപദ്ധതിയുടെ ഇന്നോളമുള്ള ചരിത്രത്തിൽ ശാസ്ത്രീയവും സമഗ്രവുമായ ഒരു പാഠ്യപദ്ധതി ദർശിക്കാൻ കഴിയില്ലെങ്കിലും ഇതുവരെ ഉണ്ടായിട്ടുള്ള പാഠക്രമങ്ങളെ പാഠ്യപദ്ധതി എന്നുതന്നെയാണ് പഠനസൗകര്യാർത്ഥം ഈ പ്രബന്ധത്തിൽ പരാമർശിച്ചിട്ടുള്ളത്.

പഠനം, ബോധനം, മൂല്യനിർണ്ണയം, പാഠ്യപദ്ധതി നിർമ്മിതി, മൂല്യനിർണ്ണയ ഉപകരണങ്ങളുടെ അഥവാ ചോദ്യപേപ്പറിന്റെ നിർമ്മിതി എന്നിവയെല്ലാം തന്നെ വിദ്യാഭ്യാസ ജ്ഞാനശാഖയുടെ പ്രധാനപ്പെട്ട മേഖലകളും വൈദഗ്ധ്യം ആവശ്യമായതുമാണ്. കലാലയങ്ങളിലെ അദ്ധ്യാപനവൃത്തിക്ക് യാതൊരുവിധ പരിശീലനവും ആവശ്യമില്ലെന്നതിനാൽ തന്നെ പാഠ്യപദ്ധതി, ബോധനം, മൂല്യനിർണ്ണയം എന്നിവയൊന്നും തന്നെ ശാസ്ത്രീയമായോ സമഗ്രമായോ നിർവ്വഹിക്കപ്പെടുന്നില്ല.ക്ലാസ്മുറിക്കകത്തുനിന്നോ പുറത്തുനിന്നോ, ഔപചാരികമായോ അനൗപചാരികമായോ പഠിതാവിനു ലഭിക്കുന്ന അനുഭവങ്ങളുടെ സാകല്യത്തെയാണ് പാഠ്യപദ്ധതിയെന്നതുകൊണ്ട് മുതലിയാർ കമ്മീഷൻ അർത്ഥമാക്കുന്നത്. ഉന്നതവിദ്യാഭ്യാസത്തെ സംബന്ധിച്ച വിശ്വവിജ്ഞാനകോശം പാഠ്യപദ്ധതിയെ നിർവ്വചിക്കുന്നത്, 'പാഠ്യപദ്ധതി എന്നത് വിജ്ഞാനത്തെ

മറ്റുള്ളവരിലേക്കു വിനിമയം ചെയ്യുന്നതിനുവേണ്ടിയുള്ള മനുഷ്യ ചിന്തയുടെ യുക്തിസഹമായ ക്രമീകരണത്തിനുള്ള തന്ത്രമോ സങ്കേതമോ ആയാണ്'.

ഏതുതലത്തിലുള്ള വിദ്യാഭ്യാസത്തിന്റെയും അടിസ്ഥാന ഘടകമെന്നതിലുപരി, പാഠ്യപദ്ധതിയെന്നത് രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക, ദാർശനിക, സൈദ്ധാന്തിക അടിത്തറയിൽ രൂപം കൊള്ളുന്നതോ രൂപംകൊള്ളേണ്ടതോ ആയ പ്രവർത്തന പദ്ധതിയാണ്. സമൂഹത്തിന്റെ വിദ്യാഭ്യാസദർശനത്തെ പഠനപ്രക്രിയയാക്കി മാറ്റുക എന്ന ധർമ്മമാണ് അതുനിർവ്വഹിക്കുന്നത്. പ്രബല സംസ്കാരങ്ങൾ അടിച്ചമർത്തുകയും പാർശ്വ വത്കരിക്കുകയും ചെയ്ത സമൂഹങ്ങളെയും അവരുടെ സംസ്കാരത്തെയും സാമൂഹികപ്രശ്നമാ യിക്കണ്ട് പഠിക്കുകയും വീണ്ടെടുക്കുകയും ചെയ്യുക എന്നത് സാംസ്കാരിക വൈവിധ്യമുള്ള സമൂഹത്തിന്റെ പാഠ്യപദ്ധതിയുടെ സാംസ്കാരികധർമ്മമാണ്. അതിലൂടെ മാത്രമെ ജ്ഞാനശാസ്ത്രപരമായ നൈതികത യാഥാർത്ഥ്യമാക്കാനാവൂ. ഏതുതരം മൂല്യത്തെയാണ് പാഠ്യപദ്ധതി ഉല്പാദിപ്പിക്കേണ്ടതെന്ന ചോദ്യത്തിന്റെ ഉത്തരം കൂടിയാണിത്.

പാഠ്യവസ്തുക്കളുടെ വിവരണാത്മക വ്യത്യാസത്തിനപ്പുറം ഉയർന്ന ശേഷീവികാസം ഉറപ്പുവരുത്തുന്നതിനോ ചിന്താപ്രക്രിയകൾക്ക് അവസരം നല്കുന്നതിനോ ഉന്നത വിദ്യാ ഭ്യാസമേഖലയിലെ ഭാഷാപാഠ്യപദ്ധതികൾ ശ്രമിക്കുന്നില്ല. പാഠ്യപദ്ധതി വിനിമയത്തെ സംബന്ധിച്ച് ക്രിയാത്മകമായ നിർദേശങ്ങൾ അവ മുന്നോട്ടുവെക്കുന്നില്ല. മൂല്യനിർണ്ണയ ത്തിന് അഥവാ ചോദ്യപേപ്പർ തയ്യാറാക്കുന്നതിന് പാഠ്യവസ്തുവിനെയല്ലാതെ പാഠ്യപദ്ധതി ഉദ്ദേശ്യങ്ങളെ പരിഗണിക്കുന്നില്ല. സ്വയംപഠനം, കണ്ടെത്തൽ പഠനം, അർത്ഥ പൂർണമായ പഠനം, ദീർഘകാലം ഓർമ്മയിൽ നിലനില്ക്കുന്ന പഠനം, ആർജിതജ്ഞാനം പുതിയ സന്ദർഭത്തിൽ പ്രയോഗിക്കാനുള്ള പ്രാപ്തി, അറിവിന്റെ സ്ഥാനാന്തരണം, വെല്ലുവിളി ഉയർത്തുന്ന പഠനം, ഉയർന്ന ചിന്താശേഷിയിലൂടെ കടന്നുപോയുള്ള പഠനം, വിമർശ നാത്മകമായി ചിന്തിക്കാനും സ്വന്തം ചിന്താപ്രക്രിയയെ വിശകലനം ചെയ്യാനും നവീക രിക്കാനുമുള്ള അവസരം, പരീക്ഷണങ്ങളിലും പര്യവേക്ഷണങ്ങളിലും ഏർപ്പെടാനുള്ള അവസരം, പ്രശ്നപരിഹരണരീതികൾ പരിചയപ്പെടൽ, സഹവർത്തിത്വമായും സംഘമായും സാമൂഹികമായും പഠിക്കൽ, സ്വയംപ്രേരിത പഠനം എന്നിങ്ങനെയുള്ള ക്രിയാത്മകമായ പഠനപ്രക്രിയകളെ കുറഞ്ഞ അളവിലെ പാഠ്യപദ്ധതി അഭിമുഖീകരിക്കുന്നുള്ളൂ.

1924-ൽ വെറെറ്റ് ചാർട്ടേഴ്സ് (Werret Charters) രൂപം നല്കിയ ഉദ്ദേശ്യാധിഷ്ഠിത പാഠ്യപദ്ധതി (Objective based curriculum)രാൽഫ് ടൈലറിലൂടെയും ബെഞ്ചമിൻ ബ്ലൂമിന്റെ വിദ്യാഭ്യാസ ഉദ്ദേശ്യങ്ങളുടെ വർഗീകരണത്തിലൂടെയും ലോകമെമ്പാടും പ്രചാരണ ത്തിലായി. പാഠ്യപദ്ധതി നിർമ്മാണം, ബോധനം, മൂല്യനിർണയം എന്നിവയ്ക്കെല്ലാം അടിസ്ഥാനമായി സ്വീകരിക്കുന്നതും ഇവയെ വിശകലനം ചെയ്യാനും വിലയിരുത്താനും ഈ പഠനത്തിൽ സ്വീകരിച്ചിരിക്കുന്നതും ബെഞ്ചമിൻ ബ്ലൂമിന്റെ വർഗീകരണത്തെ (Taxonomy)യാണ്.

രേഖാചിത്രം 1

ബോധനലക്ഷ്യങ്ങളുടെ ശ്രേണീകരണം



എന്നാൽ ഇത്തരം ശിക്ഷണങ്ങളിലൂടെ സേവനകാലത്തിനുമുമ്പോ പിമ്പോ കടന്നു പോയിട്ടില്ലാത്ത കലാലയ അദ്ധ്യാപകർ രൂപം കൊടുക്കുന്ന പാഠ്യപദ്ധതിയിലും അതിൽ നിശ്ചയിച്ചിരിക്കുന്ന പാഠ്യപദ്ധതി ഉദ്ദേശ്യങ്ങളിലും അതിനെ അടിസ്ഥാനമാക്കിയുള്ള ചോദ്യപേപ്പർ നിർമ്മിതിയിലും ഉന്നതനിലവാരമോ ശാസ്ത്രീയതയോ വൈദഗ്ധ്യമോ ദർശിക്കാൻ കഴിയാതെ വരുന്നത് ആ അദ്ധ്യാപകന്റെ പ്രശ്നം എന്നതിനെക്കാൾ ഉന്നതവിദ്യാഭ്യാസം പിന്തുടരുന്ന വ്യവസ്ഥയുടെ അടിയന്തരമായി പരിഹരിക്കേണ്ട പ്രശ്നമായി മാറുന്നു.

പാഠ്യപദ്ധതി ഉദ്ദേശ്യങ്ങൾക്ക് പഠിതാവ് ആർജിക്കേണ്ട ജ്ഞാനം, നൈപുണി, അഭിരുചി, മനോഭാവം, ചിന്താപ്രക്രിയകൾ എന്നിവ വ്യക്തമാക്കാൻ കഴിയണം. മൂല്യനിർണ്ണയത്തിനുള്ള അടിസ്ഥാന മാനദണ്ഡങ്ങൾ നിശ്ചയിക്കാൻ കഴിയണം. ഉചിതമായ പഠനാനുഭവം തെരഞ്ഞെടുക്കാനും പഠനസാമഗ്രി കണ്ടെത്താനും പാഠ്യപദ്ധതി ഉള്ളടക്കം അഥവാ പാഠ്യവസ്തു നിർണയിക്കാനും സഹായകമാകണം. പാഠ്യപദ്ധതിയുടെ ആത്യന്തികമായ അഥവാ വിദൂരസ്ഥമായ ലക്ഷ്യങ്ങളിൽനിന്ന് അതിലേക്കടുപ്പിക്കുന്ന സമീപസ്ഥമായ അഥവാ വിഷയകേന്ദ്രീകൃതവും ഉള്ളടക്ക കേന്ദ്രീകൃതവുമായ പാഠ്യപദ്ധതി ഉദ്ദേശ്യങ്ങളെ നിർണയിക്കാൻ കഴിയണം. ഒരു പാഠ്യവസ്തു വിനിമയം ചെയ്യപ്പെടുന്നതിലൂടെ പഠിതാവിൽ ഉണ്ടാകേണ്ട മാറ്റത്തെ(ജ്ഞാനം, നൈപുണി, മനോഭാവം) കൃത്യവും സൂക്ഷ്മവുമായി രേഖപ്പെടുത്തുന്ന പ്രസ്താവനകളെ കോഴ്സിന്റെ പഠനനേട്ടങ്ങളായി കണക്കാക്കാം (Learning outcome).

രേഖാചിത്രം-2

പഠന ഉദ്ദേശ്യങ്ങളും ലക്ഷ്യവും



ലക്ഷ്യങ്ങളെ വിദ്യാഭ്യാസ ലക്ഷ്യങ്ങൾ, തൊഴിൽപരമായ ലക്ഷ്യങ്ങൾ, സാമൂഹിക -സാംസ്കാരിക - പൗരധർമപരമായ ലക്ഷ്യങ്ങൾ, വ്യക്തിഗത ലക്ഷ്യങ്ങൾ എന്നിങ്ങനെ ജോൺഗ്രഡ്ലേഡ് വർഗീകരിച്ചിട്ടുണ്ട്.

ഒരു പ്രോഗ്രാമിൽ പഠിക്കാനുള്ള കോഴ്സുകളും അവയുടെ ഉള്ളടക്കമായ പാഠ്യവസ്തുക്കളും സൂചിപ്പിക്കുക എന്നതിലുപരിയായി പ്രോഗ്രാം പൂർത്തിയാക്കുന്നതിലൂടെ കൈവരുന്ന ലക്ഷ്യങ്ങൾ, ലക്ഷ്യങ്ങളിലേക്കടുപ്പിക്കുന്ന സമീപസ്ഥങ്ങളായ ഉദ്ദേശ്യങ്ങൾ, അവ നേടാൻ സഹായകമായ പഠനാനുഭവങ്ങൾ അഥവാ പ്രയോഗപദ്ധതികൾ എന്നിവ വ്യക്തമായി രേഖപ്പെടുത്തിയ ചട്ടക്കൂട് എന്ന നിലയിലേക്ക് പാഠ്യപദ്ധതി രൂപീകരണം പ്രക്രിയാധിഷ്ഠിതമായി വികസിച്ചത് ഉദ്ദേശ്യാധിഷ്ഠിത പാഠ്യപദ്ധതിയിലൂടെയാണ്. പാഠ്യക്രമ (Syllabus)ത്തിൽ നിന്നു വ്യത്യസ്തമായി ഒരു പ്രയോഗപദ്ധതിയായി പാഠ്യ പദ്ധതികൾ വിശാലമായ പരിപ്രേക്ഷ്യത്തിലേക്കും സൈദ്ധാന്തികമായ അടിത്തറ യിലേക്കും ശാസ്ത്രീയമായി അസൂത്രണം ചെയ്യുന്ന പ്രക്രിയയിലേക്കും വികസിക്കുന്നത് അങ്ങനെയാണ്.

1986-ലെ പുതിയ വിദ്യാഭ്യാസനയം, "മാനവികത അഭിമുഖീകരിക്കുന്ന സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക, ധാർമ്മിക, ആത്മീയ പ്രശ്നങ്ങളോട് വിമർശനാത്മകമായി പ്രതികരിക്കാനുള്ള അവസരം ഉന്നതവിദ്യാഭ്യാസം വിദ്യാർത്ഥികൾക്ക് നല്കേണ്ടതുണ്ട്" എന്നുനിർദേശിക്കുന്നു.

പാഠ്യപദ്ധതിയെ സംബന്ധിച്ച അടിസ്ഥാന ആശയങ്ങൾ ആമുഖമായി ഇവിടെ വിശദീകരിക്കേണ്ടിവന്നത് മൂല്യനിർണയപ്രക്രിയ പാഠ്യപദ്ധതിയുടെ പ്രധാനഭാഗമാണെ ന്നത് വ്യക്തമാക്കാനാണ്. അതുകൊണ്ടുതന്നെ മൂല്യനിർണയ പ്രക്രിയയുടെ നിലവാരവും നിലവാരമില്ലായ്മയും പാഠ്യപദ്ധതിയിൽ അതെങ്ങനെ വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. അകം,പുറം പരീക്ഷകൾ എം.എ. ക്ലാസിന്റെ നിലവാ രത്തിനനുസരിച്ച് സമഗ്രമായും ശാസ്ത്രീയമായും നിർവ്വഹിക്കപ്പെടണമെങ്കിൽ അവ നിർദ്ദേശങ്ങളായും പ്രക്രിയകളായും ആവശ്യമായ ഉപകരണ (Formats & Rubrics) ങ്ങളോടെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തപ്പെടണം. സർവ്വകലാശാലയുടെ നിലനില്ക്കുന

റെഗുലേഷനുകൾക്ക് വിധേയമായാണ് ബോർഡ് ഓഫ് സ്റ്റഡീസ് പാഠ്യപദ്ധതികൾ നിർമ്മിക്കുന്നത് എന്നതുകൊണ്ടുതന്നെ റെഗുലേഷനിലെ വ്യവസ്ഥകൾ, മാതൃകകൾ എന്നിവ ആദ്യം അക്കാദമികവും ശാസ്ത്രീയവും പുരോഗമനപരവും ആകേണ്ടതുണ്ട്. എന്നാൽ സർവ്വകലാശാലകളിലെ റെഗുലേഷനുകളും അവയെ അടിസ്ഥാനമാക്കിയുണ്ടാകുന്ന പാഠ്യ പദ്ധതികളും അതിൽ നിന്നുണ്ടാകുന്ന മൂല്യനിർണയ ഉപകരണങ്ങളും നിലവാരമുള്ളതോ ശാസ്ത്രീയമോ അല്ല. പാഠ്യപദ്ധതിയുടെ എല്ലാ യൂണിറ്റുകളെയും സമഗ്രമായി സ്പർശിക്കുന്ന ബാഹ്യപരീക്ഷാ ചോദ്യപേപ്പറുകൾപോലും ഉണ്ടാകുന്നില്ല. ഇതിനുകാരണം ഈ പാഠ്യപ ദ്ധതിയുമായി പരിചയമില്ലാത്ത ഇതര സർവ്വകലാശാലകളിലെ അദ്ധ്യാപകരെക്കൊണ്ട് ചോദ്യപേപ്പർ നിർമ്മിക്കുന്ന സർവ്വകലാശാലയുടെ മൂല്യനിർണയ വ്യവസ്ഥകളാണ് (കാലടിപോലുള്ള സർവ്വകലാശാലകൾ ഇതിനപവാദമാണ്). സർവ്വകലാശാലക്ക്, ചോദ്യകർത്താക്കൾക്ക് പാഠ്യപദ്ധതി മാത്രമെ അയച്ചുകൊടുക്കാനാകൂ. അതിനകത്തെ പാഠപുസ്തകമോ റഫറൻസോ അയച്ചുകൊടുക്കാൻ കഴിയില്ല. അതുകൊണ്ടുതന്നെ ചുമതലപ്പെട്ട അദ്ധ്യാപകൻ തന്റെ കൈവശമുള്ള പുസ്തകങ്ങളെ മാത്രം അടിസ്ഥാനമാക്കി ചോദ്യപേപ്പർ തയ്യാറാക്കുകയും മൂല്യനിർണയം ഭാഗികമാവുകയും ചെയ്യുന്നു.

ചോദ്യപേപ്പർ നിർമ്മിതിക്കു മുമ്പായി ബ്ലൂപ്രിന്റ് തയ്യാറാക്കുന്ന പ്രക്രിയ മിക്ക സർവ്വകലാശാലകൾക്കും ഇല്ല. ഉദ്ദേശ്യങ്ങളുടെയും ഉള്ളടക്കത്തിന്റെയും പ്രാതിനിധ്യം, കാഠിന്യനിലവാരം, ചോദ്യമാതൃകകളുടെ പ്രാതിനിധ്യം എന്നിവ ഉറപ്പുവരുത്താനും വൈധത (Valildity), പ്രായോഗികത, വസ്തുനിഷ്ഠത, വിശ്വാസ്യത (reliability) എന്നീ സവിശേഷതകൾ ഉള്ള നിലവാരമുള്ള ചോദ്യപേപ്പർ ശാസ്ത്രീയമായി തയ്യാറാക്കുന്നതിനും ബ്ലൂപ്രിന്റ് ഉണ്ടാകുന്നതാണ് നല്ലത്.

12.2. പേപ്പറുകളുടെയും മാർക്കിന്റെയും ചരിത്രം 1914-2016

മദ്രാസ് സർവ്വകലാശാലക്കുകീഴിൽ മലയാള ബിരുദാനന്തരബിരുദ പഠനത്തിന്റെ ചരിത്രം ബി.എ ഓണേഴ്സ് എന്നപേരിൽ 1914 മുതൽ നിലനിന്നിരുന്നതായും മാസ്റ്റർ ഓഫ് ആർട്സ് എന്ന പേരിൽ ഡബിൾമെയ്നായി 1905 ലും നിലനിന്നിരുന്നതായി അക്കാലത്തെ മദ്രാസ് സർവ്വകലാശാലയുടെ കലണ്ടറുകളിൽ നിന്ന് വ്യക്തമാകുന്നു. 1914-1934 കലായളവിലെ മലയാളപഠനം സ്വതന്ത്രമായിരുന്നില്ല. എം.എ. മലയാള പഠനം, ബ്രാഞ്ച് VII ൽ two languages other than English എന്ന പേരിൽ 1920-കളിലും 1932-33 നു ശേഷം Branch-IV ആയും ആണ് കാണുന്നത്. അതായത് double main എന്ന് വിളിക്കാവുന്ന രീതിയിൽ തെരഞ്ഞെടുത്ത രണ്ട് ഭാഷകൾ തുല്യമായി പഠിക്കണം. ഇന്റർ മീഡിയറ്റിനു ശേഷം അഞ്ചുവർഷം കഴിഞ്ഞാലേ എം.എ.-യ്ക്കു ചേരാനാവൂ. പഠനകാലയളവ് രണ്ട് വർഷം തന്നെ. ഒന്നാം വർഷം ഒന്നാമതായി തെരഞ്ഞെടുത്ത ഭാഷയുടെ 5 പേപ്പറും കൂടാതെ രചന (composition) യും. രണ്ടാം വർഷം രണ്ടാമതായി

തെരഞ്ഞെടുത്ത ഭാഷയുടെ 5 പേപ്പറും കൂടാതെ രചനയുടെ ഒരു പേപ്പറും, എല്ലാം 3 മണിക്കൂർ ദൈർഘ്യമുള്ള പരീക്ഷകൾ. ജയിക്കാൻ ആകെ മാർക്കിന്റെ 40% വും ഓരോ പേപ്പറിലും 30% ത്തിൽ കുറയാത്ത മാർക്കും വേണം.

ബി.എ. (ഓണേഴ്സ്) കോഴ്സ് എം.എ.യ്ക്ക് തുല്യമായാണ് പരിഗണിച്ചിരുന്നത്. 1914 മുതൽ 1934 വരെ two languages other than English എന്ന പേരിൽ നിലനിന്നപ്പോൾ തെരഞ്ഞെടുക്കാവുന്ന ഭാഷകളിൽ ഒന്ന് മലയാളമായിരുന്നു. 1935 മുതൽ ബ്രാഞ്ച് IX ആയി മലയാളത്തിനു മാത്രമായി ബി.എ. ഓണേഴ്സ് കോഴ്സ് വരുന്നുണ്ട്. ബി.എ പാസ് കോഴ്സോ, ഇന്റർമീഡിയറ്റോ കഴിഞ്ഞവർക്ക് ഓണേഴ്സ് ബി.എ. യ്ക്ക് ചേരാമായിരുന്നു. തെരഞ്ഞെടുക്കാവുന്ന രണ്ട് ഭാഷകളിൽ ഒന്ന് നിർബന്ധമായും ഇന്റർമീഡിയറ്റിന് പഠിച്ച ക്ലാസിക്കൽ ഭാഷയാവണമായിരുന്നു. കോഴ്സിന്റെ കാലയളവ് മൂന്നുവർഷത്തിൽ കുറയാത്ത സമയമെന്നു പറയുന്നുണ്ടെങ്കിലും നാലാം വർഷാവസാനമായിരുന്നു പരീക്ഷ. (കലണ്ടർ-1922-23, പുറം 216) ഭാഷാ ഗ്രൂപ്പുകൾക്ക് പൊതുവായ ഘടനയായിരുന്നു ഉണ്ടായിരുന്നത്. ഓരോ ഭാഷയുമായി ബന്ധപ്പെട്ട ചുവടെ കൊടുത്ത ഘടകങ്ങളായിരുന്നു ഉള്ളടക്കം.

1. താരതമ്യ ഭാഷാശാസ്ത്രവും ഭാഷാചരിത്രവും
2. ഭാഷാസാഹിത്യചരിത്രം
3. ഗദ്യ, പദ്യ വിഭാഗങ്ങളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട പാഠപുസ്തകങ്ങൾ
4. തെരഞ്ഞെടുത്ത ഭാഷയുടെ ഘടന, പ്രയോഗം, വ്യാകരണം തുടങ്ങിയവ
5. വിവർത്തനവും രചന (composition) യും (കലണ്ടർ - 1917)

ഈ കാലയളവിലെ എം.എ. പഠനത്തെയും പരീക്ഷയെയും സംബന്ധിച്ച ശ്രദ്ധേയമായ വസ്തുത ബി.എ പാസ് കോഴ്സിന്റെ പരീക്ഷയും സിലബസും തന്നെയാണ്. ബി.എ ഓണേഴ്സ് കോഴ്സിന്റെയും സിലബസും പരീക്ഷയും എന്നതാണ്. വ്യത്യാസം എന്താണെന്നുവെച്ചാൽ ബി.എ ഓണേഴ്സിലും എം.എ.യിലും രണ്ട് ഭാഷകൾ (2 ബി.എ പാസ് കോഴ്സ് സിലബസ്) പഠിക്കണമെന്നതായിരുന്നു. കൂടുതലായി എഴുതാനുള്ളത് രചന (composition) യുടെ പേപ്പറായിരുന്നു.

2 ബി.എ. + 1 രചന = 1 ബി.എ. ഓണേഴ്സ് = 1 എം.എ.

എന്നതാണ് അന്നത്തെ പഠനത്തെ സംബന്ധിച്ച് രൂപപ്പെടുത്താവുന്ന സമവാക്യം. ബി.എ. യിൽ വിജയിച്ച പേപ്പറുകൾ ഓണേഴ്സിലോ, എം.എ.യിലോ ആവർത്തിക്കേണ്ടതില്ലാത്തതിനാൽ പഠനഭാരം പകുതിയായി കുറയുമായിരുന്നു. ബി.എ. യിൽ വിജയിച്ച മാർക്കുകൾ അടുത്ത കോഴ്സിലേക്ക് ചേർക്കുമായിരുന്നു. രണ്ട് പേപ്പർ അടങ്ങിയ ബി.എ ഓണേഴ്സിന്റെ രണ്ടാം വർഷം അവസാനത്തെ പ്രിലിമിനറി പരീക്ഷയിൽ രണ്ടിനും കൂടി 40% മാർക്കുവേണ്ടിയിരുന്നു യോഗ്യതനേടാൻ. (കലണ്ടർ-1922-23, പുറം - 217). അവസാനവർഷ പരീക്ഷ കഴിയുമ്പോൾ 60% മാർക്കു നേടുന്നവരെ Distinction എന്ന സ്ഥാനം കിട്ടിയവരായി അടയാളപ്പെടുത്തുമായിരുന്നു.

ബി.എ. ഓണേഴ്സിന് ആകെ 33 ശതമാനത്തിൽ കുറയാത്ത മാർക്കും ഓരോ പേപ്പറിനും 25% ത്തിൽ കുറയാത്ത മാർക്കും നേടിയ വിദ്യാർത്ഥിക്ക് ബി.എ. പാസ് ഡിഗ്രിക്ക് അർഹതയുണ്ടായിരുന്നു. നാലാം ഗ്രൂപ്പിൽ ഒറിയ, തെലുങ്ക്, കന്നട, തമിഴ്, മലയാളം, മറാത്തി എന്നീ ഭാഷകളാണ് ഉണ്ടായിരുന്നത്. ഓണേഴ്സ് ബിരുദം നേടിയവർക്ക് ഒരു എം.എ. ബിരുദം കൂടി വേണമെന്നുണ്ടെങ്കിൽ അവസാന വർഷം മാത്രം ചേർന്ന് ഒരുവർഷം കൊണ്ട് ബിരുദം നേടാനും അവസരമുണ്ടായിരുന്നു. 1957-ലാണ് ബി.എ. മലയാളം രണ്ടു വർഷത്തിൽ നിന്നും 3 വർഷ കോഴ്സാവുന്നത്.

1920-ലെ എം.എ. മലയാളം പാഠ്യപദ്ധതിയിൽ (മദ്രാസ് യുണിവേഴ്സിറ്റി, ദ്രാവിഡ ഭാഷാഗ്രൂപ്പ്) 9 പേപ്പറുകളിലായി 1160 മാർക്കും ഡിസർട്ടേഷന് 240 മാർക്കും എന്നനിലയിൽ ആകെ (1400) മാർക്കായാണ് വ്യവസ്ഥചെയ്തിരിക്കുന്നത്. 1970-ലെ പാഠ്യപദ്ധതിവ രേയും ഈ നിലതന്നെയാണ് പിന്തുടരുന്നത്. സെമസ്റ്ററും ക്രെഡിറ്റും വരുന്നതുവരെ മദ്രാസ് സർവ്വകലാശാല ഈ നില തന്നെ പിന്തുടരുന്നതായാണ് അനുമാനിക്കുന്നത്. 1938ൽ ബി.എ ഓണേഴ്സ് അഥവാ എം.എ. യുടെ പാഠ്യപദ്ധതിയിൽ രചനയടക്കം ഏഴ പേപ്പറുകളാണ് ഉള്ളത്. 1955-70 കാലയളവിൽ പേപ്പറുകളുടെ എണ്ണം എട്ടാവുന്നുണ്ട്. 1960 മുതൽ കണ്ട കേരള സർവ്വകലാശാലയുടെ പാഠ്യപദ്ധതിയിൽ 9 പേപ്പറും വൈവയുമടക്കം 1250 മാർക്കാണ് നിശ്ചയിച്ചിരുന്നത്. 1989-93 കാലയളവിൽ മറ്റു മാറ്റങ്ങളില്ലാതെ ആകെ മാർക്ക് 1400 ലേക്ക് വർദ്ധിപ്പിക്കുന്നു. 1994-2000 കാലയളവിൽ ഇത് 1200 ലേക്ക് വീണ്ടും കുറയ്ക്കുന്നു.

12.2.1 മദ്രാസ് സർവ്വകലാശാല പാഠ്യപദ്ധതി 1956-70 കാലയളവിൽ

ദക്ഷിണേന്ത്യൻ ഭാഷകളുടെ പേപ്പറുകളും മേഖലകളും ഘടനയും സമാനമാണ്. പരീക്ഷയും മൂല്യനിർണ്ണയവും ഉൾപ്പെടെ, ഉപഭാഷയായോ ഐച്ഛികമായോ പഠിച്ചിട്ട്. ഭാഷയിൽ എം.എ. പഠനത്തിന് ചേരാമായിരുന്നു.

ഏഴാം ശാഖയിലാണ് മലയാളം വരുന്നത് (കലണ്ടർ- 1959. P- 843)

1959-60-ലെ മദ്രാസ് സർവ്വകലാശാല കലണ്ടറിൽ പുറം 688-ൽ എം.എ. മലയാളം സിലബസ് ഇങ്ങനെ നല്കിയിരിക്കുന്നു

1. Prosedy, poetics and literary criticism
2. Prescribed text books: Modern Literature and drama
3. History of Kerala culture and inscriptions
4. Prescribed text books - 1
5. Prescribed text books - II
6. Grammar, History of Language and philology
7. Optional - 1 : Special period or poet or type of literature

8. Optional - II : Any other language including English (If the language chosen is an Indian Language. It should be of B.A Part II standard in the case of English, it with be a paper on modern literature for M.A English)

സംസ്കൃതം, ഇംഗ്ലീഷ് എന്നീ ഭാഷകൾക്ക് സബ്സിഡയറിയായോ ഓപ്ഷണൽ ആയോ ഇതര ഭാഷകൾ നിശ്ചയിച്ചിട്ടില്ല. ഐച്ഛിക ഭാഷയുമായി ബന്ധപ്പെട്ടാണ് എല്ലാ പേപ്പറുകളും സംവിധാനിച്ചിരിക്കുന്നത്. അതേസമയം തമിഴ്, കന്നട, മലയാളം തുടങ്ങിയ ദ്രാവിഡ ഭാഷകൾക്ക് ഒരു പേപ്പർ ഇതര ഭാഷയുടേതായി നിശ്ചയിച്ചിരിക്കുന്നു എന്ന് മാത്രമല്ല ആ ഒപ്ഷണൽ പേപ്പർ ഇംഗ്ലീഷ് ഭാഷയും ആകാവുന്നതാണെന്ന നിർദ്ദേശവും നല്കിയിരിക്കുന്നു. കൂടാതെ ഇതര ഇന്ത്യൻഭാഷകൾക്ക് നിശ്ചയിച്ചിരിക്കുന്നത് ഇംഗ്ലീഷ് ഭാഷാസാഹിത്യ എം.എ. പഠനത്തിന്റെ നിലവാരത്തിൽ 'Modern Literature' എന്ന പേപ്പറാണ്. കോളനികാലത്തെ ഭാഷാബോധം തന്നെയാണ് കോളനിയനന്തര കാലത്തും പാഠ്യപദ്ധതിയിൽ പ്രതിഫലിക്കുന്നതെന്ന് ഈ മേൽ-കീഴ് വിവേചനങ്ങളുടെ രാഷ്ട്രീയം വ്യക്തമാക്കുന്നു. (കലണ്ടർ, 1959-60: 693, 694).

Part I എന്ന എം.എ. ആദ്യവർഷപരീക്ഷയ്ക്ക് ഓരോ പേപ്പറിലും 40% ത്തിൽ കുറയാത്ത മാർക്കും Part II എന്ന അവസാനവർഷ പരീക്ഷയിൽ ഓരോ പേപ്പറിലും 40% ത്തിൽ കുറയാത്ത മാർക്കും ആണ് എം.എ. കോഴ്സിന്റെ യോഗ്യതയായി ഇക്കാലത്ത് നിശ്ചയിച്ചിരിക്കുന്നത്. ആദ്യശ്രമത്തിൽ 60% മുതൽ 75% ത്തിൽ കുറവ് ഫസ്റ്റ് ക്ലാസും 75% മുതൽ ഡിസ്റ്റിംഗ്ഷനും ആണ്.

A - 60% മുതൽ 75% ത്തിൽ കുറവ്
D - 75% വും മുകളിലും
B - 45% മുകളിലും 60% ത്തിൽ കുറവും
F - Failure
C - 40% ത്തിൽ കൂടുതൽ 45% കുറവ് (പുറം 705 - id)

സർവ്വകലാശാല പ്രസിദ്ധീകരിച്ച നിയമത്തിലും മുകളിൽ കൊടുത്ത വിഭജനത്തിലും ഒരു വൈരുദ്ധ്യം കാണുന്നുണ്ട്. എം.എ. യോഗ്യത നേടാൻ ആകെ 45% മാർക്കു വേണം എന്ന് പറഞ്ഞ്, 40%-ത്തിൽ കൂടുതലും 45%-ത്തിൽ കുറവും ആണെങ്കിൽ 'C' ഗ്രെയ്ഡാണ് കൊടുത്തിരിക്കുന്നത് തോൽവിയായല്ല.

1970-ൽ ലെറ്റർ ഗ്രേഡിൽ ചെറിയ വ്യത്യാസങ്ങൾ കാണുന്നുണ്ട്. (കലണ്ടർ-1970, V-II, P-1, 607)

A+ - Above 65 below 75

A - Above 60 below 65

B+ 55 and above below 60

B - 50 and above below 55

C+ 45 and above below 50

C - 40 and above below 45

D+ 85 and above below 100

D - 75 and above below 85

H - Cent percent

F - Failure

(1bid 618)

(1970-71 ലെ പുതിയ റെഗുലേഷൻ അനുസരിച്ചാണ് ഈ മാറ്റം)

പേപ്പറുകൾ

ഭാഗം - 1

1. വൃത്തം, അലങ്കാരം, സാഹിത്യനിരൂപണം	3 hours	-175
2. നിർദ്ദിഷ്ട പാഠപുസ്തകം (ആധുനികസാഹിത്യം,(ഗദ്യം, നാടകം)	3	-175
3. കേരളത്തിന്റെ സാംസ്കാരികചരിത്രവും ശാസനങ്ങളും	3	-175

ഭാഗം - 11

4. നിർദ്ദിഷ്ട പാഠപുസ്തകം1	3	-175
5. നിർദ്ദിഷ്ട പാഠപുസ്തക-11	3	-175
6. വ്യാകരണം, ഭാഷാശാസ്ത്രവും ഭാഷാചരിത്രവും	3	-175
7. തെരഞ്ഞെടുത്ത വിഷയം 1	3	-175
8. തെരഞ്ഞെടുത്ത വിഷയം 2	3	-175
ആകെ -		1400

(കലണ്ടർ 1970 പുറം 607)

പ്രാചീനഭാവുകത്വത്തിൽ അഥവാ ക്ലാസിക്, നിയോക്ലാസിക് സൗന്ദര്യസങ്കല്പങ്ങളിൽ നിന്നുകൊണ്ടുള്ള സാഹിത്യനിരൂപണം എന്ന നിലയ്ക്കാവാം വൃത്താലങ്കാരങ്ങളോടൊപ്പം നിരൂപണത്തെ ചേർത്തത്.

12.2.2. സെമസ്റ്ററും അതിനു ശേഷവും

2014 മുതലാണ് മദ്രാസ് സർവ്വകലാശാല ക്രെഡിറ്റ് ആൻഡ് സെമസ്റ്റർ സംവിധാനത്തിലേക്കു വരുന്നത്. പേപ്പറുകളുടെ എണ്ണം 20 ആകുന്നു. ആകെ ക്രെഡിറ്റ് 91-ഉം. 27

പേപ്പറുകളിൽ നിന്നാണ് 20 പേപ്പർ തിരഞ്ഞെടുക്കേണ്ടത്. വൈവയും ഡിസർട്ടേഷനും 20, 40 മാർക്കുകൾ യഥാക്രമം നല്കിയിരിക്കുന്നു. സോഫ്റ്റ്സ്കില്ലിന് (2x4) 8 ക്രെഡിറ്റും ഇന്റേൺഷിപ്പിന് 2 ക്രെഡിറ്റും നല്കിയിരിക്കുന്നു. ഇത് മദ്രാസ് സർവ്വകലാശാലയുടെ എം.എ. കോഴ്സിനുമാത്രം അവകാശപ്പെട്ട മാതൃകാപരമായ പരിഷ്കാരമാണ്.

2003-ലാണ് കേരള സർവ്വകലാശാല സെമസ്റ്റർ സംവിധാനത്തിലേക്കു മാറുന്നത്. പതിനാറു പേപ്പറുകളിലായി വൈവയും ഡിസർട്ടേഷനും അടക്കം (1600+100+100) ആകെ മാർക്ക് 1800-ൽ നിശ്ചയിച്ചിരിക്കുന്നു. 2017 വരെ ഈ രീതിയാണ് നിലനില്ക്കുന്നത്. CBCSS-ലേക്ക് കേരള സർവ്വകലാശാല ഇതുവരെ മാറിയിട്ടില്ല. CBCSS സ്വീകരിച്ചിട്ടില്ലാത്ത കേരളത്തിലെ ഒരേയൊരു സർവ്വകലാശാലയും കേരളയാണ്. 2003-ലാണ് എം.എ. പാഠ്യപദ്ധതിയിലേക്ക് ആദ്യമായി ഡിസർട്ടേഷൻ വരുന്നത്.

കോഴിക്കോട് സർവ്വകലാശാല 2001-ൽ സെമസ്റ്റർ സംവിധാനത്തിലേക്കു മാറുന്നു. 28 കോഴ്സുകളിൽ നിന്ന് തെരഞ്ഞെടുക്കുന്നവയടക്കം 16 കോഴ്സുകൾക്ക് 1600 മാർക്കും വൈവ (50)യും ഡിസർട്ടേഷനും (100) അടക്കം 1750-ലേക്ക് ആകെ മാർക്ക് നിജപ്പെടുത്തിയിരുന്നു. 2010-ൽ ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സംവിധാനത്തിലേക്ക് സർവ്വകലാശാല എം.എ. പഠനം മാറുന്നു. 72 ക്രെഡിറ്റുകൾ പ്രോഗ്രാമിന് നിശ്ചയിക്കുന്നു. 2014-ൽ ഇത് 1750 മാർക്ക് അഥവാ 87 ക്രെഡിറ്റ് എന്ന നിലയിലേക്കും പരിഷ്കരിച്ചിരിക്കുന്നു. ആകെ കോഴ്സുകൾ 16 തന്നെ.

കേന്ദ്ര സർവ്വകലാശാലയിൽ CBCSS ആണ് പിന്തുടരുന്നത്. 18 കോഴ്സുകൾക്ക് 72 ക്രെഡിറ്റ് അഥവാ 1800 മാർക്ക്. മലയാളം സർവ്വകലാശാലയിൽ കോഴ്സുകൾക്ക് ക്രെഡിറ്റ് അഥവാ മാർക്കാണുള്ളത്. 2012മുതൽ അലിഗഢ് മുസ്ലീം സർവ്വകലാശാല CBCSS ലേക്കു മാറുന്നു. 20 കോഴ്സുകൾക്ക് 100 മാർക്കുവീതവും വൈവക്ക് 50 മാർക്കും എന്ന് നിശ്ചയിച്ചിരിക്കുന്നു. മധുര കാമരാജ് സർവ്വകലാശാലയിൽ 20 കോഴ്സുകൾക്ക് (കോർ 70+ ഇലക്ടീവ് - 20) 90 ക്രെഡിറ്റ് നിശ്ചയിച്ചിരിക്കുന്നു. 1999-2000ത്തിൽ CBCSS നടപ്പിലാക്കി. 2010ൽ TANSCHE ശുപാർശയനുസരിച്ച് പരിഷ്കരിച്ചു. കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല 2000 മുതൽ സെമസ്റ്ററിലേക്കും 2014 മുതൽ ക്രെഡിറ്റ് ആൻഡ് സെമസ്റ്റർ സംവിധാനത്തിലേക്കും മാറിയിരുന്നു. ആകെ പ്രോഗ്രാമിന്റെ ക്രെഡിറ്റ് 80 ആയാണ് നിശ്ചയിച്ചിരിക്കുന്നത്. (കോർ 48+ ഇലക്ടീവ് 28+ ഡിസർട്ടേഷൻ 2+ വൈവ 2).

കണ്ണൂർ സർവ്വകലാശാല 2001 മുതൽ സെമസ്റ്റർ സംവിധാനത്തിലാണ്. 14 പേപ്പറുകൾക്ക് 1400 മാർക്കും വൈവയും ഡിസർട്ടേഷനും യഥാക്രമം 25.75 എന്നിങ്ങനെ ആകെ 1500 മാർക്ക്. 2013 ലെ പാഠ്യപദ്ധതി CBCSS ആണ്. 15 കോഴ്സുകൾക്ക് 75 ക്രെഡിറ്റും വൈവയും ഡിസർട്ടേഷനും കൂടി 8 ക്രെഡിറ്റും ആയി ആകെ പ്രോഗ്രാമിന് 83 ക്രെഡിറ്റ്. 2014-ൽ കോഴ്സുകളുടെ എണ്ണം 20 ആക്കി ഉയർത്തി വൈവയും ഡിസർട്ടേഷനും

അടക്കം (50+50) ആകെ മാർക്ക് 2000-ത്തിലേക്കും പ്രോഗ്രാം ക്രെഡിറ്റ് 80ലേക്കും പരിഷ്കരിക്കുന്നു. 2015-ൽ വീണ്ടും പരിഷ്കരിച്ച കോഴ്സുകൾക്ക് 1800 മാർക്ക് അഥവാ 86 ക്രെഡിറ്റ് എന്നാക്കുന്നു.

മഹാത്മഗാന്ധി സർവ്വകലാശാലയിൽ 2012 മുതൽ ക്രെഡിറ്റ് ആൻഡ് സെമസ്റ്റർ സിസ്റ്റമാണ് കാണുന്നത്. 20 കോഴ്സുകളിലായി 80 ക്രെഡിറ്റാണ് പ്രോഗ്രാമിന് നല്കിയിരിക്കുന്നത്. വൈവക്ക് 2 ക്രെഡിറ്റും ഡിസർട്ടേഷന് 3 ക്രെഡിറ്റും ഉണ്ട്. 2016-ലും ഇതുതന്നെയാണ് നിലനില്ക്കുന്നത്.

1972-ലെ കാലിക്കറ്റിന്റെ ആദ്യ പാഠ്യപദ്ധതിയിൽ 9 പേപ്പറിന് 900 മാർക്ക് +വൈവ 50 മാർക്ക് + ലൈബ്രറി റെക്കോർഡ് 50+ ഡിസർട്ടേഷൻ അല്ലെങ്കിൽ വിവർത്തനവും ഉപന്യാസവും 150 മാർക്ക് എന്നിങ്ങനെ 1250 മാർക്കാണ് ഉള്ളത്. 1992-ൽ ഡിസർട്ടേഷൻ ഒഴിവാക്കി വൈവക്ക് രണ്ടു വർഷങ്ങളിലായി 125 (50+75)എന്ന നിലയിൽ 1250 മാർക്ക് നിശ്ചയിച്ചിരിക്കുന്നു. 1997-2000-ത്തിൽ വൈവ നിർത്തലാക്കി പകരം സാഹിത്യം, ചരിത്രം, സംസ്കാരം എന്ന നിലയിൽ ഒബ്ജക്ടീവ് പരീക്ഷ ഏർപ്പെടുത്തി പേപ്പറിന്റെ എണ്ണം 10 ആക്കുന്നു. ആകെ മാർക്ക് 1250 തന്നെ.

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയും 1985 വരെ 9 പേപ്പറും വൈവയും അടക്കം ആകെ മാർക്ക് 1250-ൽ നിജപ്പെടുത്തിയിരുന്നു. 1986 മുതൽ 2001 വരെ ഇത് 10 പേപ്പറാക്കി വർദ്ധിപ്പിച്ച് 1400-ലേക്ക് മാറ്റുന്നുണ്ട്.

അലിഗഢ് മുസ്ലീം സർവ്വകലാശാലയും 2012-ൽ സെമസ്റ്ററിലേക്ക് മാറുന്നതുവരെ 9 പേപ്പറും വൈവയും അടക്കം ആകെ മാർക്ക് 1000-ത്തിലാണ് നിശ്ചയിച്ചിരുന്നത്.

12.2.3. തിരുവിതാംകൂർ-കേരളസർവ്വകലാശാലയുടെ 1954-1970 വർഷത്തെ പാഠ്യ പദ്ധതി വിശകലനം

1954-ൽ 9 പേപ്പറുകളാണ് ഉണ്ടായിരുന്നത്

1 നിർദിഷ്ട പാഠപുസ്തകങ്ങൾ

2 സവിശേഷ കാലഘട്ടം അല്ലെങ്കിൽ വിഷയം

3. വ്യാകരണം, വൃത്തം, അലങ്കാരം

4. ഭാഷാചരിത്രവും ഭാഷാശാസ്ത്രവും

5. സാഹിത്യചരിത്രവും സാഹിത്യനിരൂപണവും

6. ശാസനങ്ങൾ, പ്രഥമാകരങ്ങൾ എന്നിവയിൽ നിന്നുമുള്ള കേരളചരിത്രം

7. സംസ്കൃതം

8. ഉപന്യാസം

9. വിവർത്തനം

1954-70 കാലഘട്ടത്തിലും ഈ ഘടന നിലനിൽക്കുന്നു. 9 പേപ്പറായി ഉള്ളടക്കം വിപുലമാകുന്നു.

എം.എ. ആദ്യവർഷം

1. വിവർത്തനം
2. ഉപന്യാസം
3. സാഹിത്യം- സാമാന്യം/പൊതു
4. വ്യാകരണം, വൃത്തം, അലങ്കാരം

അവസാന വർഷം

5. വിശേഷ പഠനം
6. സംസ്കൃതം
7. സാഹിത്യചരിത്രവും സാഹിത്യനിരൂപണവും
8. ഭാഷാചരിത്രവും ഭാഷാശാസ്ത്രവും
9. യഥാർത്ഥ സ്രോതസ്സുകളെ അടിസ്ഥാനമാക്കിയുള്ള കേരളത്തിന്റെ ചരിത്രം, വൈവ വോസി

1937-നുശേഷമാണ് എം.എ. മലയാള പഠനത്തിലേക്ക് സംസ്കൃതം ഒരു പേപ്പറായി വരുന്നത്. ഈ കാലയളവിൽ ബി.എ മലയാളത്തിന്റെ സിലബസിലും 'സബ്സിഡിയറി' എന്ന നിലയിൽ സംസ്കൃത ഭാഷയ്ക്ക് സ്ഥാനം കൈവരുന്നുണ്ട്. പാഠ്യപദ്ധതിയുടെ മേലുള്ള ഹൈന്ദവ വരേണ്യ താല്പര്യങ്ങളുടെ ഭാഗമായാണ് ഈ മാറ്റത്തെ പരിഗണിക്കേണ്ടത്. ഈ കാലയളവിൽ വിശേഷപഠനത്തിന്റെ ഭാഗമായി ആട്ടക്കഥകൾ തെരഞ്ഞെടുത്ത് ഒരേ സമയം അഞ്ച് ആറ് ആട്ടക്കഥകൾ വരെ പഠിപ്പിച്ചിരുന്നുവെന്നതും ഇതിനോട് ചേർത്തുവായിക്കേണ്ടതാണ്. മലയാളത്തിനു തമിഴിനോട് സാധർമ്മ്യം കൂടുതലുണ്ടായിട്ടും പൊതുവായ പൂർവദശയേയും സാഹിത്യത്തെയും ഭ്രമിശാസ്ത്രപരവും സാംസ്കാരികവുമായ ഇഴയടുപ്പങ്ങളെയും പാരമ്പര്യത്തെയും മാറ്റിനിർത്തിക്കൊണ്ട് അവിടേക്ക് ആര്യഭാഷയെ പ്രതിഷ്ഠിക്കുന്നത്. അറിവ് നിഷ്പ്രയോജനമല്ല, അത് അധികാരബന്ധിതമാണ്എന്ന അൽത്തൂസറിന്റെയും ഫൂക്കോയുടെയും ദർശനങ്ങളുടെ വെളിച്ചത്തിൽ തദ്ദേശീയമായ ഭാഷയുടെയും ബഹുവിധ ബഹുജന സംസ്കാരങ്ങളുടെയും മേൽ നടത്തപ്പെടുന്ന വരേണ്യഭാഷയുടെയും സംസ്കാരത്തിന്റെയും ആധിപത്യ സംസ്ഥാപനമായുമാണ് കാണേണ്ടത്.

ഉള്ളടക്കങ്ങളുടെ സ്വാംശീകരണത്തിനപ്പുറം ഭാഷാശേഷി വികാസത്തെ ഈ കാലയളവിലെ പാഠ്യപദ്ധതിയും ലക്ഷ്യംവെക്കുന്നു. വിവർത്തനം, ഉപന്യാസം,

വൈവ എന്നീ വ്യവഹാരരൂപങ്ങളെ ഈയർത്ഥത്തിൽ വേണം വിലയിരുത്താൻ. ആദ്യകാലത്ത് രചനയ്ക്കായി പ്രത്യേകം പാഠപുസ്തകങ്ങൾ നിർദ്ദേശിച്ചിരുന്നു. പിന്നീട് ഇവ സാഹിത്യത്തെ സംബന്ധിച്ച സാമാന്യമായ ധാരണകളുടെ വിലയിരുത്തലിലേക്കും സമകാലിക പ്രാധാന്യമുള്ള ചർച്ചകളിലേക്കും വിഷയങ്ങളിലേക്കും വഴിമാറുന്നുണ്ട്. ഭാഷാശാസ്ത്ര പരീക്ഷ ഇംഗ്ലീഷ് മാധ്യമത്തിലാണെന്നതും ഇംഗ്ലീഷിൽനിന്നും ഇംഗ്ലീഷിലേക്കുമുള്ള ഭാഷാവിവർത്തനങ്ങൾ മൂല്യനിർണ്ണയത്തിന്റെ ഭാഗമാണെന്നതും ഭാഷാശാസ്ത്ര പാഠപുസ്തകങ്ങളും റഫറൻസുകളും ഇംഗ്ലീഷ് മാധ്യമത്തിലാണെന്നതും ഭാഷാസാഹിത്യ വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് പരിജ്ഞാനം അത്യാവശ്യമാക്കി. എ.ആറിന്റെ കാലത്ത് മലയാള സാഹിത്യവിദ്യാർത്ഥികൾ ഇംഗ്ലീഷിൽ ഉയർന്ന റാങ്കുകൾ വാങ്ങി പാശ്ചാത്യ പ്രൊഫസർമാരുടെ മുൻവിധികളെ അട്ടിമറിച്ച് കണ്ണുരുപ്പിച്ചിരുന്നു. ഗവേഷണ പ്രോജക്ടുകളുടെയും ഡിസർട്ടേഷന്റെയും അഭാവമാണ് ഇക്കാലത്തെ മലയാളപാഠ്യപദ്ധതിയുടെ പ്രധാന ന്യൂനത. സെമിനാറുകളെ സംബന്ധിച്ച് പാഠ്യപദ്ധതിയിൽ സൂചനകളില്ല. ഒരുപക്ഷെ ക്ലാസ്മുറിയിൽ സെമിനാർനടന്നിരിക്കാം. സാഹിത്യചർച്ചാവേദികളും സംവാദ കൂട്ടായ്മകളും എ.ആറിനുശേഷം നിലനിന്നിരുന്നോയെന്ന് വ്യക്തമല്ല.

12.2.4. കേരള സർവ്വകലാശാലയുടെ 1970-2016 കാലത്തെ പാഠ്യപദ്ധതി വിശകലനം

1976-ൽ നിന്നും 77-ലേക്കെത്തുമ്പോൾ അടിസ്ഥാനപരമായ ചില മാറ്റങ്ങൾ പാഠ്യപദ്ധതിയിൽ കാണുന്നുണ്ട്. പ്രധാന മാറ്റം സിലബസിൽ നിന്നും പാഠ്യപദ്ധതിയിലേക്കുള്ള മാറ്റമാണ്. List of Text books എന്നോ Scope of the subject എന്നോ വിശദപഠനം, വിശദമല്ലാത്ത പഠനം എന്നിങ്ങനെയൊക്കെ അവതരിച്ചിരുന്ന സിലബസ്, 'പാഠ്യപദ്ധതി' എന്ന തലക്കെട്ടോടെ തന്നെ പ്രത്യക്ഷപ്പെടുന്നു. ഘടനാപരമായ മാറ്റങ്ങളും ഉണ്ട്. കേവലമായ പാഠപുസ്തക ലിസ്റ്റിൽ നിന്ന് ചരിത്രപരമായും പ്രസ്ഥാനപരമായും സാംസ്കാരികമായും ഭാഷാപരമായും പ്രവണതാപരമായും ഉള്ള പ്രാതിനിധ്യമായി സാഹിത്യകൃതികളെ അവതരിപ്പിക്കുന്നുവെന്നത്. എങ്ങനെ പാഠ്യപദ്ധതി വിനിമയം ചെയ്യണമെന്നതിലേക്കുള്ള ജ്ഞാനപരമായ സൂചകമായി പാഠ്യപദ്ധതി പരിണമിച്ചിരിക്കുന്നു. ഇന്നും ഏറെക്കുറെ മാറ്റമില്ലാതെ പിന്തുടരുന്ന ഈ രീതിയുടെ വഴിത്തിരിവിന്റെ ഘട്ടമായി ഈ വർഷത്തെ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങളുടെയോ അംഗത്തിലാരുടെയെങ്കിലുമോ ക്രിയാത്മകമായ ഇടപെടൽ അല്ലെങ്കിൽ സംഭാവന ഇതിനു പിന്നിലുണ്ടാകും. മറ്റൊന്ന്, മാർക്കിന്റെ സ്കീമുമായി ബന്ധപ്പെട്ട മാറ്റമാണ്. ആകെ മാർക്കിലും ഒന്നാം വർഷ/രണ്ടാംവർഷ പരീക്ഷാ മാർക്കിലും വ്യത്യാസങ്ങൾ ഇല്ലെങ്കിലും ലൈബ്രറി റെക്കോർഡ് ഉപേക്ഷിക്കുകയും അതിനു നല്കിയിരുന്ന 50 മാർക്ക് ഭാഷാശാസ്ത്ര

പേപ്പറിനും മലയാളനിരൂപണ പേപ്പറിനുമായി വിഭജിച്ചു നല്കിയിരിക്കുകയാണ് ചെയ്തിരിക്കുന്നത്. വാചാപരീക്ഷ ഇപ്പോഴും അതുപോലെ നിലനില്ക്കുന്നുണ്ട്.

മറ്റൊരു മാറ്റം, Content-ന് വെയിറ്റേജ് നിർണ്ണയിച്ചിരിക്കുന്നതാണ് ആഴ്ചയിലെ 25 മണിക്കൂറിനെ ഒന്നാം വർഷം പ്രാചീനസാഹിത്യം 7 മണിക്കൂർ, മധ്യകാലസാഹിത്യം 7 മണിക്കൂർ, ആധുനികസാഹിത്യം ഗദ്യം 4 മണിക്കൂർ, കേരളസംസ്കാരം 48 മണിക്കൂർ, സംസ്കൃതം 1 മണിക്കൂർ, സെമിനാർ 2 മണിക്കൂർ എന്നിങ്ങനെ ഒന്നാം വർഷത്തെയും ആധുനിക സാഹിത്യം പദ്യം 6 മണിക്കൂർ, വ്യാകരണം - ഭാഷാശാസ്ത്രം - ഭാഷാചരിത്രം 6 മണിക്കൂർ, സാഹിത്യനിരൂപണം 6 മണിക്കൂർ ഉപന്യാസം, അല്ലെങ്കിൽ സെമിനാർ 2 മണിക്കൂർ സംസ്കൃതം 5 മണിക്കൂർ എന്നിങ്ങനെ രണ്ടാം വർഷത്തെയും ഉള്ളടക്കത്തെ വിഭജിച്ചിരിക്കുന്നു. സെമിനാർ ഒരു മൂല്യനിർണ്ണയ പ്രവർത്തനമല്ലെങ്കിലും പാഠ്യപ്രവർത്തനം ആയി നിലനിന്നിരുന്നുവെന്ന് പാഠ്യപദ്ധതിയിൽ അതിനുകൊടുത്ത പ്രാമുഖ്യത്തിൽ നിന്നും മനസ്സിലാക്കാം.

പേപ്പറുകളുടെ വിഭജനത്തിലും പേരുകളിലും വന്ന മാറ്റമാണ് മറ്റൊന്ന്. സാഹിത്യം I, II, III, IV എന്ന വിഭജനം പ്രാചീനസാഹിത്യം, മധ്യകാലസാഹിത്യം, ആധുനികസാഹിത്യം ഗദ്യം, അധുനികസാഹിത്യം- പദ്യം എന്നിങ്ങനെയും പേരു മാറുന്നു. സാഹിത്യരൂപവും കാലവും ആണ് പേപ്പറുകളെ വിഭജിക്കുന്നതിന് അടിസ്ഥാനമായി സ്വീകരിച്ചിരിക്കുന്നത്.

മേൽ കാണിച്ച 1976-നുമുമ്പുള്ള സാഹിത്യവിഭജനത്തോടൊപ്പം കേരളവർമ്മയെ മാനദണ്ഡമാക്കി സ്വീകരിച്ചുകൊണ്ട്, കേരളവർമ്മയ്ക്കുമുമ്പുള്ള കാലം-സാമാന്യം, കേരളവർമ്മയ്ക്കു മുമ്പുള്ള കാലം-സവിശേഷം, കേരളവർമ്മയുടെ കാലവും ശേഷവും -സവിശേഷം എന്നിങ്ങനെയുള്ള സവർണവരേണ്യ വ്യക്തികേന്ദ്രീകൃതവുമായ ജ്ഞാന വിഭജനത്തെയാണ് 77-ൽ സാഹിത്യരൂപം കൊണ്ടും കാലം കൊണ്ടും തിരുത്തിയെഴുതുന്നത്.

ഭാഷാശാസ്ത്രത്തോടൊപ്പം ഉണ്ടായിരുന്ന ദ്രാവിഡ ഭാഷാശാസ്ത്രത്തെ 77ൽ പൂർണ്ണമായും ഒഴിവാക്കി ഭാഷാശാസ്ത്രത്തെ ഭാഷാചരിത്രത്തോടും വ്യാകരണത്തോടും കൂട്ടിച്ചേർത്ത് കൂടുതൽ ശാസ്ത്രീയമാക്കാൻ ശ്രമിച്ചിരിക്കുന്നത് കാണാം. അലങ്കാര-വൃത്തപഠനം 'സാഹിത്യനിരൂപണം' എന്ന ഒറ്റ തലക്കെട്ടിലൊതുങ്ങുന്നതും 77-ലെ പരിഷ്കാരമാണ്. കേരളചരിത്രവും സംസ്കാരവും, 'കേരളസംസ്കാരം' എന്ന ചെറിയ തലക്കെട്ടിലേക്ക് ഉള്ളടങ്ങുന്നതും 77 മുതലാണ്. ശാസനങ്ങളെ പ്രത്യേകം എടുത്തുകാണിക്കാതെ തന്നെ കേരളസംസ്കാരത്തിൽ ഉള്ളടക്കിയിരിക്കുന്നു.

എ.ബി എന്നിങ്ങനെ രണ്ടുവിഭാഗങ്ങളായി തിരിച്ച് എ വിഭാഗത്തിൽ കൃതികൾ വിനിമയം ചെയ്യേണ്ട ജ്ഞാനപരിസരവും ജ്ഞാനസ്വഭാവവും പശ്ചാത്തലവും ഊന്നൽ മേഖലകളും ചിലപ്പോൾ ബോധനരീതിയും (ചർച്ച) നല്കിയിരിക്കുന്നു. ബി. വിഭാഗത്തിൽ പാഠപുസ്തകങ്ങളുടെ ലിസ്റ്റ് ആണ് നല്കിയിരിക്കുന്നത്.

പാഠ്യപദ്ധതിയിൽ ആമുഖമായി ചില പൊതു ഉദ്ദേശ്യങ്ങളും പഠനപ്രവർത്തനങ്ങളും മൂല്യനിർണ്ണയസൂചനകളും നല്കിയിട്ടുള്ളത് മാതൃകാപരമാണ്. എ,ബി വിഭാഗങ്ങളെ ആസ്പദമാക്കി മൂല്യനിർണ്ണയം നടക്കും എന്ന നിർദ്ദേശം ബോധനം വിശദപഠനത്തിനുള്ള പാഠപുസ്തകത്തെ മാത്രം കേന്ദ്രീകരിക്കുന്നത് ഒഴിവാക്കാൻ സഹായകമാണ്. വിദ്യാർത്ഥികളുടെ ഗ്രഹണപാടവവും പൊതുവേദികളിൽ ആശയങ്ങൾ അവതരിപ്പിക്കാനുള്ള കഴിവും വളർത്തുകയാണ് സെമിനാറിന്റെ ഉദ്ദേശ്യമെന്ന് കൃത്യമായി നല്കിയിട്ടുണ്ട്. സാഹിത്യപഠനത്തിന്റെ പേപ്പറുകൾക്ക് റഫറൻസ് നല്കിയിട്ടില്ലെന്നത് ഈ പാഠ്യപദ്ധതിയുടെ പരിമിതിയാണ്. എ വിഭാഗത്തിൽ ചർച്ച ചെയ്യുന്ന ആശയങ്ങളുടെ പൂരണമോ, തെളിവോ, പ്രാതിനിധ്യമോ ആയാണ് ബി വിഭാഗത്തിലെ പാഠപുസ്തകങ്ങളെ വിഭാവനം ചെയ്തിരിക്കുന്നത്. ഇത് ആമുഖത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. എങ്കിലും എല്ലാ മേഖലകൾക്കും പാഠപുസ്തകം ഉൾപ്പെടുത്തിയിട്ടില്ലെന്നത് മറ്റൊരു പരിമിതിയാണ്.

1989-ൽ വീണ്ടും മാറ്റങ്ങൾ ഉണ്ടാകുന്നു. 'ഭാരതീയസാഹിത്യം താരതമ്യപഠനം' എന്ന പുതിയ പേപ്പർ ഉണ്ടാവുന്നു. താരതമ്യപഠനത്തിന്റെ ചരിത്രം എം.എ. മലയാളം പഠനത്തിൽ തുടങ്ങുന്നത് ഇക്കാലത്ത് കേരള സർവ്വകലാശാലയിലാണെന്ന് പറയാം. ആകെ മാർക്ക് 1400-ൽ ആവുന്നു. എല്ലാ പേപ്പറുകൾക്കും 150 മാർക്ക് എന്ന രീതിയിൽ ഏകീകരണം ഉണ്ടാകുന്നു. വൈവ 50 മാർക്കോടെ നിലനില്ക്കുന്നു.

1992-ൽ വീണ്ടും ചെറിയ മാറ്റങ്ങൾ വരുന്നുണ്ട്. ആകെ മാർക്കിൽ മാറ്റമില്ലെങ്കിലും പേപ്പർ VIII ഇലക്ടീവ് പേപ്പർ എന്ന നിലയിലേക്ക് മാറി മൂന്നു ചോയ്സ് വെക്കുന്നുണ്ട്. ഭാരതീയസാഹിത്യം താരതമ്യപഠനം, ഒരു സാഹിത്യപ്രസ്ഥാനം-ആട്ടക്കഥ. ഒരു ഗ്രന്ഥകാരൻ തകഴി എന്നിവയാണവ. 1989-ൽ നിർബന്ധിത പേപ്പർ ആയ താരതമ്യസാഹിത്യം 1992-ൽ ഇലക്ടീവ് ആയി മാറി പാരമ്പര്യത്തോട് ചേർന്നു നില്ക്കാനുള്ള ആഭിമുഖ്യം പ്രകടമാക്കുന്നു. പുതിയ ജ്ഞാനമേഖല വേണമെങ്കിൽ സ്വീകരിക്കാവുന്ന, സ്വീകരിക്കാൻ മുന്നിലൊന്നു സാദ്ധ്യത മാത്രം ഉള്ള പേപ്പറായി പരിമിതപ്പെടുന്നു. 1989 ൽ അതു വരെയുണ്ടായിരുന്ന ഉപന്യാസം എന്ന പേപ്പർ ഉപേക്ഷിച്ചിട്ടാണ് താരതമ്യസാഹിത്യത്തെ പകരം സ്വീകരിക്കുന്നത്. ഉപന്യാസം ഒഴിവാക്കപ്പെട്ടതോടെ ഉയർന്ന ഭാഷാശേഷികളായ അപഗ്രഥനം, ഉദ്ഗ്രഥനം, മൂല്യനിർണ്ണയം എന്നിവയ്ക്കും വിവിധ ലേഖനൈപുണികളുടെ വിലയിരുത്തലിനും ഉള്ള അവസരമാണ് പരിമിതപ്പെട്ടത്. ആഴത്തിലും പരപ്പിലുമുള്ള സ്വയം പഠനത്തിന്റെയും വായനയുടെയും സാദ്ധ്യതകൾ ചുരുങ്ങി പഠനം പാഠപുസ്തക, പരീക്ഷാകേന്ദ്രിതം എന്ന നിലയിലേക്ക് പരിമിതപ്പെടുന്ന ഘട്ടമാണിത്. 1989 മുതലുള്ള പാഠ്യപദ്ധതി (പാഠ്യപദ്ധതി എന്നതിനുപകരം പാഠപദ്ധതി എന്നാണ് ഉപയോഗിച്ചുകാണുന്നത്)യിൽ അവസാനം ചോദ്യപേപ്പറിന്റെ പാറ്റേൺ നല്കിയിട്ടുണ്ട്. പഠനോദ്ദേശ്യങ്ങളുടെ സൂചന മുതൽ മൂല്യനിർണ്ണയ സൂചനവരെ നല്കിയിട്ടുള്ളതിനാൽ കേവലമായ സിലബസിൽ നിന്നും പാഠ്യപദ്ധതിയിലേക്ക് കോഴ്സ് വികസിച്ചിട്ടുണ്ടെന്നു പറയാം. എന്നാൽ തൊട്ടടുത്ത വർഷം തന്നെ പാഠ്യപദ്ധതിയിൽ നിന്ന് ആമുഖവും

നിർദ്ദേശങ്ങളും ഉദ്ദേശ്യങ്ങളും അപ്രത്യക്ഷമാവുന്നു. അക്കാദമിക കാഴ്ചപ്പാടുകളോടെയല്ല പലപ്പോഴും സിലബസ് /പാഠ്യപദ്ധതി തയ്യാറാക്കുന്നതെന്ന് ഇതിൽ നിന്ന് വ്യക്തമാവുന്നു.

1993-ൽ ഇലക്ടീവ് പേപ്പറിന്റെ എണ്ണം അഥവാ ചോയ്സ് മൂന്നിൽ നിന്ന് അഞ്ചാവുന്നു. വിവർത്തനം:സിദ്ധാന്തവും പ്രയോഗവും എന്ന പേപ്പർ ആദ്യമായി 1993ലാണ് എം.എ. മലയാള പാഠ്യപദ്ധതിയുടെ ഭാഗമായി മാറുന്നത്. സൗന്ദര്യശാസ്ത്രം (Aesthetics) എന്ന പേപ്പറും ഈ വർഷം തന്നെ ഇതുപോലെ പാഠ്യപദ്ധതിയുടെ തെരഞ്ഞെടുക്കാവുന്ന അഞ്ചുപേപ്പറിൽ ഒന്നായി സ്ഥാനംനേടുന്നു. 1994-ൽ സംസ്കൃതം 150-ൽ നിലനിർത്തി ബാക്കി എല്ലാ പേപ്പറും 125-ലേക്ക് പരിമിതപ്പെടുത്തി ആകെ മാർക്ക് 1200 ആയി പുനർനിർണ്ണയിക്കുന്നു.

1998-ൽ ഇലക്ടീവ് പേപ്പറിനും ഗ്രന്ഥകാരൻ തകഴിക്കും പകരം എൻ. കൃഷ്ണപിള്ളയെ ഉൾപ്പെടുത്തി. 1999-ൽ മാർക്കോ സ്കീമോ മാറാതെ തന്നെ ഇലക്ടീവ് പേപ്പറും ചോയ്സും ഒഴിവാക്കി, ഇലക്ടീവ് പേപ്പറിൽ ഒന്നായ വിവർത്തനം സിദ്ധാന്തവും പ്രയോഗവും എട്ടാമത്തെ നിർബന്ധിത പേപ്പറായി പരിണമിക്കുന്നു. ഇതോടെ എഴുത്തുകാരൻ/ കാലം/ സവിശേഷപഠനവും, സൗന്ദര്യശാസ്ത്രവും താരതമ്യപഠനവും പാഠ്യപദ്ധതിക്കു പുറത്താവുകയും ചെയ്യുന്നു. പാഠ്യപദ്ധതിയുടെ അയവുള്ള സമീപനം (Elective & choice) ഇല്ലാതാവുകയും ചെയ്യുന്നു. പാഠ്യപദ്ധതി ഉദ്ദേശ്യങ്ങൾ, പഠനരീതി, മൂല്യനിർണ്ണയ സൂചനകൾ എന്നിവയും പാഠ്യപദ്ധതിയിൽ നിന്ന് അപ്രത്യക്ഷമാവുന്നു. 2003 മുതൽ സെമസ്റ്റർ സംവിധാനത്തിലേക്ക് കേരള സർവ്വകലാശാല മാറുന്നു.

12.2.5. കോഴിക്കോട് സർവ്വകലാശാല 1972 - 2014

കോഴിക്കോട് സർവ്വകലാശാലയുടെ ആരംഭകാലത്തെ സിലബസ് ഇതര സർവ്വകലാശാലളോട് സമാനം തന്നെയാണ്. പക്ഷെ ആദ്യമായി എം.എ. മലയാളപഠനത്തിന് ഡിസർട്ടേഷൻ നടപ്പാക്കുന്നത് കാലിക്കറ്റ് സർവ്വകലാശാലയാണെന്നതും ഡിസർട്ടേഷനോടുകൂടിയാണ് എം.എ. പഠനം ആരംഭിച്ചതെന്നും പറയാം. ഗവേഷണാഭിരുചികളും നൈപുണികളും രൂപപ്പെടേണ്ട ഘട്ടം എന്ന നിലയിൽ ഇതൊരു ശ്രദ്ധേയമായ പരിഷ്കാരമാണ്. അതുകൊണ്ടുതന്നെയാണ് പിൽക്കാലത്ത് കേരളത്തിലെ എല്ലാ സർവ്വകലാശാലകളും ഈ മാതൃക പിന്തുടരുന്നത്. ഒന്നാം വർഷത്തെ നാലാം പേപ്പറായി ഉപന്യാസവും വിവർത്തനവും അല്ലെങ്കിൽ ഡിസർട്ടേഷൻ എന്ന നിലയിലാണ് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

പേപ്പർ 1 സാഹിത്യം 1 പ്രാചീന മലയാളം - 125 മാർക്ക്
പേപ്പർ 2 സാഹിത്യം 2 മധ്യകാല മലയാളം -125 മാർക്ക്
പേപ്പർ 3 സാഹിത്യം 3 ആധുനിക മലയാളം - 125 മാർക്ക്

പേപ്പർ 4 വിവർത്തനവും ഉപന്യാസവും 150 മാർക്ക്

അല്ലെങ്കിൽ

ഡിസർട്ടേഷൻ

5. Lingusitics and dravidian philology	125
6. ഭാഷാചരിത്രവും വ്യാകരണവും	125
7. അലങ്കാര, വൃത്തം, സാഹിത്യനിരൂപണം	125
8. കേരളചരിത്രവും സംസ്കാരവും	125
9. സബ്സിഡിയറി - സംസ്കൃതം	125
വൈവ	50
റെക്കോർഡ്സ്	50
ആകെ	1250

എം.എ. മലയാള പഠനത്തിൽ ഒരു സബ്സിഡിയറി വിഷയം കൊണ്ടുവരുന്നതും അത് സംസ്കൃതമാക്കി ആദ്യം നിശ്ചയിച്ചതും കോഴിക്കോട് സർവ്വകലാശാലയിലാണ്. പിന്നീട് എം.ജി യും സംസ്കൃത സർവ്വകലാശാലയും കണ്ണൂരും കോഴിക്കോടിനെ പിന്തുടരുകയാണ് ചെയ്തത്. ഇംഗ്ലീഷ്, മലയാള ഭാഷകളിലുള്ള പ്രാവീണ്യം ലക്ഷ്യമാക്കി വിവർത്തനത്തിനു നല്കിയ പ്രാധാന്യമാണ് മറ്റൊരു പരിഷ്കാരം. വിവർത്തനസിദ്ധാന്തങ്ങളല്ല വിവർത്തനനൈപുണിയാണ് പാഠ്യപദ്ധതി ലക്ഷ്യംവെക്കുന്നത്. ഭാഷാശേഷി വിവർത്തനത്തിലൂടെ മാത്രമല്ല ഉപന്യാസത്തിലൂടെയും വളർത്താനും വിലയിരുത്താനും പാഠ്യപദ്ധതി ലക്ഷ്യമിടുന്നു. വിവർത്തനം ഇംഗ്ലീഷിൽ നിന്നു മലയാളത്തിലേക്ക് 'എ'വിഭാഗമായും മലയാളത്തിൽ നിന്ന് ഇംഗ്ലീഷിലേക്ക് 'ബി' വിഭാഗമായും സാഹിത്യവുമായി ബന്ധപ്പെട്ട സാമാന്യവിഷയത്തിന്റെ ഉപന്യാസം 'സി' വിഭാഗവുമായിട്ടാണ് നിശ്ചയിച്ചിരിക്കുന്നത്. ഒന്നാം വർഷം തന്നെ ബന്ധപ്പെട്ട പ്രൊഫസറുടെ അംഗീകാരത്തോടെ വിഷയം തീരുമാനിക്കണമെന്ന് പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിരിക്കുന്നു. ബ്രണ്ണൻ കോളേജ് കലണ്ടർ, (1972-73 പുറം 61) സംസ്കൃതത്തിന്റെ ചോദ്യപേപ്പറുകൾ മലയാളത്തിലായിരിക്കണമെന്നും ഉത്തരം മലയാളത്തിലൊ സംസ്കൃതത്തിലോ എഴുതാമെന്നും പാഠ്യപദ്ധതി നിർദ്ദേശിക്കുന്നു.

1992 ലേക്ക് പാഠ്യപദ്ധതിയെത്തുമ്പോൾ ധാരാളം മാറ്റങ്ങൾ ഉണ്ടാകുന്നുണ്ട്.

പേപ്പർ 1 പ്രാചീന മധ്യകാലീനസാഹിത്യം	-	125
2.ആധുനികസാഹിത്യം - സാമാന്യം	-	125
3 കേരളസംസ്കാരം	-	125
4 ഐച്ഛിക വിഷയങ്ങൾ	-	125

1. താരതമ്യസാഹിത്യം

2. ഫോക്‌ലോർ

3. വിവർത്തനം സിദ്ധാന്തവും പ്രയോഗവും

രണ്ടാം വർഷം

5. ആധുനികസാഹിത്യം (വിശേഷം) - 125
(1) കവിത, (2) ചെറുകഥ, (3) നോവൽ (4) നാടകം
(5) സാഹിത്യവിമർശനം)

6. ഭാഷാചരിത്രവും വ്യാകരണവും - 125

7. ഭാഷാശാസ്ത്രം - 125

8. സാഹിത്യസിദ്ധാന്തങ്ങൾ - 125
(പാശ്ചാത്യ പൗരസ്ത്യ സിദ്ധാന്തങ്ങളും വൃത്തപഠനവും)

9. സബ്‌സിഡിയറി- സംസ്കൃതം - 125

വിവർത്തനത്തിൽ സിദ്ധാന്തത്തിന് 45 മാർക്കും പ്രയോഗത്തിന് 80 മാർക്കുമെന്ന് നിശ്ചയിച്ചിട്ടുണ്ട്. ഒന്നാം വർഷം ഐച്ഛികം കൂട്ടിയുടെ ചോയ്സ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ രണ്ടാം വർഷത്തെ അഞ്ചാം പേപ്പർ ഏതു സാഹിത്യപ്രസ്ഥാനമായിരിക്കണമെന്നത് സ്ഥാപനത്തിന്റെ തെരഞ്ഞെടുപ്പാണെന്നും നിർദ്ദേശിച്ചിരിക്കുന്നു. ഫോക്‌ലോർ കാലിക്കറ്റിന്റെ എം.എ. മലയാളം പാഠ്യപദ്ധതിയിൽ സ്ഥാനം നേടിയതും വിവർത്തനത്തിനു പ്രാധാന്യം കൊടുത്തതും വൈവ രണ്ടു വർഷത്തേക്ക് വ്യാപിപ്പിച്ചുകൊണ്ട് 50, 75 എന്നിങ്ങനെ 125 മാർക്കിലേക്ക് പ്രാധാന്യം കൂട്ടിയതും മറ്റൊരു ശ്രദ്ധേയമായ പരിഷ്കാരമാണ്.

ഒമ്പതുപേപ്പറുകളുടെയും മിനിമം മാർക്ക് 30% ആക്കി നിജപ്പെടുത്തിയതും യോഗ്യത നേടാനുള്ള ആകെ മാർക്ക് 40% ആയി പരിഷ്കരിച്ചതും മറ്റൊരു മാറ്റമാണ്. മൂന്നുസ്ഥാനങ്ങൾ 60% വും കൂടുതലും ഫസ്റ്റ് ക്ലാസ് -50% ഉം സെക്കന്റ് ക്ലാസും 40-49% തേർഡ് ക്ലാസും ആണ്. സംസ്കൃതം, സംസ്കൃതത്തിലോ മലയാളത്തിലോ എഴുതാം.

പാഠ്യപദ്ധതിയായിട്ടല്ല സിലബസ് എന്നാണ് നാമകരണം ചെയ്തിരിക്കുന്നത്. സിലബസിനെ/പാഠ്യപദ്ധതിയെ യൂണിറ്റുകളായി തിരിക്കുന്ന രീതി ഈ പാഠ്യപദ്ധതിയിൽ കാണുന്നുണ്ട്. ഓരോ യൂണിറ്റിന്റെയും സഹായകഗ്രന്ഥങ്ങൾ അതിൽത്തന്നെ നല്കിയിരിക്കുന്നത് അഭിലഷണീയമായ മാറ്റമാണ്. ഒരു പേപ്പറിനു കീഴിലെ പ്രധാന വിഷയങ്ങളെ ബ്ലോക്കുകളായും ആ വിഷയവുമായി ബന്ധപ്പെട്ട ആശയങ്ങളെ യൂണിറ്റുകളായും വിഭജിച്ചുകൊണ്ടുള്ള പഠനത്തിനനുകൂലമായ ശാസ്ത്രീയഘടന ഈ സിലബസിനുണ്ട്.

1997 അഡ്മിഷൻ മുതൽ വീണ്ടും ചില പരിഷ്കാരങ്ങൾ വരുന്നുണ്ട്. ഐച്ഛിക വിഷയം മൂന്നിൽനിന്ന് നാലാകുന്നു. തമിഴ് സാഹിത്യവും സംസ്കാരവും എന്ന പേപ്പറാണ് അല്ലെങ്കിൽ

പുതിയ ജ്ഞാനമേഖലയായി കൂട്ടിച്ചേർക്കപ്പെട്ടിരിക്കുന്നത്. തമിഴ് ഭാഷയോടും സംസ്കാരത്തോടുമാണ് ഭ്രമിശാസ്ത്രപരമായും ഭാഷാഗോത്രപരമായും പൊതുവായ പൂർവ്വദശകൊണ്ടും സംസ്കൃതത്തെക്കാൾ മലയാളഭാഷയും സാഹിത്യവും ചേർന്നു നില്ക്കുന്നത് എന്നതുകൊണ്ടുതന്നെ മലയാള എം.എ. പഠനത്തിന്റെ സബ്സിഡിയറി വിഷയമാകേണ്ടത് യഥാർത്ഥത്തിൽ തമിഴായിരുന്നു. അതൊരു മാതൃഭാഷയല്ലെന്നുള്ളതും വലിയ പാരമ്പര്യവും ശ്രേഷ്ഠതയും സാഹിത്യസമ്പന്നവുമായ ഭാഷയാണെന്നുള്ളതും തമിഴിനെ കൂടുതൽ പ്രസക്തമാക്കുന്നു. ആ വഴിക്കുള്ള നീക്കമെന്ന നിലയിൽ ഈ പരിഷ്കാരത്തിന് പ്രസക്തിയുണ്ട്.

വൈവ നിർത്തലാക്കി പകരം ഭാഷാസാഹിത്യം, സംസ്കാരം എന്ന പേരിൽ 125 മാർക്കിന്റെ വസ്തുനിഷ്ഠമാതൃകയിലുള്ള പരീക്ഷ ഒന്നും രണ്ടും വർഷത്തെ എല്ലാ പേപ്പറുകളെയും (8 പേപ്പറുകൾ - സംസ്കൃതം ഒഴികെ) ഉൾപ്പെടുത്തി ആവിഷ്കരിച്ചതാണ് മറ്റൊരു മാറ്റം. ഭാഷയുടെ പരമപ്രധാനമായ ധർമ്മമായ ഭാഷണത്തെ അഥവാ ഭാഷാപ്രകടനത്തെ തമസ്കരിച്ചുകൊണ്ട് ഹൃദിസ്ഥമാക്കലിന് അവസരം നല്കുന്ന വസ്തുനിഷ്ഠ മാതൃകയിലേക്ക് മൂല്യനിർണ്ണയം പരിമിതപ്പെടുന്നത് അതിന്റെ സമഗ്രതയെ ഇല്ലാതാക്കുകയും 'ഒഴിവാക്കാൻ കഴിയാത്ത ചെകുത്താൻ' എന്ന് വിദ്യഭ്യാസചിന്തകരാൽ വിശേഷിക്കപ്പെടുന്ന എഴുത്തുപരീക്ഷയ്ക്ക് കൂടുതൽ കീഴ്പ്പെടുകയുമാണ് സംഭവിക്കുന്നത്.

2001-ൽ ആകെ മാർക്കോ പേപ്പറുകളുടെ എണ്ണമോ മറ്റോ മാറുന്നില്ല. വസ്തുനിഷ്ഠ പരീക്ഷാപേപ്പർ അടക്കം 125 മാർക്കിന്റെ പത്തുപേപ്പറുകൾ ആകെ 1250 മാർക്കുമായി നിലനില്ക്കുന്നു. പക്ഷെ രണ്ടാം വർഷത്തെ ഐച്ഛികവിഷയം നാലിൽ നിന്ന് മൂന്നായി ചുരുങ്ങുന്നു. തമിഴ് ഭാഷയും സാഹിത്യവും ഒഴിവാക്കപ്പെടുന്നു. ബ്ലോക്കും ബ്ലോക്കിനെയുണിറ്റും എന്ന മുൻ വർഷത്തെ പരിഷ്കാരത്തിൽ തുടരുന്നുണ്ട്. എല്ലാ പേപ്പറും 5 യൂണിറ്റുകളാക്കി നിജപ്പെടുത്തിയിരിക്കുന്നു.

12.2.5.1. കോഴിക്കോട് സർവ്വകലാശാല - സെമസ്റ്റർ സംവിധാനം

2001-ൽ കോഴിക്കോട് സർവ്വകലാശാല സെമസ്റ്റർ സംവിധാനത്തിലേക്ക് മാറിക്കൊണ്ട് പാഠ്യപദ്ധതിയിൽ ഘടനാപരമായും വൈജ്ഞാനികമായും വലിയ മാറ്റങ്ങളാണ് കൊണ്ടുവന്നത്. ആകെ മാർക്ക് 1250 എന്ന പരിധി വിട്ട് 1750-ലേക്കും പേപ്പറുകളുടെ എണ്ണം 9ൽ നിന്ന് 16-ലേക്കും വാർഷികപരീക്ഷ അർദ്ധവാർഷിക പരീക്ഷകളിലേക്കും ഘടനാപരമായി മാറുന്നു. നാലു പേപ്പറുകൾ ഉള്ള നാല് സെമസ്റ്ററുകൾ, ഒരു സെമസ്റ്ററിൽ 90 അധ്യയനദിവസം, പരീക്ഷാദിവസങ്ങൾക്കു പുറമെ നിരന്തരവിലയിരുത്തലിന് ആദ്യമായി കലാലയ പാഠ്യപദ്ധതിയിൽ സ്കൂൾ വിദ്യാഭ്യാസത്തിന്റെ തുടർച്ചയായി പ്രാധാന്യം ലഭിക്കുന്നു. 80:20 എന്ന നിലയിൽ External, Internal അനുപാതം നിർണ്ണയിക്കുന്നു. കൂടാതെ ഡിസർട്ടേഷനും വൈവയും നിർബന്ധിത പ്രവർത്തനമായി പുനഃസ്ഥാപിക്കുന്നു. ആകെയുള്ള പതിനാറ് പേപ്പറിൽ ഏഴെണ്ണം ഐച്ഛികം, ഓരോ ഐച്ഛികത്തിലും നാല് ചോയ്സുകൾ അങ്ങനെ 28 പേപ്പറുകളും പാഠ്യപദ്ധതിയും.

നാല് സെമസ്റ്റുകളിലായി പതിനാറുപേപ്പറുകൾ എന്ന പൊതുസമീപനം വന്നപ്പോൾ അതുവരെ ഒമ്പതുപേപ്പറുകൾ മാത്രം ഉണ്ടായിരുന്ന എം.എ. മലയാളം പാഠ്യപദ്ധതിയെ ആ പേപ്പറുകളെ ഉചിതമായ രീതിയിൽ നാലായി വിഭജിക്കുന്നതിനുപകരം അവയെ അങ്ങനെ തന്നെ നിലനിർത്തി പുതിയ ഏഴു ഐച്ഛിക പേപ്പറുകൾ ഉണ്ടാക്കുകയാണ് പാഠ്യപദ്ധതി നിർമ്മാതാക്കൾ ചെയ്തത്. ഒരുവർഷം കൊണ്ട് പഠിക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്ന പേപ്പറുകൾ കേവലം 90 ദിവസംകൊണ്ടു തീർക്കുകയെന്ന വലിയ സാഹസത്തിൽ അദ്ധ്യാപകരും വിദ്യാർത്ഥികളും അകപ്പെട്ടുവെന്നതാണ് ഇതിന്റെ പരിണിതഫലം. നിഘണ്ടുവിജ്ഞാനം, മാധ്യമപഠനം, ഭാഷാസൂത്രണം എന്നിങ്ങനെ പുതിയ വിഷയങ്ങൾ പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി ഉണ്ടായിയെന്നത് ഒരു നേട്ടമാണ്. കൂട്ടിച്ചേർത്ത മറ്റു പേപ്പറുകൾ മുഖ്യപേപ്പറുകളുടെ ഉപാശയങ്ങൾ കുറച്ചുകൂടി ആഴത്തിലും വ്യാപ്തിയിലും പഠിക്കാനുള്ള ശ്രമമാണ്. പുതിയ വിഷയമേഖലകളല്ല. യോഗ്യത നേടാൻ ഒരുപേപ്പറിൽ വേണ്ട കുറഞ്ഞ മാർക്കു 30% ത്തിൽ നിന്ന് 40% ത്തിലേക്ക് പുനർനിർണ്ണയിച്ചിട്ടുണ്ട്. സെമസ്റ്റർ പരീക്ഷയ്ക്ക് ഇന്റേർണൽ കൂടാതെ തന്നെ 40% മാർക്കുണ്ടായിരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

സെമസ്റ്റർ സംവിധാനത്തിനു സമാന്തരമായി നോൺ സെമസ്റ്റർ സംവിധാനവും (വിദൂര വിദ്യാഭ്യാസം/പ്രൈവറ്റ് സ്റ്റഡി) നിലനിന്നിരുന്നു. ചെറിയ വ്യത്യാസങ്ങളോടെ ഒരേ പാഠ്യപദ്ധതിയും സ്കീമുമാണ് മൂല്യനിർണ്ണയത്തിനും പഠനത്തിനും ഉപയോഗിക്കുന്നത്. വൈവ, ഡിസർട്ടേഷൻ എന്നിവയ്ക്കു പകരം മുമ്പുണ്ടായിരുന്ന ഭാഷാസാഹിത്യം, സംസ്കാരം എന്ന വസ്തുനിഷ്ഠ മാതൃകയിലുള്ള ഒരു പരീക്ഷ പേപ്പർ കൂടി പഠിക്കേണ്ടതായി വരുമെന്ന വ്യത്യാസമാണ് ഉണ്ടായിരുന്നത്. അതുപോലെ ഇന്റേണലിനു പകരം അതടക്കമുള്ള അതായത് 20:80 എന്നതിനു പകരം 100 മാർക്കിന്റെ പേപ്പറുകൾ ആണ് എഴുതേണ്ടിയിരുന്നത്. സെമിനാർ, ടെസ്റ്റ് പേപ്പർ, അസൈൻമെന്റ്, അറ്റൻഡൻസ് എന്നിവയാണ് ഇന്റേണൽ മാർക്കിനു പരിഗണിച്ചിരുന്നത്. നിരന്തരവും സമഗ്രവുമായ വിലയിരുത്തൽ രീതിയുടെ താത്വികസമീപനത്തെ പൂർണമായി ഉൾക്കൊണ്ടുകൊണ്ടായിരുന്നില്ല പല സർവ്വകലാശാലകളും ഇത്തരം മാറ്റങ്ങൾ കൊണ്ടുവന്നത്. എഴുത്തുപരീക്ഷയുടെ പരിമിതികൾ മറികടക്കാനും എഴുത്തുപരീക്ഷയിലൂടെ വിലയിരുത്തൽ കഴിയാത്ത ശേഷികളുടെ വിലയിരുത്തലിന് അവസരമുണ്ടാക്കി മൂല്യനിർണയം സമഗ്രമാക്കാനുമാണ് നിരന്തര വിലയിരുത്തൽ കൊണ്ടുവന്നതെങ്കിലും ടെസ്റ്റ് പേപ്പർ എന്തായിരിക്കണമെന്നോ, എങ്ങനെയായിരിക്കണമെന്നോ നിർദ്ദേശിക്കാതിരുന്നതുകൊണ്ട് ബാഹ്യപരീക്ഷയുടെ ചെറുപതിപ്പിന്റെ രൂപത്തിലാണ് അത് അദ്ധ്യാപകർ കലാലയങ്ങളിൽ പ്രയോഗത്തിൽ വരുത്തിയത്. സെമിനാറും അസൈൻമെന്റും വഴിപാടായി. പ്രക്രിയാധിഷ്ഠിതവും (Process oriented) വസ്തുനിഷ്ഠവുമായി വിലയിരുത്താനുള്ള മൂല്യനിർണ്ണയരീതികൾ വികസിപ്പിക്കാതിരുന്നതും പരിചയപ്പെടാതിരുന്നതും അദ്ധ്യാപകർക്കുള്ള ഇൻ സർവ്വീസ് കോഴ്സുകൾ

ഇത്തരം പ്രശ്നങ്ങളെ അഭിമുഖീകരിക്കാതിരുന്നതും തത്ത്വവും പ്രയോഗവും പരസ്പര വിരുദ്ധമാവാനിടയാക്കി.

12.2.6. എം.ജി. സർവ്വകലാശാല

1982 മുതൽ ആരംഭിക്കുന്ന എം.ജി സർവ്വകലാശാലയുടെ ചരിത്രത്തിലെ ആദ്യവർഷങ്ങളിൽ കേരള സർവ്വകലാശാലടെ പാഠ്യപദ്ധതിയും സ്കീമും ഘടനയും പിന്തുടരുകയാണ് ചെയ്യുന്നത്.

എം.എ. ഒന്നാം വർഷ പരീക്ഷ

പേപ്പർ I	പ്രാചീന സാഹിത്യം	125 മാർക്ക്
പേപ്പർ II	മധ്യകാല സാഹിത്യം	125 മാർക്ക്
പേപ്പർ III	ആധുനിക സാഹിത്യം-ഗദ്യം	125 മാർക്ക്
പേപ്പർ IV	കേരള സംസ്കാരം	125 മാർക്ക്
	ആകെ	500

രണ്ടാം വർഷം

പേപ്പർ V	ആധുനിക സാഹിത്യം-പദ്യം	150 മാർക്ക്
പേപ്പർ VI	ഭാഷാശാസ്ത്രം, ഭാഷാചരിത്രം, വ്യാകരണം	150 മാർക്ക്
പേപ്പർ VII	സാഹിത്യ നിരൂപണം	150 മാർക്ക്
പേപ്പർ VIII	സംസ്കൃതം	150 മാർക്ക്
ആകെ		700
വാചാപരീക്ഷ		50
ആകെ		1250

1986-ൽ മഹാത്മാഗാന്ധി സർവ്വകലാശാലയിലെ എം.എ. പഠനം അല്പസ്വല്പ മാറ്റങ്ങളോടെ സ്വതന്ത്രമാകാൻ ശ്രമിക്കുന്നതു കാണാം.

ഒന്നാം വർഷം (നാലു പേപ്പറുകൾ)

പേപ്പർ 1പ്രാചീന സാഹിത്യം - 150 മാർക്ക്
2.മധ്യകാലസാഹിത്യം "
3. മലയാള സാഹിത്യചരിത്രവും കേരളസംസ്കാരവും "
4.(ഓപ്ഷണൽ പേപ്പർ I) "

എ. വിവർത്തനം-സിദ്ധാന്തവും പ്രയോഗവും

ബി. സാഹിത്യപ്രസ്ഥാനങ്ങളിൽ ഒന്ന്

II) 1)ക്ലാസിസിസം

2) നിയോക്ലാസിസിസം

3) റൊമാന്റിസിസം

4) റിയലിസം

5) സിംബോളിസം

6) മിസ്റ്റിസിസം

(ഡി) നവോത്ഥാനവും സാഹിത്യവും

എം.എ. രണ്ടാം വർഷം (അഞ്ചു പേപ്പർ)

പേപ്പർ 5 - ആധുനികസാഹിത്യം 150 മാർക്ക്

6 - വ്യാകരണം, ഭാഷാശാസ്ത്രം, ഭാഷാചരിത്രം "

7 - സാഹിത്യനിരൂപണം "

8 - ഒപ്ഷണൽ പേപ്പർ -2 (എഴുത്തുകാരൻ /പ്രസ്ഥാനം)

1. എഴുത്തച്ഛൻ
2. ചമ്പുപ്രസ്ഥാനം
3. കുഞ്ചൻ നമ്പ്യാർ
4. ആട്ടക്കഥാപ്രസ്ഥാനം
5. കുമാരനാശാൻ
6. മഹാകാവ്യപ്രസ്ഥാനം
7. വള്ളത്തോൾ
8. ഖണ്ഡകാവ്യപ്രസ്ഥാനം
9. ഉള്ളൂർ
10. സാമൂഹ്യനോവലുകൾ
11. സി.വി രാമൻപിള്ള
12. സംസ്കൃത നാടകപരിഭാഷകൾ

പേപ്പർ സംസ്കൃതം (സബ്സിഡിയറി) 150

വൈവ 50

ആകെ 600+800 = 1400

1990-ലെ പാഠ്യപദ്ധതിയിൽ വീണ്ടും മാറ്റങ്ങൾ വരുന്നു. ആകെ മാർക്ക് എല്ലാ പേപ്പറു (9 പേപ്പർ)കൾക്കും 150 എന്ന നിലയിൽ 1400 തന്നെയായി തുടരുന്നു. ഒന്നാം വർഷത്തെ optional paper ഉം ചോയ്സും ഒഴിവാക്കുന്നു. മലയാള സാഹിത്യചരിത്രവും കേരളസംസ്കാരവും എന്ന പേപ്പർ കേരളസംസ്കാരം മാത്രമായി മാറുന്നു. രണ്ടാം വർഷത്തെ

optional paper ന്റെ ചോയ്സുകൾ പത്തിൽ നിന്ന് മൂന്നായി ചുരുങ്ങുന്നു. സാഹിത്യപ്ര സ്ഥാനങ്ങൾ പൂർണ്ണമായും ഒഴിവാക്കി താരതമ്യസാഹിത്യം നിലനിർത്തി. വിവർത്ത നം-സിദ്ധാന്തവും പ്രയോഗവും എന്നത് വിവർത്തനം എന്ന ചെറിയ തലക്കെട്ടിലൊതു ക്കുന്നു. നാടോടിവിജ്ഞാനീയം ആദ്യമായി എം.എ. പാഠ്യപദ്ധതിയുടെ ഭാഗമാകുന്നു. ഒപ്ഷണൽ എന്നു പറയുമ്പോഴും അത് പഠിതാവിന്റെ ചോയ്സ് ആകുന്നില്ലെന്നത് അതിന്റെ പരിമിതിയാണ്. കാരണം പാഠ്യപദ്ധതിയോടൊപ്പം അതാതുവർഷത്തെ optional മാറ്റിമാറ്റി സർവ്വകലാശാല നിശ്ചയിക്കണമെന്നുള്ള നിർദ്ദേശവും കാണാം. റഫൻസ് പുസ്തകങ്ങൾ എന്നതിനുപകരം സി. വിഭാഗത്തിന്റെ സംശോധക പുസ്തകങ്ങൾ എന്ന തലക്കെട്ടാണ് സ്വീകരിച്ചിരിക്കുന്നത്. 1992-ൽ ഇത് സഹായകഗ്രന്ഥങ്ങൾ എന്നാകുന്നു.

മലയാള സാഹിത്യചരിത്രത്തെയും കേരളസംസ്കാരത്തെയും ഒരു പേപ്പറാക്കിയെന്നത് എം.എ. മലയാള പഠനചരിത്രത്തിലെ വ്യത്യസ്തമായ പരീക്ഷണമാണ്. രണ്ടുവർഷങ്ങ ളിലും ഒരു പേപ്പർ ഒപ്ഷണൽ ആക്കി കൂടുതൽ അയവുള്ള സമീപനം സ്വീകരിച്ചിരിക്കു ന്നുവെന്നതും മറ്റൊരു വ്യത്യസ്തതയാണ്. നവോത്ഥാനവും സാഹിത്യവുമെന്ന പുതിയ പേപ്പർ ആദ്യമായി ആവിഷ്കരിക്കപ്പെടുന്നുവെന്നതും മറ്റൊരു ശ്രദ്ധേയമായ മാറ്റമാണ്. വ്യാകരണവും ഭാഷാശാസ്ത്രവും ഭാഷാചരിത്രവും എം.എ. മലയാളം പഠനത്തിന്റെ ചരിത്രത്തിൽ ഒറ്റയായും ഇരട്ടയായും ഒന്നിച്ചും മാറിമറിഞ്ഞ് പ്രത്യക്ഷപ്പെടാറുണ്ട്. ഇവിടെ മൂന്നും ഒരുമിച്ച് ഒരു പേപ്പർ എന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. രണ്ടാം വർഷത്തെ ഒപ്ഷണൽ പേപ്പറിൽ പന്ത്രണ്ട് ചോയ്സുകളിൽ മൂന്നെണ്ണം ഗദ്യസാഹിത്യം അതും നോവലും നാടകവും ആണെന്നതും മാതൃകാപരമായ മാറ്റമാണ്. സാഹിത്യമെന്നാൽ കാവ്യം മാത്രമാണെന്ന സങ്കല്പങ്ങൾ ശിഥിലമാകുകയും കവിത പോലെ തന്നെ ഗദ്യസാഹിത്യ രൂപങ്ങളും ആക്കാദമിക ശ്രദ്ധയർഹിക്കുന്ന ഭാഷാവ്യവഹാരങ്ങ ളാണെന്നുമുള്ള തിരിച്ചറിവിലേക്ക് പാഠ്യപദ്ധതി വികസിക്കുന്നതിന്റെ ദൃഷ്ടാന്തമാണിത്. എം.എ. പഠനത്തിലെ ഒരു പേപ്പർ എന്നനിലയിൽ നിന്നും സംസ്കൃതപഠനത്തിന്റെ പദവി സബ്സിഡിയറി വിഷയമാക്കി ഉയർത്തുന്ന എം.ജി സർവ്വകലാശാല. 1937-നുശേഷം കേരള സർവ്വകലാശാല ഒരു പേപ്പർ എന്നനിലയിൽ കൂടിയിരുത്തിയ സംസ്കൃതത്തെ എഴുപതുകളിൽ കാലിക്കറ്റ് സർവ്വകലാശാല ആദ്യമായി സബ്സിഡറിയാക്കി മാറ്റി. സംസ്കൃതഭാഷയുമായോ സാഹിത്യവുമായോ യാതൊരുവിധ അടിസ്ഥാനപഠനവും നടത്തി യിട്ടില്ലാത്ത വിദ്യാർത്ഥികൾക്ക് ബിരുദ, ബിരുദാന്തരതലത്തിൽ വച്ച് സംസ്കൃതവുമായി ഇടപഴകേണ്ട സാഹചര്യം ഉണ്ടാക്കുന്ന പ്രയാസം മാത്രമല്ല സംസ്കൃത ഭാഷയുടെ അഭ്യസനവും മൂല്യനിർണയവും അങ്ങേയറ്റം അപഹാസ്യമായ രീതിയിലാണ് നടക്കു ന്നതെന്നതുകൊണ്ടുകൂടിയാണ്. സംസ്കൃതപഠനമല്ല ഒരു തരം വെങ്കലഭാഷാപഠനമാണ് നടക്കുന്നത്. കാരണം, ദേവനാഗരി ലിപിയിലുള്ള പാഠത്തെ അദ്ധ്യാപകൻ മലയാ ളത്തിലേക്കു വിവർത്തനം ചെയ്ത് പഠിപ്പിക്കുന്നു. ദേവനാഗരിയും ഇംഗ്ലീഷും ചേർന്ന

ചോദ്യപേപ്പറിന് മലയാളത്തിൽ ഉത്തരമെഴുതി യോഗ്യനോ അയോഗ്യനോ ആവുന്ന വിചിത്ര രീതിയിലാണ് സംസ്കൃതപഠനം മുന്നോട്ടുപോകുന്നത്. ചോദ്യപേപ്പറിലെ ഇംഗ്ലീഷ് പദങ്ങളുണ്ടാക്കുന്ന ദുർഗ്രഹത മൂലം ഉത്തരം തെറ്റിച്ചെഴുതുന്നവരും ഉത്തരം അറിഞ്ഞിട്ടും എഴുതാൻ കഴിയാതെ പോകുന്നവരും നിരവധിയാണ്. കാരണം ഇംഗ്ലീഷ് സംസ്കൃത പഠന ബോധനങ്ങളിൽ മാധ്യമമായി വരുന്നില്ല. പരീക്ഷയ്ക്ക് മാത്രമാണ് അതുമായി ഏറ്റുമുട്ടേണ്ടി വരുന്നത്.

12.2.7. മലയാളസർവ്വകലാശാല 2017-18

12.2.7.1. മലയാളം രചന

ആകെയുള്ള ഇരുപതു പേപ്പറിൽ 7-8 പേപ്പറുകൾ ഒഴികെയുള്ളവ മലയാള സാഹിത്യത്തിന്റേതിനു സമാനമാണ്. പരീക്ഷാരീതികളും ഗ്രേഡിങും സമാനമാണ്. കാവ്യം, ചെറുകഥ, നോവൽ എന്നിവയെ രചനയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ട് പഠിക്കാൻ അവസരം ഉണ്ടാക്കുന്നു ഈ പ്രോഗ്രാം. ഭാരതീയ പാശ്ചാത്യ സമീപനങ്ങൾ, അസ്വാദനം, വിമർശനം, എഴുത്തുകാരൻ, രചന, രചനാസ്തംഭനം, പ്ലോട്ട്, കഥാപാത്രം, ഇതിവൃത്തം, ആഖ്യാനം, ഭാഷ, ശൈലി തുടങ്ങിയവയെ സംബന്ധിച്ച ധാരണ പ്രോഗ്രാം ലക്ഷ്യം വെക്കുന്നു. മലയാള എം.എ. യുടെ ചരിത്രത്തിൽ സർഗ്ഗാത്മക രചനയെ ലക്ഷ്യം വയ്ക്കുന്ന ഒരു പ്രോഗ്രാം മലയാളം സർവ്വകലാശാലയാണ് ആരംഭിക്കുന്നത്. രചനയുടെ ഉറവിടങ്ങൾ എന്ന കോഴ്സിന്റെ ആമുഖത്തിൽ ഓരോ യൂണിറ്റിനും അനുബന്ധമായി ചേർത്തിരിക്കുന്ന മാതൃകാപാഠങ്ങൾ കോഴ്സിന്റെ ദിശാസൂചികൾ മാത്രമാണെന്നും ആവശ്യമെങ്കിൽ സന്ദർഭോചിതമായി കൂടുതൽ രചനകൾ ക്ലാസ്മുറിയിലെ സംവാദങ്ങൾക്ക് ഉപയോഗിക്കാവുന്നതേയുള്ളൂവെന്നും പറയുന്നുണ്ട്. ബിരുദാനന്തര ബിരുദ മലയാളപഠനം സഞ്ചരിക്കേണ്ട ലക്ഷ്യത്തെക്കുറിച്ചുള്ള സൂചന ഇതിലുണ്ട്. കോഴ്സിന്റെ ഉള്ളടക്കം, കോഴ്സിന്റെ ലക്ഷ്യം നേടിയെടുക്കാനുള്ള ഉപാധി മാത്രമായി കാണുന്നുവെന്നതാണ് ഈ ശ്രദ്ധേയമായ വ്യതിയാനം. ഉള്ളടക്കം അപ്രധാനമാവുകയും ശേഷി പ്രധാനമായിത്തീരുകയും ചെയ്യുന്നുവെന്നർത്ഥം. ഇത് പൂർണ്ണമായ അർത്ഥത്തിൽ സാധിക്കണമെങ്കിൽ മൂല്യനിർണ്ണയം ഉള്ളടക്കത്തിൽ നിന്ന് ശേഷി പരിശോധനയിലേക്കു മാറണം.

അത്തരമൊരു ഉന്നതവിദ്യാഭ്യാസ ക്ലാസ്മുറിയിൽ നിർദ്ദിഷ്ടപാഠഭാഗങ്ങളുടെ പ്രാധാന്യം കുറവും ഇഷ്ടമുള്ള പാഠഭാഗം തെരഞ്ഞെടുക്കാനുമുള്ള സ്വാതന്ത്ര്യം അദ്ധ്യാപകന് ലഭിക്കുന്നതുമായിരിക്കും.

സർഗാത്മകരചനയെ ലക്ഷ്യംവെക്കുന്ന പ്രോഗ്രാം എന്നനിലയിൽ സാഹിത്യരചനയുടെ പാഠ്യപദ്ധതിയിൽ കാണുന്ന പ്രധാന ന്യൂനത രചനാവേളയിലെ പ്രധാന പ്രക്രിയയായ എഡിറ്റിംഗിനെ തീർത്തും അവഗണിച്ചിരിക്കുന്നു എന്നതാണ്. രചനയുടെ

കരടിൽ നിന്നും രചനയുടെ അന്തിമരൂപം രൂപപ്പെടുത്തുന്ന പദ, വാക്യ, ഖണ്ഡിക, ഘടന, തലക്കെട്ട് തുടങ്ങി സകല ഘടകങ്ങളിലും അതുണ്ടാക്കുന്ന ഗുണപരമായ, വിസ്മയാവഹമായ മാറ്റം പഠിതാവിനു ബോദ്ധ്യപ്പെടേണ്ടതുണ്ട്. എഴുത്തുകാരുടെ തിരുത്തലുകളുടെ നോട്ടുബുക്കുകളും സാക്ഷ്യങ്ങളും പാഠ്യവസ്തുവായി വരുന്ന ഒരു മൊഡ്യൂൾ കഥ, കവിത, ലേഖനം, നാടകം, നോവൽ എന്നിവയിലെല്ലാം ഉണ്ടാകേണ്ടതാണ്. സ്വന്തം സൃഷ്ടി സ്വയമായും സഹപഠിതാവിലൂടെയും അദ്ധ്യാപകനിലൂടെയും എഡിറ്റ് ചെയ്യപ്പെടുമ്പോൾ സൃഷ്ടിക്ക് കൈവരുന്ന മാറ്റം തിരിച്ചറിയാനുള്ള അവസരം പാഠ്യപദ്ധതി ഒരുക്കേണ്ടതുണ്ട്. വിവർത്തനപഠനത്തിൽ അത്തരം പ്രായോഗിക അഭ്യാസങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നുവെന്നത് നല്ല ദിശാസൂചകമാണ്. ആ കോഴ്സ് ഭാഷാശേഷിയേയും ഊന്നുന്നുവെന്നതു മാത്രമല്ല നമ്മുടെ സിലബസുകൾ പാഠ്യപദ്ധതിയുടെ സമഗ്രതയിലേക്ക് നീങ്ങാൻ ശ്രമിക്കുന്നതിന്റെ ലക്ഷണം കൂടിയാണത്. ചെറുകഥാരചനയുടെ കോഴ്സിന്റെ ആമുഖത്തിൽ പഠിതാവിന്റെ രചനാശേഷിയെ കോഴ്സ് ലക്ഷ്യംവെക്കുന്നില്ല എന്നത് വലിയ പരിമിതിയാണ്. ചെറുകഥയുടെ സവിശേഷതകളെ സംബന്ധിച്ച ധാരണകൾ രൂപപ്പെടുത്താൻ മാത്രമാണ് കോഴ്സ് ശ്രമിക്കുന്നത്.

ഈ പ്രോഗ്രാമിലും കോഴ്സിന്റെ ലക്ഷ്യങ്ങളെ കൃത്യമായി നിജപ്പെടുത്തുന്നില്ല. നിർദ്ദേശങ്ങളും ലക്ഷ്യങ്ങളും ആമുഖത്തിൽ കൂടിക്കുഴഞ്ഞ് ചിലപ്പോൾ അദ്ധ്യാപകനോടും ചിലപ്പോൾ പഠിതാവിനോടും അല്ലാത്തപ്പോൾ മറ്റാരോടോ ഒക്കെയാണ് സംവദിക്കുന്നത്. കാവ്യരചന കോഴ്സിന്റെ ലക്ഷ്യം മികച്ച കവിതയെഴുതാൻ പഠിതാവിനെ പ്രാപ്തയാക്കുക എന്നതാവുന്നില്ല ചെറുകഥാരചനയ്ക്കും നാടകരചനയ്ക്കും നോവൽ രചനയ്ക്കും പഠിതാവിന്റെ രചന ലക്ഷ്യമേ അല്ല. പ്രോഗ്രാമിന്റെ ലക്ഷ്യത്തെ കോഴ്സുകൾ അതുകൊണ്ടു തന്നെ ഭാഗികമായേ സാക്ഷാത്കരിക്കുന്നുള്ളൂ.

പതിന്നാലാമത്തെ കോഴ്സിൽ വിശേഷപഠനത്തിനായി നിർദ്ദേശിച്ചിരിക്കുന്ന രചയിതാവ് വൈലോപ്പിള്ളിയാണ്. ഈ കോഴ്സിനെ ഓപ്പൺ ഇലക്ടീവ് ആയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

പതിനഞ്ചാമത്തെ കോഴ്സ് നാടകം- തിരക്കഥ -മാധ്യമരചന ഇലക്ടീവ് ആയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. Learning outcome കൃത്യമായി നിർവചിച്ചിട്ടുള്ള കോഴ്സാണിത്. നാടകം റേഡിയോനാടകങ്ങളും ഇതര പരിപാടികളും ടെലിവിഷൻ സിനിമകൾക്കും മറ്റു പരിപാടികൾക്കുമുള്ള സ്ക്രിപ്റ്റുകൾ, ചലച്ചിത്രതിരക്കഥകൾ എന്നിവ മാതൃകകൾ പരിചയിച്ചും പരിശോധിച്ചും പഠിച്ചും എഴുതി പരിശീലിപ്പിച്ച് അതിൽ സാമർത്ഥ്യം നേടുകയെന്നതാണ് കോഴ്സിന്റെ ഫലമായി കരുതുന്നത് -എന്നിങ്ങനെ വ്യക്തമായിത്തന്നെ പഠനഫലത്തെ നിർവ്വചിച്ചിരിക്കുന്നു. ഗവേഷണപ്രബന്ധത്തിനു തുല്യമായോ പകരമായോ സർഗ്ഗാത്മകരചനകളെ പരിഗണിക്കുന്നുവെന്നത് ഉചിതമായ പ്രക്രിയതന്നെ. അതുപോലെ സവിശേഷമായ കോഴ്സിന്റെ ഭാഗമായി സർഗാത്മകശേഷിക്കും അർഹമായ വെയിറ്റേജ് കൊടുത്താൽ മാത്രമേ ഈ പ്രോഗ്രാം അർത്ഥപൂർണമാവൂ.

സാഹിത്യരചന പ്രോഗ്രാമിൽ ഈ കോഴ്സ് ഇലക്ടീവ് ആയല്ല കോർ ആയാണ് വരേണ്ടിയിരുന്നത്. ഇവിടെയും എഡിറ്റിംഗ് ഒഴിവാക്കപ്പെട്ടിരിക്കുന്നുവെന്നത് പ്രധാന ന്യൂനതയാണ്.

പതിനേഴാമത്തെ പേപ്പർ ഗവേഷണ പ്രബന്ധം/രചനാ സമർപ്പണം എന്നാണ് നല്കിയിരിക്കുന്നത്. നാലാം സെമസ്റ്ററിന്റെ അവസാനത്തിൽ നിശ്ചിത മാതൃകയിൽ രചനകൾ (കഥ, നോവൽ, കവിത, നാടകം, സാഹിത്യവിമർശം) സമർപ്പിക്കാൻ ആവശ്യപ്പെട്ടിരിക്കുന്നു. പത്തൊമ്പതാമത്തെ പേപ്പർ മൂന്നാമത്തെ ഇലക്ടീവ് ആണ്. കമ്പ്യൂട്ടർ മലയാളവും പ്രസാധനകലയും എന്ന ഈ കോഴ്സിന് ആമുഖമോ ഉദ്ദേശ്യലക്ഷ്യങ്ങളോ ഇല്ല. സാഹിത്യരചനയുടെ പ്രോഗ്രാമിനും സാഹിത്യപഠനത്തിന്റെ പ്രോഗ്രാമിനും യാതൊരു വ്യത്യാസവും വരുത്താതെയാണ് കോഴ്സ് സ്വീകരിച്ചിരിക്കുന്നത്. സൈബറിടത്തിലെ സാഹിത്യരചനയെ സവിശേഷമായി കണ്ടുകൊണ്ട് പേപ്പർ പുനഃക്രമീകരിക്കാമായിരുന്നു.

ആഭ്യന്തര വിലയിരുത്തലിന് 40% മാർക്ക് നീക്കിവച്ചിരിക്കുന്നുവെന്നത് പ്രത്യക്ഷത്തിൽ അഭിലഷണീയമായി തോന്നുമെങ്കിലും യഥാർത്ഥത്തിൽ അത് 20% മാത്രമേയുള്ളൂവെന്ന് മനസ്സിലാക്കാം. കാരണം 40%ത്തിൽ 20% മിഡ് സെമസ്റ്റർ പരീക്ഷയ്ക്കാണ്. അതാകട്ടെ സിലബസിന്റെ 50% ഉൾപ്പെടുന്നതും സെമസ്റ്ററാന്ത്യപരീക്ഷയുടെ ഘടനയെ പിൻപറ്റുന്നതുമാണ് എന്നതിനാൽ ഈ 20% മാർക്കിനെ നിരന്തര വിലയിരുത്തലിന്റെ ഭാഗമായി കണക്കാക്കാൻ കഴിയില്ല. മാത്രമല്ല സെമിനാർ, അസൈൻമെന്റ് എന്നിവയെ എങ്ങനെയാണ് കോഴ്സുകൾ സമീപിക്കേണ്ടതെന്നതിനെ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പാഠ്യപദ്ധതിയിൽ ഇല്ല.

12.2.7.2. മലയാളസാഹിത്യം

ഓരോ സെമസ്റ്ററിൽ 5 വീതം ആകെ 20 പേപ്പറുകളാണ് ഉള്ളത്. ചെറുകഥ, നോവൽ, നാടകം, കവിത, നിരൂപണം എന്നിവ ഓരോ പേപ്പറുകളാണ്. സാഹിത്യവിമർശനതത്വങ്ങൾ പ്രത്യേകം പേപ്പറായും വരുന്നുണ്ട്. വിവർത്തനപഠനവും പേപ്പർ തന്നെ. എഴുത്തച്ഛൻ കൃതികൾ എന്ന നിലയിൽ ഒരു പേപ്പർ മറ്റു സർവ്വകലാശാലകളുടെ സമകാലിക സിലബസുകളിൽ നിന്ന് വ്യത്യസ്തമായി കാണുന്നുണ്ട്. കവികളുടെയോ പ്രസ്ഥാനങ്ങളുടെയോ വിശേഷപഠനം ആദ്യകാലത്തെ സിലബസിൽ ഉണ്ടായിരുന്നുവെങ്കിലും പിന്നീടത് ഒഴിവാക്കപ്പെട്ടിരുന്നു. മൂന്നാം സെമസ്റ്ററിൽ 15-ാം മത്തെ പേപ്പർ തിരക്കഥ, സിനിമാപഠനം (ഇലക്ടീവ് -1) ആണെന്ന് പറയുന്നുണ്ടെങ്കിലും ചോയ്സ് ഒന്നും നല്കി കാണുന്നില്ല. പതിന്നാലാമത്തെ പേപ്പർ സംസ്കാരപഠനവും സാഹിത്യപഠനവും ഓപ്പൺ ഇലക്ടീവ് എന്ന രീതിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതര വിഷയങ്ങൾ ഐച്ഛികമായെടുത്ത എം.എ. കാർക്കും പഠിക്കാവുന്ന കോഴ്സ് എന്ന നിലയിലാണ് ഇത് വിഭാവനം ചെയ്തിരിക്കുന്നത്. പി.ജി. തലത്തിൽ എം.എ. ഓപ്പൺ കോഴ്സ് എന്ന

ന്യതനാശയത്തെ ഇതര സർവ്വകലാശാലകൾക്കും പിന്തുടരാവുന്നതാണ്. നാലാം സെമസ്റ്ററിൽ ഗവേഷണപ്രബന്ധം എന്ന പേരിൽ ഗവേഷണത്തിന്റെ രീതിശാസ്ത്രത്തെ സിലബസിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ലോകസാഹിത്യപരിചയമാണ് മറ്റൊരു വ്യത്യസ്ത പേപ്പർ, അതുപോലെ സംസ്കൃത-തമിഴ് സാഹിത്യപരിചയം എന്നൊരു പേപ്പറും വ്യത്യസ്തമായി കാണുന്നുണ്ട്. 18, 19, 20 എന്നിവ ഇലക്ടീവ് 1, 2, 3 എന്ന നിലയിൽ വ്യത്യസ്ത പേപ്പറുകളായി കാണുന്നുണ്ട്. എന്നാൽ ഇവയിലൊന്നുംതന്നെ ചോയ്സ് കാണുന്നില്ല. ഇരുപതാമത്തെ ഇലക്ടീവ് പേപ്പറിന്റെ സിലബസിനു പകരം അത് അതാതു സമയങ്ങളിൽ ഫാക്കൽറ്റികൾ തല്പരരായ വിദ്യാർത്ഥികൾക്ക് നല്കാമെന്ന അറിയിപ്പാണുള്ളത്. വൈവ, പ്രബന്ധം എന്നിവയുടെ മാർക്കോ ആകെ മാർക്കോ സിലസിൽ വ്യക്തമാക്കിയിട്ടില്ല. സിലബസിൽ നിന്നും സമഗ്രമായ പാഠ്യപദ്ധതിയുടെ തലത്തിലേക്ക് ഉള്ളടക്കം വളർന്നിട്ടുമില്ല. ഉദ്ദേശ്യാധിഷ്ഠിതമായി കോഴ്സുകളെ ചുരുക്കമായേ സമീപിച്ചിട്ടുള്ളൂ. അവ തന്നെ നാമമാത്രമായും. കുട്ടി കൈവരിക്കേണ്ട ശേഷിയായല്ല അദ്ധ്യാപകന്റെ ആവശ്യമായാണ് ഉദ്ദേശ്യങ്ങളെ സമീപിച്ചിരിക്കുന്നത്. അഥവാ Learning outcome/ course outcome അല്ല നിർദ്ദേശിച്ചിരിക്കുന്നത്. ഉദാഹരണമായി; എഴുത്തച്ഛൻ കൃതികൾ എന്ന കോഴ്സിൽ കേരളസംസ്കാരവ്യവഹാരത്തിൽ എഴുത്തച്ഛന്റെ പങ്കെന്ത് എന്ന് അന്വേഷിക്കാൻ വിദ്യാർത്ഥികൾ ബാധ്യസ്ഥരാണ്, നാടകം- കോഴ്സിൽ നാടക സാഹിത്യവേദിയുടെ പരിണാമചരിത്രം കൂടി പഠിക്കണം; നാടകസാഹിത്യചരിത്രത്തെക്കുറിച്ച് സമഗ്രമായ ബോധം ഉണ്ടാക്കണം, വിവർത്തനങ്ങളിൽ നിന്നു തുടങ്ങി ആധുനികാനന്തര പ്രവണതകളിലേക്കു വന്നുനില്ക്കുന്ന നാടകസാഹിത്യചരിത്രത്തെക്കുറിച്ച് സമഗ്രമായ ബോധം ഉണ്ടാക്കണം എന്നിങ്ങനെയാണ് കോഴ്സിന്റെ ഉദ്ദേശ്യങ്ങൾ പ്രതിപാദിച്ചിരിക്കുന്നത്. കോഴ്സ് അദ്ധ്യാപകരെയാണോ വിദ്യാർത്ഥിയെയാണോ ലക്ഷ്യം വെക്കേണ്ടതെന്ന അടിസ്ഥാന ബോധം പോലും പാഠ്യപദ്ധതി തയ്യാറാക്കുന്നവർ ഉൾക്കൊള്ളുന്നില്ല. അതുകൊണ്ടാണ് ഉദ്ദേശ്യങ്ങൾ ചിലപ്പോൾ അദ്ധ്യാപകനോടും വിദ്യാർത്ഥിയോടും മാറിമാറി സംവദിച്ച് ആശയക്കുഴപ്പം ഉണ്ടാക്കുന്നത്. ചിലപ്പോഴത് സിലബസ് തയ്യാറാക്കുന്ന അവനവനു നേരെത്തന്നെ തിരിയുന്നു. ഉദാഹരണമായി ലോകസാഹിത്യപരിചയം കോഴ്സിന്റെ ഉദ്ദേശ്യങ്ങളുടെ കൂട്ടത്തിൽ കാണുന്ന 'മലയാള പരിഭാഷ ലഭ്യമാകുന്ന കൃതികളാകണം പാഠ്യപദ്ധതിയിൽ' എന്ന നിർദ്ദേശം.

മലയാളവ്യാകരണകോഴ്സിന്റെ പാഠ്യപദ്ധതി ഇതിനൊരപാദമാണ്. Learning out come നെ സംബന്ധിച്ച കൃത്യത ആ കോഴ്സിന്റെ ഉദ്ദേശ്യങ്ങൾക്കുണ്ട്. മാത്രമല്ല കേരള പാണിനീയത്തെ അടിസ്ഥാനമായി സ്വീകരിക്കാതെ പ്രധാന വ്യാകരണകൃതികളെ അടിസ്ഥാനമാക്കി വ്യാകരണം പഠിക്കുന്നുവെന്നത് ഗുണപരമായ ശ്രദ്ധേയമായ മാറ്റം ആണ്.

ലോകസാഹിത്യത്തിലെ കഥ, കവിത, നോവൽ, നാടകം എന്നിവയിൽ നിന്നും ശ്രദ്ധേയമായ രചനകൾ ഈ കോഴ്സ് ഉൾക്കൊള്ളുന്നു. മലയാള പരിഭാഷയെയും കൃതികളെയും ആണ് പഠനത്തിന് ആശ്രയം. ഇംഗ്ലീഷ് സാഹിത്യത്തെ അതിന്റെ മൂലത്തിൽ നിന്ന് പഠിക്കാനും ആസ്വദിക്കാനുമുള്ള ശേഷിയെക്കുറിച്ച് എന്തുകൊണ്ട് ഇത്തരം കോഴ്സുകൾ രൂപകല്പന ചെയ്യുന്നവർ ചിന്തിക്കുന്നില്ലെന്നതിന് സങ്കുചിത ഭാഷാബോധം എന്നൊരു മറുപടി മാത്രമേ തിരിച്ചറിയാൻ പറ്റുന്നുള്ളൂ. ഭാഷാശാസ്ത്രം ഇംഗ്ലീഷിൽ പഠിക്കുകയും പഠിപ്പിക്കുകയും ഇംഗ്ലീഷ് പുസ്തകങ്ങൾ മാത്രം വായിക്കുകയും ഇംഗ്ലീഷിൽ പരീക്ഷയെഴുതുകയും ചെയ്ത പതിറ്റാണ്ടുകളുടെ പാരമ്പര്യം ഉള്ളതാണ് മലയാളഭാഷാ സാഹിത്യപഠനത്തിന്റെ ചരിത്രം എന്നത് ഓർക്കേണ്ടതാണ്. ഇന്ന് റഫറൻസ് പുസ്തകങ്ങളുടെ കൂട്ടത്തിൽ നിന്നുപോലും അപ്രത്യക്ഷ്യമായ കാൽഡ്വെല്ലും ഗ്രണ്ടർട്ടും ഗാത്തുവെയ്റ്റും ഒക്കെ അന്ന് പാഠപുസ്തകങ്ങളായിരുന്നുവെന്നതും വസ്തുതയാണ്. മലയാളത്തിൽ പരിഭാഷ ചെയ്തിട്ടില്ലാത്ത ഇംഗ്ലീഷ് കൃതി പാഠപുസ്തകമാവുകയും അത് മലയാളത്തിലേക്കു വിവർത്തനം ചെയ്യാനുള്ള ഉദ്യമം ഈ കോഴ്സിന്റെ ഭാഗമായ അസൈൻമെന്റോ പ്രോജക്ടോ ആയി മാറുമ്പോഴാണ് എം.എ. പഠനം ഉള്ളടക്ക ധാരണയുടെ താഴ്ന്ന തലത്തിൽ നിന്നും നൈപുണീവികാസത്തിന്റെ ഉയർന്ന തലത്തിലേക്ക് വികസിക്കുക.

സംസ്കൃത-തമിഴ് സാഹിത്യപരിചയത്തിന്റെ കോഴ്സിൽ കാളിദാസന്റെ കുമാരസംഭവം, ഭാസന്റെ സ്വപ്നവാസവദത്തം, കാദംബരീസംഗ്രഹം എന്നീ സംസ്കൃത കൃതികളും സുബ്രഹ്മണ്യ ഭാരതിയുടെ ഭാരതിയാർ കവിതകളും സുന്ദരരാമസ്വാമിയുടെ ഒരു പുളിമരത്തിന്റെ കഥയെന്ന നോവലും ഉൾപ്പെടുത്തിയിരിക്കുന്നു. ലോകസാഹിത്യത്തിലേക്കും ഭാരതീയസാഹിത്യത്തിലേക്കും അവസരങ്ങൾ തുറന്നിടുന്നുവെന്നത് ഈ കോഴ്സിന്റെ സവിശേഷതയാണ്.

നാലാം സെമസ്റ്ററിലെ ഗവേഷണപ്രബന്ധം എന്ന കോഴ്സ് പഠിതാവിനെ മുന്നിൽ കണ്ടുകൊണ്ട് പ്രായോഗികമായി തയ്യാറാക്കിയതാണെന്ന് വളരെവ്യക്തം. പ്രബന്ധരചനയ്ക്കാവശ്യമായ ഉള്ളടക്കം മാത്രം മുൻനിർത്തി അനുഭവാധിഷ്ഠിതമായി രീതിശാസ്ത്രം സ്വാംശീകരിക്കാൻ അതവസരം ഒരുക്കുന്നു. തർക്കശാസ്ത്രത്തിന്റെ അനാവശ്യതകൾ ഒഴിവാക്കാനായെന്നതും ഊന്നൽ വിദ്യാർത്ഥികളുടെ ഗവേഷണത്തിനാണെന്നതും ഈ പാഠ്യപദ്ധതിയെ Student friendly യാക്കുന്ന ഘടകമാണ്.

ഗദ്യസാഹിത്യരൂപങ്ങൾ എന്ന ഇലക്ടീവ് പേപ്പറിൽ ഉപന്യാസം, യാത്രാവിവരണം, ജീവചരിത്രം, വൈജ്ഞാനികസാഹിത്യം, ആത്മകഥ എന്നിങ്ങനെയുള്ള ഇതരഗദ്യരൂപങ്ങൾക്കാണ് ഈ കോഴ്സിൽ അവസരം നല്കിയിരിക്കുന്നത്. കമ്പ്യൂട്ടർ മലയാളവും പ്രസാധനകലയും എന്ന പേപ്പർ ഇലക്ടീവിൽ നിന്ന് കോറിലേക്ക് മാറ്റാവുന്നതാണ്. ഉള്ളടക്ക ധാരണയ്ക്കപ്പുറം മലയാളം കമ്പ്യൂട്ടിംഗിന്റെ നൈപുണീവികാസവും പാഠ്യപദ്ധതിലക്ഷ്യം വെക്കുന്നുവെന്നത് ശ്രദ്ധേയം.

12.2.8. നിരന്തരമൂല്യനിർണ്ണയവും സെമസ്റ്റർകാലാവസാന മൂല്യനിർണ്ണയവും

2000 മുതൽ കേരളത്തിലെ സർവ്വകലാശാലകൾ ആദ്യം സെമസ്റ്റർ സംവിധാനത്തിലേക്കും തുടർന്ന് CBCSS-ലേക്കും മാറുകയുണ്ടായി. ഉന്നതവിദ്യാഭ്യാസത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ പരിഷ്കാരമാണ് ഇക്കാലയളവിലേതെന്നു പറയാം. സ്കൂൾ പാഠ്യപദ്ധതി മാറ്റങ്ങളുടെ തുടർച്ചയായി ഉന്നതവിദ്യാഭ്യാസ മേഖലയിലേക്കും നിരന്തര വിലയിരുത്തലും ജ്ഞാന നിർമ്മിതി രീതിശാസ്ത്രവും വിമർശനാത്മകചിന്തയും പരിഗണിക്കപ്പെട്ട കാലമാണിത്. കോഴ്സിന്റെ ഘടനകൾ, സാങ്കേതിക പദാവലികൾ, മൂല്യനിർണ്ണയം, ബോധനരീതി, വൈജ്ഞാനിക വിഷയങ്ങൾ, കോഴ്സുകളുടെ രീതി, സ്വഭാവം എന്നിവയെല്ലാം അടിമുടി മാറ്റങ്ങൾക്ക് വിധേയമായി. അന്തർ വൈജ്ഞാനികമായും ബഹുവൈജ്ഞാനികമായും ഐച്ഛികമായും പഠിക്കാനുള്ള വലിയ അവസരം തുറന്നുകിട്ടി. പരമാവധി മാർക്ക് എന്ന സങ്കല്പനം പോലും ക്രെഡിറ്റ് സംവിധാനത്തിൽ കാലഹരണപ്പെട്ടു. ലഭ്യമായ അദ്ധ്യാപകരുടെ വൈദഗ്ധ്യം ഫലപ്രദമായി ഉപയോഗപ്പെടുത്താൻ സാധിച്ചു. കോഴ്സ് പ്രോഗ്രാമായും പേപ്പർ കോഴ്സായും അടിസ്ഥാന വിഷയങ്ങൾ കോർ പേപ്പറായും അല്ലാത്തവ ഐച്ഛികമായും (Elective) ബഹുവൈജ്ഞാനിക സാദ്ധ്യതകൾ (open) ആയും സാങ്കേതിക സൂചകങ്ങൾ മാറി. മൂല്യനിർണ്ണയവും രേഖപ്പെടുത്തലും അവയുടെ വ്യാഖ്യാനവും വൈദഗ്ധ്യം വേണ്ട പ്രക്രിയകളായി മാറി. പാഠ്യപദ്ധതി പരിഷ്കരണങ്ങളുടെ താത്ത്വികാടിത്തറയെയും ഉദ്ദേശ്യലക്ഷ്യങ്ങളെയും എല്ലാ അദ്ധ്യാപകരിലേക്കും എത്തിക്കാനും മാറ്റത്തെ ഉൾക്കൊള്ളാൻ അവരെ സജ്ജരാക്കുന്നതിനും സർവ്വകലാശാലകൾക്ക് സാധിച്ചില്ല. നിലവിലെ സേവനകാല പരിശീലനങ്ങൾക്ക് ഇത്തരം യാഥാർത്ഥ്യങ്ങളെയാകെ അഭിമുഖീകരിക്കാനും കഴിഞ്ഞില്ല. പ്രക്രിയാധിഷ്ഠിതമായി മാറ്റങ്ങൾ പ്രയോഗത്തിൽ വരുത്താൻ സർവ്വകലാശാലക്ക് സാധിച്ചില്ല. സെമസ്റ്റർ സംവിധാനത്തിനനുസരിച്ച് അവധിക്കാലം ക്രമീകരിക്കാത്തതിനാൽ പരീക്ഷ നടത്തിപ്പിനും മൂല്യനിർണ്ണയത്തിനും വേണ്ടി കലാലയങ്ങൾ അടച്ചിടേണ്ടിവന്നു. പേപ്പറുകളുടെ എണ്ണക്കൂടുതലും പരീക്ഷയിലെ ഇരട്ടിപ്പും സർവ്വകലാശാലകളുടെ ഭാരം വർദ്ധിപ്പിച്ചു. ഫലപ്രഖ്യാപനം അനിശ്ചിതത്തിലാവുകയും സെമസ്റ്റർ സമയക്രമങ്ങൾ താളം തെറ്റുകയും ചെയ്തു. അവസാന സെമസ്റ്റർ പരീക്ഷാഫലങ്ങൾ വൈകുന്നത് പി.ജി. അഡ്മിഷൻ വൈകുന്നതിന് ഇടയാക്കി. 90 ദിവസത്തെ പാഠ്യപദ്ധതിക്ക് പകുതിദിനങ്ങൾ പോലും കിട്ടാതെ പരീക്ഷയെ അഭിമുഖീകരിക്കാൻ വിദ്യാർത്ഥികൾ നിർബന്ധിതരായി. ചരിത്ര പശ്ചാത്തലത്തിൽ നിന്നുകൊണ്ട് പ്രസ്ഥാനപരമായും പ്രവണതാപരമായും സാംസ്കാരികമായും പഠിക്കേണ്ട പാഠപുസ്തകങ്ങൾ പാഠ്യപദ്ധതിയിലെ കേവലമായ വിശദപഠനത്തിനുള്ള പാഠപുസ്തകങ്ങളിലേക്കു ചുരുങ്ങി. സിലബസിൽ നിന്ന് പാഠ്യപദ്ധതിയിലേക്ക് ഭാഗികമായെങ്കിലും വികസിക്കാൻ കഴിഞ്ഞതും നിരന്തര വിലയിരുത്തലിന് ഇടം കിട്ടിയതും ഗ്രേഡിംഗിനും ഇലക്ടീവ്, ഓപ്പൺ കോഴ്സുകളും മറ്റും സെമസ്റ്റർ സംവിധാനത്തിന്റെ മികവുകളാണെങ്കിലും,

പരിമിതികളാണ് മുഴച്ചുനിന്നത്. വസ്തുനിഷ്ഠമായും പ്രക്രിയാധിഷ്ഠിതമായും നിരന്തരവിലയിരുത്തൽ ക്ലാസ്മുറിയിൽ പ്രയോഗികമാക്കാൻ മിക്ക സർവ്വകലാശാലകൾക്കും കലാലയങ്ങൾക്കും സാധിച്ചിട്ടില്ല. പലയിടത്തും നിരന്തര വിലയിരുത്തൽ കടലാസിൽ മാത്രം നടന്ന പ്രവർത്തിയായിരുന്നു. ഒന്നിൽ കൂടുതൽ അദ്ധ്യാപകരുടെ സാന്നിദ്ധ്യം നിർബന്ധമാക്കുക വഴിയും സെമസ്റ്റർ അവസാന പരീക്ഷയുടെ ചോദ്യപേപ്പർ തയ്യാറാക്കുന്നതിന് കൃത്യമായ പ്രക്രിയകൾ ആവിഷ്കരിച്ചതുവഴിയും മൂല്യനിർണ്ണയം വസ്തുനിഷ്ഠമാക്കാൻ ഫോർമാറ്റുകളും സൂചകങ്ങളും തയ്യാറാക്കിയും കാലടി ശ്രീശങ്കരചാര്യ സംസ്കൃത സർവ്വകലാശാലകൾ പോലുള്ള ചുരുക്കം ഇടങ്ങളിൽ നിരന്തര വിലയിരുത്തൽ ഏറെക്കുറെ ഫലപ്രദമായി നടന്നതു മാത്രം ഇതിനൊരപവാദമായി കാണുന്നു.

സെമസ്റ്റർ സംവിധാനത്തിലേക്ക് സർവ്വകലാശാലകൾ പെട്ടെന്ന് ചുവടുമാറിയപ്പോൾ അതുവരെ നിലവിലുണ്ടായിരുന്ന 9/10 പേപ്പറുകളിൽ നിന്ന് 16/20 പേപ്പറുകളിലേക്ക് പാഠ്യപദ്ധതി വികസിപ്പിക്കേണ്ടിവന്നു. സെമസ്റ്റർ സംവിധാനത്തിലെയും അതിനു തൊട്ടുമുമ്പുള്ള വർഷത്തെ പാഠ്യപദ്ധതിയും താരതമ്യം ചെയ്താൽ ബോദ്ധ്യപ്പെടുന്ന ഒരു വസ്തുത സർവ്വകലാശാലകൾ ചെയ്തത് നിലവിലുണ്ടായിരുന്ന 9-10 പേപ്പറുകളെ രണ്ട് സെമസ്റ്ററുകളിലേക്ക് വിതരണം ചെയ്യുകയല്ല മറിച്ച് അവയെ ഭാഗികമായ ഉള്ളടക്ക കുറവോടെ നിലനിർത്തി 6-7 പുതിയ പേപ്പറുകൾ ആവിഷ്കരിക്കുകയായിരുന്നു. ഒരു കോഴ്സിൽ ഒരു സർവ്വകലാശാല 5 പാഠപുസ്തകം മാത്രം നിർദ്ദേശിച്ചപ്പോൾ മറ്റൊരു സർവ്വകലാശാല (കണ്ണൂർ) ഒരു കോഴ്സിൽ 59 പാഠപുസ്തകങ്ങളാണ് നിർദ്ദേശിച്ചത്. അതിൽ നോവലുകളും നാടകങ്ങളും ഖണ്ഡകാവ്യങ്ങളും ഉണ്ടായിരുന്നുവെന്ന് ഓർക്കേണ്ടതാണ്. പഠിച്ചുതീർക്കാൻ കഴിയാതെ വിദ്യാർത്ഥികളും പഠിപ്പിച്ചു തീർക്കാൻ കഴിയാതെ അദ്ധ്യാപകരും പ്രയാസപ്പെട്ട വർഷങ്ങൾ. ചോദ്യാവലി ഉപയോഗിച്ച് അദ്ധ്യാപകരിൽ നടത്തിയ സർവ്വെയുടെ ഫലവും ഇതുതന്നെയാണ് (പുറം 528). യാഥാർത്ഥ്യബോധമില്ലാതെ പാഠ്യപ്ദ്ധതികൾ ലാഘവത്തോടെ തയ്യാറാക്കപ്പെടുന്നതുകൊണ്ടാണ് ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നതും തുടരുന്നതും.

പാഠ്യപദ്ധതികൾ തയ്യാറാക്കാനുള്ള ചുമതല അതാതു വിഷയങ്ങളിലെ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്കാണ്. ചെയർമാനടക്കം പത്തും പത്തിലധികവും അംഗങ്ങൾ ഉണ്ടാകുമെങ്കിലും മീറ്റിംഗിൽ പങ്കെടുക്കുന്നവരും സ്ഥിരമായി ഹാജരാകുന്നവരും പകുതിപോലും ഉണ്ടാകാറില്ലെന്ന് അനുഭവസ്ഥർ സാക്ഷ്യപ്പെടുത്തുന്നു. അദ്ധ്യാപക സംഘടനകൾ നല്കുന്ന ലിസ്റ്റാണ് ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങളുടെ നിയമനത്തിന് പരിഗണിക്കുന്നത്. യോഗ്യതയോ തൊഴിൽ പരിചയമോ വൈദഗ്ധ്യമോ (അക്കാദമിക യോഗ്യതകൾ) മാനദണ്ഡമാക്കിയല്ല അംഗങ്ങളെ നിർദ്ദേശിക്കുന്നതും നിയമിക്കുന്നതും. ഭാഷാസാഹിത്യത്തിന്റെ വിപുലമായ മേഖലകളിലോരോന്നിലും വേണ്ട വൈദഗ്ധ്യം ജോലി ഏറ്റെടുക്കുന്ന പരിമിതമായ അംഗങ്ങൾക്കുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നത്

യാഥാർത്ഥ്യത്തിന് നിരക്കുന്നതല്ല. ശില്പശാലകൾ നടത്താൻ സാങ്കേതിക പ്രയാസങ്ങൾ സർവ്വകലാശാലകളിൽ നിലനില്ക്കുന്നുണ്ട്. സാമ്പത്തിക പ്രശ്നങ്ങളും ഉന്നയിക്കപ്പെടുന്നുണ്ട്. നിലവിലുള്ള റെഗുലേഷനകത്തു നിന്നുകൊണ്ടു മാത്രമേ പാഠ്യപദ്ധതി പരിഷ്കരിക്കാനാവൂ എന്ന പരിമിതിയും ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങൾക്കുണ്ട്. പ്രതിഫലം ലഭിക്കുന്ന അധികജോലിയല്ല ഇതെന്നതും സേവനതല്പരരായ അദ്ധ്യാപകരിലൂടെ നിലനില്ക്കുന്ന ഒന്നാണെന്നതും തിരിച്ചറിയേണ്ടതുണ്ട്.

12.2.9. അകം-പുറം പരീക്ഷകളുടെ അനുപാതം

വിദ്യാഭ്യാസത്തിന്റെ സൈദ്ധാന്തിക നിലപാടുകളിൽ നിന്ന് പരിശോധിക്കുമ്പോൾ എഴുത്തു പരീക്ഷയെയും അതിനെ അടിസ്ഥാനമാക്കിയുള്ള ആത്യന്തിക മൂല്യനിർണ്ണയ (Summative Evaluation) ങ്ങളെയും ഒഴിവാക്കാനാവാത്ത ദുഷ്ടത (necessary evil) യായാണ് കണക്കാക്കുന്നത്. ഈ ദുഷ്ടതയെ ഒരുപരിധിവരെയെങ്കിലും കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയാണ് നിരന്തര വിലയിരുത്തലിന് വിദ്യാഭ്യാസപ്രക്രിയയിൽ കൂടുതൽ പ്രാധാന്യം കൊടുത്തുകൊണ്ടിരിക്കുന്നത്. പഠനബോധന പ്രക്രിയയെ നിരന്തരമായി സഹായിക്കുന്നതും അതുവഴി കോഴ്സിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നേടാനും സഹായിക്കുന്നതും എന്ന നിലയിലാണ് നിരന്തര വിലയിരുത്തലിനെ ഫലപ്രദമായി കാണുന്നത്. മാത്രമല്ല എഴുത്തുപരീക്ഷയുടെ പരമിതികൾക്കതീതമായി മറ്റുശേഷികൾ കൂടി വ്യത്യസ്തരീതികളിലൂടെ വിലയിരുത്താൻ സാധിക്കുകവഴി മൂല്യനിർണ്ണയത്തെ സമഗ്രമാക്കാൻ സാധിക്കുന്നു. അതുവഴി ബുദ്ധിയുടെ ബഹുമുഖ സാധ്യതകളെ വിവേചനരഹിതമായി പരിഗണിക്കാൻ കഴിയുന്നുവെന്നതും എടുത്തുപറയേണ്ട മികവാണ്. പഠിപ്പിക്കുന്ന അദ്ധ്യാപകൻ തന്നെ ചോദ്യപേപ്പർ തയ്യാറാക്കുകയും ഉത്തരക്കടലാസുകൾ പരിശോധിക്കുകയും ചെയ്യുമ്പോഴാണ് മൂല്യനിർണ്ണയത്തിന്,

Evaluation of learning

Evaluation for learning

Evaluation as learning എന്ന ആധുനിക കാഴ്ചപ്പാടിനെ സാക്ഷാത്കരിക്കാനാകൂ. എന്നാൽ നമ്മുടെ സർവ്വകലാശാലകളും അദ്ധ്യാപകരും സമൂഹവും അത്തരമൊരു മാറ്റത്തിന് ഇനിയും പാകമായിട്ടില്ല. ഈയൊരുലക്ഷ്യത്തെ മുൻനിർത്തിയാവണം ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അക്കാദമിക സ്വയം പര്യാപ്തത ഉണ്ടാവേണ്ടത്. ഇത്തരമൊരു പശ്ചാത്തലത്തിൽ മേൽപ്പറഞ്ഞ ലക്ഷ്യത്തിലേക്കുള്ള ചുവടുവെപ്പുകൾ എന്ന നിലയിലാണ് നിരന്തര വിലയിരുത്തലിനു കൊടുക്കുന്ന ആനുപാതിക പരിഗണനയെ വിലയിരുത്തേണ്ടത്.

എം.എ. മലയാള പഠനത്തിൽ നിരന്തര വിലയിരുത്തലിന് ഉയർന്ന സ്ഥാനം കൊടുത്തിരിക്കുന്നത് കാലടി ശ്രീശങ്കരാചാര്യ സംസ്കൃതസർവ്വകലാശാലയാണ്. 50:50 ആണ്

അവരുടെ അനുപാതം. ഒന്നിൽ കൂടുതൽ അദ്ധ്യാപകർ ചേർന്നുള്ള വിലയിരുത്തലിലൂടെയും റൂബ്രിക്കുകൾ ഉപയോഗിച്ചും വസ്തുനിഷ്ഠമായും ഫലപ്രദമായും മൂല്യനിർണയം നിർവഹിക്കാൻ സർവ്വകലാശാലക്കും അവയുടെ പ്രാദേശിക കേന്ദ്രങ്ങൾക്കും സാധിക്കുന്നുണ്ട്. മലയാളം, കണ്ണൂർ, കേന്ദ്ര എന്നീ സർവ്വകലാശാലകൾ 40:60 എന്ന നിലയിൽ തൊട്ടടുത്ത വരുന്നു. അഫിലിയേറ്റഡ് കോളേജുകൾ ഉള്ള സർവ്വകലാശാലകളിൽ ഏറ്റവും കൂടുതൽ അനുപാതം നിരന്തരവിലയിരുത്തലിന് നല്കിയിരിക്കുന്നത് കണ്ണൂർ സർവ്വകലാശാലയിലാണ്. ഏറ്റവും കുറവ് കോഴിക്കോടും എം.ജിയുമാണ്. 20:80, 2010ലെ 25:75 ൽ നിന്ന് കോഴിക്കോട്2014ൽ 20:80 ആയി കുറച്ചുകൊണ്ട് പിന്നോട്ട് പോവാൻ ശ്രമിക്കുന്നുവെന്നത് അനഭിലഷണീയമായ പ്രവണതയാണ്. കേരളയും അലിഗറും മധുരകാമരാജും 25:75 എന്ന അനുപാതം പിന്തുടരുന്നു. കേരള 2018-19ൽ 40:60 എന്ന രീതിയിലേക്ക് ചുവടു മാറിയത് കൂടുതൽ ആശാവഹമാണ്. ടീം ഇവാലുവേഷൻ, വിശദമായ റൂബ്രിക്കുകൾ ഉപയോഗിക്കൽ, പരിശീലനം എന്നിവയിലൂടെ ക്ലാസ്മുറിയിൽ നിരന്തരവിലയിരുത്തൽ കൃത്യമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്തിക്കൊണ്ടാണ് നിരന്തര വിലയിരുത്തലിന്റെ അനുപാതം കൂട്ടിക്കൊണ്ടുവരേണ്ടത്.

12.2.10. നിരന്തരവിലയിരുത്തലിന്റെ ചരിത്രം

1886-ൽ തിരുവനന്തപുരത്ത് ബ്രിട്ടീഷുകാരായ അദ്ധ്യാപകരിലൂടെ കേരളത്തിലെ ആദ്യത്തെ കോളേജ് സ്ഥാപിക്കപ്പെടുമ്പോൾത്തന്നെ നിരന്തരവിലയിരുത്തലിന്റെ ചരിത്രവും ആരംഭിക്കുന്നു. വിദ്യാർത്ഥികളുടെ സ്വഭാവസവിശേഷതകൾ അനൗപചാരികമായി നിരീക്ഷിക്കുകയും പോക്കറ്റിൽ സൂക്ഷിക്കുന്ന രേഖയിൽ തത്സമയം കുറിച്ചിടുകയും (Anecdotal Records) ക്ലാസുകയറ്റം നടത്തുന്ന സന്ദർഭത്തിൽ നീരീക്ഷണങ്ങളെ ആസ്പദമാക്കിയ വിലയിരുത്തലിലൂടെ (Qualitative Assessment) ഉറക്കെ ക്ലാസിൽ വായിച്ച് തീരുമാനം അറിയിക്കുകയും ചെയ്തിരുന്നു. ഈ രേഖയെ 'തലയിലെഴുത്ത പുസ്തകം' എന്ന കളിയായി വിളിച്ചതിനെ കുറിച്ച് എം. രാജരാജവർമ്മയുടെ ജീവചരിത്രത്തിൽ കാണാം.[1]

1920-കളിൽത്തന്നെ എം.എ. പഠനത്തിന്റെ ഭാഗമായി ഡിസർട്ടേഷൻ ഉണ്ടായിരുന്നു. 240 മാർക്കും നല്കിയിരുന്നു. ആകെ മാർക്കിന്റെ (1400) 17% വരുമിത്. എ.ആർ രാജരാജവർമ്മ സംസ്കൃത എം.എ.യ്ക്ക് ഡിസർട്ടേഷൻ സമർപ്പിച്ചിരുന്നു. എ.ആർ രാജരാജവർമ്മ സർവ്വകലാശാലകോളേജിലും സംസ്കൃത കോളേജിലും ജോലി ചെയ്തുകൊണ്ടിരുന്നപ്പോൾ സാഹിത്യക്ലബ്ബ് ആയ മലയാളസമാജത്തെയും ഭാരതസമാജത്തെയും അനൗപചാരികമായി വിദ്യാർത്ഥികളെ വിലയിരുത്താനും പ്രോത്സാഹിപ്പിക്കാനുമുള്ള ഉപാധിയായി ഉപയോഗപ്പെടുത്തിയിരുന്നു. ഇതിലൂടെ തിരിച്ചറിയുന്ന മിടുക്കരായ വിദ്യാർത്ഥികൾക്ക് മലയാളസമാജത്തിന്റെ നേതൃസ്ഥാനവും അന്നത്തെ പണ്ഡിതർ

പങ്കെടുക്കുന്നതും അല്ലാത്തതുമായ സെമിനാറുകളിൽ പ്രബന്ധം അവതരിപ്പിക്കാനുള്ള അവസരവും നല്കിയിരുന്നു. ഇവയെല്ലാം മാർക്കുകളായി സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്താത്ത പഠനപ്രവർത്തനങ്ങളായിരുന്നു. 1972-ൽ ആദ്യമായി കോഴിക്കോട് സർവ്വകലാശാലയാണ് 50 മാർക്കിന്റെ ലൈബ്രറി റെക്കോർഡും 150 മാർക്കിന്റെ ഡിസർട്ടേഷനും കൊണ്ടുവന്ന് സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുന്ന രീതിയിൽ നിരന്തര വിലയിരുത്തലിന് എം.എ. മലയാള പാഠ്യപദ്ധതിയിൽ സ്ഥാനം കൊടുക്കുന്നത്. 1920-കളിൽ മദ്രാസ് സർവ്വകലാശാലയിൽ ഉണ്ടായിരുന്ന ഡിസർട്ടേഷൻ എം.എ. മലയാള ഐച്ഛികം തുടങ്ങിയ 1935നു ശേഷം ദീർഘകാലം പാഠ്യപദ്ധതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടു. 1992-2000 കാലയളവിൽ കോഴിക്കോട് സർവ്വകലാശാല ഡിസർട്ടേഷൻ പാഠ്യപദ്ധതിയിൽ നിന്ന് ഒഴിവാക്കി. പിന്നീട് 2001 ലാണ് കാലിക്കറ്റ് ഡിസർട്ടേഷൻ പാഠ്യപദ്ധതിയിൽ പുനഃസ്ഥാപിക്കുന്നത്. 2003 മുതൽ കേരള സർവ്വകലാശാലയിലും ഡിസർട്ടേഷൻ പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നു. 2012 വരെയുള്ള അലിഗഢ് സർവ്വകലാശാലയുടെ പാഠ്യപദ്ധതിയിലും ഡിസർട്ടേഷൻ കാണുന്നില്ല. 2001 വരെ എം.ജി.യിലും ഇല്ല. 2001-2009 കാലയളവിൽ കണ്ണൂർ സർവ്വകലാശാല ഡിസർട്ടേഷൻ അല്ലെങ്കിൽ സർഗ്ഗാത്മകരചന എന്ന നിലയിൽ സർഗ്ഗാത്മക കഴിവുകളെ അക്കാദമികമായി അംഗീകരിച്ചത് ശ്രദ്ധേയമായ പരിഷ്കാരമായിരുന്നു. എന്നാൽ 2013 മുതൽ പാഠ്യപദ്ധതിയിൽനിന്ന് സർഗ്ഗാത്മകത പുറത്തായി ഡിസർട്ടേഷൻ മാത്രമായി ചുരുങ്ങി. ഇന്ന് പത്തു സർവ്വകലാശാലകളിലും ഡിസർട്ടേഷന് എം.എ. മലയാള പാഠ്യപദ്ധതിയിൽ സ്ഥാനമുണ്ട്. സ്വയംപഠനം, അന്വേഷണാത്മകത, ഗവേഷണതാല്പര്യം വളർത്തൽ, ഗവേഷണത്തിന്റെ രീതിശാസ്ത്രം പരിചയപ്പെടൽ, പ്രായോഗികാനുഭവം നേടൽ, ഉയർന്ന ചിന്താപ്രക്രിയക്ക് അവസരം ലഭിക്കൽ, വിമർശനാത്മകത, വിവിധ മത്സരപരീക്ഷകളിൽ നേട്ടം കൈവരിക്കൽ, ഫെല്ലോഷിപ്പുകൾ (UGC-JRF) നേടുന്നതിനുള്ള ധാരണകൾ രൂപപ്പെടൽ എന്നിങ്ങനെ വിവിധ ഉദ്ദേശ്യങ്ങൾ നേടാൻ എം.എ. മലയാളപഠനത്തിന്റെ പാഠ്യപദ്ധതിയിൽ ഡിസർട്ടേഷന് സ്ഥാനമുണ്ട്. ബിരുദ പാഠ്യപദ്ധതിയിൽ വിദൂരവിദ്യാഭ്യാസ പദ്ധതിയിൽ ചേർന്ന വിദ്യാർത്ഥിക്കടക്കം U.G.C. പ്രോജക്ട് നിർബന്ധമാക്കിയ സാഹചര്യത്തിൽ അതിന്റെ തുടർച്ചയും വളർച്ചയും എന്ന നിലയിലും ഉയർന്നശേഷി എന്ന നിലയിലും എം.എ. യിൽ ഡിസർട്ടേഷൻ നിലനിർത്തേണ്ടതുണ്ട്. ഗവേഷണരീതിശാസ്ത്രം കോഴ്സായി പാഠ്യപദ്ധതിയിൽ വരുമ്പോഴാണ് അല്ലെങ്കിൽ ഗവേഷണത്തിന്റെ സൈദ്ധാന്തിക അടിത്തറ പഠിക്കുമ്പോഴാണ് ഉയർന്ന നിലവാരത്തിൽ രീതിശാസ്ത്ര കൃത്യതയോടെ പ്രബന്ധങ്ങൾ തയ്യാറാക്കാനാവുക. അതിനാൽ ഈ വിഷയം കോർ പേപ്പറായി നിലനില്ക്കേണ്ടതാണ്. എന്നാൽ നിലവിൽ ഗവേഷണത്തിന്റെ രീതിശാസ്ത്രം മദ്രാസ്, കാലിക്കറ്റ്, എം.ജി, കാലടി, അലിഗഢ് എന്നീ സർവ്വകലാശാലകളിൽ കോഴ്സ് അഥവാ കോർ/ഇലക്റ്റീവ് പേപ്പറായി വരുന്നില്ല. 2010-ൽ കാലിക്കറ്റിൽ കോർ പേപ്പറായിരുന്നെങ്കിലും 2014-ൽ

ഉപേക്ഷിച്ചത് പിന്നോട്ടുപോക്കായി. കണ്ണൂർ, സെൻട്രൽ, മലയാളം, മധുര സർവ്വകലാശാലകൾക്ക് കോഴ്സ് അല്ലെങ്കിൽ കോർ പേപ്പർ ആണ് ഡിസർട്ടേഷൻ.

ലൈബ്രറി റിക്കോർഡ്, ബുക്ക് റിവ്യു, സെമിനാർ, ടെസ്റ്റ് പേപ്പർ, സെഷണൽ ടെസ്റ്റ്, അസൈൻമെന്റ്, ഹാജർ എന്നിവയാണ് നിലവിൽ വിവിധ സർവ്വകലാശാലകൾ നിരന്തര വിലയിരുത്തലിന് പരിഗണിക്കുന്ന മേഖലകൾ. 1972-ൽ ലൈബ്രറി റെക്കോർഡിന് 50 മാർക്ക് നല്കിക്കൊണ്ട് കാലിക്കറ്റ് സർവ്വകലാശാലയാണ് നിരന്തരവിലയിരുത്തലിന് ഔപചാരികമായിത്തന്നെ അഥവാ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുന്ന രീതിയിൽ തുടക്കം കുറിച്ചതെങ്കിലും അവർ അത് അധികകാലം തുടർന്നില്ല. 1975ൽ കേരളയും ലൈബ്രറി റിക്കോർഡ് നടപ്പാക്കിയെങ്കിലും രണ്ടാം വർഷത്തിനപ്പുറം പോയില്ല (2014 മുതൽ ബുക്ക് റിവ്യു രണ്ടു ക്രെഡിറ്റോടെ നിലനില്ക്കുന്നു). സെമസ്റ്റർ സംവിധാനത്തിലേക്കു മാറുന്നതോടെയാണ് മറ്റു മേഖലകളെല്ലാം തന്നെ നിർബന്ധിത മേഖലകളാവുന്നത്. സെമിനാറും ടെസ്റ്റ് പേപ്പറുമാണ് എല്ലാം സർവ്വകലാശാലകളും പൊതുവായി സ്വീകരിച്ചിരിക്കുന്ന മേഖലകൾ. ടെസ്റ്റ് പേപ്പറിനാണ് കൂടുതൽ ക്രെഡിറ്റ്/മാർക്ക്/വെയിറ്റേജ് കൊടുത്തിരിക്കുന്നതും. മൂല്യനിർണ്ണയത്തിലെ വസ്തുനിഷ്ഠത, കൃത്യത, വിശ്വാസ്യത, വൈധത, പ്രായോഗികത എന്നിവയാണ് ടെസ്റ്റ് പേപ്പറിനെ പ്രിയങ്കരമാക്കുന്നത്. ഓരോ സെമസ്റ്ററിലും ഓരോ കോഴ്സിലും ഒന്നു മുതൽ മൂന്നുവരെ ടെസ്റ്റ് പേപ്പറുകൾ നടത്തണമെന്ന് വിവിധ സർവ്വകലാശാലകൾ നിഷ്കർഷിക്കുന്നു. സെമസ്റ്റർ അവസാനം സർവ്വകലാശാല നടത്തുന്ന ബാഹ്യപരീക്ഷയുടെ രൂപത്തിലും സ്വഭാവത്തിലുമാണ് ടെസ്റ്റ് പേപ്പർ നടക്കുന്നത് എന്നതിനാൽ ഒരേ ഉദ്ദേശ്യങ്ങളും ശേഷികളുമാണ് വിലയിരുത്തപ്പെടുന്നത്. ബാഹ്യപരീക്ഷയുടെ അനിവാര്യദുഷ്ടതയെ (neccessary evil) കുറയ്ക്കുക, ബാഹ്യപരീക്ഷയിൽ വിലയിരുത്താൻ കഴിയാത്ത ശേഷികളുടെ മൂല്യനിർണ്ണയത്തിന് അവസരമൊരുക്കുക തുടങ്ങിയ നിരന്തര വിലയിരുത്തലിനെ പ്രസക്തമാക്കുന്ന ഘടകങ്ങൾ പാലിക്കപ്പെടാതെ പോവുകയും മൂല്യനിർണ്ണയത്തെ സമഗ്രമാക്കാൻ സാധിക്കാതെ വരികയും ബഹുമുഖ ബുദ്ധിയുടെ പതിവുഘടകങ്ങൾക്ക് മാത്രം മേൽക്കോയ്മ കിട്ടുന്നതിന്റെ വിവേചനം നിലനില്ക്കുകയും ചെയ്യുന്നു. ടെസ്റ്റ് പേപ്പർ എന്നതിനു പകരം മദ്രാസ്, അലിഗഢ് സർവ്വകലാശാലകൾ പിന്തുടരുന്ന സെഷണൽ ടെസ്റ്റ് എന്ന സങ്കേതം സ്വീകരിക്കുകയാണെങ്കിൽ മേൽ സൂചിപ്പിച്ച കുറവുകൾ പരിഹരിക്കാനാകും. രംഗാവിഷ്കാരങ്ങൾ, ബ്ലോഗുകൾ, പരസ്യം, പത്രം, വാർത്ത, പതിപ്പുകൾ, ചുമർ പത്രങ്ങൾ തുടങ്ങി നിരവധി വ്യവഹാരങ്ങളെ മൂല്യനിർണയത്തിന് പ്രയോജനപ്പെടുത്താനും ബാഹ്യപരീക്ഷാബാഹ്യമായ ശേഷികളെ വിലയിരുത്തി മൂല്യനിർണ്ണയം സമഗ്രമാക്കാനും കഴിയും. നിലവിൽ ഭാഷയുടെ പ്രകടനതലത്തെ വിലയിരുത്താനുള്ള ശക്തമായ ഉപാധി എന്ന നിലയിൽ സെമിനാറുകളുടെ അക്കാദമിക പ്രാധാന്യം ഏറെയാണ്. സ്വയം പഠനം, അന്വേഷണം, സംവാദശേഷി, അവതരണ നൈപുണീവികാസം, വിമർശനാത്മകചിന്ത,

അപഗ്രഥനശേഷി എന്നിങ്ങനെ പ്രോഗ്രാം ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാനുള്ള മാർഗ്ഗമാണിത്. കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലക്ക് സെമിനാർ കോഴ്സാണ്. പഠിതാവിനെ വൈജ്ഞാനികമായും വൈകാരികമായും ധൈഷണികമായും പരിവർത്തിപ്പിക്കാനുള്ള ശക്തമായ ഉപാധി എന്ന നിലയിൽ സെമിനാറിനെ പ്രയോജനപ്പെടുത്താൻ സർവ്വകലാശാലക്ക് സാധിക്കുന്നുണ്ട്. മറ്റുപല സർവ്വകലാശാലകളിലും അഫിലിയേറ്റഡ് കോളേജുകളിലും അത്ര തൃപ്തികരമായല്ല നടക്കുന്നത്. ഹാജർ നിരന്തര വിലയിരുത്തലിന്റെ ഭാഗമായി വരുന്നത് പുരോഗമനപരമായി കാണാൻ കഴിയില്ല കാരണം അതിലൂടെ എം.എ. മലയാള പ്രോഗ്രാമിന്റെ ഏതെങ്കിലും ഉദ്ദേശ്യലക്ഷ്യങ്ങൾ സാക്ഷാത്കരിക്കപ്പെടുന്നില്ല എന്നതുതന്നെ. കേവലമായ ശരീരസാന്നിദ്ധ്യം ഒരു മികവായി എണ്ണാൻ കഴിയില്ല. കുട്ടിയുടെ അക്കാദമികമായ ഇടപെടലുകളാണ് വിലയിരുത്തപ്പെടേണ്ടത്. അവയ്ക്ക മാത്രമേ ഫീഡ്ബാക്കുകൾ നല്കി മികവിലേക്കു നയിക്കാൻ സാധിക്കൂ. അതുകൊണ്ടുതന്നെയാകാം മദ്രാസ്, കേരള, അലിഗഢ്, മധുര കാമരാജ്, കണ്ണൂർ, കാലടി ശ്രീശങ്കരാചാര്യ തുടങ്ങിയ സർവ്വകലാശാലകൾ ഈ മേഖലയെ സ്വീകരിക്കാതിരുന്നത്. എം.ജി, കോഴിക്കോട്, മലയാളം, കേന്ദ്ര എന്നീ സർവ്വകലാശാലകൾകളിലാണ് ഹാജർ നിലനില്ക്കുന്നത്. ക്ലാസ്മുറികളാണ് പഠനത്തിന്റെ സാകല്യമെന്നും അദ്ധ്യാപകനാണ് അതിന്റെ കേന്ദ്രമെന്നും കരുതുന്ന, ക്ലാസ്മുറിയിലെ പഠിതാവിന്റെ അഭാവം അച്ചടക്കലംഘനമായി വ്യാഖ്യാനിക്കുന്ന ചിന്താരീതിയുടെ ഉല്പന്നമാണ് ഹാജറിന്റെ അമിത പ്രാധാന്യം. ലൈബ്രറിയും സംവാദങ്ങളും സെമിനാറുകളും ചർച്ചകളും ഇന്റർനെറ്റും Inflipnet-ഉം മെല്ലാം ജ്ഞാനാർജനത്തിന്റെ സാദ്ധ്യതകളാകുമ്പോൾ തന്റെ പഠനസമയത്തെ യുക്തിപൂർവ്വം തെരഞ്ഞെടുക്കാനും അല്ലാത്തവ തിരസ്കരിക്കാനുമുള്ള സ്വാതന്ത്ര്യം ഉന്നത വിദ്യാഭ്യാസ മേഖലയിലെ സ്വയംപഠനശേഷിയുള്ള മുതിർന്ന വിദ്യാർത്ഥിക്കു കിട്ടേണ്ടതുണ്ട്. അഥവാ ക്ലാസ് മുറിക്കോ ക്യാമ്പസിനോ പുറത്ത് പങ്കെടുക്കുന്ന അക്കാദമിക വ്യവഹാരങ്ങളെ ഹാജർ നല്കി പരിഗണിക്കുന്നതിലേക്ക് ഉന്നതവിദ്യാഭ്യാസ മേഖല വികസിക്കേണ്ടതുണ്ട്.

ഫീഡ്ബാക്കുകൾ കിട്ടി പഠനത്തിന് പൂരകമാകുന്ന വിധത്തിലല്ല ഇന്ന് അസൈൻമെന്റുകൾ ക്ലാസ്മുറിയിൽ നടപ്പാക്കുന്നത്. ക്ലാസിൽ പൊതുവായോ ഗ്രൂപ്പിനോ അല്ലെങ്കിൽ വ്യക്തിപരമായോ വിഷയങ്ങൾ കൊടുക്കുന്നു, പൂർത്തിയാക്കാൻ സമയം അനുവദിക്കുന്നു, സമാഹരിക്കുന്നു. മൂല്യനിർണ്ണയം ചെയ്ത് ഗ്രേഡ് രേഖപ്പെടുത്തുന്നു. വിദ്യാർത്ഥികളെ അറിയിക്കുന്നു. കൃത്യമായി വിലയിരുത്താതെ കുട്ടിയെ മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഉയർന്നഗ്രേഡുകൾ നല്കി അവസാനിപ്പിക്കുകയാണ് മിക്ക അദ്ധ്യാപകരും ചെയ്യുന്നത്. പല സർവ്വകലാശാലകൾക്കും വിലയിരുത്തൽ വസ്തുനിഷ്ഠവും കൃത്യവുമാക്കാൻ സഹായകമായ വിശദമായ റൂബ്രിക്കുകൾ ഇല്ല. എം.ജി, കാലിക്കറ്റ് തുടങ്ങിയ സർവ്വകലാശാലകൾ പാഠ്യപദ്ധതിയോടൊപ്പം ചില സൂചകങ്ങൾ നല്കിയിട്ടുണ്ട്. കാലടി ശ്രീശങ്കരചാര്യയിൽ വളരെ വിശദമായിട്ടല്ലെങ്കിലും റൂബ്രിക്കുകൾ ഉപയോഗിക്കുന്നുണ്ട്.

1975 വരെയുള്ള മദ്രാസ് സർവ്വകലാശാലയുടെ പാഠ്യപദ്ധതിയിൽ വൈവ കാണാത്തതുകൊണ്ടും 1960-കൾ മുതലുള്ള കേരള സർവ്വകലാശാലയിൽ വൈവയ്ക്ക് 50 മാർക്ക് നിർദ്ദേശിച്ചു കാണുന്നതിനാലും കേരള സർവ്വകലാശാലയാണ് ആദ്യമായി വൈവയ്ക്ക് എം.എ. മലയാള പാഠ്യപദ്ധതിയിൽ സ്ഥാനം കൊടുത്തതെന്ന് പറയാം. 2003 മുതൽ കേരള 100-ലേക്ക് മാർക്ക് ഇരട്ടിയാക്കുന്നുമുണ്ട്. കാലിക്കറ്റിലും ആരംഭകാലം മുതൽക്കേ വൈവ 50 മാർക്കിന് ഉൾപ്പെടുത്തിയിരുന്നു. 1992-ൽ ഒന്നും രണ്ടും വർഷത്തേക്ക് വ്യാപിപ്പിച്ച് മാർക്ക് 50, 75 എന്നിങ്ങനെ 125 മാർക്കായി കാലിക്കറ്റ് വർദ്ധിപ്പിക്കുന്നുമുണ്ട്. എന്നാൽ 1997 മുതൽ 2000 വരെ വൈവ ഒഴിവാക്കി ഭാഷ, സാഹിത്യം, സംസ്കാരം എന്ന പേരിൽ വസ്തുനിഷ്ഠ മാതൃകയിൽ പരീക്ഷ ഏർപ്പെടുത്തുന്ന പിന്തിരിപ്പൻ പരിഷ്കാരത്തിലേക്ക് സർവ്വകലാശാല മാറുന്നുണ്ട്. 2007-ലാണ് പിന്നീട് വൈവ പുന:സ്ഥാപിക്കുന്നത്.

അലിഗഢിൽ 2012-ൽ പ്രീവിയസ്, ഫൈനൽ വർഷങ്ങളിൽ 50, 50 മാർക്കിന് വൈവയുണ്ടായിരുന്നു. കണ്ണൂരിലും എം.ജിയിലും വൈവയ്ക്ക് അകം, പുറം പരീക്ഷകൾ ഉണ്ട്. ഇന്ന് എല്ലാ സർവ്വകലാശാലകളുടെയും എം.എ. മലയാള പാഠ്യപദ്ധതിയിൽ വൈവയുണ്ട്. ഭാഷയുടെ പ്രകടനതലം, ആത്മവിശ്വാസത്തോടെ സദസ്സിനെ അഭിമുഖീകരിക്കാനുള്ള ശേഷി, പാഠ്യവസ്തുവിന്റെ സ്വാംശീകരണത്തിന്റെ തോത്, ഡിസർട്ടേഷനിലെ മൗലികത, ഗവേഷണാഭിരുചികൾ, സാഹിത്യതാല്പര്യം, സർഗ്ഗാത്മകത എന്നിവ വിലയിരുത്താനും മാനകീകരിക്കാനുമുള്ള ഉപാധി എന്നനിലയിലും അകം-പുറം വാചികപരീക്ഷകൾക്ക് അക്കാദമിക പ്രാധാന്യമുണ്ട്.

മലയാളം സർവ്വകലാശാലയുടെ പരീക്ഷാരീതിയിൽ കാണുന്ന പ്രത്യേകത 20% നിരന്തര വിലയിരുത്തലിനും 60% സെമസ്റ്റർ അവസാനപരീക്ഷയ്ക്കും പുറമെ 20% മധ്യ സെമസ്റ്റർ പരീക്ഷയാണ്. സെമസ്റ്റർ സംവിധാനം നേരിടുന്ന പ്രധാനവിമർശനം പരീക്ഷയുടെ മൂല്യനിർണ്ണയക്യാമ്പിന്റെ ആധിക്യം വഴിയുണ്ടാകുന്ന അധ്യയനദിവസങ്ങളുടെ നഷ്ടമാണ്. മധ്യസെമസ്റ്റർ പരീക്ഷ കൂടിയാകുമ്പോൾ പഠനകാലം, പരീക്ഷാകാലം മാത്രമായി മാറുന്നു. പരീക്ഷയ്ക്ക് നല്കുന്ന, അതും എഴുത്തുപരീക്ഷയ്ക്ക് നല്കുന്ന അമിത പ്രാധാന്യം മൂല്യനിർണ്ണയ സംവിധാനത്തിലെ അശാസ്ത്രീയതയും പരിമിതിയുമാണ്. ആധുനിക പഠന രീതിശാസ്ത്രം നിരന്തര വിലയിരുത്തലിന്റെ രീതികളെയും മാർഗ്ഗങ്ങളെയും പിൻപറ്റിക്കൊണ്ട് മൂല്യനിർണ്ണയത്തെ സമഗ്രമാക്കാനാണ് ശ്രമിക്കുന്നത്. മധ്യസെമസ്റ്റർ പരീക്ഷയുടെ പാഠഭാഗങ്ങൾ സെമസ്റ്റർഅന്ത്യപരീക്ഷയിലും ഉണ്ടാകുമെന്നത് ഈ മൂല്യനിർണ്ണയരീതിയെ കൂടുതൽ നിരർത്ഥകമാക്കുന്നു.

യുക്തിക്കുനിരക്കാത്ത ഗ്രേഡിംഗ് രീതിയാണ് സർവ്വകലാശാല പിന്തുടരുന്നത്. AB മുതൽ O വരെ Nine point സ്കെയിലാണ് പട്ടികപ്പെടുത്തി നല്കിയിരിക്കുന്നത്. A+ ന് 9 പോയിന്റും O ഗ്രേഡിന് 10 പോയിന്റുമാണ് ഇവയുടെ മാർക്ക് A+ ന്റേത് 90-99% ആണ്

O ഗ്രേഡിന് 100% വും. ഇവ തമ്മിലുള്ള അതിസൂക്ഷ്മമായ വ്യത്യാസം 0.1% ഉം, ഒരു ശതമാനത്തിന്റെ പത്തിലൊന്നു മാത്രം അന്തരമുള്ള വിചിത്രമായ ഗ്രേഡിംഗ്. മാർക്കു നല്കുമ്പോൾ വരുന്ന വലുപ്പ ചെറുപ്പങ്ങളെ കുറയ്ക്കാൻ വേണ്ടി കൊണ്ടുവന്ന ഗ്രേഡിംഗ് രീതിക്ക് അതിന്റെ സത്തയ്ക്ക് നിരക്കാത്ത ഗ്രേഡ്. 6 മുതൽ A+ വരെ ഗ്രേഡുകൾക്ക് 10% അന്തരം നിലനില്ക്കെയാണ് 'O' എന്ന വിചിത്ര ഗ്രേഡ്. Ab എന്ന ഗ്രേഡ് Absent ആണത്രേ. മൂല്യനിർണ്ണയ സ്കെയിലിൽ absent ഗ്രേഡായി ഉൾപ്പെടുന്ന വിചിത്രമാതൃക അഥവാ അബദ്ധം.

12.2.11. സെമസ്റ്റർ നോൺസെമസ്റ്റർ പരീക്ഷാഫലം താരതമ്യം

എം. എ മലയാള ബിരുദാനന്തര ബിരുദ പഠനത്തിന്റെ ഘടനയിലും മൂല്യനിർണയ രീതിയിലും സമൂലപരിവർത്തനങ്ങൾ വന്ന രണ്ടായിരത്തിനുശേഷമുള്ള കാലഘട്ടത്തിലെ പഠനഫലത്തെ നോൺസെമസ്റ്റർ സംവിധാനത്തിലെ പഠനഫലവുമായി താരതമ്യം ചെയ്ത് നിഗമനങ്ങൾ രൂപപ്പെടുത്താനാണ് ഈ ഭാഗത്തു ശ്രമിക്കുന്നത്. കാലടി, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെയും തിരുവനന്തപുരം, കേരള സർവ്വകലാശാലയുടെയും പഠനഫലങ്ങളാണ് ഇതിനായി സ്വീകരിച്ചിരിക്കുന്നത്.

പട്ടിക 50
കേരളസർവ്വകലാശാല - വിദൂരവിദ്യഭ്യാസം എം.എ. പരീക്ഷാഫലം

വർഷം	രജിസ്റ്റർ ചെയ്തവർ	പരീക്ഷ എഴുതിയവർ	യോഗ്യത നേടിയവർ	ശതമാനം
2012	402(76%)	305	207	68.0
2013	360(69%)	250	202	80.8
2014	283(96%)	272	192	70.6
2015	286 (85%)	242	169	69.8
2016	360(80%)	288	203	70.5
Total	1691(80%)	1357	973	72%

2012-മായി താരതമ്യംചെയ്യുമ്പോൾ 2016ൽ വിദൂരവിദ്യഭ്യാസം വഴിയുള്ള എം. എ പഠനത്തിൽ 10% കുറവുകാണുന്നുണ്ട്. 2013 - ലാണ് മികച്ച വിജയ ശതമാനം 81 ശതമാനത്തോളം ഇതരവർഷങ്ങളിൽ വലിയ വ്യത്യാസമില്ലാതെ 68 - 71 ശതമാനത്തിൽ നില്ക്കുന്നു. 2014 ലാണ് രജിസ്റ്റർ ചെയ്തതിൽ കേവലം 11 പേരൊഴികെ എല്ലാവരും പരീക്ഷ എഴുതിയ വർഷം. 4% മുതൽ 31% വരെ പേർ വിവിധ വർഷങ്ങളിൽ പരീക്ഷയെഴുതാതെ വിട്ടുനില്ക്കുന്നുണ്ട്. ശരാശരി 20% പേർ പരീക്ഷയെഴുതുന്നില്ല. 72 ശതമാനമാണ് പരീക്ഷ യെഴുതിയവരിലെ ശരാശരി വിജയശതമാനം

പട്ടിക 51
കേരളസർവ്വകലാശാല സെമസ്റ്റർ, നോൺ സെമസ്റ്റർ എം.എ. - പരീക്ഷാഫലം താരതമ്യം

വർഷം	പഠനരീതി	പഠനഫലം
2002	നോൺ സെമസ്റ്റർ കോളേജ് വിഭാഗം	76.6%
2013 - 2017	സെമസ്റ്റർ കോളേജ് വിഭാഗം	96%

ഏകദേശം 20% മാർക്ക് അധികം നേടാൻ സെമസ്റ്റർ സംവിധാനവും അതുവഴിയുള്ള ഗ്രേഡിംഗ് രീതിയിലുള്ള ഇന്റേണൽ എക്സ്റ്റേണൽ മൂല്യനിർണയരീതിയും വഴിയൊരുക്കുന്നതായി ദത്തങ്ങൾ വ്യക്തമാക്കുന്നു.

പട്ടിക 52
2002 - ലെ കേരള സർവ്വകലാശാലയുടെ നോൺ സെമസ്റ്റർ എം.എ. പഠനസംവിധാനങ്ങളും പരീക്ഷാഫലവും

ക്രമ നമ്പർ	പഠനരീതി	പരീക്ഷ എഴുതിയവർ	വിജയിച്ചവർ	വിജയ ശതമാനം
1	കോളേജ് വിഭാഗം	205	157	76.6
2	പ്രൈവറ്റ് സ്റ്റഡി	447	279	62.4
3	വിദൂരവിദ്യഭ്യാസം	178	89	50.0

കോളേജ് പഠനം തെരഞ്ഞെടുക്കുന്നവരിൽ കൂടുതൽപേർ യോഗ്യത നേടുന്നുണ്ടെങ്കിലും വിദൂരവിദ്യഭ്യാസത്തേക്കാൾ പ്രൈവറ്റ് സ്റ്റഡിയിൽ കൂടുതൽ വിജയശതമാനം ഉണ്ടാകുന്നതിലെ വൈരുദ്ധ്യം വിശകലനം ചെയ്യേണ്ടതുണ്ട്. കോൺടാക്ട് ക്ലാസുകൾ, പഠനപുസ്തകങ്ങൾ അഥവാ പഠനസാമഗ്രികൾ തുടങ്ങിയ പിന്തുണാ സംവിധാനങ്ങൾ ഉണ്ടായിട്ടും പ്രൈവറ്റിനേക്കാൾ ഏകദേശം മൂന്നിലൊന്ന് കുട്ടികളുടെ മാത്രം കുറഞ്ഞ ഉത്തരവാദിത്തമെന്ന ഗുണം ഉണ്ടായിട്ടും അത് പരീക്ഷാഫലത്തിൽ പ്രതിഫലിക്കാത്തത് ഈ സംവിധാനത്തിന്റെ നടത്തിപ്പിലെ നിലവാരമില്ലായ്മയെയാണ് പ്രകടിപ്പിക്കുന്നത്. നിലവാരമില്ലാത്ത പഠനസാമഗ്രികളും കാര്യക്ഷമമല്ലാത്ത ക്ലാസുകളും ഇവിടെ ഗുണത്തേക്കാളേറെ ദോഷങ്ങളാണ് ഉണ്ടാക്കുന്നത്.

പട്ടിക 53

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല

നോൺ സെമസ്റ്റർ എം.എ. പരീക്ഷാഫലം -2004

വർഷം	പരീക്ഷ എഴുതിയവർ	വിജയിച്ചവർ	ശതമാനം
2004	58	55	95%

പട്ടിക 54

എം.എ. സെമസ്റ്റർ പരീക്ഷാഫലം (കാലടി)

വർഷം	പരീക്ഷ എഴുതിയവർ	വിജയിച്ചവർ	ശതമാനം
2013 - 2017	670	664	99%

കാലടി ശ്രീശങ്കരാചാര്യ സംസ്കൃതസർവ്വകലാശാലയെ സംബന്ധിച്ചിടത്തോളം കേവലം 4%-ത്തിന്റെ വർധനമാത്രമേ നോൺസെമസ്റ്ററിൽനിന്ന് സെമസ്റ്ററിലേക്കെത്തുമ്പോൾ കാണാനുള്ളൂ.

എം.എ. മലയാളം പ്രോഗ്രാം

1 - കണ്ണൂർ സർവ്വകലാശാല

പട്ടിക 55

മലയാള പഠനവിഭാഗം എം.എ. പരീക്ഷാഫലം

അക്കാദമിക് വർഷം	ആകെ വിദ്യാർത്ഥികൾ	വിജയിച്ചവർ	ശതമാനം
2010 - 12	25	25	100
2011 - 13	28	28	100
2012 - 14	30	30	100
2013 - 16	24	23	96
2014 - 17	33	33	100
ആകെ	140	139	99.3

2. മലയാളം സർവ്വകലാശാല

പട്ടിക 56

1. സാഹിത്യ പഠനം എം.എ. പരീക്ഷാഫലം

വർഷം	പരീക്ഷ എഴുതിയവർ	വിജയിച്ചവർ	ശതമാനം
2015	19	19	100
2016	20	20	100
2017	14	14	100

പട്ടിക 57

2. സാഹിത്യരചന എം.എ. പരീക്ഷാഫലം

വർഷം	പരീക്ഷ എഴുതിയവർ	വിജയിച്ചവർ	ശതമാനം
2015	18	18	100
2016	9	9	100
2017	13	13	100

3 - ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല കാലടി

പട്ടിക 58

എം.എ. പരീക്ഷാഫലം

വർഷം	പരീക്ഷ എഴുതിയവർ	വിജയിച്ചവർ	ശതമാനം
2013	114	113	99.1
2014	136	136	100
2015	136	134	98.5
2016	137	136	99.3
2017	147	145	98.6
നോൺ സെമസ്റ്റർ			
2004	58	55	94.8

പട്ടിക 59
കേരള സർവ്വകലാശാലയുടെ 2012 - 2016
വർഷങ്ങളിലെ പരീക്ഷാ ഫലം - വിദൂര വിദ്യഭ്യാസം (എം.എ.)

വർഷം	രജിസ്റ്റർ ചെയ്തവർ	പരീക്ഷ എഴുതിയവർ	വിജയിച്ചവർ	ശതമാനം
2016	360	288	203	70.48
2015	286	242	169	69.83
2014	283	272	192	70.58
2013	360	250	202	80.8
2012	402	305	207	68

പട്ടിക 60
കേന്ദ്ര സർവ്വകലാശാല-എം.എ. പരീക്ഷാഫലം

വർഷം	പഠനരീതി	പരീക്ഷ എഴുതിയവർ	വിജയിച്ചവർ	ശതമാനം
2015 - 17	സർവ്വകലാശാല പഠനവിഭാഗം	25	25	100

12.2.12. അഫിലിയേറ്റഡ് കോളേജുകളിലെ പരീക്ഷാഫലം വിശകലനം

12.2.12.1. കണ്ണൂർ സർവ്വകലാശാല

കണ്ണൂർ സർവ്വകലാശാലയ്ക്കു കീഴിൽ എം.എ. മലയാളം പഠനസൗകര്യമുള്ളത് ഒരേ ഒരു കോളേജിലാണ്. ഗവ. ബ്രണ്ണൻ കോളേജിൽ മാത്രം. കണ്ണൂർ സർവ്വകലശാലയ്ക്കു കീഴിലെ വയനാട് ജില്ലയാണ് കേരളത്തിൽ മാതൃഭാഷാപഠനത്തിന് ഉന്നത വിദ്യാഭ്യാസസൗകര്യമില്ലാത്ത ഒരേയൊരു ജില്ലയെന്നതും വിദ്യാഭ്യാസകേരളത്തിന് ഭ്രഷണമല്ല. ഇവിടെ 12 സീറ്റാണുള്ളത്. താല്ക്കാലികമായി 20 സീറ്റുവരെ വർദ്ധിപ്പിക്കാറുണ്ട്.

പട്ടിക 61
കണ്ണൂർ സർവ്വകലാശാലയിലെ സർക്കാർ കോളേജിലെ പരീക്ഷാഫലം

ഗവ.ബ്രണ്ണൻ കോളേജ് തലശ്ശേരി						
വർഷം	ചേർന്നത്	പരീക്ഷ എഴുതിയത്	യോഗ്യത നേടിയവർ	യോഗ്യത നേടാത്തവർ		
				SC/ST	മറ്റുള്ളവർ	പിന്നാ ക്കം
2013-14		18	17			
2014-15		18	18			
2015-16		19	15			
2016-17		20	15			
ശരാശരി		19	16			

അവസാന നാലുവർഷത്തെ ശരാശരി വിജയശതമാനം 86.6 ആണ്.

12.2.12.2. കാലിക്കറ്റ് സർവ്വകലാശാല

12.2.12.2.1. സർക്കാർ കോളേജുകൾ

കാലിക്കറ്റ് സർവ്വകലാശാലയിലെ നാലു സർക്കാർ കോളേജുകളും മികച്ച പഠനഫലം ഉറപ്പുവരുത്തുന്നു. അതിൽത്തന്നെ പൂല്പറ്റ്, കെ.കെ.ടി.എം. ഗവ. കോളേജ് ആരും കൊഴിഞ്ഞുപോയിട്ടില്ലാത്ത 2018 വരെ 100% വിജയം കൈവരിച്ച കോളേജാണ്. കോഴിക്കോട് ആർട്സ് കോളേജിലും, തിരൂർ തുഞ്ചൻ മെമ്മോറിയൽ കോളേജിലും 100% റിസൽറ്റുണ്ട്. പക്ഷേ 12% ഉം കൊഴിഞ്ഞുപോക്ക് നിലനില്ക്കുന്നു. പട്ടാമ്പി ഗവ. കോളേജിലെ വിജയശതമാനം 97% ആണ്. കൊഴിഞ്ഞുപോക്ക് 1% വും. യോഗ്യത നേടാത്തവരിൽ മുന്നിൽ രണ്ടു പേർ എസ്.സി. വിഭാഗത്തിൽപ്പെടുന്ന കുട്ടികളാണ്.

12.2.12.2.2. സർക്കാർ ഇതരകോളേജുകൾ

വിമല കോളേജ് തൃശ്ശൂർ, സെന്റ് ജോസഫ് കോളേജ് ഇരിങ്ങാലക്കുട, കേരളവർമ്മ കോളേജ് തൃശ്ശൂർ എന്നിവയെല്ലാം തന്നെ കൊഴിഞ്ഞുപോക്കില്ലാത്തതും 100% വിജയം നിലനിർത്തുന്നതുമായ കോളേജുകളാണ്. മലബാർ ക്രിസ്ത്യൻ കോളേജ്, കോഴിക്കോടിൽ 2012-13ൽ ഒരു കുട്ടി പരാജയപ്പെട്ടിട്ടുണ്ട്. ശേഷം വർഷങ്ങളിൽ 100% വിജയം നിലനിർത്തുന്നു. ദേവഗിരി സെന്റ് ജോസഫ് കോളേജിൽ 99% വിജയവും 27.5% കൊഴിഞ്ഞുപോക്കുമുണ്ട്. ഉയർന്ന തോതിൽ കൊഴിഞ്ഞുപോക്ക് ഇവിടെ മാത്രം അനുഭവപ്പെടുന്നതെന്തുകൊണ്ടാണെന്ന് തിരിച്ചറിയേണ്ടതുണ്ട്. ഗുരുവായൂർ ലിറ്റിൽ ഫ്ലവർ കോളേജിൽ വിജയശതമാനം 95%, കൊഴിഞ്ഞുപോക്ക് 6%വും ആണ്. നാട്ടിക

ശ്രീ നാരായണ കോളേജിൽ 100% റിസൽറ്റും 12% കൊഴിഞ്ഞുപോക്കുമാണ് നിലനില്ക്കുന്നത്. കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജിൽ കൊഴിഞ്ഞുപോക്ക് തീരെയില്ലന്നത് ശ്രദ്ധേയം. പക്ഷേ 91% ആണ് റിസൽറ്റ്.

12.2.12.3. മഹാത്മാഗാന്ധി സർവ്വകലാശാല

12.2.12.3.1. സർക്കാർ കോളേജുകൾ

പട്ടിക 62
മഹാത്മാഗാന്ധി സർവ്വകലാശാലയിലെ
സർക്കാർ കോളേജിലെ എം.എ. പരീക്ഷാഫലം

ഗവൺമന്റ് കോളേജ് കട്ടപ്പന							മഹാരാജാസ് കോളേജ് എറണാകുളം					
വർഷം	ചേർന്നത്	പരീക്ഷ എഴുതിയത്	യോഗ്യത നേടിയവർ	യോഗ്യത നേടാത്തവർ			ചേർന്നത്	പരീക്ഷ എഴുതിയത്	യോഗ്യത നേടിയവർ	യോഗ്യത നേടാത്തവർ		
				SC/ST	OBC	OEC				SC/ST	OBC	OEC
2012-13	11	11	6	1 SC	2 OBC	1 OEC	11	11	6	1	2	1
2013-14	11	11	9	1 SC		1 OEC	11	11	9	1		1
2014-15	12	11	4	1 SC 1 ST	2 OBC		12	11	4	SC 1 ST1	2	
2015-16	11	11	2	I ST	3 OBC	2 OEC	11	11	2	1	3	2
2016-17	12	12	6	1 SC	3 OBC		12	12	6	1	3	
ശരാശരി	57	56	27	6	10	4	11	11	6	1	2	1

എറണാകുളം മഹാരാജാസ് കോളേജും കട്ടപ്പന ഗവൺമെന്റ് കോളേജുമാണ് എം. ജിയിലെ സർക്കാർ കോളേജുകൾ. മഹാരാജാസിൽ 11% കൊഴിഞ്ഞുപോക്കും 76% റിസൽറ്റുമാണ് നിലനില്ക്കുന്നത്. തോൽക്കുന്നവരിൽ 41% എസ്. സി, എസ്. ടി വിഭാഗത്തിൽപ്പെട്ടവരും 36% മറ്റുപിന്നാക്കവിഭാഗത്തിൽപ്പെട്ടവരുമാണെന്നത് സവിശേഷ ശ്രദ്ധയർഹിക്കുന്ന വസ്തുതയാണ്. പാരമ്പര്യവും പ്രതാപവും വർത്തമാനകാല പഠനനേട്ടങ്ങളിൽ പ്രതിഫലിക്കുന്നില്ലെന്ന വസ്തുതയാണ് പഠനഫലത്തിൽ പ്രകടമാവുന്നത്.

കട്ടപ്പന ഗവൺമെന്റ് കോളേജിൽ വിജയശതമാനം കേവലം 52%-വും കൊഴിഞ്ഞുപോക്ക് 2%-വും ആണ്. തോല്ക്കുന്നവരിൽ 21% എസ്.സി., എസ്. ടി. വിഭാഗവും 48% പിന്നാക്കവിഭാഗത്തിൽപ്പെട്ടവരുമാണെന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

12.2.12.3.2. എം. ജി. സർക്കാർ ഇതരകോളേജുകൾ

എം.ജി.-യിലെ എട്ട് എയ്ഡഡ് കോളേജുകളുടെ റിസൽറ്റ് താരതമ്യം ചെയ്യുമ്പോൾ 43% മുതൽ 88% വരെ വ്യത്യാസം പുലർത്തുന്നതായികാണുന്നു. 100% റിസൽറ്റ് ഒരു കോളേജിലും സാദ്ധ്യമാവുന്നില്ല. ഏറ്റവും കുറഞ്ഞ റിസൽറ്റ് ഉണ്ടായ (43%) മാല്യങ്കര എസ്.എൻ.എം. കോളേജിൽ ഒരു വർഷം മാത്രമേ എം.എ. പഠനം നടന്നിട്ടുള്ളൂ. മുരിക്കാശ്ശേരി പവനാത്മ കോളേജാണ് 88% റിസൽറ്റോടെ മുൻനിരയിൽ നില്ക്കുന്നത്. ഇവിടെ കൊഴിഞ്ഞുപോക്ക് ഒട്ടുംതന്നെയില്ല. ചങ്ങനാശ്ശേരി എൻ.എസ്.എസ്. ഹിന്ദു കോളേജിൽ 78% റിസൽറ്റും 7% കൊഴിഞ്ഞുപോക്കുമാണ്. ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ 77% റിസൽറ്റും 12% കൊഴിഞ്ഞുപോക്കുമാണ്, പാല സെന്റ് തോമസ് കോളേജിലും ആലുവ സെന്റ് സേവ്യർസ് വുമൻ കോളേജിലും 71% റിസൽറ്റും യഥാക്രമം 11%, 1% കൊഴിഞ്ഞുപോക്കുമാണ്, ആലുവ യു.സി കോളേജിൽ 69% റിസൽറ്റും 9% കൊഴിഞ്ഞുപോക്കുമാണ്. കുറവിലങ്ങാട് ദേവമാതാ കോളേജിൽ 59% റിസൽറ്റും 0% കൊഴിഞ്ഞുപോക്കുമാണ്.

യോഗ്യത നേടാത്തവരിൽ പവനാത്മ കോളേജിൽ 40% എസ്. സി/ എസ്. ടി വിഭാഗവും 60% പിന്നാക്കവിഭാഗവുമാണ്. ആലുവ യു.സി കോളേജിൽ 24% എസ്. സി/ എസ്.ടി വിഭാഗവും 76% പിന്നാക്കവിഭാഗവുമാണ്. ചങ്ങനാശ്ശേരി എൻ. എസ്. എസ്. ഹിന്ദു കോളേജിൽ തോൽക്കുന്നവരിൽ 33% എസ്. സി/ എസ്. ടി വിഭാഗവും 17% പിന്നാക്കവിഭാഗവുമാണ്. ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ 43% എസ്. സി/ എസ്. ടി വിഭാഗവും 17% പിന്നാക്കവിഭാഗവുമാണ്. ആലുവ സെന്റ് സേവ്യേഴ്സ് വുമൻസ് കോളേജിൽ തോൽക്കുന്നവരിൽ 50% എസ്. സി/എസ്. ടി. വിഭാഗവും 17% പിന്നാക്ക വിഭാഗവുമാണ്. കുറവിലങ്ങാട് ദേവമാതാ കോളേജിൽ തോൽക്കുന്നവരിൽ 28% എസ്. സി/എസ്. ടി. വിഭാഗവും 55% പിന്നാക്ക വിഭാഗവുമാണ്.

പത്തനംതിട്ട കത്തോലിക്കേറ്റ് കോളേജിൽ കൊഴിഞ്ഞുപോക്ക് 3% വും വിജയശതമാനം 71%-ഉം ആണ്. തോറ്റവരിൽ 33% എസ്. സി/ എസ്. ടിയും 67% പിന്നാക്കവിഭാഗവുമാണ്. മൂവാറ്റുപുഴ നിർമല കോളേജിൽ 69% ആണ് വിജയനില. തോറ്റവരിൽ 24% എസ്. സിയും 76% പിന്നാക്ക വിഭാഗവുമാണ്. തലയോലപ്പറമ്പ് ഡി. ബി. കോളേജിൽ 11% കൊഴിഞ്ഞുപോക്കും 54% വിജയവുമാണ്. തോറ്റവരിൽ മുഴുവൻപേരും പിന്നാക്ക വിഭാഗമാണ്.

എന്തുകൊണ്ട് സർക്കാർ, സർക്കാർ ഇതര കോളേജുകളിൽ ഒരു സ്ഥാപനത്തിനു പോലും നൂറു ശതമാനം വിജയം അവസാന അഞ്ചുവർഷങ്ങളിൽ നേടാനായിട്ടില്ലെന്നത് സവിശേഷപഠനം അർഹിക്കുന്നു.

12.2.12.4. സർവ്വകലാശാലകളിലെ പരീക്ഷാഫലം—വിശകലനം

കേരളത്തിനകത്ത് 7 സർവ്വകലാശാലകളിലും കേരളത്തിനു പുറത്ത് 3 സർവ്വകലാശാലകളിലുമാണ് എം. എ മലയാളപഠനത്തിന് അവസരം. എല്ലായിടത്തുമായി 465 സീറ്റുകൾ ഉണ്ടെങ്കിലും കേരളത്തിനുപുറത്ത് ഒരു വർഷം പരമാവധി 5 പേർ മാത്രമേ പഠിക്കാൻ താല്പര്യപ്പെടുന്നുള്ളൂ. പുറത്തെ സർവ്വകലാശാലകളിൽ കൊഴിഞ്ഞുപോക്കോ തോൽവിയോ ഇല്ല. ചേരുന്ന എല്ലാവരും തന്നെ കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നു. കേരളത്തിലെ സർവ്വകലാശാലകളിൽ അവസാനം രൂപംകൊണ്ട കേന്ദ്ര സർവ്വകലാശാലയിൽ നിന്ന് ഒരു ബാച്ചാണ് 2018 വരെ പുറത്തിറങ്ങിയത്, ചേർന്ന എല്ലാവരുംതന്നെ വിജയകരമായി കോഴ്സ് പൂർത്തിയാക്കിയിരിക്കുന്നു. മലയാളം സർവ്വകലാശാലയിലെ സാഹിത്യപഠനം, സാഹിത്യരചന എന്നീ രണ്ടു കോഴ്സുകളിലും 100% വിജയമുണ്ടെങ്കിലും കൊഴിഞ്ഞുപോക്ക് ചെറിയതോതിൽ ഉണ്ട്. മലയാള പഠനത്തെ അപേക്ഷിച്ച് മലയാള രചനയോട് വിദ്യാർത്ഥികൾ താല്പര്യം പ്രകടിപ്പിക്കുന്നില്ല. സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. പുതിയ കോഴ്സായതിനാൽ തുടർപഠനത്തിനും ജോലിക്കുമുള്ള സാങ്കേതിക തടസ്സങ്ങളാണ് കുട്ടികളെ പിന്തിരിപ്പിക്കുന്നത്. എം.ജി. സർവ്വകലാശാലയിലെ ശരാശരി റിസൽറ്റ് 98% ആണെങ്കിലും 6% കൊഴിഞ്ഞുപോക്കും നിലനില്ക്കുന്നു. കാലിക്കറ്റിൽ ശരാശരി വിജയശതമാനം 100% ഉണ്ടെങ്കിലും 3% കൊഴിഞ്ഞുപോക്കും ഉണ്ട്. കണ്ണൂരിൽ കഴിഞ്ഞ അഞ്ചുവർഷത്തിനിടക്ക് 2014-15ൽ 1 കുട്ടി തോറ്റിട്ടുണ്ട്. ഇവിടെ കൊഴിഞ്ഞുപോക്കില്ലെന്നത് ശ്രദ്ധേയം. അതേസമയം 35 സീറ്റിൽ അഡ്മിഷൻ നടന്നിട്ടുമില്ല. കേരളയിൽ 97% വിജയം ഉണ്ട്. ചെറിയ തോതിൽ (5%) കൊഴിഞ്ഞുപോക്കും ഉണ്ട്. 2017–18-ൽ രണ്ട് എസ്.സി. കുട്ടികൾ തോറ്റിട്ടുണ്ട്. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലക്ക് എട്ടു സ്ഥലങ്ങളിൽ എട്ട് സെന്ററുകൾ ഉള്ളതിനാൽ ആകെ (20 x 9) 180 സീറ്റുകൾ ഉണ്ട്. റിസൽറ്റ് 95% മാത്രമാണ്. ഇരുന്നൂറോളം പേർക്ക് അഡ്മിഷൻ കൊടുക്കുന്നതും മൂല്യനിർണയം നിലവാരം പുലർത്തുന്നതുമാകാം വിജയശതമാനം കുറയ്ക്കുന്നത്. സീറ്റുകളുടെ എണ്ണത്തേക്കാൾ 25% കുറവാണ് പരീക്ഷയ്ക്ക് ഹാജരാകുന്നവരുടെ എണ്ണം അഥവാ കൊഴിഞ്ഞു പോക്കും കൂടുതലാണ്.

12.2.12.5. കേരള സർവ്വകലാശാല പരീക്ഷാഫലം—വിശകലനം

12.2.12.5.1. സർക്കാർ കോളേജുകൾ

തിരുവനന്തപുരത്തെ യൂണിവേഴ്സിറ്റി കോളേജും, സർക്കാർ വനിതാ കോളേജുമാണ് കേരളസർവ്വകലാശാലക്കു കീഴിലെ രണ്ട് സർക്കാർ കോളേജുകൾ. സർക്കാർ

വനിതാകോളേജിൽ 5% കൊഴിഞ്ഞുപോകും 95% വിജയവുമാണ് നിലനില്ക്കുന്നത്. ആകെ തോറ്റ 4 പേരിൽ ഒരാൾ എസ്. സി. യും 3 പേർ പിന്നാക്ക ജാതിയുമാണ്. യൂണിവേഴ്സിറ്റി കോളേജിൽ 7% കൊഴിഞ്ഞു പോക്കും 97% വിജയവുമാണ്. കൊഴിഞ്ഞുപോയ എട്ടുപേരിൽ 2 പേർ എസ്. സി.യും 4 പേർ പിന്നാക്കജാതിയുമാണ്.

12.2.12.5.2. സർക്കാർ ഇതര കോളേജുകൾ

നീറമൺകര എൻ.എസ്.എസ്. വിമൺസ് കോളേജ് 100% വിജയത്തോടെയും 2% കൊഴിഞ്ഞുപോക്കോടെയും ഉന്നത നിലവാരം പുലർത്തുകയും നിലനിർത്തുകയും ചെയ്യുന്നു. കൊല്ലം എസ്. എൻ. കോളേജ് 99% വിജയത്തോടെയും 5% കൊഴിഞ്ഞു പോക്കോടെയും തൊട്ടടുത്ത് നില്ക്കുന്നു. എസ്. സി വിഭാഗത്തിൽപെട്ട ഒരു കുട്ടിയാണ് തോറ്റിരിക്കുന്നത്. ആലപ്പുഴ സനാതന ധർമ്മകോളേജ് 96% വിജയത്തോടെയും 2% കൊഴിഞ്ഞുപോക്കോടെയും തൊട്ടടുത്ത് നില്ക്കുന്നു. തോറ്റ 3 പേരിൽ ഒരാൾ എസ്. സി. വിദ്യാർത്ഥിയാണ്. കൊല്ലം ഫാത്തിമമാതാ നാഷണൽ കോളേജിൽ 86% വിജയവും 7% കൊഴിഞ്ഞുപോക്കുമാണ് ഉള്ളത്. തോറ്റ 11 പേരിൽ 6 പേർ എസ്.സിയും 3 പേർ പിന്നാക്കവിഭാഗവുമാണ്. തിരുവനന്തപുരം മഹാത്മാഗാന്ധി കോളേജിൽ 5% കൊഴിഞ്ഞുപോക്കും 96% വിജയവുമാണ്. തോറ്റ 3 പേരിൽ ഒരാൾ എസ്.സി.യാണ്.

കോഴഞ്ചേരി സെന്റ് തോമസ് കോളേജിൽ 84% റിസൽറ്റും 3% കൊഴിഞ്ഞുപോക്കും ആണ് ഉള്ളത്. യോഗ്യത നേടാത്ത 6 പേരിൽ പകുതി എസ്. സി. വിഭാഗമാണ്. നാലാഞ്ചിറ മാർ ഇവാനിയസ് കോളേജിൽ 100% റിസൽറ്റും 9% കൊഴിഞ്ഞുപോക്കുമാണുള്ളത്. നിലമേൽ എൻ.എസ്.എസ്. കോളേജിൽ 95.3% ആണ് റിസൽറ്റ്, കൂടാതെ 12% കൊഴിഞ്ഞുപോക്കും നിലനില്ക്കുന്നു. ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിൽ തുടങ്ങിയ സ്വാശ്രയ എം.എ. കോഴ്സിൽ ഒരു ബാച്ച് മാത്രമാണ് നടന്നത്. 11 പേർ ചേർന്ന് 9 പേർ പരീക്ഷ എഴുതി ഏഴുപേർ വിജയിച്ചു. വിജയിക്കാത്തവരിൽ ഒരാൾ എസ്. സി. വിഭാഗത്തിലാണ്.

അദ്ധ്യാപനവും പഠനവും സാമൂഹ്യശ്രേണിയിലെ ഉന്നതകുലജാതരുടെ വ്യവഹാരമായിരുന്ന ഒരു കാലത്തുനിന്നും അവസര സമത്വത്തിലും തുല്യതയിലും പ്രാപ്യതയിലും സാർവത്രികമായ വിദ്യാഭ്യാസത്തിലേക്ക് കേരളം നടന്നു കയറിയത് നൂറിലധികം വർഷങ്ങളെടുത്താണ്. ഇപ്പോഴും പൂർണത അവകാശപ്പെടാനും കഴിയില്ലെന്നാണ് സ്ഥിതിവിവരക്കണക്കുകൾ വ്യക്തമാക്കുന്നത്. എം. എ. മലയാള പഠനത്തിന്റെ കഴിഞ്ഞ അഞ്ചു വർഷങ്ങളിലെ പഠനഫലം വിശകലനം ചെയ്തപ്പോഴും കൊഴിഞ്ഞു പോവുകയോ തോൽക്കുകയോ ചെയ്യുന്നവരിൽ അധികവും ദലിത് വിദ്യാർത്ഥികളും പിന്നാക്ക വിഭാഗങ്ങളുമാണെന്നത് വസ്തുതയായി നിലനില്ക്കുന്നു

12.3. ചോദ്യപേപ്പർ വിശകലനം

12.3.1. മദ്രാസ് സർവ്വകലാശാലയുടെ 1907-ലെ ചോദ്യപേപ്പർ (ഭാഷാചരിത്രം)

20-22 മിനിട്ട് ഉപയോഗിച്ച് ഉത്തരമെഴുതേണ്ട എട്ട് ഉപന്യാസ ചോദ്യങ്ങളാണ് ചോദ്യപേപ്പർ ഉള്ളടങ്ങുന്നത്. എട്ടിൽ ആറു ചോദ്യങ്ങൾ ഉയർന്ന ഉദ്ദേശ്യങ്ങളായ പ്രയോഗം, അപഗ്രഥനം, മൂല്യനിർണയം എന്നിവയുമായി ബന്ധപ്പെട്ടതാണ്. ശരാശരിയിലും ഉയർന്ന പ്രതികരണമാണ് ചേദ്യപേപ്പർ ലക്ഷ്യമിടുന്നത്. സമകാലിക സംവാദങ്ങളെ മുൻനിർത്തിയുള്ള ചോദ്യവും ഉണ്ടെന്നത് പ്രത്യേകം ശ്രദ്ധേയം (അനുബന്ധം, 10: 245-246).

12.3.2. മദ്രാസ് സർവ്വകലാശാലയുടെ 1907-ലെ ചോദ്യപേപ്പർ (നിർദ്ദിഷ്ട പാഠപുസ്തകം-I)

ഏഴപ്രധാന ചോദ്യങ്ങളും രണ്ടുമുതൽ നാലുവരെ അനുബന്ധ ചോദ്യങ്ങളുമാണ് പ്രാചീന പദ്യകൃതികളെ മുൻനിർത്തിയുള്ള ഈ ചോദ്യപേപ്പറിലുള്ളത്. ശരാശരിയും ശരാശരിയിലും ഉയർന്ന നിലവാരമുള്ളവയുമാണ് ചോദ്യങ്ങൾ. സൂക്ഷ്മമായ ഭാഷാസവിശേഷതകളിലാണ് ചോദ്യങ്ങളുടെ ഊന്നൽ. കാവ്യാസ്വാദനപരമായ ചോദ്യങ്ങൾ ഇല്ല. ഉള്ളടക്ക ധാരണപോലും പരിശോധിക്കപ്പെടുന്നില്ല. ജ്ഞാനം, ഗ്രഹണം, പ്രയോഗം, അപഗ്രഥനം, മൂല്യനിർണയം, സർഗാത്മകത എന്നീ ശേഷികൾ അടിസ്ഥാനമാക്കി ഉയർന്ന നിലവാരമുള്ള പ്രതികരണം ആവശ്യപ്പെടുന്നു(അനുബന്ധം, 10: 247-249).

12.3.3. മദ്രാസ് സർവ്വകലാശാലയുടെ 1905-ലെ ചോദ്യപേപ്പർ(പാഠപുസ്തകം.-IV)

പാഠപുസ്തകത്തിലെ പ്രസക്തവരികൾ ഹൃദിസ്ഥമാക്കൽ, വൃത്താലങ്കാരങ്ങൾ വിവരിച്ചുദാഹരിക്കൽ, പരാവർത്തനം ചെയ്യൽ, ആശയം വിശദീകരിക്കൽ, താരതമ്യം ചെയ്യൽ, സൂചിതകഥ എഴുതൽ, സന്ദർഭം വ്യക്തമാക്കൽ, കാര്യകാരണങ്ങൾ വ്യക്തമാക്കൽ എന്നിങ്ങനെ ഉള്ളടക്ക കേന്ദ്രീകൃതമായ 12 ചോദ്യങ്ങളാണ് ചോദ്യപേപ്പറിലുള്ളത്. ജ്ഞാനം, ഗ്രഹണം എന്നീ താഴ്ന്ന ശേഷികൾ മാത്രമെ വിലയിരുത്തപ്പെടുന്നുള്ളൂ. എഴുത്തുകാരന്റെ സർഗാത്മകത, കൃതിയുടെ ഗുണങ്ങൾ, പ്രയോഗഭംഗി എന്നിങ്ങനെ ആസ്വാദനത്തെ മുൻനിർത്തിയുള്ള ചോദ്യങ്ങൾ ആദ്യകാലത്തെ ചോദ്യപേപ്പറിൽ കാണുന്നില്ല (അനുബന്ധം, 10: 243-244).

12.3.1.4. മദ്രാസ്-2016- സാഹിത്യസിദ്ധാന്തങ്ങൾ (അനുബന്ധം, 10: 270)

9 ചോദ്യങ്ങൾക്ക് 21 പേജ് ഉത്തരമെഴുതിയാൽ മതി. ഉള്ളടക്ക കേന്ദ്രീകൃതവും ജ്ഞാനത്തിന്റെയും ഗ്രഹണത്തിന്റെയും തലത്തിനപ്പുറത്തേക്ക് പോകാത്തതുമാണ് ചോദ്യങ്ങൾ. ഒരു ചോദ്യം ലളിതവും ബാക്കിയുള്ളവ ശരാശരി നിലവാരം പുലർത്തുന്നവയും ആണ്. ഉയർന്നനിലവാരക്കാർക്ക് അനുയോജ്യമായ വെല്ലുവിളിയുയർത്തുന്ന ചോദ്യമൊന്നും തന്നെയില്ലെന്നാണ് പ്രധാനപരിമിതി.

12.3.2. കേരളസർവ്വകലാശാല

12.3.2.1. പ്രാചീനസാഹിത്യം 1983. (അനുബന്ധം, 10: 255-259)

മൂന്നുപേജിൽ ഉത്തരമെഴുതേണ്ട 8 ചോദ്യങ്ങളും 8 പേജിൽ ഉത്തരമെഴുതേണ്ട മൂന്നു ചോദ്യങ്ങളും അടക്കം 11 ചോദ്യങ്ങൾക്ക് 48 പേജ് ഉത്തരമെഴുതേണ്ടതുണ്ട്. ആദ്യകാല സാങ്കേതികതയിലൂന്നിയ പഠനത്തിൽനിന്നും സൗന്ദര്യാത്മക പഠനത്തിലേക്ക് ഭാവുകത്വം വഴിമാറിയത് ചോദ്യപേപ്പറിൽ പ്രകടമാണ്. പദ്യകൃതികൾ ആസ്വാദനത്തെ മുൻനിർത്തി പഠിക്കുന്നുണ്ട്. നല്കിയ പതിമൂന്ന് ചോദ്യങ്ങളിൽ മൂന്നെണ്ണം കഠിനവും ഒന്ന് ലളിതവും ബാക്കിയുള്ളവ സാമാന്യനിലവാരമുള്ളതുമാണ്. പ്രയോഗം, ആസ്വാദനം, മൂല്യനിർണയം, അപഗ്രഥനം, ഗ്രഹണം എന്നീ ഉദ്ദേശ്യങ്ങൾ വിലയിരുത്തുന്ന ചോദ്യങ്ങളാണ് ഉള്ളത്.

12.3.2.2. കേരള സർവ്വകലാശാല 1983 ഉപന്യാസം (അനുബന്ധം, 10:260)

ഉപന്യാസമെന്ന ഈ പേപ്പർ ഒറ്റച്ചോദ്യപരീക്ഷയെന്ന മൂല്യനിർണയരീതിയുടെ പരീക്ഷണസ്വഭാവം പ്രതിഫലിപ്പിക്കുന്നു. പൊതുമണ്ഡലത്തിലെ സാഹിത്യസംവാദത്തിന്റെയും ആഴത്തിലുള്ള വായനയുടെയും രചനാനൈപുണികളുടെയും സുഘടിതമായ ആശയാവിഷ്കാരം എന്ന നിലയിൽ ഏറെ പ്രസക്തം. ഉപന്യാസരചനയുടെ രചനാപരമായ ചിട്ടവട്ടങ്ങളുടെയും ചിഹ്നനത്തിന്റെ സാദ്ധ്യതകളെയും പ്രകടിപ്പിക്കാനുള്ള വിപുലമായ സാദ്ധ്യതകളാണ് ഒരുക്കുന്നത്.

ഒന്നാമത്തെ ചോദ്യം പാശ്ചാത്യ, പൗരസ്ത്യ, സാഹിത്യ സിദ്ധാന്തങ്ങളുടെയും മുൻധാരണകളെ സമഗ്രമായി ഉപയോഗപ്പെടുത്തുന്ന ചോദ്യമാണ്. ജ്ഞാനം മുതൽ മൂല്യനിർണയംവരെയുള്ള ഭാഷാശേഷികളുടെ പ്രകടനത്തിനും വിലയിരുത്തലിനും ഇതിൽ സാദ്ധ്യതകളുണ്ട്. സാമാന്യനിലവാരം പുലർത്തുന്നതാണ് ചോദ്യമെന്നും പറയാം.

രണ്ടാമത്തെചോദ്യം സാഹിത്യപ്രവണതകളെയും ഇസങ്ങളെയും മലയാളത്തിലെ നോവൽ, ചെറുകഥാസാഹിത്യത്തെയും സംബന്ധിച്ചുള്ളതാണ്. 1969-എന്ന വർഷത്തെ മാനദണ്ഡമാക്കി കഥാസാഹിത്യത്തെ രണ്ടാക്കി പകുത്തിരിക്കുകയാണ്. എല്ലാതരം വിദ്യാർത്ഥികൾക്കും അവരുടെ ശേഷി അനുസരിച്ച് ഉത്തരമെഴുതാനുള്ള സാദ്ധ്യത നിലനിർത്തിയിരിക്കുന്ന സാമാന്യനിലവാരം പുലർത്തുന്ന ചോദ്യമായി ഇതിനെ പരിഗണിക്കാം. എല്ലാ പ്രധാനബോധനോദ്ദേശ്യങ്ങളുടെയും പ്രകടനത്തിനും വിലയിരുത്തലിനും അവസരമുണ്ട്. വായനയുടെ ആഴവും പരപ്പും വിലയിരുത്താനുള്ള നല്ല ഉപാധിയായി ഈ ചോദ്യം മാറുന്നു.

12.3.3. കാലിക്കറ്റ്-ആധുനിക സാഹിത്യം-പൊതു 1991-(അനുബന്ധം, 10:261-66)

ചോദ്യങ്ങളുടെ എണ്ണംകൂടുകയും ഉത്തരമെഴുതേണ്ട പുറങ്ങളുടെ ദൈർഘ്യം കുറയുകയും ചെയ്യുന്നു. 90-കളിലെ 8 പുറത്തിന്റെ അതിദീർഘ ഉപന്യാസങ്ങൾ 5 പുറത്തിലേക്കു ചുരുങ്ങുന്നു. മുമ്പ് 48 പുറം ഉത്തരമെഴുതേണ്ടിടത്ത് 27.5 പുറം എഴുതിയാൽ മതി. ആകെയുള്ള

28 ചോദ്യങ്ങളിൽ കേവലം 9 ചേദ്യങ്ങൾ മാത്രമാണ് അപഗ്രഥനവും വിശകലനവും ആവശ്യപ്പെടുന്നത്. പാഠഭാഗവുമായി പ്രത്യക്ഷബന്ധം പുലർത്തുന്നവയാണ് ചോദ്യങ്ങൾ. പാഠഭാഗങ്ങളെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ടുള്ളവ കേവലം രണ്ടെണ്ണം മാത്രം. ഉപന്യാസ ചോദ്യങ്ങൾക്കുപോലും രണ്ടിലധികം ഉദ്ദേശ്യങ്ങളെ സമന്വയിപ്പിക്കാൻ സാധിക്കുന്നില്ല. 19 ചോദ്യങ്ങൾക്ക് ശരാശരി നിലവാരവും 7 എണ്ണം കഠിനവും 2എണ്ണം ലളിതവുമാണ്.

12.3.4. മഹാത്മാഗാന്ധി സർവ്വകലാശാല മധ്യകാലകവിത (അനുബന്ധം, 10:269)

26 ചോദ്യങ്ങളിൽനിന്നു തെരഞ്ഞെടുത്ത 20 ചോദ്യങ്ങൾക്ക് 32 പേജിലാണ് ഉത്തരമെഴുതേണ്ടത്. ഇതിൽ 19 ചോദ്യങ്ങൾ ശരാശരി നിലവാരമുള്ളതും 5 ചോദ്യങ്ങൾ ലളിതവും 2 ചോദ്യങ്ങൾ കഠിനവുമാണ്. കൃതികളെ ബന്ധിപ്പിച്ചും വിശകലന സാദ്ധ്യതകൾ ഉള്ളതുമായ ചോദ്യങ്ങൾ ഉൾപ്പെടുത്താൻ ശ്രദ്ധിച്ചിട്ടുണ്ട്. വിശകലനാത്മകസാദ്ധ്യതകൾ കൂടുതലുള്ളത് ഉപന്യാസചോദ്യങ്ങൾക്കാണ്. 22 ചോദ്യങ്ങൾ ജ്ഞാനം, ഗ്രഹണം എന്നീ ഉദ്ദേശ്യങ്ങളെയും 4 ചോദ്യം അപഗ്രഥനത്തെയും വിലയിരുത്തുന്നതാണ്.

12.3.5. കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല 2004 ഫോക്‌ലോർ ചരിത്രവും സംസ്കാരവും (അനുബന്ധം, 10: 267-268)

നല്കുന്ന 28 ചോദ്യങ്ങളിൽനിന്നു 14 ചോദ്യങ്ങൾക്ക് 28 പുറത്തിലാണ് ഉത്തരമെഴുതേണ്ടത്. 7 കഠിന ചോദ്യങ്ങളും 2 ലളിത ചോദ്യങ്ങളും 19 ചോദ്യങ്ങൾ ശരാശരി നിലവാരമുള്ളവയുമാണ്. പാഠ്യപദ്ധതിയ്ക്കകത്തുനിന്നുകൊണ്ട് പരന്നതും ആഴത്തിലുള്ളതുമായ വായനയെയും ധാരണയെയും വിലയിരുത്താൻ ശ്രമിക്കുന്നു. വിഷയത്തെ ഉള്ളടക്ക കേന്ദ്രീകൃതമായ ജടത്വത്തിൽനിന്നും സാംസ്കാരികമായും സമകാലികമായും പഠിക്കാൻ പ്രേരിപ്പിക്കുന്നു. വിശകലത്തിനുള്ള പരമാവധി സാദ്ധ്യതകൾ വിവിധരീതിയിൽ പ്രയോജനപ്പെടുത്തിയിരിക്കുന്ന മികച്ച ചോദ്യപേപ്പറാണിത്. അടിസ്ഥാന സങ്കല്പങ്ങളുടെ ആശയവ്യക്തതയിൽ നിന്നുകൊണ്ടുമാത്രം വിശകലനം സാദ്ധ്യമാവുന്ന ചോദ്യങ്ങൾ ശ്രദ്ധേയം (25, 23, 11, 14, 20). 15 ചോദ്യങ്ങൾ ഗ്രഹണത്തെയും 13 ചോദ്യങ്ങൾ പ്രയോഗം, അപഗ്രഥനം തുടങ്ങിയ ഉയർന്ന ശേഷികളെയും ലക്ഷ്യംവെക്കുന്ന മികച്ച ചോദ്യപേപ്പറാണിത്.

ഭാഷാപഠനത്തിന്റെ ഇന്നോളമുള്ള ചോദ്യപേപ്പറുകൾ സാമാന്യമായി വിലയിരുത്തുമ്പോൾ സാഹിത്യകൃതികളുടെ ഭാഷാസവിശേഷതകൾ വിലയിരുത്തുന്ന ആദ്യകാല ചോദ്യപേപ്പറുകളിൽനിന്നു സാഹിത്യാസ്വാദനത്തെയും നിരൂപണശേഷിയെയും വിലയിരുത്തുന്ന ഭാവുകത്വപരമായ പരിണാമം ചോദ്യങ്ങളിൽ കാണാം. ഉള്ളടക്കകേന്ദ്രീകൃതമായ ധാരണയെയും ഹൃദിസ്ഥമാക്കലിനെയും ആണ് സാമാന്യമായി ചോദ്യപേപ്പറുകൾ ഇപ്പോൾ ലക്ഷ്യംവയ്ക്കുന്നത്. പ്രക്രിയാധിഷ്ഠിതമായി ചോദ്യപേപ്പർ നിർമ്മിക്കുന്ന കാലടി സർവ്വകലാശാലയിൽ ഒഴികെ സർവ്വകലാശാല ചോദ്യപേപ്പറുകൾ പ്രയോഗം,

നൈപുണി, അപഗ്രഥനം, വിലയിരുത്തൽ തുടങ്ങിയ ഉയർന്നശേഷികൾ മൂല്യനിർണയം ചെയ്യുന്നില്ല.

ബിരുദാനന്തര തലത്തിലെ ഭാഷാസാഹിത്യ പഠനത്തെ സംബന്ധിച്ച സമീപന രേഖകളൊന്നും തന്നെ ഇന്ന് സർവ്വകലാശാലകൾക്കില്ല. സമീപനം രൂപപ്പെടുത്തുകയും അതിനെ അടിസ്ഥാനമാക്കി പാഠ്യപദ്ധതികൾ തയ്യാറാക്കുകയും ചെയ്യുമ്പോഴാണ് പഠനം കൂടുതൽ ശാസ്ത്രീയമാവുക. അത്തരമൊരു സമീപനരേഖ വികസിപ്പിക്കാനുള്ള ശ്രമമാണ് ഈ ഭാഗത്ത് നിർവ്വഹിക്കുന്നത്.

12.4. ഭാഷാസാഹിത്യ പഠനസമീപനം - ബിരുദാനന്തരതലത്തിൽ

ഭാഷാസാഹിത്യപഠനം ഐച്ഛികമായെടുത്ത് ബിരുദാനന്തരതലത്തിൽ പ്രവേശിക്കുന്ന മുതിർന്ന പഠിതാവിനെ അവരുടെ ആർജിതജ്ഞാനത്തെയും ഭാഷാശേഷിയെയും പരിഗണിച്ചുകൊണ്ടുള്ള പഠന,ബോധന പ്രവർത്തനങ്ങളിലൂടെ സ്വയംപഠനത്തിന്റെയും അന്വേഷണത്തിന്റെയും കണ്ടെത്തലിന്റെയും ഉയർന്ന തലത്തിലേക്കെത്തിക്കേണ്ടതുണ്ട്. അവർ തെരഞ്ഞെടുത്ത സവിശേഷജ്ഞാനമേഖലയെ അഥവാ ഭാഷാസാഹിത്യപഠനത്തെ ആഴത്തിലും പരപ്പിലും സ്വാംശീകരിക്കുന്നതോടൊപ്പം അവയെ വിമർശനാത്മകമായി സമീപിക്കാനും നവീകരിക്കാനുമുള്ള ശേഷിയും വികസിക്കേണ്ടതുണ്ട്. പില്ക്കാല ജീവിതത്തിന് സഹായകവും മാർഗനിർദേശകവുമാകുന്ന വിധത്തിൽ ജനാധിപത്യത്തിലും മതേതരത്വത്തിലും ലിംഗസമത്വത്തിലും പരിസ്ഥിതിസൗഹൃദത്തിലും അധിഷ്ഠിതമായ മാനവികത അഥവാ മൂല്യബോധം ആർജിക്കണം. അതോടൊപ്പം പൊതുതൊഴിലിടങ്ങളിലും ഫലപ്രദമായി ഇടപെടാൻ കഴിയുന്നവിധത്തിൽ ഉയർന്ന ബുദ്ധിവികാസവും ഭാഷാനൈപുണികളും സ്വംശീകരിക്കണം.

അപഗ്രഥിക്കുക, ഉദ്ഗ്രഥിക്കുക, വിലയിരുത്തുക, മൂല്യനിർണയംചെയ്യുക, സൃഷ്ടിക്കുക തുടങ്ങിയ ഉയർന്ന ചിന്താപ്രക്രിയയിലേക്ക് പഠിതാവിനെ എത്തിക്കാൻ സാധിക്കുന്ന വിധത്തിലുള്ള സംവാദാത്മകമായ പഠനപ്രവർത്തനങ്ങളും മൂല്യനിർണയവുമാണ് ബിരുദാനന്തരതലത്തിൽ നടക്കേണ്ടത്. ദിനാചരണങ്ങൾ, ചർച്ചകൾ, സംവാദങ്ങൾ, സെമിനാറുകൾ, നിരൂപണങ്ങൾ, ഫീച്ചറുകൾ, നാടകം, സിനിമ, ഡോക്യുമെന്ററി, ഫീൽഡ്ടിപ്പ്, പ്രസിദ്ധീകരണങ്ങൾ (നോട്ടീസ്, ലഘുലേഖ, ചുമർപത്രങ്ങൾ, കൈയെഴുത്തുമാസികകൾ, പോസ്റ്ററുകൾ, കഥ, കവിത, ലേഖനം, ഇൻലന്റ് മാഗസിൻ, പ്രിന്റഡ് മാഗസിൻ, പത്രം, റേഡിയോ, ബ്ലോഗ്, സൈബറിടങ്ങൾ, മുദ്രാവാക്യം, മുദ്രാഗീതം മുതലായവ) എന്നിങ്ങനെ വിവിധ ഭാഷാവ്യാവഹാരങ്ങളിൽ ക്രിയാത്കമായി ഇടപെട്ടുകൊണ്ടാണ് ഭാഷാസാഹിത്യവിദ്യാർത്ഥിയുടെ പഠനം മുന്നോട്ടുപോവേണ്ടത്. ജീവിതത്തേയും ചുറ്റുപാടിനേയും അതിന്റെ എല്ലാവിധ സങ്കീർണ്ണതകളോടും കൂടിത്തന്നെ ഉൾക്കൊള്ളേണ്ടതുണ്ടെന്നതിനാൽ സാങ്കല്പിക പ്രശ്നങ്ങളോടല്ല യഥാർത്ഥ ലോക,ജീവിത സാഹചര്യങ്ങളോടുതന്നെയാണ്

പഠിതാവ് ഇടപെടേണ്ടത്. അനീതിക്കും അക്രമത്തിനും ചൂഷണത്തിനും വിവേചനത്തിനും എതിരെ വിശ്വമാനവികതയോടാണ് അവർ ഐക്യപ്പെടേണ്ടത്.

സ്വന്തം ഭാഷയേയും സംസ്കാരത്തേയും കുറിച്ച് അഭിമാനം കൊള്ളുകയും അതിനു വേണ്ടി നിലകൊള്ളാനുള്ള മനോഭാവം പുലർത്തുകയും ചെയ്യണം.അതോടൊപ്പം അതിനെ ശാസ്ത്രസാങ്കേതികവിദ്യയുടെ സഹായത്തോടെയും അല്ലാതെയും ആധുനീകരിക്കാനുള്ള ശ്രമങ്ങളിലും പങ്കാളിയാവേണ്ടതുണ്ട്. ലഘുപ്രോജക്ടുകൾ, പ്രബന്ധരചന (Dissertation) എന്നിവ ഏറ്റെടുത്തുകൊണ്ട് ശാസ്ത്രീയാന്വേഷണത്തിന്റെ പ്രക്രിയകളെ സംബന്ധിച്ച് ധാരണനേടേണ്ടതും ഈ ഘട്ടത്തിൽത്തന്നെയാണ്. സഹവർത്തിതവും (Collaborative) സഹകരണാത്മകത (Co-operative) വുമായ പഠനത്തിന് അവസരം ലഭിക്കുന്നതിലൂടെ അഥവാ സാമൂഹികജ്ഞാന നിർമ്മിതിയിലൂടെ ഉയർന്ന പഠനനേട്ടം കൈവരിക്കാൻ സാധിക്കുമെന്നും തിരിച്ചറിയേണ്ടതുണ്ട്.

ജീവിതവ്യവഹാരങ്ങളിൽ ജ്ഞാനം പ്രത്യക്ഷപ്പെടുക വ്യത്യസ്ത വിഷയങ്ങളായല്ലെന്നും ഉദ്ഗ്രഥിതമായാണെന്നും ജ്ഞാനത്തെ വിവിധവിഷയങ്ങളാക്കുന്നത് പഠനസൗകര്യത്തിനും കൂടുതൽ വൈദഗ്ധ്യം നേടുന്നതിനുമാണെന്നുമുള്ള തിരിച്ചറിവ് നിലനിർത്താൻ ബിരുദതലത്തിലെ അന്തർവൈജ്ഞാനിക, ബഹുവൈജ്ഞാനിക സമീപനം അഥവാ ഓപ്പൺ കോഴ്സ് ബിരുദാനന്തരതലത്തിലും നിലനിർത്തേണ്ടതുണ്ട്. ഭാഷാസാഹിത്യ പഠനത്തിന്റെ ഓപ്പൺ കോഴ്സിന് സൗന്ദര്യാത്മക വിദ്യാഭ്യാസമെന്ന ആത്യന്തിക ലക്ഷ്യമാണ് ഉണ്ടാവേണ്ടത്. സൈദ്ധാന്തിക, ചരിത്ര, വ്യാകരണ, ഭാഷാശാസ്ത്ര പഠനങ്ങൾക്കുപരി ആസ്വാദനം ലക്ഷ്യമാക്കി സാഹിത്യ കലാപഠനങ്ങൾക്ക് മുൻഗണന നൽകാം. വൈകാരികവും സൗന്ദര്യാത്മകവുമായ വിദ്യാഭ്യാസത്തിനുള്ള ഉപാധി എന്നനിലയിലാണ് ഓപ്പൺകോഴ്സ് മലയാളത്തെക്കാണേണ്ടത്. വിമർശനാത്മക ചിന്തയും മാനവികതയും വളർത്താനുതകുന്ന ഉപന്യാസങ്ങളും ഭാഷയുടെ ശക്തിയും സൗന്ദര്യവും അനുഭൂതിയും അനുഭവിപ്പിക്കുന്ന സ്വയം ആസ്വാദനക്ഷമങ്ങളായ കഥ, കവിത, നോവൽ, നാടകം എന്നിവയുമാണ് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്.

സാഹിത്യഭാവുകത്വത്തിന്റെ വൈവിധ്യത്തെ തിരിച്ചറിയുന്നതിനും വ്യത്യസ്ത സംസ്കാരങ്ങളെ പരിചയപ്പെടുന്നതിനും നമ്മുടെസംസ്കാരത്തെ പ്രചരിപ്പിക്കുന്നതിനുമുള്ള സർഗ്ഗാത്മകപ്രവർത്തനം എന്നനിലയിൽ വിവർത്തനത്തിന്റെ പ്രസക്തി ബോധ്യപ്പെടേണ്ടതുണ്ട്. ആഗോളീകരണകാലത്ത് വിവർത്തനം ഉറന്നിടുന്ന അനന്തമായ തൊഴിൽ സാധ്യതകളും പരിഗണിക്കേണ്ടതുണ്ട്. മതം, ശാസ്ത്രം, ടൂറിസം, രാഷ്ട്രീയം, നയതന്ത്രപ്രവർത്തനം, മാധ്യമം എന്നിങ്ങനെ വിപുലമായ വിവർത്തനത്തിന്റെ സാധ്യതകളിലേക്കുള്ള അടിസ്ഥാന നൈപുണീവികാസം എന്നനിലയിൽ വിവർത്തനത്തിൽ പ്രായോഗികപരിചയം കൂടിയേ തീരൂ. ഇതോടൊപ്പം ഇതരഭാഷയിലെ, ദേശത്തിലെ, സമൂഹത്തിലെ,

സാഹിത്യകൃതികളെ താരതമ്യംചെയ്യാൻ അവസരം ലഭിക്കുന്നതിലൂടെ വൈവിധ്യങ്ങൾക്കതീതമായി ലോകത്തെവിടെയും അടിസ്ഥാനചോദനകളിലും (Basic Instincts) പ്രശ്നങ്ങളിലും മനുഷ്യജീവിതം സമാനമാണെന്ന തിരിച്ചറിവുണ്ടാകലും പ്രധാനമാണ്.

പ്രബലസാഹിത്യവും സംസ്കാരവും അരികുവല്കരിച്ച ദലിത്, ന്യൂനപക്ഷ കലാസാഹിത്യങ്ങളുടെ സാംസ്കാരികപ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് അവയെ സാഹിത്യചരിത്രകൃതികളിലും ഭാഷാസാഹിത്യപഠനമേഖലയിലും ശരിയായി അടയാളപ്പെടുത്തേണ്ടതുണ്ട്. അധികാരബന്ധങ്ങൾക്കകത്തെ മേൽ,കീഴ് ബലതന്ത്രങ്ങളുടെ പുനർനിർണയത്തിന് അതാവശ്യമാണ്.

മതവും മൂന്നാംലോകവും മുതലാളിത്തവും ആഗോളീകരണവും ആണധികാരവും സൃഷ്ടിച്ച സ്ത്രീയവസ്ഥകളെ ചരിത്രപരമായും സൈദ്ധാന്തികമായും പഠിക്കുന്നതിലൂടെ മാത്രമേ ഇതിനെതിരായ കലഹങ്ങളെയും മുന്നേറ്റങ്ങളെയും ഉൾക്കൊള്ളാനാകൂ. പിതൃമേധാവിത്വ സാമൂഹികവ്യവസ്ഥിതിക്കകത്തെ സ്ത്രീവിവേചനങ്ങളെ പ്രതിരോധിക്കാനും മൂല്യവ്യവസ്ഥയെ പുനർനിർണ്ണയിക്കാനും പഠിതാവിന് പ്രാപ്തിയുണ്ടാക്കാനുള്ള ഉപാധി എന്നനിലയിൽ സ്ത്രീപഠനങ്ങളെകാണണം. വിവിധ ലൈംഗികാവസ്ഥകളെയും ലൈംഗികാഭിമുഖ്യങ്ങളെയും സഹിഷ്ണതയോടെ കാണാനും അംഗീകരിക്കാനും സമഭാവനയോടെ ഇടപഴകാനും വിവേചനങ്ങൾക്കും അനീതികൾക്കുമെതിരെ അവരോട് ഐക്യപ്പെടാനും പഠിതാവിനു സാധിക്കണം.

ദേശരാഷ്ട്രത്തിന്റെ ഗതിവിഗതികളെ നിർണ്ണയിക്കുന്ന ശക്തമായ ഘടകമെന്ന നിലയിലും പൊതുജനബോധത്തെ നിർമ്മിക്കുന്ന ശക്തിയെന്നനിലയിലും വിവിധ ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളുടെയും അച്ചടി മാധ്യമങ്ങളുടെയും ചരിത്രത്തെക്കുറിച്ചും സ്വാധീനത്തെക്കുറിച്ചും അവബോധമുണ്ടാകണം. നവമാധ്യമങ്ങളുടെ ബദലിടങ്ങളിൽ ഓരോവ്യക്തിക്കും മാധ്യമമാവാൻ കഴിയും എന്നതിന്റെ ആത്മവിശ്വാസം മാധ്യമമേഖലയിലെ അനാരോഗ്യപ്രവണതകളെ പ്രതിരോധിക്കാനുള്ള ക്രിയാത്മക ഇടപെടലുകളിലേക്ക് നയിക്കണം.

ഉള്ളടക്കകേന്ദ്രീകൃത പഠനബോധനപ്രവർത്തനങ്ങളെ, ഭാഷാശേഷികളെ ലക്ഷ്യമാക്കുന്നതും വിദ്യാർത്ഥികേന്ദ്രീകൃതവും ക്ലാസ്മുറിക്കകത്തും പുറത്തും നടക്കുന്ന വൈവിധ്യമാർന്ന പഠനാനുഭവങ്ങളെ ലക്ഷ്യമാക്കുന്നതുമായ പഠനപ്രവർത്തനങ്ങളിലേക്ക് വഴിതിരിച്ചുവിടേണ്ടതുണ്ട്. ബിരുദാനന്തരതലത്തിലെ മൂല്യനിർണയപ്രവർത്തനവും ഹൃദിസ്ഥമാക്കലിന്റെ കേവലമായ അറിവിന്റെയും ഗ്രഹണത്തിന്റെയും തലത്തിൽനിന്ന് വിശകലനം ചെയ്യുക, സ്വന്തമായി വ്യാഖ്യാനിക്കുക, വിലയിരുത്തുക, മൂല്യനിർണയം ചെയ്യുക, സൃഷ്ടിക്കുക എന്നിങ്ങനെയുള്ള ഉയർന്ന ഭാഷാശേഷിയുടെ നിലനിർണ്ണയത്തിലേക്ക് മാറേണ്ടതുണ്ട്.

വിദ്യാർത്ഥിക്കോ, അധ്യാപകനോ, പഠനബോധനപ്രക്രിയക്കോ അത്ര ഗുണകരമല്ലാത്ത ബാഹ്യപരീക്ഷയെന്ന ലിഖിതപരീക്ഷയുടെ പരിമിതിയിൽനിന്നും ബിരുദതലത്തിലെ മൂല്യനിർണ്ണയത്തെ വിദ്യാർത്ഥിക്കും അധ്യാപകനും പഠനപ്രക്രിയക്കും

ഗുണകരമാവുന്ന, പഠനനേട്ടത്തെ ഉറപ്പുവരുത്തുന്ന നിരന്തരവും സമഗ്രവുമായ വിലയിരുത്തലിലേക്കും (Continues and Comprehensive Evaluation) കൂടി കൂടുതൽ വ്യാപിപ്പിക്കേണ്ടതുണ്ട്. മൂല്യനിർണയത്തെ സംബന്ധിച്ച്,

- പഠനംതന്നെ മൂല്യനിർണയം (Evaluation as learning)
- പഠനത്തിനുവേണ്ടിയുള്ള മൂല്യനിർണയം (Evaluation for learning)
- പഠനത്തിന്റെ മൂല്യനിർണയം (Evaluation of learning)

എന്ന ആധുനിക കാഴ്ചപ്പാടിനെ നമുക്കും യാഥാർത്ഥ്യമാക്കേണ്ടതുണ്ട്. ബാഹ്യ പരീക്ഷകൾ കൊണ്ട് വിലയിരുത്താൻ കഴിയാത്തശേഷികളെ മുൻനിർത്തിയും പഠനം നടന്നുവെന്നത് ഉറപ്പുവരുത്തുന്ന പഠനത്തെളിവുകളെ മുൻനിർത്തിയും മൂല്യാംശസൂചകങ്ങളുടെ (Rubrics) സാദ്ധ്യതകളും മറ്റും ഉൾപ്പെടുത്തി വസ്തുനിഷ്ഠമാക്കിയും പഠനത്തിന് മാർഗനിർദ്ദേശകമാകുന്ന വിധത്തിൽ വിദ്യാർത്ഥികൾക്ക് കൈത്താങ്ങും (Scuffolding) മടക്കധാരണയും (Feed Back) ഉറപ്പുവരുത്തുന്ന അവസരങ്ങളായി നിരന്തരവിലയിരുത്തലിനെ ആവിഷ്കരിക്കണം.

ഈ സമീപനത്തിൽ നിന്നുകൊണ്ട് ഭാഷാസാഹിത്യപഠനത്തിന്റെ വിശാലലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനുസഹായകമായി ചുവടെക്കൊടുത്തിരിക്കുന്ന പൊതുഉദ്ദേശ്യങ്ങളെ ആവിഷ്കരിച്ചിരിക്കുന്നു.

ഭാഷാസാഹിത്യ പഠനത്തിന്റെ പൊതുഉദ്ദേശ്യങ്ങൾ

I.വൈജ്ഞാനികതലം (Cognitive Domain)

1. ഭാഷയെയും സാഹിത്യത്തെയും കുറിച്ച് കാലം, ചരിത്രം, ദേശം, പ്രവണതകൾ, പ്രസ്ഥാനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലും കാവ്യസിദ്ധാന്തങ്ങളുടെ വെളിച്ചത്തിലും ആഴത്തിൽ ധാരണനേടുന്നതിന്.
2. അറിവിനെ ബഹുവൈജ്ഞാനിക (Multi Disciplinary) മായും അന്തർവൈജ്ഞാനിക (Inter Disciplinary) മായും നോക്കിക്കാണുന്നതിനും സ്വായത്തമാക്കുന്നതിനും.
3. വിജ്ഞാനത്തിന്റെ സ്വാംശീകരണം, സംരക്ഷണം, വിതരണം, വിമർശനം, നവീകരണം എന്നിവ ഫലപ്രദമായി നിർവഹിക്കുന്നതിന്.
4. ശാസ്ത്രീയാന്വേഷണത്തിന്റെ പ്രക്രിയകൾ സ്വാംശീകരിക്കുന്നതിനും ഗവേഷണപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും.
5. സാഹിത്യസൃഷ്ടികളെ വിശകലനം ചെയ്യുന്നതിനും വിലയിരുത്തുന്നതിനും.
6. ചുറ്റുമുള്ള വ്യവഹാരങ്ങളെ വിമർശനാത്മകമായി വിലയിരുത്തുന്നതിന്.
7. സ്വതന്ത്രവും വിമർശനാത്മകവുമായ ചിന്തയെ വികസിപ്പിക്കുന്നതിന്.
8. ഔപചാരികവും അനൗപചാരികവുമായ വിവിധ ഭാഷാവ്യവഹാരങ്ങളിൽ സൂക്ഷ്മമായി ധാരണനേടുന്നതിനും പ്രായോഗികപരിചയം നേടുന്നതിനും.
9. മലയാളഭാഷ, സാഹിത്യം, സംസ്കാരം എന്നിവയെ വിശകലനം ചെയ്യുന്നതിന്

ആവശ്യമായ സംസ്കാരികപഠനത്തിന്റെ രീതിശാസ്ത്രവും സിദ്ധാന്തവും സാമാന്യമായി പരിചയപ്പെടൽ.

10. ജനപ്രിയ കലകളുടെയും സാഹിത്യത്തിന്റെയും സാംസ്കാരിക പ്രാധാന്യം തിരിച്ചറിയുന്നതിന് .
11. മലയാളഭാഷയ്ക്കും സാഹിത്യത്തിനും കാലഘട്ടങ്ങളിലൂടെ സംഭവിച്ച പരിണാമങ്ങളെ സാംസ്കാരിക പരിപ്രേക്ഷ്യത്തിൽ മനസ്സിലാക്കൽ.
12. സൗന്ദര്യശാസ്ത്രസിദ്ധാന്തങ്ങളെ സാമാന്യമായി പരിചയപ്പെടുന്നതിന്.
13. കേരളത്തിലെ കലാരൂപങ്ങളെയും അവയുടെ സാംസ്കാരിക പ്രാധാന്യത്തെയും തിരിച്ചറിയുന്നതിന്.
14. മലയാളഭാഷയുടെ വ്യാകരണനിയമങ്ങൾ മനസ്സിലാക്കുന്നതിനും ഭാഷാപ്രയോഗങ്ങളിൽ അവ പാലിക്കുന്നതിനും.
15. ആധുനിക ഭാഷാശാസ്ത്രത്തിന്റെ സാമാന്യസങ്കല്പങ്ങളെ സംബന്ധിച്ച് ധാരണ നേടുന്നതിന്.
16. മലയാളസാഹിത്യവിമർശനത്തിന്റെ ചരിത്രവും വേറിട്ടവഴികളും വിമർശനാത്മകമായി വിലയിരുത്തുന്നതിന്.
17. ഗദ്യസാഹിത്യത്തിന്റെ വഴികളും രൂപവൈവിധ്യവും സംബന്ധിച്ച് ധാരണ നേടുന്നതിന്.
18. ദൃശ്യ, ശ്രാവ്യ, അച്ചടി മാധ്യമങ്ങളെ ആശ്രയിച്ചുള്ള ഭാഷാവ്യവഹാരങ്ങളിൽ ധാരണ നേടുന്നതിന്.
19. കലകളുടെ രൂപപ്പെടൽ, വികാസം, എന്നിവയുടെ ചരിത്ര-പ്രത്യയശാസ്ത്ര പരിസരങ്ങളെപ്പറ്റി ധാരണ വികസിപ്പിക്കൽ.
20. സ്ത്രീയവസ്ഥകൾ, സ്ത്രീമുന്നേറ്റങ്ങൾ, ചരിത്രഘട്ടങ്ങൾ, സൈദ്ധാന്തിക പരിസരം, ലിംഗപദവി, ലൈംഗികാഭിമുഖ്യം, ലൈംഗിക ന്യൂനപക്ഷങ്ങൾ എന്നിവ സംബന്ധിച്ച് ധാരണനേടുന്നതിന്.
21. ദളിത്ഭാഷാസാഹിത്യപാരമ്പര്യത്തിന്റെ സാംസ്കാരിക പ്രാധാന്യം ഉൾക്കൊള്ളുന്നതിന്.
22. വിവർത്തനത്തിന്റെ സാദ്ധ്യത, പ്രസക്തി, സർഗാത്മകത, സിദ്ധാന്തം എന്നിവ സംബന്ധിച്ച് ധാരണ നേടുന്നതിന്.
23. കേരളത്തെ സംബന്ധിച്ച ചരിത്ര, സംസ്കാര ധാരണകളുടെ വെളിച്ചത്തിൽ മലയാളിയുടെ വർത്തമാന പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിനുള്ള ശേഷിനേടുന്നതിന് .
24. ഇതര വിജ്ഞാനങ്ങളെ അന്തർവൈജ്ഞാനികമായി സമീപിക്കുന്നതിലൂടെ തനതു ചിന്താപദ്ധതി വികസിപ്പിക്കുന്നതിന്.

25. വിശ്വസാഹിത്യത്തിലെയും ഭാരതീയ സാഹിത്യത്തിലെയും ആഖ്യാന സമ്പ്രദായങ്ങൾ, സൗന്ദര്യസങ്കല്പങ്ങൾ, രാഷ്ട്രീയമാനങ്ങൾ, ആശയ മണ്ഡലങ്ങൾ തുടങ്ങിയവയെ സംബന്ധിച്ച സാമാന്യധാരണ നേടാൻ സാധിക്കുന്ന വിശ്വസാഹിത്യ മലയാളവിവർത്തനകൃതികളെ പ്രയോജനപ്പെടുത്തുന്നതിന്.

26. കേരളത്തിലെ ഫോക്‌ലോറുകളെ സംബന്ധിച്ച അറിവ് നേടുന്നതിലൂടെ മലയാള സാഹിത്യത്തിലെ പാരമ്പര്യബോധത്തിന്റെ ശക്തമായ വേരോട്ടത്തെ വിശകലനം ചെയ്യാനുള്ള പ്രാപ്തി നേടുന്നതിന്.

27. ആഖ്യാനത്തെ ഒരു ജ്ഞാനശാഖയായി സമീപിച്ച് വാമൊഴി, വരമൊഴി, മാധ്യമമൊഴി എന്നിവയിലെ ആഖ്യാനസവിശേഷതകളെ സംബന്ധിച്ച് ധാരണനേടുന്നതിന്.

28. ഭാഷാശാസ്ത്രത്തിന്റെ സങ്കല്പനങ്ങളും രീതിപദ്ധതികളും ഉപയോഗിച്ച് മലയാളഭാഷയിലെ വ്യവഹാരങ്ങളെ വിശകലനം ചെയ്യാനുള്ള ശേഷിനേടുന്നതിന്.

29. കൂടിയാട്ടം മുതലുള്ള കേരളത്തിന്റെ അനുകല്പന പാരമ്പര്യത്തെ തിരിച്ചറിയുന്നതിനും ചലച്ചിത്രം, നാടകം, ആട്ടക്കഥ തുടങ്ങിയവയുടെ കലയെയും സാഹിത്യത്തെയും സംബന്ധിച്ച് ധാരണനേടുന്നതിനും.

30. മലയാളസാഹിത്യത്തിലെ മാറ്റങ്ങളെയും പരീക്ഷണങ്ങളെയും ചരിത്രവീക്ഷണത്തോടെ മനസ്സിലാക്കുന്നതിന്.

31. ഭാരതീയവും വൈദേശികവുമായ സാഹിത്യസിദ്ധാന്ത പഠനത്തിലൂടെ സാഹിത്യചിന്തകളുടെ അന്തർധാരകൾ ശക്തമായി സ്വാധീനിച്ച മലയാളസാഹിത്യത്തെ വിശകലനം ചെയ്യാനുള്ള പ്രാപ്തി നേടുന്നതിന്.

32. സാഹിത്യസിദ്ധാന്തങ്ങളുടെ ദാർശനിക പശ്ചാത്തലവും സൈദ്ധാന്തിക വിവക്ഷകളും രീതിശാസ്ത്രവും തിരിച്ചറിയുന്നതിലൂടെ തനതായ രീതികൾ വികസിപ്പിക്കുന്നതിനും വിലയിരുത്തുന്നതിനുമുള്ള ശേഷികൈവരിക്കുന്നതിന്.

33. കേരളചരിത്ര പുസ്തകങ്ങളെയും ചരിത്രരചനാരീതിശാസ്ത്രത്തെയും വിമർശനാത്മകമായി സമീപിക്കാനും പുതിയ ചരിത്രാന്വേഷണങ്ങൾ ഏറ്റെടുക്കാനുമുള്ള മനോഭാവവും പ്രായോഗികാനുഭവവും കൈവരിക്കുന്നതിനും.

34. മലയാളഭാഷയെയും സാഹിത്യത്തെയും സംസ്കാരത്തെയും രൂപപ്പെടുത്തിയതിൽ തമിഴ്, സംസ്കൃത ഭാഷകൾ ചെലുത്തിയ സ്വാധീനത്തെ സംബന്ധിച്ച് ആഴത്തിൽ ധാരണനേടുന്നതിനും ഭാഷാസൂത്രണത്തിൽ പ്രയോജനപ്പെടുത്തുന്നതിനും നിലപാടു സ്വീകരിക്കുന്നതിനും.

35. പ്രാചീനവും നവീനവുമായ വൈവിധ്യധാരകളുള്ള കേരളീയധൈഷണിക, വൈജ്ഞാനിക, ചിന്താസാഹിത്യത്തെ വിശദമായി മനസ്സിലാക്കുന്നതിലൂടെ സാഹിത്യപഠനത്തെ അതിന്റെ സമഗ്രതയിൽ സമീപിക്കാനും അപഗ്രഥിക്കാനും അന്വേഷിക്കാനുമുള്ള ശേഷിനേടുക.

II.നൈപുണിതലം (Psycho-motor Domain)

1. കേട്ടും വായിച്ചും അനായാസം ആശയധാരണ നേടുന്നതിനും ഔപചാരികവും അനൗപചാരികവുമായ സന്ദർഭങ്ങളിൽ ഭാഷ ശക്തമായി ഉപയോഗിക്കുന്നതിനും ശക്തമായും ഫലപ്രദമായും സർഗാത്മകമായും ഭാഷ എഴുതി പ്രകടിപ്പിക്കാൻ കഴിയുന്നവിധത്തിൽ തനതായശൈലി വികസിപ്പിക്കുന്നതിനും.
2. സർഗാത്മകരചനകളിൽ ഏർപെടുന്നതിനും രചനകളിലെ സർഗാത്മകത തിരിച്ചറിയുന്നതിനും.
3. വിവിധ പ്രോഗ്രാമുകളുമായി ബന്ധപ്പെട്ട പഠിതാക്കൾക്ക് അവരുടെ ജ്ഞാനത്തെ മാതൃഭാഷയുമായി ബന്ധിപ്പിക്കുന്നതിനുള്ള ശേഷിനേടുന്നതിന്.
4. കമ്പ്യൂട്ടിംഗ്, വെബ് ഡിസൈനിംഗ്, പത്രം, ബ്ലോഗ് എന്നിവ മാതൃഭാഷയിൽ ആവിഷ്കരിക്കാനുള്ള വൈദഗ്ധ്യം നേടുന്നതിനും ഭാഷാപോഷണത്തിൽ ഏർപെടുന്നതിനും.
5. മാധ്യമപഠന മേഖലയിൽ താല്പര്യം ഉണ്ടാകുന്നതിനും അടിസ്ഥാന വൈദഗ്ധ്യം നേടുന്നതിനും.
6. ഉയർന്ന ചിന്താപ്രക്രിയക്ക് അവസരം ലഭിക്കുന്നതിലൂടെ അപഗ്രഥന, ഉദ്ഗ്രഥന, വിലയിരുത്തൽ നൈപുണികൾ വികസിപ്പിക്കുന്നതിന്.
7. കേരളത്തിന്റെ സാംസ്കാരികവ്യതിരിക്തതകളെ തിരിച്ചറിയുന്നതിനും അഭിലഷണീയമായ രീതിയിൽ പുനർനിർമ്മിക്കുന്നതിനുള്ള ശേഷി കൈവരിക്കുന്നതിനും.
8. ലാംഗ്വേജ് ലാബ് പോലുള്ള ആധുനിക സാങ്കേതികവിദ്യയുടെ സഹായത്താൽ സൈദ്ധാന്തികവും പ്രായോഗികവുമായി ഭാഷാനൈപുണികൾ വികസിപ്പിക്കുന്നതിന്.
9. ഇംഗ്ലീഷിൽനിന്ന് മലയാളത്തിലേക്കും മലയാളത്തിൽനിന്ന് ഇംഗ്ലീഷിലേക്കും വിവർത്തനം ചെയ്യുന്നതിനുള്ള പ്രാപ്തിനേടുന്നതിന്.
10. ശാസ്ത്രസാങ്കേതിക മുന്നേറ്റം ലോകത്തെ കൈവെള്ളയിലേക്ക് കൊണ്ടുവരിക വഴി കൈവരുന്ന വിവർത്തനത്തിന്റെ അനന്തസാധ്യതകളെ തിരിച്ചറിഞ്ഞ് പ്രയോജനപ്പെടുത്തുന്നതിന്.
11. കേരളസംസ്കാരത്തെ രൂപപ്പെടുത്തിയ പലമകളെയും കലർപ്പുകളെയും ചരിത്രപശ്ചാത്തലത്തിൽ മനസ്സിലാക്കുകവഴി ബഹുസ്വരതയെ അവയുടെ തനതുസവിശേഷതകളോടെ അംഗീകരിക്കാനും ആദരിക്കാനും ഉൾക്കൊള്ളാനുമുള്ള മനോഭാവം വളർത്തുന്നതിന്.

III. വൈകാരികതലം (Affective Domain)

1. മാതൃഭാഷയെക്കുറിച്ച് അഭിമാനംകൊള്ളുന്നതിനും അതിനുവേണ്ടി നിലകൊള്ളുന്നതിനും.
2. മലയാളിയുടെ സംസ്കാരത്തോടും പൈതൃകത്തോടും ആദരവ്, ബഹുമാനം എന്നിവ ഉണ്ടാകുന്നതിന്.
3. പ്രകൃതിയെസ്നേഹിക്കാനും സംരക്ഷിക്കാനും കഴിയുന്നിടത്തോളം പ്രകൃതിയോടിണങ്ങി ജീവിക്കാനുമുള്ള അറിവും നൈപുണിയും മനോഭാവവും ഉണ്ടാകുന്നതിന്.
4. സാഹിത്യപഠനത്തിലൂടെ ഭാഷയുടെസൗന്ദര്യാത്മകവും സാംസ്കാരികവും വൈകാരികവുമായ തലങ്ങൾ ആർജ്ജിക്കുന്നതിന്.
5. കൊള്ളകൊടുക്കലിലൂടെ ഭാഷയെ സമ്പന്നമാക്കുന്നതിനുള്ള മനോഭാവവും ശേഷിയും വളരുന്നതിന്.
6. സാഹിത്യകാരന്മാരെ ആദരിക്കുന്നതിനും സാഹിത്യസൃഷ്ടികൾ ആസ്വദിക്കുന്നതിനുമുള്ള മനോഭാവം വളരുന്നതിന്.
7. ഭാഷാവിവേചനങ്ങൾക്കെതിരെ ക്രിയാത്മകമായി ഇടപെടുന്നതിന്.
8. സ്വന്തംഭാഷയോടും സംസ്കാരത്തോടും ജ്ഞാനവ്യവസ്ഥയോടും ഉള്ളതാൽപര്യം സാഹിത്യാസ്വാദനം വഴി വികസിപ്പിക്കുന്നതിന്.
9. പിതൃകേന്ദ്രീകൃത, ആണധികാര സ്ഥാപിതമൂല്യങ്ങളിലെ വിവേചനം തിരിച്ചറിയുന്നതിനും അവയെ പുനർനിർണയിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ക്രിയാത്മകമായി ഇടപെടുന്നതിനുമുള്ള മനോഭാവം.
10. ദളിത്, ന്യൂനപക്ഷ, കലാസാഹിത്യ-ഭാഷാപാരമ്പര്യങ്ങളുടെ സംസ്കാരിക പ്രാധാന്യം തിരിച്ചറിഞ്ഞ് അവയ്ക്കുവേണ്ടി നിലകൊള്ളുന്നതിനും അവരോടൊപ്പം പ്രവർത്തിക്കുന്നതിനുമുള്ള മനോഭാവം.
11. മാധ്യമരംഗത്തെ അനാരോഗ്യപ്രവണതകൾക്കെതിരെ നിലപാടെടുക്കുന്നതിനും നിലകൊള്ളുന്നതിനമുള്ള മനോഭാവം.
12. ലോകജനതയെയും സാഹിത്യത്തെയും വിവർത്തന താരതമ്യപഠനങ്ങളിലൂടെ മനസ്സിലാക്കുന്നതിലൂടെ വിശ്വമാനവികതയിലേക്കുയർന്ന് ചിന്തിക്കാനും നിലപാടെടുക്കാനും കഴിയൽ.
13. കാവ്യങ്ങളുടെ സൂക്ഷ്മമായ പാഠപഠനങ്ങളിലൂടെ പുതിയ ആസ്വാദന മേഖലകൾ കണ്ടെത്തുന്നതിന്.

IV. സാമൂഹിക തലം (Social Domain)

1. വൈകാരികവും സൗന്ദര്യാത്മകവുമായ ജ്ഞാനാർജനത്തിലൂടെ മികച്ച വ്യക്തിജീവിതവും സമൂഹജീവിതവും സാദ്ധ്യമാക്കുന്നതിന്.
2. നല്ല മാനസികാരോഗ്യവും കായികാരോഗ്യവുംനേടി ഉന്നതസാമൂഹ്യജീവിതം സാദ്ധ്യമാക്കുന്നതിന്.

3. തുല്യത, സാമൂഹ്യനീതി, സ്വാതന്ത്ര്യം എന്നിവയുടെ അടിസ്ഥാനത്തിൽ ചുറ്റുപാടുമുള്ള വ്യവഹാരങ്ങളെ വിമർശനാത്മകമായി വിലയിരുത്തുന്നതിനും മാനവികമായ നിലപാടുകൾ സ്വീകരിച്ച് ശക്തമായി ഇടപെടുന്നതിനും.
4. സഹകരണാത്മക, സഹവർത്തിത പഠനപ്രവർത്തനങ്ങളിൽ ഏർപെടുന്നതിനും സാമൂഹികഗുണങ്ങൾ ആർജിക്കുന്നതിനും സ്വന്തംവികാസത്തിനും മറ്റുള്ളവരുടെ ഉയർച്ചയ്ക്കും കാരണമാകുന്നതിനും.
5. സാഹിത്യത്തിനും സാംസ്കാരികഉന്നമനത്തിനും സാമൂഹികനീതിക്കും വേണ്ടിയുള്ള വിവിധ കൂട്ടായ്മങ്ങൾ സൃഷ്ടിക്കുന്നതിന്, പങ്കെടുക്കുന്നതിന്, നേതൃത്വപരമായ പങ്കു വഹിക്കുന്നതിന്.
6. സർഗാത്മകമായ കഴിവുകളെ സാമൂഹികോന്നമനത്തിന് പ്രയോജനപ്പെടുത്തുന്നതിന്.
7. വൈവിധ്യങ്ങളെ ഇല്ലാതാക്കുന്ന വിവിധ സാംസ്കാരിക അധിനിവേശങ്ങളെ ബഹുത്വത്തോടും പ്രാദേശികതയോടും ചേർന്നുനിന്നുകൊണ്ട് പ്രതിരോധിക്കുന്നതിന്.
8. നാടകത്തിന്റെ ബോധനപരമായ ശക്തി തിരിച്ചറിയുന്നതിനും അതുവഴി ബോധന ഉപാധി എന്ന നിലയിൽ നാടകത്തെ പ്രയോജനപ്പെടുത്തുന്ന രംഗാവതരണ പ്രവർത്തനങ്ങളിൽ പങ്കാളിയാവുന്നതിനും.

പട്ടിക 63

കാലിക്കറ്റ് സർവ്വകലാശാലയിലെ സർക്കാർ കോളേജുകളിലെ എം.എ. പരീക്ഷാഫലം

വർഷം			ഗവ.ആർട്സ് കോളേജ്, കോഴിക്കോട്			ശ്രീ നീലകണ്ഠ സർക്കാർ സംസ്കൃത കോളേജ്, പട്ടാമ്പി			കെ.കെ.ടി.എം.ഗവ.കോളേജ്, പല്ലാവൂർ			ടി.എം.ഗവ.കോളേജ്, തിരൂർ		
			ചേർന്നത്	17	17	ചേർന്നത്	20	18	ചേർന്നത്	15	12	ചേർന്നത്		
			പരീക്ഷ എഴുതിയത്	12	16	പരീക്ഷ എഴുതിയത്	20	18	പരീക്ഷ എഴുതിയത്	15	12	പരീക്ഷ #യെഴുതിയത്		
2012-13	2013-14	യോഗ്യത നേടിയവർ	12	16	യോഗ്യത നേടിയവർ	20	18	യോഗ്യത നേടിയവർ	15	12	യോഗ്യത നേടിയവർ			
		വേറെ യോഗ്യതയുള്ളവർ SC/ ST	-	-	വേറെ യോഗ്യതയുള്ളവർ SC/ ST			വേറെ യോഗ്യതയുള്ളവർ SC/ ST			വേറെ യോഗ്യതയുള്ളവർ SC/ ST	-	-	-
		മറ്റുള്ളവർ	-	-	മറ്റുള്ളവർ			മറ്റുള്ളവർ			മറ്റുള്ളവർ			
		OBC	-	-	OBC			OBC			OBC			
		ചേർന്നത്	17	15	ചേർന്നത്	18	18	ചേർന്നത്	12	12	ചേർന്നത്			
		പരീക്ഷ എഴുതിയത്	16	13	പരീക്ഷ എഴുതിയത്	19	19	പരീക്ഷ എഴുതിയത്	12	12	പരീക്ഷ #യെഴുതിയത്			
2013-14	2014-15	യോഗ്യത നേടിയവർ	16	13	യോഗ്യത നേടിയവർ	18	18	യോഗ്യത നേടിയവർ	12	12	യോഗ്യത നേടിയവർ			
		വേറെ യോഗ്യതയുള്ളവർ SC/ ST	-	-	വേറെ യോഗ്യതയുള്ളവർ SC/ ST		1	വേറെ യോഗ്യതയുള്ളവർ SC/ ST		-	വേറെ യോഗ്യതയുള്ളവർ SC/ ST		-	
		മറ്റുള്ളവർ	-	-	മറ്റുള്ളവർ			മറ്റുള്ളവർ		-	മറ്റുള്ളവർ			
		OBC	-	-	OBC			OBC		-	OBC			
		ചേർന്നത്	18	18	ചേർന്നത്	18	17	ചേർന്നത്	12	12	ചേർന്നത്	18	16	16
		പരീക്ഷ എഴുതിയത്	18	18	പരീക്ഷ എഴുതിയത്	17	15	പരീക്ഷ എഴുതിയത്	12	12	പരീക്ഷ #യെഴുതിയത്	16	16	14
2014-15	2015-16	യോഗ്യത നേടിയവർ	18	18	യോഗ്യത നേടിയവർ	15	15	യോഗ്യത നേടിയവർ	12	12	യോഗ്യത നേടിയവർ	16	16	14
		വേറെ യോഗ്യതയുള്ളവർ SC/ ST	-	-	വേറെ യോഗ്യതയുള്ളവർ SC/ ST	1	1	വേറെ യോഗ്യതയുള്ളവർ SC/ ST		-	വേറെ യോഗ്യതയുള്ളവർ SC/ ST	-	-	-
		മറ്റുള്ളവർ			മറ്റുള്ളവർ	1	1	മറ്റുള്ളവർ			മറ്റുള്ളവർ			
		OBC			OBC			OBC			OBC			
		ചേർന്നത്			ചേർന്നത്	18	18	ചേർന്നത്	12	13	ചേർന്നത്	17	15	15
		പരീക്ഷ എഴുതിയത്			പരീക്ഷ എഴുതിയത്	18	18	പരീക്ഷ എഴുതിയത്	12	13	പരീക്ഷ #യെഴുതിയത്	15	14	14
2015-16	2016-17	യോഗ്യത നേടിയവർ			യോഗ്യത നേടിയവർ	18	18	യോഗ്യത നേടിയവർ	12	13	യോഗ്യത നേടിയവർ	15	14	14
		വേറെ യോഗ്യതയുള്ളവർ SC/ ST	-		വേറെ യോഗ്യതയുള്ളവർ SC/ ST			വേറെ യോഗ്യതയുള്ളവർ SC/ ST			വേറെ യോഗ്യതയുള്ളവർ SC/ ST			-
		മറ്റുള്ളവർ			മറ്റുള്ളവർ			മറ്റുള്ളവർ			മറ്റുള്ളവർ			
		OBC			OBC			OBC			OBC			
		ചേർന്നത്			ചേർന്നത്	19	18	ചേർന്നത്	13	13	ചേർന്നത്	17	15	15
		പരീക്ഷ എഴുതിയത്			പരീക്ഷ എഴുതിയത്	18	18	പരീക്ഷ എഴുതിയത്	13	13	പരീക്ഷ #യെഴുതിയത്	15	15	15
2016-17	ശരാശരി	യോഗ്യത നേടിയവർ			യോഗ്യത നേടിയവർ	18	18	യോഗ്യത നേടിയവർ	12	13	യോഗ്യത നേടിയവർ	15	15	15
		വേറെ യോഗ്യതയുള്ളവർ SC/ ST			വേറെ യോഗ്യതയുള്ളവർ SC/ ST			വേറെ യോഗ്യതയുള്ളവർ SC/ ST			വേറെ യോഗ്യതയുള്ളവർ SC/ ST			
		മറ്റുള്ളവർ			മറ്റുള്ളവർ			മറ്റുള്ളവർ			മറ്റുള്ളവർ			
		OBC			OBC			OBC			OBC			

പട്ടിക 64

കാലിക്കറ്റ് സർവ്വകലാശാലയിലെ സർക്കാരിതര കോളേജുകളിലെ എം.ഫി. പഠനസൗകര്യം

വർഷം	ശ്രീകേരള വർമ്മ കോളേജ് തൃശ്ശൂർ				മലബാർ ക്രിസ്ത്യൻ കോളേജ് കോഴിക്കോട്				ഉത്തരായനപ്പുൽ കോളേജ് കോഴിക്കോട്				ശ്രീനാരായണ കോളേജ് നാട്ടിക, തൃശ്ശൂർ			
	ഫെലോസ്	സ്ഥിരം അധ്യാപകർ	ഗെയ്സ്റ്റ് അധ്യാപകർ	യോഗ്യത നേടാത്തവർ	ഫെലോസ്	സ്ഥിരം അധ്യാപകർ	ഗെയ്സ്റ്റ് അധ്യാപകർ	യോഗ്യത നേടാത്തവർ	ഫെലോസ്	സ്ഥിരം അധ്യാപകർ	ഗെയ്സ്റ്റ് അധ്യാപകർ	യോഗ്യത നേടാത്തവർ	ഫെലോസ്	സ്ഥിരം അധ്യാപകർ	ഗെയ്സ്റ്റ് അധ്യാപകർ	യോഗ്യത നേടാത്തവർ
				SC/ST				SC/ST				SC/ST				SC/ST
				മറ്റുള്ളവർ				മറ്റുള്ളവർ				മറ്റുള്ളവർ				മറ്റുള്ളവർ
2012-13	18	18	18	-	17	17	16	-								
				-				-								
2013-14	19	19	19	-	18	18	18		20	20	20					
				-												
2014-15	18	17	17	-	18	18	18		13	13	11	1 SC	11	9	6	-
				-								1 KP				-
												CR				
2015-16	18	17	17	-	17	17	17		16	16	16		12	11	11	-
				-												-
2016-17	21	19	19	-				-	20	20	16	-	11	10	10	-
				-				-				-				-

പട്ടിക 65

സർവ്വകലാശാലകളുടെ മൂല്യനിർണയരീതികളുടെ ചരിത്രം

യൂണി വേഴ്സിറ്റി	വർഷം	ആകെ പേപ്പർ	ആകെ മാർക്ക് / ആകെ ക്രെഡിറ്റ്	വൈവ	ഡിസർട്ടേഷൻ	നിരന്തര വിലയിരുത്തൽ ഘടകങ്ങൾ						മറ്റുള്ളവ	ആകെ പഠനകേന്ദ്രീകൃത മൂല്യനിർണയം	വിജ്ഞാപനം
						സെമിനാർ	അസൈൻമെന്റ്	ടെസ്റ്റ് പേപ്പർ	ലൈബ്രറി റെക്കോർഡ്	ഹാജർ	മിഡ് ടേം എക്സാം			
മദ്രാസ്	1920 MA	10	1400		240									
	1936 BA	5	500											
	1938 BA (honors)	6+1 (comp -osition)												40
	MA 1955-70	8	1400											
	2014	16 core 4 Elective 27	91 credit	20	20+60+20 =100	2c	Soft skill 8c Intern-ship 2c	20+20 =40	2C				40:60	
കേരള	1960-74 1977-84	9	1250	50										
	1975	9	1250	50					50					
	1989-93	9	1200	50										
	2003-2017	16	1800	100	100	v	v	v					25:75	

ഭാഷാവിഷയം	വർഷം	ആകെ പേപ്പർ	ആകെ മാർക്ക് / ആകെ ക്രെഡിറ്റ്	ദൈവ	ഡിസർട്ടേഷൻ	നിരന്തര വിലയിരുത്തൽ ഘടകങ്ങൾ						പ്രത്യേകത	ഭാഷ, കുറിപ്പുകൾ തുടങ്ങിയവ	വിജയ ശതമാനം
						സെമിനാർ	അറ്റൻഡൻസ്	ടെസ്റ്റ് പേപ്പർ	വൈവ വോസ്	ക്ലാസ്	മിഡ് ടേം എക്സാം			
മലയാളം	2016					5	10	5			20		40:60	
ഹിന്ദി	2016	18	72c/ 1800	8		10	10	8		4			40:60	
കന്നഡ	2014	16	80c	2c/50	5c/100	v5		v4	v(2)8		v3		20:80	
കന്നഡ	2010	16	72c	3c	5c	v		v	v(2)		v		25:75	
കന്നഡ	2001	16	1750	50	100	v		v	v(2)		v		20:80	
കന്നഡ	1997-2000	10	1250	Language literature culture objective type paper started										40% per paper 40%
കന്നഡ	1992	9	1250	50 previous 75 final										40% 30% (per paper minimum)
കന്നഡ	1972	9	1250	50 (previous) 75 (final)	150				50					

യൂണി വേഴ്സിറ്റി	വർഷം	ആകെ പേപ്പർ	ആകെ മാർക്ക് / ആകെ ക്രെഡിറ്റ്	വൈവ	ഡിസർ ട്ടേഷൻ	നിരന്തര വിലയിരുത്തൽ ഘടകങ്ങൾ					മറ്റുള്ളവ	അകം, പുറം പരീക്ഷകളുടെ അനുപാതം	വിജയ ശതമാനം	
						സെമിനാർ	അസൈൻമെന്റ്	ടെസ്റ്റ് പേപ്പർ	ലൈബ്രറി റെക്കോർഡ്	ഹാജർ	മിഡ് ടേം എക്സാം			
അലിഗഢ്	1985-2000	9	1000	100										
	2012	20	2050	50(pre -vious) 50 (final)									25:75	
	2017					v		v						
	1984	9	1250	50										
	1986-2001	10	1400	50										
എംജി	2012	15 core 4 elective 1 core	80c	2c	3c	2w	1w	1+1w			1w			
	2016	15core 5 elective	80c	2c 30	3c 20internal 50external (70)	4	4	4+4			4		20:80	55c
മധുരകാമരാജ്	2016	20	Core70 Elec- tive20c (90)	2c 30	3c 20inter- nal 50ex- ternal	5%	5%	15%(2)					25:75	50

പ്രോഗ്രാം ഡ്യൂറേഷൻ						നിരന്തര വിലയിരുത്തൽ ഘടകങ്ങൾ						പ്രോജക്ട്	ഫീൽഡ് വർക്ക്, ഫീൽഡ് സർവ്വേ, ഇന്റേൺഷിപ്പ് തുടങ്ങിയവ	ഓഡിയോ വിഷ്വൽ
	വർഷം	ആകെ ചോദ്യങ്ങൾ	ആകെ മാർക്ക് / ആകെ ക്രെഡിറ്റ്	വെയ്റ്റ	ഡിസർട്ടേഷൻ	സെമിനാർ	അസൈൻമെന്റ്	ടെസ്റ്റ് പേപ്പർ	ലൈബ്രറി റഫറൻസ്	ഉപന്യാസം	മിഡ് ടേം എക്സാം			
ഡ്യൂൾ	2001-2009	14	1500	25	75/creative writing								20:80	
	2013	15	1800 83c	8c	40%	20%	40%						40:60	
	2014	20	2000 80c	50	10 Internal 40 External	40	20	40					40:60	
	2015		1800 86c		40	20	40						40:60	

പട്ടിക 66

കേരളസർവ്വകലാശാലയിലെ സർക്കാർ കോളേജുകളിലെ

എം.എ. പരീക്ഷാഫലം

വർഷം	സർക്കാർ വനിതാകോളേജ് തിരുവനന്തപുരം						യൂണിവേഴ്സിറ്റി കോളേജ് തിരുവനന്തപുരം					
	ചേർന്നത്	പരീക്ഷ എഴുതിയത്	യോഗ്യത നേടിയവർ	യോഗ്യത നേടാത്തവർ			ചേർന്നത്	പരീക്ഷ എഴുതിയത്	യോഗ്യത നേടിയവർ	യോഗ്യത നേടാത്തവർ		
				SC/ ST	മറ്റുള്ളവർ	OBC				SC/ ST	മറ്റുള്ളവർ	OBC
2012-13	11	9	9	-	-	-						
2013-14	13	12	11	1 SC	-	-						
2014-15	21	20	18	-	-	1	30	30	28			
2015-16	14	14	13	-	-	1	24	22	22	1 SC		
2016-17	18	18	18			1	26	22	22	1 SC		
Average	15	15	14				27	25	24			

പട്ടിക 67

കേരളസർവ്വകലാശാലയിലെ സർക്കാരിതര കോളേജുകളിലെ

എം.എ. പരീക്ഷാഫലം

വർഷം	എൻ.എസ്.എസ്.കോളേജ് നിലമേൽ, കൊല്ലം												ഫാത്തിമമാതാ നാഷണൽ കോളേജ് കൊല്ലം												ശ്രീനാരായണ കോളേജ് കൊല്ലം												എച്ച്.എച്ച്.എം.എസ്.പി.ബി.എൻ.എസ്. എസ്.കോളേജ് പേരാർ വിമൻ നീറമൺകര (ആകെ സീറ്റ് 14) തിരുവനന്തപുരം											
	ഭൗതികം		രാസികം എഴുത്തുകൾ		ഭൗമശാസ്ത്രം		യോഗ്യത നേടാത്തവർ				ഭൗതികം		രാസികം എഴുത്തുകൾ		ഭൗമശാസ്ത്രം		യോഗ്യത നേടാത്തവർ				ഭൗതികം		രാസികം എഴുത്തുകൾ		ഭൗമശാസ്ത്രം		യോഗ്യത നേടാത്തവർ				ഭൗതികം		രാസികം എഴുത്തുകൾ		ഭൗമശാസ്ത്രം		യോഗ്യത നേടാത്തവർ			
							SC/ ST		മുസ്ലീം		OBC						SC/ST		മുസ്ലീം		OBC						SC/ST		മുസ്ലീം		OBC						SC/ST		മുസ്ലീം		OBC	
2012-13	20	15	15	15	-					13	10	8	-	1	1																	12	12	12	-	-	-							
2013-14	18	14	14	14	-					16	16	14	2sc	-																		10	10	10	-	-	-							
2014-15	20	19	19	19	-					20	19	16	2sc		1																	12	12	12	-	-	-							
2015-16	20	19	16	16		3	-			20	20	19	1sc	-																		12-	12	12	-	-	-							
2016-17	20	19	18	18	-	1	-			17	15	12	1sc	1	1																	13	12	12	-	-	-							
ശരാശരി	19	17	16	16						17	16	14	-	-	-																	12	12	12	-	-	-							

പട്ടിക 68
എം.ജി. സർവ്വകലാശാല സർക്കാർ ഇതരകോളേജുകളിലെ
എം.എ. പരീക്ഷാഫലം

വർഷം	ദേവമാതാ കോളേജ് കുറവിലങ്ങാട്						അസംപ്ഷൻ കോളേജ് ചങ്ങനാശ്ശേരി എം.എ-സ്വാശ്രയം					
	ചേർന്നത്	പരീക്ഷ എഴുതിയത്	യോഗ്യത നേടിയവർ	യോഗ്യത നേടാത്തവർ			ചേർന്നത്	പരീക്ഷ എഴുതിയത്	യോഗ്യത നേടിയവർ	യോഗ്യത നേടാത്തവർ		
				SC/ ST	മറ്റുള്ളവർ	OBC				SC/ ST	മറ്റുള്ളവർ	OBC
2011-12												
2012-13	15	15	9	1 SC	3	1						
2013-14	14	13	8	1 SC	2	2						
2014-15	14	15	8	2 SC	2	3						
2015-16	11	13	6	2 SC	2	3						
2016-17	12	14	10	2 SC	1	1	11/15	9	7	1 SC		

വർഷം	സെന്റ് തോമസ് കോളേജ്, കോഴഞ്ചേരി					
	ചേർന്നത്	പരീക്ഷ എഴുതിയത്	യോഗ്യത നേടിയവർ	യോഗ്യത നേടാത്തവർ		
				SC/ST	മറ്റുള്ളവർ	OBC
2012-13						
2013-14						
2014-15	15	15	14		1	
2015-16	17	16	13	SC 1	2	
2016-17	7	7	5	SC 2		

സർക്കാർ സ്കൂളുകളിലെ പി.ഒ.ടി. പാർട്ടിന്റെ തസ്തികകൾ

പട്ടിക 69

വർഷം	ഇരിക്കുന്ന സർക്കാർ സ്കൂളുകളിലെ (സാധാരണ) പാഠ്യപദ്ധതിയിലുള്ള ക്ലാസ്						ഇരിക്കുന്ന സർക്കാർ സ്കൂളുകളിലെ (സ്പെഷ്യൽ) പാഠ്യപദ്ധതിയിലുള്ള ക്ലാസ്						ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി						കേരള സർവ്വകലാശാല കോളേജ്					
	ഭരണനം	ഹൈസ്കൂൾ ടീച്ചർ	ഭാഷാധ്യാപകർ	യോഗ്യതയുള്ള അദ്ധ്യാപകർ	വർക്ക് എക്സ്പീരിയൻസുള്ള അദ്ധ്യാപകർ		ഭരണനം	ഹൈസ്കൂൾ ടീച്ചർ	ഭാഷാധ്യാപകർ	യോഗ്യതയുള്ള അദ്ധ്യാപകർ	വർക്ക് എക്സ്പീരിയൻസുള്ള അദ്ധ്യാപകർ		ഭരണനം	ഹൈസ്കൂൾ ടീച്ചർ	ഭാഷാധ്യാപകർ	യോഗ്യതയുള്ള അദ്ധ്യാപകർ	വർക്ക് എക്സ്പീരിയൻസുള്ള അദ്ധ്യാപകർ		ഭരണനം	ഹൈസ്കൂൾ ടീച്ചർ	ഭാഷാധ്യാപകർ	യോഗ്യതയുള്ള അദ്ധ്യാപകർ	വർക്ക് എക്സ്പീരിയൻസുള്ള അദ്ധ്യാപകർ	
					SC/ ST	OBC					SC/ ST	OBC					SC/ ST	OBC					SC/ ST	OBC
2011-12														114	113									
2012-13														136	136									
2013-14	19	19	19	18	-			18	18	18				136	134									
2014-15	20	20	20	20	-			9	9	6				137	136				25	25	25			
2015-16	14	14	14	14	-			13	13	13				147	145									
2016-17																								

സർവ്വകലാശാലാ പഠനവിഭാഗങ്ങളിലെ പരീക്ഷാഫലം (തുടർച്ച)

വർഷം	മദ്രാസ് സർവ്വകലാശാല						മധുര കാമരാജ് സർവ്വകലാശാല						കേരള സർവ്വകലാശാല					
	ചേർന്നത്	പരീക്ഷ എഴുതിയത്	യോഗ്യത നേടിയവർ	യോഗ്യത നേടാത്തവർ			ചേർന്നത്	പരീക്ഷ എഴുതിയത്	യോഗ്യത നേടിയവർ	യോഗ്യത നേടാത്തവർ			ചേർന്നത്	പരീക്ഷ എഴുതിയത്	യോഗ്യത നേടിയവർ	യോഗ്യത നേടാത്തവർ		
				SC/ST	മറ്റുള്ളവർ	OBC				SC/ST	മറ്റുള്ളവർ	OBC				SC/ST	മറ്റുള്ളവർ	OBC
2013-14	20	5	5	-	-	-	4	4	4	-	-	-	16	16	16	-	-	-
2014-15	60	4	4	-	-	-	1	1	1				15	15	14	-	-	-
2015-16	5	10*	10				-	-	-	-			16	16	16	-	-	-
2016-17	5	12*	12					3	3	-	-	-	14	13	13	-	-	-
2017-18	5	8	8	-	-	-	-	-	-	-	-	-	15	14	13	2SC		

**സപ്ലിമെന്ററി എഴുതുന്ന വിദ്യാർത്ഥികൾ ഉൾപ്പെടെ*

സർവ്വകലാശാലാ പഠനവിഭാഗങ്ങളിലെ പരീക്ഷാഫലം (തുടർച്ച)

വർഷം	കണ്ണൂർ സർവ്വകലാശാല						കോഴിക്കോട് സർവ്വകലാശാല						മഹാത്മാഗാന്ധി സർവ്വകലാശാല						*അലിഗഢ് മുസ്ലിം സർവ്വകലാശാല					
	ഭൂരിഭാഗം	പട്ടികജാതി/വർഗ്ഗം	മുസ്ലീം	മറ്റുള്ളവർ	SC/ ST	OBC	ഭൂരിഭാഗം	പട്ടികജാതി/വർഗ്ഗം	മുസ്ലീം	മറ്റുള്ളവർ	SC/ST	OBC	ഭൂരിഭാഗം	പട്ടികജാതി/വർഗ്ഗം	മുസ്ലീം	മറ്റുള്ളവർ	SC/ ST	OBC	ഭൂരിഭാഗം	പട്ടികജാതി/വർഗ്ഗം	മുസ്ലീം	മറ്റുള്ളവർ	SC/ST	OBC
2011-12	25	25	25										1	1	1		-	-
2012-13	28	28	28				24	24	24		-	-	4	4	4		-	-
2013-14	30	30	30				31	31	31		-	-	4	4	4			
2014-15	24	24	23				31	28	28								-	-
2015-16	33	33	33				30	30	30				8	8	8			
2016-17							30	29	29				10	10	9			

*2016 വരെ 10 സീറ്റ്, തുടർന്ന് 5 സീറ്റ്

അദ്ധ്യായം 13

കണ്ടെത്തലുകൾ, നിഗമനങ്ങൾ

13.1. എം.എ. മലയാള പഠനം-സർവ്വെഫലം

1. കോഴ്സിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമായി എം.എ.മലയാളം പ്രോഗ്രാമിന്റെ സിലബസ് സമയബന്ധിതമായി പൂർത്തിയാക്കാൻ 95% അദ്ധ്യാപകർക്കും സാധിക്കുന്നില്ല. 70%അദ്ധ്യാപകരും വിശദപഠനത്തിനുള്ള പാഠഭാഗങ്ങളിൽ മാത്രമാണ് ശ്രദ്ധകേന്ദ്രീകരിക്കുന്നത്. വിദ്യാർത്ഥികളിൽ 90% പേരും പാഠ്യപദ്ധതി ഭാഗികമായി മാത്രമേ പൂർത്തിയാക്കാറുള്ളൂവെന്ന് അഭിപ്രായപ്പെടുന്നു. കേരളത്തിനുപുറത്തുള്ള സർവ്വകലാശാലകളിലെ എം.എ.മലയാളം കോഴ്സുകൾക്ക് ഉള്ളടക്കം കുറവായതിനാൽ അവിടെ ഈ പ്രശ്നം നിലനില്ക്കുന്നില്ല.

2. നിരന്തരവിലയിരുത്തലിന്റെ ഭാഗമായ ടെസ്റ്റ്പേപ്പർ രണ്ടെണ്ണം നിർദ്ദേശിക്കുന്നുണ്ടെങ്കിലും 90% സ്ഥാപനങ്ങളിലും ഒരണ്ണത്തിനുമാത്രമേ സമയം കിട്ടുന്നുള്ളൂ. ടെസ്റ്റ്പേപ്പറിനുശേഷം ഫീഡ്ബാക്കുകൾ വ്യക്തിപരമായി നല്കുന്നത് 10% അദ്ധ്യാപകരാണ്. മറ്റുള്ളവർ ക്ലാസിൽ പൊതുവായി പറയുകയാണ് ചെയ്യുന്നത്.

3. നിരന്തര വിലയിരുത്തലിന്റെ ഭാഗമായ അസൈൻമെന്റുകൾ ഒരു കുട്ടിക്ക് ഒരു വിഷയം എന്ന നിലയിലാണ് നല്കുന്നത്. സമയക്കുറവു മൂലം സൂക്ഷ്മമായി വിലയിരുത്താൻ സാധിക്കാറില്ലെന്ന് 80% അദ്ധ്യാപകർ അഭിപ്രായപ്പെട്ടു. ഫീഡ്ബാക്കുകൾ രേഖപ്പെടുത്തുകയോ ക്ലാസിൽ പറയുകയോ ആണ് ചെയ്യുന്നത്. 80% സ്ഥാപനങ്ങളിലും വിഷയം കുട്ടികളാണ് തെരഞ്ഞെടുക്കുന്നത്.

4. നിരന്തര വിലയിരുത്തലിന്റെ ഭാഗമായ സെമിനാറിന്റെ വിഷയം തീരുമാനിക്കുന്നത് 50% സ്ഥാപനങ്ങളിൽ കുട്ടികളുമായി ചർച്ചചെയ്യും അല്ലാത്തിടത്ത് അദ്ധ്യാപകർ നിർദേശിക്കുകയുമാണ് ചെയ്യുന്നത്. 10% സ്ഥാപനങ്ങളിൽ സെമിനാർ നടക്കുന്നില്ല. 20% സ്ഥാപനങ്ങളിൽ മാത്രമേ സെമിനാറിന്റെ

വിലയിരുത്തൽ തത്സമയം രേഖപ്പെടുത്തുന്നുള്ളൂ. കാലടി സർവ്വകലാശാലയിലാണ് ഫോർമാറ്റുപയോഗിച്ചുള്ള വിലയിരുത്തലും രേഖപ്പെടുത്തലും കൃത്യമായി നടക്കുന്നത്. 10% സ്ഥാപനങ്ങളിൽ മാത്രമാണ് സെമിനാർ പേപ്പറുകൾ സെമിനാറിനുമുമ്പ് വിലയിരുത്തി ഗുണമേന്മ ഉറപ്പുവരുത്തുന്നുള്ളൂ. സെമിനാർ നടക്കുമ്പോൾ ടീച്ചറുടെ സാനിദ്ധ്യം മുഴുവൻ സമയം ഉണ്ടാകുന്നുണ്ട്.

5. ഇന്റേണൽ മാർക്കുകൾ 90% സ്ഥാപനങ്ങളിലും നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കാറുണ്ട്. ഇന്റേണൽ മാർക്കുകൾ സംബന്ധിച്ച് പരാതികൾ ഉണ്ടാവാറുണ്ടെന്ന് 20% അദ്ധ്യാപകരും വിദ്യാർത്ഥികളും അഭിപ്രായപ്പെട്ടു. 70% വിദ്യാർത്ഥികൾ ഇന്റേണൽ മാർക്കുകൾ തങ്ങൾക്കർഹമായതാണ് കിട്ടുന്നതെന്നും 20% പേർ അർഹിച്ചതിൽ കുറവാണ് കിട്ടുന്നതെന്നും 10% പേർ അർഹമായതിൽ കൂടുതലാണ് കിട്ടുന്നതെന്നും അഭിപ്രായപ്പെട്ടു. 20% അദ്ധ്യാപകർ റിസൽറ്റ് മെച്ചപ്പെടുത്താൻ അർഹമായതിലും കൂടുതൽ മാർക്കുകൾ നല്കാറുണ്ടെന്നും രേഖപ്പെടുത്തി. 10% വിദ്യാർത്ഥികൾ ഇന്റേണൽ മാർക്കുകൾ നല്കുന്നതിൽ അദ്ധ്യാപകർ വിവേചനം കാണിക്കുന്നു എന്ന അഭിപ്രായമുള്ളവരാണ്. മൗലികതയും ഗുണമേന്മയും പരിഗണിച്ചുകൊണ്ടാണ് മാർക്കുകൾ നല്കുന്നതെന്ന് മുഴുവൻ അദ്ധ്യാപകരും അഭിപ്രായപ്പെട്ടു.

6. പഠിപ്പിക്കാനുള്ള തയ്യാറെടുപ്പുകൾക്ക് ദിവസം ഒരു മണിക്കൂർ സമയം ആണ് 70% അദ്ധ്യാപകർ ചെലവഴിക്കുന്നത്. മറ്റുള്ളവർ 2-4മണിക്കൂർ സമയവുമാണ്. ഈ സമയം അവർ കണ്ടെത്തുന്നത് സ്ഥാപനത്തിൽവെച്ചും വീട്ടിൽവെച്ചും ആണ്.

7. ടീച്ചേർസ് ഡയറി സ്ഥിരമായി എഴുതുന്നവരോ അങ്ങനെ ചെയ്യുന്നത് അദ്ധ്യാപനത്തെ സഹായിക്കുമെന്ന് വിശ്വാസിക്കുന്നവരൊ അല്ല 90% അദ്ധ്യാപകരും.

8. തനിക്കോ, ക്ലാസ് മുറിക്കോ സഹായകമാകുമെന്നു കരുതുന്ന സെമിനാറുകളിൽ പങ്കെടുക്കുന്നവരാണ് എല്ലാ അദ്ധ്യാപകരും.

9. എല്ലാവരും സ്ഥിരമായി വായിക്കുന്ന ആനുകാലികം മാതൃഭൂമി ആഴ്ചപ്പതിപ്പാണ്. 10% പേർ പത്തിലധികം അനുകാലികങ്ങൾ വായിക്കുന്നവരും 30% പേർ നാലുമുതൽ എട്ടുവരെ അനുകാലികങ്ങൾ വായിക്കുന്നവരും 20% പേർ മൂന്നെണ്ണവും (മാതൃഭൂമി, മാധ്യമം, ഭാഷാപോഷിണി) 30% പേർ രണ്ടെണ്ണവും (മാതൃഭൂമി-മാധ്യമം/മാതൃഭൂമി-ഭാഷാപോഷിണി) 10% പേർ ഒരെണ്ണവും (മാതൃഭൂമി)ആണ് വായിക്കുന്നത്.

10. എം.എ. പഠിതാക്കളിൽ 40% പേർ ഒരു അനുകാലികവും സ്ഥിരമായി വായിക്കുന്നില്ല. നാലിൽ കൂടുതൽ അനുകാലികങ്ങൾ വായിക്കുന്നവർ ആരും

തന്നെയില്ല. 30% പേർ മാതൃഭൂമിയും 10% പേർ മാതൃഭൂമിയും ഭാഷാപോഷിണിയും 10% പേർ മാതൃഭൂമി, ഭാഷാപോഷിണി, മലയാളം വാരിക എന്നിവയും 10% പേർ ഇവയോടൊപ്പം പച്ചക്കുതിര കൂടിയാണ് സാമാന്യമായി വായിക്കുന്നത്. വനിത, കലാകൗമുദി, മാധ്യമം, ചന്ദ്രിക, ദേശാഭിമാനി, ശാന്തം, എഴുത്ത്, യാത്ര എന്നിങ്ങനെയുള്ള ആനുകാലികങ്ങളും മാതൃഭൂമിയൊടൊപ്പം വായിക്കുന്ന കുറച്ചുപേരും രണ്ടു പുസ്തകങ്ങൾ വായിക്കുന്ന പത്തു ശതമാനത്തിൽ ഉൾപ്പെടും.

11. എം.എ. പഠിതാക്കൾ എല്ലാം കമ്പ്യൂട്ടർ പരിജ്ഞാനം ഉള്ളവരും പഠനാവശ്യാർത്ഥം കമ്പ്യൂട്ടർ ഉപയോഗിക്കുന്നരുമാണ്. 90% അദ്ധ്യാപകരും കമ്പ്യൂട്ടർ പരിജ്ഞാനം ഉള്ളവരും ഉപയോഗപ്പെടുത്തുന്നവരും ആണ്. എന്നാൽ I.C.T. സാദ്ധ്യതകൾ ഉപയോഗിച്ച് ക്ലാസെടുക്കുന്നവർ 20% മാത്രമേ ഉള്ളൂ.

12. ഇലക്ടീവ് കോഴ്സുകൾ തെരഞ്ഞെടുക്കാൻ 60% സ്ഥാപനങ്ങളിൽ വിദ്യാർത്ഥികൾക്ക് അവസരം ലഭിക്കുന്നു.

13. സെമസ്റ്റർ രീതിയെക്കാൾ നല്ലത് വാർഷികരീതിയാണെന്നാണ് 60% അദ്ധ്യാപകരും കരുതുന്നത്. 20% അദ്ധ്യാപകർക്ക് ഇക്കാര്യത്തിൽ ഒന്നും പറയാൻ കഴിയാത്ത അവസ്ഥയാണ് ഉള്ളത്. 20% അദ്ധ്യാപകർക്കുമാത്രമേ സെമസ്റ്റർ സംവിധാനമാണ് മികച്ചതെന്ന് അഭിപ്രായമുള്ളൂ.

14. എം.എ. മലയാളം ഐച്ഛികമായി തെരഞ്ഞെടുത്തത് സ്വന്തം താല്പര്യപ്രകാരമാണെന്ന് 90% പഠിതാക്കളും അഭിപ്രായപ്പെട്ടപ്പോൾ 10% പേർ മറ്റു വിഷയങ്ങളിൽ അഡ്മിഷൻ കിട്ടാത്തതുകൊണ്ടാണെന്ന് രേഖപ്പെടുത്തി.

15. പഠനത്തിന് ഐച്ഛികമായി മലയാളം തെരഞ്ഞെടുത്തതിന്റെ പേരിൽ സുഹൃത്തുക്കളിൽനിന്നും സമൂഹത്തിൽനിന്നും പരിഹാസമോ വിമർശനമോ അനുഭവിച്ചവരാണ് 90% പഠിതാക്കളും.

16. ഉയർന്ന ജോലികൾ കിട്ടുന്നതിന് മലയാളപഠനം തടസ്സമാണെന്ന് സ്വന്തം താല്പര്യപ്രകാരം മലയാളം തെരഞ്ഞെടുത്തവരാരും തന്നെ കരുതുന്നില്ല.

17. ഒരു സെമസ്റ്റർകാലയളവിൽ മൂന്നു പുസ്തകങ്ങൾ മുതൽ മുപ്പതു പുസ്തകങ്ങൾവരെ വായിക്കാറുള്ളതായി പഠിതാക്കൾ രേഖപ്പെടുത്തി. (20-30 പുസ്തകങ്ങൾ 20% പഠിതാക്കൾ 10-19: 20% പേർ, 5-9: 40% പേർ, 1-4: 20% പേർ)

18. ഐ.സി.ടി.സാദ്ധ്യതകൾ ഉപയോഗിച്ച് പഠിപ്പിക്കുന്നത് 10% അദ്ധ്യാപകർ മാത്രമാണെന്നാണ് പഠിതാക്കൾ രേഖപ്പെടുത്തിയത്.

19. എം.എ. പ്രോഗ്രാമിൽ ശാസ്ത്രവിഷയങ്ങൾ പഠിക്കാവുന്ന വിധത്തിൽ ഓപ്പൺ കോഴ്സുകൾ വേണമെന്ന് 80% പഠിതാക്കൾ അഭിപ്രായപ്പെട്ടു. ബിരുദപഠനത്തിന് എം.എ. മലയാളം പഠിതാക്കൾ എടുത്ത ഓപ്പൺ കോഴ്സുകൾ ഗണിതം, സ്റ്റാറ്റിസ്റ്റിക്സ്, ഫിസിക്കൽ എഡുക്കേഷൻ, ബോട്ടണി, ഹിസ്റ്ററി, സൈക്കോളജി, സുവോളജി, എന്നിവയാണ്. കെമിസ്ട്രി, ഫിസിക്സ്, ഇംഗ്ലീഷ് വിഷയങ്ങൾ പഠിക്കാനുള്ള ആത്മവിശ്വാസമോ താല്പര്യമോ പഠിതാക്കൾക്കില്ല. 40% പഠിതാക്കളുടെ ബിരുദത്തിന്റെ ഓപ്പൺ കോഴ്സ് സയൻസ് ഫാക്കൽറ്റിയിൽ നിന്നാണ്.

20. പ്രസംഗ, ചർച്ച രീതികളിലൂടെയാണ് അദ്ധ്യാപകർ പഠിപ്പിക്കുന്നതെന്ന് 60% പഠിതാക്കളും വ്യത്യസ്തരീതികൾ കൂട്ടിച്ചേർത്താണെന്ന് 60% അദ്ധ്യാപകരും രേഖപ്പെടുത്തി. 30% വിദ്യാർത്ഥികൾ അദ്ധ്യാപകർ പ്രസംഗരീതി മാത്രമാണ് സ്വീകരിക്കുന്നതെന്ന് രേഖപ്പെടുത്തി. സംവാദരീതി/പ്രവർത്തനരീതി എന്നിവ അദ്ധ്യാപനത്തിന് സ്വീകരിക്കുന്നത് 10% അദ്ധ്യാപകരാണ്.

21. മലയാളവിഭാഗത്തിന്റെ നേതൃത്വത്തിൽ സംവാദക്കൂട്ടായ്മകളും സാഹിത്യസമാജവും പ്രവർത്തിക്കുന്നുണ്ടെന്ന് എല്ലാ അദ്ധ്യാപകരും, 90% പഠിതാക്കളും രേഖപ്പെടുത്തി. കൈയെഴുത്ത് മാസികകൾ നിർമ്മിക്കുന്നതായി 20% പഠിതാക്കളും 40% അദ്ധ്യാപകരും അഭിപ്രായപ്പെട്ടു.

22. എഴുത്തുകാരുമായി സംവദിക്കാനുള്ള അവസരം എല്ലാ സ്ഥാപനത്തിലും ഉണ്ടെന്ന് അദ്ധ്യാപകരും പഠിതാക്കളും രേഖപ്പെടുത്തി.

23. പതിപ്പുകൾ, പത്രങ്ങൾ എന്നിവയുടെ നിർമ്മാണം ആണ് തീരെ നടക്കാത്തത്(5%).

24. സി.ബി.സി.എസ്.എസുമായി (Choice Based Credit and semester system) ബന്ധപ്പെട്ട നല്കിയ 12 സാങ്കേതികപദങ്ങളെ സംബന്ധിച്ച് പൂർണമായ ധാരണ പഠിതാക്കളിൽ ആർക്കും തന്നെയില്ല. അദ്ധ്യാപകരിൽ 80% പേർക്കും പൂർണമായ ധാരണയില്ല. സി.ജി.പി.എ, എഫ്.ജി.പി.എ എന്നിവയാണ് കൂടുതൽ പേർക്കും അറിയാത്തത്. കരിക്കുലത്തെക്കുറിച്ചും ധാരണയില്ലെന്ന് 10% അദ്ധ്യാപകർ രേഖപ്പെടുത്തി. പഠിതാക്കളിൽ 70% പേരും അദ്ധ്യാപകരിൽ 60% പേരും മാർക്ക്‌ലിസ്റ്റിലെ രേഖപ്പെടുത്തലുകൾ സങ്കീർണമാണെന്ന അഭിപ്രായമുള്ളവരാണ്.

25. പി.ടി.എ.യുടെ പ്രവർത്തനം നന്നായിനടക്കുന്നത് എയ്ഡഡ് സ്ഥാപനങ്ങളിലും അതുകഴിഞ്ഞാൽ ഗവൺമെന്റ് സ്ഥാപനങ്ങളിലുമാണ്. ഏറ്റവും കുറവ്

സർവ്വകലാശാലകളിലാണ്. 80% എയ്ഡഡ് സ്ഥാപനങ്ങളിൽ വർഷത്തിൽ രണ്ടു തവണയും സർക്കാർ സ്ഥാപനങ്ങളിൽ വർഷത്തിൽ ഒരു തവണയും സർവ്വ കലാശാലകളിൽ തീരെ നടക്കാറില്ലെന്നുമാണ് അദ്ധ്യാപകരും വിദ്യാർത്ഥികളും രേഖപ്പെടുത്തിയത്.

26. കല, സ്പോർട്സ്, ക്ലബ്ബ് പ്രവർത്തനങ്ങൾ എന്നിവയെ സെമസ്റ്റർ സംവിധാനം പ്രതികൂലമായി ബാധിച്ചതായി 80% അദ്ധ്യാപകർ അഭിപ്രായപ്പെട്ടു.

27. എം.എ. പഠിതാക്കളിലെ വായനശീലവും അക്കാദമിക നിലവാരവും ഓരോ വർഷവും കുറഞ്ഞുവരുന്നതായി 90% അദ്ധ്യാപകർ വിശ്വസിക്കുന്നു.

28. സെമസ്റ്ററിനനുസൃതമായി അവധിക്കാലം വിഭജിക്കുന്നതിനോട് 70% അദ്ധ്യാപകരും വിയോജിക്കുന്നു.

29. പഠിപ്പിക്കുന്ന അദ്ധ്യാപകർതന്നെ ചോദ്യപേപ്പർ തയ്യാറാക്കുകയും പഠിപ്പിക്കുന്ന വിദ്യാർത്ഥികളുടെ ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം ചെയ്യുകയും ചെയ്യുന്ന സംവിധാനം നിലവിൽ വരാനാണ് 70% അദ്ധ്യാപകരും ആഗ്രഹിക്കുന്നത്.

30. നിരന്തര വിലയിരുത്തലിന് കൂടുതൽ മാർക്കും ബാഹ്യപരീക്ഷക്ക് കുറച്ചുമാർക്കും ഉള്ള മൂല്യനിർണ്ണയ രീതിയോട് 90% അദ്ധ്യാപകരും വിയോജിക്കുന്നു.

31. നിലവിലെ നിരന്തരവിലയിരുത്തൽ രീതികൾ നിരർത്ഥകമാണെന്നാണ് 90% അദ്ധ്യാപകരും വിശ്വസിക്കുന്നത്. നിരന്തരവിലയിരുത്തലിൽനിന്ന് ഹാജർ ഒഴിവാക്കണമെന്ന് 20% അദ്ധ്യാപകർ നിർദ്ദേശിച്ചു. വാർഷിക സമ്പ്രദായത്തിൽനിന്ന് സെമസ്റ്റർ സംവിധാനത്തിലേക്കുള്ള മാറ്റം ചില ഘടകങ്ങളിൽ ഗുണപരമാണെങ്കിലും പൊതുവെ പ്രശ്നങ്ങളും പ്രയാസങ്ങളുമാണ് കൂടുതലെന്നും അദ്ധ്യാപകനെ പഠന ഗവേഷണങ്ങളിൽനിന്നകറ്റി ക്ലറിക്കൽ ജോലികളിൽ തളയ്ക്കുകയാണെന്നും കാര്യക്ഷമത വർധിപ്പിക്കാൻ അവധിക്കാലങ്ങൾ ഉപയോഗിക്കാൻ കഴിയുന്നില്ലെന്നും പരീക്ഷ, മൂല്യനിർണയം, വൈവ, പഠിതാക്കളുടെ പ്രൊജക്ടുകൾ, ഡിസർട്ടേഷൻ തുടങ്ങി നിരവധി ഘടകങ്ങൾ അവധിക്കാലത്തെ കവർന്നെടുക്കുന്നുവെന്നും അവർ രേഖപ്പെടുത്തി.

13.2. മറ്റു കണ്ടെത്തലുകൾ

32. മാത്തനും ശേഷഗിരി പ്രഭുവും ഗുണ്ടർട്ടും മലയാളഭാഷാപഗ്രഥനത്തിനുവേണ്ട സാങ്കേതിക പദങ്ങളെ നിർമിക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും കേരളപാണിനീയത്തിലെ സാങ്കേതിക സംജ്ഞകളാണ് മാനകീകരിക്കപ്പെട്ടത്. കേരളപാണിനീയത്തിനുശേഷം ഭാഷയിലുണ്ടായ നൂറ്റാണ്ടിന്റെ വളർച്ചയും

ഭാഷാപഗ്രഥനമേഖലയിലെ പുതിയ സമീപനങ്ങളെയും അടയാളപ്പെടുത്താൻ പോന്ന രചനയുടെ അഭാവം മലയാളഭാഷയുടെ വൈജ്ഞാനിക വികാസത്തെ പരിമിതപ്പെടുത്തുന്ന ഘടകമാണ്. പുതിയ പരികല്പനകൾക്കനുസരിച്ച് നിലവിലെ പദങ്ങൾ പരിഷ്കരിക്കപ്പെടാത്തതും പുതുപദനിർമ്മിതി സാദ്ധ്യമാകാത്തതുമാണ് ഇതിനു കാരണം.

33. തമിഴ്, തെലുഗു, കന്നഡ, മലയാളം എന്നീ ഭാഷകളുടെ വ്യാകരണപാരമ്പര്യങ്ങൾ വളരെ സമ്പന്നമാണ്. എന്നാൽ തമിഴൊഴികെയുള്ള ദ്രാവിഡഭാഷകളുടെ വ്യാകരണ പാരമ്പര്യങ്ങളെയൊന്നും ഭാഷാശാസ്ത്രചരിത്രമോ ആധുനിക ശാസ്ത്രമോ അംഗീകരിക്കുകയോ ഉപയോഗിക്കുകയോ പ്രതിനിധീകരിക്കുകയോ ചെയ്തിട്ടില്ല.

34. പത്തൊമ്പതാം നൂറ്റാണ്ടിൽ കൽക്കട്ട കേന്ദ്രീകരിച്ച ബംഗാൾ ഓറിയന്റിലിസം സംസ്കൃതത്തിനും മദ്രാസ് കേന്ദ്രീകരിച്ച മദ്രാസ് ഓറിയന്റിലിസം തമിഴ് വ്യാകരണ പാരമ്പര്യത്തിനുമാണ് പ്രാധാന്യവും പരിഗണനയും നല്കിയതെന്ന് ട്രോട്ട്മാൻ നിരീക്ഷിക്കുന്നു. (Trautmann:1997).

35. തമിഴ് ഒഴികെയുള്ള ദ്രാവിഡഭാഷകളുടെ വ്യാകരണ പാരമ്പര്യവും സമ്പന്നതയും ഭാഷാശാസ്ത്രപഠനത്തിന് പ്രയോജനപ്പെടുത്തിയില്ല എന്നത് പരിഹരിക്കപ്പെടേണ്ട ഒരു പ്രശ്നമാണ്.

36. ഭാഷാഭേദങ്ങളിലെ വ്യാകരണസവിശേഷതകൾ വേർതിരിച്ചെടുക്കുന്നതിൽ കാണിച്ച ശ്രദ്ധ ഗ്രണ്ടർട്ടിന്റെ വ്യാകരണകൃതിയെ വ്യതിരിക്തമാക്കുന്നു.

37. ജോർജ് മാത്തന്റെ സരളവും തനതുമായ ഭാഷാഗദ്യശൈലി മലയാഴ്മയുടെ വ്യാകരണത്തിന്റെ ആഖ്യാനത്തിലും പ്രതിഫലിക്കുന്നതിനാൽ വ്യാകരണഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ അക്കാരണംകൊണ്ടുകൂടി ആ കൃതിക്ക് സവിശേഷസ്ഥാനം ഉണ്ട്.

38. 1914-17 കാലഘട്ടത്തിൽ ബി.എ. ഓണേഴ്സിന് പഠിച്ചിരുന്ന 484 പേരിൽ യുറോപ്യരായ 6 പേരും ക്രിസ്ത്യൻ സമൂഹത്തിൽ നിന്നുള്ള 13 പേരും ഒഴികെയുള്ള 224 പേർ ബ്രാഹ്മണരും മറ്റുള്ളവർ നായർ സമുദായാംഗങ്ങളും ആയിരുന്നുവെന്നത് അക്കാലത്തെ സവർണേതര സമൂഹങ്ങളുടെ സാമൂഹ്യമായ പിന്നാക്കാവസ്ഥയെ പ്രതിഫലിപ്പിക്കുന്നു.

39. ബി.എ. പാസ് കോഴ്സ് 1912-ൽ ആരംഭിക്കുമ്പോൾ വി. കൃഷ്ണൻ തമ്പിയെന്ന (താടകവധം ആട്ടക്കഥയുടെ കർത്താവ്) ഒരൊറ്റ വിദ്യാർത്ഥി മാത്രമാണ് ഉണ്ടായിരുന്നത്

40. ബി.എ. മലയാളം പാസ് കോഴ്സിന് 1914, 1953, 1945 വർഷങ്ങളിൽ ആരും തന്നെ ചേർന്നിരുന്നില്ല.

41. ബി.എ. മലയാളം പാസ് കോഴ്സിന് പഠിച്ച ആദ്യക്രിസ്ത്യൻ വനിത1924-ൽ ചേർന്ന മിസ്.റിച്ചേൽ ജോസഫ് ആണ്.

42 ബി.എ. മലയാളം പാസ് കോഴ്സിന് 1914-65 കാലഘട്ടത്തിൽ ചേർന്ന 455 പേരിൽ 45 പേർ ക്രൈസ്തവ വിദ്യാർത്ഥികളും 4 പേർ മുസ്ലിം വിദ്യാർത്ഥികളും ബാക്കിയുള്ളവർ സവർണരും ആയിരുന്നു. 74 പേരായിരുന്ന വനിതകൾ.

43. ബി.എ. മലയാളം പാസ് കോഴ്സിന് ചേർന്ന ആദ്യവനിതകൾ 1923-ൽ ചേർന്ന മാധവിക്കുട്ടി അമ്മ, നാരായണിക്കുട്ടി അമ്മ എന്നിവരാണ്.

44. ആദ്യ മുസ്ലിം വിദ്യാർത്ഥി 1928-ൽ ബി.എ. പാസ് കോഴ്സിന് ചേർന്ന സെയ്ദ് മുഹമ്മദ് എ. യാണ്.

45. ബി. എ. (ഓണേഴ്സ്) അഥവാ എം. എ മലയാളം കോഴ്സിന്റെ 1935-65 കാലഘട്ടത്തിൽ പഠിച്ച 227 പേരിൽ 67 പേർ വനിതകളും 29 പേർ ക്രൈസ്തവ വിദ്യാർത്ഥികളും 6 പേർ മുസ്ലിം വിദ്യാർത്ഥികളുമാണ്. പ്രാപ്യത (Access), സമത്വം എന്നിവയിൽ രേഖീയമായ ഒരു വികാസവും ഈ 27 വർഷത്തെ ചരിത്രത്തിൽ കാണാൻ കഴിയുന്നില്ല.

46. എം.എ. മലയാളം പഠിക്കുന്ന ആദ്യ ക്രിസ്ത്യൻ വനിത 1938-39 ബാച്ചിലെ എലിസബത്ത് പി.ജെ.യും ആദ്യ മുസ്ലിം വിദ്യാർത്ഥി ഹമീദ്ഖാനും (1939-40) മുസ്ലിം വനിത നബീസ ഉമ്മാളും (1953-54) ആണ്.

47. തിരുവിതാംകൂർ സർവ്വകലാശാല രൂപംകൊണ്ട 1937-ന ശേഷമുള്ള പാഠ്യപദ്ധതി പരിഷ്കരണത്തിലാണ് സംസ്കൃതത്തെ എം.എ. മലയാളം പാഠ്യപദ്ധതിയിൽ ആദ്യമായി ഒരു പേപ്പറായി ഉൾപ്പെടുത്തുന്നത്.

48. കേരളത്തിനു പുറത്തുള്ള അലിഗഢ്, മധുര കാമരാജ്, മദ്രാസ് സർവ്വകലാശാലകളിൽ സംസ്കൃതപഠനം ഐച്ഛികമാണ്.

49. പാഠ്യപദ്ധതിയിൽ അറബിമലയാളം ആദ്യമായി പരാമർശിക്കപ്പെടുന്നത് അറുപതുകളിൽ മദ്രാസ് സർവ്വകലാശാലയുടെ പാഠ്യപദ്ധതിയിലെ ഭാഷാചരിത്രം പേപ്പറിലാണ്. 'മുസ്ലിം ഭാഷാഭേദത്തിൽ അറബിമലയാളത്തിന്റെ സ്വാധീനവും ഉപയോഗവും'—എന്നതാണ് പരാമർശം.

50. മലയാളചെറുകഥയും ചെറുകവിതകളും കവയിത്രികളും പാഠ്യപദ്ധതിയുടെ ഭാഗമാകുന്നത് തിരുവിതാംകൂർ സർവ്വകലാശാല വന്നതിനു ശേഷമാണ്.

51. 1935-1958 കാലഘട്ടത്തിൽ പാഠപുസ്തകമായോ റഫറൻസായോ എഴുത്തുകാരികളുടെ കൃതികൾ എം.എ. മലയാള പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നില്ല.

52. ബി. കല്ല്യാണിക്കുട്ടിയമ്മയും ബാലാമണിയമ്മയും ആണ് എം.എ. മലയാള പാഠ്യപദ്ധതിയിൽ ആദ്യമായി ഉൾപ്പെടുത്തപ്പെടുന്ന എഴുത്തുകാരികൾ.

53. ഹൈന്ദവേതര ഇതിവൃത്തം പാഠപുസ്തകമാവുന്ന ആദ്യത്തെ കൃതി വള്ളത്തോളിന്റെ മശലനമറിയം ആണ് (1936)

54. തിരുവിതാംകൂറിന് സ്വന്തമായി സർവ്വകലാശാല ഉണ്ടായ 1937-നുശേഷമാണ് കേരളചരിത്രം പേപ്പർ ഉടലെടുക്കുന്നത്. അതുവരെ ദക്ഷിണേന്ത്യൻ ചരിത്രവും ശാസനങ്ങളുമാണ് പഠിക്കാൻ ഉണ്ടായിരുന്നത്.

55. വൃത്താലങ്കാരങ്ങൾക്ക് പാഠ്യവസ്തു നല്കിക്കൊണ്ടുള്ള സിലബസ് ഉണ്ടാകുന്നത് 1959-ലാണ്.

56. ജ്യോതിഷം, അയുർവേദം, തച്ചുശാസ്ത്രം എന്നി മേഖലകളിലെ സംസ്കൃത കൃതികളുടെ സാമാന്യപരിചയം ആദ്യമായി 1959-ലാണ് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നത് (മദ്രാസ്).

57. കേരളചരിത്രപഠനം, കേരളത്തിന്റെ സാംസ്കാരിക ചരിത്രപഠനമായി മാറുന്നത് 1959-ൽ മദ്രാസ് സർവ്വകലാശാലയിലൂടെയാണ്.

58. ഇലക്ടീവ് പേപ്പറുകളും ഓപ്പൺ കോഴ്സും 1960-കളിൽ തന്നെ മദ്രാസ് സർവ്വകലാശാലയിൽ ഉണ്ടായിരുന്നു.

59. എം.എ. മലയാളപഠനത്തിൽ സബ്സിഡിയറി വിഷയം കൊണ്ടുവരുന്നതും അത് സംസ്കൃതമാക്കി നിശ്ചയിച്ചതും കാലിക്കറ്റ് സർവ്വകലാശാലയാണ്. ചോദ്യം മലയാളത്തിലായിരിക്കണമെന്നും ഉത്തരം മലയാളത്തിലോ സംസ്കൃതത്തിലോ എഴുതാമെന്നും പാഠ്യപദ്ധതിയിൽ നിർദേശിച്ചിരുന്നു.

60. കാലിക്കറ്റ് സർവ്വകലാശാലയാണ് 'വിവർത്തനം—സിദ്ധാന്തവും പ്രയോഗവും' എന്ന പേപ്പർ ആവിഷ്കരിക്കുന്നത്.

61. കേരള സർവ്വകലാശാലയിലാണ് 1977ൽ 'പ്രാചീന മധ്യകാലീന സാഹിത്യം' എന്ന പേപ്പർ ആദ്യമായി രൂപപ്പെടുന്നത്.

62. പ്രാചീനമധ്യകാല സാഹിത്യത്തിന് കേരള സർവ്വകലാശാലയിലൂടെ റഫറൻസ് പുസ്തകങ്ങൾ ആദ്യമായി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നത് 1984ലാണ്.

63. എം.ജി. സർവ്വകലാശാല 1994ൽ തിരുനിഴൽമാലയും സംഘംകവിതകളും ആദ്യമായി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നു.

64. രാമകഥാപാട്ട് എം.ജി. സർവ്വകലാശാല 1997ൽ പ്രാചീനസാഹിത്യം പേപ്പറിൽ ആദ്യമായി ഉൾപ്പെടുത്തുന്നു.

65. കോഴിക്കോട് സർവ്വകലാശാല 1992ലെ പാഠ്യപദ്ധതിയിൽ പേപ്പറുകളെ യൂണിറ്റുകളും യൂണിറ്റുകളെ ബ്ലോക്കുകളായും തിരിച്ചുകൊണ്ട് പഠനവും മൂല്യനിർണ്ണയവും കൂടുതൽ സമഗ്രമാക്കാൻ ശ്രമിക്കുന്നതു കാണാം.

66. കോഴിക്കോട് സർവ്വകലാശാലയാണ് മാപ്പിളപ്പാട്ടുകളെ ആദ്യമായി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. എഴുപതുകൾ മുതൽ ഉണ്ടായിരുന്നു.

67. കോഴിക്കോട് സർവ്വകലാശാല 2014 ൽ വൈജ്ഞാനിക കൃതികളായ ആനശ്ശാസ്ത്രം വൈദ്യം, യുക്തിഭാഷാ എന്നിവയെ കൂടി ഈ കോഴ്സിലേക്ക് കൂട്ടിച്ചേർത്തുകൊണ്ട് ഭാഷാസാഹിത്യപഠനത്തിന്റെ സാദ്ധ്യതകൾ വിപുലവും മതവിമുക്തവുമാക്കുന്നു.

68. പ്രാചീന കവിതയും രാമചരിതവും 1933 മുതൽ പാഠ്യപദ്ധതിയുടെ ഭാഗമാണ്.

69. ഗദ്യവിഭാഗത്തിൽ കാർത്തിക തിരുന്നാൾ തമ്പുരാട്ടിയുടെ ശൂരസിംഹം എന്ന കൃതിയാണ് (1933-35) സ്ത്രീ പ്രാതിനിധ്യത്തെ ബി.എ. ഓണേഴ്സ് അഥവാ എം.എ. മലയാള പാഠ്യപദ്ധതിയിൽ അടയാളപ്പെടുത്തുന്നത് (എം.എ. മലയാളം ഐച്ഛികത്തിനുമുമ്പ്.

70. ലീലാതിലകം, കേരളപാണീനിയം, വൃത്തമഞ്ജരി എന്നിവ പാഠ്യപദ്ധതിയിലുൾപ്പെടുന്നത് 1924-ലാണ് (വിദ്വാൻ ടൈറ്റിൽ പരീക്ഷ).

71. ചിലപ്പതികാരം 1935-ലെ ബി.എ. ഓണേഴ്സിൽ ഉണ്ടായിരുന്നു.

72. എം.എ. മലയാളപാഠ്യപദ്ധതിയിലിടം നേടുന്ന ഹൈന്ദവേതര എഴുത്തുകാരൻ ജോസഫ് മുണ്ടശ്ശേരിയും കൃതി കാവ്യപീഠികയുമാണ് (1946).

73. വടക്കൻപാട്ടുകൾ 1935-മുതൽ പാഠ്യപദ്ധതിയുടെ ഭാഗമാണ്.

74 കൗടലീയം, ബ്രഹ്മാണ്ഡപുരാണം, ആട്ടപ്രകാരം എന്നിവ 1960-ലും (കേരള) ദൂതവാക്യം 1946ലും വർത്തമാന പുസ്തകം (1959-കേരള, മദ്രാസ്) ആണ് പാഠ്യപദ്ധതിയിലുൾപ്പെടുത്തുന്നത്.

75. ഉറൂബിന്റെ നീലമലയിലൂടെ (1959) ചെറുകഥാപഠനവും ബാലാമണിയമ്മ, വൈലോപ്പിള്ളി, ജി, (1959) എന്നിവരിലൂടെ ചെറുകവിതാപഠനവും കേരള സർവ്വകലാശാലയിലൂടെ വ്യാപകമായി.

76. ജ്ഞാനപ്പാന (1959)-ലും ബദറുൽ മുനീർ, തിരുനിഴൽമാല, അകം-പുറം കവിതകൾ എന്നിവ 1992 മുതലാണ് പാഠ്യപദ്ധതിയുടെ ഭാഗമാവുന്നത്.

77. കേരള ഭാഷാചരിത്രം എഴുത്തച്ഛൻവരെ എന്ന ഡോ.കെ രത്നമ്മയുടെ (1981-കേരള) കൃതിയാണ് പ്രാചീന മധ്യകാലസാഹിത്യം പേപ്പറിന്റെ സഹായക ഗ്രന്ഥങ്ങളിലെ ആദ്യത്തെ സ്ത്രീ പ്രാതിനിധ്യം അടയാളപ്പെടുത്തുന്നത്.

78. മുസ്ലിം ഭാഷാഭേദത്തിൽ അറബിമലയാളത്തിന്റെ സ്വാധീനവും ഉപയോഗവും പരാമർശം ഭാഷാചരിത്രത്തിന്റെ ഭാഗമായി 1963-ലെ (കേരള) പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തി പഠിക്കാനുള്ള ശ്രമം കാണാം. എന്നാൽ റഫറൻസുകളോ പാഠപുസ്തകമോ നല്കാൻ സാധിക്കുന്നുമില്ല. അറബിമലയാള സംബന്ധമായ കേരളയുടെ പാഠ്യപദ്ധതിയിലെ ആദ്യത്തെ പരാമർശമാണിത്.

79. ബി.എ. മലയാളം പാസ്കോഴ്സ് അനുവദിക്കുമ്പോൾ മദ്രാസ് സർവ്വകലാശാലവെച്ച നിബന്ധനയായിരുന്ന ആഗമികരീതിയിലുള്ള വ്യാകരണ പാഠപുസ്തകമുണ്ടാവുക എന്നത്. കേരളപാണിനീയത്തിന്റെ രണ്ടാംപതിപ്പ് ആഗമിക രീതിയിൽ മാറ്റിയെഴുതി പ്രസിദ്ധീകരിച്ചത് ഈ നിബന്ധന പാലിക്കാനായിരുന്നു.

80. വ്യാകരണപഠനം, അലങ്കാരപഠനം എന്നിവയ്ക്കുശേഷമാണ് വൃത്തപഠനം പാഠ്യപദ്ധതിയിലുൾപ്പെടുന്നത്.

81. ബി.എ. ഓണേഴ്സ് തുടങ്ങിയ കാലംമുതൽ Philology എന്ന പേരിൽ ഭാഷാശാസ്ത്രം എല്ലാ നാട്ടുഭാഷകളിലും പഠിപ്പിച്ചിരുന്നു. ഒരേ പാഠ്യപദ്ധതി തന്നെയാണ് എല്ലാ ഭാഷകളിലും ഉൾപ്പെടുത്തിയിരുന്നത്. പരീക്ഷയും പാഠപുസ്തകവും റഫറൻസും ഇംഗ്ലീഷ് മാധ്യമത്തിലുള്ളതും ഇംഗ്ലീഷ് ഭാഷയെ അടിസ്ഥാനമാക്കിയുള്ളതുമായിരുന്നു. 1976 വരെ ഈ സാഹചര്യമാണ് നിലനിന്നിരുന്നത്.

82. കേരള സർവ്വകലാശാല 1957-ൽ രൂപം കൊണ്ടതിനുശേഷമുണ്ടായ 1959-ലെ പാഠ്യപദ്ധതി പരിഷ്കരണം പാഠ്യപദ്ധതിയുടെ ചരിത്രത്തിലെ ശ്രദ്ധേയമായ വഴിത്തിരിവാണ്. പുതിയ നിരവധി എഴുത്തുകാരോടൊപ്പം പരിമിതമായിട്ടാണെങ്കിലും എഴുത്തുകാരികളെയും ഉൾക്കൊള്ളുന്നു. സംസ്കൃതം കേരളം മുഴുവൻ നിർബന്ധിത പേപ്പറാവുന്നു.ചെറുകഥകൾ, ചെറുകവിതകൾ, വിവിധ ഗദ്യരൂപങ്ങൾ, മലയാള ഭാഷാസാഹിത്യത്തിന്റെ ക്രൈസ്തവ, ഇസ്ലാംധാരകൾ, തദ്ദേശീയരുടെ പാഠപുസ്തകങ്ങളും റഫറൻസും, കേരളചരിത്ര പഠനത്തിന് കേരളീയ ശാസനങ്ങളെ ആശ്രയിക്കൽ എന്നിങ്ങനെ നിരവധി സവിശേഷതകളും പുതുമകളും വ്യത്യസ്തതകളും ദൃശ്യമാവുന്നു.

83. വൃത്തം, അലങ്കാരം, സാഹിത്യനിരൂപണം എന്ന പേപ്പറിന് ആദ്യമായി പാഠ്യപദ്ധതി ഉണ്ടാവുന്നത് 1959-ൽ മദ്രാസ് സർവ്വകലാശാലയിലാണ്.

84. കേരളവർമ്മ വലിയ കോയിത്തമ്പുരാനെ അളവുകോലാക്കി പേപ്പറുകളെ വിഭജിച്ച കേരള സർവ്വകലാശാലയുടെ സവർണവരേണ്യ താല്പര്യങ്ങളെ (1956-76) മദ്രാസ് സർവ്വകലാശാല എഴുത്തച്ഛനെ അളവുകോലാക്കി പേപ്പറുകളെ വിഭജിച്ചുകൊണ്ട് പ്രതിരോധിക്കുന്നത് കാണാം.

85. കേരള സർവ്വകലാശാല (1959-76) ചമ്പു, മണിപ്രവാളം, നിരണംകവികൾ, ആട്ടക്കഥ എന്നിങ്ങനെ സംസ്കൃതം കലർന്ന മലയാളം ഉള്ള പ്രസ്ഥാനങ്ങളെ മാത്രം വിശേഷപഠനത്തിന് നിർദ്ദേശിച്ചുകൊണ്ട് സവർണ ഭാവുകത്വത്തോടും ആര്യാധിനിവേശത്തോടും ചേർന്നുനില്ക്കുമ്പോൾ മദ്രാസ് സർവ്വകലാശാല പാട്ട്, തുള്ളൽ, ചെറുശ്ശേരി, ആശാൻ, വള്ളത്തോൾ, നോവൽ, ചെറുകഥ, ഖണ്ഡകാവ്യം എന്നിങ്ങനെ പ്രസ്ഥാനങ്ങളെയും എഴുത്തുകാരെയും എല്ലാ വൈവിധ്യത്തോടും കൂടി ഉൾപ്പെടുത്തുന്നതുകാണാം.

86. ആരംഭകാലം മുതൽ 2008വരെ വ്യാകരണം, ഭാഷാശാസ്ത്രം എന്നീ പേപ്പറുകളുടെ ഭാഗമായി നിലനിന്ന ഭാഷാചരിത്രം 2009-ഓടെ പേപ്പറിന്റെ പേരുകളിൽ നിന്ന് ഒഴിവാക്കപ്പെട്ടു.

87. എം.ജി. സർവ്വകലാശാല 1990-ൽ മലയാളസാഹിത്യചരിത്രത്തെയും കേരള സംസ്കാരത്തെയും കൂട്ടിച്ചേർത്ത് ഒരു പേപ്പറാക്കിയത് വ്യത്യസ്തമായ പരീക്ഷണമാണ്.

88. എം.ജി. സർവ്വകലാശാലയാണ് 'നവോത്ഥാനസാഹിത്യം' എന്ന പേപ്പർ 1990-ൽ ആദ്യമായി ആവിഷ്കരിക്കുന്നത്.

99. മലയാളം സർവ്വകലാശാലയിലാണ് മലയാള രചനയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ട് ആദ്യമായി എം.എ. പ്രോഗ്രാം വരുന്നത്.

90. എ.ആർ. രാജരാജവർമ്മയുടെ അക്കാദമിക ധൈഷണികതയും അതിനെ അടിസ്ഥാനമാക്കിയുള്ള വ്യവഹാരങ്ങളുടെ ശക്തമായ അടിത്തറയുമാണ് മലയാളഭാഷയെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ ജ്ഞാനശാഖയായി ഉറപ്പിച്ചെടുത്തത്.

91. അദ്ധ്യാപക വിദ്യാഭ്യാസത്തിലെ ആധുനിക ബോധന രീതിശാസ്ത്ര സിദ്ധാന്തങ്ങളോട് വിസ്മയാവഹമായ സാധർമ്മ്യം പുലർത്തുന്നതാണ് എ.ആറിന്റെ അക്കാദമിക പ്രവർത്തനങ്ങൾ. നിരന്തരമൂല്യനിർണ്ണയം, ക്രിയാഗവേഷണം, പ്രതിഭാധനരായ വിദ്യാർത്ഥികൾക്കുള്ള പോഷണപ്രവർത്തനങ്ങൾ, ബോധനനാടകവേദി, ഹിഡൻ കരിക്കുലം, പാഠപുസ്തക നിർമ്മാണത്തിലെ ചാക്രികത (spiraling), അനുഭവാധിഷ്ഠിത പഠനം, പ്രവർത്തനാധിഷ്ഠിത

പഠനം (Activity oriented) ചർച്ചാരീതി (Discussion method), അന്തർവൈജ്ഞാനികത, അപഗ്രഥനം-നൈപുണി-മൂല്യ നിർണ്ണയം തുടങ്ങിയ ഉയർന്ന ശേഷിവികാസത്തിനു നല്കിയ ഊന്നൽ, ഒന്നാംഭാഷ (മലയാളം) യുടെയും രണ്ടാംഭാഷയുടെയും (സംസ്കൃതം) പഠനത്തിൽ സ്വീകരിച്ച സമീപനങ്ങൾ, പാഠപുസ്തക തെരഞ്ഞെടുപ്പിലെയും നിർമ്മിതിയിലെയും മാനദണ്ഡങ്ങളും പ്രക്രിയകളും,പാഠാസൂത്രണം, സഹകരണാത്മകവും സഹവർത്തിതവുമായ പഠനതന്ത്രങ്ങൾ, ചോദ്യപേപ്പർ സംബന്ധിച്ച കാഴ്ചപ്പാട്, സാങ്കേതികവിദ്യയുടെ ഉപയോഗം, ഗുരുശിഷ്യ ബന്ധത്തെ സംബന്ധിച്ച ദർശനം (Friend, Guide and philosopher) എന്നിവയെല്ലാം തന്നെ മേൽപ്പറഞ്ഞ നിഗമനത്തെ സാധൂകരിക്കുന്ന ദൃഷ്ടാന്തങ്ങളാണ്.

92. സംസ്കൃത വരേണ്യ ഭാഷാബോധത്തിന്റെ ആദ്യഘട്ടം, സംസ്കൃതത്തോടൊപ്പം ഇംഗ്ലീഷിനേയും പരിഗണിക്കുന്ന ഭാഷാവബോധത്തിന്റെ രണ്ടാംഘട്ടം, മാതൃഭാഷാഭിമുഖ്യം പുലർത്തുന്ന മൂന്നാമത്തെ ഘട്ടം എന്നിങ്ങനെ മൂന്നുതരം ഭാഷാഭിമുഖ്യങ്ങളിലൂടെയാണ് എ.ആറിന്റെ ജീവിതം കടന്നുപോയിട്ടുള്ളത്.

93. ക്ലാസ്മുറിയ്ക്കകത്തും പുറത്തുമുള്ള എ.ആറിന്റെ എല്ലാ വ്യവഹാരങ്ങൾക്കും പ്രചോദനകേന്ദ്രമായി വർത്തിച്ചത് തൊഴിലും തൊഴിലിനോടുള്ള ആത്മാർത്ഥതയുമാണ്. ആദ്ദേഹത്തിന്റെ താല്പര്യങ്ങളും മനോഭാവങ്ങളും നിലപാടുകളും എല്ലാം തന്നെ അദ്ധ്യാപകവൃത്തിയിൽ നിന്ന് രൂപപ്പെട്ടതാണ്.

94. സ്തോത്ര, ഭക്തിസാഹിത്യ പാരമ്പര്യങ്ങളുടെ ഭാഗമായി 2009ൽ കാലടി സർവ്വകലാശാലയാണ് മൊഹിയുദ്ദീൻമാല ആദ്യമായി പാഠ്യപദ്ധതിയിലുൾപ്പെടുത്തുന്നത്.

95. മദ്രാസ് സർവ്വകലാശാലയുടെ 1952-ലെ ബി.എ. മലയാളം പാഠ്യപദ്ധതിയിൽ രാമചരിതം ഉൾപ്പെട്ടിരുന്നു.

96. ശേഷഗിരിപ്രഭുവിന്റെ വ്യാകരണമിത്രം 1924 മുതൽ ബി.എ. മലയാളം പാഠ്യപദ്ധതിയിലുൾപ്പെട്ടിരുന്നു.

97. വിദ്വാൻ പരീക്ഷയുടെ 1926-ലെ പാഠ്യപദ്ധതി മുതലാണ് പ്രരോദനം എന്ന കൃതിയിലൂടെ കുമാരനാശാൻ ഉന്നതസാഹിത്യപഠനത്തിന്റെ ഭാഗമാവുന്നത്.

98. കെ.കെ. മുഹമ്മദ് അബ്ദുൽ കരീമും സി.എൻ. അഹമ്മദ് മൗലവിയും ചേർന്നു 1978-ൽ രചിച്ച മഹത്തായ അറബിമലയാള സാഹിത്യചരിത്രം എന്ന കൃതി മാപ്പിളപ്പാട്ടും അറബിമലയാളവും പാഠ്യപദ്ധതിയിലുൾപ്പെട്ട് അരനൂറ്റാണ്ടുപിന്നിടുമ്പോഴും സഹായക ഗ്രന്ഥങ്ങളിൽ ഉൾപ്പെട്ടിട്ടില്ല.

99. പാഠ്യപദ്ധതിയുടെ അവിഭാജ്യഘടകമായി ഉദ്ദേശ്യലക്ഷ്യങ്ങൾ ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഒരു കാലത്തും പരിഗണിക്കപ്പെട്ടിട്ടില്ല.

100. ഹ്രസ്വകാലത്തേക്കുമാത്രം സാധുവായത് എന്നു രേഖപ്പെടുത്തിക്കൊണ്ട് രചനയവസാനിപ്പിച്ച കേരളപാണിനീയത്തിന്റെ (1896-ൽ പൂർത്തിയാക്കി 1898ൽ പ്രസിദ്ധികരിച്ച) ഒന്നാം പതിപ്പിൽ നിന്ന് ഒന്നേകാൽ നൂറ്റാണ്ടു പിന്നിടുമ്പോഴും അതേ കൃതിയെ അടിസ്ഥാനമാക്കി വ്യാകരണപഠനം മുന്നോട്ടുപോവുന്നുവെന്നത് മലയാളഭാഷയുടെ പരിമിതിയാണ്. ഒന്നേകാൽ നൂറ്റാണ്ടിന്റെ ഭാഷാവളർച്ചയെയും പരിമാണത്തെയും അപഗ്രഥിച്ച് വ്യാകരണമെഴുതാൻ എ.ആറിന് തുടർച്ചയായി മറ്റൊരു മലയാളിയുണ്ടായില്ല എന്നത് പരിതാപകരമായ സാഹചര്യമാണ്.

101. വ്യാകരണപഠനത്തിന് ഉദ്ദേശ്യലക്ഷ്യങ്ങൾ നല്കുമ്പൊഴും വൃത്താലങ്കാരപഠനത്തിന് അവ നല്കാറില്ല. വ്യാകരണപഠനം വിമർശനാത്മകമാകുമ്പൊഴും വൃത്താലങ്കാര പഠനങ്ങളെ വിമർശനാത്മക പഠനത്തിൽനിന്ന് ഒഴിവാക്കിയിരുന്നു.

102. വ്യാകരണ വൃത്താലങ്കാരങ്ങളുടെ പഠനം അവയുടെ പ്രയോഗശേഷിയിലേക്കോ നൈപുണിയിയിലേക്കോ വികസിക്കാതെ ജ്ഞാനത്തിന്റെയും ഗ്രഹണത്തിന്റെയും തലത്തിൽ നിലകൊള്ളുകയാണ് ചെയ്യുന്നത്.

103. മലയാളം ഐച്ഛികമായി ബി.എ. ഓണേഴ്സ് 1935-ൽ വരുന്നതു മുതൽ വ്യാകരണം, വൃത്തം, അലങ്കാരം എന്നിവ ഒരു പേപ്പറായി രൂപപ്പെട്ടിരുന്നു.

104. വൃത്താലങ്കാര പഠനം, ചെറുകഥാപഠനം എന്നിവ എം.എ. മലയാളപഠനത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത പാഠ്യപദ്ധതിയാണ് മധുരകാമരാജ് സർവ്വകലാശാലയിൽ നിലനില്ക്കുന്നത്. (2008-2016).

105. വ്യാകരണത്തിനും വൃത്താലങ്കാരത്തിനും ആദ്യമായി കേരള സർവ്വകലാശാലയിൽ പാഠ്യപദ്ധതി വരുന്നത് 1977-ലാണ്.

106. വ്യാകരണപഠനത്തിലെ സഹായക ഗ്രന്ഥങ്ങളിൽ ആദ്യമായി വനിതാപ്രാതിനിധ്യം ഉണ്ടാവുന്നത് 1998-ൽ കേരള സർവ്വകലാശാലയിൽ ഡോ. കെ. രത്നമ്മയുടെ മലയാളഭാഷാചരിത്രം എഴുത്തച്ഛൻ വരെ എന്ന കൃതിയിലൂടെയാണ്.

107. കേരളപാണിനീയത്തിന്റെ ഒന്നും രണ്ടും പതിപ്പുകളെ വിശകലന വിധേയമാക്കുന്ന പാഠ്യപദ്ധതി നിലനിന്നത് 2003-2007കാലയളവിൽ കേരള സർവ്വകലാശാലയിലാണ്.

108. ഭാഷാശാസ്ത്രപഠനം പേപ്പറിൽ ഇതുവരെ സ്ത്രീകളുടെ കൃതികൾ ഒന്നും തന്നെ പാഠപുസ്തകമാക്കപ്പെട്ടിട്ടില്ല. 2001-ലാണ് ആദ്യമായി സഹായക ഗ്രന്ഥങ്ങളിൽ സ്ത്രീപ്രാതിനിധ്യം ഉണ്ടാവുന്നത്. ഉഷാനമ്പൂതിരിപ്പാടിന്റെ സാമൂഹിക ഭാഷാശാസ്ത്രം ഉൾപ്പെടുത്തിക്കൊണ്ട് കാലിക്കറ്റ് സർവ്വകലാശാലയാണ് തുടക്കം കുറിച്ചത്. ഭാഷാശാസ്ത്ര പഠനം തുടങ്ങി 87 വർഷങ്ങൾക്കുശേഷമാണ് ഇതു സാദ്ധ്യമാവുന്നത്.

107. ഭാഷാശാസ്ത്രജ്ഞാനമേഖലക്ക് 1959-ലാണ് ആദ്യമായി പാഠ്യപദ്ധതി വരുന്നത് (കേരള, മദ്രാസ്)

108. കേരള സർവ്വകലാശാലയുടെ 1977-ലെ പാഠ്യപദ്ധതിയിലാണ് ഭാഷാശാസ്ത്ര സമീപനങ്ങളിൽ നിന്നുകൊണ്ട് മലയാളഭാഷയെ അപഗ്രഥിക്കുന്ന പാഠ്യപദ്ധതി ആദ്യമായി ആവിഷ്കരിക്കപ്പെടുന്നത്.

109. കോഴിക്കോട് സർവ്വകലാശാലയുടെ 2014-ലെ ഭാഷാശാസ്ത്രപാഠ്യപദ്ധതി, പഠിതാവിൽ ഭാഷാശാസ്ത്രപഠനംകൊണ്ട് ഉണ്ടാവേണ്ട ധൈഷണികതയെയും നൈപുണിയെയും ധാരണയെയും ആദ്യമായി അടയാളപ്പെടുത്താൻ സാധിച്ച വ്യത്യസ്തത പുലർത്തുന്ന നിലവാരമുള്ള പാഠ്യപദ്ധതിയാണ്.

110. ഭാഷാശാസ്ത്രപഠനത്തിൽ ഘടനാവാദവും രചനാന്തരപ്രജനക വ്യാകരണവും ആദ്യമായി ഉൾപ്പെടുത്തുന്നത് 1994-ൽ എം.ജി. സർവ്വകലാശാലയാണ്.

111. കേരള സർവ്വകലാശാലയുടെ 2012-ലെ പാഠ്യപദ്ധതിയാണ് ഭാഷാസാങ്കേതികത ആദ്യമായി എം.എ. മലയാളഭാഷാശാസ്ത്ര പാഠ്യപദ്ധതിയിൽ ആവിഷ്കരിക്കുന്നത്.

112. ബി.എ. ഓണേഴ്സ് മലയാളം പാഠ്യപദ്ധതിയിൽ (1935) ഉൾപ്പെട്ടിരുന്ന പി.എം. ശങ്കരൻ നമ്പ്യാരുടെ സാഹിത്യലോചനം എന്ന കൃതിയാണ് പൗരസ്ത്യ സാഹിത്യസിദ്ധാന്ത പഠനത്തിന്റെ ആരംഭം കുറിക്കുന്നത്.

113. മദ്രാസ് സർവ്വകലാശാലയുടെ 1959-ലെ പാഠ്യപദ്ധതിയിൽ വൃത്തം, അലങ്കാരം, നിരൂപണം എന്ന പേപ്പറിൽ പാശ്ചാത്യ-പൗരസ്ത്യ സാഹിത്യസിദ്ധാന്തങ്ങളുടെ പാഠ്യവസ്തുക്കൾ പ്രത്യേക തലക്കെട്ടോടെ വ്യത്യസ്ത ഖണ്ഡികകളായി നല്കിയിരുന്നു. പാശ്ചാത്യപൗരസ്ത്യ സാഹിത്യസിദ്ധാന്തങ്ങളുടെ ആദ്യത്തെ പാഠ്യപദ്ധതി ഇതാണ്. കേരളയൂണിവേഴ്സിറ്റിയുടെ 1976-ലെ പാഠ്യപദ്ധതിയിൽ indian literary criticism, Western literary criticism എന്നിവ എ, ബി വിഭാഗങ്ങളിലായി നല്കിയിരുന്നതാണ് പാശ്ചാത്യ പൗരസ്ത്യ സാഹിത്യസിദ്ധാന്തം പേപ്പറിന്റെ ഉദ്ഭവത്തിലേക്കു നയിച്ച രണ്ടാഘട്ട പരിണാമം.

1977-ൽ സാഹിത്യനിരൂപണം പേപ്പറിന്റെ ഭാഗമായി പ്ലേറ്റോ മുതൽ എലിയട്ട് വരെയുള്ളവരുടെ സാഹിത്യസിദ്ധാന്തങ്ങളും അക്കമിട്ടു നല്കിയതോടെ ഈ പേപ്പറിന്റെ അടിസ്ഥാന പാഠ്യവസ്തുക്കൾ രൂപപ്പെട്ടു.

114. കാലിക്കറ്റ് സർവ്വകലാശാല 2014-ൽ പാശ്ചാത്യപൗരസ്ത്യ സാഹിത്യസിദ്ധാന്തങ്ങളെ ആദ്യമായി പ്രാചീനം, ആധുനികം എന്നിങ്ങനെ കാലം മാനദണ്ഡമാക്കി ഉദ്ഗ്രഥിക്കുകയും പകുക്കുകയും ചെയ്തു. ഇത് താരതമ്യപഠനത്തിന് കൂടുതൽ സാദ്ധ്യതയും അവസരവും ഒരുക്കുന്നു.

115. വൃത്താലങ്കാര പഠനത്തിൽ പ്രായോഗിക പരിചയത്തിന് ഊന്നൽ നല്കി ആദ്യമായി പാഠ്യപദ്ധതി ആവിഷ്കരിക്കുന്നത് 2009-ൽ കാലടി ശ്രീ ശങ്കരാചാര്യ സർവ്വകലാശാലയാണ്. ചലച്ചിത്രഗാനങ്ങളെ ഇതിനായി പ്രയോജനപ്പെടുത്തുന്നതും നോവലിൽ നിന്നും കഥയിൽനിന്നുമടക്കം അലങ്കാരങ്ങളെ കണ്ടെത്തി വിശകലനം ചെയ്യാനുള്ള ശ്രമവും അർത്ഥപൂർണ്ണമായ പഠനം ഉറപ്പുവരുത്തുന്ന പാഠ്യപദ്ധതിയുടെ മികവിനെ അടയാളപ്പെടുത്തുന്നു.

116. സാഹിത്യസിദ്ധാന്ത കോഴ്സിൽ പാശ്ചാത്യേതര സൗന്ദര്യശാസ്ത്രം (ചൈന, ജപ്പാൻ, ആഫ്രിക്ക, അറേബ്യ etc) ആദ്യമായി പാഠ്യപദ്ധതിയിലുൾപ്പെടുത്തിയത് കാലടി സർവ്വകലാശാലയാണ്.

117. തമിഴ്നാട്ടിലെ രണ്ടു സർവ്വകലാശാലകളും സാഹിത്യസിദ്ധാന്തം കോഴ്സിന്റെ ഉള്ളടക്കം പരിമിതപ്പെടുത്തുമ്പൊഴും തിണസങ്കല്പം നിലനിർത്താൻ ശ്രമിച്ചിരിക്കുന്നത് അവയുടെ ദ്രാവിഡ ഭാഷാഭിമുഖ്യത്തിന്റെ പ്രതിഫലനമാണ്.

118. മെക്കാളെ മിനുട്സിനനിസൃതമായി ഇംഗ്ലീഷ് ഭാഷാപരിജ്ഞാനവും പാശ്ചാത്യ സാംസ്കാരികാഭിമുഖ്യവും പഠിതാക്കളിൽസാദ്ധ്യമാക്കുക എന്ന ലക്ഷ്യത്തെ സാധൂകരിക്കും വിധം മദ്രാസ് സർവ്വകലാശാല എല്ലാ പാഠ്യപദ്ധതികളിലും ഇടപെട്ടിരുന്നു.

119. നാട്ടുഭാഷകളുടെ ചെലവിൽ യജമാന ഭാഷയുടെ വ്യാപനവും യജമാനസംസ്കാരത്തിന്റെ സ്വാംശീകരണവും നാട്ടുഭാഷാ പാഠ്യപദ്ധതിയിലൂടെ ഒരേസമയം സാധിച്ചെടുക്കുന്നതായിരുന്ന അക്കാലത്തെ എല്ലാ ഇന്ത്യൻ ഭാഷകളുടെയും പാഠ്യപദ്ധതിഘടന. കോളനി വിദ്യാഭ്യാസം ആകെ മാർക്കിന്റെയും പാഠ്യപദ്ധതിയുടെയും 50% ഇംഗ്ലീഷ് ഭാഷയ്ക്കും ബ്രിട്ടീഷ് ചരിത്രത്തിനും മാറ്റിവെച്ചിരുന്നു.

120. ദക്ഷിണേന്ത്യൻ ചരിത്രത്തെക്കുറിച്ച് മതിയായ പാഠപുസ്തകങ്ങൾ ഇല്ലാതിരുന്ന കാലത്ത് ചേര, ചോള, പാണ്ഡ്യശാസനങ്ങളിലൂടെയും ഇതര ശാസനങ്ങളിലൂടെയുമാണ് ചരിത്രപഠനം നിർവ്വഹിച്ചിരുന്നത്. ഇതിനുള്ള സൗകര്യം ആദ്യകാലത്ത് തിരുവിതാംകൂറിലും മദ്രാസിലും മാത്രമെ ഉണ്ടായിരുന്നുള്ളൂ.

121. ഏകകാലികവും അഭ്യൂഹരീതിയിലുള്ളതുമായ വ്യാകരണത്തിന് ശാസ്ത്രീയതയില്ലെന്ന യുറോപ്യൻ ജ്ഞാനശാസ്ത്രബോധമാണ് എ. ആറിനെക്കൊണ്ട് കേരളപാണിനീയം ഒന്നാം പതിപ്പിനെ ആഗമികരീതിയിൽ മാറ്റിയെഴുതിച്ചത്. അല്ലെങ്കിൽ ബി.എ. മലയാളം പാസ്കോഴ്സ് തുടങ്ങാൻ കഴിയുമായിരുന്നില്ല.

122. മലയാള ബിരുദപഠനത്തിനുൾപ്പെടെ നാട്ടുഭാഷകൾക്കെല്ലാം നിർബന്ധിത പേപ്പറായിരുന്ന Philology അഥവാ ഭാഷാശാസ്ത്രത്തിന്റെ പാഠ്യപദ്ധതിക്ക് ആ ഭാഷയുമായി യാതൊരു ബന്ധവുമുണ്ടായിരുന്നില്ല. ഈ പേപ്പറിന്റെ പഠനം, ബോധനം, മൂല്യനിർണ്ണയം എന്നിവയെല്ലാം ഇംഗ്ലീഷ് മാധ്യമങ്ങളിലായിരുന്നു.

123. തിരുവിതാംകൂർ സർവ്വകലാശാല 1937-ൽ ആരംഭിക്കുന്നു, 1956-ൽ കേരള സംസ്ഥാനം രൂപംകൊള്ളുന്നു, 1957-ൽ കേരളത്തെ മുഴുവൻ പ്രതിനിധീകരിച്ചുകൊണ്ട് കേരള സർവ്വകലാശാല ഉണ്ടാകുന്നു—ഈ നിർണായക ചരിത്രസന്ദർഭങ്ങളുടെ പ്രതിഫലനം കണ്ടുതുടങ്ങുന്നത് 1938, 1959-60-ലെ മദ്രാസ് സർവ്വകലാശാലയുടെയും കേരള സർവ്വകലാശാലകളുടെയും പാഠ്യപദ്ധതികളിലാണ്.

124. മാർക്കു നല്കുന്നതിലെ വിവേചനപൂർണ്ണമായ വിതരണത്തെ പുനഃക്രമീകരിച്ചും പാശ്ചാത്യപാഠപുസ്തകങ്ങളെയും സഹായകഗ്രന്ഥങ്ങളെയും പൂർണ്ണമായി നിരാകരിച്ചും ബി.എ.യെയും ബി.എ. ഓണേഴ്സിനെയും എം.എ.യെയും കൂട്ടിക്കെട്ടിയുണ്ടാക്കിയ ശ്രേണീകരണത്തിന്റെ ലളിതയുക്തികളെ അഴിച്ച് വേർപെടുത്തി സ്വതന്ത്രമാക്കിയും ദക്ഷിണേന്ത്യൻ ചരിത്ര, സംസ്കാരങ്ങളിൽനിന്ന് കേരള ചരിത്ര-സംസ്കാരങ്ങളിലേക്ക് ആഴത്തിലും വ്യാപ്തിയിലും സ്വതന്ത്രമായും മലയാള സാഹിത്യവിമർശനത്തെ ഇംഗ്ലീഷ് സാഹിത്യപാഠങ്ങളിൽനിന്ന് ഇഴപിരിച്ചും ഭാഷാസാഹിത്യപാഠ്യപദ്ധതി സ്വതന്ത്രമായ വ്യക്തിത്വം കൈവരിക്കുന്ന നിർണ്ണായക ചരിത്രസന്ദർഭമാണ് 1959-ലെ പാഠ്യപദ്ധതി.

125. ജാതീയമായ ഉച്ചനീചത്വങ്ങളും വിവേചനങ്ങളും ഉന്നതവിദ്യഭ്യാസകലാലയങ്ങളിലും ക്ലാസ്മുറിയിലും വിദ്യാർത്ഥികളുടെ താമസസ്ഥലങ്ങളിലും 1970വരെ ശക്തമായി നിലനിന്നിരുന്നു.

126. പണ്ഡിറ്റ് കറുപ്പന്റെ കവിതകൾ, സരസ്വതീവിജയം നോവൽ, ആശാന്റെ ദുരവസ്ഥ തുടങ്ങിയ സവർണ്ണ പക്ഷത്തുനിന്നുള്ള ആക്രമണങ്ങൾക്കു വിധേയമായ കൃതികൾ ദീർഘകാലം മലയാള പാഠ്യപദ്ധതിക്ക് പുറത്തായിരുന്നു.

127. കേരള സർവ്വകലാശാലയുടെ 1977-ലെപാഠ്യപദ്ധതി കേവലമായ പാഠപുസ്തകലിസ്റ്റിൽ നിന്ന് ചരിത്രപരമായും പ്രസ്ഥാനികമായും സാംസ്കാരികമായും

ഭാഷാപരമായും പ്രവണതാപരമായും ഉള്ള പ്രാതിനിധ്യമായി സാഹിത്യകൃതികളെ അവതരിപ്പിക്കുന്നു. ഇന്നും ഏറെക്കുറെ മാറ്റമില്ലാതെ പിന്തുടരുന്ന ഈ രീതിയുടെ വഴിത്തിരിവിന്റെ സുപ്രധാനഘട്ടമാണിത്. എങ്ങനെ പാഠ്യപദ്ധതി വിനിമയം ചെയ്യണമെന്നതിലേക്കുള്ള ജ്ഞാനപരമായ സൂചകമായി പാഠ്യപദ്ധതി പരിണമിച്ചതിന്റെ തെളിവാണിത്.

128. കേരളവർമ്മയെ അളവുകോലാക്കിയ 1959-ലെ സവർണവും, വരേണ്യവുമായ പേപ്പർ വിഭജനത്തിൽനിന്ന് കേരള സർവ്വകലാശാല സാഹിത്യരൂപത്തെയും കാലത്തെയും അടിസ്ഥാനമാക്കിയുള്ള (പ്രാചീന സാഹിത്യം, മധ്യകാലസാഹിത്യം, ആധുനികസാഹിത്യം-ഗദ്യം, ആധുനികസാഹിത്യം-പദ്യം) പേപ്പർ വിഭജനത്തിലേക്ക് പാഠ്യപദ്ധതി മാറ്റുന്നത് 1977-ലാണ്.

129. 1959-ൽ മദ്രാസ് സർവ്വകലാശാല തുടക്കംകുറിച്ച കേരളചരിത്രപഠനത്തിൽനിന്നും കേരള സംസ്കാരപഠനത്തിലേക്കുള്ള മാറ്റം 1977-ൽ കേരള സർവ്വകലാശാല കൂടി സ്വീകരിക്കുന്നതോടെയാണ് പൂർണമാവുന്നത്.

130. ദ്രാവിഡ ഭാഷാശാസ്ത്രപഠനം 1977ഓടെ പൂർണ്ണമായും ഒഴിവാക്കുകയും മലയാളഭാഷയുടെ ഭാഷാശാസ്ത്ര അപഗ്രഥനം പകരം വെക്കുകയുമാണ് ചെയ്തത്.

131. ഭാഷാസാഹിത്യപഠനത്തിലേക്ക് 'താരതമ്യപഠനം' കടന്നുവരുന്നത് 1989-ൽ കേരള സർവ്വകലാശാലയിലാണ്.

132. ഭാഷാസാഹിത്യപഠനത്തിൽ അപഗ്രഥനം, ഉദ്ഗ്രഥനം, മൂല്യനിർണ്ണയം തുടങ്ങിയ ഉയർന്ന ശേഷികൾ ആർജ്ജിക്കാനും പ്രകടിപ്പിക്കാനും വിലയിരുത്താനും അവസരമുണ്ടായിരുന്ന ഉപന്യാസം എന്ന പേപ്പർ കേരള സർവ്വകലാശാല 1989-ഓടെ ഉപേക്ഷിക്കുന്നു. അഥവാ ഭാഷാ സാഹിത്യപഠനം ഉയർന്ന ശേഷികളിൽ നിന്ന് താഴ്ന്ന ശേഷികളിലേക്ക് പരിണമിച്ചുകൊണ്ടിരിക്കുന്നു.

133. വിജ്ഞാനത്തെ സംബന്ധിച്ച പാശ്ചാത്യപരികല്പനക്കനുസരിച്ചുള്ള വൈജ്ഞാനിക മേഖലകളെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക മാത്രമല്ല നാട്ടുഭാഷയുടെ തദ്ദേശീയ വിജ്ഞാനങ്ങളെ പാശ്ചാത്യജ്ഞാന പദ്ധതിയ്ക്കനുകൂലമായി പൊളിച്ചെഴുതാൻ നിർബന്ധിച്ചുകൊണ്ടുമാണ് കോളനിവ്യവഹാരങ്ങൾ പ്രവർത്തിച്ചത്.

134. ആദ്യകാല പാഠ്യപദ്ധതികളിൽ ഗദ്യത്തേക്കാൾ പദ്യത്തിനായിരുന്നു പ്രാമുഖ്യം. വിശദപഠനത്തിനല്ലാതെ നിർദ്ദേശിക്കുന്ന കൃതികൾ ഗദ്യമായിരുന്നു. ആദ്യമായി പാഠ്യപദ്ധതിയിലുൾപ്പെടുത്തിയ സ്ത്രീരചനകൾ ഗദ്യമായതിൽ ഈ

മനോഭാവത്തിന്റെ കൂടി പ്രതിഫലനം ഉണ്ട്. ബി. കല്യാണിയമ്മയുടെ വ്യാഴവ ട്ടസ്മരണകളും കാർത്തികതിരുനാൾ തമ്പുരാട്ടിയുടെ ശൂരസിംഹവുമാണ് ബിരുദ മലയാള പാഠ്യപദ്ധതിയിലിടം നേടിയ ഗദ്യകൃതികൾ.

135. പ്രാചീന ഗദ്യകൃതികളെ മലയാളഭാഷാചരിത്രത്തെയും സാഹിത്യചരി ത്രത്തെയും മുൻനിർത്തി പഠിക്കേണ്ടതുണ്ടെന്ന അക്കാദമിക ബോധം ഉണ്ടാവുന്നത് 1960 കളിലാണ്. അതേത്തുടർന്നാണ് ഭാഷാകൗടലീയം, അംബരീഷോപാഖ്യാനം, ബ്രഹ്മാണ്ഡപുരാണം എന്നിവ ആദ്യവും പിന്നീട് വർത്തമാനപുസ്തകവും ഉദയംപേരൂർ സൂനഹദോസിലെ കാനോനകളും സംക്ഷേപവേദാർത്ഥവും ബൈബിൾവിവർത്തനങ്ങളും പാഠ്യപദ്ധതിയിലിടം നേടുന്നത്.

136. ഭാഷാ സാഹിത്യപഠനത്തിൽ പദ്യത്തിന്റെ പ്രാമുഖ്യം കുറയാനും ഗദ്യത്തെ അതിന്റെ എല്ലാവിധ വൈവിധ്യത്തോടെയും അന്തർവൈജ്ഞാനിക മായും സ്വീകരിക്കാൻ ഇടയാക്കിയത് 2000 മുതൽ വ്യാപിക്കുന്ന സെമസ്റ്റർ സംവിധാനവും അതു നിർബന്ധമാക്കിയ പുതിയ കോഴ്സുകളുടെ ആവശ്യവും അതേ തുടർന്നുണ്ടായ പുതിയ അന്വേഷണങ്ങളുമാണ്.

137. ഭാഷാ സാഹിത്യപാഠ്യപദ്ധതി മാപ്പിളപ്പാട്ടുകളെ നാടൻ പാട്ടുകളുടെ കൂട്ടത്തിൽ പ്പെടുത്തി പഠിപ്പിക്കുന്നതും മിക്ക സാഹിത്യചരിത്രങ്ങളിലും അങ്ങനെ രേഖപ്പെ ടുത്തിയിരിക്കുന്നതും തെറ്റായ പാഠനിർമ്മിതിയാണ്. മാപ്പിളപ്പാട്ടുകൾ കൃത്യമായ രചയിതാവും കാലവും ഉള്ള എഴുതപ്പെട്ട ഏകപാഠങ്ങളാണ്, അവ മലയാള പദ്യസാഹിത്യത്തിന്റെ ഭാഗവുമാണ്.

138. മലയാളം സർവ്വകലാശാലയുടെ 2016 ലെ പാഠ്യപദ്ധതിയിൽ പ്രാചീന മധ്യകാല സാഹിത്യം പേപ്പറിന്റെ ഗദ്യത്തിലോ പദ്യത്തിലോ പാഠ്യവസ്തുവായോ പാഠപുസ്തകമായോ അറബിമലയാളസാഹിത്യം വരുന്നില്ല. സാഹിത്യമായും അച്ചടിയായും ചരിത്രമായും അറബിമലയാളം പടർന്നു പന്തലിച്ച മണ്ണിൽ സ്ഥാപിതമാവുമ്പൊഴും തദ്ദേശത്തിന്റെ സംസ്കാരത്തെ, വിജ്ഞാനത്തെ ഉൾക്കൊള്ളാൻ സർവ്വകലാശാലയ്ക്ക് കഴിയുന്നില്ല.

139. മദ്രാസ് സർവ്വകലാശാല, മധുരകാമരാജ് സർവ്വകലാശാല, മോയിൻകുട്ടി വൈദ്യരുടെ നാട്ടിലുള്ള മലയാളം സർവ്വകലാശാല എന്നിവ അറബിമലയാള സാഹിത്യത്തെ പാഠ്യപദ്ധതി യിൽനിന്ന് പൂർണ്ണമായും നിരാകരിച്ച സർവ്വകലാ ശാലകളാണ്. 2012 മുതൽ അലിഗഢ് സർവ്വകലാശാലയും 2015 മുതൽ കണ്ണൂർ സർവ്വകലാശാലയും ഈ വഴിക്കുനീങ്ങുന്നു.

140. മുസ്ലിം സംസ്കാരത്തിനും അറബിമലയാളസാഹിത്യത്തിനും അതിന്റെ വൈവിധ്യത്തിനും ചരിത്രസാംഗത്യത്തിനും അനന്യതമായി ഏറ്റവും കൂടുതൽ പരിഗണന കിട്ടിയിരിക്കുന്ന വർഷം 2013-ഉം പരിഗണന നല്കിയ സർവ്വകലാശാല മഹാത്മാഗാന്ധി സർവ്വകലാശാലയുമാണ്.

141. പത്തുസർവ്വകലാശാലകളിലെ എം.എ. മലയാളം പാഠ്യപദ്ധതിയുടെ 1935 മുതൽ 2016 വരെയുള്ള ചരിത്രം പരിശോധിക്കുമ്പോൾ അറബിമലയാളസാഹിത്യം, മാപ്പിളമലയാളം, മുസ്‌ലിം സാംസ്കാരികത എന്നിവയുടെ അക്കാദമിക പ്രാധാന്യത്തെ വസ്തുനിഷ്ഠമായി തിരിച്ചറിയാനും അനുയോജ്യമായി അടയാളപ്പെടുത്താനും കേരളത്തിനകത്തോ പുറത്തോ ഉള്ള ഒരു സർവ്വകലാശാലക്കും സാധിച്ചിട്ടില്ലെന്ന് തിരിച്ചറിയാനാകുന്നു.

142. ഇംഗ്ലീഷിൽനിന്നാണ് മലയാളത്തിലേക്ക് നോവൽസാഹിത്യം കടന്നുവന്നതെന്ന വാദത്തെയും മലയാളത്തിലെ ആദ്യനോവൽ കുന്ദലതയാണെന്ന വാദത്തെയും അറബിമലയാള സാഹിത്യത്തിൽ പേർഷ്യൻ ഭാഷയിൽ നിന്നും വിവർത്തനം ചെയ്ത ചാർദർവേശ് എന്ന നോവൽ ഒരേസമയം നിരാകരിക്കുന്നു.

143. ഇൻഫർമേഷൻ ടെക്നോളജി, മലയാളം കമ്പ്യൂട്ടിംഗ് അദ്ധ്യാപന നൈപുണികളുടെ വികാസം, മൂല്യനിർണയം, പാഠാസൂത്രണം, ഭാഷാസാഹിത്യപഠനം തുടങ്ങി മുൻഗണന കൊടുക്കേണ്ട നിരവധി വിഷയങ്ങൾ 2015-ൽ ഏറ്റവും ഒടുവിലായി കേരളയിൽ നടന്ന ഭാഷാധ്യാപകപരിശീലനത്തിന്റെ ഉള്ളടക്കത്തിലും ഉൾപ്പെട്ടിട്ടില്ല.

144. ക്ലാസ്മുറിയിലെ എം.എ. വിദ്യാർത്ഥിയും പഠനവും പ്രശ്നങ്ങളും പഠനനേട്ടവും അളയർത്തലും സേവനകാലപരിശീനത്തിന്റെ ലക്ഷ്യമേ ആവുന്നില്ല.

145. ഡബിൾ മെയിനിൽ ഒന്നായി മലയാളം എം.എ. ഉണ്ടായിരുന്ന 1920-കളിൽ 9 പേപ്പറുകളും ഡിസർട്ടേഷനും അടക്കം 1400 മാർക്കിലാണ് എം. എ. പ്രോഗ്രാമിന്റെ ചരിത്രം തുടങ്ങുന്നത്.

146. ലൈബ്രറി റെക്കോർഡിന് 50 മാർക്ക് നല്കിക്കൊണ്ട് കോഴിക്കോട് സർവ്വകലാശാലയാണ് 1972-ൽ നിരന്തരവിലയിരുത്തലിന് ഔപചാരികമായിത്തന്നെ അഥവാ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുന്ന രീതിയിൽ തുടക്കം കുറിച്ചത്.

147. സെമിനാറും ടെസ്റ്റ് പേപ്പറുമാണ് എല്ലാ സർവ്വകലാശാലകളും പൊതുവായി സ്വീകരിച്ചിരിക്കുന്ന നിരന്തര വിലയിരുത്തൽ മേഖലകൾ. ടെസ്റ്റ് പേപ്പറിനാണ് കൂടുതൽ ക്രെഡിറ്റ്/മാർക്ക്/ വെയിറ്റേജ് കൊടുത്തിരിക്കുന്നതും. മൂല്യനിർണ്ണയത്തിലെ വസ്തുനിഷ്ഠത, കൃത്യത, വിശ്വാസ്യത, വൈധത, പ്രായോഗികത എന്നിവയാണ് ടെസ്റ്റ് പേപ്പറിനെ പ്രിയങ്കരമാക്കുന്നത്.

148. കണ്ണൂർ സർവ്വകലാശാല 2001-2009 കാലയളവിൽ ഡിസർട്ടേഷൻ അല്ലെങ്കിൽ സർഗ്ഗാത്മക രചന എന്ന നിലയിൽ സർഗ്ഗാത്മക കഴിവുകളെ അക്കാദമികമായി അംഗീകരിച്ചത് ശ്രദ്ധേയമായ പരിഷ്കാരമായിരുന്നു. എന്നാൽ 2013 മുതൽ പാഠ്യപദ്ധതിയിൽ നിന്ന് സർഗ്ഗാത്മകത പുറത്തായി, ഡിസർട്ടേഷൻ മാത്രമായി ചുരുങ്ങി.

149. മദ്രാസ് സർവ്വകലാശാലയുടെ 1975 വരെയുള്ള ബി.എ. ഓണേഴ്സ്, എം.എ. മലയാളം പാഠ്യപദ്ധതിയിൽ വൈവ കാണാത്തതുകൊണ്ടും 1960-കൾ മുതലുള്ള കേരള സർവ്വകലാശാലയിൽ വൈവക്ക് 50 മാർക്ക് നിർദ്ദേശിച്ചു കാണുന്നതിനാലും കേരള സർവ്വകലാശാലയാണ് ആദ്യമായി വൈവയ്ക്ക് എം.എ. മലയാള പാഠ്യപദ്ധതിയിൽ സ്ഥാനം കൊടുത്തതെന്ന് പറയാം.

150. മലയാളം ഐച്ഛികമായി ഏഴു പേപ്പറുകളോടെ ബി.എ. ഓണേഴ്സ് 1935-ൽ തുടങ്ങിയപ്പോൾ ഡിസർട്ടേഷൻ ഉണ്ടായിരുന്നില്ല.

151. കാലിക്കറ്റ് സർവ്വകലാശാലയാണ് 1972-ൽ എം.എ. മലയാള പഠനത്തിൽ ആദ്യമായി ഡിസർട്ടേഷൻ ആവിഷ്കരിക്കുന്നത്.

152. നിരന്തരവിലയിരുത്തലിന്റെ ഭാഗമായി ലൈബ്രറി റെക്കോഡ് ആവിഷ്കരിക്കുന്നത് 1972-ൽ കാലിക്കറ്റ് സർവ്വകലാശാലയാണ്.

153. ഇന്റേൺഷിപ്പിനും സോഫ്റ്റ് സ്കില്ലിനും ക്രെഡിറ്റ് അനുവദിച്ചുകൊണ്ട് എം.എ. മലയാളം പ്രോഗ്രാമിൽ ആദ്യമായി പാഠ്യപദ്ധതി ആവിഷ്കരിച്ചത് 2014-ൽ മദ്രാസ് സർവ്വകലാശാലയാണ്.

154. ആകെ മാർക്കിന്റെ 50% (50:50) നിരന്തര വിലയിരുത്തലിന് നല്കിക്കൊണ്ട് കാലടി ശ്രീ ശങ്കരാചാര്യ സർവ്വകലാശാലയാണ് എം.എ. മലയാളം പ്രോഗ്രാമിൽ അകംപുറം പരീക്ഷകളെ തുല്യമായി പരിഗണിച്ചിരിക്കുന്നത്.

155. നിരന്തരവിലയിരുത്തലിനുള്ള ഒരു മേഖലയായി ഹാജറിനെ പരിഗണിക്കുന്നത് എം.ജി, കാലിക്കറ്റ്, മലയാളം, സെൻട്രൽ എന്നീ നാലു സർവ്വകലാശാലകൾ മാത്രമാണ്. മദ്രാസ്, കേരള, അലിഗഢ്, മധുര കാമരാജ്, കണ്ണൂർ, കാലടി എന്നീ സർവ്വകലാശാലകൾ പഠിതാവിന്റെ കേവലമായ ശരീര സാന്നിദ്ധ്യത്തെ മികവായി പരിഗണിക്കുന്നില്ലെന്നത് പുരോഗമനപരമായ നിലപാടാണ്.

156. ബി.എ. മലയാളം (ഓണേഴ്സ്) പ്രാചീന മധ്യകാലസാഹിത്യത്തിൽ 99 കൃതികൾ പാഠപുസ്തകമായതിൽ സ്ത്രീരചനകൾ ഒന്നും തന്നെയില്ല. 1935-2017 കാലഘട്ടത്തിൽ ഈ പേപ്പറിൽ 190-കൃതികൾ പാഠപുസ്തകമാവുമ്പോൾ അതിൽ രണ്ടു കൃതികൾ മാത്രമാണ് സ്ത്രീരചനകൾ (1959 കേരള).

157. ഭാഷാശാസ്ത്രപഠനത്തിന് സഹായകഗ്രന്ഥങ്ങളായി 1981-2016 കാലയളവിൽ 139 കൃതികൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഇതിൽ 9 കൃതികൾ മാത്രമാണ് സ്ത്രീകളുടേത്. കെ. രത്നമ്മയുടെ 'കേരളഭാഷാചരിത്രം എഴുത്തച്ഛൻ വരെ' (1981-കേരള) എന്ന കൃതിയാണ് ആദ്യത്തെ പ്രാതിനിധ്യം. കെ. രത്നമ്മയുടെ Early Inscriptional Malayalam എന്ന കൃതി 1999 (കേരള)ലും ഡോ. എം. ലീലാവതിയുടെ കവിതാസാഹിത്യചരിത്രം (1999 കേരള), വി. പ്രസന്ന മണിയുടെ നളകഥ മലയാളത്തിൽ (1992 കാലിക്കറ്റ്), ജി. കമലമ്മയുടെ മലയാള ഭാഷയുടെ അടിവേരുകൾ (2014-കാലിക്കറ്റ്), പി.കെ. സുമതിക്കുട്ടിയുടെ നമ്പ്യാന്തമിഴ് (2012-എം.ജി), കെ. രത്നമ്മയുടെ തന്നെ A Linguistic study of Early manipravalam (2012-എം.ജി), പ്രൊഫ. പദ്മകുമാരിയുടെ കഥാഗാനങ്ങളുടെ ലോകം (2016-സെൻടൽ) സബീനാറാഫിയുടെ അറബിമലയാളം (2014-കാലിക്കറ്റ്) എന്നിവയാണ് ഇതര കൃതികൾ.

158. വ്യാകരണ വൃത്താലങ്കാര പഠനത്തിന് 1915-2016 കാലഘട്ടത്തിൽ 168 സഹായക ഗ്രന്ഥങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഇതിൽ 8കൃതികൾ മാത്രമാണ് സ്ത്രീകളുടെത്. ഈ കാലയളവിൽ 34 കൃതികൾ പാഠപുസ്തകമാക്കിയിട്ടുണ്ട്. അവയിൽ സ്ത്രീരചനകൾ ഒന്നുംതന്നെയില്ല. കെ. രത്നമ്മയുടെ (1998-കേരള) മലയാളഭാഷാചരിത്രം എഴുത്തച്ഛൻ വരെ എന്ന കൃതിയാണ് ആദ്യത്തേത്.

159. ഭാഷാശാസ്ത്രപഠനത്തിലും നാളിതുവരെ 24 കൃതികളാണ് പാഠപുസ്തകമായി നിർദ്ദേശിച്ചിട്ടുള്ളത്. ഇതിൽ സ്ത്രീപ്രാതിനിധ്യം ഇതുവരെ ഉണ്ടായിട്ടില്ല. 184 ഭാഷാശാസ്ത്ര സഹായകഗ്രന്ഥങ്ങളിൽ കേവലം മൂന്നെണ്ണം മാത്രമാണ് സ്ത്രീരചനകൾ. ഉഷാനമ്പൂതിരിപ്പാടിന്റെ സാമൂഹിക ഭാഷാശാസ്ത്രം (2001) എന്നകൃതിയാണ് ആദ്യത്തേത്.

160. പാശ്ചാത്യ-പൗരസ്ത്യ സാഹിത്യസിദ്ധാന്തങ്ങളുടെ ഇതുവരെയുണ്ടായ 50 പാഠപുസ്തകങ്ങളിൽ സ്ത്രീപ്രാതിനിധ്യം ഇല്ല. ഈ പേപ്പറിൽ ഇതുവരെയുണ്ടായ 321 സഹായകഗ്രന്ഥങ്ങളിൽ കേവലം 15 പുസ്തകങ്ങൾ മാത്രമാണ് സ്ത്രീരചനകൾ. ഹൃദയകുമാരിയുടെ (2003-കേരള) കാല്പനികത എന്ന കൃതിയാണ് ആദ്യത്തേത്.

161. കേരളസംസ്കാര പഠനവുമായി ബന്ധപ്പെട്ട് ഇതുവരെ നിർദ്ദേശിക്കപ്പെട്ട 83 പാഠപുസ്തകങ്ങളിൽ കേവലം രണ്ടെണ്ണം മാത്രമാണ് സ്ത്രീകളുടേത്. സബീനാറാഫിയുടെ (1990-എം.ജി.) ചവിട്ടുനാടകം എന്ന കൃതിയാണ് ആദ്യത്തേത്.

162. കേരളസംസ്കാരപഠനത്തിന് ഇതുവരെയുണ്ടായ 304 സഹായകഗ്രന്ഥങ്ങളിൽ കേവലം 7 എണ്ണം മാത്രമാണ് സ്ത്രീരചനകൾ. സെബീനാറാഫിയുടെ (1977-കേരള) ചവിട്ടുനാടകം എന്ന കൃതിയാണ് ആദ്യത്തേത്.

163. ആധുനിക, സമകാലപദ്യസാഹിത്യപഠനത്തിൽ ഇതുവരെ നിർദ്ദേശിക്കപ്പെട്ട 496 പാഠപുസ്തകങ്ങളിൽ 45 കൃതികൾ സ്ത്രീരചനകളാണ്. സുഗതകുമാരിയുടെ (1977-കേരള) പാവം മാനവഹൃദയം എന്ന കൃതിയാണ് ആദ്യത്തേത്. എം.എ. മലയാള പാഠ്യപദ്ധതിയിൽ ഏറ്റവും കൂടുതൽ പരിഗണന കിട്ടിയിരിക്കുന്ന എഴുത്തുകാരിയും സുഗതകുമാരിയാണ്. ഈ പേപ്പറിന്റെ ഇതുവരെ നിർദ്ദേശിക്കപ്പെട്ട 275 സഹായക ഗ്രന്ഥങ്ങളിൽ 18 കൃതികൾ സ്ത്രീരചനകളാണ്. ഡോ. എം. ലീലാവതിയുടെ (1984) വർണ്ണരാജിയാണ് ആദ്യത്തേത്.

164. ആധുനിക സമകാലഗദ്യസാഹിത്യപഠനത്തിന് ഇതുവരെ നിർദ്ദേശിക്കപ്പെട്ട 345 പാഠപുസ്തകങ്ങളിൽ 32 എണ്ണം സ്ത്രീകളുടേതാണ്. മാധവിക്കുട്ടിയുടെ പക്ഷിയുടെ മണം (1986) ആണ് ആദ്യകൃതി. ഈ പേപ്പറിൽ ഇതുവരെ നല്കിയ 409 സഹായക ഗ്രന്ഥങ്ങളിൽ 24 എണ്ണം സ്ത്രീരചനകളാണ്. ഡോ. ജി. ഹേമലതാദേവിയുടെ ലക്ഷ്മണരേഖ മുറിച്ചുകടക്കുമ്പോൾ (2007) എന്ന കൃതിയാണ് ആദ്യത്തേത്.

13.3. നിഗമനങ്ങൾ

എം.എ. പഠനത്തിനു തുല്യമായ ബി.എ. ഓണേഴ്സ് കോഴ്സ് തുടങ്ങുന്ന 1914 മുതൽ 2016 വരെയുള്ള കാലയളവിലെ കേരളത്തിനകത്തും പുറത്തുമുള്ള പത്തുസർവ്വകലാശാലകളുടെ 102 വർഷത്തെ മലയാള പാഠ്യപദ്ധതികളെ പ്രധാന ഉപാദാനസാമഗ്രിയാക്കി നടത്തിയ വിശകലനത്തിൽ നിന്നും ഉരുത്തിരിഞ്ഞ, നൂറ്റാണ്ടുപിന്നിടുന്ന എം.എ. പഠനത്തിന്റെ ചരിത്രമാണ് മുൻഅദ്ധ്യായങ്ങളിൽ പ്രധാനമായും രേഖപ്പെടുത്തിയിരിക്കുന്നത്. അതോടൊപ്പം അനുബന്ധമായി നടത്തിയ സർവ്വെകളും ഇതരമാർഗങ്ങളിലൂടെ ശേഖരിച്ച ദത്തങ്ങളും വിശകലനം ചെയ്തപ്പോൾ കിട്ടിയ തിരിച്ചറിവുകളും ഉൾക്കാഴ്ചകളും കണ്ടെത്തലുകളായി തുടർന്ന് രേഖപ്പെടുത്തി. ഇതിന്റെ അടിസ്ഥാനത്തിൽ നൂറ്റാണ്ടു പിന്നിടുന്ന എം.എ. മലയാളപാഠ്യപദ്ധതിയിൽ പ്രകടമായ പ്രവണതകളെയും സവിശേഷതകളെയും ബലതന്ത്രങ്ങളെയും ദിശാസൂചകങ്ങളെയും ലിംഗ, ജാതി, ദേശ, സമുദായ സാംസ്കാരിക ഘടകങ്ങളെയും പഠനം, ബോധനം, മൂല്യനിർണ്ണയം, പരിശീലനം തുടങ്ങിയ വിദ്യാഭ്യാസ പ്രക്രിയകളെയും ആണ് നിഗമനങ്ങളായി ഇവിടെ അവതരിപ്പിക്കുന്നത്.

1. ഭാഷാ പഠനത്തിലെ നിർണായക വർഷങ്ങൾ (1912, 1935, 1937, 1959, 1977, 2000)

   1912-ലാണ് ബി.എ.മലയാളം ഓണേഴ്സ് കോഴ്സ് മദ്രാസ് സർവ്വകലാശാല തുടങ്ങുന്നത്. അതിനുമുമ്പ് മലയാളം ഐച്ഛികമായി ഉണ്ടായിരുന്നില്ലെങ്കിലും ഡബിൾ മെയ്ൻ എന്ന നിലയിൽ പഠിക്കാവുന്ന ഇംഗ്ലീഷ് അല്ലാത്ത രണ്ടു

ഭാഷകളിൽ ഒന്നായി മലയാളം ബി.എ., എം.എ. പഠിക്കാൻ കഴിയുമായിരുന്നു. പ്രത്യേകം പാഠ്യപദ്ധതിയും ഉണ്ടായിരുന്നു. മലയാളം ഐച്ഛികമായി ബി.എ. ഓണേഴ്സ് ആരംഭിക്കുന്ന വർഷമാണ് 1935. ബി.എ. ഓണേഴ്സ് എം.എ. പഠനത്തിന് തുല്യമായിരുന്നതിനാൽ എം.എ. പഠനത്തിന് ചരിത്രം കുറിച്ച വർഷം എന്ന നിലയിൽ 1935 പ്രധാനമാവുന്നു.

തിരുവിതാംകൂറിന് സ്വന്തമായി സർവ്വകലാശലയുണ്ടാവുകയും അതേത്തുടർന്ന് ദക്ഷിണേന്ത്യൻ ചരിത്രപഠനത്തിൽ നിന്ന് കേരള ചരിത്ര പഠനത്തിലേക്ക് എം.എ.മലയാള പഠനം വഴിമാറുകയും സംസ്കൃതപഠനം നിർബന്ധിത പേപ്പറാവുകയും ചെയ്തവർഷമെന്ന നിലയിൽ 1937 നിർണായകമാണ്. ഇളം കുളംകുഞ്ഞൻപിള്ളയുടെ കേരള ചരിത്ര കൃതികളുടെ രചനയ്ക്ക് നിമിത്തമായതും ഈ മാറ്റമാണ്.

ഇതര ഭാഷകളുടെ കൂട്ടുകെട്ടിൽനിന്നു മലയാളഭാഷ സ്വതന്ത്രമാവുകയും അടിസ്ഥാന പാഠപുസ്തകങ്ങളും പാഠ്യപദ്ധതിയും രൂപംകൊള്ളുകയും ഉന്നത വിദ്യഭ്യാസ മേഖലയിലെ അന്തസ്സാർന്ന വിഷയമായി മലയാളം മാറുകയും ചെയ്ത വർഷമാണ് 1959. കേരളസംസ്ഥാനം രൂപംകൊള്ളുകയും തുടർന്ന് തിരുവിതാംകൂർ സർവ്വകലാശാലയെ കേരള സർവ്വകലാശാലയായി പരിവർത്തിക്കുകയും ചെയ്ത 1957, കോളനിഭരണം അടിച്ചേല്പിച്ച മദ്രാസ് സർവ്വകലാശാലയുടെ നിയന്ത്രണത്തിൽ നിന്നും കേരളം, കേരളത്തിന്റേതായ ഒരു സർവ്വകലാശാലയുടെ രക്ഷാകർതൃത്വത്തിലേക്ക് മാറിയ വർഷം കൂടിയാണ്. ഈ സംഭവവികാസങ്ങൾക്കുശേഷമുണ്ടായ പാഠ്യപദ്ധതിപരിഷ്കരണം പ്രയോഗത്തിൽവന്നത് 1959-ലായതിനാൽ എം.എ. മലയാളപഠനത്തെ സംബന്ധിച്ചിടത്തോളം 1959 ആണ് തുടർന്നു നിർണായകമാവുന്നത്. ബി.എ. ഓണേഴ്സ് അവസാനിപ്പിച്ച് എം.എ. മലയാളം മാത്രമാവുകയും പാഠ്യപദ്ധതിക്കുമേലുള്ള കോളനിവ്യവഹാരങ്ങൾ ദുർബലമാവുകയും സവർണവരേണ്യത പിടിമുറുക്കുകയും ചെയ്ത വർഷം. സംസ്കൃത ഭാഷാപഠനം നിർബന്ധിതമാക്കുകയും കേരളവർമ്മ വലിയ കോയിത്തമ്പുരാനെ സാഹിത്യപഠന വിഭജനത്തിന്റെ അളവുകോലാക്കുകയും കേരളം മുഴുവൻ ദക്ഷിണേന്ത്യൻ ചരിത്രപഠനത്തിൽനിന്നു വിട്ട് കേരളചരിത്ര പഠനത്തിലേക്ക് വരികയും ചെയ്ത നിർണായക വർഷമാണിത്.

പാഠ്യപദ്ധതി സവർണ-വരേണ്യവ്യവഹാരങ്ങളിൽനിന്ന് കുറച്ചൊക്കെ വിടുതൽ നേടി ബഹുസ്വരധാരകളെ സ്വാംശീകരിക്കാൻ തുടങ്ങുന്ന വർഷമാണ് 1977. കേരളചരിത്രപഠനം സംസ്കാരപഠനമാവുകയും ഭാഷാശാസ്ത്രപഠനം

മലയാളഭാഷയെ അപഗ്രഥിച്ചുതുടങ്ങുകയും കേരളവർമ്മയെ മാനദണ്ഡമാക്കിയ പേപ്പർ വിഭജനങ്ങളിൽ നിന്ന് കാലഘട്ടത്തെയും പ്രസ്ഥാനങ്ങളെയും മാനദണ്ഡമാക്കുകയും ചെയ്യുന്ന നിർണായക വർഷമാണിത്. ഇന്നും പിന്തുടരുന്ന പാഠ്യപദ്ധതിയുടെ ഘടനാപരമായ മാതൃക രൂപംകൊണ്ടതും എല്ലാ പേപ്പറുകൾക്കും പാഠ്യവസ്തു തയ്യാറാക്കുകയും ചെയ്ത വർഷം.

2000- മുതലുള്ള വർഷങ്ങൾ എം.എ. പഠനത്തിന്റെ ഘടനാപരമായ സമൂല പരിവർത്തനത്തിന്റെ നിർണായക കാലഘട്ടമാണ്. പാഠ്യപദ്ധതി കൂടുതൽ ബഹുസ്വരമായിക്കൊണ്ട് ജ്ഞാനശാസ്ത്രപരമായ നൈതികതയെ വീണ്ടെടുക്കുന്ന സമയം.

1914 മുതൽ 1958 വരെ കോളനി വ്യവഹാരങ്ങളുടെ അധീശത്വത്തോടൊപ്പം സവർണ വരേണ്യ ഹൈന്ദവ പ്രത്യയശാസ്ത്രവും പാഠ്യപദ്ധതിയിൽ പ്രവർത്തിച്ച സമയമാണ്. പാശ്ചാത്യഭാഷ, സംസ്കാരം, പാശ്ചാത്യ ജ്ഞാനശാഖകൾ എന്നീ കോളനി താല്പര്യങ്ങളോടൊപ്പം പുരാണങ്ങൾ, ഇതിഹാസങ്ങൾ, ആട്ടക്കഥകൾ, തമ്പുരാക്കന്മാരുടെ രചനകൾ, നായർ പ്രമാണിത്ത ഭാവുകത്വ താല്പര്യങ്ങൾ എന്നിവയെല്ലാം സവർണവരേണ്യതയുടെ ഏകശിലാത്മക വിജ്ഞാനമായി മാനകീകരിക്കുകയും ചെയ്ത ഘട്ടം. ദലിതന്റെയും ക്രൈസ്തവരുടെയും മുസ്ലിങ്ങളുടെയും സാഹിത്യവും വിജ്ഞാനവും ഭാഷയും സ്വത്വവും സംസ്കാരവും പാർശ്വവത്കരിക്കപ്പെട്ട പഠനകാലം.

1947-ൽ ഇന്ത്യ സ്വതന്ത്രമായെങ്കിലും ഭാഷാപാഠ്യപദ്ധതി സ്വതന്ത്രമായത് 1959-മുതലാണ്. പാഠ്യപദ്ധതിക്കുമേലുള്ള ബ്രിട്ടീഷ് നിർബന്ധങ്ങൾ ദുർബലമായപ്പോൾ സവർണ വരേണ്യതയാണ് കൂടുതൽ ശക്തിപ്പെട്ടത്.

2. പതിറ്റാണ്ടുകളുടെ ജടിലതയിൽനിന്ന് സമകാലികതയുടെ നിരന്തര നവീകരണത്തിലേക്ക്

പാഠ്യപദ്ധതിയുടെ ചരിത്രത്തെ അതിന്റെ നവീകരണ വേഗം കൊണ്ട് വിശകലനം ചെയ്യുമ്പോൾ ബോദ്ധ്യപ്പെടുന്ന ഒരു വസ്തുത. അത് കാലത്തോടും ചരിത്രത്തോടുമൊപ്പം സഞ്ചരിക്കുന്ന ഒന്നല്ലെന്നുള്ളതാണ്, ബ്രിട്ടീഷുകാർ ഇന്ത്യവിട്ട് 12 കൊല്ലം കഴിയുമ്പോഴാണ് പാഠ്യപദ്ധതിയിൽ നിന്ന് അവരെ ഭാഗികമായെങ്കിലും ഒഴിവാക്കാൻ സാധിക്കുന്നുള്ളൂ. കേരളം പിറന്ന് രണ്ട് വർഷം കഴിഞ്ഞാണ് കേരളം മുഴുവൻ കേരളചരിത്രപഠനം പിറക്കുന്നത്. 1969-ൽ പ്രസിദ്ധീകരിച്ച ഖസാക്കിന്റെ ഇതിഹാസമെന്ന മലയാളത്തിലെ ഏറ്റവും പ്രധാനപ്പെട്ട നോവൽ കേരള സർവ്വകലാശാലയുടെ പാഠ്യപദ്ധതിയിലിടം നേടുന്നത്

2003-ലാണ്. എം.എ. മലയാള പഠനത്തെ സംബന്ധിച്ചിടത്തോളം 1935-1999 ബി.എ. മലയാളം ഓണേഴ്സ്/എം.എ.

1937 - 1958 - മന്ദവികാസ ഘട്ടം

1959 - 1960 - പാഠ്യപദ്ധതി മാറ്റം

1960 - 1976 - ജഡാവസ്ഥ

1977 - പാഠ്യപദ്ധതി മാറ്റം

1978 - 1999 - ജഡാവസ്ഥ

2000 മുതൽ നിരന്തര നവീകരണ ഘട്ടം എന്നിങ്ങനെ വേർതിരിക്കാവുന്ന വയാണ്. മന്ദവികാസ ഘട്ടത്തിൽ പേപ്പറോ, മാർക്കോ മാറാതെ കൃതികളുടെയും റഫറൻസുകളുടെയും എണ്ണം പതുക്കെ കൂടിക്കൊണ്ടിരിക്കുന്ന സമയമാണ്. തുടർന്ന് 1959-ൽ പാഠ്യപദ്ധതി അഴിച്ചുപണിയുന്നു. 1959-ന ശേഷം 1976 വരെ ചില സർഗങ്ങൾ, കാണ്ഡങ്ങൾ, ഒരേ എഴുത്തുകാരുടെ ഇതര കൃതികൾ എന്നിങ്ങനെ നിസാരമായ മാറ്റങ്ങളോടെ ജഡാവസ്ഥ നിലനില്ക്കുന്ന ഘട്ടമാണ്. തുടർന്ന് 1977-പാഠ്യപദ്ധതി ഉടച്ചുവാർക്കുന്ന വർഷമാണ്. പിന്നീട് 1978 മുതൽ 1999 വരെയും ചില സർവ്വകലാശാലകളിൽ 2003-ഉം 2012-ഉംവരെയും നിസാര മാറ്റങ്ങളോടെ പാഠ്യപദ്ധതി ജഡാവസ്ഥയിൽ തുടരുന്നു. 2000 മുതൽ കാലടി, കണ്ണൂർ, കാലിക്കറ്റ് 2003 മുതൽ കേരള 2012 മുതൽ എം. ജി 2012 മുതൽ അലിഗഢ് 2008 മുതൽ മദ്രാസ്, മധുരകാമരാജ് എന്നിങ്ങനെ പാഠ്യപദ്ധതി സെമസ്റ്റർ സംവിധാനത്തിലേക്ക് ഉടച്ചുവാർക്കുകയും നിരന്തരം നവീകരിക്കപ്പെ ടുകയും ആദ്യകാലത്തെ 7-8 പേപ്പറുകളിൽ നിന്ന് 70 വരെ പേപ്പറുകളിലേക്ക് അന്തർവൈജ്ഞാനികമായും ബഹുവൈജ്ഞാനികമായും പാഠ്യപദ്ധതി വികസിക്കുകയും വ്യാപിക്കുകയും ചെയ്യുന്ന സമയമാണ്.

3. പദ്യത്തിൽനിന്ന് ഗദ്യവൈവിധ്യത്തിലേക്ക്

സാഹിത്യമെന്നാൽ പദ്യം മാത്രമായി വ്യവഹരിച്ചിരുന്ന ഒരുകാലത്തുനിന്ന് അന്തർവൈജ്ഞാനികമായും ബഹുവൈജ്ഞാനികമായും ഗദ്യവൈവിധ്യത്തി ലേക്കും ഗദ്യപ്രാമുഖ്യത്തിലേക്കും പാഠ്യപദ്ധതി സഞ്ചരിക്കുന്നു. ആദ്യകാലത്തെ മുപ്പതോളം പാഠപുസ്തകത്തിൽ രണ്ടോ മൂന്നോ ഗദ്യസാഹിത്യകൃതികളേ ഉണ്ടാ കുമായിരുന്നുള്ളൂ. നോവൽ, നാടകം, നിരൂപണം എന്ന നിലവിട്ട് എല്ലാവിധ ഗദ്യവ്യവഹാരരൂപങ്ങൾക്കും ഇന്ന് പാഠ്യപദ്ധതിയിൽ സ്ഥാനമുണ്ട്. സെമസ്റ്റർ സംവിധാനവും അതുസൃഷ്ടിച്ച നിരവധി പുതിയ കോഴ്സുകളുടെ അക്കാദമിക സാഹചര്യവുമാണ് ഗദ്യസാഹിത്യശാഖയെ സമ്പന്നമാക്കിയത്.

4. കൃതികളിൽനിന്ന് ഭിന്ന വ്യവഹാരരൂപങ്ങളിലേക്ക്

സെമസ്റ്റർ സംവിധാനത്തെതുടർന്നുണ്ടായ അന്തരീക്ഷവും ഡി.പി.ഇ.പി, എസ്. എസ്.എ തുടങ്ങിയ സ്കൂൾ പാഠ്യപദ്ധതി നവീകരണ പ്രൊജക്ടുകൾ ഉണ്ടാക്കിയ അക്കാദമിക പരിസരവും ചേർന്ന് പാഠപുസ്തകത്തെ സംബന്ധിച്ചുണ്ടായിരുന്ന പരമ്പരാഗത കാഴ്ചപ്പാടുകൾ തിരുത്തുകയുണ്ടായി. സ്കൂൾതലത്തിൽ പാഠ്യപദ്ധതി ഉദ്ദേശ്യങ്ങൾക്കകത്തുനിന്നുകൊണ്ട് ലോക്കൽടെക്സ്റ്റ്, ടീച്ചേർസ് വേർഷൻ, ഇവോൾവിംഗ് ടെക്സ്റ്റ് ബുക്ക് (ഇ.ടി.ബി) എന്നീ ആശയങ്ങൾ പ്രായോഗികമാക്കിയതിന്റെ കൂടെ ഭാഷയുടെ ഏതുരൂപത്തിനും പാഠപുസ്തകപദവി നല്കാമെന്ന ധാരണയും ഉറപ്പിക്കപ്പെട്ടു. പാഠ്യപദ്ധതി ഉദ്ദേശ്യങ്ങൾക്കകത്തുനിന്നുകൊണ്ട് പഠിതാവിന്റെ ഏറ്റവും സമീപത്തുള്ള അനുഭവപരിസരത്തെ അടിസ്ഥാനമാക്കി വികസിപ്പിക്കുന്നതാണ് ലോക്കൽ ടെക്സ്റ്റ്. ക്ലാസ്റൂം പ്രവർത്തനങ്ങളിൽ പഠിതാവിന്റെ പാഠങ്ങളിലെ തെറ്റുകൾ തിരിച്ചറിയാനും മെച്ചപ്പെടുത്താനും അദ്ധ്യാപകൻ സ്വയം നിർമ്മിച്ച് ഉപയോഗിക്കുന്നതാണ് ടീച്ചേർസ് വേർഷൻ. മുൻകൂട്ടി അസൂത്രണം ചെയ്ത് അച്ചടിച്ച ചില ഫോർമാറ്റുകൾ ഉപയോഗിച്ച് ക്ലാസ്മുറിയിൽവെച്ച് രൂപപ്പെടുകയും വളരുകയും വർഷാവസാനം മാത്രം പൂർണമാവുകയും ചെയ്യുന്ന പാഠപുസ്തകമാണ് ഇ.ടി.ബി.

ഇന്ന് പാഠ്യപദ്ധതിയിൽ ചന്തുമേനോന്റെ സ്പെഷ്യൽ മാരേജ് ആക്ടുമായി ബന്ധപ്പെട്ട മെമ്മോറാണ്ടം, ആദ്യകാലപത്രങ്ങൾ, പ്രസംഗം (ജോർജ്ജ്മാത്തൻ). ഡോക്യുമെന്ററി, ചലച്ചിത്രം, തിരക്കഥ, ബ്ലോഗ്, വെബ്സൈറ്റ്, വിളംബരം, അവതാരിക, ആമുഖം, ബില്ല്(ജോസഫ് മുണ്ടശ്ശേരിയുടെ), കമ്മീഷൻ റിപ്പോർട്ടുകൾ(നരേന്ദ്രൻ കമ്മീഷൻ), ഉത്തരവുകൾ(മാതൃഭാഷയുമായി ബന്ധപ്പെട്ടത്) എന്നിങ്ങനെ അക്കാദമിക പ്രാധാന്യമുള്ള ഏതൊരുരേഖയും അഥവാ വ്യവഹാരരൂപവും പാഠപുസ്തകമാവുന്നു.

5. ആര്യ- ദ്രാവിഡ സംഘർഷങ്ങളും സാംസ്കാരികമേധാവിത്വവും

പാട്ടിന്റെ ദ്രാവിഡപാരമ്പര്യത്തിൽനിന്നു കണ്ണശ്ശനും എഴുത്തച്ഛനുമെല്ലാം മലയാളഭാഷയെ സംസ്കൃതം കലർന്ന മണിപ്രവാളത്തിലേക്കും വൈദിക സംസ്കൃതിയിലേക്കും നയിച്ചതിനോടൊപ്പംതന്നെ അതിനെതിരായ പ്രവർത്തനങ്ങളും നടന്നിരുന്നു. അറബിമലയാളവും പച്ചമലയാള പ്രസ്ഥാനവുമെല്ലാം പ്രസക്തമാവുന്നത് അങ്ങനെയാണ്. ബ്രിട്ടീഷുകാരുടെ ആര്യൻ സിദ്ധാന്തവും സംസ്കൃതപക്ഷപാതവും പാഠ്യപദ്ധതിയിലും പ്രതിഫലിച്ചിരുന്നു. ഉള്ളൂരടക്കമുള്ളവരുടെ സാഹിത്യചരിത്രങ്ങളും ബോധപൂർവ്വമായിത്തന്നെ സവർണവരേണ്യതയ്ക്ക് മേൽക്കൈ കിട്ടത്തക്കവിധത്തിൽ ഇതരസമുദായങ്ങളെ,

അവരുടെ സാഹിത്യത്തെ, വ്യത്യസ്ത ധാരകളെ, ചരിത്രത്തെ തിരസ്കരിച്ചും തഴഞ്ഞും ദുർവ്യാഖ്യാനം ചെയ്തും ആണ് ചരിത്രരചനകൾ നിർവ്വഹിച്ച് അതിനെ വിജ്ഞാനമാക്കിമാറ്റി മാനകീകരിക്കുന്നത്. ഗദ്യത്തിൽ മൗലിക രചനകൾ നിർവ്വഹിച്ചിട്ടില്ലാത്ത കേരളവർമ്മയെ ആധുനിക ഗദ്യത്തിന്റെ പിതൃസ്ഥാനത്ത് അവരോധിക്കുന്നതിലൂടെ എന്തുകൊണ്ടും അതിനർഹതയുണ്ടായിരുന്ന ജോർജ്ജ്മാത്തനെ തഴയുന്നതിലൂടെ. മലയാള നാടകസാഹിത്യചരിത്രം തുടങ്ങുന്നത് 1881-ൽ കേരളവർമ്മയുടെ ശാകുന്തളം വിവർത്തനത്തോടെയാണെന്ന് പറയുന്നതിലൂടെ, ഇന്ദുലേഖയ്ക്ക മുമ്പുള്ള നോവലുകളെയും പോത്തേരികുഞ്ഞമ്പുവിന്റെ സരസ്വതീ വിജയത്തെയും തഴയുന്നതിലൂടെയും അറബിമലയാള സാഹിത്യത്തെയും പണ്ഡിറ്റ് കെ.പി. കറുപ്പനെപോലെയുള്ളവരെയും അർഹിക്കുന്ന വിധത്തിൽ അടയാളപ്പെടുത്താതിരിക്കുന്നതിലൂടെയും ആൾമാറാട്ടം നാടകത്തെ നോവലാണെന്ന് പറയുന്നതിലൂടെയും മറ്റും നിരവധി ഉദാഹരണങ്ങൾ സാഹിത്യചരിത്ര രചനയിലെ പ്രത്യയശാസ്ത്രം വരേണ്യതയ്ക്കനുകൂലമായി നിലകൊണ്ടതായി കാണാം. എഴുത്തച്ഛന്റെ സംസ്കൃതാനുകൂല ഭാഷാബോധവും വേദേതിഹാസ പരിജ്ഞാനവും ആര്യഭാഷയ്ക്കും സാംസ്കാരികതയ്ക്കും സ്വീകാര്യതയും ജനപ്രിയതയും ഉണ്ടാക്കുമെന്നതുകൊണ്ടുതന്നെയാണ് അദ്ദേഹത്തെ മലയാളഭാഷയുടെ പിതാവായി അവരോധിച്ചത്. "മന്ത്രാക്ഷര, ശാസ്ത്ര, സാഹിത്യങ്ങളുടെ മഹത്വവൽക്കരണത്തോടെ തമസ്കരിക്കപ്പെട്ടവയാണ് പ്രാകൃത-തമിഴ് സാഹിത്യങ്ങൾ. മന്ത്രാക്ഷരസാഹിത്യങ്ങളിൽനിന്നും സൂതസാഹിത്യം വ്യത്യസ്തമാകുന്നത് സാഹിത്യമേഖലിലുള്ള സാമൂഹികനിലയിലെ ഉച്ചനീചത്വം കൊണ്ടായിരുന്നു. ഇതിൽനിന്നും സാഹിത്യചരിത്ര വിജ്ഞാനീയത്തിന് വർഗ്ഗ,വർണ്ണ, മത, ലിംഗപരമായ താരതമ്യഭേദങ്ങളെയും വിപര്യയങ്ങളെയും ഒഴിവാക്കാനാവില്ലെന്ന് ബോധ്യമാവുന്നു" (എതിർദിശകൾ, 2017:99) എന്ന പി.എസ്. രാധാകൃഷ്ണന്റെ നിരീക്ഷണവും ഈ നിഗമനത്തെ സാധൂകരിക്കുന്നു.

ആര്യദ്രാവിഡ സാംസ്കാരിക സംഘർഷങ്ങളുടെ തുടർച്ച ആദ്യകാലം മുതല്ക്കേ പാഠ്യപദ്ധതിയിൽ പ്രതിഫലിച്ചിരുന്നു. ആദ്യകാലം മുതൽ ഉണ്ടായിരുന്ന ദ്രാവിഡ ഭാഷാശാസ്ത്രം 1990-ഓടെ പൂർണ്ണമായും ഉപേക്ഷിക്കപ്പെട്ടു. 2014ൽ കാലടി യുണിവേഴ്സിറ്റി മാത്രം ഇത് പുന:സ്ഥാപിച്ചു. തമിഴ് സാഹിത്യവും സംസ്കാരവും ഐച്ഛികമാക്കി നടത്തിയ പരിഷ്കരണങ്ങൾ അല്പകാലം മാത്രമേ നിലനിർത്തുന്നുള്ളൂ. 1997-ൽ കാലിക്കറ്റിൽ ഉണ്ടായിരുന്ന ഈ ഐച്ഛിക പേപ്പർ 2001-ലും മലയാളം സർവ്വകലാശാലയിൽ ഉണ്ടായിരുന്ന ഈ പേപ്പർ 2019-ലും ഉപേക്ഷിച്ചു. 1994-ൽ കേരളയിലും എം.ജി.യിലും സംഘകാലത്തെ അകം,പുറം

കവിതകൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയെങ്കിലും ദീർഘകാലം നിലനിന്നിരുന്നില്ല. 2003-ൽ 'തൊൽകാപ്പിയം' കാലടി സർവ്വകലാശാല ഭാഷാശാസ്ത്രത്തിൽ ഉൾപ്പെടുത്തിയെങ്കിലും പിന്നീടുള്ള പരിഷ്കരണങ്ങളിൽ ഉപേക്ഷിച്ചു. കാൽഡ്വെലിന്റെ ദ്രാവിഡ ഭാഷാവ്യാകരണം മുമ്പ് പാഠപുസ്തകമായിരുന്നെങ്കിലും പിന്നീട് ഉപേക്ഷിച്ചു (2014-കാലടി). ഏറ്റവും ഒടുവിലായി സാഹിത്യസിദ്ധാന്തങ്ങളിൽ ദ്രാവിഡസൗന്ദര്യശാസ്ത്രം ഉൾപ്പെടുത്തപ്പെട്ടതാണ് 2010 മുതൽ ദൃശ്യമാവുന്ന സവിശേഷത. 2010 മുതൽ കാലിക്കറ്റിലും നിലവിൽ മധുര, മദ്രാസ് സർവ്വകലാശാലകളിലും ദ്രാവിഡസൗന്ദര്യശാസ്ത്രം പാഠ്യവസ്തുവാണ്. ഇവയെല്ലാം വ്യക്തമാക്കുന്നത് മാറിമാറിവരുന്ന ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങളുടെ വ്യത്യസ്ത ഭാഷാഭിമുഖ്യങ്ങളാണ് അഥവാ ഇന്നും തുടരുന്ന ആര്യദ്രാവിഡ സംഘർഷങ്ങളുടെ തുടർച്ചയാണ്.

6. പ്രഥമാകരങ്ങളിൽ നിന്ന് അന്യആകരങ്ങളിലേക്കും ഇംഗ്ലീഷിൽ നിന്ന് മലയാളത്തിലേക്കും.

എം.എ. മലയാള പഠനത്തിന്റെ ആദ്യകാലങ്ങളിൽ ശാസനഭാഷകളെ വിശകലനം ചെയ്ത് കേരളചരിത്ര, സംസ്കാരത്തെയും ഭാഷയെയും അപഗ്രഥിച്ച് നിഗമനങ്ങൾ രൂപപ്പെടുത്താനുള്ള അവസരം പാഠ്യപദ്ധതിയിലും അതിനുള്ള പ്രാപ്തി പഠിതാക്കൾക്കുമുണ്ടായിരുന്നു. ഭാഷാശാസ്ത്രജ്ഞരുടെ ആധികാരികമായ അടിസ്ഥാനകൃതികൾ തന്നെയാണ് പാഠപുസ്തകമായും റഫറൻസായും ഉപയോഗിച്ചിരുന്നത്. ഇംഗ്ലീഷ് മാധ്യമത്തിലുള്ള പുസ്തകങ്ങൾ തന്നെയായിരുന്നു പാഠപുസ്തകങ്ങൾ. ബ്ലും ഫീൽഡ്, സൊസൂർ, വേഡ്സ്വർത്ത്, ഐ.എ.റിച്ചാർഡ്സ്, ഷെല്ലി തുടങ്ങിയവരുടെ അനവധി പുസ്തകങ്ങൾ ഈ രീതിയിൽ പഠിതാക്കൾ ഉപയോഗിച്ചിരുന്നു. ഇന്ന് അടിസ്ഥാന അന്യഭാഷാപുസ്തകങ്ങളെ ഉപജീവിച്ചെഴുതിയവയോ അവയിൽ നിന്നുണ്ടായവയോ ആയ, ഉറവിടത്തിൽനിന്ന് ഒരുപാട് അകന്ന കൃതികളാണ് പാഠപുസ്തകങ്ങളും റഫറൻസും. റഫറൻസിൽ നിന്നുപോലും പ്രഥമാകരങ്ങളായ കൃതികളും പൊതുവെ ഇംഗ്ലീഷ് പുസ്തകങ്ങളും ഇല്ലാതായിരിക്കുന്നു. പകർപ്പുകളുടെ പകർപ്പിൽനിന്ന് ലഭിക്കുന്നത് യാഥാർത്ഥ്യത്തിൽ നിന്നകന്ന, സൂക്ഷ്മതയും കൃത്യതയും കുറഞ്ഞ ആശയങ്ങൾ സ്വാംശീകരിക്കപ്പെടുന്നു എന്നതാണ് ഇതിലെ പ്രശ്നം. വിദ്യാർത്ഥികൾ മാത്രമല്ല സാമാന്യമായി അദ്ധ്യാപകരും റഫറൻസായി ഉപയോഗിക്കുന്നതും ലൈബ്രറികളിൽ വാങ്ങി സൂക്ഷിക്കുന്നതും ഉപജീവിച്ചെഴുതിയ പുസ്തകങ്ങളാണ്.

7. ഉയർന്ന ശേഷികളിൽനിന്ന് താഴ്ന്ന ശേഷികളിലേക്ക്

ബെഞ്ചമിൻ ബ്ലൂമിന്റെ ശേഷികളുടെ ശ്രേണീകരണവും പിന്നീടുണ്ടായ നവീകരണത്തെയും അടിസ്ഥാനമാക്കുമ്പോൾ, ജ്ഞാനം-ഗ്രഹണം-പ്രയോഗം-അപഗ്രഥനം-ഉദ്ഗ്രഥനം-മൂല്യനിർണയനം-ആവിഷ്കാരം (സൃഷ്ടി) എന്നിങ്ങനെയാണ് വിഭജനം. ജ്ഞാനം, ഗ്രഹണം എന്നിവയെ താഴ്ന്നശേഷികളായും അപഗ്രഥനം, മൂല്യനിർണ്ണണയനം ആവിഷ്കാരം എന്നിവയെ ഉയർന്നശേഷികളായും പരിഗണിക്കുന്നു. ഉന്നതവിദ്യഭ്യാസ മേഖലയിലെ ഭാഷാപഠനം-നടത്തിപ്പിന്റെയും പാഠ്യപദ്ധതി വിനിമയത്തിന്റെയും ലളിതയുക്തികളിലേക്കാണ് ചുരുങ്ങുന്നത്. പ്രയോഗശേഷിയെ അടിസ്ഥാനമാക്കിയുള്ള പാഠ്യപദ്ധതി പരിഷ്കാരങ്ങളെല്ലാം തന്നെ അല്പായുസ്സുകളായിപ്പോവുന്നു. വൃത്താലങ്കാരപഠനങ്ങളുടെ പ്രയോഗശേഷിയിലൂന്നിയ കാലടിയുടെ ഐച്ഛികപേപ്പറും പ്രയോഗ പാഠങ്ങളിലൂന്നിയ വിവർത്തനപേപ്പറുകളും അധികം നിലനില്ക്കാതെ പതിവു സൈദ്ധാന്തിക പഠനങ്ങളിലേക്കു ചുരുങ്ങി. സൈബർമലയാളത്തെയും പ്രായോഗിക പാഠങ്ങളിലേക്കു വികസിപ്പിക്കാൻ സർവ്വകലാശാലകൾക്കാവുന്നില്ല. ഉയർന്ന ഭാഷാശേഷിയുടെ സ്വാംശീകരണത്തിനും വിലയിരുത്തലിനും അവസരമുണ്ടായിരുന്ന 'രചന'യും 'ഉപന്യാസ'വും നിഷ്കരുണം ഉപേക്ഷിക്കപ്പെട്ടു.

ചോദ്യങ്ങൾ വിശദപഠനത്തിനുള്ള പാഠഭാഗങ്ങളിൽ മാത്രം കേന്ദ്രീകരിക്കുകവഴി ഭാഷാനൈപുണികൾക്ക് പഠനത്തിലും മൂല്യനിർണ്ണയത്തിലും പ്രാധാന്യം കുറയുകയും ബോധനവും മൂല്യനിർണയവും ഹൃദിസ്ഥമാക്കലിന്റെ ജ്ഞാനഗ്രഹണതലങ്ങളിൽ ഒതുങ്ങുകയും ചെയ്തു. വ്യാകരണ വൃത്താലങ്കാര പഠനങ്ങളിൽ നിന്നുപോലും പ്രയോഗശേഷി പിൻവാങ്ങി. പാഠ്യപദ്ധതികൾക്ക് കൃത്യമായ ഉദ്ദേശ്യലക്ഷ്യങ്ങളെ പരിഗണിക്കാതിരിക്കുന്നതും പഠനത്തിന്റെ നിലവാരത്തകർച്ചയ്ക്ക് കാരണമാവുന്നു.

8. സിലബസിൽ നിന്ന് പാഠ്യപദ്ധതിയിലേക്ക്

മദ്രാസ് സർവ്വകലാശാല ദ്രാവിഡ ഭാഷകൾക്ക് അല്ലെങ്കിൽ ഭാഷാഗ്രൂപ്പിന് പൊതുവായി നിശ്ചയിച്ച പേപ്പറുകൾക്കകത്തുനിന്നുകൊണ്ട് ചില പാഠപുസ്തകങ്ങളുടെ പേരുകൾ മാത്രം നിർദ്ദേശിച്ചിരുന്ന ആദ്യകാല സിലബസുകൾ പിന്നീട് പാഠ്യവസ്തു നല്കുന്നതിലേക്കും പാഠ്യവസ്തുവും പാഠപുസ്തകവും ഇടകലർത്തി നല്കുന്ന രീതിയിലേക്കും വികസിക്കുകയാണ് ചെയ്തത്. അപ്പോഴും എല്ലാ പേപ്പറുകളും പൊതുഘടനയിലേക്ക് വന്നിരുന്നില്ല. വ്യാകരണ-വൃത്ത-അലങ്കാരപഠനവും കേരളചരിത്ര സംസ്കാരപഠനവും വളരെ വൈകിമാത്രം പാഠ്യവസ്തുനല്കുന്ന രീതിയിലേക്കുവന്നവയാണ്. ആദ്യകാലത്തുതന്നെ സിലബസ് തയ്യാറാക്കപ്പെട്ടിരുന്ന

പേപ്പറുകളാണ് ഭാഷാശാസ്ത്രവും ഭാഷാചരിത്രവും. 1977-ലാണ് സിലബസുകളിൽനിന്ന് പാഠ്യപദ്ധതിയിലേക്ക് മലയാള പഠനം ഭാഗികമായെങ്കിലും വികസിക്കുന്നത്. ഇന്ന് പാഠ്യപദ്ധതികൾ തയ്യാറാക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന ഘടന വ്യവസ്ഥാപിതമാവുന്നത് 1977-മുതലാണ്. ഇപ്പോഴും എല്ലാ പേപ്പറുകളെയും ഉദ്ദേശ്യാധിഷ്ഠിതമായി അവതരിപ്പിക്കാൻ മിക്ക സർവ്വകലാശാലകൾക്കും സാധിച്ചിട്ടില്ല.

പാഠ്യപദ്ധതി ആരുമായാണ് സംവദിക്കേണ്ടത്? എങ്ങനെയാണ് പാഠ്യപദ്ധതി ഉദ്ദേശ്യങ്ങൾ തയ്യാറാക്കേണ്ടത്? ഉദ്ദേശ്യങ്ങൾക്കനുസൃതമായി പാഠ്യവസ്തു എങ്ങനെയാണ് ആവിഷ്കരിക്കേണ്ടത്? പാഠ്യപദ്ധതി വിനിമയത്തിനും മൂല്യനിർണയത്തിനുമുള്ള മാർഗനിർദേശങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമോ? ബിരുദാനന്തര പാഠ്യപദ്ധതിയുടെ സ്വഭാവവും സമീപനവും എന്തായിരിക്കണം? എന്നിവയെയെല്ലാം സംബന്ധിച്ച് സർവ്വത്ര നിലനിൽക്കുന്ന അവ്യക്തതയും ആശയക്കുഴപ്പവുമാണ് പാഠ്യപദ്ധതിയിലുടനീളം ഇന്നും കാണുന്നത്.

9. ക്രമീകൃതമോ രേഖീയമോ അല്ലാത്ത വികാസം

ക്രമീകൃതമോ രേഖീയമോ ആയി വികസിക്കുന്ന ഒന്നല്ല സർവ്വകാലാശാലകളുടെ ഭാഷാപാഠ്യപദ്ധതികൾ. പുതിയ മികവുകളെ ഉപേക്ഷിക്കുവാനും പഴയതിനെ പുണരാനും അതിന് മടിയില്ല. പുതിയവ ഉപേക്ഷിക്കുന്നതിനോ പഴയവ പുനഃസ്ഥാപിക്കുന്നതിനോ അക്കാദിമികമായ ന്യായീകരണങ്ങൾ പ്രതീക്ഷിക്കേണ്ടതില്ല. മൂന്നുവർഷ കാലാവധിയുള്ള ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങളുടെ തെരഞ്ഞെടുപ്പ് അദ്ധ്യാപകസംഘടനകൾ നല്കുന്ന പാനൽ വഴി ആക്കുന്നതുകൊണ്ടും മാറിമാറി വരുന്ന സർക്കാരിനോടുള്ള രാഷ്ട്രീയ ആഭിമുഖ്യവും പ്രത്യയശാസ്ത്ര നിലപാടുകളും പാഠ്യപദ്ധതി മാറ്റങ്ങൾക്കു കാരണമാവാറുണ്ട്. പരിഷ്കരണങ്ങളുടെ അക്കാദമിക പ്രാധാന്യത്തെക്കാൾ പരിഷ്കരണങ്ങൾ കൊണ്ടുവന്ന ബോർഡിന്റെ രാഷ്ട്രീയാഭിമുഖ്യവും പാഠ്യപദ്ധതിയുടെ സ്വീകരണത്തിലേക്കോ നിരാകരണത്തിലേക്കോ നയിക്കാറുണ്ട്. പലപ്പോഴും യു.ജി.സി. പോലുള്ള കമ്മീഷനുകളുടെ മാർഗനിർദേശവും നിയന്ത്രണവും സർവ്വകലാശാല ചട്ടങ്ങളും വകുപ്പുകളുമാണ് മാറ്റങ്ങളെ ഒരു പരിധിവരെയെങ്കിലും നിലനിർത്താൻ സഹായിക്കുന്നത്.

2010-ൽ കാലിക്കറ്റ് സർവ്വകലാശാല ആവിഷ്കരിച്ച ഗവേഷണത്തിന്റെ രീതിശാസ്ത്രം പേപ്പർ ഇതര സർവ്വകലാശാലകളിലേക്ക് വ്യാപിച്ചെങ്കിലും കാലിക്കറ്റ് 2014-ൽ ആ പേപ്പർ ഉപേക്ഷിച്ചു. കണ്ണൂർ സർവ്വകലാശാലയുടെ 2014-ലെ വിമർശനാത്മകവും 2013-നേക്കാൾ താരതമ്യേന പ്രായോഗികവുമായ

പാഠ്യപദ്ധതിയെ ഉപേക്ഷിച്ചുകൊണ്ട് 2015-ൽ 2013-ലെ പാഠ്യപദ്ധതി അതുപോലെ പുനഃസ്ഥാപിക്കുകയാണ് ചെയ്തത്.

ഭാഷാസാഹിത്യ പാഠ്യപദ്ധതിയിലെങ്കിലും അർഹമായ പരിഗണന സർഗാത്മക കഴിവുകൾക്ക് കിട്ടേണ്ടതാണ്. 2001-2012 കാലയളവിൽ കണ്ണൂർ സർവ്വകലാശാല ഡിസർട്ടേഷൻ അല്ലെങ്കിൽ സർഗാത്മകരചനകൾ എന്ന നിലയിൽ സർഗാത്മക കഴിവുകളെ പരിഗണിച്ചെങ്കിലും 2013-ൽ സർവ്വകലാശാല അതൊഴിവാക്കി. 1996-വരെയുണ്ടായിരുന്ന വൈവ 1997-2000 കാലയളവിൽ സർവ്വകലാശാല ഉപേക്ഷിക്കുകയും പകരം വസ്തുനിഷ്ഠമാതൃകയിലുള്ള എഴുത്തുപരീക്ഷ ഏർപ്പെടുത്തുകയും ചെയ്തു. 1989-ൽ കേരള സർവ്വകലാശാല പാഠ്യപദ്ധതിയിൽ പഠനോദ്ദേശ്യങ്ങൾ മുതൽ മൂല്യനിർണ്ണയ സൂചനകൾ വരെ നല്കിയിരുന്നെങ്കിലും 1990-ൽ ഉപേക്ഷിച്ചു.

10. ഭാഷാസാഹിത്യമാത്ര പഠനത്തിൽനിന്ന് അന്തർവൈജ്ഞാനികതയിലേക്കും ബഹുവൈജ്ഞാനികതയിലേക്കും

ഭാഷാസാഹിത്യപഠനത്തോടൊപ്പം ഏറ്റവും ആദ്യം ഉദ്ഗ്രഥിക്കപ്പെട്ടത് ചരിത്രപഠനമാണ്. പിന്നീട് നാടോടിവിജ്ഞാനീയവും ചലച്ചിത്രപഠനവും എം.എ. പഠനത്തിന്റെ ഭാഗമായി 2000 മുതൽ ഐച്ഛിക പേപ്പറുകൾ എന്ന നിലയിൽ അന്തർവൈജ്ഞാനികമായും ബഹുവൈജ്ഞാനികമായും ധാരാളം കോഴ്സുകൾ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം പഠിതാക്കൾക്കു ലഭിച്ചു. മുമ്പുണ്ടായിരുന്ന ഒമ്പതു കോഴ്സുകൾക്കു പകരം ഇന്ന് 16 മുതൽ 70 വരെ കോഴ്സുകൾ വിവിധ സർവ്വകലാശാലകൾ നല്കുന്നുണ്ട്. മലയാള പാഠ്യപദ്ധതി അതിന്റെ ജ്ഞാനശാസ്ത്രപരമായ സങ്കുചിതത്വത്തി (Rigidity) ൽ നിന്നും അയവുള്ള (Flexible) താകാൻ നിർബന്ധിതമായതിന്റെ ഫലമാണ് ഈ മാറ്റങ്ങൾ. മദ്രാസ് സർവ്വകാലാശാലയിൽ സോഫ്റ്റ്സ്കില്ലുകളും ഇന്റേൺഷിപ്പും മലയാള പാഠ്യപദ്ധതിയുടെ ഭാഗമാണ്. ജേണലിസം, സംസ്കാരപഠനം, ഹസ്തരേഖാവിജ്ഞാനീയം, നാടോടിവിജ്ഞാനീയം, സൈബർ മലയാളം, പുസ്തകപ്രസാധനം, ചലച്ചിത്രപഠനം, നാടകപഠനം, തുടങ്ങിയവ അന്തർവൈജ്ഞാനികമായും ശാസ്ത്രം, ഗണിതം, ഇതര മാനവിക വിഷയങ്ങൾ എന്നിവ ബഹുവൈജ്ഞാനികമായും പഠിക്കാനുള്ള സാഹചര്യം നിലനില്ക്കുന്നു.

11. അത്യന്തിക മൂല്യനിർണ്ണയ (Summative Evaluation) ത്തിൽ നിന്ന് നിരന്തരവും സമഗ്രവുമായ (Continous and comprehensive) മൂല്യനിർണ്ണയത്തിലേക്ക്

ബാഹ്യപരീക്ഷയുടെ പരിമിതികൾ ബോധ്യപ്പെടുകയും പഠനനേട്ടം ഉറപ്പുവരുത്താൻ സഹായിക്കുന്നത് എന്നനിലയിൽ, നിരന്തര വിലയിരുത്തലിന്റെ

പ്രാധാന്യം തിരിച്ചറിയുകയും പ്രയോഗത്തിൽ വരുത്തുകയും ചെയ്ത സമയമാണിത്. ഇംഗ്ലണ്ടിലെ കേംബ്രിഡ്ജ് പോലുള്ള സർവ്വകലാശാലകളെ മാതൃകയാക്കി കേരളത്തിൽ കോളേജുകൾ സ്ഥാപിച്ചതുമുതലേ നിരന്തര വിലയിരുത്തൽ ഔപചാരികമായും അനൗപചാരികമായും നടന്നിരുന്നു. ക്ലബ്ബുകൾ, സഞ്ചിതരേഖ (Anecdotal Records) എന്നിവ അക്കാലത്തെ അനൗപചാരിക മാർഗങ്ങളായിരുന്നു. ലൈബ്രറി റെക്കോഡ് എഴുപതുകളിൽ ഉണ്ടായിരുന്നു. ഡിസർട്ടേഷൻ, വൈവ എന്നിവയും ഉണ്ടായിരുന്നു. ബാഹ്യപരീക്ഷയുടെ പ്രാധാന്യം അഥവാ മാർക്കുകൾ കുറച്ചുകൊണ്ടുവന്ന് നിരന്തര വിലയിരുത്തലിന്റെ മാർക്കുകൾ കൂട്ടിക്കൊണ്ടുവരുന്ന പ്രവണതയാണ് നിലനില്ക്കുന്നത്. 20:80 എന്ന അനുപാതം മുതൽ 50:50 എന്ന അനുപാതം വരെ ഇവ തമ്മിൽ വിവിധ സർവ്വകലാശാലകളിൽ അന്തരം നിലനില്ക്കുന്നു.

12. ദേശാന്തരതയിൽനിന്ന് ദേശാതിർത്തിയിലേക്ക്

മുമ്പുണ്ടായിരുന്ന വിശ്വസാഹിത്യം, ഭാരതീയസാഹിത്യം, ദ്രാവിഡ ഭാഷാവ്യാകരണം, താരതമ്യസാഹിത്യം, തമിഴ്സാഹിത്യം എന്നിവയെല്ലാം ഒഴിവാക്കിക്കൊണ്ട് പഠനം മലയാളത്തിന്റെ ദേശ, ഭാഷാതിർത്തിയിലേക്ക് പരിമിതപ്പെട്ട് കൂടുതൽ ആഴം നേടാൻ ശ്രമിക്കുന്നതായാണ് കാണുന്നത്. ഐച്ഛിക പേപ്പറുകളായി ചിലത് പുനരവതരിക്കുന്നുണ്ടെങ്കിലും ദീർഘകാലം നിലനില്ക്കുന്നില്ല. പഠിതാക്കൾക്കും അത്തരം കോഴ്സുകളോട് താല്പര്യം കുറവാണ്.

13. അധീശത്വവ്യവഹാരങ്ങളിൽനിന്ന് ജനാധിപത്യനൈതികതയിലേക്ക്

ലിംഗം, നിറം, വംശം, ജാതി എന്നിവയുടെ അടിസ്ഥാനത്തിൽ വിവേചനങ്ങൾക്കും ചൂഷണങ്ങൾക്കും വിധേയമായ സമൂഹങ്ങൾ അവ തിരിച്ചറിയുകയും സംഘടിതമായി നേരിടുകയും അവരിൽനിന്ന് നേതൃത്വവും പ്രസ്ഥാനങ്ങളും രൂപപ്പെടുകയും അവർ മുന്നോട്ടുവച്ച ആശയങ്ങൾക്ക് പൊതുസമൂഹത്തിൽ, പൊതുമണ്ഡലങ്ങളിൽ സ്വീകാര്യത ലഭിക്കുകയും ചെയ്ത സന്ദർഭത്തിൽ ആ മാറ്റങ്ങൾ പാഠ്യപദ്ധതിയിലും പ്രതിഫലിച്ചുതുടങ്ങി. സ്ത്രീവാദപഠനങ്ങൾ, ദലിത് പഠനങ്ങൾ, പരിസ്ഥിതിസാഹിത്യം എന്നിവ ഇന്ന് പേപ്പറുകളായോ ഉള്ളടക്കമായോ എല്ലാ സർവ്വകലാശാലകളിലും ഉണ്ട്. കേരള സംസ്കാര പഠനമാണ് ഇനി സവർണഹൈന്ദവേതര സമുദായങ്ങളെയും അവരുടെ ജീവിതത്തെ അഥവാ സംസ്കാരത്തെ ഉൾക്കൊണ്ടുകൊണ്ട് ജ്ഞാനശാസ്ത്രപരമായ നൈതികത വീണ്ടെടുക്കേണ്ട ജ്ഞാനശാഖ.

14. ആഴത്തിൽനിന്ന് പരപ്പിലേക്ക്

180 മുതൽ 200 വരെ അദ്ധ്യയന ദിവസങ്ങൾകൊണ്ട് അഥവാ ഒരുവർഷം കൊണ്ട് സാവകാശത്തിൽ പഠനം നടത്തിയിരുന്ന കോഴ്സുകൾക്ക് ഇന്ന് പരമാവധി 70-80 ദിവസങ്ങളാണ് കിട്ടുന്നത്. മുമ്പുണ്ടായിരുന്ന പത്തിൽ താഴെഎണ്ണം വരുന്ന പേപ്പറുകൾക്കു പകരം ഇന്ന് 16 മുതൽ 20-ഉം അതിൽ കൂടുതലും പേപ്പറുകൾ ഉണ്ട്. ഓരോ പേപ്പറുകളിലും പരിമിതമായ ഉള്ളടക്കം മാത്രമേ നിലനിർത്തുന്നുള്ളൂ. പരീക്ഷകളും മൂല്യനിർണയവും പരിമിതമായ അദ്ധ്യയന ദിവസങ്ങളുടെ എണ്ണത്തിൽ വീണ്ടും കുറവുവരുത്തുന്നുണ്ട്. പരീക്ഷാഫലം, അഡ്മിഷൻ, എന്നിവയിലെ കാലതാമസവും ഹർത്താൽ, ബന്ദ്, പഠിപ്പുമുടക്കു സമരങ്ങൾ, അദ്ധ്യാപകരുടെ അവധി. യൂണിയൻ പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ, പ്രാദേശിക അവധികൾ, തെരഞ്ഞെടുപ്പുകൾ, ആഘോഷങ്ങൾ എന്നിങ്ങനെ അദ്ധ്യയന സമയത്തിൽ കുറവുവരുത്തുന്ന നിരവധി ഘടകങ്ങൾ നിലനില്ക്കുന്നതിനാൽ 90 ദിവസത്തേക്ക് തയ്യാറാക്കുന്ന പാഠ്യപദ്ധതി വിനിമയം ചെയ്യാൻ യഥാർത്ഥത്തിൽ 40-50 ദിവസങ്ങൾ മാത്രമാണ് കിട്ടുന്നത്. അതിനാൽ ഉള്ളടക്കത്തെയും പരീക്ഷയെയും കേന്ദ്രീകരിച്ചുള്ള അവശ്യപഠനം (Minimum Level Learning) മാത്രമാണ് ഇന്ന് കലാലയങ്ങളിൽ നടക്കുന്നത്.

15. സർഗാത്മകസാഹിതിയിൽനിന്ന് സങ്കേതവിജ്ഞാനങ്ങളിലേക്ക്

മലയാളിയുടെ ജീവിതാവബോധം തൊഴിൽസങ്കല്പങ്ങൾ, ഉപഭോഗതൃഷ്ണ, ഉപയുക്തതാവാദം, കമ്പോളാധിഷ്ഠിത കോഴ്സുകളുടെ പ്രലോഭനീയത, ആഗോളീകരണം, പ്രവാസമൂലധനത്തോടുള്ള താല്പര്യം, മത്സരാധിഷ്ഠിത സാമൂഹ്യമനോഭാവം എന്നിവയെല്ലാം ചേർന്ന് സൃഷ്ടിക്കുന്ന ഭാഷാസാഹിത്യ പരമ്പരാഗത പ്രോഗ്രാമിനോടുള്ള പ്രതികൂലമായ സാമൂഹ്യമനോഭാവം ശക്തമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലൂടെയാണ് ബിരുദാന്തരപഠനം മുന്നോട്ടുപോവുന്നത്. കേരളത്തിനുപുറത്തും അകത്തും സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യവും നിലനില്ക്കുന്നു. ഈ സാഹചര്യത്തിൽ പാഠ്യപദ്ധതിയെ പുതിയ സാഹചര്യത്തിനനുസരിച്ച് നവീകരിക്കാൻ ഉള്ള ശ്രമങ്ങൾ പല സർവ്വകലാശാലകളും നടത്തുന്നു. ഇതിന്റെ ഫലമായാണ് ജേർണലിസം. പുസ്തകപ്രസാധനം, സൈബർമലയാളം, വിവർത്തനതത്ത്വങ്ങളും പ്രയോഗവും, വാണിജ്യമലയാളം, യന്ത്രവിവർത്തനം, പ്രയുക്തമലയാളം തുടങ്ങിയ കോഴ്സുകൾ വരുന്നത്. ഇതിന്റെ ഫലമായി സർഗാത്മക സാഹിത്യം 50%പഠിച്ചിരുന്നിടത്ത് ഇപ്പോൾ 37 % മാത്രമേ ഉള്ളൂ. ഉപയുക്തതാവാദത്തിന് കിട്ടുന്ന സ്വീകാര്യതയെയും മലയാളത്തെ പ്രയുക്തമലയാളമാക്കാനുള്ള പ്രേരണ നല്കുന്നു. പുതിയ വിദ്യാഭ്യാസ

കമ്മീഷനുകളുടെ കമ്പോളാധിഷ്ഠിത താല്പര്യങ്ങളുടെ ഫലമായി മുന്നോട്ടുവെക്കുന്ന നിർദ്ദേശങ്ങളും മലയാളപഠനത്തിന് വെല്ലുവിളി ഉയർത്തുന്നു. കോഴ്സിന്റെയും സ്ഥാപനത്തിന്റെയും ഗുണമേന്മ നിശ്ചയിക്കാനുള്ള അളവുകോലായി അല്ലെങ്കിൽ പ്രധാന സൂചകമായി Employability (തൊഴിൽ ലഭ്യത) വന്നതും മറ്റൊരു ഭീഷണിയാണ്. വിദ്യാഭ്യാസവിദഗ്ധർ ചെയർമാനായുള്ള വിദ്യാഭ്യാസ കമ്മീഷനുകൾ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ ബിരുദത്തെ തൊഴിലിൽനിന്ന് വിച്ഛേദിക്കണമെന്നാണ് പറഞ്ഞിരുന്നത്. എന്നാൽ ആഗോളീകരണ കാലത്തെ ബ്യൂറോക്രാറ്റുകളും വ്യവസായികളും ചെയർമാനായുള്ള വിദ്യാഭ്യാസകമ്മീഷനുകൾ വിദഗ്ധതൊഴിലാളികളെ കമ്പോളത്തിന് ലഭ്യമാക്കുന്നതിലുള്ള സ്ഥാപനത്തിന്റെ/കോഴ്സിന്റെ പ്രാപ്തിയാണ് മികവായെണ്ണുന്നത്.

16. ദീർഘ ഉപന്യാസങ്ങളിൽനിന്നു ഹ്രസ്വോത്തര മാതൃകകളിലേക്ക്

ചോദ്യപേപ്പറുകളിലെ ചോദ്യമാതൃകകൾ വിശകലനം ചെയ്യുമ്പോൾ 5-8പുറം എഴുതേണ്ടിയിരുന്ന ദീർഘ ഉപന്യാസങ്ങൾ മുതൽ ഒരു ഉപന്യാസ ചോദ്യം മാത്രമുണ്ടായിരുന്ന പരീക്ഷകൾ വരെ ആദ്യകാലത്തുണ്ടായിരുന്നു. ഒറ്റച്ചോദ്യപരീക്ഷയും ദീർഘ ഉപന്യാസങ്ങളും ഉപേക്ഷിച്ചുകൊണ്ടും ദൈർഘ്യം കുറച്ചുകൊണ്ടും ഉപന്യാസ മാതൃകയിലുള്ള ചോദ്യങ്ങളുടെ എണ്ണം കുറച്ചുകൊണ്ടും ചോദ്യപേപ്പറുകളുടെ ഘടന പരിഷ്കരിക്കപ്പെടുന്നതായാണ് കാണുന്നത്. മൂന്ന് മണിക്കൂർകൊണ്ട് 40-45 പുറം എഴുതേണ്ടിയിരുന്ന ഭാഷാപേപ്പറുകൾ ഇന്ന് അതേ സമയംകൊണ്ട് ശരാശരി 20-25 പുറം എഴുതാൻ മാത്രമേ ആവശ്യപ്പെടുന്നുള്ളൂ. രണ്ടോ മൂന്നോ വാക്യത്തിൽ, ഒരു ഖണ്ഡികയിൽ, അരപ്പുറം, ഒരുപേജ്, രണ്ട് പേജ്, പരമാവധി നാലുപേജ് എന്നിങ്ങനെയാണ് ഇന്ന് ചോദ്യപേപ്പറിലെ ചോദ്യമാതൃകകൾ.

17. കാലടി ശ്രീശങ്കരാചാര്യ സംസ്കൃതസർവ്വകലാശാലയുടെ സംസ്കാരപഠനത്തിൽനിന്ന് കാലിക്കറ്റ് സർവ്വകലാശാലയുടെ ചിന്താപദ്ധതിയിലേക്ക്

കാലടി ശ്രീശങ്കരാചാര്യ സർവ്വകലാശാലയിൽ ഡോ. സ്കറിയ സക്കറിയയുടെ നേതൃത്വത്തിൽ സംസ്കാരപഠനത്തിന്റെ സ്കൂൾ സ്ഥാപിക്കുകയും സംസ്കാരപഠനത്തെ അടിസ്ഥാനമാക്കി പാഠ്യപദ്ധതികൾ രൂപീകരിക്കുകയും പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്യുകയുണ്ടായി. സംസ്കാരപഠനത്തെ പ്രധാന ഉപാധിയായി സ്വീകരിച്ചുകൊണ്ട് ഭാഷാസാഹിത്യങ്ങളെ വിശകലനം ചെയ്യുന്ന

പഠനഗവേഷണങ്ങളും ധാരാളം ഉണ്ടായി. തുടർന്ന് ഇതര സർവ്വകലാശാലകളിലേക്കും ഈ പ്രവണതകൾ വ്യാപിക്കുകയും കോർ പേപ്പറുകളും ഐച്ഛിക പേപ്പറുകളും ഉണ്ടാവുകയും ചെയ്തു. 2000-2014 കാലഘട്ടത്തിൽ ജ്ഞാനശാസ്ത്രപരമായി സംസ്കാരപഠനത്തിന് കിട്ടിയ മേൽക്കൈ ഇന്നും അവസാനിച്ചിട്ടില്ല.

2014-ലെ കാലിക്കറ്റ് സർവ്വകലാശാലയുടെ പാഠ്യപദ്ധതി ചിന്താപദ്ധതിയെ ഉപാധിയായി വികസിപ്പിച്ചുകൊണ്ട് ഭാഷാ സാഹിത്യ ജ്ഞാനശാഖയെ വിശകലനം ചെയ്യാനും കൂടുതൽ ആഴത്തിൽ അറിയാനും ശ്രമിക്കുന്നതാണ്. വിമർശനാത്മകത ചിന്തയുടെയും ഉന്നതശ്രേഷ്ഠീവീകാസത്തിന്റെയും ഉദ്ദേശ്യലക്ഷ്യങ്ങളെ സാക്ഷാത്കരിക്കാനുതകുന്ന വിധത്തിൽ പാഠ്യവസ്തുക്കളെ ക്രമീകരിക്കാനും കേരളീയചിന്തപോലുള്ള പ്രസക്തമായ കോഴ്സുകളെ ആവിഷ്കരിക്കാനും കഴിഞ്ഞ പാഠ്യപദ്ധതിയാണിത്. ചരിത്രമായാലും ചലച്ചിത്രമായാലും നാടോടിവിജ്ഞാനീയമായാലും സിദ്ധാന്ത പഠനങ്ങളായാലും അവയിലൂടെ സാദ്ധ്യമാക്കുന്നത് ആത്യന്തികമായി ഭാഷാസാഹിത്യപഠനം തന്നെയാണെന്നത് പാഠ്യപദ്ധതി രൂപപ്പെടുത്തിയിരിക്കുന്ന സൈദ്ധാന്തിക അടിത്തറയുടെ കരുത്തിനെ പ്രതിഫലിപ്പിക്കുന്നു. പാഠ്യപദ്ധതികളെ അക്കാദമികമായി പഠിക്കുന്നവർക്കും പ്രയോഗത്തിൽ വരുത്തുന്നവർക്കും അവഗണിക്കാനാവാത്തതാണ് കാലിക്കറ്റിന്റെ ചിന്താപദ്ധതിയിലൂന്നിയ നിലവിലെ പാഠ്യപദ്ധതി. സംസ്കാരപഠനത്തിൽ നിന്ന് പാഠ്യപദ്ധതികൾ ചിന്താപദ്ധതിയിലേക്ക് ദിശ മാറുന്നതിന്റെ സൂചനയായി ഇതിനെ കാണാവുന്നതാണ്. സാമൂഹികശാസ്ത്രം, സംസ്കാരപഠനം, തത്ത്വചിന്ത, വിമർശനാത്മകത, സംവാദാത്മകത എന്നിവയുടെ ഉദ്ഗ്രഥിത സമീപനത്തിൽ നിന്നുകൊണ്ട് ചിന്താപദ്ധതിയെ ടൂൾ ആക്കിയെടുത്ത് പാഠ്യപദ്ധതിയെ അഴിച്ചുപണിയുന്നു. പുതിയ മാനം, ദർശനം, സമീപനം പ്രകടം.

18. യൂറോകേന്ദ്രിതത്വത്തിൽനിന്ന ഇതരഭ്രഖണ്ഡങ്ങളിലേക്ക്

പൗരസ്ത്യദ്വന്ദ്വമായി പാശ്ചാത്യം സ്വീകരിച്ചിരിക്കുന്ന പരമ്പരാഗതരീതികളിൽ നിന്ന് ജ്ഞാനശാസ്ത്രപരമായ അന്വേഷണങ്ങൾ ഇതരഭ്രഖണ്ഡങ്ങളിലേക്ക് വ്യാപിച്ചിരിക്കുന്നു. എം.ജി., കാലടി സർവ്വകലാശാലകൾ ചൈനീസ്, ലാറ്റിനമേരിക്കൻ, അറേബ്യൻ, ജാപ്പനീസ്, ആഫ്രിക്കൻ സൗന്ദര്യശാസ്ത്രങ്ങൾ പാഠ്യപദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. ചലച്ചിത്രപഠനങ്ങളിൽ ഇറാനിയൻ, ലാറ്റിനമേരിക്കൻ ചലചിത്രങ്ങൾ വിശദപഠനത്തിനുണ്ട്.

19. അക്കാദമിക ജ്ഞാനത്തിൽനിന്ന് അക്കാദമികേതര വിജ്ഞാനത്തിലേക്ക്

ജ്ഞാനോത്പാദനത്തെയും അതിന്റെ സ്വീകാര്യതയെയും സംബന്ധിച്ച അഥവാ അറിവിന്റെ ആധികാരികതയെ സംബന്ധിച്ച അക്കാദമിക പരികല്പനകളെ പാഠ്യപദ്ധതി ഇപ്പോൾ തിരുത്തുന്നുണ്ട്. കെ.കെ. കൊച്ച്, മയിലമ്മ, കണ്ടൽ പൊക്കുടൻ, നളിനിജമീല തുടങ്ങിയ അക്കാദമിക മേഖലയിൽ നിന്നല്ലാത്തവരുടെയും കൃതികളെയും അനുഭവജ്ഞാനത്തെയും പാഠ്യപദ്ധതികൾ ഇന്ന് പരിഗണിക്കുന്നുമുണ്ട്. അവയെല്ലാം തന്നെ പാഠപുസ്തകമാവുന്നുമുണ്ട്.

20. തിരസ്കരണങ്ങളിൽനിന്ന് വീണ്ടെടുപ്പിലേക്ക്

ഒരുകാലത്ത് തിരസ്കരിക്കപ്പെട്ട വ്യക്തികളെയും കൃതികളെയും വീണ്ടെടുത്ത് മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ പാഠ്യപദ്ധതി ശ്രമിക്കുന്നുണ്ട്. ജോർജ്മാത്തന്റെ പ്രസംഗം, പൊയ്കയിൽ അപ്പച്ചന്റെ പാട്ടുകൾ, മഖ്തിത്തങ്ങളുടെ കൃതികൾ, പണ്ഡിറ്റ് കെ.പി.കറുപ്പന്റെ ജാതിക്കുമ്മി, പോത്തേരി കുഞ്ഞമ്പുവിന്റെ സരസ്വതീവിജയം നോവൽ എന്നിവ ഏതാനും ഉദാഹരണം. ദ്രാവിഡസൗന്ദര്യശാസ്ത്രം, മൊഹിയുദ്ദീൻ മാല, ചരിത്രത്തിൽ നിന്ന് വീണ്ടെടുത്ത് പാഠ്യപദ്ധതിയിലൂടെ വിജ്ഞാനമാക്കി മാറ്റേണ്ട വ്യക്തികൾ, പ്രസ്ഥാനങ്ങൾ, കൃതികൾ, സമൂഹങ്ങൾ, സംസ്കാരങ്ങൾ എന്നിവ ഇനിയും നിരവധിയുണ്ട്. ഇന്ത്യയിലെ ആദ്യത്തെ ദലിത് വനിതാ ബിരുദധാരിയും (1935-ബി.എസ്സി. രസതന്ത്രം, എറണാകുളം, മഹാരാജാസ് കോളേജ്) മേൽവസ്ത്രം ധരിച്ച ആദ്യത്തെ പുലയവനിതയും കൊച്ചിരാജ്യത്തെ പത്താംക്ലാസ് പാസാവുന്ന ആദ്യത്തെ പട്ടിക വർഗക്കാരിയും 1945-ലെ കൊച്ചി ലെജിസ്ലേറ്റീവ് കൗൺസിൽ അംഗവും 299 അംഗങ്ങളുള്ള അംബേദ്കറുടെ ഭരണഘടനാരൂപീകരണ സമിതിയിലെ ഏക ദളിത് വനിതയും പതിനഞ്ച് വനിതകളിൽ ഒരാളുമായ ദാക്ഷായണീവേലായുധൻ ഇനിയും പാഠ്യപദ്ധതിയിലിടം നേടിയിട്ടില്ല.

21. ലിംഗവിവേചനത്തിൽനിന്ന് പ്രാതിനിധ്യത്തിലേക്ക്

പാഠ്യപദ്ധതിയിലും അക്കാദമിക ബോഡികളിലും ആദ്യകാലം മുതൽ നിലനിന്ന പുരുഷാധിപത്യപ്രവണതയെ തിരിച്ചറിഞ്ഞ് പരിഹരിക്കാനുള്ള ശ്രമം തൃപ്തികരമായ അളവിലല്ലെങ്കിലും തുടങ്ങിയിട്ടുണ്ട്. കൂടുതൽ ബോധപൂർവ്വമായ ശ്രമങ്ങൾ ഉണ്ടാകേണ്ടതുണ്ട്.

22. യാഥാർത്ഥ്യബോധമില്ലായ്മയിൽനിന്ന പ്രായോഗികതയിലേക്ക്

2000 മുതൽ സർവ്വകലാശാലകൾ സെമസ്റ്റർ സംവിധാനത്തിലേക്ക മാറിയപ്പോൾ ഒര സെമസ്റ്ററിൽ 4-5 പേപ്പറുകൾ എന്ന നിലയിൽ നിന്ന് 16-20 പേപ്പറുകളിലേക്കുള്ള ഘടന സ്വീകരിക്കാൻ നിർബന്ധിതരായി. അതുവരെയുണ്ടായിരുന്ന 9-10 പേപ്പറുകളിൽ നിന്ന് 16-20 പേപ്പറുകളിലേക്ക് മാറേണ്ടി വന്നപ്പോൾ സർവ്വകലാശാലകൾ പൊതുവെ ചെയ്തത് അതുവരെയുള്ള പേപ്പറുകളെ സെമസ്റ്ററുകളിലേക്ക് വിന്യസിപ്പിച്ച് 6-11 പേപ്പറുകൾ പുതുതായി ആവിഷ്കരിക്കുകയായിരുന്നു. പഠിച്ചുതീർക്കാനാവാതെ വിദ്യാർത്ഥികളും പഠിപ്പിച്ചുതീർക്കാനാവാതെ അദ്ധ്യാപകരും അമിത പഠനഭാരത്താൽ പ്രയാസപ്പെട്ട സെമസ്റ്റർ സംവിധാനത്തിലെ ആദ്യവർഷങ്ങൾ യാഥാർത്ഥ്യ ബോധമില്ലായ്മയുടേതാണ്. തുടർന്ന് വർഷങ്ങൾകൊണ്ടാണ് സെമസ്റ്ററിലെ പരിമിത അധ്യയനദിവസങ്ങളിലേക്ക് (70-90) പാഠ്യപദ്ധതി പകരുക്കപ്പെട്ടത്. അലിഗഢ് സർവ്വകലാശാലയിൽ എം.എ. പ്രോഗ്രാമിന് ആകെ പഠിക്കാനുണ്ടായിരുന്നതിനെക്കാൾ പാഠപുസ്തകങ്ങൾ കണ്ണൂർ സർവ്വകലാശാലയുടെ ഒര സെമസ്റ്ററിലെ ഒന്നോരണ്ടോ പേപ്പറുകളിൽ ഉണ്ടായിരുന്നു. നോവലും നാടകവും ഖണ്ഡകാവ്യവും യാത്രാവിവരണവും ആത്മകഥയും ഉൾപ്പെട്ട 59 പാഠപുസ്തകങ്ങൾ. സാഹിത്യസിദ്ധാന്തങ്ങളെ പാശ്ചാത്യം-പൗരസ്ത്യം അല്ലെങ്കിൽ പ്രാചീനം-ആധുനികം എന്നിങ്ങനെയും പ്രാചീന-മധ്യകാലസാഹിത്യത്തെ ആദ്യകാല ഗദ്യവും പദ്യവുമാക്കിയും കേരളസംസ്കാരപഠനത്തെ ഘട്ടങ്ങളാക്കി വിഭജിച്ചും വ്യാകരണത്തെയും ഭാഷാശാസ്ത്രത്തെയും പ്രത്യേകം പേപ്പറാക്കിയും വൃത്താലങ്കാര പഠനങ്ങളെ സാഹിത്യസിദ്ധാന്തത്തോടു ചേർത്തും വിമർശനത്തെ പ്രത്യേകം പേപ്പറാക്കിയും ആധുനികതയേയും കാല്പനികതയേയും വിഭജിച്ചും സൈബർ മലയാളത്തെ ഭാഷാശാസ്ത്രത്തിന്റെ ഭാഗമാക്കിയും ആണ് ഉള്ളടക്കത്തെ സെമസ്റ്ററിന്റെ വഴക്കങ്ങളിലേക്ക് പാകപ്പെടുത്തിയെടുത്തത്.

23. സ്വീകരണം, നിരാകരണം, അപരവത്കരണം

പാഠ്യപദ്ധതി അതിന്റെ ആരംഭകാലത്തെ സവർണവരേണ്യതയിൽനിന്ന് ബഹുസ്വരതയിലേക്ക് മാറിക്കൊണ്ടിരിക്കുന്നുണ്ടെങ്കിലും പാഠ്യപദ്ധതിയിലായാലും സാഹിത്യത്തിലായാലും മുഖ്യധാര ഇതരധാരകളെ മറ്റുവിളിപ്പേരുകളാൽ അപരവത്കരിച്ചുകൊണ്ടാണ് ഇടമനുവദിക്കുന്നത്. പണ്ഡിറ്റ് കറുപ്പന്റെ കവിതകൾ ഒഴിവാക്കി 'സാമുദായിക ഗാനകല' എന്ന ചെറുമപുലയ ഗാനസമാഹരത്തിലൂടെ ഉൾക്കൊള്ളുന്നത് സ്വീകരണത്തിലെ നിരാകരണമാണ്. അർഹതപ്പെട്ട സ്ഥാനം അർഹതപ്പെട്ടിടത്ത് കൊടുക്കാതിരിക്കലാണ്. ദലിത് സാഹിത്യത്തെ മാറ്റിനിർത്തി പഠിപ്പിക്കുമ്പോഴും സ്ത്രീ രചനകളെ

സ്ത്രീവാദപഠനത്തിലേക്ക് മാറ്റിനിർത്തുമ്പോഴും മോയിൻകുട്ടി വൈദ്യരുടെ മലയാളകവിതയെ മാപ്പിളപ്പാട്ടാക്കി നാടൻപാട്ടുകളോടൊപ്പം പഠിപ്പിക്കുമ്പൊഴും മിഷനറിഗദ്യത്തെ വ്യാകരണത്തിലൊ യാത്രാവിവരണത്തിലോ നോവൽ, നാടകം തുടങ്ങിയ സാഹിത്യവിഭാഗങ്ങളിലോ ഉൾപ്പെടുത്താതെ മാറ്റി നിർത്തുമ്പോഴും ഇതുതന്നെ സംഭവിക്കുന്നു. സരസ്വതിവിജയം നോവൽ കടന്നുവരേണ്ടത് ഇന്ദുലേഖയോടും മാർത്താണ്ഡവർമ്മയോടും ഒപ്പംതന്നെയാണ്. ജോർജ് മാത്തന്റെ മലയാഴ്മയുടെ വ്യാകരണം മിഷനറിമാരുടെ സംഭാവനകളുടെ കൂട്ടത്തിലെ പരാമർശമായല്ല ബിരുദാനന്തരതലത്തിലെ വ്യാകരണപഠനത്തിലെ വിമർശനാത്മക താരതമ്യപഠനത്തിലെ പാഠപുസ്തകമായിത്തന്നെയാണ് പാഠ്യ പദ്ധതിയിലിടം നേടേണ്ടത്.

24. ക്ലാസ് മുറിയ്ക്കകത്തെ അടഞ്ഞ പഠനത്തിൽനിന്ന് നേരനുഭവത്തിന്റെ തുറന്ന പാഠങ്ങളിലേക്ക്

മലയാള ഭാഷയുടെ ആധുനികീകരണം പോലുള്ള കോഴ്സുകൾ ഉണ്ടാക്കുന്ന ഭാഷാഭിമാനം മാതൃഭാഷയുടെ ജനാധിപത്യവത്കരണത്തിന് നേതൃത്വം നല്കാനും ജനമുന്നേറ്റങ്ങളിൽ അണിചേരാനും പഠിതാവിനെ പ്രാപ്തമാക്കുന്നുണ്ട്. മലയാള ഐക്യവേദിയുടെ നേതൃനിരയും ഐക്യമലയാള വിദ്യാർത്ഥി പ്രസ്ഥാനവും അതാണ് തെളിയിക്കുന്നത്. ഒരർത്ഥത്തിൽ സാമൂഹിക ജ്ഞാനനിർമ്മിതി (Social Constructivism)യുടെ തുറന്ന പാഠപുസ്തകവും പഠനപ്രക്രിയയുമായി തെരുവ് മാറുന്നുവെന്നത് മാതൃഭാഷാ പഠനത്തിന്റെ ക്രിയാത്മക വഴിത്തിരിവാണ്.

25. മാതൃഭാഷയുടെ രാഷ്ട്രീയവും ഭാഷാസൂത്രണവും

ഭാഷയുടെ രാഷ്ട്രീയത്തെ ഉയർത്തിപ്പിടിച്ച്ഭാഷാവികാസത്തെ സമഗ്രമായി ആസൂത്രണം ചെയ്യുന്ന, ഭാഷാവകാശ പോരാട്ടങ്ങളെ സമന്വയിക്കുന്ന, ഭ്രൂതത്തിൽ നിന്ന് സമകാലിക വ്യവഹാരങ്ങളിലേക്ക് വ്യാപരിക്കുന്ന കോഴ്സുകൾ എല്ലാ സർവ്വകലാശാലകളും ഗൗരവത്തോടെ ഏറ്റെടുക്കുന്നതാണ് എം.എ. മലയാള പഠനത്തിന്റെ സമകാലിക സന്ദർഭം. കാലടിയുടെ 'മലയാള ഭാഷയുടെ ആധുനീകരണം' കോഴ്സിൽ തുടങ്ങി മലയാളം സർവ്വകലാശാലയുടെയും കാലിക്കറ്റ് സർവ്വകലാശാലയുടെ 'ഭഷാചരിത്രവും ആസൂത്രണവും' എന്ന കോഴ്സിലൂടെയും അതിന്റെ സ്വീകാര്യതയും പരിഗണനയും പ്രസക്തിയും ഏറിവരുന്നു. മാതൃഭാഷാവകാശ പ്രത്യയശാസ്ത്രത്തെ ജനകീയമാക്കി മാതൃഭാഷയെ ജനാധിപത്യവത്കരിക്കാനുള്ള പരിശ്രമങ്ങൾക്ക് ഇവ കരുത്തേകുന്നു.

മുൻ അദ്ധ്യായങ്ങളിലെ ദത്തങ്ങളുടെ വിശകലനത്തിൽ നിന്നും ഉരുത്തിരിഞ്ഞ കണ്ടെത്തലുകളും നിഗമനങ്ങളും പഠനം മുന്നോട്ടുവെച്ച പരികല്പനയെ വസ്തുനിഷ്ഠമായി സ്ഥാപിക്കുന്നതിനാൽ സ്വീകരിക്കുന്നു.

13.4. നിർദ്ദേശങ്ങൾ

1. സർവ്വകലാശാല ഘടന, അക്കാദമിക ബോഡികൾ

സെനറ്റ്, സിന്റിക്കേറ്റ്, വൈസ്ചാൻസ്ലർ എന്നിങ്ങനെയുള്ള ഭരണപരമായ ഒന്നരനൂറ്റാണ്ടിലധികം പഴക്കമുള്ള, ബ്രിട്ടീഷ് സർവ്വകലാശാലകളുടെ മാതൃകയിലുള്ള ഘടനയെയും ബോർഡ് ഓഫ് സ്റ്റഡീസ്, അക്കാഡമിക് കൗൺസിൽ, ഫാക്കൽറ്റി എന്നിങ്ങനെയുള്ള അക്കാദമികസംവിധാനങ്ങളെയും കാര്യക്ഷമത ഉറപ്പുവരുത്തുന്ന വിധത്തിൽ പുനഃസംഘടിപ്പിക്കേണ്ടതാണ്. അതതു വിഷയത്തിലെ പരിചയസമ്പന്നരും അക്കാദമിക നേട്ടങ്ങൾ ഉള്ളവരുമായ അദ്ധ്യാപകരും എഴുത്തുകാരും വിദ്യാഭ്യാസവിദഗ്ധരും ഉൾപ്പെടുന്നവർ രാഷ്ട്രീയ ഇടപെടലുകളില്ലാതെ തെരഞ്ഞെടുക്കപ്പെടുന്ന രീതിയിൽ അക്കാദമിക ബോഡികൾക്ക് മാനദണ്ഡങ്ങൾ നിശ്ചയിക്കേണ്ടതും അവയുടെ കാലാവധി അഞ്ചുവർഷത്തേക്ക് ദീർഘിപ്പിക്കേണ്ടതുമാണ്.

2. പാഠ്യപദ്ധതി നിർമ്മിതി

ഇതിനെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായം എന്തെന്ന യുക്തിയുക്തമായി പ്രതിപാദിക്കുക.

II. മലയാള ഭാഷയിലുള്ള ലിപിമാലയുടെ ന്യൂനത കൾ എന്തെല്ലാം ? അവയെ പരിഹരിച്ച പരിഷ്കരി ക്കുന്നതിനുള്ള മാർഗങ്ങൾ ഏവ ?

III. മലയാളത്തിന്റെ ഇപ്പോഴത്തെനില സംശ്ലി ഷ്ടകക്ഷ്യയിലാണെന്നയുക്തി പൂർവം ഉദാഹരണ ങ്ങളെക്കൊണ്ടു തെളിയിക്കുക.

IV. സംസ്കൃതവും ഇംഗ്ലീഷും മലയാള ഭാഷയുടെ ഗതിയെ ഏതു വിധത്തിൽ എങ്ങിനെ യെല്ലാം ഭേദ പ്പെടുത്തിയിരിക്കുന്നു എന്നു സൂക്ഷ്മമായി പരിശോ ധിച്ചു് ഒരു പ്രസംഗം എഴുതുക.

V. (1) ഭാഷയിലുള്ള വിഭക്തി പ്രത്യയങ്ങളുടെ ഉത്ഭവമെങ്ങിനെ?

(2) "ൻെറ" എന്നതിൻെറ ചരിത്രം മുതുകി എഴുതുക.

VI. ഭാഷാ വൃത്തങ്ങൾക്ക പൊതുവേയുള്ള വിധികളെ ഉദാഹരണസഹിതം വിവരിക്കുക.

VII. മലയാളം പഴഞ്ചൊല്ലുകളുടെ ഭാഷാരീതിയെ കുറിച്ച് എഴുതുക.

VIII. ഇപ്പോൾ നടപ്പുള്ള മലയാള ഭാഷയിൽ പരിവർത്തനം ചേയ്യുക.

ഏറെ മനോഹരിയാകിയ സീതയു -
ടേ കനകാഭരണങ്ങളെ നീകാ -
ണേറെ വിരന്തരജാ പുനരെന്നള -
വേ ലക്ഷ്മണനതു കണ്ടുരചെയ്താൻ
മാനിലയാ മണികുണ്ഡല മാമികയും
മറവിപ്കണ്ടറിയേ നടിയേൻ തവ
തേരുക ഞാപുരമോ നരവീരാ
ദേവിയുടേതീതു കണ്ടുകിവൻ ഞാൻ
ഞാനട നായ്യുടേ ചരണങ്ങളിൽ
നാടിമുതിന്നവണങ്ങുകയാലെ
നനമറിഞ്ഞതുമെന്നു നരേശ്വര -
നോടു സുമിത്രാപുത്രൻ ചൊന്നാൻ.

THURSDAY, 15TH APRIL—10 A.M. TO 1 P.M.

PART II. GROUP VI (4).

MALAYALAM : COMPOSITION.

[N.B.—*Write essays, not exceeding* THREE *pages, on any* TWO *of the following.*]

I. Home education.

II. The effectsn of high prices iyour district.

III. The industrial development of India.

IV. The advantages and disadvantages of democratic Government.

V. Should women engage in politics ?

താഴെ വരുന്ന വിഷയങ്ങളിൽ ഏതെങ്കിലും രണ്ടിനെപ്പറ്റി മൂന്നരഭാഗത്തിൽ കവിയാതെ ഓരോ പ്രബന്ധം എഴുതുക ;—

I. ഗ്രഹത്തിൽനിന്നു ലഭിക്കാവുന്ന വിദ്യാഭ്യാസം.

II. നിങ്ങളുടെ ജില്ലയിൽ സാമാനങ്ങൾക്കു വില വർദ്ധിച്ചതു കൊണ്ടുള്ള ഫലങ്ങൾ.

III. ഇന്ത്യയിലെ വ്യാപാരത്തിന്റെ ഉൽക്കർഷാഭിവൃദ്ധി.

IV. പൊതുജന രാജ്യഭരണത്തിന്റെ ഗുണദോഷങ്ങൾ.

V. സ്ത്രീകൾ രാജ്യഭരണ വിഷയത്തിൽ പ്രവേശിക്കുന്നതു യുക്തമൊ ?

410

M.A. DEGREE EXAMINATION, 1905

MALAYALAM TEXT BOOKS IV

THURSDAY, 19TH JANUARY, 2 TO 5 P.M.

I . കിളിപ്പാട്ടിൽ ഉപയോഗിച്ച വരുന്ന വൃത്തങ്ങളുടെ സ്വഭാവം ചുരുക്കമായി വിവരിച്ചു അവക്കും കൃഷ്ണഗാഥയിൽ സാമാന്യമായുപയോഗിച്ച വൃത്തത്തിനും തമ്മിൽ വ്യത്യാസമെന്തെന്നു പറക.

II, പോയിതായി ; മായിക ; നീലക്കാർവർണ്ണൻ ; പാച്ചാടം ; പാടകരകീട ; മണിസാനുധീര ; അല്ലം പകലും ; മസ്കരി കലഹതക ; സ്വസ്തികബന്ധം ; ബാലസിലിന്ധ്രം ; മുട്ടേനടന്നു ; കതിരോൻ ഈ ഓരോന്നിന്റെ അർത്ഥം വിസ്തരിച്ചെഴുതുക.

III. 'ഋതു വർണനയിൽ' രസകരമായ അലങ്കാരങ്ങൾ വളരെ ചമൽകാരത്തോടു കൂടി പ്രയോഗിച്ചു കാണ്മാനുണ്ട്? മൂന്നു നാലു കൂട്ടം ഉദാഹരണങ്ങൾ മൂലം തെളിയിക്കുക.

411

M.A. DEGREE EXAMINATION, 1905

IV. 1. 'ശാപശക്തിയും ശരശക്തിയും വേണമല്ലൊ ഭ്രപാലന്മാർക്കു ശത്രുസംഹാരം വേണമെങ്കിൽ' ഇതിനെ വ്യാഖ്യാനിക്കുക.

2. 'ഭ്രതിയെ ഭ്രവിങ്കലും ഫലദേശത്തും ചേർത്തു ഭ്രതലമേക ച്ഛത്രച്ഛായതങ്കീഴുമാക്കി, ദാനവാരിയെ തന്റെ ഉള്ളിലും കാരത്തിലുമാനന്ദം വരുമാറു ചേർത്തു.' ഇതിന്റെ അർത്ഥമെന്ത?

3. 'അന്നു സകൂൽ പ്രസ്ഥനാൽ കൃതമായൊരു പുണ്യഫലമിനിമറ്റൊന്നിനുണ്ടാകാ' ഈ വാക്യത്തിന്റെ സന്ദർഭവും സകൂൽ പ്രസ്ഥ കഥയും എഴുതുക.

v. 1. ഷൾക്കർമ്മങ്ങൾ, ഷഡാധാരങ്ങൾ, അഷ്ടാംഗ യോഗങ്ങൾ, നാലുപവേദങ്ങൾ ഇവയുടെ പേർ പറക.

2. 'മുനികൾ വരനായ മാണ്ഡവ്യ ശാപം തീർന്നുമുഖ്യനാം ധർമ്മനോടങ്ങുചേർന്നീടിനാൻ ആർ? മാണ്ഡവ്യശാപത്തിനു കാരണമെന്ത?

3.സഹദേവൻ കലിയുഗാവസ്ഥയെപ്പറ്റി പറഞ്ഞതെന്ത?

VI. 1. ശ്രീരാമൻ സീതാലക്ഷ്മണന്മാരെ ഉപേക്ഷിച്ചു കളഞ്ഞതിനെപ്പറ്റിയുള്ള നിങ്ങളുടെ അഭിപ്രായം ന്യായത്തോടു കൂടി എഴുതുക.

2. ദണ്ഡകവനം, വിദേഹൻ, യക്ഷൻ, വിശ്രുവസ്സ്, കുശലവന്മാർ ഈ പേർ എങ്ങനെയുണ്ടായി?

3. ' രാവണനേക്കാൾ പരാക്രമിയായതു രാവണി ' ഇതു തെളിയിച്ചതെങ്ങിനെ?

VII. 1. ഹനുമാൻ. സീത ഇവർ രാവണനാശത്തിനു ഹേതുക്കളാവാൻ വിശേഷ കാരണമെന്ത്?

2. വർണ്ണാശ്രമധർമ്മങ്ങളെ തെറ്റി നടക്കുന്നതു ലോകത്തിനു അനർത്ഥമാണെന്നു എങ്ങിനെ തെളിയിക്കാം?

3. ചിരഞ്ജീവി, ബലിഭുക്, ഈ പേരുകൾ കാകനു എപ്പോൾ എങ്ങിനെ കിട്ടി?

VIII. 1. ആട്ടക്കഥയും നാടകവും തമ്മിൽ ഉള്ള മുഖ്യവ്യത്യാസമെന്ത്?

2. ആട്ടക്കഥയുടെ ഉത്ഭവത്തെപ്പറ്റി അറിയുന്നതെഴുതുക.

(*b*) Compare and contrast the literary characteristics of Rāghava-Pandvīyamu and Harischandra Nalōpakhyānamu. Illustrate your answer as far as possible.

VII. It has been rightly remarked that the descriptions of feminine charms in most of our classical works show want of a sense of delicacy in their Authors. Can you suggest any reason for the course that those writers followed? How would you decisively prove that they were conscious of violating the rules of decency by such descriptions?

VIII. It has been said that if Telugu is to be a living language "our heroes and heroines should cease to be mere wax-works or puppets, opening and shutting their eyes and lips or dancing to the guidance of the unseen wire-puller." Comment upon this statement referring to the heroes and heroines in any of Kūchimanchi Timma Kavi's works.

IX. To whom do the following appellations apply and why?—Abhinava Dandi, Kavi Sārvabhauma, Sarvagnya, Prabandha Paramēsvara and Andhra Kavitā Pitāmaha.

(MALAYALAM AND TAMIL.)

MONDAY, 21ST JANUARY, 2 TO 5 P.M.

MALAYALAM: HISTORY OF THE MALAYALAM LANGUAGE.

I. "സംസ്കൃതഹിമഗിരിഗളിതാ
ദ്രാവിഡവാണീകളിന്ദജാമിളിതാ
കേരളഭാഷാഗംഗാ".

ഈ അഭിപ്രായത്തോട് നിങ്ങൾ എത്രകണ്ട് യോജിക്കുന്നു?

II. തമിഴ്ഭാഷയിലെ പദങ്ങൾക്കും മലയാളത്തിലെ സജാതീയ പദങ്ങൾക്കും തമ്മിൽ വ്യഞ്ജനസന്ധിയിൽ എന്തെല്ലാം ഭേദങ്ങൾ കാണാനുണ്ട്? ആ ഭേദങ്ങളെ സംബന്ധിച്ച വ്യാകരണ സൂത്രങ്ങൾ ഉദാഹരണ സഹിതം എഴുതുക.

III. മലയാള ഭാഷ എഴുതുന്നതിന്നു ഏതെല്ലാം വിധം ലിപികൾ ഉപയോഗിച്ചു വന്നിട്ടുണ്ട്? ഇവ ഓരോന്നും മാറുവാനുള്ള കാരണമെന്തു?

IV. താഴെ കാണിച്ച പദങ്ങൾ എഴുതുന്നതിനെക്കുറിച്ചു ഇപ്പോൾ നടക്കുന്ന വിവാദത്തിന്റെ സ്വഭാവം വിവരിച്ചു, നിങ്ങളുടെ അഭിപ്രായം എഴുതുക:—

അലങ്കാരം; തമ്പി; തലസ്ഥം; അമ്മെക്കു; ചിരിയ്ക്കുന്നു; മണൽത്തിട്ട; സല്ക്കാരം; വിസ്തൃതി.

V. താഴെ എഴുതിയ വാക്കുകളുടെ മൂലരൂപങ്ങൾ ഏവ? ഈ മാറ ങ്ങളെ സംബന്ധിച്ച വ്യാകരണ സൂത്രങ്ങളെഴുതുക:—

വെറുതെ; അരക്കൻ; കന്നി; ഉറുമീ; അമറേത്തു;
അമ്പതു; ചോനകൻ; ചോതി; തിട്ടം.

VI. (*a*) കീഴ്വരയിട്ട പദാംഗങ്ങളെ സംബന്ധിച്ച വ്യാകരണ സൂത്ര, ങ്ങൾ വിസ്തരിച്ചെഴുതുക:—

ഉള്ളോർ; കടിച്ചോം; എടുത്തീർ; കരഞ്ഞു; ആണ്ടു;
വിണ്ണു; പിടിച്ചു; ഒരിക്കൽ; ഒമ്പതു.

(*b*) പദാന്തത്തിൽ അകാരം എത്രവിധമുണ്ടെന്നും ഓരോ വിധത്തിന്റെ മാറങ്ങൾ എന്തെന്നും ഉദാഹരണസഹിതം എഴുതുക.

(*c*) "ന്റെ" എന്നതിന്റെ ചരിത്രം എഴുതുക.

VII. നാമം, ക്രിയ, അവ്യയം; നാമം, നാമവിശേഷണം, ക്രിയ, ക്രിയാവിശേഷണം, അവ്യയം. ഇങ്ങിനെ പലവിധമായി വൈയാകരണന്മാർ പദങ്ങളെ വകതിരിച്ചു കാണുന്നു? ഇതിൽ ഏതു വിഭാഗമാകുന്നു നല്ലതു?

VIII. മലയാളരാജ്യത്തിന്റെ ചരിത്രത്തിൽ വിദേശിയരുമായിട്ടുള്ള ഇടപാടുകൾ ഏതെല്ലാം കാലത്താണുണ്ടായിട്ടുള്ളതെന്നും, ആ ഇടപാടുകൾ നിമിത്തം ഏതെല്ലാം തരത്തിലുള്ള വാക്കുകളാണ് ഭാഷയിൽ കൂടീട്ടുള്ളതെന്നും ഉദാഹരണസഹിതം വിവരിച്ചെഴുതുക.

(MALAYALAM AND TAMIL.)

TUESDAY, 22ND JANUARY, 10 A.M. TO 1 P.M.

MALAYALAM: TEXT-BOOKS I.

Krishna Gotha and Kannassa Panikkar's Ramayanam.

I. (*a*) കഥാമുഖത്തിൽ "ഇന്ദിരാതന്നുടെ പുഞ്ചിരി &c.," എന്നീ പ്രയോഗത്താൽ സൂചിക്കുന്ന ഗ്രന്ഥകർത്താവിന്റെ ആശയം വിവരിക്ക.

(*b*) "എന്നതു തന്നെ (വൈരാഗ്യം) വരുത്തി നിന്നീടുവാൻ ഇന്നിതു തന്നെ ഞാൻ നിർമ്മിക്കുന്നു".

ഇവിടെ എന്നതു തന്നെ എന്നതിലുള്ള ചമൽകാരം വ്യാകരണമനുസരിച്ചു ണിക്കയും ഗ്രന്ഥകർത്താവു അംഗീകരിച്ച മാർഗ്ഗം തന്റെ ഉദ്ദേശ സിദ്ധിക്കു അനുചിതമാണെന്ന അഭിപ്രായം എത്രകണ്ടു സാധുവാകുന്നുവെന്നു വിവരിക്കയും ചെയ്യുക.

II. (a) ചെങ്കഴൽ തന്നോടു ചേർത്തുവണ്ടീടുന്ന
പങ്കജമെന്നതു രചനമില്ലോർക്കും
അംഭോജലോചനനന്യനെ കൈകൊണ്ടു
സംഭാവിച്ചീടുവാൻ പാടുണ്ടുള്ളു.

(b) ചൈത്യനായുള്ളൊരു വാരിദം വന്നിട്ടു
തൊട്ടിന്യമാകയാലെന്നപോലെ
നിർഗ്രണനായിട്ടു നിന്നൊരു നിന്നുടെ
സൽഗ്രണമായുള്ള ഹംസമെല്ലാം
മാനിനി തന്നുടെ മാനസമായൊരു
മാനസം തന്നിലെ ചേന്നംപുക്കു.

(c) അറിവുടെമേരു തന്നുജമനോരമ
യാക്കിയദേവിയിൽ മുമ്പുരായർ
നെറികലയാതെ ഹിമാചലപുത്രികൾ
നിരുപമയാകിയ ഗംഗയുമയും
അറമിലകിനവാനുലകിനു നടിയാ
കെന്ന മരുകൾകൈകെക്കൊണ്ടോർ ഗംഗയെ
യുറവിതൽമേലില്ലെന്നു ഗിരീന്ദ്രനു
മുമയെമഹാദേവനു കൊടുത്താൻ.

മേൽ എഴുതിയ പദ്യങ്ങളുടെ അർത്ഥം നല്ലമലയാളത്തിൽ എഴുതുക.

III. (a) രാപ്പകലുള്ളൊരു പാഴ്പുനികൊണ്ടു ഞാൻ
വാപ്പുകറഞ്ഞു മെല്ലിഞ്ഞിരിപ്പോൾ
എന്നതുകൊണ്ടല്ലീ മന്മഥമാലെന്നു
നിങ്ങൾ നിനക്കുന്നു മണ്ടുകമാരെ.

(b) നാഭിയെക്കൊണ്ടു നല്ലാവർത്തം തന്നുടെ
ശോഭയും വെന്നങ്ങു നിന്നുപിന്നെ
ശ്രോണിയെക്കൊണ്ടു മണൽതിട്ടതെന്നെയും

ചേണാറു നിന്നവൾ ചെല്ലുയാലെ
ഊമ്പികളായുള്ള ചില്ലിതൻ ഭംഗത്തെ
മെന്മേലെ കോലുന്നവൻ നടികൾ.

(c) കള്ളമായുള്ളൊരു കണ്ണാലെയിന്നിനി
കംബുപെന്നിങ്ങിനെ ചൊല്ലുന്നില്ലെ
മാധവൻ തന്മുഖചുംബനമേശിയാൽ
പാരാതെചൊല്ലുന്നതുണ്ടു നേരേ.

(d) മുഗ്ധചിലോചനൻ മാറിടത്തന്നിലെ
മുക്തികൾ വന്നടുനല്ലംനേരം
ദേവകിതന്നുടെ മാറസംതന്നുള്ളിൽ
നോവുതുടങ്ങീതു പാരമപ്പോൾ.

ഇവയിലെ അലംകാരങ്ങളെ വ്യക്തമായ്ക്കാണിക്ക. അവയുടെ ലക്ഷണങ്ങളും വിവരിക്ക.

IV. (a) മറുള്ളാർ ചെല്ലിടലാ കാറുമെയുണ്ടോവൂ
പാറാതാരമ്പു നിനക്കേയുള്ളു.

ഇതു എങ്ങിനെയെല്ലാം വ്യാഖ്യാനിക്കാമെന്നു എഴുതുക.

(b) കൃഷ്ണഗാഥയുടെ കർത്താവു ചില മലയാള സമ്പ്രദായങ്ങൾ തന്റെ കാവ്യത്തിൽ ഉപയോഗിച്ചു പോയിരിക്കുന്നുവെന്ന അഭിപ്രായത്തോടു നിങ്ങൾ യോജിക്കുന്നുവെങ്കിൽ ഒന്നു രണ്ടു ഉദാഹരണങ്ങൾ കൊണ്ടു ആ അഭിപ്രായം സാധൂകരിക്ക.

(c) ഓലക്കം, തമ്പു, മേചി, ചൂറാം, പുലപ്പു, ആനായൻ—ഈ പദങ്ങളെ പൂർണ്ണമായി വ്യാഖ്യാനിക്ക.

V. (a) ചരതം, മിക്ക, തക്ക—ഈ ഓരോ പദം നിങ്ങൾ വായിച്ച രാമായണത്തിലും കൃഷ്ണഗാഥയിലും ഏതേതർത്ഥത്തിലാണുപയോഗിച്ചിട്ടുള്ളതു.

(b) "അവർകളെ ഏകി" കീഴ്വരയുള്ള പദം എന്തർത്ഥത്തിലാകുന്നു ഉപയോഗിച്ചിട്ടുള്ളതു-അതിന്റെ ഇപ്പോഴത്തെ ഉപയോഗത്തിനുദാഹരണമായി ഒരു വാചകത്തിൽ അതു ചേർത്തെഴുതുക.

(c) പുരികുഴൽ എന്നതു പിരികുഴൽ എന്നു വേണമെന്നു ചിലർ പറയുന്നതു എത്രകണ്ടു ശരിയാണു.

VI. (*a*) കണ്ണശ്ശരാമായണനിർമ്മാണകാലം ഏതെന്നെഴുതുക;

(*b*) എന്തു വൃത്തത്തിലാകുന്നു ബാലകാണ്ഡം എഴുതപ്പെട്ടിരിക്കുന്നതു?

VII. (*a*) അരുവണം, അരക്കൻ, ഇതം—ഈ പദങ്ങൾ എങ്ങിനെയുണ്ടായെന്നു വ്യുൽപത്തിസഹിതം കാണിക്കുകയും അവയെ സംബന്ധിച്ചേടത്തോളമുള്ള തദ്ഭവസൂത്രങ്ങൾ എഴുതുകയും ചെയ്യുക.

(*b*) വരലാറെല്ലാം, നേരിയലാവക, നീമ്മതാമൊഴി, നിലവിലകം പിറപോലെകിടക്കോട്ടം, നാടിയുടനകം കാലം—ഇവയുടെ അർത്ഥം എഴുതുക.

(*c*) കണ്ണശ്ശരാമായണത്തിൽ "വധചെയ്യാൻ" എന്നു കാണുന്നു. ഇതിൽ വധ ശബ്ദത്തിന്റെ ആഗമത്തെപ്പറ്റിയെഴുതുക.

(MALAYALAM AND TAMIL.)

TUESDAY, 22ND JANUARY, 2 TO 5 P.M.

MALAYALAM: TEXT-BOOKS II.

Bhashasakuntalam, Kathakalis and Bhagavatam.

[*N.B.*—Answer in Malayalam to the point.]

I. വിഷ്കംഭം, പ്രവേശകം, അങ്കാസ്യം, പതാകാസ്ഥാനം പഞ്ചസന്ധികൾ—ഇവയെന്തെന്നു വിശദമായി ഉദാഹരണസഹിതമെഴുതുക.

II. (*a*) ധീരോദാത്തതയുടെ ലക്ഷണങ്ങളെന്തെല്ലാം? അവ ദുഷ്യന്തനു എങ്ങനെ തികഞ്ഞിട്ടുണ്ടെന്നും അതിലേക്കു കാളിദാസർ മൂലകഥയെ എങ്ങനെയെല്ലാം ഭേദപ്പെടുത്തിയിരിക്കുന്നുവെന്നും കാണിക്കുക.

(*b*) ശാകുന്തളത്തിൽ വീരരസമാണു സ്ഥായിയെന്നു വാദിക്കുന്നവരുടെ യുക്തികളെന്തെല്ലാം? അവയെ സാധിക്കയോ ഖണ്ഡിക്കയോ ചെയ്യുക.

III. (*a*) (1) മുല്ലക്കു കാഞ്ഞുവെള്ളം ഒഴിക്കുക.

(2) വിശാഖാനക്ഷത്രങ്ങൾ ചന്ദ്രരേഖയെ അനുവർത്തിക്കുക.

(3) ചക്രവാകിക്കുട്ടുകാരനോടു യാത്രപറയുക.

(4) ഗംഗാപ്രവാഹം വിട്ടു മൃഗതൃഷ്ണയിൽ ജലപാനം ചെയ്യു. ഇവയെ കവി ഏതു സന്ദർഭങ്ങളിൽ ഉപയോഗിക്കുന്നു.

(b) (1) ബുധബാധചെയ്യുവതി നല്ല നിണ്ണയം.

(2) കലയുടെ പിൻപേ പോയൊരു ശ്രുലധരൻ തന്നെ ഞാൻ നിനക്കുന്നു.

(3) സിതമാംലത്കൾക്കിടയിൽ
പുതുതാം തളിർപോലെ താപസക്കിടയിൽ

ഈ തജ്ജിമയും നിങ്ങളുടെ പാഠപുസ്തകത്തിലെ തജ്ജിമയും തമ്മിൽ വല്ല വ്യത്യാസവുമുണ്ടോ?

IV. വിശദമായ് വ്യാഖ്യാനിക്കുക:—

(a) വിധുരാവിരളർ പുരോഭവി
ദുപദേന്ദ്രാത്മഭവാചകോരികാം
സ്മിതചന്ദ്രികയാപ്രഹർഷയൻ
ചലദളക് ചഞ്ചുപുടാംതമോപഹഃ.

(b) നഗരീതരസാരഥിനാ
മപഹത്രീകീർത്തിമാഹൃതരസാരഥിനാ
രിപുണാമനസാദരിണാ
ലംഘ്യപ്രാപേജ്ഞനേന മനസാദരിണാ.

(c) നഗരീതിസാലപരിവേഷാകലിതനഗരീതി വാസാദമീ ക്ഷാമിഹ നഗരീയസി പ്രീതിരസ്മാകമെഷാ.

(d) അനന്തവദനരകാന്തനരസുരകാന്ത ജലനിധിശാന്തമുനി കാന്താമുഖതിര പദാന്ത ?

(e) ശശികുമുദാന്യ വധിനോ
ത്യശിശിരദീധിതി സരോരുഹാണ്യേവ
വശികൾക്ക പരപരിഗ്രഹ -
ദുശികമ്മീകരണവിമുഖതഃ പ്രഥിതാ.

V. (a) കഥകളിക്കു, (1) ഗീതഗോവിന്ദം, (2) തമിഴിലെ രാമ നാടകം, (3) കൂടിയാട്ടം ഇവയുമായി വല്ല സംബന്ധവുമുണ്ടോ?

(b) [illegible]

VI. (a) [illegible]

(b) [illegible]

(c) [illegible]

VII. [illegible]

VIII. [illegible]

IX. (a) (1) [illegible]

(2) [illegible]

(3) [illegible]

(b) [illegible]

(c) [illegible]

(MALAYALAM AND TAMIL.)

THURSDAY, 24TH JANUARY, 10 A.M. TO 1 P.M.

MALAYALAM: TEXT-BOOKS III.

Indulekha, Akbar and Bhashanaishadha Champu.

I. (a) "അക്ബർ" എന്ന ആഖ്യായികക്കു, "ഇരാവതീ സിദ്ധരഹസ്യം" എന്ന പേർകൊടുക്കുന്നതു നന്നായിരിക്കുമെന്നുള്ള അഭിപ്രായം ശരിയോ അല്ലയോ എന്നു സയുക്തികമായെഴുതുക.

(b) ഗോരക്ഷൻ സലിമിനോട് തന്റെ അധികാരത്തെയും ശക്തിയേയും കുറിച്ചുള്ളു പറയുന്നു? ഇതിനെപ്പറ്റി നിങ്ങളുടെ അഭിപ്രായമെന്തു? ഇയ്യാളുടെയും സാല്ഹണന്റെയും അവസാനത്തെക്കുറിച്ചു വിശദമായെഴുതുക. ഇതിനെല്ലാം അടിസ്ഥാനമായതെന്തെന്നു നിങ്ങൾ വിചാരിക്കുന്നു?

II. (a) അകബറുടെ രൂപനമതത്തെ പ്രതിപാദിക്കുക. ഈ വിഷയത്തിൽ ഫൈസി പറഞ്ഞതെന്തു?

(b) സാല്ഹണാദികളുടെ രാജദ്രോഹോദ്യമങ്ങളെപ്പറ്റി അറിവുകിട്ടിയതിനു ശേഷവും ചക്രവർത്തി കുറ്റം പ്രവർത്തിക്കാഞ്ഞതെന്തുകൊണ്ടായിരിക്കാം?

(c) തുലാഭാര ദിവസത്തെ വിനോദങ്ങളിൽ ഇപ്പോഴും മലയാളത്തിൽ നടപ്പുള്ളതായ രണ്ടു കർമ്മം ഉണ്ടായിരുന്നതിനെച്ചൂണ്ടിക്കാണിക്കയും വിവരിക്കയും ചെയ്ക.

III. (a) ഫൈസിയുടെ ശാപമെന്തു? അദ്ദേഹം എന്തുകൊണ്ടു പിന്നെ സിദ്ധരൂപമപ്പുകൊടുത്തു?

(b) ഗുരുപാടർ കുടുവിൽ സിദ്ധരാമനുകൊടുത്ത ഉപദേശത്തെ ചുരുക്കിയെഴുതുക. ഇദ്ദേഹത്തിനെപ്പറ്റി നിങ്ങളുടെ അഭിപ്രായമെന്തു?

IV. (a) "അകബറി"ൽ ഉപയോഗിച്ചിരിക്കുന്ന വാചകരീതിയെപ്പറ്റി ഗുണദോഷ വിചാരംചെയ്ക.

(b) "ഇന്ദുലേഖ"യിലെകഥയുടെ കെട്ടിനെകുറിച്ചു നിങ്ങളുടെ അഭിപ്രായമെന്ത്?

V. (a) മലയാള സ്ത്രീകൾ പാതിവ്രത്യം അനുഷ്ഠിക്കുന്നില്ലെന്നും, വളരെ സ്വതന്ത്രമാരാണെന്നും മാധവൻ ആക്ഷേപിച്ചതിനു ഇന്ദുലേഖയുടെ സമാധാനമെന്തു?

(b) കുതേടത്തു കേശവൻ നമ്പൂരി തന്റെ ഭാര്യയെ സൂരി നമ്പൂരിപ്പാട്ടു തട്ടിക്കൊണ്ടുപോകുമെന്നു ഭയപ്പെട്ടതിനുള്ള കാരണങ്ങളെ വിവരിക്കുക. ഈ ഭയം ആവശ്യമുള്ളതായിരുന്നോ?

(c) ഇന്ദുലേഖയെക്കൊണ്ടു കല്യാണികുട്ടിയുടെ സംബന്ധത്തിനു യാതൊരു തടസ്ഥവും ചെയ്യിക്കാതിരുന്നതിൽ ഗ്രന്ഥകർത്താവിനു വല്ല ഉദ്ദേശവുമുണ്ടായിരുന്നോ?

(b) ചില മുഖങ്ങൾ വിശദമാക്കുക.

VI. (a) തൻറെ ജീവിതകാലത്തു ശ്രീരാമൻ ചെയ്ത എല്ലാ കൊടുംപാപങ്ങളും ഏറ്റു കൊണ്ടു പറയുക.

(b) ഇന്ദ്രജിത്തിനെ യുദ്ധത്തിനയയ്ക്കുന്നതിനു രാവണൻ ചെയ്യുന്ന വാഴ്ത്തൽ. ഓരോടകൻ ഏറ്റു കൊണ്ടുപോകുന്ന പ്രയോഗങ്ങൾ ചുരുക്കുക.

(c) ചെറുമുറി, കുറുങ്കടം, പൂരി തുടങ്ങിയ ചില നാടൻ ഭക്ഷണസാധനങ്ങളുടെ പേരു എഴുതുകയും അവയിൽ ഏതിനുള്ള ചേരുവകൾ എന്നു പറയുകയും ചെയ്യുക.

VII. (a) (1) സകലഭുവനമുപകാരപ്രസ്തുതം
ധീരം കരുണം സമദർശനമുദിതം
സത്യസുരഭിരതിനയമഹം ഭിഷ്യം
നിരുപമമനിപുണചരിതം സകലകലാൽ

(2) രാജനീതിജ്ഞനായ നിർഭീരയുദ്ധപ്രിയനായ
[ബാൽ സുധാ -
രാജനീതജ്ഞനായ കലഹപ്രിയനായ
[മാംബരം
ശത്രുനിഗ്രഹമുള്ള മരണഭയം ലേശം നളനാ
[നം
പ്രത്യുപകാരത്തിനായിട്ടുള്ള ഉപകാരമായിട്ടുള്ള
[ദീപം.

(3) മനുഷ്യകുലം മരണ മനുഷ്യ പ്രത്യുപമ സ്ഥായി
[രാം
ബാലം പാലയ ദീനവത്സല ഏതാനുമതി വി
[കൂപ്പുതേ
കിഞ്ചനരാപ്പകലം തവമന്ത്രഭരണിയെഴുന്നള്ളുന
[സാന്ത്വന -
ന്നതുമോർത്തു മഹാത്മിതത്തിനുപമയായ പ്രഭ
[ഞാടുവൻ.

(4) ചണ്ഡാകാരേ തമോമണ്ഡല വിപുലമഹാസിസ്യ രേ
[ചന്ദ്രനാമം
പൂഞ്ചിട്ടുന്നാരു കണ്ണീരവനെ വിയതി കഞ്ചിട്ടമന്ദം
[പ്രയാതെ
മിണ്ടാതെ രാത്രിയെല്ലാം സകലദിശിനടന്നാകുലാഹ
[ന്തകാല്യേ
കണ്ടാമ്ളക്ഷാതടാകഞ്ചന പൃഥുതരഹണ്ടോപഥാമംഗ
[ലാംഗീ.

ഈ പദ്യങ്ങളുടെ അർത്ഥമെഴുതുകയും, ഇവയിലെ അലംകാരങ്ങളെ വിവരിക്കയും ചെയ്ക.

(b) ദമയന്തി "ജ്യോതിർമ്മയീ" എന്നപോലെ ശോഭിച്ചുതെങ്ങനെയെന്നു വിശദമായെഴുതുക?

VIII. (a) നളൻ രാത്രിക്കിടക്കുമ്പോൾ ചൊല്ലാറുള്ള രണ്ടു പദ്യങ്ങളെയും, സുദേവൻ പ്രഭുപണ്ഡസഭയിൽ ചൊല്ലിയതിനെയും എഴുതുക.

(b) മൽപ്രാണാ ഇതിയുക്തമേ തദധുനാകീരൊക്തിവൽ ഭാസതേ - എങ്ങനെ?

(c) (1) വർണ്ണവിലോപം വ്യാകരണത്തിൽതന്നേ കേവലമുള്ളതാകുന്നു.

(2) മേളംകൊണ്ടും ചമരമൃഗാണാം ബാലവിനാശം കേവലമാസീൽ.

(3) സന്ധ്യാവസന്തപുഷ്പാടകപ്രായാ.

(4) സുകവിവാണീവ ലളിത പദവിന്യാസാ.

ഇവയുടെ അർത്ഥം സ്പഷ്ടമാക്കുക.

(MALAYALAM AND TAMIL.)

THURSDAY, 24TH JANUARY, 2 TO 5 P.M.

TAMIL: TEXT-BOOKS IV.

I. (1) நும் பாடப்புத்தகங்களை ஆக்கியோரது பெயர்களை அவரவரிருந்த காலமுறைப்படி யெழுதி நும் விடைக்கு நியாயமும் குறிக்க.

M. A. DEGREE EXAMINATION

Paper I – Ancient Literature

Malayalam Language and Literature

Time Three Hours *Maximum Marks* 125

I. എട്ട ചോദ്യങ്ങൾക്കു് ഉത്തരമെഴുതുക. ഒരോ ഉത്തരവും മൂന്നു പുറത്തിൽ (300 വാക്കു്) കവിയരുതു്. 56

1. 'ഇലക്കണൻ പിനെയന്യമനങ്കതനിവർക്കു മുമ്പു-
ള്ളവരാതിയായു്
നിലപ്പതിങ്ങരുതെന്നേടമോർത്തു നെറിമിക്കരെ-
ക്കർകുലനായകൻ
മലർപ്പെണമ്പുടയ തേവതേവൻ മന്നിൽ മന്ന-
നായവതരിത്തവ-
നിലത്തെഴും പടനിലത്തു വീഴുന്തടിയിതം-
പെറും പടി വണങ്കിനാൻ'

—ലീലാതിലകകാരൻ പാട്ടഭാഷയ്ക്കു നൽകിയിരിക്കുന്ന നിർവ്വചനം ഈ ഉദ്ധൃതഭാഗത്തിൽ സമന്വയിപ്പിക്കുക.

2. ആനതുകാലമാഴികടന്നു തെങ്കരയേറുവാനാ-
യാകുലമീന്നീ നേർവഴികണ്ടു മാരുതി വാൽ-
കൊടെറി
കാനമമന്നു ശൈലമമുക്കി നിന്നുടലും കുലുക്കി-
കാർമുകിലെന്നപോലലറിക്കുതിന്നചലത്തിൻ-
മീതേ
ഊനമില്ലാത കാൽകളറച്ചൊരുക്കിയൊരുക്കി-
നന്നാ-
യൂട്ടരുവിന്നു വായുവിനെച്ചെറുത്തകമേയടക്കി

താനതിവേഗ വീര്യബലങ്ങളോട്ട കുതിച്ചു-
യന്നാൻ
താഴ്വില്ലയാത്ത വാനരവീരനാഴിയിൻ മീതു-
പോവാൻ'

—ഇതിലെ വാങ്മയ ചിത്രത്തിന്റെ സൗന്ദര്യാംശത്തിനു് ഏതേതു ഘടകങ്ങളം പങ്കുവഹിക്കുന്നു?

3. 'ഭാഷാസംസ്കൃതയോഗോ മണിപ്രവാളം' എന്ന ആചാര്യനിർദ്ദേശത്തെ അടിസ്ഥാനമാക്കി പരിശോധിക്കുമ്പോം ഉണ്ണിയാടീചരിതത്തിലെ മണിപ്രവാള സ്വഭാവങ്ങംക്കെല്ലാം തികഞ്ഞ അവ്യവസ്ഥിതത്വമാണു് കാണാൻ കഴിയുന്നതു് — സോദാഹരണം നിരൂപിക്കുക.

4. അരുണ ജലദമാലാ വാസസാലംകൃതാംഗീ,
തിമിരചികുര രാജത്താരപുഷ്പാഭിരാമാ,
നളിനമുകുളമെന്നും പേരിളംകൊങ്കയും കൊ-
ണ്ടലമകുരുത സന്ധ്യാശീതഭാനോസ്സുപര്യാം'

ഈ പദ്യത്തിലെ ചമത്കാരത്തിനു് പദഘടനയും അലങ്കാരകല്പനയും എത്രകണ്ടു് സഹായകമാണെന്നു് പരിശോധിക്കുക.

5. 'ഉഡുനികരമെഴുത്തായ് പത്രമായ് മാനമൊ-
പ്പായ്
മുഴുമതി, മദനൻ തീട്ടിങ്ങു സന്ധ്യോപനീതം
അയി,ബത! ചെറിയച്ചീ, കാണ്മിതസ്യാം-
രജന്യാം
തവ വിരഹിണ മെന്നെത്തന്വികൊൽകെൻറ
പോലെ'

ഇവിടെ രൂപകത്തെ സാവയവമാക്കാനുള്ള ശ്രമം കൃത്രിമത്വത്തിൽ കലാശിച്ചിട്ടുണ്ടു്. — ശരിയാണോ?

6. 'നീലസ്നിഗ്ദ്ധം ഗഗനതലമാം മിക്കമേൽക്കട്ടി-
തൻ കീഴ്

70

പാലാർ വെള്ളത്തിരനിരതരം ചേന്ന ഭോഗീന്ദ്ര-
ഭോഗേ
മാർവിൽത്തുങ്ങും മണിവരമഹാദീപികേ,-
പൂവിൽ മാതി-
ന്നോമൽപ്പൂൺപായ് തെളിവിൽ വിലസും-
ഭാഗ്യസീമൻ നമസ്സേ'

— നായകന്റെ വീരഹാവസ്ഥയ്ക്ക് പ്രകൃതപദ്യത്തിലെ വിഷ്ണുസങ്കല്പം എത്രകണ്ട് അനുഗ്രഹണമാണ്?

7. 'പ്രീളാവേഗേന രാമാനനമിടയിടയിൽ കട്ട-
നോക്കി പ്രമോദ-
വ്യാലോലാ മെല്ലെമെല്ലെന്നരികിലുപഗതാ കോമ-
ളാഭ്യാം പദാഭ്യാം'

—ഈ വരികളിൽ പ്രതിഫലിക്കുന്ന പുനത്തിന്റെ നർമ്മഭാവം വ്യക്തമാക്കുക.

8. കേവലപ്രസ്താവം കൊണ്ട് മനസ്സിലേക്കു വേണ്ടത്ര ചൂഴ്ന്നിറങ്ങിച്ചെല്ലാതെ പോയേക്കാവുന്ന കാര്യങ്ങളെ അനുരൂപമായ അലങ്കാരസന്നിവേശത്തിലൂടെ ഹൃദയഹാരിയായിത്തീരുന്നു. 'കചേലസദ്ഗതി' എന്ന ഭാഗത്തുനിന്നും മൂന്നു അലങ്കാരങ്ങളെ എടുത്തുകാട്ടി ഈ അഭിപ്രായം സമർത്ഥിക്കുക.

9. 'എൻറാലെന്താവുതേ ഐശ്വര്യം വേണ്ടെൻറതില്ലെൻറ വിവേഗിച്ച് ലോകാവസ്ഥയിരിക്കിന്റ വാഴ്കതെൻറ വിവേഗിച്ചുരുളിനാൻ. എന്തി പ്രാണികളുടെയവസ്ഥയിരുന്ന വാറെൻറ് കാമ ക്രോധ ലോഭ മോഹ മദമാത്സര്യമെന്നാനിന്റെ ശരീരത്തെയുടയരായ് പുരുഷാർത്ഥത്തെ വേണ്ടോതു യാവനൊരുത്തൻ ധനമുടയനൻറും സമ്പന്നനൻറും ചൊല്ലിൻറതു. അർത്ഥത്തെ ഗൗരവിച്ചഭിമാനമാകിൻറ ശരീരത്തെയുടയരായ് അർത്ഥമാകിൻറതനർത്ഥം. അർത്ഥം സംഗ്രഹിച്ചാൽ രക്ഷി

ട്ടാൻ പണിയതിനുപായം വരികിൽ ദുഃഖമെന്ന മതിനാൽ ഐശ്വര്യമമത്മമെൻറിതെല്ലാം ഉദാസീനം'

— ഈ മാതൃകയിൽ നിന്നു് പ്രാചീനഗദ്യത്തിലെ വണ്ണഭേദം, വ്യാകരണപ്രത്യേകത, സംസ്കൃത പ്രയോഗങ്ങൾ എന്നിവ വേർതിരിച്ചുകാണിക്കുക.

10. പ്രാചീനങ്ങളായ നാടോടിപ്പാട്ടുകൾ ഭാഷാപരിണാമഗതിയിലെ നാഴികക്കല്ലുകളല്ല. സമൂഹം പലനാളുകൊണ്ടു് സൃഷ്ടിച്ച പലനാളുകൊണ്ടു് കൈകാര്യം ചെയ്തു് ഇന്നത്തെ രൂപത്തിലെത്തിയിട്ടുള്ളതാണു് അവ. — സമർത്ഥിക്കുക.

[മുവടെ ചേർക്കുന്ന ഓരോ ചോദ്യത്തിനും എട്ടു പുറത്തിൽ കവിയാത്ത (800 വാക്കു്) ഉത്തരമെഴുതുക]

11. സ്വീയമായൊരു കാവ്യഭാഷാശൈലിക്കു വേണ്ടി മലയാളം നടത്തിയ ശ്രമങ്ങളുടെ രണ്ടുഘട്ടങ്ങൾക്കു് പ്രതിനിധീഭവിക്കുന്ന രാമചരിതവും കണ്ണശ്ശരാമായണവും. — നിരൂപണം ചെയ്യുക.

അല്ലെങ്കിൽ

ഒരു ഗ്രന്ഥത്തിലെ ഭാഷ അതിൻറെ രചനയുടെ സ്ഥലകാലങ്ങൾ നിർണ്ണയിക്കുന്നതിനു് സഹായകമായേക്കാം — രാമചരിതത്തെ സംബന്ധിച്ചിടത്തോളം ഈ അഭിപ്രായം എത്രമാത്രം സ്വീകാര്യമാണെന്നു പരിശോധിക്കുക. 23

III. പ്രതിപാദ്യം, കാവ്യശില്പം, രസാവിഷ്കരണം എന്നിവയെ അടിസ്ഥാനമാക്കി ഉണ്ണിയാടിചരിതത്തിനും രാമായണം ചമ്പുവിനും തമ്മിൽ എതേതംശങ്ങളിൽ സാദൃശ്യവും വ്യത്യാസവും കാണുന്നുണ്ടെന്നു് വ്യക്തമാക്കുക.

അല്ലെങ്കിൽ

'വിഷയസ്വീകരണം, ഭാഷാശൈലി, ഛന്ദസ്സ്, രസാവിഷ്കരണം എന്നിവയിൽ മണിപ്രവാള കവികൾ കൈക്കൊണ്ട കടിഞ്ഞാണില്ലാത്ത സ്വാതന്ത്ര്യമാണ് മണിപ്രവാളശാഖയുടെ വളച്ച് ഒടിച്ചപോലെ പരാജയത്തിനും കാരണമായതു്.' — ഈ അഭിപ്രായത്തോടു് നിങ്ങൾക്കു് യോജിക്കാൻ കഴിയുമോ? എന്തുകൊണ്ടു്? 23

IV. 'പാശ്ചാത്യഭാഷാസമ്പർക്കത്തിനു മുമ്പുതന്നെ മലയാളത്തിൽ ഒരു ഗദ്യശൈലി വികസിച്ചിരുന്നു.' — ആ ഗദ്യശൈലിയുടെ വികാസപരിണാമങ്ങൾ വിവരിക്കുക.

അല്ലെങ്കിൽ

'പ്രാചീനകാലത്തു് നമുക്കു് സാഹിത്യപ്രസ്ഥാനങ്ങളില്ല, ഭാഷാപ്രസ്ഥാനങ്ങളേയുള്ളൂ.' — വേണ്ടത്ര ഉദാഹരണങ്ങൾ ഉദ്ധരിച്ചു ചർച്ചചെയ്യുക. 23

Paper II – Medieval Literature

Time Three Hours *Maximum Marks 125*

I. എട്ടു ചോദ്യങ്ങൾക്കു ഉത്തരമെഴുതുക. ഓരോഉത്തരവും മൂന്നു പുറത്തിൽ (300 വാക്കു്) കവിയരുതു് 56

1. ഇവനൊരാണിയെന്നറിക നൂറുവ-
ക്കിവനറിഞ്ഞത്രേ ചതികളെപ്പേരും

— കാവ്യഭാഷയുടെ ലാളിത്യത്തിനും അർത്ഥസാന്ദ്രതയ്ക്കും ഒന്നാന്തരം ഉദാഹരണമാണിവരികൾ. എങ്ങനെ?

2. 'ഊണിന്നാസ്ഥ കുറഞ്ഞു, നിദ്രനിശയിൽകൽ-
പ്പോലുമില്ലാതെയായ്,
വേണ്ടന്നോരൊടൊരാഭിമുഖ്യമൊരുനാളും
നാസ്തി, നക്തം ദിവം

92

Paper VIII – Essay

Time Three Hours *Maximum Marks 100*

(ഒരു ചോദ്യത്തിനു് ഉത്തരമെഴുതുക)

I. നിരൂപണം സർഗ്ഗാത്മകമാണെന്നും അല്ലെന്നും രണ്ടഭിപ്രായങ്ങളുണ്ടു്. സർഗ്ഗാത്മകമാണെന്നു് വാദിക്കുന്നവർ നിരൂപണത്തിൽ നിരൂപകന്റെ ആത്മാവിഷ്കാരം കണ്ടെത്താൻ ശ്രമിക്കുന്നു; അല്ലെന്നു വാദിക്കുന്നവർ നിരൂപണവിഷയമായ കൃതിയോടും നിയതമായ ചില സാഹിത്യസിദ്ധാന്തങ്ങളോടും, സാഹിത്യബാഹ്യമായ തത്ത്വസംഹിതകളോടുമുള്ള നിരൂപകന്റെ കടപ്പാടു് ചൂണ്ടിക്കാട്ടുന്നു. ഈ വാദഗതികളും രണ്ടും വിവരിക്കുക. വേണ്ടത്ര ഉദാഹരണങ്ങൾ ഉദ്ധരിച്ചു് ഇക്കാര്യത്തെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായമെന്തെന്നു വ്യക്തമാക്കുക.

II. സ്ഥലകാലങ്ങളുടെ പരിമിതികൾക്കുള്ളിൽ ഒതുങ്ങിനിന്നുകൊണ്ടു് സാമൂഹ്യജീവിതത്തിലെ യാഥാർത്ഥ്യങ്ങൾ വസ്തുനിഷ്ഠമായി, സോദ്ദേശ്യമായി ആവിഷ്കരിക്കുന്നതിൽ തത്പരനായിരുന്ന ഒരു രണ്ടു ദശാബ്ദം മുൻപുവരെ മലയാളസാഹിത്യകാരൻ. ഇന്നാകട്ടെ, ആ അവസ്ഥ മാറിയിരിക്കുന്നു. ലക്ഷ്യമെന്തെന്നറിയാതെ ഉഴലുന്ന സമൂഹം, ആ സമൂഹമധ്യത്തിൽ ഏകാകിയായിക്കഴിയുന്ന വ്യക്തി, ആ വ്യക്തിയുടെ സങ്കീർണ്ണമായ വൈകാരികജീവിതം ഇവയെല്ലാമാണു് ഇന്നു് നമ്മുടെ എഴുത്തുകാരൻ ഇഷ്ടപ്പെടുന്ന പ്രതിപാദ്യവിഷയങ്ങൾ. മലയാളസാഹിത്യത്തിൽ സംഭവിച്ചിട്ടുള്ള ഈ പരിവർത്തനത്തെ നമ്മുടെ കഥാസാഹിത്യത്തെ മുൻനിർത്തി ചർച്ചചെയ്യുക.

C 5722

Name.....

Reg. No.....

M.A. (PREVIOUS) EXAMINATION, APRIL/MAY, 1991

MALAYALAM LANGUAGE AND LITERATURE

PAPER II—MODERN LITERATURE (GENERAL)

[Regular—1990 admissions]

TIME : THREE HOURS MAXIMUM : 125 MARKS

I. അഞ്ചെണ്ണത്തിന്റെ സന്ദർഭവും സാരസ്യവും വിശദമാക്കുക. ഓരോന്നും ഓരോ പുറത്തിൽ കവിയരുത്":

(1) "മിഥ്യാവലയിത സത്യോപമരുചി
ത്തതിലസിച്ചൂ മമ മുന്നിൽ."

(2) "പൊങ്ങും പരിവേഷവായ്പിൽത്തിളങ്ങുന്ന
മങ്ങിയെരിയും നിലവിളക്കിൻതിരി
ലോലപീതാംബരച്ചാർത്തുകഠിക്കപ്പുറം
പീലിമുടിവനമാലകഠിക്കപ്പുറം
പ്രീതിപ്പൊലിമതൻ പൊൻതിടമ്പാം മഹാ
ജ്യോതിസ്വരൂപനെ കാണുന്നതില്ലയോ ?"

(3) "കാരസ്സരമരത്തിങ്കൽ
കല്പവല്ലി പടർത്തുവാൻ
തുനിയും മനുജന്മാരി-
ങ്ങിനിയും മരുവുന്നുവോ ?"

Turn over

(4) "വാളേ, തെളിഞ്ഞിട്ടുക, നിൻപണി തീർന്നതില്ല
നാളേക്കു നീട്ടിട്ടുക നിൻറെയുറക്കമെല്ലാം
ആളേറെയുണ്ടിത പടയ്ക്കു വരുന്നു; തേരൊ
ല്ലാളേ, നിനക്കിനിയുമിന്നൊരു കാഴ്ച കാണാം."

(5) "സ്ത്രീകഥക്കശിക്ഷിതപട്ടതപമമാനുഷിക്കു-
മാകല്യമെന്തു പറയേണ്ടതു മാനുഷിക്കു"?
ആകാശദേശഗമനത്തിനു മുൻപപത്യം
കാകാലയത്തിൽ മുരികത്തി വളർത്തിട്ടുന്നു."

(6) "അക്ഷൗട്ടരെ ഹതപ്രാണ-
രാക്കിത്തീർത്താക്ഖഗേശ്വരൻ
കയറിക്കണ്ടിതമൃതിൻ
ചൂഴവും കടുവഹ്നിയെ
ജ്വാലാമാലയൊടാകാശം
വ്യാപിച്ച ശിഖയൊത്തഹോ
ചണ്ഡാംശുപ്പാടെരിഞ്ഞുഗ്രം
ചണ്ഡക്കാറേറാറവണ്ണമേ."

(7) "അത്യന്തപ്രതിഭാബലം കവനസം-
ബന്ധാൽ ദിഗന്തംവരെ-
സ്ഫീതിപ്പൂർന്നിടിന കീർത്തിപൂരമിതുകഥം-
കൊക്കെയ്ക്കുമന്യാദൃശം
ആസ്ഥാനത്വമിയന്ന ഭാഗ്യനിധിയാ-
മത്തർക്കവാചസ്പതി-
ഛാത്രൻ ഹന്ത! കുമാരകാവ്യകുശലൻ
സത്രാമജിത്താണു താൻ."

(5 × 6 = 30 marks)

അഞ്ചെണ്ണത്തിനു് ഉത്തരമെഴുതുക. ഓരോന്നും ഒന്നര പുറത്തിൽ കവിയരുതു് :

(1) 'പക്ഷിയുടെ മണം' എന്ന കഥയിൽ ഭ്രമാത്മകത സൃഷ്ടിക്കുന്ന ഘടകങ്ങൾ ഏവ ?

(2) 'ചെമ്മീനി'ലെ പരീക്കുട്ടി, പഴനി എന്നിവരിൽ കൂടുതൽ മിഴിവുള്ള ദുരന്തകഥാപാത്രമാരെന്നു വ്യക്തമാക്കുക.

(3) "ഇതാ, ഡാക്ടർ ഇവളല്ലാതെ മറെറാരു പീസും നിങ്ങളുടെ വിദ്യയ്ക്കും യോഗ്യതയ്ക്കും അനുസരണമായി തരുവാൻ ഞാൻ കാണുന്നില്ല" —നാടകത്തിലെ നിർവഹണത്തെ ഈ വാക്യം സൂചിപ്പിക്കുന്നുണ്ടോ ?

(4) "വണ്ണമണിപ്രസ്ഥാനം മണിപ്രവാളരീതിയുടെ കൃത്രിമമായ പ്രൗഢിക്കെതിരായി അവതരിച്ചതാണെന്നു പറയാമോ ?

(5) "ആ 'അഭിജനസങ്കടദേശചര്യ'ത്തോടുള്ള എതിർപ്പാണു് ലീലേതിവൃത്തത്തിലെ അപൂർവത"—കുട്ടികൃഷ്ണമാരാർ ഏതപൂർവതയെക്കുറിച്ചാണു് സൂചിപ്പിക്കുന്നതു് ?

(6) "ലോകചരിത്രത്തിൽ അറിയപ്പെട്ടന്ന ആദ്യത്തെ സത്യാഗ്രഹം ഇവിടെ ഡെൻപസാറിൽവെച്ചു നടത്തിയ പപ്പുത്താൻ ആണെന്നു പറയാം" —ഈ സത്യാഗ്രഹം എന്തിനുവേണ്ടിയായിരുന്നു ?

Turn over

(7) സ്വാമിഭക്തിയും പുത്രവാത്സല്യവും 'ഹീര'യിൽ തുല്യശക്തിയോടെ വർത്തിച്ചിരുന്നുവെന്നു പറയാമോ ?

(8) "അകാലികമായ അരങ്ങേറ്റമാണ്" മലയാളത്തിലെ മഹാകാവ്യ പ്രസ്ഥാനത്തിന്റെ സതത്വരതിരോധാനത്തിനു കാരണം — നിരൂപിക്കുക.

(9) 'ധർമ്മരാജാ'വിൽ ധർമ്മരാജാവിന്റെ വ്യക്തിത്വം വേണ്ടത്ര മിഴിവുറ്റതായിട്ടുണ്ടോ ?

(5 × 7 = 35 marks)

[മൂന്നു ചോദ്യത്തിനു് ഉത്തരമെഴുതണം. ഓരോന്നും അഞ്ചു പുറത്തിൽ കവിയരു്.]

III. തീക്ഷ്ണമായ മാനസികഭാവമുള്ള കഥാപാത്രങ്ങളെ സൃഷ്ടിക്കുന്നതിൽ സി. വി രാമൻപിള്ളയെ അതിശയിക്കുന്ന ഒരു മലയാള നോവലിസ്റ്റും ഇല്ല — ചർച്ച ചെയ്യുക.

അല്ലെങ്കിൽ

'ചെമ്മീൻ', 'അരനാഴികനേരം' എന്നീ രണ്ടു നോവലുകളിലും ആന്തരജീവിതചിത്രീകരണത്തിനാണു് പ്രാധാന്യം. എന്നാൽ രചനാസങ്കേതത്തിൽ അവ വ്യത്യസ്തങ്ങളാണു് — വിശദമാക്കുക.

IV. "സഞ്ചാരസാഹിത്യം രചിക്കുമ്പോഴും എസ്. കെ. പൊറെക്കാട്ട് ഒരു കാഥികനാണ്" — 'ബാലി ദ്വീപ്' എന്ന കൃതിയിൽനിന്നു് ഉദാഹരണങ്ങൾ ഉദ്ധരിച്ചു് തെളിയിക്കുക.

അല്ലെങ്കിൽ

'കഴിഞ്ഞകാല'ത്തിൽ പ്രത്യക്ഷപ്പെടുന്ന കെ. പി. കേശവമേനോന്റെ വ്യക്തിത്വം അനാവരണം ചെയ്യുക.

V. "കാളിദാസൻ രാജദാസൻകൂടി ആയിരുന്നതു കൊണ്ടാണു് 'അഭിജ്ഞാനശാകുന്തള'ത്തിൽ നായകനെ 'വെള്ളയടിച്ചു' കാണിച്ചിരിക്കുന്നതു്" —ഈ അഭിപ്രായം സ്വീകാര്യമാണോ?

അല്ലെങ്കിൽ

'ഇന്ദുലേഖ'യും 'ചെമ്മീനും' ഓരോ തരത്തിൽ സമകാലസമൂഹത്തിന്റെ ചിത്രീകരണങ്ങളാണു്. എന്നാൽ ചിത്രീകരണത്തിലെന്നപോലെ വീക്ഷണത്തിന്റെ കാര്യത്തിലും അവ വ്യത്യസ്തങ്ങളാണു് —ചർച്ച ചെയ്യുക.

I. 'നളിനി'യിലെ കാല്പനിക ഘടകങ്ങളും കാല്പനികേതര ഘടകങ്ങളും ചൂണ്ടിക്കാട്ടി, അവയുടെ സമന്വയം കവിതയിൽ എങ്ങനെ സാധിച്ചിരിക്കുന്നു എന്നു പരിശോധിക്കുക.

അല്ലെങ്കിൽ

Turn over

'അച്ഛനും മകളും' എന്ന കാവ്യത്തെ ഹൃദയാവർജ്ജക മാക്കുന്നതു് അതിലെ നാടകീയതയാണു്—ചർച്ച ചെയ്യുക.

VII. അനുക്ഷണവികസ്വരമായ സനാതന സത്തയുടെ ധാർമ്മികലാവണ്യമാണു് 'വിശ്വദർശന'ത്തെ ശ്രദ്ധാർഹമാക്കുന്നതു്—ഉപന്യസിക്കുക.

അല്ലെങ്കിൽ

നഷ്ടബോധത്തെക്കുറിച്ചുള്ള വ്യാകുലത മുറിനില്ക്കുമ്പോഴും ശുഭാപ്തിവിശ്വാസം കൈവിടാത്തവയാണു് വൈലോപ്പിള്ളിക്കവിത. 'ഓണപ്പാട്ടുകാർ' എന്ന കവിതയെ ആധാരമാക്കി സമർത്ഥിക്കുക.

VIII. ഇടശ്ശേരിയുടെ സൗന്ദര്യസങ്കല്പം പരുക്കനാണു്. എങ്കിലും കൈകാര്യം ചെയ്യുന്ന പ്രമേയമെന്തായാലും അതിനെ ശക്തിപകരാൻ ആ. സങ്കല്പത്തിനു സാധിക്കുന്നു. ഈ പ്രസ്താവത്തെ സാധൂകരിക്കുന്നുണ്ടോ 'കാവിലെ പാട്ടു'?

അല്ലെങ്കിൽ

'ആദ്യത്തെ ആസ്ഥാനകവി'യിൽ മുണ്ടശ്ശേരി കണ്ടെത്തുന്ന ശക്തിദൗർബല്യങ്ങൾ ഏവ?

(3 × 20 = 60 marks)

SU1747

FIRST SEMESTER MA DEGREE EXAMINATION NOV-2004

PMLM 2642

Credits : 2
Time : 3 Hours

ഫോക്‌ലോർ ചരിത്രവും സിദ്ധാന്തവും

I ഓരോപുറത്തിൽ കവിയാതെ ഉത്തരമെഴുതുക

1. വ്യാപനസിദ്ധാന്തം വിശദീകരിക്കുക.

   OR

   ഫോക്‌ലോറിസം എന്നാലെന്ത്?

2. 'മെറ്റാ ഫോക്‌ലോർ' – ഉദാഹരണസഹിതം വിവരിക്കുക.

   OR

   പ്രായോഗിക ഫോക്‌ലോർ എന്നാലെന്ത്?

3. ഫോക്‌ലോർ, ഫോക്‌ലോറിസ്റ്റിക്സ് എന്നീ സംജ്ഞാഭേദങ്ങളുടെ സാംഗത്യം പരിശോധിക്കുക.

   OR

   കെട്ടുമൂറസിദ്ധാന്തം എന്നാലെന്ത്?

4. ഫിന്നിഷ് പദ്ധതി വിശദീകരിക്കുക.

   OR

   മിഥീം(Mytheme) എന്നാലെന്ത്?

II ഈരണ്ടുപുറത്തിൽ കവിയാതെ 2 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

5. ഫോക്‌ലോറും നരവംശശാസ്ത്രവും തമ്മിലുള്ള ബന്ധമെന്ത് ?
6. ഫ്രോയ്ഡിന്റെ മനോവിശ്ലേഷണരീതി ഫോക്‌ലോർ പഠനമേഖലയിൽ എത്രമാത്രം സ്വാധീനം ചെലുത്തിയിട്ടുണ്ട് ?
7. 'ഫോക്‌ലോർ മേഖലയിലുള്ള അന്വേഷണം ജനസംസ്ക്കാര പഠനത്തിൽ ചെന്നെത്തിയിട്ടുണ്ട് '– നിരൂപണം ചെയ്യുക.
8. ഫോക്‌ലോർ പഠനരംഗത്ത് മാക്സ്മുള്ളറുടെ സംഭാവനകൾ എന്തെല്ലാം?

III ഈരണ്ടുപുറത്തിൽ കവിയാതെ 2 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

9. ഫോക്‌ലോർപഠവും പ്രകരണവും(Context) തമ്മിലുള്ള ബന്ധമെന്തെന്നു വിശദീകരിക്കുക.
10. വർത്തമാനകാലത്തിന്റെ ധ്വനിയും ഭൂതകാലത്തിന്റെ പ്രതിധ്വനിയുമാണ് ഫോക്‌ലോർ എന്നു പറയുന്നതെന്തുകൊണ്ട് ?
11. ഫോക്‌ലോറിന്റെ വിഷയപരിധി എക്കാലത്തും ഒരേപോലെ ആയിരുന്നില്ല–വിശദീകരിക്കുക.

IV ഈരണ്ടുപുറത്തിൽ കവിയാതെ 2 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

13. 'സസൂറിന്റെ ഭാഷാശാസ്ത്രസിദ്ധാന്തമാണ് ഘടനാവിശകലന രീതിക്കു മാതൃകയായത് '– ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.
14. ഫോക്‌ലോർ പഠനത്തിന് ഗ്രിം സഹോദരന്മാർ ചെയ്ത സംഭാവനകളെന്ത്?
15. മാർക്സിസവും ഫോക്‌ലോർ പഠനവും–ചർച്ച ചെയ്യുക.
16. ഫോക്‌ലോറിന്റെ ധർമ്മങ്ങളായി വില്യം ബാസ്ക്കം ചൂണ്ടിക്കാട്ടുന്ന കാര്യങ്ങൾ ചുരുക്കിയെഴുതുക.

P.T.O

V ഈരണ്ടുപുറത്തിൽ കവിയാതെ 2 ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

17. കേരളത്തിലെ ഫോക്‌ലോർ പഠനത്തിന് ഗുണ്ടർട്ടിന്റെ സേവനം എത്രമാത്രം സഹായകമായിട്ടുണ്ട് ?

18. ഫോക്‌ലോർ പഠനത്തെ സഗൗരവം പരിചയപ്പെടുത്തുന്ന മലയാളപുസ്തകങ്ങൾ ചൂണ്ടിക്കാട്ടുക.

19. ഫോക്‌ലോർ എന്ന പദത്തിനു പകരം മലയാളത്തിൽ പ്രചാരത്തിൽ വന്ന പദങ്ങളുടെ പദങ്ങളുടെ സാംഗത്യം പരിശോധിക്കുക.

20. നമ്മുടെ സംസ്കാരത്തിന്റെ അടയാളങ്ങൾ കണ്ടെത്താനുള്ള ഒരു പഠനമേഖലയാണ് ഫോക്‌ലോർ-ചർച്ച ചെയ്യുക.

VI. നാലുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക

21. പ്രകടനസിദ്ധാന്തത്തെക്കുറിച്ച് ഉപന്യസിക്കുക.

OR

ഫോക്‌ലോർ പഠനത്തിന്റെ പരിധിയിൽ വരാവുന്ന വിഷയങ്ങളുടെ സ്വഭാവം പരിശോധിക്കുക.

VII. നാലുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

22. ശേഖരണ-സമാഹരണ-പഠനകാര്യങ്ങളിൽ കേരളത്തിന്റെ ഫോക്‌ലോർ രംഗത്തുണ്ടായ ശ്രമങ്ങളെ വിലയിരുത്തുക.

OR

'മോഷാഭേദവിജ്ഞാനം' ഫോക്‌ലോർ പഠനത്തിന്റെ ഭാഗമാണ്-ചർച്ച ചെയ്യുക.

G 2875

(Pages : 3) Reg. No.....

Name.....

M.A. DEGREE EXAMINATION, JULY 2010

First Semester

Faculty of Language and Literature

Branch II—Malayalam

Paper II—**മദ്ധ്യകാല കവിത**

Time : Three Hours Maximum : 75 Marks

I. ഒറ്റ വാക്യത്തിൽ ഉത്തരമെഴുതുക :

1 "വാസത്തിതിന്നിലം നന്നല്ല പാർക്കുമ്പോൾ
ആപത്തെക്കാണുന്നു നാളിൽ നാളിൽ"
—ആരുടേതാണ് ഈ ഉൽക്കണ്ഠാകുലങ്ങളായ വരികൾ ? ഏതു പ്രദേശത്തെയാണിത് സൂചിപ്പിയ്ക്കുന്നത് ?

2 "പോരിൽ മരിയ്ക്കിൽ പരഗതി സാധിയ്ക്കു-
മാരും മരിയാതിരിയ്ക്കായില്ലുഴിയിൽ"
—ആരുടെ വാക്കുകൾ ? സന്ദർഭം ?

3 "ഒരു പിഴയുമൊരുപൊഴുതിലവനോടു ചെയ്തീല ഞാ-
നോർത്താലിതെന്നുടെ പാപമേ കാരണം"
—ആരുടെ പരിദേവനം ? ആരോട് ? കാരണം.

4 "മൂന്നുകൊണ്ടു ചമച്ചോരു വിശ്വത്തിൽ
മൂന്നായിട്ടുള്ള കർമ്മങ്ങളൊക്കെയും"
—കവി സൂചിപ്പിയ്ക്കുന്ന മൂന്നു ഗുണങ്ങളും മൂന്നു കർമ്മങ്ങളും ഏവ ?

5 ശ്രീകൃഷ്ണചരിതം പന്ത്രണ്ടാം സർഗ്ഗത്തിലെ വിഷയം തന്നെ അധികരിച്ച് പൂന്താനം രചിച്ചിട്ടുള്ള പാനയുടെ നാമധേയം.

6 ശ്രീരാമൻ, ശ്രീകൃഷ്ണൻ എന്നീ അവതാരങ്ങളുടെ വ്യത്യസ്തതയെക്കുറിച്ച് രാമപുരത്തുവാര്യർ പറയുന്നതെന്ത് ?

7 'ഒന്നായ നിന്നെയിഹ രണ്ടെന്നു കണ്ടളവിൽ' എന്നതുകൊണ്ട് സൂചിതമാവുന്നതെന്ത് ?

8 'മഹാപ്രാണത്താൽത്തുടങ്ങുന്ന ഹരിനാമകീർത്തന ശ്ലോകം ഏത് ?

9 'വാച്ചോരു യൗവനമതിന്നിരുവർക്കുമൊക്കും'—ആരാണ് ഈ താരതമ്യം നടത്തുന്നത് ? ആരോടാണ് ഈ വചനങ്ങൾ ?

10 രോമാഞ്ചക്കുപ്പായം ചുമടായിച്ചമഞ്ഞതാർക്ക് ? എന്തുകൊണ്ട് ?

(10 × 1 = 10 marks)

Turn over

UNIVERSITY OF MADRAS
DEPARTMENT OF MALAYALAM

END SEMESTER EXAMINATION 2015 DECEMBER
M.A. MALAYALAM THIRD SEMESTER
TDLE 507 WESTERN LITERARY THEORIES

JAN 2016

Time;3 hour Marks:60

ഒന്നരപ്പുറത്തിൽ കുറയാതെ ആറു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക 5 മാർക്ക് വീതം.

1. സൂചകം സൂചിതം

2.സംയോജന തന്ത്രങ്ങൾ

3.കോൾറിഡ്ജ് അവതരിപ്പിച്ച ഭാവനാസങ്കല്പം

4. കഥാർസീസും ഹാമർഷ്യയും

5. റൊമാൻറിസിസം

6. ഐ.എ. റിച്ചാർഡ്സിന്റ കാവ്യവിമർശനത്തിന്റെ സവിശേഷതകൾ

7.ലാങ്ങ്, പരോൾ

മൂന്നുചോദ്യങ്ങൾക്ക് ഉത്തരമെഴുതുക 10 മാർക്ക് വീതം.

8.സാഹിത്യത്തിനും ഭാഷാശാസ്ത്രത്തിനും സൊസ്യൂർ നൽകിയ സംഭാവനകൾ വിവരിക്കുക.

9. ടോൾസ്റ്റോയിയുടെ കലാസങ്കല്പം വിശകലനം ചെയ്യുക.

10. മനുഷ്യമനസ്സിനെക്കുറിച്ചുള്ള ഫ്രോയ്ഡിയൻ സിദ്ധാന്തങ്ങൾ വിശകലനം ചെയ്യുക.

11.അരിസ്റ്റോട്ടിലിന്റെയും പ്ലേറ്റോയുടെയും ദർശനങ്ങൾ തമ്മിലുള്ള വ്യത്യാസം ചർച്ചചെയ്യുക.

അനുബന്ധം 11

കാലടി ശ്രീശങ്കരാചാര്യ സംസ്കൃതസർവ്വകലാശാലയുടെ 2014-മലയാളഭാഷയുടെ ആധുനികീകരണം പേപ്പറിന്റെ പാഠ്യപദ്ധതി

PMLM 6207

മലയാള ഭാഷയുടെ ആധുനികീകരണം

പഠനലക്ഷ്യം

നവോത്ഥാന കാലം മുതൽ സാങ്കേതികവും വൈജ്ഞാനികവും വിദ്യാഭ്യാസപരവും രാഷ്ട്രീയവുമായ തലങ്ങളിൽ മലയാള ഭാഷ നേടുന്ന വളർച്ച പരിചയപ്പെടുത്തുന്നതാണ് ഈ കോഴ്സ്.

യൂണിറ്റ്: 1 നവോത്ഥാനവും മലയാളഭാഷാവബോധവും

മാതൃഭാഷ, ലോകഭാഷകളിൽ മലയാളത്തിന്റെ സ്ഥാനം, നവോത്ഥാനവും കേരളം, മലയാളം എന്നീ സങ്കല്പങ്ങളുടെ വളർച്ചയും-മാതൃഭാഷയ്ക്കു വേണ്ടിയുള്ള ശ്രമങ്ങൾ-മക്തി തങ്ങൾ, ജോർജ്ജ് മാത്തൻ, ഏ. ആർ.രാജരാജ വർമ്മ. പഠനമാധ്യമം, ഐക്യകേരളം എന്ന സങ്കല്പം. ഐക്യ കേരള പ്രസ്ഥാനം.

വിശേഷ പഠനം:

ജോർജ്ജ് മാത്തൻ: 'ബാലാഭ്യസനത്തെക്കുറിച്ച് ഒരു പ്രസംഗം' (മൂന്നാം ഖണ്ഡം മാത്രം)(1867)
(ഡോ.സാമുവൽ ചന്ദനപ്പിള്ളി- *റവ.ജോർജ് മാത്തൻ-കൃതികളും പഠനവും,പു.435-447*)

ജോഹന്നസ് ഫ്രോൺ മേയർ- *പ്രകൃതിശാസ്ത്രത്തിലെ സമർപ്പണലേഖനം* (1883)-

(കാവുമ്പായി ബാലകൃഷ്ണൻ-*മലയാള ശാസ്ത്രസാഹിത്യപ്രസ്ഥാനം-ഒരു പഠനം*-അനുബന്ധം)

മക്തി തങ്ങൾ- 'തമിഴു രാജ്യം മുതൽ മലയാള രാജ്യനിവാസികളായ മുസ്ലിം ജനവും വിദ്യാഭ്യാസവും'

(*മക്തി തങ്ങളുടെ സമ്പൂർണ കൃതികൾ* , കേരള ഇസ്ലാമിക് മിഷൻ,തിരൂർ 6, 1981)

ഏ.ആർ.രാജരാജ വർമ്മ- 'നാട്ടുഭാഷാ വിദ്യാഭ്യാസം'(*ഏ.ആർ. രാജരാജവർമ്മയുടെ തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ*,രഞ്ജിമ പബ്ലിക്കേഷൻസ്, മാമ്മൂട്, 1987)

സഹോദരൻ അയ്യപ്പൻ- 'മലയാള ഭാഷയുടെ അഭിവൃദ്ധി മാർഗ്ഗം' (1934)

(*സഹോദരൻ അയ്യപ്പൻ:ജീവിതവും കൃതികളും*,എം.പി.ഷീജ എഡി.മൈത്രിബുക്സ്,തിരുവനന്തപുരം,2010)

യൂനിറ്റ് 2: ഭാഷയുടെ മാനകീകരണവും ആധുനികീകരണവും

വാമൊഴിയിൽനിന്ന് വരമൊഴിയിലേക്ക്, മലയാള അക്കങ്ങൾ, സാഹിത്യചരിത്രങ്ങൾ, നിഘണ്ടുക്കളുടെ വരവ്, പ്രാദേശിക ഭാഷാഭേദങ്ങളെക്കുറിച്ചുള്ള തിരിച്ചറിവ്, ലക്സിക്കോഗ്രാഫി, അച്ചടി, പത്രം, പത്രഭാഷ, മാധ്യമഭാഷ. ഭാഷാ സാങ്കേതികത: മലയാളം ടൈപ്പ് റൈറ്റർ, ലിപിയുടെ പരിണാമം. ലിപി പരിഷ്കരണ കമ്മിറ്റികൾ.അച്ചടി: പുതിയ ലിപി, കമ്പ്യൂട്ടർ മലയാളം, മലയാളം സോഫ്റ്റ് വെയർ, അതിനുള്ള ശ്രമങ്ങൾ, സ്ഥാപനങ്ങൾ.

വിശേഷ പഠനം:

ഇ.വി.രാമകൃഷ്ണൻ- 'വർത്തമാന പത്രങ്ങളുടെയും അച്ചടി യന്ത്രങ്ങളുടെയും വ്യാപനത്തോടെ മലയാളിയുടെ സാഹിത്യസങ്കല്പനങ്ങളിലും ഭാഷാ വ്യവഹാരങ്ങളിലും സംഭവിച്ച മാറ്റങ്ങൾ'.

(എം.എൻ.വിജയൻ എഡി. *നമ്മുടെ സാഹിത്യം, നമ്മുടെ സമൂഹം,* വാല്യം 2)

ടി.ബി.വേണു ഗോപാല പണിക്കർ- 'മലയാള ലിപി പരിഷ്കരണം: ഭൂതവും ഭാവിയും'
(*ജനപഥം*, നവം 2009)

സന്തോഷ് തോട്ടിങ്ങൽ- 'പ്രത്യയപ്രധാന്യവും പ്രത്യയയോജനവും മലയാളഭാഷാ കമ്പ്യൂട്ടിംഗിന്റെ വെല്ലുവിളികൾ', *മലയാള ഭാഷയും ആഗോളവത്കരണവും*
(എഡി)ഡോ.കെ.എസ്.പ്രകാശ്, ഡോ.എസ്.എ ,ഷാനവാസ്

നിഖിൽ നമ്പ്യാർ, വിമൽ ജോസഫ്- 'മലയാളം ഇൻസ്ക്രിപ്ഷൻ കീ ബോർഡ് എങ്ങിനെ ഉപയോ

ഗിക്കാം?' (ജനപഥം നവം 2009)

എം.മുകുന്ദൻ- 'ഒരു സാക്ഷാൽ തിയ്യൻ മറ്റൊരു തിയ്യനോട് ഇംഗ്ലീഷ് പറയുമോ?'
(*മാതൃഭൂമി ആഴ്ചപ്പതിപ്പ്,* 2010 ജനു 24-30)

യൂനിറ്റ് 3: വിജ്ഞാന ഭാഷ

വിജ്ഞനഭാഷയെന്ന നിലയിൽ പത്തൊമ്പതാം നൂറ്റാണ്ടുവരെയുള്ള മലയാളത്തിന്റെ വളർച്ച, വിജ്ഞാനഭാഷയുടെ വികാസം, വിജ്ഞാനകോശങ്ങൾ, മലയാള പദകോശത്തിന്റെ ആധുനികീകരണം. അർത്ഥ പരി
ണാമം, വിവർത്തന ഗ്രന്ഥങ്ങൾ, ശാസ്ത്ര ഗ്രന്ഥങ്ങൾ, ഭൗതിക ശാസ്ത്രങ്ങൾ, സാമൂഹ്യശാസ്ത്രം. ഇന്ത്യൻ ഭാഷകളിൽ നിന്നുള്ള വിവർത്തനം. ഇംഗ്ലീഷ് ഭാഷയിൽ നിന്നുള്ള വിവർത്തനങ്ങൾ, മറ്റു ലോകഭാഷക
ളിൽ നിന്നുള്ള വിവർത്തനങ്ങൾ, സാങ്കേതിക പദങ്ങൾ, സാങ്കേതിക പദസൂചി. പാഠപുസ്തക കമ്മിറ്റി, മാതൃഭാഷാ വിദ്യാലയങ്ങൾ- ഉപരിവിദ്യാഭ്യാസവും മാതൃഭാഷയും, ക്ലാസിക്കൽ പദവി.
വിശേഷ പഠനം:

കെ.എം.ഗോവി- 'പുസ്തകം നൂറ്റാണ്ടുകളിലൂടെ, പരീക്ഷണങ്ങളും അനുഭവങ്ങളും'
(എം.എൻ.വിജയൻ എഡി.-*നമ്മുടെ സാഹിത്യം, നമ്മുടെ സമൂഹം,* വാല്യം 3)

വി.കെ. ആദർശ്- 'വിക്കിപീഡിയയും മലയാളവും' (*ജനപഥം*, 2009 നവം)

കെ.സേതുരാമൻ- 'ഉന്നതവിദ്യാഭ്യാസം' (*മലയാളത്തിന്റെ ഭാവി*,കെട്ടുകഥകളുടെ അടിസ്ഥാനം എന്ന അധ്യായം, പു 104-123)

രവീന്ദ്രൻ- 'ചലച്ചിത്രസാമഗ്രിയായി മാറുന്ന ഭാഷ' (*മലയാളം*, മാതൃഭൂമി, കോഴിക്കോട്)

പുതുശ്ശേരി രാമചന്ദ്രൻ- 'മലയാളത്തിന് ക്ലാസിക് പദവി'(പുതുശ്ശേരി രാമചന്ദ്രൻ-*തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ*,കേരളസാഹിത്യ അക്കാദമി, 2010)

യൂനിറ്റ് 4: ഭരണഭാഷ- മലയാള ഭാഷയുടെ ഭരണപരവും രാഷ്ട്രീയവുമായ വികാസം
ഭരണഭാഷയും ജനാധിപത്യവൽക്കരണവും, ലോക മാതൃഭാഷാ ദിനം, ഇന്ത്യൻ ഭരണഘടനയിൽ ഭാഷക
ളുടെ സ്ഥാനം, മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നിവിടങ്ങളിലെ ഭരണമണ്ഡലത്തിൽ മലയാളഭാഷ യ്ക്കുണ്ടായിരുന്ന സ്ഥാനം. ഭരണഭാഷയ്ക്കുള്ള കമ്മിഷൻ. കോമാട്ടിൽ അച്യുതമേനോൻ കമ്മിഷൻ. ഔദ്യോഗികഭാഷാ പ്രഖ്യാപനം 1969. കോടതി ഭാഷ- നരേന്ദ്രൻ കമ്മിഷൻ-ഭരണഭാഷാ പ്രോത്സഹന നട പടികൾ- ജില്ലാ താലൂക്ക് തല ഔദ്യോഗിക ഭാഷാ സമിതികൾ, ഭാഷയ്ക്കു വേണ്ടിയുള്ള പ്രസ്ഥാനങ്ങൾ.
വിശേഷ പഠനം:

ശൂരനാട്ടു കുഞ്ഞൻ പിള്ള: 'മലയാളം ഭരണഭാഷാ പദവിയിലേക്ക്'(*ഭരണഭാഷ,*ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻ വകുപ്പ്, കേരള സർക്കാർ)

ജസ്റ്റിസ് നരേന്ദ്രൻ -1. 'മലയാളം കോടതികളിൽ' (*ഭരണഭാഷ*)
-2. നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ട് -സംഗ്രഹം
(*ഔദ്യോഗികഭാഷാ സംബന്ധമായി കേരളസർക്കാർ പുറപ്പെടുവിച്ച പ്രധാന ഉത്തരവുകളും സർക്കുലറുകളും*, അനുബന്ധം 1, കേരളസർക്കാർ, 2002,)

പി.ഗോവിന്ദപിള്ള- 'ഭാഷയുടെ രാഷ്ട്രീയം', മാതൃഭാഷ, 1997 നവംബർ ലക്കം 1, പുസ്തകം 1 പുറം 46-47, തുഞ്ചൻസ്മാരക ട്രസ്റ്റ്, ചിറ്റൂർ പാലക്കാട്.

ടി.ടി.ശ്രീകുമാർ- 'ഭാഷാ പ്രതിസന്ധിയുടെ സാമൂഹ്യപശ്ചാത്തലം'
(*വിജ്ഞാനകൈരളി*, 1990 ജൂലൈ)

ജോർജ് ഇരുമ്പയം- 'മലയാള സംരക്ഷണം, എന്തിന്? എങ്ങിനെ?'
(*മലയാളവും മലയാളിയും.* കറന്റ് ബുക്സ്,തൃശ്ശൂർ, 1992)

സഹായഗ്രന്ഥങ്ങൾ:

യൂനിറ്റ് 1

ഇ.എം.എസ്	*നമ്മുടെ ഭാഷ,* കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1997
ഗൂഗി വാ തിഓംഗോ	*മനസ്സിന്റെ അപകോളനീകരണം,* ഗ്രാംഷി ബുക്സ്, കൊല്ലം-1, 2007
ഡോ.സാമുവൽ ചന്ദനപ്പള്ളി	*റവറന്റ് ജോർജ് മാത്തൻ: കൃതികളും പഠനവും,* ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് , സീഡീസ് ബുക്സ്, ചന്ദനപ്പള്ളി, 1992

ജോഹന്നസ് ഫ്രോൺ മേയർ — *പ്രകൃതിശാസ്ത്രം*, ബാസൽമിഷൻ ബുക്ക് ആന്റ് ട്രാക്റ്റ് സിംബോസിറ്ററി, 1883

മുഹമ്മദ് അബ്ദുൾ കരീം.കെ.ജെ. (സമ്പാ.) — *മക്തി തങ്ങളുടെ സമ്പൂർണ്ണ കൃതികൾ* വചനം ബുക്സ്, കോഴിക്കോട് 2006

കെ.കെ.മുഹമ്മദ് അബ്ദുൾ കരീം — *മഖ്ദി തങ്ങളുടെ ജീവചരിത്രം*, യുവത ബുക്ക് ഹൗസ് കോഴിക്കോട് 1997

എ.ആർ. രാജരാജവർമ്മ — *എ.ആർ. രാജരാജവർമ്മയുടെ പ്രബന്ധങ്ങൾ*, രഞ്ജിമ പബ്ലിക്കേഷൻസ്, മമ്മൂട്, 1987

ഷീജ എം.പി. — *സഹോദരൻ അയ്യപ്പൻ: ജീവിതവും കൃതികളും*, മൈത്രി ബുക്സ്, തിരുവനന്തപുരം, 2010

വി.ആർ.പ്രബോധ ചന്ദ്രൻ — *മലയാളം മലയാളിയോളം*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1999.

പി.എം.ഗിരീഷ് — *മലയാളം സ്വത്വം വിനിമയവും* വള്ളത്തോൾ വിദ്യാപീഠം 2013

എൻ.ഗോപിനാഥൻ നായർ (എഡി.) — *ഭാഷയും സമൂഹവും: ഭാഷാശാസ്ത്ര പഠനങ്ങൾ*, പ്രസിദ്ധീകരണവിഭാഗം, കാലിക്കറ്റ് സർവകലാശാല, 2006

എസ്.രാജശേഖരൻ — *മലയാളിയുടെ മലയാളം*, സാഹിത്യപ്രവർത്തക സഹകരണസംഘം, 2010

യൂനിറ്റ് 2

പി.വി. ഓമന — *നിഘണ്ടുക്കൾ മലയാളത്തിൽ*, കറന്റ് ബുക്സ്, കോട്ടയം,1990

ഡോ.മാത്യു.ജെ.മുട്ടത്ത് — *വാർത്തകൾ എഴുതുമ്പോൾ.* പാപ്പിറസ് ബുക്സ്, 2007

മൂർക്കോത്ത് കുമാരൻ — *ചിഹ്നനം* , വിദ്യാർത്ഥി മിത്രം ബുക്ക് ഡിപ്പോ, കോട്ടയം, 1985

ഷാരു ജെ.വർഗീസ്, എ.വിജയലക്ഷ്മി — *അച്ചടി*,കറന്റ് ബുക്സ്, 2008

എം.ജയരാജ് — *മലയാള അച്ചടി മാധ്യമം- ഭൂതവും വർത്തമാനവും,* മാതൃഭൂമി ബുക്സ്, 2013

ഡോ.ബുബു ചെറിയാൻ — *ബെഞ്ചമിൻ ബെയിലി.* ,സാഹിത്യപ്രവർത്തക സംഘം,2009

ജി.പ്രിയദർശനൻ — *മലയാള പത്രപ്രവർത്തനം പ്രാരംഭ സ്വരൂപം,* കേരള സാഹിത്യ അക്കാദമി 2010

ജി.പ്രിയദർശനൻ — *പഴമയിൽനിന്ന്* മനോരമ പബ്ലിക്കേഷൻ ഡിവിഷൻ 2010

എം.എൻ.കാരശ്ശേരി — *തെളിമലയാളം*, ഡി.സി.ബുക്സ്,2004.

പെരുന്ന കെ.എൻ. നായർ — *മലയാള പത്രത്തിന്റെ കഥ*, കേരള വർക്കിംഗ് ജേണലിസ്റ്റ് യൂണിയൻ 1976.

കേരള പ്രസ്സ് അക്കാദമി — *പത്രഭാഷ*, കേരള പ്രസ്സ് അക്കാദമി, കൊച്ചിൻ, 1983

ജി.പ്രിയദർശനൻ — ആദ്യകാല മാസികകൾ

രാഘവൻ പുതുപ്പള്ളി — *കേരള പത്രപ്രവർത്തന ചരിത്രം*, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ 1985

എൻ.സാം — *മലയാള പത്രപ്രവർത്തനം പത്തൊമ്പതാം നൂറ്റാണ്ടിൽ*, ഡി.സി.ബുക്സ്, കോട്ടയം, 2003

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് — *മലയാളം അച്ചടിയും എഴുത്തും: ഒരു സ്റ്റൈൽ പുസ്തകം*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, മലയാളത്തനിമ.

കുട്ടിക്കൃഷ്ണ മാരാർ — *മലയാള ശൈലി,* മാരാർ സാഹിത്യപ്രകാശം, കോഴിക്കോട്,2002

പി.സി.ചാക്കോ. — *മലയാളം ചുരുക്കെഴുത്ത് മാന്വൽ*, ഗവണ്മെന്റ് പ്രസ്സ്, 1940.

കെ.രവീന്ദ്രൻ — *വിവരശേഖരണം ഇന്റർനെറ്റിൽ*, ഡി.സി.ബുക്സ്, 2009

ടി.വി. സുനീത — *സൈബർ മലയാളം*, കറന്റ് ബുക്സ്, തൃശ്ശൂർ,2009

ഇ.മലയാളം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2012

ബാബുരാജ്, പി.എം. — *മലയാളത്തിൽ എങ്ങിനെ ബ്ലോഗാം?*, ഡി.സി.ബുക്സ്, 2009

ഡോ.രാജു മാവുങ്കൽ — *വിദ്യാഭ്യാസ ഇൻഫർമാറ്റിക്സ്,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് , 2004

ഡോ.ജി.ദേവരാജൻ — *ഇൻഫർമേഷൻ സയൻസ് ഒരാമുഖം*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 2005
വർക്കി പട്ടിമറ്റം — *കംപ്ലീറ്റ് കംപ്യൂട്ടർ ബുക്ക്*, ഡിസി ബുക്സ്, കോട്ടയം 2008
കെ.രവീന്ദ്രൻ — *ഇൻഫർമേഷൻ ടെക്നോളജി നിഘണ്ടു*, ഡി.സി.ബുക്സ് 2001.
വി.കെ.ആദർശ് — *ഇനി വായന, ഇ വായന.*ഡി.സി.ബുക്സ് കോട്ടയം, 2009
ഡോ.കെ.എസ്.പ്രകാശ്, ഡോ. എസ്.എ.ഷാനവാസ് (സംശോ.) *മലയാളഭാഷയും ആഗോളവത്കരണവും*, പ്രകാശന വിഭാഗം, കേരള സർവകലാശാല , തിരുവനന്തപുരം, 2010

യൂനിറ്റ് 3

രാമവർമ്മ (മരു) തമ്പുരാൻ, എ,ആർ.അഖിലേശ്വരയ്യർ (വ്യാഖ്യാ.) *യുക്തിഭാഷാ,* മംഗളോദയം ലിമിറ്റഡ്, തൃശ്ശിവ പേരൂർ, 1128 മകരം
കാവുമ്പായി ബാലകൃഷ്ണൻ — *മലയാള ശാസ്ത്രസാഹിത്യപ്രസ്ഥാനം- ഒരു പഠനം*, കേരള ശാസ്ത്രസാഹിത്യപരിഷത്ത്, തൃശ്ശൂർ 2007
ജയാ സുകുമാരൻ (എഡി.) — *തർജ്ജമ സിദ്ധാന്തവും പ്രയോഗവും മലയാളത്തിൽ*, താരതമ്യപഠനസംഘം, 1997
പി.എം. ജോസഫ് — *മലയാളത്തിലെ പരകീയ പദങ്ങൾ*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1984
എസ്. കൃഷ്ണകുമാർ — *മലയാള ഗവേഷണം സർവകലാശാലകളിൽ*, മാർഗി പബ്ലിക്കേഷൻസ്, തിരുവനന്തപുരം,1996

എൻ.ജയകൃഷ്ണൻ (എഡി.) — *മലയാളവും ക്ലാസ്സിക്കൽ പദവിയും,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2011
പുതുശ്ശേരി രാമചന്ദ്രൻ — *തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ*, കേരള സാഹിത്യ അക്കാദമി, 2010
കെ.സേതുരാമൻ — *മലയാളത്തിന്റെ ഭാവി*, മാതൃഭൂമി ബുക്സ് കോഴിക്കോട്

ഡോ. രാജഗോപാൽ കമ്മത്ത് — *ഭൗതികശാസ്ത്ര നിഘണ്ടു*, ഡി.സി.ബുക്സ്, 2012
പ്രൊ.കെ.എ.വാസുക്കുട്ടൻ — *കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്; പശ്ചാത്തലവും പ്രവർത്തനവും* , കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1991
മലയാളം വിക്കിപീഡിയ പ്രവർത്തകർ *വിക്കിപീഡിയ ഒരു കൈപ്പുസ്തകം* മലയാളം വിക്കിപീഡിയ പ്രവർത്തകർ, ഏപ്രിൽ 2012
എൻ.പ്രഭാകരൻ — 'മലയാളത്തിന്റെ ഭാവി' , *ആഴത്തിൽവെച്ച കല്ലുകൾ*. ഇൻസൈറ്റ് പബ്ലിക്കേഷൻസ്, കോഴിക്കോട്, 2012

(ഇവ കൂടാതെ വിവിധ കാലങ്ങളിലായി വിവിധ ക്ലാസുകളിൽ മലയാളം മാധ്യമമായി ശാസ്ത്ര, സാമൂഹ്യശാസ്ത്ര, സാങ്കേതിക വിദ്യാപഠനത്തിനുള്ള പുസ്തകങ്ങളും വിജ്ഞാനഭാഷാപഠനത്തിനായി ഉപയോഗിക്കാം.)

യൂനിറ്റ് 4

ഡോ.പുതുശ്ശേരി രാമചന്ദ്രൻ — *കേരളചരിത്രത്തിന്റെ അടിസ്ഥാന രേഖകൾ,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 2009
സ്കറിയ സക്കറിയ — *തലശ്ശേരി രേഖകൾ*, താപസം, 1996
ഡോ.ജോസഫ് സ്കറിയ — *പഴശ്ശി രേഖകളിലെ വ്യവഹാര ഭാഷ.*മാതൃഭൂമി ബുക്സ് 2007
ഭാരത സർക്കാർ, നിയമമന്ത്രാലയം — *ഭാരതത്തിന്റെ ഭരണഘടന*, കേരള ഔദ്യോഗികഭാഷ (നിയമ നിർമാണ കമ്മിഷൻ തർജ്ജമ ചെയ്ത് കേന്ദ്ര നിയമ മന്ത്രാലയത്തിന്റെ ഔദ്യോഗിക ഭാഷാവിഭാഗം അംഗീകരിച്ചത്) 2000
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻ വകുപ്പ്, കേരള സർക്കാർ — *ഭരണഭാഷ*, 2003
എഴുമറ്റൂർ രാജരാജ വർമ്മ — *ഭാഷയും ഭരണഭാഷയും*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2008
എഴുമറ്റൂർ രാജരാജവർമ്മ (എഡി.) — *ഔദ്യോഗിക ഭാഷാ സംബന്ധമായി കേരള സർക്കാർ പുറപ്പെടുവിച്ച പ്രധാന ഉത്തരവുകളും സർക്കുലറുകളും*
എം.വി.തോമസ് — *ഭരണഭാഷാപ്രശ്നങ്ങൾ*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1990
എം.വി.തോമസ് — *ജനകീയ ഭരണം ജനങ്ങളുടെ ഭാഷയിൽ*, 1987

എം.വി.തോമസ് *ഭരണഭാഷ പ്രായോഗിക തലത്തിൽ*, പബ്ലിക് റിലേഷൻസ് വകുപ്പ്, 2011
ഡോ.വിളക്കുടി രാജേന്ദ്രൻ *ഭാഷാശുദ്ധിയും ഭരണഭാഷയും* പ്രിയദർശിനി പബ്ലിക്കേഷൻസ് സൊസൈറ്റി, തിരുവനന്തപുരം, 2011
ശിവകുമാർ, ആർ *ഭരണഭാഷാപ്രയോഗങ്ങൾ*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2013
ശിവകുമാർ ആർ, എ.ആർ.സ്മിതാ ശ്രേയസ്സ് *മലയാളം, ഇംഗ്ലീഷ് ഔദ്യോഗിക ഭാഷാ നിഘണ്ടു*, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2013
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് *ഭരണശബ്ദാവലി*, അഞ്ചാം പതിപ്പ്, 1984
ഡോ.മിനി നായർ *സിവിൽ സർവീസ് പരീക്ഷകളിലെ മലയാളം* മനോരമ ബുക്സ്, 2012
എസ്.കെ.വസന്തൻ *സമസ്ത കേരള സാഹിത്യപരിഷത്തിന്റെ ചരിത്രം*, കറന്റ് ബുക്സ്,2007
ജോർജ്ജ് ഇരുമ്പയം *മലയാളവും മലയാളിയും*, കറന്റ് ബുക്സ് തൃശ്ശൂർ, 1982
ജോർജ്ജ് ഇരുമ്പയം 'മലയാളിക്ക് ആരോടാണ് കൂറ് ?' , *ഭാഷ, സാഹിത്യം, സംസ്കാരം.* കേരള സാഹിത്യ അക്കാദമി, 2010
മാതൃഭൂമി 'സിവൽ സർവീസ് വിജയം നേടാൻ മലയാളം', *മാതൃഭൂമി ഇയർബുക്ക് 2014*, പു.746-750
പി.സി.ചാക്കോ 'നിയമം മലയാളത്തിൽ' (*ഭരണഭാഷ* എന്ന പുസ്തകം)
കൊട്ടിയം മുഹമ്മദ് 'കപ്പലിനകത്തെ ജലം' (*ഭരണഭാഷ* എന്ന പുസ്തകം)
എ.എൻ.പി ഉമ്മർകുട്ടി 'ഭരണഭാഷയും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടും' (*ഭരണഭാഷ* എന്ന പുസ്തകം)
ഡോ.എം.ആർ. തമ്പാൻ 'ഭരണം ജനങ്ങളുടെ ഭാഷയിൽ'(*ഭരണഭാഷ* എന്ന പുസ്തകം)

പൊതുഗ്രന്ഥങ്ങൾ

(മേൽക്കൊടുത്ത പുസ്തകങ്ങളെല്ലാം തന്നെ പല യൂണിറ്റുകൾക്കും ആവശ്യമുള്ളതാണ്. ഇവ കൂടാതെയുള്ള പൊതുഗ്രന്ഥങ്ങളാണ് താഴെ കൊടുക്കുന്നത്:)

കെ.എം.പ്രഭാകര വാര്യർ *മലയാളം: മാറ്റവും വളർച്ചയും*, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം 2004
എം.എൻ.വിജയൻ (ജന.എഡിറ്റർ) *നമ്മുടെ സാഹിത്യം, നമ്മുടെ സമൂഹം 1901-2000, 1- 4 വാല്യങ്ങൾ,* കേരള സാഹിത്യ അക്കാദമി, 2000
എസ്.വി.വേണുഗോപൻ നായർ (എഡി.)*മലയാള ഭാഷാ ചരിത്രം*; മാളുബൻ പബ്ലിക്കേഷൻസ്, തിരുനവനന്തപുരം, 2010
പി.ശ്രീകുമാർ *ഭാഷ, അധ്യാനം, വിമോചനം, വിമോചനാത്മക ഭാഷാശാസ്ത്രത്തിന് ഒരാമുഖം*, ചിന്ത പബ്ലിഷേഴ്സ്, തിരുവനന്തപുരം,2008
ശ്രീകുമാരി എസ് മലയാള ഭാഷാ നവോത്ഥാനവും സാഹിത്യസംഘടനകളും

ഇംഗ്ലീഷ്

Robert Phillipson *Linguistic Imperialism*, Oxford University Press,1992
Asha Sarangi *Language and Politics in India*, Oxford University Press, 2009
Satyendra Nath Bose 'The Mother Tongue', *Satyendra Nath Bose- His Life and Times_ Selected Works,*, Ed . Kameshwar C. Wali, World Scientific,2009
John E.Joseph *Language and Identity*, Palgrave, McMillan 2004

നിയമങ്ങൾ, കമ്മിഷൻ റിപ്പോർട്ടുകൾ

ഭരണഭാഷ 1965, 1967 എന്നീ വർഷങ്ങളിലെ നിയമങ്ങൾ
കേരള ഔദ്യോഗിക ഭാഷാ നിയമം 1969
തുടർ നിയമങ്ങൾ 1973, 1975

ആനുകാലികങ്ങൾ

ഭരണഭാഷ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് പ്രസിദ്ധീകരണം
വിജ്ഞാന കൈരളി-ജൂലൈ 1990, മലയാളം വിശേഷാൽപ്രതി
ജനപഥം 2010 നവംബർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് പ്രസിദ്ധീകരണം
മലയാണ്മ, മലയാളസമിതി, 1990
മാതൃഭാഷ, തുഞ്ചൻ സ്മാരക ട്രസ്റ്റ്, ചിറ്റൂർ

രേഖകൾ

കെ.ജയകുമാർ 'തുഞ്ചത്ത് രാമനുജൻ എഴുത്തച്ഛൻ മലയാളം സർവകലാശാല, സമീപനവും ഘടനയും', മേയ് 2012 (മലയാള സർവകലാശാലാ സ്ഥാപനത്തിനുള്ള പഠനറിപ്പോർട്ട്)

ഐക്യമലയാള പ്രസ്ഥാനം(ലഘുലേഖകൾ)

മലയാളസർവകലാശാലയും

1. കേരളവിഭജനവും രൂപരേഖ, 2011
2. കോടതിഭാഷ മലയാളമാക്കുക, 2011

ക്ലാസിക്കൽ പദവി സംബന്ധിച്ച വിദഗ്ധ സമിതിയുടെ പഠനറിപ്പോർട്ട്